ണത്തിൽ അവർ നിസ്സഹായരായി. പുറക്കാടി, പാക്കം, മുദ്രമോലി എന്നീ ലഹളബാധിത പ്രദേശങ്ങൾ പാതകളും സുൽത്താൻ ബത്തേരിയുമായി ബന്ധിപ്പിക്കത്തക്കവിധം ഗിരിവർഗ്ഗക്കാരുടെ നിയന്ത്രണത്തിലുള്ള വനമേഖലയിൽ പുതുതായി നിരവധി പോലീസ് ഔട്ട് പോസ്റ്റുകൾ നിർമ്മിച്ച് കാവൽക്കാർമാരെ ജാഗ്രതയായി വിന്യസിക്കുകയും ചെയ്തു. നികുതി പിരിവ് പണമായി കൊടുക്കണമെന്ന ശാഠ്യം ഉപേക്ഷിച്ചു. ഗിരിവർഗ്ഗക്കാരുടെ ഉന്നമനത്തിനും കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ലഭിക്കുന്നതിനും വേണ്ട വികസന പ്രവർത്തനങ്ങളും നടത്തി. അങ്ങനെ മലബാറിനെ ഒരിക്കൽ കൂടി അരക്ഷിതത്വത്തിലേക്ക് നയിച്ച കുറിച്യർ ലഹളയും ഉരുക്ക് മുഷ്ടികൊണ്ട് ഇംഗ്ലീഷുകാർക്ക് അടിച്ചമർത്തുവാൻ സാധിച്ചു.

1. *Foreign (Miscellaneous) S. No. 56, p p 825-826.*
2. *Ibid, S. No. 55, Farmer, Voucher No. 39, p p 873-75.*
3. *Ibid, p 824.*
4. *Ibid, S. No. 56, p 840.*
5. *Ibid, S. No. 55, p 837.*
6. *Ibid, p 845.*
7. *Ibid, p 868.*
8. *Logan, Malabar Manual, Vol. I, op.cit, p p 478-85, Innese Malabar Gazetteer, Vol.I, op.cit, p 73.*
9. *Foreign (Misc) S. No. 55, Para 188, p 173.*
10. *Ibid, para 292, p 264.*
11. *Ibid, para 290, p p 264-65.*
12. *Ibid, para 293, p p 264-65.*
13. *Ibid, p p 260-61.*
14. *Ibid, para 215, p 205.*
15. *Ibid, para 217, p 206.*
16. *Ibid, para 216, p 205 and p 261.*
17. *W.Logan, Treaties etc, op.cit, No. LXXIII.*
18. *Madras Supervisors Diary, June 30, 1794.*
19. *Second Malabar Commisioners' Diary, December 23, 1797.*
20. *Correspondence of the Principal Collector of Malabar, Political, 1800, Vol.2385, p p 11-15.*
21. *Logan, Treaties etc, op.cit, CCVIII, p 335.*
22. *Ibid, No,XXXVI.*
23. *Kozhikode Archives, R.Dis.No.120, 1883, Proceedings No.2359.*
24. *Logan, Treaties etc, op.cit, No.CCXVI.*
25. *Ibid, No.X and corresponeence of the Principal Collector of Malabar, Vol.2389, p p 26-29.*
26. *Ibid, Proceedings, Vol.2389 p p 4-5.*
27. *Ibid, Vol.2389, p p 1-8.*
28. *Ibid, p p 8-9.*
29. *Ibid, p p 26-28.*
30. *Malabar Joint Commissioners' Report, para 51.*
31. *Malabar District Records, Political, p p 273-75.*
32. *Correspondence of Principal Collector of Malabar, Vol.2388, p p 11-12*
33. *Ibid, p p 14-15.*
34. *Ibid, p p 15-20.*
35. *Ibid, p 26.*
36. *Malabar District Records, Political, 1800, p p 282-283.*
37. *Ibid, p 268.*
38. *Ibid, 1801-2, p 260.*
39. *Corresopndence of the Principal Collector of Malabar, Vol.2388, p 25.*
40. *Logan, Treaties etc, Vol.2, No.XLII.*
41. *Ibid, No. LXXV.*
42. *Ibid, No.LXXIV.*
43. *Logan, Malabar Manual, Vol.I, op.cit, 1981 edition, p 562.*
44. *Logan, Malabar Manual, op.cit, p 560.*
45. *Ibid, p 566.*

46. Ibid, p 574, foot note 1.
47. Logan, Treaties etc, Vol.II, No. CXVIII.
48. Ibid, No. XCV.
49. Ibid, No.CXXXI.
50. Wilkinson, President of the Commission, Minute of 2nd February, 1797.
51. Logan, Malabar Manual , vol.I, op.cit, p 579.
52. Logan, Treaties etc, op.cit, No.CXXXIV.
53. Ibid, No. CXXXVIII.
54. Ibid, No. CL, CLI, CLII.
55. Ibid, No. CLIII.
56. Logan, Malabar Manual, Vol.I, op.cit, p 585.
57. Logan, Treaties etc, No. CCXXIV.
58. Ibid, No. CCXXIX.
59. Ibid, No. CCXXXVI.
60. Principal Collector Rickards to Board of Revenue, 27th April, 1803, Para 28.
61. Logan, Malabar Manual Vol.I, op.cit, P 594.
62. Ibid.
63. Logan, Treaties etc, op.cit, No. CCXXXVIII.
64. Ibid, No. CCXL.
65. Ibid, No. CCLV.
66. Letter form T.H.Baber, Sub-collector to the Principal Collector, Malabar Province, Dated, Dec. 31, 1805
67. Ibid,
68. Ibid,
69. Logan, Malabar Manual, Vol.I, op.cit, p 619
70. Logan,Treaties etc, No. CCLXVII.
71. P.Sankunny Menon, History of Travancore, (Mal.Trans.) Dr. C.K. Kareem, State Institute of Languages, 2nd edition 1984, p.240.
72. Ibid, p 241.
73. P.Sankunny Menon, History of Travancore, (Mal.Trans.) op.cit, p242.
74. Ibid, p 246.
75. Ibid, p 257.
76. Ibid, p 270.
77. Ibid, p 272.
78. Ibid, p p 280-283.

# XLIV കുടിയായ്മയും കാർഷിക കലാപങ്ങളും

കേരളം ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ ആധിപത്യത്തിൽ വന്ന 1792 മുതൽ ആരംഭിച്ച ഇംഗ്ലീഷ് വിരുദ്ധ ഫ്യൂഡൽ ചെറുത്ത് നിൽപ്പുകളെക്കുറിച്ചാണല്ലോ കഴിഞ്ഞ അദ്ധ്യായത്തിൽ ഉപന്യസിച്ചത്. മലബാറിലും തിരുവിതാംകൂറിലും കൊച്ചിയിലും നടന്ന രൂക്ഷമായ സംഘട്ടനങ്ങളിൽ വളരെ ആളും അർത്ഥവും ഹോമിക്കപ്പെട്ടിരുന്നു. പട്ടാളശക്തികൊണ്ടും നവീന ആയുധങ്ങളുടെ പിൻബലത്താലും ഇംഗ്ലീഷ്കാർക്ക് 18-ാം നൂറ്റാണ്ട് ഒടുവിലും 19-ാം നൂറ്റാണ്ട് ആദ്യത്തിലുമായി നടന്ന ഈ സംഘടിത സൈനിക പോരാട്ടങ്ങളിൽ വിജയിക്കുവാനും അവരുടെ പിടിമുറുക്കുവാനും കഴിഞ്ഞതിൻെറ കഥകൾ വിസ്തരിച്ചതാണ്. എന്നാൽ കമ്പനിയുടെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്ന മലബാർ പ്രദേശത്ത് നേരിടേണ്ടതായി വന്ന എതിർപ്പ് ഇൻഡ്യയിലൊരിടത്തും അവർക്ക് അഭിമുഖീകരിക്കേണ്ടതായി വന്നിരുന്നില്ല. 1792 മുതൽ 1921 വരെ ചെറുതും വലുതുമായ 83 ലഹളകൾ മലബാറിൽ നടന്നിട്ടുണ്ട്. ആദ്യകാല ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമായിരുന്നു ഇടക്കിടക്ക് ഉണ്ടായിരിക്കൊണ്ടിരുന്ന ഈ ലഹളകൾ. അവയുടെ കാരണങ്ങളും സ്വഭാവങ്ങളും പ്രത്യേകം പരിശോധിക്കേണ്ടതായുണ്ട്. മാപ്പിള ലഹളകൾ എന്നാണ് ഇംഗ്ലീഷ്കാർ ഈ ചെറുത്തുനില്പിനെ വിശേഷിപ്പിച്ചിട്ടുള്ളത്. രക്തസാക്ഷികളായി സ്വർഗ്ഗം പൂകുവാൻ മതഭ്രാന്തളകിയ മാപ്പിളമാർ നടത്തിയ സാഹസിക സമരങ്ങളായിരുന്നു ഇവയെന്നാണ് ഇംഗ്ലീഷ് പക്ഷത്തുനിന്നും ഉണ്ടായ പ്രചാരണം. തങ്ങൾ ബോധപൂർവ്വം നടത്തിക്കൊണ്ടിരുന്ന മുസ്ലിം വിരുദ്ധ പ്രവർത്തനങ്ങളെ മൂടിവെക്കുവാനുള്ള വിദഗ്ദ്ധമായ ഉപജാപമായിരുന്നു ഊ ദുഷ്പ്രചാരണത്തിൻെറ ഉദ്ദേശ്യം.

മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചതുപോലെ ഇംഗ്ലീഷ്കാർ അവരുടെ ശത്രുക്കളായി ഗണിച്ചിരുന്നത് മുസ്ലിംകളെയാണ്. മുസ്ലിംകളോടുണ്ടായിരുന്ന അവരുടെ സമീപനം പറങ്കികളുടേത് തന്നെയായിരുന്നു. മുസ്ലിംകളുടെ കച്ചവടവും കൃഷിയും കഴിവതും നശിപ്പിക്കുകയും അവരെ സമൂഹം വെറുക്കുന്ന പതനത്തിൽ കൊണ്ടെത്തിക്കുകയുമായിരുന്നു ഇംഗ്ലീഷ് മതനയത്തിൻെറ ആത്യന്തികലക്ഷ്യം. സാമ്പത്തികായി അവരെ തകർക്കുകയും സഹോദരസമുദായങ്ങൾക്ക് ശത്രുത ഉണ്ടാക്കി മുസ്ലിംകളെ ഒറ്റപ്പെടുത്തി, മറ്റുള്ളവരുടെ സമ്മതത്തോടും സഹായത്തോടും കൂടി മുസ്ലിംകളെയും അവരുടെ വിശ്വാസത്തേയും അവരധിവസിക്കുന്ന കേന്ദ്രങ്ങളേയും നശിപ്പിക്കുകയെന്ന ദുഷ്ടമായ നയമാണ് അവർ അനുവർത്തിച്ചത്. മലബാറിൽ അതിന്നവർക്ക് വേണ്ടുവോളം സൗകര്യവും ലഭിച്ചു.

മൈസൂർ ഭരണകർത്താക്കളായിരുന്നുവല്ലോ മലബാറിൽ ഭൂനികുതിയും ഭൂസർവ്വേയും നടത്തി ഏകീകൃതമായ ഒരു നികുതി സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയവർ. അതുവരെ നികുതിയിനത്തിലോ, മറ്റേതെങ്കിലും വകയിലോ, ഒറ്റ പൈസ പോലും സർക്കാരിലേക്ക് കൊടുക്കേണ്ടതായി വന്നിട്ടില്ലാത്തവരായിരുന്നു മലബാറിലെ ജൻമികൾ. നികുതി അടക്കുവാനും കച്ചേരിയിൽ വന്ന് ഭൂമിയുടെ ഉടമാവകാശം ഉറപ്പിക്കുവാനും ഇവർക്ക് കല്പന ലഭിച്ചപ്പോൾ തങ്ങളെ ജാതീയമായി തരം താഴ്ത്താനുള്ള വിദ്യയായിട്ടാണ് അവർ കരുതിയത്. മാത്രമല്ല മൈസൂർ ഭരണാധികാരികൾ ചുമത്തിയ നികുതി കാണക്കാരൻെറയോ, കർഷകൻെറയോ ഓഹരിയിൻമേൽ ആയിരുന്നില്ല. ജൻമിഭോഗത്തിൽ നിന്നായിരുന്നുതാനും. മലബാർ ജോയിൻറ് കമ്മിഷ്ണറൻമാർ അവരുടെ റിപ്പോർട്ടിൽ ഇത് സംബന്ധമായെഴുതുന്നത് ഇപ്രകാരമാണ്. "അറഷദ്ബഗ്ഖാൻ നികുതി നിജപ്പെടുത്തിയപ്പോൾ കണക്കാക്കിയത് ഒരു പറ വിത്ത് വിതക്കാവുന്ന നിലത്തിൽ, സാധാരണ നിലയിൽ പത്ത് പറ വിളയുമെന്നും അതിൽ അഞ്ചര പറ കാണക്കാരനും നാലര പറ ജൻമിക്കും ആയി വീതിക്കപ്പെട്ടിരുന്നുവെന്നും ജൻമിയുടെ ഓഹരിയായ നാലര പറയിൽ നിന്നും മൂന്ന് പറ ഗവർമ്മേണ്ട് നികുതിയായും ഒന്നര പറ മാത്രം ജൻമിയുടെ ഓഹരിയായും നിശ്ചയിച്ചു." എന്നാണ്.1. നികുതിഭാരം ജൻമിയുടെ തലയിലാണ് വന്ന് വീണതെന്നർത്ഥം.

മ്ലേഛൻമാരുടെ കച്ചേരിയിൽ ഹാജരായി ജാതീയമായ അധോഗതി യാതൊരു കാരണവശാലും ഉണ്ടാക്കുകയില്ല എന്ന നിർബന്ധബുദ്ധിയോടെ മലബാറിൽ നിന്നും ഒഴിഞ്ഞു പോകുവാനാണ് നമ്പൂതിരിമാരും നായർപ്രമാണിമാരും തയ്യാറായത്. ഭൂമിയുടെ കാണാവകാശം മാപ്പിളമാർക്ക് വിറ്റ്, ഇവരത്രയും കിട്ടിയ പണവുമായി തിരുവിതാംകൂറിലേക്ക് കടന്നു. ദിവ്യത്വം കല്പിക്കപ്പെട്ടിരുന്ന നമ്പൂതിരിമാരുടെ ആഗമനം തൻെറ ഭാഗ്യോദയമായി കരുതിയ തിരുവിതാംകൂർ രാജാവായ രാമവർമ്മ എന്ന ധർമ്മരാജ അവരെ സഹർഷം സ്വാഗതം ചെയ്തു കുടിയിരുത്തുകയുമുണ്ടായി. എന്നാൽ 1792ൽ മലബാർ, ഇംഗ്ലീഷ് കമ്പനിയുടെ ആധിപത്യത്തിൽ വന്നതോടെ തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്ന രാജാക്കൻമാരേയും ഇടപ്രഭുക്കൻമാരേയും വൈദിക ശ്രേഷ്ഠരായ നമ്പൂതിരി ജൻമികളേയും മലബാറിലേക്ക് വിളിച്ച് വരുത്തി പൂർവ്വികമെന്ന് അവർ ഓരോരുത്തരും അവകാശപ്പെട്ട സ്ഥലങ്ങളിലൊക്കെ, അവരെയെല്ലാം ഇംഗ്ലീഷ്കാർ പുനർവാഴ്ച നടത്തുകയും ചെയ്തു. തങ്ങളോട് യാതൊരു തരത്തിലും സഹകരിക്കാതെ ശത്രുതയിൽ വർത്തിച്ചിരുന്ന

മലബാറിലെ മുസ്ലിംകളെ അടിച്ചമർത്തുവാനുള്ള മർദ്ദന ഉപകരണമായിട്ടാണ് പുതിയ കുടിയായ്മ സമ്പ്രദായത്തെ ഇംഗ്ലീഷ്കാർ കരുപ്പിടിപ്പിച്ചെടുത്തത്. ഇവിടെ അനാദികാലമായി നിലനിന്നു പോന്നിരുന്നതും അലംഘനീയമെന്ന് എവരും വിശ്വസിച്ചിരുന്നതുമായ, 'കാണം-ജൻമ-മര്യാദ,' പാടെ തൂത്തെറിയപ്പെട്ടു. ജൻമിയും കാണക്കാരനും കർഷകത്തൊഴിലാളിയും തമ്മിലുണ്ടായിരുന്ന ധാരണയായിരുന്നു ഈ കാണം-ജൻമ-മര്യാദയായി വ്യവഹരിച്ചു പോന്നിരുന്നത്. ഈ മൂന്ന് വിഭാഗം ആളുകൾക്കും ഭൂമിയിൻമേലുള്ള അവകാശം തുല്യമായിരുന്നു. അവർ അന്യോന്യം ഇത് അംഗീകരിച്ച് അനുഷ്ഠിച്ച് പോരികയും ചെയ്തു. 1792ൽ മലബാർ കമ്മീഷ്ണറൻമാരിൽ ഒരംഗമെന്ന നിലയിൽ ഹാർമർ നടത്തിയ അന്വേഷണത്തിൽ അദ്ദേഹത്തിന് ഇക്കാര്യം ശരിക്കും ഗ്രഹിക്കുവാൻ സാധിച്ചു. ഉല്പാദനത്തിൻെറ മൂന്നിലൊന്നിന് മാത്രമേ ജൻമിക്കവകാശമുണ്ടായിരുന്നുള്ളു. കാണക്കാരനും മൂന്നിലൊന്നായിരുന്നു വിഹിതം. അവശേഷിക്കുന്ന മൂന്നിലൊന്ന് കൃഷിയിറക്കുന്നതിനുള്ള ചെലവിനായി കണക്കാക്കി പോന്നു. അങ്ങനെ ജൻമിക്കും കാണക്കാരനും ഭൂമിയൻമേലുള്ള അവകാശം തുല്യമായിരുന്നുവെങ്കിലും കാണക്കാരനായിരുന്നു ഭൂമിയുടെ കൈവശാവകാശം.[2] കാണക്കാരനെ കുടി ഒഴിപ്പിക്കുവാനുള്ള അധികാരം ആർക്കും ഉണ്ടായിരുന്നില്ല. ഭൂമിയിൻമേലുള്ള അവകാശം സുസ്ഥിരവും അഭേദ്യവുമായിരുന്നു. ഈ കാർഷിക മര്യാദ അഭംഗുരം പരിപാലിക്കപ്പെട്ടു.

എന്നാൽ ഇംഗ്ലീഷ്കാർ മനഃപൂർവ്വമായി മുസ്ലിംകളെ നശിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി സമൂഹത്തിലെ സുവർണ്ണവരേണ്യവർഗ്ഗമായ ഈ ജൻമികളെ അതിനായി ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്. നാട്ടുമര്യാദക്കും നിലവിലുണ്ടായിരുന്ന കീഴ്‌വഴക്കങ്ങൾക്കും വിപരീതമായി പുനരവരോധിക്കപ്പെട്ട ജൻമിമാരുടെ അധികാരാവകാശങ്ങൾക്ക് അതുവരെ ഇല്ലാത്ത വ്യാഖ്യാനങ്ങൾ നൽകുകയും ചെയ്തു. ജൻമികൾ എല്ലാ അധികാരങ്ങളോടുകൂടിയവരാണെന്നും അവരുടെ ഈ അവകാശങ്ങളെ ചോദ്യം ചെയ്യാൻ പറ്റാത്തവിധം അലംഘനീയമാണെന്നും ഭൂമി കൈവശം വെച്ച് നോക്കി നടത്തിപ്പോരുന്ന കാരണക്കാരൻ ജൻമിയുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയനാണെന്നും ആണ് ആദ്യകാല ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർ നൽകിയ നിർവചനം. 1801ൽ മേജർ വാക്കർ തൻെറ കുടിയായ്മ റിപ്പോർട്ടിൽ തറപ്പിച്ചു പറയുന്നതിപ്രകാരമാണ്. "ലോകത്ത് മറ്റൊരിടത്തും ഭൂമിയിൻമേലുള്ള ഈ അവകാശത്തെപ്പറ്റി ഇത്ര വ്യക്തമായ ധാരണയും ആ അവകാശം ഇത്ര ശക്തിയായി സംരക്ഷിച്ച് പോരികയും ചെയ്യുന്നില്ല. ....... ഭൂസ്വത്തിൻമേൽ ജൻമികളുടെ അവകാശം പരിപൂർണ്ണവും ലോകത്ത് ഒരു ശക്തിക്കും അന്യായമായിട്ടല്ലാതെ ആ ആവകാശത്തെ നിഷേധിക്കുവാൻ സാധിക്കാത്തതുമാണ്."[3] ഭൂമിയിൻമേലുള്ള കാണക്കാരൻെറ അവകാശം പന്ത്രണ്ട് വർഷത്തേക്കാക്കി പരിമിതപ്പെടുത്തുകയും കാലാവധി അവസാനിക്കുന്നതോടൊപ്പം കരാർ പൊളിച്ചെഴുത്തു നടത്തി ജൻമിയുടെ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തു. ഇതിനു പുറമേ, ഈ പന്ത്രണ്ട് കൊല്ലകാലാവധിക്കിടക്ക് മറ്റാരെങ്കിലും കൂടുതൽ പണം തരുമെന്നു കണ്ടാൽ അത്തരക്കാർക്ക് ഭൂമി മറിച്ച് നൽകുന്ന "മേൽച്ചാർത്ത്" എന്ന ഏർപ്പാടും നിലവിൽ വന്നു. കാണക്കാരനെ പാട്ടക്കാരൻെറ അവസ്ഥയിലേക്ക് തള്ളിയിടുകയും കൈവശഭൂമി പണയസ്ഥലമായി മാത്രം പരിഗണിക്കുകയും ചെയ്യുന്ന അന്യായമായ ഭൂനിയമമാണ് ഇംഗ്ലീഷ്കാർ മലബാറിൽ നടപ്പാക്കിയത്. കേരളത്തിൽ നിലനിന്നിരുന്ന ഭൂവ്യവസ്ഥിതിയെക്കുറിച്ച് അറിയാഞ്ഞിട്ടോ, കുടിയായ്മയിൽ വരുത്തുന്ന മാറ്റം കാണക്കാരനേയും കർഷകനേയും ജൻമിയുടെ ഔദാര്യത്തിനും ഇഷ്ടനിഷ്ടങ്ങൾക്കും അടിമപ്പെട്ടുത്തുമെന്ന് ഗ്രഹിക്കാഞ്ഞിട്ടോ, അല്ല ഇത് സംഭവിച്ചത്. അങ്ങനെ ചെയ്യണമെന്ന് മനഃപൂർവ്വമായ ഉദ്ദേശ്യമുണ്ടായത് കൊണ്ട് മാത്രമാണ്. മലബാറിലെ, പ്രത്യേകിച്ച് തെക്കെ മലബാറിലെ കാണക്കാരും കർഷകരിലധികവും മുസ്ലിംകളായിരുന്നതിനാലാണ് അവരെ അടിച്ചമർത്തുകയെന്ന ലക്ഷ്യത്തോടുകൂടി സർവ്വവിധ അധികാരാവകാശങ്ങളും നൽകി പുതിയ ഭൂസ്വാമിമാരെ കുടിയിരുത്തിയത്. ഇവരത്രയും മൈസൂർ ഭരണകാലത്ത് മലബാറിൽ നിന്നും പലായനം ചെയ്തിരുന്നവരായിരുന്നുവല്ലോ. അക്കാലത്ത് മൈസൂർ സുൽത്താൻമാരോട് വിധേയത്വത്തോടു കൂടി കൂറ് കാണിച്ചിരുന്ന മാപ്പിളമാരോട് ഈ സവർണ്ണജൻമികൾക്ക് സ്വാഭാവികമായും പകയും വിദ്വേഷവും ഉണ്ടായിരുന്നു. കമ്പനി അധികാരികളുടെ സൈനിക സഹായവും പരിരക്ഷയും അവർക്ക് ലഭിക്കുമെന്ന് വന്നതോടുകൂടിയും, ഇംഗ്ലീഷ്ഭരണത്തെ എതിർത്ത് അവരോട് ശത്രുത പുലർത്തി പോന്നിരുന്നവരാണ് മാപ്പിളമാർ എന്നത് കൊണ്ടും ഈ ജൻമികൾക്ക് തങ്ങളുടെ പൂർവ്വവൈരാഗ്യം തീർക്കുവാനും മാപ്പിള കാണക്കാരെ മർദ്ദിച്ചൊതുക്കുവാനും നല്ല സൗകര്യവുമായി. ഇതിനെ ചൂണ്ടി കെ.പി. പത്മനാഭമേനോൻ എഴുതിയിട്ടുള്ളത്, "അത് വരെ തങ്ങൾ തടസ്സമില്ലാതെ അനുഭവിച്ചിരുന്ന അസൂയർഹമായ പദവി ഇല്ലാതാക്കിയപ്പോൾ, ആ നഷ്ടം അങ്ങനെ സഹിക്കുവാൻ അവർക്ക് സാധിക്കുമായിരുന്നില്ല, എന്നാണ്. അതേസമയം കമ്പനിയുടെ പിന്തുണയോടെ മുസ്ലിംകളോടുള്ള പൂർവ്വ വൈരാഗ്യം തീർക്കുവാനാണ് നായൻമാർ ഒരുമ്പെട്ടത്. ഫലമോ, ഭയാനകവും"[4] അങ്ങനെ ഹൈന്ദവ ദുഷ്പ്രഭുത്വം പുതുതായി ലഭിച്ച അവസരങ്ങൾ ധനം കുന്നുകൂട്ടുവാനും കാണക്കാരനെ നിഷ്ക്കരുണം പിഴിഞ്ഞെടുക്കുവാനും തുടങ്ങി. ഈ അക്രമങ്ങൾക്ക് വഴങ്ങാത്തവരുടെ ഭൂമി ഒഴിപ്പിച്ചെടുത്ത് മറ്റാർക്കെങ്കിലും ഇഷ്ടാനുസരണം നൽകുന്ന രീതിയും അരങ്ങേറി. ഒഴിപ്പിക്കുന്ന സ്ഥലം നന്നാക്കുവാനും കൃഷിയിടങ്ങളായി മാറ്റുവാനും കൈവശക്കാരൻ ചെയ്തിരുന്ന പ്രയത്നമോ, മുടക്കിയിരുന്ന ധനമോ, വകവെക്കാതെയായിരുന്നു ഈ ഒഴിപ്പിക്കലിലധികവും നടത്തിയിരുന്നത്. കോടതികൾക്ക കമ്പനി അധികാരികൾ നൽകിയിരുന്ന നിർദ്ദേശങ്ങൾ നീതിന്യായവ്യവസ്ഥയെ തന്നെ

പരിഹാസ്യമാക്കുംവിധമായിരുന്നു. ബോംബെ ഗവർണ്ണറായിരുന്ന ആബർ ക്രോംബി 1792ൽ തന്നെ മലബാറിലെ സൂപ്പർവൈസർമാരോട് ആവശ്യപ്പെട്ടിരുന്നത്, "പ്രജകളിൽ മേലേതലപ്പത്തുള്ളവരുടെ താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ ഉറ്റു ശ്രമിക്കണം"5. എന്നായിരുന്നു. നീതിന്യായവും ക്രമസമാധാനവും പരിപാലിക്കേണ്ട ഉദ്യോഗസ്ഥൻമാർക്ക് നൽകിയിരുന്ന ഇത്തരം മാർഗ്ഗനിർദ്ദേശങ്ങൾ എന്തിന്റെ ചേതോവികാരം കൊണ്ടായിരുന്നുവെന്ന് ആലോചിക്കുകയാണ് ഭേദം. മലബാറിലെ ആദ്യത്തെ കളക്ടറായിരുന്ന റോബർട്ട് റിക്കാർഡ്സ് 1803ൽ അഭിപ്രായപ്പെട്ടത് കാണാവകാശം ഭൂമിയിൻമേലുള്ള സ്ഥിരാവകാശമായിരുന്നുവെന്നും കാണക്കാരനെ ഒഴിപ്പിക്കുവാൻ അധികാരമില്ലെന്നും ആയിരുന്നു. എന്നാൽ ആ അഭിപ്രായം അംഗീകരിച്ചില്ലെന്ന് മാത്രമല്ല, അത് 'രാഷ്ട്രീയമായ ബുദ്ധിമോശം' (politically unwise) ആയിരിക്കുമെന്നാണ് മേലധികാരികൾ തിരിച്ചടിച്ചത്.

അങ്ങനെ ഭൂമിയിൻമേൽ ഇഷ്ടാനുസരണം എന്തും ചെയ്യുവാനുള്ള പരമാധികാരം ജൻമികൾക്ക് ലഭിച്ചു. ഭൂമിയിൽ നിന്നും കൈവശക്കാരനെ ഒഴിപ്പിക്കുന്ന സമ്പ്രദായമേ കേരളത്തിന് അന്യമായിരുന്നു. മലബാറിൽ പുതുതായ വരോധിക്കപ്പെട്ട സവർണ്ണ ജൻമികൾക്ക് പക്ഷേ ഇതിനുള്ള അധികാരം നൽകുക മാത്രമല്ല, ഒഴിഞ്ഞുപോകാൻ മടിച്ചു നിന്ന കാണ്ക്കാരനെ കോടതി മുഖാന്തിരം ഇറക്കിവിടുവാനുള്ള സംവിധാനങ്ങളുമുണ്ടായി. ഏകപക്ഷീയമായും പക്ഷാഭേദത്തോടുകൂടിയുമാണ് കോടതികൾ പ്രവർത്തിച്ചിരുന്നത്. മാപ്പിളമാരോട് ക്രൂരമായ അനീതിയാണ് നീതിന്യായ സ്ഥാപനങ്ങൾ പ്രകടപ്പിച്ചത്. കമ്പനിയുടെ റവന്യൂ ഉദ്യോഗസ്ഥൻമാരാകട്ടെ മൃഗീയ ഭൂരിപക്ഷവും നായൻമാരായിരുന്നു. അവരുടെ ഒത്താശയോടുകൂടി കള്ളപ്രമാണങ്ങളുണ്ടാക്കുകയും മാപ്പിളകർഷകനെ കോടതി കയറ്റുകയും ചെയ്തു. എല്ലാ തലത്തിലും മാപ്പിളമാർക്ക് നീതി ലഭിക്കുകയില്ലെന്ന് മാത്രമല്ല അവരോട് നീചമായ പ്രതികാരമാണ് ഇവരത്രയും കാണിച്ചിരുന്നത്. പള്ളികൾ പണിയുന്നതിനോ, ശ്മശാനങ്ങൾ ഉണ്ടാക്കുന്നതിനോ, ആവശ്യമായ സ്ഥലങ്ങൾ പോലും അനുവദിക്കപ്പെട്ടിരുന്നില്ല. അതേ സമയം മാപ്പിളമാരുടെ കൈവശമുള്ള സ്ഥലങ്ങൾ ഒഴിപ്പിച്ചെടുക്കുമ്പോൾ, അവയിലെവിടെയെങ്കിലും പ്രാർത്ഥനാലയങ്ങൾ പണിതീർത്തവയുണ്ടെങ്കിൽ തകർത്ത് തരിപ്പണമാക്കുകയും സാധാരണയായി.

ഇത്തരം വിർപ്പ്മുട്ടിക്കുന്ന സാഹചര്യം മുസ്ലിം വിരോധം മൂലം ഇംഗ്ലീഷ്കാർ അറിഞ്ഞുകൊണ്ട് സൃഷ്ടിച്ചതായിരുന്നു. അത് മനസ്സിലാക്കിയ മാപ്പിളമാർ കമ്പനി ഭരണം ആരംഭിച്ച കാലം തുടങ്ങി ജൻമികൾക്കും അവരെ താങ്ങി നിലനിർത്തുന്ന കമ്പനി ഭരണത്തിനും എതിരായി നടത്തിയ ആത്മഹത്യാപരമെങ്കിലും ധീരസാഹസികപോരാട്ടങ്ങളായിരുന്നു മാപ്പിളലഹളകൾ എന്ന പേരിൽ എഴുതി പ്രചരിപ്പിച്ചിട്ടുള്ള കാർഷിക കലാപങ്ങൾ. മലബാറിലെ മുസ്ലീംകൾക്കുണ്ടായ അരക്ഷിതാബോധം പ്രതിഫലിപ്പിക്കുന്നതായിരുന്നു ഉണ്ണിമൂസയും ചെമ്പൻപോക്കരും പ്രസിദ്ധീകരിച്ച ലേഖകൾ (വിളംബരങ്ങൾ). കമ്പനി അധികാരികൾ മുസ്ലിംകളെ ഒന്നടങ്കം നാമാവശേഷമാക്കുവാനുള്ള ആസൂത്രിതപദ്ധതി പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നുവെന്നും സമുദായത്തേയും മതത്തേയും നിലനിർത്താൻ ഇവയ്ക്കെതിരായി ഓരോ മുസൽമാനും പടവാളേന്തണമെന്നുമായിരുന്നു അവർ നടത്തിയ ആഹ്വാനം.6. അത്തൻ കുരുക്കളാകട്ടെ താൻ നടത്തിയിരുന്ന പ്രസംഗങ്ങളിലും എഴുതി അയച്ചിരുന്ന പ്രസ്താവനകളിലും ഇതേ വികാരം നിരന്തരം പ്രകടിപ്പിച്ചുകൊണ്ടുമിരുന്നു. "ഒറ്റയാൾക്കും രക്ഷയില്ല. ആരെങ്കിലും ഒരാൾ നമുക്കെതിരായി ഒരു കള്ള പരാതി കൊടുത്താൽ അതിന്റെ നിജസ്ഥിതി അന്വേഷിക്കാതെ തന്നെ, ശിക്ഷ നടത്തുന്നു. ഏതെങ്കിലും ഒരു നായർ പരാതിക്കാരന് അനുകൂലമായി സാക്ഷി പറയുക കൂടി ചെയ്താൽ, അത് മതി നമ്മെയെല്ലാം പിടിച്ച് കുറ്റവാളികളായി തൂക്കിലേറ്റുവാൻ"7. സമുദായത്തെ ആകമാനം ഗ്രസിച്ചുകൊണ്ടിരിക്കുന്ന ആപൽക്കരമായ ഈ ഭീഷണിയിൽ താനുൾപ്പെടെ ആരും തന്നെ ഒഴിവാക്കപ്പെട്ടിട്ടില്ലെന്നും അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് മുസ്ലിംകളെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു.8.

മാപ്പിളസമുദായത്തെ വകവരുത്തണമെന്ന പകയോടുകൂടി ക്രൈസ്തവരായ കമ്പനി അധികാരികൾ അറിഞ്ഞുകൊണ്ട് നടപ്പാക്കിയ ക്രൂരവിനോദമായിരുന്നു മലബാർ കുടിയായ്മയിൽ വരുത്തിയ മാറ്റവും, കാണം, ജൻമം എന്നീ സംജ്ഞകൾക്ക് നൽകിയ ദുർവ്യഖ്യാനങ്ങളും. കാണക്കാരനെ ഒഴിപ്പിക്കുവാൻ ആർക്കും അധികാരമുണ്ടായിരുന്നില്ല. ഭൂമിയിൻമേലുള്ള അവകാശം ജൻമിക്കുണ്ടായിരുന്നത് പോലെ സുസ്ഥിരവുമായിരുന്നു. കമ്പനിയധികാരികൾക്ക് ഇതൊന്നും അറിയാഞ്ഞിട്ടായിരുന്നില്ല. തിരുവിതാംകൂറിലും കൊച്ചിയിലും സർ തോമസ് മൺറോ, റസിഡൻണ്ടായിരുന്ന സന്ദർഭത്തിൽ ക്ഷേത്രങ്ങളുടെ കൈവശമുണ്ടായിരുന്ന ഒരു പാട് സ്ഥലങ്ങൾ സർക്കാർ ഏറ്റെടുത്തിരുന്നു. ഇത് 1812ലാണ്. വേലുത്തമ്പിയുടേയും പാലിയത്ത് അച്ഛന്റെയും ലഹളകൾക്ക് ശേഷം. തിരുവിതാംകൂറിലെ 378 ക്ഷേത്രങ്ങളുടേയും കൊച്ചിയിലെ 179 ക്ഷേത്രങ്ങളുടേയും സ്ഥലങ്ങളാണ് അങ്ങനെ സർക്കാർ അധീനതയിൽ ആക്കിയത്. എന്നാൽ ഈ സ്ഥലങ്ങളിലെ കൈവശക്കാരായ കുടിയാൻമാരെ ഒഴിപ്പിക്കുവാൻ സമ്മതിച്ചിരുന്നില്ല. ഈ നിയമം മലബാറിന് ബാധകമാക്കാതിരുന്നതിന് കാരണം അവിടെ കാണക്കാരും, കൃഷിക്കാരും ഒട്ടുമുക്കാലും മുസ്ലിംകളായതിനാലായിരുന്നു എന്ന് വ്യക്തം. തിരുവിതാംകൂറിലും കൊച്ചിയിലും കൈവശാവകാശമുണ്ടായിരുന്ന കൃഷിക്കാർ അധികവും ക്രിസ്ത്യാനികളായിരുന്നു എന്ന വ്യത്യാസമാണ് ഒരേ ഭരണകൂടം രണ്ടു തരം നിയമം പ്രാബല്യത്തിൽ വരുത്തുവാൻ കാരണം.

മലബാറിൽ ജൻമിമാരുടെ ഭൂമിയിൻമേലുള്ള ഉടമാവകാശം ആർക്കും അപഹരിക്കുവാൻ സാധിക്കാത്തവിധം ശക്തവും അലംഘനീയവുമാണെന്ന് വ്യഖ്യാനം നൽകിയിരുന്നവർ തന്നെ, തിരുവിതാംകൂറിലേയും കൊച്ചിയിലേയും ക്ഷേത്രവസ്തുക്കൾ കൈവശപ്പെടുത്തിയപ്പോൾ ജൻമത്തെപ്പറ്റിയുള്ള അവരുടെ നിർവ്വചനം എവിടെപ്പോയെന്ന് ചോദിച്ചിട്ട് കാര്യമില്ല. ഇവിടെ ജൻമാവകാശം മലബാറിൽ വ്യവഹരിച്ച് നടപ്പാക്കിയിരുന്നവിധമായിരുന്നുവെങ്കിൽ, ഒരിക്കലും അമ്പലസ്വത്ത് സ്റ്റെയിറ്റ് ഉടമയിൽ കൊണ്ടുവരുവാൻ സാധിക്കുമായിരുന്നില്ലെന്ന് തീർച്ചയാണ്. സർ തോമസ് മൺറോവിൻെറ കാലത്ത് തന്നെ 1818ൽ നടത്തിയ വിളംബരമനുസരിച്ച് സ്കൂളുകൾ, ആതുരാലയങ്ങൾ, ആസ്പത്രികൾ മുതലായ പൊതുസ്ഥാപനങ്ങൾ തുടങ്ങുവാനായി മുന്നോട്ടു വരുന്നവർക്ക് സ്ഥലങ്ങൾ പതിച്ച് കരമൊഴിവാക്കികൊടുത്തിരുന്നു. അത് പോലെ തരിശ് സ്ഥലം കൃഷിചെയ്യാൻ തയ്യാറുള്ളവർക്ക് നികുതി ആനുകൂല്യങ്ങളോടു കൂടി ധാരാളം സ്ഥലം പതിച്ച് കൊടുക്കുകയും ചെയ്തു. ഇവയുടെയൊക്കെ ഗുണഭോക്താക്കൾ കൃസ്ത്യാനികളായിരുന്നു.9.

ഇംഗ്ലീഷ്കാർ മതത്തിൻെറ പേരിൽ അസഹിഷ്ണുത കാണിച്ചിട്ടില്ലെന്ന് പെരുമ്പറ അടിക്കാറുണ്ട്. എന്നാൽ പറങ്കികളേക്കാൾ കൂടുതൽ ഇതരമതദ്രോഹം ചെയ്യുകയും സ്വന്തം മതത്തിന് അനുയായികളെ സമൃദ്ധിയായി സൃഷ്ടിക്കുകയും ചെയ്യുന്ന മതനയമായിരുന്നു അവരുടേതെന്നതാണ് സത്യം. കേരളത്തിലെ മുസ്ലിംകളോടും മുസ്ലിംസ്ഥാപനങ്ങളോടും അവർ ചെയ്തിട്ടുള്ള ദ്രോഹം ആരേയും ഞെട്ടിപ്പിക്കുന്നവയത്രെ. നിരവധി മുസ്ലിം ആരാധനാലയങ്ങൾ നേരിട്ടോ, ഇവരുടെ പ്രേരണയാലോ, തകർക്കപ്പെട്ടിട്ടുണ്ട്. നേർച്ചകൾ നടത്തിപ്പോന്നിരുന്ന പല ശവകുടീരങ്ങളും ശിലാസ്മാരകങ്ങളും നിശ്ശേഷം നശിപ്പിച്ചിട്ടുള്ള സംഭവങ്ങളും അനവധി ഉണ്ടായിട്ടുണ്ട്. 1855 ഒക്ടോബർ 23ന് മലബാർ മജിസ്ട്രേട്ടായിരുന്ന ടി. ക്ലാർക്ക്, ഗവർമ്മേണ്ട് സെക്രട്ടറി ജെ.ഡി. ബോർഡില്ലന് എഴുതുന്ന കത്ത്, ഒക്ടോബർ 20-ാം തിയതി മലബാറിലെ ജോയിൻറ് മജിസ്ട്രേട്ടായ സി. കോലറ്റ്, അദ്ദേഹത്തെ എഴുതി അറിയിച്ച ആവശ്യങ്ങളുടെ ആവർത്തനമാണ്. ഇവരുടെ ഹീനമായ മതനയം പ്രസ്പഷ്ടമാക്കുന്നവയാണ് ഈ കത്തുകൾ. മലബാർ കളക്ടറായിരുന്ന കൊണോലിയെ വധിച്ചതിന് പ്രതികാരമായി നടത്തിയ നരനായാട്ടിന് ശേഷം, ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലെന്ന പേരിലാണ് കോലറ്റ് തൻെറ മേലധികാരിയായ ടി. ക്ലാർക്കിന് ഇതെഴുന്നത്. "മാപ്പിളമാർ ഏത് കൃത്യം ചെയ്യുന്നതിന് മുമ്പും തറമേൽ ജാറത്തിൽ പ്രാർത്ഥന നടത്താറുണ്ടെന്നും ഈ ജാറം അങ്ങനെ ഏത് കലാപത്തിനും മുന്നോടിയായി വർത്തിക്കാറുണ്ടെന്നും തൻമൂലം ഈ ജാറം നശിപ്പിക്കുകയും അവിടെ അടക്കം ചെയ്തിട്ടുള്ള സെയ്യിദ് അലവി തങ്ങളുടെ ഭൗതികാവശിഷ്ടങ്ങൾ അവിടെനിന്നും നീക്കം ചെയ്ത് അറേബിയയിലേക്ക് കൊണ്ടുപോയി അവിടെ സംസ്കരിക്കുകയും വേണം. തങ്ങളുടെ ഇവിടെയുള്ള കുടുംബക്കാർ കൈവശം വെച്ചുകൊണ്ടിരുന്ന സ്ഥലങ്ങൾ മുഴുക്കെ വിലക്ക് വാങ്ങി അവരെയെല്ലാം നാട്ടിൽ നിന്നും പറഞ്ഞയക്കുകയും ചെയ്താൽ, തറമേൽ തങ്ങൻമാരേയും അവരുടെ ജാറത്തേയും പറ്റിയുള്ള ഓർമ്മ, കാലക്രമേണ തേഞ്ഞുമാഞ്ഞുപോകുന്നതാണ്. അതുപോലെ തന്നെ കൊലയാളികൾ പല ദിവസങ്ങളിലായി അഭയം തേടിയിരുന്ന പള്ളികളിലെ ജീവനക്കാരെയെല്ലാം ശിക്ഷിച്ച് നാടുകടത്തുകയും ഈ പള്ളികളത്രയും നശിപ്പിച്ച് കളയുകയും വേണം. ഇങ്ങനെ ചെയ്താൽ ആ പ്രദേശങ്ങളിലുള്ള മാപ്പിളമാർക്ക് അത് ഗുണപാഠമായിത്തീരും."10. ഈ എഴുത്ത് കിട്ടി രണ്ടുദിവസത്തിനകം തന്നെ മജിസ്ട്രേട്ട് ടി. ക്ലാർക്ക്, നീതിന്യായവകുപ്പ് സെക്രട്ടറി ജെ.ഡി. ബോർഡില്ലന് കോലറ്റിൻെറ കത്തിൽ പറഞ്ഞ കാര്യങ്ങൾ അടിയന്തിരമായി ചെയ്യേണ്ടവയാണെന്ന് കാണിച്ച് എഴുതുകയും ചെയ്യുന്നു. കോലറ്റിൻെറ കത്തിൽ, ജാറം പൊളിക്കുകയും ഭൗതികാവശിഷ്ടം അറേബിയായിലേക്ക് അയക്കുകയും ചെയ്യണമെന്ന് യോജിക്കുന്നതോടൊപ്പം ക്ലാർക്കിൻെറ ദൃഢമായ അഭിപ്രായവും കൂടി ചേർത്തിട്ടുണ്ട്. അതാകട്ടെ, "ജാറം തകർത്തതിന് ശേഷം തറമേൽ തങ്ങളുടെ ഭൗതികാവശിഷ്ടം മതചടങ്ങുകളോടു കൂടി നീക്കം ചെയ്യാൻ സമയപരിധി വെച്ച് വിളംബരം ചെയ്യണമെന്നും," അത് മാറ്റികഴിഞ്ഞാൽ ജാറം ഇരുന്ന സ്ഥലവും അനുബന്ധവസ്തുക്കളും കൃഷിചെയ്യുന്നതിനായി ഹിന്ദുക്കൾക്ക് വിട്ടുകൊടുക്കണെ" മെന്നുമാണ്.11. "എന്നാൽ ഇത് വളരെ കടുത്ത പ്രവൃത്തിയാണെന്ന് തോന്നുന്നുവെങ്കിൽ, മേലിൽ ഒരിക്കലും ഇവിടെ പള്ളിയോ, ജാറമോ കെട്ടാൻ അനുവദിക്കാതിരിക്കുകയെങ്കിലും ചെയ്യണം. അതുപോലെ കുറ്റവാളികൾ അഭയം തേടിയിരുന്ന പള്ളികളത്രയും നശിപ്പിക്കുകയും ജീവനക്കാരെ മുഴുക്കെ നാടുകടത്തുകയും വേണം."12.

നീതിന്യായം നിർവ്വഹിക്കുവാൻ ബാദ്ധ്യസ്ഥരായിരുന്ന മജിസ്ട്രേട്ടുമാരുടെ മതഭ്രാന്ത് ഇത്തരത്തിലായിരുന്നപ്പോൾ, അവരുടെയടുക്കൽ പരാതിയുമായി ചെല്ലുന്ന മുസൽമാന് നീതി അസാദ്ധ്യമായിരുന്നുവെന്ന് വ്യക്തം. കോടതികളും മറ്റുള്ള ഉദ്യോഗസ്ഥൻമാരും എന്തെങ്കിലും കാരണം കണ്ടെത്തി മുസൽമാനെ ദ്രോഹിക്കുവാൻ ബദ്ധശ്രദ്ധരായിരുന്നു. ഇംഗ്ലീഷുകാർക്കെതിരായി പടപൊരുതി വീരമൃത്യു വരിച്ചവരുടെ ജഡം മതവിധി പ്രകാരം സംസ്ക്കരിക്കുവാൻ വിട്ടുകൊടുത്തിരുന്നില്ലെന്ന് മാത്രമല്ല, മുസ്ലീം മതവികാരത്തെ അറിഞ്ഞുകൊണ്ട് വ്രണപ്പെടുത്താൻ കരുതി അവ ദഹിപ്പിക്കുകയാണ് ചെയ്തിരുന്നത്, മുസ്ലിംകളുടെ ആത്മീയ നേതൃത്വമുണ്ടായിരുന്ന സെയ്യിദ് അലവി തങ്ങൾ, വെളിയംങ്കോട് ഉമർ ഖാസി തുടങ്ങിയവരോടുള്ള പെരുമാറ്റവും സെയ്ത് ഫസൽ പൂക്കോയ തങ്ങളെയും കുടുംബത്തെയും നാടുകടത്തിയ രീതിയുമൊക്കെ കൊടിയ മതദ്വേഷത്തെയാണ്

അനാവരണം ചെയ്യുന്നത്. ഇവ വിശദീകരിക്കേണ്ട സന്ദർഭം ഇവിടെയല്ലാത്തതുകൊണ്ട് അതിനൊരുമ്പെടുന്നില്ല. ഒരുകാര്യം തീർച്ച. ക്രൈസ്തവഭരണാധികളായ കമ്പനി അധികൃതർ കുരിശുയുദ്ധം ആവർത്തിക്കുകയായിരുന്നു ഇവിടെ.

അത് തന്ത്രപൂർവ്വം നിർവ്വഹിക്കുവാൻ മലബാറിലെ ജൻമിമാരെയും ഇടപ്രഭുക്കൻമാരെയും ഉപയോഗപ്പെടുത്തിയെന്ന് മാത്രം. കാർഷികബന്ധങ്ങളിൽ വരുത്തിയ തിരുമറി കൊണ്ടാണിത് ഫലവത്താക്കിയത്. ഈ അനീതികൾക്കെതിരായി മലബാറിലെ മാപ്പിളകർഷകർ നടത്തിയ കലാപങ്ങളെയാണ് മാപ്പിള ലഹളകൾ എന്നു പേരിട്ട് മാറ്റി നിർത്തിയിട്ടുള്ളത്. തങ്ങൾ ചോരയും നീരും നൽകി ഫലഭൂയിഷ്ഠമാക്കിയ ഭൂമിയിൽ നിന്നും അന്യായമായി ഇറക്കിവിടുന്ന സന്ദർഭത്തിൽ അതിന് കാരണക്കാരനായ ഭൂഉടമയോടും അവനെ സഹായിക്കാനെത്തുന്ന കമ്പനി സൈന്യത്തോടും പടപൊരുതി രക്തസാക്ഷി ആകുന്നത് സുകൃതമായി അവർ കരുതുകയും ചെയ്തു. ഭൂഉടമകൾ അത്രയും സവർണ്ണഹിന്ദുക്കൾ ആയിരുന്നതിനാൽ അവർക്കെതിരെയുള്ള സമരം ഹിന്ദുക്കളോട് മുസൽമാൻമാർ നടത്തുന്ന വർഗ്ഗീയകലാപമായി മനഃപൂർവ്വം ചിത്രീകരിക്കുകയാണ് ദുഷ്ടമനസ്ഥിതിക്കാരനായ ആഗ്ളേയ ക്രൈസ്തവൻ ചെയ്തത്. അതുവരെ ഭൂമിയിൽനിന്നും അനുഭവിച്ചുപോന്നതും ആരാലും ചോദ്യം ചെയ്യപ്പെടാതിരുന്നതുമായ കൈവശാവകാശം നഷ്ടപ്പെടുന്ന സ്ഥിതി ആർക്കും സഹിക്കാൻ സാധിക്കുന്നതല്ലല്ലോ. അതാണിവിടെയും സംഭവിച്ചത്. കാർഷികകലാപങ്ങളെ കുറിച്ചന്വേഷിക്കുവാൻ സ്പെഷൽ കമ്മീഷണറായി നിയുക്തനായ വില്യം ലോഗൻ വളരെ വൈകിയിട്ടാണെങ്കിലും കണ്ടെത്തിയ പരമാർത്ഥം തൻെറ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത് ഇപ്രകാരമാണ് "മലബാറിൽ നിന്നും ജൻമികൾ ഓടിപ്പോയപ്പോൾ (മൈസൂർ ഭരണകാലത്ത് ) ഭൂസ്വത്തിൻമേലുള്ള അവരുടെ അവകാശം മാപ്പിളമാർക്ക് വിൽക്കുകയുണ്ടായി. മാപ്പിളമാർ വാങ്ങയിത് കാണാവകാശമായിരുന്നു. ജൻമാവകാശത്തിന് കൂടുതൽ പ്രാബല്യം ഉണ്ടായിരുന്നുവെങ്കിൽ മാപ്പിളമാർ ജൻമാവകാശം മാത്രമേ വാങ്ങുമായിരുന്നുള്ളു. പന്ത്രണ്ട് കൊല്ലത്തിലൊരിക്കൽ പൊളിച്ചെഴുതി ഇന്നത്തെപ്പോലെ (1881) വാങ്ങേണ്ടതായിരുന്നു കാണാവാകാശമെങ്കിലോ, ഇന്നത്തപ്പോലെ അപാരമായ അവകാശാധികാരങ്ങളുള്ളതായിരുന്നു അക്കാലത്ത് ജൻമാവകാശമെങ്കിലോ, മാപ്പിളമാർ കാണം വാങ്ങുകയെന്ന നഷ്ടകച്ചവടത്തിന് നിശ്ചയമായും നിൽക്കുകയില്ലായിരുന്നുവെന്ന് യുക്തിസഹമായി ചിന്തിക്കുന്നതിൽ അപാകതയില്ല. പരമാർത്ഥത്തിൽ ഒരു ജൻമിക്ക് എത്രമാത്രം സ്ഥിരാവകാശങ്ങൾ സ്ഥലത്തിൻമേലുണ്ടോ, അത്രയും തന്നെ സുദൃഢമായ അവകാശങ്ങൾ കാണക്കാരനും അക്കാലത്തുണ്ടായിരുന്നുവെന്ന് ഉറപ്പിച്ചു പറയാം."13. ലോഗൻ തുടർന്നെഴുതുന്നത്, "ബോംബെ അധികൃതരും പിന്നീട് മദ്രാസിലെ കമ്പനി അധികൃതരും ജൻമിയെ സ്വത്തിൻെറ പരിപൂർണ്ണ അവകാശികളായി അംഗീകരിച്ചത് കൊണ്ട് തൻെറ കീഴിലുള്ളവരിൽ നിന്നും ഊറ്റിയെടുക്കാവുന്ന അത്രയും ഓഹരി ഈടാക്കാനുള്ള അധികാരം നൽകുകയാണ് ചെയ്തത്."14 കാർഷികബന്ധത്തിൽ വരുത്തിയ ഈ മാറ്റത്തെ ശരിക്കും വിശകലനം ചെയ്ത് കിട്ടാവുന്ന പ്രമാണങ്ങൾ അത്രയും പഠിച്ച് അദ്ദേഹം എത്തിച്ചേർന്ന നിഗമനം മലബാറിലുണ്ടായിക്കൊണ്ടിരുന്ന ലഹളകളുടെ മുഴുക്കെ മൂലകാരണം കാർഷികപ്രശ്നങ്ങളായിരുന്നുവെന്നാണ്. പക്ഷേ അപ്പോഴേക്കും ഈ സമ്പ്രദായം കൊണ്ടുണ്ടാകാവുന്ന വിന മുഴുക്കെ ഉണ്ടായികഴിഞ്ഞിരുന്നു.

പ്രയത്നിച്ചുണ്ടാക്കിയ സ്ഥലം അന്യമായിത്തീരുകയും കോടതികളിൽ നിന്നോ, നിയമപാലകരിൽ നിന്നോ, ഒരു വിധത്തിലും നീതിയും ലഭിക്കുകയില്ലെന്ന് ബോദ്ധ്യമാകുകയും ചെയ്ത മലബാറിലെ മുസ്ലിംകൾ ഈ അക്രമത്തിനും അനീതിക്കുമെതിരായി പടവെട്ടി മരിക്കുവാൻ തന്നെ തയ്യാറായി. തങ്ങളുടെ സ്ഥലത്ത് നിന്ന് ഇറക്കിവിട്ട് നിരാധാരരാക്കുന്നവരെ കൊലപ്പെടുത്തുന്നത് പാപമല്ലെന്നും അത് മതപരമായ അനുഷ്ഠാനം കൂടിയാണെന്നും ഉള്ള വിശ്വാസവും രൂഢമൂലമായിരുന്നു. പട്ടാളത്തിൻെറ പിടിയിൽപ്പെട്ടു ചങ്ങലയിൽ ജയിലറകളിൽ നരകിച്ച് മരിക്കുന്നതിനെക്കാളും, പട്ടികളെപ്പോലെ പൊതുനിരത്തിൽ കിടന്ന് വെടിയേറ്റ് മരിക്കുന്നതിനേക്കാളും അവർ അഭികാമ്യമായി കരുതിയത്, ഇസ്ലാമിൻെറയും മുസ്ലിംകളുടേയും ശത്രുക്കളെ വകവരുത്തി മരിക്കാനുള്ള തയ്യാറെടുപ്പോടുകൂടി ഇംഗ്ലീഷ് പട്ടാളവുമായി ഏറ്റുമുട്ടുകയെന്നതാണ്. ഇത്രയധികം കലാപങ്ങൾ നടന്നിട്ടും നൂറുകണക്കിന് കലാപകാരികളെ കൊന്നൊടുക്കുവാൻ സാധിച്ചിട്ടും കുറ്റവാളികളിൽ ജീവനോടു കൂടി ആരെയെങ്കിലും പിടികൂടുവാൻ ഇംഗ്ലീഷ്പട്ടാളത്തിന് സാധിക്കാതിരുന്നത് ഇതിനാലാണ്. മരിക്കാൻ ഒരുങ്ങിയറങ്ങിയ ഈ ചാവേർ സംഘത്തിൻെറ ആത്മവീര്യം ആരും പ്രശംസിച്ചില്ലെങ്കിലും വിരോധമില്ല. വള്ളുവക്കോനാതിരിയുടേതായിരുന്നില്ലല്ലോ ഈ ആത്മഹത്യാസംഘം എങ്കിലും ഇതിന് അവരെ പ്രേരിപ്പിച്ച സ്ഥിതിവിശേഷം എന്തായിരുന്നുവെന്ന് പരിശോധിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമം ആരും നടത്തിതായി കാണുന്നില്ല. 1849ലെ മഞ്ചേരി കലാപത്തിൻേറ ചുക്കാൻ പിടിച്ച 27 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന അത്തൻ മോയൻ കുരുക്കൾ മഞ്ചേരി ക്ഷേത്രത്തിൽ കുറിച്ച് വെച്ചിരുന്നത്, "ആരും സ്വമേധയാ മരിക്കണമെന്നാഗ്രഹിക്കാറില്ലല്ലോ. എന്നാൽ അങ്ങേ അറ്റം പീഢനം അനുഭവിക്കേണ്ടതായി വരികയും അപരിഹാര്യമാം വിധം അപമാനിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയിൽ മരണം കൂടുതൽ അഭികാമ്യമായിത്തീരുന്നു." എന്നാണ്.15. മലബാർ കളക്ടറുടെ ശ്രദ്ധക്കായി 1849 ആഗസ്റ്റ് 26-ാം തിയതി അത്തൻ മോയൻ കുരുക്കളും 22 വയസ്സ്കാരനായ മമ്പ്രത്ത് തറമേൽ കുഞ്ഞി

ക്കോയ തങ്ങളും മഞ്ചേരി ക്ഷേത്രത്തിൽ എഴുതിവെച്ചിരുന്ന പ്രഖ്യാപനം, മലബാറിൽ മുസ്ലിംകളോട് കമ്പനി അധികാരികൾ അനുവർത്തിച്ചു വരുന്ന നിഷ്ഠൂരമായ നീചകൃത്യങ്ങളെക്കുറിച്ചായിരുന്നു. ഭരണാധികാരികളുടെ പിണിയാളുകളായ ജൻമികളും അംശമധികാരികളും പോലീസും എല്ലാം ജാതിഹിന്ദുക്കളാണെന്നതിനാൽ അവർ ഏകോപിതമായി മുസ്ലിം കാണക്കാരന്നെതിരായി കള്ളരേഖകളുണ്ടാക്കുകയും കോടതി അവർക്കെതിരെ വിധി പറയുകയും ചെയ്യുന്നു. ഇങ്ങനെ എത്രയോ മുസൽമാൻമാരുടെ സ്വത്ത് അപഹരിക്കപ്പെട്ടിരിക്കുന്നു. കഴിവുള്ളവർ പോലും ഒരു സുപ്രഭാതത്തിൽ നിരാലംബരായി വഴിയാധാരമാക്കപ്പെടുന്ന ദുസ്ഥിതിയുടെ ഫലമായി, എത്രയോ മുസൽമാൻമാർ വെറും തെണ്ടികളായി ഭിക്ഷാടനത്തിനിറങ്ങേണ്ടതായി വന്നിരിക്കുന്നു. ഇതിന് പകരം ചോദിക്കുവാൻ ഒരുമ്പെടുന്നവരെ നിഷ്ക്കരുണം വെടിവെച്ചു കൊല്ലുന്നു. ഈ കാട്ടാളനീതി മാറ്റാത്തിടത്തോളവും പാവം കർഷകരുടെ ന്യായമായ സങ്കടങ്ങൾക്ക് പരിഹാരം ഉണ്ടാക്കാതിരിക്കുന്നിടത്തോളവും ഇത്തരം പോരാട്ടങ്ങൾ ആവർത്തിച്ചകൊണ്ടു തന്നെയിരിക്കും. മുസൽമാന്റെ വിശ്വാസവും ധർമ്മവും ഇത്തരം നീചകൃത്യം ചെയ്യുന്നവരെ വകവരുത്തി, പട്ടാളത്തോട് പടപൊരുത്തി വീരമൃത്യു വരിക്കയെന്നതാണ്."16. ഇങ്ങനെ പോകുന്നു സുദീർഘമായ ഈ പ്രസ്താവന. ഇതിൽ നിന്നും നിക്ഷ്പക്ഷമതികൾക്ക് എത്തിച്ചേരാവുന്ന നിഗമനം 19-ാം നൂറ്റാണ്ടിലെ ലഹളകളത്രയും നടന്നത് കാർഷികപ്രശ്നങ്ങളും ജൻമി ദുഷ്പ്രഭുത്വം കമ്പനി അധികാരികളുടെ പിൻതുണയോടുകൂടി നടത്തിയിരുന്ന നികൃഷ്ടമായ മർദ്ദനവും മൂലമായിരുന്നുവെന്നാണല്ലോ. മതഭ്രാന്ത് മൂത്ത മാപ്പിളമാർ ഹാലിളകി ശഹീദാകുവാനായി നടത്തിയ ലഹളകളായിരുന്നു ഇവ എന്ന കമ്പനിയുടെ ക്രൈസ്തവവീക്ഷണം തീർത്തും അബദ്ധമായിരന്നുവെന്നും അത്തൻ കുരുക്കളുടെയും മറ്റും തുറന്ന കത്ത് വ്യക്തമാക്കുകയും ചെയ്യുന്നു. തങ്ങളുടെ വിശ്വാസത്തേയും മതത്തേയും പുഛരിക്കുകയും പ്രാർത്ഥനാലയങ്ങൾ തകർക്കുകയും ചെയ്യുമ്പോൾ അതിനെതിരായി പടപൊരുതേണ്ടത് മതപരമായ കർത്തവ്യമായി അവർ ധരിക്കുകയും ചെയ്തു. ഇതിനെ ഹാലിളകിയ മാപ്പിളമാരുടെ മതഭ്രാന്തായി ഇംഗ്ലീഷ്കാർ പറഞ്ഞു വെച്ചത് അതേപടി നാമും ആവർത്തിച്ചുപോരുന്നു. ഇവിടെ മതഭ്രാന്ത് മുസ്ലിംകൾക്കായിരുന്നില്ല. അധികാരം കൈയ്യാളിയിരുന്ന ക്രൈസ്തവഭരണാധികാരികൾക്കും അവരുടെ താളത്തിന്നൊത്ത് തുള്ളുവാൻ ബാദ്ധ്യസ്ഥരായ സവർണ്ണമേധാവിത്വത്തിനുമായിരുന്നുവെന്ന് വ്യക്തം. നടേ പ്രസ്താവിച്ചപോലെ ക്രൈസ്തവ ഭരണാധിപൻമാർക്ക് മുസ്ലിംകളെ ഉൻമൂലനം ചെയ്യുകയെന്ന ലക്ഷ്യം സാധിക്കണം. അതോടൊപ്പം ഹിന്ദുവും മുസൽമാനും ഒരിക്കലും യോജിക്കുന്ന അവസ്ഥ ഉണ്ടാകുകയും ചെയ്യരുത്. ഈ രണ്ടു കാര്യങ്ങൾ ഒറ്റ അടിക്ക് നേടുകയായിരുന്നു ഹൈന്ദവജൻമികളെ പ്രീണിപ്പിച്ച് ഇല്ലാത്ത അവകാശാധികാരങ്ങൾ നൽകി അവരെ കുടിയിരുത്തിയതിന്റെ ദുരുദ്ദേശ്യം.

ശക്തമായ എതിർപ്പുകൾ നേരിട്ടുകൊണ്ടാണ് ബ്രിട്ടീഷ് ഭരണം കേരളത്തിൽ ഉദ്ഘാടിതമാകുന്നത് തന്നെ. നിരവധി സൈനിക പ്രവർത്തനങ്ങളിലൂടെ ഏറെ മനുഷ്യരെ കൊന്നൊടുക്കിയതിന് ശേഷമാണ് ക്രമസമാധാനം അല്പമായെങ്കിലും രാജ്യത്ത് നിലനിർത്താൻ സാധിച്ചത്. 1792 മുതൽ 1921 വരെയുള്ള ഒന്നേകാൽ നൂറ്റാണ്ടിനിടക്ക് മലബാറിൽ ചെറുതും വലുതുമായ 83 ലഹളകൾ നടന്നതായി ചരിത്രം പറയുന്നു. കമ്പനി ഭരണത്തെ നിശ്ചലമാക്കുവാൻ പോന്ന വിധം ഗൗരവതരമായിരുന്നു ഈ ലഹളകളിലധികവും. 1802ൽ ഉണ്ണിമൂസ മൂപ്പനും അത്തൻ കുരുക്കളും ക്യാപ്റ്റൻ വാട്ട്സൻ പ്രത്യേക പരിശീലനം നൽകി ഒരുക്കിയ കോൽക്കാരുമായി വേറെ വേറെ നടന്ന സംഘട്ടനത്തിൽ രക്തസാക്ഷികളായിരുന്നുവല്ലോ. ജനപ്രീതി നേടിയിരുന്ന ഈ നേതാക്കൻമാരുടെ തിരോധാനത്തിന് ശേഷം മലബാർ മാപ്പിളമാരുടെ സങ്കടനിവർത്തിക്കായി രംഗത്തെത്തിയത് മുസ്ലിംകളുടെ ആത്മീയ നേതൃത്വമുണ്ടായിരുന്ന പണ്ഡിതൻമാരും പ്രഗത്ഭമതികളുമായിരുന്ന മമ്പ്രം സെയ്യിദ് അലവി തങ്ങളും അദ്ദേഹത്തിന്റെ മകൻ സെയ്യിദ് ഫസൽ പൂക്കോയ തങ്ങളും വെളിയങ്കോടു ഉമർഖാസിയുമായിരുന്നു. സെയ്യിദ് അലവി തങ്ങൾ, ഇംഗ്ലീഷ്കാരുടെ ഹീനമായ മുസ്ലിംവിരോധം ശരിക്കും മനസ്സിലാക്കിയിരുന്ന മഹനാണ്. സമുദായത്തെ സാമ്പത്തികമായും രാഷ്ട്രീയമായും ഉൻമൂലനം ചെയ്യുവാൻ അവർ നടത്തിയ നിഗൂഢശ്രമങ്ങളുടെ ഭാഗം മാത്രമായിരുന്നു അവർ കൊണ്ടുവന്ന കുടിയായ്മസമ്പ്രദായം എന്ന് മറ്റാരേക്കാളും അറിയാമായിരുന്ന അദ്ദേഹം, അത്തൻ കുരുക്കളേയും ചെമ്പൻ പോക്കരേയും ഉണ്ണിമൂസ മൂപ്പനേയും അവരുടെ ഇംഗ്ലീഷ് വിരുദ്ധ സംരംഭങ്ങളിൽ കഴിവത് പ്രോത്സാഹിപ്പിച്ചു. അത്തൻ കുരുക്കളുമായി തങ്ങൾക്കുണ്ടായിരുന്ന സമ്പർക്കം മണത്തറിഞ്ഞ കമ്പനി അധികാരികൾ 1801ൽ തന്നെ അലവി തങ്ങളെ അറസ്റ്റ് ചെയ്യുവാൻ ആലോചിച്ചിരുന്നു. കർഷകരുടെ നേർക്ക് വർദ്ധമാനമായിക്കൊണ്ടിരുന്ന പീഢനങ്ങൾക്കെതിരായി പടപൊരുതുവാൻ അദ്ദേഹം ആഹ്വാനം നടത്തി. 'അസ്സെയി ഫൂൽബത്താർ' എന്ന ശീർഷകത്തിൽ അദ്ദേഹം ഇറക്കിയ ഫത്തുവ ഇംഗ്ലീഷ്കാർക്കെതിരായി പോർക്കളത്തിലണിനിരക്കുവാൻ മർദ്ദിത ജനലക്ഷങ്ങളെ ആവേശം കൊള്ളിക്കുവാൻ ഉതകിയ ആഹ്വാനമാണ്. മലബാർ മാപ്പിളമാരുടെ അനിഷേധ്യനേതൃത്വമുണ്ടായിരുന്ന അലവി തങ്ങൾ എല്ലാ നൻമകളുടേയും നിറകുടമായിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹത്തിനായെത്തിയിരുന്ന ജനങ്ങളിൽ ധാരാളം ഹൈന്ദവ സഹോദരങ്ങളും ഉൾപ്പെട്ടിരുന്നുവെന്നതിന് പുറമേ മുഖ്യ കാര്യസ്ഥൻ കോന്തുനായരും മറ്റു പല സേവകരും ഹിന്ദുക്കളായിരുന്നുവെന്നതും പ്രത്യേകം ഓർക്കേണ്ടതാണ്. നിരവധി ഹൈന്ദവ സുഹൃത്തുക്കളുമായി കുടുംബബന്ധം പുലർത്തിയിരുന്ന തങ്ങളെ ഹിന്ദുവിരോധിയായി ചിത്രികരിക്കുവാൻ ക്രൈസ്തവഭരണാധികാരികൾ

നടത്തിയിരുന്ന ദുഷ്പ്രചാരണം തൻമൂലം വിലപ്പോയതുമില്ല.

1817ൽ വീണ്ടും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാനുള്ള ഒരു വ്യഥാശ്രമവും കമ്പനി ഉദ്യോഗസ്ഥൻമാർ നടത്തി. അതിന്റെ കാരണമായി പറഞ്ഞത് 1802ൽ പടക്കളത്തിൽ വീണ് മരണമടഞ്ഞ അത്തൻ കുരുക്കളുടെ മകൻ ഉയർത്തിയ കലാപക്കൊടി തങ്ങളുടെ പ്രേരണ മൂലമായിരുന്നുവെന്നാണ്. അത്തൻ കുരുക്കളുടെ മരണാനന്തരം അദ്ദേഹത്തിന്റെ സകല സ്വത്തും കമ്പനി കണ്ടുകെട്ടിയിരുന്നു. എന്നാൽ 1817ൽ അദ്ദേഹത്തിന്റെ മകൻ കുഞ്ഞഹമ്മദ് കോയയുടെ നേതൃത്വത്തിൽ നൂറുകണക്കിന് മാപ്പിളമാർ സംഘം ചേർന്ന് കണ്ടുകെട്ടിയിരുന്ന കുരുക്കളുടെ സ്ഥലം കൈവശപ്പെടുത്തി. അതിനെ തുടർന്നുണ്ടായ ഏറ്റുമുട്ടലിൽ കുഞ്ഞഹമ്മദ് കോയയേയും കൂട്ടാളികളേയും പിടികൂടി ശിക്ഷിച്ചിരുന്നു. അധികാരികൾക്ക് കിട്ടിയ വിവരം സയ്യദ് അലവി തങ്ങളുടെ ഒത്താശയോടു കൂടിയാണിതുണ്ടായതെന്നാണ്. ഈ അടിസ്ഥാനത്തിൽ കളക്ടർ ജയിംസ് വോഗൻ തങ്ങളെ തടവിലാക്കുവാനുള്ള ഉദ്ദേശ്യത്തോടു കൂടി, അദ്ദേഹത്തോട് കോഴിക്കോട്ടേക്ക് വരുവാൻ കല്പന പുറപ്പെടുവിച്ചു. യാതൊരു കൂസലുമില്ലാതെ തങ്ങളും ആയുധധാരികളായ അദ്ദേഹത്തിന്റെ സേവകരും കളക്ടരുടെ മുമ്പിൽ ഹാജരായി. താൻ സ്വമേതയാ ആരുടെ മുമ്പിലും തലകുനിക്കുകയില്ലെന്നും വേണമെങ്കിൽ ബലം പ്രയോഗിച്ച് തന്നെ കീഴ്പ്പെടുത്തുന്നതിൽ വിരോധമില്ലെന്നും അദ്ദേഹം തുറന്ന് പറഞ്ഞു. കളക്ടർ അതിന്നൊരുങ്ങിയില്ല. അദ്ദേഹത്തോട് ഉപചാരവാക്കുകൾ പറഞ്ഞ് തിരിച്ചയക്കുകയും ചെയ്തു. മദ്രാസ് ഗവർമ്മേണ്ടിന് കളക്ടർ നൽകിയ റിപ്പോർട്ടിൽ പറയുന്നത്. "മലബാറിലെ മാപ്പിളമാർ ആകമാനം സ്ഥാനവലുപ്പവ്യത്യാസമില്ലാതെ അദ്ദേഹത്തെ ദിവ്യനായും മഹാത്മവായും കരുതി ആദരിച്ചുപോരുന്നു. അദ്ദേഹത്തെ അറസ്റ്റ് ചെയ്യുകയാണെങ്കിൽ വളരെ ആപൽക്കരമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുകയും മാപ്പിളമാരാകമാനം കലാപത്തിനൊരുങ്ങുമെന്നതും തീർച്ചയാണ്," എന്നാണ്.17.

വെളിയങ്കോടു ഉമർഖാസിയും കമ്പനിയുടെ മർദന നടപടികൾക്കെതിരായി ശക്തമായി പ്രതികരിച്ച മഹാത്മാവാണ്. അന്യായമായ കുടിയിറക്കും പാട്ടവർധനവും നടത്തി കർഷകരെ ദ്രോഹിക്കുന്ന ജൻമികൾക്കെതിരായി പൊരുതുവാൻ മുസൽമാനെ പ്രോൽസാഹിപ്പിച്ചിരുന്ന വൈദികശ്രേഷ്ഠനായിരുന്നു ഉമർഖാസി. പാട്ടവും നികുതിയും ക്രമവിരുദ്ധമായി വർദ്ധിപ്പിച്ചപ്പോൾ നികുതി നിഷേധപ്രസ്ഥാനത്തിന് കേരളത്തിൽ ആദ്യമായി ആഹ്വാനം ചെയ്തത് അദ്ദേഹമാണ്. ഭക്തനും പണ്ഡിതനുമായ അദ്ദേഹത്തിന് ആയിരികണക്കിന് അനുയായികളുമുണ്ടായിരുന്നു. പാട്ടം കുറക്കുന്നത് വരെ ആരും ആരും പാട്ടം കൊടുക്കരുതെന്ന് അദ്ദേഹം അവരെ ഉപദേശിച്ചു. തൽഫലമായി ജൻമികൾ കൂട്ടമായി പരാതിപ്പെട്ടതിനെതുടർന്ന് അദ്ദേഹത്തോട് ചാവക്കാട് ഡെപ്യൂട്ടി കളക്ടറുടെ മുമ്പിൽ ഹാജരാകുവാൻ നിർബ്ബന്ധിച്ച് ഉത്തരവുണ്ടായി. അവിടെയെത്തിയ അദ്ദേഹത്തെ ജയിലിലടക്കുകയാണ് ചെയ്തത്. എന്നാൽ നേരം പുലർന്നപ്പോൾ ജയിലിൽ നിന്നും അദ്ദേഹം അപ്രത്യക്ഷനായിരുന്നു. തന്റെ ദിവ്യശക്തികൊണ്ടാണ് അദ്ദേഹം ബന്ധനത്തിൽ നിന്നും വിമുക്തനായതെന്നാണ് ജനങ്ങൾ വിശ്വസിച്ചത്. ഒരു പക്ഷെ അദ്ദേഹത്തോട് ഭയഭക്തിബഹുമാനമുണ്ടായിരുന്ന ജയിലധികൃതരിൽ ആരെങ്കിലുമായിരിക്കാം രാത്രി അദ്ദേഹത്തെ മോചിപ്പിച്ചത്. ഈ വാർത്ത കളക്ടറേയും മറ്റും ക്ഷോഭാകുലരാക്കി. ഉമർഖാസിയെ കോഴിക്കോട്ടേക്ക് വരുത്തി അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ജയിലിൽ വെച്ച് അദ്ദേഹം എഴുതിയ ദീർഘമായ കവിതയിൽ മലബാറിൽ നടമാടിയിരുന്ന അനീതികളെ എണ്ണിയെണ്ണി ഹൃദയസ്പൃക്കാംവിധം വിവരിച്ചിരുന്നു. കവിത അവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. "ഈ പീഢനം തുടർന്ന് സഹിക്കുവാൻ സാധ്യമല്ല. ജനദ്രോഹികളും മർദ്ദകരുമായ ഭരണാധികാരികളോട് പടപൊരുതി മരിക്കുകയാണ് മുസ്ലിംകൾക്ക് കരണീയമായിട്ടുള്ളത്". ഉമർഖാസിയുടെ അറസ്റ്റിനെക്കുറിച്ചറിഞ്ഞ് ആയിരക്കണക്കിന് മാപ്പിളമാർ, കിട്ടിയ ആയുധങ്ങളുമായി എന്തിനും തയ്യാറെടുത്തുകൊണ്ട് കോഴിക്കോട്ടേക്ക് പ്രവഹിച്ചു. ഉമർഖാസിയെ ജയിൽ മോചിതനാക്കുവാനുള്ള ശ്രമത്തിൽ സയ്യിദ് അലവി തങ്ങൾ നേതൃത്വം വഹിച്ചിരുന്നു. രോഷാകുലരായ ജനങ്ങളുടെ മനോഗതി മനസ്സിലാക്കിയ കളക്ടർ മെക്ലിയോഡ്, ഉമർഖാസിയെ നിരുപാധികം വിട്ടയക്കുകയാണ് ചെയ്തത്.

കലാപങ്ങളും പട്ടാളനീക്കങ്ങളും രാജ്യത്തുടനീളം അരക്ഷിതാവസ്ഥ സൃഷ്ടിച്ചു. കൃഷിയിടങ്ങൾ ഉപേക്ഷിക്കപ്പെട്ടതുകൊണ്ടും പ്രകൃതിക്ഷോഭത്താലും നാട്ടിൽ കൊടിയ ക്ഷാമം കളിയാടുകയും ചെയ്തു. വളരെപ്പേർ പട്ടിണിയും ദാരിദ്ര്യവും മൂലം അപമൃത്യുവിന്നിരയായി. കാർഷികസങ്കടങ്ങൾ സീമാതിതമായി. ഈ അവസ്ഥയിലാണ് ആർ.എസ്. ഗ്രീമിനെ ഒരു കമ്മീഷനായി നിയമിച്ച് ഇവയ്ക്ക് പരിഹാരം കണ്ടുപിടിക്കുവാൻ ആവശ്യപ്പെട്ടത്. അദ്ദേഹം 1822ൽ സമർപ്പിച്ച റിപ്പോർട്ടിൽ മലബാറിലെ കാർഷിക ബന്ധങ്ങളിൽ അഴിച്ചുപണി നടത്തണമെന്ന ഒരു ശുപാർശയും ചെയ്തില്ലെന്ന് മാത്രമല്ല ഇംഗ്ലീഷ്കാർ അടിച്ചേൽപ്പിച്ച കുടിയായ്മ സമ്പ്രദായത്തെ ന്യായികരിക്കുകയാണ് ഉണ്ടായത്. പുറമേ, സ്ഥലമുടമകളിൽ നിന്നും ഓരോ അംശത്തിലും അധികാരികൾ, എന്ന ഉദ്യോഗസ്ഥൻമാരെ നിയമിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിയമിതരായ ഈ അധികാരികൾക്ക് നികുതി പിരിവിന് പുറമേ, ക്രമസമാധാന പരിപാലനം, നീതിന്യായനിർവ്വഹണം, എന്നീ ബഹുമുഖങ്ങളായ അധികാരങ്ങളാണ് നൽകിയത്. ഇവരാകട്ടെ ജനക്ഷേമത്തിന് പകരം കടുത്ത അഴിമതിക്കാരും ജനദ്രോഹികളുമായി മാറുകയും ചെയ്തു. 1828 ജനുവരി 28ന് പന്തലൂർ ഗ്രാമവാസികൾ ഒന്നടങ്കം നൽകിയ സങ്കടഹർജിയിൽ

പറഞ്ഞിരുന്നത് ഈ അധികാരികളുടെ പ്രവർത്തനശൈലി വെളിച്ചത്ത് കൊണ്ടുവരുന്നുണ്ട്. മെമ്മോറാണ്ടത്തിൽ എഴുതിയിരുന്നത് ഇപ്രകാരമായിരുന്നു. "ഇക്കൂട്ടർ (അധികാരികൾ) ജനങ്ങളുടെ സംരക്ഷകരെന്നാണ് പറയുന്നത്. എന്നാൽ ഇവർ ജനങ്ങളെ ദ്രോഹിക്കുന്നവരാണ്. പരാതിപ്പെടുവാൻ ഒരുങ്ങുന്നവർക്കെതിരായി കള്ളക്കേസും കള്ളസാക്ഷിയും ഉണ്ടാക്കി പോലീസുകാരെക്കൊണ്ട് ചങ്ങലയിൽ ബന്ധിച്ച് പരസ്യമായി ദണ്ഡനശിക്ഷ നൽകിക്കൊണ്ടിരിക്കുന്നു."18. മർദ്ദിതരായ സാധു കർഷകർക്ക് നിവേദനം നൽകുവാൻ പോലുമുള്ള അവസരം കിട്ടിയിരുന്നില്ല. സങ്കടനിവാരണം ഒരിക്കലും ഉണ്ടാകുകയില്ലെന്ന് പൂർണ്ണബോധ്യം വന്ന മാപ്പിളകർഷകർ ഈ അക്രമത്തിനും അന്യായത്തിനും എതിരായി വീരോചിതമായി പോരാടുകയാണുണ്ടായത്. ഈ സാഹസം ചെയ്യുവാൻ സാഹചര്യത്തിന്റെ സമ്മർദ്ദം അവനെ നിർബ്ബന്ധനാക്കുകയായിരുന്നു. ഗത്യന്തരമില്ലാതെ തന്റെ പടവാളിന് മൂർച്ചകൂട്ടി രണ്ടും കല്പിച്ച് അവൻ രണാങ്കണത്തിലിറങ്ങി.

അതാണ് 1836 നവംബർ 26-ാം തിയതി പന്തലൂർ ദേശക്കാരനായ കല്ലിങ്ങൽ കുഞ്ഞോലൻ എന്ന മാപ്പിളകർഷകൻ തന്റെ കൈവശഭൂമി അപഹരിച്ച ഒരു ചാക്കപണിക്കരെ കുത്തിക്കൊല്ലുവാൻ കാരണം. പണിക്കരുടെ സഹായികളായിരുന്ന മറ്റു മൂന്നുപേരെയും കുത്തി പരിക്കേൽപ്പിച്ച ശേഷം നെൻമേനി അംശത്തിലേക്ക് കുഞ്ഞോലൻ പലായനം ചെയ്തു. തഹസിൽദാറും പോലീസ് സംഘവും കുഞ്ഞോലനെ പിൻതുടർന്ന് അദ്ദേഹത്തെ വെടിവെച്ച് കൊന്നു. ഇത് നവംബർ 28-ാം തിയ്യതി ആയിരുന്നു. ഇതിന് എത്രയോ മുൻപാണ് പന്തലൂർ നിവാസികൾ കൂട്ടഹർജി നൽകിയിരുന്നതെന്ന കാര്യം ഇതോടൊന്നിച്ച് നമുക്കോർക്കാം. തുടർന്ന് മറ്റൊരാക്രമണം നടക്കുന്നത് ഏറനാട് താലൂക്കിലെ ചെങ്ങര അംശം കല്ലറ ദേശത്താണ്. ചിരുകരണി മനയിലെ നാരായണൻ മൂസ്സത് സ്ഥലത്തെ പ്രധാന ജൻമികളിൽ ഒരാളായിരുന്നു. ആലിക്കുട്ടി എന്ന ഒരു കൃഷിക്കാരന്റെ സ്ഥലവും കുടിയും ഒഴിപ്പിച്ച് അയാളേയും കുടുംബത്തേയും നിരാധാരമാക്കിയതിന് പ്രതികാരമായിട്ടാണ് ഇത് സംഭവിച്ചത്. നാരായണൻ മൂസ്സതിനെ കൊലപ്പെടുത്തുവാനുള്ള ഉദ്ദേശ്യത്തോട് കൂടി ആലിക്കുട്ടി അദ്ദേഹത്തെ കുത്തി നിരവധി പരിക്കേൽപ്പിച്ചു. അതിന് ശേഷം പോലീസുകാരെ നേരിടുവാൻ തയ്യാറായി തന്റെ കടയിൽ കയറി അചഞ്ചലനായിരുന്ന ആലിക്കുട്ടി, പോലീസുകാരുമായുണ്ടായ ഏറ്റുമുട്ടലിൽ മൃതിയടഞ്ഞു. ഇത്തരം മറ്റൊരു സംഭവം നടക്കുന്നത് 1839 ഏപ്രിൽ ആറിനാണ്. കൊടക്കാട് പരുത്തരകൻ അവിടത്തെ പ്രധാന ഹുണ്ടിക കച്ചവടക്കാരനും ഭൂവുടമയും ആയിരുന്നു. അമിത പലിശ ഈടാക്കുക മാത്രമല്ല കടം വാങ്ങിയ പണം കുറേശ്ശെയായി തിരിച്ച് നൽകിയാലും അത് കണക്കിലുണ്ടാകുകയില്ല. മമ്പാടത്തൊടി കുട്ടിയത്തൻ എന്ന മാപ്പിള കർഷകൻ കൃഷിയിറക്കേണ്ട ആവശ്യത്തിന് വാങ്ങിയ കടം കുറെയധികം തിരിച്ചടച്ചിരുന്നെങ്കിലും കള്ളക്കണക്കും രേഖകളുമുണ്ടാക്കി അയാളുടെ വസ്തുവഹകൾ കൈവശപ്പെടുത്തുകയുണ്ടായി. എല്ലാം നഷ്ടപ്പെട്ട അവസ്ഥയിൽ പരുത്തരകനെ മാരകമായ മുറിവേൽപ്പിച്ച് കുട്ടിയത്തൻ പ്രതികാരം നടത്തി. അദ്ദേഹത്തെ വേട്ടയാടാൻ എത്തിയിരുന്ന രണ്ട് തഹസിൽദാർമാരും അവരുടെ പോലീസ് സേനയും കുട്ടിയത്തനെ നേരിട്ടെങ്കിലും ഈ പോലീസ് വ്യൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന് ഒരു ശിപായിയെ കുത്തി മുറി വേൽപ്പിച്ചു. എന്നാൽ സംഖ്യാബലമുണ്ടായിരുന്ന പോലീസിന് കുട്ടിയത്തനെ ബന്ധനസ്ഥനാക്കുവാൻ സാധിച്ചു. കുട്ടിയത്തന് കിട്ടിയ ശിക്ഷ ജീവപര്യന്തം നാടുകടത്തലായിരുന്നു.

1836നും 1840നും ഇടക്ക് നടന്ന അഞ്ച് സംഭവങ്ങളും ജൻമികളുടെ ക്രൂരമർദ്ദനത്തിനെതിരായി നിരാധാരരായ മാപ്പിള കൃഷിക്കാർ നടത്തിയ സാഹസികതയായിരുന്നു. ഇവയിലെല്ലാം കൂടി മൂന്ന് ജൻമികളും, ഒരു സർക്കാർ ജോലിക്കാരനും ഒരു ജോത്സ്യനും ഒരു വേലക്കാരനും മരണപ്പെട്ടിട്ടുണ്ട്. 1840 ഏപ്രിൽ 19ന് ഒതയത്ത് കുഞ്ഞുണ്ണിനായരെന്ന ഭൂവുടമയേയും അദ്ദേഹത്തിന്റെ ഒരു സേവകനേയും കുത്തി പരിക്കേൽ പ്പിച്ചിരുന്നു. ഇരുമ്പുളി അംശക്കാരനായ പാറക്കൊടിയിൽ ആലിക്കുട്ടിയാണ് ഇത് ചെയ്തത്. ഭൂമി കൈവശതർക്കമായിരുന്നു കാരണം. ഇവരെ വെട്ടിമുറിവേൽപ്പിച്ചശേഷം അടുത്ത വീട്ടിൽ അദ്ദേഹം അഭയം തേടിയിരുന്നു. തഹസിൽദാരും പോലീസ് സംഘവും അദ്ദേഹത്തെ എതിരിടുവാനെത്തിയപ്പോൾ ആലിക്കുട്ടി താൻ ഒളിച്ചിരുന്ന വീട്ടിൽ നിന്നുമിറങ്ങി രക്ഷപ്പെടുവാനുള്ള ശ്രമം നടത്തി. എന്നാൽ സുരക്ഷിതമായ സ്ഥലത്തെത്തുന്നതിന് മുമ്പ് തന്നെ പോലീസിന്റെ വെടിയേറ്റ് അദ്ദേഹം മരണപ്പെട്ടു.

1841ൽ എടുത്ത് പറയത്തക്ക മൂന്ന് സംഭവങ്ങളുണ്ടായി. അക്കൊല്ലം ഏപ്രിൽ 5-ാം തിയ്യതി ആയിരുന്നു ആദ്യസംഭവം. തുമ്പമണ്ണിൽ കുഞ്ഞുണ്ണ്യാൻ എന്ന കുടിയാന്റെ കാണം സ്ഥലം പെരുമ്പാളി നമ്പൂതിരി എന്ന ജൻമി മേൽചാർത്ത് പ്രകാരം ഒഴിപ്പിച്ചെടുത്തിരുന്നു. ഗതികെട്ട കുഞ്ഞുണ്ണ്യാൻ മറ്റു ഏട്ടുപേരുടെ സഹായത്തോടുകൂടി മർദ്ദകനായ ഈ ജൻമിയെ വകവരുത്തി. വള്ളുവനാട് താലൂക്കിലെ പള്ളിപ്പുറം എന്ന സ്ഥലത്താണ് ഇത് നടന്നത്. ഇത് കഴിഞ്ഞു മൂന്നുനാലു മാസങ്ങൾക്ക് ശേഷം പെരുമ്പാളി നമ്പൂതിരിയുടെയും അദ്ദേഹത്തിന്റെ ആശ്രിതൻമാരായ നാലു പേരുടെയും വീടുകൾ കൈയ്യേറി കത്തിച്ചു കളഞ്ഞതാണ് മറ്റൊരു സംഭവം. അവിടെയുണ്ടായിരുന്ന ഭൂമിയെ സംബന്ധിക്കുന്ന രേഖകളത്രയും അഗ്നിക്കിരയാക്കുകയും ചെയ്തു. ഇതിന്ന് നേതൃത്വം കൊടുത്തത് കുഞ്ഞ്യാലൻ എന്ന കാണക്കാരനായിരുന്നു. അവർ അടുത്തുള്ള മറ്റൊരു ജൻമിയുടെ മനയിൽ കയറി പട്ടാളത്തിന്റെ വരവും കാത്ത് തയ്യാറെടുപ്പോടെ ഇരുന്നു. പട്ടാളം എത്തി കതക് വെട്ടിപ്പൊളിക്കാൻ തുടങ്ങിയപ്പോൾ മറ്റൊരു വാതൽ തുറന്ന് പുറത്തുചാടി അവർ പട്ടാളക്കാരുമായി ഏറ്റുമുട്ടി. പിലിക്കോട് രാമൻ നായർ എന്നയാൾ

സംഘട്ടനത്തിൽ മരണപ്പെട്ടു. പോലീസിലും ശിപായിമാരിലും പെട്ട ഒമ്പത് പേർക്ക് മാരകമായ മുറിവുകൾ പറ്റുകയുമുണ്ടായി. എന്നാൽ കലാപകാരികളെ എല്ലാവരെയും കൊന്നൊടുക്കുവാൻ പട്ടാളത്തിന് സാധിച്ചു. കുഞ്ഞ്യോലനെ പ്രകോപിപ്പിച്ച സംഭവം അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്ന കാണം സ്ഥലം അതിന്റെ ജൻമിയായ നമ്പൂതിരി മറ്റൊരാൾക്ക് മേൽചാറത്ത് പ്രകാരം ചാർത്തിക്കൊടുത്തതാണ്. നമ്പൂതിരിയുടെ ഉപജാപവും ചതിയുമാണ് കുഞ്ഞ്യോലനെ കുപിതനാക്കിയതെന്ന് പറയുന്നു.." എന്നാണ് ലോഗൻ രേഖപ്പെടുത്തിയിട്ടുള്ളത്. 19. ആ വർഷം നവംബർ 13-ാം തിയ്യതിയാണ് പിന്നത്തെ സംഭവം നടക്കുന്നത്. ഏറനാട് താലൂക്കിലെ മണ്ണൂർ എന്ന സ്ഥലത്തെ ജൻമികളിൽ ഒരാളായ മൊയ്തീൻ ഇക്കാക്ക എന്ന് എല്ലാവരും ബഹുമാനപൂർവ്വം വിളിച്ചിരുന്ന മൊയ്തീൻ കുട്ടി 1833ൽ തോട്ടശ്ശേരി ചാത്തുപണിക്കരുടെ പിതാവിൽ നിന്നും കുറച്ച് സ്ഥലം വാങ്ങിയിരുന്നു. പിന്നീട് ഇവിടെ ഒരു പള്ളി പണികഴിപ്പിച്ചു. മൊയ്തീൻ ഇക്കാക്കയുടെ ശ്രമഫലമായാണ് ഇതുനടന്നത്. പള്ളിക്കുചുറ്റും കൽമതിൽ കെട്ടി ഭദ്രമാക്കുവാൻ മൊയ്തീൻ ഇക്കാക്കയും മറ്റും ശ്രമിച്ചു. പണിക്കർ അത് വിലക്കി. ഇതാണ് കുഴപ്പത്തിന് പ്രധാന കാരണം. തുടർന്ന്, 1841ൽ ജൻമിയായ പണിക്കർ ഒരു കള്ളക്കേസുമായി കോടതിയെ സമീപിച്ചു. പണിക്കരെ സഹായിക്കുവാൻ സ്ഥലത്തെ ഹിന്ദു തഹസീൽദാരും തയ്യാറായി. അദ്ദേഹം പണിക്കാരോടൊപ്പം ആയുധധാരികളായ തന്റെ ശിപായിമാരെയും കൂട്ടി മൊയ്തീൻ ഇക്കാക്കയും കൂട്ടരെയും അറസ്റ്റു ചെയ്യുവാനായി എത്തി. പള്ളിയുടെ അടുത്തെത്തിയ ശിപായി മൊയ്തീൻ ഇക്കാക്കയോടും മറ്റും ഇറങ്ങിവരുവാൻ ആവശ്യപ്പെട്ടു. വൈകുന്നേരസമയമായിരുന്നു അപ്പോൾ. നൊയമ്പ്കാരായിരുന്ന മൊയ്തീൻ ഇക്കാക്കയും മറ്റും, നൊയമ്പ് തുറന്ന് ഭക്ഷണം കഴിച്ചശേഷം വരാമെന്ന് പറഞ്ഞെങ്കിലും ശിപായിമാരും സംഘവും മൊയ്തീൻ ഇക്കാക്കയെ ബലമായി പിടിച്ചറക്കി. അദ്ദേഹത്തെ കയറ് കൊണ്ട് കെട്ടാൻ തുടങ്ങിയപ്പോൾ അദ്ദേഹം കുതറി കൈയിലുണ്ടായിരുന്ന കത്തി കൊണ്ട് പണിക്കരെയും ശിപായിയെയും കുത്തി. പള്ളിയിലുണ്ടായിരുന്ന മറ്റുള്ളവരും ഇതിൽ പങ്കു ചേർന്നു. അങ്ങനെ പണിക്കരെയും ശിപായിയെയും കൊലപ്പെടുത്തിയ സംഘത്തിന് ഇനി സംഭവിക്കുവാൻ പോകുന്നത് എന്താണെന്ന് നല്ല നിശ്ചയം ഉണ്ടായിരുന്നു. അതു കൊണ്ട് പട്ടാളത്തിന് പിടി കൊടുത്ത് തൂക്ക്മരത്തിൽ കയറുന്നതിന് പകരം വിരോചിതമായി പടപൊരുതി രക്തസാക്ഷികളാകാമെന്ന് അവർ ഉറച്ചു. അതിന് തയ്യാറായി പട്ടാളത്തിന്റെ വരവും കാത്ത് പള്ളിയിൽ തന്നെ നിലയുറപ്പിച്ചു. മൂന്നു ദിവസം പോലീസുകാർ പലശ്രമങ്ങൾ നടത്തിയിട്ടും കലാപത്തിനൊരുങ്ങിയിരുന്നവരെ പുറത്തുകൊണ്ട് വരുവാൻ സാധിച്ചില്ല. കീഴടങ്ങുവാൻ തഹസീൽദാരും മറ്റും നടത്തിയ അഭ്യർത്ഥനകൾക്ക് അവർ നൽകിയ മറുപടി ഇതായിരുന്നു. "ഞങ്ങൾ രണ്ടുപേരെ കൊന്നു കഴിഞ്ഞു. ഞങ്ങളെ പിടിച്ചാൽ ഉണ്ടാകാവുന്ന നടപടി എന്താണെന്ന് ഞങ്ങൾ തീർത്തും ബോധവാൻമാരുമാണ്. അതുകൊണ്ട് ഞങ്ങൾ മരിക്കലും കീഴടങ്ങുന്ന പ്രശ്നമേയില്ല. പോലീസുകാർക്ക് പകരം വെള്ളപ്പട്ടാളം വരട്ടെ. ഞങ്ങൾ പൊരുതി മരിച്ചുകൊള്ളാം." മൂന്നാം ദിവസം പട്ടാളവുമായുണ്ടായ സംഘട്ടനത്തിൽ കലാപകാരികളെല്ലാം മരണപ്പെട്ടു. മൊയ്തീൻ ഇക്കാക്കയോടൊപ്പം പടപൊരുതി മരിച്ചവർ ഒട്ടാകെ പത്തുപേരായിരുന്നു. ഇവരുടെ ജഡം തുണ്ടുതുണ്ടാക്കി ഒരു നായയുടെ ശവത്തോടൊപ്പം കുഴിച്ചിടുകയാണ് ചെയ്തത്. ഒരു പ്രാർത്ഥനാലയത്തെ സംരക്ഷിക്കുവാൻ നടത്തിയ ഉദ്യമത്തിൽ വെടിവച്ചുകൊന്ന വിശ്വാസികളുടെ മൃതദേഹത്തോട് കാണിച്ച ഈ അനാദരവ് അവിടെയുള്ള മുസ്ലീങ്ങളെ ഒന്നടങ്കം പ്രകോപിച്ചു. രണ്ടായിരത്തിൽപരം മുസ്ലീങ്ങൾ കിട്ടിയ ആയുധവുമേന്തി രണ്ടുദിവസത്തിനു ശേഷം മരണപ്പെട്ട തങ്ങളുടെ ഉറ്റവരുടെ ജഡങ്ങൾ കുഴിതുറന്നെടുത്ത് ബലമായി പള്ളി ശ്മശാനത്തിലേക്ക് മാറ്റി എല്ലാ മതവിധികളോട് കൂടി സംസ്ക്കരിച്ചു. കുഴിമാടത്തിൽ കാവൽ നിന്നിരുന്ന പട്ടാളക്കാരെ തൃണവൽഗണിച്ചു കൊണ്ടായിരുന്നു ഇത് നടത്തിയത്. തൽക്കാലത്തേക്ക് തോറ്റുപിൻമാറിയെങ്കിലും കമ്പനി അധികാരികൾ ഇതിന് നേതൃത്വം കൊടുത്ത പന്ത്രണ്ട് പേരെ അറസ്റ്റുചെയ്ത് ശിക്ഷിക്കുകയുണ്ടായി. ആ വർഷം ഡിസംബർ ഇരുപത്തേഴാം തിയ്യതി ഭൂമി സംബന്ധമായ ഒരു തർക്കവും കേസും തലപ്പിൽ ചാക്കുനായരെന്ന ജൻമിയും മേലെമണ്ണ കുഞ്ഞ്യത്തൻ എന്ന കുടിയാനും തമ്മിലുണ്ടായി. കേസുകൾ ഉണ്ടായാൽ അതിന്റെ അനന്തരഫലം അറിയാമായിരുന്ന കുഞ്ഞ്യത്തൻ തന്റെ ഏഴ് സഹായികളുമായി ചേർന്ന് തനിക്കെതിരെ കള്ളക്കേസ് കൊടുത്ത തലപ്പിൽ ചാക്കുനായരെയും അദ്ദേഹത്തിന്റെ ഒരനുചരനെയും കുത്തിക്കൊന്നു. തുടർന്ന് സ്ഥലം അധികാരിയുടെ ഒഴിഞ്ഞവീട്ടിൽ കയറിയിരുന്നു. ഏറനാട് തഹസിൽദാരുടെ കീഴിലുണ്ടായിരുന്ന പോലീസും ശിപായിമാരും വീട്വളഞ്ഞ് പ്രതിരോധം നടത്തി. അവരെ സഹായിക്കുവാൻ മരണപ്പെട്ട ചാക്കുനായരുടെയും അനുയായികളുടെയും കുടുംബക്കാരും ഒത്തുകൂടി. പൊരിഞ്ഞ സംഘട്ടനത്തിനുശേഷം കലാപകാരികളെയെല്ലാം വെടിവെച്ചു കൊന്നു. അവരുടെ മരണത്തിനു ശേഷവും ഈ കാപാലികൻമാരുടെ അരിശം തീർന്നില്ല. അവരുടെ ജഡങ്ങൾ കോഴിക്കോട് കൊണ്ട് വന്ന് കഴുമരങ്ങൾക്ക് കീഴെ മറവു ചെയ്തു.

1843 ഉം രണ്ടിൽ കുടുതൽ ലഹളകൾക്ക് സാക്ഷ്യം വഹിച്ചു. ഒക്ടോബർ 19-ാം തിയ്യതിയാണ് ആദ്യത്തെ ലഹളയുടെ തുടക്കം. തിരൂരങ്ങാടിയിലെ ഒരു ഈഴവ സ്ത്രീ സ്വമേധയാ മാർക്കം കൂടി മുസ്ളീം ആയിരുന്നു. തുടർന്ന് മുസ്ളീം സ്ത്രീകൾ ധരിക്കുന്ന ബ്ളൗസും മറ്റും ധരിച്ച് മേൽജാതിക്കാരായ നായൻമാരുടെ അടുത്ത് ചെന്ന് സംസാരിക്കുകയും സ്വതന്ത്രമായി മറ്റു മുസ്ളീം സ്ത്രീകളെ പോലെ പെരുമാ

റുകയും ചെയ്തു. തിരൂരങ്ങാടി അധികാരിയും സ്ഥലത്തെ
ജൻമികളിൽ ഒരാളുമായ കപ്രാട്ട് കൃഷ്ണപ്പണിക്കർക്ക് ഈ
ഈഴവസ്ത്രീയുടെ നടപടി രസിച്ചില്ല. അദ്ദേഹം അവളുടെ
ബ്ളൗസ് ബലമായി ഊരിമാറ്റി. ഈ പ്രവൃത്തി തിരൂര
ങ്ങാടിയിലെ മുസ്ലിംകളെ ആകെ പ്രകോപിപ്പിച്ച സംഭവ
മായിരുന്നു. കീഴ്ജാതിക്കാർ മാറ് മറയ്ക്കാനോ, സവർ
ണ്ണരുടെയടുത്ത് നിൽക്കാനോ പാടില്ലെന്ന ജാത്യാചാരം ലം
ഘിച്ചതായിട്ടാണ് പണിക്കർ വാദിച്ചത്. പക്ഷെ ജാതീയമായ
പരാധീനതകൾ മതപരിവർത്തനം നടത്തുന്നതോടെ
ഇല്ലാതാകുന്നു. ആദ്യകാലങ്ങളിൽ ഏറ്റവും താഴ്ന്ന ജാതി
ക്കാരൻ പോലും മുസ്ലിമായി മതം മാറുന്നുവെങ്കിൽ മ
റ്റുള്ള മുസ്ലിംകളോട് ഏതുവിധമാണോ പെരുമാറിയിരുന്നത്
അതേ രീതിയിൽ തന്നെയായിരുന്നു മതപരിവർത്തനം
നടത്തിയ ആളോട് ഹിന്ദുക്കൾ അനുവർത്തിച്ചിരുന്ന നയം.
ഈ കീഴ്വഴക്കത്തിന്നെതിരായി നായർ ജൻമി നടത്തിയ ക
ടന്നാക്രമണം മുസ്ലിം സ്ത്രീയെ മാനഭംഗപ്പെടുത്തിയതിന് സ
മമായിട്ടാണ് മുസ്ലികൾ കണക്കാക്കിയത്. മാത്രമല്ല ഇസ്ലാ
മിനോടും, മുസ്ലിംകളോടുമുള്ള ദ്രോഹമായും അവർ
കരുതി. ഇംഗ്ലീഷ് രേഖകളിലൊക്കെ ആവർത്തിച്ചാവർത്തിച്ച്
പറഞ്ഞിട്ടുള്ളത് വയോധികനെങ്കിലും കടുത്ത ബ്രിട്ടീഷ്
വിരോധിയായ മമ്പ്രം തങ്ങളുടെ ആശീർവ്വാദവും പി
ന്തുണയും കൊണ്ടായിരുന്നു. ഈഴവ സ്ത്രീ ജാത്യാചാരങ്ങളെ
തൂത്തെറിയുവാൻ കാരണമായതെന്നാണ് ഇതിന് പ്രതികാരം
ചെയ്യുവാൻ തയ്യാറായി മുന്നോട്ട് വന്നത്, കുന്നത്തേരി
ആലി അത്തൻ, ഹുസൈൻ, ബുക്കാറി, ആലി ഹുസൈൻ,
മൂസക്കുട്ടി, മൊഹിദ്ദീൻ എന്നിവരായിരുന്നു. അധികാരി
കപ്രാട്ട് കൃഷ്ണപ്പണിക്കരെ ഇവർ കൊലപ്പെടുത്തുകയും
ചെയ്തു. ഇതിനു ശേഷം ഒരാൾകൂടി ഇവരോടൊപ്പം ചേർ
ന്നു. അങ്ങിനെ ഏഴു പേരും കൂടി ചേറൂരിൽ ഒരു നായർ
വീട്ടിൽ ചെന്ന് കയറി അവിടെ അടച്ചിരുന്നു.

വലിയ ഒരു സൈനികസന്നാഹത്തോടുകൂടിയാണ്
കമ്പനി അധികൃതർ ഇവരെ നേരിട്ടത്. ഇത് സംഭവം നടന്ന്
അഞ്ച് ദിവസത്തിനുശേഷം ഒക്ടോബർ 24-ാം തീയ്യതി
ആയിരുന്നു പട്ടാളവും സഹായത്തിനെത്തിയ നായൻമാരും
കലാപകാരികൾ താവളമടിച്ചിരുന്ന വീട് വളഞ്ഞ് പ്രതിരോധം
സൃഷ്ടിച്ചത്. "അക്രമികൾ വീട്ടിൽ നിന്നും പുറത്തേയ്ക്ക്
ചാടി വരുന്നത് കണ്ടപ്പോൾ ശിപായികൾ പരിഭ്രാന്തരായി
പിൻതിരിഞ്ഞോടി." 22 എന്നാണ് ലോഗൻ രേഖപ്പെടു
ത്തിയിട്ടുള്ളത്. "ഏറ്റുമുട്ടലിൽ ഒരു സുബൈദാരും, 3 ശിപാ
യിമാരും കൊല്ലപ്പെടുകയും കെപ്ടൻലീഡർക്കും മറ്റു അഞ്ച്
ശിപായിമാർക്കും പരുക്കുപറ്റുകയും ചെയ്തു." എന്നും
അദ്ദേഹം തുടർന്നെഴുതുന്നുണ്ട്.23. എന്നാൽ കമ്പനി അധി
കാരികൾ കണ്ടുകെട്ടിയ ചേറൂർ പടപ്പാട്ടിൽ കാണും വിധ
മാണെങ്കിൽ ഇംഗ്ലീഷ് പക്ഷത്ത് കനത്ത ആൾനാശം
സംഭവിച്ചിരിക്കണം. ചേരൂർ പടപ്പാട്ടിലെ പ്രസ്ക്തഭാഗം
ഇവിടെ ഉദ്ധരിക്കാം. "മാപ്പിളമാർ ശിപായിമാരുടെ നടു
വിലേക്ക് പാഞ്ഞു കയറി. അടിച്ചുകൊല്ലാൻ ഓടിക്കൂടുന്ന
ആളുകളെ ഭയന്ന് മാളത്തിലേക്ക് വലിയുന്ന പാമ്പുകളെ
പ്പോലെ ശിപായികൾ നാലു ഭാഗത്തേയ്ക്കും ഓടാൻ തുടങ്ങി.
പുറത്ത് കൂട്ടം കൂടി നിന്ന ഒരാൾപോലും രംഗത്ത്
അവശേഷിച്ചില്ല. മാപ്പിളമാർ ശിപായികളോടായി വിളി
ച്ചുപറഞ്ഞു. ഞങ്ങളെ നേരിടാൻ വന്നവരല്ലേ നിങ്ങൾ. പിന്നെ
എന്തെ പിൻതിരിഞ്ഞോടുന്നു?........മാപ്പിളമാരുടെ
വാക്കുകേട്ടപ്പോൾ എല്ലാവരും നിന്ന് കമ്പനി പട്ടാളം തോക്കുകൾ
നിറച്ചു. വിവിധ ഭാഗങ്ങളിൽ വെടിവെയ്ക്കുവാൻ തുടങ്ങി.
കാസ്സിം സുബൈദാർ, ബുക്കാരിയെ കടന്നുപിടിച്ചു. ബുക്കരി
കുതറി മാറി കാസ്സിമിനെ രണ്ടായി വെട്ടിനുറുക്കി. അപ്പോൾ
മുമ്പിലേക്കു എടുത്തുചാടിയ ഒരു ഓഫീസറെയും വെട്ടി
നുറുക്കി. ഇതിനു ശേഷം മൂസക്കുട്ടി എട്ടുപേരെ കൊല്ലുകയും
ഒമ്പതുപേരെ മുറിവേൽപ്പിക്കുകയും ചെയ്തു.

"തുടർന്ന് മാപ്പിളമാർ അന്യോന്യം അഭിനന്ദിച്ചുകൊണ്ട്
വിളിച്ചുപറഞ്ഞു. ഞങ്ങൾക്ക് തൃപ്തിയായി. ഞങ്ങളുടെ മതത്തിന്
പറ്റിയ അപമാനം തുടച്ചുനീക്കിയിരുക്കുന്നു. റെജിമെൻറിൻെറ
നേരെ അവർ വിളിച്ചുപറഞ്ഞു. ഓടാൻ വരട്ടെ. ഞങ്ങളെല്ലാം
കഠിനമായ മുറിവ് പറ്റിയവരാണ്. ഞങ്ങൾക്ക് നിങ്ങളോട്
ഇനി പോരടിക്കുവാൻ വയ്യ. മടങ്ങിവന്നോളു. ഞങ്ങളുടെ
ജീവൻ എടുത്തോളു. അപ്പോൾ പുൾടുൺ ആൾക്കാർ
വീണ്ടും വെടി ഉതിർത്ത് അവരെ ഏഴു പേരെയും കൊ
ന്നൊടുക്കി."24. ഇവരെ കബറടക്കിയ സ്ഥലം പിന്നീട് ഒരു
തീർത്ഥാടനകേന്ദ്രമായി മാറുകയും ഇവരെ അനുസ്മരിക്കു
ന്നതിനായി ഓരോ വർഷവും നേർച്ചകൾ നടത്തുകയും പതി
വായി തീർന്നു. വെട്ടത്ത് പുതിയ അങ്ങാടിക്കാരായ കാദിർ
സാഹിബ് മരയ്കാരുടെയും കുഞ്ഞുമൊഹിദീൻെറയും
ആഗ്രഹപ്രകാരമാണ് താൻ ഈ പടപ്പാട്ട് വിരചിച്ചതെന്ന്
കവി അവകാശപ്പെടുന്നുണ്ട്. ഇത് സർക്കാർ നിരോധിക്കുകയും
അത് ആലപിക്കുന്നത് കുറ്റകരമായി പ്രഖ്യാപിക്കുകയും
ചെയ്തതിന് പുറമെ കവിയെയും അദ്ദേഹത്തെ പ്രേരി
പ്പിച്ചവരെയും നല്ലനടപ്പ് ജാമ്യത്തിന് അറസ്റ്റു ചെയ്ത് പിന്നീട്
വിട്ടയച്ചു.

ഇതേ വർഷം ഡിസംബർ 4-11-19 തീയ്യതികളിലും ചില
അനിഷ്ടസംഭവങ്ങളുണ്ടായി. 4-ാം തീയ്യതി ഒരു നായർ
വേലക്കാരൻ ശരീരത്തിലാകമാനം മുറിവേറ്റ് കൊല്ലപ്പെട്ടിരുന്നു.
11-ാം തീയ്യതിയാകട്ടെ വള്ളുവനാട് താലൂക്കിൽപ്പെട്ട പാണ്ടി
ക്കാട്ടുണ്ടായ കലാപത്തിൽ അവിടത്തെ അധികാരി കറുമണ്ണ
ഗോവിന്ദമൂസ്സതിനേയും അയാളുടെ ഒരു ഭൃത്യനെയും
വാളിന്നിരയാക്കി. അധികാരിയുടെ ധാർഷ്ട്യവും ജൻമിയുടെ
ദുഷ്പ്രഭുത്വവും ഒത്തിണങ്ങിയ മർദ്ദകവീരനായിരുന്നു ഗോവിന്ദ
മൂസ്സത്. ആനവട്ടത്ത് സൊലിമാൻെറ കൃഷിസ്ഥലത്ത് നിന്നും
അയാളെ അന്യായമായി ഇറക്കിവിട്ട മൂസ്സതിനോടുള്ള
പകവീട്ടലാണിവിടെ അരങ്ങേറിയത്. സൊലിമാനും വേറെ
ഒമ്പത് പേരും ചേർന്നാണ് ഈ കൊലപാതകം നടത്തിയത്.
ഇത് കഴിഞ്ഞ് അടുത്ത ഒരു വീട്ടിൽ കയറി പട്ടാളത്തിൻെറ

വരവും പ്രതീക്ഷിച്ചു അവർ കാത്തിരുന്നു. പാലക്കാട്ടു നിന്നും കോഴിക്കോട്ടുനിന്നും അയച്ച രണ്ട് ഡിറ്റാച്ച്മെൻറുകളെ കൊണ്ടാണ് ഇവരെ കീഴ്പ്പെടുത്തുവാൻ സാധിച്ചത്. തുറന്ന യുദ്ധത്തിൽ അവർ പ്രദർശിപ്പിച്ച ധീരസാഹസികത പട്ടാളത്തെ ഭയവിഹ്വലരാക്കിയിരുന്നു. എന്നാൽ പിൻതിരിഞ്ഞോടുവനോ, രക്ഷപ്പെടുവാനോ കലാപകാരികൾക്ക് തീരെ ഉദ്ദേശ്യമില്ലാതിരുന്നതിനാൽ തോക്കുധാരികളുടെ നേരെ പാഞ്ഞടുത്ത് അവരെ വാളുകൊണ്ട് വെട്ടി ആത്മസംതൃപ്തിയോടുകൂടി വെടിയുണ്ടകൾക്ക് മാറ് കാണിച്ച് ഇവരെല്ലാം ധീരാത്മാക്കളുടെ അന്ത്യം കൈവരിച്ചു.

1843ലെ ഈ കലാപങ്ങൾക്ക് ശേഷം ആറ് വർഷത്തെ ഇടവേള കഴിഞ്ഞാണ് 1849ൽ ഭയാനകമായ മറ്റൊരേറ്റുമുട്ടലുണ്ടാകുന്നത്. ഈ ആറ് കൊല്ലം സമാധാനമുണ്ടാകുവാനുള്ള കാരണം 1843 ടെുവിൽ സെയ്യിദ് അലവി തങ്ങൾ മരണപ്പെട്ടതു കൊണ്ടും പിറ്റേവർഷം അദ്ദേഹത്തിൻെറ മകൻ സെയ്യിദ് ഫസൽ പൂക്കോയ തങ്ങൾ ഹജ്ജ് തീർത്ഥാടനത്തിന് അറേബിയയിൽ പോയിട്ട് തിരിച്ചു വന്നത് 1848ൽ മാത്രമായതിനാലുമാണെന്നാണ് സ്റ്റീഫൻ ഫ്രഡറിക്ക് ഡെയിൽ എന്ന ആധുനിക ഗവേഷകൻെറ നിഗമനം.25. 1836ന് ശേഷം നടന്നിട്ടുള്ള കലാപങ്ങളുടെ പിന്നിൽ തറമേൽ തങ്ങമാരായിരുന്നു കാരണക്കാർ എന്ന് സമർത്ഥിക്കുകയാണദ്ദേഹം. ഈ അഭിപ്രായത്തിന് ഉപോൽബലകമായദ്ദേഹം എഴുതുന്നത് അബുൾ ഫസൽ പൂക്കോയ തങ്ങൾ അറേബിയയിൽ നിന്നും മടങ്ങിവന്ന 1848നും അദ്ദേഹത്തെ നാടുകടത്തുന്ന 1852നുമിടക്ക് വീണ്ടും എട്ട് കലാപങ്ങൾ നടന്നിട്ടുണ്ടെന്നാണ്.26. ഈ നിഗമനം തീർത്തും തെറ്റാണെന്ന് പറയുവാൻ സാദ്ധ്യമല്ല. മുസ്ലീംകളോട് ക്രൈസ്തവരായ കമ്പനിയധികാരികളുടെ ക്രൂരമായ നയം എന്താണെന്ന് നാം നടെ വിശദീകരിക്കുവാൻ ശ്രമിച്ചതാണ്. ഇവരുടെ പോലീസും കോടതിയും ഉദ്യോഗസ്ഥൻമാരും മുസ്ലീംകളെ നരവേട്ട നടത്തുവാനുള്ള അവസരം പാർത്തിരിക്കുന്നവരായിരുന്നുതാനും. ധനദുർമ്മോഹത്തിൻെറയും വർഗ്ഗീയ മനസ്ഥിതിയുടെയും പ്രതീകങ്ങളായിരുന്ന സവർണ്ണജൻമികൾ അവർക്ക് ഇതിന് വേണ്ടുവോളം അവസരമുണ്ടാക്കികൊടുക്കുകയും ചെയ്തിരുന്നു. അങ്ങനെ എല്ലാ വിഭാഗങ്ങളിൽ നിന്നും നികൃഷ്ടമായ പ്രതികാരങ്ങൾക്ക് സമുദായമൊന്നടങ്കം വിധേയമായിക്കൊണ്ടിരുന്നപ്പോൾ, ഈ ദുഃസ്ഥിതിക്കെതിരായി പടപൊരുതുവാൻ വിശ്വാസികളെ ബോധവൽക്കരിക്കേണ്ട ചുമതല മുസ്ലിംമത നേതൃത്വത്തിലർപ്പിതമായിരുന്നു. അതവർ നിർവ്വഹിച്ചപ്പോൾ അതും ദുർവ്യാഖ്യാനം ചെയ്ത് മതഭ്രാന്തായി ചിത്രീകരിക്കുകയാണുണ്ടായത്. കുടിയിറക്കലിനും മേൽച്ചാർത്തിനും വർദ്ധിച്ച പാട്ടഭാരത്തിനും ഇരയായവർ രണ്ടും കല്പിച്ച് നടത്തിയ അതിക്രമങ്ങൾ ഹാലിളകിയ മാപ്പിളമാർ സ്വർഗ്ഗം ലഭിക്കുന്നതിനായി മരിക്കാനൊരുങ്ങിയതാണെന്ന് പ്രചരിപ്പിച്ച ആംഗ്ലേയ ഭാഷ്യം അതേപടി പകർത്തിവിടുന്നവരാണല്ലോ നമ്മുടെ ചരിത്രകാരൻമാർ.

സ്റ്റീഫൻ ഡെയിൽ അഭിപ്രായപ്പെട്ടിട്ടുള്ളതു പോലെ 1848ന് ശേഷം വീണ്ടും മലബാറിലെ കാർഷികാന്തരീക്ഷം കലുഷമായി, നിരവധി പോരാട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചു. 1849 മേയ് 26ന് പക്കാലയ്ക്കൽ കമ്മദ്, കണാഞ്ചേരി ചിരുവിനേയും മറ്റൊരുത്തനേയും വെട്ടിമുറിവേൽപ്പിച്ചു. തൊട്ടടുത്ത പള്ളിയിൽ അഭയം തേടിയ കമ്മദിനെ ചേരനാട് തഹ്സിൽദാരുടെ നേതൃത്വത്തിലെത്തിയ പോലീസ് സേന വെടിവെച്ചുകൊന്നു. എന്നാൽ അക്കൊല്ലം ആഗസ്റ്റിൽ അരങ്ങേറിയ മഞ്ചേരി-അങ്ങാടിപ്പുറം ലഹള പല കാരണങ്ങളാൽ നമ്മുടെ അതീവ ശ്രദ്ധ അർഹിക്കുന്ന വലിയ സംഭവമാണ്. കമ്പനി പട്ടാളത്തിന് ഒന്നിൽ കൂടുതൽ പ്രാവശ്യം കലാപകാരികളുടെ വീരസാഹസികതയുടെ മുമ്പിൽ തോറ്റോടേണ്ടതായി വന്നത്, മറ്റു ലഹളകളിൽ നിന്നും വിഭിന്നമായി മുസ്ലിം പൗരോഹിത്യത്തിൻെറ പ്രതിനിധികൾ നേരിട്ട് പങ്കെടുത്തു രക്തസാക്ഷിത്വം വരിച്ചത്, ലഹളകയുടെ കാരണങ്ങളെന്തെല്ലാമാണെന്ന് വ്യക്തമായി നേതാക്കൾ ആലേഖ്യം ചെയ്തിരുന്നത്, തങ്ങളുടെ ആത്മാഹുതിയിലൂടെ, മുസ്ലിംകളോട് അനുവർത്തിക്കുന്ന നികൃഷ്ടമായ അനീതി നിറുത്തുവാൻ അധികാരികളെ പ്രേരിപ്പിക്കുമെന്ന വിശ്വാസപ്രകടനം, ആഗസ്റ്റ് 25-ാം തീയതി ആരംഭിച്ച് സെപ്റ്റംബർ 4-ാം തീയതി വരെ നീണ്ടുനിന്ന ഈ ലഹളയിൽ കലാപകാരികൾ നിരപരാധികളായ ഹിന്ദുക്കളെ ആരേയും ഉപദ്രവിക്കാതെ അവരോടത്രയും രക്ഷപ്പെടുവാൻ ആവശ്യപ്പെട്ടത്, ഇക്കാരണങ്ങളാലെല്ലാം 1849ലെ കലാപത്തിൻെറ പ്രാധാന്യം ജനശ്രദ്ധയെ ആകർഷിച്ചിരുന്നു. 1802ൽ വാട്ട്സൻെറ കോൽകാരുമായി ഏറ്റുമുട്ടി പട്ടാമ്പിയിലെ തൻെറ സുരക്ഷിതതാവളത്തിൽ മരണമടഞ്ഞ അത്തൻ കുരുക്കളുടെ രണ്ടാം തലമുറക്കാരനായിരുന്നു രക്തരൂക്ഷിതമായ ഈ ലഹളയ്ക്ക് നേതൃത്വം കൊടുത്ത അത്തൻ മോയൻ കുരുക്കൾ. കായിക അഭ്യാസിയായിരുന്ന അദ്ദേഹം നായൻമാരേയം മാപ്പിളമാരേയും കളരിപ്പയറ്റും സൈനിക പരിശീലനവും അഭ്യസിപ്പിച്ച് പോന്നിരുന്നു. മഞ്ചേരിയിലും സമീപപ്രദേശങ്ങളിലും ധാരാളം ശിഷ്യൻമാരുണ്ടായിരുന്ന കുരുക്കളുടെ കൂടെ ആയുധധാരികളും അഭ്യാസികളുമായ എട്ട് പത്തു പേർ എപ്പോഴും ഉണ്ടാകുമായിരുന്നു എന്നാണ്, 1849 ഒക്ടോബർ 18-ാം തീയതി മുഖ്യ അസിസ്റ്റൻറ് മജിസ്ട്രേട്ടായിരുന്ന ഡബ്ലിയു. റോബിൻസൺ, കളക്ടറും ജില്ലാ മജിസ്ട്രേട്ടും ആയിരുന്ന എച്ച്.വി. കൊണോലിക്ക് എഴുതി അയക്കുന്നത്.27. കുരുക്കളുടെ നീക്കങ്ങളെ നിരീക്ഷിക്കുവാൻ നിയുക്തനായിരുന്ന പന്തലൂർ പേഷ്ക്കാർ അറിയിച്ചത് താൻ അത്തൻ കുരുക്കളുമായി സ്ഥിരം കാണാറുണ്ടെന്നും മാന്യമായി ജീവിക്കുന്ന നല്ല കുടുംബക്കാരനാണെന്നും അദ്ദേഹത്തിൽ നിന്നും യാതൊരു സമാധാനലംഘനത്തിൻെറയും ഭീഷണി

നിലവിൽ ഇല്ലെന്നുമായിരുന്നു.28. എന്നാൽ പാവപ്പെട്ട മാപ്പിള കർഷകരോട് അനീതി കാണിക്കുന്നവരോട് നീതി ചെയ്യുവാൻ അദ്ദേഹം ആവശ്യപ്പെടാറുണ്ടായിരുന്നു. പയ്യനാട് അധികാരി ഒരു മാപ്പിള കർഷകനെ കുടിയിറക്കിയപ്പോൾ അധികാരിയുമായി ഇക്കാര്യത്തിന് കുരുക്കൾ വഴക്കുണ്ടാക്കി. കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥൻമാരെ ഭീഷണിപ്പെടുത്തിയും ശക്തിപ്രകടനം നടത്തിയും വാങ്ങിയ പണം പരാതിക്കാർക്ക് തിരിച്ചു കൊടുപ്പിച്ചിരുന്ന നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇതിൻെറ അടിസ്ഥാനത്തിൽ റവന്യൂ ഉദ്യോഗസ്ഥൻമാർക്കും മർദ്ദകവീരരായ ജൻമികൾക്കും അദ്ദേഹവും അനുയായികളും ഒരു പേടി സ്വപ്നമായി മാറി. ജൻമികൾക്ക് തന്നിഷ്ടം നടത്താൻ സാധിക്കാത്തതിൽ ദുഃഖവും അരിശവും ഉണ്ടായിരുന്ന തായി അക്കാലത്തെ രേഖകളിൽ കാണുന്നുണ്ട്.29. ആയുധ ധാരികളായ അനുയായികളുമായി കൂട്ടുകൂടുവാൻ പാടില്ല എന്നും താൻ സ്ഥിരമായി നടത്തിവരാറുള്ള പ്രസംഗങ്ങളോ പരിശീലനങ്ങളോ തുടരാൻ പാടില്ലെന്നും അദ്ദേഹത്തിന് ഉത്തരവ് നൽകി.30. കുരുക്കൾ കൽപ്പന അനുസരിച്ചെങ്കിലും പേഷ്ക്കാരുടെ മുമ്പിൽ ഹാജരാകുവാൻ തയ്യാറായില്ല. തുടർന്ന് കുരുക്കളുടെ പേരിൽ ഭവനഭേദനം, കവർച്ച തുട ങ്ങിയ കുറ്റങ്ങൾ ആരോപിച്ച് കള്ളക്കേസെടുത്ത് അദ്ദേ ഹത്തിൻെറ വീട് പരിശോധിക്കുകയും വൃദ്ധനായ അദ്ദേ ഹത്തിൻെറ പിതാവിനെ കച്ചേരിയിൽ കൊണ്ടുപോകുകയും ചെയ്തതിന് പുറമെ കുരുക്കളെ അറസ്റ്റ് ചെയ്യുവാൻ കൽപ്പന ഇറക്കുകയും ഉണ്ടായി. അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാനുള്ള ഒരു സംരംഭം ആഗസ്റ്റ് 24-ാം തിയ്യതി ഏറനാട്, വള്ളുവനാട് തഹസിൽദാൻമാരുടെ നേതൃത്വത്തിൽ നടത്തിയെങ്കിലും ഉഗ്രമായ സംഘട്ടനത്തിനും രക്തച്ചൊരിച്ചിലിനും ശേഷമെ ഇത് കഴിയുകയുള്ളൂ എന്ന് മനസ്സിലാക്കിയ അവർ പിന്തിരിയുകയാണ് ചെയ്തത്. ദാദാമിയ്യാ എന്ന പേഷ്ക്കാരെ അത്തൻ കുരുക്കളെ നിയമത്തിന് വിധേയനാകുവാൻ പ്രേരിപ്പിക്കുവാനുള്ള ബാധ്യത ഏൽപ്പിച്ച് ഇവർ മടങ്ങി. എട്ട് ദിവസത്തിനകത്ത് കുരുക്കളെ വരുതിയിൽ വരുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ തുറന്ന സംഘട്ടനത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുവാനും അവർ നിശ്ചയിച്ചു.31. എന്നാൽ ഈ ഉദ്യോഗസ്ഥൻമാരുടെ മനസ്സിലിരുപ്പ് ശരിക്കും അറിയാമായിരുന്ന കുരുക്കൾ തന്നോട് കാണിച്ച അനീതി ക്കെതിരായി പടവെട്ടി മരിക്കാൻ തന്നെ തീരുമാനിച്ചു.

1849 ആഗസ്റ്റ് 25-ാം തിയ്യതി കുരുക്കളുടെ അനു യായികളിൽ ഒരാളായ പന്തലൂരിലെ തോറങ്ങൾ ഉണ്ണ്യാൻ, പടിതോടി തെയ്യുണ്ണിയെ കൊലപ്പെടുത്തി. ഉണ്ണ്യാൻ ഇത് ചെയ്യുവാനുണ്ടായ കാരണം, നാല് കൊല്ലം മുമ്പ് ഉണ്ണ്യാനെ ഒരു കളവ് കേസിൽ പ്രതിയാക്കിയിരുന്നത് തെയ്യുണ്ണിയുടെ പരാതിയുടെ അടിസ്ഥാനത്തിലായിരുന്നു. കേസ് തള്ളി പ്പോയെങ്കിലും തനിക്കെതിരെ കള്ളകേസുണ്ടാക്കിയ തെയ്യു ണ്ണിയോട് പ്രതികാരം ചെയ്യുവാൻ തയ്യാറായി നടക്കുക യായിരുന്നു ഉണ്ണ്യാൻ. കുരുക്കൾ ഈ കൊലപാതകത്തിൽ ഭാഗഭാക്കായിരുന്നില്ലെങ്കിലും തൻെറ സായുധരായ അനുയായികളോടൊപ്പം അദ്ദേഹം കാവൽ നിന്നിരുന്നു. അവിടെ നിന്ന് മഞ്ചേരിയിലേക്ക് പോകുന്നതിന് മുമ്പ് മരാട്ട് നമ്പൂതിരിയുടെ ഇല്ലത്തിനടുത്തെത്തി. യാദൃശ്ചികമാ യിട്ടാണെങ്കിലും അപ്പോൾ കുഞ്ഞിപ്പള്ളി കണ്ണൻനായരെ കണ്ടുമുട്ടി. ഇദ്ദേഹം മരാട്ടു ഇല്ലത്തെ കാര്യസ്ഥനും പാണ്ടിക്കാട്ടെ ഒരു കച്ചവടക്കാരനുമായിരുന്നു. കുരുക്കളുടെ സംഘത്തിലുണ്ടായിരുന്ന കറുത്ത ഉണ്ണ്യാലിയെ 1848ൽ ഭൂമിസംബന്ധമായ വഴക്കുണ്ടാക്കി ഉണ്ണ്യാലിയെ കുടി യൊഴിപ്പിച്ച ആളുമായിരുന്നു. അതിന് പ്രതികാരം നടത്താൻ കിട്ടിയ അവസരം ഉപയോഗിച്ച് ഉണ്ണ്യാലി അയാളെ വെടിവെച്ച് കൊന്നു.32. ഇതിന് ശേഷമാണ് പാണ്ടിക്കാട് പ്രസിദ്ധമായ മരാട്ട് നമ്പൂതിരിയുടെ ഇല്ലത്തിൽ പ്രവേശിക്കുന്നത്. നമ്പൂ തിരി, മനയിൽ ഉണ്ടായിരുന്നില്ല. എതിർക്കാൻ വന്ന രണ്ട് ഭൃത്യൻമാരെ അവർ വകവരുത്തി. കുരുക്കളുടെ പാർട്ടിയിലു ണ്ടായിരുന്ന നിലങ്കര അലിയുടെ പിതാവ് കോമു, മരാട്ട് നമ്പൂതിരി ജൻമിയിൽ നിന്നും പന്ത്രണ്ടര ഏക്കർ സ്ഥലം പാട്ടത്തിനെടുത്ത് നടത്തിപ്പോന്നിരുന്നു. 1847ൽ ഈ സ്ഥലം ഒഴിപ്പിച്ചെടുക്കുവാനുള്ള കോടതി വിധി നമ്പൂതിരി സമ്പാദിച്ചു. എന്നാൽ മാദ്ധ്യസ്ഥ്യ തീരുമാനമനുസരിച്ച് കോമുവിന് വെറുമ്പാട്ടാടിസ്ഥാനത്തിൽ ഭൂമി കൃഷിചെയ്യുവാൻ നമ്പൂതിരി സമ്മതിച്ചിരുന്നു. എന്നാൽ പിറ്റേവർഷം തന്നെ പാട്ടം ക്രമാ തീതമായി വർദ്ധിപ്പിച്ചു. ഇതേവിധം അനവധി മാപ്പിള കാണക്കാരെ ദ്രോഹിച്ചിട്ടുള്ള ജൻമിയാണ് മരാട്ട് നമ്പൂതിരി. കറുത്ത ഉണ്ണ്യാലി ഈ സംഘത്തിലെ മറ്റൊരംഗമായിരുന്നു. മരാട്ട് ഇല്ലത്തുണ്ടായിരുന്ന താച്ചു എന്ന ഭൃത്യനെ കൊന്നത് അദ്ദേഹമാണ്. ഉണ്ണ്യാലിയാകട്ടെ നമ്പൂതിരി ജൻമിയുമായി ശത്രുതയിലായിരുന്നു. ഇല്ലത്ത് നമ്പൂതിരിയെ തിരയുന്ന തിനിടയിൽ എതിർത്ത് നിന്ന ഭൃത്യനെയാണ് വധിച്ചത്. എന്നാൽ അവിടെയുണ്ടായിരുന്ന സ്ത്രീകളേയും കുട്ടികളേയും കുശിനിക്കാരായ നായൻമാരേയും യാതൊരു വക ഉപദ്രവവും ചെയ്തിരുന്നില്ല.33. ഹൈന്ദവവിരോധമായിരുന്നുവെങ്കിൽ അവിടെയുണ്ടായിരുന്ന അന്തേവാസികളിൽ സ്ത്രീപുരുഷ ഭേദമന്യേ എല്ലാവരെയും കൊന്നൊടുക്കുവാൻ അവർക്ക് പ്രയാസമുണ്ടായിരുന്നില്ല. അവരെ എതിർത്ത ഭൃത്യൻ മാരെയാണ് അവർ കൊന്നത്.

അന്ന് രാത്രി മരാട്ട് ഇല്ലത്തിൽ കഴിച്ചുകൂട്ടിയ ശേഷം കലാപകാരികൾ മഞ്ചേരിയിലെത്തി അവിടത്തെ ഭരണാധിപ നായ കാർന്നോപ്പാടിൻെറ ക്ഷേത്രത്തിൽ കയറിപ്പറ്റി. ഒരു കുന്നിൻപുറത്ത് സ്ഥിതിചെയ്തിരുന്ന ഈ ക്ഷേത്രത്തിൽ സുരക്ഷിതത്വമുണ്ടായിരുന്നു. അതിന് പുറമേ കുരുക്കൾ കുടും ബവും മഞ്ചേരി കാർന്നോപ്പാടിൻെറ കുടുംബവും തമ്മിൽ പരമ്പരാഗതമായ പകയും ശത്രുതയും നിലനിൽക്കുകയും ചെയ്തിരുന്നു. 1785ൽ ഈ ക്ഷേത്രം ആക്രമിക്കപ്പെട്ടിട്ടുണ്ട്. അതും അത്തൻ മോയൻ കുരുക്കൾ എന്ന പേരുകാരനും 1849ലെ കലാപനേതാവായ അത്തൻ കുരുക്കളുടെ വലി യച്ചനുമാണ്. 1780-81ൽ അന്നത്തെ കാർന്നോപ്പാടായ മാന

വിക്രമൻ ശ്രീരംഗപട്ടണത്ത് ചെന്ന് ശ്രീനിവാസറാവുവിൻെറ സഹായത്തോടുകൂടി ഹൈദരലിയെ സന്ദർശിച്ചു. അതിൻെറ ഫലമായി ഹൈദരലിയാണ് മഞ്ചേരി ക്ഷേത്രത്തിന് സ്ഥലം ഇനാമായി നൽകിയത്.34. 1782ൽ ഹൈദരലിയുടെ മരണത്തിന് ശേഷം 1785ൽ അത്തൻ മോയൻ കുരുക്കൾ ആ ക്ഷേത്രം ആക്രമിച്ചു പിടിച്ചെടുത്തു. ടിപ്പുവിൻെറ ഗവർണറായിരുന്ന അർഷദ് ബഗ്ഖാൻെറ നിർദ്ദേശാനുസരണം മലപ്പുറത്ത് നിന്ന് കുറെ മൈസൂർ സൈന്യത്തെ മഞ്ചേരിയിലേക്ക് കൊണ്ടുവന്നു. ഇവർ കാർന്നോപ്പാടിൻെറ നായർ സൈന്യവുമായി ചേർന്ന് കുറുമ്പട്ട കുറുപ്പിൻെറ നേതൃത്വത്തിൽ കുരുക്കളുമായി ഏറ്റുമുട്ടി. ഈ സൈന്യത്തിൽ ആയിരത്തിൽപ്പരം പേരുണ്ടായിരുന്നെങ്കിലും കുരുക്കൾക്ക് ഇവരെ തോൽപ്പിച്ചോടിക്കാൻ സാധിച്ചു. തുടർന്ന് കോഴിക്കോട് കോവിലകത്തെ രവിവർമ്മരാജകുമാരൻ പോഷകസൈന്യവുമായി എത്തിയ ശേഷമാണ് കുരുക്കളെ ബന്ധസ്ഥനാക്കുവാൻ സാധിച്ചത്. തടവുകാരനായി ശ്രീരംഗപട്ടണത്തിലേക്ക് കൊണ്ടുപോയ അദ്ദേഹം കുറച്ചു കാലത്തിന് ശേഷം അവിടെ വച്ച് മരണപ്പെടുകയും ചെയ്തു.35. എന്നാൽ ടിപ്പുസുൽത്താൻെറ ഭൂപരിഷ്ക്കരണത്തിൽ പ്രതിഷേധിച്ച് തിരുവിതാംകൂറിലേക്ക് പോയ ജൻമികളുടെ കൂട്ടത്തിൽ മഞ്ചേരി കാർന്നോപ്പാടും ഉൾപ്പെട്ടിരുന്നു. 1792ൽ മറ്റുള്ള ജൻമിമാരോടും രാജാക്കൻമാരോടും ഒപ്പമാണ് തിരുവിതാംകൂറിൽ നിന്നും അദ്ദേഹം മടങ്ങിയെത്തിയത്. അതിന്ശേഷമാണ് മഞ്ചേരി ക്ഷേത്രത്തിൽ വീണ്ടും പൂജാകർമ്മാദികൾ ആരംഭിക്കുന്നത്. എന്നാൽ 1848ൽ ക്ഷേത്രത്തിൻെറ ജീർണ്ണോദ്ധാരണം നടത്തി പുതുക്കി പണികഴിപ്പിച്ചിരുന്നു. ഇതിന് വലിയ തുക ചെലവായതിനാൽ തൻെറ കുടിയാൻമാരെല്ലാവരും പൊളിച്ചെഴുത്തു നടത്തി പണം നൽകണമെന്ന് കാർന്നോപ്പാട് ശഠിച്ചു. മുസ്ലിം പാട്ടക്കാരും ക്ഷേത്രനിർമ്മാണത്തിനുള്ള നിർബന്ധപിരിവിന് വിധേയരായി. ഈ അന്യായ പിരിവിൽ സാർവത്രികമായ പ്രതിഷേധം മാപ്പിളമാർക്കുണ്ടായിരുന്നു. അത്തൻ കുരുക്കൾ ക്ഷേത്രത്തിൽ എഴുതിവെച്ചിരുന്ന ഓലയിൽ ഇക്കാര്യവും കൂടി കലാപകാരണങ്ങളിൽ ഒന്നായി വിവരിച്ചിട്ടുണ്ട്.36.

ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾ അവിടെ 100ൽപരം ബ്രാഹ്മണൻമാരും ധാരാളം പരിചാരകൻമാരും ഉണ്ടായിരുന്നു. അന്ന് കാർന്നോപ്പാടിൻെറ ജൻമദിനമായിരുന്നതിനാൽ അതിൻെറ ആഘോഷത്തിനും പൂജകർമ്മാദികൾക്കും വന്നവരായിരുന്നു ഈ വൈദികബ്രാഹ്മണർ. കലാപകാരികൾ ഇവരോടെല്ലാം പോകാനവാശ്യപ്പെടുക മാത്രമാണ് ചെയ്തത്. ഹൈന്ദവ വിദ്വേഷം ഇവർക്ക് തീരെ ഉണ്ടായിരുന്നില്ലെന്ന് ഏറെ വ്യക്തമാക്കിയ സംഭവമായിരുന്നു ഇത്. അവർ മുകളിലെക്ക് നിറയൊഴിച്ച് എല്ലാവരേയും പിരിച്ചുവിട്ടു. ബധിരനും ഭാഷവശമില്ലാത്തവനുമായ ഒരു എമ്പ്രാന്തിരി മാത്രമാണ് ഈ ബഹളത്തിൽ യാദൃശ്ചികമായി മരണമടഞ്ഞത്. കലാപകാരികൾ അമ്പലത്തിലുണ്ടായിരുന്ന റവന്യൂ റെക്കാർഡുകളത്രയും നശിപ്പിച്ചെന്നല്ലാതെ അവിടെയുണ്ടായിരുന്ന സ്വർണ്ണമോ, പണമോ കൊള്ളയടിച്ചിരുന്നില്ലെന്നതും ഓർക്കേണ്ടതുണ്ട്.37. ക്ഷേത്രം മൂന്ന്ചായോളം കലാപകാരികളുടെ അധീനതയിലായിരുന്നു. അവർക്ക് വേണമെങ്കിൽ ക്ഷേത്രം നശിപ്പിക്കുവാനും അവിടെയുണ്ടായിരുന്നവരെ മുഴുവൻ കൊല്ലുവാനും ഒട്ടും പ്രയാസമുണ്ടാകുമായിരുന്നില്ല. എന്നിട്ടും യാതൊരു വക അതിക്രമവും ചെയ്യാതെ അവർ പട്ടാളത്തിൻെറ വരവും കാത്ത് കഴിച്ചുകൂട്ടി. മലപ്പുറത്ത് നിന്നും ക്യാപ്റ്റൻ വാട്ടിൻെറ നേതൃത്വത്തിലെത്തിയ ഒരു സൈന്യം ക്ഷേത്രം കീഴ്പ്പെടുത്താനുള്ള ആസൂത്രിത പദ്ധതിയുമായിട്ടായിരുന്നു മഞ്ചേരിയിലെത്തിയത്. എൻസിൻ വൈസാണ് സൈന്യവുമായി കലാപകാരികളെ നേരിട്ടത്. എന്നാൽ അദ്ദേഹത്തിനൊപ്പമുണ്ടായിരുന്ന നാടൻപട്ടാളം കലാപകാരികൾ തങ്ങളുടെ നേരെ കൊലവിളിയുമായി ചാടിവരുന്നത് കണ്ടപ്പോൾ ജീവനുംകൊണ്ട് തിരിച്ചോടി. എൻസിൻ വൈസും മറ്റു നാലുപേരും മാത്രമാണ് എതിരാളികളെ ധീരമായി നേരിട്ടത്. കലാപകാരികളിൽ മൂന്നുപേരെ കൊല്ലാൻ ഇവർക്ക് സാധിച്ചു. എന്നാൽ ഇവരത്രയും കലാപകാരികളുടെ വാളിന്നിരയാകുകയാണുണ്ടായത്.38. ഈ പരാജയം കമ്പനിപ്പടയ്ക്ക് കനത്ത ക്ഷീണം ഉണ്ടാക്കി. അതേ സമയം കലാപകാരികൾക്ക് കൂടുതൽ ആത്മധൈര്യവും. ഇവരോട് കൂടുതൽ പേർ ചേരുവാനും തുടങ്ങി. 16 പേർ മാത്രമാണാദ്യമുണ്ടായരുന്നതെങ്കിൽ ഇപ്പോൾ കലാപകാരികളുടെ സംഖ്യ 65 ആയി ഉയർന്നു.

കമ്പനി ഗവർമ്മേണ്ടിൻെറ രക്ഷാസന്നാഹങ്ങൾക്ക് കിട്ടിയ ഈ കനത്ത തിരിച്ചടിക്ക് പകരം വീട്ടാൻ കൂടുതൽ ശക്തിയാർജ്ജിച്ച് സെപ്റ്റംബർ 3ന് മേജർ ഡെന്നിസ്സിൻെറ നേതൃത്വത്തിൽ, കണ്ണൂരിൽ നിന്നും 49-ാം റജിമെൻണ്ടിലെ ഒരു വിഭാഗവും പാലക്കാട് നിന്നും 39-ാം റജിമെൻണ്ടിലെ മറ്റൊരു വിഭാഗവും മഞ്ചേരിയിലെത്തി. പട്ടാളനീക്കത്തെ മണത്തറിഞ്ഞ കലാപകാരികൾ മഞ്ചേരി ക്ഷേത്രത്തിൽ നിന്നും രാത്രി ഒഴിഞ്ഞുപോന്നു. അവിടെനിന്നും 12 നാഴിക അകലെയുള്ള അങ്ങാടിപ്പുറത്തെത്തി. ഇവിടുത്തെ ഭഗവതി ക്ഷേത്രത്തിലാണ് അവർ താവളമടിച്ചത്. ഈ സ്ഥലവുമായി അത്ര അടുത്ത പരിചയമുള്ളവരായിരുന്നില്ല ഇവരിലധികവും. മഞ്ചേരിയിൽ നിന്നും പോന്ന നിലക്ക് തിരിച്ച് പോകാനും നിർവ്വാഹമുണ്ടായിരുന്നില്ല. അങ്ങനെ ഒട്ടും സുരക്ഷിതമല്ലാത്തിടത്ത് വെച്ചാണ് ഇവർക്ക് പട്ടാളവുമായി ഏറ്റുമുട്ടേണ്ടതായി വന്നത്. ഇംഗ്ലീഷ് സൈന്യത്തെ നയിച്ച മേജർ ഡന്നിസ് തൻെറ സുദീർഘമായ വിവരണത്തിൽ പറയുന്നത്, "ഭവിഷ്യത്തുകൾ ഗൗനിക്കാതെ ഇരമ്പി അടുത്ത വന്ന മാപ്പിളമാർ പട്ടാളത്തിൻെറ ബയനറ്റ് മുനകളിലും വെടിയുണ്ടക്ക് നേരെയും എടുത്തറിഞ്ഞതുപോലെ സ്വയം വന്നു വീണു. തങ്ങളുടെ നാടൻതോക്കുകളിൽ തോട്ടകൾ തീർന്നപ്പോൾ അവർ തങ്ങളുടെ പോർക്കത്തികളും വാളുകളും കുന്തങ്ങളുംകൊണ്ട് അത്യുഗ്രമായി പട്ടാളത്തെ

ചെറുത്തു. നിലംപതിച്ചപ്പോൾ പിടഞ്ഞെണ്ണീറ്റ് മുട്ടുകുത്തി വാളും കത്തിയും കുന്തവും പട്ടാളക്കാരുടെ നേർക്ക് വലിച്ചെറിഞ്ഞു. അക്രമികൾ ഒന്നൊഴിയാതെ അക്ഷരാർത്ഥത്തിൽ വെട്ടിനുറുക്കപ്പെടും വരെ പോരാട്ടം തുടർന്നു. എല്ലാംകൂടി അരമണിക്കൂർ എടുത്തു. അവർ 64 പേരും ചത്തുവീണു..... കൊല്ലപ്പെട്ട ലഹളക്കാരുടെ ജഡങ്ങൾ എല്ലാം കൂട്ടി പെറുക്കി പെരുന്തൽ മണ്ണയിലെ താലൂക്ക് കച്ചേരിക്ക് തെക്കുവശത്തുള്ള ഒരു പൊട്ടക്കിണറ്റിൽ കൊണ്ടിടുകായണ് ചെയ്തത്."39.

ഈ കലാപത്തിൽ പങ്കാളിയായിരുന്ന 18 വയസ്സുമാത്രം പ്രായമുള്ളതും അടുത്തകാലത്ത് മതപരിവർത്തനം ചെയ്ത സ്വർണ്ണപ്പണിക്കാരനുമായ തട്ടാൻ തൊപ്പിയിട്ട പട്ടകോലൻകര മൊയ്തീൻ മാത്രമാണ് ജീവനൊടെ അവശേഷിച്ചിരുന്ന പോരാളി. ദേഹമാസകലം മുറിവ് പറ്റിയിരുന്ന ഇയ്യാൾ കലാപത്തിൽ കൂട്ടാളിയായത് അത്തൻ കുരുക്കളുടെ സന്തത സഹചാരിയെന്ന നിലയിലായിരുന്നു. മുൻപ് വിവരിച്ചിട്ടുള്ളതുപോലെ അത്തൻ കുരുക്കളും കുഞ്ഞികോയ തങ്ങളും ഈ കലാപത്തിൻെറ കാരണവും ഉദ്ദേശ്യവും എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമായി മഞ്ചേരി ക്ഷേത്രത്തിൽ എഴുതിവെച്ചിരുന്നു. മുസ്ലിംകൾക്ക് നേരെ ഉദ്യോഗസ്ഥൻമാരും ജൻമികളും കൂട്ടായി കമ്പനി അധികാരികളുടേയും അവരുടെ കോടതികളുടെയും സഹായത്തോടെ, കുടിയൊഴിപ്പിക്കലും കള്ളക്കേസിൽ കുടുക്കി കഴുമരത്തിൽ കയറ്റലും അങ്ങനെ സമുദായത്തിന് യാതൊരുതരത്തിലും രക്ഷയില്ലാത്ത സ്ഥിതി സൃഷ്ടിച്ചതിനും എതിരായിട്ടായിരുന്നുവെന്ന് സ്പഷ്ടമായി അധികാരികളുടെ അറിവിനായി കുറിച്ച് വെച്ചിരുന്നു. കുഞ്ഞികോയ തങ്ങൾ തറമേൽ തങ്ങൻമാരുടെ പരമ്പരയിൽപെട്ട യുവാവായിരുന്നു. അദ്ദേഹം സമദായത്തിൻെറ ദുര്യോഗം വിവരിച്ചതിന് ശേഷം താൻ എന്തുകൊണ്ട് മരിക്കുന്നു എന്നു വ്യക്തമാക്കിയിരുന്ന വാചകം ഏറെ പ്രസിദ്ധമാണ്. അദ്ദേഹം എഴുതി, "മുസ്ലിംകൾ അപകടമായ ദുസ്ഥിതിയെ അഭിമുഖീകരിക്കുമ്പോൾ അവരോടൊപ്പം ചേർന്ന് പടവെട്ടി മരിക്കുക എന്നത് സയ്യിദ്മാരായ* ഞങ്ങളുടെ മതധർമ്മമാണ്,"40. ഈ എല്ലാ കലാപങ്ങളിലും മരണപ്പെട്ടവരിൽ മൃഗീയ ഭൂരിപക്ഷത്തിനും അവരുടേതായ കാരണങ്ങളുണ്ടായിരുന്നു. ഒന്നുകിൽ കുടിയൊഴിപ്പിക്കുകയോ പാട്ടസ്ഥലങ്ങൾ കോടതി മുഖേന ഒഴിപ്പിക്കുകയോ, കള്ളക്കേസിൽ പ്രതികളാക്കുകയോ ചെയ്തിട്ടുള്ളവരും അവരുടെ കുടുംബാഗംങ്ങളുമായിരുന്നു അനീതിക്കെതിരായി പടവെട്ടി ഇംഗ്ലീഷ്കാരുടെ വെടിയുണ്ടകൾക്കിരയായി മരിച്ചു വീണവർ. തങ്ങളോട് അക്രമം കാണിച്ചവരോട് പകരം വീട്ടിക്കഴിഞ്ഞാൽ പിന്നെ തങ്ങൾക്ക് സംഭവിക്കാവുന്നത് ജയിൽ പീഢനവും തൂക്കുമരവും ആണെന്ന് ഉറപ്പായിരുന്നത് കൊണ്ടാണ് ഇവരത്രയും മരണം വരിക്കുവാൻ വ്രതമെടുത്തത്. മുസ്ലിംകളുടെ വിശ്വാസമനുസരിച്ച് ജീവിതം ഒടുക്കുവാൻ ഒരുങ്ങുന്ന ആൾ എല്ലാ ലൗകിക ബാദ്ധ്യതകളും അവസാനിപ്പിക്കുവാൻ തയ്യാറാകണം. അതാണ് പോരാടിക്കുവാൻ പുറപ്പെടുന്നതിന് മുമ്പ് ഭാര്യയെ ഉപേക്ഷിക്കുന്നതും അവരുമായുള്ള ഭൗതിക ഇടപാടുകൾ തീർക്കുന്നതും. ശേഷിച്ച സമയം പ്രാർത്ഥനയും ഈശ്വരചിന്തയും ആയി കഴിയുന്നതോടൊപ്പം എല്ലാ മാലിന്യങ്ങളും ഒഴിവാക്കി ശുഭ്രവസ്ത്രം ധരിച്ച് വെടിയുണ്ടകൾക്ക് നേരെ മാറ് കാട്ടി ധീരമായി മരിച്ചുവീഴുന്നത്. മതത്തിനും വിശ്വാസത്തിനും മാത്രമല്ല സ്വന്തം ജീവനും സ്വത്തിനും രക്ഷയില്ലെന്ന് ബോധ്യമാകുമ്പോൾ അതിന് കാരണക്കാരായവരോട് പ്രതികാരം വീട്ടി മരിക്കുന്നുവെങ്കിൽ ആ അന്ത്യം പാവനവും പുണ്യവുമായി അവർ വിശ്വസിക്കുകയും ചെയ്തു. പാരത്രിക ജീവിതത്തിൽ തൻെറ ആത്മാഹൂതിക്ക് പ്രതിഫലമായി സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധിക്കുമെന്നും അവർ കരുതി. ഇതിനെയാണ് ഹാലിളക്കമെന്നും മതഭ്രാന്തെന്നും ആക്ഷേപിച്ച് ഇംഗ്ലീഷ്കാർ പ്രചരിപ്പിച്ചത്, അപ്പാടെ നാമും ആവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഇംഗ്ലീഷ്കാർ തന്നെ ഓരോ കലാപം കഴിയുമ്പോഴും മേലധികാരികൾക്ക് എഴുതി അയച്ചിട്ടുള്ള റിപ്പോർട്ടുകളും നടപടിക്രമങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നവർക്ക് കാണാൻ സാധിക്കുന്ന വസ്തുത ഈ കലാപങ്ങളിൽ മരിച്ചവർക്ക് മുൻ സൂചിപ്പിച്ചത് പോലെ തങ്ങളുടെ ജൻമികളോടും കമ്പനി അധികൃതരോടും കടുത്ത വൈരാഗ്യത്തിന് കാരണങ്ങളുണ്ടായിരുന്നു എന്നാണ്. അതാകട്ടെ ഭൂരിപക്ഷവും ഭൂമി സംബന്ധമായ തർക്കളിൽ നിന്നും ഉത്ഭവിച്ചതാണെന്നും കാണാൻ കഴിയും. ഓരോരുത്തരുടെയും സങ്കടങ്ങളും പരാതികളും ഒറ്റയൊറ്റയായി പ്രതിപാദിക്കുവാൻ ഒരുമ്പെട്ടാൽ അതിന് തന്നെ ഒരു വലിയ വാല്യം ആവശ്യമായി വരും. അത് കൊണ്ടാണ് ആ വിശദീകരണത്തിന് ഇവിടെ മുതിരാത്തത്. ഒരു കാര്യം തീർച്ച. ജീവനുള്ള ഒരു മനുഷ്യനും അകാരണമായി ജീവനൊടുക്കുവാൻ തയ്യാറാകുകയില്ലല്ലോ. ക്രൈസ്തവരായ ഇംഗ്ലീഷ് ചരിത്രകാരൻമാരെല്ലാം ഇത്രയും അധികം മനുഷ്യർ മരിച്ചുകൊണ്ടിരുന്ന സംഭവത്തെ സ്വർഗ്ഗം കിട്ടാൻ വേണ്ടി മാപ്പിളമാർ നടത്തിയ ഹാലിളക്കമാണെന്ന് വളരെ ലാഘവത്തോടെ പറഞ്ഞത് കൊണ്ട് കൂടുതൽ അന്വേഷിക്കേണ്ട ചുമതലാ ബോധം നമ്മുടെ എഴുത്തുകാർക്കാർക്കും ഉണ്ടായതുമില്ല. തൻമൂലം ഇന്നും ഇതാവർത്തിച്ചു കൊണ്ടിരിക്കുന്നു.

1849 ലെ ലഹളയിൽ മരണപ്പെട്ടവരുടെ പേരും വയസ്സും സ്ഥലവുമാണ് ചുവടെ ചേർക്കുന്നത്.

1.മഞ്ചേരി അത്തൻ കുരുക്കൾ - 27 - ഏറനാട് താലൂക്ക്-പയ്യനാട് അംശം

2.തറമേൽ കുഞ്ഞിക്കോയത്തങ്ങൾ - 22 - ചേരനാട് താലൂക്ക്-കൊടുവായൂർ അംശം

3.മുണ്ടക്കൽ കോയ - 17- വള്ളുവനാട് താലൂക്ക്-ചെമ്പ്രശ്ശേരി അംശം

4.കട്ടോരമുത്തു -21- ഏറനാട് താലൂക്ക്-മേൽമുറി അംശം

5.പപ്പടക്കാരൻ ഉണ്ണീൻ - 36 -ഏറനാട് താലൂക്ക്-പൊറൂർ അംശം

6.മകൻ മൊയ്തീൻ -16- ഏറനാട് താലൂക്ക്-പൊറൂർ അംശം

7.കർകുയിൽ കറുത്ത ഉണ്യാലി -40- വള്ളുവനാട് താലൂക്ക്-പാണ്ടിക്കാട് അംശം

8.നീലങ്കര അലി -18- വള്ളുവനാട് താലൂക്ക്-പാണ്ടിക്കാട് അംശം

9.കൊറുക്കോട്ട് വൈദ്യർവീരാൻ -45 - ഏറനാട് താലൂക്ക്-പൊറൂർ അംശം

10.പൊക്രാലി തുപ്പി - 20 -ഏറനാട് താലൂക്ക്-മഞ്ചേരി അംശം

11.കൊറങ്കനത്ത് ഉണ്ണീൻ -20- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

12.എടക്കടമ്പൻ മാമി -23- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

13.തീയ്യൻ തുരുത്തിക്കാരൻ മുഹമ്മദ്മുല്ല -22- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

14.കക്കോട്ടെ കോയ -23- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

15.കൈപ്പുള്ളി പൊക്കറ 15- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

16.കൊളത്തോടി കുഞ്ഞ്യാരമ്മു -25- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

17.കൊമ്പെയിൽ മൊകേരി -15- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

18.മാന്യകണ്ടൻ ചേക്കു -21- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

19.കൊളങ്ങേപരി ആലിക്കുട്ടി -60- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

20.തൊട്ടിത്തൊടി കോയാമ്മു -18- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

21.പനങ്കേര കിഴക്കേപറമ്പിൽ മുത്ത -18- ഏറനാട് താലൂക്ക്-പയ്യനാട് അംശം

22. മുതലൂർ ഉണ്ണിക്കുട്ടു -18- ഏറനാട് താലൂക്ക്-പയ്യനാട് അംശം

23. വെട്ടിമായൻ -22- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

24. ചെണ്ടലമാമിൽ ഉണ്ണിക്കോയ -16- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

25. കുയിപ്പാടത്തെ തരിയക്കുട്ടി -18- ഏറനാട് താലൂക്ക്-മഞ്ചേരി അംശം

26.പട്ടാട്ടിൽ ആലിക്കുട്ടി -18- ഏറനാട് താലൂക്ക് മഞ്ചേരി അംശം

27.കുന്തക്കാരൻ ആലി -17- ഏറനാട് താലൂക്ക് മഞ്ചേരി അംശം

28.കുഞ്ഞിമാമു മുസ്‌ലിയാർ -21- വള്ളുവനാട് - നെൻമേനി

29.സഹോദരൻ അന്തർമാൻ -17- വള്ളുവനാട് - നെൻമേനി

30. കൊരങ്കാടൻ ഉണ്ണീൻ -22- ഏറനാട് - മഞ്ചേരി

31. വാരിയൻ പൂലവൻ മഹോമ്മദ് - 18- ഏറനാട് - മമ്പ്രത്ത്

32. പൂക്കോടൻ ചോലയിൽ കുഞ്ഞോലൻ -20- ഏറനാട് - മമ്പ്രത്ത്

33.തട്ടാൻ തൊപ്പിയിട്ട പട്ടം കൊളങ്കര മൊയ്തീൻ -18- ഏറനാട് - പയ്യനാട്

34.തെറമ്പത്തരായൻ 19- ഏറനാട് - കീഴ്മുറി

35.നെടിയിരുപ്പുകാരൻ പൂലിക്കൻ കുഞ്ഞു -35- ഏറനാട് - മമ്പ്രത്ത്

36.പക്കിങ്ങൽ മോയി - 23- ഏറനാട് - പൊറൂർ

37.പൂവ്വത്തിങ്കൽ ഹൈദ്രു -30- ഏറനാട് - പൊറൂർ

38. അത്തൻകുട്ടി ഉണ്ണീൻ -50- ഏറനാട് - പയ്യനാട്

39.ആനക്കയം മൊയ്തീൻ -22- ഏറനാട് - മഞ്ചേരി

40.പരപുരവൻ അലിമോയൻ -22- ഏറനാട് - നിലമ്പൂർ

41. പൂയ്യന്തിരുത്തി കുഞ്ഞാലി -16- ഏറനാട് - പൊൻമല

42.അഞ്ചുമുകൻ മൊയ്തി -18- ഏറനാട് - പൊൻമല

43.ചെട്ടിയാൻതൊടി മഹോമ്മദ് -14- വള്ളുവനാട് - നെൻമേനി

44.പുത്തൻപീടിയേക്കൽ മർക്കാർ -19- വെട്ടത്ത് നാട് - ക്ലാരി

45.കണ്ണിമേൽ കുഞ്ഞുണ്ണ്യൻ - 19- വള്ളുവനാട് - നെൻമേനി

46.പാറമേൽ സെയ്താലി -18- വള്ളുവനാട് - നെൻമേനി

47.പയ്യേടത്തസൂപ്പി -16- വള്ളുവനാട് - പാണ്ടിക്കാട്

48.കൊളേരി സൂപ്പി - 19- വള്ളുവനാട് - പാണ്ടിക്കാട്

49.പടിഞ്ഞാറെക്കാരൻ കുഞ്ഞിഅദ്ദു - 15- വള്ളുവനാട്-പാണ്ടിക്കാട്

50. കൊക്കാട്ട് കുഞ്ഞിമോയി -25- ഏറനാട് - കാരക്കുന്ന്

51. മെകോനത്തെ ഉണ്ണിഅവറാൻ -20- ഏറനാട് - പയ്യനാട്

52. തനങ്കാട് വീരാൻ - 20- ഏറനാട് - ഇരുമ്പുരി

53.രായിൻമോയിൻ -20- ഏറനാട് - പൊറൂർ

54.കക്കമൂലക്കൽ ഉണ്ണിഅവറാൻ -20- വള്ളുവനാട് - പള്ളിപ്പുറം

55.ചിറന്തൊടി കുട്ടിയലി -20- ഏറനാട് - വള്ളുവമ്പുറം

56.ഭഗവതിപറമ്പത്ത് ഉണ്ണിപോയി -20- ഏറനാട് - ഇരുമ്പുരി

57.തൊപ്പിയിട്ട ചെറുമൻ ചാവക്കാട്ടുകാരൻ. വയസ്സും പേരും സ്ഥലവുമറിയില്ല.

അവശേഷിക്കുന്ന എട്ട് ആളുകളുടെ പേരും സ്ഥലവും തിരിച്ചറിയുവാൻ കഴിഞ്ഞിരുന്നില്ല.41. ഇതിൽ 33-ാം നമ്പറായി ചേർത്തിട്ടുള്ള തട്ടാൻ തൊപ്പിയിട്ട പട്ടംകൊളങ്കര മൊയ്തീൻ മുറിവുകളോട് കൂടി രക്ഷപ്പെട്ട ഏകവ്യക്തിയാണ്.65. പേരിൽ ജീവനോടെ പിടിക്കപ്പെട്ടത് ഈ കുട്ടിയെ ആണല്ലോ. ഇത് യാദൃശ്ചിക സംഭവമാകുന്നു. കാരണം പടക്കിറങ്ങിയാൽ മരണപ്പെടുന്നതുവരെ പിൻതിരിഞ്ഞോടുകയോ പിടികൊടുക്കുകയോ ചെയ്യാതിരിക്കുക എന്നുള്ളതായിരുന്നു ഇവരുടെ ചര്യ. ആഗസ്റ്റ് 26-ാം തിയ്യതിയിലെ ഏറ്റുമുട്ടലിൽ കാലൊടിയുകയും മാരകമായ മുറിവ് പറ്റുകയും ചെയ്ത ഒരാൾ സെപ്റ്റംബർ നാലാം തിയ്യതി നടന്ന അവസാനത്തെ ഏറ്റുമുട്ടലിൽ പഴുത്ത് ചോര ഒലിക്കുന്ന മുറവുകളോടെ ഒറ്റക്കാലിൽ ചാടിച്ചാടിയെത്തി മരിക്കുന്നതിന് മുമ്പ് എതിരാളികളിൽ ഒരുത്തനെയെങ്കിലും വകവരുത്തണമെന്ന ഉദ്ദേശ്യത്തോട് കൂടി സൈന്യനിരയിലേക്കെടുത്ത് ചാടിയെന്ന് മേജർ ഡെന്നീസ് അത്ഭുതത്തോടെ വിവരിക്കുന്നുണ്ട്.42.

പൂളിയക്കോട് അംശത്തിലെ മാപ്പിളമുഖ്യസ്ഥനായ പേരമ്പ്ര അത്തൻ എന്നയാൾ തഹ്സിൽദാരുടെ അടുക്കൽ എത്തി തന്റെ രണ്ടു പുത്രൻമാരും മറ്റു ചിലരും കൂടി മുണ്ടത്തമ്പലത്ത് നാരായണൻ മൂസ്സിനെ വധിക്കാൻ ഗൂഢാലോചന നടത്തുന്നതായി സംശയിക്കുന്നുവെന്നു റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഇവർ നിരപരാധികളാണെന്ന് മനസ്സിലായി. എന്നാൽ മൂസ്സതു് കൊടുത്ത മൊഴിയിൽ അത്തൻ അധികാരികളുടെ മക്കളും മറ്റു എട്ടു പേരും തന്റെ വീടിന്റെ പരിസരത്ത് കൂട്ടം കൂടി നിന്നിരുന്നതായും എന്നാൽ കണ്ടുപിടിക്കപ്പെട്ടപ്പോൾ രക്ഷപ്പെട്ടതായിട്ടുമാണ് പറഞ്ഞത്. ഈ അടിസ്ഥാനത്തിൽ അവരിൽ ഒമ്പതു പേരും നല്ല നടപ്പ് ജാമ്യം എടുക്കുവാൻ അധികാരികൾ കല്പിച്ചു. മൂസ്സതിന് ആപൽശങ്കയുണ്ടാകുവാൻ കാരണം അദ്ദേഹം അത്തനോടും കുടുംബത്തോടും വൈരാഗ്യത്തിൽ കഴിഞ്ഞിരുന്ന ആളായിരുന്നതിനാലും അവരുടെ കൈവശഭൂമി പലതും ഒഴിപ്പിച്ചെടുത്തിരുന്നതിനാലുമാണ്. നാരായണൻ മൂസ്സത് അവിടത്തെ പ്രധാന ജൻമിമാരിലൊരാളായിരുന്നുവെന്നുകൂടി ഓർക്കേണ്ടതുണ്ട്. 1851 ജനുവരി 5ന് മറ്റൊരു ഒറ്റപ്പെട്ട സംഭവം നടന്നു. പയ്യനാട് അംശത്തിൽ എള്ള് കൃഷി നടത്തുന്ന സ്ഥലങ്ങൾ പരിശോധിച്ച് കരം ചുമത്തുവാൻ നിയുക്തനായിരുന്ന രാമൻ മേനോൻ ജനുവരി 4ന് പരിശോധനകൾ പൂർത്തിയാക്കിയിരുന്നു. ചൂണ്ടിമൂച്ചിയ്ക്കൽ അത്തൻ എന്നയാളുടെ ഭാര്യ കൃഷി ചെയ്തിരുന്ന സ്ഥലത്തിന് അമിതമായ നികുതിയാണ് നിശ്ചയിച്ചിരുന്നത്. ഇതിന്റെ നിജസ്ഥിതി അറിയാൻ രാമൻനായരുടെ അടുത്ത് പോയി കണക്ക് പരിശോധിച്ച് കാര്യം മനസ്സിലാക്കിയ അത്തൻ തന്റെ പക്കൽ ഒളിച്ചുവെച്ചിരുന്ന ആയുധമുപയോഗിച്ച് രാമൻനായരെ വെട്ടിമുറിവേൽപ്പിച്ചു. അടുത്തവീട്ടിൽ കയറിയിരുന്ന അയാളോട് കീഴടങ്ങുവാൻ പലവട്ടമാവശ്യപ്പെട്ടെങ്കിലും വഴങ്ങിയില്ല. തഹ്സിൽദാരുടെ നേതൃത്വത്തിലെത്തിയ പോലീസ് സേനയുടെ ഇടയിലേക്ക് ചാടിവീണ അത്തനെ വെടിവെച്ചു കൊല്ലുയാണുണ്ടായത്.43.

ആ വർഷം ആഗസ്റ്റ് 22ന് നടന്ന കലാപം വളരെ നാശനഷ്ടങ്ങൾ ഉണ്ടാക്കി. കോട്ടുപറമ്പത്ത് കോമുമേനോനേയും കാര്യസ്ഥനേയും ഒരു കൂട്ടം കലാപകാരികൾ വധിച്ചതോടെയാണ് ഇതിന്റെ ആരംഭം. കോമുമേനോൻ അവിടെയുണ്ടായിരുന്ന മുസ്ലിംകളോട് അങ്ങേ അറ്റം മോശമായിട്ടാണ് പെരുമാറിയിരുന്നത്. പരസ്യമായി സമുദായത്തേയും മതത്തേയും ചീത്ത വിളിക്കുകയും പതിവായിരുന്നു. അംശം അധികാരിയായിരുന്ന കോമുമേനോൻ തന്റെ ശിപായിമാരിൽ ഒരാളെ അടുത്തുള്ള പള്ളിയിൽ കയറി ബാങ്ക് വിളിക്കുന്ന സമയത്ത് അതിന് പകരം പന്നിയിറച്ചി തിന്നുക എന്ന് ഉറക്കെ പലവട്ടം വിളിപ്പിച്ചിരുന്നു. അന്ന് മുസ്ലിംകൾ കൂട്ടമായി പരാതിപ്പെട്ടതിനെ തുടർന്ന് മേനോനെ അധികാരി സ്ഥാനത്തുനിന്നും നീക്കി.44. സർക്കാരിന്റെ ഈ പ്രവൃത്തി അദ്ദേഹത്തെ കൂടുതൽ രോഷാകുലനാക്കി. പണ്ടത്തേക്കാൾ കൂടുതൽ മുസ്ലിംവിദ്വേഷം അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. തങ്ങളുടെ മതത്തേയും സമുദായത്തേയും പുഛിച്ച് പരിഹസിച്ചുകൊണ്ടിരുന്ന കോമുമേനോനോട് പ്രതികാരം ചെയ്യുവാൻ അവർ ഉറച്ചിരുന്നു. കോമുമേനോനെ അന്വേഷിച്ച് അദ്ദേഹത്തിന്റെ വീട്ടിലവരെത്തി. അവിടെ കോമുമേനോന്റെ ഒരു സഹോദരൻ തോക്കും വടിവാളുമായി നിൽക്കുന്നത് കണ്ട കലാപകാരികൾ തൊട്ടടുത്ത കുളത്തിൽ കുളിക്കുകയായിരുന്ന മറ്റൊരു സഹോദരനായ ഇട്ടുണ്ണി രാമൻ മേനോന്റെ നേരെ ചെന്നു. വീടിന്റെ ഉമ്മറത്ത് അപ്പോൾ ഉണ്ടായിരുന്ന കഢക്കോട് നമ്പൂതിരിയെ അവർ കൊലപ്പെടുത്തി. ഇത് വീട്ടിലുണ്ടായിരുന്നവരിൽ പരിഭ്രാന്തി ഉണ്ടാക്കി. അവർ പല ഭാഗത്തേക്കും പ്രാണരക്ഷാർത്ഥം ഓടി. രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ടിരുന്ന രാമൻമേനോൻ കലാപകാരികളുടെ കണ്ണിൽപെട്ടു. അവർ അദ്ദേഹത്തെ കൊലപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ വീട് അഗ്നിക്കിരയാക്കിയതിന് പുറമേ, ഹുണ്ടികക്കാരനായ അദ്ദേഹത്തിന്റെ പ്രമാണങ്ങളത്രയും നശിപ്പിക്കുകയും ചെയ്തു. അമിതപ്പലിശക്കാരനായ ഇദ്ദേഹത്തോട് വളരെപ്പേർക്ക് പകയുണ്ടായിരുന്നു. അത്പോലെ കഢക്കോഡിൽ നമ്പൂതിരിയെ കണ്ടപാടെ വെട്ടി നുറുക്കിയതിന് പിന്നിലും പൂർവ്വ വൈരാഗ്യമായിരുന്നു കാരണം. ജൻമിയായ അദ്ദേഹവും കലാപ

കാരികളിൽ ചിലരുമായി ഭൂമി സംബന്ധമായ വഴക്കും കേസ്സും നടത്തിയിരുന്നു. യാദൃശ്ചികമായി അദ്ദേഹത്തെ കയ്യിൽ കിട്ടിയപ്പോൾ പഴയ വിരോധം പോക്കുകയായിരുന്നു അവർ. നിരവധി പേരെ കുടിയൊഴിപ്പിച്ചിരുന്ന അദ്ദേഹം മരിക്കുമ്പോൾ ഭൂമി സംബന്ധമായ പല കേസുകളും കോടതിയിൽ ഉണ്ടായിരുന്നു. കടക്കോട്ടിൽ നമ്പൂതിരി അവിടത്തെ ക്ഷേത്രത്തിന്റെ ട്രസ്റ്റി കൂടിയായിരുന്നു. സാമാന്യം ധനികനായ മേലുമാരിൽ എമലു കുട്ടി എന്ന മാപ്പിളയുമായി ഈ കലാപത്തിന് കുറച്ച് മുമ്പ് സ്ഥലസംബന്ധമായ തർക്കവും കേസും ഉണ്ടായി. ദേവസ്വം സ്ഥലത്തിന്റെ കാണക്കാരനായ ഒരു നായർ എമലുകുട്ടിക്ക് ഈ സ്ഥലം വിൽപ്പന നടത്തി പണം പറ്റിയിരുന്നു. എന്നാൽ ദേവസ്വം ട്രസ്റ്റിയായ നമ്പൂതിരി ഇത് അംഗീകരിച്ചില്ലെന്ന് മാത്രമല്ല കേസ് കൊടുത്ത് സ്ഥലം ഒഴിപ്പിക്കുകയും ചെയ്തു. തന്റെ സ്ഥലവും പണവും നഷ്ടപ്പെട്ടതിലുള്ള അരിശം തീർക്കാൻ നമ്പൂതിരിയെ വധിക്കുന്നതിന് അദ്ദേഹം കലാപകാരികളിൽ പലരെയും പ്രേരിപ്പിച്ചിരുന്നതായി മലബാർ കളക്ടറും ജില്ലാ മജിസ്ട്രേട്ടുമായ എച്ച്.വി. കൊണോലി നീതിന്യായവകുപ്പ് സിക്രട്ടറി ടി. പൈ ക്രോഫ്റ്റിനെഴുതുന്ന കത്തിൽ പ്രസ്താവിക്കുന്നുണ്ട്.45. ഇട്ടുണ്ണി രാമൻ മേനോന്റെ വീട്ടിൽ അപ്പോഴുണ്ടായിരുന്ന നമ്പൂതിരിയെ അറിഞ്ഞ് കൊണ്ട് തന്നെയാണ് അവർ വകവരുത്തിയത്. ഇവിടെ വെച്ചല്ലെങ്കിലും അദ്ദേഹത്തെ വധിക്കുവാൻ അവർ ഒരുങ്ങിയിരുന്നതാണ്. ഇതിന് ശേഷം കടക്കോട്ടിൽ നമ്പൂതിരിയുടെ മനയിൽ അവർ പോയിരുന്നെങ്കിലും അവിടെ മറ്റു നാശനഷ്ടങ്ങളൊന്നും വരുത്തിയിരുന്നില്ല. രാമൻ നായരുടെ വീട് നശിപ്പിച്ചശേഷം സ്ഥലത്തെ പ്രധാനിയായ രാരിച്ചൻ നായരുടെ വീട്ടിലെത്തി അദ്ദേഹത്തെ വെട്ടിമുറിവേൽപ്പിച്ചു. കോട്ടുപറമ്പത്ത് കോമുമേനോന്റെ ഉറ്റസുഹൃത്തും അദ്ദേഹത്തെപ്പോലെ തന്നെ ശരിക്കും മുസ്ലിം വിരോധിയുമായിരുന്നു മുഖ്യസ്ഥനായ രാരിച്ചൻ നായർ. കലാപമുണ്ടാകാൻ പോകുന്നുവെന്ന് നേരത്തെ മണത്തറിഞ്ഞ രാരിച്ചൻ നായർ തന്റെ കുടുംബാംഗങ്ങളെയെല്ലാം സുരക്ഷിതസ്ഥലത്ത്കൊണ്ടാക്കി നിറത്തോക്കും മറ്റായുധങ്ങളുമായി വീട്ടിൽ കാവൽ നിന്നു. കലാപകാരികളുമായി അദ്ദേഹം ധൈര്യപൂർവ്വം ഏറ്റുമുട്ടി. തനിക്ക് പറ്റുംവിധം രണ്ടു മൂന്ന് പേരെ പരിക്കേൽപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. എന്നാൽ തനിക്കും മാരകമായ മുറിവു പറ്റി. കലാപകാരികൾ രാരിച്ചൻ നായരെ അവിടെ വിട്ട് വീടിന് തീകൊളുത്തി പിൻവലിഞ്ഞു.

അവിടെ നിന്നും അവർ ചെങ്ങര വാര്യരുടെ ഇല്ലത്തിലേക്കാണ് പോയത്. മാപ്പിള വിരോധിയും ഭൂവുടമയുമായ തന്നെ കലാപകാരികൾ ഒഴിവാക്കുകയില്ലെന്നറിയാമായിരുന്ന വാര്യർ തന്റെ കുടുംബാംഗങ്ങളുമായി രക്ഷപ്പെട്ടിരുന്നു. വിജനമായ വീട് അവർ കൊള്ളിവെച്ച് നശിപ്പിച്ചു. മങ്കടയിൽ നിന്നും സംഘം കുളത്തൂരിലേക്ക് നീങ്ങി. 23-ാം തീയതി രാവിലെ 8 മണിയോട് കൂടി അവർ കുളത്തൂർ വാര്യരുടെ മനയിൽ പ്രവേശിച്ചു. വാര്യർ ഉൾപ്പെടെ 30 അംഗങ്ങൾ ആ വീട്ടിലുണ്ടായിരുന്നു. എന്നാൽ അവരോടെല്ലാം വീടുവിട്ട് പൊയ്ക്കൊള്ളുവാൻ കലാപസംഘം ആവശ്യപ്പെട്ടു. സ്ത്രീകൾ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളെ ആരെയും ഉപദ്രവിച്ചില്ല. തങ്ങളുടെ നേരെ തോക്കുമായെത്തിയ ഒരു നായർ അന്തേവാസിയെ മാത്രമാണ് അവർ കൊലപ്പെടുത്തിയത്. എന്നാൽ 79 വയസ്സ് പ്രായമുണ്ടായിരുന്ന കുളത്തൂർ വാര്യരെ അവർ പിടികൂടി നിർദ്ദയം ഹനിക്കുകയുണ്ടായി. കുട്ടിയത്തൻ എന്ന മാപ്പിളയും മറ്റു രണ്ടുപേരുമാണ് ഈ ഹീനകൃത്യം ചെയ്തത്. കുളത്തൂർ വാര്യരോട് സ്ഥലത്തെ കാണക്കാരായ എല്ലാ മാപ്പിളമാർക്കും അതിയായ വിരോധമുണ്ടായിരുന്നു. വള്ളുവനാട്, വെട്ടത്ത്നാട്, നെടുങ്ങനാട്, പാലക്കാട്, എന്നീ താലൂക്കുകളിലൊക്കെ കണക്കില്ലാത്ത സ്ഥലങ്ങളുള്ള പ്രധാന ജൻമി ആയിരുന്ന അദ്ദേഹം ടിപ്പുസുൽത്താന്റെ ഭൂപരിഷ്ക്കരണ കാലത്ത് മറ്റു ജൻമികളോടൊപ്പം തിരുവിതാംകൂറിൽ അഭയം പ്രാപിച്ചിരുന്ന ദേഹവുമാണ്. കമ്പനി ഭരണമേറ്റ ശേഷമാണ് അദ്ദേഹം തിരിച്ചുവരുന്നത്. അപ്പോൾ തന്റെ പഴയ ഭൂസ്വത്ത് മുഴുക്കെ പലരുടെയും കൈവശത്തിൽ ആയിക്കഴിഞ്ഞിരുന്നു. കമ്പനി സർക്കാരിന്റെ സഹായത്തോട് കൂടി നിരവധി കൈവശക്കാരെ നിർദ്ദാക്ഷിണ്യം ഒഴിപ്പിച്ച് സ്ഥലം വീണ്ടെടുക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആ അംശത്തിലെ അധികാരി അദ്ദേഹത്തിന്റെ അനന്തരിവനുമായിരുന്നു. തന്റെയും അനന്തിരവന്റെയും അധികാരവും സ്വാധീനവും ഉപയോഗിച്ച് ധാരാളം മാപ്പിള കുടിയാൻമാരെ നിരാലംബരാക്കി തെരുവിലിറക്കിയ അദ്ദേഹത്തോട് വളരെക്കാലമായി അവിടുത്തെ മുസ്ലിംകൾക്കെല്ലാം കൊടിയ ശത്രുത നിലനിന്നിരുന്നു.

നാലഞ്ച് മാസം മുമ്പ് വടക്കേട്ട മൊകേരി എന്ന സാമാന്യം ഭേദപ്പെട്ട ഒരു മുസ്ലിം അല്പം സ്ഥലത്തിന്റെ ജൻമം തരുവാൻ വാര്യരോട് ആവശ്യപ്പെട്ടിരുന്നു. സ്ഥലം മൊകേരിയുടെ കൈവശത്തിലുണ്ടായിരുന്ന പാട്ടഭൂമിയും ആയിരുന്നു. ഒരു പള്ളി പണിയുന്നതിനായിട്ടായിരുന്നു മൊകേരി സ്ഥലം ആവശ്യപ്പെട്ടത്. എന്നാൽ വാര്യർ സ്ഥലത്തിന്റെ ജൻമം കൈമാറാൻ തയ്യാറായില്ല. ജൻമസ്ഥലത്തല്ലാതെ പള്ളി പണിയുന്നത് സുരക്ഷിതവുമായിരുന്നില്ല. മൊകേരിയും ഇരിപ്പടത്തിൽ രായിനും മറ്റ് ചിലരും തിരൂരങ്ങാടിയിൽ പോയി സയ്യിദ് അബ്ദുൽഫസൽ പൂക്കോയ തങ്ങളെ കണ്ട് സംസാരിച്ച് അദ്ദേഹത്തിന്റെ അനുഗ്രഹവും വാങ്ങി തിരിച്ച് വന്നു. വാര്യരുടെ എതിർപ്പ് വകവെക്കാതെ തന്നെ അവർ ഒരു പള്ളി നിർമ്മിച്ച് പ്രാർത്ഥനകൾ ആരംഭിച്ചു. ഇതിനെതിരായി വാര്യർ കൊടുത്ത കേസിൽ അനുകൂലമായ വിധി ലഭിച്ചിരുന്നു. സ്ഥലമൊഴിപ്പിച്ചെടുക്കുവാനുള്ള സംരംഭത്തിനിടയ്ക്കാണ് ഈ ദാരുണ സംഭവം. അതിനിടയിൽ പലരും അനുരഞ്ജനശ്രമത്തിന് വേണ്ടിയുള്ള കൂടിയാലോചനകൾ ആഗസ്റ്റ് 20-ാം തിയ്യതിയും 21-ാം തിയ്യതിയും

നടത്തി നോക്കി. കേസ് പിൻവലിക്കാൻ ചില ഉപാധികൾ വാര്യർ മുന്നോട്ട് വെച്ചത് കൊണ്ട് സ്ഥലത്തെ അധികാരിയും (ഹിന്ദു) ഇരിപ്പിടത്തിൽ രായിനും ആലോചിച്ചെടുക്കുന്ന തീരു മാനം അന്തിമമായി ഇരുകൂട്ടരും അംഗീകരിക്കാമെന്ന് സമ്മ തിച്ചാണ് ആഗസ്റ്റ് 21-ാം തിയ്യതി പിരിഞ്ഞത്. എന്നാൽ പിറ്റേ ദിവസം ആയപ്പോഴേക്കും ലഹളക്കാർ കലാപക്കൊടി ഉയർ ത്തിയിരുന്നു. വാര്യരെ കൊന്നതിന് ശേഷം കണക്കുകളും പ്രമാണങ്ങളുമടങ്ങിയ പനയോലക്കെട്ടുകളെല്ലാം ഒന്നും അവശേഷിക്കാതെ അഗ്നിക്കിരയാക്കുകയും ചെയ്തു.

വള്ളുവനാട് തഹസിൽദാരുടെ നേതൃത്വത്തിൽ പുറപ്പെട്ട പോലീസ് സംഘം ആദ്യം മങ്കടയിലാണെത്തിയത്. അപ്പോഴേക്കും അവിടെ നിന്നും കലാപകാരികൾ കുളത്തൂരിലെത്തി അവർ ഉദ്ദേശിച്ചിരുന്ന കാര്യങ്ങളൊക്കെ നടത്തി കുളത്തൂർ വാര്യരുടെ മനയിൽ പട്ടാളത്തോടേറ്റു മുട്ടാൻ തയ്യാറായിനിന്നു. താഹസിൽദാരുടെ കീഴിൽ എത്തിയ നാടൻപട്ടാളം നടത്തിയ ശ്രമം വളരെ ദയനീയമായി പരാജയപ്പെട്ടു. ഒരു നായിക്കും, ഒരു ശിപായിയും ഒരു ഡ്രമ്മറും കൊല്ലപ്പെട്ടു. ഊരിയ പടവാളുമായി ചാടിയെത്തുന്ന കലാപകാരികളെ ഭയന്ന് പട്ടാളം ജീവനും കൊണ്ടോടി. പരിഭ്രാന്തി പൂണ്ട ശിപായിമാർ ഓട്ടത്തിനിടയ്ക്ക് ഇട്ടേച്ചുപോയ തോക്കും വാളുമൊക്കെ കലാപസംഘത്തിന് കിട്ടുകയും ചെയ്തു. ഈ തോൽവിക്ക് ശേഷം യൂറോപ്യൻ പട്ടാളത്തെ അയക്കുവാൻ ഡിവിഷണൽ മജിസ്ട്രേട്ട് കോലറ്റ്, കളക്ടർ കൊണോലിയോട് ആവ ശ്യപ്പെട്ടു. അവർ ആഗസ്റ്റ് 27-ാം തിയ്യതിയാണ് കൊളത്തൂരെത്തി പ്രതിരോധം നടത്തിയത്. യൂറോപ്യൻ സൈന്യത്തിന്റെ പിൻനിര നാടൻ സൈന്യത്തിന്റേതായിരുന്നു. ഈ സേന അടുത്തെത്തി വെടി ആരംഭിച്ചതും കലാപകാരികൾ തങ്ങളുടെ പടവാളും കത്തവുമായി ചീറിഅടുത്തു. വെടിയുണ്ടകൾക്കിടിയിലൂടെയാണ് ഈ സാഹസികത അവർ കാണിച്ചിരുന്നത്. നിറ ഒഴിച്ചു കഴിഞ്ഞാൽ തിര വീണ്ടും തോക്കിൽ നിറക്കുവാൻ അല്പം സമയം വേണമല്ലോ. അതിനിടയ്ക്കാണ് അവർ ചാടിവീണ് പട്ടാളത്തെ വെട്ടുന്നത്. ഇതായിരുന്നു അവർ അനുവർത്തിച്ചിരുന്ന യുദ്ധതന്ത്രം. കയ്യോടു കൈ ഏറ്റുമുട്ടുമ്പോൾ ജയം മാപ്പിളയോദ്ധാവിന് തന്നെയായിരുന്നു. "ലഹളക്കാരുടെ ആർപ്പ് വിളിയും പരാക്രമവും കണ്ട യൂറോപ്യൻ പട്ടാളത്തിന്റെ മുൻനിര പതറിപ്പോയി. പിൻനിര ചിന്നിച്ചിതറുകയും ചെയ്തു," എന്നാണ് വില്യം ലോഗൻ എഴുതിയിട്ടുള്ളത്.46. അങ്ങനെ രണ്ടാം പ്രാവശ്യവും പരാജയത്തിന്റെ രുചി അറിഞ്ഞ് കമ്പനി പട്ടാളത്തിന് പിൻവലിയേണ്ടതായി വന്നുകൂടി. എന്നാൽ അല്പസമയത്തിനുള്ളിൽ തന്നെ പിൻതിരിഞ്ഞോടിയ സൈന്യത്തെ ഏകോപിപ്പിച്ച് ഒരവസാനശ്രമത്തിന് പട്ടാളം തയ്യാറായി. ഏറെ പാടുപെട്ടിട്ടാണെങ്കിലും നിരന്തരം നിറയൊഴിച്ചുകൊണ്ട് അടുത്ത സൈന്യത്തിന് ഘോരസംഘട്ടനത്തിന് ശേഷം കലാപകാരികളെ എല്ലാവരേയും കൊന്നൊടുക്കുവാൻ സാധിച്ചു. നാല് ഇംഗ്ലീഷ്കാരും ഒരു ഇൻഡ്യക്കാരനുമാണ് യൂറോപ്യൻ സൈന്യത്തിന് നഷ്ടപ്പെട്ടത്. അനവധി പട്ടാളക്കാർക്ക് മാരകമായ പരുക്ക് പറ്റുകയുമുണ്ടായി. കമ്പനിപട്ടാളത്തിന്റെ വെടിയേറ്റ് മരണപ്പെട്ട മാപ്പിള കലാപകാരികൾ താഴേ പറയുന്നവരാകുന്നു.

1. കുണ്ടതൊടിയിൽ ഇല്ലിക്കൂത്ത് കുഞ്ഞുഉണ്ണിയൻ-18-വള്ളുവനാട്-മങ്കട

2. തെന്നത്ത് അത്ത - 25- വള്ളുവനാട്-മങ്കട

3. മൂപ്പിറിയൻ കൊണ്ടാപുറത്തേ അത്താമുകുരുക്കൾ -22-വള്ളുവനാട്-മങ്കട

4. ആയം പറമ്പെത്ത കുൻഞ്ഞി കാമു -22-വള്ളുവനാട്-മങ്കട

5. കൂനട്ട മൊയ്തു -15- വള്ളുവനാട്-മങ്കട

6. പുലകുയിൽ മാമ -20- വള്ളുവനാട്-മങ്കട

7. ചെറകുയിൽ ചേക്കു -25- വള്ളുവനാട്-മങ്കട

8. വേലുത്തേടത്ത് തൊടിയിൽ ചേക്കുണ്ണി -25-വള്ളുവനാട്-മങ്കട

9. മറയത്തൊടിയിൽ മൂത്തക്കുട്ടി -22- വള്ളുവനാട്-മങ്കട

10. കൂനമിൽ മൊയ്തു -16- വള്ളുവനാട്-മങ്കട

11. കട്ടിൽപിടയിൽ മൊയ്തീൻ -60- വള്ളുവനാട്-പാലപ്രം

12. പൂലികതൊടിയിൽ മൊയ്തീൻ -20- വള്ളുവനാട്-മങ്കട

13. പാനം അഹമ്മദ് -20-വള്ളുവനാട്-മങ്കട

14. പട്ടാണി മൊയ്തീൻ -25- ഏറനാട്-ഇരുമ്പുത്രി

15. പൂപറ്റ കുട്ടിയത്തൻ -27- വള്ളുവനാട്-കൊളത്തൂർ

16. ചരിക്കോട്ടിൽ കുഞ്ഞാലൻ- 16 -വള്ളുവനാട്-കൊളത്തൂർ

17. പരപ്പുറത്ത ഷാജു -17- വള്ളുവനാട്-കുറവമ്പലം

18. വടക്കിനി വിരാൻ -25- വള്ളുവനാട്-കുറുവ

19. അലിയാമു - 16- വള്ളുവനാട്-കുറുവ

ഈ ലിസ്റ്റ് തയ്യാറാക്കി അയച്ചിട്ടുള്ളത് തഹസിൽദാർ കാണപ്പമേനോനും മജിസ്ട്രേട്ട് എച്ച്.വി. കൊണോലിയും കൂട്ടായിട്ടാണ്.47.

1851 ആഗസ്റ്റ് 28-ാം തിയ്യതി വള്ളുവനാട് തഹസിൽദാർ കാണപ്പമേനോൻ, താൻ കലാപകാരികളുമായി നടത്തിയ അഭിമുഖത്തിൽ അവർ പറഞ്ഞ കാര്യങ്ങൾ എഴുതി അയക്കുന്നുണ്ട്. ആ മെമ്മോറാണ്ടത്തിന്റെ തനിപരിഭാഷയാണ് താഴെ കൊടുക്കുന്നത്.

"തന്നെ ഉപദ്രവിക്കുകയില്ലെന്ന ഉറപ്പിൻമേൽ കലാപകാരികളിൽ നിന്നും പറഞ്ഞാൽ കേൾക്കാവുന്ന അകലത്തിൽ നിന്ന് ഞാൻ ചില ചോദ്യങ്ങൾ ചോദിച്ചിരുന്നു. കോട്ടപ്പറമ്പത്ത കോമുമേനോനെ കൊല്ലുവാനുള്ള കാരണമെന്താണ് എന്ന

തായിരുന്നു ആദ്യചോദ്യം. അത്തൻ എന്ന് പേരായ ഒരാൾ മുന്നോട്ട് വന്ന് പറഞ്ഞത്, ഈ കോമുമേനോൻ ഞങ്ങളോടു പന്നിയിറച്ചി തിന്നുവാൻ ആവശ്യപ്പെടുകയും ആ പേര് പറഞ്ഞ് മുസ്ലിംകളെയെല്ലാം നിന്ദിക്കുകയും ചെയ്തിരുന്നു. ഞങ്ങളെ അപഹസിക്കുക പതിവാക്കിയിരുന്ന അദ്ദേഹം ഒരിക്കൽ പറഞ്ഞത്, ഈ ശഹീദ് എന്ന് പറയുന്നവരുടെ ജഡമാണല്ലോ, നായരോടൊപ്പം വെട്ടിനുറുക്കി കിണറ്റിൽ മൂടിയത്.* ഇതും ഇതുപോലുള്ള അപഹാസ്യവാക്കുകളും ഇസ്ലാം മതം വിശ്വസിക്കുന്ന ആർക്കും സഹിക്കുവാൻ സാധ്യമല്ലാത്തത് കൊണ്ടാണ് കോമുമേനോനെ കൊന്നത്. കോമുമേനോൻെറ സഹോദരൻ കോട്ടപറമ്പത്ത് ഇട്ടുണ്ണിരാമൻ മേനോനെ വധിച്ചത് ഏത് കാരണത്താലാണ്, എന്നതായിരുന്നു പിന്നത്തെ ചോദ്യം. അതിനും അത്തൻ തന്നെയാണ് മറുപടി പറഞ്ഞത്. അയാളെ കൊല്ലാൻ കാരണം ഏത് ഇടപാടിലും അന്യായമായും അമിതമായും പലിശയും പണവും ഇയാൾ ഈടാക്കിക്കൊണ്ടിരുന്നതിനാലാണെന്നാണ്. ധാരാളം ധനം ഇങ്ങനെ അയാൾ അപഹരിച്ചെടുത്തിട്ടുണ്ട്. കടക്കോട്ടിൽ പിഷാരടി നമ്പൂതിരി ഈ രണ്ടുപേരുടേയും ഉറ്റചങ്ങാതിയും അവരോടൊപ്പം ചേർന്ന് മുസ്ലിംകളെ ഒന്നടങ്കം ആക്ഷേപിക്കുന്ന വ്യക്തിയുമായതിനാലാണ് വധിക്കപ്പെട്ടത് എന്നും അത്തൻ കൂട്ടിച്ചേർത്തു. തുടർന്ന് ഞാൻ അത്തനോട് ചോദിച്ചതു മുണ്ടൻകര രാരിച്ചൻ നായരെക്കുറിച്ചാണ്. നിങ്ങൾ ആക്രമിച്ച് പരിക്ക് ഏൽപ്പിച്ച അദ്ദേഹം നിങ്ങളിൽ മൂന്നു പേരെ മുറിവേൽപ്പിച്ചെന്നും നിങ്ങളിൽ നിന്നും രണ്ട് കത്തിയും ഒരു കുന്തവും പിടിച്ചെടുത്തെന്നും പറയുന്നത് വാസ്തവമാണോ? അയാൾ പറഞ്ഞ മറുപടി തങ്ങളിൽ ഒറ്റയാൾക്കും പരിക്കു പറ്റിയിട്ടില്ലെന്നും കത്തിയും കുന്തവും വീടിന് തീവെക്കാൻ ഒരുങ്ങുമ്പോൾ നിലത്ത് വെച്ചിരുന്നതാണെന്നും ബഹളം കേട്ട് ഓടിക്കൂടിയ ജനങ്ങളെ കണ്ട്, സ്ഥലത്ത് നിന്നും പോന്നപ്പോൾ എടുത്തുകൊണ്ടുപോരാൻ മറന്ന് പോയതാണെന്നും ആയിരുന്നു. മുണ്ടൻകര രാരിച്ചൻ നായർ, കോട്ടുപറമ്പത്ത കോമുമേനോൻെറ ഉറ്റകൂട്ടുകാരനും മാപ്പിളമാരെ ദ്രോഹിക്കുന്ന ആളുമാണെന്നും എന്നാൽ തങ്ങളിൽ നിന്നും രക്ഷപ്പെടാൻ അയാൾക്ക് കഴിഞ്ഞത് ശരിയാണെന്നും അത്തൻ വിശദീകരിച്ചു. കോട്ടപറമ്പത്ത കോമുമേനോൻെറയും ഇട്ടുണ്ണിരാമൻമേനോൻെറയും ചെവികളറുത്ത് കാതുകളിലുണ്ടായിരുന്ന കമ്മലുകളെടുത്തതും ഇട്ടുണ്ണിമേനോൻെറ പെട്ടി പൊളിച്ച് അതിലുണ്ടായിരുന്ന പണമെടുത്തതും നിങ്ങൾ തന്നെയാണെങ്കിൽ അവ എന്താവശ്യത്തിനാണെന്നും അറിയേണ്ടത് മറ്റാരെങ്കിലുമാണോ, ഈ അപഹരണം നടത്തിയതെന്ന് അറിയാൻ വേണ്ടിമാത്രമാണ് ചോദിക്കുന്നതെന്നും ഞാൻ പറഞ്ഞു. അത്തൻ അതിന് തന്ന ഉത്തരം ഇതത്രയും തങ്ങൾ തന്നെയാണ് ചെയ്തതെന്നാണ്. സ്വർണ്ണവും പണവും വലിച്ചെറിഞ്ഞ് കളഞ്ഞിട്ടുണ്ടെന്നും അറിയിച്ചു. 79 വയസ്സ് പ്രായമെത്തിയ വൃദ്ധനായ കൊളത്തൂർ വാര്യരെ കൊന്നതെന്തിനാണെന്ന് അന്വേഷിച്ചതിൽ, വാര്യർ അവിടെ നിർമ്മിച്ച പള്ളി ഇല്ലാതാക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതിനാലാണ് ഇത് ചെയ്യാൻ നിർബന്ധരായതെന്നുമാണ് അത്തൻ പ്രത്യുത്തരം നൽകിയത്. തുടർന്ന് അയാൾ വിളിച്ചറിയിച്ചത്, അത്തുപറ വിത്ത് വിതക്കുവാൻ കൂടി പറ്റാത്ത കുറച്ച് സ്ഥലം ഒരു പള്ളി പണിയാനും, ഈശ്വര പ്രാർത്ഥന നടത്താനും തങ്ങൾക്ക് തന്നാൽ ഈ നായർക്കും നമ്പൂതിരിക്കും എന്ത് നഷ്ടമാണുണ്ടാകാൻ പോകുന്നത്. ഞങ്ങൾ മരിക്കാൻ തയ്യാറെടുത്തിരിക്കുകയാണ്. ആ പന്നികൾ (യൂറോപ്യൻപട്ടാളം) ഇവിടേക്ക് വരട്ടെ. നാടൻ പട്ടാളക്കാർ വരേണ്ട. ഇത്രയും പറഞ്ഞപ്പോൾ ഞാനവരോട് ആവശ്യപ്പെട്ടത്, കമ്പനിപട്ടാളം എത്തുന്നത് വരെ അവരാരും സ്ഥലം വിട്ട് പോകരുതെന്നും ഇനിയും കൂടുതൽ അക്രമങ്ങൾ നടത്തുകയോ, വസ്തുവഹകൾ നശിപ്പിക്കുകയോ ചെയ്യരുതെന്നുമാണ്. ആ വക യാതൊന്നും തങ്ങൾ ഇനി ചെയ്യുകയില്ലെന്ന് ഉറപ്പിച്ചു പറഞ്ഞപ്പോൾ, ഞാൻ മറ്റൊരാവശ്യം അവരുടെ മുന്നിൽ വെച്ചു. പാടത്ത് കിടക്കുന്ന വാര്യരുടെ ജഡം എടുത്ത് മാറ്റുന്നതിൽ എതിർക്കരുതെന്നായിരുന്നു അത്. പൂപ്പട്ടകുട്ടി അത്തനാണതിന് മറുപടി പറഞ്ഞത്. നിരായുധരായ നാലുപേർ വന്ന് ജഡം എടുത്ത് കൊണ്ടു പോകുന്നതിൽ എതിർപ്പൊന്നുമുണ്ടാകുകയില്ലെന്നാണ് അയാൾ ഉറപ്പായി പറഞ്ഞത്. ഞാൻ പൂന്തടത്തിൽ കൃഷ്ണൻ നായരേയും മറ്റു മൂന്നു പേരെയും പറഞ്ഞയച്ച് ജഡം എടുത്തു കൊണ്ടു പോന്നു.

"പിറ്റേ ദിവസം ആഗസ്റ്റ് 26-ാം തിയ്യതി ഞാൻ ചില മാപ്പിളമാർ മുഖേന ഇവരുമായി ഒന്നുകൂടി കണ്ട് സംസാരിക്കുന്നതിൽ വിരോധമുണ്ടോ എന്നന്വേഷിച്ചു. അതിന് അവർ നൽകിയ മറുപടി കഴിഞ്ഞ ദിവസം എവിടെനിന്ന് സംസാരിച്ചുവോ അവിടെ വന്നാൽ മതിയെന്നായിരുന്നു. തദനുസൃതം പറഞ്ഞ സ്ഥലത്ത് ഞാൻ ചെന്നപ്പോൾ അവർ വാര്യരുടെ പടിപ്പുരയുടെ അടുത്തേക്ക് വന്നുനിന്നു. ഞാൻ അവരോട് അവർക്ക് എന്തെങ്കിലും കൂടി പറയാനുണ്ടോ എന്നന്വേഷിച്ചു. അതിന് അത്തനാണ് മറുപടി തന്നത്. ഇംഗ്ലീഷ് സൈന്യത്തോട് വരാൻ എഴുതിയിട്ടില്ലേ? അവർ ധൈര്യശാലികളാണ്. അവർ വരട്ടെ. ഞങ്ങൾ നേരിട്ടുകൊള്ളാം. അവർ വരുന്നതിന് അല്പം മുമ്പ് ഞങ്ങൾക്ക് മുന്നറിയിപ്പ് തരിക. ക്ഷണനേരം കൊണ്ട് ഞങ്ങൾ ഒരുങ്ങി പുറത്ത് വന്ന് തുറന്ന സ്ഥലത്ത് നിലകൊള്ളാം. രണ്ടു ദിവസം മുമ്പ് നാടൻ പട്ടാളവുമായേറ്റുമുട്ടി മരണമടഞ്ഞ രണ്ടുപേരുടെ മയ്യത്ത് ഞങ്ങൾ ആ പള്ളിയിൽ കബറടക്കിയിട്ടുണ്ട്. ഞങ്ങൾ മരണപ്പെട്ടു കഴിഞ്ഞാൽ മുമ്പൊരിക്കൽ ചെയ്തതു പോലെ (1849-ൽ) ജഡങ്ങൾ മുറിച്ച് പൊട്ടക്കിണറ്റിൽ തള്ളരുതെന്നും ഞങ്ങളുടെ മയ്യത്തുകളെല്ലാം പള്ളിശ്മശാനത്തിൽ അടക്കം ചെയ്യണമെന്നും ഞങ്ങൾ അപേക്ഷിച്ചിട്ടുള്ളതായി മജിസ്ട്രേട്ടിനോട് പറയണം. ഇത് മാത്രമേ ഞങ്ങൾക്ക് പറയുവാനുള്ളൂ."

"പട്ടാളത്തിൻെറ വരവ് മുൻകൂട്ടി അറിയിക്കുന്ന

താണെന്നും അത് വരെ പുറത്ത് പോയി വേറെ കുഴപ്പങ്ങൾ ഒന്നും ഉണ്ടാക്കരുതെന്നും ഞാൻ അവരോട് പറഞ്ഞു. അത്തരം യാതൊരു പ്രവൃത്തിയും തങ്ങളിൽ നിന്നും ഉണ്ടാവുകയില്ലെന്ന് അറിയിപ്പതിന് പുറമെ സംഘട്ടനം ഉണ്ടാകുമ്പോൾ തങ്ങൾ ഉദ്ദേശിക്കാതെ തന്നെ അപകടമുണ്ടാകുവാൻ ഇടയുള്ളത് കൊണ്ട് നമ്മുടെ താലൂക്കിൽ പെട്ട ആളുകളോടും മാപ്പിളമാർ ഉൾപ്പടെയുള്ള ശിപായിമാരോടും ആ സമയത്ത് അവിടേക്ക് വരരുതെന്ന് പറയണം. അവർ ആരും ഞങ്ങൾക്കാർക്കും ഒരു ദ്രോഹവും ചെയ്തിട്ടുള്ളവരല്ല. അവരുടെ കൂടെ ഇപ്പോൾ എത്ര പേരുണ്ടെന്നും അവസാനമായി കൂട്ടത്തിൽ ചേർന്നവർ ആരൊക്കെയാണെന്നും ഞാൻ അന്വേഷിച്ചു. അവർ പറഞ്ഞത് തങ്ങൾ 16 പേരാണ് ഉള്ളതെന്നും ഒടുവിൽ ആരും വന്ന് കൂട്ടത്തിൽ കൂടിയിട്ടില്ലെന്നും ആയിരുന്നു.

ഞാൻ ഇതെഴുതുന്നത് കലാപകാരികളുമായി നടന്ന സംഭാഷണത്തിന്റെ വിവരം വിശദമായി അറിയിക്കുവാൻ വേണ്ടിയാണ്."48.

ഈ സംഭാഷണം അതേപടി ഇവിടെ പുനരാവർത്തനം നടത്തിയത് മലബാറിൽ നടന്ന കലാപങ്ങളുടെ കാരണങ്ങളും സ്വഭാവവും മനസ്സിലാക്കുവാൻ ഉപകരിക്കുമെന്നതിനാലാണ്. എല്ലാം ത്യജിച്ച് മരണത്തെ വാരിപ്പുണരാൻ സന്നദ്ധരായി നിൽക്കുന്നവരുടെ മരണമൊഴിയെന്ന നിലക്ക് ഇതിന്റെ പ്രാധാന്യം വർദ്ധിക്കുകയും ചെയ്യുന്നു. കുറ്റവിമുക്തരാകുവാൻ വേണ്ടി കോടതിയിൽ കുറ്റവാളികൾ നടത്തുന്ന കുമ്പസാരമല്ല ഇതെന്നും ഓർക്കേണ്ടതുണ്ട്.

1849 മുതൽ രണ്ടുമൂന്നു വർഷം തുടർച്ചയായി പൊട്ടിപുറപ്പെട്ട കലാപങ്ങളിൽ അനവധി മാപ്പിളകർഷകർ വധിക്കപ്പെട്ടിരുന്നുവല്ലോ. സമുദായമാകെ അരക്ഷിതാവസ്ഥയിൽ വേപഥു കൊള്ളുന്ന അവസരത്തിൽ സ്ഥലത്തെ ഭൂവുടമകളും സവർണമേധാവികളും തങ്ങളുടെ താൽപര്യസംരക്ഷണത്തിന് വളഞ്ഞ മാർഗ്ഗങ്ങളാണ് ദുരുപയോഗപ്പെടുത്തിയതെന്ന് കാണാം. കത്തുന്ന തീയ്യിൽ എണ്ണ ഒഴിക്കുന്നതിന് സമം നീതി നിഷേധിക്കപ്പെട്ട മാപ്പിളമാരെ കൂടുതൽ മർദ്ദിച്ചൊതുക്കുവാനുള്ള ഉപായങ്ങളാണവർ ആലോചിച്ചത്. കുളത്തൂർ രക്തച്ചൊരിച്ചിൽ നടക്കുന്നതിന് അല്പദിവസങ്ങൾക്ക് മുമ്പ് ചേരനാട്, ഏറനാട്, വള്ളുവനാട്, എന്നിവിടങ്ങളിലെ ഹൈന്ദവ ജൻമികളായ 29 പേർ കോഴിക്കോട് സാമൂതിരി മുഖേന കലക്ടർ കൊണോലിക്ക് ഒരു മെമ്മോറാണ്ടം നൽകുന്നു. 1851 ആഗസ്റ്റ് 21നായിരുന്നു ഇത്. അതിൽ അപേക്ഷിച്ചിരുന്നത് തങ്ങളുടെ മൂന്നു താലൂക്കുകളിൽ നിയമിതരായിട്ടുള്ള മാപ്പിളമാരെയെല്ലാം നീക്കം ചെയ്ത് പകരം ഹിന്ദുക്കളെ നിയമിക്കണമെന്നായിരുന്നു. ഇവിടങ്ങളിൽ ഇടക്കിടക്കുണ്ടായിക്കൊണ്ടിരിക്കുന്ന കലാപങ്ങളില്ലാതിരിക്കണമെങ്കിൽ എല്ലാ ഉദ്യോഗസ്ഥൻമാരും പോലീസ്കാരും ഹിന്ദുക്കളായിരിക്കണമെന്നുമാണ്.49. ഈ അപേക്ഷയിൻമേൽ അന്വേഷണംനടത്തിയ കലക്ടർ കൊണോലിക്ക് പോലും ബോദ്ധ്യമായത് കമ്പനി സർവ്വീസിൽ വളരെ കുറച്ച് മാപ്പിളമാർ മാത്രമേ നിയമിതരായിട്ടുള്ളൂവെന്നാണ്. അദ്ദേഹം നൽകുന്ന കണക്കനുസരിച്ച്, ചേരനാട്, ഏറനാട്, വള്ളുവനാട് താലൂക്കുകളിൽ 81 അധികാരികളാണുള്ളത്. ഇവരിൽ 22 മുസ്ലിംകളും 59 ഹിന്ദുക്കളുമാണ്. അതേസമയം വില്ലേജ് കച്ചേരികളിലുള്ള എല്ലാ എക്കൗണ്ടൻമാരും ഹിന്ദുക്കളാണ്. 142 വില്ലേജ് ശിപായിമാരുള്ളതിൽ 20 പേർ മാത്രമാണ് മുസ്ലിംകൾ.50. ഈ മൂന്നു താലൂക്കുകളിലും കൂടിയുള്ള ഹിന്ദുക്കളുടെ എണ്ണം 1,55,686ഉം മുസ്ലിം ജനസംഖ്യ 1,27,734 മാണ്. ജനസംഖ്യാ തോതനുസരിച്ച് മാപ്പിളമാരുടെ ഉദ്യോഗവിഹിതം തുലോം തുച്ഛമായിരിക്കുമ്പോൾ പെറ്റിഷനിൽ ആവശ്യപ്പെട്ട പ്രകാരം ഉള്ളവരെ കൂടി പിരിച്ച് വിടുന്നത് ഒന്നേകാൽ ലക്ഷത്തിൽപരം വരുന്ന വലിയ ഒരു വിഭാഗത്തെ കൂടുതൽ നിരാശപ്പെടുത്തുവാൻ കാരണമാക്കുമെന്നാണ് തന്റെ അഭിപ്രായമെന്ന് കൊണോലി എഴുതി.51. മറ്റൊരു പ്രധാന കാര്യം കൊണോലി ചൂണ്ടിക്കാണിച്ചിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. മാപ്പിളമാർ അധികാരികളായിട്ടുള്ള അംശങ്ങളിലൊന്നും അതുവരെ ഒറ്റ ലഹളയുമുണ്ടായിട്ടില്ലെന്നതാണത്.52. ഇതിൽ നിന്നും മനസ്സിലാക്കാവുന്നത് ഹിന്ദു അധികാരികളും മറ്റുള്ള ഉദ്യോഗസ്ഥൻമാരും ദുർമ്മോഹികളായ ഭൂവുടമകൾക്ക് കൂട്ടുനിന്നിരുന്നതിനാലാണ് അത്തരം അംശങ്ങളിൽ കള്ളക്കേസ്സുകളുണ്ടാക്കാനും കുടി ഒഴിപ്പിക്കാനും തുടർന്ന് കലാപത്തിന് കളമൊരുക്കുവാനും ഇടവന്നിരുന്നതെന്നാണല്ലോ. കമ്പനിയധികാരികൾ എത്തിച്ചേർന്ന നിഗമനം, പരാതിക്കാർ പറയുന്ന കുഴപ്പം ഇല്ലാതാക്കാൻ അവർ നിർദ്ദേശിച്ച ഉപാധികൾ സ്വീകരിക്കുകയാണെങ്കിൽ കുഴപ്പങ്ങൾ വർദ്ധമാനമാകുകയേ ഉള്ളൂവെന്നും നായൻമാർ മാത്രം ഉൾക്കൊള്ളുന്ന പോലീസ് സേനയെ രൂപീകരിക്കണമെന്ന ആവശ്യവും ഇത് പോലെ തന്നെ ദുരൂഹമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും തൻമൂലം പെറ്റിഷൻ പരിഗണനാർഹമല്ലന്നുമായിരുന്നു.53.

ഈ മെമ്മോറാണ്ടം സമർപ്പിച്ച് 10 ദിവസം തികയുന്നതിന് മുമ്പാണ് കുളത്തൂർ ലഹള ആരംഭിച്ചെന്നതും ഓർക്കേണ്ടതാണ്. കുളത്തൂർ ലഹളയിൽ ശഹീദായവരെ പ്രകീർത്തിച്ച് കൊണ്ടുള്ള മാപ്പിളപ്പാട്ടുകൾ പ്രചരിച്ചു. പതിവുപോലെ ഈ ഗാനവും നിരോധിക്കപ്പെട്ടു. ഇതിന് പ്രതികാരം ചെയ്യുവാൻ പലരും ആഗ്രഹിച്ച് ഒരുക്കങ്ങൾ ചെയ്തിരുന്നതായി ലോഗൻ പ്രസ്താവിക്കുന്നുണ്ട്. അദ്ദേഹമെഴുതിയിട്ടുള്ളത്, "കുളത്തൂർ കൂട്ടക്കൊലക്ക് പ്രതികാരം ചെയ്യാൻ വള്ളുവനാട് താലൂക്കിലെ നെൻമേനി അംശക്കാരായ ഒരു തോട്ടങ്ങൽ മമ്മതും വേറെ മൂന്ന് മാപ്പിളമാരും ഒരുക്ക് കൂട്ടുന്നതായി 1851 ഒക്ടോബർ 5ന് അധികൃതർക്ക് വിവരം കിട്ടി. സമയോചിതമായ കരുതൽ നടപടികൾകൊണ്ട് ഇത് തടയാൻ കഴിഞ്ഞു. കുളത്തൂർ 'രക്തസാക്ഷികളെ' ചൊല്ലി ഇരുമ്പുളി അംശത്തിലെ

അധികൃതർക്ക് വിവരം കിട്ടി. സമയോചിതമായ കരുതൽ നടപടികൾകൊണ്ട് ഇത് തടയാൻ കഴിഞ്ഞു. കുളത്തൂർ 'രക്തസാക്ഷികളെ' ചൊല്ലി ഇരുമ്പുളി അംശത്തിലെ മാപ്പിളമാർ ലഹളയ്ക്ക് ഒരുങ്ങുന്നതായി 1851 ഒക്ടോബർ 27ന് ഏറനാട്ടെ പോലീസ് അധികാരികൾ അറിഞ്ഞു. അതും തടയപ്പെട്ടു. എന്നാൽ ചെറിയോട്ട് മായനും വേറെ ഏട്ടു പേരും ചേർന്ന് കോട്ടയം താലൂക്കിലെ പ്രമുഖ ഹിന്ദു ജൻമിയായ കളത്തിൽ കേശവൻതങ്ങളെ വധിക്കാൻ ഒരുക്കു കൂട്ടിയിട്ടുണ്ടെന്ന് 1851 നവമ്പർ 9ാം തിയ്യതി ലഭിച്ച വാർത്ത തക്കതായ തെളിവില്ലെന്ന് കണ്ട തഹസിൽദാർ മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തില്ല. അതുകൊണ്ട് അക്രമികൾക്ക് അവരുടെ പരിപാടി നടപ്പിലാക്കുവാൻ കഴിഞ്ഞു," എന്നാകുന്നു.54.

അങ്ങനെ 1852 ജനുവരി നാലിന് രാത്രി ചെറിയോട്ട് മായന്റെ നേതൃത്വത്തിൽ 15 പേരടങ്ങുന്ന ഒരു സംഘം കോട്ടയം താലൂക്കിൽ മട്ടന്നൂർ അംശത്തിലെ പ്രധാന ജൻമിയായ കളത്തിൽ കേശവൻ തങ്ങളുടെ വീട് ആക്രമിച്ച് അവിടെ ഉണ്ടായിരുന്ന എല്ലാവരേയും നിർദ്ദയം വധിച്ച് വീടിന് തീകൊളുത്തി. 18 പേരാണവിടെ ഉണ്ടായിരുന്നത്. അതിൽ നമ്പൂതിരിമാർ 6ഉം അന്തർജനം 5ഉം ഒരു കുട്ടിയും കൂടി കേശവൻ തങ്ങളുടെ കുടുംബാംഗങ്ങൾ 12 പേർ ഉൾപ്പെടുന്നു. വീട്ടിൽ ഉണ്ടായിരുന്ന രണ്ട് പട്ടൻമാരും സാമാന്യം ഭേദപ്പെട്ട ഒരു നായരും മൂന്ന് അടിമകളും കൂടി വധിക്കപ്പെട്ടു.55. ഇതിന് മുമ്പുണ്ടായിട്ടുള്ള കലാപങ്ങളിൽ നിന്നും ഇത് ഒന്നിൽ കൂടുതൽ കാരണങ്ങളാൽ വ്യത്യസ്തമാണ്. മാപ്പിളമാരുടെ കലാപം വടക്കേ മലബാറിൽ ഇത് ആദ്യത്തേതായിരുന്നു. മഞ്ചേരി, കുളത്തൂർ, തുടങ്ങിയിടത്തെല്ലാം തങ്ങളുടെ പ്രധാന ശത്രുവിനെ തെരഞ്ഞ് പിടിച്ച് ഹിംസിക്കുകയായിരുന്നു പതിവ്. സ്ത്രീകളേയും കുട്ടികളേയും ഒരിടത്തും ഉപദ്രവിച്ചിരുന്നുമില്ല. ഇവിടെ ഇതിനൊക്കെ വ്യത്യാസം വന്നതിന് പ്രത്യേക കാരണം പറയാൻ കാണുന്നില്ല. ഇതിന് പുറമേ കലാപകാരികൾ നാടൻ സൈന്യത്തിന്റെ വെട്ടും വെടിയും കൊണ്ട് മരണപ്പെടുന്നതും ഇതാദ്യമായിട്ടാണ്. ഇവിടെ നിന്നും പ്രഭാതത്തോടു കൂടി ഇവരത്രയും നീങ്ങിയത് അടുത്തുള്ള മറ്റൊരു നമ്പൂതിരി മനയിലേക്കാണ്. വീട്ടുടമ തലശ്ശേരിയിലായിരുന്നു. അവിടേയും ആക്രമണമുണ്ടാകുമെന്ന് ന്യായമായും ഊഹിച്ച നമ്പൂതിരിയുടെ കാര്യസ്ഥൻ കുടുംബാംഗങ്ങളെയെല്ലാം കാട്ടിൽ ഒളിപ്പിച്ച് എട്ടൊമ്പത് സേവകരോടൊപ്പം സായുധരായി തയ്യാറെടുത്ത് വീടിന് കാവൽ നിന്നു. കലാപകാരികൾ എത്തിയതോടെ അവരുമായി സംഘട്ടനത്തിന് തയ്യാറായി നിറയൊഴിച്ചു. കലാപസംഘത്തിലെ രണ്ടുപേരെ കൊല്ലാൻ സാധിച്ചെങ്കിലും കലാപകാരികളുടെ ഇരമ്പിക്കയറ്റം കണ്ട് വീടുപേക്ഷിച്ച് അവരത്രയും പ്രാണനും കൊണ്ടോടിയൊളിച്ചു. ഇതിനിടിയൽ അവരിൽ ഒന്നു രണ്ടു പേർ കൊല്ലപ്പെട്ടിരുന്നു. കലാപകാരികൾ അവിടെയുണ്ടായിരുന്ന ആയുധങ്ങളത്രയും നശിപ്പിച്ച ശേഷം വീട് അഗ്നിക്കിരയാക്കി. ഈ സംഭവങ്ങൾ നാട്ടിൽ പരിഭ്രാന്തി പരത്തി. പഴശ്ശി രാജയുടെ പാർപ്പ് കാരണം പഴശ്ശികോവിലകത്തേയും കാവശ്ശേരി കോവിലകത്തെയും രാജകുടുംബാംഗങ്ങളത്രയും വീടൊഴിഞ്ഞ് അഭയകേന്ദ്രങ്ങളിലേക്കു നീങ്ങി. ഇത് മനസ്സിലാക്കിയ കലാപ സംഘം പഴശ്ശി കോവിലകത്തും പ്രവേശിച്ച് അവിടെ നിലയുറപ്പിച്ചു.

ഇത്രയും കഴിഞ്ഞതിന് ശേഷമാണ് അധികാരികൾ ഈ സംഭവങ്ങൾ മനസ്സിലാക്കുന്നത്. തലശ്ശേരി സെഷൻസ് ജഡ്ജി തന്റെ നാസീറിനെ അയാളുടെ കീഴിലുള്ള പോലീസ് സേനയുമായി മട്ടന്നൂർ തഹസിൽദാരുടെ സംഘവുമായൊന്നിച്ച് കലാപകാരികളെ നേരിടുവാനാവശ്യപ്പെട്ട് ഉടനെ പറഞ്ഞയച്ചു. പഴശ്ശി കൊട്ടാരത്തിനടുത്തെത്തിയപ്പോൾ കലാപകാരികളോട് അവരെന്തിനാണ് ഇതിനൊന്നരുമ്പിട്ടതെന്ന് നാസീർ ചോദിച്ചതിന് അവർ നൽകിയ ഉത്തരം ഇതായിരുന്നു. "നമ്പൂതിരിയേയും കുടുംബാംഗങ്ങളേയും കൊല്ലുവാൻ കാരണം ഈ ജൻമി കൊടിയ ദ്രോഹിയായിരുന്നെന്നും തങ്ങളെ എല്ലാവിധ ഉപദ്രവവും ചെയ്തിട്ടുള്ള ആളായതിനാലും ആണെന്നായിരുന്നു. ഇതിന് പുറമേ ഒരു പള്ളി പണിയാൻ നടത്തിയ ശ്രമം ഇദ്ദേഹമാണ് തടസ്സപ്പെടുത്തിയത്. തങ്ങളോട് കാണിച്ച അനീതിക്കെതിരായി പടവെട്ടി മരിക്കാൻ ഉറച്ചിരിക്കയാണെന്നും ഇംഗ്ലീഷ് പട്ടാളത്തിന്റെ വരവും കാത്ത് തങ്ങളിവിടെ കാത്തിരിക്കുകയാണെന്നും അവർ പറഞ്ഞു. 56. തുടർന്ന് ഇരുകൂട്ടരും അല്പസമയം അന്യോന്യം നിറ യൊഴിച്ചെങ്കിലും പോലീസ് സൈന്യത്തിന്റെ മനോവീര്യം നശിച്ചത് മൂലം അവർ ഭയപ്പെട്ട്, യൂറോപ്യൻ സൈന്യത്തിന്റെ വരവും പ്രതീക്ഷിച്ച് പിൻവാങ്ങുകയാണുണ്ടായത്.

ജനുവരി 7-ാം തിയ്യതി കലക്ടർ കൊണോലിയുടെ കൂടെ മേജർ ഹോഡ്ഗ്സന്റെ കീഴിൽ കണ്ണൂരിൽ നിന്നുള്ള ഒരു സേന മട്ടന്നൂരിലേക്ക് പുറപ്പെട്ടു. പഴശ്ശി കോവിലകത്ത് എത്തിയപ്പോൾ കലാപകാരികൾ അവിടം ഒഴിഞ്ഞു പോയിരിക്കുന്നതായി കണ്ടു. നമ്പൂതിരിയുടെ സേവകരുമായുണ്ടായ സംഘട്ടനത്തിൽ മരിച്ച തങ്ങളുടെ കൂട്ടുകാരുടെ മൃതദേഹം മറവ് ചെയ്ത ശേഷം തങ്ങൾ അടുത്തുള്ള പള്ളയിലുണ്ടായിരിക്കുമെന്നും അവിടെ വന്നാൽ എതിരിടാൻ തയ്യാറാണെന്നും അവർ പഴശ്ശി കൊട്ടാരത്തിൽ എഴുതിവെച്ചിരുന്നു. ഇതിനിടയിൽ തങ്ങൾക്കെതിരെ കള്ളക്കേസിൽ സാക്ഷി പറയൽ തൊഴിലാക്കിയിരുന്ന ഒരു നായരെ യാദൃശ്ചികമായി കയ്യിൽ കിട്ടിയപ്പോൾ വകവരുത്തുകയും ചെയ്തു. ഇതിന് ശേഷം അവർ മറ്റൊരു മർദ്ദക വീരനായ കുിയാട്ട് അനന്തൻ എന്ന ജൻമിയോടുള്ള പക തീർക്കാനുറച്ച് അവിടേക്ക് പുറപ്പെട്ടു. ഇദ്ദേഹം

വളരെയധികം കേസ്സുകൾ മാപ്പിളകർഷകർക്കെതിരായി കൊടുത്ത് അവരെ സ്ഥലങ്ങളിൽ നിന്നും ഒഴിപ്പിച്ചിരുന്നു. തൻമൂലം ഇരിക്കൂരിലേയും പരിസരങ്ങളിലേയും ധാരാളം മാപ്പിളമാർക്ക് ഈ ജൻമിയോട് അതിയായ വിദ്വേഷം ഉണ്ടായിരുന്നതിനാലാണ് ഇവർ അവിടേക്ക് തിരിഞ്ഞത്. ഇവരുടെ വരവ് പ്രതീക്ഷിച്ചിരുന്ന കുല്ലിയാട്ട് അനന്തൻ സ്ത്രീകളേയും കുട്ടികളേയും സുരക്ഷിതകേന്ദ്രങ്ങളിലാക്കി ആയുധപ്രയോഗം നിശ്ചയമുള്ള 200 പേരുമായി വീടിന് കാവൽ നിന്നു. കലാപകാരികളുടെ ഇരമ്പിക്കയറ്റം കണ്ടപാടെ അനന്തൻ മറ്റുള്ളവരെ കാവലാക്കി സ്വയം രക്ഷപ്പെട്ടു. കലാപകാരികൾ യാതൊരു മടിയുമില്ലാതെ ഈ ശക്തികേന്ദ്രത്തിലേക്ക് ഇരച്ചുകയറി. തുടർന്ന് നടന്ന സംഘട്ടനത്തിൽ കലാപകാരികളിൽ 11 പേർ കൊല്ലപ്പെടുകയും രണ്ടുപേർ അപായകരമായ മുറിവുകളോട് കൂടി പിടിക്കപ്പെടുകയും ചെയ്തു. ഇതിൽ ഒരാൾ മരിക്കുന്നതിന് മുമ്പ് പറഞ്ഞത് ഈ ജൻമി വളരെപ്പേരെ നിരാധാരരാക്കിയിട്ടുണ്ടെന്നും ഒരു പള്ളിക്കുള്ള സ്ഥലത്തിൻെറ കാര്യത്തിൽ വഞ്ചന നടത്തിയെന്നുമാണ്. അപരനും ഇതേ കാരണം തന്നെയാണ് മരണമൊഴിയിൽ നൽകിയത്.57. ഇരുവരും കുറച്ച് സമയമേ ജീവിച്ചിരുന്നുള്ളൂ.

കൊണോലിയും മലബാറിലെ മറ്റുള്ള ഉദ്യോഗസ്ഥൻമാരും ഏകോപിതമായി അഭിപ്രായപ്പെട്ടിട്ടുള്ളത് മറ്റുള്ള കലാപങ്ങളെ അപേക്ഷിച്ച് ഇത് അരങ്ങേറുവാൻ പുറത്തുനിന്നുള്ള ശക്തമായ പ്രേരണ ഉണ്ടായിരുന്നുവെന്നാണ്. ഈ സംഭവത്തിന് മുമ്പ് ഈ കലാപകാരികളെല്ലാം തിരൂരങ്ങാടിയിൽ പോയി, അബു ഫസൽ പൂക്കോയ തങ്ങളുടെ അനുഗ്രഹം വാങ്ങി തിരിച്ച് വന്നിരുന്നതിനാൽ തങ്ങൾക്ക് പരോക്ഷമായി ഈ ലഹളയിലും പങ്കുണ്ടെന്നായിരുന്നു ഇംഗ്ലീഷ് പക്ഷം. കുല്ലിയാട്ട് അനന്തനെന്ന ജൻമിയുമായി അവിടത്തെ കൊട്ടാല അവോല എന്ന മാപ്പിളപ്രമാണി വിരോധത്തിലായിരുന്നു. അദ്ദേഹത്തിൻെറ പ്രേരണ ഇതിൻെറ പിന്നിലുണ്ടെന്ന സംശയത്തിൽ അയാളെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. തിരൂരങ്ങാടിയിലേക്ക് ലഹളക്കാരെ പണം കൊടുത്ത് പറഞ്ഞയച്ചത് ഇദ്ദേഹമായിരിക്കുമെന്നും ഇവർ ഊഹിക്കാതിരുന്നില്ല. ഏതായാലും ഇംഗ്ലീഷ് പട്ടാളമെത്തുമ്പോഴേക്കും കുല്ലിയാട്ട് അനന്തൻെറ ആശ്രിതരുമായുണ്ടായ ഏറ്റുമുട്ടലിൽ ലഹളക്കാരെല്ലാം മരണമടഞ്ഞിരുന്നു.

അനന്തനും അദ്ദേഹത്തിൻെറ സഹോദരനും സ്ഥലത്തെ അധികാരിയുമായിരുന്ന കണാരനും ലഹളക്കാരുടെ വരവ് കണ്ടപ്പോൾ വീട്ടിൽ നിന്നും സുരക്ഷാകേന്ദ്രം തേടി രക്ഷപ്പെട്ടു. അനന്തൻ സ്ഥലത്തെ പ്രധാനിയായിരുന്നതുകൊണ്ടും ലഹള ക്കാരുടെ ഹിറ്റ്ലിസ്റ്റിൽ താനും ഉൾപ്പെടുന്നുണ്ടെന്ന് മനസ്സി ലാക്കിയതിനാലും കിട്ടാവുന്ന എല്ലാ സന്നാഹങ്ങളും സ്വരു ക്കൂട്ടിയിരുന്നു. വീടിൻെറ തൊടിയിലും പറമ്പിലു മൊക്കെയായി 200ൽപരം ആയുധധാരികൾ പതുങ്ങി യിരുന്നു. കലാപകാരികളെ നേരിടാൻ ആയുധപരിശീലനം നേടിയിട്ടുള്ളവരെയാണ് തയ്യാറാക്കി നിർത്തിയിരുന്നത്. അനന്തൻെറ മകൻ കുഞ്ഞേരി ചാത്തുവും അനന്തൻെറ മൂത്ത സഹോദരൻെറ മകൻ മുണ്ടയാടൻ നാമ്പറും ആണ് രക്ഷാസംഘത്തിന് നേതൃത്വം കൊടുത്തത്. തോക്ക്, കുന്തം, പടവാൾ തുടങ്ങിയ ആയുധങ്ങളോടു കൂടി തയ്യാറായി നിന്നവർ താഴെ പറയുന്നവരാണ്.

1.തെക്കൻ ചന്തൂട്ടി, 2. തട്ടാൻ കണ്ണൻ, 3. നെല്ലിപ്പുള്ളി തെനൻ, 4. പടപൻ ധെർമൻ, 5. വണ്ണാട്ടൻ അമ്പു, 6.കുഞ്ഞുണ്ണിവീട്ടിൽ കണ്ണൻ, 7. കറകുന്നുമ്മെൽ ചന്തു, 8.വെള്ളോവ കോമൻ, 9. അംശം കോൽക്കാരായ മാവിള്ള കമാരൻ, 10. വക്കാടൻ നമ്പി, 11. മണ്ണുതാനത്ത കോരൻ, 12. പാലേക്കൽ കോരൻ, 13. കുടിപ്പാടി കോരൻ.58. ഇക്കാര്യം ഇത്രയും വിശദീകരിക്കുവാൻ ശ്രമിച്ചത് കമ്പനിയധികാരികളുടെ ക്രമസമാധാനപരിപാലനത്തിൻെറ ശരിയായ രൂപം വെളിപ്പെടുത്തുന്ന സംഭവമാണിതെന്നതിനാലാണ്. ഹൈന്ദവ ജൻമികൾക്ക് എന്ത് ആഭാസവും ആക്രമണവും നടത്തുവാനും എത്ര സായുധസംഘത്തേയും നിലനിർത്തുവാനും സർവ്വസ്വാതന്ത്ര്യവും നൽകിയിരുന്നുവെന്ന് വ്യക്തം. മുൻകൂട്ടി തയ്യാറെടുപ്പ് നടത്തി കുറ്റകൃത്യം ചെയ്യുമെന്ന ഊഹത്തിൽ 15 പേരെ വധിച്ചത് സംബന്ധമായി ആർക്കെതിരേയും അന്വേഷണമോ, നടപടിയോ എടുത്തതായി കാണുന്നില്ല. തങ്ങൾ ചെയ്യാനുദ്ദേശിച്ചുവന്ന ജോലി മറ്റുള്ളവർ ചെയ്തതിലുള്ള സംതൃപ്തിയാണ് കമ്പനിയധികൃതർക്കുണ്ടായത്. കമ്പനി ഭരണത്തിൻ കീഴിൽ മലബാറിലെ ക്രമസമാധാന നില എത്രമാത്രം അപഹാസ്യമാംവണ്ണം താറുമാറിയരുന്നുവെന്ന് ഇത് വിളിച്ചോതുന്നുണ്ട്. അതേസമയം ഈ കൂട്ടക്കൊലക്ക് നേതൃത്വം കൊടുത്ത മുണ്ടയാടൻ നാമ്പറിനും കന്നേരി ചാത്തുവിനും 250 രൂപ വീതം പാരിതോഷികം നൽകുക കൂടി ചെയ്തു. ഇവരുടെ കീഴിൽ അണിനിരന്നവരും നടെ എഴുതിയിട്ടുള്ളവരുമായവരിൽ ആദ്യത്തെ 7 പേർക്ക് 35 രൂപ വീതവും മറ്റുള്ള 6 പേർക്ക് പതിനേഴര രൂപ വീതവും സമ്മാനമായി നൽകുവാനാണ് ആക്ടിങ്ങ് ജോയിൻറ് മജിസ്ട്രേട്ട് ഡബ്ലിയു. റോബിൻസൺ ശുപാർശ ചെയ്തിരുന്നത്.59. ഈ തുക കുറവായിപ്പോയെന്നും സംഘത്തിന് നേതൃത്വം കൊടുത്ത നാമ്പറിനും ചാത്തുവിനും 250 രൂപയ്ക്ക് പുറമെ അത്രയും തുകയുടെ ഓരോ ബ്രെയ്സ്ലറ്റ് കൂടി നൽകുവാനും ബാക്കിയുള്ളവർക്കെല്ലാം 50 രൂപ വീതം സമ്മാനിക്കുവാനാണ് ജുഡീഷ്യൽ ഡിപ്പാർട്ടുമെൻറ് എടുത്ത അന്തിമതീരുമാനം.60. അങ്ങനെ ഹൈന്ദവ ദുഷ്പ്രഭുത്വത്തിന് മുസ്ലിംകളെ നശിപ്പിക്കുന്നതിന് വേണ്ടിയുള്ള സകല വിധ പിൻതുണയും പ്രോത്സാഹനവും ഇവർ അറിഞ്ഞുകൊണ്ട് നൽകിപ്പോരികയും ചെയ്തു.

ഈ ലഹളയിൽ മരണമടഞ്ഞവരുടെ പേരാണ് താഴെ എഴുതുന്നത്.

1. മട്ടനൂർ, ചുരിയോത്ത് മായൻ

2. മട്ടനൂർ, ചുരിയോത്ത് സീതി അമ്മദ്

3. മട്ടനൂർ, ചുരിയോത്ത് മൊയ്തീൻ കുട്ടി

4. മട്ടനൂർ, തായിൽകുട്ടി അമ്മദ്

5. മട്ടനൂർ, കോവിൽ കുഞ്ഞിപാണി

6. മട്ടനൂർ, വായിൽ പാണി

7. മട്ടനൂർ, കണ്ണിയൻ പക്രു

8. മട്ടനൂർ, കല്ലൂർകല്ലിൽ പോക്കർ

9. മട്ടനൂർ, കല്ലൂർകല്ലിൽ വയലിൽ മായൻ

10. വർത്തിയോട് കുട്ട്യാലി

11. ചുരിയോത്ത് കമാലി

12. അക്കരമേൽ കുഞ്ഞായൻ

13. പല്ലക്കൽ മൊയ്തീൻകുട്ടി

14. പല്ലക്കൽ കുട്ടിമൂസ

15. തൈക്കണ്ടി ആലിക്കുട്ടി.61

മരണപ്പെട്ടവർക്ക് പുറമെ ലഹളയ്ക്ക് പ്രത്യക്ഷമായും പരോക്ഷമായും പ്രേരണ നൽകിയെന്ന സംശയത്തിൻമേൽ ശിക്ഷിക്കപ്പെട്ടവരും നല്ല നടപ്പിന് ജാമ്യം നൽകേണ്ടിവന്നവരും അനവധിയുണ്ട്. മൂന്ന് വർഷത്തേക്ക് ഈ രണ്ട് പേർ വീതം വലിയ തുക ജാമ്യമായി കെട്ടിവെക്കേണ്ടതായി വന്ന നല്ല നടപ്പിന് ശിക്ഷിക്കപ്പെട്ടവർ താഴെ പറയുന്നവരാണ്.

1. വെങ്ങാട് ഒന്നാം ഖാസി അമോത്തി - 2000 ക വീതം രണ്ടാൾ

2. വെങ്ങാട് രണ്ടാം ഖാസി - 1500 ക വീതം

3. പോക്കർകുട്ടി മൊയിലിയാർ - 500 ക വീതം

4. ചൂര്യോട്ട് കുടുംബത്തലവൻ ചൂര്യോട്ട്കമാല - 200 ക വീതം രണ്ടാൾ ജാമ്യവും 1000 കയുടെ കൈച്ചിട്ടും.

5. പല്ലോട്ട് പള്ളി മുക്രി സിമ്മാമു - 1000 ക വീതം

6. വയലിൽ പീടികയിൽ കുഞ്ഞമ്മദ് - 200 ക വീതം

7. കച്ചേരി പാറക്കൽ കുട്ടൂസ - 400 ക വീതം

8. കോവിൽ കുഞ്ഞാലി - 200 ക വീതം

9. മൂർക്കഞ്ചേരി സേവു - 2000 ക വീതം

10. വെള്ളാപിള്ളകത്തഹസ്സൻകുട്ടി -5000 ക വീതം രണ്ടാൾ ജാമ്യവും 2500 കയുടെ കൈച്ചിട്ടും.

ലഹള നടക്കുന്നതിന് ഒന്ന് രണ്ട് മാസങ്ങൾക്ക് മുമ്പ് ഇവരിൽ പലരും പ്രസിദ്ധമായ തിരൂരങ്ങാടിയിൽ പോയി അബ്ദുൽ ഫസൽ തങ്ങളെ സന്ദർശിച്ചിരുന്നുവെന്നും അവിടത്തെ ആശിർവാദം വാങ്ങി തിരിച്ചെത്തിയശേഷമാണ് ലഹളയ്ക്കുള്ള സന്നാഹങ്ങൾ കൂട്ടിയിരുന്നതെന്നുമാണ് തഹസിൽദാർ മുതൽ കളക്ടർ വരെയുള്ള ഉദ്യോഗസ്ഥന്മാർ ഉറപ്പിച്ച് പറഞ്ഞിട്ടുള്ളത്. 1845ൽ അബ്ദുൽ ഫസൽ പൂക്കോയ തങ്ങൾ അറേബിയയിൽ നിന്നും മടങ്ങിവന്നതിന് ശേഷം നടന്നിട്ടുള്ള ലഹളകളിൽ എല്ലാം തന്നെ അദ്ദേഹത്തിന്റെ പരോക്ഷമായ പിന്തുണ ഉണ്ടായി രുന്നുവെന്ന് സാഹചര്യതെളിവുകളുടെ അടിസ്ഥാനത്തിൽ കളക്ടർ ജുഡീഷ്യൽ ഡിപ്പാർട്ടുമെന്റിനെഴുതുന്ന സുദീർഘ മായ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നുണ്ട്. അതിനാൽ ഏത് വിധേനയെങ്കിലും തങ്ങളെയും കുടുംബത്തെയും മലബാറിൽ നിന്നും ഒഴിവാക്കേണ്ടത് അനിവാര്യമായിരിക്കുന്നുവെന്നും അദ്ദേഹം ആവർത്തിച്ചെഴുതി.62. പക്ഷേ അത് അത്ര എളുപ്പ മല്ലെന്നും വലിയ ഒരു സംഘട്ടനത്തിനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്ത ശേഷമേ തങ്ങളെ അറസ്റ്റ് ചെയ്യുവാനും നാടു കടത്തുവാനും സാധിക്കുകയുള്ളുവെന്നും തൻമൂലം, അതിന് മുമ്പായി ജില്ലയിൽ പൂർണ്ണമായ നിരായുധീകരണം നടത്തണമെന്നും അദ്ദേഹം മേലധികാരികളെ അറിയിച്ചു. അതിന് പുറമേ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി അദ്ദേഹം ചില നിർദ്ദേശങ്ങളും ജുഡീഷ്യൽ സെക്രട്ടറിയുടെ മുമ്പിൽ അവതരിപ്പിച്ചിരുന്നു. ജനങ്ങളെ നിരായുധീകരിക്കുക, ലഹള നടക്കുന്ന സ്ഥലങ്ങളിൽ മാപ്പിളമാരുടെമേൽ കൂട്ടപ്പിഴ ചുമത്തുക, അബ്ദുൽ ഫസൽ പൂക്കോയ തങ്ങളെ നാട് കടത്തുക, ലഹളയിൽ ഉൾപ്പെടുന്നവരുടെയെല്ലാം മുഴുവൻ സ്വത്തും കണ്ടുകെട്ടുക, സംശയമുള്ള ആളുകളെ നാട് കടത്തുക എന്നിവയാ യിരുന്നു.63. കൊണോലി മുന്നോട്ടു വെച്ച നിർദ്ദേശങ്ങളോടൊപ്പം ഇവയുടെ ആവശ്യകത, ഫലവത്തായി ഇവ നടപ്പാക്കാനുള്ള പോംവഴികൾ, ഭാവിയിൽ കലാപങ്ങൾ ഒഴിവാക്കുവാനുള്ള മാർഗ്ഗങ്ങൾ, തുടങ്ങിയവ സമഗ്രമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയമിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

ജില്ലാ കലക്ടറും മജിസ്ട്രേട്ടുമായ കൊണോലിയുടെ അഭ്യർത്ഥന അംഗീകരിച്ച് കൊണ്ട് പ്യൂണി ജഡ്ജിയായി പ്രവർത്തിച്ചിരുന്ന തോമസ് എൽ. സ്ട്രെഞ്ചിനെ സ്പെഷൽ കമ്മീഷണറായി നിയമിച്ച് കൊണ്ട് മദ്രാസ് ഗവർമ്മേണ്ട് കല്പനയിറക്കി.64. ഈ നിയമനം പ്രാബല്യത്തിൽ വന്നത് 1852 ഫെബ്രുവരി17-ാം തീയതിയായിരുന്നു. സ്ട്രെഞ്ചിന്റെ അന്വേഷണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ നിയമന ഉത്തരവോടു കൂടി നൽകിയിരുന്നു. അവ ഇങ്ങനെ തുടങ്ങുന്നു. "സംസ്ഥാനത്തെ മാപ്പിളമാർ കുറെക്കാലമായി ഹിന്ദുക്കളെ ഏറ്റവും ഗർഹണീയമാം വിധം അപായപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. മാപ്പിളമാർ പട്ടാപ്പകൽ പോലും മാന്യൻമാരും ധനികരുമായ ഹിന്ദുക്കളെ ഹനിക്കുകയും അവരുടെ

വീടുകൾ അഗ്നിക്കിരയാക്കുകയും അവരെ കൊള്ളയടിക്കുകയും ചെയ്തുവരുന്നു. ഇതൊക്കെ ചെയ്ത ശേഷം പോലീസിൻെറയോ, പട്ടാളത്തിൻെറയോ മുമ്പിലേക്കെടുത്തു ചാടി ആത്മാഹുതി നടത്തുകയും പതിവാണ്"65. ഇതിന് മുമ്പ് നടന്ന ഇത്തരം സംഭവങ്ങളുടെ കാരണങ്ങളെ ക്കുറിച്ചറിയുവാനും ഭാവിയിൽ ഇവ ആവർത്തിക്കാതി രിക്കുന്നതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും സ്ട്രെഞ്ചിനോടാവശ്യപ്പെട്ടിരുന്നു. ജൻമിയും കുടിയാനും എന്ന നിലയിൽ ഹിന്ദുക്കളും മാപ്പിളമാരും തമ്മിലുള്ള കാർഷികപ്രശ്നങ്ങൾ ഇതുവരെ നടന്ന ലഹളകളിൽ എത്ര ത്തോളം ഹേതുവായിട്ടുണ്ടെന്ന് പ്രത്യേകം അന്വേഷണത്തിന് വിധേയമാക്കുവാനും ജൻമി കുടിയാൻ ബന്ധത്തിൽ നിലവിലുള്ള വ്യവസ്ഥകളിൽ മാറ്റമാവശ്യമാണെങ്കിൽ അത് എങ്ങിനെ, എത്രത്തോളം എന്നൊക്കെയുള്ളവ നിർദ്ദേ ശിക്കാനും കല്പിച്ചിരുന്നു.66. അതുപോലെ സ്ഥിതിഗതികൾ നേരിടാൻ ജില്ലാ അധികാരികൾ കൈക്കൊണ്ട നടപടികളിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അവ എതൊക്കെയാണെന്ന് ചൂണ്ടിക്കാണിക്കുവാനും ക്രമസമാധാനം പരിപാലിക്കുവാൻ കൂടുതൽ അധികാരങ്ങൾ ജില്ലാ ഭരണാധികാരികൾക്ക് നൽകേണ്ട കാര്യമുണ്ടോ എന്ന് വെളിപ്പെടുത്തുവാനും കല്പനയിൽ സ്ട്രെഞ്ചിനോട് ആവശ്യപ്പെട്ടു. ഇവയേക്കാളൊക്കെ സൂക്ഷ്മമായും സമ്പൂർണ്ണമായും നിരീക്ഷിക്കേണ്ട രണ്ട് കാര്യങ്ങൾ എടുത്ത് പറയുന്നുണ്ട്. അടിയന്തിരമായ ന്വേഷിക്കേണ്ട ആദ്യത്തെ കാര്യം തിരൂരങ്ങാടി തങ്ങളെ ഏത് വിധേന കൈകാര്യം ചെയ്യാമെന്നതാണ്. അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് വിചാരണ നടത്തി ശിക്ഷിക്കുകയോ, സമാ ധാന ദൗത്യം മുഖാന്തിരം നാടുവിട്ട് പോകാൻ പ്രേരിപ്പി ക്കുകയോ, ഏതാണ് കരണിയമെന്ന് തീരുമാനിക്കണം. ആദ്യത്തേതാണെങ്കിൽ തുടർന്നുണ്ടാകാവുന്ന കുഴപ്പങ്ങളെ വിജയകരമായി അടിച്ചമർത്താൻ ആവശ്യമായി വരുന്ന സൈനികബലം, മലബാറിലേയും തിരുവിതാംകൂറിലേയും മൈസൂറിലേയും സൈന്യങ്ങൾ ഒന്നിച്ചാൽ മതിയാകുമോ എന്നും നോക്കേണ്ടതുണ്ട്. തങ്ങളെ ബലപ്രയോഗം മൂലം പിടിക്കുന്നതിന് മുമ്പായി ജില്ലയെ പൂർണ്ണമായും നിരായുധീകരിക്കുന്നത് പ്രയോജനപ്പെടുമോ, അങ്ങിനെയാണ് തീരുമാനമെങ്കിൽ ഇത് ഫലവത്താക്കാനുള്ള മാർഗ്ഗം എന്തൊക്കെയാണ് എന്നും പരിശോധിച്ച് റിപ്പോർട്ട് നൽകണം. സ്ട്രെഞ്ചിൻെറ റിപ്പോർട്ട് കിട്ടിയതിന് ശേഷം മതി അബുൽ ഫസൽ പൂക്കോയ തങ്ങൾക്കെതിരായ നടപടി എടുക്കുന്നത്. അതിന് മുമ്പ് ഇത് അനിവാര്യമായി ജില്ലാ അധികൃതർക്ക് തോന്നുന്നുവെങ്കിൽ എല്ലാ മുൻകരുതലോടും കൂടി വേണം ഇതിന്നൊരുങ്ങാനെന്നും ബോർഡിൻെറ മിനുട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നത് സ്ട്രെഞ്ചിൻെറ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നു.67. രണ്ടാമതായി സ്ട്രെഞ്ചിൻെറ അതീവ ജാഗ്രത പതിയേണ്ടത്, "നായർ നമ്പൂതിരി വിഭാഗത്തിന് മാപ്പിളമാരിൽ നിന്നുള്ള ദ്രോഹം ഇല്ലാതാക്കുവാനുള്ള പോംവഴി ചൂണ്ടിക്കാണിക്കുകയും ഹിന്ദുക്കളായ ഇവർക്ക് സുരക്ഷിതത്വവും സംരക്ഷയും ലഭിക്കുമെന്നുറപ്പു വരുത്തുകയും ചെയ്യുന്നതിനുള്ള ഉപാധികൾ ആരായുക എന്നതാണ്. ഭാവിയിൽ മതഭ്രാന്തിളകി ഇതുവരെ ഉണ്ടായത് പോലുള്ള അതിക്രമങ്ങൾ ഇല്ലാതിരിക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുണ്ട്."68.

ടി.എൽ. സ്ട്രെഞ്ചിനെ സ്പെഷൽ കമ്മീഷ്ണറായി നിയമിച്ചുകൊണ്ടുള്ള ഉത്തരവ് ഇറങ്ങിയ അതേ ദിവസം **(1852 ഫെബ്രുവരി 17)** കൊണോലി, ഗവർമ്മേണ്ട് സെക്രട്ടറി പൈക്രോഫ്ട്ടിനെഴുതുന്ന കത്തിൽ പറയുന്നത്, "തിരൂരങ്ങാടിയിൽ ആയുധധാരികളായ 10000ത്തിനും 12000ത്തിനും ഇടയ്ക്ക് വരുന്ന മാപ്പിളമാർകഴിഞ്ഞ വെള്ളിയാഴ്ച ഒന്നിച്ച് കൂടി തങ്ങളുടെ ഉദ്ബോധനങ്ങൾ കേട്ട് മടങ്ങി" എന്നാണ്. "ഇവരിൽ ആയിരത്തോളം പേർ അന്നവിടെ തങ്ങിയിരുന്നു. എല്ലാത്തരം അഭ്യൂഹങ്ങളും നാട്ടിൽ പ്രചരിച്ചിട്ടുണ്ട്. തങ്ങളെ അറസ്റ്റ് ചെയ്യാൻ പോകുന്നുവെന്നാണ് പരക്കെ വിശ്വാസം. അതിൻെറ അസ്വാസ്ഥ്യം മാപ്പിളമാരിൽ പ്രകടമായികാണു ന്നുണ്ട്."69. ഇതിന് ഒരാഴ്ച മുമ്പ് ഫെബ്രുവരി 11-ാം തിയതി എടവണ്ണയിൽ ക്യാമ്പ് ചെയ്തുകൊണ്ട് കൊണോലി, ഗവർമ്മേണ്ട് സെക്രട്ടറി പൈക്രോഫ്ടിനെഴുതുന്ന കത്തിൽ തങ്ങളെ ഏതെങ്കിലും വിധത്തിൽ മലബാറിൽ നിന്നും നിഷ്ക്കാസനം ചെയ്തില്ലെങ്കിൽ ഇവിടത്തെ ക്രമസമാധാനം നിലനിർത്തുവാൻ അസാദ്ധ്യമാണെന്ന് ആവർത്തിച്ചിരുന്നു. തങ്ങൾക്കെതിരായി ആരോപിച്ചിരുന്ന കുറ്റങ്ങൾ നിരവധിയാണ്. 1841 മുതൽ 1852 വരെ നടന്നിട്ടുള്ള എല്ലാ ലഹളകളിലും പങ്കെടുത്തിരുന്നവർ അതിന് മുമ്പ് മമ്പ്രത്ത് ചെന്ന് തങ്ങളുടെ ആശീർവാദം വാങ്ങി പോന്നതിന് ശേഷമാണ് ഈ അതിക്രമങ്ങളത്രയും നടത്തിയിട്ടുള്ളതെന്നും തങ്ങളുടെ പ്രഭാഷണങ്ങൾ മുസ്ലിംകളെ സമരത്തിന് പ്രേരിപ്പിക്കത്തവിധം രാജ്യദ്രോഹപരമാണെന്നും അദ്ദേഹം എഴുതി.70. മട്ടന്നൂർ അരങ്ങേറിയ കൂട്ടക്കൊല നടത്തിയവർ ദൂരപ്രദേശമായ തിരൂരങ്ങാടി വരെ തീർത്ഥാടനം ചെയ്ത് തങ്ങളുടെ സമ്മതം ഈ നരഹത്യ നടത്തുവാൻ വാങ്ങിയിരിക്കണമെന്നാണ് പരിതസ്ഥിതി തെളിവുകൾ കൊണ്ട് മനസ്സിലാകുന്നത്. ഈ ലഹളയാകട്ടെ മറ്റുള്ളവയിൽ നിന്നും ഏറെ വ്യത്യസ്ഥവുമായിരുന്നു. 1843ൽ നടന്ന മൂന്നു ലഹളകളിൽ രണ്ടു പേരെ വീതമാണ് കൊലപ്പെടുത്തിയിരുന്നത്. 1849ലെ മഞ്ചേരി ലഹളയിൽ 5 പേരേയും 1851ലെ കൊളത്തൂർ സംഘട്ടനത്തൽ 6 പേരേയുമാണ് കൊന്നത്. എന്നാൽ ലഹളക്കാരിൽ 1843 ൽ 11 പേരും 1849ൽ 64 പേരും 1851ൽ 19 പേരുമാണ് പടവെട്ടി മരിച്ചവർ. നാടൻ പട്ടാളം 1849ലും 1851ലും കലാപകാരികളുമായേറ്റുമുട്ടി പരാജിതരായി പിൻതിരിഞ്ഞോടിയതിൻെറ ഫലമായി

യൂറോപ്യൻ സൈന്യത്തിൻെറ മുഴുവൻ കമ്പനിയോ, പകുതിപ്പേരോ എത്തിയാണ് ഇവരെയെല്ലാം വകവരുത്തിയത്. ഒറ്റയൊറ്റയായുണ്ടായ സംഘട്ടനങ്ങൾ കൂടാതെ തന്നെ 1841 മുതൽ 1851 വരെ എടുത്ത് പറയത്തക്ക 8 ലഹളകൾ നടന്നിരുന്നു. ഇവയിലെല്ലാം കൂടി 128 മാപ്പിളമാർ പട്ടാള നടപടിക്കിരയായി കൊല്ലപ്പെട്ടു. അവർ കൊന്നവരുടെ എണ്ണം 21 ആണ്. സർക്കാർപക്ഷത്ത് നേരിട്ട നഷ്ടം ഒരു യൂറോപ്യൻ ഓഫീസർ ഉൾപ്പെടെ 23 ആയിരുന്നു. പരിക്കുപറ്റിയ 34 പേരിൽ ഒരു ഓഫീസർ ഉൾപ്പെടുകയും ചെയ്തു. എന്നാൽ 1852 ജനുവരി നാലിനും എട്ടിനും ഇടക്ക് നടന്ന മട്ടന്നൂർ ലഹളയിൽ മാത്രം 21 പേരെ നിഷ്ക്കരുണം കൊന്നൊടുക്കി. ഇത് വരെ സ്ത്രീകളേയും കുട്ടികളേയും ഉപദ്രവിച്ചിരുന്നില്ല. അവിടെ അപ്പോഴുണ്ടായിരുന്ന എല്ലാവരേയും പ്രായഭേദമോ, ലിംഗഭേദമോ നോക്കാതെ വകവരുത്തുകയാണ് ചെയ്തത്. ഈ സംഖ്യ 1841നും 1851നും ഇടക്ക് നടന്ന 11 ലഹളകളിലെല്ലാം കൂടി മരണപ്പെട്ടവരുടേതിന് തുല്യവുമാണ്.71 ക്രമസമാധാനനില അമ്പേ പരാജയപ്പെട്ടു കൊണ്ടിരിക്കുന്നു. ഇതിന് പ്രധാന ഹേതു അബുൽ ഫസൽപൂക്കോയതങ്ങൾക്ക് മലബാറിലെ മുസ്ലിംകളുടെ മേലുള്ള അപ്രതിരോധ്യമായ സ്വാധീനശക്തിയാണെന്നും അദ്ദേഹത്തിൻെറ ഉപദേശവും കല്പനയും ജീവൻ ബലി കൊടുത്തും അനുസരിക്കുവാൻ മാപ്പിളമാർ തയ്യാറാണെന്ന തിനാലുമാണെന്നും ജില്ലാ മജിസ്ട്രേട്ട് വാദിച്ചു. അതിന് ഉദാഹരണമായി തങ്ങൾ അടുത്ത കാലത്ത് തൻെറ അനുയായികൾ അനുഷ്ഠിക്കുന്നതിനായിറക്കിയ ഫത്വ അദ്ദേഹം എടുത്തുദ്ധരിക്കുന്നുണ്ട്. നായരേയും നമ്പൂതിരിയേയും അഭിസംബോധന ചെയ്യുമ്പോൾ ബഹുമാന സൂചകമായി, 'അവിടുന്ന്', 'ഇവിടുന്ന്', തുടങ്ങിയ പദങ്ങൾ ഉപയോഗിക്കരുതെന്നും മറ്റുള്ളവരെ സംബോധന ചെയ്യുമ്പോൾ പറയുന്ന'താങ്കൾ', 'നിങ്ങൾ', എന്നിവ മതിയെന്നും കല്പിച്ചിരുന്നു. മറ്റൊരു നിർദ്ദേശം ഹിന്ദുക്കളുടെ വീട്ടിൽ നിന്നും നൽകുന്ന എച്ചിൽ ഭക്ഷണം കഴിക്കരുതെന്നാണ്. തീറ്റ കഴിഞ്ഞ് ബാക്കിയാകുന്നതോ, ഏതെങ്കിലും സദ്യയിൽ അവശേഷിക്കുന്നതോ ആയ ഭക്ഷണം പാവപ്പെട്ട മുസ്ലിംകൾ വാങ്ങികൊണ്ടു പോയി ഭക്ഷിക്കാറുണ്ടായിരുന്നു. ഈ പതിവ് അടിമമനോഭാവം വളർത്തുമെന്നതിനാലും ആവശ്യമില്ലാത്ത വിധേയത്വത്തിന് ഇടവരുത്തുമെന്നുതുകൊണ്ടുമാണ് നിഷ്ക്കർഷിച്ചിരുന്നതെന്ന് മനസ്സിലാക്കാവുന്നതേയുള്ളു. മറ്റൊരു നിർദ്ദേശം അദ്ദേഹം അനുയായികൾക്ക് നൽകിയത് മതപരമായ കർമ്മങ്ങളെല്ലാം കൃത്യമായനുഷ്ഠിക്കണമെന്നാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ പാടത്ത് പണിക്കിറങ്ങരുതെന്നും ശഠിച്ചിരുന്നു. ഇതിൻെറ ഫലമായി പല മാപ്പിളമാരും വെള്ളിയാഴ്ച ജോലിക്കിറങ്ങുന്ന നായർ തൊഴിലാളികളുടെ കലപ്പ തല്ലി തകർത്തിട്ടുണ്ട്. ഇങ്ങനെ മാപ്പിളമാരുടെ അലംഘനീയ നേതൃത്വം ഈ തങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. രാജ്യനീതിയ്ക്കും നിയമത്തിനും അതീതനാണെന്ന് അദ്ദേഹവും അതുപോലെ തന്നെ അനുയായികളും വിശ്വസിക്കുന്നു. ഇത്തരം സാഹചര്യത്തിൽ അദ്ദേഹം മലബാറിലുള്ള കാലത്തോളം സമാധാനം നിലനിർത്തുക അസാദ്ധ്യമാകും. അതുകൊണ്ട് എത്രയും വേഗം ഈ മനുഷ്യനെ ഇവിടെ നിന്നും പറഞ്ഞ് വിടാതെ യാതൊരു പോംവഴിയുമില്ല എന്നാണ് നിരവധി നിവേദനങ്ങളിലൂടെ ജില്ലാ കലക്ടറും മജിസ്ട്രേട്ടുമായ കൊണോലി ആവർത്തിച്ചാവർത്തിച്ചെഴുതിയിരുന്നത്.72.

പൂക്കോയ തങ്ങളെ നാടുകടത്തുവാനുള്ള ആലോചനകളും അത് സംബന്ധമായ എഴുത്തുകുത്തുകളും മദ്രാസ് ആർക്കൈവ്സിലെ ഒരു വലിയ ശേഖരം തന്നെയാണ്. നാട്ടിലെ പ്രമാണികളായ മുസ്ലിംകളുടേയും കമ്പനിയുടെ കീഴിൽ ജോലി ചെയ്യുന്നവരുടേയും അഭിപ്രായങ്ങൾ കൊണോലി ആരാഞ്ഞിരുന്നു. ഏറനാട്ടിലെ തഹസിൽദാരായിരുന്ന കുട്ടിമൂസയുമായി നടത്തിയ ചർച്ചയിൽ കൊണോലിക്ക് ബോദ്ധ്യമായത് ബലം പ്രയോഗിച്ച് 'തങ്ങളെ ഒതുക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ ചുരുങ്ങിയത് 5000 മാപ്പിളമാരെയെങ്കിലും കൊന്നൊടുക്കേണ്ടതായി വരുമെന്നാണ്.' ഈ സംഖ്യ വർദ്ധിക്കുവാനേ സാദ്ധ്യതയുള്ളുതാനും, അത്കൊണ്ട് എല്ലാവിധ സൈനിക സജ്ജീകരണങ്ങളും ഒരുക്കുന്നതോടൊപ്പം സ്വാധീനശക്തിയുള്ള മാപ്പിള പ്രമാണിമാരുടെ സഹായത്തോടെ സമാധാനപരമായി കാര്യം ഒതുക്കിതീർക്കുന്നതാണ് കരണീയമെന്നുമാണ് കൊണോലിക്ക് ലഭിച്ച വിദഗ്ദ്ധാഭിപ്രായം. ഇതിന് വേണ്ടി നടത്തിയ പരിശ്രമം തങ്ങളുടെ ബുദ്ധിപൂർവ്വമായ നിലപാട് മൂലം വിജയിക്കുകയുമുണ്ടായി. തൻെറ പ്രഭാഷണങ്ങളിൽ പറയുന്ന പല നല്ല കാര്യങ്ങളും അന്ധവിശ്വാസികളും അറിവില്ലാത്തവരുമായ മുസ്ലിംകളെ ഉദ്ധരിക്കുവാൻ വേണ്ടി നടത്തുന്നവയാണെന്നും എന്നാൽ അവ പലപ്പോഴും തെറ്റിദ്ധരിക്കപ്പെടുയാണുണ്ടായിട്ടുള്ളതെന്നും തങ്ങൾ പറഞ്ഞിരുന്നു. രക്തച്ചൊരിച്ചിൽ ഒഴിവാക്കുവാനും രാജ്യത്ത് സമാധാനം നിലനിർത്തുവാനും താൻ മലബാറിൽ നിന്നും അറേബിയയിലേക്ക് പോകണമെന്നാണെങ്കിൽ അതിന് തയ്യാറാണെന്നും തന്നെ സമീപിച്ച മാദ്ധ്യസ്ഥൻമാർക്ക് അദ്ദേഹം ഉറപ്പ് നൽകുകയുമുണ്ടായി.73. അദ്ദേഹം ഇത്തരം ഒരു തീരുമാനം എടുത്തിരുന്നില്ലെങ്കിൽ ഉണ്ടാകാമായിരുന്ന ഭവിഷ്യത്ത് എത്രയാണെന്ന് ഊഹിക്കുവാനസാദ്ധ്യമാണ്.വിവേകപൂർവ്വമായ ഈ നിലപാട് സന്തോഷപൂർവ്വം അംഗീകരിച്ച് കമ്പനിയധികാരികൾ അദ്ദേഹത്തിനും കുടുംബത്തിനും അറേബിയായിലേക്ക് പോകുവാനുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുത്തു. അങ്ങനെ സയ്യിദ് അബുൽ ഫസൽ പൂക്കോയ തങ്ങളും ബന്ധുമിത്രാദികളും പരിചാരകരും ഉൾപ്പെടെ 57 പേർ അറേബിയയിലേക്ക് കപ്പൽ കയറി. പൂക്കോയ തങ്ങളെ മലബാറിൽ നിന്നും പറഞ്ഞയക്കുന്നുവെന്ന വാർത്ത പരന്നപാടെ ആയിരിക്കണക്കിന് മുസ്ലിംകൾ തിരൂരങ്ങാടിയലേക്ക്

പ്രവഹിച്ചു. വളരെ സാഹസപ്പെട്ടാണ് കുറേപ്പേരെയെങ്കിലും തിരിച്ചയക്കാൻ അദ്ദേഹത്തിന് സാധിച്ചത്. എന്നിട്ടും "പുറപ്പെടുന്നതിൻെറ തലേ ദിവസം ഒരു വലിയ ജനക്കൂട്ടം അദ്ദേഹത്തിൻെറ വീടിന് മുമ്പിൽ തടിച്ചുകൂടി. പുറപ്പെട്ട് വീടിൻെറ ആറ് നാഴിക അകലെ പരപ്പനങ്ങാടിയിൽ എത്തുമ്പോഴേക്കും അദ്ദേഹത്തെ അനുഗമിച്ചിരുന്ന അനുയായി കളുടെ എണ്ണം 8000 ആയി. നടന്ന് രാത്രി കോഴിക്കോട്ടെത്താ മെന്നായിരുന്നു തങ്ങളുടെ പ്ലാൻ. കൂട്ടത്തിൽപ്പെട്ട കുറേ പേർ അങ്ങനെ പോവുകയും ചെയ്തിരുന്നു. ജനങ്ങൾ തങ്ങളെ ഉപേക്ഷിച്ചു പോകുവാൻ യാതൊരു തരത്തിലും തയ്യാറാ കുകയില്ലെന്ന് ബോധ്യപ്പെട്ട അദ്ദേഹം പരപ്പനങ്ങാടിയിൽ നിന്നും ബോട്ടു വഴി കോഴിക്കോടെത്താൻ സ്വയം തീരുമാനി ക്കുകയാണുണ്ടായത്.74. അറേബിയയിലെത്തിയ അദ്ദേഹം ആ വർഷം മുഴുക്കെ മെക്കയിലും അൽതെയ്ഫിലുമായാണ് കഴിച്ചുക്കൂട്ടിയത്. പണ്ഡിതനും സയ്യിദ്‌വംശജനുമായ അദ്ദേ ഹത്തിന് ഊഷ്മളമായ സ്വീകരണമാണ് എവിടെയും ലഭിച്ചുകൊണ്ടിരുന്നത്. 1875ൽ ളുഫറിലെ അമീറായി അദ്ദേഹം അധികാരമേറ്റു. എന്നാൽ 1879ൽ അധികാരം നഷ്ടപ്പെട്ട അദ്ദേഹം ഈജിപ്പിലും കോൺസ്റ്റാൻറി നോപ്പിളിലും വ്യാപകമായി സഞ്ചരിച്ചിരുന്നു. ഓട്ടോമൻ ചക്രവർത്തി അബ്ദുൾ ഹമീദ്, തങ്ങളെ അദ്ദേഹത്തിൻെറ മന്ത്രിമാരിൽ ഒരാളായിനിയമിച്ചാദരിച്ചു. അബുൾ ഫസൽ ഇക്കാലത്ത് അവിടെ നടത്തിയിട്ടുള്ള ഭരണപരിഷ്ക്കാരങ്ങളും ജനക്ഷേമ പദ്ധതികളും പ്രശംസിക്കപ്പെട്ടിട്ടുള്ളവയാണ്. 1901ൽ ആണ് അദ്ദേഹം മരണമടഞ്ഞത്. കോൺസ്റ്റാൻറി നോപ്പിളിലാണ് അദ്ദേഹത്തെ കബറടക്കം നടത്തിയത്.

സെയ്യിദ് ഫസൽ പൂക്കോയ തങ്ങൾ അറേബിയ യിലെത്തിയത് മുതൽ അദ്ദേഹം മരണമടയുന്നത് വരെയുള്ള അദ്ദേഹത്തിൻെറ നീക്കങ്ങളേയും പ്രവർത്തനങ്ങളേയും കുറിച്ച് അപ്പോഴപ്പോൾ ഇൻഡ്യാ ഗവർമ്മേണ്ടിന് അതാത് നാടുകളിലുണ്ടായിരുന്ന ഇംഗ്ലീഷ് സ്ഥാനപതികൾ എഴുതി അയച്ച്കൊണ്ടിരുന്നു. വലിയ വാള്യങ്ങൾ ഉൾക്കൊള്ളു ന്നതാണ് ഇതു സംബന്ധമായുള്ള കത്തിടപാടുകൾ. തങ്ങളുടെ പിൻഗാമികളെ ആരെയും നാട്ടിലേക്ക് പ്രവേശിക്കു വാനനുവദിച്ചിരുന്നില്ല. 1935ൽ പോലും ഒരു ലക്ഷം പേർ ഒപ്പിട്ട നിവേദനം മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിൻെറ നേതൃത്വത്തിൽ രാജഗോപാലാചാരി മുഖ്യ മന്ത്രിയായിരുന്നപ്പോൾ സമർപ്പിച്ചിരുന്നെങ്കിലും ബ്രിട്ടീഷ് ഗവർമ്മേണ്ട് ആ നിവേദനം നിരാകരിക്കുയാണുണ്ടായത്.

പൂക്കോയ തങ്ങളെ നാടുകടുത്തുവാനുള്ള ആലോചന തകൃതിയായി നടക്കുമ്പോഴാണ് ഏറനാട് താലൂക്കിലെ മേൽമുറി, കീഴ്മുറി അംശങ്ങളിൽ നിന്നും 1852 ഫെബ്രുവരി 28-ാം തിയ്യതി ത്രിക്കലാത്തിൽ ചേക്കുവിൻെറ നേതൃത്വത്തിൽ 15 പേർ ലഹളക്കൊരുങ്ങിയിട്ടുണ്ടെന്ന സംഭ്രമജനകമായ വാർത്ത പരക്കുന്നത്. സ്ഥലത്തെ മുസ്ലിംപ്രമാണിമാർ തന്നെ അധികൃതരുടെ സഹായത്തോടുകൂടി അനിഷ്ട സംഭവങ്ങൾ ഇല്ലാതിരിക്കുവാനുള്ള എല്ലാ ശ്രമങ്ങളും നടത്തിയിരുന്നു. അവിടത്തെ മുഖ്യഹിന്ദു ജൻമികളായ പിലാത്തൊടി പഞ്ചുമേനോൻെറയും പൂറമേക്കാട് പിഷാരടി യുടേയും വീടുകൾക്ക് ഇവർ കാവൽ നിന്നിരുന്നു. ഇത് പോലെ ആ വർഷം ഏപ്രിൽ മാസത്തിൽ കോട്ടയം താലൂക്കിലും വലിയ ഒരു സംഘട്ടനം നടക്കുവാൻ പോകുന്നു വെന്ന വാർത്തയുണ്ടായി. ആ വർഷം ജനുവരിയിൽ കല്യാട്ട് നമ്പ്യാരുടെ വീട്ടിൽ ആക്രമണം നടത്തിയവരെ കൊന്നൊടുക്കിയതിന് പ്രതികാരം ചെയ്യുവാൻ മാപ്പിളമാർ ഒരുങ്ങിയിരിക്കുന്നുവെന്ന പ്രചാരണം സ്ഥലത്തെ പ്രധാന ജൻമികളെയെല്ലാം അവിടം വിട്ട് പോകുവാൻ ഇടവരുത്തിയ സംഭവമായിരുന്നു. അന്ന് മരണടഞ്ഞവരുടെ ഓർമ്മക്ക് ഒരു സ്തൂപം എതിർപ്പുകളെ അവഗണിച്ചവർ നിർമ്മിച്ചിരുന്നു. എന്നാൽ ജോയിൻറ് മജിസ്ട്രേട്ട് ചാറ്റ്ഫീൽഡിൻെറ ഉത്തര വനുസരിച്ച് ഈ രക്തസാക്ഷി മണ്ഡപം പൊളിച്ച് നീക്കുക യാണുണ്ടായത്. 1852 ഏപ്രിൽ അവസാനം നടക്കുമായിരുന്ന മറ്റൊരു ലഹളയും അധികൃതരുടേയും മുസ്ലിം പ്രമാണി മാരുടേയും ശ്രമഫലമായി ഇല്ലാതാക്കാൻ സാധിച്ചിരുന്നു. രണ്ടു ചെറുമർ മതം മാറ്റം നടത്തിയിരുന്നു. എന്നാൽ സെയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ നാടുകടത്തലോട് കൂടി ഇവർ വീണ്ടും ഹിന്ദുമതത്തിലേക്ക് മടങ്ങി. ഇവരെ ശിപായികൂടിലിൽ കണ്ണുകുട്ടിനായർ വിലക്കെടുക്കുകയും ചെയ്തിരുന്നു. ഈ പ്രവൃത്തി പല മുസ്ലിംകളേയും പ്രകോപി പ്പിക്കുകയും കണ്ണുകുട്ടിനായരേയും ചെറുമരേയും ഭീഷണിപ്പെ ടുത്തുകയും ചെയ്തു. തുടർന്ന് നായരെ ആദ്യം പൊന്നാനിക്കും പിന്നീട് കോഴിക്കോട്ടേക്കും സ്ഥലം മാറ്റി. ചെറുമരെ മറ്റു ജില്ലകളിലേക്ക് പറഞ്ഞയക്കുകയും ചെയ്തു.

എന്നാൽ കുറുമ്പ്രനാട് താലൂക്ക് പുത്തൂർ അംശത്തിലെ മൂന്ന് മാപ്പിളമാർ 1852 ആഗസ്റ്റ് 9-ാം തിയ്യതി അവിടുത്തെ കണക്കപ്പിള്ളയുടെ വീട് കൈയേറിയിരുന്നു. 12-ാം തിയ്യതി അവർ ഒരു നമ്പൂതിരിയെ കൊലപ്പെടുത്തുകയും ചെയ്തു. അക്രമികളെ പോലീസ് വെടിവെച്ചു കൊല്ലുകയുണ്ടായി. പിറ്റേമാസം സെപ്തംബർ 16ന് കുന്നുമ്മേൽ മൊയ്തീൻ, ചെറുകാവിൽ മൊയ്തീൻ എന്നിവർ ചെങ്ങളാരി വാസുദേവൻ നമ്പൂതിരി എന്ന ഒരാളെ കൊലപ്പെടുത്തി. ഇസ്ലാംമതം സ്വീകരിച്ച ഒരു സ്ത്രീയെ ഇദ്ദേഹം ഹിന്ദുമതത്തിലേക്ക് തിരിച്ചു കൊണ്ടുവന്നിരുന്നതിൻെറ വിരോധം തീർക്കുയായിരുന്നു ഇവർ. കുടുതൽ പേരെ തങ്ങളുടെ സംഘത്തിൽ കിട്ടാതിരുന്നതിനാലും കെട്ടുറപ്പുള്ള വീടുകൾ അടുത്തെങ്ങും ഇല്ലാതിരുന്നതിനാലും അങ്ങാടിപ്പുറത്തുള്ള അമ്പലത്തിൻെറ പരിസരത്ത് ഒരു കുന്നിൻ മുകളിൽ കയറി പോലീസിൻെറ വരവും കാത്ത് നില്പായി. തഹസിൽദാരും സംഘവുമെത്തി ഇവരെ വെടിവെച്ച് കൊന്നു.75.

ടി.എൽ. സ്ട്രെയിഞ്ച് തൻെറ അന്വേഷണറിപ്പോർട്ട്

സെപ്പംബർ 25നാണ് സമർപ്പിച്ചത്. മാപ്പിളമാരിൽ നിന്നും ജൻമികൾ നേരിടുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണുകയെന്നതും ഇടയ്ക്കിടക്കുണ്ടായിക്കൊണ്ടിരുന്ന ഈ പോരാട്ടങ്ങൾ അടിച്ചമർത്തുവാനുള്ള മർദ്ദനമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയെന്നതുമായിരുന്നു സ്ട്രെഞ്ചിൻെറ അന്വേഷണത്തിലെ മുഖ്യഘടകം. അതുകൊണ്ടു തന്നെ കാർഷിക പ്രശ്നങ്ങളെക്കുറിച്ചും ജൻമി-കുടിയാൻ ബന്ധത്തിൽ നിലനി ന്നിരുന്ന പാകപ്പിഴകളെക്കുറിച്ചും അത്ര അധികം ശ്രദ്ധിച്ച് നിരീക്ഷിക്കുവാനദ്ദേഹം മിനക്കെട്ടതായി കാണുന്നില്ല. ഒരു നീതി ന്യായാധിപൻെറ നിസ്സംഗത അദ്ദേഹത്തിന് ഒട്ടും തന്നെയുണ്ടായിരുന്നില്ല. മാപ്പിളമാരോടുള്ള അതിരറ്റ അരിശം ഉണ്ടായിരുന്ന അദ്ദേഹത്തിൽ നിന്നും നിഷ്പക്ഷവും നീതിയുക്തവുമായ ശുപാർശ എന്തെങ്കിലും പ്രതീക്ഷിക്കുന്നത് അബദ്ധമായിരുന്നു. അത്രക്ക് മാത്രം മുൻവിധിയോടു കൂടിയാണ് തൻെറ "മലബാറിലെ ജൻമി-കുടിയാൻ ബന്ധത്തെക്കുറിച്ചുള്ള റിപ്പോർട്ട് അദ്ദേഹം തയ്യാറാക്കിയിട്ടുള്ളതെന്ന് കാണാം. നോക്കുക."1836 മുതൽ 1852 വരെ നടന്ന 31 ലഹളകളിൽ 14 എണ്ണമൊഴിച്ച് മറ്റൊന്നിലും തന്നെ പ്രതി കൾക്ക് പ്രത്യേകമായ കാരണങ്ങളൊന്നു ഉണ്ടായതായി തോ ന്നുന്നില്ലെന്നാണ് അദ്ദേഹം മനസ്സിലാക്കിയത്. 7 എണ്ണത്തിൽ സ്ഥല സംബന്ധമായ കാരണങ്ങളാണ് സംഘട്ടനത്തിൽ കലാശിച്ചത്. ഈ ഏഴെണ്ണത്തിൻെറ കാര്യത്തിൽ മൂന്നെണ്ണം സ്ഥലമൊഴിപ്പിച്ചതു കൊണ്ടുണ്ടായതാണ്. എന്നാൽ ഇവയാകട്ടെ ആറ് വർഷത്തിനും പതിനഞ്ച് വർഷത്തിനും പതിനാറ് വർഷത്തിനും മുമ്പ് നടന്ന സംഭവങ്ങളും. രണ്ടെണ്ണം പ്രതികളുടെ ചാർച്ചക്കാരെ കുടിയൊഴിപ്പിച്ചത് കൊണ്ടുണ്ടായതും വേറൊന്ന്കൈവശഭൂമി കൈമാറ്റം ചെയ്തത്കൊണ്ടും മറ്റൊന്നിൻെറ കാര്യത്തിൽ കൈവശ സ്ഥലം അപഹരിച്ച് എടുത്തത് കൊണ്ടുമാണത്രെ. വേറെ ഏഴ് കേസുകളിലും പ്രകോപനപരമായ വാഗ്വാദങ്ങളും മർദ്ദനങ്ങളും കാരണമായി പറയുന്നുണ്ടെങ്കിലും അവ യുക്തി സഹമായി തോന്നുന്നില്ല. ഒരു കേസിൽ നിസ്സാര വാക്ക്തർക്കം ഉണ്ടായത് പറഞ്ഞ് അവസാനിപ്പിച്ചിരുന്നതാണ്. മറ്റൊന്നിൽ കുടിയാനെ മർദ്ദിച്ചതായി ആക്ഷേപം ഉണ്ടെങ്കിലും അങ്ങനെ സംഭവിച്ചു എന്ന് നിസ്സംശയമായി തെളിഞ്ഞിട്ടില്ല. പത്ത് വർഷം മുമ്പ് നടന്ന രണ്ട് രൂപ മൂല്യമുള്ളൊരു കടപത്രത്തെ സംബന്ധിച്ച വഴക്കാണ് വേറൊന്നിന് കാരണമായത്. പിന്നെ യും മറ്റൊരാളുടെ കാരണമായി പറയുന്നത് സംശയത്തിൻെറ അടിസ്ഥാനത്തിൽ കേസിൽ കുടുക്കി പ്രതിയെ താലൂക്ക് കച്ചേരിയിൽ പറഞ്ഞയച്ചിരുന്നു എന്നതാണ്. മറ്റൊന്നിൽ പാട്ടം നിശ്ചയിച്ചത് അമിതമായിപ്പോയതാണ് കാരണം പറയുന്നതെങ്കിലും അതിൽ സത്യമുണ്ടെന്ന് തോന്നുന്നില്ല. പിന്നെയും രണ്ടെണ്ണത്തിൻെറ കാരണം കളവ്കേസ്സിൽ പ്രതികളാക്കി എന്നതാണ്. അതാകട്ടെ ഒരെണ്ണം നടന്നത് മൂന്നു വർഷത്തിന് മുമ്പും. മറ്റ് ഒൻപത് കേസുകൾ കുഴപ്പമുണ്ടായാൽ അതിൽ നിന്നും നേട്ടമുണ്ടാക്കാനോ അതല്ലെങ്കിൽ വ്യക്തിവൈരാഗ്യം തീർക്കുവാനോ താൽപര്യമുണ്ടായിരുന്നവർ പ്രേരിപ്പിച്ച് നടത്തിയവ ആകുന്നു. വടക്കെ മലബാറിൽ നടന്ന സംഭവത്തിൽ പതിനഞ്ച് കുറ്റവാളികൾ ഉണ്ടായിരുന്നവരിൽ പലർക്കും എതിരായി പോലീസ് കേസ്സും സ്ഥലസംബന്ധമായ കേസ്സും നേരിടേണ്ടതായി വന്നുവെന്നത് ശരിയാണ്. എന്നാൽ ഇവയത്രയും വളരെ പഴക്കമുള്ള കേസ്സുകളായിരുന്നു. ഒരു ലഹളയ്ക്കുള്ള കാരണമായി ഇവ പരിഗണനാർഹമല്ല. സ്വാർത്ഥതാൽപര്യ സംരക്ഷണത്തിന് വേണ്ടി തത്പ്പരകക്ഷികൾ പ്രേരിപ്പിച്ച് നടത്തിയതാണ് ഇതെന്ന് വ്യക്തം."76. അതിനാൽ സ്ട്രെയിഞ്ച് എത്തിച്ചേർന്ന നിഗമനം, "കുടിയാൻമാരെ ജൻമികൾ പീഢിപ്പിച്ചതിൽ നിന്നുമാണ് ഏതെങ്കിലും ലഹള ഉണ്ടായതെന്നോ ലഹളയുണ്ടാകുമെന്ന ഭീഷണി പരന്നതെന്നോ വിചാരിക്കുവാൻ നിർവ്വാഹമില്ല." എന്നാ കുന്നു. തെക്കേ മലബാറിൽ പ്രത്യേകിച്ച് ലഹളകൾക്കുള്ള കാരണമായി പറയുന്നത്. ജൻമികളുടെ ഉപദ്രവം കൊണ്ടാ ണെന്നാണ്. താൻ സന്ദർശിച്ച തെക്കൻ താലൂക്കുകളിൽ ജൻമികളുടെ മേൽ എല്ലാ കുഴപ്പങ്ങളുടേയും ഉത്തരവാദിത്വം ചുമത്താൻ മാപ്പിള കൃഷിക്കാർക്കിടയിൽ കണ്ട പ്രവണത വെച്ചുകൊണ്ടാണിത് പറയുന്നത്. ഈ ആക്ഷേപം ഞാൻ ശ്രദ്ധാപൂർവ്വം പരിശോധിക്കുകയുണ്ടായി. കർഷകന് വ്യക്തിഗതമായ ബുദ്ധിമുട്ടുകൾ ജൻമികളിൽ നിന്നും ഉണ്ടായിട്ടുള്ള സന്ദർഭങ്ങൾ ഉണ്ട്. എന്നാൽ ഹിന്ദുക്കളായ ഭൂവുടമകൾ അവരുടെ കുടിയാൻമാർ മാപ്പിളമാരോ ഹിന്ദുക്കളോ ആയിക്കൊള്ളട്ടെ, അവരോട് പൊതുവെ സൗമ്യമായും തുല്യമനഃസ്ഥിതിയോടും സൗമനസ്യത്തോടും കൂടിയാണ് പെരുമാറുന്നതെന്ന് എനിക്ക് ബോദ്ധ്യമായി.77. പൊളിച്ചെഴുത്തും മേൽച്ചാർത്തുമാണ് കൈവശക്കാരനെ ദ്രോഹിക്കുന്ന ഉപാധികളെന്ന് ആക്ഷേപമുണ്ട്. എന്നാൽഇവ ഓർമ്മ വെച്ച കാലം മുതൽ ജൻമികളുടെ അവകാശമായി അംഗീകരിക്കപ്പെട്ടിട്ടുള്ളവയാണ്. പൊളിച്ചെഴുത്ത് 12 കൊല്ലം കൂടുമ്പോഴാണ് നടത്തുക. അപ്പോൾ പാട്ടത്തിൻെറ 10 ശതമാനം മുതൽ 20 വരെ വർദ്ധി പ്പിക്കുന്ന പതിവുമുണ്ട്. കർഷകന് ലഭിക്കുന്ന ആദായത്തിൻെറ ഓഹരിയെന്ന നിലക്കാണിത്. അത് അനുവദനീയവുമാണ്. അന്വേഷണത്തിൽ നിന്നും എനിക്ക് മനസ്സിലായത് പൊളിച്ചെ ഴുത്ത് ലഹളകൾക്ക് ഒരു കാരണമേ അല്ല എന്നാണ്. നേരെ മറിച്ച് ലഹള നടക്കാറുള്ള ജില്ലകളിലെ ഹിന്ദു ജൻമികൾ മാപ്പിളമാരെ ഭയപ്പെടുന്നവരും അർഹമായ പാട്ടം പോലും പിരിച്ചെടുക്കാൻ കെൽപ്പില്ലാത്തവരുമാണ്. തൻമൂലം 12 വർഷത്തിന് ശേഷവും പൊളിച്ചെഴുത്ത് നടത്താൻ സാധി ക്കാത്ത അനവധി കേസ്സുകളുണ്ട്. ജൻമിമാർ മറ്റാവശ്യങ്ങൾ ക്കായി പിരിക്കുന്നു എന്ന് പറയുന്നവ വളരെ നിസ്സാരമായ തുകകളാണ്. ഒപ്പ് കാണം , അമ്പലങ്ങളിലേക്കുള്ള എണ്ണ, ആധാര കൈമാറ്റം, കുടിയാന് ജൻമിയോടുള്ള സൗഹൃദ ത്തിൻെറ പ്രതീകമായി

നൽകുന്ന പഴവും പച്ചക്കറി യുമൊക്കെയാണവ. ഇവ നാട്ടുമര്യാദയായി അനുഷ്ഠിക്കുന്നവയുമാണ്. പാട്ടം കൂടുതൽ തരാമെന്ന് ഏൽക്കുന്നവർക്ക് വേണ്ടി മേൽചാർത്തെഴുതി കൈവശക്കാരനെ ഒഴിപ്പിക്കുന്നു എന്നതാണ് മറ്റൊരു പരാതി. ഇതും അടിയന്തിരാവശ്യത്തിന് അനുവദനീയമായിട്ടുള്ള കാര്യമാകുന്നു. അത്യാവശ്യത്തിന് പണമുണ്ടാക്കാൻ സാധിക്കാതെ വരുമ്പോൾ, ആവശ്യമായ പണം കൂടുതലായി തരുവാൻ തന്റെ ഭൂമി കൈവശം വെച്ചുകൊണ്ടിരിക്കുന്ന പാട്ടക്കാരനോട് ജൻമി നിർബന്ധിക്കുന്നത് കൈവശഭൂമിയിൽ മാറ്റം വരരുതെന്ന് കരുതിയാണ്. കുടിയാൻ ഇത് നൽകാൻ കഴിയാത്ത അവസരത്തിലാണ് മറ്റൊരാൾക്ക് മേൽചാർത്ത് എഴുതി നൽകുക. എന്നാൽ പലപ്പോഴും തനിക്ക് വിരോധമുള്ള കുടിയാനെ ഒഴിപ്പിച്ചെടുക്കുന്നതിനായി ഇത് ദുരുപയോഗപ്പെടുത്താറുണ്ടെന്നുള്ളത് ശരിയാണ്. എത്രത്തോളം ഈ അധികാരം ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കാൻ എനിക്ക് സാധിച്ചിട്ടില്ല. എന്നാൽ ലഹളയിൽ പങ്കെടുത്ത ആർക്കും ഇത്തരം അനുഭവം ഉണ്ടായതായി കാണുന്നില്ല.78. ജീവിതപരാധീനതകളും ദാരിദ്ര്യവുമാണ് കുറ്റകൃത്യങ്ങൾക്ക് പ്രേരകമായി നിന്നിട്ടുള്ളത് എന്ന വാദഗതി ഒട്ടും സ്വീകാര്യമല്ല. ചുരുക്കം പേരെ ഒഴിവാക്കിയാൽ കുറ്റവാളികളിൽ അധികവും ചെറുപ്പക്കാരും ചിലപ്പോൾ കുട്ടികളുമാണ്. ആരോഗ്യവും, യൗവ്വനവും ഉള്ള ഇവർ ജീവൻ ഒടുക്കുന്നത് ജീവിതനൈരാശ്യം കൊണ്ടാണെന്ന് വിശ്വസിക്കുവാൻ സാദ്ധ്യമല്ല.79. എന്നാൽ ഈ ലഹളകളുടെയൊക്കെ പ്രേരകശക്തിയായി സ്പഷ്ടമായി കാണാവുന്നത് കുറ്റവാളികളുടെ നീക്കപോക്കില്ലാത്ത മതഭ്രാന്ത് മാത്രമാണ്. ഇവയിൽ കൊല്ലപ്പെട്ടവർ ഹിന്ദുക്കളും കൊന്നവർ മാപ്പിളമാരും ആകുന്നു. കാഫറുകളുമായി ഏറ്റുമുട്ടി മരണപ്പെട്ടാൽ ലഭിക്കുന്ന സ്വർഗ്ഗത്തിലെ സുഖങ്ങൾ ഏറെ അഭികാമ്യമായി അവർ കരുതുന്നു. ഈ ലഹളകൾക്കൊക്കെ അടിസ്ഥാനകാരണം ഇതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നാണ് സ്ട്രെയിഞ്ചിന്റെ അന്വേഷണത്തിൽ അദ്ദേഹത്തിന് മനസ്സിലായത്.80. ഈ മതഭ്രാന്തിനെ സംബന്ധിച്ച കാര്യങ്ങളിലേക്ക് തന്റെ അന്വേഷണം അങ്ങനെ പരിമിതപ്പെടുത്തുകയാണ് സ്ട്രെ യ്ഞ്ച് ചെയ്തത്.

കുഴപ്പങ്ങൾ ഇടയ്ക്കിടക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥലങ്ങളിലെ ഹിന്ദുക്കൾ, തങ്ങൾക്ക് ന്യായമായും ലഭിക്കേണ്ടവ ചോദിച്ച് വാങ്ങുവാൻ ഭയപ്പെടുന്നവരാണ്. എത്രയോ മാപ്പിളമാർ വാരമോ, പാട്ടമോ നൽകാത്തവരായുണ്ട്. ഇത് നിയന്ത്രിച്ചില്ലെങ്കിൽ വളരെ ദൂഷ്യഫലങ്ങൾ ഉണ്ടാക്കുമെന്ന് നിശ്ചയമാണ്. ഹിന്ദുക്കളുടെ സ്ഥിതി ഇപ്പോൾ തന്നെ അതീവ പരിതാപകരമായിത്തീർന്നിരിക്കുന്നു. നാട്ടിൽ ക്രമസമാധാനപരിപാലനം നിഷ്ക്രിയമായി തീർന്നിട്ടുമുണ്ട്.81. അതിനാൽ ഈ കുഴപ്പങ്ങൾ ഇല്ലാതാക്കുവാൻ അദ്ദേഹം നിർദ്ദേശിച്ച മാർഗ്ഗങ്ങൾ താഴെ പറയുന്നവയാണ്.

1. ഇവയുമായി ബന്ധപ്പെട്ട കുറ്റവാളികളുടെ സ്വത്ത് കണ്ടുകെട്ടുക.
2. ലഹള നടക്കുന്ന ജില്ലകളെ കൂട്ടപ്പിഴക്ക് വിധേയമാക്കുക.
3. കുറ്റകൃത്യങ്ങളിൽ പങ്കുണ്ടെന്ന് സംശയിക്കുന്നവരെ നാടുകടത്തുക.
4. വാൾ, കത്തി തുടങ്ങിയ മാരകായുധങ്ങൾ കൈവശം വെക്കുന്നതും കൊണ്ടു നടക്കുന്നതും പള്ളികൾ പണിയുന്നതും നിയന്ത്രിക്കുവാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുക.
5. ഹിന്ദുക്കളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പ്രത്യേക പോലീസ് സേനയെ നിലനിർത്തുക എന്നിവയായിരുന്നു.

കുടിയായ്മയിലെ പരാധീനതകൾ പരിഹരിക്കുവാനും അത്‌വരെയുണ്ടായ കലാപങ്ങളുടെയും രക്തച്ചൊരിച്ചിലിന്റെയും കാരണങ്ങൾ അന്വേഷിക്കുവാനും നിയുക്തമായ ഒരു കമ്മീഷന്റെ നിഗമനവും ശുപാർശകളും ക്രൈസ്തവരായ കമ്പനി ഉദ്യോഗസ്ഥൻമാരുടെ നിന്ദ്യമായ മുസ്ലിം വിരോധത്തിന്റെ ബാക്കിപത്രമായി അവശേഷിക്കുന്നു. ഇത്രയും പ്രകടമായ ശത്രുത പറങ്കികൾ മാത്രമെ മുസ്ലിംകളോട് ചെയ്തിട്ടുള്ളു. സ്ട്രെയിഞ്ചിന്റെ നിർദ്ദേശങ്ങളിൽ ഹിന്ദുക്കൾ മാത്രം അടങ്ങിയ പ്രത്യേക പോലീസ് സേന രൂപീകരണവും, പള്ളി പണിയാൻ അനുവദിക്കരുതെന്നതും മദ്രാസ് ഗവൺമെന്റ് നിരാകരിച്ചു എങ്കിലും സ്ട്രെയിഞ്ചിന്റെ മറ്റെല്ലാ ശുപാർശകളും ഗവൺമെന്റ് അംഗീകരിക്കുകയാണുണ്ടായത്. അഖണ്ഡഭാരതത്തിൽ വളരെ കുഴപ്പങ്ങൾ ഉണ്ടാക്കുവാൻ ഇടവരുമെന്ന ഭയംമൂലമാണ്, പള്ളി പണിയുന്നത് സംബന്ധിച്ചും ഹൈന്ദവപോലീസ് സേന രൂപീകരിക്കുന്നതിനെ പറ്റിയും ഉള്ള നിർദ്ദേശങ്ങൾ തള്ളിക്കളയുവാൻ കാരണം. ഇതേ തുടർന്ന് 1854ലെ മാപ്പിള ഔട്ട് റേജിയസ് ആക്ട് XXIII, XXIV എന്നീ നിയമങ്ങൾ പ്രാബല്യത്തിൽ വരുത്തി. ആദ്യത്തേത് പ്രകാരം ലഹളസ്ഥലങ്ങളിൽ കൂട്ടപ്പിഴ ചുമത്തുവാനും അക്രമങ്ങൾക്ക് സഹായികളെന്നും പങ്കാളികളെന്നും സംശയിക്കുന്നവരെ നാടുകടത്തുക തുടങ്ങിയ ശിക്ഷകൾക്ക് വിധേയമാക്കുവാനും അധികാരം നൽകുന്നവയാണ്. രണ്ടാമത്തെ ആക്ട് പ്രകാരം കത്തി, വാൾ തുടങ്ങിയവ കൈവശം വെക്കുകയോ കൊണ്ട് നടക്കുകയോ ചെയ്യുന്നതിനുള്ള ശിക്ഷകൾ അടങ്ങുന്നു. 1855 ഫെബ്രുവരി ഒന്നു മുതലാണ് ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നത്.

നിരായുധീകരണത്തിന്റെ പ്രാരംഭമായും മാരകായുധങ്ങൾ നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് പ്രാബല്യത്തിൽ വരുന്ന ഫെബ്രുവരി ഒന്നിന് മുമ്പായും ആയുധങ്ങൾ പിടിച്ചെടുക്കുന്നതിന് വേണ്ടിയുള്ള പര്യടനം കൊണോലി നടത്തുകയുണ്ടായി. 1855 ഫെബ്രുവരി 20-ാം തിയ്യതി അദ്ദേഹം ഗവൺമെന്റ് സെക്രട്ടറിക്കെഴുതുന്ന കത്തിൽ പറയുന്നത്, കഴിഞ്ഞ ഡിസംബർ 31 ആയപ്പോഴേക്കും 7,561 കത്തികൾ

താൻ ശേഖരിച്ചുകഴിഞ്ഞു എന്നാണ്. ഏറ്റവും കൂടുതൽ പട ക്കത്തികൾ ലഭിച്ചത് മാപ്പിളമാർ അധികമുള്ള ചേറനാട്, ഏറനാട്, വള്ളുവനാട് എന്നീ താലൂക്കുകളിൽ നിന്നുമാണ്. ഹിന്ദുക്കളുടേയും മുസ്ലിംകളുടേയും ജനസംഖ്യാനുപാതി കമായിട്ടാണ് അവരുടെ പക്കൽ ഉള്ള കത്തികളും.82. മറ്റുള്ള താലൂക്കുകളിൽ ഉള്ളവ അധികവും ഹിന്ദുക്കളുടെ കൈ വശമായിരുന്നു. മാപ്പിളമാരോടുള്ള ഭയത്താൽ സ്വരക്ഷക്ക് വേണ്ടി സൂക്ഷിക്കപ്പെട്ടിരുന്നതാണിവ എന്നാണ് കൊണോലിക്ക് തോന്നിയത്. ഓരോ താലൂക്കിൽ നിന്നും ശേഖരിച്ച പട ക്കത്തികളുടെ കണക്ക് താഴെ വിവരിക്കുന്നവിധമാണ്.

ചേരനാട് - 920, ഏറനാട് - 988, വള്ളുവനാട് - 944, കുറ്റ നാട് - 677, കുറുമ്പ്രനാട് - 454, കർത്തനാട് - 225, വയനാട് 67, കോട്ടയം - 30, ചെറക്കൽ - 268, കാവായി - 154, പാലക്കാ ട് - 82, തെൻമലപ്പുറം - 242, നെടികനാട് - 807, ചാവക്കാ ട് - 114, കൊച്ചിൻ - 405, കാലിക്കറ്റ് -1184, ഒട്ടാകെ - 7,561.

നിയമാനുസൃതം പിടിച്ചെടുക്കപ്പെട്ട ആയുധങ്ങൾക്ക് വിലയായി നൽകിയ തുക 5,889 രൂപ 8 അണ 10 പൈസ യും ഇവ പലപ്പോഴായി കോഴിക്കോട് എത്തിക്കുവാൻ ചെ ലവായ സംഖ്യ 50 രൂപ 13 അണ 11 പൈസയും ഒട്ടാകെ 5940 രൂപ 6 അണ 9 പൈസയുമാകുന്നു.83.

കൊണോലി വളരെ വിജയപൂർവ്വം നടത്തിയ ഈ ആയുധശേഖരണത്തിന് ശേഷം കഷ്ടി ഏഴുമാസം കഴി യുന്നതിന് മുമ്പായി1855 സെപ്റ്റംബർ 11-ാം തിയ്യതി സന്ധ്യക ഴിഞ്ഞ് ഭാര്യയുമായി സംസാരിച്ചിരിക്കുമ്പോൾ അതിക്രമിച്ച് കയറിയ അക്രമികളുടെ പടവാളിനിരയായി കൊണോലി മരണമടഞ്ഞു. മലബാറിലെ അസിസ്റ്റൻണ്ട് കലക്ടറാ യിരുന്ന ജി.ബി. ടോഡ്, ഈ ദാരുണ സംഭവം രാവിലെ ഒരു മണിക്ക് തന്നെ ഗവർമ്മേണ്ട് സെക്രട്ടറി, പൈക്രോഫ്ടിന് എഴുതി അറിയിക്കുന്നുമുണ്ട്.84.മലബാറിലെ ജോയിൻറ് മജിസ്ട്രേട്ടായിരുന്ന കോലറ്റ് സെപ്റ്റംബർ 21-ാം തിയ്യതി ടി. പൈക്രോഫ്ടിന് നൽകുന്ന സംഭവവിവരണമാണ് ചുവടേ ചേർക്കുന്നത്.

"ജയിലിൽ ശിക്ഷിക്കപ്പെട്ട് കിടന്നിരുന്ന തടവുകാരെ കൊണ്ട് ജോലി ചെയ്യിപ്പിക്കുന്നതിനിടയിൽ കോഴിക്കോട്ട് നിന്നും 1855 ആഗസ്റ്റ് 4-ാം തിയ്യതി വളാശ്ശേരി എമാലു, പുലിയാകുന്നത്ത് തേനു, ചെമ്പൻ മൊയ്തീൻകുട്ടി, വെള്ളാട്ട തായത്തപറമ്പിൽ മൊയ്തീൻ എന്നിവർ രക്ഷപ്പെട്ട് വള്ളുവ നാട്ടിലേക്ക് കടന്നിരുന്നു. അവർ പല സ്ഥലങ്ങളിലായി അലഞ്ഞ് തിരിഞ്ഞ് നടന്നശേഷം 20-ാം തിയ്യതി വഴിയിൽ തേനുവിന്റെ വീട്ടിലെത്തി. അവിടന്ന് വഴികാണിക്കാനായി ഒസ്സാൻ ഹൈദർമാനെ പുതിയ പൊതുനിരത്തുവരെ കൂടെ കൊണ്ടുപോയി. അവിടെ നിന്ന് ഊരാട്ടു മലയിലേക്കാണിവർ പോയത്. രാത്രി ആയപ്പോൾ ഭക്ഷണം കഴിക്കാനും ഉറങ്ങു വാനുമായി മൊയ്തീൻ കുട്ടിയുടെ പുരയിൽ കയറി. അവിടെ നിന്നും പുറപ്പെട്ട് ചില ബന്ധുക്കളെ സന്ദർശിച്ചതിനു ശേഷം 24-ാം തീയതി വൈകുന്നേരം മമ്പുറത്തെത്തി. അവി ടെ അവർ തറമ്മേൽ കുഞ്ഞിക്കോയയോടൊപ്പം മമ്പുറം തങ്ങളുടെ ജാറത്തിൽ പ്രാർത്ഥന നടത്തി. മമ്പുറത്ത് വെച്ച് ഇവർ തങ്ങളുടെ ഗൂഢോദ്ദേശ്യം കുഞ്ഞിക്കോയയോട് പറഞ്ഞി രിക്കണം. കാരണം, കുഞ്ഞിക്കോയയുടെ 13 വയസ്സായ മകൻ ഇവർ ബാപ്പയോടും ഉമ്മയോടും ഇത് പറയുന്നത് കേട്ടിരുന്നു. പിന്നീട് കേസന്വേഷണം നടത്തിയ കോലറ്റിന്റെ മുമ്പാകെ ഈ ബാലൻ കൊടുത്ത മൊഴിയും ഇതായിരുന്നു. മമ്പുറത്ത് പള്ളിയിൽ നിന്നും ഇവർ പോയത് വെട്ടത്ത് പുതിയങ്ങാടിയിലേക്കാണ്. 29, 30 തിയ്യതികളിൽ അവിടെ യുള്ള പള്ളികളിൽ നമസ്കാരത്തിനായി ഇവർ ചെന്നിരുന്നു. പിന്നീട് സെപ്റ്റംബർ 9 വരെ അവർ അലഞ്ഞുതിരിഞ്ഞു നടന്നു. അന്ന് രാത്രി അവർ താമസിച്ചത് മാളിയേക്കൽ മ മ്മുവിന്റെ കൂടെയാണ്. കൊണോലിയുടെ കോഴിക്കോട്ടുള്ള ഔദ്യോഗികവസതിയായ വെസ്റ്റ്ഹിൽ ബംഗ്ലാവിന്റെ മുക്കാൽ നാഴിക കിഴക്കു മാറിയാണ് മമ്മുവിന്റെ വസതി സ്ഥിതി ചെയ്തിരുന്നത്. മമ്മുവിന്റെ വീട്ടിൽ 10-ാം തിയ്യതി നടന്ന മൊഹ്‌യിദ്ദീൻ മാലപാട്ട് നേർച്ചയിൽ ഈ കൊലയാളികളും പങ്കെടുത്തിരുന്നു. നേർച്ചയിൽ പുകച്ചുകൊണ്ടിരുന്ന സാമ്പ്രാണിയും കുന്തിരിക്കവും പടർത്തിയ ധൂമപടലത്തിൽ പടക്കത്തികൾ കൈമാറുകയും ചെയ്തു. ഇത് കഴിഞ്ഞ് 11-ാം തിയ്യതി വൈകുന്നേരം മമ്മുവിന്റെ വീട്ടിൽ നിന്നുമിറങ്ങി പാത്തും പതുങ്ങിയും വെസ്റ്റ്ഹില്ലിലെത്തുകയും രാത്രി 8 മണിക്കും 9 മണിക്കും ഇടക്ക് കൊണോലിയുടെ ബംഗ്ലാവിൽ കടക്കുകയും ചെയ്തു."85.

പിന്നീട് നടന്ന സഭവം കോലറ്റ് സെപ്റ്റംബർ 21-ാം തിയതി ഗവർമ്മേണ്ട് സെക്രട്ടറിയ്ക്ക് സമർപ്പിക്കുന്ന റിപ്പോർ ട്ടിൽ വിശദീകരിച്ചിട്ടുള്ളത് ഇപ്രകാരമാണ്.86.

"വഞ്ചനാപരമായ ഈ കൊലപാതകത്തിന്റെ അര ങ്ങേറ്റം പൈശാചികമായ കശാപ്പിൽ അത് കലാശിക്കുകയും ചെയ്ത പോലെ മറ്റൊരു സംഭവവും ഉണ്ടായിരിക്കുകയില്ല. കൊണോലി ചെറിയ വരാന്തയിൽ സോഫയിൽ ഇരിക്കുക യായിരുന്നു. സായാഹ്നത്തിൽ ഇത് അദ്ദേഹത്തിന്റെ പതിവാണ്. എതിർവശത്തുള്ള സോഫയിൽ മിസിസ്സ് കൊണോലി യുമിരുന്നിരുന്നു. അവരുടെ മധ്യത്തിൽ ചെറിയ ഒരു സ്റ്റൂളും അതിൽ ഒരു വിളക്കും കത്തിയിരുന്നു. ഘാതകർ കടന്നു വരുന്നത് കൊണോലിയുടെ പുറകിൽ കൂടിയാണ്. മിസിസ്സ് കൊണോലി പോലും മനസ്സിലാക്കുന്നതിന് മുമ്പായി ഘാത കരുടെ വാൾക്കത്തി അദ്ദേഹത്തിന്റെ പുറത്ത് ആണ്ടിറങ്ങി. അത് മാത്രം മതിയായിരുന്നു അപകടമുണ്ടാകാൻ. മേശപ്പുറ ത്തുണ്ടായരുന്ന വിളക്ക് നിലത്ത് വീണു. ഘാതകർ കൊണോ ലിയെ തുരുതുരെ കുത്തുകയും ചെയ്തു. ഇടത് കൈ മിക്കവാറും അറ്റുപോയി. വലതു കാലിന് മുട്ടിന് മുകൾ ഭാഗത്തും മുതുകിന് കീഴേയും കത്തികൾ തുരുതരെ ആണ്ടിറ

ത്തി. ഏറ്റവും പൈശാചികമായ കലിതുള്ളലില്ലാതെ ഇത്തരം നീചകൃത്യം ആർക്കും ചെയ്യാൻ സാധിക്കുകയില്ല. 27. കുത്തു കൾ ഏറ്റിരുന്ന മിസിസ്സ് കൊണോലിയുടെ ദീനരോദനം കേട്ട് ആരും ഓടിയെത്തിയില്ല. അകത്തേ മുറിയിൽ നിന്നുള്ള ഇടുങ്ങിയ ഇറയത്തിനപ്പുറത്തുള്ള തളത്തിലാണ് ഭൃത്യൻമാർ സാധാരണ ഇരിക്കുക പതിവ്. അവരെല്ലാം പേടിയാലോ, എതിരിടാൻ അശക്തരായതിനാലോ, ആയിരിക്കണം അവരുടെ സഹായത്തി നെത്താൻ കഴിയാതെ പോയത്. അകത്തേ മുറിയിൽ ഘാതകരിലൊരാളെ നേരിട്ട ഒരു പാവം മസാൽജിക്ക് കൈപ്പത്തിയിലേറ്റ വെട്ടിന്റെ ഫലമായി നാല് വിരലുകൾ അറ്റുപോയിരുന്നു. കൊലയാളികൾ തങ്ങളുടെ കൃത്യം നിർവ്വ ഹിച്ചശേഷം പുറത്തേക്ക് ഓടിമറഞ്ഞു. തുടർന്ന് ഭൃത്യൻമാർ മിസിസ്സ് കൊണോലിയെ വീടിന്റെ മറ്റൊരു മുറിയിലേ ക്കെടുത്ത് മാറ്റി. പിന്നാലെ അവർ കൊണോലിയേയും എടു ത്തു കിടത്തി. സംഭവസ്ഥലത്ത് ആദ്യമായെത്തിയത് മി. ടോഡ് ആയിരുന്നു. അദ്ദേഹമെത്തിയ ശേഷവും അരമണിക്കൂർ കൂടി കൊണോലി കിടന്ന് പിടഞ്ഞു. മിസിസ്സ് കൊണോലിയോട് എന്തോ പറഞ്ഞിരുന്നെങ്കിലും വാക്കുകൾ അത്ര വ്യക്ത മായിരുന്നില്ല. അതോടെ ശ്വാസം നിലക്കുകയും ചെയ്തു. കൊണോലിക്ക് വധഭീഷണിയടങ്ങിയ ഒരു ഊമക്കത്ത് കുറച്ച് നാൾ മുമ്പ് കിട്ടിയിരുന്നുവെങ്കിലും അദ്ദേഹം അതത്ര കാര്യമാ ക്കിയിരുന്നില്ല. മിസിസ്സ് കൊണോലിയോടു പോലും ഇക്കാര്യം അദ്ദേഹം പറഞ്ഞിരുന്നതുമില്ല.

"കൊലപാതകത്തിന് ശേഷം ഉടൻതന്നെ താമരശ്ശേരി യിലേക്കുള്ള പ്രധാനവഴിയിലൂടെ 12 നാഴിക കിഴക്കായി ക്കിടക്കുന്ന കെരവുലിനടുത്ത് ഒരു കുഗ്രാമത്തിലേക്കാണ് കൊലയാളികൾ പോയത്. അവിടെ പള്ളിയിൽ പ്രാർത്ഥനയും വിശ്രമവുമായി കഴിച്ചുകൂട്ടി. 12-ാം തിയ്യതി 4 മണിയോടെ മക്കാട്ട് നമ്പൂതിരിയുടെ മനയിൽ കയറി രാത്രി 9 മണിവരെ അവിടെ ഇരുന്നു. ഇവിടെനിന്നും കിട്ടിയ പണവും 300 രൂപ വില വരുന്ന സാധനങ്ങളും എടുത്ത് കൊണ്ട് ഇറങ്ങി താമരശ്ശേരി റോഡിൽ കൂടി തന്നെ യാത്ര തുടങ്ങി. അവിടെ പുൽക്കൂട്ടിമോയിയുടെ പുരയിൽ കയറി. രാത്രി ബാവാട്ട്പള്ളിയിൽ ചെന്ന് അടുത്ത രാത്രിവരെ (13-ാം തീയതി) അവിടെ കഴിച്ചുകൂട്ടി. അന്ന് താമരശ്ശേരി അങ്ങാടിയിൽ വന്ന് പലചരക്ക് സാധനങ്ങൾ വാങ്ങിച്ചതായി അറിവു കിട്ടി. 15-ാം തിയ്യതി കോഴിക്കോട്ട് താലൂക്കിലെ തിരുവമ്പാടി അംശത്തിലേക്ക് അവർ കടന്നു. പിറ്റേ ദിവസം അവിടത്തെ വില്ലേജ് പ്യൂണിനെ പിടിച്ച് നിർത്തി അയാളു ടെ തോക്ക് ബലമായി കൈവശപ്പെടുത്തുകയും ചെയ്തു. ചപ്പാടി പോക്കർകുട്ടിയെ വഴികാണിക്കുവാനായി അവ രോടൊപ്പം ചെല്ലുവാൻ നിർബ്ബന്ധിച്ച് കൊണ്ടുപോയി. 17-ാം തിയ്യതി വൈകുന്നേരമായപ്പോഴേക്കും എടമണ്ണപാറയിലേക്ക് പോക്കർ കുട്ടികൊണ്ടുപോയി. ഇവിടെ നിന്നും വളരെ ദൂരം പോകാൻ കഴിയുന്നതിന് മുമ്പ് തന്നെ ഇവരെ പിൻതുടർന്ന് ചെന്ന ചില കൊണ്ടോട്ടിക്കാർ (വ്യത്യസ്ഥവിഭാഗക്കാരായ മാപ്പിളമാർ) അവരുടെ അടു ത്തെത്തി. നാട്ടുകാരുടെ പിടിയിൽ പെടാതിരിക്കുവാൻ ഓ ട്ടം തുടങ്ങിയ ഇവർ മൊഡംബല്ലത്തെ മൂസതിന്റെ ഇല്ലത്ത് ചെന്ന് പറ്റി. അവിടെ എത്തിയ മേജർ ഹാലിയുടെ നേതൃ ത്വത്തിലുള്ള പോലീസ് പാർട്ടിയും ക്യാപ്റ്റൻ ഡേവീസിന്റെ കീഴിലുണ്ടായിരുന്ന 74-ാം ഹൈലാൻഡേർസ്കോറിലെ 5-ാം കമ്പനിയുടെ ഒരു വിഭാഗവും ചേർന്ന് വെടിവെച്ചു കൊന്നു. ഏറ്റുമുട്ടലിന് ശേഷമാണ് അവരെ വധിക്കുവാൻ കഴിഞ്ഞത്. കഴിയുന്നതും ജീവനോടെ ഒരാളെയെങ്കിലും പിടികൂടണമെന്ന ധാരണയോടുകൂടിയാണ് പോലീസ് . പട്ടാള സംഘങ്ങൾ ശ്രമിച്ചിരുന്നെങ്കിലും, ജീവനോടെ പിടി കൂടുവാൻ അവർക്ക് സാധിച്ചതുമില്ല. ആക്രമികളിൽ ഒരാൾ വീടിനകത്തുനിന്നും വെച്ച വെടിയേറ്റ് ഒരു ബ്രിട്ടീഷു കാരൻ മരിക്കുകയും മറ്റൊരാൾക്ക് മുറിവു പറ്റുകയും ചെ യ്തു.87.

"അതേ രാത്രി തന്നെ കൊലയാളികളുടെ ജഡം മഞ്ചേരി യിലേക്ക് കൊണ്ടുപോയി ഒറ്റ കഴുമരത്തലായി തൂക്കിയിട ണമെന്ന് ഞാൻ കല്പിച്ചിരുന്നു. നീചകൃത്യങ്ങൾ ചെയ്തിട്ടുള്ള ക്രിമിനൽ പുള്ളികളെ മലബാറിൽ ഇങ്ങനെ പ്രദർശിപ്പി ക്കാറുണ്ട്. ഇവർ ചെയ്ത ഹീനപ്രവർത്തിക്ക് അർഹിക്കുന്നത് ഇതായിട്ടാണെനിക്ക് തോന്നിയത്. കോഴിക്കോടിനെക്കാൾ പറ്റിയ സ്ഥലം മഞ്ചേരി തന്നെയാണെന്ന് തീരുമാനിച്ചത് ഈ കൊലയാളികൾ മഞ്ചേരിയുടെ പ്രാന്തപ്രദേശങ്ങളി ലുള്ളവരാണെന്നതിനാലാണ്. ഇതിലൊരാൾ ഇവിടന്ന് മൂന്ന് മൈൽ മാത്രം ദൂരത്താണധിവസിച്ചിരുന്നത്. താലൂക്ക് കച്ചേരി യുടെ തൊട്ടടുത്താണ് കൊലമരം സ്ഥിതി ചെയ്യുന്നതിനെ ന്നതിനാൽ ഇവരുടെ ജഡത്തിൽ ബഹുമാനാദരവുകൾ പ്രകടിപ്പിക്കുവാൻ ആരും തയ്യാറാകുകയില്ലെന്നതു കൊണ്ടും ഈ കാഴ്ച കോഴിക്കോട്ടുകാരേക്കാൾ ഇവിടെയുള്ളവർക്ക് പാഠമായി തീരുമെന്നതുകൊണ്ടുമാണ്, ഇവിടെ തന്നെ വേ ണമെന്നു വെച്ചത്. സർക്കാർ നിർദ്ദേശത്തിന് അനുസൃതമല്ല ഞാനി ചെയ്ത കാര്യമെങ്കിലും ഇത് അംഗീകരിക്കുമെന്ന് തന്നെയാണ് എന്റെ പ്രതീക്ഷ.88.

ഒക്ടോബർ 8-ാം തീയ്യതി മാത്രമാണ് കഴുമരത്തിൽ നിന്നും കഴുകനും പറവകളും തിന്ന ശവശരീരങ്ങൾ കോഴി ക്കോട് കൊണ്ടുവന്ന് പരസ്യമായി ദഹിപ്പിച്ചതെന്ന് ജോയിൻറ് മജിസ്ട്രേറ്റ് സി. കോലറ്റ് ഗവർമ്മേണ്ട് സെക്രട്ടറി, ബോർ ഡില്ലെന്ന് എഴുതുന്നുണ്ട്. കത്ത് ഇങ്ങനെ തുടരുന്നു. "ഗവർണ്ണ റുടെ കല്പനപ്രകാരം കൊണോലിയുടെ ഘാതകരായ അഞ്ച് മാപ്പിളമാരുടെ (വളാശ്ശേരി എമാലു, പുലിയകുന്നത്ത് തേനു, ചെമ്പൻ മൊയ്തീൻകുട്ടി, വെള്ളാട്ടി തായത്തപ്പറമ്പിൽ മൊയ്തീൻ, ഒസ്സാൻ ഹൈദർമാൻ എന്നിവരായിരുന്നു ഈ അഞ്ചു പേർ.) ജഡം ഇവിടെ കൊണ്ടുവന്ന് ഇന്നു രാവിലെ പരസ്യമായി ദഹിപ്പിച്ച് ചാരവും മറ്റവശിഷ്ടങ്ങളും ജയിൽ വളപ്പിൽ അടക്കം ചെയ്യുകയുമുണ്ടായി. ഇതുമൂലം ഇവരുടെ

പേരിൽ യാതൊരു വക നേർച്ചയോ, ആദരവോ മാപ്പിളമാർക്ക് മേലാൽ പ്രകടിപ്പിക്കുവാൻ സാധ്യമാകുകയുമില്ല. ഈ കാഴ്ച കാണാൻ 200 ഓ 300 ഓ പേർ കൂടിയിട്ടുണ്ടായിരുന്നെങ്കിലും അവരത്രയും ഹിന്ദുക്കളാണെന്ന് എനിക്ക് മനസ്സിലായി. പുഴയ്ക്കക്കരെയായി കുറെ മാപ്പിളമാരുടെ തല കാണാമായിരുന്നങ്കിലും അവർ വളരെ ദൂരെയായിരുന്നുവെന്നതിന് പുറമെ മരങ്ങളുടെ മറപറ്റിയുമാണ് നിന്നിരുന്നത്. 50 പേരിൽ കുറയാത്ത മാപ്പിളമാരവിടെയുണ്ടായിരുന്നതായിട്ടാണ് എനിക്ക് തോന്നിയത്. പത്തേമാരികളുടെ പണി നടക്കുന്ന സ്ഥലമാണെന്നതിനു പുറമെ ധാരാളം മരക്കച്ചവട കേന്ദ്രങ്ങളും ഇവിടെയുണ്ട്. സാധാരണ വളരെ തിരക്കുള്ള സ്ഥലമാണ് ഇതെന്നിരുന്നിട്ടുകൂടിയും മാപ്പിളമാരുടെ അസാന്നിദ്ധ്യം പ്രകടമായിരുന്നു.......മഞ്ചേരിയിലും ഇത് തന്നെയായിരുന്നു സ്ഥിതിയെന്നാണ് മേജർ ഹാലി എന്നോട് പറഞ്ഞതും. മാപ്പിളമാർ കൂട്ടായെടുത്ത തീരുമാനമാണോ അതല്ല ഭയവും ആകലാപ്പും കൊണ്ടുമാണോ, എന്ന കാര്യം കൂടുതൽ അന്വേഷണത്തിന് വിധേയമാക്കുന്നതാണ്. 89.

കൊണോലിയുടെ വധത്തിന് കാരണമായി പറയുന്നത് കൊലയാളികളെ നിസ്സാരകാരണത്തിന് ജയിൽശിക്ഷ നൽകി യിരുന്നുവെന്നതും അബ്ദുൽ ഫസൽപൂക്കോയ തങ്ങളെ നാട്കടത്തിയതിൽ മനം നൊന്ത് പ്രതികാരേച്ഛുക്കളായവരുടെ പ്രേരണയാൽ ഈ ഹീനകൃത്യത്തിന് തയ്യാറായതാണെന്നും ഒക്കെയാണ്. ഏതായാലും ഇതിനുശേഷം മലബാറിൽ അരങ്ങേറിയ മർദ്ദനവും ശിക്ഷയും നാടുകടത്തലുമൊക്കെ മാപ്പിളമാരെ ആക മാനം സംഭീതരാക്കിയ കാട്ടാളപ്രവർത്തനമായിരുന്നു. ഈ സംഭവത്തിനു ശേഷം മലബാറിലാകമാനം മുസ്ലീംകൾ ഭയ വിഹ്വലരും പരിഭ്രാന്തരുമാണ്. പുതിയ മാപ്പിള നിയമങ്ങൾ ഏത് വിധമാണ് ഇവരെ ബാധിക്കുകയെന്ന ഭീതിയിലാണവർ, എന്നാണ് മലബാർ കളക്ടർ ടി. ക്ളാർക്ക്, ചീഫ് സെക്രട്ടറി, ടി. പൈ ക്രോഫ്ട്ടിന് എഴുതുന്നത്. 90.

ഇതിനു മുമ്പ് നടന്നിട്ടുള്ള ലഹളകളിൽ നിന്നും ഇതിനുള്ള പ്രത്യേകത ഇത് തീർത്തും രാഷ്ട്രീയ പ്രേരിതമാണെന്നതാണ്. തിരൂരങ്ങാടി തങ്ങളെ നാടുകടത്തിയതിലുള്ള പ്രതികാരമായിരുന്നു കൊണോലിയുടെ മരണത്തിനിടവരുത്തിയത്. മലബാറിലെ പ്രധാന എക്സിക്യൂട്ടീവ് ഓഫീസർ എന്ന നിലയ്ക്ക് കൊണോലിയാണല്ലോ ഇതിനു കാരണഭൂതൻ. ഘാതകർ പല സ്ഥലത്തു വെച്ചും തങ്ങളുടെ ഉദ്ദേശ്യം കൊണോലിയെ കൊലപ്പെടുത്തുകയാണെന്ന് തുറന്ന് പറഞ്ഞതിൽ നിന്നും ഇത് വ്യക്തമാണ്. കൊലപാതകത്തിനു മുമ്പ് പണക്കാരനെന്നും പണിക്കാരനെന്നും വ്യത്യാസ മില്ലാതെ മലബാറിലെ മാപ്പിളമാർ ആകമാനം ഘാതകരുടെ ലക്ഷ്യമെന്താണെന്നറിഞ്ഞിട്ടു കൂടി അവർക്ക് നൽകിയ ആദരവും സഹായവും ഇവരുടെയെല്ലാം മനസ്സിലിരുപ്പ് ശരിക്കും വെളിപ്പെടുത്തുന്നുണ്ട്. വളരെപ്പേർ ആഗ്രഹിച്ചിരുന്ന ഒരു ദൈവ്യ നിർവ്വഹണമാണിവർ നടത്തിയതെന്ന് ചുരുക്കം.91.

ഇതായിരുന്നു ചീഫ് സെക്രട്ടറി ടി. പൈക്രോഫ്റ്റു മുതൽ താഹ്സിൽദാർ വരെയുള്ളവരുടെ അഭിപ്രായം. അനുസൃതമാണ് പിന്നീട് ശിക്ഷാനടപടികൾക്കുള്ള ശുപാർശകളത്രയും നടന്നത്. ആഗസ്റ്റ് 4-ാം തീയ്യതി ജയിൽ ചാടിയതു മുതൽ ഫെബ്രുവരി 17ന് അവരത്രയും വധിക്കപ്പെടുന്നത് വരെയുള്ള ആറ മാസം അവർക്ക് അഭയം നൽകിയവരെയും അവരെ സ്വീകരിച്ച് ഭക്ഷണം നൽകിയവരെയും തെരഞ്ഞ് പിടിച്ച് ശിക്ഷിക്കുക. തറമേൽ ജാറം തകർത്ത് അലവി തങ്ങളുടെ ഭൗതികാവശിഷ്ടം അറേബ്യയിലേക്ക് കടത്തി അവിടെ സംസ്ക്കരിക്കുക. മമ്പ്രം ജാറത്തിനോടനുബന്ധമായുള്ള സ്ഥലങ്ങളത്രയും കണ്ടുകെട്ടി ഹിന്ദുക്കൾക്കാർക്കെങ്കിലും കൃഷിക്കു വേണ്ടി നൽകുക. ഘാതകരുടെയും അവരെ സൽക്കരിച്ചവരുടെയും അംശങ്ങളെ ക്കൂട്ടപ്പിഴയ്ക്ക് വിധേയമാക്കുക, കൊലപാതകികൾ പ്രാർത്ഥിക്കുവാനും വിശ്രമിക്കുവാനും ഉപയോഗപ്പെടുത്തിയ പള്ളികളത്രയും തകർക്കുകയും ഇവിടങ്ങളിലെ ജോലിക്കാരായ മുസലിയാർമാരെയും മുക്രി തുടങ്ങിയവരെയും നാടുകടത്തുകയും വേണമെന്നാണ് പൊതുവേയുണ്ടായ അഭിപ്രായം. മമ്പ്രം പള്ളിയും ജാറവും മററുള്ള പള്ളികളും പൊളിച്ച് മാറ്റണമെന്ന നിർദ്ദേശമൊഴിച്ച് മറ്റുള്ളവയെല്ലാം വളരെ ഫലവത്തായി നടപ്പിലാക്കുകയുണ്ടായിയെന്നാണ് ഇത് സംബന്ധമായ എഴുത്തുകുത്തുകളിൽ നിന്നും മനസ്സിലാകുന്നത്. പള്ളികളും ജാറങ്ങളും എന്ത് പേര് പറഞ്ഞിട്ടാണെങ്കിലും പൊളിക്കാൻ തീരുമാനിച്ചാലുണ്ടാകുന്ന പ്രത്യാഘാതം മലബാറിൽ മാത്രമല്ല ഇൻഡ്യയിലും മറ്റുള്ള മുസ്ളീം രാജ്യങ്ങളിലും ഭയാനകമായിരിക്കുമെന്നും അത് ആഗോളതലത്തിൽ ക്രൈസ്തവ-മുസ്ളീം സംഘട്ടനത്തിനിടവരുത്തുമെന്നും കമ്പനിയധികാരികൾക്കറിയാമായിരുന്നത് കൊണ്ടാണ് ഹീനഹീനമായ ഈ പ്രവർത്തിക്ക് തുനിയാതിരുന്നത്.

1857 സെപ്റ്റംബർ 17-ാം തീയ്യതി മലബാറിലെ ആക്ടിങ്ങ് മജിസ്ട്രേട്ട് ഡബ്ളിയു. റോബിൻസൺ, ആക്ടിങ്ങ് ചീഫ് സെക്രട്ടറി ഇ. മെൽട്ടബിയെ കൂട്ടപ്പിഴ നടത്തി ഈടാക്കിയ തുകയുടെ കണക്കും അംശങ്ങളും ഏതൊക്കെയെന്ന് വിശദമായെഴുതുന്നത് താഴെ കൊടുക്കുന്നു.

| അംശം | താലൂക്ക് | ഉറുപ്പിക | അണ | പൈസ |
|---|---|---|---|---|
| നെൻമേനി | വള്ളുവനാട് | 857 | 8 | 0 |
| കാരിയവട്ടം | വള്ളുവനാട് | 1951 | 0 | 0 |
| കൽപ്പകഞ്ചേരി | പൊന്നാനി | 16,989 | 0 | 0 |
| കൻമനം | പൊന്നാനി | 1869 | 0 | 0 |
| വടക്കുമ്പുറം | പൊന്നാനി | 1991 | 0 | 0 |
| തലക്കാട് | പൊന്നാനി | 8842 | 0 | 0 |
| കൊടുവായൂർ | ചേരനാട് | 3003 | 0 | 0 |

| | | | | |
|---|---|---|---|---|
| കച്ചേരി | കാലിക്കറ്റ് | 1317 | 0 | 0 |
| കേടാവൂർ | കുറുമ്പ്രനാട് | 512 | 0 | 0 |
| ഒട്ടാകെ | | 38,331 | 8 | 0 |

ഇത് പിരിച്ചെടുക്കുവാൻ വന്ന ചെലവുകൾ

ചെലവുകൾ-4,878-12-5

നഷ്ടപരിഹാരം-2,809-5-5

ആകെ 7,688-4-10

92.ബാക്കി കൈവശമുണ്ടായിരുന്ന പണം. 30,936-13-10

1854 ലെ മാപ്പിളകലാപ നിയമംXXIII ലെ സെക്ഷൻ VII പ്രകാരം മാപ്പിളമാരിൽ നിന്നും വസൂലാക്കിയ തുകയിൽ ചെലവു കഴിച്ച് ബാക്കിയുള്ളതായ 30,936 രൂപ 13 അണ 10 പൈസ കൊണോലിയുടെ വിധവക്ക് നഷ്ടപരിഹാരമായി നൽകുവാനും അവരുടെ ഏജൻറുമാരായ മെസേഴ്സ് ആർബത്ത്നോട്ട് കമ്പനി മുഖാന്തിരം ഇത് കൊടുക്കുവാനുള്ള നടപടികൾ വേഗം സ്വീകരിക്കുവാനും മലബാറിലെ ആക്ടിംങ് മജിസ്ട്രേട്ടായ റോബിൻസണെ ചുമതല പ്പെടുത്തുകയും ചെയ്തിരുന്നു.93.

1854 ലെ മാപ്പിള ഔട്ടറേജസ് അക്ടിൻെറ മറപിടിച്ച് കൊണോലിവധം നടത്തിയവർക്ക് ജയിൽചാടിയ നാൾ തുട ങ്ങി പട്ടാളനടപടിമൂലം വധിക്കപ്പെടുന്നതുവരെയുള്ള കാലത്ത് അഭയം നൽകുകയോ, ഏതെങ്കിലും വിധത്തിൽ അവരുമായി സമ്പർക്കം പുലർത്തുകയോ, അവർക്ക് സഹായം നൽകു കയോ ചെയ്തിരുക്കാമെന്ന് സംശയം തോന്നിയിട്ടുള്ള 164 ആളുകളുടെ പേരിൽ കേസെടുത്ത് വിവിധ ശിക്ഷകൾ നൽകി യിരുന്നു. പ്രധാനമായി വ്യത്യസ്ഥ സ്ഥലങ്ങളിലായി 16 കേ സ്സുകളാണ് എടുത്തിരുന്നത്. കൊണോലിയെ വധിച്ചി രുന്നവരിൽ പ്രധാനിയായ തേനു എന്നയാളുമായി ബന്ധപ്പെട്ടവരായിരുന്നു ആദ്യ കേസ്സിലെ പ്രതികൾ. അവർ, 1. ചെറിയത്ത് കുഞ്ഞത്താൻ, 2. കുന്നാടിക്കുറിപോക്കർ, 3. പുലിയാത്ത ക്കോട്ടക്കുടിയിൽ കുന്നത്തെപ്പറമ്പിൽ പറക്കോട്ട് ചേക്കുണ്ണി, 4. പള്ളിയകത്ത് മൊയ്തീൻകുട്ടി, 5. തെച്ചയോടൻ പോക്കർ, 6. കുള്ളഡുംബിൽ ആമനാത്ത തിത്തിയുമ്മ 7. ആമിനാത്ത യേനു, 8. പുള്ളിയകത്ത് വീരാൻ, 9. പുള്ളിയകത്ത് കുഞ്ഞാലു, 10.മുഖ്യസ്ഥൻ അമനാത്ത ഉണ്ണി മോയി, 11. കക്കാട്ടിൽ കുഞ്ഞി മൊയ്ദീൻകുട്ടി, 12. മഞ്ഞലക്കാടൻ കു ഞ്ഞി ഉണിയൻ, 13. കുന്നതികുരു മൊയ്തു. 14. പാത്തുമ്മ, കുന്നതിക്കുരുമൊയ്തുവിൻെറ ഭാര്യ, 15. നായരതൊടിയിൽ കോയ, 16. കക്കാട്ടിൽ കുഞ്ഞോലൻ, 17.മഞ്ഞലക്കാടൻ മൊയ്ദീൻ, 18. മുഖ്യസ്ഥൻ വേമുള്ളി സെയ്തു, 19. ആൽപെറ്റ സെയ്തൂട്ടി, 20. മകൻ കൊയ്മാറ. ഇവരിൽ 4,5,6,19,20 എന്നി നമ്പറിലുള്ളവരൊഴിച്ച് മറ്റുള്ളവരെല്ലാം കൊലപാതകി തേനുവിൻെറ സ്ഥലമായ പട്ടിക്കാട്ടുകാരും ഇയ്യാളുമായി ഉറ്റബന്ധമോ, ചങ്ങാത്തമോ ഉണ്ടായിരുന്നവ രുമാണ്. 94. ഇവരിൽ നാലുപേർ തടവറയിൽ തന്നെ അവരുടെ അന്ത്യം കണ്ടിരുന്നു. നാലുപേരെ നാടുകടത്താനും മറ്റുള്ളവരിൽ രണ്ട് സ്ത്രീകളൊഴിച്ചുള്ളവർക്ക് ജയിൽശിക്ഷ നൽകാനുമാണ് നിശ്ചയിച്ചിരുന്നത്. സ്ത്രീകളെ നിരുപാധികം വിട്ടയ്ക്കുവാനും തീരുമാനിച്ചു. രണ്ടാം നമ്പറായി ചാർജ്ജ് ചെയ്തിരുന്ന കേസ്സിൽ 2 പേർ മാത്രമായിരുന്നു പ്രതികൾ. അവർ രണ്ടുപേരും മരണപ്പെട്ടിരുന്നു. അവർ അമാനത്ത് എന്നുവും അമാനത്ത് ഉണ്ണിമോയിയുമായിരുന്നു. മൂന്നാമത്തേ തിൽ 6 പേരാണുണ്ടായിരുന്നത്. അവർ 1. പനത്തൊടിയിൽ കാദർ, 2. ചാരിയത്ത് കുഞ്ഞി ഉമ്മൻ 3. മകൾ അച്ചുമ്മ. 4. മുല്ല ചേക്കു. 5. മുല്ല മൊയ്തൂട്ടി, 6. പളനിക്കാട്ട് ഉണ്ണി ഔറ, എന്നിവരാണ്. ഇവരിൽ മൂന്ന് പേർ ജെയിലിൽ കിടന്ന് മരിച്ചു. രണ്ടു പേർ സ്ത്രീകളായിരുന്നതു കൊണ്ട് വിട്ടയയ്ക്കാൻ കല്പനയായി. അവശേഷിക്കുന്ന ഒരാളുടെ പേരിൽ പറയത്തക്ക കുറ്റമൊന്നും ആരോപിക്കുവാൻ സാധിച്ചില്ല. എങ്കിലും രണ്ടാൾ ജാമ്യത്തിൽ ഇയ്യാളേയും വിട്ടയച്ചിരുന്നു. നാലാമതായി ചാർജ്ജു ചെയ്ത കേസ്സിൽ കരമ്പിൽ കുഞ്ഞി കമ്മദായിരുന്നു പ്രതി. കൊലപാതകരിൽ ഒരാളുടെ അളിയനായ ഇയ്യാൾ താമസ്സസൗകര്യം നൽകിയതും അവരുടെ ഉദ്ദേശ്യം മനസ്സിലായിട്ടും അധികാരികളെ അറിയിക്കാതിരിക്കുകയും ചെയ്തതിനാലും ഇദ്ദേഹത്തെ നാടുകടത്തുവാനാണ് കല്പനയായത്.95. ആഗസ്റ്റ് 24-ാം തീയ്യതി കൊടുവായൂർ നിന്നും മമ്പ്രത്തെത്തിയ ഇവരുമായി ദീർഘനേരം സംസാരിക്കുകയും അവരുടെ ദൗത്യത്തെക്കുറിച്ചറിയുകയും ചെയ്തിരുന്ന തറമേൽ കുഞ്ഞിക്കോയയും മുക്രി അത്തോളി ഉണിയനുമായിരുന്നു 5-ാം നമ്പർ കേസ്സിലെ കക്ഷികൾ. ഇവരെ ഇരുവരേയും നാടുകടത്തുവാനാണ് നിശ്ചയിച്ചത്. 8 പേർ ഉൾപ്പെട്ട 6-ാം നമ്പർ കേസ്സിൽ 1. പറങ്കിൽ മരക്കാർ, 2. തുരുമ്പത്ത് മരയ്ക്കാർ എന്നു വിളിക്കുന്ന ചൂലാനി 3. ഇരുമ്പുള്ളി മരയ്ക്കാർ എന്ന കാപൻകുണ്ടിൽ മരയ്ക്കാർ. 4. പാറങ്കൽ ചേക്കു, 5. കുഞ്ഞുക്കോയ, 6. അപ്പലക്കൊടിയിൽ മാമൂദ്, 7. എടക്കപ്പറമ്പിൽ കോയക്കുട്ടി. 8. പറങ്കൽ മൊയ്തീൻകുട്ടി, എന്നിവരായിരുന്നു പ്രതികൾ. ഇവരിൽ ഒരാളെ നാടുകടത്തുകയും മറ്റുള്ളവർക്ക് ജയിൽ ശിക്ഷ വിധിക്കുകയും ചെയ്തു. 25 പേരെ കുടുക്കിയ കേസ്സായിരുന്നു ഏഴാമത്തേത്. അവരുടെ പേരുകൾ താഴെ കൊടുക്കുന്നു. 1) കറുത്ത കുഞ്ഞൂസ 2) ഭാര്യ പാത്തുമ്മ, 3) കുറ്റവാളി വി. മെയ്തീൻെറ ഭാര്യ അമ്പാട്ട് പാത്തുമ്മ, 4) അമ്പാട്ട് ഐഷഉമ്മ, 5) നാലകത്ത് മൊയ്തീൻ, 6) നാലകത്ത് പക്കിക്കുട്ടി, 7) നാലകത്ത് കാമു, 8) മഠത്തിൽ പറമ്പിൽ യാക്കൂബ്, 9) മഠത്തിപറമ്പിൽ കാസ്മി, 10) ഹൈദർമാൻ, 11) മഠത്തിപ്പറമ്പിൽ മൊയ്തീൻ കുട്ടി, 12) താകൻ ഹസ്സൻ, 13) വലവേരസ്സാൻ രാവുത്തൻ, 14) വടകര ബാവ, 15) തറപിടിക്കേൽ അഹമ്മദ്, 16) പുല്ലക്കേൽ ഒസ്സനാർമുല്ല, തെക്കേപള്ളിയിലെ മുക്രി, 17) ടി. ഏനാടിൻക്കുട്ടിമുല്ല, 18) ടി. കാനൻകുട്ടിമുല്ല, 19) തെക്കേ പള്ളിയുടെ ഉടമസ്ഥൻ പുതയിൽ ഇബ്രാഹിം, 20) ഔതിയാൻ കുളങ്കര കുഞ്ഞാലി, 21) ഔതിയാൻ കുളങ്കര അബ്ദുലാച്ചിയ, 22) കൽമരഗത്ത്

ഹുസൈൻകുട്ടി, 23) ചിന്നപറമ്പിൽ മാമ്മി, 24) പളപ്പിൽ കുഞ്ഞായൻ, 25) കുന്നത്ത് മമ്മുസ. ഇവരിൽ നാലകത്ത് മൊയ്തീൻ, നാലകത്ത് പക്കിക്കുട്ടി, നാലകത്ത് കാമു എന്നിവരെ നാടുകടത്തുകയുണ്ടായി. സ്ത്രീകളെ വിട്ടയച്ചെങ്കിലും മറ്റുള്ളവർക്ക് ജയിൽശിക്ഷയും നൽകി. 8-ാം നമ്പറായി രജിസ്റ്റർ ചെയ്ത കേസ്സിൽ 5 പ്രതികളാണുണ്ടായിരുന്നത്. പൊട്ടുമേൽ അല്ലി ഉമ്മ, പൊട്ടുമേൽ ഉമ്മാച്ചുമ്മ, കളത്തിൽ മറിയുമ്മ, വെട്ടൻവീട്ടിൽ മൂപ്പൻകുഞ്ഞി മൊയ്തീൻ, ഭാര്യ ബിവി ഉമ്മ, എന്നിവരായിരുന്നു പ്രതികൾ. ഇവരെല്ലാവരും കൊലയാളികളിൽ മൊയ്തീൻ എന്ന ആളുടെ കുടുംബക്കാരാണ്. ഇവരിൽ നാലു പേർ സ്ത്രീകളുമാണ്. കലാപക്കാർ ഇവരുടെ വീട്ടിൽ അല്പസമയം ഉണ്ടായിരുന്നതിൽ കവിഞ്ഞ് അവർ ഭക്ഷണം കഴിക്കുകയോ, വിശ്രമിക്കുകയോ ചെയ്തതായി കാണാത്തത് കൊണ്ട് പ്രതികളെ എല്ലാവരേയും വിട്ടയക്കുവാൻ കല്പനയായി.

പതിനാലു പേരെ ഉൾപ്പെടുത്തി കൊണ്ടുള്ളതായിരുന്നു 9-ാം നമ്പർ കേസ്സ്. അവരുടെ പേരുകളാണ് താഴെ കൊടുക്കുന്നത്. 1. നരക്കാട്ട് പുത്തൻവീട്ടിൽ സെയ്തു മുഹമ്മദ്കോയക്കുട്ടി, 2. കുഞ്ഞിക്കോയ തങ്ങളുടെ മകൾ മമ്പ്രത്ത് ബിവി, 3. തിരുനെല്ലിവീരാൻകുട്ടി, 4. വായക്കൽകോട്ടഔറാൻ, 5. അയാളുടെ മകൻ മാമുണ്ണി, 6. വെള്ളക്കാട്ടേരി എനാദിൻ, 7. കുഞ്ഞിരെൻ കുന്നൻ കാമു, 8. ചോമയിൽ കുഞ്ഞിപോക്കു, 9. മാമ്മി, 10. കോട്ട ഔറാൻെറ മകൻ വീരാൻ, 11. മണ്ടയപ്പുറത്ത മാമൂദ് കുട്ടി മൂപ്പൻ, 12. അദ്ദേഹത്തിൻെറ മകൻ വീരാവുണ്ണി, 13. അമ്പറ മരക്കാർ, 14. പി. അബ്ദുല്ല കോയ. ഇവരെല്ലാവരും തന്നെ കുറ്റവാളികളെ അനുഗ്രഹിക്കാൻ ഒന്നിച്ചുകൂടിയവരും അവർ ചെയ്യാനു ദ്ദേശിക്കുന്ന ഹീനകൃത്യം എന്താണെന്ന് അറിഞ്ഞിട്ടുകുടി അവരുമായി സന്തോഷിച്ചവരുമാണ്. ഒറ്റ ആളും ഇക്കാര്യം അധികൃതരെ അറിയിക്കുവാൻ ഒരുമ്പിട്ടില്ലന്നത് തന്നെ മാപ്പി ഉമാരാകമാനം ഈ കൃത്യം നടന്നുകാണാൻ ആഗ്രഹിച്ചിരുന്നു എന്നതിന് തെളിവാണ്. ഈ 16 പ്രതികളിൽ നരക്കാട്ട് പുത്തൻ വീട്ടിൽ സെയ്ത് മുഹമ്മദ് കോയക്കുട്ടി, മണ്ടയപ്പുറത്ത മാമൂദ് കുട്ടി മൂപ്പൻ, അദ്ദേഹത്തിൻെറ മകൻ വീരാവുണ്ണി എന്നിവരെ നാടു കടത്തേണ്ടതാണെന്ന് നിശ്ചയിച്ചു. മറ്റുള്ളവർക്കെല്ലാം വ്യത്യസ്ഥകാലത്തേക്കുള്ള ജയിൽശിക്ഷയും നൽകി.97.

30 പേരെ പ്രതി ചേർത്തുകൊണ്ടുള്ളതായിരുന്നു ചാർജ്ജ് ചെയ്തിരുന്ന മറ്റൊരു കേസ്സ്. ഇവരിൽ 7 പേർ കേസ്സ് വിചാരണയാകുന്നതിന് മുമ്പ് തന്നെ ലോക്കപ്പ് മർദ്ദനം കൊണ്ട് മരണപ്പെട്ടിരുന്നു. ഈ കേസിലെ പ്രതികൾ, 1. വലിയപറമ്പിൽ കുഞ്ഞാലി, 2. പള്ളിമുക്രി ബാവക്കുട്ടി, 3. തരട്ടിൽ മൊയ്തു, 4. കാരാമ്പിതോട്ടുങ്ങ കുഞ്ഞിഅമ്മു, 5. കളത്തിൽ തോട്ടുങ്ങ വീരാൻ, 6. കളത്തിപടിക്കൽ മാമുണ്ണി, 7. മൊസലിയാരകത്ത് കുഞ്ഞാലി, 8. വെട്ടരപാറ സെയ്താലി, 9. കുന്നത്തൊടി കുട്ടിസെയ്ത്, 10. മുക്രി ഔവ്വുറമാൻ, 11. വെട്ടാരപാറക്കൽ മമ്മു, 11. പലാത്ത് പോക്കർ, 12. മൊസലിയാരകത്ത് ലിബാൺ, 14. സൈഡൻപറമ്പിൽ മമ്മദ്, 15. കുട്ടിപറമ്പിൽ മമ്മു, 16. ഓത്തൻ മരക്കാർ, 17. തറട്ടേൽ കുഞ്ഞി അഹമ്മദ്, 18. കുന്നൻ ചെറ അമീസ്, 19. വെള്ളരിപറമ്പിൽ കുഞ്ഞാലി, 20. കുട്ടിപറമ്പിൽ ഔവ്വുറമാൻ, 21. തറട്ടേൽ കുഞ്ഞാലി, 22. മനക്കൽ കോയാമുമുല്ല, 23. കളത്തേൽ ചെറിയ കുഞ്ഞാലി, 24. തറട്ടേൽ മാമ്മദ്, 25. പുതുക്കുടികോയാമു, 26. പങ്ങൻ ഹക്കരമൊയ്തു, 27. മൊല്ല ഹൈദർ, 28. മൊസലിയാരകത്ത് കുഞ്ഞാലിക്കുട്ടി, 29. വലിയപറമ്പിൽ കുഞ്ഞിപോക്കർ, 30. മൊല്ലകുഞ്ഞോക്കർ എന്നിവരായിരുന്നു. ഇവരിൽ 7 പേരാണ് ജയിലിൽ കിടന്ന് മരിച്ചത്. ലോക്കപ്പ് മർദ്ദനം നല്ലവണ്ണമുണ്ടായിരുന്നു എന്ന് കരുതണം. അവശേഷിച്ച 23 പേരിൽ, 2,5,6,7,8,10,11,13,14,15 നമ്പറുകളിൽ പേരു പറഞ്ഞിട്ടുള്ള പത്ത് പേരെ നാടുകടത്തുവാനും മറ്റുള്ളവരെ പല കാലത്തേക്കായി കഠിന തടവ് ശിക്ഷ നൽകുവാനുമാണ് വിധിച്ചത്.98.

11-ാം നമ്പർ കേസ്സിൽ ഒരാൾ മാത്രമായിരുന്നു. പ്രതി. അയാൾ കുറ്റക്കാരനല്ലെന്ന് തെളിഞ്ഞതിനെതുടർന്ന് വിട്ടയച്ചിരുന്നു. എന്നാൽ 5 പേരെ ഉൾപ്പെടുത്തിക്കൊണ്ടാ യിരുന്നു 12-ാം നമ്പറായി നടത്തിയ കേസ്സ്. അവർ 1. കഞേരി കുട്ടികോയാമു, 2. ചെമ്പ്രാശ്ശേരി ഉണ്ണിമോയി, 3. കലേരിമാമ ഐഷഉമ്മ, 4. നരങ്ങോലി കുഞ്ഞിരായൻ, 5. ചെമ്പ്രശ്ശേരി കോയിമ്മാർ എന്നിവരാണ്. ബേപ്പൂർ പുഴ കടക്കുന്ന കുഴിമാട് ഫെറി കടത്തുകാരനാണ് ഒന്നാം പേരുകാരൻ. അപരിചിതരായ ഇവരെ ശരിക്കും നിരീക്ഷിച്ചിരുന്നെങ്കിൽ അവരുടെ ഭാണ്ഡത്തിലുണ്ടായിരുന്ന ആയുധങ്ങൾ കണ്ടെടുക്കാമായിരുന്നു. ജയിൽ ചാടിയവ രെക്കുറിച്ച് എല്ലാ കടത്തുകാർക്കും മുൻ അറിയിപ്പു നൽകി യിരുന്നിട്ടും പ്രധാന ഫെറികളിലൊന്നായ ഇവിടത്തെ കടത്തുകാരൻ ശ്രദ്ധിക്കാതിരുന്നത് കുറ്റകരമാണെന്നാണ് അധികൃതർക്ക് തോന്നിയത്. ഇവർക്ക് ഭക്ഷണസാധനങ്ങൾ വാങ്ങി കൊടുക്കുകയും അവരിൽ നിന്നും ഒരു വാൾ കൈപറ്റുകയും ചെയ്തിരുന്നു. ഇയാളുടെ സഹോദരനും ഇവർക്ക് വേണ്ട സഹായം ചെയ്തുകൊടുത്തതായി തെളിഞ്ഞു. ഇവരെ രണ്ടു പേരേയും നാടുകടത്തുന്നവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി ആണ്ടമാനിലേക്കയച്ചു.99.

പുൽക്കുറിമോയി, പുൽക്കുറി മയിലാഞ്ചി, കരുമേൽ മൊയ്തീൻ എന്നിവരായിരുന്നു 14-ാം നമ്പർ കേസ്സിലെ പ്രതികൾ. അപരിചിതരായ അഞ്ചുപേരെ കണ്ടുമുട്ടിയ ഇവർ, അവർക്ക് ഭക്ഷണം പാകം ചെയ്യിച്ച് കൊടുക്കുകയും രാത്രി വരാന്തയിൽ ഉറങ്ങുവാൻ സൗകര്യം ചെയ്തു കൊടുത്തതുമാണ് ഇവരുടെ പേരിലുള്ള കുറ്റം. ഇത് 1855 സെപ്റ്റംബർ 8-ാം തിയ്യതിയായിരുന്നു. ഇരുവരും ഈ ഘാതകൻമാരെ പല നിലക്കും സഹായിച്ചിട്ടുണ്ടെന്നാണ്

നിഗമനം. ഇതിൽ ഒന്നാം പ്രതി മരണമടഞ്ഞിരുന്നു. രണ്ടാം പ്രതിയെ നാടുകടത്തുവാൻ തീരുമാനവുമായി. 15-ാം നമ്പർ കേസ്സിൽ 12 പേരെയാണ് പ്രതികളാക്കി ജയിലിലടച്ചിരുന്നത്. ഇവർ 1. മാളിയേക്കൽ മമ്മു, 2. അദ്ദേഹത്തിന്റെ മകൻ കുഞ്ഞിപെറി, 3. മൊല്ലമെർക്കാട് കുട്ടി, 4. വള്ളാശ്ശേരി കുഞ്ഞിരായൻ, 5. കോയസ്സൻ കണ്ടി ഇമ്പിച്ചിക്കോയ, 6. നാലകത്ത ഹസ്സൻകുട്ടി, 7. ചെറപ്പൻകണ്ടിമായൻ, 8. പരിയകണ്ടൻ ഹസ്സൻ 9. കണ്ണൻ പള്ളി അഹമ്മദ്, 10. പൊണം പാറത്ത അഹമ്മദ്, 11. കണ്ണൻകാദിർ, 12. മാളിയേക്കൽ മമ്മുവിന്റെ ഭാര്യ കുഞ്ഞാച്ചി, എന്നിവരാണ്. കൊണോലിയുടെ ബംഗ്ലാവിന്റെ കഷ്ടി മുക്കാൽ മൈൽ അകലെയാണ് ഒന്നാംപ്രതി മാളിയേക്കൽ മമ്മുവിന്റെ വീട്. അദ്ദേഹത്തിന്റെ വീട്ടിൽ സെപ്റ്റംബർ 9-ാം തിയ്യതി എത്തിയ കൊലയാളികൾ പിറ്റേദിവസം രാത്രി അവിടെ നടന്ന മൊഹിയിദ്ദീൻ മാലപാട്ട് നേർച്ചയിൽ പങ്കെടുത്തിരുന്നു. ഇവർക്ക് താമസസൗകര്യവും ഭക്ഷണവും കൊടുത്ത സൽക്കരിക്കുക മാത്രമല്ല അവരുടെ ദുരുദ്ദേശ്യം മനസ്സിലാക്കിയിട്ടു കൂടി എല്ലാ ഒത്താശകളും ചെയ്തു കൊടുത്തതായിട്ടാണ് ആരോപിച്ചത്. തുടർന്ന് മാളിയേക്കൽ മമ്മുവിനേയും മകനേയും നാടുകടുത്തുവാൻ വിധിച്ചു. മറ്റുള്ളവർക്ക് ജയിൽശിക്ഷയും. അംശത്തിലെ മാപ്പിളമാർക്കെല്ലാം കൂട്ടപിഴ ഇടുവാനും നിശ്ചയിച്ചു. കൊണോ ലിയെ കൊലപ്പെടുത്തിയശേഷം നേരം പുലരും മുമ്പ് ഇവർ താമരശ്ശേരി റോഡിലൂടെ 12 നാഴിക പിന്നിട്ട് കൊറവൽ ഗ്രാമത്തിലെത്തിയിരുന്നു. അവിടത്തെ പള്ളിയിൽ കയറി പ്രാർത്ഥനയും വിശ്രമവും നടത്തി. പള്ളിയിലെ മുക്രി പൗറ ഉൾപ്പെടെ അഞ്ച്പേരെ ഈ ഘാതകൻമാർക്ക് ഒത്താശ ചെയ്തു കൊടുത്തെന്ന പേരിൽ തടവുകാരാക്കി കേസ്സെടുത്തു. മുക്രി പൗറയെയും മറ്റു രണ്ടു പേരേയും നാടുകടത്തുവാൻ വിധിക്കുകയും ചെയ്തു. 100.

അവസാനത്തെ കേസ്സ് ഒഴിവാക്കിയാൽ മറ്റുള്ളവ, കൊണോലി വധത്തിന് മുമ്പ് ജയിൽ ചാടി അലഞ്ഞുതിരിഞ്ഞ് നടന്ന ഇവരുമായി ഏതെങ്കിലും നിലക്ക് സമ്പർക്കം പുലർത്തിയിരുന്നതിന്റെ പേരിൽ എടുത്തവയാണ്. ഇവയിലെല്ലാം കൂടി മരിച്ച 18 പേരെ കൂടാതെ 128 പേർ പ്രതികളായിരുന്നു. കൊണോലിയെ കൊന്നതിന് ശേഷം പ്രതികൾ തങ്ങിയ സ്ഥലങ്ങളും കണ്ടുമുട്ടിയ ആളുകളും അവർക്ക് ഏതെങ്കിലും സഹായം നൽകിയവരും എല്ലാം അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ പേരിൽ വേറെവേറെയായി 8 കേസ്സുകൾ ചാർജ് ചെയ്യുകയുമുണ്ടായി. ഇവയിലെല്ലാം കൂടി 36 പ്രതികളാണുണ്ടായിരുന്നത്. ഇവരിൽ 8 പേരെ നാടുകടത്തുകയും മറ്റുള്ളവർക്ക് പലതരം ശിക്ഷ വിധിക്കുകയും ചെയ്തു. അങ്ങനെ ഒട്ടാകെ 164 പേരായിരുന്നു പ്രതികൾ. ഇവരിൽ 14 സ്ത്രീകളും ഒരു ബാലനും ഉൾപ്പെടുന്നു. ജോയിന്റ് മജിസ്ട്രേട്ടായിരുന്ന സി. കോലറ്റ് ശുപാർശ ചെയ്തത് ഇവരിൽ 76 പേരെ നാടുകടത്തണമെന്നായിരുന്നുവെങ്കിലും താനത് 33 പേരെയാക്കി ചുരുക്കുകയാണ് ചെയ്തതെന്ന്, ഗവർണ്ണർ വാൾട്ടർ ഇലിയറ്റ് തന്റെ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.101. ഈ വലിയ ഔദാര്യത്തിന് നമുക്ക് അവരോട് നന്ദി പറയാം.

1857-ൽ വടക്കേ ഇൻഡ്യയെ കിടിലം കൊളിച്ച 'ശിപായി ലഹള' എന്ന് ഇംഗ്ലീഷ്കാർ പറയുന്ന ഇംഗ്ലീഷ്വിരുദ്ധ സമരം മുന്നേറിക്കൊണ്ടിരുന്ന സന്ദർഭത്തിൽ മലബാറിലും അതിന്റെ അലയൊലിയുണ്ടായി. കോട്ടയം തങ്ങളുടെ ചാർച്ചക്കാരനും ഇംഗ്ലീഷ് തടവറയിൽ എട്ട് വർഷക്കാലം ശി ക്ഷ അനുഭവിച്ചവനുമായ വഞ്ചികൂടോരത്ത് കുഞ്ഞിമായൻ എന്ന ധീരനാണ് ഇതിന് നേതൃത്വം കൊടുത്തത്. ക്രൈസ്തവ ദുർഭരണം തൂത്തെറിയുവാൻ ഉത്തരേന്ത്യയിലാകമാനം നട ക്കുന്ന പോരാട്ടങ്ങളിൽപങ്കുകൊണ്ട് ഈ കാപ്പിരി ഭരണം അവസാനിപ്പിക്കുവാൻ മലബാറിലെ മാപ്പിളമാർ ഒരുമിച്ച് മുന്നേറണമെന്ന് അദ്ദേഹം പൊതുനിരത്തുകളിൽ സംഘടിപ്പിച്ച യോഗങ്ങളിൽ ഉദ്ബോധിപ്പിച്ചു. കുഞ്ഞിമായന്റെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും തലശ്ശേരിയിലെ മുസ്ലിംകളെ പ്രത്യേകമായും മലബാർ മാപ്പിളമാരെ പൊതുവേയും ആവേശം കൊള്ളിച്ച സംഭവമായിരുന്നു. ഭരണപരവും രാഷ്ട്രീയവുമായ വലിയ പ്രതിസന്ധിയെ അഭിമുഖീകരിച്ചു കൊണ്ടിരുന്ന സമയമായതുകൊണ്ട് ഏത് നിസ്സാര നീക്കത്തേയും അതീവ ജാഗ്രതയോടുകൂടിയാണ് കമ്പനി അധികാരികൾ വീക്ഷിച്ചത്. അവർ കണ്ണൂരിലും തലശ്ശേരിയിലും രക്ഷാസന്നാഹങ്ങളുടെ ഭാഗമായി അവയെ പ്രതിരോധാവസ്ഥയിൽ കൊണ്ടുവന്നു. മായന്റെ പ്രചാരണം ജനങ്ങളിൽ ഉണ്ടാക്കിയ വികാരവിക്ഷോഭങ്ങളെത്രയായിരുന്നുവെന്ന് ഈ പട്ടാള സജ്ജീകരണംകൊണ്ട് മനസ്സിലാക്കാം. തുടർന്ന് മായിനെ ബന്ധനസ്ഥനാക്കി ജയിലിലടച്ചു. മജിസ്ട്രേട്ട് റോബിൻസൺ ഉത്തര ഡിവിഷനിലേക്ക് നടത്തിയ പര്യടന വേളയിൽ മായന്റെ കേസ്സ് ഹെഡ് അസിസ്റ്റൻഡ് മജിസ്ട്രേട്ട് സബോർഡിനേറ്റ് മജിസ്ട്രേട്ടിന്റെ പരിഗണനക്കായി വിട്ടിരുന്നതായി മനസ്സിലാക്കി, സെഷൻസ് ജഡ്ജി ചാറ്റ്ഫീൽഡുമായി ആലോചിച്ചശേഷം മറ്റൊരു തീരുമാനത്തിലെത്തി. ക്രിമിനൽ കാര്യങ്ങൾക്കായുള്ള നാട്ടുകാരനായ ജഡ്ജിയും മുസൽമാനുമായിരുന്ന സാദർഅമീന്റെ ഇടപെടൽ കൂടാതെ മായന്റെ കേസ്സ് നേരിട്ട് കൈകാര്യം ചെയ്യുന്നതിന് സെഷൻസ് ജഡ്ജിക്ക് വിടണമെന്നാണ് അദ്ദേഹം തീരുമാനിച്ചത്. ഹെഡ് അസിസ്റ്റൻഡ് മജസ്ട്രേട്ടിന് നൽകിയ നിർദ്ദേശമിതായിരുന്നു. എന്നാൽ അദ്ദേഹം ഇത് പരിഗണിക്കാതെ കേസ്സ് മുഖ്യ സാദർ അമീന്റെ കോടതിയിലേക്കാണയച്ചത്. മായിനെ പരിശോധിച്ച ഡോ. വെസ്റ്റ് നൽകിയ സർട്ടിഫിക്കറ്റ്, പ്രതി ബുദ്ധിഭ്രംശമുള്ള ആളാണെന്നാണ്. ഈ സർട്ടിഫിക്കറ്റിന്റെ ബലത്തിൽ ബുദ്ധിസ്ഥിരതയില്ലാത്ത ആൾ നടത്തുന്ന തെരുവ് പ്രസംഗങ്ങൾ എത്രതന്നെ കാര്യമാത്രപ്രസക്തവും ആവേശകരവുമാണെ

ന്നാലും. അവ മറ്റുള്ളവരിൽ കാര്യമായ സ്വാധീനം ഉണ്ടാക്കുകയില്ലെന്ന അടിസ്ഥാനത്തിൽ കുഞ്ഞിമായനെ കുറ്റമുക്തനാക്കാനാണ് സാദർ അമീൻ നല്കിയ വിധി. എന്നാൽ സ്ഥിരതയില്ലാത്ത മാനസികരോഗിയെ സ്വതന്ത്രമായി വിഹരിക്കുവാനനുവദിക്കുന്നത് സാധ്യമല്ലാത്തതിനാൽ രോഗമുക്തനാകുന്നത് വരെ തടവറയിൽ പാർപ്പിക്കുവാനും വിധിന്യായത്തിൽ കല്പിച്ചിരുന്നു. എന്നാൽ മുഖ്യസാദർ അമീൻെറ വിധിയോട് വിയോജിപ്പ് പുറപ്പെടുവിച്ചുകൊണ്ട് ആക്ടിംഗ് മജിസ്ട്രേട്ടും സെഷൻസ് ജഡ്ജിയും പ്രതിയെ പുനർവിചാരണ നടത്തുന്നതിനായി കോഴിക്കോട്ടേക്കയക്കുവാൻ ഹെഡ് അസിസ്റ്റൻണ്ട് മജിസ്ട്രേട്ടിനോട് കല്പിക്കുകയാണ് ചെയ്തത്. കോഴിക്കോട് കൊണ്ടു വന്ന ശേഷം പ്രതിയെ ജില്ലാ സർജനെക്കൊണ്ട് പരിശോധിപ്പിച്ച് ഒരു സർട്ടിഫിക്കറ്റ് വാങ്ങി. മായീന് പറയത്തക്കയാതൊരു മാനസിക അസ്വാസ്ഥ്യവുമില്ലെന്നും ബുദ്ധി സ്ഥിരതയെ സംബന്ധിച്ച് സംശയിക്കുവാൻ യാതൊരു കാരണവും കാണുന്നില്ലെന്നുമായിരുന്നു ജില്ലാ സർജനെഴുതി കൊടുത്ത മെഡിക്കൽ സർട്ടിഫിക്കററ്. ഇതിൻെറ അടിസ്ഥാനത്തിൽ മാപ്പിള അതിക്രമ ആക്ട് ഉപയോഗപ്പെടുത്തി ഈ സ്വാതന്ത്ര്യസമരസേനാനിയെ പുനർവിചാരണ ചെയ്ത് നാടുകടത്തുവാനുള്ള ശിക്ഷ നൽകുകയുയാണുണ്ടായത്.102. ഇത് 1857 സെപ്റ്റംബർ 3-ാം തിയ്യതി ആയിരുന്നു. അദ്ദേഹത്തെ തിരിച്ചരപ്പള്ളിയിലേക്കാണ് നാടുകടത്തിയത്. പിറ്റേവർഷം അദ്ദേഹം അവിടെ മരണമടയുകയും ചെയ്തു.

വടക്കേ ഇൻഡ്യയിൽ ഇംഗ്ലീഷ്കാർക്കെതിരായി സൈനികപോരാട്ടങ്ങൾ നടക്കുന്നതറിഞ്ഞ് അവരെ മലബാറിൽ നിന്നും പുറത്തുചാടിക്കുവാനുള്ള നല്ല അവസരമായി കണ്ട് ഏറനാട് താലൂക്കിലെ മാപ്പിളമാരും തയ്യാറെടുപ്പു നടത്തിയിരുന്നു. പൊൻമല അംശക്കാരായ പൂവാടൻ കുഞ്ഞാപ്പുഹാജിയും വേറെ ഏഴ് മുസ്ലിംകളും ചേർന്ന് വിമോചനത്തിനു വേണ്ടിയുള്ള ഗൂഢാലോചനയും ഒരുക്കങ്ങളും നടത്തിക്കൊണ്ടിരുന്നു. 1843 ഒക്ടോബർ 19ന് ചേരൂരിൽ ലഹള കഴിഞ്ഞശേഷം ശഹീദുകളായവരെ വാഴ്ത്തിക്കൊണ്ട് എഴുതപ്പെട്ട പടപ്പാട്ട് സർക്കാർ നിരോധിച്ചിരുന്നു. എന്നാൽ വളരെപ്പേർക്ക് മനഃപാഠമായിരുന്നു ആവേശം കൊള്ളിക്കുന്ന ഈ പടപ്പാട്ട്. പൊൻമലപ്പള്ളിയിലെ മുക്രി നല്ലൊരു മാപ്പിളഗായകനായിരുന്നു. ചേരൂർ പടപ്പാട്ട് പാടി അദ്ദേഹം അനേകം പേരെ ആവേശം കൊള്ളിച്ചു. ഇംഗ്ലീഷ് രാക്ഷസൻമാരെ കെട്ടികെട്ടിക്കുവാൻ പറ്റിയ നല്ല സന്ദർഭമെന്ന നിലയിൽ ഏറനാട് മാപ്പിളമാർ ഇളകിവശായിരുന്നു. വിവരം അധികൃതരെ അറിയിക്കുവാൻ ചിലർ സന്നദ്ധരായി. സ്പെഷൽ അസിസ്റ്റൻണ്ട് മജിസ്ട്രേട്ട് ഇ.സി.ജി. തോമസിൻെറ നേതൃത്വത്തിലെത്തിയ പോലീസ്സേനയും ഏറനാട് പോലീസ് ഓഫീസറായ കോമൻ നായരുടെ കീഴിലുണ്ടായിരുന്ന ശിപായിമാരും ഏകോപിതമായി മിന്നൽ ആക്രമണം നടത്തി എഴുപേരെയും തടവുകാരാക്കി. എല്ലാവരെയും നാടുകടത്താനാണ് തീരുമാനിച്ചത്. ഇതും 1857 ആഗസ്റ്റ് അവസാനത്തിലായിരുന്നു.

ആ വർഷം ഒക്ടോബർ 31ന് അസിസ്റ്റൻണ്ട് മജിസ്ട്രേട്ട് സി. കോലറ്റ് മലപ്പുറത്ത് നിന്നും എഴുതി അയക്കുന്നത് 1849ൽ അത്തൻ മോയൻ കുരുക്കളുടെ നേതൃത്വത്തിൽ മഞ്ചേരിയിൽ നടന്ന ലഹളയിൽ രക്തസാക്ഷിയായവരെ അനുസ്മരിച്ചുകൊണ്ട് രചിക്കപ്പെട്ട മറ്റൊരു പാടപ്പാട്ടിൻെറ കാര്യമാണ്. അപ്പത്തൊടിയിൽ അത്തൻ മോയിൻ എന്ന ആൾ എഴുതിയതാണികാവ്യം. സർക്കാർ ഈ പടപ്പാട്ടും നിരോധിക്കുകയുണ്ടായി. പൊറ്റയിൽ സിമാമു മുസലിയാർ ഈ ഗാനരചനക്ക് അദ്ദേഹത്തെ സഹായിച്ചിരുന്നു. അന്വേഷണത്തിൽ പാട്ടെഴുതിയ ആൾ പറയുന്നത് 1849ലെ ലഹളയുടെ നേതാവായിരുന്ന അത്തൻ മോയൻ കുരുക്കളുടെ സഹോദരീഭർത്താവ് മദരി കുഞ്ഞമ്മദ് തനിക്ക് പാട്ടെഴുതി തീർന്നാൽ തക്കതായ പ്രതിഫലം തരാമെന്നേറ്റിരുന്നുവെന്നാണ്. ഏതായാലും ഈ പാട്ടെഴുതിയ കവിയേയും അതിന് കൂട്ടുനിന്ന മറ്റു രണ്ടുപേരെയും അറസ്റ്റ് ചെയ്തിരുന്നെങ്കിലും ഗാനരചയിതാവിന് രണ്ടാളുടെ ജാമ്യത്തിൽ 3 വർഷത്തേക്ക് നല്ല നടപ്പ് ശിക്ഷയും നല്കി. മറ്റു രണ്ടു പേരെ ഒഴിവാക്കുകയാണുണ്ടായത്.103.

കൂട്ടപ്പിഴ, സംശയാടിസ്ഥാനത്തിൽ കുറ്റവാളികളാക്കി പ്രഖ്യാപിക്കുക, ലോക്കപ്പ് മർദ്ദനങ്ങളും നാടുകടത്തലും ഒക്കെ നിഷ്കൃഷ്ടമായി പരിപാലിക്കപ്പെട്ടതോടു കൂടി ഓരോ അംശത്തിലേയും കഴിവും ഭൂസ്വത്തുമുള്ള മാപ്പിളമാർ ആരെങ്കിലും ലഹളക്കൊരുങ്ങിയതായി വിവരം ലഭിച്ചാൽ അധികൃതരെ കഴിവതും വേഗം അറിയിക്കുവാനുള്ള ജാഗ്രത കാണിച്ചിരുന്നു. ചെയ്യാത്തതും ചെയ്യാൻ ആലോചിക്കുകപോലും ചെയ്തിട്ടില്ലാത്തതുമായ കുറ്റങ്ങൾക്ക് തങ്ങൾ കൂട്ടപ്പിഴക്കും മറ്റു തരത്തിലുള്ള ശിക്ഷകൾക്കും വിധേയരാകാതിരിക്കുവാനുള്ള അഭിലാഷമായിരുന്നു ഇതിനവരെ പ്രേരിപ്പിച്ചിരുന്നതെന്ന് കാണാം. അതാണ് 1873ലെ കൊളത്തൂർ ലഹളക്കാരെക്കുറിച്ച് വേഗം അറിവ് ലഭിക്കുവാൻ കാരണം. ഈ ലഹളയുടെ കാരണം ഏറെക്കുറെ ഇതേ സ്ഥലത്ത് 1851ൽ ഉണ്ടായതിൻെറത് തന്നെയാണ്. കുളത്തൂർ വാര്യർ പ്രമുഖ ജൻമിയും പല താലൂക്കുകളിലായി ധാരാളം ഭൂസ്വത്തിൻെറ ഉടമയുമായിരുന്നു. കുടിയാൻമാർ അധികവും മുസ്ലിംകളും ഏറ്റവും നിർദ്ദയവും നിർദാക്ഷിണ്യവുമായ പെരുമാറ്റമാണ് ഈ കുടുംബത്തിൽ നിന്നും മാപ്പിള കുടിയാൻമാർ അനുഭവിക്കേണ്ടതായി വന്നിട്ടുള്ളത്. അതോടൊപ്പം ഇസ്ലാമിനോടും മുസ്ലിംകളോടും ഏറെ പുഛവുമായിരുന്നു ഈ കുടുംബത്തിന്. തൂത്കൽപുഴയുടെ ഇരുകരകളിലായി ഒരു ക്ഷേത്രവും പള്ളിയും നിലനിന്നിരുന്നു. ഈ പള്ളിസ്ഥലം കാണമായി വടകത്തേമോകേരി എന്ന

ആളുടെ കൈവശമായിരുന്നു. അതിൽ ഒരു പള്ളി പണിയുന്നതിനായി ഈ കാണസ്ഥലത്തിൻെറ ജൻമാവകാശം തനിക്ക് നൽകുവാൻ മോകേരി, വാര്യരോടാവശ്യപ്പെട്ടു. എന്നാൽ അദ്ദേഹം അതിന് തയ്യാറായില്ല. മോകേരിയും സ്ഥലത്തെ പ്രധാനികളിലൊരാളായതുകൊണ്ട് വാര്യരുടെ സമ്മതമില്ലാതെ തന്നെ ഒരു പള്ളി ഉണ്ടാക്കി പ്രാർത്ഥന നടത്തികൊണ്ടിരുന്നു. കോപിഷ്ഠനായ വാര്യർ ഈ സ്ഥലം ഒഴിപ്പിക്കുന്നതിനായി കേസ് കൊടുത്തപ്പോൾ കോടതിവിധി എപ്പോഴും തങ്ങൾക്ക് എതിരായേ വരികയുള്ളുവെന്ന അനുഭവ പാഠമുള്ള മാപ്പിളമാർ വാര്യരോട് പ്രതികാരം നടത്തുകയായി രുന്നു 1851ൽ. അന്ന് അവിടത്തെ മൂത്ത വാര്യരെ അദ്ദേഹ ത്തിൻെറ പ്രായാധിക്യം പോലും പരിഗണിക്കാതെ നിർദ്ദയ മായി വെട്ടികൊന്നിരുന്നു. പിന്നീട് പല അനുരഞ്ജനശ്രമത്തി ന് ശേഷം പള്ളിയും ക്ഷേത്രവും കുഴപ്പമില്ലാതെ നിലനിന്നി രുന്നു. എന്നാൽ 'മങ്കോട്ട ചാത്തരനായർ' എന്ന ക്ഷേത്രത്തിലെ വെളിച്ചപ്പാട് തുള്ളിപ്പറയാറുള്ളത് ക്ഷേത്രത്തിനഭിമുഖമായി നിന്നിരുന്ന പള്ളി പൊളിച്ചുമാറ്റണമെന്ന് ദേവി ആവശ്യപ്പെടുന്നു എന്നാണ്.104. 1851ൽ ഈ ക്ഷേത്രത്തിലെ വെളിച്ചപ്പാട് തുള്ളിപ്പറഞ്ഞത് മാപ്പിളമാരുമായി പള്ളിയുടെ കാര്യത്തിൽ ഒത്തുതീർപ്പുണ്ടാക്കണമെന്നായിരുന്നു. അങ്ങനെയാണന്ന് അനുരഞ്ജനസംഭാഷണങ്ങൾ നടന്നത്. ചാത്തരനായർ വെളിച്ചപ്പാട് തുള്ളി പല പ്രാവശ്യം ആവർത്തിച്ച് പറഞ്ഞതിന് പുറമേ പള്ളി പൊളിക്കാതെ പറ്റുകയില്ലെന്ന് ആരോടും എപ്പോഴും പറയുമായിരുന്നു. കിട്ടുന്ന അവസരങ്ങളിലൊക്കെ മുസ്ലിംകളെ ചീത്ത വാക്കു വിളിക്കാനും അദ്ദേഹം മടിച്ചിരുന്നില്ല. പള്ളി പൊളിക്കണമെന്ന് വാശിപിടിച്ച വെളിച്ചപ്പാടെ വകവരുത്തണമെന്ന് മാപ്പിളമാർ ഉറച്ചു.

അങ്ങനെ 1873 സെപ്റ്റംബർ 7-ാം തിയ്യതി തുത്ക്കൽ പള്ളിയിലെ ഇമാം കുഞ്ഞിപ്പ മുസലിയാരും മറ്റു 8 പേരും കൂടി ചാത്തരനായരുടെ വീട്ടിലെത്തി. വീടിൻെറ കോലായിയിൽ കിടന്നുറങ്ങിയിരുന്ന അദ്ദേഹത്തെ അവർ വിളിച്ചുണർത്തി. തങ്ങളുടെ കൂട്ടത്തിൽ ഒരാളെ പാമ്പ് കടിച്ചെന്നും വെളിച്ചപ്പാട് അത് ചികിത്സിക്കണമെന്നും അവർ ആവശ്യപ്പെട്ടു. "തനിക്ക് വിഷചികിത്സയറിയില്ലെന്ന് പറഞ്ഞിട്ടും അവർ നിർബ്ബ ന്ധപൂർവ്വം ആവർത്തിച്ചപ്പോൾ താനെഴുന്നേറ്റ് ചെന്ന് പാമ്പ് കടിയേറ്റ് എന്ന ഭാവത്തിൽ കിടത്തിയിരുന്ന ബാലൻെറ അടു ത്ത് ചെന്നിരുന്നതും പുറകിൽ നിന്നും എന്നെ ഒരാൾ കുത്തി മുറിവേൽപ്പിച്ചു. അയാൾ പിന്നേയും വെട്ടിയപ്പോൾ കൈ കൊണ്ടു തടുത്തു. തൻമൂലം കൈക്കും മുറിവു പറ്റി. പിന്നെ നടന്നതൊന്നും എനിക്ക് ഓർമ്മയില്ല. എൻെറ അമ്മായി ഉണി ച്ചിരി അമ്മ ശബ്ദകോലാഹലം കേട്ട് പുറത്തുവന്ന് ഉറക്കെ കരഞ്ഞ് വിളിച്ചുകൂവി. താൻ മരിച്ചിരിക്കുമെന്ന് കരുതി മാപ്പിളമാർ കിഴക്കെ ഗയിറ്റും കടന്ന് പുറത്തേക്കോടി.105. പിറ്റേന്ന് തിങ്കളാഴ്ച രാവിലെ വള്ളുവനാട് താഹ്സിൽദാർക്ക് പറാൽ അംശം അധികാരി നെല്ലയ കുഞ്ഞിമമ്മുവിൽ നി ന്നും വിവരം ലഭിച്ചിരുന്നു. പോലീസ് ഇൻസ്പെക്ടർ രാമനുണ്ണി നായരും കുറേ പോലീസുകാരുമായി തഹ്സിൽദാർ പി. മൂസ കൊളത്തൂരിലേക്ക് കുതിച്ചു. വെളിച്ചപ്പാട് മരിച്ചിരിക്കുമെന്ന ധാരണയിൽ കലാപകാരികൾ കൊളത്തൂർ വാര്യരുടെ വീട്ടിലേക്കാണ് ലക്ഷ്യം വെച്ചത്. തുത്ക്കലിൽ നിന്നും കാടും മലയും താണ്ടി 12 മൈലോളം പോകണമായിരുന്നു. അർദ്ധരാത്രിയിൽ നടത്തിയ ഈ സാഹസിക പ്രയാണം അ വരെ വാര്യരുടെ വീട്ടിൽ നേരം പുലരുമ്പോഴേക്കും കൊണ്ടെ ത്തിച്ചു. 1851ൽ നടന്ന ലഹളയിലും ഈ ജൻമിയുടെ മന യിലാണ് കലാപകാരികൾ കയറി പറ്റിയിരുന്നത്. ഭാഗ്യത്തിന് വാര്യർ വീട്ടിലില്ലായിരുന്നു. അദ്ദേഹത്തിൻെറ രണ്ടു സഹോദ രങ്ങളാണ് മനയിലുണ്ടായിരുന്നത്. അവരിൽ ശങ്കരനുണ്ണി വാര്യരെ അപായകരമായി വെട്ടിമുറിവേൽപ്പിച്ചു. മറ്റേ ആൾ കൃഷ്ണനുണ്ണിവാര്യർ കൈക്ക് മുറിവു പറ്റിയെങ്കിലും കഷ്ടിച്ച് രക്ഷപ്പെട്ടു. തഹ്സിൽദാരും പോലീസ് സംഘവുമെത്തുമ്പോൾ ശങ്കരനുണ്ണിവാര്യർ മരിച്ചിരുന്നില്ല. എന്നാൽ ഒരു മണിക്കൂർ മാത്രമേ പിന്നീടദ്ദേഹം ജീവിച്ചിരുന്നുള്ളു. ഇതിന് ശേഷം ലഹളക്കാർ മനയിൽ കയറി വാതിലടച്ചിരുന്നു. തങ്ങൾ ചാത്തരനായരെ കൊന്നെന്നും കുളത്തൂർ വാര്യരുടെ രണ്ടു സഹോദരങ്ങളെയും വകവരുത്തിയെന്നും ഇംഗ്ലീഷ് പട്ടാളമെത്തിയാൽ അവരുമായി പടവെട്ടിമരിക്കാനാണ് തങ്ങളുടെ ഉദ്ദേശ്യമെന്നും വിളിച്ചു പറഞ്ഞു. വീട്ടിലുണ്ടായിരുന്ന സ്ത്രീകളും ഭൃത്യൻമാരും ഓടി രക്ഷപ്പെട്ടു. വെപ്രാളം പിടിച്ചോടിയപ്പോൾ തൻെറ കൈകുഞ്ഞിനെ എടുക്കാൻ ഒരു സ്ത്രീ മറന്നുപോയിരുന്നു. ധൈര്യമവലംബിച്ച് അവർ മടങ്ങി വന്നപ്പോൾ ഉറങ്ങിക്കിടന്നിരുന്ന കുഞ്ഞിനേയും എടുത്ത് സമാധാനമായി പൊയ്ക്കൊള്ളാൻ അവരെ അനുവദിച്ച കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്.

അങ്ങാടിപ്പുറം തഹ്സിൽദാർ പി. മൂസയും പോലീസ് സംഘവും വീടിന് ചുറ്റും കാവൽ നിന്നു. കതകടച്ച് വീട്ടിൽ ഇരിക്കുന്ന കലാപകാരികൾ പുറത്തിറങ്ങി പോകാതിരിക്കുവാനുള്ള എല്ലാ കരുതൽ നടപടികളും പൂർത്തിയാക്കിയ ശേഷം കലാപകാരികളോട് മൂസ ചോദിച്ചു. "നിങ്ങൾ ആയുധം ഒന്നുമില്ലാതെ പുറത്തേക്ക് വരുമോ? നിങ്ങൾ എന്തിനാണിത് ചെയ്തത്? നിങ്ങൾ എത്രപേരുണ്ട്?" ഇതിന് കിട്ടിയ മറുപടി തൂത്ത അംശക്കാരായ 9 പേരാണ് ഞങ്ങളെന്നും പള്ളി പൊളിക്കാൻ സംരംഭം നടത്തുന്ന വാരിയരെ കൊലപ്പെടുത്തുവാനാണ് തങ്ങൾ എത്തിയതെന്നും അത് നിർവ്വഹിക്കുവാനുള്ള ആയുധങ്ങൾ തങ്ങളുടെ പക്കലുണ്ടെന്നും തൂത്തയിൽ വെച്ച് വെളിച്ചപ്പാടിനെ തങ്ങൾ കൊന്ന് കഴിഞ്ഞിരിക്കുന്നുവെന്നും യൂറോപ്യൻ പട്ടാളം വരാതെ തങ്ങൾ വീട് വിട്ടിറങ്ങുകയില്ലെന്നും നാടൻ പട്ടാളവും പോലീസും അത് വരെ ഞങ്ങളെ അലോസരപ്പെടുത്തരുതെന്നും ആയിരുന്നു."106. "ഞങ്ങളുടെ

പക്കൽ ആവശ്യത്തിനുള്ള ആയുധങ്ങൾ ഉണ്ടായിരുന്നില്ല. യൂറോപ്യൻ പട്ടാളം എത്തുന്നത് വരെ തങ്ങൾ അവിടെ നിന്നും എവിടേക്കും പോകുകയില്ലെന്ന് ഉറപ്പ് തരണമെന്ന് ഞാൻ ആവശ്യപ്പെട്ടു. നമ്മുടെ പക്ഷ ത്തുനിന്ന് അതുവരെ യാതൊരു പ്രകോപനവുമുണ്ടാകുകയി ല്ലെന്ന് ഞങ്ങളും ഉറപ്പ് കൊടുത്തു. മറ്റാരേയും അവർ ഉപ ദ്രവിക്കുകയില്ലെന്ന് അവരും പറഞ്ഞു. അങ്ങനെ ഉഭയ കക്ഷികളും അന്യോന്യം ഈ വ്യവസ്ഥകൾ അംഗീ കരിക്കുകയും ചെയ്തു. എന്നാൽ സന്ധ്യായാകുന്നതിന് മുമ്പ് കാര്യങ്ങൾക്ക് ഒരു തീർപ്പുണ്ടാക്കണമെന്ന് ഞാനും പോലീസ് ഇൻസ്പക്ടറും കൂടി ആലോചിച്ച് 50 തോക്കും 100 നായൻ മാരേയും വേഗം കൊണ്ടുവരുവാൻ വാര്യരോടാവശ്യപ്പെട്ടു. കലാപകാരികൾ എത്രയാണെന്നോ, അവരുടെ ആയുധങ്ങളെന്തൊക്കെയാണെന്നോ, കൃത്യമായറിയാൻ സാധിച്ചിരുന്നതുമില്ല. കുളത്തൂർ ഉക്കണ്ട ഉണ്ണിവാര്യർ 30 നായൻ മാരോടുകൂടി വാൾ, കത്തി, കുന്തം തുടങ്ങിയവയുമായി കലാപകാരികളെ നേരിടുവാനുള്ള ഒരു പാഴ്ശ്രമം നടത്തി. തങ്ങൾ നൽകിയിരുന്ന വാക്ക് ലംഘിക്കുന്നതായിരുന്നു ഈ പ്രവൃത്തി. എന്നാൽ മാപ്പിളമാർ അവരെ നേരിടുവാൻ ഒരുങ്ങുന്നത് കണ്ടപാടെ വാര്യരുടെ കൂടെയുണ്ടായിരുന്നവരൊക്കെ ഓടിക്കളഞ്ഞു. ഇവരുമായി അങ്ങനെ ഒരു ഏറ്റുമുട്ടലുണ്ടാകുമായിരുന്നുവെങ്കിൽ ഫലം വളരെ മോശമാകുമായിരുന്നേനെ. ജയഭേരി അടിച്ച് പുറത്തുചാടാൻ മാപ്പിളസമരക്കാർക്ക് അത് സൗകര്യം കൊടുക്കുകയും കൂടുതൽ ആളുകളെ തങ്ങളുടെ പക്ഷത്തേക്ക് ആകർഷിക്കുവാൻ അത് ഇടവരുത്തുകയും ചെയ്യുമായിരുന്നു."107 അപ്പോഴേക്കും ഹെഡ് അസിസ്റ്റൻണ്ട് മജിസ്ട്രേട്ട് സ്ഥലത്തെത്തി. ഞാൻ ഉണ്ടായ എല്ലാ കാര്യങ്ങളും വിശദീകരിച്ചു കൊടുത്തുകൊണ്ടിരിക്കുന്നതിനിടയിൽ മലപ്പുറ ത്ത് നിന്നും ക്യാപ്റ്റൻ പെസെയുടെ നേതൃത്വത്തിലുള്ള സൈന്യവും എത്തിച്ചേർന്നു. ഹെഡ് അസിസ്റ്റൻണ്ട് മജി സ്ട്രേട്ടും ഞാനും ചെറുപ്പശ്ശേരി മജിസ്ട്രേട്ടും പട്ടാളവും കലാപകാരികളെ എതിരിടുവാനുറച്ച് തയ്യാറെടുത്തു."108. കലാപകാരികളെ അമർച്ച ചെയ്യുവാനെത്തിയ സൈനിക മേധാവി ജി.എഫ്. പെസേ, തൻെറ മേധാവി ബ്രിഗേഡിയർ ജനറൽ ആർ.സി. സ്റ്റ്യുവെർട്ടിന് സമർപ്പിക്കുന്ന റിപ്പോർട്ടിൽ പിന്നീട്ടു നടന്ന കാര്യങ്ങൾ വിസ്തരിച്ചെഴുതുന്നുണ്ട്. "എല്ലാ തയ്യാറെടുപ്പും കഴിഞ്ഞപ്പോൾ അസിസ്റ്റൻണ്ട് മജിസ്ട്രേട്ട് വിൻഞ്ചർ ബോത്തം, കലാപകാരികളോട് ആയുധം വെച്ച് കീഴടങ്ങുവാൻ ആവശ്യപ്പെട്ടു. എന്നാൽ തങ്ങൾ പടവെട്ടി മരിക്കാനാണൊരുങ്ങിയിരിക്കുന്നതെന്ന് വിളിച്ചറിയിച്ച അവർ വാതിൽ തുറന്ന് ആയുധങ്ങളുമായി പുറത്തേക്ക് ചാടിവീണു. ഞാൻ വെടി തുടങ്ങിയപ്പോൾ എൻെറ സഹായത്തിന് ലഫ്ട്ടനൻണ്ട് വില്യംസനും എത്തിയിരുന്നു. വെടി തുടങ്ങി അധികം സമയം കഴിയുന്നതിന് മുമ്പ് തന്നെ എല്ലാം അവസാനിച്ചു. 9 പേരാണ് ഉണ്ടായിരുന്നുത്. ജീവനോടെ പിടിക്കുവാനുള്ള ശ്രമം പരാജയപ്പെട്ടു. എട്ടു പേർ തൽക്ഷണം മൃതിയടഞ്ഞു. മുറിവ് പറ്റി അവശനായ ഒരു ചെറുപ്പക്കാരനെയാണ് ജീവനോടു കൂടി കിട്ടിയത്. കൈയ്യിൽ ആയുധവുമായി പടവെട്ടി മരിക്കുവാൻ പ്രതിജ്ഞാബദ്ധരായിരുന്നതിനാൽ കീഴടങ്ങുന്ന പ്രശ്നമേ ഉണ്ടായിരുന്നില്ല. നമ്മുടെ സൈനികർ ക്ഷീണിതരായിരുന്നെങ്കിലും കാര്യക്ഷമമായി പ്രവർത്തിച്ചു. പകൽ മുഴുക്കെ നല്ല വെയിലത്ത് മലയും ഇടുക്കുകളും താണ്ടിയെത്തിയവരായിരുന്നുവല്ലോ അവർ. നമ്മുടെ മൂന്നു പേർക്ക് പരിക്ക് പറ്റി. രണ്ടുപേരുടെ മുറിവുകൾ നിസ്സാരമല്ല. രാത്രി ഞങ്ങൾ അവിടെ തന്നെ താവളമടിച്ചു. മരിച്ചവരുടെ ജഡം എടുത്തുകൊണ്ടു പോകാതിരിക്കുവാനും മുറിവു പറ്റിയ യുവാവിനെ രക്ഷപ്പെടുത്തി കൊണ്ടു പോകാതിരിക്കുവാനും വളരെ ജാഗ്രത പാലിച്ചു. പിറ്റേ ദിവസം രാവിലെ മരിച്ചവരുടെ ജഡവും മുറിവ് പറ്റിയ യുവാവുമായി ഞങ്ങൾ കോഴിക്കോട് പോയി. വിൻഞ്ചർ ബോത്തം, താഹസിൽദാർ മൂസ, ലഫ്ട്ടനൻണ്ട്മാരായ വില്യംസനും സർജൻ ബറോയും വിലപ്പെട്ട സേവനങ്ങളാണ് നൽകിയതെന്ന് എഴുതുവാൻ സന്തോഷമുണ്ട്."109.

ഈ കലാപത്തിൽപ്പെട്ടിരുന്നവർ താഴെ പേരെഴുതുന്നവരാണ്.

1. കുന്നനെത്ത് മൊയ്തീൻ കുട്ടി ഹാജിയുടെ മകൻ കുഞ്ഞിപ്പമൂസലിയാർ.
2. കൽവെട്ടു കുഴിയിൽ പാവക്കൽ മാമദ്
3. മലപ്പുറത്തെ ചപ്പൻഗത്തൊടി കുഞ്ഞികമ്മുവിൻെറ മകൻ രായൻ.
4. അലികർ മമ്മൂട്ടി മകൻ ചേക്കു.
5. കണ്ടപാടി അത്തൻ
6. പുളിക്കപറമ്പിൽ ഈത്ത
7. പുളിക്കട ഉണ്ണിയൻ മകൻ മമ്മൂദ്
8. ചുണ്ടംമ്പെത്ത കുഞ്ഞിമൊയ്തീൻ
9. ഒസ്സാൻ മൊയ്തീൻ.

ഇവരിൽ മരിച്ച എട്ടുപേരുടേയും ജഡങ്ങൾ കോഴിക്കോട് ജയിൽവളപ്പിൽ ദഹിപ്പിക്കുകയും പരിക്കോടു കൂടി പിടിയിലായ 16 വയസ്സുകാരനായ ചുണ്ടംമ്പെത്ത കുഞ്ഞി മൊയ്തീനെ ആൻണ്ടമാനിലേക്ക് നാടുകടത്തുവാനും നിശ്ചയിച്ചു. എന്നാൽ ആണ്ടമാനിൽ ഇയാളെ കൊണ്ടുവിട്ടാൽ ചികിത്സാ സൗകര്യം ലഭിക്കുകയില്ലെന്നതിനാൽ ബഹ്റാം പോറിലെ ഗഞ്ചം ജില്ലാ ജയിലിൽ തടവുകാരനായി പാർപ്പിക്കുവാനാണ് അവസാനകല്പനയായത്.110. മൊയ്തീൻ കുട്ടി ഹാജിയുടെ മകൻ കുഞ്ഞിപ്പ മുസലിയാരായിരുന്നു ഈ കലാപത്തിൻെറ ചുക്കാൻ പിടിച്ച ആൾ. സ്ഥലത്തെ പള്ളിയിലെ ഇമാമായിരുന്നു ഇദ്ദേഹം. അംശം അധികാരിയുടെ ഒരാശ്രിതനായ ഇയ്യാളെ പൊന്നാനിയിൽ മതപഠനത്തിന് പറഞ്ഞയച്ചതും മറ്റും ഈ അധികാരിയായിരുന്നു. ഇയ്യാളുടെ പ്രേരണയും മതപ്രസംഗങ്ങളുമാണ് മറ്റുള്ളവരേയും ഇതിൽ ഭാഗഭാക്കുകളാക്കാൻ കാരണമെന്നാണ് പലരുടെ മൊഴികളിൽ നിന്നും

കിട്ടിയ തെളിവുകൾ. പൂളിക്കപ്പറമ്പിൽ ഈത്ത മദ്രസാദ്ധ്യാപകനായിരുന്നു. നല്ലൊരു ഗായകനും ദൃഢഗാത്രനുമായ യുവാവായിരുന്നു അലികൽ മമ്മൂട്ടി മകൻ ചേക്കു. പൂളിക്കട മാമ്മുദ് അല്പം കൃഷിയും കൂലിപ്പണിയുമായി കഴിഞ്ഞിരുന്ന 23 വയസ്സുകാരനാണ്. കൽവെട്ടുകുഴിയിൽ മാമദ് കൂലിപ്പണിക്കാരനും സ്രാൻ മൊയ്തീൻ അധികാരിയുടെ വീട്ടുകാവൽക്കാരനും അംശം ക്ഷുരകനുമാണ്. കണ്ടപാടി അത്തൻ അധികാരിയുടെ മകൻ പോക്കറുടെ ജോലിക്കാരനുമായിരുന്നു. ചു ങ്കംമ്പെത്ത കുഞ്ഞിമൊയ്തീയെ, കുഞ്ഞിപ്പമുസലിയാരാണ് എല്ലാ ചെലവും നൽകി വളർത്തികൊണ്ടിരുന്നത്. ഇയ്യാൾ മുസ്ലിയാരുടെ വേലക്കാരനായിരുന്നു.

ലഹളയുമായി ബന്ധപ്പെട്ടവരെന്ന് ആരോപിക്കപ്പെട്ട കണ്ടൻഗത്തിൽ ഹൈദ്രു, ചുങ്കത്ത് പോക്കർ, ചുണ്ടക്കാരൻ മൊയ്തീൻ കുട്ടി, കറുകുംപുറത്ത് കുത്തുബ് മുസലിയാർ എന്നിവരെ നാടുകടത്തിയിരുന്നു. ഇവരെ ഒരിക്കലും മലബാറിലേക്ക് മടങ്ങിവരുവാൻ അനുവദിക്കരുതെന്നുമായിരുന്നു നിശ്ചയം. കണ്ടൻഗത്തിൽ ഹൈദ്രുവും ചുങ്കത്ത് പോക്കരും ലഹളയിൽ ചേരാൻ ആദ്യം തീരുമാനിച്ചിരുന്നുവെന്ന് പറയ പ്പെടുന്നു. എന്തായാലും കുഞ്ഞിപ്പ മുസലിയാരുടെ സന്തത സഹചാരികളായിരുന്നു ഇവർ. ചുണ്ടക്കാരൻ മൊയ്തീൻ കുട്ടിയും കുത്തുബ് മുസലിയാരും ലഹളക്ക് ഒരാഴ്ച മുമ്പ് നടന്ന മൗലൂദിൽ പങ്കെടുത്തിരുന്നവരാണ്. കുഞ്ഞിപ്പ മുസ് ലിയാരുമായി വളരെ അടുത്ത ബന്ധമുള്ളവരായിരുന്നു ഇവരും. ഇവരെ കൂടാതെ സ്ഥലത്തെ പ്രധാനികളായ പലരേയും സംശയത്തിൻെറ അടിസ്ഥാനത്തിൽ കൽതുറങ്കിലടച്ചിരുന്നു. അവരെപ്പറ്റിയുള്ള ലഘുവിവരണമാണ് തുടർന്നെഴുതുന്നത്. 1. നെല്ലയികുഞ്ഞാമു, അംശഅധികാരിയും കലാപകാരികളുടെ അംശമായ തുത്ക്കലിലെ പ്രമുഖനും ആയിരുന്നു. കലാപം നടക്കുന്നതിന് മുമ്പ് മുതൽ ഇദ്ദേഹം ലീവിലായിരുന്നെങ്കിലും ലീവ് തീർന്നിട്ടും ഇയാൾ ജോലിയിൽ പ്രവേശിച്ചിരുന്നില്ല 'തൂത്ക്കൽ പള്ളി' ഇദ്ദേഹമാണ് പണി കഴിപ്പിച്ചിരുന്നത്. കുഞ്ഞിപ്പ മുസലിയാരെ പൊന്നാനിയിൽ പറഞ്ഞയച്ച് പഠിപ്പിച്ചതും മറ്റും ഇദ്ദേഹമായിരുന്നു. ലഹളക്ക് ഒരാഴ്ച മുമ്പ് ഈ പള്ളിയിൽ നടന്ന മൗലൂദും മറ്റും ഈ അധികാരി അറിഞ്ഞിരിക്കുമെന്നത് തീർച്ചയാണ്. ലഹളയിൽ പെട്ട പലരും ഇയാളുടെ ആശ്രിതരുമായിരുന്നു. വെളിച്ചപ്പാടും വാര്യരും ഇവരുടെ വധലിസ്റ്റിൽപെട്ടവരാണെന്നറിയാമായിരുന്നിട്ടുകൂടി അവരെ വിവരമറിയിക്കുവാൻ ഇദ്ദേഹം തയ്യാറായില്ല. വെളിച്ചപ്പാടിനോടും വാര്യരോടും അധികാരിക്ക് വിരോധമുണ്ടായിരുന്നു. ആദ്യത്തെ ആളോട് പള്ളി പൊളിക്കുന്നത് സംബന്ധിച്ചും വാര്യർ പള്ളിയിരിക്കുന്ന സ്ഥലം ഒഴിപ്പിക്കുവാൻ കേസ് കൊടുത്തതിനാലുമാണ് ഇരുവരോടും ഉണ്ടായിരുന്ന പക. ഇതിന് പുറമേ തൻെറ മകളുടെ ഭർത്തൃപിതാവിൻെറ കുറെ സ്ഥലങ്ങൾ ഈ വാര്യർ ഒഴിപ്പിച്ചെടുക്കുകയും ചെയ്തിരുന്നു.

2. നെല്ലയി പോക്കർ. അധികാരിയുടെ മകനാണ് പോക്കർ. അധികാരി ചെയ്യുന്ന എല്ലാ കാര്യവും പോക്കറിനറിയാമായിരുന്നു. വാര്യരുടെ വീട് കാണിച്ചുകൊടുത്ത കൊലപാതകികളിൽ അത്തൻ എന്ന ആൾ പോക്കറുടെ ജോലിക്കാരനുമായിരുന്നു.

3. കണ്ടപ്പാടി മമ്മദ്. 16 വയസ്സുകാരനായ ഇയ്യാൾ ലഹള ആരംഭിക്കുമെന്ന് മനസ്സിലാക്കി സംഘത്തിൽ നിന്ന് വിട്ടു പോന്ന് അധികാരിയുടെ അടുക്കൽ ആദ്യം വിവരം നൽകിയ ആളാണ്. ആ നിലക്ക് അയാൾക്ക് ഈ ജില്ലയിൽ സുരക്ഷിതത്വമുണ്ടാകുകയില്ലെന്നതിനാലാണ് നാടുകട ത്താൻ തീരുമാനിച്ചതത്രെ.111.

പറാൽ, ഇളംകുളം, കുളത്തൂർ എന്നീ അംശങ്ങളിൽ താമസിക്കുന്ന മുസ്ലിംകളെ എല്ലാം കൂട്ടപ്പിഴക്ക് വിധേയമാക്കുകയും ചെയ്തു. പറാൽ അംശത്തിലായിരുന്നു ലഹളക്കാർ താമസിച്ചിരുന്നത്. വെളിച്ചപ്പാടിൻെറ ജീവനൊടുക്കാൻ ശ്രമിച്ച സ്ഥലം ഇളംകുളവും ഇളയ വാര്യരെ കൊലപ്പെടുത്തിയ കുളത്തൂരും ആയിരുന്നുവെന്നതാണ് ഈ അംശങ്ങളെയെല്ലാം കൂട്ടപ്പിഴക്ക് ഈടാക്കാൻ കാരണം. ഒട്ടാകെ 42,000 രൂപ പിഴയായി പിരിച്ചെടുത്തു എന്നോർക്കണം. 1000 നാളികേരത്തിന് 12 രൂപ പോലും വിലയില്ലാതിരുന്ന കാലത്താണിത്രയും തുക ഈടാക്കിയത്. എന്തെങ്കിലും കാരണം പറഞ്ഞ് മുസ്ലിംകളെ സർവ്വവിധത്തിലും നശിപ്പിക്കുകയെന്നതായിരുന്നു ലക്ഷ്യമെന്ന് വ്യക്തം. ഓരോ വ്യക്തിയുടെയും സ്വത്തിന് വില നിശ്ചയിച്ച് അതിൻെറ മൂന്നിലൊന്നാണ് പിഴയായി പിരിച്ചത്. ഓരോഅംശത്തിൽ നിന്നും പിഴ ഈടാക്കിയ മുസ്ലിംകളുടെ പേരും, സ്വത്തിൻെറ വിവരവും പിരിച്ച തുകയുടെ കണക്കും ഒക്കെ 1874 ഫെബ്രുവരി 19-ാം തിയ്യതിയിലെ മിനുട്ട്സിൽ ഡബ്ലിയു. റോബിൻസൺ വിവരിച്ചിട്ടുണ്ട്. ആരേയും ഒഴിവാക്കി യിരുന്നില്ല. 2 രൂപ പോലും പിരിച്ചെടുത്തിരുന്നതായി കാണാം.112.

വ്യക്തിവൈരാഗ്യത്തിൻെറ പേരിലും സ്വാർത്ഥതാല്പര്യത്തിന് വേണ്ടിയും ലഹളക്കൊരുങ്ങുന്നു എന്ന ആരോപണം നടത്തി പലരേയും കുടുക്കിലാക്കിയിട്ടുള്ള കേസുകളും ധാരാളം ഉണ്ടായിട്ടുണ്ട്. അത്തരം ഒന്നാണ് 1879 ജൂൺ - ജൂലായ് മാസങ്ങളിൽ നടന്നത്. കുഴൽമന്ദ അധികാരിയും ഫെറി ഉടമസ്ഥനും ആയ കുഞ്ഞുണ്ണ്യാൻ തന്നെ അറിയിച്ചത് പ്രകാരം പോലീസ് ഇൻസ്പെക്ടർ കീഴ്പററ തെയ്യം മേനോൻ ജൂൺ 20-ാം തിയ്യതി ആക്ടിങ്ങ് ജില്ലാ മജിസ്ട്രേട്ട് ജി. മാക്വാട്ടേഴ്സിന് രഹസ്യമായി എഴുതി അറിയിക്കുന്ന വിവരമാണിത്.

1873ലെ കുളത്തൂർ ലഹളയ്ക്ക് നേതൃത്വം കൊടുത്ത കുന്നനത്ത് കുഞ്ഞിപ്പ മുസിലിയാരുടെ ഇളയ സഹോദരൻ കുഞ്ഞുമൊയ്തു എന്ന ആൾ കുറച്ച് കാലമായി ആറേഴ് ചെറുപ്പക്കാരെ ലഹളയ്ക്ക് പ്രേരിപ്പിച്ച് കൊണ്ടിരിക്കുന്നതായി

അറിയുന്നു. ഇയാൾ നിത്യേന ഇവരെ ആവേശം കൊള്ളിക്കുന്ന പാട്ടുകൾ പാടുകയും ഇംഗ്ലീഷ്കാരോട് പടവെട്ടി മരിച്ചാൽ കിട്ടുന്ന സുകൃതത്തെ പറ്റി നിരന്തരം പള്ളിയിലും അല്ലാത്തിടങ്ങളിലും വെച്ച് പറഞ്ഞ് പോരികയും ചെയ്യുന്നുണ്ട്. മാത്രമല്ല താൻ ഇതിന് ഒരുങ്ങിക്കൊണ്ടിരിക്കുകയാണെന്ന് പലരോടും പറഞ്ഞതായി അറിയുന്നുണ്ട്. ഈ എഴുത്ത് കിട്ടി യതിന്റെ അടിസ്ഥാനത്തിൽ മാക്വാട്ടേഴ്സ് എടുത്ത തുടർനടപടികളെക്കുറിച്ച് അദ്ദേഹം ചീഫ് സെക്രട്ടറിക്ക് എഴുതുന്ന കത്തിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു. കുഞ്ഞിപ്പ മുസിലിയാർ ഇതേപോലെ പാട്ടുകൾ പാടിയും സർക്കാർ വിരുദ്ധ പ്രസംഗങ്ങൾ പള്ളിയിൽ നടത്തിയുമാണ് 1873ലെ ലഹളയ്ക്ക് കാരണമാക്കിയത്. ഇതേപോലെ തുടക്കത്തിൽ തന്നെ അന്ന് നമുക്ക് വിവരം ലഭിച്ചിരുന്നുവെങ്കിൽ കുളത്തൂർ നടന്ന ദുരന്ത സംഭവം ഒഴിവാക്കാൻ കഴിയുമായിരുന്നു. മത്രമല്ല കുഞ്ഞുണ്ണ്യാൻ പറയുന്നത് രാജമന്ത്രി ജെയിലിൽ കഴിയുന്ന കുന്നനത്ത് മൊയ്തീൻ കുട്ടി ഹാജി ജെയിലിൽ നിന്നും കുറെ പണവും അദ്ദേഹം രചിച്ച ഒരു മാപ്പിള പടപ്പാട്ടും കുഞ്ഞു മൊയ്തുവിന് അയച്ചു കൊടുത്തിരുന്നു എന്നാണ്. കുഞ്ഞിപ്പ മുസിലിയാരുടേയും കുഞ്ഞു മൊയ്തുവിന്റേയും പിതാവാണ് ഹാജിയാർ. മുൻ അനുഭവം കണക്കിലെടുക്കുമ്പോൾ ഈ കിട്ടിയ വിവരം തീരെ അവഗണിക്കുവാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം.113.

"താലൂക്ക് മജിസ്ട്രേട്ടും പോലീസ് ഇൻസ്പെക്ടറും സബ് ഇൻസ്പക്ടറും കൂടി പറാൽ എന്ന സ്ഥലത്തേക്ക് ഞങ്ങൾ പുറപ്പെട്ടു. മലപ്പുറത്തിന് 17 മൈൽ തെക്ക് പടിഞ്ഞാറായി അങ്ങാടിപ്പുറത്ത് നിന്ന് 6 മൈൽ ദൂരെയുമായി കിടക്കുന്നതാണ് ഈ സ്ഥലം. അവിടെ ചെന്ന പാടെ തെയ്യം മേനോന്റെ ദുത നായ കുഞ്ഞുണ്ണ്യാനെ ആദ്യം വിളിപ്പിച്ച് വിവരം അന്വേഷിച്ചു. അതിന്ശേഷം അയാൾ പറഞ്ഞ ഏഴ് മാപ്പിളമാരേയും അറസ്റ്റ് ചെയ്ത് താലൂക്ക് ആസ്ഥാനമായ അങ്ങാടിപ്പുറത്തേക്ക് പുറപ്പെട്ടു. പ്രതികളെ ചോദ്യം ചെയ്തതിൽ രാജമന്ത്രി ജയി ലിൽ കഴിയുന്ന തന്റെ പിതാവ് മൊയ്തീൻ കുട്ടി ഹാജി 70 രൂപ കുടുംബാവശ്യത്തിന് വേണ്ടി അയച്ചുതന്നിരുന്നുവെന്നും പിതാവ് രചിച്ച ഒരു മാപ്പിളപ്പാട്ടും അതോടൊപ്പം ഉണ്ടായിരുന്നുവെന്നും സമ്മതിച്ചു. പക്ഷെ ആരോപിതമായ കുറ്റകൃത്യത്തിന് തങ്ങളാരും ഒരുമ്പെട്ടിട്ടില്ലെന്നും അങ്ങനെ ഒരു കാര്യം വിചാരിച്ചിട്ടേ ഇല്ലെന്നുമാണ് അവർ പറഞ്ഞത്. എന്നാൽ ഇവരിൽ 5 പേർ 1873ലെ ലഹളയിൽ പങ്കെടുത്തവരുടെ അടുത്ത ബന്ധുക്കളാണെന്നുള്ളത് ആരോപിതമായ കുറ്റം ഇവർ ചെയ്തേക്കാമെന്ന സംശയത്തിന് ബലം നൽകുന്നതാണ്. അറസ്റ്റിലായ ഇവരുടെ പേര് വിവരണമാണ് താഴെ കൊടു ക്കുന്നത്.

1. കുന്നാനത്ത് കുഞ്ഞുമൊയ്തു. - 1873ലെ ലഹളയെതുടർന്ന് നാട്കടത്തിയ ആളും ആ ലഹളയുടെ പ്രേരക നേതാവുമായിരുന്ന കുഞ്ഞിപ്പ മുസിലിയാരുടെ പിതാവുമായ ഇദ്ദേഹം രാജമന്ത്രി ജയിലിൽ കഴിയുകയാണ്. കുഞ്ഞു മൊയ്തുവിന്റെ സഹോദരനായ കുഞ്ഞിപ്പ മുസിലിയാർ കുളത്തൂർ ലഹളയിൽ കൊല്ലപ്പെട്ടിരുന്നു.

2. കാരക്കാടൻ ഹൈദ്രു.- കുളത്തൂർ ലഹളയിൽ നാടു കടത്തപ്പെട്ട് രാജമന്ത്രി ജയിലിൽ കഴിയുന്ന ചുങ്കത്ത പോക്കർ എന്ന ആളുടെ സ്യാലനാണ് ഇയാൾ.

3. ചുങ്കത്ത കുനിയൻ. - ഇപ്പോൾ രാജമന്ത്രി ജയിലിൽ കഴിയുന്ന നാടുകടത്തപ്പെട്ട ചുങ്കത്ത പോക്കരിന്റെ സഹോദരൻ.

4. കുടകാട്ടിൽ ബാവ. - ഇദ്ദേഹത്തിന്റെ സഹോദരനും നാടുകടത്തപ്പെട്ടിട്ടുണ്ട്.

5. കൊഴഞ്ഞേപറമ്പിൽ മാമദു.- ഇദ്ദേഹത്തിന്റെ പിതാവ് നാട്കടത്തപ്പെട്ടിരുന്നു. ഒരു സഹോദരൻ കുളത്തൂർ ലഹളയിൽ കൊല്ലപ്പെടുകയും ചെയ്തിരുന്നു.

6. തേലക്കാട്ട് തൊടിയിൽ അലി ആമു.-

7. മണലിപ്പറമ്പിൽ മൂത്ത - 114

ഇവരിൽ ഒന്നാം പ്രതിയായ കുഞ്ഞുണ്ണ്യാൻ മൊയ്തുവിന് ജയിൽ ശിക്ഷ നൽകണം. മറ്റ് ആറ് പ്രതികളേയും രണ്ടാൾ വീതം ജാമ്യം വാങ്ങി നല്ല നടപ്പ് വ്യവസ്ഥകൾക്കനുസൃതമായി ശിക്ഷിക്കുകയും വേണം. രാജമന്ത്രി ജയിലിൽ കഴിയുന്ന ഒന്നാം പ്രതിയുടെ ബാപ്പ കുന്നാനത്ത് മൊയ്തീൻ കുട്ടി ഹാജിയുടെ ജയിൽശിക്ഷാ കാലാവധി വർദ്ധി പ്പിക്കുകയും പറാൽ അധികാരിയും ജയിലിലായി രിക്കുമ്പോൾ മരണപ്പെടുകയും ചെയ്ത നെല്ലായി കുഞ്ഞാ മുവിന്റെ മകനുമായ നെല്ലായി പോക്കരെ രാജമന്ത്രിയിൽ നിന്നും നെല്ലൂരേക്ക് മാറ്റിപ്പാർപ്പിക്കുകയും ചെയ്യണം. ഇവരെ തമ്മിൽ അകത്താനുള്ള മാർഗ്ഗമതാണ്. അതുപോലെ ഇപ്പോൾ രാജമന്ത്രി ജയിൽ പുള്ളികളായ കണ്ടപ്പാടി മമ്മദ്, കൊടൂർ ഗാട്ടിൽ ഐദ്രു, ചുങ്കത്ത് പോക്കർ, ചുണ്ടക്കാരൻ മൊയ്തീൻ കുട്ടി, നെല്ലിപറമ്പിൽ സുലൈമാൻ എന്നിവരുടെ ജയിൽ അലവൻസ് ഈ കല്പന കിട്ടുന്ന അന്നു മുതൽ മാസ ത്തിൽ 6രൂപയാക്കി ചുരുക്കുകയും ചെയ്യേണ്ടതാണ്. ഇതാ യിരുന്നു കമ്പനി അധികാരികൾ നൽകിയ ശിക്ഷ."115.

എന്നാൽ ജൂലായ് 15-ാം തീയതി ആക്ടിംഗ് ജില്ലാ മജി സ്ട്രേട്ടായ ജി. മാക്ക്വാട്ടേഴ്സ് ആക്ടിംഗ് ചീഫ് സെക്രട്ടറിയെ അറിയിച്ചതിപ്രകാരമായിരുന്നു. തന്റെ അന്വേഷണത്തിൽ വെല്ലൂർ ജയിലിൽ ഇപ്പോൾ ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഞ്ഞിപ്പുവിനെ അറസ്റ്റ് ചെയ്യുവാൻ സഹായിച്ച വകയിൽ ഇപ്പോൾ വിവരം നൽകിയ തെയ്യം മേനോന് ക്യാഷ് അവാർഡ് നൽകിയിരുന്നു. അതുപോലെ കറംകമ്പത്തു കുഞ്ഞുണ്ണി പറാൽ അംശത്തിലെ ആക്ടിംങ് അധികാരിയായി ജോലി ചെയ്തിരുന്നു. ആ തസ്തികയിൽ ഇനി വരുന്ന ഒഴിവിലെങ്കിലും കയറി പറ്റുന്നതിനായി മറ്റുള്ള

വരുടെ ചെലവിൽ ഇദ്ദേഹം വലിയ രാജഭക്തി പ്രദർശിപ്പിക്കുകയാണ്. ഞാൻ നടത്തിയ അന്വേഷണത്തിൽ മനസ്സിലായത് സ്വാർത്ഥതാല്പര്യത്തിനായി പടച്ചൊപ്പിച്ചതാണ് ഈ കേസ്സെന്നാണ്. ഇപ്പോൾ പ്രതികളിൽ കുഞ്ഞുമൊയ്തു ഒഴിച്ച് ബാക്കിയുള്ള ആറു പേരെ ജാമ്യത്തിൽ വിടാൻ കൽപ്പനയായി ട്ടുള്ള സ്ഥിതിക്ക് കുഞ്ഞുമൊയ്തുവെ കൂടി വിട്ടയക്കണമെ ന്നാണ് എന്റെ വിനീതമായ അഭിപ്രായം. 116 എന്നാൽ ജില്ലാ മജിസ്ട്രേറ്റിന്റെ ശുപാർശ നിരസിക്കുകയാണ് ഗവർമ്മേണ്ട് ചെയ്തത്. അദ്ദേഹത്തിന് മലബാർ കാര്യങ്ങളുമായി അധികകാലത്തെ പരിചയമില്ലാത്തതിനാലാണ് ഇത്തരം ശുപാർശ നടത്തിയതെന്നും നേരത്തെ ഇവർക്ക് നൽകിയ ശിക്ഷ അതേപടി നടപ്പാക്കുകയാണ് ജില്ലാ മജിസ്ട്രേറ്റിന്റെ കർത്തവ്യമെന്നും ആണ് ആത്യന്തികമായി സർക്കാർ എടുത്ത തീരുമാനം.117.

1880 സെപ്റ്റംബർ 9-ാം തിയ്യതി മേലാറ്റൂർ അംശത്തിലാണ് കാര്യമായ മറ്റൊരു സംഘട്ടനമുണ്ടായത്. വള്ളുവനാട് തഹസീൽദാരുടെ കസ്ബയുള്ള അങ്ങാടിപ്പുറത്തു നിന്നും എട്ടു നാഴിക വടക്കുപടിഞ്ഞാറായി കിടക്കുന്ന സ്ഥലമാണ് മേലാറ്റൂർ. അവിടെ കൊലചെയ്യപ്പെട്ടത് ചാത്തൻകുട്ടി എന്ന ചെറുമനായിരുന്നെങ്കിലും കൊലയാളിയുടെ ലക്ഷ്യം സ്ഥലത്തെ പ്രധാന ജൻമികളായ അപ്പാദുരപ്പട്ടർ, തൃപ്പാക്കട കൃഷ്ണപ്പിഷാരടി എന്നിവരെ കൊല്ലുകയെന്നതായിരു ന്നുവെന്നും അങ്ങനെ തീർത്തും കുടിയായ്മ പ്രശ്നമായിരുന്നു ഇതിന്റെ പിന്നിലെന്നും ആക്ടിംങ് ജില്ലാ മജിസ്ട്രേട്ടായ ജി.മാർക്ക് വാട്ടേഴ്സ് ചീഫ് സെക്രട്ടറിക്കെഴുതുന്ന റിപ്പോർട്ടിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.118. ഇതിന് തയ്യാറെടുത്ത് ഇറങ്ങി പുറപ്പെട്ടത് മടുമിനാൽ തൊടി ആലി എന്നയാൾ ആയിരുന്നു. ഇദ്ദേഹത്തെ ഈ ജൻമിമാർക്കെതിരായി ഇളക്കി വിട്ടത് പുടങ്കോടൻ മമ്മദുകുട്ടി എന്ന സ്ഥലത്തെ മാപ്പിള പ്രധാനിയാണ്. ഇയാൾക്ക് ധാരാളം കാണം സ്ഥലങ്ങളുണ്ടായി രുന്നു. ഈ സ്ഥലങ്ങളുടെ ജൻമികൾ പാലക്കാട്ടുകാരനായ അപ്പാദുരപ്പട്ടരും തൃപ്പാക്കട കൃഷ്ണപ്പിഷാരടിയുമായിരുന്നു. മമ്മദുകുട്ടിക്ക് എതിരായി അപ്പാദുരപ്പട്ടർ കൊടുത്ത കുടിയൊഴിപ്പിക്കൽ, കേസ്സുകളിൽ പലതും മമ്മദുകുട്ടിക്ക് എതിരായാണ് വിധിയുണ്ടായത്. അലി ചെറുമ പയ്യനെ കൊ ല്ലുന്നതിന് കുറച്ച് ദിവസങ്ങൾക്കു മുമ്പാണ് സ്ഥലം ഒഴിപ്പിക്കു ന്നതിനെതിരായി മമ്മദുകുട്ടി കൊടുത്തിരുന്ന അപ്പീൽ ജില്ലാ കോടതി നിരാകരിച്ചത്. ഇതിനു പുറമെ മമ്മദ്കുട്ടിയുടെ കൈവശമുണ്ടായിരുന്ന പടിഞ്ഞാറേ കോവിലകം സ്ഥലങ്ങ ളുടെ പൊളിച്ചെഴുത്തിനുള്ള സമയം ആയിട്ടും അവ മമ്മദുകുട്ടിക്ക് ചാർത്തിക്കൊടുക്കുവാൻ അപ്പാദുരപ്പട്ടർ തയ്യാറായതുമില്ല. ഇതുതന്നെയായിരുന്നു പിഷാരടിയോട് മമ്മദുകുട്ടിക്കുണ്ടായിരുന്ന വഴക്കും. തന്റെ കൈവശഭൂമിയുടെ സ്ഥിരാവകാശത്തിന് വേണ്ടി പിഷാരടിക്കെതിരായി മമ്മദുകുട്ടി നൽകിയ കേസ്സും പതിവുപോലെ അദ്ദേഹത്തിനെതിരായാണ് വിധിയുണ്ടായത്. ഇതിനു പുറമെ കാലഹരണമായ കാണം കരാറുകൾ പുതുക്കി ക്കൊടുക്കുവാൻ പിഷാരടി തയ്യാറായതുമില്ല. ഇവരെ വക വരുത്തുക എന്നുള്ളതായിരുന്നു മമ്മദുകുട്ടിയുടെ ലക്ഷ്യം. യഥാർത്ഥത്തിൽ അലിയെ തന്റെ ദുരുദ്ദേശ്യം സഫലീകരിക്കുവാൻ കരുവാക്കുകയാണ് ചെയ്തത്. അതിന് മമ്മദുകുട്ടിക്ക് പ്രധാന സഹായിയായി നിന്നത് മേൽമുറി അംശത്തിലെ ജുമാഅത്ത് പള്ളി ഇമാം അഹമ്മദ് മുസ്സലിയാർ ആയിരുന്നു. അലിയെ മാനസികമായി തയ്യാറെടുപ്പിക്കുവാൻ മുസ്സലിയാരുടെ ബുദ്ധിയും പ്രേരണയും ഉണ്ടായിരുന്നു എന്നതിന് സംശയമില്ല.

എന്നാൽ ചാത്തൻകുട്ടി ചെറുമനെ വധിച്ചതിന്റെ പിന്നിൽ മറ്റൊരു കാരണമാണ് കാണാൻ കഴിയുക. എട്ടൊമ്പത് വർഷങ്ങൾക്കു മുമ്പ് ബാലനായിരുന്ന ചാത്തൻകുട്ടി മതം മാറിയിരുന്നു. നാലഞ്ച് മാസങ്ങൾക്കുമുമ്പാണ് മറ്റുള്ളവരുടെ നിർബന്ധത്തിന് വഴങ്ങി ഇസ്ളാം മതം പരിത്യജിച്ച് വീണ്ടും ചെറുമനായി മാറിയത്. ഇത് സ്ഥലത്തെ മുസ്ളിംകൾക്ക് ആകമാനം അപമാനകരമായി തോന്നിയെന്ന് മാത്രമല്ല അമർഷവും ഉണ്ടാക്കിയ സംഭവമാണ്. ചാത്തൻ കുട്ടിയെ തൻമൂലം കൊല്ലണമെന്ന് പൊതുവെ ധാരണ ഉണ്ടായിരുന്നു. അത് നടത്താൻ സൗകര്യം കിട്ടിയത് അലിക്കാ യിരുന്നു എന്നു മാത്രം. അത് പോലെ രാമൻ എന്ന മണ്ണാ നെ ഉപദ്രവിക്കണമെന്ന് അലിക്കുതോന്നാൻ കാരണം അലിയുടെ മാതാവ് കുളിക്കുന്നിടത്ത് വന്ന എത്തിനോക്കുക ഇയാൾ പതിവാക്കിയിരുന്നതിനാലാണ്.

സെപ്പംബർ 9-ാം തിയ്യതി എല്ലാ തയ്യാറെടുപ്പോടും കൂടി അലി അപ്പാദുരപട്ടരുടെ വീട്ടിൽ രണ്ട് പ്രാവശ്യം പോ യി അദ്ദേഹം ഉണ്ടോ എന്നന്വേഷിച്ചിരുന്നു. എന്നാൽ അകലെ എവിടെയോ പോയിരുന്നത് കൊണ്ട് അപ്പാദുരപട്ടരെ കാണുവാൻ സാധിച്ചില്ല. അപ്പോഴാണ് അതിന്നടുത്ത് താമസക്കാരനായ ചെറുമന്റെ കാര്യം അലിക്കോർമ്മ വന്നത്. നേരെ ചെറുമന്റെ കുടിലിലേക്കാണ് അലി പോയത്. അപ്പോൾ സമയം രണ്ട് മണിയായിരുന്നു. ചാത്തൻകുട്ടിയുടെ അമ്മായി കപ്പാച്ചിയോട് ചാത്തൻകുട്ടിയെ അന്വേഷിച്ചു. അയാൾ അടുത്ത തൊടിയിൽ കിളക്കുകയായിരുന്നു. അവിടെ നിന്ന് വിളിച്ച് ചാത്തൻകുട്ടിയോട് സംസാരിക്കുന്നതിനിടയിൽ ഒളിച്ച് വെച്ചിരുന്ന കത്തിയെടുത്ത് ചെറുമന്റെ കഴുത്തറുത്തു. ചാത്തൻകുട്ടി ക്ഷണം മരിക്കുകയും ചെയ്തു. ഈ കൊല നടത്തിയതിന് ശേഷം അരമൈൽ ദൂരെയുള്ള ജുമാഅത്ത് പള്ളിയിലെത്തി പള്ളിക്കുളത്തിൽ കുളിക്കുകയും രക്തക്കറ കഴുകുകയും ചെയ്ത് പള്ളിയിൽ പ്രവേശിച്ചു. അവിടെ ഉള്ള ഖാസി അഹമ്മദ് മുസിലിയാരുമായി വളരെ നേരം സംസാരിക്കുകയും പള്ളിയിൽ നിന്നും വാളുമായി പുറത്തേക്കിറങ്ങി പോകുകയും ചെയ്തു. രണ്ട് മൈലോളം സഞ്ചരിച്ച്

നടകാണി എന്ന കുന്നിൽ കയറിയ അലി ചെറുമനെ താൻ കൊന്നെന്നും അപ്പാദുരപട്ടരേയും, കൃഷ്ണപിഷാരടിയേയും മണ്ണാൻ രാമനേയും വകവരുത്തുവാൻ ഒരുങ്ങിയിരിക്കുകയാണെന്നും വിളിച്ചുപറഞ്ഞു. രാത്രി അലി എവിടെയാണ് കഴിച്ച് കൂടിയതെന്ന് ആർക്കും അറിവുണ്ടായിരുന്നില്ല. എന്നാൽ 10-ാം തിയ്യതി രാവിലെ അലി തന്റെ ആയുധവുമായി പിഷാരടിയുടെ വീട് ലക്ഷ്യമാക്കി പുറപ്പെട്ടു. പിഷാരടിയുടെ വീട് ആക്രമിക്കുവാനും അയാളെ കൊല്ലുവാനും ഉള്ള പ്രഖ്യാപനം തലേന്ന് അലി നടത്തിയിരുന്നത് പിഷാരടിയെ ചിലർ അറിയിച്ചിരുന്നു. അത് കാരണം ഘാതകനെ നേരിടാനുള്ള ഒരുക്കങ്ങൾ മുൻകൂടി ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചു. തന്റെ കാവൽക്കാരൻ ഗോപാലത്തരകന്റെ നേതൃത്വത്തിൽ നാലഞ്ചുപേരെ അദ്ദേഹം തയ്യാറാക്കി നിർത്തി. വാളും ചുഴറ്റി ആക്രോശിച്ചുകൊണ്ട് അലി വരുന്നത് കണ്ടപ്പോൾ പടിപ്പുരയുടെ വാതിൽ കൊട്ടിയടച്ച് അതിന്റെ മുകൾതട്ടിൽ തിര നിറച്ച തോക്കുമായി ഗോപാലത്തരകൻ കാത്തുനിന്നു. പടിപ്പുരയെ സമീപിച്ച അലിയുടെ നേരെ വെച്ച വെടി ഉന്നം പിഴക്കാതെ അലിയുടെ മാറിൽ തന്നെ തുളച്ചുകയറി. അങ്ങനെ അദ്ദേഹം അവിടെ പിടഞ്ഞ് മരിക്കുകയും ചെയ്തു.119.

അങ്ങാടിപ്പുറം പോലീസ് ഈ വിവരം അറിയുന്നത് സെപ്തംബർ 9-ാം തിയ്യതി രാത്രിയായിരുന്നു. ഇൻസ്പക്ടർ അഹമ്മദ് കുരുക്കളും ഹെഡ്കോൺസ്റ്റബിൾ അറ്റോവും അഞ്ച് പോലീസുകാരും പുലർച്ചെ നാല് മണിയോട് കൂടെ സ്ഥലത്തെത്തി. അവിടെ നിന്നും കുറെ ആളുകളേയും കൂട്ടി അലിയെ അന്വേഷിച്ചിറങ്ങി. പിഷാരടിയുടെ വീടെത്തിയപ്പോഴേക്കും അലി വെടിയേറ്റ് മരിച്ചിരുന്നു. തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഈ സംഭവത്തിൽ അറിഞ്ഞോ, അറിയാതെയോ കൂട്ടാളികളായ ഏഴ് പേരെ നാടുകടത്തുവാനും ഒൻപത് പേരെ നല്ല നടപ്പ് ജാമ്യം എടുക്കുവാനും ശിക്ഷിച്ചതിന് പുറമേ 4200 രൂപ കൂട്ടപ്പിഴയായി സ്ഥലത്ത് നിന്നും വസൂലാക്കുവാനുമാണ് നടപടി ഉണ്ടായത്. നാടുകടത്തുവാൻ തിരുമാനിച്ചവരുടെ പേരുകളാണ് താഴെ കൊടുക്കുന്നത്.

1. പൊറ്റയിൽ അഹമ്മദ് മുസ്ലിയാർ (വയസ്സ് 35)- മേലറ്റൂർ ഇടപ്പറ്റ ജുംഅത്ത് പള്ളിയിലെ ഖാസി. പാണ്ടിക്കാട് ദേശക്കാരനായ ഇദ്ദേഹം ഈ പള്ളിയിലെ ഖാസിയായിട്ട് ആറേഴുകൊല്ലമായി. 1834ലെ ലഹളയിൽ ഇദ്ദേഹത്തിന്റെ പിതൃസഹോദരനെ വെടിവെച്ച് കൊന്നിരുന്നു. ചെറുമനെ കൊന്നശേഷം അലി പള്ളിയിൽ വന്ന് ഇദ്ദേഹവുമായി ദീർഘനേരം സംസാരിച്ചിരുന്നു. അതിന്ശേഷം പള്ളിയിലെ വാളുമായാണ് അലി പുറപ്പെട്ടിരുന്നത്.

2. പാരപ്രാവൻ അന്ത്രാസ്മൊല്ല (വയസ്സ് 22) - ഇയ്യാളുടെ കത്തിയാണ് ചെറുമനെ കൊല്ലാൻ അലി ഉപയോഗിച്ചത്

3. അയ്യരാലി എസ്. മൊയ്തീൻ (50) - ഘാതകൻ അലിയുടെ അമ്മാവൻ

4. അയ്യരാലി കുഞ്ഞാലി - അലിയുടെ ഇളയച്ഛന്റെ മകൻ

5. കാരേക്കാടൻ മൊയ്തീൻകുട്ടി (30) - മേലാറ്റൂർ പള്ളിയിലെ മുക്രി

6. പൂടൻകോടൻ മമ്മദ്കുട്ടി (43) - സ്ഥലത്തെ മാപ്പിളമാരിൽ സ്ഥല ഉടമയും സ്വാധീനശക്തിയുമുണ്ടായിരുന്ന ആൾ. അപ്പാദുരപ്പട്ടരും കൃഷ്ണപിഷാരടിയുമായി ഭൂമി സംബന്ധമായ കേസ്സും ഇവരോട് പകയുമുണ്ടായിരുന്ന ആൾ. അലിയുടെ ഭാര്യയുടെ അമ്മായിയായിരുന്നു ഇയ്യാളുടെ ഭാര്യ.

7. ചമ്പാർ പുഴക്കൽ അഹമ്മദ്കുട്ടി - കൊലപാതകത്തിന്റെ തലേദിവസം അവരുമായി സംഭാഷണം നടത്തിയിരുന്നു ഇയാൾ.

നല്ലനടപ്പ് ജാമ്യത്തിൽ കഴിയേണ്ടവരായിവന്നവർ.

1. അയ്യരാലി മാമ്മദ് - വയസ്സ് 47 - നാടുകടത്തപ്പെട്ട അയ്യരാലി മൊയ്തീനും നല്ലനടപ്പ് എടുക്കേണ്ടതായി വന്ന അയ്യരാലി മൊയ്തീൻകുട്ടി, രായൻകുട്ടിയും സഹോദരങ്ങളാണ്.

2. അയ്യരാലി മൊയ്തീൻകുട്ടി - 25

3. അയ്യരാലി രായൻകുട്ടി - 30

4. വെങ്കശ്ശേരി രായൻ - 35.

6. അയിരാട്ടിൽ സെയ്താലി - 40

7. പൂവാർശ്ശേരി ഏനാദി - 30

7. പൊറ്റയിൽ മമ്മദ്കുട്ടി മുസ്ലിയാർ - 22 - ഒന്നാം പ്രതി പൊറ്റയിൽ അഹമ്മദ് മുസ്ലിയാരുടെ സഹോദരൻ.

8. തോണിക്കരകുട്ടി - 18 - അലിയുടെ സഹോദരിയുടെ ഭർത്താവ്.

9. തോണിക്കര കുഞ്ഞുണ്ണി - 20 - അലിയുടെ പിതൃസഹോദരന്റെ മകൻ.120.

8000 രൂപ പിഴ ചുമത്താനായിരുന്നു ആദ്യതീരുമാനം. മേലാറ്റൂർ, മണലി, ഇടപെട്ട, എടയത്തൂർ എന്നീ അംശങ്ങളിലെ മുസ്ലിംകളിൽ നിന്നാണ് ഈ തുക ഈടാക്കാൻ നിശ്ചയിച്ചിരുന്നത്. എന്നാൽ ഈ അംശങ്ങളിലെ മാപ്പിളമാരുടെ സ്വത്തിന്റെ വില നിശ്ചയിച്ചത് വളരെ കൂടുതലാണെന്നും അത്രയും തുക പിരിച്ചെടുക്കുന്നത് നീതികരിക്കുവാൻ പറ്റാത്തതാണെന്നും അതിനാൽ 8000 രൂപക്ക് പകരം 4200 രൂപയായി ഇത് ചതുരുക്കണമെന്നും കാണിച്ച് ജില്ലാകളക്ടറായിരുന്ന ഡബ്ലിയു. ലോഗൻ, ചീഫ് സെക്രട്ടറിക്ക് ശുപാർശ നൽകിയിരുന്നു.121. ലോഗന്റെ ശുപാർശ സ്വീകരിച്ച് 4200 രൂപ വസൂലാക്കിയാൽ മതിയെന്ന് പിന്നീട് കല്പനയുമായി.122. അലിയെ വെടിവെച്ച് കൊന്ന ഗോപാലതരകന്, വസൂലാക്കിയ പിഴയിൽ നിന്നും 500 രൂപയും ഒരു സ്വർണ്ണ കൈചെയ്യിനും സമ്മാനിക്കുകയും ചെയ്തു.

സ്ഥലത്തെ ഭൂവുടമകളെ വധിക്കുവാൻ നടത്തിയ

അതിക്രമങ്ങളെ തുടർന്ന് മലബാറിൽ നിന്നും ബ്രിട്ടീഷ് ഗവൺമെൻറിന് ഒരു ഹർജി ലഭിച്ചിരുന്നു. പേര് വെളിപ്പെടു ത്താത്തതായിരുന്നു ഈ നിവേദനമെങ്കിലും അതിൽ മുസൽ മാൻമാർക്ക് പുറമെ നായർ, തിയ്യർ തുടങ്ങിയുള്ള മറ്റു ജാ തിക്കാരും ഉൾപെട്ടതായി അവകാശപ്പെടുന്നു.123. മലബാ റിലെ കൃഷിക്കാർ അനുഭവിച്ചുകൊണ്ടിരുന്ന യാതനകൾ പ്ര ത്യേകിച്ച് സ്വന്തം ഭൂമിയിൽ നിന്നും ഒഴിപ്പിക്കുക എന്ന ദുര വസ്ഥ ഈ ഹർജിയിൽ ഹൃദയാസ്പൃക്കാംവിധം വിവ രിച്ചിരുന്നു. കൊടിയ ദുരിതം അനുഭവിക്കുന്ന കുടിയാൻമാർ, പ്രത്യേകിച്ച് മുസ്ലിംകൾ വീണ്ടും കുഴപ്പങ്ങൾ ഉണ്ടാക്കാ തിരിക്കുന്നത് ഹർജിയിൽ പറയുന്ന വിഷമതകൾ ഗവൺ മെൻറിൻെറ ശ്രദ്ധയിൽപെടുത്തി അതിൻെറ ഫലം അറിയുന്നത് വരെ കാത്ത് നിൽക്കാൻ പലരും ഉപദേശിച്ചത് കൊണ്ടുമാത്രമാണെന്ന് ഹർജിയിൽ തുറന്ന് പറഞ്ഞിരുന്നു. മലബാറിൽ കേട്ടുകേൾവി പോലും ഇല്ലാത്തവിധം അസ്വ സ്ഥതകളും ചോരപ്പുഴകളും ഉണ്ടാകുമെന്നും ഇതൊരു ഭീഷണി അല്ലെന്നും ഹർജിയിൽ പ്രസ്താവിച്ചിരുന്നു. സർവ്വ ചരാചരങ്ങളുടേയും സൃഷ്ടികർത്താവും രക്ഷിതാവുമായ ദൈവത്തെ സാക്ഷി നിർത്തി ഇത് സത്യമാണെന്ന് ആണയിട്ട് പറയുകയും ചെയ്യുന്നുണ്ട്. ഒഴിപ്പിക്കൽ കേസുകൾ വിചാ രണക്കെടുക്കുന്നതും വിധി നടത്തുന്നതും നിരോധിച്ചു കൊണ്ടുള്ള കൽപ്പന ഉണ്ടാകണമെന്നു ഹർജിക്കാർ ബ്രിട്ടീഷ് ഗവൺമെൻറിനോട് അപേക്ഷിച്ചു. ഒഴിപ്പിക്കൽ കേസുകളിൽ അനുകൂലമായി സമ്പാദിച്ച വിധികളുടെ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ ഭൂമി ജൻമിമാർ കൈമാറ്റം ചെയ്യുന്നതിനെ നിരോധിക്കണമെന്നും ഹർജിയിൽ പറഞ്ഞിരുന്നു. ജൻമികൾ ക്കെതിരായ പരാതികളെക്കുറിച്ച് അന്വേഷിക്കുവാൻ ഒരു പ്രത്യേക കമ്മീഷണറെ നിയമിക്കണമെന്നും നിവേദനത്തിൽ അപേക്ഷിച്ചിരുന്നു.124. മലബാറിലെ ഡിസ്ട്രിക്ട് ജഡ്ജി ആയിരുന്ന എച്ച്. വിഗ്രാമിൻെറ സത്വരശ്രദ്ധയ്ക്കായി ഇത് അയച്ചുകൊടുത്ത് അദ്ദേഹത്തിൻെറ റിപ്പോർട്ടോടുകൂടി ജില്ലാ മജിസ്ട്രേട്ടും കളക്ടറുമായ വില്യം ലോഗൻെറ അഭിപ്രാ യത്തിന് വിടുവാനാണ് നിർദ്ദേശമുണ്ടായത്. 1851-ൽ, മാപ്പി ളലഹളകളുടെ കാരണങ്ങളും ആവശ്യമായ പ്രതിവിധിയും സമർപ്പിക്കുന്നതിനായി എൽ. സ്ട്രേഞ്ച് എന്ന പ്യൂണി ജഡ്ജിയെ നിയമിച്ചിരുന്ന കാര്യം നാം നേരത്തെ വിശദീ കരിച്ചതാണല്ലോ. കുടിയായ്മയിൽ വന്ന വീഴ്ചകളും ജൻമികളുടെ പീഢനവുമാണ് കുഴപ്പങ്ങളുടെ കാതലായ പ്രശ്നമെന്ന് ഏറെക്കുറെ അറിയാമായിരുന്നിട്ടും സ്ട്രേഞ്ച് കർഷകൻെറ സങ്കടങ്ങളെ പരിഹരിക്കുവാനുള്ള നിർദ്ദേശ ങ്ങളല്ല മറിച്ച് മാപ്പിളകർഷകരെ മർദ്ദിച്ചൊതുക്കുന്നതിനുള്ള പോംവഴികളാണ് ആരാഞ്ഞതെന്ന് നാം കണ്ടു. ഇത് തീരെ ശരിയായ സമീപനമല്ലെന്ന് അന്നേ തന്നെ വിഗ്രാമിനും, ലോ ഗനും അഭിപ്രായമുണ്ടായിരുന്നു. രോഗലക്ഷണത്തെ രോഗ മായി തന്നെ തെറ്റിദ്ധരിക്കുകയാണ് സ്ട്രേയ്ഞ്ച് ചെയ്ത തെന്നാണ് ലോഗൻ തൻെറ കുടിയായ്മ റിപ്പോർട്ടിൽ പറഞ്ഞിട്ടു ള്ളത്.125. ഇവരുടെ വിദഗ്ദ്ധാ അഭിപ്രായത്തെ അവഗ ണിച്ചുകൊണ്ട് സ്ട്രേയ്ഞ്ചിൻെറ ശുപാർശ സർക്കാർ അംഗീ കരിക്കുകയാണുണ്ടായത്.

ജില്ലാ ഭരണാധികാരികൾക്ക് നിയമസമാധാന നില ഗുരുതരമായി അപകടപ്പെടുത്തുന്ന മാപ്പിള മുന്നേറ്റങ്ങൾ സ്ഥിരം കൈകാര്യം ചെയ്യേണ്ടതായി വന്നുകൂടി. 1875ലും 76ലും 77ലും ഉണ്ടായ സംഘട്ടനങ്ങൾക്ക് നിദാനം കർഷകരുടെ അസംതൃപ്തിയാണ് എന്ന കാര്യത്തിൽ ജില്ലാകളക്ടറും ജില്ലാ ജഡ്ജിയും ഏക അഭിപ്രായക്കാരായിരുന്നു. അവരുടെ ഈ അഭിപ്രായത്തോട് തിരുവിതാംകൂറിലെയും കൊച്ചിയിലേയും റസിഡണ്ടായിരുന്ന എ. മാക്ഗ്രിഗർ യോജിക്കുകയും ചെയ്തു. വളരെക്കാലം മലബാറിലെ കളക്ടറായിരുന്ന അദ്ദേഹത്തിൻെറ കാലത്താണ് 1873 സെപ്തംബറിലെ കുളത്തൂർ കലാപം നടക്കുന്നത്. വിഗ്രാമിൻെറയും ലോഗൻെറയും അഭിപ്രായങ്ങൾ ശരിവെച്ച്കൊണ്ട് മാക്ഗ്രിഗർ എഴുതിയതിപ്രകാരമായിരുന്നു. "മലബാറിലെ മാപ്പിളകർഷകർ നടത്തുന്ന കലാപങ്ങളുടെ പ്രഥമവും പ്രധാനവുമായ സ്വഭാവം അത് പൂർണ്ണമായും കുടിയായ്മപ്രശ്നങ്ങളാണെന്ന് എനിക്ക് തീർത്തും ബോദ്ധ്യ മുള്ളതാണ്. ഭൂവുടമകളുടെ ക്രൂരമർദ്ദനങ്ങളെ നേരി ടുവാനുള്ള ഉപാധി മാത്രമാണ് മാപ്പിളമാരിൽ ആരോപിത മായിട്ടുള്ള മതഭ്രാന്ത്."126. മാക്ഗ്രിഗറുടെ ഈ റിപ്പോർട്ട് പരിഗണിച്ചതിന് ശേഷം 1881 ഫെബ്രുവരി 5-ാം തിയ്യതി ജില്ലാ കളക്ടർ ഡബ്ലിയു. ലോഗനെ സ്പെഷ്യൽ കമ്മീഷണ റായി നിയമിച്ച് കൊണ്ട് കൽപ്പനയായി. പ്രത്യേകം അന്വേ ഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നത് താ ഴെ പറയുന്നവയെക്കുറിച്ചാണ്.

1. മലബാറിലെ കാർഷിക ബന്ധത്തെക്കുറിച്ചും കുടിയാൻമാരുടെ ഭൂമിയിൻമേലുള്ള അവകാശത്തെക്കുറിച്ചും അന്വേഷിക്കുക. ഭൂമി കൈവശക്കാരായ കർഷകർ സ്ഥലങ്ങൾ നന്നാക്കി കൃഷിയിടങ്ങളാക്കുവാൻ നടത്തിയ മുതൽമുടക്കിനും പ്രയത്നത്തിനും പ്രതിഫലം നൽകാതിരി ക്കുകയോ കൊടുക്കുന്നുവെങ്കിൽ തന്നെ തീരെ അപര്യാപ്തമായ നഷ്ടപരിഹാരം നൽകുകയോ ചെയ്യുന്നത് സംബന്ധിച്ചും വിശദമായി അന്വേഷിച്ചറിയുക.

2. ഹിന്ദുക്കളും മുസ്ലിംകളും തമ്മിൽ വിദ്വേഷത്തിനും വഴക്കിനും പലപ്പോഴും കാരണമായിട്ടുള്ളതാണ്, പള്ളികളും ശ്മശാനങ്ങളും നിർമ്മിക്കുന്നത് സംബന്ധിച്ച് ഉണ്ടാകുന്ന തർക്കങ്ങൾ. പള്ളികൾക്കും ശ്മശാനങ്ങൾക്കും സ്ഥലം ഏത് വിധം നൽകാമെന്നതും നിർബ്ബന്ധിത സാഹചര്യത്തിൽ ഈ ആവശ്യങ്ങൾക്കായി സ്ഥലം ഗവൺമെൻറ് പൊന്നും വിലയ്ക്കെടുത്ത് പതിച്ച് കൊടുക്കുവാൻ അന്വേഷണ ഉദ്യോ ഗസ്ഥന് വിവേചനാധികാരം കൊടുക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുക.

3. നിലവിലുള്ള എന്തെങ്കിലും അവശതകൾ പരിഹരിക്കുവാനുള്ള ഏറ്റവും ഉചിതമായ മാർഗ്ഗങ്ങളെ സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥൻ അഭിപ്രായം അറിയിക്കുകയും ന്യായമായതെന്തെന്ന് അന്വേഷണത്തിൽ പ്രത്യക്ഷമായും അടിയന്തിര പരിഹാരം ആവശ്യമെന്ന് ബോദ്ധ്യപ്പെടുന്ന സങ്കടങ്ങൾ തീർക്കാൻ ഗവൺമെൻറ് കൈക്കൊള്ളേണ്ട നടപടികൾ എന്തായിരിക്കണം എന്നുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുക.127.

ഈ കല്പന കിട്ടി ഒട്ടും താമസിക്കാതെ ആ വർഷം ഫെബ്രുവരി - ഒക്ടോബർ മാസങ്ങളിൽ തന്നെ വയനാട് ജില്ല ഒഴിച്ച് മറ്റു സ്ഥലങ്ങളിലെല്ലാം ലോഗൻ പര്യടനം നടത്തി തെളിവുകൾ ശേഖരിക്കുകയുണ്ടായി. 4021 വ്യക്തികളിൽ നിന്നായി മൊത്തം 2200 പെറ്റിഷനുകൾ അദ്ദേഹത്തിന് ലഭിച്ചിരുന്നു.128. ഒക്ടോബർ മുതൽ 1882 ജൂൺ വരെ ഈ പ്രമാണങ്ങളും രേഖകളും പരിശോധിച്ച് സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കി തൻെറ റിപ്പോർട്ടിന് രൂപം കൊടുത്തു. അശ്രാന്തപരിശ്രമം കൊണ്ട് സമയത്തിന് തന്നെ തൻെറ റിപ്പോർട്ട് മദ്രാസ് ഗവർണ്ണർ ഗ്രാൻറ് ഡഫിന് സമർപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ജൻമി-കൂടിയാൻ ബന്ധ ത്തെക്കുറിച്ച് ഇത്ര സമഗ്രവും ശാസ്ത്രീയവുമായ ഒരു പഠനം കേരളത്തിൽ അതിന് മുമ്പും പിമ്പും ഉണ്ടായിട്ടില്ലന്നുള്ളതാണ് പരമാർത്ഥം. അന്ന് കിട്ടാവുന്ന എല്ലാ ആധാരങ്ങളും പ്രമാണ ങ്ങളും ശേഖരിക്കുവാനും നിഷ്കൃഷ്ടമായ പഠനത്തിന് വി ധേയമാക്കുവാനും അദ്ദേഹത്തിന് സാധിച്ചു എന്നുള്ളതാണ് കാർഷികബന്ധത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ റിപ്പോർട്ട് ഇന്നും സ്വീകാര്യമായി തോന്നുന്നത്. ലോഗൻെറ നിഗമന ങ്ങളും അതിന് സഹായകമായി നിന്ന ഉപാദാനങ്ങളും സവി സ്തരമായി തൻെറ റിപ്പോർട്ടിലും അനുബന്ധമായി ചേർ ത്തിട്ടുള്ള രേഖകളിലും നിന്നും മനസ്സിലാക്കാം. അവ ചുരുക്കി താഴെ വിവരിക്കുന്നു.

ഈസ്റ്റിന്ത്യാകമ്പനിയുടെ ഭരണാരംഭത്തിൽ മലബാറിൽ ജൻമിക്ക് കൃഷിഭൂമിയിൽ നിന്നും ലഭിച്ചിരുന്ന വിഹിതം വിള വിൻെറ മൂന്നിലൊന്ന് മാത്രമായിരുന്നു.129. ഈ ജൻമി ഭോഗത്തിൽ തന്നെ കാണക്കാരിൽ നിന്ന് ഭൂവുടമ മുൻകൂറായി വാരമോ പാട്ടമോ പറ്റിയിട്ടുണ്ടെങ്കിൽ പിന്നെയും വിഹിതം കുറയും. അതേസമയം ജൻമിക്ക് ചില സ്ഥാനമാനങ്ങൾ സ്വീകരിക്കുവാൻ അർഹത ഉണ്ടായിരുന്നു. നായർപട്ടാള ത്തിൻെറ കമാണ്ടർ പദവി, നായർ തറയിലെ മേധാവി എന്ന സ്ഥാനം, ഗ്രാമക്ഷേത്രങ്ങളുടെ ട്രസ്റ്റി എന്ന പദവി എന്നി ങ്ങനെ.130. ബ്രിട്ടീഷ് അധികാരികൾ ജൻമിയുടെ യഥാർ ത്ഥപദവിയെ പറ്റി തെറ്റിദ്ധരിക്കുകയും റോമൻ കീഴ്വഴക്ക ത്തിൻെറ ചുവട് പിടിച്ച് ജൻമിയിൽ ഭൂമിയുടെ അനിഷേ ധ്യമായ ഉടമാവകാശം നിക്ഷിപ്തമാക്കുകയും ചെയ്തു. നാട്ടാ ചാരത്തിൻെറ അടിസ്ഥാനത്തിൽ കൃഷിക്കാരനും ഭൂവുടമയും കൂട്ടായി നടത്തിയിരുന്ന സംരംഭമായിരുന്നു ഇവിടുത്തെ കൃഷിയും ഓഹരിവെക്കലും ജൻമി, കാണക്കാരൻ, കൃഷി തൊഴിലാളി എന്നിവർ ഉൽപാദനത്തിൻെറ മൂന്നിലൊന്ന് ഓഹരിവീതം ആണ് ഭാഗിച്ചെടുത്തിരുന്നത്.131. എന്നാൽ, ഇംഗ്ലീഷ്കോടതികൾ ഈ സുസ്ഥിരമായ ബന്ധത്തെ താറുമാറാക്കുകയും ജൻമിയെ സ്ഥലത്തിൻെറ പരിപൂർണ്ണ അവകാശിയായി പ്രഖ്യാപിക്കുകയും ചെയ്തതോടെയാണ് കുടിയൊഴിപ്പിക്കലും മേൽച്ചാർത്തും തുടങ്ങിയ കർഷകനെതിരായുള്ള വിക്രിയകൾ നിലവിൽ വന്നത്. 1818-22 കാലത്ത് ഗ്രീം സ്പെഷ്യൽ കമ്മീഷണറായി മലബാറിലെ കാർഷിക സ്ഥിതിഗതികൾ അന്വേഷണത്തിന് വിധേയമാക്കിയതോട് കൂടിയാണ് കാണക്കാരൻ വെറും പാട്ടക്കാരനായി മാറിയതും ജൻമിക്ക് താന്നുസൃതം കൂടുതൽ ശക്തിയാർജ്ജിക്കാൻ സാധിച്ചതും. നിലത്തിൻമേലുള്ള സർക്കാർ നികുതി നിജപ്പെടുത്തുന്നതിനായി ജൻമിക്ക് കിട്ടുന്ന പാട്ടം എത്ര, എതുവിധം എന്നെല്ലാമുള്ള അന്വേഷണത്തിലാണ് ഈ കുഴപ്പങ്ങൾ അത്രയും ഉരിത്തിരിഞ്ഞത്.132. ഇത് ജൻമി-കുടിയാൻ ബന്ധത്തിൽ പൂർണ്ണമായും മാറ്റം വരുത്തുകയും ചെയ്തു. കുടിയാൻബന്ധത്തിൽ പൂർണ്ണമായും മാറ്റം വരുത്തുകയും ചെയ്തു. സ്ഥലം കൂടുതൽ പാട്ടം ലഭിക്കുന്ന ആൾക്ക് കൊടുക്കാമെന്ന സ്ഥിതിയും അത് 12 കൊല്ലത്തിനായി നിജപ്പെടുത്തുക എന്ന അവസ്ഥയും കുടിയാനെ എതവസരത്തിലും ഒഴിപ്പിക്കാമെന്നതും ഒക്കെ ഇതിന് ശേഷമാണുണ്ടായത്. പഴയ കീഴ്വഴക്കങ്ങൾ പരിത്യജിച്ച് ജൻമികൾ കിട്ടാവുന്നത്ര കൂടുതൽ പണം ഈടാക്കുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു.

1832 ആയപ്പോഴേക്കും കാർഷികോൽപ്പന്നങ്ങളുടെ വില വർദ്ധിക്കുവാൻ തുടങ്ങി. ഉൽപന്നങ്ങളുടെ വിലയിലുണ്ടായ ഈ വർദ്ധന കൃഷിയിൽ നിന്നുള്ള ലാഭത്തിൻെറ തോത് വർദ്ധിപ്പിച്ചു. ഈ ലാഭം പങ്കുവെക്കുന്നത് സംബന്ധിച്ചാണ് പിന്നീട് കൂടുതൽ തർക്കങ്ങളുണ്ടായത്. ജൻമിയാകട്ടെ സ്ഥലത്തിൻെറ പരമാധികാരം തനിക്കാണെന്ന് കോടതികൾ ശരിവെച്ചത് കാരണം കൂടുതൽ പാട്ടം വാങ്ങാൻ കൃഷിക്കാരെ കൂട്ടത്തോടെ ഒഴിപ്പിക്കുവാൻ തുടങ്ങി. അങ്ങനെയാണ് 1836 മുതൽ മാപ്പിളലഹളകൾ രൂക്ഷമാകുവാൻ കാരണം.133. ലോഗൻെറ അഭിപ്രായത്തിൽ "രണ്ട് അറബി പുരോഹിതൻമാരുടെ പേരിനും പെരുമയ്ക്കുമുള്ള അമിതാവേശം ആളിക്കത്തിച്ച മതഭ്രാന്തിൻെറ പരിണിതഫലമാണ് മാപ്പിള അതിക്രമങ്ങളെന്ന് മി. സ്ട്രേഞ്ച് ധരിച്ചു. ഈ ധാരണയെ ആധാരമാക്കിയുള്ള നിയമനിർമ്മാണം തികച്ചും മർദ്ദനപരമായിരുന്നു.134. ആത്യന്തികമായി ഈ മർദ്ദനനിയമങ്ങൾകൊണ്ട് വിചാരിച്ച ഫലം ഉണ്ടായില്ലെന്ന് അതിന് ശേഷം നടന്ന സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ട്. കൃഷിക്കാരുടെ യഥാർത്ഥ സ്ഥിതിയെക്കുറിച്ച് ലോഗൻ നൽകുന്ന വിവരണവും ഏറെ പ്രസക്തമാണ്. അദ്ദേഹം കണ്ടെത്തിയത്. "എല്ലാ കൃഷിക്കാരും ഏറ്റക്കുറച്ചിലോടെ ഋണബാധിതരാണ്.

തങ്ങളുടെ കടത്തിന് അമിതമായ പലിശയാണ് നൽകേണ്ടതായി വന്നിരുന്നത്. സാമൂഹ്യമായി കൃഷിപ്പണിക്കാരെ (അവർ ഹിന്ദുക്കളാണെങ്കിൽ പ്രത്യേകിച്ചും) പല വിധമായ അവഹേളനങ്ങൾക്കും ജൻമിമാർ വിധേയരാക്കുകയും അവരെ പല തരത്തിൽ ദ്രോഹിക്കുകയും ചെയ്യും. സാധാരണ കാണം കുടിയായ്മയെ മുൻകൂർ കടമായുള്ള പാട്ടമായി അധഃപതിപ്പിച്ചു. കടം എപ്പോഴും ജൻമിക്കനുകൂലവും ആയിരുന്നു. കുഴിക്കാണം കുടിയായ്മയും തീരെ തൃപ്തികരമായിരുന്നില്ല. കാരണം കുടിയാൻമാർ ഒഴിപ്പിക്കപ്പെടുമ്പോൾ അവരുണ്ടാക്കിയ കുഴിക്കൂറുകൾക്ക് നടപ്പ് വില കിട്ടിയിരുന്നില്ല.135. സാമാന്യകർഷകന് (വെറും പാട്ടക്കാരൻ) മൊത്തം വിള വിൻെറ മൂന്നിലൊന്ന് ഒരിക്കലും ലഭിച്ചിരുന്നില്ല. പഞ്ഞവും പട്ടിണിയും ആയിരുന്നു അയാൾക്ക് വിധിച്ചത്. അത്രയുമല്ല കൃഷിക്കാരിൽ ഭൂരിഭാഗവും വെറും പാട്ടക്കാരായി അതിവേഗം രൂപാന്തപ്പെടുകയുമുണ്ടായി. ഇക്കാര്യം ജില്ലയുടെ നെൽ കൃഷികേന്ദ്രങ്ങളായ മാപ്പിള താലൂക്കുകളിൽ പ്രത്യേകിച്ചും കൂടുതൽ ബാധിച്ചു. അക്രമപലിശയും, ഒഴിപ്പിക്കലും, തെങ്ങ് കൃഷി നടക്കുന്ന തീരപ്രദേശങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്."136. സ്പെഷൽ കമ്മീഷണറും മലബാർ കളക്ടറുമായ ലോഗൻ തുടർന്നെഴുതുന്നത് കൂടി നോക്കുക. "വെറും പാട്ടക്കാരായ നെൽകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരിൽ 65 ശതമാനവും (3817 പേരിൽ 2483) ആണ്ട് തോറും കാണച്ചാർത്ത് പുതുക്കേണ്ടി വരുന്നു - പത്തും പന്ത്രണ്ടും വർഷം കൈവശം വെച്ച് കൃഷി ചെയ്യുന്നതാണ് ഈ ഭൂമിയെങ്കിലും.137. 1862നും 1880നും ഇടയിൽ കൃഷി ക്കാരെ ഒഴിപ്പിച്ചെടുക്കാനും പാട്ടബാക്കി പിരിക്കാനും ജൻമിമാർ കോടതിയിൽ കേസ് കൊടുക്കുന്നത് സർവ്വസാ ധാരണയായി. ലോഗൻ തൻെറ റിപ്പോർട്ടിൽ കൊടുത്തിട്ടുള്ള സ്ഥിതിവിവരക്കണക്കാണ് താഴെ നൽകുന്നത്.138.

വർഷത്തിൽ ശരാശരി

| കാലയളവ് | ഒഴിപ്പിക്കൽ കേസുകൾ | ഒഴിപ്പിക്കൽ നോട്ടിസുകൾ പതിച്ച് നടത്തപ്പെടുന്നവരുടെ എണ്ണം | പാട്ടബാക്കിക്ക് കോടതിവിധിക്കിരയായവരുടെ സംഖ്യ (ഇതിൽ സ്മോൾകേസ് അന്യായങ്ങൾ ഉൾപെടുന്നില്ല) |
|---|---|---|---|
| 1862-66 | 2,039 | 1,819 | 1,473 |
| 1867-71 | 2,547 | 3,483 | 2,549 |
| 1872-76 | 3,974 | 6,286 | 4,314 |
| 1877-80 | 4,983 | 8,355 | 6,498 |

ഒഴിപ്പിക്കൽ ഉത്തരവുകൾ (വിധി) നടപ്പിൽ വരുത്തുന്നതോടെ കൃഷിക്കാർ അനുഭവിക്കുന്ന പരാധീനതകളെ അന്യായക്കാർ പരമാവധി മുതലെടുക്കുകയാണ്. ഒഴിപ്പിക്കപ്പെടുന്ന കുടിയാൻമാർ, കോടതി ചെലവുകളുടേയും മറ്റു ചെലവുകളുടേയും ഫലമായി, തങ്ങൾ നടത്തിയ ദേഹണ്ഡങ്ങൾക്ക് (കുഴിക്കൂറുകൾ) കമ്പോളവില കിട്ടാതെ കൊടുക്കുന്നത് വാങ്ങി തൃപ്തിപ്പെടേണ്ടിവരുന്നു.

"വൻ ഭൂവുടമകളുടെ സ്വത്തുക്കൾ നാടിൻെറ വിവിധ ഭാഗങ്ങളിലായി ചിന്നിച്ചിതറി സ്ഥിതി ചെയ്തിരുന്നതുകൊണ്ട്, തുടർച്ചയായി കിടക്കുന്ന അതിർവരമ്പുകളുള്ള പാടശേഖരങ്ങളെപ്പോലെ, ഇവയുടെ ഫലപ്രദമായ നോക്കി നടത്തിപ്പ് സാധ്യമാവാതെ വരുന്നു. വലിയ ജൻമിമാർക്ക് എവിടെയൊക്കെയാണ് തങ്ങളുടെ ഭൂസ്വത്തുക്കൾ കിടക്കുന്നതെന്നു പോലും അറിയുകയില്ല. അവരത് കണ്ടിട്ടുപോലുമുണ്ടാകുകയില്ല. ഈ നിലങ്ങൾ കൃഷിചെയ്യുന്നതാരാണെന്നും ഭൂവുടമകൾക്കറിയില്ല. കുടിയാൻമാർ ഈ കൃഷിയിടങ്ങൾ കീഴ് കുടിയാൻമാർക്ക് കൈമാറ്റം ചെയ്യുന്നുണ്ടോ എന്നൊന്നും ഭൂവുടമകൾ ശ്രദ്ധിക്കാറില്ല. ഭൂവുടമകൾ മിക്കവാറും തങ്ങളുടെ കുടിയാൻമാരുടെ ക്ഷേമകാര്യങ്ങളെക്കുറിച്ച് ചിന്തിക്കാറുമില്ല. പങ്കുപാട്ടക്കാരായ കൃഷിക്കാർ അതായത് കുടിയാൻമാർ, പാട്ടബാക്കികൊണ്ട് വശംകെടുന്നു. പല ഭാഗങ്ങളിലായി ചിന്നിച്ചിതറിക്കിടക്കുന്ന തങ്ങളുടെ ഭൂസ്വത്തുക്കളുടെ മേൽനോട്ടത്തിന് ഈ വൻകിട ജൻമികൾ നിയമിയ്ക്കുന്ന കാര്യസ്ഥൻമാരും സ്ഥിതിഗതികൾ വഷളാക്കുവാൻ അവരുടെ പങ്കു വഹിക്കുന്നു. എഴുത്തും വായനയും മാത്രമറിയാവുന്ന ഇക്കൂട്ടർക്ക് ശമ്പളം വളരെ തുച്ഛം. നിസ്സാരമായ പ്രതിഫലം പറ്റുന്ന ഈ ഏജൻറ്മാർക്ക് ദ്രോഹബുദ്ധികൂടും. വസൂലാക്കുന്ന വാരത്തിനും നികുതിക്കും രശീതി കൊടുക്കുന്ന അധികാരം തങ്ങൾക്കുള്ളതാണന്നറിയുന്ന അവർ അഴിമതികൾ നടത്തുന്നു. ഭൂവുടമകളെ പ്രീണിപ്പിക്കുവാനുള്ള എളുപ്പവഴിയായി കുടിയാൻമാർ കാണുന്നത് ഏജൻറ്മാരെ കൈക്കൂലികൊടുത്ത് സന്തോഷിപ്പിക്കുകയാണ്.139.

"ബ്രിട്ടീഷ് കോടതിയുടെ അനുവാദത്തോടെ, കുടിയാൻമാരെ ഒഴിപ്പിക്കാനും റവന്യൂ പിരിക്കാനും തങ്ങൾക്ക് സിദ്ധമായ അധികാരങ്ങൾ ജൻമിമാർ കണ്ടമാനം ദുരുപയോഗപ്പെടുത്തുന്നതിനെ ചെറുക്കുക എന്നതാണ് മാപ്പിള അതിക്രമങ്ങൾക്ക് പിന്നിലുള്ള പ്രധാന പ്രേരകശക്തി," എന്ന അഭിപ്രായത്തിലാണ് ലോഗൻ അവസാനമായി എത്തിച്ചേരുന്നത്. 1851 ആഗസ്റ്റ് 22ന് നടന്ന ആദ്യത്തെ കുളത്തൂർ മാപ്പിള ലഹള സംബന്ധിച്ചു കോലറ്റ് സമർപ്പിച്ച റിപ്പോർട്ടിൻെറ പ്രസക്തഭാഗം ലോഗൻ ഉദ്ധരിക്കുന്നുണ്ട്. "ഒരു ജൻമി സാമാന്യം നല്ല നിലക്ക് കഴിഞ്ഞു കൂടുന്ന ഒരു കുടിയാനെതിരായി കോടതിവിധിയുടെ ബലത്തിൽ, ന്യായമോ അന്യായമോ ആയ മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഒഴിപ്പിക്കൽ നടപടി കൈക്കൊള്ളുമ്പോൾ, ആ കുടിയാൻ ധരിക്കുന്നത് അത്തരം ഒരു ജൻമിയെ കൊല്ലേണ്ടത് തൻെറ മതപരമായ വിശ്വാസങ്ങളുടെ നീതികരണമാണ്, മറിച്ച് നിഷേധമല്ല എന്നത്രേ. ജൻമിയെ കൊല ചെയ്യുന്നതോടൊപ്പം സ്വയം

പൊരുതി മരിക്കുന്നതിനെയും കുടിയാൻ ന്യായീകരിക്കുന്നതും ഇതേ മാനദണ്ഡം വെച്ചാണ്.140. പ്രശ്നത്തിന്റെ നാനാവശങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചതിന് ശേഷം ലോഗൻ പുതിയ കാർഷിക നിയമത്തിന് രൂപം കൊടുക്കുന്നുവെങ്കിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുന്നുണ്ട്.

തന്റെ റിപ്പോർട്ടിന്റെ 8-ാം അദ്ധ്യായത്തിലാണ് ഈ നിർദ്ദേശങ്ങളെക്കുറിച്ച് വ്യവഹരിച്ചിട്ടുള്ളത്.

1. ചെറുകിട ഭൂവുടമകൾക്ക് പരിപൂർണ്ണമായും സംരക്ഷണം നൽകണം. അയാൾ വെച്ചുപിടിപ്പിച്ച ഫലവൃക്ഷങ്ങൾ സർവ്വതന്ത്ര സ്വതന്ത്രമായി അനുഭവിക്കുവാനും അങ്ങനെ താൻ മുടക്കിയ മുതലിനും പ്രയത്നത്തിനും തിരിച്ച് കിട്ടുന്ന പ്രതിഫലം സ്വന്തമാക്കുവാനുമുള്ള സ്വാതന്ത്ര്യം അയാൾക്കുണ്ടായിരിക്കണം.

2. യഥാർത്ഥ കൃഷിക്കാരന് നിർദ്ദിഷ്ട നിയമനിർമ്മാണത്തിൽ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകണം. കൃഷിയിടങ്ങളിൽ നേരിട്ട് ബന്ധമുള്ള ഇടത്തട്ട്കാരാനാകട്ടെ പാട്ടക്കാരനാകട്ടെ കൃഷിപ്പണി നടത്തുന്ന തൊഴിലാളിയാകട്ടെ തന്റെ കുടുംബം പുലർത്തുവാൻ ഭൂമിയെ ആശ്രയിക്കുന്നവരത്രയും കൃഷിക്കാരന്റെ നിർവ്വചന ത്തിൽ വരണം.

3. കുടിയാന് ഒഴിപ്പിക്കുമെന്ന ഭയപ്പാട് കൂടാതെ തന്റെ സ്ഥലം നോക്കി നടത്താനുള്ള അവസരം ഉണ്ടാക്കണം. അത് കൊണ്ട് കുടി ഒഴിപ്പിക്കുക എന്ന പ്രക്രിയയൽ നിന്നും ഭൂവുട മയെ നിയമം മൂലം നിയന്ത്രിക്കണം. സ്ഥലത്തിൻമേൽ കുറെ പണം മുടക്കിയതൊഴിച്ചാൽ ഉൽപാദനത്തിനോ സ്ഥല ങ്ങളുടെ ഫലഭൂയിഷ്ടതക്കോ കാര്യമായ ഒന്നും ചെയ്യാത്ത വരാണ് ജൻമികളിലധികവും. ഇവരാകട്ടെ ബ്രിട്ടീഷ് ഭരണാരംഭത്തിൽ തുല്യ അവകാശങ്ങളുണ്ടായിരുന്ന കാണക്കാരെ പീഢിപ്പിക്കുകയും കൂടുതൽ പാട്ടത്തിന് വേണ്ടി ഒഴിപ്പിക്കുകയും ചെയ്യുന്നത് തടയാൻ സാധിക്കണം.

4. തിരുവതാംകൂറിലെ കാണക്കാർക്ക് ഭൂമിയിൽ സ്ഥിരാവകാശം നൽകിയിട്ടുണ്ട്. അതേ അവസ്ഥയിൽ ഉള്ള ഇവിടത്തെ കാണക്കാർക്കും തിരുവിതാംകൂറിൽ അത്ര പ്രയാസ മില്ലാതെ നടപ്പിലാക്കിയ ഭൂനിയമം ഇവിടേയും കൊണ്ടുവ ന്നാൽ കഷ്ടത അനുഭവിക്കുന്ന മലബാറിലെ കർഷകർക്ക് ആശ്വാസം നൽകുവാൻ സാധിക്കും. കാണക്കാർക്ക് സ്ഥിരാ വകാശം നൽകുന്നുവെങ്കിൽ അവരിൽ നിന്നും കൃഷിയിറ ക്കുവാൻ സ്ഥലം കൈവശംവെച്ചിട്ടുള്ള ചെറുകിട കൃഷി ക്കാർക്കും സ്ഥിരാവകാശം നൽകേണ്ടതാണ്.

5. തങ്ങൾ കൃഷി ചെയ്തുണ്ടാക്കുന്ന ഉൽപാദനത്തിന്റെ ആദായമെടുക്കുവാനും ക്രയവിക്രയം ചെയ്യുവാനും കർഷകന് സ്വാതന്ത്ര്യം ഉണ്ടായിരിക്കണം.

6. ഒരു ജൻമിയുടെ കൈയ്യിൽ നന്നും 25 ഏക്കർ നിലമോ 5 ഏക്കർ പറമ്പോ കൃഷിക്കായി വാങ്ങിയിട്ടുള്ള എല്ലാ കുടിയാൻമാർക്കും അവരുടെ സ്ഥലങ്ങളിൻമേൽ സ്ഥിരാ വകാശം നൽകുക തന്റെ പിൻഗാമികൾക്ക് ഇത് പാരമ്പ ര്യമായി അനുഭവിക്കുവാനുള്ള അവകാശവും നൽകുക.

7. കൃഷി വർദ്ധനവിന് പ്രയോജനകരമായ തരത്തിൽ കൈവശഭൂമി ഉപയോഗപ്പെടുത്തുവാനും അതിൽ നിന്നുള്ള വരുമാനം സ്വതന്ത്രമായി അനുഭവിക്കാനും കുടിയാനെ അനുവദിക്കുക. ജൻമിയുടെ സമ്മതത്തോടുകൂടി ഭൂമിയിൻ മേലുള്ള തന്റെ അവകാശം മുഴുവനായോ ഭാഗികമായോ പ്രതിഫലം വാങ്ങി കൈമാറ്റം ചെയ്യുവാനുള്ള സ്വാതന്ത്ര്യം നൽകുക തുടങ്ങിയവ ആയിരുന്നു നിർദ്ദിഷ്ട ഭൂപരിഷ്ക്കരണ നിയമത്തിൽ ഉൾക്കൊള്ളേണ്ടതെന്ന് ലോഗൻ ശുപാർശ ചെയ്തു."141.

ലോഗന്റെ നിഗമനങ്ങളോ നിർദ്ദേശങ്ങളോ ബ്രിട്ടീഷ് ഗവൺമെന്റിന് സ്വീകാര്യമായി തോന്നിയില്ല. മനപൂർവ്വമായി കമ്പനി അധികാരികൾ സൃഷ്ടിച്ചതായിരുന്നുവല്ലോ അവർ നടപ്പാക്കിയ കുടിയായ്മ. എന്നാൽ കൃഷിക്കാരൻ ഭൂമിയിൽ മുടക്കുന്ന ധനവും പ്രയത്നവും കണക്കിലെടുക്കാതെയും സ്ഥലം നന്നാക്കിയതിനോ, ഫലഭൂയിഷ്ടമാക്കിയതിനോ, പുതിയ വൃക്ഷങ്ങളോ കായ്കനികളോ വെച്ച് പിടപ്പച്ചതിനോ പ്രതിഫലം നൽകാതെയുള്ള സ്ഥിതി ശരിയല്ലെന്ന് ഗവൺമെന്റിന് ബോദ്ധ്യമായി. ഏതെങ്കിലും പരിതസ്ഥിതിയിൽ സ്ഥലത്ത് നിന്ന് ഒഴിപ്പിക്കുമ്പോൾ സ്ഥലങ്ങൾ മെച്ചപ്പെടുത്തിയിട്ടുള്ളതിന് കമ്പോളനിരക്കിൽ ന്യായമായ പ്രതിഫലം നൽകണമെന്ന് അനുശാസിക്കുന്ന നിയമനിർമ്മാണം നടത്തുവാൻ ഗവൺമെന്റ് നിർബന്ധരായി(Compensation for Tenant's Improvements Act) എന്നുമാത്രം. ഇങ്ങനെ വന്നാൽ അന്യായമായ കുടിയൊഴിപ്പിക്കൽ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് വിശദീകരിച്ചത്.142. എന്നാൽ ഈ പ്രതിഫലം നിശ്ചയിക്കുന്ന കാര്യത്തിലും ഭൂവുടമകൾക്ക് അനുകൂലമായാണ് ഗവൺമെന്റ് നീങ്ങിയത്. ഭൂമി മെച്ചപ്പെടുത്തുന്നതിന് ചെലവ് വന്ന തുക മാത്രമാണ് അല്ലാതെ സ്ഥലം ഒഴിപ്പിക്കുമ്പോൾ ഉള്ള കമ്പോള വിലയല്ല കർഷകന് നൽകുന്ന പ്രതിഫലമായി കോടതികൾ വിധിച്ചത്.143.

സ്പെഷൽ കമ്മീഷണറായ ലോഗൻ സമർപ്പിച്ച റിപ്പോർട്ടിൻമേലുള്ള ആശ്വാസനടപടികൾ പ്രതീക്ഷിച്ചിരുന്നവരെ സർക്കാർ പാടെ നിരാശപ്പെടുത്തുകയാണുണ്ടായത്. 1883 മുതൽ 1886 വരെ അഞ്ചിൽ കുറയാത്ത മാപ്പിള മുന്നേറ്റങ്ങൾക്ക് തെക്കേ മലബാർ സാക്ഷ്യം വഹിക്കേണ്ടതായി വന്നു. ഏറനാട് താലൂക്കിലെ പാണ്ടിക്കാട് അംശത്തിൽ 1883 ഒക്ടോബർ 31ന് നടന്ന ഒരു കൊലപാതകവും മാ

പ്പിള അതിക്രമ (Moplah out rageous Act) നിയമം കൊണ്ടാണ് ബ്രിട്ടീഷ് ഗവൺമെൻറ് നേരിട്ടത്. ഏതെങ്കിലും മാപ്പിള വ്യക്തിഗതമായ വിദ്വേഷം തീർക്കാൻ വേണ്ടിയോ, മറ്റേതെങ്കിലും കാരണത്താലോ, ആരെയെങ്കിലും വധിച്ചാൽ അത് മാപ്പിളലഹളയെന്ന് പേരിട്ട്, മാപ്പിളമാരെ മർദ്ദിച്ചൊതുക്കുവാനുള്ള കരിനിയമമായ മാപ്പിള അതിക്രമ നിയമങ്ങൾ ഉപയോഗിച്ചാണ് ശിക്ഷിച്ചിരുന്നത്. ഇതേകുറ്റം മറ്റൊരു മതസ്ഥനാണ് ചെയ്തിരുന്നതെങ്കിൽ ഇന്ത്യൻ ശിക്ഷാനിയമവുമായിരുന്നു അയാൾക്ക് ബാധകമാക്കിയിരുന്നത്. ഒരേസ്ഥലത്ത് ഒരേ സർക്കാരിൻെറ കീഴിൽ ജീവിക്കുന്നവർക്ക് നൽകിയിരുന്ന ശിക്ഷകൾ രണ്ട് തരമായിരുന്നു എന്ന് സാരം. ഇവിടെ ആശാരിത്തൊടി മൊയ്തീൻകുട്ടി എന്ന ആൾ പൂളിക്കൽ രാമൻ എന്നയാളെ വാള് കൊണ്ട് വെട്ടി പരിക്കേൽപ്പിച്ചു. മുറിവ് പറ്റിയ രാമൻ ചോരവാർന്ന ശരീരവുമായി ഓടിരക്ഷപ്പെട്ടു. മൊയ്തീൻകുട്ടി ആകട്ടെ തൻെറ വാൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രാമൻെറ പുറകെ ഓടുകയും ചെയ്തു. ഇത് കണ്ട് പരിഭ്രാന്തരായ അദ്ദേഹത്തിൻെറ സഹോദരൻ അവറാനും മറ്റൊരു ബന്ധുവായ മമ്മദും കൂടി, മൊയ്തീൻകുട്ടിയെ ബലമായി പിടിച്ച് ആയുധം നിലത്ത് വെപ്പിച്ചു. എന്നാൽ ഇയാൾ ബുദ്ധിസ്ഥിരതയി ല്ലാത്തവനാണെന്ന് കോടതിക്ക് ബോദ്ധ്യമായതിനെ തുടർന്ന് വിട്ടയക്കുകയാണ് ചെയ്തത്.144.

1880 സെപ്റ്റംബർ 9-ന് മേലാറ്റൂർ അംശത്തിലെ പ്രധാനജൻമിമാരിലൊരാളായ അപ്പാദുരെപ്പട്ടരെ വധിക്കുവാനുള്ള ശ്രമം നടത്തിയ അലി എന്ന ആളെ മറ്റൊരു ജൻമിയായ കൃഷ്ണപിഷാരടിയെ കൊല്ലാവനൊരുങ്ങി പടിപ്പുരവാതിൽവരെയെത്തിയപ്പോൾ കാവൽക്കാരനായ ഗോപാലത്തരകൻ വെടിവെച്ച് വകവരുത്തിയ കഥ വിവരിച്ചതാണല്ലോ. 1884 മാർച്ച് മാസത്തിലും അപ്പുദുരെപ്പട്ടരെ വധിക്കുവാൻ വീണ്ടും ഒരുക്കങ്ങൾ നടന്നിരുന്നു. പാലക്കാട്ട്കാരനായ പട്ടർ ദരിദ്രമായ കുടുംബത്തിലാണ് ജനിച്ചത്. കാൽനൂറ്റാണ്ട് മുമ്പാണ് ഇദ്ദേഹം വള്ളുവനാട്ടിലേക്ക് താമസം മാറ്റി ചെറിയ തോതിൽ അരി, തുണി എന്നിവയിൽ കച്ചവടം തുടങ്ങിയത്. പിന്നീട് മേലാറ്റൂർ ബ്രാഹ്മണസമൂഹത്തിൻെറ ഭൂമി നടത്തിപ്പുകാരനായിതീർന്നു. തുടർന്ന് പല ജൻമിമാരുടേയും കാര്യസ്ഥപ്പണിയിലും അദ്ദേഹം വ്യാപൃതനായി. ഇങ്ങനെ ചുരുങ്ങിയ കാലം കൊണ്ട് കിട്ടിയ സമ്പാദ്യം മുഴുക്കെ സ്ഥലങ്ങൾ വാങ്ങിക്കൂട്ടുവാൻ മുതൽ മുടക്കിയ അപ്പാദുരപ്പട്ടർ സ്ഥലത്തെ വൻകിട ജൻമിമാരിലൊരാളായി മാറാൻ അധികകാലം വേണ്ടിവന്നില്ല. ഭൂവുടമയെന്നനിലയിൽ തൻെറ കുടിയാൻ മാരോട് നിർദ്ദയമായാണദ്ദേഹം പെരുമാറിയത്. സ്വന്തം ലാഭം മാത്രം നോക്കിയിരുന്ന അദ്ദേഹം തൻെറ കുടിയാൻ മാരിൽ നന്നും അമിതപ്പാട്ടവും അമിതപ്പലിശയും ഈടാക്കുക മാത്രമല്ല, കുടിശ്ശിക വരുത്തുന്നവരെ കുടിയൊഴിപ്പിക്കുക സ്ഥിരം പതിവുമായിരുന്നു. അങ്ങനെ കൃഷിക്കാരുടെ കൈക്ക് ഒരു നോട്ടപ്പുള്ളിയായി ഇദ്ദേഹം മാറിയിട്ട് അധികകാലമായി. അങ്ങനെയാണ് 1880ൽ ഇദ്ദേഹത്തെ കൊല്ലാനുള്ള ശ്രമുണ്ടായത്. 1884 മാർച്ച് 4ന് ചെമ്പ്രശ്ശേരി അംശക്കാരനായ മരയ്ക്കാറും വേറെനാലു പേരും ചേർന്ന് താലൂക്ക് മജിസ്ട്രേട്ട് മുമ്പാകെ ഒരു ഹർജി കൊടുത്തു. മരയ്ക്കാരുടെ മകൻ വക്കയൽ മൊയ്തീൻകുട്ടിയും ഒസ്സാൻകുട്ടി മമ്മുവും മറ്റു ചിലരും കൂടി അപ്പാദുരപ്പട്ടരെ കൊല്ലാനും ഇംഗ്ലീഷ് പട്ടാളത്തോട് പടവെട്ടി മരിക്കുവാനും ഒരുങ്ങിയിരിക്കുകയാണെന്നായിരുന്നു ഇവർ അറിയിച്ചത്.145. കുട്ടിമമ്മു, കുടിയാനെന്ന നിലയിൽ അപ്പാദുരപ്പട്ടർക്ക് 30 പറ നെല്ല് പാട്ടക്കുടിശ്ശിക വരുത്തിയിരുന്നു. ഫെബ്രുവരിയിൽ കൃഷിയിറക്കാൻ കുട്ടിമമ്മു തയ്യാറെടുത്തപ്പോൾ പട്ടർ അതിന് സമ്മതിച്ചില്ല. തനിക്ക് തരാനുള്ള പാട്ടബാക്കിതീർത്തതിന് ശേഷമേ ഇനി തൻെറ സ്ഥലത്ത് കൃഷിയിറക്കുവാൻ പാടുള്ളുവെന്ന് അദ്ദേഹം ശഠി ക്കുകയും ചെയ്തു. ഒസ്സാപ്പണി മതിയാക്കി കൃഷിക്കാരനായ കുട്ടിമമ്മുവിന് മറ്റൊരു വരുമാനമാർഗ്ഗവുമുണ്ടായിരുന്നില്ല. കുട്ടിമമ്മുവിൻെറ ഉറ്റസുഹൃത്തെന്ന നിലക്കാണ് വക്കയിൽ മൊയ്തീൻകുട്ടി ഈ വധോദ്യമത്തിന് അരു നിന്നത്. എന്നാൽ ഇവരുടെ ഉറ്റവരും ഉടയവരും തന്നെ ഈ സാഹസകൃത്യത്തിൽ നിന്നും ഇവരെ പിൻതിരിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തു. അപ്പാദുരെപ്പട്ടരാകട്ടെ സ്ഥലത്ത് ഉണ്ടായി രുന്നുമില്ല. അദ്ദേഹം മടങ്ങിവരുന്നത് മാർച്ച് 9-ാം തയ്യതിയുമാണ്. അപ്പോൾ ഈ വാർത്ത നാട്ടിലുടനീളം പരന്നിരുന്നതിനാൽ അപ്പാദുരപ്പട്ടർക്ക് ആവശ്യമായ സംരക്ഷണവലയം സൃഷ്ടിക്കുവാൻ അവസരം ഉണ്ടാക്കികൊടുത്തു.146.

ഒസ്സാൻകുട്ടിമമ്മുവും വക്കയിൽ മൊയ്തീൻകുട്ടിയും ഒരു ലഹളക്കുള്ള ഒരുക്കങ്ങൾ ചെയ്യുന്ന വിവരം ലഭിച്ചതോടെ താലൂക്ക് അധികൃതർ ജാഗ്രത്താകുകയും ഈ ഗൂഢാലോചനയിലെ മുഖ്യപ്രതികൾക്ക് പുറമേ ഇവരുമായി സമ്പർക്കമുണ്ടായിരുന്നുവെന്ന സംശയത്തിൻമേൽ മൂർക്കൻ മമ്മൂട്ടി, പൂക്കുത്ത് മമ്മൂട്ടി, ഒസ്സാൻ അഹമ്മദ്, ചിരട്ടമന്ന അവറാൻകുട്ടി, ഒസ്സാൻ കോയാമു എന്നീ അഞ്ചുപേരെ കൂടി അറസ്റ്റ് ചെയ്തിരുന്നു. മുഖ്യപ്രതികളായ ഒസ്സാൻകുട്ടി മമ്മുവി നേയും വക്കയിൽ മൊയ്തീൻകുട്ടിയേയും നാടുകടത്തുവാ നാണ് വിചാരണ ചെയ്തവർ വിധിച്ചത്. ഇതിൽ മൊയ്തീൻകു ട്ടി തൻെറ പ്രവാസ ജീവിതത്തിനിടയിൽ നല്ല രീതിയിൽ പെരുമാറിയാൽ ഒരു കാലപരിധിക്ക് ശേഷം ഇയാളെ നാട്ടിലേക്ക് വരാൻ അനുവദിക്കാവുന്നതാണെന്നും കല്പനയിൽ കാണിച്ചിരുന്നു. സംശയാടിസ്ഥാനത്തിൽ ജയിലിലടച്ചവരിൽ മൂർക്കൻ മമ്മൂട്ടിയേയും പുക്കൂത്ത് മമ്മൂട്ടിയേയും മതിയായ ജാമ്യത്തിൽ നല്ല നടപ്പിന് വിധേയരാക്കുവാനും ചിരട്ടമന്ന അവറാൻ കുട്ടിയേയും ഒസ്സാൻ കോയാമുവിനേയും താക്കീത് നൽകി പറഞ്ഞയക്കുവാനും ഒസ്സാൻ മമ്മദിനെ നിരുപാധികം വിട്ടയക്കുവാനുമാണ് അവസാനതീരുമാനം ഉണ്ടായത്. ഗൂഢാലോചന വെളിപ്പെടുത്തിയ മൂർക്കൻ മൊയ്തുട്ടിക്ക്

200 രൂപ പാരിതോഷികം നൽകുവാനും നിശ്ചയിച്ചു.147.

1884 ജൂൺ 18-ാം തിയ്യതിയാണ് മറ്റൊരു സംഭവം നടക്കുന്നത്. മലപ്പുറം താലൂക്കിലെ ചെമ്മംകടവ് ദേശത്ത് കിഴ്മുറി അംശത്തിലായിരുന്നു ഇത്. ഇവിടെ 20 മാപ്പിള കുടുംബങ്ങളും തിയ്യ വീടുകളുമാണുള്ളത്. രാമൻ എന്ന ഒരു ഈഴവൻ ഇദ്രുമാൻ ഹാജിയുടെ പ്രേരണയാൽ കുറേ കൊല്ലങ്ങൾക്ക് മുമ്പ് മതപരിവർത്തനം ചെയ്ത് മുസ്ലീമായിരുന്നു. കുറച്ച് കാലത്തിന് ശേഷം അയാൾ വീണ്ടും ഈഴവനായി മാറി. മുസ്ലിംകളെയും ഇസ്ലാമിനെയും പഴി പറയുന്ന സ്വഭാവം ഇയ്യാളുടെ ദൗർബല്യവുമായിരുന്നു. സ്ഥലത്തെ മാപ്പിളമാർക്ക് രാമൻ അങ്ങനെ ഒരു ശല്യവും നോട്ടപ്പുള്ളിയുമായി. ഇയാളുടെ ധിക്കാരത്തിന് അറുതി വരുത്തണമെന്നും മതത്തിന് ഇയാളുണ്ടാക്കിയ കളങ്കം തേച്ച് മാച്ച് കളയണമെന്നും സ്ഥലത്തെ മുസ്ലീംകൾ ഉറപ്പിച്ചിരുന്നു. 20 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന ഒരു അറബി അദ്ധ്യാപകനായ അവറാൻകുട്ടിയും 18 വയസ്സുകാരനായ കോയാമുട്ടി എന്നയാളും ചേർന്ന് രാമനെ കൊല ചെയ്യുവാനുള്ള ഒരു ശ്രമമാണ് 1884 ജൂൺ 18ന് നടത്തിയത്. രാമൻ പാടത്തുകൂടി ജോലി സ്ഥലത്തേക്ക് പോകുമ്പോൾ ഇവർ ഇരുവരും കൂടി കൈവശം കരുതിയിരുന്ന ആയുധം കൊണ്ട് രാമനെ വെട്ടി. കൊലപ്പെടുത്തുവാൻ കഴിയുന്നതിന് മുമ്പ് രാമൻ ഓടി പുഴയിൽ മുങ്ങി മറുകരയെത്തി തൻെറ സഹോദരൻെറ വീട്ടിൽ കയറിപ്പറ്റി. ഭാഗ്യവശാൽ അയ്യാളുടെ മുറിവ് ജീവാപായം വരുത്തുവാൻ വേണ്ടും അപായകരമായിരുന്നില്ല. അവറാൻകുട്ടിയും കോയാമുട്ടിയും രാമനെ പിൻതുടർന്നില്ല. രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങളാണ് അവർ ആരാഞ്ഞത്. കോയാമുട്ടിയുടെ ബന്ധത്തിൽപ്പെട്ട ആമിന ഹജ്ജുമ്മയുടെ വീട്ടിൽ കയറി. അവരുടെ പേരക്കുട്ടിയായ കോയക്കുട്ടി തങ്ങളുമായാലോചിച്ച് കൊച്ചിയിലേക്കോ, ആല പ്പുഴയിലേയ്ക്കോ രക്ഷപ്പെടുവാനുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞു. കോയക്കുട്ടി തങ്ങളാണ് ഈ ബുദ്ധി ഉപദേശിച്ചതെന്നാണ് ആക്ടിംങ്ങ് ഡിസ്ട്രക്ട് മജിസ്ട്രേട്ട് സി.എ. ഗാൽട്ടൺ എഴുതുന്നത്. ഈ അടിസ്ഥാനത്തിൽ അദ്ദേഹത്തേയും അറസ്റ്റ് ചെയ്തു.148.

രാമനെ മുറിവേൽപ്പിച്ച അവറാൻക്കുട്ടിയെയും കോയക്കുട്ടിയേയും കൊലപാതകശ്രമം നടത്തിയ കുറ്റം ചുമത്തി ജീവപര്യന്തം നാടുകടത്തുവാൻ വിധിച്ചു. രാമനെ ഇവർ ഇരു വരും കൂടി കൊല്ലാൻ ശ്രമിക്കുമ്പോൾ സഹായിയായി കു ഞ്ഞുമമ്മദ് മൊല്ല എന്ന ആൾ കൂടി ഉണ്ടായിരുന്നുവെന്ന് മു റിവു പറ്റിയ രാമൻ മൊഴികൊടുത്തിരുന്നു. എന്നാൽ മൊല്ലയും മുഖ്യ പ്രതികളും ഇത് തീർത്തും നിഷേധിച്ചിരുന്നതു കൊണ്ടും മറ്റൊരു തെളിവും ഇയാൾക്കെതിരായി കൊണ്ടുവരുവാൻ സാധിക്കാത്തതുകൊണ്ടും മൊല്ലയെ നിരീക്ഷണവിധേയനാക്കാനാണ് നിശ്ചയിച്ചത്. മുഖ്യപ്രതികൾ രാമനെ മുറിവേൽപ്പിച്ചശേഷം തങ്ങിയ സ്ഥലത്തെയും സമ്പർക്കം പുലർ ത്തിയവരെയും കണ്ടുപിടിച്ച് കേസ്സിൽ കുടുക്കിയിരുന്നു. അങ്ങനെ പിടിയിലായവരുടെ പേരും മറ്റു വിവരങ്ങളുമാണ് താഴെ കൊടുക്കുന്നത്.

1. അത്തൻക്കുട്ടിയുടെ മകൻ ഇദ്രുമാൻ ഹാജി, വയസ്സ് 30. ഖുറാൻ പഠിപ്പിക്കുന്ന അധ്യാപകനും ചെമ്മംകടവ് ദേശം പള്ളിയുടെ ഖാസിയുമാണ്. രാമനെ ഇസ്ലാമാക്കിയത് ഇയ്യാളാണ്. അദ്ദേഹത്തിൻെറ വീട്ടിൽ നടന്ന മതപ്പടത്തിൽ അന്ന് പലരും സംബന്ധിച്ചിരുന്നു. രാമൻ തിരിച്ച് തൻെറ പൂർവ്വവിശ്വാസത്തിലേക്ക് മടങ്ങിയപ്പോൾ ഇയാളെ വെറുതെ വിടരുതെന്ന് ഇദ്രുമാൻ ഹാജി പറയുമായിരുന്നുവത്രെ. ഇയ്യാൾക്ക് ഈ കുറ്റകൃത്യത്തിൽ പങ്കുള്ളതായി യാതൊരു തെളിവുമില്ല. ഇത് നടക്കുന്നതിന് മൂന്നു മാസം മുമ്പ് മുതൽ ഇദ്ദേഹം ഈ സ്ഥലത്തുണ്ടായിരുന്നുമില്ല. എങ്കിലും ഇവിടത്തുകാരിൽ രാമനെതിരായ രോഷമുണ്ടാക്കുവാൻ ഇയ്യാൾ കാരണക്കാരനായിട്ടുണ്ടെന്ന് ന്യായമായും ഊഹിക്കാം. ഇൻഡ്യൻ ശിക്ഷാനിയമമനുസരിച്ച് കോടതിയിൽ നിലനിൽക്കുന്നതല്ല ഇയ്യാളുടെ കേസ്സെങ്കിലും മാപ്പിള ഔട്ട്റേജിയസ് ആക്ടിൽ (ആക്ട് നമ്പർ XX) 1859 ൽ നടത്തിയ ഭേദഗതി അനുസരിച്ച് ഇയാളെ ന്യായമായും ശിക്ഷിക്കാവുന്നതുമാണെന്നാണ് ജില്ലാ ആക്ടിംങ് മജിസ്ട്രേട്ട് ശുപാർശ ചെയ്തത്.149. ഇതിൻെറ അടിസ്ഥാനത്തിൽ ഇദ്രുമാൻ ഹാജിയെ 10 വർഷത്തേക്ക് നാടുകടത്തുവാൻ കല്പനയുമായി.

2. അത്തൻമുല്ലയുടെ മകൻ മണ്ടുക്കണ്ടൻ പോക്കർ, വയസ്സ് 16. അവറാൻകുട്ടിയുടെയും കോയമുട്ടിയുടെയും സന്തതസഹചാരിയായിരുന്നു ഈ ബാലൻ. ചെമ്മൻകടവ് ദേശം പള്ളിയിൽ വെച്ച് രാമനെ കഥകഴിക്കുവാൻ ഗൂഢാലോചന നടത്തിയപ്പോൾ പോക്കറുമുണ്ടായിരുന്നുവെന്നാണ് ആരോ പിച്ചിരുന്നത്. രാമനെ ആക്രമിക്കുന്നതിന് പത്തുപതിനഞ്ച് ദിവസം മുമ്പും ആക്രമണം നടത്തുന്നതിൻെറ തലേദിവ സവും ഇവരെല്ലാം ഒത്തുകൂടിയിരുന്നു. മുഖ്യപ്രതികൾക്കു പുറമെ കുണ്ടുക്കണ്ടൻ പോക്കർ, കോയാമു, ആമിൻ മൊയ്തിൻകുട്ടിക്കുരുക്കൾ എന്നിവരും കേസ്സിൽ കുടുക്കാൻ പ്രായമെത്തിയിട്ടില്ലാത്ത പെരുവൻകുഴിയിൽ ചെറിയ മുത്ത, ഹൈദ്രോസ്, അഹമ്മദുകുട്ടി എന്നി ബാലൻമാരും ആണുണ്ടായിരുന്നത്. പോക്കർ ഇവരോടൊപ്പം ആക്രമണ ത്തിന് പോരാമെന്ന് സമ്മതിച്ചിരുന്നെങ്കിലും 18-ാം തീയതി പറഞ്ഞസമയത്ത് പള്ളിയിൽ എത്തിച്ചേരാതിരുന്നതു കൊണ്ട് അവറാൻകുട്ടിയും കോയമുട്ടിയും ഇയ്യാളെ കൂടാതെ സാഹസത്തിനിറങ്ങിത്തിരിക്കുകയാണുണ്ടായത്. പോക്കർ പറഞ്ഞ സമയത്ത് പള്ളിയിൽ എത്തിയിരുന്നുവെങ്കിൽ ഈ ആക്രമണത്തിൽ അയാളും കൂടി പങ്കാളിയാകുമായിരുന്നുവെന്നാണ് പോക്കറുടെ പേരിൽ ആരോപിച്ച കുറ്റം. എന്നാൽ വിചാരണ കഴിഞ്ഞപ്പോൾ കുറ്റക്കാരനല്ലെന്ന് കണ്ട് പോക്കറെ താക്കീത് നൽകി വിട്ടയക്കുകയുണ്ടായി.

3. നുണിക്കുട്ടി അലിക്കുരുക്കളുടെ മകൻ ആമിൻ മൊ

യ്തീൻകുട്ടിക്കുരുക്കൾ വയസ്സ് 23.

പള്ളിയിൽ കൂടിയ രണ്ടു യോഗത്തിലും ഇയാൾ സന്നിഹിതനായിരുന്നു. രാമനെ മുറിവേൽപ്പിച്ച ശേഷം ഇയാളുടെ വീട്ടിലേയ്ക്കാണ് പ്രതികൾ ആദ്യം പോയത്. കുറ്റകൃത്യത്തിൽ കൂട്ടുകൂടുവാൻ ഇയാൾക്ക് താല്പര്യമുണ്ടായിരുന്നില്ലെങ്കിലും ഇക്കാര്യം ഇയാൾ കൂടി അറിഞ്ഞിരുന്നുവെന്ന് കരുതണം. എന്നിട്ടും വിവരം അധികാരികളെ അറിയിക്കാതിരുന്നത് കുറ്റകരമാണ്. ജയിലിൽ കഴിഞ്ഞ കുരുക്കളേയും വിചാരണ കഴിഞ്ഞപ്പോൾ താക്കീത് നല്കി വിടുവാനാണ് വിധിയുണ്ടായത്.

4. കോണിക്കൽ മാമ്മദിൻെറ മകൻ കോണിക്കൽ കോയാമു. വയസ്സ് 16. പള്ളിയിൽ കൂടിയാലോചന നടത്തിയവരിൽ കോയാമുവും ഉൾപ്പെട്ടിരുന്നു. പള്ളിയിലെ മുക്രിയുടെ മകനെന്ന നിലയ്ക്ക് കുറ്റകൃത്യത്തെക്കുറിച്ച് ഇയ്യാൾക്ക് നിശ്ചയമുണ്ടായിരുന്നു. മുഖ്യപ്രതികളുമായികൂടാൻ തയ്യാറാണെന്ന് ഇയ്യാൾ സമ്മതിച്ചിരുന്നെങ്കിലും അന്നേ ദിവസം എത്തിച്ചേരാതിരുന്നതിനാലാണ് അക്രമത്തിൽ പങ്ക് കൊള്ളാതിരുന്നത്. ഇയ്യാളുടെ കുറ്റവും പോക്കറിൻെറ കുറ്റവും ഏകസ്വഭാവമുള്ളവയായതിനാൽ ഇരുകൂട്ടർക്കും നൽകുന്ന ശിക്ഷ ഒരേവിധമായിരിക്കണമെന്നായിരുന്നു ശുപാർശ. എങ്കിലും തെളിവില്ലാത്തതിനാൽ താക്കീത് ചെയ്തുവിടാനാണ് വിധിയായത്.

5. കോയാമുവിൻെറ മകൻ കോണിക്കിൽ മാമ്മദ്. വയസ്സ് 40. ആശാരിപ്പണിക്കാരനായ മാമ്മദ് കോണിക്കൽ കോയാമുവിൻെറ പിതാവും പള്ളിയിലെ ജീവനക്കാരനുമാണ്. ഇയ്യാൾക്ക് എതിരായി തെളിവുകളൊന്നുമില്ലെങ്കിലും ഈ കുറ്റം ചെയ്യുവാൻ പോകുന്ന കാര്യം ഇയ്യാൾക്ക് അറിവുണ്ടായിരിക്കുമെന്ന് നിശ്ചയമാണ്. സ്ഥിരമായി പള്ളിയിൽ കൂടിയിരുന്ന അവറാൻകുട്ടിയും കോയാമുട്ടിയും ഇയ്യാളുടെ ശ്രദ്ധ ആകർഷിച്ചിരിക്കുമെന്നതും അവരുടെ ഉള്ളിലിരുപ്പ് ഇയ്യാൾക്ക് മനസ്സിലായിരിക്കുമെന്നതും ഊഹിക്കാവുന്നതേയുള്ളു. ആ നിലയ്ക്ക് മാമ്മദ് കുറ്റവാളി തന്നെയാണ് എന്നായിരുന്നു അധികാരികളുടെ റിപ്പോർട്ട്. വിചാരണ കഴിഞ്ഞ് അഞ്ച് വർഷത്തേക്ക് മാമ്മദിനെ നാടുക ടത്തുവാൻ നിശ്ചയിക്കുകയും ചെയ്തു.

6. കുഞ്ഞോാലൻകുട്ടിയുടെ മകൻ പെരുവൻകുഴിയിൽ മൊയ്തീൻകുട്ടി വയസ്സ് 30. കച്ചവടക്കാരനായ മൊയ്തീൻ കുട്ടിയുടെതായിരുന്നു മുഖ്യപ്രതികളിൽ ഒരാളായ അവറാൻ കുട്ടി വെട്ടാൻ ഉപയോഗിച്ച ആയുധം. എന്നാൽ ഒരു മാസം മുമ്പു മുതൽ ഈ ആയുധം കടയിൽ നിന്നും കാണാതായെന്നാണ് മൊയ്തീൻകുട്ടി പറയുന്നതെങ്കിലും അവറാൻകുട്ടി പറഞ്ഞത് മൊയ്തീൻകുട്ടിയുടെ മാതാവാണ് തനിക്കിത് തന്നതെന്നാണ്. എന്താവശ്യത്തിനാണ് ഈ ആയുധം കൈവശമാക്കിയതെന്ന് അയാൾക്കറിഞ്ഞുകൂടെങ്കിലും മൊയ്തീൻകുട്ടി ഈ സംഭവം നടന്ന സ്ഥലത്തിനടുത്ത് താമസക്കാരനായതുകൊണ്ടും ഇത് നടക്കുമ്പോൾ വീട്ടിലുണ്ടായിരുന്നതിനാലും വെട്ടേറ്റ രാമൻെറ ബഹളവും അറിഞ്ഞിരിക്കുമെന്ന് തീർച്ചയാണ്. എന്നിട്ടും പുറത്തിറങ്ങി അന്വേഷിച്ചില്ല. ഈ സംഭവം നടന്ന് അല്പസമയത്തിനകം അവറാൻകുട്ടിയെ അന്വേഷിച്ച് കുഞ്ഞിമമ്മദ് മൊല്ല അവിടെ വരികയും ചെയ്തിരുന്നു. ഇതൊക്കെ കാണിക്കുന്നത് മൊയ്തീൻകുട്ടി ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കിയിരുന്നുവെന്നാണല്ലോ. ഈ അടിസ്ഥാനത്തിൽ ചാർജ്ജ് ചെയ്ത കേസ്സിൽ അഞ്ച് വർഷത്തേക്ക് നാടുകടത്തുവാൻ മൊയ്തീൻകുട്ടിയേയും ശിക്ഷിച്ചു.

7. ഹസ്സൻ കോയ തങ്ങളുടെ മകൻ കോയക്കുട്ടി തങ്ങൾ 24. അവറാൻകട്ടിയും കോയാമുട്ടിയും സംഭവം ആരാഞ്ഞെത്തിയത് കോയക്കുട്ടി തങ്ങളുടെ വീട്ടിലായിരുന്നു. അവറാൻ കുട്ടിയുടെ ബന്ധു കൂടിയായിരുന്നു തങ്ങൾ. അവിടെയാണ് ഇവരുടെ പക്കലുണ്ടായിരുന്ന ആയുധം കുഴിച്ചിട്ടിരുന്നതും. ആ നിലക്ക് അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ കോയക്കുട്ടി തങ്ങളെ കുറേകാലത്തെ ജയിൽവാസത്തിന് ശേഷം കുറ്റക്കാരനല്ലെന്ന് കണ്ടുവെറുതെ വിട്ടു.150. ഈ അംശത്തിലെ മാപ്പിളമാരിൽ നിന്നും 15,000 രൂപ പിഴയായി വസൂലാക്കുവാനും അതിൽ നിന്നും 1000 രൂപ മുറിവ് പറ്റിയ രാമന് നൽകുവാനും തീരുമാനിച്ചിരുന്നു.151. എന്നാൽ ജില്ലാ മജിസ്ട്രേട്ടായ ഡബ്ല്യു. ലോഗൻ ശുപാർശ ചെയ്തപ്രകാരം കൂട്ടപ്പിഴ 15,000 രൂപയിൽ നിന്നും 5994 രൂപ 3 അണ 6 പൈസയായി പിന്നീട് കുറക്കുകയുണ്ടായി.152.

സാധാരണ എവിടേയും സംഭവിക്കാവുന്ന ഒരു കേസ്സാണ് ഇത്രയും പ്രമാദമായ ലഹളയാക്കി മാറ്റിയതെന്ന് കാണാം. ഇതിൻെറ പുറകിലുള്ള ചേതോവികാരം മുസ്ലിംകളെ മനഃപ്പൂർവ്വം ഏതെങ്കിലും കാരണം പറഞ്ഞ് അടിച്ചമർത്തുകയും പൊതുവെ ദരിദ്രരായി മാറിക്കഴിഞ്ഞ അവരുടെ അവശേഷിച്ച സ്വത്തും പണവും കൂട്ടപ്പിഴയുടെ പേരിൽ പിടിച്ചുപറി നടത്തുകയുമാണെന്ന് കാണാൻ പ്രയാസമില്ല. മുസ്ലിംകളെ ഏതേതെല്ലാം വിധത്തിൽ പ്രകോപിപ്പിക്കുവാൻ സാധി ക്കുമോ അതൊക്കെ നടത്തി അവരിൽ നിന്നും നിസ്സാരമായ കുറ്റങ്ങൾപോലും പെരുപ്പിച്ചുകാട്ടി അതിൻെറ പേരിൽ കഴിവത് ദ്രോഹിക്കുകയെന്ന നിന്ദ്യവും നികൃഷ്ടവുമായ കാട്ടാളരീതിയാണ് ക്രൈസ്തവ ഭരണാധികാരികൾ അനുവർത്തിച്ചിരുന്നത്. 1881ൽ മലബാർ സ്പെഷൽ കമ്മീഷണറായി നിയമിതനായ ലോഗൻ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയത് അതുവരെ ലഹള നടത്തിയെന്നോ, പ്രേരണ നൽകിയെന്നോ, ഒക്കെ ആരോപിച്ച് കണ്ട് കെട്ടിയ സ്ഥലങ്ങളുടെ വില മുപ്പത് ലക്ഷത്തിൽ കൂടുതലുണ്ടായിരുന്നുവെന്നാണ്.153. 1000 നാളികേരത്തിന് 12 രൂപ പോലും വിലയില്ലാതിരുന്ന സമയത്ത്, ഒരേക്കർ സ്ഥലത്തിന് 5 രൂപ പോലും ലഭിക്കുമായിരുന്നിട്ടില്ലാത്ത സന്ദർഭത്തിലാണ്, 30 ലക്ഷത്തിൽപരം വില വരുന്ന ഭൂസ്വത്ത്

മാപ്പിളമാരിൽ നിന്നും കണ്ടുകെട്ടിയിരുന്നതെന്ന വസ്തുത ക്രൈസ്തവഭരണത്തിൻെറ ഭീകരരൂപം അനാവരണം ചെയ്യുന്നുണ്ട്. 1884 ജൂൺ 15ന് നടന്ന രാമൻ സംഭവത്തിൽ ഗവർമ്മെണ്ട് എടുത്ത കടുത്ത ശിക്ഷാനടപടി മുസ്ലിംകളെ ആകമാനം അരിശം കൊള്ളിച്ചിരുന്നു. രാമൻ തൻെറ പൂർവ്വ വിശ്വാസത്തിലേക്ക് തിരിച്ചുപോയതാണ് മുസ്ലിംകളെ പ്രകോപിപ്പിച്ചതെന്ന ഔദ്യോഗികഭാഷ്യവും തികച്ചും വിശ്വസിക്കുവാൻ പറ്റുന്നതല്ല. കാരണം മതം മാറ്റവും തിരിച്ച് പോക്കും കഴിഞ്ഞ് എത്രയോ കാലം കഴിഞ്ഞ ശേഷ മാണ് ഈ സംഭവം നടക്കുന്നത്. മതപരമായ പ്രകോപന മാണ് കാരണമെങ്കിൽ അത് ഇത്തരം കാര്യങ്ങളിൽ ഉടനെയാ ണുണ്ടാകേണ്ടത്. രാമൻ മതംമാറിയെന്നതും തിരിച്ച് പഴയ വിശ്വാസത്തിലേക്ക് മടങ്ങിയെന്നതും ശരി തന്നെയെങ്കിലും അയാളെ വധിക്കുവാനുള്ള ശ്രമം നടത്തയിതിന് പിന്നിൽ മറ്റു കാരണങ്ങൾ കാണേണ്ടതായിരിക്കുന്നു. ഇതാണ് കാര ണമെന്ന് ഇംഗ്ലീഷ്കാരൻ എഴുതിവെച്ചത് അവരുടെ നീച പ്രവൃത്തികൾക്ക് മറപിടിക്കുവാനും വർഗ്ഗീയത ആരോപി ക്കുവാനുമാണെന്ന് വ്യക്തം. വ്യക്തികൾ തമ്മിൽ നടന്ന ഒരു സംഘട്ടനം സാമുദായികമാക്കി മാറ്റുകയാണിവിടെ ചെയ്തത്.

നിസ്സാരകാര്യത്തിന് നാടുകടത്തുകയും നല്ലനടപ്പ് ശിക്ഷ നൽകുകയും ചെയ്തതിന് പുറമേ വലിയ തുക കൂട്ടപ്പിഴയിട്ട് മാപ്പിളമാരെ ദ്രോഹിക്കുകയും ചെയ്തപ്പോൾ ഈ കാട്ടാള നീതിക്കെതിരായി പടപൊരുതാനുറച്ച് ചിലർ രംഗത്തെ ത്തിയതാണ് 1884 ഡിസംബറിൽ തൃക്കല്ലൂർക്ഷേത്രത്തിൽ അരങ്ങേറിയ ചെറുത്ത് നില്പ്. തങ്ങളോട് പക പുലർ ത്തിപ്പോന്ന രാമന് 1000 രൂപ നഷ്ടപരിഹാരമായി കൊടു ത്തത് മുസ്ലിംകളെ നിന്ദിക്കുവാനുള്ള പരോക്ഷമായ പ്രേരണ യാണെന്ന് അവിടത്തെ മുസ്ലിംകൾ വിശ്വസിക്കുകയും ചെയ്തു. അങ്ങനെ ഡിസംബർ 27-ാം തിയ്യതി അതിരാവിലെ 4 മണിക്ക് കുട്ടി അസ്സൻ എന്ന ആളും വേറെ 11 പേരും ചേർന്ന് രാമൻെറ സഹോദരൻ കണ്ണഞ്ചേരി ചോയിക്കുട്ടി താമസിക്കുന്ന ഇടത്തിലെത്തി. യൂറോപ്യൻ കാലാൾപട ക്യാമ്പ് ചെയ്യുന്ന ബാരക്കുകളുടെ വിളിപ്പാടകലെയാണ് ചോയി ക്കുട്ടിയുടെ വീട്. ബാരക്കിൽ നിന്നും നോക്കിയാൽ പുഴയുടെ അരികിലായി ഉണ്ടായിരുന്ന പുരയിടം കാണാൻ കഴിയുമായിരുന്നു. കാലിത്തൊഴുത്തിനടുത്ത് ശബ്ദം കേട്ട ചോയിക്കുട്ടി പുറത്തിറങ്ങിയപ്പോൾ വെയിയുണ്ടയാണ് അയാളെ എതിരേറ്റത്. ചോയിക്കുട്ടി മരിച്ചുവീണതിന് പുറമെ അയാളുടെ പേരക്കുട്ടിക്ക് മുറിവ് പറ്റുകയും ചെയ്തു. സ്ത്രീക ളോടും കുട്ടികളോടും വീട് വിട്ട് പോകാൻ പറഞ്ഞശേഷം പുര അഗ്നിക്കിരയാക്കി. പട്ടാളക്യാമ്പിന് തൊട്ടടുത്തായിട്ടും ഇത് ആരും ശ്രദ്ധിച്ചില്ല. ഇതും കഴിഞ്ഞ് മലപ്പുറം പോലീസ് സ്റ്റേഷൻെറ മുന്നിലൂടെ 8 കി.മി സഞ്ചരിച്ചാണ് തൃക്കല്ലൂർ അമ്പലത്തിൽ വന്നുകയറുന്നത്.

അവരുടെ പക്കൽ അഞ്ച് റൈഫിളും അഞ്ച് നാടൻ തോക്കും കത്തി, വാൾ തുടങ്ങിയ വയും ഉണ്ടായിരുന്നു.154. പോരുമ്പോൾ താഴെ തങ്ങളുടെ ജാറം സന്ദർശിച്ച് പ്രാർത്ഥന നടത്തുവാനും മറന്നു പോയിരുന്നില്ല. പാണക്കാട് ആറ്റക്കോയ തങ്ങളുടെ വീടിന് 400 വാരകയലെയായി സി. അവറാൻ കുട്ടിയുടെ വീടുണ്ടാ യിരുന്നു. അവിടെ നിന്ന് കുളിയും മറ്റും നടത്തി ശുഭ്ര വസ്ത്രങ്ങൾ അണിഞ്ഞ് ആയുധങ്ങളുമായി അവർ പുറത്തേക്ക് പോന്നു. പൊതുനിരത്തിലൂടെ മലപ്പുറത്തേക്കാണ് അവർ തിരിച്ചത്. ബാരക്കിൽ അടിച്ച് തളി നടത്തുന്ന ഒരാളെ കണ്ടു മുട്ടിയപ്പോൾ തങ്ങൾ കോണൻപാലം മുസ്സയിൻെറ വീട്ടി ലേക്കാണ് പോകുന്നതെന്നുള്ള വാർത്ത എന്നെ അറി യിക്കുവാൻ അയാളെ ഏർപ്പാടാക്കുകയും ചെയ്തു.155. വീണ്ടും കുറെ ദൂരം പോയപ്പോൾ പി. ശങ്കരൻ എമ്പ്രാന്തിരി എന്നൊരു ബ്രാഹ്മണനെ കണ്ടുമുട്ടി. വഴി മാറിത്തരുവാൻ അവർ ആവശ്യപ്പെട്ടപ്പോൾ അയാൾ കയർത്തു സംസാ രിക്കുകയാണ് ചെയ്തത്. പ്രകോപിതരായ സംഘം എമ്പ്രാന്തി രിയെ വെട്ടിക്കൊന്നു. നിരത്തിലൂടെ വടക്കോട്ട് നീങ്ങിയ അവർ വനനിബിഢമായ മലഞ്ചെരിവുകൾ കടന്ന് ബേപ്പൂർ പുഴ പടിഞ്ഞാട്ട് തിരിയുന്നിടത്തെത്തി. ഇവിടെ കണ്ട ബ്രാഹ്മ ണനിൽ നിന്നും ഒരു ചെമ്പ് പാത്രം കടമായെടുത്ത് തങ്ങളുടെ കൈവശമുണ്ടായിരുന്ന അരി വേവിച്ച് കഴിച്ച് വിശപ്പ് മാറ്റി. ഇവിടെ നിന്ന് മൂന്നു പേർ മറ്റേതോവഴിക്ക് തിരിഞ്ഞു. മറ്റു ആറു പേർ ചെമ്പായിക്കടവ് നീന്തി പുഴക്കരയെത്തി. ഏറനാട് താലൂക്കിലെ ഊർങ്ങാട്ടിരി അംശത്തിലുള്ള ക്ഷേത്രത്തിൽ നിന്ന് മുക്കാൽ നാഴികയോളം ഇപ്പുറത്ത് വിശാലമായ പാട ശേഖരത്തിൻെറ അങ്ങേക്കരയിൽ സ്ഥിതി ചെയ്യുന്ന പൂറോട്ട് പള്ളിയിൽ നമസ്കാരം നടത്തുന്നതിനായി ഇവർ പോന്നി രുന്നു. ഇത് കഴിഞ്ഞാണ് തൃക്കല്ലൂർ ക്ഷേത്രം തുറന്ന് അവർ അതിൽ കയറിയത്. അതിന് മുമ്പായി മലപ്പുറത്തെ സൈനിക ഓഫീസർ കമാണ്ടിനും ജില്ലാ മജിസ്ട്രേട്ടിനും തൃക്കല്ലൂർ ക്ഷേത്രത്തിൽ തങ്ങൾ നിലയുറപ്പിച്ചിട്ടുണ്ടെന്നും ഇത്വരെ ചെയ്ത കുറ്റങ്ങൾ ഏതേതൊക്കെയെന്നും അവയ്ക്ക് കാരണം എന്തൊക്കെ ആയിരുന്നുവെന്നും വിശദീകരിച്ച് അറിയിപ്പുകൾ നൽകുവാനും അവർ മറന്നുപോയിരുന്നില്ല. അവർ തനിക്ക് നൽകിയ സന്ദേശത്തിൽ പറഞ്ഞ കാരണങ്ങളിലൊന്ന് ജില്ലാ മജിസ്ട്രേട്ടായ ലോഗൻ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാ രമാണ്. "ഞങ്ങളുടെ മതത്തെ അവഹേളിക്കുന്ന കൃത്യമാണ് ഇസ്ലാമായിരുന്ന രാമൻ തിരിച്ച് പൂർവ്വ വിശ്വാസത്തിലേക്ക് പോയതുകൊണ്ടുണ്ടാക്കിയത്. ഇത് മരണശിക്ഷ നൽകേണ്ട കുറ്റമാണ്. എന്നിട്ടും നിങ്ങൾ അയാളെ ശിക്ഷിച്ചില്ലെന്ന് മാത്രമല്ല, 1000 രൂപ സമ്മാനമായി നൽകുകയാണ് ചെയ്തത്. ഇത് ചെയ്ത അയാളെ ഈ പരിതസ്ഥിതിയിൽ എങ്ങനെയാണ് ജീവിക്കാൻ അനുവദിക്കുക."156.

തൃക്കല്ലൂർ ക്ഷേത്രത്തിൽ ഇവർ നിലയുറപ്പിച്ചിട്ടുണ്ടെന്ന് വിശ്വാസയോഗ്യമായ വിവരം ലഭിക്കുകയും ചെയ്തിരുന്നു.

ക്രിസ്തുമസ് ഒഴിവുകാലമായിരുന്നത് കൊണ്ട് മലപ്പുറത്തെ സ്പെഷൽ അസിസ്റ്റൻറ് മജിസ്ട്രേട്ടും അസിസ്റ്റൻറ് പോലീസ് സൂപ്രണ്ടും സ്ഥലത്തുണ്ടായിരുന്നില്ല. കോഴിക്കോടായിരുന്ന ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഡബ്ല്യു. ലോഗനും പോലീസ് സൂപ്രണ്ട് മേജർ എഫ്. ഹോലെയും ഈ സംഭവവികാസങ്ങളറിയുന്നത് അന്ന് ഉച്ചതിരിഞ്ഞായിരുന്നു. കിട്ടാവുന്ന പോലീസ് സേനയെ ഒരുമിപ്പിച്ച് അപ്പോൾതന്നെ അവർ കൊണ്ടോട്ടിയിലേക്ക് പുറപ്പെട്ടു. അർദ്ധരാത്രിയോടുകൂടി അവർ അവിടെ എത്തിച്ചേർന്നിരുന്നെങ്കിലും കലാപകാരികൾ ക്ഷേത്രകവാടങ്ങൾ കൊട്ടിയടച്ച് സുരക്ഷിതരായി അകത്തുണ്ടായിരുന്നു. തങ്ങളുടെ സേനാബലം പോരെന്നറിയാമായിരുന്ന അധികാരികൾ പോഷകസൈന്യം വരുന്നതും കാത്ത് ക്ഷേത്രത്തിന് ചുറ്റും കാവൽ നിന്നു. പിറ്റേന്ന് രണ്ടുമണിയോടെയാണ് പോഷകസൈന്യം എത്തിയത്. ലെഫ്റ്റിനൻണ്ട് ഡേയുടെ നേതൃത്വത്തിലെത്തിയ കാലാൾപ്പട സജ്ജീകരണങ്ങളോടുകൂടി ക്ഷേത്രം വളഞ്ഞു. ഇവർ ക്ഷേത്രഗോപുരത്തിനടുത്തെത്തിയപ്പോൾ അക്രമികൾ ക്ഷേത്രത്തിനകത്തുനിന്നും വെടിയുണ്ടകൾ ഉതിർക്കുവാൻ തുടങ്ങി. ക്ഷേത്രത്തിൻെറ നാല് ഭാഗത്തുമുള്ള പ്രവേശന ഗോപുരങ്ങളും ക്ഷേത്രത്തിൻെറ പ്രധാന എടുപ്പിലെ മേൽത്തട്ടുകളും കലാപകാരികൾ ഭദ്രമായ സുരക്ഷാകേന്ദ്രങ്ങളാക്കി മാറ്റിയിരുന്നു. ക്ഷേത്രത്തിൽ നിന്നും തങ്ങളുടെ ശത്രുക്കളുടെ നേരെ വെടിയുണ്ടകൾ ഉതിർക്കാൻ അവർക്ക് ശരിക്കും സാധിക്കുംവിധമായിരുന്നു അവർ അകത്ത് നിലയുറപ്പിച്ചിരുന്നത്. ബലവത്തായ ഒരു കോട്ടക്കകത്തെന്നപോലെ പുറമേ നിന്നുള്ള വെടിയുണ്ടകൾ പതിക്കാതിരിക്കും വിധവുമായിരുന്നു അവരവിടെ സംവിധാനം നടത്തിയിരുന്നതും. പട്ടാളത്തിന് ഒരു വിധവും ക്ഷേത്രത്തിനകത്ത് കടക്കുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല. ഇത്രയും സന്നാഹങ്ങളുണ്ടായിട്ടും പരാജിതരായി തിരഞ്ഞോടേണ്ടതായി വന്നാലുള്ള ഭാവിഭവിഷ്യത്ത് ബ്രിട്ടീഷ് അധികൃതരെ അമ്പരപ്പിച്ചു. മദ്രാസ്സിൽ അടിയന്തിരസന്ദേശമയച്ചതിൻെറ ഫലമായി ഡൈനാമിറ്റ് ഉണ്ടാക്കുവാനുള്ള വെടിമരുന്നുമായി ക്യാപ്റ്റൻ കർട്ടിസ് സ്ഥലത്തെത്തിയപ്പോഴാണ് സൈനികമേധാവികൾക്ക് ശ്വാസം നേരെയായത്. എന്നാൽ അത്വരെ ഇൻഡ്യയിലൊരിടത്തും ഡൈനാമിറ്റ് പ്രയോഗിക്കേണ്ടതായി വന്നിരുന്നില്ല. അതിനാൽ സ്ഫോടകവസ്തുക്കൾ എങ്ങിനെ ഉണ്ടാക്കാമെന്നോ, കൈകാര്യം ചെയ്യാമെന്നോ, അവരുടെ സൈന്യത്തിലുള്ളവർക്കാർക്കും നിശ്ചയമുണ്ടായിരുന്നില്ല. ദൃക്സാക്ഷിയായ വില്യം ലോഗൻ ഇക്കാര്യം വിവരിക്കുന്നതിങ്ങനെയാണ്. "പരിക്ഷണങ്ങൾ പലതും ധൃതിപിടിച്ച് നടത്തി. വെടിമരുന്ന് വലിയ ഉണ്ടകളാക്കി, അവയുടെ പുറത്ത് കളിമണ്ണ്' പുരട്ടി, മാലപ്പടക്കം പോലെ കെട്ടിയുണ്ടാക്കി, ഗോപുര കവാടങ്ങളിൽ വെച്ച് തിരികൊളുത്തി, എന്തു സംഭവിക്കുമെന്ന് കാണാൻ ഉപരോധസംഘം ശ്വാസമടക്കിപ്പിടിച്ച് കാത്തുനിന്നു. വമ്പിച്ച പൊട്ടിത്തെറിയോടെ ഭയങ്കര ശബ്ദവും പൊടിപടലവുമാണ് അടുത്ത നിമിഷം അനുഭവപ്പെട്ടത്."157. തുടർന്ന് ക്ഷേത്രകവാടങ്ങൾ ഓരോന്നോരോന്നായി ഡൈനാമിറ്റ് വെച്ച് തകർത്തു. മദ്രാസ്സിൽ നിന്നും കോഴിക്കോട്ടു നിന്നും ഇംഗ്ലീഷ് സൈന്യം ഇതിനിടക്ക് എത്തിച്ചേർന്നു. ഓരോ ഗോപുരനടയിലും ശക്തമായ കാവൽ ഏർപ്പെടുത്തിയിരുന്നു. ഗോപുരങ്ങളും വാതായനങ്ങളും തകർക്കാൻ സാധിച്ചതോടെ ക്ഷേത്രത്തിനകത്തേക്ക് വെടിയുണ്ടകൾ വീഴ്ത്താൻ പ്രയാസം മാറികിട്ടി. കലാപകാരികളുടെ തോക്കുകൾ നിശ്ശബ്ദമായി. വളരെ നേരം കാത്തതിന് ശേഷമാണ് പട്ടാളം ക്ഷേത്രത്തിൻെറ മട്ടുപ്പാവിലെത്തുന്നത്. പ്രതീക്ഷിച്ചത് പോലെ അകത്തുണ്ടായിരുന്ന 12 പേരിൽ 9 പേരും മരിച്ച് കഴിഞ്ഞിരുന്നു. രണ്ടുപേർക്ക് പട്ടാളമെത്തുമ്പോൾ ജീവനുണ്ടായിരുന്നുവെങ്കിലും അധികം താമസിയാതെ ഇരുവരും കാലഗതിയടഞ്ഞു. അപായകരമായ മുറിവ് പറ്റിയ മണ്ണുറക്കൽ അങ്കരൻ ഉണ്ണി കുട്ടി അലി എന്നയാളെ കോഴിക്കോട് ജയിലിലേക്ക് മാറ്റിയെങ്കിലും 24 മണിക്കൂർ മാത്രമേ അയാളും ജീവിച്ചിരുന്നുള്ളു. തൃക്കല്ലൂർ കലാപത്തിൽ പൊരുതി മരിച്ചവരുടെ പേരാണ് താഴെ കൊടുക്കുന്നത്.

1. കൊലക്കാടൻ വീരാൻ.
2. കൊലക്കാടൻ കുട്ടി അസ്സൻ, സംഘത്തലവൻ.
3. കൊലക്കാടൻ മോയൻ - മമ്മദ് മൊല്ലയുടെ മകൻ.
4. കടക്കണ്ടത്തിൽ കാരി ചേക്കു.
5. വെളുത്തേടത്ത് പോക്കർ കുട്ടി ഹാജി
6. പൂത്തൻപീടിയൻ മാമ്മദ്
7. കരുമാടൻ കുഞ്ഞാമു
8. കിളിച്ചേരി മോയൻ.
9. പുലക്കൽ കണ്ടി മൊയ്തീൻ.
10. അമ്പലപട്ട മൂത്തകുട്ടി.
11. കോയച്ചേരി വീരാൻ.
12. മണ്ണുറയ്ക്കൽ അങ്കരൻ ഉണ്ണികുട്ടി അലി.

ഇവരിൽ കൊലക്കാടൻ വീരാനും കോയച്ചേരി വീരാനും പട്ടാളം ക്ഷേത്രം കയ്യടക്കിതിന് ശേഷവും മണ്ണുറയ്ക്കൽ അങ്കരൻ ഉണ്ണികുട്ടി അലി കോഴിക്കോട് ജയിലിലെത്തിയതിനു ശേഷവുമാണ് മരിച്ചത്. പട്ടാളക്കാരിൽ ലഫ്റ്റനൻണ്ട്ഡേയും മറ്റൊരു ഇംഗ്ലീഷ്കാരനും മരിച്ചു. മറ്റു ചിലർക്ക് മുറിവും പറ്റി. കലാപകാരികളുടെ ധീരോദാത്തമായ ചെറുത്ത് നില്പ് ഇംഗ്ലീഷ് ഓഫീസർമാരുൾപ്പെടെ എല്ലാവരേയും അത്ഭുതപ്പെടുത്തും വിധം ശക്തവും ധീരവുമായിരുന്നുവെന്നാണ് ലോഗൻ റിപ്പോർട്ട് ചെയ്യുന്നത്. ക്ഷേത്രത്തിലുണ്ടായിരുന്നവർ 250ൽ കൂടുതൽ വെടിയുണ്ടകൾ ഉതിർത്തിരുന്നുവെങ്കിലും ഇംഗ്ലീഷ്പക്ഷത്തുണ്ടായ ആൾനാശം അത്ര അധികമായിരുന്നില്ലെന്നതും അവർക്ക് ആശ്വാസം നൽകിയതായി അദ്ദേഹം എഴുതുന്നുണ്ട്.158. ഇതേതുടർന്ന് വിവിധ കുറ്റങ്ങൾ ചുമത്തി അറസ്റ്റ് ചെയ്യപ്പെട്ടവരുടെ പേര് വിവരമാണ് താഴെ

കൊടുക്കുന്നത്.

1. വ്യാപാരസ്ഥത്ത് അഹമ്മദ് - കുഷ്ഠരോഗിയും മപ്രാൻ അംശ കാരനും. സംഘത്തോടൊപ്പമുണ്ടായിരുന്നുവെങ്കിലും അവസാനം മനംമാറി പിന്തിരിഞ്ഞു.

2. ചിക്കോട് അംശത്തിലെ ചൂരോത്ത് പള്ളി ജീവനക്കാരൻ പുല്ലക്കൽ കണ്ടി വീരാൻ മൊല്ല.

3. ഈ പള്ളിയിലെ തന്നെ ഉരഗാട്ടിരി അംശക്കാരനായ കണ്ണഞ്ചേരി മമ്മദ്സ മുല്ല.

4. ഉരുഗാട്ടിരി അംശത്തിലെ പാലശ്ശേരി ഐയിദ്.

5. ഈ അംശത്തിലെ കൃഷിക്കാരനായ ചിറാത്ത് അബ്ദുല്ല.

6. കൃഷിക്കാരനായ ചങ്കുന്തിയിൽ കോയാമു.

7. ചുരോത്ത് പള്ളിയിലെ പുലക്കൽക്കണ്ടി ഗിൽഡൻ മോയൻമൊല്ല.

8. ഉരഗാട്ടിരി അംശത്തിലെ കൃഷിക്കാരനായ മെല്ലെരിമേൽ ചേക്കു മമ്മദ്.

9. ഈ അംശത്തിലെതന്നെ കൃഷിക്കാരനായ ചോലയിൽ കുഞ്ഞാലി.

10. ഈ അംശത്തിലെ കൂലിവേലക്കാരനായ അയ്യപ്പൻകാവിൽ ഏനാദി.

11. ഈ അംശത്തിലെ കൃഷിക്കാരനായ കരണത്ത് സുപ്പി.

12. ഈ അംശത്തിലെതന്നെ വള്ളക്കാരനായ മുക്കോളിൽ കോയാമു.

13. അറബിഗ്രന്ഥങ്ങൾ വില്പന നടത്തുന്ന ഇരിവേട്ടി അംശക്കാരനായ പുലക്കൽ കണ്ടി ഉണ്ണിയാൻ.

14. ഇരിവേട്ടി അംശക്കാരനും മരവ്യാപാരിയുമായ മലയത്തൊടിയിൽ ഇബ്രായൻ.

15. പുരോഹിതനായ കീഴ്മുറി അംശത്തിലെ പാണക്കാട് ആറ്റക്കോയ തങ്ങൾ. അറബിവംശജനാണ് തങ്ങൾ.

16. പുസ്തകകച്ചവടക്കാരനായ പലഞ്ചന്നൂർ അംശത്തിലെ പുലവല്ലാട്ടിൽ പക്കർഹാജി.

17. ഈ അംശത്തിലെ വള്ളക്കാരനായ പട്ടുപടിഞ്ഞാറകത്ത് പെറോസ്.

18. വള്ളക്കാരനായ ഈ അംശത്തിലെത്തന്നെ കുന്നത്ത് സിദ്രി.

19. പൊൻമല അംശക്കാരനായ ചാത്തൻചിറ അവറാൻകുട്ടി.

20. ഈ അംശത്തിലെ എണ്ണയാട്ടുകാരനായ പറയക്കണ്ടത്തിൽ അവറാൻകുട്ടി.

21. കീഴ്മുറി അംശത്തിലെ കർഷകനായ ആലികൽ ഉണ്ണിയാൻ ഹാജി.

22. ഉരുഗാട്ടിരി അംശംപള്ളി മുക്രി വീരാൻകുട്ടി.

23. ഈ അംശത്തിലെ ചുരോട് പള്ളി ജീവനക്കാരൻ കരങ്കാട്ട് ഉണ്ണി മോയി മൊല്ല.

24. ഈ അംശത്തിലെ തന്നെ ചൂരോട്ട് പള്ളി ജീവനക്കാരൻ ചെമ്പോയിത്തൊടി ഇമ്പിച്ചിമോയി ഹാജി.

25. ഈ അംശത്തിൽ ഈ പള്ളിയിലെ തന്നെ ജീവനക്കാരനായ കറപ്പൻഞ്ചേരി ഉണ്ണി പോക്കർ മൊല്ല.

26. ചിക്കോടംശക്കാരനും ചൂരോത്ത് പള്ളി ജീവനക്കാരനുമായ കായിലത്തൊടിക മമ്മുണ്ണി മൊല്ല. 159.

ഇവരിൽ 15 പേരെ നാടുകടത്തി കേരളത്തിന് പുറത്തുള്ള ജയിലുകളിൽ പാർപ്പിക്കുവാനാണ് അവസാനതീർപ്പുണ്ടായത്.

1. പുലക്കൽ കണ്ടി വീരാൻ മൊല്ല, 2. കണ്ണൻഞ്ചേരി മമ്മദ്മുല്ല, 3. പുലക്കൽ കണ്ടി ശിൽഡൻ മോയൻ മൊല്ല എന്നിവരെ ബെരൻപോർ ജയിലിലും, 4. പാലശ്ശേരി ആയിദ്, 5. ചിറാത്ത് അബ്ദുല്ല, 6. നെല്ലേരിമേൽ ചേക്കു മമ്മദ്, 7. ചെൻഗുതേയയിൽ കോയാമു, 8. ചോലയിൽ കുഞ്ഞാലി എന്നിവരെ രാജമന്ത്രിജയിലിലും, 9. അയ്യപ്പൻകാവിൽ ഏനാദി, 10. കരണത്ത് സുപ്പി, 11. മുക്കോളിൽ കോയാമു എന്നിവരെ നെല്ലൂർ സെൻട്രൽ ജയിലിലും, 12. മലയത്തൊടിയിൽ ഇബ്രായൻ, 13. ചാത്തൻചിറ അവറാൻകുട്ടി എന്നിവരെ വിശാഖപട്ടണം ജയിലിലും, 14. പാണക്കാട്ട് ആറ്റക്കോയ തങ്ങൾ, 15. പറയൻകണ്ടത്തിൽ അവറാൻകുട്ടി എന്നിവരെ വെല്ലൂർ ജയിലിലുമാണ് താമസിപ്പിച്ചത്.160. യഥാർത്ഥത്തിൽ ഇവരിൽ ആരും തന്നെ ഇത്തരം ശിക്ഷയ്ക്ക് വിധേയരാകുവാൻ വേണ്ടും ഒരു കുറ്റവും ചെയ്തിട്ടില്ലെന്ന് ഇംഗ്ലീഷ് രേഖകളിൽ നിന്ന് തന്നെ മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടാകുകയില്ല. മുൻവി ധിയോടുകൂടിയുള്ള പക പോക്കലാണ് ഈ കേസ്സുക ളിലത്രയും പ്രകടമായി ദർശിക്കുവാൻ സാധിക്കുക.

തൃക്കല്ലൂർ ചെറുത്തുനിൽപ്പ് ചോരയിൽ മുക്കി ക്കൊല്ലുവാൻ സാധിച്ചെങ്കിലും മാപ്പിളമാരുടെ സമരവീര്യം കെട്ടടങ്ങിയില്ല. അങ്ങേ അറ്റം പ്രകോപനമുണ്ടാക്കുന്ന അവ സ്ഥയിൽ അവർ രണ്ടും കല്പിച്ച് പടക്കൊരുങ്ങിയിറങ്ങി യതിന്റെ ദാരുണകഥകൾ ആവർത്തിച്ചുകൊണ്ടിരുന്നു. 1885 ജനവരി - ഏപ്രിൽ മാസങ്ങളിൽ സുഡാനിലെ മെഹ്ദിയുടെ ദിവ്യത്വത്തേയും അദ്ദേഹത്തിന് ഉണ്ടായിരുന്ന അമാനുഷിക സിദ്ധികളേയും പറ്റി മലബാറിലാകമാനം ഏറെ പ്രചാരണം നടന്നിരുന്നു. മെഹ്ദിയുടെ അത്ഭുത പ്രവർത്തനങ്ങളേയും പരാക്രമങ്ങളേയും കുറിച്ച് നാടുനീളെ പ്രശംസകളുമായി സഞ്ചരിച്ചിരുന്ന ഒരു പുരോഹിതൻ ജനങ്ങളുടെ ശ്രദ്ധ ആകർ ഷിച്ചിരുന്നു. ഹങ്കറിക്കാരനായ ഒരു പുരോഹിതനും ഈ അവസരത്തിൽ കേരളത്തിൽ സന്നിഹിതനായത് പല അഭ്യൂഹങ്ങൾക്കും കാരണവുമായി. മാപ്പിളമനസ്സ് അങ്ങനെ പല നിലയിലും അസ്വസ്ഥമായിക്കൊണ്ടിരുന്നു. തുടരെ തുടരെ നടന്നുകൊണ്ടിരുന്ന കലാപവും രക്തച്ചൊരിച്ചിലും അവസാനിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് ജില്ലാ അധികൃതർ ഒരു നിരായുധീകരണപദ്ധതി ആസൂത്രണം ചെയ്യുകയുണ്ടായി. കോഴിക്കോട്, ഏറനാട്, വള്ളുവനാട് എന്നീ താലൂക്കുകളിലെ ആയുധങ്ങൾ പിടിച്ചെടുക്കാനുള്ള സംരംഭം വളരെ ആശങ്കക്ക് വഴി ഒരുക്കിയെങ്കിലും സുശക്തമായ സജ്ജീകരണങ്ങളോടും മുൻകരുതലുകളോടുംകൂടിയാണ് ഇതിന് ഒരുമ്പെട്ടതെന്ന തിനാൽ പദ്ധതി തീർത്തും വിജയിപ്പിക്കുവാൻ കഴിഞ്ഞു.

1886 ഫെബ്രുവരിയിൽ തന്നെ ഇത് പ്രാവർത്തികമാക്കുകയും ചെയ്തു. ഓരോ മജിസ്ട്രേട്ടിൻെറ കീഴിൽ ഒരു പോലീസ് ഓഫീസറും ആവശ്യമായ മറ്റ് ഉദ്യോഗസ്ഥൻമാരും നിയമി തരായി. ഇത്തരം അഞ്ച് നിരായുധീകരണപാർട്ടികളാണ് ഇ തിനായി രംഗത്തിറങ്ങിയത്. ഒരു ഹവീൽദാരുടെ കീഴിലുള്ള ശിപ്പായികളും അതാത് ജില്ലയിലെ റിസർവ് പോലീസിലെ ഹെഡ് കോൺസ്റ്റബിൾമാരും ഉൾപ്പെട്ടതായിരുന്നു ആയുധങ്ങൾ തിരയുന്നതിനും കണ്ടെടുക്കുന്നതിനുമു ണ്ടാക്കിയിരുന്ന സംഘങ്ങൾ.161. ഈ സംരംഭത്തിനെതിരായി ഒരു പക്ഷേ മാപ്പിളമാരുടെ സംഘടിത ചെറുത്ത് നിൽ പ്പുണ്ടാകുമോ എന്ന് അധികൃതർ ന്യായമായും ഊഹിച്ചിരുന്നു. അതിനെ നേരിടുവാനുള്ള എല്ലാ ഒരുക്കങ്ങളും ചെയ്ത ശേഷമാണ് നിരായുധീകരണത്തിനിറങ്ങിയത്. 12-ാം റജിമെൻ ണ്ടിലെ പട്ടാളക്കാരെ റെയിൽ വഴി കൊണ്ടുവന്ന് അടിയന്തിര സ്ഥിതിഗതികൾ നേരിടാൻ എല്ലാ പ്രധാന കേന്ദ്രങ്ങളിലും നിർത്തി. ഓക്സ് ഫോഡ്ഷയർ ലൈറ്റ് ഇൻഫൻട്രിയിൽ നിന്നുള്ള യൂറോപ്യൻ പട്ടാളം മലപ്പുറത്തും കോഴിക്കോട്ടും നിലയുറപ്പിച്ചു. ഏത് സ്ഥലത്തേക്കും ഏതവസരത്തിലും ധൃതിയിൽ എത്തിച്ചേരാൻ സാധിക്കുംവിധമായിരുന്നു സജ്ജീകരണം. പ്രതീക്ഷക്ക് വിപരീതമായി ജനങ്ങളിൽ നിന്നും ഒരെതിർപ്പും ഉണ്ടായില്ല. 7503 വിവിധതരം തോക്കു കൾ ഉൾപ്പെടെ 17,295 പലതരം മാരാകയുധങ്ങളാണ് ഇത്തരത്തിൽ പിടിച്ചെടുത്ത്.162. ആയുധങ്ങൾ പിടിച്ചെടുത്ത ഈ താലൂക്കുകളിൽ കുറേക്കാലത്തേക്കെങ്കിലും സമാധാനം നിലനിർത്തുവാൻ കഴിഞ്ഞു എന്നാണ് കലക്ടറായിരുന്ന ലോഗൻ അവകാശപ്പെടുന്നത്.163.

എന്നാൽ തൊട്ടടുത്ത പൊന്നാനി താലൂക്കിൽ 1885 മേയ് ഒന്നാം തീയതി ടി.വി. വീരാൻ കുട്ടിയും വേറെ 11 പേരും കൂടി കുട്ടികാര്യൻ എന്ന ഒരു ചെറുമൻെറ പുരയിടം കയ്യേറി. അയാളെയും ഭാര്യയേയും നാല് കുട്ടികളേയും കൊന്ന് വീടിന് തീകൊളുത്തുകയും ചെയ്തു. പൊൻ മുണ്ടത്തിലെ വേലത്തൂർഅംശത്തിലായിരുന്നു ഇയാളുടെ താമസം. വളരെക്കാലം ഇസ്ലാംമത വിശ്വാസിയായി തീർന്ന ഈ ചെറുമൻ പത്ത് പന്ത്രണ്ട് കൊല്ലങ്ങൾക്ക് മുമ്പ് മതമുപേക്ഷിച്ച് പഴയ പടി ചെറുമനായി മാറി. ഇതോടെ വീണ്ടും കള്ളുകുടിയും ആഭാസവും മുമ്പെപ്പോലെ ആവർ ത്തിക്കുകയും ചെയ്തു. മുസ്ലിംകളോട് കടുത്ത വിരോധ മായിരുന്നു ഈ ചെറുമന്. പലരേയും ഇയാൾ കയ്യേറ്റം നട ത്തിയിരുന്നു. കെ. സൂപ്പിയെന്നയാളെ അസഭ്യം പറയുകയും കൊന്നുകളയുമെന്ന് ഭീഷണി മുഴക്കുകയും ചെയ്തു. ഒരിക്കൽ വരമ്പത്തുകൂടി പോകുകയായിരുന്ന പുരോഹിതനും തങ്ങളുമായ ഒരു മാന്യനെ ഈ ചെറുമൻ അപമാനിച്ചതും വഴി മാറികൊടുക്കാതിരുന്നതും മുസ്ലിംകളെ ആകമാനം പ്രകോപിപ്പിച്ച കാര്യമായിരുന്നു. "ഇത്തരം ധിക്കാരികളോട് പകരം ചോദിക്കുവാൻ നമുക്കാരുമില്ലേ?" എന്ന് തങ്ങൾ തൻെറ അനുയായികളോട് ചോദിച്ചുമിരുന്നു. ഇതും സൂപ്പിയോട് വധഭീഷണി മുഴക്കുകയും കൂടി ചെയ്തപ്പോൾ സൂപ്പിയുടെ ജീവനക്കാരനായ നടത്തടിയിൽ നറുൻഗിൽ പറ മ്പിൽ വീരാൻമൊയ്തീൻ എന്ന് വിളിക്കുന്ന വീരാനും അയാളുടെ സന്തതസഹചാരിയും കൂടി വധോദ്യമത്തിനുള്ള ഗൂഢാലോ ചനകൾ നടത്തി. സൂപ്പിയുടെ വീട്ടിലെത്തിയ ഇവർ ഈ സംരംഭത്തിൽ പങ്കുചേരാൻ തയ്യാറുള്ളവരുടെ ലിസ്റ്റ് ഉണ്ടാക്കി ലഹളക്കുള്ള ഒരുക്കങ്ങൾ ചെയ്തു. മുൻവിചാരിച്ചതുപോലെ അവരുടെ പ്രധാന ശത്രുവായ കുട്ടികാര്യൻെറ വീട്ടിലെത്തി അയാളേയും മറ്റംഗങ്ങളേയും കൊന്ന് പ്രതികാരം വീട്ടി. അവരുടെ പക്കൽ ഒരു തോക്കുമാത്രമാണുണ്ടായിരുന്നത്. അത്കൊണ്ട് അവർ ഇവിടെനിന്നും നേരെ പോയത് കൽപ കഞ്ചേരി പോലീസ് സ്റ്റേഷനിലേക്കായിരുന്നു. അവിടെയുള്ള ആയുധങ്ങൾ പിടിച്ചെടുക്കുകയായിരുന്നു ഉദ്ദേശ്യം. എന്നാൽ സ്റ്റേഷനിൽ ഉള്ളവർ വളരെ ജാഗ്രത പാലിച്ചിരുന്നതായി മനസ്സിലാക്കിയ ഇവർ വടക്കോട്ട് നടന്ന് ഊരോത്ത് കുന്നിൽ കയറിപ്പറ്റി. കുന്നിൻമുകളിലുള്ള ചെറിയ അമ്പലത്തിൽ നിലയുറപ്പിക്കാനായിരുന്നു ഉദ്ദേശ്യം. എന്നാൽ അവിടെയെ ത്തിയപ്പോഴാണ് മനസ്സിലാകുന്നത് അവിടെ വെള്ളം കിട്ടാൻ ഒരു മാർഗ്ഗവുമില്ലെന്ന്. പുറമേ തദ്ദേശീയരായ മുസ്ലിംകളിൽ നിന്നും യാതൊരു വക അനുഭാവ സൂചന ലഭിച്ചതുമില്ല. തൻമൂലം അവർ കുന്നിറങ്ങി മേയ് രണ്ടാം തിയ്യതി രാത്രി സ്വന്തം താലൂക്കിലേക്ക് മടങ്ങി. ധനികനായ ഒരു നമ്പൂതിരി ജൻമിയുടെ മനയിൽ മൂന്നാം തിയ്യതി അവർ ബലമായി പ്രവേശിക്കുകയും ചെയ്തു. പൊന്നാനി താലൂക്കിലെ പൊൻ മുണ്ടം അംശത്തിലായിരുന്നു നമ്പൂതിരിമന.

മൂന്നാം തിയ്യതി ഉച്ചതിരിഞ്ഞാണ് വിവരങ്ങൾ അറിഞ്ഞ് പട്ടാളവും പോലീസുമെത്തുന്നത്. ക്യാപ്റ്റൻ ലോഗൻെറയും സ്പെഷൽ അസിസ്റ്റൻണ്ട് മജിസ്ട്രേട്ട് ടിഗ്ഗിൻെറയും നേതൃത്വ ത്തിലാണ് പ്രതിരോധസേന പ്രവർത്തനനിരതമായത്. യൂറോപ്യൻ പട്ടാളമാണ് അക്രമികളെ നേരിടാനെത്തിയിരുന്നത്. വീടിൻെറ ജനാലപ്പഴുതിലൂടെ അക്രമികൾ പട്ടാളത്തിന് നേർക്ക് വെടിവെക്കുകയും നാല് പട്ടാളക്കാർക്കു തൽഫലമായി പരിക്കേൽക്കുകയും ചെയ്തു. പട്ടാളക്കാരും ജനലുകൾക്ക് നേരെ തിരിച്ചും വെടിവെച്ചുകൊണ്ടിരുന്നു. കുറേ സമയം തിരയൊഴിച്ചുകഴിഞ്ഞപ്പോൾ വീട്ടിൽ നിന്നുള്ള ശബ്ദകോ ലാഹലം അവസാനിച്ചു. പട്ടാളക്കാർ പാത്തും പുതങ്ങിയും അകത്ത് കടന്നപ്പോൾ കണ്ടത് ലഹള നടത്തിയ 12 പേരും ചോരയിൽ കുളിച്ച് മരിച്ചുകിടക്കുന്നതാണ്. പതിവിൻപടി ഇവരുമായി അകന്ന ബന്ധം പോലുമില്ലാത്തവരെകൂടി പ്രതികളാക്കി കേസ്സെടുത്തു. കളക്ടറും ജില്ലാ മജിസ്ട്രേ ട്ടുമായ വില്യം ലോഗൻ സ്പെഷൽ കമ്മീഷ്ണറെന്നനിലയിൽ സമർപ്പിച്ച റിപ്പോർട്ടിൽ മാപ്പിള ലഹളയെന്ന് വിശേഷിപ്പി ക്കുന്ന കലാപങ്ങളത്രയും മാപ്പിളകർഷകർ നടത്തിയ ചെറുത്ത്

നില്ലാണെന്ന് കണ്ടെത്തിയ ദേഹമാണ്. മാപ്പിള മാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞ ഒരാളുമായിരുന്നു അദ്ദേഹം. എന്നിട്ടും ഈ ലഹളക്ക് ശേഷം അദ്ദേഹം നൽകുന്ന ശുപാർശ, ലോഗനും മറ്റുള്ള ക്രൈസ്തവ ഉദ്യോഗസ്ഥൻമാരേക്കാൾ വ്യത്യസ്ഥനല്ലെന്ന് വ്യക്തമാക്കുന്നു. ഈ ലഹളയിൽ 12 പേരെ വെടിവെച്ചുകൊന്നുവെന്ന് നാം കണ്ടതാണല്ലോ. ഇതിന് പുറമേ താഴെ പേരെഴുതുന്ന 14 പേരെ കൂടി ശിക്ഷിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചിരുന്നു.

1. നടുത്തടിയിൽ നരുഗിൽപറമ്പിൽ വീരാൻ മൊയ്തീൻ എന്ന് വിളിക്കുന്ന വീരാൻ.

2. എടവലത്തപ്പറമ്പിൽ പാരിമൊയ്തീൻ എന്ന് വിളിക്കുന്ന എടമരത്തിങ്കൽ പാരിമൊഹിദീൻ.

3. വടുവൻ എന്ന് വിളിക്കുന്ന അരിപ്പറമ്പിൽ കുഞ്ഞിക്കോയ.

4. തട്ടാരി എന്ന് വിളിക്കുന്ന ആട്ടുമകൻ ആട്ടിൻെറ സെയ്താലി.

5. ചേക്കുവിൻെറ മകൻ പാലത്തോട്ടത്തിൽ പോക്കർ.

6. വാരിയത്തേൽ എന്നറിയുന്ന നെച്ചിക്കാട്ടിൽ കുഞ്ഞാലി.

7. കണ്ണഞ്ചേരി കുഞ്ഞിദു

8. നടുവിൽ നാലകത്ത് കുഞ്ഞാലിഹാജി

9. കരുവാട്ടിൽ സൂപ്പി.

10. പുതുക്കലേൻങ്കൽ കോയകുട്ടി ഹാജി

11. മാട്ടുമ്മൽ എന്ന് വിളിക്കുന്ന നെച്ചിക്കാട്ടിൽ കുഞ്ഞാലി.

12. പാലത്തോട്ടത്തിൽ കുഞ്ഞിദു

13. പൂക്കോത്ത് അലവി.

14. വരിയാട്ടേൽ എന്ന് വിളിക്കുന നെച്ചിക്കാട്ടിൽ വടുത്തല മൊയ്തീൻകുട്ടി.

ഇവരെയെല്ലാം നാടുകടത്തണമെന്നായിരുന്നു ലോഗൻെറ ശുപാർശ. എന്നാൽ ഇവരിൽ 11 മുതൽ 14 വരെയുള്ള നാലുപേരെ വിട്ടയക്കാനും മറ്റുള്ളവരെ ശുപാർശപ്രകാരം നാടുകടത്താനും ഉത്തരവായി.164. അതുപോലെ അദ്ദേഹത്തിൻെറ മറ്റൊരു ശുപാർശ ഓമച്ചപുലയിലെ നാമ ത്ത് പള്ളി പിടിച്ചെടുക്കണമെന്നും അവിടെ കൂട്ടം കൂടുവാ നോ, പ്രാർത്ഥന നടത്തുവാനോ അനുവദിക്കരുതെന്നുമായി രുന്നു. അതിന് കാരണമായദ്ദേഹം പറയുന്നത് ഈ കലാപ ത്തിൽ പങ്കെടുത്തവരിലധികവും ഈ പള്ളിയിൽ കൃത്യമായി നമസ്ക്കാരത്തിനെത്തുന്നവരും ആണെന്നത്രെ. ഇവിടെ രാജ്യ ദ്രോഹപ്രസംഗങ്ങൾ നടക്കാറുണ്ട്. ലഹളയിൽ ഇവിടത്തെ ഖാസിയുടെ മകനും ഉൾപ്പെട്ടിരുന്നു. കുറ്റകൃത്യത്തെപ്പറ്റി പള്ളിയിലെത്തുന്ന എല്ലാവർക്കും അറിയാമായിരുന്നിട്ടും ആരും ഇത് തടയുന്നതിന് ഒരു ചെറുവിരൽ പോലും ഇളക്കിയില്ല. തൻെറ ശുപാർശക്ക് ഇതിൽ കവിഞ്ഞ് കാരണ അല്ലെങ്കിലും വേണമോ എന്നദ്ദേഹം ചോദിക്കുന്നുമുണ്ട്. അവിടെയുള്ള അധികാരിയെയും പ്യൂണിനെയും പിരിച്ചുവിടുവാനും അദ്ദേഹം നിർദ്ദേശിച്ചു. ഇരുവരും മുസ്ലിംകളായതിനാൽ ലഹള ഇല്ലാതാക്കാൻ ശ്രമിച്ചില്ലെന്നതായിരുന്നു ആരോപണം. തുടർന്ന് പൊന്നാനി താലൂക്കിലും നിരായുധീകരണം നടത്തി. 1885 ജൂൺ ആയപ്പോഴേക്കും ഇവിടെ നിന്നും 1,010 തോക്കുകൾ ഉൾപ്പെടെ 3,300 ആയുധങ്ങൾ പിടിച്ചെടുക്കുവാൻ സാധിച്ചു. നാടുകടത്തണമെന്ന് ലോഗൻ ശുപാർശ ചെയ്ത 14 പേരിൽ 4 പേരെ കുറ്റം തെളിയിക്കാൻ സാധിക്കാത്തതിനാൽ വിട്ടയച്ചിരുന്നു. മറ്റുള്ളവരിൽ ഒന്നുമുതൽ നാലുവരെ പ്രതികളായ വീരാൻ മൊഹിദീൻ, അരിപറമ്പിൽ കുഞ്ഞിക്കോയ, എടവലത്ത്പറമ്പിൽ പാരി മൊഹിദീൻ, സെയ്താലി എന്നിവരെ ഹൈക്കോടതി വെറുതെ വിട്ടെങ്കിലും അവരെ ജില്ലാ മജിസ്ട്രേട്ടായ ലോഗൻ വീണ്ടും അറസ്റ്റ് ചെയ്തു.165. എന്നാൽ ഇവർ അറേബിയയിലേക്ക് പോകാൻ സന്നദ്ധത പ്രകടിപ്പിച്ചതുകൊണ്ട് മാത്രമാണ് അവരുടെ പേരിലുള്ള കേസ് നിർത്തിവെച്ചത്.166. ഹൈക്കോടതി വെറുതെ വിട്ടിട്ടും ഇവർക്ക് നാട്ടിൽ കഴിഞ്ഞുകൂടുവാൻ വിധിയില്ലായിരുന്നു. പൊന്നാനി താലൂക്കിലെ മുസ്ലിംകളെ കൂട്ടപ്പിഴക്ക് ഇരയാക്കുകയും ഇവിടെനിന്നും 33,688 രൂപ ആ വകയിൽ പിരിച്ചെടുക്കുകയും ചെയ്തു. വധിക്കപ്പെട്ട കുട്ടികാര്യൻെറ പിതാവിനും മകൾക്കും യഥാക്രമം പ്രതിമാസം 5 രൂപയും രണ്ടര രൂപയും വീതം ആജീവനാന്തം നൽകുവാനും കല്പനയായി.കലാപകാരികൾ കയറിയിരുന്ന നമ്പൂതിരിമനയുടെ കേടുപാടുകൾ തീർക്കാൻ നഷ്ടപരിഹാരമായി 494 രൂപ 14 അണ 10 പൈസ നൽകുവാനും തീരുമാനിച്ചു.167.

ഈ വർഷം തന്നെ ആഗസ്റ്റ് 11-ാം തിയ്യതിയാണ് എടുത്തു പറയത്തക്ക മറ്റൊരു കൊലപാതകം നടക്കുന്നത്. ചെമ്പ്രശ്ശേരി അംശത്തിലെ പ്രധാനജൻമിയും സ്ഥലത്തെ മുസ്ലിംകളുടെയെല്ലാം നോട്ടപ്പുള്ളിയുമായിരുന്ന കൃഷ്ണ പിഷാരടി എന്നയാളെ 11-ാം തിയ്യതി രാവിലെ ഉണ്ണി മമ്മദ് എന്ന 20 വയസ്സ് മാത്രം പ്രായമുള്ള ഒരു മുസ്ലിം അതിദാരുണമായി വെട്ടിക്കൊന്നു. കൃഷ്ണപിഷാരടി സുഖമില്ലാതിരിക്കുകയായിരുന്നു. ഗോവിന്ദപിഷാരടി എന്നയാളും മറ്റു രണ്ടുപേരും കൂടി കൃഷ്ണപിഷാരടിയെ കുഴമ്പ് പുരട്ടി തടകിക്കൊണ്ടിരിക്കുമ്പോഴാണ് ഇത് നടക്കുന്നത്. കൃഷ്ണപിഷാരടിയുടെ സഹോദരൻ അച്ചുതപിഷാരടിയാകട്ടെ എണ്ണ ചൂടാക്കിക്കൊണ്ടിരിക്കുകയുമായിരുന്നു. രാവിലെ ഏഴുമണിക്കും എട്ടുമണിക്കും ഇടക്ക് ഉണ്ണി മമ്മദ് അവിടെ മുറ്റത്ത് വന്ന് അച്ചുതപിഷാരടിയോട് കുറച്ച് നെല്ല് വിലക്ക് ചോദിച്ചു. നെല്ല് കൊടുത്തില്ലെന്ന് മാത്രമല്ല ഉണ്ണിമമ്മദിനെ ആട്ടുകയും മുഖത്ത് തുപ്പുകയും ചെയ്തെന്നാണ് അയാൾ കോടതിയിൽ പറഞ്ഞത്.168. എന്തായാലും അവിടെ ചുറ്റിപ്പറ്റി നിന്ന ഉണ്ണി മമ്മദ്, മറ്റുള്ളവരുടെ കണ്ണുവെട്ടിച്ച് കുഴമ്പ് തേച്ച് കിടക്കുകയായിരുന്ന കൃഷ്ണപിഷാരടിയെ കയ്യിലുണ്ടായിരുന്ന കോടാലി കൊണ്ട് ആഞ്ഞുവെട്ടി. രണ്ടാമത് വെട്ടാൻ സാധി

ക്കുന്നതിന് മുമ്പ് അച്യുതപിഷാരടിയും കൂട്ടരും കുടി മമ്മദിൻെറ ആയുധം പിടിച്ചുവാങ്ങി അയാളെ മരത്തോട് ചേർത്ത് കെട്ടിയിട്ടു. കൃഷ്ണപിഷാരടി ഒറ്റവെട്ടു കൊണ്ടു തന്നെ അന്ത്യശ്വാസം വലിപ്പിരുന്നു. 1850ലും അലിയെന്ന ഒരാൾ കൃഷ്ണപിഷാരടിയെ വധിക്കാൻ വേണ്ടി ഒരുങ്ങി പുറപ്പെട്ട് പടിപ്പുരവരെയെത്തിയിരുന്നു. വിവരം മുൻകൂട്ടി അറിഞ്ഞിരുന്ന കാവൽക്കാരൻ ഗോപാലൻ തരകൻ പടിപ്പുര പൂട്ടി അതിൻെറ തട്ടിൻപുറത്ത് നിറത്തോക്കുമായി കാവൽ നിന്നു. അലി കൊലവിളിയുമായടുത്തെത്തിയപ്പോൾ തരകൻ അലിയെ വെടിവെച്ച് കൊല്ലുകയുമുണ്ടായി.

കൃഷ്ണപിഷാരടി കർഷക കുടിയാൻമാരുടെയെല്ലാം ശത്രുത പല നിലക്കും സമ്പാദിച്ചിരുന്നു. പല താലൂക്കുകളിലായി കണക്കില്ലാത്ത ഭൂമിയുടെ ഉടമയായിരുന്ന പിഷാരടി, മമ്മാവിൽ ദേവസ്വം മാനേജരും ആയിരുന്നു. കുടിയാൻമാരോട് നിഷ്ക്കരുണമായിട്ടാണ് ഇദ്ദേഹം പെരുമാറിയിരുന്നത്. ധാരാളം മാപ്പിളകർഷകർ പിഷാരടിയുടെ ദ്രോഹം മൂലം ഭൂമി നഷ്ടപ്പെട്ട് ദരിദ്രരായി മാറിയിരുന്നു. അങ്ങനെ തൻെറ പാട്ടക്കാരുടേയും കുടിയാൻമാരുടേയും വിരോധം വേണ്ടുവോളം നേടിയിരുന്ന അദ്ദേഹത്തെ വകവരുത്തുവാൻ എവരും ആഗ്രഹിച്ചിരുന്നുവെന്നാണ് മനസ്സിലാകുന്നത്. ഉണ്ണിമമ്മദ് ഈ പൊതു വികാരത്തിന് രൂപം കൊടുത്ത് മരണത്തെ വാരിപ്പുണരുകയായിരുന്നു. ഉണ്ണി മമ്മദിനെ തൂക്കികൊല്ലുകയാണുണ്ടായത്.

കേസ് സംബന്ധമായ അന്വേഷണത്തിൽ ഉദ്യോഗസ്ഥൻമാർ മറ്റു പലരേയും പതിവു പോലെ പ്രതികളാക്കി. ഉണ്ണി മമ്മദിൻെറ സഹോദരീഭർത്താവായ ചോലക്കൽ സാദ ത്തിൽ ഹൈദ്രുമായി പ്രതി വളരെ സ്നേഹത്തിലും സംഭ വദിവസം ഇവർ തമ്മിൽ സംസാരിക്കുകയും ചെയ്തിരുന്നുവത്രെ. ഹൈദ്രുവിൻെറ പിതാവിൻെറ കൈവശമുണ്ടായിരുന്ന പാട്ടഭൂമി മമ്മാവിൽ ദേവസ്വം മാനേജരായ കൃഷ്ണപിഷാരടി ഒഴപ്പിച്ചെടുത്തിരുന്നു. നിരാലംബനായ ഇയാൾക്ക് നിസ്സാരപാട്ടത്തിന് കുഞ്ഞിമമ്മദ് കുരുക്കൾ എന്ന ആൾ കുറേ സ്ഥലം കൊടുത്തിരുന്നതിനാലാണ് ഈ കുടുംബം ദാരിദ്ര്യത്തിൽ നിന്നും രക്ഷപ്പെട്ടിരുന്നത്. കുഞ്ഞിമമ്മദ് കുരുക്കളും മൂന്ന് സഹോദരൻമാരും മാത്രമാണ് പിഷാരടിയുമായി ഭൂമി സംബന്ധമായ കേസ്സും വഴക്കും നടത്തിക്കൊണ്ടിരുന്നവർ. കുഞ്ഞ മമ്മദും സഹോദരൻമാരും പഷാരടിയൽ നിന്നും അദ്ദേഹം മാനേജരായിരിക്കുന്ന മമ്മാവിൽ ദേവസ്വത്തിൽ നന്നും ധാരാളം സ്ഥലം പാട്ടത്തിന് വാങ്ങി അനുഭവിച്ച് പോന്നിരുന്നവരാണ്. എന്നാൽ പൊളിച്ചെഴുത്ത് കാലാവധി കഴിഞ്ഞിട്ടും ഇവരുടെ ആരുടെ സ്ഥലവും വീണ്ടും ചാർത്തി കൊടുക്കുവാൻ പിഷാരടി തയ്യാറായില്ലെന്ന് മാത്രമല്ല മറ്റു സ്ഥലങ്ങളിൽ നിന്നും ഒഴിപ്പിക്കുവാനുള്ള കോടതി നടപടികളിൽ വ്യാപൃതനുമായി. ആ നിലക്ക് കുരുക്കൾ കുടുംബത്തിലെ ഈ സഹോദരൻമാർ തൻെറ ആശ്രിതനും ഉണ്ണി മമ്മദിൻെറ സഹോദരനുമായ ഹൈദ്രു മുഖാന്തിരം ഉണ്ണി മമ്മദിനെ പ്രേരിപ്പിച്ചായിരിക്കും പിഷാരടിയെ കൊലപ്പെടുത്തിയതെന്നാണ് ഉദ്യോഗസ്ഥൻമാർ കെട്ടിച്ചമച്ച കഥ. അതിനാൽ ഹൈദ്രുവിനെയും കുരുക്കൾ സഹോദരങ്ങളേയും ശിക്ഷിച്ച് നാടുകടത്തണമെന്നായിരുന്നു ആക്ടിംങ് അസിസ്റ്റൻണ്ട് മജിസ്ട്രേട്ട് ജെ. ടിഗ്ഗ് ശുപാർശ ചെയ്തത്.169. എന്നാൽ കുരുക്കൾ സഹോദരങ്ങളെ കേസ്സുമായി ബന്ധപ്പെടുത്തുവാൻ യാതൊരു തെളിവും ലഭിക്കായ്കയാൽ അവരെ അറസ്റ്റ് ചെയ്തില്ല. അതുപോലെ ഹൈദ്രുവിൻെറ കേസ്സിലും മതിയായ തെളിവില്ലാത്തതിനാൽ അയാളെ ജയിൽമോചിതനാക്കുകയുമുണ്ടായി.170.

അധികാരികൾ കണ്ണിൽ ചോരയില്ലാത്ത മർദ്ദനമുറകൾ നിരന്തരം നടത്തിക്കൊണ്ടിരുന്നപ്പോൾ, ഹൈന്ദവ ദുഷ്പ്രഭുത്വമാകട്ടെ മാപ്പിളകർഷകരെ പാപ്പരാക്കി വീടുംകുടിയും കൈയ്യേറി തെരുവ് തെണ്ടികളാക്കി മാറ്റുകയും ചെയ്തു. ബഹുഭൂരിപക്ഷം മുസ്ലിം കൃഷിക്കാരും ജീവിക്കുവാൻ യാതൊരു മാർഗ്ഗവുമില്ലാതെ കൊടിയ പട്ടിണിയിലും യാതനയിലും കഴിഞ്ഞു കൂടേണ്ടതായും വന്നു. ഗത്യന്തരമില്ലാത്ത അവസ്ഥയിൽ അവരിൽ പലരും കവർച്ചയും കൊള്ളയും നടത്തി കുടുംബം പുലർത്തുവാനുള്ള വൃഥാശ്രമങ്ങളിൽ വ്യാപൃതരായത് കുറ്റവാളികളുടെ ലിസ്റ്റ് പെരുപ്പിക്കുവാനേ പ്രയോജനപ്പെട്ടുള്ളു. കുടുംബനാഥൻമാർ അങ്ങനെ ശിക്ഷിക്കപ്പെട്ട് ജയിലിലോ, മറുനാടുകളിലോ കഴിയേണ്ടിതായി വന്ന സ്ഥിതിയിൽ സ്ത്രീകളും കുട്ടികളും അനാഥരായി പിച്ചപ്പാളയെടുക്കേണ്ട അവസ്ഥയും വന്നുകൂടി. മുസ്ലിംകൾ അനുഭവിച്ചിരുന്ന കഷ്ടപ്പാടുകളേയും യാതനകളേയും കുറിച്ച് ജില്ലാ അധികാരികൾക്ക് ശരിക്കും അറിയാമായിരുന്നെങ്കിലും അവരുടെ കണ്ണീരൊപ്പാൻ ഒരു ചെറുവിരൽ പോലും അനക്കുവാൻ ക്രൈസ്തവഭരണകൂടം തയ്യാറായില്ല. തങ്ങളെ മർദ്ദിച്ചൊതുക്കുവാൻ മാത്രം ഉപയോഗപ്പെടുത്തുന്ന കരിനിയമങ്ങൾ കാറ്റിൽ പറത്തികൊണ്ട് രാജ്യത്ത് അരാജകത്വത്തിൻെറ ഭീകരാവസ്ഥ സൃഷ്ടിക്കുകയാണ് മാപ്പിളമാർ ചെയ്തത്. അങ്ങനെ അവർ കൊള്ളസംഘങ്ങൾ രൂപീകരിച്ച് തങ്ങളെ പട്ടിണിയുടെ പടുകുഴിയിൽ തള്ളിയിട്ടവരെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നു. 1894 മാർച്ച് 31-ാം തിയ്യതി ഇത്തരം ഒരു സംഭവമാണ് നടന്നത്. ചെമ്പ്രശ്ശേരി അംശത്തിലെ കരം പിരിവുമായി വില്ലേജ് അധികാരികൾ ഖജനാവിലേക്ക് പോകുന്നുണ്ടെന്നുള്ള വിവരമറിഞ്ഞിരുന്നു. അവിടത്തെ അധികാരി മുസ്ലിം കർഷകരെ എറെ ദ്രോഹിച്ചുകൊണ്ടിരുന്ന മർദ്ദകവീരനുമാണ്. അയ്യാളെ ഒരു പാഠം പഠിപ്പിക്കണമെന്നുറച്ച് പണവുമായി വരുന്നതും കാത്ത് തയ്യാറായിരുന്നു. അധികാരിയുടെ ഗുമസ്ഥനും രണ്ട് കൂലിക്കാരും ഒരു ശിപായിയും കൂടി 2296 രൂപയുമായടുത്തെത്തിയപ്പോൾ, അവരെ ബലമായി കീഴടക്കി പണവുമായി കടന്നുകളഞ്ഞു. പുനക്കാടൻ ചേക്കു വിൻെറ മകൻ മമ്മദുകുട്ടി, വാരിയംകുന്ന് ചക്കിപ്പറമ്പൻ കുഞ്ഞോലൻ കുട്ടിയുടെ മക്കൾ മോയിലൻ, വാരിയം കുന്നത്ത്

ചക്കിപ്പറമ്പൻ കുഞ്ഞോലൻ അഹമ്മദ് എന്നിവരായിരുന്നു പണം തട്ടിയെടുത്തവർ. ഗുമസ്ഥനും ഒരു കൂലിയും മഞ്ചേരിയിലേക്കോടി പണം നഷ്ടപ്പെട്ട കാര്യവും തങ്ങൾക്കു പറ്റിയ പരിക്കും അറിയിക്കുവാനായെത്തി. മറ്റുള്ളവരാകട്ടെ നെൻമേനിക്കച്ചേരിയിൽ വിവരമറിയിക്കുന്നതിന് പകരം ചെമ്പ്രശ്ശേരിയിലേക്കാണ് പോയത്. ഈ വാർത്ത നെൻമേനി യിലെത്തിയത് രാത്രി 10 മണിക്കു ശേഷമായിരുന്നു. കൊ ള്ളയടിച്ചവർ അന്നേ ദിവസം അവരവരുടെ വീടുകളിലാണ് തങ്ങിയത്. ഇവരത്രയും അടുത്തടുത്ത വീടുകളിലാണ് താമസിച്ചിരുന്നത്. നെൻമേനി കോൺസ്റ്റബിൾ 11 മണിയോടുകൂടി നെൻമേനിയിലെത്തിയിരുന്നു. പ്രതികളിൽ ഒരാളായ മൊയ്തീൻകുട്ടി ഹാജിയിൽ നിന്നും കുറ്റവാളികൾ ആരൊക്കെയെന്ന വിവരം അറിഞ്ഞിരുന്നു. ഒന്നാം തീയ്യതി രാവിലെ തന്നെ ആക്ടിംങ്ങ് പോലീസ് സൂപ്രണ്ടും സ്റ്റേഷനറി മജിസ്ട്രേട്ടും സ്ഥലത്ത് വന്നെത്തി. കുറ്റവാളികൾ ഒരു ലഹളക്കുള്ള തയ്യാറെടുപ്പാണെന്ന് വിവരം കിട്ടിയ അവർ ഉടനെ തന്നെ സ്പെഷൽ സായുധ സൈന്യത്തെ അയച്ചുതരാൻ ആവശ്യപ്പെട്ട് സന്ദേശമയച്ചു. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഡബ്ളിയു. മെക്കാർട്ടനെയുടെ സന്ദേശം കിട്ടിയത് ഏപ്രിൽ രണ്ടാം തീയ്യതിയായിരുന്നു. അന്ന് രാവിലെ 10 മണിക്ക് തന്നെ കേണൽ ഇ. ബെഗ്ബിയുടെ നേതൃത്വത്തിൽ പുറപ്പെട്ട സന്നാഹങ്ങളുടെ വിവരണം ബെഗ്ബി, ചീഫ് സെക്രട്ടറി ക്കെഴുതുന്ന റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. 8 ഓഫി സർമാരും 48 സേനാനികളുമടങ്ങുന്ന ഈ സംഘത്തിലെ ഓരോ അംഗത്തിന്റെ പക്കലും 40 പ്രാവശ്യം ഉതിർ ത്തുവാനുള്ള വെടിയുണ്ടകളുണ്ടായിരുന്നു. 5500 വെടി യുണ്ടകൾ റിസർവ്വായും കരുതിയിരുന്നു. വെടിക്കോപ്പുകളും ഭക്ഷണസാധനങ്ങളും മറ്റാവശ്യവസ്തുക്കളും കൊണ്ടുവരാനായി നാലു കാളവണ്ടി ആറ് കഴുത, ആറ് ആന, തുടങ്ങിയവയോടുകൂടിയാണ് സൈന്യം എത്തുന്നത്.171.

പട്ടാളം എത്തുമ്പോഴേക്കും പാണ്ടിക്കാട് ക്ഷേത്രം തീ വെച്ച് നശിപ്പിച്ചിരുന്നു. ഈ ക്ഷേത്രം അവിടത്തെ ജൻമികളിലൊരാളായ മൂസ്സതിന്റെ വകയായിരുന്നുവെന്നതിനാലും അദ്ദേഹമാണ് ഒരുവംപുറത്തുണ്ടായിരുന്ന പള്ളി അഗ്നിക്കിര യാക്കിയതു കൊണ്ടുമാണ് ഈ അമ്പലത്തിനു നേരേ അവർ തിരിഞ്ഞത്. ഇതു കഴിഞ്ഞ് അവർ തുവൂർ വഴി ചെമ്പ്രശ്ശേരി അംശത്തിലെത്തി. സ്ഥലത്തെ പ്രധാന ജൻമിയായിരുന്ന കൊടലയിൽ കൃഷ്ണൻ നായരുടെ വീടാക്രമിക്കുകയാണ് പിന്നെയവർ ചെയ്തത്. ഇവിടെ വെച്ച് കരുവാരകുണ്ടിൽ കൊടിത്തൊടിയിൽ കുഞ്ഞോലൻകുട്ടി, കുട്ടിഅത്തൻ എന്നീ സഹോദരൻമാരും സംഘത്തിൽ പങ്കു ചേർന്നു. കൃഷ്ണൻ നായരോട് ഈ സഹോദരങ്ങൾക്ക് കടുത്ത വൈരാഗ്യമുണ്ടായിരുന്നു. ഇവരുടെ കൈവശമുണ്ടായിരുന്ന സ്ഥലം പൂർണ്ണമായും കേസ്സ് പറഞ്ഞ് ഇയാൾ ഒഴിപ്പിച്ചെടുത്തിട്ട് അധികം കാലമായിട്ടുണ്ടായിരുന്നില്ല. കൃഷ്ണൻ നായരെയും അയാളുടെ സേവകരിൽ ഒരാളായ കടപട്ടൻ രാമനെയും അവർ വധിച്ചു. അവിടെ താമസക്കാരനായ രാമപ്പണിക്കർ എന്നയാളെ പരിക്കേൽപ്പിക്കുകയും ചെയ്തു. കൃഷ്ണൻ നായരുടെ വീട്ടിൽ നിന്നും രാവിലെ ഏഴു മണിക്ക് ഇറങ്ങിയ അവർ കോയശ്ശേരി കൃഷ്ണപ്പണിക്കരുടെ വീട്ടിലും അവിടെ നിന്നും മാലിയൻ ചാത്തു പണിക്കരുടെ വീട്ടിലും കയറി കൃഷ്ണൻ നായരെയും കൃഷ്ണപ്പണിക്കരെയും വധിച്ചു. കൃഷ്ണപ്പണിക്കരുടെ വീട്ടിലെ സേവകരിൽ കടപട്ടൻ വേലുവിനെയും ചെറുമൻ നായാടിയെയും വെട്ടിമുറിവേൽപ്പിക്കുകയും ചെയ്തു. ചാത്തുപ്പണിക്കരും ഇവരിൽ ചിലരുമായി കാടു വെട്ടിത്തെളിയ്ക്കുവാനുള്ള കരാറുണ്ടാക്കിയിരുന്നെങ്കിലും പിന്നീടതിൽ നിന്നും ഏകപക്ഷീയമായി മാറി മറ്റുചിലർക്ക് നൽകുകയും ചെയ്തിരുന്നു. കരാർ ലംഘനം നടത്തിയവരെ കൊന്നതിനു ശേഷം കാടുവെട്ടുന്ന സ്ഥലത്തെത്തി അവിടെയുണ്ടായിരുന്ന ചാത്തുപ്പണിക്കരുടെ നോട്ടക്കാരനായ അച്ചുതൻ നായരേയും വെട്ടിക്കൊന്നു. 172. ഈ വിക്രിയകളൊക്കെ നടത്തി വണ്ടൂർ വഴി എളങ്കൂർ അംശത്തിൽ രാവിലെ ഏഴു മണിക്ക് എത്തി. അവിടെ കാവുങ്ങൽ മംഗലശ്ശേരി ഇല്ലത്തിൽ കയറിപ്പറ്റിയ സംഘം ഒരു മണി വരെ അവിടെതന്നെ യുണ്ടായിരുന്നു. സൈന്യം വണ്ടൂർ നിന്നും എളവത്തൂരിലേക്ക് പോന്നിട്ടുണ്ടെന്നറിഞ്ഞും പ്രതികൾ മംഗലശ്ശേരി ഇല്ലത്തിൽ നിലയുറപ്പിക്കുന്നതിനു പകരം എത്തിച്ചേരാമെന്ന് പറഞ്ഞ വരേയും പ്രതിക്ഷിച്ച് ഇവിടെ നിന്നും പോകുവാനുറച്ചു. ഉച്ചഭക്ഷണത്തിനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കു മ്പോഴാണ് പട്ടാളത്തിന്റെ കാഹളധ്വനി കേൾക്കുന്നത്. തിന്നാൻ വേണ്ടി അറുത്ത ആടിന്റെ മാംസവും വെച്ച ചോറും അവിടെ തന്നെ ഉപേക്ഷിച്ച് അവർ കൂടുതൽ സൗക ര്യപ്രദമായ സ്ഥലവും തേടി ഇറങ്ങിരക്ഷപ്പെട്ടു. ഈ അവസര ത്തിലാണ് തോപ്പിയത്ത് മമ്മദും കൊമ്പൻ അലിവിയും അവ രോടു ചേരുന്നതും. പാണ്ടിക്കാട്ടേക്കുള്ള പ്രയാണത്തിൽ ഒരു കൊല്ലന്റെ ആലയിൽ കയറി രണ്ട് തോക്കുകൾ അവിടെ നിന്നും സംഘടിപ്പിച്ചു. തുടർന്ന് പുല്ലശ്ശേരി കോമൻ നായരുടെ പുരയിൽ കടന്ന് തോക്കുണ്ടോ എന്നന്വേഷിച്ചിരുന്നു. കോമൻ നായർ ഒളിച്ചിരുന്നതിനാലും വീടിന് കാവൽ നിന്നിരുന്നവർ മുസ്ളീംകളായിതുന്നതിനാലും ഇവിടെ യാതൊരനർത്ഥവും അവർ ചെയ്തിരുന്നില്ല. പുനക്കാടൻ ചേക്കുവും മൊയ്ദീൻകുട്ടി ഹാജിയും ഇവിടെവെച്ചാണിവരുമായി കൂടുന്നത്. 173. വഴി മദ്ധ്യേയുണ്ടായിരുന്ന അവരുടെ പലരുടെയും കുടുംബവീടുകൾ സന്ദർശിക്കുവാനും അവർ സൗകര്യം കണ്ടെത്തിയിരുന്നു. ഇതിനിടയിൽ അഹമ്മദ് എന്ന ബാലനും വാരിയം കുന്നം കുടുംബത്തിലെ ചിലരും കൂടി സംഘത്തിൽ ചേർന്നു. വൈകീട്ട് 4 മണിയോടെ പാണ്ടിക്കാട് - മഞ്ചേരി റോഡു് വഴി മുണ്ടിക്കോട് ചന്ത വഴി തെക്കുമ്പാട്ടെത്തി. ഇവിടെ ഇട്ടേരിനായർ എന്ന ഒരാളുടെ വീടിന് തീ വെച്ചിരുന്നു. ഇതിനു കാരണം ഈ വീടും സ്ഥലവും മുസ്ളിംകളു

ടെതായിരുന്നു. ഇട്ടേരി നായർ അവിടെ താമസക്കാരനായ മാപ്പിളയെ കുടിയൊഴിപ്പിച്ച് താമസമാക്കിയിരിക്കുകയായിരുന്നു. 174. അരിമ്പ്രനായരുടെയും ശങ്കരൻ നായരുടെയും വീടുകളിലാണ് പിന്നീടവർ കയറിയത്. ആദ്യത്തെ വീട്ടിൽ നിന്നും 225 രൂപയും രണ്ടാമത്തെ വീട്ടിൽ നിന്നും 400 രൂപയും അവർ അപഹരിച്ചു. തോപ്പിയത്ത് മൂത്തയും മതം മാറിയ ഒരു ചെറുമനും ഉൾപ്പെടെ ഒരു ഡസനാളുകൾ ഇവരോടൊപ്പം ചേർന്നത് ഇവിടെ വെച്ചാണ്. രാത്രിയായതോടെ അടുത്തുള്ള ഒരു കുന്നിൻപുറത്തുകയറി ഭക്ഷണം തയ്യാറാക്കിക്കഴിച്ചു. സംഘത്തിൽ ചേർന്നിരുന്ന ചേക്കുവും മൊയ്തീൻകുട്ടി ഹാജിയും തിരിച്ചുവരാമെന്ന വാഗ്ദത്വത്തോടുകൂടി അവരോടു യാത്ര പറഞ്ഞ് പിരിഞ്ഞു. ഇവരുടെ പക്കലുണ്ടായിരുന്ന കൊള്ളമുതലിൻെറ നല്ലൊരംശവും ഇവർ കൊണ്ടുപോയിരുന്നുവത്രെ. കലാപസംഘമാകട്ടെ അങ്ങാടിപ്പുറം - പാണ്ടിക്കാട് റോഡ് കടന്ന് മുണ്ടകൃപേട്ട ഉണ്ണിരാമൻ പണിക്കരുടെ വീട്ടിൽ കയറി അവിടെ നിന്നും ഒരു തോക്കും മറ്റു കുറെ സാധനങ്ങളും കൈക്കലാക്കി. പിന്നീട് കൊന്നോത്ത് ഇല്ലത്തുനിന്നും ഭക്ഷണം പാകം ചെയ്യുവാൻ പറ്റുന്ന കുറെ പാത്രങ്ങളുമായി തിരുവലപേട്ട അമ്പലത്തിൽ കടന്നു. മൂന്ന് നാല് മണിക്കൂർ ഇവിടെ കഴിച്ചുകൂട്ടിയ അവർ ഇതിനടിയിൽ ഭക്ഷണം തയ്യാറാക്കിക്കഴിക്കുകയും ചെയതു. വിശ്രമത്തിനു ശേഷം ക്ഷേത്രത്തിൽ നിന്നും രണ്ടുമണിക്കിറങ്ങി കാപ്പിൽ പള്ളിയിലെത്തി. കപ്പാട് കുഞ്ഞ് മൊയ്തീൻ മൊല്ല ഇവരുമായി കൂടുന്നതു പള്ളിയിൽ വച്ചാണ്. അരക്കാപ്പറമ്പ് അധികാരി എരത്തല ഹാജി അവിടെയെത്തി പള്ളിയിൽ നിന്നും ഇവരെ പറഞ്ഞ് വിട്ടു. അവിടെ നിന്നും പോന്ന സംഘത്തെ അരക്കാപ്പറമ്പ് അധികാരി പിൻതുടരുന്നുണ്ടായിരുന്നു. കലാപകാരികൾ വെട്ടത്തൂർ അധികാരിയുടെ വീട്ടിൽ കയറാൻ നടത്തിയ ശ്രമവും അരക്കാപ്പറമ്പ് അധികാരി വിഫലമാക്കി. അരക്കാപറമ്പ് - തിരുവാഴംകുന്ന് അംഗങ്ങളുടെ അതിർത്തിയിലുള്ള ഗോവിന്ദൻനായരുടെ ഉമാനത്ത് കളത്തിൽ പ്രവേശിച്ച് രാത്രി അവിടെ കഴിച്ചുകൂട്ടി. പുലർച്ചെ എട്ടു മൈൽ സഞ്ചരിച്ച് മണ്ണാർക്കാട് നായരുടെ വീടിനെ ലക്ഷ്യമാക്കി നടന്നു. പക്ഷെ അവിടെ മുസ്ളിംകളും ഹിന്ദുക്കളുമായ വളരെപ്പേർ കാവൽ നിൽക്കുന്നുവെന്നറിഞ്ഞ് അവിടെ കയറാതെ നേരെ അരക്കുറുശ്ശി അംശത്തിലെ തച്ചമ്പ്ര അധികാരിയുടെ കളത്തിലേക്കാണ് പോയത്. അവിടെ പണപ്പെട്ടി പൊളിച്ച് അതിലുണ്ടായിരുന്ന 100 രൂപ അവർ കൈവശപ്പെടുത്തി. ഇവിടെ നിന്നും യാത്ര തുടർന്ന അവർ തങ്ങളുടെ ഒരു പൂർവ്വശത്രുവിനെ കണ്ടുമുട്ടി. രാമൻ നായർ എന്നയാളെ വകവരുത്തിയ ശേഷമായിരുന്നു തുടർന്നുള്ള യാത്ര. ഇവിടെ വെച്ച് വെളിയങ്കോട്ടുകാരൻ ഒരു തങ്ങളുടെ കൈമുത്തി അനുഗ്രഹം വാങ്ങിയിരുന്നുവത്രെ. അലഞ്ഞ് തിരിഞ്ഞ് നടന്നിരുന്ന ഇദ്ദേഹത്തിൻെറ പേര് വെളിയങ്കോട് തെക്കേതിൽ കോയകുഞ്ഞിക്കോയ എന്നായിരുന്നു.175. ഇതിനു ശേഷം പള്ളിക്കുറുപ്പ് വാര്യരുടെ വീട്ടിൽ കയറി അവിടത്തെ അമ്പലത്തിൻെറ താക്കോൽ വാങ്ങി. വാര്യത്തു നിന്ന് ഭക്ഷണപദാർത്ഥങ്ങൾ നൽകിയിരുന്നത് ക്ഷേത്രത്തിനകത്തു വെച്ച് കഴിച്ച് അവിടെ നിലയുറപ്പിച്ചു.

ഏപ്രിൽ രണ്ടാം തീയ്യതി എല്ലാ സജ്ജീകരണങ്ങളോടും കൂടി, ക്യാപ്റ്റൻ ഇ.കെ. റിഡ്‌ലേയുടെ നേതൃത്വത്തിൽ പുറപ്പെട്ടിരുന്ന സൈന്യം കലാപകാരികളെ പിൻതുടരുന്നുണ്ടായിരുന്നു. എന്നാൽ ഏപ്രിൽ 6-ാം തീയ്യതി മാത്രമാണ് അവർ പാണ്ടിക്കാട് ക്ഷേത്രത്തിൽ നിലയുറപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കി ദുർഘടം പിടിച്ച കാട്ടുവഴികളിലൂടെ നീങ്ങി രാവിലെ 7 മണിയാകുമ്പോഴേക്കും ക്ഷേത്രത്തിൻെറ 200-300 വാര അടുത്തെത്തുന്നത്. ഇടതൂർന്ന് മരങ്ങൾ വളർന്ന് പന്തലിച്ചു നിൽക്കുന്നതിനാൽ ക്ഷേത്രം ശരിക്കും കാണുവാൻ കഴിയുമായിരുന്നില്ല. കലാപത്തിന് പ്രേരിപ്പിച്ചെന്ന സംശയത്തിൽ അറസ്റ്റ് ചെയ്തിരുന്ന ഉണ്ണിയൻ ഹാജി എന്ന ആളെ സൈന്യത്തോടൊപ്പം ക്ഷേത്രപ്പരിസരത്തു കൊണ്ടുവന്നിരുന്നു. കലാപകാരികൾ കീഴടങ്ങുമോ, അതല്ല സംഘട്ടനം നടത്തുമോ എന്നറിയാൻ ഇയ്യാളെയാണ് ക്ഷേത്രത്തിനടുത്തേക്ക് കാവൽക്കാരോടൊപ്പമയച്ചത്. ഉണ്ണിയൻ ഹാജിക്ക് ലഭിച്ച മറുപടി അവർ പട്ടാളത്തോട് എതിരിടുവാനാണ് നിശ്ചയി ച്ചിരിക്കുന്നതെന്നായിരുന്നു. 176. ഉണ്ണിയൻ ഹാജി ഇക്കാര്യം സൈനികതലവൻമാരെ അറിയിക്കുമ്പോഴേക്കും തന്നെ ക്ഷേത്രജനൽ പഴുതിലൂടെ പ്രക്ഷോഭണകാരികൾ വെടിയു ണ്ടകൾ ഉതിർക്കാൻ തുടങ്ങിയിരുന്നു. ബ്രിട്ടീഷ് പട്ടാളത്തിന് ഫലപ്രദമായി പ്രവർത്തിക്കുവാൻ പറ്റുംവിധമായിരുന്നില്ല സ്ഥലത്തിൻെറ കിടപ്പ്. ക്ഷേത്രത്തെ മൂടിനിന്നിരുന്ന ഒരു വൃക്ഷത്തിൻെറ വലിയ കൊമ്പ് പീരങ്കിയുണ്ട കൊണ്ട് ഒടിഞ്ഞുവീണതോടുകൂടി ക്ഷേത്രം കുറച്ചകലേനിന്ന് കാണാ മെന്ന അവസ്ഥ വന്നു. അതോടെ കോഴക്കോട്ടു നിന്നുള്ള പോഷകസേന എത്തുന്നതിന് മുമ്പ് തന്നെ ലഫ്ട്ടിനൻണ്ട് മാക്ക് ടിയറും പോലീസ് ഇൻസ്പക്ടർ സ്വീനേയും പ്രതിരോധ നടപടികൾ നടത്തിക്കൊണ്ടിരുന്നു. ക്ഷേത്രത്തിലേക്ക് ഇടവിട്ടിടവിട്ട് വെടിവെച്ചുകൊണ്ടിരുന്നതിനാൽ അവിടെ തങ്ങുന്നത് ഉചിതമല്ലെന്ന് കരുതി കലാപകാരികൾ പുറത്തുചാടി അടുത്ത കുന്നിൻപുറത്ത് കയറിപ്പറ്റി. അവർ സൈന്യം നിൽക്കുന്നതിൻെറ 40-50 വാര അകലെ വരെയെത്തി വെടിയുണ്ടകൾ ഉതിർക്കുവാൻ തുടങ്ങി. പട്ടാളക്കാരിൽ ചിലർക്ക് മുറിവു പറ്റിയെങ്കിലും സൈന്യത്തിൻെറ ആയുധബലം കൊണ്ട് തങ്ങൾക്കഭിമുഖമായി വന്ന കലാപകാരികളെ വെടിവെച്ചിടുവാൻ അവർക്ക് അധികസമയം വേണ്ടി വന്നില്ല. അല്പസമയത്തിനകം 31 പേർ മരിച്ചു കഴിഞ്ഞിരുന്നു. കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു ബാലൻ മാത്രമാണ് പരുക്ക് പറ്റാതെ പിടി യിലായത്. മറ്റു രണ്ടുപേർക്ക് അപായകരമായ മുറിവു പറ്റി യിരുന്നു. സംഘത്തിൽ ഒട്ടാകെ ഉണ്ടായിരുന്നവർ

34 പേരാണ്. മരിച്ചവരുടെ ജഡം അവിടത്തെ ജയിൽവളപ്പിൽ പരസ്യമായി മണ്ണെണ്ണ ഒഴിച്ച് കത്തിക്കുകയാണുണ്ടായത്.174 കലാപത്തിൽപ്പെട്ടവരുടെ പേര് വിവരമാണ് താഴെ കൊടുക്കുന്നത്.

1. പുനക്കാടൻ ചേക്കുമകൻ മമ്മദ്കുട്ടി, വെള്ളങ്ങാട് അംശം 20 വയസ്സ്

2. വാരിയം കുന്നത്ത് ചക്കിപറമ്പൻ, കുഞ്ഞോലൻ കുട്ടിമകൻ അലവി ഹാജി പാണ്ടിക്കാട്ട് അംശം, 35 വയസ്സ്.

3. ഇയാളുടെ സഹോദരൻ അഹമ്മദ് ഹാജി, 33 വയസ്സ്.

4. ഇവരുടെ സഹോദരീപുത്രൻ കുഞ്ഞോലൻകുട്ടി കെ.ഡി. അഹമ്മദ്. 40 വയസ്സ്.

5. വാരിയം കുന്നത്ത് കക്കപാളി ഉണ്ണി കുഞ്ഞോലൻ മകൻ മോയി. 22 വയസ്സ്.

6. ഇയ്യാളുടെ സഹോദരൻ അഹമ്മദ്, 25 വയസ്സ്

7. വാരിയംകുന്നത്ത് കക്കപാളി അബ്ദുല്ലമകൻ ചെറിയ കുഞ്ഞോലൻ, 35 വയസ്സ്.

8. വാരിയം കുന്നത്ത് കടവലകണ്ടി, ഐദ്രോസ് മകൻ കഞ്ഞോലൻകുട്ടി, 17 വയസ്സ്

9. ഇയ്യാളുടെ സഹോദരൻ അഹമ്മദ്, 13 വയസ്സ്.

10. പുതുക്കുഴി അമ്പഴങ്കിൽ കുഞ്ഞോലൻ, പയ്യനാട് അംശം, 40 വയസ്സ്.

11. ചെക്കിപറമ്പൻ കുഞ്ഞോലൻ മകൻ അഹമ്മദ്, കിടങ്ങനായം ദേശം, 35 വയസ്സ്.

12. കൊല്ലേരി കുട്ടി അലി മകൻകുഞ്ഞോറാമു, മഞ്ചേരി അംശം, 40 വയസ്സ്.

13. ഇയ്യാളുടെ സഹോദരൻ അഹമ്മദ്, 15 വയസ്സ്.

14. കൊല്ലേരി കുഞ്ഞിമമ്മദ് മകൻ മമ്മദ് കുട്ടി, പയ്യനാട് അംശം, 48 വയസ്സ്.

15. കൊല്ലേരി മമ്മദ്കുട്ടിമകൻ അവറാൻ, പയ്യനാട്, 28 വയസ്സ്.

16. വടക്കേപ്രത്ത് ഉണ്ണിമോയി, വെള്ളങ്ങാട്, 24 വയസ്സ്.

17. ഒസ്സാൻ കുഞ്ഞോലി, വെള്ളങ്ങാട്, 24 വയസ്സ്.

18. പുലരത്തൊടിയിൽ അഹമ്മദ് മകൻ കുഞ്ഞീൻ, വെള്ളങ്ങാട്, 24 വയസ്സ്.

19. എരിക്കുന്നം മമ്മദ്കുട്ടി, പയ്യനാട്, 28 വയസ്സ്.

20. കിഴക്കുംപറമ്പൻ കുഞ്ഞിക്കമ്മു മകൻ മമ്മു, മഞ്ചേരി, 18 വയസ്സ്.

21. സ്രാമ്പിക്കൽ മൊയ്തീൻകുട്ടി മകൻ അഗനി അവറാൻ മൊല്ല, തെക്കമ്പാട്ട്, 30 വയസ്സ്.

22. സ്രാമ്പിക്കൽ മമ്മദ് മകൻ അഹമ്മദ്, 27 വയസ്സ്.

23. മമ്പാടൻ കുഞ്ഞി അഹമ്മദ്, തെക്കുമ്പാട്ട്, 26 വയസ്സ്.

24. അണ്ടിക്കാടൻ മൊയ്തീൻകുട്ടി മകൻ കുഞ്ഞിഅലവി, തെക്കുമ്പാട്, 22 വയസ്സ്.

25. ഉണ്ണി എരാലു മകൻ അഹമ്മദ് മുസ്‌ലിയാർ,തെക്കുമ്പാട്, 16 വയസ്സ്

26. തൊപ്പിയത്ത് മുത്ത, തെക്കുമ്പാട്ട്, 16 വയസ്സ്

27. വടക്കേ കളത്തിൽ ഉണ്ണികോയ കുഞ്ഞാമു, തെക്കുമ്പാട്, 23 വയസ്സ്

28. കപ്പാട്ട് കുഞ്ഞിമൊയ്തീൻ മുല്ല, വെട്ടത്തൂർ, 33 വയസ്സ്

29. കരവാരക്കുണ്ടിൽ കൊടിത്തൊടിയിൽ, കുഞ്ഞോലൻകുട്ടി, ചെമ്പ്രശ്ശേരി, 22 വയസ്സ്

30. സഹോദരൻ കുട്ടി അത്തൻ, 20 വയസ്സ്.

31. പരിയാരത്തുപറമ്പിൽ പുനക്കാടൻ കുഞ്ഞിഅഹമ്മദ്, വെള്ളങ്കാട്, 22 വയസ്സ്.

32. പഴങ്കോലത്തിങ്കൽ കുഞ്ഞമ്മു ഹാജി മകൻ അഹമ്മദ്, കുമരംപുത്തൂർ, 29 വയസ്സ്.

33. കൊമ്പൻ, കലക്കാരൻ അലിവി, എളങ്കൂർ അംശം, 30 വയസ്സ്.

34. തൊപ്പിയത്ത് മമ്മദ്, വെള്ളങ്കാട്, 18 വയസ്സ്. (പരുക്കുകൾ പറ്റാതെ പിടികൂടിയ ഏകവ്യക്തി ഇയ്യാളായിരുന്നു.)

ഇവരിൽ ഒന്നുമുതൽ 16 വരെയുള്ളവരും 19, 30, 31, 32 എന്നീ നമ്പറുകളിലുള്ളവരും വാരിയം കുന്നത്തു കുടുംബവുമായി ബന്ധപ്പെട്ടവരാണെന്ന് കാണാം. 1921ലെ ഖിലാഫത്ത് വിപ്ലവത്തിൻെറ നടുനായകനായ കുഞ്ഞമ്മദ് ഹാജിയുടെ കുടുംബമാണ് വാരിയംകുന്നത്ത്. കലാപവുമായി ബന്ധപ്പെട്ടവരോ, ബന്ധമുണ്ടെന്ന് സംശയിക്കപ്പെടുന്നവരോ ആയ 18 പേരെ പല കുറ്റങ്ങൾ ചുമത്തി ശിക്ഷിച്ചിരുന്നു. അവരെക്കുറിച്ചുള്ള വിവരമാണ് ചുവടേ ചേർക്കുന്നത്. 1. തോപ്പിയത്ത് മമ്മദ് - മതപരിവർത്തനം ചെയ്തിട്ട് അധികകാലമായിരുന്നില്ല. പതിനെട്ട് വയസ്സായിരുന്നു പ്രായം. ലഹളയിൽ പങ്കെടുത്തിരുന്ന ഇയാൾക്ക് സാരമായ മുറിവു പറ്റിയിരുന്നെങ്കിലും അപകടമില്ലാതെ രക്ഷപ്പെട്ടു. സ്ഥിരമായി നാടുകടത്തുവാനായിരുന്നുവിധി. 2. കാട്ടുകളക്കുണ്ടിൽ അഹമ്മദ്. 13 വയസ്സു മാത്രം പ്രായമുള്ള ഈ ബാലൻ പലരുടെയും നിർബ്ബന്ധത്തിന് വഴങ്ങിയാണ് ലഹളക്കാരോടൊപ്പം കൂടിയത്. ലഹളക്കാരുടെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയെന്ന് അറിയാൻ വേണ്ടും പ്രായമെത്തിയിട്ടില്ലാത്തിതിനാൽ ഈ ബാലനെ വെറുതെ വിടുവാൻ നിശ്ചയിച്ചിക്കുകയാണുണ്ടായത്. 3. വള്ളുവൻപുഴ മൊയ്തീൻ - ലഹളക്കാരെ കൊന്നൊടുക്കിയശേഷം അമ്പലനടയിൽ കണ്ട മൊയ്തീനെ അറസ്റ്റ് ചെയ്യുകയും ലഹളക്കാർക്ക് വേണ്ടി ചാരവൃത്തി ചെയ്യുകയാണെന്ന് ആരോപിക്കുകയുമുണ്ടായി. 10 കൊല്ലത്തേക്ക് ഇതിൻെറ പേരിൽ നാടുകടത്തി. 4. ഉണ്ണിയാൻ ഹാജി – ഇദ്ദേഹത്തിൻെറ പ്രേരണ കലാപകാരികൾക്കുണ്ടായിരുന്നുവെന്ന ഊഹത്തിൽ അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. ലഹളയിൽ പങ്കെടുത്തിരുന്ന 34 പേരിൽ 30 പേരും ഉണ്ണിയാൻ ഹാജി താമസിക്കുന്നിടത്ത് നിന്നും മൂന്നു മൈൽ ചുറ്റളവിൽ മാത്രം താമസക്കാരായിരുന്നിട്ടും സ്ഥലത്തെ പ്രധാനികളിൽ ഒരാളായ ഉണ്ണിയാൻ ഹാജി, ലഹള നട

ക്കുവാൻ പോകുന്നതറിഞ്ഞില്ലെന്ന് വിശ്വസിക്കുവാൻ അസാദ്ധ്യമാണെന്നായിരുന്നു അധികാരികളുടെ ന്യായവാദം. ഉണ്ണിയാൻ ഹാജി അംശത്തിലെ അധികാരിയായി ജോലി ചെയ്തിരുന്നതിനാൽ മാർച്ച് 31-ാം തിയ്യതി നികുതിപ്പണം ഖജനാവിൽ അടക്കുവാൻ കൊണ്ടുപോകുമെന്നറിയാമായിരുന്ന വ്യക്തിയാണ്. ലഹളക്കൊരുമ്പെട്ടവർ ഇത് മനസ്സിലാക്കിയത് ഉണ്ണിയാൻ ഹാജിയിൽ നിന്നായിരിക്കുമെന്നും ഉദ്യോഗസ്ഥൻമാർ ആരോപിച്ചു.178. ഉണ്ണിയാൻ ഹാജിയെ 1883ൽ നാടുകടത്തുവാൻ സ്പെഷൽ അസിസ്റ്റൻണ്ട് മജിസ്ട്രേട്ട് ടാട്ടേ ശുപാർശ ചെയ്തിരുന്നെങ്കിലും ജില്ലാമജിസ്ട്രേട്ട് അതു വേണ്ടെന്ന് വെക്കുകയാണ്ചെയ്തത്.179. ജില്ലയിൽ ഇയാളെ സ്വതന്ത്രമായി വിട്ടാൽ ആപത്താണെന്നും സ്ഥിരമായി നാടുകടത്തുകയാണ് വേണ്ടതെന്നുമാണ് ശുപാർശ ഉണ്ടായത്.

5. കുഞ്ഞോലൻ – ഉണ്ണിയാൻ ഹാജിയുടെ സഹോദരൻ. സംഭവം നടക്കുന്ന ദിവസങ്ങളിൽ ഇയാൾ സ്ഥലത്തുണ്ടായിരുന്നില്ലെങ്കിലും ലഹളക്കാരുമായി ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടിരിക്കുമെന്നായിരുന്നു നിഗമനം. അതുകൊണ്ട് കുഞ്ഞോലനേയും നാടുകടത്താൻ നിശ്ചയിച്ചു. 6. പുനക്കാടൻ ചേക്കു. വാരിയം കുന്നത്ത് അലിവി ഹാജിയുടേയും അഹമ്മദ് ഹാജിയുടേയും സഹോദരി ഭർത്താവാണ് ചേക്കു. ഏപ്രിൽ ഒന്നാം തിയ്യതി ലഹള നടക്കുവാൻ പോകുന്ന വിവരം അധികാരികളെ ഇദ്ദേ ഹം അറിയിച്ചിരുന്നു. അവരെ പിൻതിരിപ്പുക്കുവാൻ ശ്രമി ക്കാമെന്നേറ്റ് പോയിട്ട് നാലാം തിയ്യതി മാത്രമാണ് തിരിച്ചെത്തിയത്. അതിനിടയിൽ ലഹളക്കാരുമായി ഒന്നിക്കുകയും അവർ കൊള്ളയടിച്ചതിൻെറ നല്ലൊരംശം കൈവശപ്പെടുത്തി പിറ്റേ ദിവസമെത്താമെന്ന് പറഞ്ഞ് പോകുകയും ചെയയ്തു. പോലീസിന്നടുത്ത് ഇയാൾ നല്ല പിള്ള ചമയുക മാത്രമായിരുന്നുവെന്നും ലഹളയിൽ മരിച്ചവരുടെ കൂട്ടത്തിൽ ചേക്കുവിൻെറ സഹോദരിപുത്രനും ഉണ്ടായിരുന്നു എന്നതിനാലും ഇയാൾ ലഹളക്കാരുടെ സഹായിയായി വർത്തിച്ചിരിക്കനാണത്രെ സാദ്ധ്യത. ഇൻഡ്യൻ ശിക്ഷാനിയമ പ്രകാരം ചാർജ് ചെയ്തിട്ടുള്ള കേസ്സിൻെറ വിധി എന്തുതന്നെ യായാലും ഇയാളെ നാടുകടത്തേണ്ടത് ആവശ്യമാണെ ന്നായിരുന്നു ശുപാർശ.180. 7. വാരിയം കുന്നത്ത് മൊയ്തീൻ കുട്ടിഹാജി – ചേക്കുവിനോടൊപ്പം ലഹളക്കാരുമായി ഒരു ദിവസം കഴിച്ചുകൂട്ടിയ മൊയ്തീൻകുട്ടി ഹാജി, പിറ്റേദിവസം തിരിച്ചുവരാമെന്ന് പറഞ്ഞ് നാട്ടിലേക്ക് മടങ്ങിയിരുന്നു. ഈ ലഹളയിൽ മരിച്ചവരിലധികവും മൊയ്തീൻകുട്ടി ഹാജിയുടെ ചെലവിൽ കഴിയുന്നവരും അദ്ദേഹത്തിൻെറ കുടുംബക്കാരുമാണ്. ആ നിലയ്ക്ക് ലഹളക്ക് പ്രേരണ നൽകിയതിൽ പ്രമുഖനായിട്ടാണദ്ദേഹത്തെ കരുതിയതും നാടുകടത്താൻ ശിക്ഷിച്ചതും. 8. പുനക്കാടൻ അഹമ്മദ്. ചേക്കുവിൻെറ ജേഷ്യസഹോദരനും ജയിലിൽ കഴിയുന്ന പ്രതി ഇസ്മെയിലിൻെറ പിതാവുമാണ് എന്നതൊഴിച്ചാൽ കുറ്റകൃത്യത്തിൽ പങ്കാളിയാക്കുവാൻ തെളിവുകളൊന്നുമില്ലെന്ന് മനസ്സിലായി. വിചാരണക്ക്ശേഷം ജയിൽ മോചിതനാക്കി. 9. പണ്ടാരപേട്ട സീതി. ഏപ്രിൽ 3-ാം തിയ്യതി കാവുങ്കൽ മംഗലശ്ശേരി ഇല്ലം കൊള്ളയടിച്ച് കലാപസംഘം അവിടംവിട്ട് പോയി ഒരു മണിക്കൂർ കഴിയുന്നതിന് മുമ്പ് ഇല്ലത്തിൻെറ പടിപ്പുരവാതിക്കൽ കുറെ ആധാരക്കെട്ടുമായി നിന്ന ഇയാളെ അറസ്റ്റ് ചെയ്തിരുന്നു. തനിക്കിവ റോഡിൽ നിന്നും കിട്ടിയതാണെന്നും ഇല്ലത്ത് നടന്ന കൊള്ളയിൽ തനിക്ക് പങ്കില്ലെന്നും അദ്ദേഹം ആണയിട്ട് പറഞ്ഞിട്ടും സീതിയെ ശിക്ഷിക്കുകയാണുണ്ടായത്. സ്ഥിരമായി നാടുകടത്തണമെന്നായിരുന്നു തീരുമാനം. 10. ചെറുദുല അഹമ്മദ് - തിരുവല പേട്ട ക്ഷേത്രത്തിൽ ഉണ്ടായിരുന്ന കലാപകാരികളോടൊപ്പം അഹമ്മദ് കുറേ സമയമുണ്ടായിരുന്നു. എന്നാൽ തൻെറ പിതാവ് വിളിച്ചുകൊണ്ടു പോരികയാണുണ്ടായത്. സംഘത്തിൽ ചേർന്ന് പടപൊരുതി മരിക്കാൻ തയ്യാറായ ഇയാളെ ജില്ലയിൽ വെച്ചുകൊണ്ടിരിക്കുന്നത് സമാധാന ലംഘനത്തിനിട വരുത്തുമെന്ന് കണ്ടതിനാൽ സ്ഥിരമായി നാടുകടത്താൻ തീരുമാനിച്ചിരുന്നു. 11. മാങ്കത്തൊടിയിൽ അലി അഹമ്മദ് - സംശയാടിസ്ഥാനത്തിൽ അറസ്റ്റ് ചെയ്തിരുന്ന അലി അഹമ്മദിനെ കേസ്സിൽ കുടുക്കുവാൻ ഒരു മാർഗ്ഗവുമില്ലാതിരുന്നതിനാൽ വെറുതേ വിട്ടു. 12. പുത്താമ്പുലിൽ സൂപ്പി. കരുവാരകുണ്ടുകാരനായ ഇയാൾ സംഘത്തിൽ ചേർന്നിരുന്നുവെങ്കിലും കൊടലയിൽ കൃഷ്ണൻനായരെ കൊല്ലുന്നതു കണ്ട് ഭയപ്പെട്ട് സംഘത്തിൽ നിന്നും ഓടിപ്പോന്നെന്നാണ് പറയുന്നത്. ഇയാളെ നാട്ടുകാർ പിടികൂടി അധികാരിയെ ഏൽപ്പിച്ചിരുന്നു. എന്തായാലും കുറ്റകൃത്യത്തിൽ പങ്കുണ്ടെന്ന നിലയിൽ ഇയാളെ സ്ഥിരമായി നാടുകടത്തണമെന്നായിരുന്നു നിശ്ചയം. 13. എടപ്പത്ത് അലവി കുരുക്കൾ - കൊടലയിൽ കൃഷ്ണൻനായരെ വധിക്കുന്നതിന് മുമ്പ് അലവികുരുക്കൾ അവിടെ വന്ന് കുറേ നെല്ല് കടം ചോദിച്ചിരുന്നു. അതു നിഷേധിക്കപ്പെട്ടപ്പോൾ അലവി കുരുക്കൾ മടങ്ങിപോയെങ്കിലും അല്പസമയത്തിനുള്ളിൽ കലാപകാരികളേയും കൂട്ടി അവിടെ വന്നിരുന്നു. കൃഷ്ണൻനായരേയും കടപ്പാട്ടൻ രാമനേയും കൊല്ലുന്നത് ഇയാൾ ദൃക്സാക്ഷി യായിരുന്നു. രാമപ്പണിക്കരെ വെടിവെക്കുന്നതും അലവി കുരുക്കൾ കണ്ടിരുന്നുവത്രെ. ഇതൊക്കെ കലാപത്തിൽ ഇയാൾ ക്കുളള പങ്കു കാണിക്കുന്നവയാകയാൽ അലവി കുരുക്കളെ സ്ഥിരമായി നാടുകടത്തുവാനാണ് ശുപാർശ ചെയ്തത്.

14. പുനക്കാടൻ ഇസ്മെയിൽ - ജയിലിൽ കഴിയുന്ന പുനകാടൻ അഹമ്മദിൻെറ മകനും ചേക്കുവിൻെറ സഹോദരീപുത്രനുമാണ്. ക്ഷേത്രത്തിൽ നിന്നും കിട്ടിയിരുന്ന തോക്കുകളിൽ ഒന്ന് ഇയാളുടേതായിരുന്നുവെന്നാണ് അതു ഉണ്ടാക്കിയ പയ്യനാട്ട്കാരൻ കൊല്ലൻ തെളിവ് കൊടുത്തത്. ചേക്കുവിൻെറ മകൻ തൻെറ അടുത്ത് വന്നിരുന്നതായും ഖജനാവിലേക്ക് കൊണ്ടുപോയ പണം അപഹരിച്ച വിവരം

പറഞ്ഞിരുന്നതായും ഇസ്മെയിൽ സമ്മതിച്ചിരുന്നു. 17 രൂപ വാങ്ങി 17 തൊപ്പി ഇയാൾക്ക് വിൽക്കുകയും ചെയ്തിരുന്നതായി പറഞ്ഞു. കള്ളമുതൽ കൈപ്പറ്റിയതിന് പുറമെ, വെള്ളങ്കാട് വെട്ടത്തൂർ വരെ കലാപകാരികളുമായി ഇസ്മെയിൽ ഉണ്ടായിരുന്നു വെന്ന് മുറിവുപറ്റിപിടിയിലായ മമ്മദ് എന്ന ബാലൻ പറയുകയും ചെയ്തിരുന്നു. ഈ വകകാര്യങ്ങൾ കൊണ്ട് ഇയാ ളെയും സ്ഥിരമായി നാടുകടത്തുവാനാണ് തീരുമാനിച്ചത്.

15. പടത്തൊടിയിൽ പറാദി - കേസ്സിൽ പ്രതികളായ കുഞ്ഞോലൻെറയും അയാളുടെ സഹോദരൻെറയും സന്തത സഹചാരിയായിരുന്നു പറാദി. കുഞ്ഞോലനെ അറസ്റ്റ് ചെയ്ത ശേഷം ഒരാഴ്ചയോളം ഇയാൾ തൻെറ ഗ്രാമത്തിൽ നിന്നും മാറി നിന്നിരുന്നു. കുറ്റകൃത്യത്തിൽ ഇയാളുടെ പങ്ക് ഇതൊക്കെ കൊണ്ട് വ്യക്തമാണ്. തൻമൂലം പറാദിയേയും നാടുകടത്തുവാൻ നിശ്ചയിച്ചു.

16. മൊയ്തീൻകുട്ടി മുസ്ലിയാർ, 17. അക്കരമേൽ അഹമ്മദ്കുട്ടി, 18. കട്ടോഡിയിൽ പോക്കർ. ഇവരെ മൂവ്വരേയും നാടുകടത്തണമെന്ന് 1893ൽ സ്പെഷൽ അസിസ്റ്റൻഡ് മജിസ്ട്രേട്ട് ശുപാർശ ചെയ്തിരുന്നെങ്കിലും തെളിവുകൾ ദുർബ്ബലമായിരുന്നതിനാൽ വെറുതെ വിടുകയുണ്ടായി. 181. മേലാൽ അവരുടെ ദേശത്തുണ്ടാകുന്ന ഏത് കലാപത്തിൻെറയും വിവരം മുൻകൂട്ടി അറിയിക്കേണ്ടത് ഇവരുടെ ചുമതലയാണെന്നും അത് സത്യസന്ധമായി ചെയ്തില്ലെങ്കിൽ ആദ്യം നാടുകടത്തപ്പെടുത്തുക ഇവരെയായിരിക്കുമെന്നും അന്ന് ബോദ്ധ്യപ്പെടുത്തിയിരുന്നതാണ്. എന്നാൽ അവരുടെ ദേശക്കാർ കലാപം ആരംഭിക്കുവാൻ പോകുന്നുവെന്ന് ഇവർക്ക് നിശ്ചയമുണ്ടായിരുന്നുവെന്നുമാണ് ജില്ലാ അധികാരികൾ കണ്ടുപിടിച്ചത്. തൻമൂലം ഈ മൂന്നു പേരേയും നാടുകടത്തുവാൻ കല്പനയായി. ഇതിനൊക്കെ പുറമേ സ്ത്രീകളടക്കം ഇവരുടെ ബന്ധുക്കളേയും കുടുംബക്കാരേയും ഇൻഡ്യൻ ശിക്ഷാനിയമത്തിൻെറ വിവിധ വകുപ്പുകൾ പ്രകാരം കുറ്റം ചുമത്തി ശിക്ഷിക്കുകയും ചെയ്തു.

ഏറനാട് താലൂക്കിലെ 13 ദേശങ്ങളിലുള്ള 1946 മുസ്ലിംകളിൽ നിന്നായി 12,844 രൂപ പിഴയായി വസൂലാക്കി. വള്ളുവനാട്ടിലെ 17 അംശങ്ങളിലുള്ള 1710 മാപ്പിളവീടുകളിൽ നിന്നും 5,464 രൂപയും കൂടി ഒട്ടാകെ 18,308 രൂപ കൂട്ടപ്പിഴ വകയിൽ ഈടാക്കുകയുമുണ്ടായി. സംഘട്ടനത്തിൽ മരിച്ച എല്ലാവരുടേയും സ്വത്ത് കണ്ടുകെട്ടുകയും ചെയ്തു. ഈ സംഘട്ടനത്തിൽ ഇംഗ്ലീഷ് പക്ഷത്ത് നാല് ഓഫീസർമാർക്ക് പരിക്കു പറ്റുക മാത്രമേ ഉണ്ടായുള്ളു. അതേ സമയം 34 കലാപകാരികളിൽ 32 പേരും മരിച്ചു. രണ്ടു പേർ രക്ഷപ്പെട്ടത് മുറിവുകളോടുകൂടിയുമാണ്. കുറ്റകൃത്യത്തിന് 10 തോക്കും 19 കൊടുവാളും, 7 കുന്തവും, 2 വാളും 1 കഠാരിയുമാണുപയോഗിച്ചിരുന്നത്.182.

പാണ്ടിക്കാട്ട് ദുരന്തം അരങ്ങേറുന്നതിന് ആഴ്ചകൾ മുമ്പാണ് 1894 മാർച്ച് 3-ാം തിയ്യതി അങ്ങാടിപ്പുറത്തുള്ള 12 മാപ്പിളമാരുടെ പേരിൽ ഗൂഢാലോചനാകുറ്റം ചുമത്തി അറസ്റ്റ് ചെയ്തിരുന്നത്. ആക്ടിംഗ് സ്പെഷൽ അസിസ്റ്റൻഡ് കലക്ടറും മജിസ്ട്രേട്ടുമായ എ.ആർ. നാപ്പ് ഇക്കാര്യം റിപ്പോർട്ട് ചെയ്യുന്നതിൽ നിന്നും മനസ്സിലാക്കുന്നത് ഇവ്വിധ മാണ്. ഫെബ്രുവരി 14ന് പേരു വെക്കാത്ത ഒരു കത്ത് അദ്ദേഹത്തിന് ലഭിച്ചെന്നും അതേതുടർന്ന് നടത്തിയ അന്വേഷണത്തിൽ മനസ്സിലാക്കിയത് എഴുത്തിൽ പറയുന്ന സംഗതി വാസ്തവമാണെന്നും ആണ്.183. യാചിച്ച് കാലക്ഷേപം നടത്തുന്ന അയ്യപ്പൻ എന്ന ഒരു തിയ്യൻെറ മകൻ ചോയി, കുറെ വർഷങ്ങൾക്ക് മുമ്പ് മതംമാറി മുസ്ലിം ആയി. എന്നാൽ കുറച്ചുകാലത്തിന് ശേഷം ഇയാൾ പൂർവ്വവിശ്വാസത്തിലേക്ക് തിരിച്ചുപോയത്രേ. മതത്തെ അപമാനിച്ച ചോയിയെ കൊലപ്പെടുത്തിയ ശേഷം പട്ടാളവുമായേറ്റുമുട്ടി രക്തസാക്ഷികളാകുവാൻ വേണ്ടി അങ്ങാടിപ്പുറത്തുകാരായ 12 പേർ ഗൂഢാലോചന നടത്തിയെന്നാണ് ഔദ്യോഗികഭാഷ്യം. തങ്ങളോട് വിരോധമുള്ളവർക്കെതിരായി ആരെന്ന് എഴുതി അയച്ചാലും അത്തരം ആരോപണത്തിൻെറ നിജസ്ഥിതി സൂക്ഷ്മമായന്വേഷിക്കാതെ പോലീസ് സാക്ഷികൾ ചൂണ്ടിക്കാട്ടുന്നവരെ കള്ളക്കേസിൽ കുടുക്കി പ്രതികാരം നടത്തുന്നതിൻെറ ഉദാഹരണങ്ങളിലൊന്ന് മാത്രമാണ് അങ്ങാടിപ്പുറം ഗൂഢാലോചനയെന്ന കള്ളക്കേസ്. സംശയം തോന്നുന്നവരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു കഴിഞ്ഞാൽ ക്രൂരമർദ്ദനമാണ് നടത്തിയിരുന്നത്. ഇതിൽ നിന്നും കുറച്ചെങ്കിലും രക്ഷപ്പെടാൻ വേണ്ടി പട്ടാള ഉദ്യോഗസ്ഥൻമാർ ആരോപിക്കുന്ന കുറ്റമൊക്കെ സമ്മതിക്കുക ഏതൊരാളും അനുവർത്തിച്ചു പോന്നിരുന്നു. തുടർന്ന് അവരെയൊക്കെ ശിക്ഷിക്കുകയായിരുന്നു പതിവ്.

ഈ കേസ്സിൽ ചോലിയിൽ കോയസ്സൻ, അനങ്കാടൻ ബപ്പി, കിഴിശ്ശേരികാദർ, പാലപ്ര മമ്മൂട്ടി, കഞ്ഞങ്ങാടൻ സെയ്ത് അലി, വളപ്പിൽ മൊയ്തു, പുളിക്കൽ വീരാൻകുട്ടി, അനങ്കാടൻ മൊയ്തീൻകുട്ടി, പാലപ്പന അലി അമ്മു മകൻ മമ്മൂട്ടി, മുങ്ങത്ത് സെയ്താലി, കരയിൽ മമ്മി, ചെറുമത്തൊടിയിൽ രാമൻ എന്നി 12 പേരെയാണ് പ്രതികളാക്കിയിരുന്നത്. രാമനനേയും മാപ്പിള അതിക്രമനിയമനുസരിച്ച് തന്നെയാണ് ശിക്ഷി ച്ചത്. അതിന് കണ്ട ന്യായം രാമൻ മതപരിവർത്തനം ചെയ്യാൻ സമ്മതിച്ചിരുന്നുവെന്ന് പ്രതികളിൽ ഒരാൾ പറഞ്ഞെ ന്നാണ്. ഏതായാലും അന്വേഷണ ഉദ്യോഗസ്ഥനായ എ.ആർ. നാപ്പിൻെറ ശുപാർശയുടെ അടിസ്ഥാനത്തിൽ വളപ്പിൽ മൊയ്തു, കരയിൽ മമ്മി, ചൊളിയിൽ കോയസ്സൻ, അനങ്കാടൻ ബപ്പി, കിഴിശ്ശേരി കാദർ, പാലപ്ര മമ്മൂട്ടി എന്നിവരെ സ്ഥിരമായി നാടുകടത്തുവാനും അവരെ യഥാക്രമം കോയമ്പത്തൂർ, സേലം, വെല്ലൂർ, രാജമന്ത്രി, തൃശ്ശനാപ്പിള്ളി, തഞ്ചാവൂർ എന്നിവിടങ്ങളിലുള്ള ജയിലിലടക്കുവാനും കല്പനയായി. അവശേഷിച്ച ആറ് പേരായ കുഞ്ഞിരങ്കാടൻ സെയ്ദ് അലി,

പുളിക്കൽ വീരാൻ കുട്ടി, പാലപ്പന മമ്മുട്ടി, മുത്തത്ത് സെയ്യിദ് അലി, അനങ്കാടൻ മൊയ്തീൻകുട്ടി, ചെമ്പ്രൻതൊടിയിൽ രാമൻ എന്നിവരെ യഥാക്രമം ചെന്ത്രാപൂർ, വിശാഖപട്ടണം, മസൂലിപട്ടണം, ബല്ലാരി, ഗൂഡല്ലൂർ, മധുര എന്നീ സ്ഥലങ്ങളിലെ ജയിലുകളിൽ പ്രത്യേക നിരീക്ഷണത്തിന് വിധേയരാക്കി തടവിൽ പാർപ്പിക്കുവാനുമാണ് തീരുമാന മായത്.184. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ എത്രമാത്രം ക്രൂര തകളാണ് മുസ്ലിംകൾ അനുഭവിച്ചിരുന്നത് എന്നതിന് ഇതുപോലത്തെ പെരുത്ത് ഉദാഹര ണങ്ങൾ ഉദ്ധരിക്കുവാൻ സാധിക്കും.

1836ന് ശേഷം നടന്നിട്ടുള്ള അനവധി കലാപങ്ങളിൽ വെച്ച് ഏറ്റവും കൂടുതൽ രക്തച്ചൊരിച്ചിലും മനുഷ്യാഹുതിയും നടന്ന സംഭവമായിരുന്നു 1896ൽ മഞ്ചേരിയിൽ അരങ്ങേറിയത്. ഫെബ്രുവരി - മാർച്ച് മാസങ്ങളിലായി 99 പേരെയാണ് വെടി വെച്ചിട്ടത്. ഇതേക്കുറിച്ചുള്ള റിപ്പോർട്ടിൽ കാണുന്നത് 1896 ഫെബ്രുവരി 25-ാം തിയതി വണ്ടൂർ അംശം അധികാരിയിൽ നിന്നും ലഭിച്ച വിവരം ചെമ്പ്രശ്ശേരി, പൊറോർ, പാണ്ടിക്കാട്, എന്നി അംശങ്ങളിലെ മാപ്പിളമാർ ഒരു കലാപത്തിനുള്ള വലിയ ഒരുക്കങ്ങൾ നടത്തുന്നുവെന്നാണ്. ഇതേ തുടർന്ന് ജില്ലാ അധികൃതർ എല്ലാ കരുതൽ നടപടികളും അടിയന്തിരമായി നടത്തി. കലാപത്തിൻെറ പ്രേരകശക്തികളെന്ന് ആരോപിക്കപ്പെട്ട നാലു പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി. ഇത് ഫെബ്രുവരി 29 നായിരുന്നു. അങ്ങനെ പിടിക്കപ്പെട്ടവർ തൊപ്പിയിട്ട മൊയ്തീൻകുട്ടി മുസലിയാരെന്നു വിളിക്കുന്ന കൊച്ചുകായൻ, കപ്പക്കുന്നൻ മൂത്ത, പൊറ്റമ്മൽ ഉണ്ണി മമ്മദ്, ആലിങ്കൽ ഐദ്രു എന്നിവരാണ്. എന്നാൽ ഈ പ്രദേശങ്ങളിൽ നിന്നും 12 പേർ എന്തിനും തയ്യാറായി വീടു വിട്ടിറങ്ങിയിട്ടുണ്ടെന്ന് അറിവു കിട്ടിയിരുന്നു. മലപ്പുറം ബാരക്സിലുള്ള സൈന്യത്തെ ഏത് നിമിഷവും അടിയന്തിരാവസ്ഥ നേരിടുവാൻ തയ്യാറായി നിൽക്കണമെന്ന് മുന്നറിയപ്പു നല്കി, ആക്ടിംങ് സ്പെഷ്യൽ അസിസ്റ്റൻണ്ട് മജിസ്ട്രററ് ജെ.ടി. ഗില്ലസ്പി 26-ാം തിയ്യതിതന്നെ പാണ്ടിക്കാട്ടേക്ക് പോയിരുന്നു.185.

പാണ്ടിക്കാട് എത്തുമ്പോഴേക്കും കലാപകാരികൾ തൂവൂർ അംശത്തിലെ ഒരു നായരുടെ കളം അഗ്നിക്കിരയാക്കിയെന്നും മറ്റൊരു നായരെ കൊലപ്പെടുത്തിയെന്നുമുള്ള അറിവാണ് ലഭിച്ചത്. കോഴിക്കോട്ടുള്ള സൈന്യത്തെ ഒരുക്കി നിർത്തുവാൻ ആവശ്യപ്പെട്ട ശേഷം മലപ്പുറത്തുള്ള പട്ടാളക്കാരിൽ കുറെ പേരോട് മഞ്ചേരി ട്രഷറിക്കു കാവൽ നിൽക്കുവാനും ഏർപ്പാടാക്കി. ഇപ്പോഴേക്ക് കലാപകാരികളുടെ സംഖ്യ 50ൽ കൂടുതലുമായി. മഞ്ചേരി സബ്ബ് ജെയിലിൽ തടവിൽ താമസിച്ചിരുന്ന ലഹളക്കാരുടെ നേതാക്കൻമാരെ തുറന്ന് വിടുവാനുള്ള ശ്രമം നടന്നേക്കുമെന്ന അഭ്യൂഹങ്ങൾ പരന്നിരുന്നതിനാൽ അവരെ മഞ്ചേരിയിൽ നിന്നും കോഴിക്കോട് ജയിലിലേക്ക് മാറ്റി. മലപ്പുറം സൈന്യത്തിലെ ക്യാപ്റ്റൻ ചാഡും, ക്യാപ്റ്റൻ ലെയിട്ടനും, പോലീസ് സൂപ്രണ്ട് ഹൗസറ്റും അവരുടെ കീഴിലുണ്ടായിരുന്ന സൈന്യങ്ങളുമായി പാണ്ടിക്കാട് എത്തിയിരുന്നു. കലാപകാരികൾ ഇതിനിടയിൽ പന്തലൂർ ക്ഷേത്രത്തിൽ കയറി ഭക്ഷണം പാകം ചെയയ്തു ഭക്ഷിച്ചശേഷം അവിടെ നിന്നും പുറപ്പെട്ടു. അവരുടെ നീക്കത്തെ നിരീക്ഷിച്ചുകൊണ്ടിരുന്ന ക്യാപ്റ്റൻ ലെയിട്ടൻ രണ്ടു മൈൽ അകലെയായി ഇവരെ പിൻതുടരുന്നുണ്ടായിരുന്നു. ലെയിട്ടനും കൂട്ടരും അന്ന് രാത്രി പന്തലൂർ അമ്പലത്തിനകത്താണ് വിശ്രമിച്ചത്. പുലർ ച്ചയായപ്പോൾ ഇവർക്ക് കിട്ടിയ വിവരം കലാപകാരികൾ പന്തലൂർ കുന്നിൻെറ പരിവിലുള്ള ഓട്ടപറ എന്ന പാറക്കെട്ടിൽ തമ്പടിച്ചിട്ടുണ്ടെന്നായിരുന്നു. പട്ടാളക്കാർ വിശ്രമിച്ചിരുന്ന പന്തലൂർ ക്ഷേത്രത്തിൽ നിന്നും ഒന്നര മൈൽ മാത്രം അകലെയായിരുന്നു ഈ സ്ഥലം. അതിനു മുമ്പ് അടുത്തടുത്തായുള്ള രണ്ടുമൂന്നു നമ്പൂതിരി മനകളിൽ കയറി ഭക്ഷണപദാർത്ഥങ്ങൾ സംഭരിക്കുകയും ചെയ്തിരുന്നുവത്രെ.186.

മാർച്ച് ഒന്നാം തിയതി രാവിലെ 6.30 ന് ഏറനാട് താലൂക്ക് ഹെഡ് എക്കൗണ്ടൻറ് നൽകിയ റിപ്പോർട്ടിൽ മഞ്ചേരി കാർന്നോപ്പാടിൻെറ വക കുന്നത്ത് ക്ഷേത്രത്തിൽ അവർ കേന്ദ്രീകരിച്ചിട്ടുണ്ടെന്നും മഞ്ചേരി ട്രഷറി ആക്രമിക്കുന്നതിനാണ് ഒരുക്കമെന്നും ആയിരുന്നു. ട്രഷറിക്കു കാവൽ നിന്നവരിൽ രണ്ടുപേർ മരിക്കുകയും പലർക്കും മുറിവു പറ്റുകയയും ചെയ്തിരുന്നതു കൊണ്ട് അവശേഷിച്ചവർ പിൻവാങ്ങിയിരിക്കുകയായിരുന്നു. അപായകരമായ ഈ വാർത്ത കേട്ട ഉടനെ മഞ്ചേരിയിലേക്ക് കുതിച്ച പട്ടാളം അകലെ കുന്നിൽ കേന്ദ്രീകരിച്ച് തുരുതുരെ വെടിയുണ്ടകൾ ഉതിർക്കാൻ തുടങ്ങി. കലാപകാരികളുടെ അടുത്തെത്തി ബലാബലത്തിനൊരുങ്ങിയാലുള്ള ഫലം തങ്ങൾക്ക് ഏറെ ആൾ നാശം സംഭവിക്കലായിരിക്കുമെന്ന് അറിയാവുന്ന പട്ടാളക്കാർ അല്പം ദൂരെ നിന്നാണ് വെടിവെച്ചു കൊണ്ടിരുന്നത്. ക്ഷേത്രത്തിൽ നിന്നും കലാപകാരികളും വെടിവെച്ചു കൊണ്ടിരുന്നു. കുറെ സമയം നിർത്താതെ വെടിയുണ്ടകൾ ഉതിർത്തുകൊണ്ടിരുന്നപ്പോൾ ക്ഷേത്രത്തിൽ നിന്നുള്ള ശബ്ദ കോലാഹലം നിലച്ചു. ഉടനെ പട്ടാളം വെടിവെച്ചുകൊണ്ടു തന്നെ ക്ഷേത്രത്തിനടുത്തെത്തി. യാതൊരു എതിർപ്പുമില്ലാതെ ഗോപുരത്തിൽ പ്രവേശിക്കാനവർക്കു സാധിച്ചു. ക്ഷേത്രത്തിൽ പ്രവേശിച്ചപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. 99 പേരിൽ ആറു പേരൊഴിച്ച് എല്ലാവരും മരിച്ചു കഴിഞ്ഞിരുന്നു. പരുക്കു പറ്റിയ ഇവരെ മലപ്പുറത്തേക്കു കൊണ്ടുപോയി. കലാപകാരികൾ ഉപയോഗിച്ചിരുന്നതും ക്ഷേത്രത്തിൽ നിന്നും കിട്ടിയതുമായ ആയുധങ്ങൾ, 12 തോക്ക്, ഒരു വാള്, 9 കുന്തങ്ങൾ, ഒരു കോടാലി, നിരവധി കൊടുവാളും കത്തിയും, മൂന്ന് ഫ്ളാസ്ക്ക് നിറയെ വെടിമരുന്ന്, ധാരാളം തിരകൾ എന്നിവയാണ്. ഈ ഏറ്റുമുട്ടലിൽ മരണമടഞ്ഞവർ താഴെ പറയുന്നവരാണ്.

1. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പാലോളി

മമ്മു, 35 വയസ്സ്

2. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, കൈതവളപ്പൻ ചേക്കു, 16 വയസ്സ്

3. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, കൈതശാലപ്പൻ അവറാൻകുട്ടി, 18 വയസ്സ്

4. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, ചെറിടിക്കുന്നൻ മൊയ്തീൻ, 18 വയസ്സ്

5. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പറമ്പത്ത് കുഞ്ഞിക്കോയ, 35 വയസ്സ്

6. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പറമ്പത്ത് കുഞ്ഞിക്കോയ, 20 വയസ്സ്

7. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പറമ്പത്ത് കോയാമിയാർ, 50 വയസ്സ്

8. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പറമ്പത്ത് അയ്മ്മദ്, 35 വയസ്സ്

9. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പറമ്പത്ത് അലിവി, 20 വയസ്സ്

10. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, കല്ലിയോല കുഞ്ഞിമൊയ്തീൻ, 30 വയസ്സ്

11. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, കല്ലിയോല കുഞ്ഞിമമ്മു, 20 വയസ്സ്

12. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, തോട്ടത്തിൽ കരുവാരക്കോതിൽ കുഞ്ഞുമൊയ്തീൻ, 30 വയസ്സ്

13. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, മലയത്ത് ഐദ്രോസ്, 19 വയസ്സ്

14. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പുത്തൻപീടിക ചേക്ക്, 30 വയസ്സ്

15. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, പൂത്തൻ ഉണ്ണി അത്തൻ, 25 വയസ്സ്

16. ചെമ്പ്രശ്ശേരി താലൂക്ക്, ചെറമ്പ അംശം, വേലക്കാടൻ മൊയ്തുണ്ണി, 40 വയസ്സ്

17. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, വേലക്കാടൻ കുഞ്ഞിക്കോയ, 15 വയസ്സ്

18. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളൂർ അംശം, കല്ലൻകുന്ന് ഐദ്രു, 32 വയസ്സ്

19. ചെമ്പ്രശ്ശേരി താലൂക്ക്, ചെറമ്പ അംശം, ആലിങ്കൽ കുഞ്ഞുണ്ണിയാൻ, 17 വയസ്സ്

20. ചെമ്പ്രശ്ശേരി താലൂക്ക്, ചെറമ്പ അംശം, മുണ്ടയിൽ മൊയ്തീൻ എന്ന പാമ്പുകടിയൻ, 30 വയസ്സ്

21. ചെമ്പ്രശ്ശേരി താലൂക്ക്, തൂവൂർ അംശം, പറവെട്ടി കുഞ്ഞോലി, 20 വയസ്സ്

22. ചെമ്പ്രശ്ശേരി താലൂക്ക്, തൂവൂർ അംശം, പറവെട്ടി അയ്മുണ്ണി, 15 വയസ്സ്

23. ചെമ്പ്രശ്ശേരി താലൂക്ക്, ചെമ്പ്രശ്ശേരി അംശം, പുത്തൻപീടിക മൊയ്തീൻ, 30 വയസ്സ്

24. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, അമാനത്ത് സെയ്താലി, 25 വയസ്സ്

25. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, അമാനത്ത് മോയി, 20 വയസ്സ്

26. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, കരയിൽ ഉണ്ണിയാൻ മൊല്ല, 32 വയസ്സ്

27. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, വട്ടിപ്പറമ്പത്ത് വീരാൻകുട്ടി കുരുക്കൾ, 25 വയസ്സ്

28. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, വട്ടിപ്പറമ്പത്ത് അബ്ദുല്ല കുരുക്കൾ, 20 വയസ്സ്

29. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, തങ്കയത്തിൽ മൊയ്തീൻകുട്ടി, 30 വയസ്സ്

30. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, നടക്കോട്ടിൽ പാർക്കും പടിഞ്ഞാറേക്കാരൻ വലിയ അത്തൻ, 22 വയസ്സ്

31. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, പുളിക്കലെ കുഞ്ഞി അഹമ്മദ്, 25 വയസ്സ്

32. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, പാറമേൽ പോക്കർ, 40 വയസ്സ്

33. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, മഠത്തിൽ മുസ്‌ലിയാർ ഉണ്ണിക്കോയ, 45 വയസ്സ്

34. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, കൊട്ടങ്കോടൻ മൊയ്തീൻ, 25 വയസ്സ്

35. ചെമ്പ്രശ്ശേരി താലൂക്ക്, ചെറമ്പ അംശം, അമ്പാട് തരിയക്കുട്ടി, 14 വയസ്സ്

36. ചെമ്പ്രശ്ശേരി താലൂക്ക്, ചെറമ്പ അംശം, തൊടിയിൽ അത്തൻ, 20 വയസ്സ്

37. ചെമ്പ്രശ്ശേരി താലൂക്ക്, പുങ്കോട് അംശം, കുട്ടപുലൻ മമ്മദ് കുട്ടി, 21 വയസ്സ്

38. പാണ്ടിക്കാട് താലൂക്ക്, വള്ളുവങ്കാട് അംശം, ഒസ്സാൻ ഉണ്ണിയൻ, 20 വയസ്സ്

39. ചെമ്പ്രശ്ശേരി താലൂക്ക്, പനവിഗാഡ് അംശം, പാലക്കത്തുണ്ടി കുഞ്ഞമ്മുട്ടി, 16 വയസ്സ്

40. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, തച്ചൻകോടൻ മമ്മദ്, 14 വയസ്സ്

41. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, വെളുത്തേടത്ത് അഹമ്മദ്, 16 വയസ്സ്

42. ചെമ്പ്രശ്ശേരി താലൂക്ക്, തുവ്വൂർ അംശം, ചെറത്തോടി കുഞ്ഞാലു, 25 വയസ്സ്

43. ചെമ്പ്രശ്ശേരി താലൂക്ക്, പാങ്ങോട് അംശം, പുന്നുരുത്തി മൊയ്തീകുട്ടി ഹാജി, 35 വയസ്സ്

44. ചെമ്പ്രശ്ശേരി താലൂക്ക്, പാങ്ങോട് അംശം, പുന്നുരുത്തി ഉണ്ണിമോയി, 20 വയസ്സ്

45. ചെമ്പ്രശ്ശേരി താലൂക്ക്, പാങ്ങോട് അംശം, മന്നിശ്ശേരി ഐദ്രോസ്, 25 വയസ്സ്

46. ചെമ്പ്രശ്ശേരി താലൂക്ക്, തൂവൂർ അംശം, കിരി അഹമ്മദുണ്ണി, 30 വയസ്സ്

47. ചെമ്പ്രശ്ശേരി താലൂക്ക്, തൂവൂർ അംശം, കിരി അബ്ദുല്ല, 20 വയസ്സ്

48. ചെമ്പ്രശ്ശേരി താലൂക്ക്, തൂവൂർ അംശം,

പുള്ളിക്കലേഷൻ അത്തൻ, 17 വയസ്സ്

49. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, പപ്പടത്തിൽ കൂഞ്ഞോക്കർ, 30 വയസ്സ്

50. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, പപ്പടത്തിൽ കോയ, 19 വയസ്സ്

51. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, പപ്പടത്തിൽ പോക്കർ, 15 വയസ്സ്

52. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, മാട്ടുമ്മൽ അഹമ്മദ്, 16 വയസ്സ്

53. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, മാട്ടുമ്മൽ കുഞ്ഞോറം, 20 വയസ്സ്

54.. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, മഞ്ചപ്പള്ളി അഹമ്മദ്കുട്ടി, 32 വയസ്സ്

55. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, വടക്കുംപാടത്ത് മൂത്ത, 17 വയസ്സ്

56. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, മേലേവീട്ടിൽ കുഞ്ഞിയാൻ, 18 വയസ്സ്

57. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, മേലേവീട്ടിൽ കുഞ്ഞിമൊയ്തീൻ, 14 വയസ്സ്

58. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, വടശ്ശേരി കുഞ്ഞോലൻ, 22 വയസ്സ്

59. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, ഒസ്സാൻ അഹമ്മദ്, 20 വയസ്സ്

60. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, മട്ടായി കുഞ്ഞവറു എന്ന ചക്കാലക്കണ്ണൻ, 15 വയസ്സ്

61. മഞ്ചേരി താലൂക്ക്, വാക്കത്തൊടി അംശം, തലപ്പിൽ മായൻ, 30 വയസ്സ്

62. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, ഒളിക്കൽ മാതരി, 23 വയസ്സ്

63. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, ചാത്തൻചിറ അയിദ്രു, 30 വയസ്സ്

64. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, ചാത്തൻചിറ കുഞ്ഞിക്കോയ, 33 വയസ്സ്

65. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, ചാത്തൻചിറ കുഞ്ഞിക്കോയ, 25 വയസ്സ്

66. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, പാട്ടുംകുണ്ടിൽ അഹമ്മദ് എന്ന ചക്കാനംതൊടി, 25 വയസ്സ്

67. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, പാട്ടുംകുണ്ടിൽ മമ്മദ് എന്ന ചക്കാനംതൊടി, 20 വയസ്സ്

68. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, പാട്ടുകുണ്ടിൽ ചേക്ക് എന്ന ചക്കാനംതൊടി, 18 വയസ്സ്

69. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കളകപ്പാറ കുഞ്ഞിപാരി, 28 വയസ്സ്

70. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കരവൻതൊടിക കുഞ്ഞി അഹമ്മദ്, 25 വയസ്സ്

71. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, ചക്കത്തൊടി മൂസാൻകുട്ടി, 14 വയസ്സ്

72. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കരഞ്ഞാടൻ അഹമ്മദ്, 18 വയസ്സ്

73. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കരഞ്ഞാടൻ മമ്മദ്, 16 വയസ്സ്

74. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, കരഞ്ഞാടൻ കോമു, 16 വയസ്സ്

75. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, പാലമ്പറത്ത് അബ്ദുല്ല, 17 വയസ്സ്

76. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, നെട്ടിത്തൊടി കുഞ്ഞലവി, 18 വയസ്സ്

77. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, മച്ചിരിയൻ കുഞ്ഞിസൻ എന്ന ചിറക്കൽ, 40 വയസ്സ്

78. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, പുത്തൻകളത്തിൽ കുഞ്ഞിമമ്മദ്, 12 വയസ്സ്

79. ഇരുമ്പുഴി താലൂക്ക്, പാപ്പനിപുര അംശം, പാലക്കാപറമ്പിൽ മൂത്ത, 40 വയസ്സ്

80. ഇരുമ്പുഴി താലൂക്ക്, പാപ്പനിപുര അംശം, പാലക്കാപറമ്പിൽ അഹമ്മദ്, 22 വയസ്സ്

81. ഏറനാട് താലൂക്ക്, പയ്യനാട് അംശം, ചെമ്പിലംപട്ട ഉണ്ണിഅഹമ്മദ് എന്ന പുറ്റമണ്ണിൽ, 35 വയസ്സ്

82. ഏറനാട് താലൂക്ക്, എളംകൂർ അംശം, പുറ്റമണ്ണിൽ ഉണ്ണിമമ്മദ്, 21 വയസ്സ്

83. ഏറനാട് താലൂക്ക്, പയ്യനാട് അംശം, നിരൻ ഉണ്ണിഅഹമ്മദ്, 25 വയസ്സ്

84. ഏറനാട് താലൂക്ക്, പയ്യനാട് അംശം, ചുണ്ടൻപൊറ്റ അത്തൻമോയി, 26 വയസ്സ്

85. ഏറനാട് താലൂക്ക്, പയ്യനാട് അംശം, തേനത്ത് ഏനാടി, 28 വയസ്സ്

86. ഏറനാട് താലൂക്ക്, പയ്യനാട് അംശം, ദോരായൻ, 24 വയസ്സ്

87. ഏറനാട് താലൂക്ക്, പയ്യനാട് അംശം, പുലകാടൻ ഉണ്ണി അഹമ്മദ്, 20 വയസ്സ്

88. ഏറനാട് താലൂക്ക്, നെല്ലിക്കൂത്ത് അംശം, കോട്ടുകുട്ടി കുഞ്ഞിഅഹമ്മദ്, 25 വയസ്സ്

89. ഏറനാട് താലൂക്ക്, നെല്ലിക്കൂത്ത് അംശം, കോട്ടക്കുട്ടി കുഞ്ഞിമൂത്ത, 25 വയസ്സ്

90. ഏറനാട് താലൂക്ക്, പയ്യനാട് അംശം, കോട്ടകുട്ടി കുഞ്ഞിഅബ്ദുല്ല, 21 വയസ്സ്

91. ഏറനാട് താലൂക്ക്, പയ്യനാട് അംശം, കോട്ടകുട്ടി കുഞ്ഞി ഉണ്ണിക്കോയ, 14 വയസ്സ്

92. ഏറനാട് താലൂക്ക്, എളങ്കൂർ അംശം, പുറ്റേമണ്ണിൽ ചെമ്പിലപേട്ടി ഇസ്സലു, 28 വയസ്സ്

93. വള്ളുവനാട് താലൂക്ക്, മങ്കട പള്ളിപ്പുറം അംശം, മണയൻകാടൻ കോയകുട്ടി, 24 വയസ്സ്

ക്ഷേത്രത്തിൽ പട തുടങ്ങുന്നതിന് മുമ്പ് അതിന് തയ്യാറെടുത്ത് നിന്നവർ ഇംഗ്ലീഷ് പട്ടാളമേധാവികൾക്ക്

നൽകിയ നിവേദനത്തിൽ തങ്ങളുടെ ജഡങ്ങൾ മതവിധിപ്രകാരം കബറടക്കം ചെയ്യുവാൻ വിട്ടുകൊടുക്കണമെന്നും തങ്ങളുടെ സ്ത്രീകളേയും കുട്ടികളേയും ഇതിൻെറ പേരിൽ ദ്രോഹിക്കരുതെന്നുമായിരുന്നു. എന്നാൽ മുസ്ലിംകളെ പ്രകോപിപ്പിക്കാനും ഇസ്ലാംമതനിഷേധം നടത്തുവാനും ബദ്ധകങ്കണരായ ക്രിസ്ത്യൻ ഭരണാധികാരികൾ പതിവുപോലെ മരിച്ചവരുടെ ജഡം ഒന്നിച്ചുകൂട്ടി മണ്ണെണ്ണ ഒഴിച്ച് കത്തിച്ച് ചാമ്പലാക്കുകയാണ് ചെയ്തത്.187. ഈ ഏറ്റുമുട്ടലിൽ മരണപ്പെട്ടവർക്ക് പുറമേ മുറിവ് പറ്റുകയും അറസ്റ്റിലാകുകയും ചെയ്തവർ വളരെ പേരുണ്ട്. അവരുടെ പേരാണ് താഴെ എഴുതുന്നത്.

1. വള്ളുവനാട് താലൂക്ക്, തൂവൂർ അംശം, കൊച്ചുകയ്യൻ മൊയ്തീൻകുട്ടി മുസ്ലിയാർ, 40 വയസ്സ്

2. ഏറനാട് താലൂക്ക്, ചെമ്പ്രശ്ശേരി അംശം, കാദറിൻെറ മകൻ കപ്പകുന്നൻമൂത്ത, 30 വയസ്സ്

3. ഏറനാട് താലൂക്ക്, പൊറൂർ അംശം, കുഞ്ഞോയിൽ മകൻ പൊറ്റമേൽ ഉണ്ണിമമ്മദ്, 25 വയസ്സ്

4. ഏറനാട് താലൂക്ക്, ചെമ്പ്രശ്ശേരി അംശം, കുഞ്ഞഹമ്മദ് മകൻ ആലിങ്കൽ അയിദ്രു, 30 വയസ്സ്

5. ഏറനാട് താലൂക്ക്, ചെമ്പ്രശ്ശേരി അംശം, മൂത്തയുടെ മകൻ അരുവിരലൻ മൂത്ത, 18 വയസ്സ്

6. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, ചെറുമൻ രാമൻ, 30 വയസ്സ്

7. ഏറനാട് താലൂക്ക്, ചെമ്പ്രശ്ശേരി അംശം, സെയ്താലിയുടെ മകൻ പുഴുത്തിനി കുഞ്ഞാലു, 20 വയസ്സ്

8. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കെ. കോമുവിൻെറ മകൻ കുട്ടി പുലിയൻ മൊയ്തീൻകുട്ടി, 27 വയസ്സ്

9. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കെ. മമ്മദു മകൻ കുട്ടി പുലിയൻ അഹമ്മദ്, 29 വയസ്സ്

10. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കെ. കോമുവിൻെറ കുട്ടി മകൻ മാട്ടുമ്മൽ വീരാൻ, 30 വയസ്സ്

11. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കെ. കുഞ്ഞോക്കിമകൻ, കരങ്കാടൻ അയമ്മദ്, 28 വയസ്സ്

12. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, കണക്കൻ കുഞ്ഞാത്തൻ മകൻ വെലുത്തേടത്ത് മൊയ്തീൻ, 40 വയസ്സ്

13. വള്ളുവനാട് താലൂക്ക്, വട്ടലൂർ അംശം, കുഞ്ഞഹമ്മദ് മകൻ, നെയ്രിമംപറമ്പത്ത് ഒസ്സാൻ മൊയ്തീൻകുട്ടി, 17 വയസ്സ്

14. മഞ്ചേരി താലൂക്ക്, ആനക്കയം അംശം, സി. സൂപ്പിയുടെ മകൻ ചിറ്റിരംപള്ളി മൂത്ത, 38 വയസ്സ്

15. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കെ. കുഞ്ഞോലൻകുട്ടി മകൻ കുനത്ത്പാരി, 35 വയസ്സ്

16. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, മാട്ടുമ്മൽ ഉണ്ണികോയ മകൻ തലക്കൊളത്ത് അഹമ്മദ്, 33 വയസ്സ്

17. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, മാട്ടുമ്മൽ ഉണ്ണിക്കോയ മകൻ പപ്പടത്തിൽ മമ്മു, 33 വയസ്സ്

18. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കെ. കോയാമു മകൻ കഴുകുന്നുമേൽ ചേക്കുകുട്ടി, 30 വയസ്സ്

19. ഏറനാട് താലൂക്ക്, ഇരുമ്പുഴി അംശം, പി. മൂത്തയുടെ മകൻ കഴുകുന്നുമേൽ അഹമ്മദ്ഹാജി, 25 വയസ്സ്

20. വള്ളുവനാട് താലൂക്ക്, അലവല്ലൂർ അംശം, അരക്കപറമ്പൻ ആവുള്ള, 25 വയസ്സ്

21. വള്ളുവനാട് താലൂക്ക്, ചെമ്പ്രശ്ശേരി അംശം, കുഞ്ഞിക്കോയമകൻ ചക്കാലകുന്നൻ കുഞ്ഞിയാൻ, 16 വയസ്സ്

22. വള്ളുവനാട് താലൂക്ക്, തൂവൂർ അംശം, മൊയ്തീൻകുട്ടി മകൻ ഒസ്സാൻ ഉണ്ണിയാൻ, 32 വയസ്സ്

23. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, മമ്മത്കുട്ടിമകൻ മാട്ടുമ്മൽ മൊയ്തീൻ, 12 വയസ്സ്

24. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളയൂർ അംശം, അവറാൻകുട്ടി മകൻ, കൈവളപ്പൻ കുഞ്ഞോലൻ, 20 വയസ്സ്

25. ചെമ്പ്രശ്ശേരി താലൂക്ക്, വെള്ളയൂർ അംശം, മൂത്തയുടെ മകൻ അരുവിരാലൻ അത്തോയി, 20 വയസ്സ്

26. മഞ്ചേരി താലൂക്ക്, പന്തലൂർ അംശം, കോമു മകൻ നെയ്പാടത്ത് കുഞ്ഞമ്മൻ, 27 വയസ്സ്

27. വള്ളുവനാട് താലൂക്ക്, കരിടകംകുന്ന് അംശം, വീരാൻകുട്ടി മകൻ അമ്പാട് അയിദ്രോസ്, 52 വയസ്സ്

28. വള്ളുവനാട് താലൂക്ക്, എടപ്പട്ട അംശം, ടി. മരക്കാർ മകൻ തയ്യിൽ അലിവി, 48 വയസ്സ്

29. വള്ളുവനാട് താലൂക്ക്, പൊറൂർ അംശം, കമ്മു മുസ്ലിയാർ മകൻ പൊറ്റയിൽ മമ്മദ് മുസ്ലിയാർ, 35 വയസ്സ്

30. വള്ളുവനാട് താലൂക്ക്, പൊറൂർ അംശം, കുഞ്ഞഹമ്മദ് മകൻ മാളിയേക്കൽ മോയൻകുട്ടി, 25 വയസ്സ്

31. ചെമ്പ്രശ്ശേരി താലൂക്ക്, പൂക്കോട്ട് അംശം, കോയമകൻ കുട്ടപ്പാടൻ മമ്മി, 25 വയസ്സ്

32. ചെമ്പ്രശ്ശേരി താലൂക്ക്, പൊറൂർ അംശം, കമ്മുമുസ്ലിയാർ മകൻ പൊറ്റയിൽ മമ്മദ് മുസ്ലിയാർ, 25 വയസ്സ്

33. ചെമ്പ്രശ്ശേരി താലൂക്ക്, തൃക്കുന്നശ്ശേരി അംശം, ഉണ്ണിഅലി മകൻ പീഠിക പറമ്പൻ മരക്കാരുട്ടി, 42 വയസ്സ്

34. ചെമ്പ്രശ്ശേരി താലൂക്ക്, പൂക്കോട്ട് അംശം, ടി. കോയമകൻ തെപ്പിയോലൻ ഉണ്ണിഅയമ്മദ്, 17 വയസ്സ്

35. ഏറനാട് താലൂക്ക്, വെട്ടികാത്തിരി അംശം, ഏനിമകൻ, കുന്നുമ്മേൽ അഹമ്മദ്, 20 വയസ്സ്

മഞ്ചേരിയിലെ അതിദാരുണമായ ഈ നരഹത്യയോടുകൂടി എല്ലാം സമാധാനമായെന്ന് കരുതിയിരിക്കുമ്പോഴാണ് മാർച്ച് 2-ാം തീയ്യതി മറ്റൊരു സംഘം കുഴപ്പങ്ങൾ നടത്തി കൊണ്ടിരിക്കുന്നതായി അധികൃതർ അറിയുന്നത്. പാണ്ടിക്കാട് അംശത്തിലെ പട്ടികത്തൊടിക ഗോവിന്ദപ്പണിക്കരുടെ വീട് അക്രമിച്ചതായാണ് വിവരം ലഭിച്ചത്. ഉടനെ തന്നെ ക്യാപ്റ്റൻ ലെയിട്ടനും കോഴിക്കോട് വിഭാഗം സൈന്യത്തിലെ അസിസ്റ്റൻണ്ട് പോലീസ് സുപ്രണ്ട് ബിഡിയും സമയം ഒട്ടും പാഴാക്കാതെ പാണ്ടിക്കാട്ടേക്ക് പുറപ്പെട്ടു. മാർച്ച് 4-ാം തീയ്യതി ഒരു മണിയോടുകൂടി ഇംഗ്ലീഷ് സൈനികക്യാമ്പിലേക്ക് മുറിവുപറ്റി അവശനായ വലിയ വ്യട്ടിഇട്ടി രാരിച്ചൻനായരെ കൊണ്ടുവന്നിരുന്നു. തുവ്വൂർ അംശത്തിൽ പെരുവഴിക്കോട് കളത്തിൽ വച്ചാണ് ഇയ്യാളെ ആക്രമിച്ചത്. മരിച്ചെന്ന ധാരണയിൽ കലാപകാരികൾ അവിടെ ഇട്ടേച്ച് പോകുകയായിരുന്നു. ഇ.കൃഷ്ണൻനായരുടെ കാര്യസ്ഥനായിരുന്നു ഇയാൾ. കൃഷ്ണൻനായർ മാപ്പിളകർഷകരുടെയെല്ലാം വിരോധം വാങ്ങിവെച്ച ദ്രോഹിയുമാണ്. മാർച്ച് 5-ാം തീയ്യതിയോടെ കലാപക്കാർ വണ്ടൂരിലേക്കാണ് നീങ്ങിയതെന്ന വിവരം കിട്ടയതോടെ പട്ടാളം അവരെ പിൻതുടർന്ന് അവിടേക്കു പോയി. രണ്ടു ദിവസം അവിടെ തങ്ങിയിട്ടും പട്ടാളക്കാർക്ക് കലാപകാരികളെ കുറിച്ച് ഒരു വിവരവും അറിയാൻ കഴിയാതിരുന്നതിനാൽ ക്യാപ്റ്റൻ ലെയിട്ടനും ജെ.ടി. ഗില്ലെസ്പിയും 36 യുറോപ്യൻ സൈന്യവുമായി പാണ്ടിക്കാട്ടേക്ക് തന്നെ മടങ്ങി പോന്നു. വണ്ടൂരിൽ ലഫ്റ്റനൻണ്ട് കോർബെറ്റിനെയും 24 പട്ടാളക്കാരെയും നിർത്തിയ ശേഷമാണിവർ മടങ്ങിയത്. അതേ സമയം അസിസ്റ്റൻണ്ട് പോലീസ് സുപ്രണ്ട് വിൽക്കിൻസൺ തന്റെ സ്പെഷ്യൽ റിസർവ്വ് പോലീസിനോടൊപ്പം തുവ്വൂർ, ചെമ്പ്രശ്ശേരി അംശങ്ങളിൽ കുഴപ്പക്കാരെ പിൻതുടരുന്നുണ്ടായിരുന്നു. അവസാനം മാർച്ച് 13-ാം തീയ്യതി വൈകുന്നേരമായപ്പോഴെക്കും തൃക്കുന്നശ്ശേരി ദേശത്ത് ചെമ്പ്രശ്ശേരി അംശത്തിലെ പറമ്പയിൽ എന്ന സ്ഥലത്ത് ഒരു വീട്ടിൽ ആക്രമണകാരികൾ കയറി പോലീസിനെ നേരിടാൻ തയ്യാറായി നിന്നു. എന്നാൽ കലാപകാരികളുടെ എണ്ണം അപ്പോഴേക്ക് മൂന്നായി ചുരുങ്ങിയിരുന്നു. കീഴടങ്ങാൻ ആവശ്യപ്പെട്ടിട്ട് വഴങ്ങാതിരുന്നതുകൊണ്ട് മൂന്ന് പേരെയും വെടിവെച്ചിട്ടു. രണ്ടു പേർ ഉടൻ മരിച്ചു. മൂന്നാമത്തെയാൾ അപായകരമായ പരുക്കുകളോടെ പിടിയിലുമായി. തുടക്കത്തിൽ ഈ സംഘത്തിൽ 1. കീരി അഹമ്മദ് ഉണ്ണി, 2. ഒസ്സാൻ ഉണ്ണിയൻ, 3. പഴുത്തിനി കുഞ്ഞായു, 4. അമ്പാട്ട് അയ്ദ്രോസ്, 5. കീരി അബ്ദുല്ല, 6. അരുവിലാൽ അത്തേയി, 7. കൈതവളപ്പൻ കുഞ്ഞോലൻ എന്നീ ഏഴു പേരാണുണ്ടായിരുന്നത്. ഇവരിൽ ആദ്യത്തെ രണ്ടുപേരാണ് വെടിയേറ്റു മരിച്ചത്. പരുക്കുകളോടെ പിടിയിലായത് മൂന്നാമത്തെയാളുമാണ്. നാലാമത്തെയാൾ മാർച്ച് 6-ാം തീയ്യതി സംഘത്തിൽ നിന്നും പിരിഞ്ഞുപോയതാണ്. അയാളെ 8-ാം തീയ്യതി ഭാര്യവീട്ടിൽ നിന്നും അറസ്റ്റു ചെയ്തു. അഞ്ചാമൻ വെടികൊണ്ടു മരിച്ച കീരി അഹമ്മദ് ഉണ്ണിയുടെ ഭാര്യാസഹോദരനായിരുന്നു. മാർച്ച് 11ാം തീയ്യതി ഇയ്യാളുടെ ജഡം കുറ്റിക്കാട്ടിൽ വെടി യേറ്റുമരിച്ച നിലയിൽ കണ്ടെത്തി. ആറാമൻ മഞ്ചേരി ക്ഷേത്രത്തിൽ വെടികൊണ്ടുമരിച്ച ചേക്കുവിന്റെ സഹോദരനുമാണ്. മാർച്ച് 13ന് കാളികാവു നിന്നും തേനത്ത് കുഞ്ഞോലൻ, നമ്പൻ വലിയ മമ്മദ്, നമ്പൻ ചെറിയ മമ്മദ്, എന്നിവർ ആറും ഏഴും പ്രതികളെ ബന്ധിച്ചു വണ്ടൂരിൽ കൊണ്ടുവന്ന് ജില്ലാമജിസ്ട്രേറ്റിനെ ഏല്പിച്ചിരുന്നു. ഇവരെ മഞ്ചേരി സബ്ബ് ജെയിലിലേക്കയക്കുകയും ചെയ്തു. ഇതോടെ 1896 ഫെബ്രുവരി മാർച്ച് മാസങ്ങളിലുണ്ടായ മാപ്പിളമാരുടെ ചെറുത്ത് നിൽപ്പ് താൽക്കാലികമായി അവസാനിച്ചു.

ഇതിനു രണ്ടു വർഷം മുമ്പാണല്ലോ 1894ൽ പാണ്ടിക്കാട് ലഹള നടക്കുന്നത്. ലഹളയെ ചോരയിൽ മുക്കിക്കൊന്ന ശേഷം ക്രൈസ്തവഭരണാധികാരികൾ നടത്തിയ ഹീനമായ പീഡനം മുസ്ലിംകളെ ആകമാനം രോഷാകുലരാക്കിയിരുന്നു. ലഹളയിൽ മരിച്ചവരുടെയും അതുമായി ബന്ധമുണ്ടെന്നാരോപിച്ച് നാടുകടത്തിയവരുടെയും സ്ത്രീകളെയും കുട്ടികളെയും ക്രൂരമായ പീഡനങ്ങൾക്കും ബലാൽക്കാരത്തിനും ഇരയാക്കി. കടുത്ത കുട്ടപ്പിഴ വളരെപ്പേരെ നിരാലംബരാക്കി തെരുവുതെണ്ടികളാക്കി മാറ്റുകയും ചെയ്തു. തങ്ങളുടെ ജഡം എതെങ്കിലും പള്ളി ശ്മശാനത്തിൽ അടക്കം ചെയ്യണമെന്ന അഭ്യർത്ഥന കാറ്റിൽ പറത്തി എന്ന് മാത്രമല്ലാ, മുസ്ലീംവികാരത്തെ മനഃപൂർവ്വം വൃണപ്പെടുത്തണമെന്ന ഉദ്ദേശ്യത്തോടു കുടി ചുട്ട് ചാമ്പലാക്കുകയും ചെയ്തിരുന്നു. മുസ്ലീംകളോട് ശത്രുത പുലർത്തുന്നവർക്കും മതനിന്ദ നടത്തുന്നവർക്കും എല്ലാ സഹായവും സർക്കാർ നൽകിയിരുന്നത് മുസ്ലീംകളുടെ സങ്കടത്തിന് കൂടുതൽ ആക്കം കൂട്ടുകയും ചെയ്തു. തടവുകാരിൽ ഒരാളായ അമ്പാട്ട് അയ്ദ്രോസ് ലഹള ക്കാരണങ്ങൾ പറഞ്ഞതിവയാണ്.

1. 1894 ലെ ലഹളയിൽ മരിച്ചവരുടെ അമ്മ പെങ്ങൻമാരെ മർദ്ദിക്കുകയും അവരുടെ കുപ്പായം വലിച്ചുകീറി ദേഹമാസകലം മുളകുപൊടി വിതറുകയും ചെയ്തതും അവരുടെ പക്കലുണ്ടായിരുന്ന സർവ്വവിധ വിലപ്പെട്ട സാധനങ്ങൾ അപഹരിച്ചതും മാപ്പിള മനസ്സിനെ സംഘർഷം കൊള്ളിച്ചിരുന്നു. ഇവയ്ക്ക് പ്രതികാരം ചെയ്യുവാൻ സ്വാഭാവികമായും അവരുറച്ചു.

2. മതം മാറിയ തിയ്യസ്ത്രീയെ പഴയ വിശ്വാസത്തിലേക്ക്

തിരിച്ചുകൊണ്ട് വന്ന് അവർക്ക് സർവ്വവിധ സംരക്ഷയും നൽകിയ സർക്കാരിൻെറ നടപടി ഇസ്ലാമിനോടുള്ള പക പോക്കലായി കരുതിയിരുന്നു.

3. മുസ്ലിംകളുടെ പ്രാർത്ഥനാലയം പൊളിച്ചത് മറ്റൊരു കാരണമാണ്.

4. ഇവക്കൊക്കെ മകുടം ചാർത്തുന്നതായിരന്നു മുസ്ലിംകളെ സർക്കാർ മർദ്ദിച്ചൊതുക്കൊണ്ടിരിക്കുമ്പോൾ, ആ അവസരം വിനിയോഗിച്ച് ജൻമിമാർ മാപ്പിളമാരുടെ, കൈവശസ്ഥലങ്ങളിൽമേൽചാർത്ത് നടത്തി അവരെ ഒഴിപ്പിച്ചുകൊണ്ടിരുന്നത്. അങ്ങനെ എല്ലാ നിലക്കും ഗതികെട്ട അവസ്ഥയിൽ ഈ അനീതികൾക്കെതിരായി പടവെട്ടി മരിക്കുന്നതാണ് മതധർമ്മമെന്ന് വിശ്വാസികൾ കരുതുകയും ചെയ്തു. 188.

യഥാർത്ഥത്തിൽ പോലീസും റവന്യൂ ഉദ്യോഗസ്ഥൻമാരും മനഃപ്പൂർവ്വമായി മുസ്ലിംകളെ ഗതിമുട്ടിച്ച് ലഹളക്ക് വഴിയുണ്ടാക്കുകയായിരുന്നുവെന്ന് അക്കാലത്തെ രേഖകൾ സൂക്ഷ്മമായി പരിശോധിച്ചാൽ കാണാൻ സാധിക്കുന്നതാണ്. തൂവൂർ പള്ളിയിൽ ജോലി ചെയ്തിരുന്ന തൊപ്പിയിട്ട മൊയ്തീൻ കുട്ടി മുസ്ലിയാർ എന്ന് വിളിക്കുന്ന കൊച്ചുകയ്യൻ ലഹള നടക്കുന്ന കാലത്തിന് 26 വർഷം മുമ്പ് മതപരിവർത്തനം ചെയ്ത ഒരു ചെറുമനായിരുന്നു. എന്നാൽ മുസ്ലിം ആയ ശേഷം മതപരമായ പഠനങ്ങൾ നടത്തി പൊന്നാനിയിലും മറ്റിടങ്ങളിലും പോയി അറബിയിലും മതവിജ്ഞാനത്തിലും വ്യുൽപത്തി നേടി തിരിച്ചെത്തിയ അദ്ദേഹം മതപ്രസംഗകനും പള്ളിയിലെ ഇമാമുമായിരുന്നു. അദ്ദേഹത്തിന് നാട്ടിൽ ധാരാളം അനുയായികളും ശിക്ഷ്യൻമാരുമുണ്ടായിരുന്നു. മുസ്ലിയാർ തൻെറ ചെരിപ്പ് അഴിച്ച് ഒച്ചാനിച്ച് വഴിമാറി കൊടുത്തില്ലെന്നതിൻെറ പേരിൽ ശങ്കരൻനായർ മുസ്ലിയാരെ ഉന്തുകയും അപഹസിക്കുകയും ചെയ്തിരുന്നു. മുസ്ലിയാരും മുസ്ലിമുമൊക്കെയാണെങ്കിലും അടിസ്ഥാനപരമായി ചെറുമനായതുകൊണ്ട് സവർണ്ണരെ കാണുമ്പോൾ ചെറുമർ ചെയ്യുന്നവിധം അദ്ദേഹം ചെയ്യാതിരുന്നതായിരുന്നു വഴക്കിന് കാരണം. ഇതു മുസ്ലിയാരേയും അദ്ദേഹത്തിൻെറ ശിഷ്യഗണങ്ങളേയും ഏറെ വേദനിപ്പിച്ച കാര്യമാണ്. ഉണ്ണിമമ്മദ് എന്ന പ്രതി നൽകിയ മൊഴിയിൽ മുസ്ലിയാരുടെ പ്രസംഗങ്ങളിൽ ഇത്തരം അനീതികൾ എന്ത് വില കൊടുത്തും അവസാനിപ്പിക്കണമെന്ന് ഊന്നിപ്പറഞ്ഞിരുന്നത്രെ. ഇതിൻെറയൊക്കെ ഫലമായിട്ടാണ് അയൽവാസികളായ കുണ്ടൂർ അയമ്മദ്കുട്ടിമൊല്ല, മാളിയേക്കൽ മോയൻകുട്ടി, പൊറ്റയിൽ മമ്മദ് മുസ്ലിയാർ പട്ടിക്കാടൻ, സിറാജുദ്ദീൻെറ മക്കൾ, തുടങ്ങിയവർ ഒന്നിച്ചുകൂടി തൂവൂർ അധികാരി ഗോവിന്ദൻ നായരേയും മറനാട്ട് നമ്പൂതിരിപ്പാടിനേയും കൊല്ലാൻ പരിപാടിയിട്ടത്. അധികാരിയെ വധിക്കാൻ ഉദ്ദേശിച്ചത് മുസ്ലിയാരെ മർദ്ദിച്ചതിനും നമ്പൂതിരിയെ കൊല്ലാനൊരുങ്ങിയത് സിറാജുദ്ദീൻെറ മക്കളുടെ കൈവശമുണ്ടായിരുന്ന ഭൂമി ഈ നമ്പൂതിരി ഒഴിപ്പിച്ചെടുത്തിരുന്നതിനാലുമാണ്. പയ്യനാട് അംശത്തിലുണ്ടായിരുന്ന ഒരു പള്ളി പൊളിച്ചതായിരുന്നു മറ്റൊരു കാരണമായി പറഞ്ഞത്.

മഞ്ചേരി-പാണ്ടിക്കാട് റോഡിൻെറ ഒരു വശത്ത് ഉണ്ടായിരുന്ന നീരൊഴുക്ക് യാത്രക്കാർ കുളിക്കാനും മറ്റും സാധാരണ ഉപയോഗിച്ച് പോന്നിരുന്നു. എന്നാൽ 1895 മാർച്ച് മാസത്തിൽ പയ്യനാട് അംശത്തിലെ അബ്ദുല്ല കുരുക്കൾ ഈ നീരൊഴുക്കിന് സമീപത്തായി ഒരു താൽക്കാലിക ഷെഡ് കെട്ടി മുസ്ലിം യാത്രക്കാർക്ക് അവിടെ പ്രാർത്ഥനാ സൗകര്യം ഏർപ്പെടുത്തിയിരുന്നു. അനധികൃതമായിട്ടാണ് ഈ പള്ളി അവിടെ പണിതതെന്ന് അന്നേ ആരോപണമുണ്ടായിരുന്നു. കൃത്യമായി നമസ്ക്കാരം നടത്തിപ്പോന്നിരുന്ന ഈ പള്ളി സർക്കാർ പൊളിച്ചു നീക്കുകയാണ് ചെയ്തത്. ഇത് മുസ്ലിംകളുടെ മതവികാരത്തെ മുറിവേൽപ്പിച്ച കാര്യമായിരുന്നു. ഒഴിവാക്കാമായിരുന്ന ഈ അനിഷ്ടസംഭവം മുസ്ലിംകളെ പ്രകോപിപ്പിക്കുവാൻ വേണ്ടി മാത്രം അധികാരികൾ അറിഞ്ഞുകൊണ്ട് ചെയ്തതാണ്. അത്പോലെ ചക്കി എന്ന പേരോടു കൂടിയ ഒരു തിയ്യബാലിക പത്തോ പന്ത്രണ്ടോ വയസ്സുള്ള കാലത്ത് ആരുടെയോ പ്രേരണയാൽ മതം മാറി കുപ്പായമിട്ടിരുന്നു. കുറെ കാലത്തിന് ശേഷം അവൾ മടങ്ങിയെത്തി ജാക്കറ്റ് ഊരിക്കളഞ്ഞ് ഈഴവവിശ്വാസത്തിൽ കഴിഞ്ഞുകൂടിയിരുന്നു. ഈ സംഭവം നടന്നത് അധികാരികളുടെ പ്രേരണയോടുകൂടി ആണെന്നാണ് അന്നാട്ടുകാരായ മുസ്ലിംകൾ കരുതിപ്പോന്നത്. ലഹള തുടങ്ങുന്നതിന് ഒരുമാസം മുമ്പ് 1896 ജനുവരി 25-ാം തിയ്യതി സ്പെഷൽ അസിസ്റ്റൻറ് മജിസ്ട്രേട്ടിന് കിട്ടിയ റിപ്പോർട്ടിൽ ഈ സ്ത്രീയെ വീണ്ടും ഇസ്ലാമാക്കുവാനുള്ള ശ്രമം നടക്കുന്നതായി പറഞ്ഞിരുന്നു. തുടർന്ന് അദ്ദേഹത്തിൻെറ നിർദ്ദേശാനുസരണം വാതരോഗിയായ ഈ സ്ത്രീയെ പോലീസ് സംരക്ഷണത്തോട് കൂടി കോഴിക്കോട് ആസ്പത്രിയിലേക്ക് മാറ്റിയിരുന്നു. തങ്ങളുടെ മതത്തെ നിന്ദിച്ച ഇവർക്ക് പ്രത്യേക പോലീസ് സംരക്ഷണം കൊടുത്തതും കോഴിക്കോട്ടേക്ക് കൊണ്ടുപോയതുമൊക്കെ സ്ഥലത്തെ മാപ്പിളമാരെ അപമാനിച്ച മറ്റൊരു കാരണമായിരുന്നു. മാപ്പിളകർഷകർക്ക് കുറെ അധികം ദുരിതങ്ങൾ ജൻമിമാരിൽ നിന്നും അനുഭവിക്കേണ്ടതായി വന്നിരുന്നവെന്ന കാര്യം ഔദ്യോഗിക റിപ്പോർട്ടുകളിൽ നിന്ന് തന്നെ വ്യക്തമാകുന്നുണ്ട്. മഞ്ചേരി ക്ഷേത്രത്തിൽ വെടിയേറ്റ് മരിച്ച പറമ്പത്ത് കുഞ്ഞിക്കോയയെന്ന ആൾ തൻെറ കൈവശമുണ്ടായിരുന്ന 16 ഏക്കർ സ്ഥലം, ഒരു നമ്പൂതിരിയിൽ നിന്നും 300 രൂപ കടം വാങ്ങി പണയപ്പെടുത്തിയിരുന്നു. ഈ സ്ഥലം മുഴുക്കെ നമ്പൂതിരി കേസ് പറഞ്ഞ് കൈവശപ്പെടുത്തി കുഞ്ഞിക്കോയയെ നിരാലംബനാക്കിത്തീർത്തിരുന്നു. ഇയാളുടെ സഹോദരീപുത്രനും മഞ്ചേരി കലാപത്തിൽ മരണപ്പെട്ട ആളുമായ പറമ്പത്ത് അയ്മദിൻെറ സ്ഥലം ഒരു നായർ ജൻമി കള്ളക്കേസുണ്ടാക്കി പിടിച്ചെടുക്കുകയും ചെയ്തു. അത്പോലെ കോട്ടങ്കോടൻ മൊയ്തീൻ ചേരത്തൊടി കുഞ്ഞാലു എന്നിവരും മഞ്ചേരി ക്ഷേത്രത്തിൽ വെടികൊണ്ടു മരിച്ചവരാണ്. തൃക്കാട്ടിരി നായർ സ്ഥലത്തെ ജൻമികളിൽ ഒരാളായിരുന്നു. അദ്ദേഹം ഇവരുടെ കൈവശത്തിലിരുന്ന

കമ്മസ്ഥലങ്ങൾ കോടതി മുഖാന്തിരം ഒഴിപ്പിച്ചെടുത്തതിന്റെ ഫലമായി ഇവർക്ക് ജീവിതം ദുസ്സഹമായിത്തീർന്നിരുന്നു. ഇതേ അനുഭവം തന്നെയാണ് മഞ്ചേരി ക്ഷേത്രത്തിൽ മരണമടഞ്ഞ കരുവമ്പൊയിൽ കുഞ്ഞി അഹമ്മദിനെ ലഹളയിൽ ചേരുവാൻ പ്രേരിപ്പിച്ചത്. ലഹള ആരംഭത്തിൽ 1896 ഫെബ്രുവരി 26-ാം തിയ്യതി പണിയർകുന്നത്ത് രാരുനായരെ വെട്ടിക്കൊന്നിരുന്നു. പെരുങ്കടവൊടിയിൽ മൊയ്തുട്ടി എന്നയാൾ തുവ്വൂരിൽ ഒരു പള്ളി 20 വർഷങ്ങൾക്ക് മുമ്പ് പണികഴിപ്പിച്ചിരുന്നു. മേലാറ്റൂരിലെ നടുവക്കാട്ട് അഭിമാന തറവാടിൽ നിന്നായിരുന്നു പള്ളിയിരിക്കുന്ന സ്ഥലത്തിന്റെ ജന്മാവകാശം മൊയ്തുട്ടി വാങ്ങിയത്. എന്നാൽ മേലാറ്റൂരിലെ അധികാരിയായി അവരോധിക്കപ്പെട്ട ഈ തറവാട്ടിലെ പിൻഗാമി പള്ളിയും ഖബർസ്ഥാനവും ഇരിക്കുന്ന സ്ഥലമുൾപ്പെടെയുള്ള ഭൂമി കൃത്രിമരേഖകൾ ഉണ്ടാക്കി ഒഴിപ്പിച്ചെടുത്തിരുന്നു. ആ സ്ഥലം വധിക്കപ്പെട്ട രാരുനായർക്കാണ് പതിച്ചുകൊടുത്തിരുന്നത്. അദ്ദേഹമാകട്ടെ അധികാരിയുടെ കാര്യസ്ഥനും. ഇയാളെ വധിക്കുവാനുള്ള കാരണം അതാണ്.

പതിവിന് വിപരീതമായി ഈ ലഹളയ്ക്ക് ശേഷം കൂട്ടപ്പിഴ ഈടാക്കിയില്ല. കാരണം ഈ പ്രദേശങ്ങളിൽ നിന്ന് തന്നെയാണ് പല പ്രാവശ്യമായി മാപ്പിളമാരെ പിഴിഞ്ഞ് പിഴ വസൂലാക്കിയിരുന്നത്. രോഗാതുരന് രോഗബീജങ്ങൾ തന്നെ കുത്തിവെക്കുന്നത് പോലെയാണ് ചെമ്പ്രശ്ശേരി, തുവ്വൂർ, പന്തല്ലൂർ സ്ഥലങ്ങളിലെ ദരിദ്രരുടെ മേൽ പിഴയിടുക എന്നാണ് സ്പെഷൽ അസിസ്റ്റന്റ് മജിസ്ട്രേട്ട് എഴുതിയത്. അവർ ചെയ്ത കുറ്റത്തിന് എന്താണ് പ്രതിവിധി എന്നതിന്റെ മറുപടി അവരത്രയും സ്വന്തം ജീവൻ ആഹുതി ചെയ്തതും അവരെ പട്ടികളെപ്പോലെ വെടിവെച്ച് കൊന്നതും ധാരാളമാണല്ലോ എന്നാണ്.189. ഇതിന്റെ ഫലമായി ലഹള ബാധിത പ്രദേശങ്ങളെ കൂട്ടപ്പിഴയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ മുറിവ് പറ്റിയവരെയും തടവിൽ പിടിച്ചവരെയും എല്ലാം സ്ഥിരമായി നാടുകടത്തുവാനാണ് തീരുമാനിച്ചത്. പടവെട്ടി മരിച്ച എല്ലാവരുടേയും സ്വത്ത് കണ്ട് കെട്ടുവാൻ തീരുമാനിക്കുകയും ചെയ്തു.

പന്തല്ലൂർ സ്ഥലങ്ങളിലെ ദരിദ്രരുടെ മേൽ പിഴയിടുക എന്നാണ് സ്പെഷൽ അസിസ്റ്റന്റ് മജിസ്ട്രേട്ട് എഴുതിയത്. അവർ ചെയ്ത കുറ്റത്തിന് എന്താണ് പ്രതിവിധി എന്നതിന്റെ മറുപടി അവരത്രയും സ്വന്തം ജീവൻ ആഹുതി ചെയ്തതും അവരെ പട്ടികളെപ്പോലെ വെടിവെച്ച് കൊന്നതും ധാരാളമാണല്ലോ എന്നാണ്.189. ഇതിന്റെ ഫലമായി ലഹള ബാധിത പ്രദേശങ്ങളെ കൂട്ടപ്പിഴയിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ മുറിവ് പറ്റിയവരെയും തടവിൽ പിടിച്ചവരെയും എല്ലാം സ്ഥിരമായി നാടുകടത്തുവാനാണ് തീരുമാനിച്ചത്. പടവെട്ടി മരിച്ച എല്ലാവരുടേയും സ്വത്ത് കണ്ട് കെട്ടുവാനും തീരുമാനിക്കുകയും ചെയ്തു.

19-ാം നൂറ്റാണ്ടിൽ നടന്നിട്ടുള്ള നിരവധി മാപ്പിള കലാപങ്ങളിൽ നിന്നും ഒറ്റപ്പെട്ടു നിൽക്കുന്ന സംഭവമാണ് 1898 ഏപ്രിൽ ആദ്യത്തിൽ പയ്യനാട് അംശത്തിൽ നടന്നത്. ഇതിൽ പങ്കെടുത്ത എല്ലാവരും തന്നെ പട്ടാളത്തിന് കീഴടങ്ങിയെന്നതാണ് ഈ ലഹളയുടെ പ്രത്യേകത. ഇത്തരം ഒരു സംഭവം ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. പടവെട്ടി മരിക്കുകയെന്നതാണ് സാധാരണ രീതി. ഇതിനു വിപരീതമായി കീഴടങ്ങാൻ പ്രേരിതരായത് അവർക്ക് അഭിമുഖീകരിക്കേണ്ടതായി വന്ന എതിർപ്പ് മുസ്ലീംകളിൽ നിന്നായതിനാലാണ്. അവരുടെ സഹായത്തിന് ആരും തയ്യാറായില്ലെന്നു മാത്രമല്ല അവരെ എതിരിടാനുള്ള ഒരുക്കത്തോടുകൂടി മുന്നൂറിൽ പരം മുസ്ലീംകൾ വള്ളുവർക്കാട്ട് തങ്ങളുടെ നേതൃത്വത്തിൽ ഇവരെ വളഞ്ഞിരുന്നു. പാണക്കാട്, മമ്പ്രം തങ്ങൾമാരും സ്ഥലത്തെത്തി അവരോട് കീഴടങ്ങുവാൻ ആവശ്യപ്പെട്ടു. പയ്യനാട് മുസ്ലീംകൾ എല്ലാവരും തങ്ങൾക്കെതിരാണെന്ന് ബോദ്ധ്യമായതിനാലും മമ്പ്രം തങ്ങൾ മുതൽ സ്ഥലത്തെ പ്രധാനികളത്രയും കീഴടങ്ങണമെന്ന് ആവശ്യപ്പെട്ടതുകൊണ്ടും മറ്റു മാർഗ്ഗമൊന്നും കാണാത്തതിനാൽ അവർ അനുസരിക്കുകയാണുണ്ടായത്. മുസ്ലീംകൾ പൊതുവെ ഭയചകിതരായതു കൊണ്ടും കലാപമുണ്ടാകുകയാണെങ്കിൽ കൂട്ടപ്പിഴയും പീഡനവും എല്ലാവരുമനുഭവിക്കേണ്ടതായി വരുമെന്നതിനാലും ആണ് കലാപകാരികൾക്ക് ആരുടെയും പിന്തുണ ലഭിക്കാതിരുന്നത്. അതും ഏറ്റവും വലിയ മർദ്ദകവീരനായ ഒരു ജന്മിയെയാണ് അവർ വധിച്ചത്. സാമുദായികമായ ചില പ്രശ്നങ്ങളും ഉണ്ടായിരുന്നു. എന്നിട്ടും ആരും അവരെ സഹായിക്കാനെത്താതിരുന്നത് കലാപങ്ങൾക്കെതിരായി മുസ്ലീംകൾ ചിന്തിച്ചു തുടങ്ങിയിരിക്കുന്നുവെന്നതിന്റെ നല്ല ലക്ഷണമാണെന്നാണ് മലബാറിലെ സ്പെഷ്യൽ അസിസ്റ്റന്റ് മജിസ്ട്രേട്ട് റിപ്പോർട്ട് ചെയ്യുന്നത്.190

ഈ സംഭവത്തിൽ പങ്കാളിയായിരുന്ന ചേക്കുവിന്റെ മകൻ ത്രഷേരി ഉണ്ണി അലിയെ വിസ്തരിച്ചപ്പോൾ നൽകിയ മൊഴി കേസ്സിന്റെ ഏകദേശരൂപം നൽകുന്നുണ്ട്. അത് താഴെ കൊടുക്കുന്നു. "കൊലപാതകം നടക്കുന്നതിന് മൂന്നാഴ്ച മുമ്പു തന്നെ ഞങ്ങൾ മരിക്കാൻ തയ്യാറെടുത്തിരുന്നു. ഞാനും എന്റെ സഹോദരൻ ത്രഷേരി ഉണ്ണിയാൻ, എന്റെ സഹോദരന്റെ പുത്രൻ ചേക്കു, കുണ്ടിയാൻകാടൻ അത്തൻ മോയി, പൊട്ടത്തൊടിയിൽ അലവി, കോയക്കുട്ടിമൊല്ലയുടെ മകൻ അലവി, കുരുവാരക്കാടൻ മോയി, ഇത്രയും പേരാണുണ്ടായത്. ഇത് ചെയ്യാനുറച്ചത് ഈ നമ്പൂതിരി വളരെക്കാലമായി ഞങ്ങളെയെല്ലാം ദ്രോഹിച്ചുകൊണ്ടിരുന്നു. പ്രത്യേകിച്ച് രണ്ടുകൊല്ലം മുമ്പ് വണ്ടൂരും അതിനല്പം മുമ്പ് കാരിയയിലും ഞങ്ങൾ പണിയാൻ പോയ പള്ളിയും ജാറവും ഇയ്യാൾ നശിപ്പിച്ചു. ഞങ്ങളെ മർദ്ദിക്കുക അദ്ദേഹത്തിന്റെ സ്ഥിരം പതിവുമായിരുന്നു. പലസ്ഥലത്തും പലകാര്യങ്ങൾക്കായി ഞങ്ങളെ പറഞ്ഞയക്കുമെങ്കിലും അതിനുള്ള കൂലി ഒരിക്കലും തരികയില്ല. ചിലപ്പോൾ വഴിക്കാരനായി ഞങ്ങൾ ജോലി ചെയ്യാറുണ്ട്. കൂലി തരുന്ന സമ്പ്രദായം ഈ നമ്പൂതിരിക്കില്ല. ഞങ്ങൾ ഇദ്ദേഹത്തിന്റെ അടുത്ത സ്ഥലങ്ങളിൽ

താമസക്കാരായതിനാൽ ഓരോ കാര്യത്തിനായി ഞങ്ങളെ വിളിച്ച് പറയും. അതു ചെയ്താലും ചെയ്തില്ലെങ്കിലും ഞങ്ങളെ അദ്ദേഹത്തിന്റെ നായൻമാരെക്കൊണ്ട് മർദ്ദിപ്പിക്കും. കഴിഞ്ഞ വ്യാഴാഴ്ചയും എന്നെ തല്ലിപ്പിച്ചു. അടുത്ത ദിവസം വെള്ളിയാഴ്ച ഈ മർദ്ദനം അവസാനിപ്പിക്കണമെന്ന് ഞങ്ങൾ ഉറച്ചു. അന്ന് ദിവസം പാണ്ടിക്കാട് പള്ളിയിൽ ഞങ്ങളെല്ലാവരുമുണ്ടായിരുന്നു. അഞ്ച് മണിയോടെ മടങ്ങിയെത്തി അവരവരുടെ വീടുകളിൽ നിന്നും കത്തിയും കുട്ടിച്ച് ഓരോരുത്തരും മാറാണത്ത് വാസുദേവൻ നമ്പൂതിരിയുടെ ഇല്ലത്തേക്കു പോയി. ഞങ്ങളുടെ പക്കൽ കത്തിയും വടിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൊടുവാളോ, കോടാലിയോ ഉണ്ടായിരുന്നില്ല. സൂര്യനസ്തമിച്ചതോടു കൂടി അടുത്ത കുളത്തിൽ കുളിക്കാനായി നമ്പൂതിരി പോകുന്നതു കണ്ടു. കുറെ കഴിഞ്ഞ് കുളി കഴിഞ്ഞ് വരുമ്പോൾ ഞങ്ങൾ ഏഴു പേരും കൂടി അദ്ദേഹത്തെയും അനുയായികളെയും അടിക്കുകയും കുത്തുകയും ചെയ്തു. നമ്പൂതിരിയുടെ കൂടെ പത്ത് സേവകർ അപ്പോൾ ഉണ്ടായിരുന്നു. അവർ ഞങ്ങളെയും ആക്രമിച്ചു. നമ്പൂതിരി കുത്തു കൊണ്ട് വീഴുന്നതു കണ്ടു. ഇരുട്ടായതിനാൽ അവിടെ സംഭവിച്ച കാര്യങ്ങളൊന്നും വ്യക്തമായിരുന്നില്ല. ഞങ്ങൾ എല്ലാവരും ഓടി രക്ഷപ്പെട്ടു. എന്നാൽ മുറിവു പറ്റി ഓടാൻ പറ്റാതെയായ ത്രക്കരി ഉണ്ണ്യാൻ അവിടെ പെട്ടു പോയി. ഞങ്ങൾ തെക്കോട്ട് അരമൈൽ സഞ്ചരിച്ച് കുറ്റിക്കാട്ടിൽ കിടന്നുറങ്ങി. നേരം പുലരുന്നതിനു മുമ്പ് ഒരു മൈൽ കൂടി പോയി അവിടെയുള്ള കുറ്റിക്കാട്ടിൽ പകൽ ചെലവഴിച്ചു. വൈകുന്നേരമായപ്പോൾ വിശപ്പു മൂലം കോട്ടപ്പുറത്തു ചാത്തു നായരെന്ന ആളുടെ വീട്ടിൽ കയറി മുന്നിടങ്ങഴി അരി ചോദിച്ചു. അരി കിട്ടിയതും അവിടെ നിന്നു പോന്നു, ചെറിയൻ മായൻ എന്ന ആളുടെ താമസമില്ലാത്ത വീട്ടിൽ കയറി അരി പാകം ചെയ്തു കഴിച്ചു. രാത്രി കുറെയായപ്പോൾ അവിടെ നിന്നും ഒരു മൈൽ ദൂരം സഞ്ചരിച്ച് വീണ്ടുമൊരു കുറ്റിക്കാട്ടിൽ കയറി കിടന്നുറങ്ങി. പിറ്റേ ദിവസവും അവിടെ തന്നെയാണ് ഞങ്ങൾ തങ്ങിയത്. രാത്രിയായപ്പോൾ അരനാഴിക വടക്കോട്ട് പോയി. അവിടെ ഒരു നായരുടെ വീട്ടിൽ കയറി. നായരുടെ പേര് ഓർക്കുന്നില്ല. ഞങ്ങൾ അവിടെ ആണുങ്ങളെ ആരെയും കണ്ടില്ല. സ്ത്രീകളോട് ഭക്ഷണം തരണമെന്ന് പറഞ്ഞപ്പോൾ അവർ ഞങ്ങൾക്ക് ചോറും കറിയും വിളമ്പി. ഞങ്ങൾക്ക് കുറച്ച് വെള്ള വസ്ത്രം വേണമെന്നാവശ്യപ്പെട്ടപ്പോൾ അവർ അതും നൽകി. വീട്ടിലുള്ളവർ ഭയപ്പെട്ടു ഓടാൻ ശ്രമിക്കുകയായിരുന്നു. ഞങ്ങൾക്ക് ഭക്ഷണം മാത്രം മതിയെന്നും ഞങ്ങൾ ആരെയും ഉപദ്രവിക്കുകയില്ലെന്നും ഉറപ്പു കൊടുത്ത ശേഷമാണ് അവരുടെ ശ്വാസം നേരെയായത്. രാത്രി ഏറെയായപ്പോൾ ഞങ്ങൾ അവിടെ നിന്നും പോന്നു. ഞങ്ങൾ ശുഭ്രവസ്ത്രം ധരിക്കുകയും ബാങ്കു വിളിക്കുകയും ചെയ്തു. അപ്പോൾ ഞങ്ങളുടെ പക്കൽ ഒരു കോടാലിയും കുറെ കൊടുവാളുമുണ്ടായിരുന്നു.

ഇവിടെ നിന്നും തെക്കോട്ട് കുറെ പിന്നെയും പോയി. വഴിക്ക് കോമൻ നായരെന്ന ആളുടെ വീട്ടിൽ കയറിയിരുന്നു. അതിലെ പോയപ്പോൾ കയറിയെന്നുമാത്രമേയുള്ളൂ. കോമൻ നായർ വീട്ടിലുണ്ടായിരുന്നു. ശർക്കര ഉണ്ടോയെന്നന്വേഷിച്ചപ്പോൾ അതില്ലെന്നു മറുപടി കിട്ടി. അവിടെ നിന്നും നാലു നാഴികയോളമായി ഞങ്ങൾ പന്തല്ലൂരെത്തി. അവിടെയുള്ള അമ്പലത്തിൽ കയറി. ഇതിൽ കയറി നിലയുറപ്പിക്കണമെന്ന് നേരത്തെ നിശ്ചയിച്ചിരുന്നില്ലെങ്കിലും അതിനകത്തു കയറിയപ്പോൾ നിന്നു പൊരുതാൻ പറ്റിയ സ്ഥലമാണെന്ന് തോന്നിയതിനാൽ അത് തന്നെ ഞങ്ങൾക്ക് മരിക്കാനുള്ള സ്ഥലമെന്ന് ഞങ്ങൾ തീർച്ചപ്പെടുത്തുകയും ചെയ്തു. ഇവിടെ വള്ളുവങ്ങാട്ട് തങ്ങൾ ഞങ്ങളോട് പുറത്തിറങ്ങി വരുവാൻ ആവശ്യപ്പെട്ടെങ്കിലും ഞങ്ങൾ അതിന്നു തയ്യാറായില്ല. പിന്നെ പാണ്ടിക്കാട് തങ്ങളും പകൽ മുഴുവനും വന്ന് ഇതു തന്നെ ആവർത്തിച്ചു. മലപ്പുറം തങ്ങൾ വരട്ടെ എന്നു ഞങ്ങൾ വിളിച്ചു പറഞ്ഞു. അദ്ദേഹവും വന്നു. ഞങ്ങളോട് ഇറങ്ങിവരാൻ ആവശ്യപ്പെട്ടു. ഞങ്ങൾ വരാമെന്ന് ഞാൻ പറഞ്ഞു. എന്നാൽ ഞങ്ങൾക്ക് ഒരു സങ്കടം പറയാനുള്ളത് ജഡ്ജിമാർ എല്ലാവരും പ്രത്യേകിച്ച് മലപ്പുറം തങ്ങൾ കേൾക്കണം. നിങ്ങളുടെ എന്ത് സങ്കടവും അറിയിക്കുക. അത് സായിപ്പിനോട് പറഞ്ഞ് ഞാൻ ശരിയാക്കിത്തരാം, എന്ന് മലപ്പുറം തങ്ങൾ പറഞ്ഞു. ഞങ്ങൾ മരിക്കാൻ നിശ്ചയിച്ച ആളുകളാണ്. ഇപ്പോൾ നിങ്ങളുടെയൊക്കെ നിർബന്ധത്തിനു വഴങ്ങി കീഴടങ്ങാം. പക്ഷെ ഞങ്ങളെ അറേബ്യയിലേക്ക് പോകാൻ അനുവദിച്ചാൽ മതി, എന്ന് ഞാൻ പറഞ്ഞതിന് തങ്ങൾ നൽകിയ മറുപടി, നിങ്ങളെയെല്ലാം അറേബ്യയിലേക്കയക്കണമെന്ന് ഞാൻ സായിപ്പിനോടു പറയാം, എന്നായിരുന്നു. തുടർന്ന് ഞങ്ങൾ കീഴടങ്ങുകയും ചെയ്തു." 191

നമ്പൂതിരി വധത്തെക്കുറിച്ച് പാണ്ടിക്കാട് സ്റ്റേഷനിൽ ഉടനെ തന്നെ അറിവു കിട്ടിയിരുന്നു. എന്നാൽ മഞ്ചേരിയിൽ ഇതറിയുന്നത് പാതിരാത്രി സമയത്താണ്. മലപ്പുറത്താകട്ടെ പിറ്റേ ദിവസം രാവിലെ എട്ടു മണിക്കും. മഞ്ചേരി ഇൻസ്പെക്ടറും സബ് മജിസ്ട്രേറ്റും രാവിലെ ഏഴുമണിക്കു തന്നെ ഇല്ലത്തെത്തിയിരുന്നു. അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് വിൽക്കിൻസണും സ്പെഷ്യൽ അസിസ്റ്റന്റ് മജിസ്ട്രേട്ട് എൻ. വിബർട്ടും വൈകുന്നേരം 3.30 മണിയോടെ സ്ഥലത്തെത്തി. കുറ്റവാളികളുടെ നീക്കത്തെക്കുറിച്ച് അപ്പോഴപ്പോൾ കിട്ടിക്കൊണ്ടിരുന്ന വിവരം വെച്ച് സൈന്യത്തെയും പോലീസിനെയും അന്വേഷണസംഘങ്ങളായി പ്രധാന ക്ഷേത്രങ്ങളിൽ രക്ഷാകവചം കൊടുക്കുവാനുമായി നിയോഗിച്ചിരുന്നു. ഏപ്രിൽ 4-ാം തിയ്യതിയാണ്, പന്തല്ലൂരുള്ള ചെമ്പ്രമണ്ണിക്കാരുടെ അമ്പലത്തിൽ കലാപകാർ നിലയുറപ്പിച്ചിട്ടുണ്ടെന്ന് കൃത്യമായി മനസ്സിലാകുന്നത്. അസിസ്റ്റന്റ് പോലീസ് സൂപ്രണ്ട് വിൽക്കിൻസണിന്റെ നേതൃത്വത്തിലുള്ള സൈനികർ ഇവരുടെ നീക്കത്തെ സസൂക്ഷ്മം നിരീക്ഷിച്ചു കൊണ്ടിരുന്നു. ക്ഷേത്രത്തിന് തൊട്ടടുത്തുള്ള ഒരു കുന്നിൻ ചെരുവിൽ വിൽക്കിൻസണും സംഘവും എത്തിയിട്ടുണ്ടായിരുന്നു. ഏറ്റുമുട്ടലിന്റെ സന്ദർഭം സമാഗതമായെന്ന് കരുതി പോലീസ് സന്നാഹം തയ്യാറെടുപ്പ് നടത്തുമ്പോഴേക്കുമാണ് വള്ളുവങ്ങാട്ട് തങ്ങളുടെ നേതൃത്വ

ത്തിൽ മുന്നൂറ് നാന്നൂറ് മുസ്ലീംകൾ അമ്പലം വളഞ്ഞ് അവരോട് കീഴടങ്ങുവാനാവശ്യപ്പെട്ടത്. മലപ്പുറം പൂക്കോയ തങ്ങളും പയ്യനാട് അബ്ദുൾ കുരുക്കൾ തുടങ്ങിയവരും കലാപകാരികളെ കീഴടങ്ങാൻ പ്രേരിപ്പിച്ചതിൻെറ ഫലമായി രക്തച്ചൊരിച്ചിലില്ലാതെ കുറ്റവാളികളെ തടവിലാക്കുവാൻ സാധിച്ചു. 192.

1. ത്രിഷേരി ഉണ്ണി അലി, 2. ത്രിഷേരി ഉണ്ണിയാൻ, 3. പൊട്ടൻ ചൊടിയിൽ അലവി, 4. കരുവാരക്കോട്ടിൽ മോയി, 5. ഇടക്കാടമ്പൻ അലിവി,6. കോടിയങ്കാടൻ അത്തൻ മോയി, 7. ത്രഷേരി ചേക്കു. 8. പാണ്ടിക്കാട്ടുകാരൻ എരണിയിൽ മൊയ്തീൻ, എന്നി എട്ടു പേരെ നാടുകടത്തുവാനും ഈ കേസ്സുമായി ബന്ധപ്പെടുത്തി അറസ്റ്റ് ചെയ്തിരുന്ന മറ്റു നാലു പേരായ 1.നീലമ്പ്ര കുഞ്ഞി രായൻ2. നീച്ചിയൻ കഞ്ഞോട് 3. ചോലക്കിൽ അലിവി 4. വാളോങ്കിൽ അഹമ്മദുകുട്ടി എന്നിവരെ വെറുതെ വിടുവാനുമാണ് വിധിയുണ്ടായത്. 193. എന്നാൽ ത്രഷേരി സഹോദരൻമാരായ ഉണ്ണി അലി, ഉണ്ണിയാൻ എന്നിവരുടെ നാടുകടത്തൽ ശിക്ഷ റദ്ദാക്കി, അവരുടെ കേസ്സ് അപ്പീൽ കേട്ട് അവരെ തൂക്കിക്കൊല്ലുവാനാണ് ഉത്തരവുണ്ടായത്. 194. അത് പോലെ നീലമ്പ്രകുഞ്ഞിരായനെ വെറുതെവിട്ടിരുന്നുവെങ്കിലും അയാളുടെ കേസ്സ് പുനർ വിചാരണചെയ്ത്, നീലമ്പ്രകുഞ്ഞിരായനെയും നാടുകടത്താനായിരുന്നു ആത്യന്തിക തിരുമാനം. 195. കേസ്സുകൾ ചാർജ്ജ് ചെയ്യുന്നതും പ്രതികളെ വിചാരണ നടത്തുന്നതും കേസ്സു വിധിക്കുന്നതുമെല്ലാം ഒരാൾ തന്നെയാണെന്നതാണ് വിചിത്രമായ അവസ്ഥ. ജില്ലാ കലക്ടറായ എക്സിക്യൂട്ടീവ് അധികാരിയും ജില്ലാ ന്യായാധിപനും ഒരാൾ തന്നെയായിരുന്നു. താഴേക്കിടയിലും റവന്യൂ ഉദ്യോഗസ്ഥൻമാരും പോലീസ് അധികാരികളും നീതിന്യായ നടത്തിപ്പുകാർ കൂടിയായിരുന്നതിനാൽ കേസ്സും വിചാരണയും ശിക്ഷയുമൊക്കെ വെറും പ്രഹസനം മാത്രമായധപ്പതിച്ചിരുന്നു. മാപ്പിള അധിവാസ കേന്ദ്രങ്ങളൊക്കെ നിരന്തരം കൂട്ടപ്പിഴ നൽകേണ്ടതായി വരികയും കുടുംബനാഥരിൽ അധികവും ഓരോ കാരണത്താൽ നാടുകടത്തപ്പെടുകയും ചെയ്തതിനാൽ വള്ളുവനാട്, ഏറനാട് താലൂക്കുകളിലെ മുസ്ലീംകൾ അധികവും നിർധനരും പീഡിതരുമായി മാറിയിരുന്നു. ഈ താലൂക്കുകളിലെ ഒട്ടു മിക്ക മുസ്ലീമിൻെറയും ഭൂസ്വത്തുക്കൾ കൂട്ടപ്പിഴയുടെ പേരിൽ കണ്ടുകെട്ടുകയും അവശേഷിക്കുന്നവ ജൻമികളുടെ കുടിയൊഴിപ്പിക്കലിന് വിധേയമാകുകയും ചെയ്തു. അങ്ങനെ ക്രൂരമായ അടിച്ചമർത്തലുകളുടെ ഫലമായി, അനവധി പേർ വീടും കുടിയുമുപേക്ഷിച്ച് മറുനാടുകളിലേക്ക് പോയി. വളരെ കുടുംബങ്ങൾ നിരാശ്രയരായി അടിമപണിയും യാചനയുമായി കഴിച്ചുകൂട്ടി. കഴിവും ആരോഗ്യവുമുള്ള ചെറുപ്പക്കാർ ചെറിയ ചെറിയ സംഘങ്ങളായി ഉള്ളവൻെറ വീടുകളിൽ കയറി കൊള്ള നടത്തുക പതിവാക്കി. ഇതിനെ തുടർന്ന് എണ്ണമറ്റ ആളുകൾ ജയിലിലാകുകയും ജില്ലയിൽ നിന്നും സ്ഥിരമായി മറുനാടുകളിലേക്ക് നാടുകടത്തപ്പെടുകയും ചെയ്തു. ജില്ലാ അധികാരികൾ അവകാശപ്പെട്ടിരുന്നത് 1890 കളിൽ നടന്ന ദാരുണമായ നരഹത്യകൾക്കും കൂട്ടക്കൊലകൾക്കും ശേഷം 1915 വരെ ഏറനാട് - വള്ളുവനാട് താലൂക്കുകളിൽ ഏറെക്കുറെ സമാധാനസ്ഥിതിയായിരുന്നുവെന്നാണ്. എന്നാൽ അവരുടെ തന്നെ രേഖകൾ വിളിച്ചോതുന്നത് ഇക്കാലങ്ങളിലൊക്കെ നാട്ടിൽ ഒറ്റയൊറ്റയായി ത്തിരി സംഭവങ്ങൾ നടന്നിരുന്നുവെന്നും ക്രമസമാധാനം അങ്ങിനെ തീർത്തും അലങ്കോലപ്പെട്ടിരുന്നുവെന്നുമാണ്. 1915ൽ ജില്ലാ കലക്ടറും മജിസ്ട്രേറ്റുമായ സി.എ. ഇന്നിസിനെ പതിയിരുന്നു വധിക്കാൻ ശ്രമിച്ച സംഭവത്തിനു മുമ്പു തന്നെ ഈ താലൂക്കുകളിലെ ക്രമസമാധാനം പാടെ തകർന്നിരുന്നുവെന്നതാണ്, അതിനു തൊട്ടടുത്ത മാസങ്ങളിലായി നടന്ന കാര്യങ്ങൾ വെളിപ്പെടുത്തുന്നത്. ജില്ലാ ഭരണമേധാവി സി.എ. ഇന്നിസ് റിപ്പോർട്ട് ചെയ്യുന്നതിപ്രകാരമാണ്.

"1914 ഡിസംബർ അവസാനത്തോടുകൂടി ഏറനാട് - വള്ളുവനാട് താലൂക്കുകളിൽ പ്രമാദമായ പല ക്രിമിനൽ സംഭവങ്ങളുണ്ടായി. 1914 ഡിസംബർ 22നും 1915 ഫെബ്രുവരി 15നും ഇടയ്ക്ക് ഗൗരവതരമായ 13 കൊള്ളകൾ നടന്നിരുന്നു. ഇതിൽ വ്യത്യസ്ഥങ്ങളായ എട്ടു സംഘങ്ങളുണ്ടായിരുന്നുവെന്നത് ഈ താലൂക്കുകളിലെ ക്രമസമാധാന നില തകർന്നിരുന്നുവെന്നതിന് തെളിവാണ്. ഇവയിൽ 5 കേസ്സുകൾ കോടതിയിൽ വിചാരണയിലിരിക്കുകയാണ്. യുദ്ധകാലമായതിനാൽ മരക്കച്ചവടത്തിൽ ഏറെ മാന്ദ്യം ഉണ്ടായത് ഇതിൽ ജോലി ചെയ്തിരുന്ന ധാരാളം മാപ്പിളമാർ തൊഴിൽരഹിതരായി മാറാൻ കാരണമായിട്ടുണ്ട്." 196.

1914 ഡിസംബർ 21ന് വണ്ടൂരിലെ പ്രധാന ജൻമിയായ കാഞ്ഞിരത്ത് നമ്പൂതിരിയുടെ ഇല്ലത്തിൽ ഒരു കൊള്ളസംഘം കയറി ആക്രമണം നടത്തി. വരാന്തയിൽ ഉറങ്ങിക്കിടന്നിരുന്ന രണ്ടു നമ്പൂതിരിമാരെ വധിക്കുകയും ഒരു പട്ടർ ബ്രാഹ്മണനെ വെട്ടിമുറിവേൽപ്പിക്കുകയും ചെയ്തു. വാതിൽ പൊളിച്ച് അകത്ത് കടക്കുവാനുള്ള ശ്രമം നടത്തുന്നതു കണ്ട് തോക്ക് വേഗം ഇങ്ങെടുത്തു താ എന്നു വീട്ടിലുണ്ടായിരുന്ന ആരോ വിളിച്ചു പറയുന്നതു കേട്ട് കൊള്ളക്കാർ പിന്നെ അവിടെ നില്ക്കാതെ ഓടിപ്പോയി. പ്രതികളെ ആരേയും തിരിച്ചറിയാൻ കഴിഞ്ഞിരുന്നില്ല. അത് സംബന്ധമായ അന്വേഷണം ഫലത്തിലെത്തിയതുമില്ല. 1915 ജനുവരി ആദ്യത്തിൽ പന്തലൂർ അംശത്തിൽ കലാപത്തിൻെറ കാർമേഘങ്ങൾ ഉരുണ്ടുകൂടിയിട്ടുണ്ടെന്നും ഏത് സമയത്തും ഏത്തരം അനിഷ്ടസംഭവവുമുണ്ടാകാമെന്നുമുള്ള കിംവദന്തികളും പേരുവെക്കാത്ത എഴുത്തുകളും ലഭിച്ചതിൻെറ ഫലമായി, പോലീസ് സൂപ്രണ്ട് ഹിച്ച്കോക്കിൻെറ നേതൃത്വത്തിൽ സത്വരമായ പ്രതിരോധ പ്രവർത്തനങ്ങൾ നടന്നു. ഒരു മുൻകരുതലെന്നോണം മഞ്ചേരി, പാണ്ടിക്കാട്, തുവ്വൂർ, പന്തലൂർ എന്നി പ്രദേശങ്ങളിൽ പോലീസ് സേനകളെ താവളമടിപ്പിച്ച് ജാഗ്രത്തായി നിൽക്കുവാൻ കല്പിക്കുകയും ചെയ്തിരുന്നു. തൻമൂലം കനത്തുക്കൂടിയ കാർമേഘം കാറ്റടിച്ച് ചിതറിപ്പോയി.

പ്രതീക്ഷിച്ച ഘോരമാരി ഉണ്ടായില്ല.

എന്നാൽ 1915 ഫെബ്രുവരി 27-ാം തിയ്യതി കലക്ടർ സി.എ. ഇന്നിസിനെ വധിക്കാൻ നടത്തിയ ശ്രമത്തിൽ അദ്ദേഹം തന്നെ കാണുന്ന കാരണങ്ങളിലൊന്ന് ഇതാണ്. "ജനുവരി 27ന് ഞാൻ കാളിക്കാവിൽ ക്യാമ്പ് ചെയ്യുന്ന അവസരത്തിൽ ഒരു തിയ്യൻ എന്റെ അടുത്ത് ഒരു പരാതിയുമായി വന്നു. അയാളുടെ സഹോദരൻ പത്ത്-പന്ത്രണ്ട് വയസ്സുമാത്രമുള്ള ഒരു ബാലനെ സെയ്താലി എന്ന ഒരു മുസ്ലിം തട്ടികൊണ്ടുപോയി മതം മാറ്റിയിരിക്കുന്നുവെന്നും അത് ഈ ബാലന്റെയോ, അയാളുടെ കുടുംബക്കാരായ ഞങ്ങളുടെ ആരുടെയെങ്കിലുമോ, സമ്മതത്തോടുകൂടിയല്ലെന്നും കുട്ടിയെ തിരിച്ച് കിട്ടുവാൻ സഹായിക്കണമെന്നുമായിരുന്നു. ഇത്തരം കാര്യങ്ങളാണ് പലപ്പോഴും ലഹളകൾക്ക് നിദാനമായി നിന്നിട്ടുള്ളത് എന്നറിയാമായിരുന്നിട്ടും ഇതു സംബന്ധിച്ച് അന്വേഷിച്ച് സങ്കട നിവർത്തി ഉണ്ടാക്കണമെന്ന് ഞാൻ വിചാരിച്ചു. തുടർന്ന് ഞാൻ മൂന്ന് മാപ്പിളവീടുകൾ പരിശോധന നടത്തി. തല മുണ്ഡനം ചെയ്തു തൊപ്പിയിട്ട മുസ്ലിം വേഷധാരിയായി നിന്നിരുന്ന ബാലനെ ഒരു വീട്ടിൽ നിന്നും കണ്ടു കിട്ടുകയും ചെയ്തു. കുട്ടിയെ പരാതിക്കാരനെ ഏല്പിച്ച ശേഷം അവിടെ കൂടിയ ചെറുപ്പക്കാരായ കുറെ മുസ്ലിംകളോട് ഈ ബാലനേയോ, അയാളുടെ സഹോദരനേയോ, യാതൊരു തരത്തിലും ഉപദ്രവിക്കരുതെന്ന് അവരോട് പറയുകയും ചെയ്തു. പിറ്റെ ദിവസം ഞാൻ സെയ്താലിയെ അറസ്റ്റു ചെയ്യുകയുമുണ്ടായി. അയാൾ പറഞ്ഞത് ഈ ബാലനെ അവന്റെ കുടുംബക്കാർ വേണ്ടവിധം നോക്കിയിരുന്നില്ലെന്നും സമപ്രായക്കാരായ മുസ്ലിംകുട്ടികളുമായിട്ടായിരുന്നു ഇയാളുടെ ചങ്ങാത്തമെന്നുമാണ്. തന്നെ മതത്തിൽ ചേർക്കണമെന്ന് ഇയാൾ നിർബന്ധമായി പറയാറുണ്ടായിരുന്നുവെന്നും അതിനെ തുടർന്ന് താൻ കുട്ടിയുടെ കാര്യം ചില മുസ്ലിം സുഹൃത്തുക്കളുമായി സംസാരിച്ചപ്പോൾ അവർ തന്നെ ഉപദേശിച്ചത് പള്ളിയിലെ മുസ്ലിയാരോട് ആലോചിച്ച് വേണ്ടത് ചെയ്യണമെന്നായിരുന്നു. മുസലിയാരുടെ അടുത്ത് കുട്ടിയുമായി ചെന്നപ്പോൾ അദ്ദേഹം യാതൊരു തടസ്സവും പറയാതെ ബാലനെ വിശ്വാസവചനങ്ങൾ ചൊല്ലിക്കൊടുത്ത് മുസ്ലിമാക്കുകയും ചെയ്തു. ഈ പരിതസ്ഥിതിയിൽ പ്രായപൂർത്തിയാകാത്ത ഒരാളെ അയാളുടെ കുടുംബാംഗങ്ങളുടെ ഇഷ്ടത്തിന് വിപരീതമായി മതം മാറ്റിയതിന് സെയ്താലിയെ 50 രൂപ പിഴയടക്കാൻ മാത്രം ശിക്ഷിക്കുകയും കാര്യം ഇവിടം കൊണ്ടവസാനിപ്പിക്കുകയും ചെയ്തിരുന്നു.197.

"എന്നാൽ കാളിക്കാവ് നടന്ന ഈ ചെറിയ കാര്യം അതിഭാവുകത്വത്തോടു കൂടി ഭാവനക്കൊത്തവിധം പ്രചരിപ്പിക്കുകയായിരുന്നു കോഴിക്കോട് നിന്ന് പ്രസിദ്ധീകരിച്ചിരുന്ന വാർത്താമാധ്യമങ്ങൾ. ഞാൻ കൈക്കൊണ്ട തീരുമാനത്തിൽ സ്ഥലത്തെ മാപ്പിളമാർക്ക് ആർക്കും തന്നെ ഒരെതിർപ്പുമുണ്ടായിരുന്നില്ല. എന്നാൽ പത്രക്കാർ പലതരത്തിലാണ് ഈ വാർത്ത അടിച്ചുവിട്ടത്. ഞാൻ നൽകിയ ശിക്ഷ വളരെ കുറഞ്ഞുപോയെന്നും ഇത്തരം പ്രമാദമായ കേസ്സ് വളരെ ലാഘവത്തോടുകൂടിയാണ് ഞാൻ കൈകാര്യം ചെയ്തതെന്നും ഒരു വിഭാഗം എഴുതിയപ്പോൾ, മതപരിവർത്തനം ചെയ്ത ആൾ പ്രായപൂർത്തിയെത്തിയ ആളാണെന്നും അയാളുടെ ഇഷ്ടത്തിനും സമ്മതത്തിനും വിധേയമായി മാത്രമാണ് മതം മാറ്റിയതെന്നും അതിൻമേൽ എടുത്ത നടപടി ഇസ്ലാം മതത്തേയും വിശ്വാസികളേയും അപമാനിക്കലുമാണെന്നും വേറൊരു കൂട്ടരും എഴുതി. മതംമാറിയ ആളെ പിടിച്ച് തിരിച്ചേർപ്പിച്ചതും മതപരിവർത്തനത്തിന് സഹായിച്ച ആളെ ശിക്ഷിച്ചതും മതം അപകടത്തിലായിരിക്കുന്നുവെന്ന പ്രചാരണത്തിന് മുൻതൂക്കം കിട്ടുവാൻ ഇടവരുത്തി. ഒന്നാം ലോക മഹായുദ്ധത്തിന്റെ ഗതി ഇംഗ്ലീഷ് പക്ഷത്തിന് അനുകൂലമല്ലെന്നും ബ്രിട്ടീഷ് ഗവർമ്മേണ്ട് ഇൻഡ്യയിൽ ഇല്ലാതാകുവാൻ പോകുന്നുവെന്നും മാപ്പിളമാർ വിശ്വസിച്ചിരുന്നു. ഫെബ്രുവരി 17-ാം തിയ്യതി കാരിയവട്ടത്തു ഒരു കൊള്ള നടന്നതറിഞ്ഞ് അവിടേക്ക് പോയ ഞാൻ കുറ്റകൃത്യം നടന്ന സ്ഥലത്തിനടുത്തായുള്ള മേലാറ്റൂർ റസ്റ്റ് ഹൗസിലാണ് താമസിച്ചിരുന്നത്.198.

"ഫെബ്രുവരി 26-ാം തിയ്യതി അതിരാവിലെ രണ്ടുമണി സമയത്ത് മേലാറ്റൂരിലെ റിട്ടയേഡ് അധികാരി കുഞ്ഞുണ്ണി ഏറാഡിയും മൊയ്തൂട്ടി ഹാജി, പുള്ളിങ്കൽ മൊയ്തീൻ എന്നിവർ എന്നെ വിളിച്ചുണർത്തി എന്തോ വലിയ കുഴപ്പം ഉണ്ടാകാൻ പോകുന്നതിന്റെ ലക്ഷണങ്ങളൊക്കെ ഉണ്ടെന്ന് അറിയിച്ചു. മൊയ്തൂട്ടി ഹാജിയുടെ പണിക്കാരനായിരുന്ന തങ്കയത്തിൽ അലവിയും ചിലരും ഒരു ലഹളക്ക് തയ്യാറെടുപ്പ് നടത്തുന്നതായി അവർ പറഞ്ഞു. ഒരു പക്ഷേ എന്നെ ഈ രാത്രി തന്നെ അവർ ആക്രമിച്ചേക്കുമെന്ന് ആശങ്കയു ള്ളതിനാൽ കരുവാരക്കുണ്ടു മുതൽ റസ്റ്റ് ഹൗസ് വരെയുള്ള പാതവക്കിൽ താൻ മാപ്പിളമാരെ കാവൽ നിർത്തിയിരിക്കുകയാണെന്നും മൊയ്തീൻ കുട്ടി ഹാജി പ്രസ്താവിച്ചു. ഞാനുടനെതന്നെ പോലീസ് സ്റ്റേഷനിലെത്തി. അവിടെ നിന്ന് പാണ്ടിക്കാട്ടേ പോലീസ്സേനയേയും സൂപ്രണ്ട് ഹിച്ച്കോക്കിനേയും വിവരം അടിയന്തിരമായറിയിക്കുവാൻ ആളെ പറഞ്ഞുവിടുകയും ചെയ്തു. എന്റെ സഹായത്തിന് അപ്പോഴേക്കും പത്ത് മുപ്പത്ത് മാപ്പിളമാർ റസ്റ്റ് ഹൗസിൽ എത്തിയിരുന്നു. അവരോടു കൂടി രാവിലെ നാലേപതിനഞ്ചിന് എന്റെ രക്ഷാസന്നാഹവുമായി അലവിയെ അറസ്റ്റ് ചെയ്യാൻ ഞാൻ പുറപ്പെട്ടു. അയാളെ കിട്ടിയാൽ ലഹള മുളയിൽ തന്നെ നുള്ളിക്കളയാൻ സാധിക്കുമെന്നതായിരുന്നു എന്റെ കണക്കുകൂട്ടൽ. ............ഇയാൾ ഉണ്ടാകാവുന്ന ഇടങ്ങളിലൊക്കെ അന്വേഷിച്ചെങ്കിലും ശ്രമം നിഷ്ഫലമായി. പിന്നീടറിയാൻ കഴിഞ്ഞത് കരുവാരക്കുണ്ട് പള്ളിയിൽ പഠിക്കുന്ന ചില വിദ്യാർത്ഥികളും ഇയാളും കൂടി ആയുധശേഖരം നടത്തി കുറ്റിക്കാടുകളിലെ ഒളിസങ്കേതങ്ങളിലേക്ക് നീങ്ങിയിട്ടുണ്ടെന്നായിരുന്നു. മലപ്പുറത്തു നിന്നും അപ്പോഴേക്കും സ്പെഷൽ ഫോഴ്സിലെ നാല് സർജൻറ്മാരുടെ കീഴിൽ 40 പേർ കരുവാരക്കുണ്ടിലേക്ക് നീങ്ങിയിരുന്നു. ഞാൻ രാവിലെ രണ്ടു സർജൻറ്മാരും 20 സൈനികരുമായി അവിടേക്ക്

പുറപ്പെടുകയും ചെയ്തു.199.

പോലീസ് സൂപ്രണ്ട് ഹിച്ച്കോക്ക്, ഡെപ്യൂട്ടി സൂപ്രണ്ട് കാർമിച്ചെൽ, അസിസ്റ്റൻണ്ട് സൂപ്രണ്ട് എലിയട്ട്, പോലീസ് ഇൻസ്പെക്ടർ ആമു എന്നിവരുടെ കീഴിലുള്ള രക്ഷാസൈനികരും പ്രവർത്തനനിരതരായി. വിവരമറിഞ്ഞ് കരുവാരക്കുണ്ടിലെത്തിയ മറ്റൊരു ഉദ്യോഗസ്ഥൻ മലപ്പുറം ജോയിൻറ് മജിസ്ട്രേട്ട് രൗലിയായിരുന്നു. അദ്ദേഹത്തെ മഞ്ചേരിയിലെ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനായി ജില്ലാ കലക്ടർ പറഞ്ഞയച്ചു. അടുത്ത ദിവസം രാവിലെ 7 മണിക്ക് കലക്ടർ ഒരു സൈക്കളിൽ അന്വേഷണസംഘം പോയ മാർഗ്ഗത്തിൽ കൂടി യാത്രതിരിച്ചു. നിരായുധനായി സഞ്ചരിച്ചിരുന്ന അദ്ദേഹം ചൂലിയത്ത് മലയോരത്തിലെത്തിയപ്പോൾ ഒരു വെടി പൊട്ടുന്ന ശബ്ദം കേട്ടു. തിരിഞ്ഞു നോക്കിയപ്പോൾ തോക്കുമായി നിൽക്കുന്ന ഒരാളെ കണ്ടു. ഒരാൾ മാത്രമായിരിക്കുമെന്നു കരുതി നേരിടാനായടുത്തപ്പോൾ കുറ്റിക്കാടുകളിൽ നിന്നും ഒളിഞ്ഞു നോക്കുന്ന പലരുടേയും തലകണ്ട് ഉടനെ സൈക്കിളിൽ അതിവേഗം രക്ഷപ്പെട്ടു. കുറച്ച് ദൂരം ചെന്നപ്പോൾ തൻെറ സൈക്കിളിൻെറ ചെയിൻ പൊട്ടിപോയത്കൊണ്ട് ശ്വാസമടക്കിപ്പിടിച്ച് ഓടിയാണദ്ദേഹം കരുവാരക്കുണ്ട് പോലീസ്സ്റ്റേഷനിലെത്തിയത്. ഉടനെതന്നെ അവിടെ നിന്നും ഒരു സർജൻറിനേയും 6 പോലീസുകാരേയും സംഭവം നടന്ന സ്ഥലത്തേക്ക് അന്വേഷണത്തിനായി വിട്ടശേഷം ഒരു സംഘത്തെ ഹിച്ച്കോക്കിനെ വിവരമറിയിക്കുവാനും മറ്റൊരു വിഭാഗത്തെ പാണ്ടിക്കാട് ക്യാമ്പ് ചെയ്യുന്നവരോട് ധൃതിയിൽ കരുവാരക്കുണ്ടിലേക്ക് മാർച്ച് ചെയ്യുവാനും ആവശ്യപ്പെട്ട് കൊണ്ടും പറഞ്ഞയച്ചു. അല്പം വിശ്രമത്തിന് ശേഷം ഒരു സർജൻറും പാണ്ടിക്കാട് ഇൻസ്പെക്ടറും മൂന്നു പോലീസുകാരുമായി കലക്ടർ ഇന്നിസ് സംഭവസ്ഥലത്തേക്ക് പോയി. അന്വേഷണങ്ങൾ ഒരിടത്തുമെത്തിയില്ല. കലാപകാരികൾ കുറ്റിക്കാടുകളിൽ ഒളിച്ചിരിക്കുകയായിരുന്നു. എങ്കിലും എല്ലാ തയ്യാറെടുപ്പും നടത്തുവാൻ അധികൃതർ മടിച്ചില്ല. ക്യാപ്റ്റൻ ഫാർവെല്ലിൻെറ നേതൃത്വത്തിൽ മലപ്പുറത്തു നിന്നും 100 പേരടങ്ങുന്ന സംഘം രണ്ട് വലിയ തോക്കും മറ്റു സന്നാഹങ്ങളുമായെത്തിയിരുന്നു. സർജൻറ് ബർക്ക് മറ്റു രണ്ടു സർജൻറുമാരും 45 യോദ്ധാക്കളുമായി ഫറൂക്കിൽ നിന്നും മഞ്ചേരിയിൽ വന്നു ചേർന്നു. പിറ്റേന്ന് രാവിലെ അവരും പാണ്ടിക്കാട്ടെത്തി. സബ്ബ്ഇൻസ്പെക്ടർ ആമുവും ആറ് പോലീസുകാരും കലാപകാരികളെ പിൻതുടരുന്നുമുണ്ടായിരുന്നു.

മാർച്ച് ഒന്നാം തിയ്യതി കലാപകാരികൾ കാട്ടിൽ നിന്നുമിറങ്ങി എടത്തുനാട്ട്കരയിലെ കണ്ടോടിയിൽ കുട്ടൻ എന്ന ഒരു ഈഴവൻെറ വീട്ടിൽ കയറി അവിടെ പാകം ചെയ്തുവെച്ചിരുന്ന ഭക്ഷണം എടുത്തു കഴിക്കുകയും അയാളുടെ പക്കലുണ്ടായിരുന്ന ഒരു തോക്കു പിടിച്ചു വാങ്ങുകയും ചെയ്തു. സംഘം ഇവിടെ എത്തിയ വിവരമറിഞ്ഞ ആമു ഇൻസ്പെക്ടർ ഇവരെ പിന്തുടർന്നെത്തി. ഇതു മണത്തറിഞ്ഞ അവർ പാണ്ടിക്കാട് കുന്നിൻമുകളിൽ കയറി നില ഉറപ്പിച്ചു. ആമു കുറച്ചകലേ നിന്നും അവരോട് ഇറങ്ങിവരുവാൻ ആവശ്യപ്പെട്ടെങ്കിലും അവർ പറഞ്ഞ മറുപടി, തങ്ങൾ പട വെട്ടി മരിക്കാൻ തയ്യാറായിരിക്കുകയാണെന്നും പോയി വെള്ളപട്ടാളത്തോടു വരാൻ പറയണമെന്നുമായിരുന്നു. നാളെ രാവിലെ 10 മണിക്ക് അയ്യപ്പൻകാവു ക്ഷേത്രത്തിൽ തങ്ങളുണ്ടാകുമെന്നും വെള്ളപ്പട്ടാളക്കാരോട് അവിടെ വരാൻ പറഞ്ഞാൽ മതിയെന്നും അവർ വിളിച്ചു പറഞ്ഞു. അതിന് ശേഷം അവർ കുറ്റിക്കാടുകളിലേക്ക് മാറി ഒളിച്ചു. അവിടെ നിന്നും അവർ സൂത്രത്തിൽ നാലഞ്ച് മൈൽ സഞ്ചരിച്ചാണ് അയ്യപ്പൻകാവ് ക്ഷേത്രത്തിൽ കയറിപ്പറ്റുന്നത്. അവരെ പിന്തുടർന്ന് ആമുവും പോലീസ് സംഘവുമുണ്ടായിരുന്നു. ക്ഷേത്രത്തിൽ കയറി കതകടച്ച് ഗോപുരത്തിൻെറ മേൽ തട്ടിലുള്ള മുറിയിൽ സുരക്ഷിതരായി എത്തി. ആമു ഇൻ സ്പെക്ടർ ക്ഷേത്രത്തിന് ചുറ്റും കാവൽനിർത്തിയശേഷം ഹിച്ച്കോക്കിനെ വിവരമറിയിക്കുകയും ചെയ്തു. കലക്ടറും പോലീസ് സൂപ്രണ്ടും ഉൾപ്പെടെയുള്ള ജില്ലാ അധികാരികളും പട്ടാള മേധാവികളും ഒക്കെകൂടി വലിയ ഒരു സംഘമാണ് പിറ്റേദിവസം അയ്യപ്പൻകാവ് ക്ഷേത്രത്തിലേക്ക് നീങ്ങിയത്.

രാവിലെ 5.45 ആയപ്പോഴേക്കും ഹിച്ച്കോക്കും അഞ്ച് യൂറോപ്യൻ സർജൻറുമാരും 60 സൈനികരും പാണ്ടിക്കാട് സബ്ബ് ഇൻസ്പെക്ടർ അഹമ്മദ് കുട്ടിയും ക്ഷേത്രത്തിന് 150 വാര അകലെ എത്തി. അതോടെ കലാപസംഘം വെടി തുടങ്ങി. പട്ടാളവും ശക്തിയായി വെടിമരുന്നുപ്രയോഗം നടത്തി. മണിക്കൂറുകൾ ഇങ്ങനെ കഴിഞ്ഞപ്പോൾ ഗോപുര മട്ടുപ്പാവിൽ കലാപസംഘത്തിലെ ഓരോരുത്തരായി പ്രത്യ ക്ഷപ്പെട്ടു. പട്ടാളം അവരെ വെടിവെച്ചിടുകയും ചെയ്തു. ശബ്ദകോലാഹങ്ങളവസാനിച്ച് അമ്പലത്തിനകത്ത് പ്രവേശിച്ചവർ കണ്ടത് ഗോപുര മട്ടുപ്പാവിൽ മൂന്നു പേർ മരിച്ചുകിടക്കുന്നതാണ്. ഇന്നിസിന് നേരെ വെടിവെച്ച സെയ്താലികുട്ടി, ഓത്തുപ്പുറ കുഞ്ഞാലൻ, കുണ്ടിൽ മൊയ്തീൻകുട്ടി എന്നിവരാണ് മരിച്ചവർ. താഴത്തെ നിലയിൽ അപായകരമായ മുറിവു പറ്റിയ രണ്ടാൾ ഉണ്ടായിരുന്നു. ചോലശ്ശേരി മൊയ്തീൻ, തങ്കയാട്ടിൽ അലവി എന്നിവർ. ആദ്യത്തെ ആൾ അര മണിക്കൂർ കഴിഞ്ഞ് മരിച്ചു. രണ്ടാമൻ ചികിത്സയിൽ രക്ഷപ്പെടുകയും ചെയ്തു. പട്ടാളക്കാരിൽ രണ്ടു പേർക്ക് മുറിവ് പറ്റിയിരുന്നെങ്കിലും അവരും ചികിത്സയിൽ രക്ഷപ്പെട്ടു.200. മരിച്ചവരുടെ ജഡം പതിവുപോലെ ദഹിപ്പിക്കുകയാണ് ചെയ്തത്.

കലാപകാരികളുമായി ബന്ധപ്പെട്ടവരും കലാപത്തിന് പരോക്ഷമായിട്ടെങ്കിലും പ്രേരണ നൽകിയിട്ടുണ്ടായിരിക്കുമെന്ന് സംശയിക്കപ്പെട്ടവരുമായ പലരേയും അറസ്റ്റ് ചെയ്തു ശിക്ഷിച്ചിരുന്നു. വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, പറക്കോടൻ കുഞ്ഞമ്മഹാജി, അഹമ്മദ്കുട്ടി മുസ്‌ലിയാർ, ചെറുകപള്ളി കുഞ്ഞഹമ്മദു എന്നിവരെ തുടക്കത്തിലെ അറസ്റ്റ് ചെയ്തിരുന്നുവെങ്കിലും കുറ്റക്കാരല്ലെന്ന് കണ്ട് വിട്ടയച്ചു. അപ്പോഴേക്കും മൂന്നു മാസം തടവറയിൽ അവർ കഴിച്ചുകൂട്ടിയിരുന്നു.201. തങ്കയാട്ടിൽ അലവി, കച്ചേരി കുഞ്ഞാലൻ,

പാലക്കൽ കുഞ്ഞുണ്ണിയാൻ മുസ്ലിയാർ, പൊറ്റയിൽ അഹമ്മദ് കുട്ടി മുസ്ലിയാർ എന്നിവരെ നാടുകടത്തി യഥാക്രമം ഗുഡല്ലൂർ, ചിങ്കൽപെട്ട്, വിശാഖപട്ടണം, കർനൂൽ എന്നി ജയിലുകളിൽ പാർപ്പിക്കുവാനും കുണ്ടിൽ ഹൈദ്രു, വട്ടപ്പറമ്പത്ത് കുഞ്ഞാലൻ കുരുക്കൾ, പാലക്കൽ കുഞ്ഞുണ്ണിയാൻ മുസ്ലിയാർ, പൊറ്റയിൽ അഹമ്മദ് കുട്ടി മുസ്ലിയാർ എന്നിവരെ ജില്ലയിൽ നിന്നും നാടുകടത്തി, യഥാക്രമം ഗുഡല്ലൂർ, ചിങ്കൽപെട്ട, വിശാഖപട്ടണം, കർനൂൽ എന്നി പട്ടണങ്ങളിൽ സൂക്ഷ്മനിരീക്ഷണത്തിന് വിധേയരാക്കി പാർപ്പിക്കുവാനും കല്പനയായി. പിടികിട്ടിയിട്ടില്ലാത്ത പൊറ്റയിൽ ഉണ്ണിയാൻകുട്ടി മുസ്ലിയാരെ ഉടനടി പിടികൂടി നാടുകടത്തണമെന്നും ഉത്തരവിൽ പറയുന്നുണ്ട്. കുറിയാട് വട്ടപ്പറമ്പിൽ കുഞ്ഞിമായിൻ ഹാജി, കരിപ്പാളി അയിമു, പുനിയാട്ട് ഇമ്പിച്ചിക്കോയ, കളകണ്ടത്തിൽ മമ്മുണ്ണി മുസ്ലിയാർ എന്നിവരെ വിളിച്ചുവരുത്തി ശക്തമായ താക്കീത് നൽകി വിടുവാനും നിശ്ചയിച്ചു. ജില്ലാ കളക്ടർ കൂട്ടപ്പിഴ നിർദ്ദേശിച്ചിരുന്നുവെങ്കിലും അത് വേണ്ടെന്ന് തീരുമാനിക്കുകയാണ് മദ്രാസ് ഗവർമ്മേണ്ട് ചെയ്തത്.202.

മലബാർ കലാപങ്ങളുടെ കാരണങ്ങളന്വേഷിച്ചിട്ടുള്ള കളക്ടർ ലോഗൻ തുടങ്ങി 1915ൽ വധശ്രമത്തിൽ നിന്നും ഭാഗ്യത്തിന് രക്ഷപ്പെട്ട കളക്ടർ സി.എ. ഇന്നിസ് വരെയുള്ളവരത്രയും മാപ്പിളമാരുടെ ദാരിദ്ര്യത്തേയും യാതനകളെയും കുറിച്ച് പൊതുവേയും മാപ്പിളകർഷകർ നേരിടുന്ന നിർദ്ദയമായ കുടിയിറക്ക് ഭീഷണികളെപ്പറ്റി പ്രത്യേകമായും സവിസ്തരം എഴുതിവെച്ചവരാണ്. കുടിയൊഴിപ്പിക്കൽ, മേൽച്ചാർത്ത് തുടങ്ങിയവ എന്നെന്നേക്കുമായവസാനിപ്പിക്കണമെന്നും പുരോഗമനോൻമുഖമായ കാർഷികപരിഷ്ക്കരണനിയമങ്ങൾ നടപ്പാക്കണമെന്നും അവരത്രയും ആവർത്തിക്കുകയും ചെയ്തിരുന്നുവെങ്കിലും മേലധികാരികൾ ഇതൊക്കെ പരിത്യജിക്കുകയാണ് ചെയ്തത്. ഇതിന് മുമ്പ് പല പ്രാവശ്യം പ്രസ്താവിച്ചതുപോലെ എല്ലാ നേർമാർഗ്ഗങ്ങളും അവരുടെ മുമ്പിൽ അടക്കപ്പെടുമ്പോൾ നൈരാശ്യത്തിൻെറ തിച്ചൂളയിൽ നിന്നും പ്രതികാരത്തിൻെറ തീജ്വാലകൾ പടർന്ന് പൊന്തിയതായിരുന്നു മലബാറിൽ നടന്ന കലാപങ്ങൾ അത്രയും. ഇന്നിസിൻെറ ആശ്വാസ നടപടികൾക്ക് വേണ്ടിയുള്ള അഭ്യർത്ഥനയും തിരസ്ക്കരിക്കപ്പെട്ടപ്പോൾ മർദ്ദകവീരൻമാരായ ജൻമികളെ തിരഞ്ഞ് പിടിച്ച് പ്രതികാരം നടത്തി വീരമൃത്യുവരിക്കുവാൻ മാപ്പി ളകർഷകർ തയ്യാറായി. അതാണ് 1919ലും നടന്നത്. അക്കൊല്ലം ഫെബ്രുവരിയിൽ മങ്കടയിലെ കുപ്രസിദ്ധനായ ഒരു ജൻമിയുടെ വീട്ടിൽ പുരപ്പുറത്ത് വലിയ ചേക്കു ഹാജിയുടെ നേതൃത്വത്തിൽ എട്ടു മാപ്പിളമാർ ഒരാക്രമണം നടത്തി. തനിക്ക് പാട്ടം തരുവാൻ വീഴ്ച വരുത്തിയ മാപ്പിള കർഷകനായ ചേക്കുഹാജിക്കെതിരെ ഭൂവുടമ കോടതിയിൽ നിന്നും ഒരു വിധി സമ്പാദിച്ചിരുന്നു. ഇതുകൊണ്ടും തൃപ്തി വരാതെ ചേക്കുഹാജിയുടെ മകൻെറ നിശ്ചയിച്ച് വെച്ചിരുന്ന വിവാഹം മുടക്കുവാനും ഈ ജൻമി ശ്രമിക്കുകയും ചെയ്തു. കർഷകരെ നിർദ്ദാക്ഷിണ്യം തെരുവുതെണ്ടികളാക്കി മാറ്റിയിരുന്ന ഈ ജൻമിയുടെ വീട്ടിൽ ഒരു വിവാഹസദ്യ കഴിഞ്ഞ ദിവസമായിരുന്നു അന്ന്. സുഭിക്ഷമായി സദ്യ ഉണ്ട് സുഖസുഷുപ്തിയിലാണ്ടു കിടക്കുമ്പോഴാണ് അപ്രതീക്ഷിതമായി ഈ ആക്രമണം നടക്കുന്നത്. അവിടെ മൂന്ന് നമ്പൂതിരി മാരേയും രണ്ടു പട്ടർ ബ്രാഹ്മണൻമാരേയും രണ്ട് നായൻ മാരേയും ആക്രമണകാരികൾ വെട്ടിക്കൊന്നു. എന്നാൽ അവിടെ സദ്യ ഉണ്ണാനായി മാത്രമെത്തിയ ഒരു പാവപ്പെട്ട നമ്പൂതിരിയെ ഉപദ്രവിക്കാതെ പറഞ്ഞുവിടുകയും ചെയ്തു. ഇതു വിളിച്ചറിയിക്കുന്നത് പാവപ്പെട്ടവരോടോ, നമ്പൂതിരി ജാതിയോടോ ആയിരുന്നില്ല മാപ്പിളമാരുടെ പ്രതികാരവാഞ്ഛ എന്നാണല്ലോ. തങ്ങളുടെ സ്വത്തിനും നിലനില്പിനും മാരകമായ ഭീഷണിയായി വർത്തിച്ചവരോട് മാത്രമായിരുന്നു അവരുടെ വിരോധം.203. ഇതെല്ലാ കഴിഞ്ഞ് മരിക്കാൻ തയ്യാറായി ഒരു കളത്തിൽ കയറി നിലയുറപ്പിച്ച ഇവരെ 8 പേരേയും പട്ടാളം വെടിവെച്ചുകൊന്നു. പതിവുപോലെ ഇവരുമായി ബന്ധമുണ്ടെന്നാരോപിച്ച് പലരേയും നാടുകടത്തുകയും ചെയ്തു. എന്നാൽ ഈ മർദ്ദനങ്ങളും അടിച്ചമർത്തലുകളുമെല്ലാം തെക്കേ മലബാറിലെ മാപ്പിളമനസ്സിനെ സംഘർഷാത്മകമാക്കി, ഒരു വലിയ പൊട്ടിത്തെറിക്ക് വഴിവെച്ചു. അതാണ് 1921ൽ ഉണ്ടായ ഖിലാഫത്ത് വിപ്ലവം. വളരെക്കാലം എരിഞ്ഞുകൊണ്ടിരുന്ന ഒരഗ്നിപർവ്വതം അഭൂതപൂർവ്വമാംവണ്ണം പൊട്ടിത്തെറിച്ചതായിരുന്നു 1921ലെ മഹാവിപ്ലവം. 1792 മുതൽ നടന്ന മാപ്പിളമാരുടെ വീരോചിതമായ ചെറുത്ത് നില്പിൻെറ സാഹസിക ചരിത്രം പശ്ചാത്തലമാക്കി പഠിക്കാനൊരുമ്പിട്ടില്ലെങ്കിൽ 1921ലെ സംഭവത്തെ യഥാതഥമായി വിലയിരുത്തുവാൻ അസാദ്ധ്യമായിരിക്കും. ഒന്നേകാൽ നൂറ്റാണ്ടിൽ കൂടുതൽ കാലം ഇട വിട്ടിടവിട്ട് കൊളോണിയൽ-ഫ്യൂഡൽ ദുഷ്പ്രഭുത്വത്തിനെതിരായി അരങ്ങേറിയിരുന്ന സായുധസംഘട്ടനത്തിൻെറയും ആത്മാഹൂതിയുടേയും ദാരുണകഥകൾ വിസ്തരിച്ചെഴുതുവാൻ മിനക്കെട്ടത് 1921ലെ ഖിലാഫത്ത് വിപ്ലവവും അതിന് മുമ്പു നടന്ന കലാപങ്ങളും തമ്മിൽ അവിഭാജ്യബന്ധമുണ്ടായിരുന്നുവെന്ന് തെളിയിക്കാനാണ്. 1921ലെ വിപ്ലവം ഒറ്റയായെടുത്ത് വ്യവഹരിക്കുവാനൊരുങ്ങുന്നവർക്ക് ഒരിക്കലും സത്യസന്ധമായ ക്രിയാത്മകസമീപനം സാധിക്കുകയില്ല. അതാണ് ഇത് എഴുതുവാൻ തുനിഞ്ഞവർക്കൊക്കെ 1921ലെ ഖിലാഫത്ത് വിപ്ലവത്തിൻെറ സ്വഭാവം പലതായി തോന്നുവാനും തദനുസൃതം വ്യാഖ്യാനിക്കുവാനും ഇടവന്നിട്ടുള്ളത്.

1. Foreign (Miscellaneous) S.No. 55, Para 25, p 141.
2. Malabar Joint Commissioner's Report, Voucher No. 30, February 25, 1793.
3. Major Walker, Report on the Revenue Affairs of Malabar, 1801, Madras, p 180.
4. History of Kerala, Vol. II, p 268.
5. W. Logan, Malabar Manual, Vol. I, op.cit, p 486.
6. Malabar Second Commissioners' Diary, 23rd December, 1797.
7. Malabar District Records, Political, 1800, p 268.
8. Ibid, p 281.
9. Prof. K.M. Bahavuddeen, Kerala Muslims, The Long Struggle, Modern Book Centre, Trivandurm - 1, 1992, p 107.
10. Letter No. 281, Calicut, 20th October, 1855, C. Collett, Joint Magistrate of Malabar to T. Clarke, Magistrate of Malabar.
11. Letter No. 51, Calicut, 23rd October, 1855, T. Clarke, To T.D. Bourdillon, Secretary to Government, Judicial Department, Fort Saint George.
12. Ibid.
13. W. Logan, Malabar Land Tenure, Special Commissioners' Report, 1881, para 67,
14. Ibid, Para 70.
15. W. Robinson, Head Asst. Magistrate to H.V. Conolly, Magistrate, Calicut, 18th October, 1849.
16. Madras Judicial Proceedigs, No. 794, December 1, 1849, p 4784.

✂ ഈ കൃതി 1886ൽ ഈസ്റ്റാംബൂളിൽ നിന്നും അദ്ദേഹത്തിന്റെ മകൻ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ 'ഹുകമാ ഉൽ ഉണറാത്' എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു.

17. Madras District Records, Letters received, Police, 1817, pp 435-36.
18. Quoted by Cornard Wood, Mappila Rebellion and its Genesis.
19. W. Logan, Malabar Manual, (Mal. Tran.) Op.cit, p 614.
20. Madras Judicial Proceedings, 7th April, 1814, p 1901.
21. W. Logan, Malabar Manual, p 165.
22. Ibid, p 616.
23. Ibid.
24. Fawcett, War Songs of the Mappillas of Malabar, Quoted by Logan, Malabar Manaul, Op.cit, p 105.
25. Stephen Frederick Dale, The Mappillas of Malabar, 1498-1922, Islamic Society on the South Asian Frontier, Oxford University Press, New York, 1980, p 128.
26. Ibid.
27. W. Robinson to H.V. Conoly, Calicut, 18th October, 1849.
28. Moplah Rebellion, 1853-58, Vol.II, Para 25, Report dated 22nd November.
29. Ibid, Para 28, 31,32.
30 Ibid, Para 28.
31. Ibid, Para 32.
32. Ibid, Para 48.
33. Ibid, Para 51.
34. Ibid, Para 83.
35. Report, W. Robinson, to H.V. Conoly, Calicut, 18th October, 1849, Appendix A, Para 1 and 2.
36. Madras Judicial Proceedings, No. 794, December 1, 1849, P 4748.
37. Ibid, Para 52 and 53.
38. W. Logan, Malabar Manual, Vol.I, (Mal. Trans.) Op.cit, p 619.
39. Major Dennis, Report dated 5th September, 1849.
40. Minute by the Honourable Eliott, dated 6th November, 1849, p 929.

✂ പ്രവാചകന്റെ കുടുംബ പരമ്പരയിൽപ്പെട്ടവരാണ് സയ്യിദ്മാർ.

41. Appendix B, Report dated 5th September 1849, Major Dennis.
42. Ibid.
43. H.V. Conoly, Magistrate of Malabar to T. Pycroft, Secretary to Government, Judicial Department, Fort Saint George, Dated 23rd January 1851, No. 2 of 1851.
44. H.V. Conoly to T. Pycroft, Calicut, 16th October 1851.

✂ 1849ൽ കൊല്ലപ്പെട്ട ലഹളക്കാരുടെ ജഡം വെട്ടിനുറുക്കി ഒരു നായയേയും കൊന്ന് ഇതോടൊപ്പം പൊട്ടിക്കിണറ്റിലിട്ട് മൂടിയിരുന്നതോർമ്മിക്കുക.

48. Valluvanad Thahsildar to H.V. Conoly, Collector and District Magistrate, 28th August, 1851.
49. Letter from H.V. Conoly, Magistrate of Malabar to T. Pycroft, Secretary to Govt. Judicial Department, 12th August 1851.
50. Ibid, Para 7.
51. Ibid, Para 4 and 8.
52. Ibid, Para 9.
53. Extract from the Minutes of Consultations, No. 720, 2nd December, 1851.
54. W. Logan, Malabar Manual, Vol.I, (Mal. Trans.) op.cit, pp 621-22.
55. H.V. Conoly to T. Pycroft, No.7, Calicut, 28 January, 1852, Para 2.
56. Ibid, Para 7.
57. Ibid, Para 18.
58. W. Robinson, Acting Joint Magistrate of Malabar, to H.V. Conoly, Magistrate of Malabar, February 9, 1852, para 5.
59. Ibid, para 26.
60. Extract from the Minutes of Consultation, Judicial Department, 24th February, 1852, No. 138.
61. W. Robinson to H.V. Conoly, Tellicherry, 25th February 1852.
62. H.V. Conoly to T. Pycroft, February 7, 1857, No. 10.
63. Ibid, dated January 28, 1852, No. 7, para 29.
64. Extract from the Minutes of Consultation, under date 17th February, 1852, Appointment of T.L. Strange by the President in Council, Fort St. George, Madras.
65. Ibid, para 1.
66. Ibid, para 9 and 10.
67. Ibid, para 11.
68. Ibid, para 12.
69. H.V. Conolly to T. Pycroft, Calicut, 17th February, 1852, No. 17.
70. Ibid, February 11, 1852, No. 13, Edavanna.
71. Extract from the Minutes of Consultation, under date 17th February, 1852, para 3 and 4.
72. H.V. Conolly to T. Pycroft, 11th February 1852, Edavanna, No. 13, para 8, 9, 10, 11.
73. H.V. Conolly to T. Pycroft, March 20, 1852, Madras Judicial Proceedings No. 216, pp 1154-55.
74. Ibid, March 19, 1852.
75. Ibid, September 23, 1853.
76. File of Correspondence regarding the Relations of Landlord and Tenant in Malabar, 1852-1856, From T.L. Strange, Special Commissioner, to T. Pycroft, Secretary to Government, Judicial Department, Frot St. George, dated Telicherry, 25th September, 1852, para 19.
77. Ibid.
78. Ibid, para 23.
79. Ibid, para 24.
80. Ibid, para 25.
81. Ibid, para 38.
82. H.V. Conolly to T. Pycroft, Government Secretary, Calicut, dated February 20, 1885.
83. Ibid.
84. G.B. Todd, Assistant Collector, Malabar, to T. Pycroft, Government Secretary, Judicial Department, dated 12th September, 1855, 1 a.m., Calicut.
85. Ibid.
86. C. Collet, Joint Magistrate to T. Pycroft, Government Secretary, No. 37-A, Calicut, dated 21st September, 1855.

* കൊണ്ടോട്ടി തങ്ങളുടെ കാര്യസ്ഥന്റെ നേതൃത്വത്തിൽ 300 സായുധരായ അനുയായികൾ പ്രതികളെപിടികൂടാൻ സഹായിച്ചിരുന്നു. തങ്ങളുടെ ആത്മാർത്ഥമായ സഹകരണമുണ്ടായിരുന്നില്ലെങ്കിൽ അവരെ അത്ര എളുപ്പം കീഴടക്കുവാൻ സാധിക്കുമായിരുന്നില്ലെന്നാണ് സി. കോലറ്റ്, സെക്രട്ടറി ടി. പൈക്രോഫ്റ്റിനെഴുതുന്നത്. (C. Collet to T. Pycroft dt. 21st September 1855) ഈ സേവനത്തെ കണക്കിലെടുത്ത് കൊണ്ടോട്ടി തങ്ങൾക്ക് ഭംഗിയേറിയൊരു പല്ലക്ക് സമ്മാനമായി നൽകുവാൻ അദ്ദേഹം ശുപാർശ ചെയ്തിരുന്നത് മദ്രാസ് ഗവൺമെന്റ് അംഗീകരിച്ചിരുന്നു. (Extract from the Minutes of Consultation, 3rd October 1853).

87. Ibid.
88. Ibid.

വളാഞ്ചേരി ഏതാലു, പുലിയാകുന്നത്ത് തേനു, ചെമ്പൻ മൊയ്തീൻകുട്ടി, വെള്ളാട്ട് തായത്തപറമ്പിൽ മൊയ്തീൻ, ഒസ്സാൻ ഹൈദ്രമാൻ എന്നിവരാണ് ഈ അഞ്ച് പേർ.

89. C. Collet to J.D. Bourdillon, Calicut, Dated 8th October 1855, No. 46.
90. T. Clarke, Magistrate to T. Clarke, Magistrate to T. Pycroft, Chief Secrtary, Lr. No. 55, Dated December 24th, 1855.
91. C. Collet, Joint Magistrate to T. Clarke, Magistrate of Malabar, Lr. No. 370, Calicut, dated 15th December 1855.
92. W.Robinson,Acting Magistrate Malabar, To E. Maltby, Acting Cheif Secretary to Govt., Judicial Dept, Fort St. George, Lr. No. 123, dated September 17, 1857, Canannore.
93. Extract from the Minutes of Consultation, dated May 7, 1858, Judicial Department, Consultations No. 601.
94. T. Collett to T. Clarke, Calicut, 7th January 1856.
95. Minute by the Honourable Elliott, 14th April, 1856.
96. Ibid.
97. Ibid.
98. Ibid.
99. Ibid.
100. Ibid.
101. Ibid, para 50.
102. Malabar Manual, Vol. I, Charithram Publications, Trivandrum, 1981, pp 646-47.
103. C. Collett, Asst. Magistrate to the Magistrate of Malabar, dated October 31, 1857, Malappuram.
104. From H.M. Winterbotham, Acting Head Assistant Magistrate to A. Macgregor, Magistrate of Malabar dated 9th Sptember, 1873, Peruthalmanna, No. 490.
105. Statement of Mangotta Chatara Nair, aged 28, Velichappad of Tudukal Pagoda dated 8th September, 1873- appended as C in the letter from A. Macgregor, Magistrate of Malabar to W. Hudleston, Chief Secretary to Government, Fort St. George, dated Calicut 19th January 1874.
106. P. Mussa, IIIrd Class Magistrate, Valluvanad Taluk, to A Macgregor, Magistrate of Malabar, dated 10th September 1873.
107. Ibid, para 8.
108. Ibid, para 9.
109. From Captain G.F. Vesey, 43rd light infantry to Brigadier General R.C. Stewart, Adjutant General, dated Malappuram, 10th September 1873.
110. Order No. 26, Thereon, 2nd December, 1874, No. 2205.
111. Judicial Department, G.O., Ist October, 1873, No. 1575, Nos. 3-4.
112. Minute by the Hon. W. Robinson, dated 19th February 1874, No. 154.
113. From G. Macwatters, Acting District Magistrate of Malabar, To the Acting Chief Secretary to Govern ment, dated, Calicut, 27th June 1879, No. 1177.
114. Ibid, para 4.
115. C.G. Master, Acting Chief Secretary, G.O. 16th July 1879, No. 1656.
116. From G. Macwatters, District Magistrate of Malabar to the Acting Chief Secretary to the Government,dated Calicut, 15th July 1879, No. 1830.
117. G.O. No. 1830, G.G. Master, Acting Chief Secretary, 30th July 1879.
118. From G. Macwatters, Acting District Magistrate of Malabar to the Chief Secretary to the Government, dated Calicut, 15th July 1879, No. 1830.
119. From Co,. C.S. Hearn, Inspector General of Police to the Chief Secretary, dated Malappuram, 4th October, 1880, No. 2500.
120. R. Davidson, Chief Secretary, G.O. 19th October, 1880, No. 2500.
121. W. Logan, District Magistrate of Malabar to the Chief Secretary to Government, dated Edapetta, 17th December 1880, No. 108.
122. G.O. 28th December 1880, No. 3002.
123. Petition purporting to be addressed by certain Mussalmans, Nairs, Tiyyans and men of other castes inhabiting Malabar, October 14, 1880, Malabar Land Tenures, Memoranda and official correspondence, W. Logan, Madras 1885, pp 14-15.
124. W. Logan, Malabar Manual Vol. I, (Mal. Trans.), op.cit, p 634.
125. W. Logan, The Malabar Land Tenures, Memoranda and Official Correspondence, Op.cit, para 289.
126. Ibid, para 26.

ലോഗന് മുമ്പും പിമ്പും മലബാറിലെ കാർഷികബന്ധത്തെക്കുറിച്ച് എഴുതിയിട്ടുള്ളവരെല്ലാം ഇവിടെ നില നിന്നിരുന്ന കാണംജന്മ മര്യാദയെ പറ്റി അജ്ഞരായിരുന്നുവെന്നും അത് കൊണ്ടാണ് കുടിയായ്മയിൽ വരുത്തിയ മാറ്റം ജന്മിയെ അപ്രതിരോധ്യശക്തിയായി മാറ്റിയതെന്നുമാണ് എഴുതുക പതിവ്. മലബാറിൽ നിലനിന്നിരുന്ന കുടിയായ്മ സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടത് ക്രൂരരായ കമ്പനി അധികാരികൾക്ക് മുസ്ലിംകളോടുള്ള ശത്രുത തീർക്കുവാൻ ആവശ്യമായിരുന്നു. അറിയാഞ്ഞിട്ടല്ല അറിഞ്ഞ് കൊണ്ട് തന്നെയാണ് കുടിയായ്മയിൽ ഈ മാറ്റം വരുത്തിയത്. ഈ വസ്തുത ഈ അധ്യായത്തിന്റെ തുടക്കത്തിൽ ദീർഘമായി ഉപന്യസിച്ചിട്ടുള്ളത് ശ്രദ്ധിക്കുക.

127. G.O. Judicial Department, No. 170, dated 25th January, 1881.
128. Malabar Special Commission, 1881-82 Report, para 16.
129. Ibid, para 48 and 49.
130. Ibid, para 53.
131. Ibid, para 63.
132. Ibid, para 70.
133. Ibid.
134. W. Logan, Malabar Manual, Op.cit, p 636.
135. Malabar Land Tenure, Report, Op.cit, para 117.
136. Ibid, para 141.
137. Ibid, para 143.
138. Ibid, para 147, 148 and 149.
139. Ibid, para 246, 247 and 248.
140. Ibid, para 288.
141. Ibid, para 354.
142. Malabar Land Tenures Committee Report, Madras Legislative Proceedings, No. 37. February, 19, 1886, p 5.
143. Bill No. 6 of 1898, statement of Objects and Reasons, Madras Legislative Proceedings, No. 80, December 10, 1898, p 28.
144. Logan, Malabar Manual Vol. I, Op.cit, P 639.
145. C.A. Galton, Acting Magitrate of Malabar, to The Chief Secretary to Government, ootacamud, dated Calicut, 6th June, 1884, No. 2611.
146. Ibid, para 13.
147. G.O. Judicial, dated 2nd july 1884, No. 1605, Chief Secretary.
148. C.A. Galton, Acting District Magistrate of Malabar to the Chief Secretary to Government, dated 14th July, 1884, Dis. No. 3, Confidential,841.
149. Ibid, para 4.
150. G.O. Judicial Department, dated Ist November, 1884, No. 2776.
151. Ibid, para 3and 4.
152. From W. Logan, District Magistrate of Malabar, to the Chief Secretary to Government, dated Malappuram, 13th February, 1885, No. 8 and G.O.dated 10th March, 1885, No.268, Judicial.
153. W. Logan, Malabar Land Tenure Special Commissioners' Report, Op.cit, para 326.
154. Ibid, dated Calicut, 7th February 1885, No. M, Para 20.
155. Ibid, para 46.
156. Ibid, para 56.
157. W. Logan Malabar Manual Vol. I, op.cit,pp 662-63.
158. W. Logan District Magistrate of Malabar to The Chief Secretary to Government, Madras, dated Calicut, 7th February 1885.
159. Ibid, para 66.
160. G.O. dated 2nd May, 1885, No. 1169, Judicial.
161. Report of District Magistrate of Malabar, to The Chief Secretary,dated Ist May, 1885, No. 1871.
162. Logan, Malabar Manual Vol. I, Op.cit, p 664.
163. Ibid, p 665.
164. G.O. dated October, 1885, No. 272, Judicial.
165. From H.M Winterbotham, Acting District Magistrate of Malabar to the Chief Secretary to Government, dated Calicut, 7th June, 1886, No. 2265.
166. G.O. dated 11th August, 1886, No.2115, Judicial. E.F. Wester, Chief Secretary.

167. G.O. dated 23rd August, 1886, No. 2236, Judicial.
168. Statement of Parot Unni Mammad before the Ernad Thahsildar -Magistrate, dated 12th August, 1885, Enclosure in the letter from W. Logan, District Magistrate of Malabar,to the Acting Chief Secretary to Government, dated 22nd November 1885, No. 5299.
169. From J.Twigg, Acting Special Assistant Magistrate to the District Magistrate of Malabar, dated Shoranur, 7th November 1885, No.1052.
170. G.O.dated 30th December, 1885, No. 3499, Judicial.
171. E. Begbie, Officiating Adjustant General to the Secretary to Government, Millitary Department, No. 714-B.A, 14th April 1894.
172. H. Bradley, Acting Collector and District Magistrate of Malabar, to the Chief Secretary to Government,dated Calicut, 16th May 1894, No. 438/ M. GI.
173. Ibid, para 8.
174. Ibid.
175. Ibid, para 9.
176. E.K. Ridley, Commanding Detachment, Ist DorsetRegiment, to the Adjutant - General, Madras Army,dated Malappuram, 14th April, 1894.
177. Ibid, para 30.
178. H. Bradley, Acting Collector and Distrct Magistrate, Malabar, to the Chief Secretary to Government, dated Calicut, 10th July, 1893, P/GI.
179. G.O. dated 31st January, 1884, Mis.No. 268.
180. Ibid, para 26.
181. H. Bradley, Acting Collector and District Magistrate, Malabar, to the Chief Secretary to Government, dated Calicut, 16th May, 1894, No.438/M. GI.
182. G.O. dated 8th September 1894, No.2186,Judicial, para 3 and 4.
183. A.R. Naapp, Acting Special Assistant Magistrate and Collector of Malabar, to the Collector and District Magistrate of Malabar, dated Perinthalmanna, 3rd March 1894.
184. J.F. Price, Chief Secretary, G.O. dated Ist June 1894, No. 1333, Judicial.
185. J.T. Gillespie, Acting Special Assistant, Magistrate, to the District Magistrate of Malabar, dated Malappuram, 26th April 1896, Dis. No. 47-M.
186. Ibid, para 14.
187. Ibid, para 22.
188. Ibid, statement of Ambat Aidros and Kaithavalappan Kunjalu, para 27 and 28.
189. F. Fawcett, Supreintendent of Police, Malabar District to The Inspector General of Police, Madras, dated 5th June, 1896, C. No. 1790-Genl.
190. L. Vibert, Acting Special Assistant Magistrate, Malabar, dated Calicut, 4th April,1898, Dis. No. 40-M.
191. Ibid, Court of the Special Assistant Magistrate of Malabar, Statement of Thrasheri UnniAli, Son of Chekku aged 30.
192. Ibid,para 16.
193. F.C. Parsons, Acting District Magistrate, Malabar, to the Chief Secretary to Government, dated Calicut, 2nd July 1898, Ref. O.N.C.No. 928-M.
194. F.B. Powell, Government Pleader, Madras to the Chief Secretary to Government, dated 16th September, 1898, No. 776.
195. H.F. Wilkieson, Superintendent of Police, Malabar to the District Magistrate of Malabar, dated Camp Manjeri, 14th October 1898.
196. C.A. Innes, Acting Magistrate of Malabar, to the Secretary to Government, Judicial Department, dated Camp Pandikkad, the 29th March, 1915, No. Camp A/ Confidential.
197. Ibid, para 2.
198. Ibid, para 3.
199. Ibid, para 5.
200. Ibid, para 17.
201. C.G. Tod Hunter, Acting Secretary to Government, G.O. No. 2080, Judicial, dated 3rd September, 1915.
202. Ibid.
203. Cornard Wood, Historical background of the Moplah Rebellion: Outbreaks, 1836-1919, Article in Social Scientist, Vol. 3, No. 1, pp 22-23, Trivandrum.

# XLV 1921ലെ ഖിലാഫത്ത് വിപ്ലവം

1857ൽ ഇന്ത്യയിൽ നടന്ന ഇംഗ്ലീഷ് വിരുദ്ധ ജനകീയ മുന്നേറ്റത്തിന് ശേഷം അത്രത്തോളമോ അതിലധികമോ രക്തച്ചൊരിച്ചിലിനും മനുഷ്യാഹൂതിക്കും ഇടനൽകിയ മഹാ സംഭവമായിരുന്നു ഖിലാഫത്ത് വിപ്ലവം. 1921ൽ നടന്ന ഈ ചെറുത്ത് നില്പ് 1857ലേത് പോലെ രാജ്യവ്യാപക മായിരുന്നില്ലെങ്കിലും അതിനേക്കാൾ എത്രയോ അധികം നിരപരാധികളായ മനുഷ്യർ വെടിയുണ്ടകൾക്ക് നിഷ്ക്കരുണം ഇരയാകേണ്ടതായി വന്നിരുന്നു. ഇത്രയധികം ആളപായം ഉണ്ടാകുവാൻ കാരണം കിട്ടിയ അവസരം വിനിയോഗിച്ച് ലഹളബാധിതപ്രദേശങ്ങളിൽ നിന്നും മുസ്ലിംകളെ തീർത്തും ഉൻമൂലനം ചെയ്യുവാനുള്ള നിചവും നികൃഷ്ടവുമായ ആസൂത്രിത പദ്ധതി പ്രാവർത്തികമാക്കിയെന്നതിനാലാണ്. 1921ലെ ഖിലാഫത്ത് വിപ്ലവം മലബാറിലെ ഏതാനം താലൂക്കുകളിൽ മാത്രമായി ഒതുങ്ങിയിരുന്നിട്ടുകൂടിയും ഇത്രയും ജനങ്ങൾ എങ്ങനെ മരിക്കാനിടയായി എന്ന് ചികയുമ്പോഴാണ് ഭരണകൂടത്തിൻെറ ദുഷ്ടമായ ദുരുദ്ദേശ്യം പുറത്തുചാടുക. ലഹളബാധിത പ്രദേശങ്ങൾ താഴെ പറയുന്നവയാണ്. 94 അംശങ്ങൾ ഉൾക്കൊള്ളുന്നതും 966 സ്ക്വയർ മൈൽ വിസ്തീർണ്ണം ഉള്ളതുമായ ഏറനാട് താലൂക്ക്. 1921ലെ ഇവിടുത്തെ ജനസംഖ്യ 4,01,101 ആണ്. അതിൽ 1,63,328 ഹിന്ദുക്കളും 2,37,402 മുസൽമാൻമാരും ആകുന്നു. ക്രിസ്ത്യാനികൾ 371 മാത്രം. ഇവിടെയുള്ള 94 അംശങ്ങളിലെയും ജനങ്ങൾ ഖിലാഫത്ത് വിപ്ലവത്തിൽ ഭാഗഭാക്കുകളായിരുന്നു. കോഴിക്കോട് താലൂക്കിൽ 65 അംശങ്ങളുണ്ടായിരുന്നതിൽ 23 അംശങ്ങളിൽ മാത്രമെ ലഹള ബാധിച്ചിരുന്നുള്ളു. ഈ താലൂക്കിൻെറ വിസ്തീർണ്ണം 379 സ്ക്വയർ മൈൽസും ജനസംഖ്യ 3,85,539 ഉം ആകുന്നു. വള്ളുവനാട് താലൂക്കിൻെറ വിസ്തീർണ്ണം 880 സ്ക്വയർ മൈൽസും ജനസംഖ്യ 3,34,517ഉം ആണ്. 2,59,979 ഹിന്ദുക്കളും 1,33,919 മുസൽമാൻമാരും 619 ക്രിസ്ത്യാനികളുമാണ് ഇവിടെ ഉണ്ടായിരുന്നത്. ഒട്ടാകെയുള്ള 118 അംശങ്ങളിൽ 68 അംശങ്ങളിലും കലാപക്കൊടി ഉയർന്നിരുന്നു. 5,33,252 ജനസംഖ്യയുള്ള പൊന്നാനി താലൂക്ക് 426 സ്ക്വയർ മൈൽസ് വിസ്തീർണ്ണമുള്ളതാകുന്നു. 121 അംശങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ താലൂക്ക് എങ്കിലും 35 അംശങ്ങളിൽ മാത്രമെ ലഹള ബാധിച്ചിരുന്നുള്ളു. ഇവിടെ 2,81,155 ഹിന്ദുക്കളും 2,29,016 മുസൽമാൻമാരും 23,081 ക്രിസ്ത്യാനികളും ആണുള്ളത്.1. അതായത് ലഹള ബാധിത പ്രദേശങ്ങളിൽ ആകമാനമുള്ള മുസ്ലിം ജനസംഖ്യ 6,88,666 ആണെന്ന് വ്യക്തം. ഇതിൽ 50 ശതമാനമെങ്കിലും സ്ത്രീകൾ ആയിരിക്കുമല്ലോ. വൃദ്ധൻമാരും കുട്ടികളും ചുരുങ്ങിയത് 25 ശതമാനമെങ്കിലും ഉണ്ടാകണം. അവശേഷിക്കുന്ന 25 ശതമാനം ആളുകൾ ഒന്നടങ്കം സമരരംഗത്തുണ്ടായിരുന്നു എന്ന് വിചാരിച്ചാൽ തന്നെ അവരുടെ സംഖ്യ 1,72,66 ആയിരിക്കും. ഇതിൽ നല്ലൊരു ശതമാനം പോരാട്ടത്തിൽ പങ്കെടുത്തിരിക്കാനും സാദ്ധ്യതയില്ല. ഒരു ലക്ഷം പേർ സമര നിരയിൽ ഉണ്ടായിരുന്നു എന്ന് ഊഹിച്ചാൽ തന്നെ പല സ്ഥലങ്ങളിലായി സുദീർഘമായ 9 മാസത്തെ സംഘട്ടനങ്ങൾക്ക് ശേഷം കൊന്നൊടുക്കേണ്ടതായി വന്നവർ പന്തിരായിരത്തിൽപരം ആകുന്നുവെങ്കിൽ ആ കൂട്ടക്കൊലയുടെ പിന്നിൽ ശാഠ്യമായ ഏതോ ദുഷ്ടലാക്കുണ്ടായിരുന്നുവെന്ന് കാണാൻ പ്രയാസമില്ല.

ഇത്രയും ജനങ്ങളെ കൊന്നത് ഹിന്ദുക്കളായിരുന്നുവോ? സമുദായ ലഹളയാണെങ്കിൽ ഹിന്ദുക്കളും മുസ്ലിംകളും അല്പ സ്വല്പം ഏറ്റക്കുറച്ചിൽ ഉണ്ടായാൽ തന്നെയും ഇരുഭാഗത്തും കനത്ത ആൾനാശം വരേണ്ടതായിരുന്നുവല്ലോ. ഇവിടെ ഹിന്ദുക്കൾ അധികം മരിച്ചിട്ടില്ല. കൊല്ലപ്പെട്ടവർ എല്ലാംതന്നെ മുസ്ലിംകളായിരുന്നു. ഹിന്ദുക്കൾ ഒറ്റ മുസൽമാനേയും കൊന്നതായി ആരും പറഞ്ഞ് കേട്ടിട്ടില്ല. അപ്പോൾ ഈ നരനായാട്ട് നടത്തിയത് ആംഗ്ലേയ - ക്രൈസ്തവ ഭരണകൂടമാണെന്ന് സ്പഷ്ടവുമാണ്. അവർ ഇവിടെ വന്നകാലം മുതൽ മുസ്ലിംകളോട് ശരിക്കും പകയും ശത്രുതയും പുലർത്തിപ്പോന്നവരും മുസ്ലിംകളെ ഏതെല്ലാം വിധത്തിൽ നശിപ്പിക്കുവാൻ സാധിക്കുമോ അവ ഫലവത്തായി നടപ്പാക്കിയവരും ആകുന്നു. ഇതിന് തൊട്ട് മുമ്പുള്ള അദ്ധ്യായത്തിൽ ക്രൈസ്തവ ഭരണാധികാരികളുടെ മതഭ്രാന്തും മതധ്വംസനവും കുറെയെങ്കിലും എടുത്ത് കാട്ടുവാനുള്ള ശ്രമം നടത്തിയിരുന്നു. ഇവിടെ കുരിശുയുദ്ധം ആവർത്തിക്കുകയായിരുന്നുവെന്നും നാം നടേ പ്രസ്താവിച്ചതുമാണ്. ഇതിന് ആരംഭം കുറിച്ചത് പോർച്ചുഗീസ്കാരായിരുന്നുവെന്നും നാം കണ്ടു. ഇതിനെ ചൂണ്ടി സ്റ്റീഫൻ ഫ്രെഡറിക്ക് ഡെയ്ൽ എന്ന ആധുനിക ഗവേഷകൻ എഴുതുന്നത്, "പറങ്കികളുടെ കൊള്ളയും കൊള്ളിവെയ്പും ക്രമാതീതമായി വർദ്ധിച്ചു. ഇത് മുസൽമാനെ സ്വന്തം സ്വത്വത്തെക്കുറിച്ച് ബോധവാനാക്കുവാനും മലയാളി സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് സ്വന്തം ശക്തി സംഭരിക്കുന്നതിനക്കുറിച്ച് ചിന്തിക്കുവാനും കാരണമാക്കി. പറങ്കികളുടെ സുഗന്ധദ്രവ്യങ്ങൾക്ക് വേണ്ടിയുള്ള യുദ്ധങ്ങൾ മുസൽമാനെതിരായുള്ള കുരിശ്യുദ്ധമായിട്ടാണ് അവർ നടത്തിയിരുന്നത്. ഇതിനോടുള്ള പ്രതികരണം ആയിരുന്നു മുസൽമാൻെറ ഈ മനഃസ്ഥിതി. ഷെയ്ക്ക് സൈനുദ്ദീൻ ഈ മുസ്ലിം വികാരം പ്രകടിപ്പിക്കുന്നത് ഇപ്രകാരമാണ്. പറങ്കികൾ മുസ്ലിംകളോടും അവരുടെ മതത്തോടും മാത്രമാണ് യുദ്ധം ചെയ്യുന്നത്. നായൻമാരോടോ, മറ്റുള്ള അവിശ്വാസികളോടോ അവർ അക്രമം നടത്തുന്നില്ല."2. പറങ്കികളുടെ ഈ മതനയത്തിൻെറ

ആവർത്തനമാണ് ഈസ്റ്റിന്ത്യാ കമ്പനിയും തുടർന്ന് പോന്നത്. എന്നാൽ തങ്ങളുടെ ഏത് നീചപ്രവൃത്തിയും വിദഗ്ദ്ധമായി മൂടിവെക്കുവാൻ അവർക്ക് സാധിച്ചു എന്നതാണ് യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുവാൻ കാരണം. എന്ത് ന്യായീകരണം നടത്തിയാലും പതിനായിരക്കണക്കിന് മനുഷ്യരെക്കൊന്ന് ചുട്ട് ചാമ്പലാക്കിയവർ കുറ്റക്കാരാകുന്നില്ലെന്ന് മാത്രമല്ല, ഇവർ കൊന്നൊടുക്കിയ നിരപരാധികളായ സാധുമനുഷ്യർ ഇന്നും പ്രതിക്കൂട്ടിൽ കുറ്റവിചാരണ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിരോധാഭാസം നാം കണ്ടു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പതനത്തിൽ എത്തിച്ചത് എല്ലാ പ്രചാരണ മാധ്യമങ്ങളും പ്രയോജനപ്പെടുത്തി വസ്തുതകളെ പാടെ അവർക്ക് പറ്റുംവിധം വളച്ചൊടിച്ച് വളരെ നൈപുണ്യത്തോട് കൂടി ആംഗ്ലേയ ക്രൈസ്തവ ഭരണകൂടം ഉപയോഗപ്പെടുത്തി എന്നത് കൊണ്ട് മാത്രമാണ്. സത്യത്തെ ഏത്വിധം വികൃതവും വികലവുമാക്കി തലമുറകളെ വഴി പിഴപ്പിക്കുവാൻ സാധിക്കും എന്നതിന് 1921ലെ മഹാസംഭവത്തെക്കുറിച്ച് നിലവിലുള്ള ഭിന്നാഭിപ്രായങ്ങൾ മതിയായ തെളിവാണ്. ഇത് സംബന്ധമായി നമുക്ക് ലഭിച്ചിട്ടുള്ള ഉപാദാനങ്ങളെ നിഷ്പക്ഷമായി വിലയിരുത്തേണ്ടത് തൻമൂലം അനിവാര്യമായിത്തീരുന്നു. 1921നെ ആധാരമാക്കി പ്രസിദ്ധീകൃതങ്ങളായിട്ടുള്ള ഗ്രന്ഥങ്ങളുടേയും പ്രമാണങ്ങളുടേയും ഒരേകദേശ വിവരണമാണ് താഴെ കൊടുക്കുന്നത്.

മലബാർ ജില്ലാ കളക്ടർമാരും മജിസ്ട്രേട്ടുമാരും ജില്ലാ സൂപ്രണ്ടുമാരും മദ്രാസിലെ ഉന്നതാധികാരികൾക്ക് അതാത് കാലം എഴുതിയിട്ടുള്ള റിപ്പോർട്ടുകളും എഴുത്തുകളുമാണ് ഇതിൽ പ്രധാനമായിട്ടുള്ളത്. ജി.ആർ.എഫ്. ടോട്ടൻഹാമിൻെറ 'Moplah Rebellion 1921-22' എന്ന ഗ്രന്ഥം മലബാർ സംഭവങ്ങളുടെ ദ്വൈവാര റിപ്പോർട്ടുകളടങ്ങുന്നതാണ്. 1920 മുതലുള്ള എല്ലാ രണ്ടാഴ്ചകളിലേയും സംഭവവികാസങ്ങൾ ക്രോഡീകരിച്ച് മദ്രാസ് ഗവർണ്ണർക്ക് എഴുത്തായും കമ്പിയായും അറിയിച്ചുകൊണ്ടിരുന്നതിൻെറ സംഗ്രഹമാണ് ഈ ഗ്രന്ഥത്തിലുള്ളത്. കലാപകാലങ്ങളിലെ നിത്യസംഭവങ്ങളും ഇങ്ങനെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റൊരു ഔദ്യോഗിക ഗ്രന്ഥകാരൻ പോലീസ് സൂപ്രണ്ട് ആർ.എച്ച്. ഹിച്ച്കോക്കാണ്. 'A History of Malabar Rebellion' എന്ന തൻെറ പുസ്തകം 1925ൽ മദ്രാസിൽ നിന്നും പ്രസിദ്ധീകരിച്ചു. അന്നത്തെ കമ്പനി ഉദ്യോഗസ്ഥൻമാർ ഏത്തരത്തിലാണ് ഈ ജനകീയ മുന്നേറ്റത്തെ കൊടും മതഭ്രാന്തിൻെറയും ഹൈന്ദവ വിരോധത്തിൻെറയും വെറുക്കപ്പെടേണ്ട പ്രസ്ഥാനമായി ചിത്രീകരിച്ചിരുന്നത് എന്നതിൻെറ മതിയായ മാതൃകയായി ഈ ഗ്രന്ഥത്തെ കണക്കാക്കാവുന്നതാണ്. ലഹളയെക്കുറിച്ചുള്ള മറ്റൊരു ഔദ്യോഗികഭാഷ്യം അന്ന് ഡെപ്യൂട്ടി കളക്ടറായിരുന്ന സി. ഗോപാലൻ നായർ എഴുതിയ Mappila Rebillion എന്ന പുസ്തകമാകുന്നു. കോഴിക്കോട് നിന്നും 1923ലാണ് ഇതും പ്രസിദ്ധീകരിച്ചത്. ബ്രിട്ടീഷ് ഉദ്യോഗസ്ഥൻമാരുടെ കുപ്രചാരണങ്ങൾക്ക് ഒരു നാടൻ ഉദ്യോഗസ്ഥൻെറ ശക്തമായ പിന്തുണ കാണിക്കുവാൻ വേണ്ടി കൃത്രിമമായി പടച്ചുണ്ടാക്കിയതാണ് ഈ ഗ്രന്ഥം. സർക്കാരിൻെറ പ്രീതിക്കും പ്രീണനത്തിനും വേണ്ടി എന്തും ചെയ്യുവാൻ മടികാട്ടാത്ത അധമമനഃസ്ഥിതിയാണ് ഗോപാലൻ നായർക്ക് ഇതിന് പ്രേരകമായി നിന്നിട്ടുള്ളത്. അക്കാലത്ത് സർക്കാരിനെ അന്ധമായി പിന്തുണച്ചുകൊണ്ടിരുന്ന വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ, മദ്രാസ് മെയിൽ, മിതവാദി, എന്നീ വർത്തമാനപത്രങ്ങളിൽ കലാപവിരോധികളെക്കൊണ്ട് എഴുതിച്ചിട്ടുള്ള റിപ്പോർട്ടുകളും കുറിപ്പുകളുമാണ് ഗോപാലൻ നായരുടെ ഗ്രന്ഥത്തിന് ആധാരമാക്കിയിട്ടുള്ളത്. ഇവയ്ക്ക് പുറമെ അപ്പോഴപ്പോഴായി പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ വിളംബരങ്ങളും വാഗൺട്രാജഡിയെക്കുറിച്ചുള്ള അന്വേഷണറിപ്പോർട്ടും പരിശോധനക്ക് വിധേയമാക്കേണ്ടവയാണ്. മദ്രാസ് ജുഡിഷ്യൽ പ്രൊസീഡിംഗ്സ് എന്ന വിഭാഗത്തിൽ തമിഴ്നാട് പുരാരേഖകൾ സൂക്ഷ്മമായ പഠനമർഹിക്കുന്നവയാണ്. ഓരോ കേസ് വിചാരണയെ സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർ തമ്മിൽ തമ്മിൽ നടത്തിയിട്ടുള്ള രഹസ്യ എഴുത്തുകുത്തുകൾ നിഷ്കൃഷ്ടവും സമഗ്രവുമായ നിരീക്ഷണം നടത്തിയാൽ തന്നെ മതി ഔദ്യോഗികമായി പ്രചരിപ്പിച്ചിരുന്ന കള്ളക്കഥകളുടെ നിജസ്ഥിതി പുറത്ത് കൊണ്ട് വരുവാൻ. ഇവയ്ക്ക് പുറമെ തമിഴ്നാട് ആർകൈവ്സിലുള്ള മലബാർ ഡിസ്ട്രിക്റ്റ് പ്രൊസീഡിംഗ്സ് മദ്രാസ് ലെജിസ്ലേറ്റിവ് കൗൺസിൽ ഡിബേറ്റ്സ്, നാഷണൽ ആർകൈവ്സിലുള്ള 1921-23ലെ സെൻട്രൽ അസംബ്ലി ഡിബേറ്റ്സ് എന്നീ രേഖകളും അനുബന്ധ പ്രമാണങ്ങളും വിഷയത്തിലേക്ക് ഏറെ വെളിച്ചം വീശുവാൻ ഉതകുന്ന ചരിത്ര ഉപകരണങ്ങളാകുന്നു. സർക്കാർ പക്ഷത്ത് നിന്നും എഴുതപ്പെട്ടിട്ടുള്ള ഈ പ്രമാണങ്ങൾക്കും രേഖകൾക്കും പുറമെ സമകാലീനരും ലഹളയുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടവരുമായ പലരുടേയും കൃതികളും നമുക്ക് ഇന്ന് ലഭ്യമാണ്.

അവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാകുന്നു. മലബാറിലെ കോൺഗ്രസ് ഖിലാഫത്ത് പ്രസ്ഥാനങ്ങളുടെ നേതൃത്വം ഉണ്ടായിരുന്ന കെ.പി. കേശവമേനോൻ, കെ. മാധവൻനായർ, ഇ. മൊയ്തു മൗലവി, മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരി, ബാരിസ്റ്റർ എ.കെ. പിള്ള, കെ.എം. മൗലവി, കെ. കോയട്ടി മൗലവി, എന്നിവർ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ. കെ.പി. കേശവമേനോൻെറ 1969ൽ പ്രസിദ്ധീകരിച്ച 'കഴിഞ്ഞകാലം', കെ. മാധവൻനായരുടെ 1971ൽ പുറത്ത് വന്ന 'മലബാർ കലാപം', കെ. കോയട്ടി മൗലവിയുടെ 1921ലെ 'മലബാർ ലഹള' (1953), 1965ൽ പ്രസിദ്ധീകരിച്ച മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിയുടെ "ഖിലാഫത്ത് സ്മരണകൾ", സി.എഫ്. ആൻഡ്രൂസിൻെറ 'The First days of Moplah Rising', ജെ.ജെ. ബനിഗയുടെ Moplah Rebellion, ഇ. മൊയ്തു മൗലവിയുടെ 'എൻെറ കൂട്ടുകാരൻ', (1964), 'ചരിത്രചിന്തകൾ', (1981) 'മൗലവിയുടെ

ആത്മകഥ' (1985) ഇന്ത്യൻ മുസ്ലീംകളും സ്വാതന്ത്ര്യ പ്രസ്ഥാനവും (1982), ബാരിസ്റ്റർ എ.കെ. പിള്ളയുടെ 'കോൺഗ്രസും കേരളവും' (പുനഃപ്രകാശനം 1982) കെ.എം. മൗലവിയുടെ 'ഖിലാഫത്ത് അനുസ്മരണക്കുറിപ്പുകൾ' (1922) എന്നീ ഗ്രന്ഥങ്ങളും 1921ലെ ലഹളയുടെ സ്വഭാവത്തേയും പരിണാമത്തെയും സംബന്ധിച്ച് വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുന്നവയാണ്. കോൺഗ്രസ് ഖിലാഫത്ത് പ്രസ്ഥാനങ്ങളെ മലബാറിൽ വ്യാപകമായി സംഘടിപ്പിക്കുന്നതിൽ വ്യാപൃതരായിരുന്നവരാണ് കെ. മാധവൻ നായരും, കെ.പി. കേശവമേനോനും. എന്നാൽ ലഹള കഴിഞ്ഞ് വളരെ കാലത്തിന് ശേഷം ഇവർ എഴുതിയിട്ടുള്ളവ അധികവും മുസ്ലീംവിരോധം ജനിപ്പിക്കുവാൻ പര്യാപ്തമായി ത്തീരുംവിധം അസത്യവും അർദ്ധസത്യവുമായതിൽ കലാപത്തിൻെറ മുൻപന്തിയിലുണ്ടാകുകയും ജയിൽ ശിക്ഷയും മർദ്ദനവും അനുഭവിക്കുകയും ചെയ്ത ഇ. മൊയ്തു മൗലവി സാഹിബ് തൻെറ കൃതികളിലൂടെ വിമർശിക്കുന്നുണ്ട്. അദ്ദേഹം എഴുതി "1921ലെ ലഹളയുടെ പേരിൽ മാപ്പിള സമുദായത്തിൻെറ നേരെ ഇന്നും പകവെക്കുന്നവരുടെ വിദ്വേഷത്തിന് ഊക്ക് കൂട്ടുവാൻ മാത്രമേ മാധവൻ നായരുടെ കൃതി പര്യാപ്തമാകയുള്ളൂ. മാപ്പിളസമുദായത്തിൻെറ നേർക്ക് തൊടുത്തുവിട്ട ഏറ്റവും ഉഗ്രമായ ആഗ്നേയാസ്ത്രമാണ് 'മലബാർ കലാപം'.3. കോൺഗ്രസ്-ഖിലാഫത്ത് രംഗങ്ങളിലേക്ക് മാപ്പിളമാരെ ആകർഷിച്ചവരിൽ പ്രധാനികളായിരുന്നു കെ.പി. കേശവമേനോനും, കെ. മാധവൻ നായരും, എം.പി. നാരാണയ മേനോനും, അതു പോലെയുള്ള അക്കാലത്തെ രാഷ്ട്രീയപ്രവർത്തകരും. എന്നാൽ സമരം അക്രമരാഹിത്യത്തിൽ നിന്നും മാറി സായുധസംഘട്ടനമായി തിർന്നതോടെ, സമരരംഗത്ത് നിന്നും ഒളിച്ചോട്ടം നടത്തുകയാണ് നേതാക്കൻമാരത്രയും ചെയ്തത്. എം.പി. നാരായണമേനോൻ മാത്രമായിരുന്നു ഇതിനൊരപവാദം. തങ്ങളെ ആപൽക്കാലത്ത് കൈയ്യൊഴിച്ചവരോട് സ്വാഭാവികമായും യാതന അനുഭവിച്ചവർക്ക് പക തോന്നുമല്ലോ. മാപ്പിളമാരുടെ വിരോധം വാങ്ങിവെച്ച അവസ്ഥയിൽ ഉദ്യോഗസ്ഥൻമാർക്കും ജാതി ജൻമികൾക്കും രുചിക്കുംവിധം മാധവൻ നായർ എഴുതാൻ നിർബ്ബന്ധനായതാണ് അദ്ദേഹത്തിന് പറ്റിയ ഗതികേട്. മാധവൻനായരുടെ ഗ്രന്ഥത്തിൽ വന്നിട്ടുള്ള പാകപ്പിഴകളേയും അസത്യപ്രസ്താവനകളേയും കൂലങ്കഷമായി പ്രൊഫ. എം.പി.എസ്. മേനോൻ, തൻെറ, 'മലബാർ സമരം, എം.പി. നാരായണ മേനോനും സഹപ്രവർത്തകരും' എന്ന ഗ്രന്ഥത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. അതേസമയം സമകാലീനരായ ബാരിസ്റ്റർ എ.കെ. പിള്ള, മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരി, കെ.എം. മൗലവി, കോയട്ടി മൗലവി, ഇ. മൊയ്തു മൗലവി തുടങ്ങിയവർ ലഹളയുടെ സ്വഭാവത്തേയും കർമ്മധീരരായ നേതാക്കൻമാരുടേയും മരണത്തെ വാരിപുൽകാൻ തയ്യാറായി പടനിലത്തിലേക്ക് എടുത്തു ചാടിയവരേയുമൊക്കെ കുറിച്ച് എഴുതിയിട്ടുള്ളവ ഈ മഹാസംഭവത്തിൻെറ വസ്തുനിഷ്ടമായ വിശകലനം ഉൾക്കൊള്ളുന്നവയുമാണ്. ഏതായാലും സമകാലീനരായ മുതിർന്ന നേതാക്കൻമാർ തന്നെ പ്രകടിപ്പിച്ചിട്ടുള്ള ഭിന്നാഭിപ്രായങ്ങൾ ജിജ്ഞാസുവിൻെറ സത്യാന്വേഷണതൃഷ്ണക്ക് ഉത്തേജനം നൽകുന്നവയാകുന്നു. 1857 ലെ വലിയ പോരാട്ടത്തിനു ശേഷം 1921 ലെ ഖിലാഫത്ത് വിപ്ളവം പോലെ മറ്റൊരു സംഭവും നടന്നിട്ടില്ല. അതു കൊണ്ടു തന്നെ സത്യസന്ധമായി ഇത് പുനരാവിഷ്ക്കരിക്കേണ്ട ചുമതല നമ്മിൽ അർപ്പിതമായിരിക്കുന്നു.

മലബാറിലെ കുടിയായ്മയേയും കാർഷികപ്രശ്നങ്ങളെയും പഠിക്കുവാനുള്ള ശ്രമങ്ങൾ പലരും നടത്തിയിട്ടുണ്ട്. 19-ാം നൂറ്റാണ്ടിലും 20-ാം നൂറ്റാണ്ടിലും നടന്നിട്ടുള്ള മാപ്പിള ലഹളകൾ എന്ന് ആഗ്ളേയ ചരിത്രകാരൻമാർ പറയുന്ന ജനകീയ പ്രക്ഷോഭണങ്ങളുടെ അടിസ്ഥാനകാരണങ്ങളെ പറ്റി അറിയാൻ ശ്രമിച്ചവരധികവും ഇവ കാർഷിക സമരങ്ങളായിരുന്നു എന്ന നിഗമനങ്ങളിലാണെത്തിച്ചേർന്നിട്ടുള്ളത്. ആധുനികരായ എഴുത്തുകാരിൽ ഇ.എം.ശങ്കരൻനമ്പൂതിരിപ്പാടിൻെറ A short History of the peasant movement in India (Peoples' Publishing House, Bombay,1953) Kerala, Yesterday, Today and Tomorrow (National Book Agency Calcutta, 1967) സൗമ്യേന്ദ്ര നാഥ ടാഗോറിൻെറ Peasant Revolution in Malabar 1937 (മലയാള പരിഭാഷ ഡോ. കെ.കെ.എൻ. കുറുപ്പ്, കോഴിക്കോട്, 1982) ഡോ: കെ.എൻ. പണിക്കരുടെ 'Against Lord and State, Religion and Peasant uprising in Kerala 1836-1921 (Oxford University Press Delhi, 1989), Peasant Protests and Revolts in Malabar (Peoples Publishing House, Delhi, 1990), ഫ്രെഡറിക്ക് സ്റ്റീഫൻ ഡെയിലിൻെറ The Mappillas of Malabar, 1498-1922, Islamic Society on South Asian Frontier Oxford University Press, Newyork, 1980), കോർണാഡ് വുഡിൻെറ The Moplah Rebellion And Its Genesis (Peoples' Publishing House, New Delhi,1987), റോനാൾഡ്. ഇ. മില്ലറിൻെറ Mappila Muslims of Kerala (Orient Logman Ltd, Madras -2, 1976) എൽ. റോബർട്ട് ഹാർഡ് ഗ്രേവിൻെറ 'The Mappila Rebellion', ഡോ. എം. ഗംഗാധരമേനോൻെറ Mappila Rebellion 1921-22(Calicut University, 1989), എസ്.എം. മുഹമ്മദ് കോയയുടെ Mappillas of Malabar, (Calicut, 1983), പ്രൊഫ. കെ.എം. ബഹാവുദ്ദീൻെറ Kerala Muslims, The Long Struggle, (S.P.C.S. Kottayam 1992) ഡോ. എ.പി. ഇബ്രാഹിം കുഞ്ഞിൻെറ Mappila Muslims of Kerala (Sandhya publications, Thiruvananthapuram -1,1989), എ.ആർ. ദേശായിയുടെ Social Background of Indian Nationalism (Bombay 1984), പി.എ. സെയ്തു മുഹമ്മദിൻെറ കേരള മുസ്ലിം ചരിത്രം (4th Edition, Alhuda Book Stall, Kozhikode, 1988) കെ.കെ. മുഹമ്മദ് അബ്ദുൾ കരീമിൻെറ, കെ.എം. മൗലവി സാഹിബ് (Alkitab Publication, Thirurangadi, 1985) 1921ലെ ഖിലാഫത്ത് ലഹളയും ആലി മുസ്ല്യാരും (സി.എച്ച്. മുഹമ്മദ് ആൻറ് സൻസ്, തിരൂരങ്ങാടി, 1968), എം. ആലിക്കുഞ്ഞിൻെറ, 1921ലെ മലബാർ കലാപം, ഒരു പഠനം

(റഹ്മ ബുക്ക്സ്റ്റാൾ, എല തൂർ, കോഴിക്കോട്, 1972), ഡോ. സി.കെ. കരീമിൻെറ Malappuram District Gazetteer (Government Press, Trivandrum, 1986) മലബാർ ലഹള 50-ാം വാർഷികപ്പതിപ്പ് ചരിത്രം (തിരുവനന്തപുരം 10, 1971), കേരള ചരിത്രവിചാരം (എറണാകുളം 1973), മാപ്പിളലഹള 60-ാം വാർഷികാഘോഷകമ്മിറ്റി, തിരൂരങ്ങാടി, മലബാർ കലാപം 1921, അബ്ദു ചെറുവാടിയുടെ 'വാഗൺ ട്രാജഡി സ്മരണിക' മെക്കോ, ചെറുവാടി, 1981, പി.കെ മുഹമ്മദ് കുഞ്ഞിൻെറ 'മുസ്ലീമിങ്ങളും കേരള സംസ്കാരവും' (കേരള സാഹിത്യ അക്കാദമി, തൃശൂർ, 1982), പ്രൊഫ. എം.പി.എസ്. മേനോൻെറ, മലബാർ സമരം - എം.പി. നാരായണമേനോനും സഹപ്രവർത്തകരും (എം.പി. സ്മാരക കമ്മിറ്റി, അങ്ങാടിപ്പുറം, 1992) എന്നീ പ്രസിദ്ധീകരണങ്ങൾ 1921ലെ ഖിലാഫത്ത് വിപ്ലവത്തെക്കുറിച്ച് വ്യത്യസ്ത സമീപനങ്ങളും നിഗമനങ്ങളും ഉൾക്കൊള്ളുന്നവയാണ്.

ഇ.എം.എസ്സിൻെറ അഭിപ്രായത്തിൽ തീർത്തും കാർഷികപ്രശ്നങ്ങളിൽ ആരംഭിച്ച് നിർഭാഗ്യവശാൽ ഒരു ഘട്ടത്തിൽ വർഗ്ഗീയസമരമായി മാറിയ മഹാസംഭവമായിരുന്നു 1921 ലേത് എന്നാണെങ്കിൽ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ഈ നൂറ്റാണ്ടിലെ ആദ്യഘട്ടത്തിലുണ്ടായ ഏറ്റവും വലിയ സ്വാഭാവിക കലാപമാണ് ഇൻഡ്യയെ സംബന്ധിച്ച് 1921ൽ മലബാറിലെ കർഷകരുടെ കലാപം സൃഷ്ടിച്ചിട്ടുള്ളത്, എന്നാകുന്നു സൗമ്യേന്ദ്രനാഥ ടാഗോറിൻെറ അഭിപ്രായം. മലബാർ കലാപത്തിൻെറ മതപരമായ ഘടകങ്ങൾ ടാഗോർ തൻെറ പഠനത്തിൽ തീരെ നിഷേധിക്കുകയാണ് ചെയ്യുന്നത്.5. ബഹുഭൂരിപക്ഷം മാപ്പിളമാർ ഉൾക്കൊള്ളുന്ന മലബാർ കർഷകരെ മർദ്ദിച്ചൊതുക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷ് ഭരണത്തിനെതിരായുള്ള കർഷകരുടെ ചെറുത്തുനിൽപ്പായിരുന്നു 1921ലെ സംഭവമെന്നാണ് ലണ്ടൻ യൂണിവേഴ്സിറ്റി പ്രൊഫസറായ കോർണാഡ് വുഡ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡോ. കെ.എൻ. പണിക്കരാണ് ഈ വിഷയത്തിൽ ഗഹനമായ പഠനം നടത്തിയിട്ടുള്ള മറ്റൊരു പണ്ഡിതൻ. ന്യൂ ഡെൽഹി ജവഹർലാൽ നെഹ്റു യൂണിവെഴ്സിറ്റി പ്രൊഫസറായ അദ്ദേഹത്തിൻെറ നിഗമനം, മലബാറിൽ നിലനിന്നിരുന്ന ജൻമി സമ്പ്രദായത്തിനും അതിനെ താങ്ങി നിർത്തിയിരുന്ന മർദ്ദകഭരണത്തിനുമെതിരായി മാപ്പിളമാർ നടത്തിയ ധീരോദാത്ത സമരമായിരുന്നു 1921 ലെ ലഹളയെന്നാണ്. അതേ സമയം സമരരംഗത്തിറങ്ങി പിൻതിരിയാതെ പോരാടുന്നതിനുള്ള പ്രചോദനം ഐസ്‌ളാമിക ദർശനങ്ങളിൽ നിന്നും മതപണ്ഡിതൻമാരിൽ നിന്നും അവർക്ക് ലഭിക്കുകയും ചെയ്തുവെന്നാണ്. റോളണ്ട്, മില്ലർ, ഫ്രെഡറിക് ഡെയിൽ എന്നിവർ ലഹളയെക്കുറിച്ച് മുൻവിധിയോടുകൂടി സ്വരൂപിച്ച അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. അവർ ആധാരമാക്കിയ ഉപാദാനങ്ങളധികവും സത്യവിരുദ്ധമായും പ്രചാരണോദ്ദേശ്യത്തോടുകൂടിയും പടച്ചുണ്ടാക്കിയ ഔദ്യോഗികരേഖകളും ഭാഷ്യങ്ങളുമാകയാൽ, അവ വസ്തുനിഷ്ഠമായ പഠനങ്ങളല്ലാതായിരിക്കുന്നു.

കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ പി.എച്ച്ഡി.ക്ക് വേണ്ടി തയ്യാറാക്കിയ ഗവേഷണപ്രബന്ധം പുനരാവിഷ്ക്കരിച്ചതാകുന്നു ഡോ.എം. ഗംഗാധരൻെറ മലബാർ കലാപത്തെക്കുറിച്ചുള്ള ഗ്രന്ഥം. അദ്ദേഹം എത്തിച്ചേർന്ന നിഗമനം 1921 ലെ കലാപം കാർഷികവിപ്ളവമെന്നതിനേക്കാൾ ഖിലാഫത്തിൻെറ രാഷ്ട്രീയ മുന്നേറ്റമായിരുന്നു എന്നാണ്. സാമ്പത്തികവും കാർഷികവുമായ പ്രശ്നങ്ങളാണെന്ന് പറയുന്നത് ശരിയാകുകയില്ലെന്നും മലബാർ ലഹള തീർത്തും ബ്രിട്ടീഷ് വിരുദ്ധമുന്നേറ്റമായിരുന്നുവെന്നതാണ് ശരിയെന്നും അദ്ദേഹം വാദിക്കുന്നു. സ്റ്റീഫൻ ഫ്രെഡറിക് ഡെയിൽ പറയുന്നതാകട്ടെ 1921 ലെ ലഹള ഒറ്റപ്പെട്ട സംഭവമല്ലെന്നും പറങ്കികളുമായുണ്ടായ സംഘട്ടനങ്ങൾ തുടങ്ങി ഇസ്‌ളാമികസ്വാതന്ത്ര്യത്തിനായി നടത്തിയ പോരാട്ടങ്ങളുടെ പരിസമാപ്തിയായിരുന്നുവെന്നുമാണ്. അതാകട്ടെ തീർത്തും മതത്തിനുവേണ്ടിയുള്ള ധർമ്മയുദ്ധം (ജിഹാദ്) ആണെന്നുമത്രെ. കെ.മാധവൻ നായരുടെ ഈ വിഷയത്തെ പുരസ്ക്കരിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ നാം നേരത്തെ പറഞ്ഞിട്ടുള്ളതാണല്ലോ. സത്യാന്വേഷകനായ ജിജ്ഞാസു തുറന്ന മനസ്സോടുകൂടി നമുക്കിന്ന് ലഭ്യമായിട്ടുള്ള ചരിത്രരേഖകൾ പഠിക്കുവാൻ തയ്യാറായാൽ മാത്രമേ നിഷ്പക്ഷവും വസ്തുനിഷ്ഠവുമായ നിഗമനങ്ങളിലെത്തിച്ചേരുവാൻ സാധിക്കൂ.

തുടക്കത്തിലേ സൂചിപ്പിച്ചതുപോലെ 1921 ലെ ഖിലാഫത്ത് വിപ്ളവത്തെ ഒറ്റയായെടുത്ത് പഠിച്ച് വിലയിരുത്തുവാൻ ശ്രമിച്ചാൽ വിഷയത്തിൻെറ പാർശ്വവീക്ഷണം മാത്രമായവശേഷിക്കുമെന്നതാണ് പരമാർത്ഥം. ഇതിൻെറ ആഴത്തിൽ നീണ്ടുകിടക്കുന്ന വേര് എവിടം വരെ എത്തി നിൽക്കുന്നുവെന്ന് മനസ്സിലാക്കണം. 1792 ൽ മലബാർ, ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ കൈവശം വന്നു ചേർന്ന നാൾ മുതൽ 1921 വരെയുള്ള ചരിത്രപശ്ചാത്തലം ശരിക്കുമറിയാൻ ശ്രമിച്ചാൽ മാത്രമേ 1921 ലെ ഖിലാഫത്ത് വിപ്ളവത്തിൻെറ കാരണങ്ങളും കാര്യങ്ങളും ഏതൊക്കെയെന്ന് ബോദ്ധ്യമാകുകയുള്ളു. പഠിക്കുവാനും ഗ്രഹിക്കുവാനും ഒരുമ്പെടുന്ന ഗവേഷകൻെറ മുമ്പിൽ അതിന്നാവശ്യമായ ചരിത്രധാതുക്കൾ കുമിഞ്ഞുകൂടികിടക്കുന്നുണ്ട്. രേഖകളുടെയോ പ്രമാണങ്ങളുടെയോ ക്ഷാമം ഇക്കാര്യത്തിലില്ല. പ്രയത്നവും സമയവും മുതൽമുടക്കാൻ സന്നദ്ധതയുള്ളവർക്കു വേണ്ടി ഇത് സംബന്ധമായറിയാവുന്ന പ്രമാണങ്ങൾ ഏതേതൊക്കെയെന്ന് വിവരിക്കുവാനുള്ള ശ്രമമാണിവിടെ നടത്തുന്നത്.

മലബാർ, കമ്പനി ഭരണത്തിൻ കീഴിലായതോടെ ഇവിടത്തെ സ്ഥിതിഗതികളന്വേഷിക്കുവാനും ഭാവിഭരണസംവിധാനങ്ങളെക്കുറിച്ച് ശുപാർശ സമർപ്പിക്കുവാനുമായി ഒരു കമ്മീഷനെ നിയമിച്ചിരുന്നു. മലബാർ ജോയിൻറ് കമ്മീഷൻെറ റിപ്പോർട്ടും അനുബന്ധരേഖകളും ഇക്കാലത്തെക്കുറിച്ച് ഏത് പഠനത്തിൻെറയും പ്രാഥമികഉപാദാനമാണ്. ഈ റിപ്പോർട്ടിൻമേൽ ഗവർണ്ണർ ജനറൽ എടുത്ത തീരുമാനങ്ങളും അതിൻെറ മിൻട്ട്സും ഇതേവിധം ഏറെ വിലപ്പെട്ട ചരിത്ര

സാമഗ്രികളാണ്. കമ്മീഷണർമാരുടെ റിപ്പോർട്ട് മുതൽ ആരംഭിക്കേണ്ടതായി വരുന്നു ഇതു സംബന്ധമായ പഠനം. തുടർന്ന് കമ്പനി ഉദ്യോഗസ്ഥൻമാർ പലപ്പോഴായി സമർപ്പിച്ചിട്ടുള്ള കുടിയായ്മ റിപ്പോർട്ടുകൾ പരിഗണനാർഹമാണ്. അവയെക്കുറിച്ച് ഉപന്യസിക്കുക പ്രയാസമായതിനാൽ അവ ഏതൊക്കെയെന്ന് മാത്രം എഴുതുന്നു. A Report of the Southern Division of Malabar, February 4, 1801, W. Wye, collecfor. 2. Report on the Condition of the Paulghat, Congad, Mannar, Eddterra, Kawilpara and Narinottam divisions of the Districts of Malabar, dated March 19, 1801 by Thomas Warden, 3. The Jamabundi Reports by Major Macleod, June 18, 1802. 4. Report on the Revenue Affairs of Malabar and canara, September 1817, Willian Thackeray. 5. Report on the survey And Settlement of South Malabar, J. Smee, Collector, 1809. 6. Report on the Revenue System in Malabar, June 16, 1813 by Thomas Warden. 7. Report on the land Assessment in Malabar, April 20, 1815 by Thomas Warden. 8. Mr. Greame's Glossary of words and Phrases relating to the land Tenures and Land Assment of Malabar, with notes and Etymological headings, 1818-1822. 9. Report on the province of Malabar and Canara, January 29, 1841 by Sullivan. 10. A Report on the Administration of Malabar, July 28, 1801 by Messers J. Spencer, J.Smee and A. Walker (second Commission of Malabar). 11. Correspondence regarding the relation of land lord and fenants in Malabar 1852-56 by T.L. Strange (special Commission). 12. Malabar land Tenure. Malabar Special Commissioner's Report 1881, by William Logan. 13. Moplah outrages vol. I 1848-1853. 14. Moplah outrages 1853-1859. 15. Moplah outrages Act 1854, 1856, 1859. 16. Moplah outrages 1873. 17. Moplah outrages 1879. 18. Moplah outrages 1880. 19. Moplah outrages, 1884. 20. Moplah outrages 1885. 21. Moplah outrages 1886. 22. Moplah Rebellion 1896 Vol. I. 23. Moplah Rebellion 1896, vol. II. 24. Moplah Rebellion, September 1915. 25. Moplah Rebellion, 1919. 26. Manual of Administration of Madras Presidency 1885. 27. Minute on the draft bill relating to Malabar Tenures, 1885 by Sir Charles Turner. 28. A Journey from Madras through the Countries of Canara, Mysore and Malabar, 1880 by Dr Francis Buchanan.

മുൻ അധ്യായത്തിൽ റഫറൻസായി നൽകിയിട്ടുള്ള വയാണ് മേലുദ്ധരിച്ച എല്ലാം തന്നെ. ഇതോടനുബന്ധമായി ഇനിയും കുറെക്കൂടി പ്രമാണങ്ങൾ പുരാരേഖാസംഭരണികളിൽ പരുതിയാൽ ലഭിക്കുകയും ചെയ്യും. 19 ാം നൂറ്റാണ്ടിൽ ഇടവിട്ടിടവിട്ട് മാപ്പിളമാർ നടത്തിയ സായുധകലാപങ്ങളുടെ കാരണങ്ങളെന്തൊക്കെയായിരുന്നുവെന്നും ഇംഗ്ളീഷ് ചരിത്രകാരൻമാരും അവരെ പിൻപറ്റുന്ന നാടൻ എഴുത്തുകാരും മാപ്പിള മതഭ്രാന്ത് എന്ന് വ്യവഹരിച്ച്, മാപ്പിള ലഹളകൾ എന്നു പേരിട്ടിട്ടുള്ള ഈ കർഷകമുന്നേറ്റങ്ങളുടെ യഥാർത്ഥകാരണങ്ങളും സ്വഭാവങ്ങളും ഏതൊക്കെയായിരുന്നുവെന്നും വ്യക്തമാക്കുവാൻ ഈ ഉപാദാനങ്ങൾ സഹായകമാണ്. വിവേകികളായ സത്യാന്വേഷകർക്ക് യഥാർത്ഥ്യം പുറത്തുകൊണ്ടുവരുവാൻ അനായാസേന സാധിക്കുന്നതുമാണ്. ആരോപിതമായിട്ടുള്ള മതഭ്രാന്തും വർഗ്ഗീയതയും മാപ്പിള സൃഷ്ടിയായിരുന്നുവോ, അതല്ല, ക്രൈസ്തവഭരണകൂടം സവർണ്ണഹൈന്ദവ ദുഷ്പ്രഭുത്വവുമായി ഒളിച്ചുകളി നടത്തി അവരുടെ മതഭ്രാന്തും മതദ്വേഷവും അടിച്ചേൽപ്പിച്ചതു കൊണ്ടുണ്ടായവയാണോ, എന്നൊക്കെ നിഷ്പക്ഷമതികളായ ഗവേഷകർക്ക് വ്യവച്ഛേദിച്ചറിയുവാനുള്ള അവസരം ഇതിനാൽ ലഭിക്കുകയും ചെയ്യും. മലബാർ ജോയിന്റ് കമ്മീഷണറുമാരുടെ റിപ്പോർട്ട് പോലെ തന്നെ പ്രാധാന്യമർഹിക്കുന്നവയാണ് ഗ്രീമിന്റെയും വാക്കറുടെയും, ടി.എൽ. സ്ട്രേഞ്ചിന്റെയും, വില്യം ലോഗന്റെയും വിവിധ കാലങ്ങളിലായി സമർപ്പിക്കപ്പെട്ടിട്ടുള്ള അന്വേഷണ റിപ്പോർട്ടുകൾ. ഇവയിൽ കുടിയായ്മയെ സംബന്ധിച്ച് ലോഗൻ എഴുതിയ സ്പെഷൽ കമ്മിഷറുടെ റിപ്പോർട്ട് ഏറെ സൂക്ഷ്മതയോടു കൂടി പഠിക്കേണ്ട ഒരു ഗവേഷണപ്രബന്ധം തന്നെയാണ്. മലബാറിലെ കുടിയായ്മ പ്രശ്നങ്ങളിലേക്ക് ലോഗന് മുമ്പും പിമ്പും ഇത്ര സമഗ്രവും ക്രിയാത്മകവുമായ ഒരു റിപ്പോർട്ട് തയ്യാറാക്കാൻ ആർക്കും സാധിച്ചിരുന്നില്ല. മാപ്പിളമാരുടെ അസ്വാസ്ഥ്യങ്ങളുടെ കാരണങ്ങളും അവക്കുള്ള പരിഹാര മാർഗ്ഗങ്ങളും ഈ റിപ്പോർട്ടിൽ കൊടുത്തിരിക്കുന്നു. അത് പോലെ ഓരോ കലാപങ്ങൾ കഴിയുമ്പോഴും അത് സംബന്ധമായുള്ള കോടതി നടപടികളും പ്രതികളുടെ സ്റ്റെയിറ്റ്മെണ്ടുകളും മറ്റും അടങ്ങിയ വലിയ രേഖാസമ്പത്ത് ഉണ്ടാകുകപതിവാണ്. അവ നിഷ്കൃഷ്ടമായ പഠനത്തിന് വിധേയമാക്കേണ്ടത് അത്യാവശ്യമാണ്. ചുരുക്കത്തിൽ ഈ വക പഠനങ്ങളും അന്വേഷണങ്ങളും നടത്താതെയും 19-ാം നൂറ്റാണ്ടിൽ നടന്ന മാപ്പിള മുന്നേറ്റങ്ങളുടെ സത്യസന്ധമായ ചരിത്രം ആവിഷ്ക്കരിക്കാതെയും 1921ലെ ഖിലാഫത്ത് വിപ്ളവത്തെ ശരിക്കും വിലയിരുത്തുവാൻ സാധിക്കുകയില്ല. അതു കൊണ്ടാണ് ഇത്തരം ചരിത്രസാമഗ്രകളിലേക്ക് വായയനക്കാരുടെ ശ്രദ്ധ വലിച്ചിഴച്ചത്.

ബ്രിട്ടീഷ് ഇൻഡ്യയിൽ നടന്നിട്ടുള്ള പല കലാപ ങ്ങളുമായി തുലനം ചെയ്യുമ്പോൾ, 1921-22 ലെ മലബാർ കലാപം ഏറ്റവുമധികം മനുഷ്യാഹുതിക്കിടവരുത്തിയ മഹാസംഭവമായിരുന്നുവല്ലോ. മലയാളനാടിനെ സംബന്ധിച്ച് അതിവ പ്രാധാന്യം അർഹിക്കുന്ന ഈ സംഭവത്തെപ്പറ്റി, എന്നാൽ പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങളും വിശ്വാസങ്ങളുമാണ് നിലനിൽക്കുന്നത്. നമ്മുടെ ദേശീയ ജീവിതത്തിലും ഇത് ഏല്പിച്ച ആഘാതപ്രത്യാഘാതങ്ങളെക്കുറിച്ചും സമഗ്രവും ക്രിയാത്മകവുമായ വിലയിരുത്തലുകൾ നടന്നിട്ടില്ല. തല്പരകക്ഷികൾ സ്വന്താവശ്യത്തിനു വേണ്ടി ചെയ്ത കുപ്രചാരണങ്ങളുടെ മാറാലകളിൽ കുടുങ്ങി

യാഥാർത്ഥ്യം ബന്ധനസ്ഥമായി കിടക്കുകയാണ്. നിഷ്ക്രൂരമായ അവരുടെ ചെയ്തികളെ ന്യായീകരിക്കുവാനുള്ള ഉപജാപങ്ങൾ ഇംഗ്ലീഷ് പക്ഷത്തു നിന്നും ഉണ്ടാകുക സ്വാഭാവികവുമാണ്. എന്നാൽ ഇൻഡ്യൻ മനസ്സിൽ അതിനെ സംബന്ധിച്ച് നിലനിൽക്കുന്ന സ്മരണകളാകട്ടെ ഞെട്ടിപ്പിക്കുന്ന ഭയപ്പാടിന്റേതുമാണ്. അത്രമാത്രം വർഗ്ഗീയ വിഷവായു ഇക്കാര്യത്തിൽ വമിപ്പിച്ചിട്ടുണ്ട്. ന്യായന്യായങ്ങളെ വിശകലനം ചെയ്യുന്നതിനോ, സത്യവും മിഥ്യയും ഏതേതെന്ന് വ്യവച്ഛേദിച്ചറിയുന്നതിനോ ഉള്ള മാനസികസന്നദ്ധത പോലും ആരും പ്രകടിപ്പിക്കുന്നില്ല. അസഹിഷ്ണതയുടെ വീർപ്പുമുട്ടലാണ് മലബാർ ലഹളയെ പുരസ്ക്കരിച്ച് പറയുമ്പോഴും എഴുതുമ്പോഴും. ഈ രാജ്യത്ത് നടന്ന വലിയ ഒരു സംഭവം-പതിനായിരിക്കണക്കിന് കേരളീയരുടെ ജീവൻ അപഹരിക്കപ്പെട്ട അപൂർവ്വസംഗതി - ഏറെ കാലത്തോളം മലബാറിന്റെ മനഃസാക്ഷി മരവിച്ചു നിന്ന സന്ദർഭം - ഇതെങ്ങനെ ഉണ്ടായി ? ഇതിന്റെ കാര്യകാരണങ്ങൾ എന്തെല്ലാം? ഇതിന്റെ തിക്തമോ, മുക്തമോ ആയ ഫലങ്ങളെന്തൊക്കെ ? നമ്മുടെ സാമൂഹികവും സാമ്പത്തികവുമായ സംവിധാനങ്ങളിൽ അത് എത്ര മാത്രം സ്വാധീനം ചെലുത്തി ? നമ്മുടെ ദേശീയ ജീവിതത്തിലും വൈദേശികഭരണത്തിനുമെതിരായ സജീവസമരങ്ങളിലും ഈ സംഭവത്തിന് എത്ര മാത്രം സ്ഥാനമുണ്ട് ? ഇതിന്റെ ഫലമായി രാജ്യത്ത് പൊതുവെയും മലബാറിൽ പ്രത്യേകമായും ഉരുത്തുരിഞ്ഞ രാഷ്ട്രീയ - വർഗ്ഗീയ ചേരികളേതൊക്കെ? ഇത്രയും മനുഷ്യരെ കൊന്നൊടുക്കിയ കാപാലികൻമാർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ? ഇവയത്രയും വസ്തുനിഷ്ഠമായ പഠനത്തിന് വിധേയമാക്കേണ്ടതായുണ്ട്.

ചരിത്രാതീതകാലത്തെക്കുറിച്ചും ചരിത്രസാമഗ്രികൾ തുലോം തുച്ഛമായ പ്രാചീനകേരളത്തെക്കുറിച്ചുമെല്ലാം നാം നിരന്തരം ഗവേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ, വെറും 75 വർഷങ്ങൾക്ക് മുമ്പ് മാത്രം നടന്ന തീവ്രമായ ഈ വൻസംഘട്ടനത്തിന്റെ കഥ വെറും ഊഹാപോഹങ്ങളിൽ മാത്രമായി നിലനിർത്തുന്നത് ശരിയായിരിക്കുകയില്ല. കേരളചരിത്രപഠനത്തിനും കേരളീയ സമൂഹത്തിന്റെ വൈകാരികോദ്ഗ്രഥനത്തിനും പ്രയോജനകരമാകണമെങ്കിൽ കൻമഷം കലരാത്ത തുറന്ന മനസ്സുമായി നാം വിഷയത്തെ വിശകലനം ചെയ്യേണ്ടതായുണ്ട്. ഒരാളും പരിപൂർണ്ണമായും നിഷ്പക്ഷവാനാണെന്ന് തീർത്ത് പറയുക പ്രയാസമാണ്. എല്ലാ മനുഷ്യർക്കും അവരുടെതായ വാസനയും അഭിപ്രായവും വീക്ഷണവിശേഷവുമൊക്കെ കാണും. അതിന്റെ ചെറിയ സ്വാധീനം അവരുടെ വികാരവിചാരങ്ങളിലും നിഗമനങ്ങളിലും അല്പസ്വല്പം കടന്നുകൂടിയെന്നുവരാം. അത് ക്ഷന്തവ്യവുമാണ്. കള്ളരേഖകൾ മനഃപൂർവ്വം സൃഷ്ടിക്കുകയോ, ഉള്ളവയെ വികലപ്പെടുത്തി തെറ്റായ പ്രചാരണത്തിന്നൊരുമ്പെടുകയോ, ചെയ്യുമ്പോഴാണ് കുഴപ്പം. നമ്മുടെ മാനസികഗതിക്കനുസൃതം ചരിത്രസാക്ഷ്യങ്ങളെ വളച്ചൊടിച്ച് അവതരിപ്പിക്കുമ്പോഴാണ് അത് വിരൂപവും പരിത്യാജ്യവുമായിത്തീരുന്നത്. അതിനു മുതിരുന്ന ചരിത്രകാരൻ നിശ്ചയമായും ഇന്നലത്തെയും നാളത്തെയുമായ തലമുറകളോട് കടുത്ത അന്യായമാണ് ചെയ്യുന്നത്. തനിക്ക് ലഭിച്ചതും സംഭരിക്കാവുന്നവയുമായ പ്രമാണങ്ങളെ മാത്രം ആധാരമാക്കി രണ്ടുഭാഗത്തേയും വാദങ്ങൾ കേട്ട് നീതിപൂർവമായ വിധിയെഴുതുന്ന ന്യായാധിപനെപോലെയായിരിക്കണം ചരിത്രകാരൻ. അയാളുടെ നിഗമനം ഒരു പക്ഷെ കൂടുതൽ തെളിവുകളുടെ വെളിച്ചത്തിൽ തിരുത്തേണ്ടതായി വന്നേക്കാം. എന്നാലും ഉള്ള തെളിവുകളുടെയും പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ അയാൾ നടത്തുന്ന നിഗമനം അസ്വീകാര്യമാകേണ്ടകാര്യമില്ല. അല്ലാതെ വാദിക്കും പ്രതിക്കും വേണ്ടി ഇരുപുറവും വാദിക്കുന്ന വക്കീലൻമാരെപ്പോലെ ഏകപക്ഷീയമാകരുത് ചരിത്രകാരന്റെ വാദഗതി. ചരിത്രകാരൻ ആരുടെയും വക്കാലത്ത് പിടിച്ച് വാദിക്കേണ്ടവനല്ല. അതിന് എപ്പോൾ അയാൾ ഒരുമ്പെടുന്നുവോ, അപ്പോൾ അയാൾ ചരിത്രകാരനല്ലാതായിതീരുന്നു. മലബാർ കലാപത്തെക്കുറിച്ച് നമുക്കിതുവരെയും യഥാർത്ഥത്തിൽ ഒരു ചരിത്രവും ഉണ്ടായിട്ടില്ലെന്ന് പറയുവാൻ ധൈര്യം തോന്നുന്നതും ഇതുകൊണ്ടാണ്. അരൊക്കെയോ, ആർക്കൊക്കെയോ വേണ്ടി വാദപ്രതിവാദങ്ങൾ നടത്തിയിട്ടുള്ളതിന്റെ കുറെ രേഖകളും പ്രസിദ്ധീകരണങ്ങളും മാത്രമേ നമുക്കുള്ളു. വസ്തുനിഷ്ഠമായും ശാസ്ത്രീയമായും ഉള്ള ഒരു നിഷ്പക്ഷപഠനം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്. ഈ അദ്ധ്യായം എത്ര തന്നെ വലുതാക്കിയാലും നാം ഉദ്ദേശിക്കുന്ന വിധം വിഷയത്തെ സംബന്ധിച്ച കൂലങ്കഷമായ ഒരു ചർച്ച നടത്തിയെന്ന് ഊറ്റം കൊള്ളുവാൻ പറ്റാത്തവിധം അത്രയേറെ രേഖാസമ്പത്ത് ഇന്ന് ലഭ്യമാണ്.

പ്രധാനമായും മൂന്ന് വിധം വ്യാഖ്യാനങ്ങളാണ് 1921ലെ മലബാർ കവാപത്തെക്കുറിച്ച് ഇന്ന് പ്രചാരത്തിലുള്ളവ. ഒന്നാമത്തെയും കുടുതൽ ബലവത്തായി നിലനിൽക്കുന്നതുമായ അഭിപ്രായം 1921ലെ മലബാർ കലാപം വെറും ഒരു മാപ്പിളലഹളയായിരുന്നുവെന്നും ഹൈന്ദവ ജനവിഭാഗത്തിനെതിരായി മലബാറിലെ മതഭ്രാന്തൻമാരായ മാപ്പിളമാർ സംഘടിതമായി നടത്തിയ കൂട്ടക്കൊലകളുടെയും മതംമാറ്റത്തിന്റെയും കറുത്ത അദ്ധ്യായങ്ങളാണെന്നുമാണ്. ആഗ്ലേയ-ക്രൈസ്തവഭരണാധികാരികൾ തന്ത്രപൂർവ്വം പടച്ചുവിട്ട ഈ ദുഷ്പ്രചാരണം ഇൻഡ്യയിലുടനീളം ഫലവത്തായി വിശ്വസിപ്പിക്കുവാനും അവർക്കു സാധിച്ചു. രണ്ടാമത്തെ പക്ഷം മലബാർ കലാപം ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകമെന്ന നിലയിൽ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ ദേശീയാവേശം തുന്നിച്ചേർക്കുന്ന മഹത്തായ ചെറുത്തുനിൽപ്പിന്റെ പുളകോൽഗമകാരിയായ കഥയാണെന്നാണ്. മൂന്നാമത്തെ അഭിപ്രായം മലബാറിലെ യാതനാപൂർണ്ണവും ദരിദ്രവുമായ ജീവിതത്തിൽ നിന്നും മുക്തി നേടുവാൻ വേണ്ടി കർഷകരായ മാപ്പിളമാർ ഹൈന്ദവജൻമിത്വത്തോടു നടത്തിയ സന്ധിയില്ലാത്ത ഘോരസംഘട്ടനമായിരുന്നു അതന്നെത്രെ. എന്നാൽ ഇവ

അത്രയും സ്വീകാര്യങ്ങളായ നിഗമനങ്ങളല്ല. സത്യത്തിന്റെ അംശം ഓരോന്നിലും ഏറ്റക്കുറച്ചിലു കളോടുകൂടികണ്ടേക്കാമെങ്കിലും ഇതിലേതെങ്കിലുമായിരുന്നു മലബാർ കലാപം എന്ന് വ്യവഹരിക്കുന്നത് സത്യത്തിന് നേരെ കൊഞ്ഞനംകുത്തുന്നതിന് സമമായിരിക്കും.

ഒരു ബഹുജനപ്രക്ഷോഭണം ഉണ്ടാകുമ്പോഴും അത് ആയിക്കണക്കിന് മനുഷ്യരെ ബാധിക്കുന്ന പ്രശ്നമായി മാറുമ്പോഴും, വിഭിന്ന താല്പര്യക്കാരും അഭിപ്രായക്കാരുമായ വ്യക്തികളാണ് അവയിൽ ഭാഗഭാക്കാകുക എന്നത് കൊണ്ട് തന്നെ ലോകചരിത്രത്തിൽ ഒറ്റസമരവും അപവാദങ്ങൾക്കതീതമായി ഇരുന്നിട്ടില്ലന്നതാണ് പരമാർത്ഥം. എന്നാൽ നാം അവയെ വിലയിരുത്തുന്ന മാനദണ്ഡം അവ ഏതാവശ്യത്തിന് ? എന്ത് കാര്യത്തിന് ? ഏത് ശക്തിക്കെതിരായി ? തുടങ്ങിയ കാര്യങ്ങൾ നിരൂപിച്ചുകൊണ്ടാകുന്നു. പൊതുവായി സ്വീകരിക്കാറുള്ള ഈ അളവ്കോൽ മലബാർ ലഹളയുടെ കാര്യത്തിൽ നാം ഉപയോഗിക്കുന്നില്ല എന്നതിനാലാണ് ഭാഗികമായ സംഗതികളിൽ ഒതുങ്ങി അർദ്ധസത്യങ്ങളോ പച്ചക്കള്ളങ്ങളോ, കൈയായി ഇന്നും ഇതേ പറ്റിയുള്ള പരാമർശങ്ങൾ നിലനിൽക്കുന്നത്. അങ്ങനെ എന്താവശ്യത്തിനായി ഈ കലാപം തുടങ്ങി ? ഏത് ശക്തിക്കെതിരായിട്ടായിരുന്നു ഈ കൊടുങ്കാറ്റ് ആഞ്ഞടിച്ചത് ? തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കുമ്പോൾ കാണുന്ന പരമാർത്ഥം ഇന്ന് നിലവിലിരിക്കുന്ന മുൻ പ്രസ്താവിച്ച മൂന്ന് അഭിപ്രായഗതിക്കും എതിരാണെന്ന് നിസ്സർക്കമായി കാണാൻ സാധിക്കും. ഒന്നാമത്തെ അഭിപ്രായം ഇത് മലബാറിലെ ഹിന്ദുക്കൾക്കെതിരായി മാപ്പിളമാർ നടത്തിയ ജിഹാദ് ആയിരുന്നു എന്നാണല്ലോ. ആംഗ്ലേയ-ക്രൈസ്തവ ഭരണകൂടം തുടക്കം മുതലെ ബോധപൂർവ്വം പ്രചരിപ്പിച്ച് അക്കാലത്തെ എല്ലാ മാധ്യമങ്ങളിലൂടെയും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതായിരുന്നു ഇക്കാര്യം. ഇംഗ്ളീഷ് പക്ഷത്തു നിന്നും നടത്തിയ ഈ ദുരാരോപണം ഇൻഡ്യൻ മണ്ണിൽ വേരൂന്നിയതിൽ അധികം അത്ഭുതത്തിനവകാശമില്ല. യഥാർത്ഥത്തിൽ ഈ ലഹള തുടങ്ങിയത് ഹിന്ദുക്കൾക്കെതിരായിട്ടായിരുന്നുവോ ? നിഃസ്സംശയം പറയാൻ സാധിക്കുക അല്ല എന്നാണ്. ഏതെങ്കിലും സാമുദായിക പ്രശ്നമായിരുന്നുവോ ലഹള നടത്തുവാനുള്ള പ്രചോദനമെന്ന് ചോദിച്ചാലും ഉത്തരം നിഷേധാർത്ഥത്തിലേ ആകൂ. കലാപകാലത്ത് അതുമായി പലതരത്തിൽ ബന്ധപ്പെട്ടിരുന്ന പ്രസിദ്ധരായ പല മഹാൻമാരും രേഖപ്പെടുത്തിയിട്ടുള്ളത് ഒരിക്കലും മലബാർ കലാപം തുടങ്ങിയത് വർഗ്ഗീയലഹളയായിട്ടായിരുന്നില്ലെന്ന് തന്നെയുമല്ല മലബാറിലെ നിരവധി നൂറ്റാണ്ട് കാലത്തെ ചരിത്രത്തിൽ ഇത്രമാത്രം സാമുദായിക സൗഹാർദ്ദത്തിന്റെ വർഷങ്ങൾ ലഹളയ്ക്കുമുമ്പ് നിലവിലിരുന്നത് പോലെ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്ന് കൂടിയുമാണ്. അത് പോലെ തന്നെ കലാപം തുടങ്ങുന്നത് ഹിന്ദുക്കളോട് സമരപ്രഖ്യാപനം നടത്തിയിട്ടില്ലെന്നും ഹൈന്ദവ നേതാക്കൻമാരും അനുയായികളും കലാപത്തിന്റെ തുടക്കത്തിൽ ഇതിൽ ആവേശത്തോടുകൂടി പങ്കെടുത്തിരുന്നു എന്നും ഇവരൊക്കെ പറയുന്നുമുണ്ട്. അപ്പോൾ മലബാർ കലാപത്തിന്റെ ആരംഭം വർഗ്ഗീയലഹളയായിട്ടോ ഹൈന്ദവ സഹോദരങ്ങളെ നശിപ്പിക്കുവാൻ വേണ്ടിയോ ആയിരുന്നില്ലെന്ന് സിദ്ധം. പിന്നെ എങ്ങിനെ ഈ അഭിപ്രായത്തിന് പ്രാബല്യം ലഭിച്ചു. ? അതാരായുമ്പോൾ രണ്ട് മൂന്ന് കാര്യങ്ങൾ ഓർമ്മിക്കേണ്ടതായുണ്ട്. ഒന്നാമത്തേത് ഇംഗ്ളീഷുകാരുടെ കൈവശം മലബാർ വന്ന കാലം തുടങ്ങി ഇവിടത്തെ രണ്ട് പ്രബലസമുദായങ്ങളായ മാപ്പിളമാരേയും നായൻമാരേയും ബദ്ധശത്രുക്കളാക്കി അകറ്റി നിർത്തുവാനുള്ള ശ്രമങ്ങൾ ബോധപൂർവ്വം കമ്പനി അധികാരികൾ ചെയ്തിരുന്നു. ഇംഗ്ളീഷുകാരുടെ ഈ ഭിന്നിപ്പിക്കൽ നയം തെക്കേ മലബാർ പ്രവിശ്യകളുടെ കളക്ടറായിരുന്ന ജെ. ഡബ്ളിയു. വെയ് 1801 ൽ എഴുതിയ റിപ്പോർട്ടിൽ പറയുന്നതിപ്രകാരമാണ്. "നായൻമാരും മാപ്പിളമാരും തമ്മിൽ നിലനിൽക്കുന്ന മത്സരവും പകയും അതേ പടി നിലനിർത്തേണ്ടത് നമ്മുടെ ആവശ്യമാണ്. അവർ യോജിക്കാവുന്ന ഒരവസ്ഥയിലും എത്തിക്കാതിരിക്കുകയും ഇരുകൂട്ടരുടെയും ശത്രുത ഒരേ ശക്തി തുലനത്തിൽ നിർത്തുകയും ചെയ്യേണ്ടത് നമ്മുടെ ഭരണനടത്തിപ്പിന് അനിവാര്യമായ നയമായി സ്വീകരിക്കേണ്ടതുണ്ട്."6. മാപ്പിളമാരും നായൻമാരും തമ്മിലുണ്ടായിരുന്ന അകൽച്ച പൂർവ്വാധികം വലുതാക്കുവാനുള്ള പ്രവർത്തികളാണ് ഇംഗ്ളീഷ് പക്ഷത്തു നിന്നും നിർല്ലോഭം നടത്തിക്കൊണ്ടിരുന്നത്. ഈ ദുരുദ്ദേശ്യമായിരുന്നു ജൻമികളെയും നാടുവാഴികളെയും പുനർവാഴ്ച നടത്തിയപ്പോൾ, സ്ഥലത്തിൻമേൽ അതുവരെ അവർക്കുണ്ടായിരുന്നിട്ടില്ലാത്ത അനിയന്ത്രിതമായ അധികാരാവകാശങ്ങൾ നൽകുവാൻ കാരണവും. ഇതിന്റെ ഫലമായി ഇരുസമുദായങ്ങളും തമ്മിൽ അവിശ്വാസവും അകൽച്ചയും ക്രമാതീതയമായി വർദ്ധിച്ചു. ജൻമി -കുടിയാൻ തർക്കങ്ങളും സംഘർഷങ്ങളും ഉണ്ടായിട്ടുള്ളപ്പോൾ ഒക്കെ തന്നെ അവയെ മാപ്പിളമാരുടെ ഹൈന്ദവവിരോധമായി ക്രൈസ്തവഭരണാധികാരികൾ ആദ്യം മുതലെ ചിത്രീകരിച്ചുകൊണ്ടിരുന്നു. കമ്പനി ഭരണത്തിനെതിരായി നടന്ന ആദ്യത്തെ ഫ്യൂഡൽ ചെറുത്തുനിൽപ്പിന് നേതൃത്വം കൊടുത്ത ഉണ്ണി മൂസമൂപ്പന്റെയും ചെമ്പൻ പോക്കരുടെയുമെല്ലാം വിമോചനപ്രസ്ഥാനം ചോരയിൽ മുക്കിക്കൊന്ന കമ്പനി അധികാരികൾ അവകൂടി വർഗ്ഗീയ കലാപങ്ങളായാണ് വ്യവഹരിച്ച് പോരുക. 1921ന് മുമ്പ് നടന്നിട്ടുള്ള 83 ലഹളകൾ എല്ലാം തന്നെ മതഭ്രാന്തിളകിയ മാപ്പിളചാവേർപ്പടകളുടെ പേക്കൂത്തായി മാത്രം പറഞ്ഞ് പോരികയും ചെയ്തിരുന്നു. 19-ാം നൂറ്റാണ്ടിൽ ഇടവിട്ടിടവിട്ട് നടന്നുകൊണ്ടിരുന്ന മാപ്പിളകർഷകരുടെ രക്തപങ്കിലമായ മുന്നേറ്റങ്ങളത്രയും ശഹീദായി സ്വർഗ്ഗം പൂകുവാൻ വേണ്ടിയുള്ള ഹാലിളകിയ മാപ്പിളമാരുടെ മതഭ്രാന്ത് മാത്രമായിരുന്നുവെന്നാണല്ലോ ക്രൈസ്തവഭരണാധികാരികൾ നടത്തിയ ദുഷ്പ്രചാരണം. അവയുടെ കാരണങ്ങളെയും സ്വഭാവത്തെയും പുരസ്ക്കരിച്ച് സുദീർഘമായി തന്നെ കഴിഞ്ഞ അധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. 1921ലെ ഖിലാഫത്ത് വിപ്ളവത്തേയും

മതഭ്രാന്താകുന്ന തുറുപ്പ് ശീട്ട് ഉപയോഗിച്ചാണ് അവർ പരാജയപ്പെടുത്തിയത്. മനുഷ്യനെ വേഗം പ്രകോപിപ്പിക്കുവാൻ കഴിയുന്ന മൃദുലവികാരമാണല്ലോ മതദ്വേഷത്തെക്കുറിച്ചുള്ള ദുഷ്പ്രചാരണം. സാമാന്യജനങ്ങൾക്കിടയിൽ അതിവേഗം വിറ്റഴിക്കുവാൻ പറ്റുന്നതാണ് മതവികാരത്തെ ഇക്കിളിപ്പെടുത്തുന്ന ഏത് ഉൽപ്പന്നവും. എല്ലാ പ്രചാരണ ഉപാധികളും ഉപയോഗിച്ച് 1921ലെ കലാപവും വർഗ്ഗീയലഹളയായി അവതരിപ്പിക്കുവാൻ ഭരണനേതൃത്വത്തിന് കഴിഞ്ഞുവെന്നതാണ് ഈ അഭിപ്രായം വ്യാപകമായി വിശ്വസിച്ചുപോരാൻ കാരണമായത്.

മറ്റൊരു കാര്യം മലബാറിലെ ഹൈന്ദവസമുദായത്തിൽ നിന്നും ഉത്ഭവിച്ചതാണ്. ലഹളയുടെ ആരംഭത്തിൽ എല്ലാ ജനങ്ങളും ജാതിമതഭേദമന്യേ കലാപകാരികളെ സഹായിച്ചിരുന്നു. എന്നാൽ ഇംഗ്ലീഷ് പട്ടാളക്കാരുടെ വരവോടും ലഹളക്കാരുടെ മേൽ അവർ കൈവരിച്ച വിജയത്തോടും കൂടി അതു വരെ തങ്ങളുടെ സഹായികളായിരുന്ന ഹൈന്ദവ സുഹൃത്തുക്കൾ മറുചേരിയിലേക്ക് മാറി. ഇതിനുണ്ടായ പ്രത്യേക കാരണം ഇംഗ്ലീഷുകാരുടെ ക്രൂരമായ നയമാണ്. ലഹളക്കാരുടെ ഒളിസങ്കേതങ്ങൾ കാണിച്ചു കൊടുക്കുവാൻ ഹിന്ദുക്കളെ പട്ടാളക്കാർ നിർബന്ധിച്ചു. അവർ അതിനു വിസമ്മതിക്കുമായിരുന്നെങ്കിൽ ജീവൻ അപകടത്തിലായതു തന്നെ. തങ്ങളുടെ അയൽവാസികളും സുഹൃത്തുക്കളുമായിരുന്ന മാപ്പിള ലഹളക്കാരുടെ ഒളിസ്ഥലങ്ങൾ ചൂണ്ടിക്കാട്ടി കൊടുക്കേണ്ടതായി വന്ന ഗതികേടാണ് ഹിന്ദുക്കൾക്ക് ഇതു മൂലമുണ്ടായത്. പട്ടാളക്കാർ സ്ഥലത്തു നിന്ന് പോകുമ്പോൾ അവരെ സഹായിച്ച ആളുകളോട് പ്രതികാരം ചെയ്യാൻ മാപ്പിളമാർ തയ്യാറാകുകയും ചെയ്തു. അങ്ങനെ പട്ടാളക്കാരിൽ നിന്നും ഒരു പോലെ പ്രയാസങ്ങൾ അനുഭവിക്കേണ്ടതായി വന്നു മലബാറിലെ ഹിന്ദുക്കൾക്ക്. പട്ടാളക്കാരുടെ മാർഗ്ഗദർശികളായി അവർ മാറിയതോടുകൂടി ത ങ്ങളുടെ ജീവൻമരണ സമരത്തിൽ വഞ്ചന ചെയ്തവരോടായി കൂടുതൽ അമർഷം. ഇത്തരത്തിൽ കുറെ ഹിന്ദുക്കളെ കലാപകാരികൾ വകവരുത്തിയിട്ടുണ്ടാവണം. പക്ഷെ അത് ഹൈന്ദവവിരോധം കൊണ്ടാണെന്ന് വ്യവഹരിക്കുന്നത് അന്യായമായിരിക്കും. ലഹളയുടെ അവസാനഘട്ടത്തിൽ ഒറ്റയൊറ്റയായിട്ടാണെങ്കിലും ഇത്തരം പല സംഭവങ്ങളും നടന്നതിൻെറ ഫലമായി ലഹളക്കാർ മുഴുക്കെ തങ്ങളുടെ ശത്രുക്കളാണെന്ന് ഹിന്ദുക്കളും, ഹിന്ദുക്കൾ മുഴുക്കെ തങ്ങളെ ഒറ്റിക്കൊടുക്കുന്ന ജൂദാസുകളാണെന്ന് ലഹളക്കാരും വിചാരിച്ചിരിക്കും. ഇത് മൂലം മലബാർ ലഹള വർഗ്ഗീയ കലാപമായിരുന്നു എന്ന ഇംഗ്ലീഷ് വ്യാഖ്യാനത്തിന് കൂടുതൽ തെളിവുകളും വിശ്വസിക്കുവാൻ കൂടുതൽ ആളുകളും ഉണ്ടായി. എന്നാൽ ഇത് ലഹള തുടങ്ങി വളരെക്കഴിഞ്ഞതിനു ശേഷമാണെന്നും പട്ടാളക്കാരുടെ മർദ്ദനത്തിൻെറയും പീഢനത്തിൻെറയും പരിണിതഫലമായിട്ടായിരുന്നുവെന്നും ഇവർക്കാർക്കും അറിയാഞ്ഞിട്ടല്ല. ഒരു ബഹുജനപ്രക്ഷോഭണം തുടങ്ങിക്കഴിഞ്ഞാൽ ജനലക്ഷങ്ങൾ ഭാഗഭാക്കുകളാണെന്നതിനാൽ നല്ലതും ചീത്തയുമായ പലതും സംഭവിക്കും. അവയിൽ ഏതെങ്കിലും ഒരു കാര്യം പൊക്കിപിടിച്ചു കൊണ്ട് നമ്മുടെ മനസ്സിനൊത്ത വിധം വ്യാഖ്യാനിക്കുന്നത് ഒരിക്കലും ശരിയായിരിക്കുകയില്ലല്ലോ. അതാണ് ഇത്തരം സംഭവങ്ങൾ എടുത്ത് പറഞ്ഞ് മലബാർ ലഹള ഹിന്ദു-മുസ്ളീം സംഘട്ടനമായിരുന്നുവെന്ന് എഴുതുന്നതിലുള്ള അബദ്ധവും.

ഈ വാദഗതിക്കനുകൂലമായി മൂന്നാമതൊരു ഘടകമുള്ളത് ഈ ലഹളയിൽ മൃഗീയമായ ഭൂരിപക്ഷവും മാപ്പിളമാരായിരുന്നു പങ്കെടുത്തതെന്ന വസ്തുതയാണ്. ഇംഗ്ലീഷുകാർക്കെതിരായുള്ള ദേശീയമായൊരു ഉയർത്തെഴുന്നേൽപ്പായിരുന്നു ഇതെങ്കിൽ എന്തു കൊണ്ട് വളരെ ചുരുക്കം മാത്രം ഹിന്ദുക്കളേ ഇതിൽ പങ്കാളികളായിരുന്നുള്ളൂ എന്ന ചോദ്യം സ്വാഭാവികമാണ്. ലഹളയ്ക്കു മുമ്പും പിമ്പും ഇംഗ്ലീഷുകാർ സ്വീകരിച്ചിരുന്ന നയപരിപാടികളുടെ ആസൂത്രിതസ്വഭാവവിശേഷം കൊണ്ടാണ് ഇതും ഇത്തരത്തിൽ ആയതെന്ന് ഓഫീസർമാരുടെ റിപ്പോർട്ടുകൾ മാത്രം പരിശോധിച്ചാൽ ബോദ്ധ്യമാകും. മഞ്ചേരിയിലെയും ഒറ്റപ്പാലത്തെയും കോൺഗ്രസ്സ് സമ്മേളനങ്ങളിൽ മുഴങ്ങിക്കേട്ട ഹിന്ദു-മുസ്ളീം ഐക്യത്തിൻെറയും സ്വാതന്ത്ര്യമോഹത്തിൻെറയും ശബ്ദം മലബാറിലെ ഔദ്യോഗിക വൃന്ദത്തെ കിടിലം കൊള്ളിച്ചിരുന്നു. ഏത് തരത്തിലെങ്കിലും ഹിന്ദു-മുസ്ളീം ഐക്യത്തെ തകർക്കുവാനും വീണ്ടും ഇരുവിഭാഗത്തെയും ശത്രുപാളയങ്ങളിലേക്ക് അടിച്ചോടിക്കുവാനുമുള്ള വിദഗ്ദ്ധതന്ത്രങ്ങളാണ് അതിനു ശേഷം അവർ പ്രയോഗിച്ചത്. കലാപം ആരംഭിക്കുന്നതിന് എത്രയോ മുമ്പ് തന്നെ മലബാറിലെ ദേശീയ പ്രസ്ഥാനത്തെ അടിച്ചമർത്തുവാനുള്ള പ്രവർത്തനങ്ങൾ തകൃതിയായി നടത്തിക്കൊണ്ടിരുന്നു. മലബാർ വിപ്ളവത്തിലെ അതികായൻമാരിൽ ഒരാളായ എം.പി. നാരായണമേനോനെ മാപ്പിള ആക്ട് അനുസരിച്ചാണ് അറസ്റ്റ് ചെയ്തതും ശിക്ഷിച്ചതും. 7. എല്ലാ കേസ്സുകളും മാപ്പിള ആക്ടിൻെറ അടിസ്ഥാനത്തിൽ മാത്രം ചാർജ്ജ് ചെയ്യുവാനായിരുന്നു നിർദ്ദേശം.8. ഖിലാഫത്തിനെതിരായ സംരംഭമാണെന്ന് ഒരിക്കലും യാതൊരു വിധ ധാരണയും ഉണ്ടാക്കരുതെന്നും ഖിലാഫത്ത് എന്ന വാക്ക് ഉച്ചരിക്കുക പോലും ചെയ്യരുതെന്നായിരുന്നു ഉദ്യോഗസ്ഥൻമാർക്ക് നൽകിയിരുന്ന നിർദ്ദേശങ്ങൾ.9. അങ്ങനെ ഇതത്രയും മാപ്പിളമാരുടെ മതഭ്രാന്തിൽ നിന്നുണ്ടായആവേശപ്രകടനമാണെന്നും അതിൽ ഹിന്ദുക്കൾ കൂട്ടുകൂടുന്നതിൻെറ സാംഗത്യം എന്താണെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയുമായിരുന്നു ഇംഗ്ലീഷ് ഉന്നം. അത് ഫലവത്തായിത്തീരുകയും ചെയ്തു എന്നതാണ് അവസാന സംഭവങ്ങൾ തെളിയിക്കുന്നത്. മലബാറിലെ മാപ്പിളമാർക്ക് ഇംഗ്ലീഷുകാരോടുള്ള പകയും വിദ്വേഷവും പെട്ടന്നുണ്ടായതല്ല. നൂറ്റാണ്ട് കാലത്തെ പഴക്കം അതിനുണ്ട്. 1792ൽ തന്നെ ഉണ്ണിമൂസമൂപ്പൻെറയും മറ്റും നേതൃത്വത്തിൽ നടന്ന തുറന്ന സംഘട്ടനങ്ങൾ ഓർമ്മിക്കുമല്ലോ. ഈ ഇംഗ്ലീഷ് വിരോധം അവിരാമം നിലനിന്നു. നിരവധി ലഹളകൾക്ക് അത് കാരണവുമായി. ഈ ഇംഗ്ലീഷ് വിരോധത്തെ ആളി

ക്ഷത്തിക്കുന്ന പ്രചാരണങ്ങളാണ്, ദേശീയ പ്രസ്ഥാനത്തിന്റെ ചുക്കാൻ പിടിച്ചിരുന്ന ഹൈന്ദവനേതൃത്വം നടത്തിയത്. അത് വരെ ശത്രുതയിൽ കഴിഞ്ഞിരുന്ന ഹിന്ദുവും മുസൽമാനും ഒന്നിച്ചുണർന്ന പ്രതീതി മലബാറിലെങ്ങും ദൃശ്യമായി. പുറമെ മുസ്ലീംകളുടെ ആത്മീയനേതൃത്വത്തിനെതിരെ ഇംഗ്ലീഷുകാർ വിശ്വാസവഞ്ചന നടത്തിയപ്പോൾ അക്കാരണത്താൽ മുസ്ലീം നേതൃത്വം ഏറ്റെടുത്ത മഹാത്മജി സാമുദായിക ഐക്യത്തിന് മാറ്റ് കൂട്ടി. തങ്ങളുടെ വിശ്വാസ സംരക്ഷണത്തിന് ഹൈന്ദവസഹോദരങ്ങൾ ഒന്നടങ്കം ഗാന്ധിജിയുടെ നേതൃത്വത്തിൽ സഹായത്തിനെത്തുന്നു എന്ന് മനസ്സിലാക്കിയപ്പോൾ സ്വതവേ തന്നെ ഇംഗ്ലീഷ് വിരോധികളായ മാപ്പിളമാർ ഒന്നടങ്കം ആവേശത്തോടുകൂടി ഇതിൽ പങ്കുചേർന്നു. അവർ പതറാതെയും പിൻതിരിയാതെയും ആരെയും കൂസാതെയും രണഭൂവിലിറങ്ങി. കൂടെയുണ്ടായിരുന്നവർ പലരും പലന്യായീകരണത്തിന്റെ പേരിലും ചേരി മാറി. മാധവൻ നായർ കോഴിക്കോട് ചെന്ന് തോമസ്സിനെ കണ്ട് ഗവർൺമെൻറുമായി സഹകരിക്കാമെന്ന് എഴുതികൊടുത്തു. എം.പി.നാരായണമേനോൻ കേസ്സിൽ ഇതു തെളിയിക്കപ്പെട്ടിട്ടുണ്ട്. 10. കോഴിക്കോട്ടെ കോൺഗ്രസ്സ് നേതാക്കളും യു. ഗോപാലമേനോൻ, കരുണാകരമേനോൻ, മഞ്ചേരി രാമയ്യർ, മുതലായവരും മലബാറിൽ നടക്കുന്നത് മാപ്പിള ലഹളയാണെന്നും കോൺഗ്രസ്സിന് ഉത്തരവാദിത്വം ഇല്ല എന്നും പറഞ്ഞ് ഒതുങ്ങിക്കഴിഞ്ഞു.11. മഹാത്മജി പോലും മാപ്പിളമാരെ പഴിക്കുകയും കലാപത്തെ മാപ്പിള ഭ്രാന്തെന്ന് വിശേഷിപ്പിക്കുകയും ചെയ്തു. 12. 1921 ഒക്ടോബർ 20 ന് 'യങ്ങ് ഇൻഡ്യ'യിൽ മാപ്പിള കലാപത്തിന്റെ അർത്ഥം എന്ന ശിർഷകത്തിലെഴുതിയ ലേഖനത്തിൽ, മാപ്പിള കലാപം ഹിന്ദുക്കൾക്കും ഒരു പരിക്ഷണമാണ്. ഇത്തരം ക്ളേശം ഏൽപ്പിക്കപ്പെട്ടതിനു ശേഷം ഹിന്ദുക്കളുടെ സൗഹാർദ്ദത്തിന് നിലനിൽക്കാൻ കഴിയുമോ ? മുസ്ലീംകൾക്ക് തങ്ങളുടെ ഹൃദയത്തിൽ മാപ്പിളമാരുടെ പ്രവർത്തനം അംഗികരിക്കുവാൻ കഴിയുമോ ? ഇത്തരം മതഭ്രാന്ത് പിടിച്ച അതിക്രമങ്ങൾക്കെതിരായി തങ്ങളുടെ മതത്തെ സംരക്ഷിക്കുവാനുള്ള ധൈര്യവും വിശ്വാസവും ഹിന്ദുക്കൾക്കുണ്ടാകണം. മാപ്പിള ഭ്രാന്തിനെ വാചികമായി മുസ്ലീകൾ നിഷേധിച്ചതു കൊണ്ട് മാത്രം അവരുടെ സൗഹാർദ്ദത്തിന്റെ തെളിവാകുന്നില്ല. മാപ്പിളമാർ നടത്തിയ നിർബന്ധ മതം മാറ്റത്തെയും കൊള്ളയേയും പറ്റി മുസ്ലീംകൾക്ക് സ്വാഭാവികമായും ലജ്ജയും അപമാനവും തോന്നേണ്ടതുണ്ട്. 13. അങ്ങനെ മലബാറിൽ ക്രൈസ്തവ ഭരണകൂടം നടത്തിക്കൊണ്ടിരുന്ന കൂട്ടക്കൊലയ്ക്കും രക്തച്ചൊരിച്ചിലിനും ന്യായീകരണം നടത്തിയത് മതഭ്രാന്തൻമാരായ മാപ്പിളമാർ ഹിന്ദുക്കൾക്കെതിരായി അതിക്രമം ചെയ്യുന്നതിനെ തടയുവാൻ വേണ്ടിയാണെന്നാണ്. അങ്ങനെ ആയിരക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയവർ ഹൈന്ദവസംരക്ഷകരെന്ന നിലയിൽ അനുമോദിക്കപ്പെടുകയും ദുഷ്ടരായ ആശ്ളേയ ഭരണാധികാരികൾ ചെയ്ത നരഹത്യയ്ക്കിരയായ പാവപ്പെട്ട മാപ്പിളമാർ പഴിക്കപ്പെടുകയും ചെയ്തു എന്ന വിരോധാഭാസമാണ് മഹാത്മാജി മുതൽ കീഴ്പ്പോട്ടുള്ള എല്ലാ ഹൈന്ദവനേതാക്കൻമാരും അനുവർത്തിച്ചത്. 1922 ഫെബ്രുവരി 19-ാം തിയ്യതി കോഴിക്കോട്ട് വെച്ച് സാമൂതിരിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ ഒരു സമ്മേളനത്തിൽ പാസ്സാക്കിയ ഒരു പ്രമേയമാണ് താഴെ ചേർക്കുന്നത്. ലഹളയെ നേരിട്ട സൈന്യം തങ്ങളുടെ ആത്മാർത്ഥമായ അഭിനന്ദനങ്ങളും കൃതജ്ഞതയും അർഹിക്കുന്നു. ഈ സൈന്യത്തിന്റെ നല്ലൊരംശം ഞങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടി സ്ഥിരമായി ഇവിടെ നിർത്തണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ജീവാപായം ഉൾപ്പെടെ ഒട്ടുവളരെ പ്രയാസങ്ങൾ അവർ അനുഭവിച്ചു. സൈന്യത്തിലും പോലീസിലും മരണപ്പെടുവാനിടയായവർക്ക് വേണ്ടി ഞങ്ങൾ ദുഃഖിക്കുകയും സന്തപ്തകുടുംബാംഗങ്ങളെ ഞങ്ങൾ ആത്മാർത്ഥമായ അനുശോചനമറിയിക്കുകയും ചെയ്യുന്നു. ക്രമസമാധാനം നിലനിർത്തുവാൻ പ്രയത്നിച്ച ചെറുതും വലുതുമായ എല്ലാ ഉദ്യോഗസ്ഥൻമാരോടും ഗവർമ്മേണ്ടിനോടും ഞങ്ങൾക്കുള്ള കടപ്പാടും നന്ദിയും രേഖപ്പെടുത്തുകയും ചെയ്യുന്നു."14. 1921 ആഗസ്റ്റ് 26-ാം തിയ്യതി പൂക്കോട്ടൂർ നടന്ന ഉഗ്രയുദ്ധത്തിൽ 269 മാപ്പിള യോദ്ധാക്കളെ കൊന്നൊടുക്കിയിരുന്നു. ഈ അതിദാരുണമായ ദുരന്തം നാടിനെ ഞെട്ടിപ്പിച്ച സംഭവമായിരുന്നു. ജാലിയൻ വാലബാഗിന് ശേഷം ബ്രിട്ടീഷ് കാപാലികൻമാർ നടത്തിയ ഭീകര നരനായാട്ട്. ഇതിനെ ചൂണ്ടി ഔദ്യോഗിക ചരിത്ര കാരനായ ദിവാൻ ബഹദൂർ സി. ഗോപാലനൻനായർ എഴുതുന്നത്, "പൂക്കോട്ടൂർ യുദ്ധമായിരുന്നു പ്രകാശം ചൊരിഞ്ഞ ഒരു സംഭവം. അതിന്റെ ഫലമായി ഏറനാട്ടിലെ ഹിന്ദുക്കൾക്ക് മോചനം ലഭിച്ചു."15. ചുരുക്കത്തിൽ ബ്രിട്ടീഷ് പട്ടാളം കിരാതമായ നരനായാട്ട് നടത്തി നൂറുകണിക്കിന് മനുഷ്യരെ കൊന്നൊടുക്കയതിൽ ഇവർക്കാർക്കും മനപ്രയാസമുണ്ടായില്ല. അതു ചെയ്തവരെ അനുമോദിക്കുവാനും ഘോരസംഘട്ടനങ്ങളിൽ ജീവാപായം പറ്റിയ പട്ടാളക്കാരന്റെ കുടുംബത്തോട് സഹതാപവും അനുശോചനവും രേഖപ്പെടുത്തുവാനുമാണ് സവർണ്ണ മേധാവിത്വം തയ്യാറായത്. ഇംഗ്ലീഷ്കാർ ഇച്ഛിച്ചതും ഇതു തന്നെയായിരുന്നു.

ഇതിനൊക്കെ എത്രയോ മുമ്പ് മുതൽക്ക് തന്നെ തെക്കെ മലബാറിലെ ജൻമികൾ മുസ്ലീംകളോട് അനുവർത്തിച്ചിരുന്ന അവഗണന എത്രമാത്രമായിരുന്നുവെന്നതിന്റെ ഒന്നുരണ്ട് ഉദാഹരണങ്ങൾ കൂടി അറിയുന്നത് നല്ലതാണ്. കവളപ്പാറ മൂപ്പിൽ നായരുടെ കീഴിലുണ്ടായിരുന്ന 7 അംശങ്ങളിലൊന്നിലും മാപ്പിളമാർക്ക് സ്ഥലം വാങ്ങുവാനോ, താമസിക്കുവാനോ അനുവാദം ഉണ്ടായിരുന്നില്ല. ഇത് യാതൊരു വക നീക്കുപോക്കുമില്ലാതെ ശാഠ്യമായി പരിപാലിച്ചു പോന്നിരുന്നു.16. ഇതുപോലെ വള്ളുവനാട്ടിലെ 14 ദേശങ്ങളലൊന്നിലും മാപ്പിളമാർക്ക് ഭൂമി നൽകുകയില്ലെന്ന് അവിടങ്ങളിലെ നമ്പൂതിരി ജൻമികൾ തീരുമാനിച്ചിരുന്നു.17. അപ്പോൾ മതഭ്രാന്തും വർഗ്ഗീയതയും പുലർത്തിപ്പോന്നിരുന്നത്

മാപ്പിളമാരായിരുന്നില്ലെന്നും മറിച്ച് ഭൂവുടമകളായ സവർണ്ണവരേണ്യവർഗ്ഗമായിരുന്നുവെന്നും വ്യക്തമാണല്ലോ. ഇത്തരക്കാരാണ് മലബാർ കലാപത്തെ വർഗ്ഗീയ ലഹളയായി ചിത്രീകരിച്ച ആംഗ്ലേയഭാഷ്യം അതേപടി അംഗീകരിച്ച് നാട്ടിലാകമാനം പ്രചരിപ്പിച്ചത്. അക്കാലത്ത് പ്രസിദ്ധീകരിച്ചിരുന്ന സർക്കാർ അനുകൂല പത്രങ്ങളൊക്കെ തന്നെ ഔദ്യോഗികപ്രസ്താവനകളും കെട്ടിച്ചമച്ച കള്ളക്കഥകളും വേണ്ടുവോളം പ്രസിദ്ധീകരിച്ചിരുന്നു. മിതവാദി, വെസ്റ്റ് കോസ്റ്റ് സ്പെക്ടേറ്റർ, മദ്രാസ് മെയിൽ തുടങ്ങിയവ, സർക്കാർ പ്രീണനത്തിന് പറ്റുംവിധം മാപ്പിളമാരുടെ കൊള്ളയേയും ക്രൂരതകളേയും മതധ്വംസനത്തേയും കുറിച്ച് നിത്യേന വേണ്ടുവോളം നുണ പ്രചാരണം നടത്തുകയും ചെയ്തതിന്റെ ഫലമായി ബ്രിട്ടീഷ്കാർക്കെതിരായി നടന്ന ഒരു മഹാവിപ്ലവത്തെ നിസ്സാരമായ വർഗ്ഗീയ കലാപമാക്കി രൂപാന്തരപ്പെടുത്തുവാനവർക്ക് കഴിഞ്ഞു. മദ്രാസ് മെയിലിന്റെ സ്വന്തം പ്രതിനിധി 1921 ഒക്ടോബർ 14ന് പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ടിൽ പറയുന്നത്, "കഷ്ടത അനുഭവിക്കേണ്ടതായി വന്ന ഹിന്ദുക്കളുടെ മാനസികാവസ്ഥ തനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. മലബാറിൽ നിന്നും മാപ്പിള വംശത്തെ ആകമാനം ഉൻമൂലനം ചെയ്യേണ്ടതാണെന്നാണ് അവരുടെയെല്ലാം ഉൽക്കടമായ ആഗ്രഹം" എന്നാണ്.18. കലാപകാരികളുടെ നിരപരാധിത്വം തെളിയിക്കുവനോ, അവർക്കെതിരായി ആരോപിതമായിരുന്ന കുറ്റങ്ങളുടെ നിജസ്ഥിതി വെളിപ്പെടുത്തുവാനോ, അവർക്ക് യാതൊരു ഉപാധിയുമുണ്ടായിരുന്നില്ല. അങ്ങനെ ഏകപക്ഷീയമായി നടത്തിയ സംഘടിതശ്രമഫലമായിട്ടാണ് മഹത്തായ ഈ കലാപത്തെ വർഗ്ഗീയമാക്കി മാറ്റാൻ സാധിച്ചത്.

പ്രസംഗങ്ങൾക്കൊണ്ടും സംഘടന മുഖേനയും തങ്ങളെ സമരരംഗത്തേക്കിറക്കിവിട്ട നേതാക്കൻമാർ ആപൽഘട്ടത്തിൽ തങ്ങളെ വിട്ടേച്ച് പോയി സ്വരക്ഷാർത്ഥം ബ്രിട്ടീഷ് പാദസേവകരായി മാറി. കൂടെയുണ്ടായിരുന്നവർ സ്വരക്ഷാർത്ഥം തടി തപ്പിയിട്ടും, തങ്ങൾ തനിച്ചാണെന്ന് ബോദ്ധ്യപ്പെട്ടിട്ടു കൂടിയും പിൻവാങ്ങാതെ അവർ പീരങ്കിയുടെ മുമ്പിൽ വിരിമാറ് കാട്ടി ആത്മാഹൂതി ചെയ്തു. അവരെ പിൻപറ്റിയ ആയിരമായിരം മാപ്പിളമാരും അതുതന്നെ ചെയ്തു. സമരത്തിന്റെ അവസാനഘട്ടത്തിൽ ശരിക്കും ധ്രുവീകരണം നടന്നു. ഹിന്ദുക്കളെ ഒന്നടങ്കം പ്രീണനങ്ങൾ കൊണ്ടും പ്രലോഭനങ്ങൾ കൊണ്ടും ലഹളക്കാരിൽ നിന്നും തെറ്റിച്ചു. മാപ്പിളമാർ മാത്രമായി സമരരംഗത്ത്. അവരതിന്റെ തിക്തഫലങ്ങൾ അനുഭവിക്കുകയും ചെയ്തു. അങ്ങനെ ഈ ലഹളയിൽ പങ്കെടുത്തവരിലധികവും മരിച്ചവരിലും നാടുകടത്തപ്പെട്ടവരിലും മിക്കവാറും ആളുകൾ മാപ്പിളമാരായിരുന്നു എന്നത് കൊണ്ടുമാത്രം ഇത് വർഗ്ഗീയ കലാപമാണെന്ന് പറയുന്നത് ന്യായീകരിക്കുവാൻ പറ്റുന്നതല്ല. പതറാതെ നിന്ന് അവസാനം വരെ പടപൊരുതി മരണമടഞ്ഞ ആയിരക്കണക്കിന് മനുഷ്യാത്മാക്കളോട് കാട്ടുന്ന കടുത്ത അന്യായമായിപോകുമത്. അവർ യുദ്ധം ചെയ്തത് ഹിന്ദുക്കളോടായിരുന്നില്ല. ഇംഗ്ലീഷ് പട്ടാളത്തോടായിരുന്നുവെന്ന പരമാർത്ഥം നമുക്ക് മറക്കുവാൻ സാധിക്കുകയില്ലല്ലോ. ലഹളയുടെ ആരംഭകാരണങ്ങൾ, സ്വഭാവം, ഫലങ്ങൾ ഇതൊക്കെ വിശകലനം ചെയ്യുമ്പോൾ, ഇതൊരു സാമുദായിക കലാപമായിരുന്നുവെന്ന് വാദിക്കുവാൻ സാധിക്കുന്നവരുടെ ചേതോവികാരം മറ്റെന്തിന്റെയോ പിടിയിലമർന്നിരിക്കുന്നവെന്ന് മനസ്സിലാക്കാം.

രണ്ടാമതൊരു പക്ഷം വാദിക്കുന്നത് 1921ലെ മലബാർ കലാപം സ്വാതന്ത്ര്യസമരമായിരുന്നുവെന്നാണ്. അതും തീർത്തും ശരിയല്ല. ഇംഗ്ലീഷ് വിരുദ്ധ പ്രസ്ഥാനം പ്രബലമായിതീർന്ന ഒരു സന്ദർഭമായിരുന്നു അതെന്ന കാര്യത്തിൽ സംശയമില്ല. ഇൻഡ്യയിലുടനീളം ഖിലാഫത്ത് പ്രസ്ഥാനം ആവേശകരമായി അലയടിച്ചുകൊണ്ടിരുന്ന അവസരവുമായിരുന്നു അത്. എന്നാൽ ഖിലാഫത്ത് പ്രസ്ഥാനവും കോൺഗ്രസ്സും അഹിംസയും അക്രമരാഹിത്യവുമാണ് പ്രചരിപ്പിച്ചിരുന്നത്. ലഹളയുടെ പ്രധാനനേതാവായിരുന്ന ആലി മുസ്ലിയാർ ഖദർ മാത്രം ധരിച്ചിരുന്ന ദേശീയവാദിയും അഹിംസാ സിദ്ധാന്തക്കാരനുമായിരുന്നുവെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇംഗ്ലീഷ്കാർക്കെതിരായി നിസ്സഹകരണ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും വളരെ വിപുലമായതോതിൽ മലബാറിൽ പ്രചരിപ്പിച്ചിരുന്നുവെന്നത് സത്യം തന്നെ. എന്നാൽ വൈദേശിക ശക്തിക്കെതിരായി സംഘടിതമായൊരു സായുധസമരത്തിന് ഇവരാരും ആഹ്വാനം നൽകുകയോ ബോധപൂർവ്വം അനുയായികളെ അണിനിരത്തുകയോ ചെയ്തിരുന്നില്ല. ലഹളക്ക് ആസ്പദമായ കാരണങ്ങളിൽ ഈ ദേശീയാവേശവും ആംഗ്ലേയ ഭരണത്തിനെതിരായ അമർഷവും പ്രധാനപങ്കുവഹിച്ചു എന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ട് തന്നെയാണ് പലരും വൈദേശിക ഭരണത്തെ തൂത്തെറിയാൻ നടന്ന ബോധപൂർവ്വമായ ഒരന്തിമ സമരമായി ഇതിനെ ആവേശപൂർവ്വം കാണുന്നത്. ഇത് ഏറെക്കുറെ ശരിയുമാണ്. ലഹള ആരംഭിക്കുന്നത് ഇംഗ്ലീഷ്കാർക്കെതിരായിരുന്നു എന്നത് സുവിദിതമാണല്ലോ. ഇതിന്റെ ഫലമായി കുറെ കാലത്തേക്കാണെങ്കിലും കുറെ പ്രദേശത്ത് നിന്നാണെങ്കിലും ഇംഗ്ലീഷ്ഭരണം അവസാനിപ്പിക്കുവാനും വിപ്ലവഭരണം സ്ഥാപിക്കുവാനും കലാപകാരികൾക്ക് കഴിഞ്ഞു എന്നതും ഈ വാദഗതിക്ക് ഉപോത്ബലകം തന്നെ. ഇത്രയും കാര്യങ്ങളിൽ മലബാർ കലാപത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ചിത്രീകരിക്കുന്നത് ഒരിക്കലും തെറ്റാകുകയുമില്ല. എന്നാൽ അതോടൊപ്പം മറ്റൊരു പ്രധാനകാര്യം ഓർക്കേണ്ടതായുണ്ട്. ഈ കലാപം തുടങ്ങുന്നതിനുള്ള കാരണം ഇംഗ്ലീഷ്കാരെ സംഘടിതമായി എതിർത്തു തോൽപ്പിക്കാൻ വേണ്ടി ആയിരുന്നുവോ, എന്ന് അന്വേഷണിക്കേണ്ടതുണ്ട്. ബോധപൂർവ്വമായ അത്തരം സംരംഭങ്ങൾ ലഹള തുടങ്ങിയ ശേഷം മാത്രമാണ് നടക്കുന്നത്. ഇംഗ്ലീഷ് പട്ടാളത്തിന്റെയും പോലീസിന്റെയും കിരാതമായ പീഢനങ്ങൾ മലബാർ മാപ്പിളമാരെ സഹിക്കാൻ പറ്റാത്ത സ്ഥിതിവരെ

കൊണ്ടെത്തിച്ചിരുന്നു. അസഹനീയമായ ആ മർദ്ദനങ്ങൾ ക്രമാതീതമായി വർദ്ധിച്ചപ്പോൾ മാപ്പിളമാരുടെ സാമൂഹിക ചേതന അതിനെതിരായി ഫണം ഉയർത്തി ആഞ്ഞൊന്നു കൊത്താൻ ഒരുമ്പെട്ടതാണ് കലാപത്തിന്റെ ആരംഭം. പോലീസിന്റെ പൈശാചികമായ കാട്ടാളത്തവും ഉദ്യോഗസ്ഥൻമാരുടെ നിർദ്ദയമായ നരഹത്യയുമായിരുന്നു ലഹളയുടെ പ്രധാന കാരണങ്ങൾ. നാട്ടിൽ സംജാതമായ ഹിന്ദു-മുസ്ലിം ഐക്യത്തെ ഏത് വിധേനെയെങ്കിലും തകർക്കണമെന്ന് ക്രൈസ്തവഭരണാധികാരികൾക്ക് ശാഠ്യവും ഉണ്ടായിരുന്നു. അതൊക്കെ ഒന്നിച്ചുകൂടി മുഴച്ചു പൊട്ടിയതായിരുന്നു 1921ലെ മലബാർ കലാപം. സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ നിന്നും തുടങ്ങി ഇംഗ്ലീഷ് വിരോധത്തെ ആളിക്കത്തിച്ച് ബ്രിട്ടീഷ് ഭരണത്തിനെതിരായ ഒരു മഹാപ്രസ്ഥാനമായി ഇത് വളർത്തിക്കൊണ്ടുവരുവാൻ സാധിച്ചത് പദ്ധതിയുടെ ആസൂത്രിത സ്വഭാവമോ തന്റേടമോ കൊണ്ടല്ല. പ്രത്യുത മലബാറിൽ ഉറങ്ങിക്കിടന്നിരുന്ന ഉൽക്കടമായ ഇംഗ്ലീഷ് വിദ്വേഷം സ്വാഭാവികമായും അവസരം വന്നപ്പോൾ സടകുടഞ്ഞെഴുന്നേറ്റത് കൊണ്ടായിരുന്നു.. അത്ര അധികം സംഘടനാ ബോധമോ ശേഷിയോ ഇല്ലാത്ത ഒരു സമൂഹത്തിൽ ഇത്രമാത്രം ജനങ്ങൾ ആത്മാഹുതിക്കൊരുമ്പെട്ടത് സുദീർഘമായ 130 കൊല്ലത്തെ ഇംഗ്ലീഷ് മർദ്ദന ഭരണത്തിന്റെ ഫലമായിട്ടായിരുന്നു എന്നതാണ് പരമാർത്ഥം. അങ്ങനെ നോക്കുമ്പോൾ മലബാർ കലാപത്തിന്റെ പ്രധാന അംശം ദേശീയ പ്രസ്ഥാനത്തിന്റെ അവിഭാജ്യഘടകമാണെന്ന് മനസ്സിലാകും. എന്നാൽ തീർത്തും ഇതൊരു വിമോചനപ്രസ്ഥാനമായിരുന്നുവെന്ന് വ്യഖ്യാനിക്കുന്നത് ഭാഗികമായി മാത്രമെ ശരിയാകുകയുള്ളു.

അത്പോലെ തന്നെയുള്ള മറ്റൊരു അർദ്ധസത്യമാണ് കർഷകരായ മലബാർ മാപ്പിളമാർ അവസാനമായി നടത്തിയ വിമോചന സമരമായിരുന്നു ഇതെന്ന് തറപ്പിച്ചു പറയുന്നത്. മലബാർ ഇംഗ്ലീഷുകാരുടെ കൈവശം വന്ന് ചേർന്ന 1792ൽ തന്നെ അവരുടെ കാർഷിക നയത്തിനും രാഷ്ട്രീയ നീക്കത്തിനും എതിരായി ഏറനാട്, വള്ളുവനാട് ഭാഗങ്ങളിലെ മാപ്പിള നേതാക്കൾ ഒരു ശതാബ്ദത്തിലേറെക്കാലം നീണ്ടു നിന്നിരുന്ന സായുധ സമരത്തിന്റെ ചരിത്രം നാം മറ്റൊരദ്ധ്യായത്തിൽ വിശദീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ 1921ലെ മലബാർ കലാപത്തിന്റെ കാർഷികാംശം എത്രത്തോളം ഉണ്ടെന്ന് പരിശോധിക്കുവാൻ അതിന് മുമ്പ് നടന്നിട്ടുള്ള നിരവധി കർഷക സമരങ്ങളുടെ പശ്ചാത്തലവും കൂടി മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. മൈസൂർ കാലഘട്ടത്തിൽ ഭൂനികുതിയിലും കാർഷിക ബന്ധത്തിലും സാരമായ മാറ്റങ്ങൾ വന്നതിന്റെ വിശദാംശങ്ങൾ നാം മറ്റൊരദ്ധ്യായത്തിൽ ഉപന്യസിച്ചതാണ്. നമ്പൂതിരി ജൻമി രാജ്യത്ത് നടപ്പാക്കുന്ന ഏത് നിയമത്തിനും അതീതനെന്ന നിലക്ക് ഭൂമയിൻമേൽ ആദ്യമായി നികുതി ചുമത്തപ്പെട്ടപ്പോൾ അത് നൽകുവാനോ, ഭൂസ്വത്തിന്റെ കണക്ക് കച്ചേരിയിൽ ഹാജരാക്കുവാനോ തയ്യാറായില്ല. സ്ഥലങ്ങളുടെ കാണവാകാശം കുടിയാൻമാരായിരുന്ന മാപ്പിളമാർക്ക് കൈമാറി കിട്ടിയ പണവും കൊണ്ട് അവർ തിരുവിതാംകൂറിലേക്ക് കടന്നിരുന്നു. പുതുതായി വന്ന് ചേർന്ന ഭൂസ്വത്തിൻമേലുള്ള അവകാശം അരുമയായി കരുതിപ്പോന്ന മാപ്പിളമാർ സ്ഥലങ്ങൾ കൂടുതൽ ഫലഭൂയിഷ്ഠമാക്കുകയും പിൻതലമുറക്കാർക്ക് ഭാഗിച്ചു കൊടുക്കുകയും പുതിയ പുതിയ എടുപ്പുകൾ ഉണ്ടാക്കുകയും, എന്തിന് സ്വന്തമായ ഭൂസ്വത്ത് കൊണ്ട് എന്തെല്ലാം ക്രയവിക്രിയകൾ നടത്തുമോ അതൊക്കെ അഭംഗുരം നടത്തിപ്പോരികയും ചെയ്തു. ഏകദേശം കാൽ നൂറ്റാണ്ടിന് മേൽ അങ്ങനെ ജൻമിപീഢയോ മർദ്ദനമോ ഇല്ലാതെ മലബാറിലെ കാണക്കാരും കർഷകരും സുഭിക്ഷമായി കഴിഞ്ഞുകൊണ്ടിരുന്ന സന്ദർഭത്തിലാണ് മൂന്നാം ആംഗ്ലോ മൈസൂർ യുദ്ധത്തിന്റെ ആരംഭവും മലബാറിന്റെ പതനവും ഉണ്ടായത്. യുദ്ധം തുടങ്ങി അല്പം മാസങ്ങൾക്കകം തന്നെ (1790) മലബാർ ഇംഗ്ലീഷ് കമ്പനിക്ക് അടിമപ്പെട്ട് കഴിഞ്ഞിരുന്നു. എന്നാൽ 1792ലാണ് ശ്രീരംഗസന്ധിയുടെ ഫലമായി മലബാർ നിയമാനുസൃതം കമ്പനിക്ക് കൈമാറ്റം ചെയ്യപ്പെടുന്നത്. മലബാറിൽ നിന്നും തിരുവിതാംകൂറിൽ രക്ഷപ്രാപിച്ചിരുന്ന രാജാക്കൻമാരും ജൻമികളും ഇതോട്കൂടി മലബാറിലേക്ക് തിരിച്ച് വന്നു. മൈസൂറിന് പകരം വിദേശീയരായ ഇംഗ്ലീഷ്കാരുടെ നേരിട്ടുള്ള ഭരണസംവിധാനമാണ് ഉണ്ടാകുന്നതെങ്കിൽ ജനങ്ങൾ ഒരു പക്ഷെ കമ്പനിഭരണത്തിനെതിരായി സംഘടിച്ച് സമരസന്നദ്ധരായാലോ എന്ന ഭീതി ഇംഗ്ലീഷ് നയതന്ത്രജ്ഞൻമാരെ ഉറക്കെ ചിന്തിപ്പിക്കുവാൻ പ്രേരിപ്പിച്ചു. മാത്രവുമല്ല ടിപ്പുസുൽത്താന്റെ അധികാരത്തെ ക്ഷയോൻമുഖമാക്കുവാൻ കഴിഞ്ഞതിനപ്പുറം ആ ശക്തിയെ നശിപ്പിക്കുവാൻ സാധിച്ചിരുന്നുമില്ല. തങ്ങളുടെ ആജൻമശത്രുവായ ടിപ്പു മലബാറിന്റെ അയൽരാജ്യത്ത് വാഴുകയും വയനാട് ഉൾപ്പെടെയുള്ള സ്ഥലങ്ങൾ അദ്ദേഹത്തിന്റെ കീഴിലായിരിക്കുകയും ചെയ്യുന്ന സ്ഥിതിയിൽ മലബാറിലെ പഴയ രാജാക്കൻമാരുടേയും ജൻമിമാരുടേയും കലവറയില്ലാത്ത പിൻതുണ കമ്പനിക്കാവശ്യവും ആയിരുന്നു. അങ്ങനെ ഒരു കൊളോണിയൽ രാജ്യതന്ത്രം വിദഗ്ദ്ധമായി ഉപയോഗിക്കുകയാണ് മലബാറിൽ ചെയ്തത്. പഴയ രാജാക്കൻമാരെയും ജൻമിമാരെയും തങ്ങളുടെ നിയന്ത്രണത്തിൻകീഴിൽ പുനരധിവസിപ്പിക്കുക എന്നതായിരുന്നു ആ തന്ത്രം. ഇത് യഥാർത്ഥത്തിൽ മലബാറിലെ രാഷ്ട്രീയ-സാമൂഹിക അന്തരീക്ഷത്തെ കലുഷമാക്കിയ സംഗതിയാണ്. നമ്മുടെ സമ്പദ്വ്യവസ്ഥയെ രൂക്ഷമായി ബാധിക്കുകയും ചെയ്ത ഒരു സംഭവമായിരുന്നു അത്. രാഷ്ട്രീയമായ അധികാര കൈമാറ്റവും ജൻമിത്വത്തിന് നൽകിയ പുതിയ നിർവ്വചനവും തെക്കൻ ജില്ലയിലെ മാപ്പിളമാരുടെ സമ്പദ്സ്ഥിതിയെ വല്ലാതെ പിടിച്ചു കുലുക്കി. അത്വരെ നിലനിർത്തിപ്പോന്നിരുന്ന കാണം-ജൻമ-മര്യാദ ഇംഗ്ലീഷ്കാർ മനഃപൂർവ്വമായി മാറ്റിമറിക്കുവാനുള്ള ഏർപ്പാടുകളാണു

ണ്ടാക്കിയത്. ജൻമിയുടെ ജൻമാവകാശം ജൻമനാ ലഭിക്കുന്ന ആരാലും ചോദ്യം ചെയ്യപ്പെടുവാൻ പാടില്ലാത്ത ഒന്നായി കരുതപ്പെട്ടു. കാണക്കാരൻ എതവസരത്തിലും ജൻമിക്ക് ഇഷ്ടാനുസരണം ഇറക്കിവിടുവാൻ കഴിയുന്ന പാട്ടക്കാരനായി വ്യവഹരിക്കപ്പെട്ടു. അനിയന്ത്രിതമായി പാട്ടം പിരിക്കുവാനും എതുവിധം മർദ്ദനമുറകൾ അടിച്ചേൽപ്പിക്കുവാനും ജൻമികൾക്ക് കമ്പനിയുടെ കുടിയായ്മ സമ്പ്രദായം കൊണ്ട് ലഭിച്ചു. അത് വരെ നികുതിയും നൽകി സുഭിക്ഷമായി കഴിഞ്ഞിരുന്ന കാണക്കാരും കർഷകരും ഒരു സുപ്രഭാതത്തിൽ ജൻമിയുടെ കീഴിൽ അവകാശങ്ങളൊക്കെ അടിയറവെച്ച് പഞ്ചപുച്ഛമടക്കി നിൽക്കേണ്ട അടിമകളായിത്തീർന്നു. ഈ അടിമവർഗ്ഗത്തിലേക്ക് വഴുതി വീണവരിൽ അധികവും മാപ്പിളമാരായിരുന്നു എന്നതാണ് തെക്കേ മലബാറിലെ കാർഷിക കലാപങ്ങൾ മുഴുക്കെ മാപ്പിളലഹളകൾ എന്ന് വിശേഷിപ്പിക്കുവാൻ ഇംഗ്ലീഷ് ചരിത്രകാരൻമാർക്ക് അനായാസേന സാധിച്ചത്. സ്വയം നട്ടുവളർത്തിയ ഫലവൃക്ഷങ്ങളുടേയും കെട്ടിയുയർത്തിയ കിടപ്പാടങ്ങളുടേയും, ചോരയും നീരും നൽകി ഫലഭൂയിഷ്ഠമാക്കിയ മണ്ണിൻെറയും അവകാശികൾ തങ്ങളല്ലെന്നും അവയിലൊന്നും യാതൊരു വക അധികാരവും തങ്ങൾക്കില്ലെന്നും വന്നതോട്കൂടി മാപ്പിളകർഷകൻെറ 'മതഭ്രാന്ത്' ഇളകി. മണ്ണിനും കിടപ്പാടത്തിനും വേണ്ടി അവർ അവകാശ സമരങ്ങളുമായി ഇറങ്ങി. ജൻമികൾ മുഴുക്കെ നമ്പൂതിരി നായർ സമുദായത്തിൽപ്പെട്ടവരായിരുന്നു. അപ്പോൾ ജൻമികൾക്കെതിരായ ഏത് സമരത്തേയും ഹിന്ദുക്കൾക്കെതിരായി മതഭ്രാന്തിളകിയ മാപ്പിളമാരുടെ കുരിശ്യുദ്ധമായി ചിത്രീകരിക്കുവാൻ എളുപ്പവുമായി. മലബാറിൽ അരങ്ങേറിയിരുന്ന കലാപങ്ങളിൽ വർഗ്ഗീയമായി എന്തെങ്കിലും ചൂണ്ടിക്കാണിക്കണമെങ്കിൽ മാപ്പിളഭാഗത്ത് നിന്നും നിശ്ചയമായും ഈ അംശം മാത്രമാണ് ഉണ്ടാകുക. അതാകട്ടെ മതത്തിൻെറ വൈരം കൊണ്ടുണ്ടായ സമരങ്ങളും അല്ലായിരുന്നു. വർഗ്ഗീയത കാണേണ്ടത് കൊടിയ ഈ അവസ്ഥാവിശേഷം സൃഷ്ടിച്ച കമ്പനി ഉദ്യോഗസ്ഥൻമാരായ ക്രൈസ്തവരുടേയും ഭൂസ്വാമികളായ നായർ നമ്പൂതിരി സവർണ്ണരുടേയും മുസ്ലിം വിരോധത്തിലാണ്. ക്രൈസ്തവഭരണാധികാരികളായ കമ്പനി ഉദ്യോഗസ്ഥൻമാരുടെ ഇസ്ലാമിനോടും മുസ്ലിംകളോടും ഉള്ള ഒടുങ്ങാത്ത പകയുടെയും മതഭ്രാന്തിൻേറയും ചെയ്തികളെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിച്ചത് കൊണ്ട് അതിവിടെ ആവർത്തിക്കുന്നില്ല. ഹൈന്ദവ പക്ഷത്ത് നിന്നും ഇതിനേക്കാൾ ഭയാനകമായ വർഗ്ഗീയതയാണ് ഇക്കാലത്ത് അനുഭവപ്പെട്ടത്. അതിൻെറ പശ്ചാത്തലം ചുരുക്കി വിവരിക്കേണ്ടതായുണ്ട്. മൈസൂർ ഭരണകാലത്ത് മാപ്പിളമാർ ഒന്നടങ്കം മൈസൂർ സേനയിൽ സേവനമനുഷ്ഠിക്കുകയും ഐസ്ലാമികമായ ഒരു സാഹോദര്യം മൈസൂർ നവാബുമാരിൽ ദർശിക്കുകയും ചെയ്തിരുന്നു. മലബാറിലെ സാമുദായിക രാഷ്ട്രിയത്തിൽ മൈസൂർഭരണം അങ്ങനെ വ്യക്തമായ ധ്രുവീകരണം നടത്തിയെന്ന് പറയുന്നത് തെറ്റായിരിക്കുകയില്ല. അധികാരം നഷ്ടപ്പെട്ട രാജാക്കൻമാരും ജൻമികളും അവരുടെ നായർ പട്ടാളങ്ങളും ഏകോപിച്ച് മൈസൂർ ഭരണത്തോട് ഇടതടവില്ലാതെ കലാപം നടത്തികഴിയുകയായിരുന്നു. മൈസൂർഭരണം നിലനിർത്തേണ്ടത് തങ്ങളുടെ താല്പര്യസംരക്ഷണത്തിന്നത്യാവശ്യമാണെന്ന് ബോദ്ധ്യമായ മാപ്പിളമാർ മലബാറിലെ സവർണ്ണഹിന്ദുക്കൾ എത്രമാത്രം മൈസൂർഭരണത്തെ എതിർത്തുവോ അത്രയുമോ അതിൽ കൂടുതലോ അവരെ അനുകൂലിക്കുകയും ചെയ്തിരുന്നു. മൈസൂർ സേവകരെന്ന നിലയിൽ നായർ കലാപകാരികളെ തിരിഞ്ഞു പിടിക്കുന്നതിൽ അവർ സഹായിച്ചുമിരിക്കും. അങ്ങനെ ഹിന്ദു-മുസ്ലിം അനൈക്യത്തിൻെറ വ്യാപ്തി വികാസം കൊണ്ടുകാണും, ഇതിന് നേരെ വിപരീത സ്ഥിതിയാണ് മൈസൂർ പതനത്തിന് ശേഷം ഉണ്ടായത്. ഇംഗ്ലീഷ് കാർക്കെതിരായി മൈസൂർ പക്ഷത്ത് ചേർന്ന് അടരാടിയവർ എന്ന നിലയിൽ ഇംഗ്ലീഷ്കാരുടെ കണ്ണിൽ മലബാർ മാപ്പിളമാർ, ലഹളക്കാരും വിശ്വസിക്കുവാൻ കൊള്ളാത്തവരുമായി മാറിയിരുന്നു. തങ്ങളുടെ ഭരണ സംവിധാനം നിലനിർത്തുവാൻ മലബാറിലെ സവർണ്ണ ഹിന്ദുക്കളുടെ പിന്തുണ നേടുക എന്നതായിരുന്നു ഇംഗ്ലീഷ് നയം. അങ്ങനെ ഇംഗ്ലീഷ്ഭരണത്തിൽ മാപ്പിളമാർ കലാപകാരികളും സവർണ്ണഹിന്ദുക്കൾ കൂറുള്ള പ്രജകളുമായിത്തീർന്നു. ഈ അവസരം വിനിയോഗിച്ച് പഴയ വഴക്കിന് പ്രതികാരം ചെയ്ത ജൻമികളും അനവധിയായിരുന്നു. മലബാറിൽ ഇംഗ്ലീഷ്കാർ നടപ്പിലാക്കിയ ഭൂസമ്പ്രദായത്തെ പരാമർശിച്ച് മലബാർ കളക്ടറായിരുന്ന വില്യം ലോഗൻ പോലും തൻെറ അന്വേഷണറിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്. "അങ്ങനെ ഒരു സമുദായത്തിന് നൽകിയ സ്വാതന്ത്ര്യം മറ്റുള്ളവരെ അടിച്ചമർത്തുവാൻ കൊടുത്ത അധികാരത്തിന് സമമായിത്തീർന്നു. സർക്കാർ നികുതി കഴിച്ചുള്ള ബാക്കി വരുമാനത്തിൻെറ ഭൂരിഭാഗവും കൈക്കലാക്കുവാൻ ജൻമികൾക്ക് നൽകിയ അവകാശത്തിന് തുല്യമായിത്തീർന്നു അത്. ജോലി ചെയ്യുന്ന തേനീച്ചകൾ ക്ഷീണിതരും ദരിദ്രരും ആയിത്തീർന്നതിലും കൂട്ടിനകത്ത് മടിയൻമാരായി കഴിഞ്ഞിരുന്നവർ വീർത്തു കൊഴുത്തതിലും എന്താണ് അൽഭുതപ്പെടുവാനുള്ളത്" 19. ഇതിന് പുറമെ പാട്ട വ്യവസ്ഥ മാപ്പിളമാർക്ക് പ്രത്യേകമായിത്തന്നെ ഉണ്ടാക്കിയിരുന്നു. മറ്റുള്ളവരിൽ നിന്ന് ഈടാക്കുന്നതിനേക്കാൾ എത്രയോ ഇരട്ടി പാട്ടവും പണവും മുസ്ലിംകൾ കൊടുക്കേണ്ടതായും വന്ന് കൂടി. ഇതിൻെറ ഫലമായി മാപ്പിള ലഹളകൾ എന്ന് വിളിക്കുന്ന അനവധി കാർഷിക കലാപങ്ങൾ 19-ാം നൂറ്റാണ്ടിൽ നടന്നിട്ടുണ്ട്. അവയെക്കുറിച്ച് കഴിഞ്ഞ അദ്ധ്യായത്തിൽ നാം സവിസ്തരം പ്രതിപാദിച്ചതാണ്.

ഒന്നിച്ചില്ല്യാനം നൂറ്റാണ്ട് കാലം മലബാറിലെ കർഷകരായ മാപ്പിളമാർ ജൻമികൾക്കും അവരെ സഹായിച്ചിരുന്ന ക്രൈസ്തവ ഭരണാധികാരികൾക്കും എതിരായി യാതൊരു വിട്ടുവീഴ്ചയുമില്ലാതെ പൊരുതിയിട്ടുണ്ട്. ആയിരക്കണക്കിന് ആളപായവും കണക്കില്ലാത്തത്ര ഭൂനഷ്ടവും സംഭവിച്ചു. ഇതിൻെറയെല്ലാം തിക്തഫലങ്ങൾ അനുഭവിച്ച പാവപ്പെട്ട ഈ ലഹളക്കാരുടെ ഉദ്ദേശ്യശുദ്ധിയേയും പ്രവർത്തികളേയും

അപലപിക്കുന്ന പരിഷ്കാരികൾ മാത്രമാണ് ഇന്ന് നമുക്കുള്ളത്. ഏതോ കാലത്ത് നഷ്ടപ്പെട്ട രക്ഷാപുരുഷപദവി വീണ്ടെടുക്കുവാൻ ചാവേർപടയെ സംരക്ഷിച്ച് കുരുതി കൊടുത്തിരുന്നതിന്റെ കഥകൾ നാം വീറോടെ വായിക്കാറുണ്ട്. നമ്മുടെ ധീരതയുടേയും ആത്മാഭിമാനത്തിന്റെയും പ്രതിരൂപങ്ങളായി നാം ഇതിനെ ചിത്രീകരിക്കുകയും ചെയ്യാറുണ്ട്. എന്നാൽ ഒരു വിദേശ ഭരണം ഈ നാട്ടിൽ നടത്തിയ കൂട്ടക്കൊലകൾക്കെതിരായി ഒരക്ഷരം ഉരിയാടുവാൻ നമ്മുടെ നാവനങ്ങാറില്ല. അതേപറ്റി ധാർമ്മിക രോഷമെങ്കിലും കൊള്ളുവാൻ നമ്മുടെ സാമൂഹ്യചേതന അറച്ചു നിൽക്കുന്നു. മനുഷ്യത്വത്തിന്റെ മനഃസ്സാക്ഷി മരവിച്ചുപോയ പോലെയാണ് ഇക്കാര്യത്തിൽ. സ്ഥലവും കിടപ്പാടവും നഷ്ടപ്പെട്ട് നിരാശയുടെ നീർക്കുഴിയിൽ വീണ് അശരണനായ കർഷകൻ അവന്റെ ബന്ധുമിത്രാദികളോട് കൂടി, തന്നെ ആ പതുവത്തിലെത്തിച്ചവർക്കെതിരായി മരണം വരെ സമരരംഗത്ത് നിന്ന് മാറാതെ നിന്നതിന്റെ കോരിത്തരിപ്പിക്കുന്ന കഥകളാണ് ഈ കലാപങ്ങൾക്ക് പറയാനുള്ളത്. അതുകൊണ്ട് തന്നെയാണ് 19-ാം നൂറ്റാണ്ടിലെ സമരങ്ങൾ അത്രയും കാർഷിക വിപ്ലവങ്ങൾ തന്നെയായിരുന്നു എന്ന അഭിപ്രായഗതിക്ക് കൂടുതൽ ശക്തമായ പിന്തുണ കിട്ടിയിട്ടുള്ളതും. എന്നാൽ ഇതേ അളവുകോൽ തന്നെയാണ് 1921ലെ കലാപത്തെ സംബന്ധിച്ചും ഈ ചരിത്രകാരൻമാർ ഉപയോഗിച്ചത്. അതാണ് അത് ഭാഗികം മാത്രമാണെന്ന് പ്രസ്താവിക്കാൻ കാരണം.

1921-22ലെ ഖിലാഫത്ത് വിപ്ലവത്തിന്റെ കാരണങ്ങൾ മുൻപ്രസ്താവിച്ച മൂന്നുമല്ല. ഓരോന്നിന്റെയും അല്ലാല്ലാംശങ്ങൾ ഇതിൽ കാണാമെന്നല്ലാതെ അത് ഒരു വർഗ്ഗീയ കലാപമായിരുന്നുവെന്നോ, സ്വാതന്ത്ര്യസമരമായിരുന്നുവെന്നോ, കാർഷികകലാപമായിരുന്നുവെന്നോ, തലക്കെട്ടു കൊടുത്ത് തരംതരിക്കുവാനസാദ്ധ്യമാണ്. അതുകൊണ്ടു തന്നെ മേലുദ്ധരിച്ച നിഗമനങ്ങളത്രയും അർദ്ധസത്യങ്ങളും അസത്യങ്ങളുമായവശേഷിക്കുന്നു. യഥാർത്ഥത്തിൽ 1921-22ലെ ഖിലാഫത്ത് വിപ്ലവം വർഗ്ഗീയ കലാപമായിരുന്നില്ലെന്ന് നാം തീർത്ത് പറഞ്ഞു കഴിഞ്ഞതാണ്. അതേസമയം തന്നെ ബോധപൂർവ്വമായ ഇംഗ്ലീഷ്‌വിരുദ്ധ പ്രസ്ഥാനത്തിന്റെ ബഹിർസ്ഫുരണമായിരുന്നുവെന്ന് പറയുന്നതും ശരിയല്ല. കാർഷികകലാപമാണെന്ന് വ്യവഹരിച്ചാലും ശരിയാകുകയില്ല. ഇത് മൂന്നുമല്ലാത്ത അത് എന്തായിരുന്നുവെന്ന് ചോദിച്ചാൽ രാഷ്ടീയവും കാർഷികവുമായ കാരണങ്ങളിൽ നിന്നും ഉത്ഭവിച്ച് പോലീസ് നരവേട്ടയിൽ കൂടി ശക്തി സംഭരിച്ച് പെട്ടെന്നൊരു പൊട്ടിത്തെറിയിൽ അവസാനിച്ച മഹാസംഭവമായിരുന്നു 1921ലെ ഖിലാഫത്ത് വിപ്ലവം എന്നതാണ് മറുപടി. ഇംഗ്ലീഷ്കാരെ തുരത്തുവാനുള്ള സംഘടനാ ശക്തിയോ, രാഷ്ട്രീയ ബോധമോ ഇല്ലാത്ത നിരക്ഷരകുക്ഷികളായിരുന്നു പോർക്കളത്തിലധികവും. അവരിൽ അനാദികാലമായി ഉറങ്ങിക്കിടന്നിരുന്ന ജൻമിവിരോധവും ഇംഗ്ലീഷ് വിരുദ്ധ മനോഭാവവും അണപൊട്ടി അനുസ്യൂതം പ്രവഹിച്ചതായിരുന്നു അത്. പ്രേരണകളിൽ കവിഞ്ഞ് സ്വയം പ്രേരിതരായ ജനലക്ഷങ്ങളായിരുന്നു വെടിയുണ്ടയ്ക്ക് മാറ് കാട്ടിയത്. തലമുറ തലമുറയായി പകർന്നു കൊണ്ടിരുന്ന ഇംഗ്ലീഷ് വിരോധത്തിന്റെ പക ജാജ്ജ്വല്യമാനമായി വ്യാപരിക്കുകയാണുണ്ടായത്. അതിന്റെ കാരണങ്ങൾ കുറെ പുറകോട്ടിറങ്ങി അന്വേഷിച്ചാൽ കർഷകരുടെ യാതനാപൂർണ്ണമായ കഷ്ടപ്പാടിൽ നിന്നും ഉത്ഭൂതമായതാണെന്ന് കാണുവാൻ കഴിയും. അടിയന്തിരമായുണ്ടായ കാരണം രാഷ്ട്രീയമായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ സ്വാധീനതയിൽപെട്ട് മാപ്പിളമാർ ഇംഗ്ലീഷ്കാരോട് അങ്കത്തിന്നിറങ്ങിയതാണ്. അതോടുകൂടി നാട്ടിലുടനീളം നടമാടിയ പോലീസ് മർദ്ദനമായിരുന്നു മാപ്പിളമാരെ പൊതുവെ ഒരന്തിമസമരത്തിനൊരുക്കിയത്. കുറെ പേർ മതപരമായ ഒരാവശ്യമെന്ന വിശ്വാസത്തിൽ ഖിലാഫത്ത് സമരത്തിൽ പങ്കു ചേർന്നവരുമാകുന്നു. ചുരുക്കത്തിൽ 1921ലെ കലാപത്തിന്റെ തുടക്കം കാർഷികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. അതൊരു സായുധസമരമായി മാറിയത് പോലിസിന്റെയും പട്ടാളത്തിന്റെയും ദ്രോഹത്തിൽ നിന്നും മുക്തി നേടുവാനുള്ള സംരംഭമായിട്ടായിരുന്നുതാനും. 1921ലെ കലാപത്തിന്റെ കാരണങ്ങൾ ശരിക്കും മനസ്സിലാക്കണമെങ്കിൽ അതിന് തൊട്ടടുത്തുള്ള വർഷങ്ങളിൽ കേരളത്തിൽ പൊതുവേയും മലബാറിൽ പ്രത്യേകമായും നിലവിലിരുന്ന രാഷ്ട്രീയ-കാർഷികസ്ഥിതിഗതികളിലേക്ക് കണ്ണോടിക്കേണ്ടതായിവരും.

ഇൻഡ്യയിലുടനീളം രാഷ്ട്രീയപ്രക്ഷോഭണങ്ങളുടെ കാലമായിരുന്നു അത്. റൗലത്ത് ആക്ട് നടപ്പിലാക്കുന്നതിനെതിരായി രാജ്യത്തുടനീളം പ്രതിഷേധങ്ങൾ അലയടിച്ചിരുന്നു. അമൃതസാറിൽ ജാലിയൻ വാല മൈതാനിയിൽ കൂടിയ നിരായുധരായ ദേശാഭിമാനികളെ നിഷ്ക്കരുണം വെടിവെച്ചു വീഴ്ത്തിയ ജനറൽ ഡയറുടെ നികൃഷ്ട പ്രവൃത്തികൾക്ക് എതിരായി ജനരോഷം ആളിക്കത്തിക്കൊണ്ടിരിക്കുകയായിരുന്നു. അതോടൊപ്പം ഖിലാഫത്ത് നേതാക്കൻമാരായ മൗലാനാ മുഹമ്മദലിയും ഷൌക്കത്തലിയും യാതൊരു വക നേട്ടവുമില്ലാതെ ഇംഗ്ലണ്ടിൽ നിന്നും മടങ്ങി വന്ന സന്ദർഭവുമായിരുന്നു അത്. ഒന്നാം ലോകമഹായുദ്ധത്തിൽ ഇംഗ്ലണ്ടിനെതിരായി ടർക്കിയുദ്ധത്തിൽ ജർമ്മനിയുമായി ചേർന്നപ്പോൾ, ലോക മുസ്ലിംകളുടെ ആത്മീയ നേതൃത്വമുണ്ടായിരുന്ന ടർക്കിയെ ഇൻഡ്യൻ മുസൽമാൻമാൻമാർ ഉൾപ്പെടെ സർവ്വരും പിൻതുണച്ചു. ഇൻഡ്യയിൽ ഇംഗ്ലണ്ടിനെതിരായി ശക്തമായ സമരനിരകൾ സജ്ജീകരിക്കപ്പെട്ടു. അക്കാലത്തെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ലോയിഡ് ജോർജ്ജ് 1918 ജനുവരി 5-ാം തിയ്യതി മുസ്ലിംകളെ അഭിസംബോധന ചെയ്തുകൊണ്ടിങ്ങനെ പ്രസ്താവിച്ചു. "തുർക്കിയെ അവരുടെ തലസ്ഥാനനഗരിയിൽ നിന്നും പുറത്താക്കാനോ ഏഷ്യാ മൈനറിലേയും ത്രേസ്സയിലേയും ഫലഭൂയിഷ്ഠങ്ങളായ ഭൂമികൾ പിടിച്ചെടുക്കുവാനോ

അല്ല ഞങ്ങൾ യുദ്ധം ചെയ്യുന്നത്. ഈ യുദ്ധത്തിൽ മുസ്ലിംകൾ ഞങ്ങളെ സഹായിക്കണം" ഇൻഡ്യയിലെ വൈസ്രോയിയും ഏറെക്കുറെ ഇതേ അർത്ഥത്തിൽ പ്രഖ്യാപനം ഇറക്കി. അവർ യുദ്ധം ചെയ്യുന്നത് ടർക്കിയെന്ന രാജ്യത്തോടാണെന്നും ഖലീഫമാരുടെ ആസ്ഥാനമായ ഖിലാഫത്തിനോടല്ലെന്നും മുസ്ലിം ദേവാലയങ്ങളും മതകേന്ദ്രങ്ങളും യുദ്ധം ജയിച്ചാലും തോറ്റാലും ടർക്കിയുടെ അധീനതയിൽ തന്നെ ആയിരിക്കുമെന്നും തൻമൂലം ഇൻഡ്യൻ മുസൽമാൻമാർ പരിഭ്രാന്തരാകരുതെന്നുമായിരുന്നു ഈ പ്രഖ്യാപനം. യാതൊരു കാരണവശാലും മുസ്ലിം മതവികാരത്തെ വ്രണപ്പെടുത്തുന്ന പ്രവൃത്തികൾ ഇംഗ്ലീഷ് പക്ഷത്തു നിന്നുമുണ്ടാവുകയില്ലെന്നുമായിരുന്നു വളരെ വിശദമായി പ്രചരിപ്പിച്ചിരുന്നതും പ്രതിജ്ഞ നടത്തിയിരുന്നതും. യുദ്ധം അവസാനിച്ചപ്പോൾ സഖ്യകക്ഷികൾ ഈ വാഗ്ദാനങ്ങളൊക്കെ മറന്നു. ഈ ഖിലാഫത്ത് വഞ്ചനയ്ക്കെതിരായി ഇൻഡ്യൻ മുസൽമാൻമാരുടെ വികാരം പ്രകടിപ്പിച്ച് പരിഹാരം കാണുവാൻ വേണ്ടി ഇംഗ്ലണ്ടിലേക്ക് പോയ അലി സഹോദരങ്ങൾ നിരാശരായാണ് മടങ്ങി വന്നത്. ഇൻഡ്യൻ മുസൽമാൻമാരിൽ ഇംഗ്ലീഷ്വിരോധം ആളിക്കത്തിക്കുവാൻ ഇത് തന്നെ നല്ല അവസരമെന്ന് മനസ്സിലാക്കിയ മഹാത്മജി ഖിലാഫത്ത് പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തു. കറാച്ചിയിലും മറ്റിടങ്ങളിലും മഹാസമ്മേളനങ്ങൾ നടന്നു. അലി സഹോദരൻമാരും മഹാത്മാഗാന്ധിയും വേറെ വേറെ തങ്ങളുടെ പ്രകടന പത്രികകൾ പ്രസിദ്ധീകരിച്ചു. ഇൻഡ്യൻ മുസൽമാന് പറ്റിയ ഈ ക്ഷീണം ഇൻഡ്യക്കാരന് പൊതുവായി പറ്റിയ ക്ഷീണമാണെന്നും അതുകൊണ്ട് ജാതിമതഭേദമെന്യേ ഖിലാഫത്ത് പ്രസ്ഥാനത്തിൽ പങ്കുകൊള്ളണമെന്നും മഹാത്മാജി ആഹ്വാനം ചെയ്തു. ഇതിൻെറ പ്രാരംഭമായി നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുവാൻ ഗാന്ധിജി നിശ്ചയിക്കുകയുമുണ്ടായി. അങ്ങനെ ഇൻഡ്യൻ രാഷ്ട്രീയ മണ്ഡലം കലുഷമായിരുന്ന സന്ദർഭത്തിലാണ് ചരിത്ര പ്രസിദ്ധമായ മഞ്ചേരി സമ്മേളനം നടക്കുന്നത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ 1920ൽ നടന്ന ഈ സമ്മേളനം പലതുകൊണ്ടും പ്രധാന്യമർഹിക്കുന്നതാണ്. കാരണം 1921ലെ ലഹളക്ക് ഹേതുഭൂതമായ പ്രമേയങ്ങൾ എല്ലാം പാസ്സാക്കുന്നത് ഈ സമ്മേളനത്തിലായിരുന്നു. എസ്. കസ്തൂരി രങ്കയ്യങ്കാരുടെ ആദ്ധ്യക്ഷതയിൽ ഏപ്രിൽ 29-ാം തിയ്യതി കൂടിയ സമ്മേളനത്തിൽ 10 പ്രമേയങ്ങളാണ് പാസ്സാക്കിയിരുന്നത്. റൗലത്ത് ആക്ട് പിൻവലിക്കുക, കൂലിക്കാർക്ക് ദോഷകരമായ പ്ലാൻണ്ടേഷൻ നിയമം നിർത്തലാക്കുക തുടങ്ങിയവ ഉൾപ്പെട്ടിരുന്നു. എന്നാൽ ഈ സമ്മേളനത്തിൽ പ്രക്ഷോഭകരമായ വാദപ്രതിപാദങ്ങൾക്ക് ഹേതുവായ പ്രമേയങ്ങൾ ഭരണപരിഷ്ക്കാരത്തേയും ഖിലാഫത്ത് കാര്യത്തേയും ജൻമി-കുടിയാൻ വിഷയത്തേയും സംബന്ധിച്ചവയായിരുന്നു.20. കോൺഗ്രസ്സിൻെറ ഔദ്യോഗിക ചരിത്രകാരൻ തന്നെ പറയട്ടെ. "പ്രതിനിധികളിൽ ഒരു ഭാഗക്കാരുടെ അപേക്ഷ അനുസരിച്ച് ഖിലാഫത്ത് പ്രമേയം ഒന്നാമതായി ആലോചനക്കെടുത്തു. ഇൻഡ്യൻ മുസ്ലിംകളുടെ ന്യായമായ അഭിലാഷങ്ങൾക്കും അധികൃതർ അവർക്ക് നൽകിയ വാഗ്ദാനങ്ങൾക്കും അനുസരിച്ച് ഖിലാഫത്ത് വിഷയ ത്തിൽ തൃപ്തികരമായ ഒരു തീരുമാനം വേഗത്തിൽ വരുത്ത ണമെന്ന് ബ്രിട്ടീഷ് ഗവർമ്മേണ്ടിനോടപേക്ഷിക്കുക. അങ്ങനെ ചെയ്യാത്തപക്ഷം മദ്രാസ് സംസ്ഥാന ഖിലാഫത്ത് കോൺഫ്രൻസ് നിശ്ചയിച്ച പ്രകാരം, ഗവർമ്മേണ്ടുമായി ക്രമപ്രവൃദ്ധമായ നിസ്സഹകരണാനുഷ്ഠാനത്തിന് മുസ്ലിംകളും അവരോടൊപ്പം ഹിന്ദുക്കളും ഒരുങ്ങിയിരിക്കുകയും ചെയ്യുക, എന്നായിരുന്നു പ്രമേയം. ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് കോമുമേനോൻ മലയാളത്തിൽ പ്രസംഗിച്ചു. സുന്ദരയ്യർ പിൻതാങ്ങി. അപ്പോൾ ആനിബെസൻറ് ഒരു ഭേദഗതി കൊണ്ടു വന്നു. പ്രമേയത്തിലെ ആദ്യഭാഗം സ്വീകാര്യമാണെന്നും എന്നാൽ നിസ്സഹകരണം അനുഷ്ഠിക്കുവാൻ ജനങ്ങളോടാവശ്യപ്പെടുന്നത് കേവലം സാഹസികമായിരിക്കുമെന്നും ആയിരുന്നു ബെസൻറിൻെറ വാദം............................ പ്രമേയം വോട്ടിനിടുന്നതിന് മുമ്പായി അദ്ധ്യക്ഷൻ ഈ വിഷയത്തിൽ ബ്രിട്ടീഷ് ഗവർമ്മേണ്ട് അനീതി പ്രവർത്തിച്ചുവെന്ന് മിസിസ്സ് ബെസൻറ് തന്നെ സമ്മതിക്കുന്ന സ്ഥിതിക്ക് തൽ പരിഹാരാർത്ഥം നിസ്സഹകരണാനുഷ്ഠാനമല്ലാതെ മറ്റൊന്നും ചെയ്യാൻ മുസ്ലിംകൾക്ക് കഴിയില്ലെന്നും മുസ്ലിംകളുടെ ഈ സങ്കടത്തിൽ ഹിന്ദുക്കളും സഹോദരബുദ്ധ്യാ അവരോട് ചേർന്ന് പ്രവർത്തിക്കേണ്ടതാണെന്നും അത് രാഷ്ട്രീയ ഐക്യത്തിനും രാജ്യാഭിമാനത്തിനും ആവശ്യമാണെന്നും ആയിരുന്നു അദ്ധ്യക്ഷൻ പറഞ്ഞത്. പ്രമേയം വലിയ ഭൂരിപക്ഷത്തോടെ പാസ്സായി. ഭേദഗതി തള്ളപ്പപ്പെടുകയും ചെയ്തു. "പൂർണ്ണമായ ഉത്തരവാദിത്വഭരണത്തിന് ഇൻഡ്യ തികച്ചും പ്രാപ്തയാണെന്നും മൊണ്ടേഗുവിൻെറ ഭരണപരിഷ്ക്കാരത്തിൽ മേൽപ്പറഞ്ഞ ഇൻഡ്യയുടെ ന്യായമായ അവകാശത്തെ വിഗണിച്ചിരിക്കുന്നുവെന്നും അതിനാൽ ഈ പുതിയ നിയമം അതൃപ്തികരവും ഇച്ഛാഭംഗജനകമാണെന്നും," അഭിപ്രായപ്പെട്ടു കൊണ്ടുള്ള പ്രമേയം കെ.പി. രാമൻമേനോൻ അവതരിപ്പിച്ചു. എൽ.എ. സുബ്ബരാമയ്യർ പിൻതാങ്ങി. "നിയമം അതൃപ്തികരവും ഇച്ഛാഭംഗജനകവും" ആണെന്നുള്ള അവസാനഭാഗം പ്രമേയത്തിൽ നിന്നും എടുത്തുകളയണമെന്നൊരു ഭേദഗതി ആനിബെസൻറ് അവതരിപ്പിച്ചു."21. തൻെറ ഭേദഗതി സ്വീകരിക്കപ്പെടുകയില്ലെന്ന് മനസ്സിലായപ്പോൾ മിസിസ്സ് ബെസൻറ് അനുയായികളോടു കൂടി പന്തൽവിട്ടിറിങ്ങിപ്പോയി. പ്രമേയം ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കപ്പെട്ടു.

മലബാറിലെ കുടിയാൻമാരുടെ കാര്യബന്ധങ്ങളെ സംരക്ഷിക്കുവൻ നിമയനിർമ്മാണം ഉണ്ടാകേണ്ടതിലേക്ക് കാലം വൈകിയിരിക്കുന്നുവെന്ന് കോൺഫ്രൻസ് അഭിപ്രായപ്പെടുന്നതായി ഒരു പ്രമേയം കെ.പി. രാമൻമേനോൻ അവതരിപ്പിച്ചു. നിസ്സാരസംഗതികൾക്കായി കുടിയാൻമാരെ ജൻമിമാർ ദ്രോഹിച്ചിട്ടുള്ള പല ഉദാഹരണങ്ങളും പ്രമേയകർത്താവ് തൻെറ പ്രസംഗത്തിൽ പ്രസ്താവിക്കയും പാവപ്പെട്ട കുടിയാൻമാർക്ക് ജൻമിമാരിലും അവരുടെ കാര്യസ്ഥൻ

മാരിലും നിന്ന് അനഭവിക്കേണ്ടതായിവരുന്ന ശല്യങ്ങൾക്ക് ഏകപരിഹാരം കുടിയാൻമാർക്ക് അവരുടെ കൈവശ മിരിക്കുന്ന ഭൂമികളിൽ ന്യായമായുള്ള അവകാശങ്ങൾ നിയ മത്താൽ സംരക്ഷിച്ചുകൊടുക്കുകയാണെന്ന് അഭിപ്രായ പ്പെടുകയും ചെയ്തു. പി.എ. കൃഷ്ണമേനോൻ ആണ് പ്രമേയത്തെ പിൻതാങ്ങിയത്. സമ്മേളനത്തിൽ ഹാജരായിരുന്ന ജൻമികൾ പലരും പ്രമേയത്തെ എതിർത്ത് സംസാരിച്ചു. അവസാനം പ്രധാനപ്പെട്ട 21 ജൻമിമാർ ഒപ്പിട്ട് പ്രസിഡണ്ടിനെ ഏല്പിച്ച ഒരു പ്രതിഷേധക്കത്ത് അദ്ധ്യക്ഷൻ അവിടെ വായിച്ചു. അതിൽ ഇങ്ങനെയാണ് പറഞ്ഞിരുന്നത്. "മലബാറിലെ ജൻമികളെ പ്രതിനിധീകരിക്കുന്നവരും ഈ സമ്മേളനത്തിൽ സന്നിഹിതരായിരിക്കുന്നവരും ആയ താഴെ പേർ പറയുന്ന ജൻമിമാർ ഇപ്പോൾ ആലോചന ക്കെടുത്തിരിക്കുന്ന പ്രമേയം പാസ്സാക്കുന്നതിനെതിരായി ശക്തമായും ഐക്യകണ്ഠ്യമായും പ്രതിഷേധം രേഖപ്പെടുത്തുന്നു.". പ്രമേയം വോട്ടിനിട്ടതിൽ വലിയ ഭൂരിപക്ഷത്തോടു കൂടി പാസ്സായി.22. മലബാറിലെ ബഹുഭൂരിപക്ഷം കർഷകർക്കും പാട്ടക്കാർക്കും ആശ്വാസം നൽകണമെന്ന് ഗവർമ്മേണ്ടിനെ നിർബന്ധിക്കുന്ന കാർഷിക ബന്ധപ്രമേയം ആശയുടെ നാളം എല്ലാവരിലും കൊളുത്തി. വരാൻ പോകുന്ന വലിയ സംഭവങ്ങൾക്ക് ബീജാവാപം നട ത്തുവാനങ്ങനെ മഞ്ചേരി സമ്മേളനത്തിന് സാധിച്ചിരുന്നു.

മലബാറിലെ ഖിലാഫത്ത് പ്രവർത്തകർ ഇൻഡ്യയുടെ ഇതരഭാഗങ്ങളിൽ നടന്നുകൊണ്ടിരുന്ന സംഭവഗതികളുമായി നിരന്തരം സമ്പർക്കം പുലർത്തിപ്പോന്നിരുന്നു. ഖിലാഫത്ത്-കോൺഗ്രസ് സമ്മേളനങ്ങളിൽ ഇവിടെനിന്നും പലരും പങ്കെടുത്തിരുന്നു. അവരത്രയും സമ്മേളനങ്ങൾ കഴിഞ്ഞ് മടങ്ങിപ്പോന്നത് ആവേശത്തോടുകൂടിയാണ്. നാട്ടിൽ ഖിലാ ഫത്ത് കമ്മിറ്റികളും കോൺഗ്രസ്സ് കമ്മിറ്റികളും രൂപീകരി ക്കുവാനുള്ള നേതൃത്വം നൽകിയത് അവരായിരുന്നു. മഞ്ചേരി സമ്മേളനം ഇതിന് കൂടുതൽ ഉത്തേജനം നൽകി. ഇതു കഴിഞ്ഞ് കുറേ നാൾക്കകം മഹാത്മഗാന്ധിയും ഷൗക്ക ത്തലിയും അവരുടെ പ്രചരണ പര്യടനത്തിൻെറ ഭാഗമായി കേരളവും സന്ദർശിച്ചു. ഓട്ടോമൻ സാമ്രാജ്യത്തെ വിഭജിച്ചുകൊണ്ടുള്ള സെവ്രേഴ്സ് ഉടമ്പടി ഒപ്പ് വെച്ച് കൃത്യം 10 ദിവസം തികയുന്ന ആഗസ്റ്റ് 18-ാം തിയ്യതിയാണ് അവർ കോഴിക്കോട് ഖിലാഫത്ത്-കോൺഗ്രസ് സമ്മേളനത്തിൽ സംസാരിക്കുന്നത്.23. വിപുലമായ പോലീസ് ബന്തവസ്സും തടസ്സങ്ങളും ഉണ്ടായിട്ടുപോലും 25,000ൽ അധികം ജനങ്ങൾ കടപ്പുറത്ത് തടിച്ചുകൂടി.24. പച്ചനിറത്തിലുള്ള യൂണിഫോറവും ചന്ദ്രക്കലയുള്ള പച്ചത്തൊപ്പിയും ബെൽട്ടുമായിരുന്നു വളൻണ്ടിയർമാരുടെ ഉടുപ്പ്.25. ഏറനാട്ടിലെ വളരെ അധികം മാപ്പിളമാർ ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നതായി പോലീസ് സൂപ്രണ്ട് ഹിച്ച്കോക്ക് രേഖപ്പെടുത്തുന്നുണ്ട്.26. ഗാന്ധിജിയുടെ പ്രസംഗം ഹിന്ദു റിപ്പോർട്ട് ചെയ്തിരുന്നത് ഇങ്ങനെ സംഗ്രഹിക്കാം. "ഏഴു കോടി മുസൽമാൻമാരോട് ബ്രിട്ടിഷ് ഗവർമ്മേണ്ട് അനീതി കാണിച്ചു. തുർക്കിയിലെ ഖലീഫ, മുഹമ്മദ് നബിയുടെ അനന്തരാവകാശിയാണ്. ലോകത്തിലെ എല്ലാ മുസൽമാൻമാരുടേയും മതപരവും ആത്മീയവുമായ നേതാവാണദ്ദേഹം. എന്നിട്ടും ഖിലാഫത്ത് നിർത്തലാക്കൽ മുസൽമാൻമാരുടെ വിശ്വാസത്തിനെതിരായി ചെയ്ത ഒരനീതിയാണ്. അതിനാൽ ബ്രിട്ടീഷ് ഗവർമ്മേണ്ടുമായി നിസ്സഹകരിക്കേണ്ടത് എല്ലാ മുസൽമാൻമാരുടേയും കടമയായണ്. ഹിന്ദുക്കൾ തങ്ങളുടെ സഹോദരങ്ങളായ മുസൽമാൻമാരോട് തോളോടു തോൾ ചേർന്ന് ഖിലാഫത്ത് പ്രസ്ഥാനത്തെ വിജയിപ്പിക്കണം. ഖിലാഫത്ത് പ്രസ്ഥാനം നിസ്സഹകരണം കൊണ്ടു മാത്രം ഫലപ്രദമാകുന്നില്ലെങ്കിൽ മുസൽമാൻമാർ, ഖുർആനിൽ പറഞ്ഞിരിക്കുന്ന മുസ്ലിംകളുടെ കടപ്പാടുകൾക്കനുസൃതം ഇസ്ലാമിനെ രക്ഷിക്കുവാനായി ഗവർമ്മേണ്ടുമായി സമരം ചെയ്യണം"27. ഇതിനെക്കാൾ ശക്തവും വികാരോദ്ദീപകവുമായിരുന്നു ഷൗക്കത്തലിയുടെ പ്രസംഗം. മതത്തിനും വിശ്വാസത്തിനും അപകടം സംഭവിച്ചിരിക്കുന്ന ദുസ്ഥിതിയിൽ അതിന് കാരണ ക്കാരായവരോട് പടവെട്ടേണ്ടത് മുസ്ലിംകളുടെ കടപ്പാടാണെ ന്നായിരുന്നു അദ്ദേഹം ആഹ്വാനം ചെയ്തത്.28. അതു വരെയില്ലാത്ത ഉണർവ്വാണ് 1920 ആഗസ്റ്റ് മാസത്തിൽ ഈ നേതാക്കൻമാരുടെ ആഗമനത്തോടു കൂടി സംജാതമായത്. എങ്ങും ദേശീയാവേശം അലതല്ലുന്ന പ്രസംഗങ്ങളും സംസാ രങ്ങളും തന്നെ. എല്ലാവരും പൂർവ്വവിരോധങ്ങൾ മറന്ന് ഏകോദര സഹോദരങ്ങളെപ്പോലെ മഹത്തായ ഒരാദർശ ത്തിനുവേണ്ടി പോരാടാൻ തയ്യാറായ സേനാനികളെപ്പോലെ ഒരുങ്ങിനിന്നു. ഈ അവസരത്തിലാണ് നാഗപ്പൂർ കോൺഗ്രസ് സമ്മേളനത്തിൽ സംബന്ധിച്ച ശേഷം കെ. മാധവൻനായർ മടങ്ങി മലബാറിലെത്തുന്നത്.21. അദ്ദേഹത്തിൻെറ പരിശ്രമഫലമായാണ് കേരള പ്രദേശ് കോൺഗ്രസ് രൂപം കൊള്ളുന്നത്. അതിന് മുമ്പ് സംഘടനാപരമായ ആവശ്യത്തിന് വേണ്ടി കേരളത്തെ അഞ്ച് ജില്ലകളായി തിരിച്ചാണ് പ്രവർത്തനം നടത്തിയിരുന്നത്. തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കൊച്ചി, തിരുവിതാംകൂർ ഇങ്ങനെ. 1921 ജനുവരിയിൽ കോഴി ക്കോട് കോൺഗ്രസ് സമ്മേളനം നടന്നു. അന്നത്തെ കലക്ട റായിരുന്ന തോമസ്സ് റിപ്പോർട്ട് ചെയ്യുന്നത് മലബാറിൻെറ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കണം ഇത്രമാത്രം ജനങ്ങൾ സംബന്ധിച്ച ഒരു സമ്മേളനം നടന്നത് എന്നാണ്. ഹിന്ദുക്കളും മുസ്ലിംകളും തോളോട് തോൾ ചേർന്ന് സമ്മേളനത്തിൽ ഭാഗഭാക്കുകളായിരുന്നു. യു. ഗോപാലമേനോനും, മാധവൻ നായരുമായിരുന്നു പ്രധാന നേതാക്കൻമാർ. ഈ സമ്മേളനം കഴിഞ്ഞ് രണ്ടാഴ്ചക്കകം കലക്ടർ നൽകുന്ന റിപ്പോർട്ടിൽ മലബാറിൻെറ മിക്കവാറും ഭാഗങ്ങളിൽ ഖിലാഫത്ത്-കോൺഗ്രസ് കമ്മിറ്റികൾ സംഘടിപ്പിക്ക പ്പെട്ടിട്ടുണ്ടെന്നും സമ്മേളനങ്ങൾ പലയിടത്തും നടത്ത പ്പെട്ടിട്ടുണ്ടെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ യോഗങ്ങ ളിലൊക്കെ ആവേശകരമായ പ്രസംഗങ്ങളാണ് നടന്നിരുന്നത്. 1920 നവംബർ 16ലെ മദ്രാസ് മെയിൽ കൽപ്പകഞ്ചേരിയിൽ നടന്ന ഖിലാഫത്ത്-നിസ്സഹകരണ സമ്മേളനത്തിൻെറ റിപ്പോർട്ട് നൽകുന്നുണ്ട്. സമ്മേളനത്തെ അഭിസംബോധന ചെയ്തു

കൊണ്ട് കെ.പി. കേശവമേനോൻ സംസാരിച്ചത്. "ഖിലാഫത്തിന്റെയും പഞ്ചാബിന്റെയും തെറ്റുകൾ പരിഹരിക്കണമെങ്കിൽ സ്വരാജ് മാത്രമാണ് ഏക പോംവഴി. നികുതി നിഷേധിക്കേണ്ട അവസരം സമാഗതമാകും. അതിന് മുമ്പ് സംഘടനാ പ്രവർത്തനം പൂർത്തീകരിക്കേണ്ടതായിരിക്കുന്നു." എന്നാണ്.30 കൽപ്പകഞ്ചേരി അംശത്തിൽ 6846 മുസ്ലിംകളും 957 ഹിന്ദുക്കളുമാണെന്നും സ്വരാജിനേയും നികുതിനിഷേധത്തേയും പറ്റിയുള്ള ഇത്തരം പ്രസംഗങ്ങൾ സ്വതവേ സംഘർഷാവസ്ഥയിലെത്തി നിൽക്കുന്ന മാപ്പിളമാരെ അപകടസ്ഥിതിയിൽ കൊണ്ടെത്തിക്കുമെന്നാണ് മറ്റൊരു ഔദ്യോഗിക ചരിത്രകാരൻ ഭയപ്പെട്ടിരുന്നത്.31. 'കേരള പാട്രിയട്ട്' എന്ന പത്രം പ്രകാശനം ചെയ്തുകൊണ്ട് കെ.പി.കേശവമേനോൻ പ്രസ്താവിച്ചത് മലബാറിൽ 230 കോൺഗ്രസ്സ് സഭകളും അനേകായിരം അംഗങ്ങളും ഉണ്ടെന്നാണ്.32. ഇംഗ്ലീഷ്കാരെ കെട്ടുകെട്ടിക്കുവാനുള്ള സമയമായി എന്നൊക്കെ എല്ലാ പ്രസംഗങ്ങളിലും ഉറക്കെ പറഞ്ഞിരുന്നു. ചെകുത്താൻ ഭരണം അവസാനിക്കാറായെന്ന് മഹാത്മാഗാന്ധിയും ഷൗക്കത്തലിയും ഉത്ബോധിപ്പിക്കുകയും ചെയ്തിരുന്നു. ഇതൊക്കെ കേട്ട നിരക്ഷരകുക്ഷികളായ മാപ്പിളമാർ അതു സംഭവിക്കുവാൻ പോകുന്നുവെന്നും ഈ ചെകുത്താൻ ഭരണത്തിൽ നിന്നും തങ്ങൾ എന്നെന്നേക്കുമായി മുക്തരാകാൻ സമയമായെന്നും ആത്മാർത്ഥമായും വിശ്വസിച്ചുപോയെങ്കിൽ അത്ഭുതപ്പെടേണ്ടതില്ല. കാര്യങ്ങൾ ഇത്രയിടമെത്തിയപ്പോൾ അധികാരികളും വെറുതെയിരുന്നില്ല. 1921 ഫെബ്രുവരി 7-ാം തിയ്യതി കലക്ടർ തോമസ് കുറേ പേർക്ക് ഒരു നിരോധന ഉത്തരവ് നൽകി. യോഗങ്ങളിൽ പ്രസംഗിക്കുന്നതിൽ നിന്നും അവരെ വിലക്കിയിരുന്നു. യു. ഗോപാലമേനോൻ, ഇ. മൊയ്തു മൗലവി, കെ. മാധവൻനായർ, വാരിയം കുന്നത്ത് കുഞ്ഞമ്മദ് ഹാജി, എം.പി. നാരായണമേനോൻ എന്നിവർക്കാണ് നിരോധനം നൽകിയിരുന്നത്.33. ദേശീയമായ ഉണർവ് ഒരു വശത്തു വർദ്ധിച്ചുവരുന്തോറും അതിനെ അടിച്ചമർത്തുവാനുള്ള ക്രൂരവും കിരാതവുമായ മാർഗ്ഗങ്ങൾ അവലംബിക്കുകയായിരുന്നു സർക്കാർപക്ഷം. കൊടിയമർദ്ദനങ്ങളും കള്ളക്കേസ്സുകളും കൊണ്ട് കോൺഗ്രസ്-ഖിലാഫത്ത് പ്രവർത്തകരെ തളർത്താനുള്ള ശ്രമമാണ് ബോധപൂർവ്വം നടന്നത്.

ഈ അവസരത്തിലാണ് മദ്രാസിലെ പ്രമുഖ ഖിലാഫത്ത് നേതാവായ യാക്കൂബ് ഹസ്സൻ കോഴിക്കോട് സന്ദർശിക്കുവാനെത്തിയത്. വലിയ ഒരു സ്വീകരണ സമ്മേളനം നടത്തി അദ്ദേഹത്തെ ബഹുമാനിക്കുവാൻ മലബാറിലെ കോൺഗ്രസ്ഖിലാഫത്ത് കമ്മിറ്റി തീരുമാനിക്കുകയും ചെയ്തു. എന്നാൽ യോഗം നടത്തുന്നത് നിരോധിച്ചുകൊണ്ട് ജില്ലാ കലക്ടർ കൽപ്പന പുറപ്പെടുവിച്ചു. നിരോധനം ലംഘിച്ച് സമ്മേളനം നടത്തണമെന്ന് നേതാക്കൻമാരും ഉറച്ചു. യാക്കൂബ് ഹസ്സൻ കോഴിക്കോട്ട് റെയിൽവേ സ്റ്റേഷനിലിറങ്ങിയപ്പോൾ ആയിരമായിരം കണ്ഠങ്ങളിൽ നിന്നും ആവേശകരമായ ജയ് വിളികൾ മുഴങ്ങി.34. കോൺഗ്രസ്സിനും ഖിലാഫത്തിനും അനുകൂലമായ മുദ്രാവാക്യങ്ങൾ മുഴങ്ങിക്കേട്ടു. നിരോധനം ലംഘിക്കുവാനാണ് തങ്ങൾ നിശ്ചയിച്ചിരിക്കുന്നതെന്ന് നേതാക്കൻമാർ പ്രഖ്യാപിച്ചപാടെ യാകൂബ് ഹസ്സൻ, യു. ഗോപാലമേനോൻ, കെ. മാധവൻനായർ, പൊൻമാടത്ത് മൊയ്തീൻ കോയ എന്നിവരെ അറസ്റ്റ് ചെയ്തു ഉടനെ തന്നെ കോടതിയിൽ ഹാജരാക്കുകയും കോടതി ഇവർക്ക് 6 മാസം വീതം കഠിന തടവ് ശിക്ഷ വിധിക്കുകയുമുണ്ടായി.35. നേതാക്കൻമാരെ വേഗത്തിൽ കണ്ണൂർ സെൻട്രൽ ജയിലിലേക്കു കൊണ്ടുപോകുകയും ചെയ്തു. ഇതേതുടർന്ന് ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങളെ ഭയന്ന് ഏറനാട്, വള്ളുവനാട്, താലൂക്കുകളിൽ സംഘം കൂടുന്നതോ, പൊതുയോഗമോ, ഘോഷയാത്രയോ നടത്തുന്നതോ, ഇൻഡ്യൻ പീനൽ കോഡിന്റെ 144-ാം വകുപ്പനുസരിച്ച് നിരോധിക്കുകയുണ്ടായി.36. കോൺഗ്രസ്-ഖിലാഫത്ത് പ്രവർത്തകർക്കെതിരായി ഏത് ഹീന മാർഗ്ഗവും ഉപയോഗിച്ച് മർദ്ദനം അഴിച്ചുവിടുവാനാണ് ജില്ലാ അധികൃതരും അവരുടെ കൂലിപട്ടാളവും പിന്നീട് ചെയ്തത്.

മലബാറിൽ കോൺഗ്രസ്-ഖിലാഫത്ത് നേതാക്കൻമാരെ അറസ്റ്റ് ചെയ്തു ശിക്ഷിച്ചതിലും നിസ്സഹകരണ ത്യാഗികളോട് ജില്ലാ അധികൃതർ നടത്തുന്ന മർദ്ദനത്തിലും പ്രതിഷേധിക്കുവാനായി നാട്ടുരാജ്യമായ കൊച്ചിയിലെ തൃശൂർ പട്ടണത്തിൽ തേക്കിൻകാട് മൈതാനത്ത് ഒരു ഗംഭീര പ്രതിഷേധ യോഗം ചേർന്നു. യോഗം രാജഭക്തരായ കൃസ്ത്യാനികൾ അലങ്കോലപ്പെടുത്തി. യോഗസ്ഥലത്തിട്ടിരുന്ന ബഞ്ചും കസേലകളും മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തുകയും ചെയ്തു. ഇത് 1920 ഫെബ്രുവരി 21നായിരുന്നു. എന്നാൽ അന്നും അതിനടുത്ത ദിവസങ്ങളിലും യോഗം നടത്തുവാൻ നിസ്സഹകരണത്യാഗികൾക്ക് സാധിച്ചില്ല. അവസാനം ഫെബ്രുവരി 26-ാം തിയ്യതി പാലിയത്ത് ചെറിയ കുഞ്ഞുണ്ണി അച്ഛന്റെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം ചേർന്നു. ഈ യോഗം കലക്കാനുള്ള ദുരുദ്ദേശ്യത്തോടു കൂടി അന്നേ ദിവസം വൈകുന്നേരം 1500ൽ പരം രാജഭക്തൻമാരായ കൃസ്ത്യാനികളുടെ ഒരു വമ്പിച്ചഘോഷയാത്ര നടത്തി. പോലീസ് സൂപ്രണ്ട് ചാക്കോവിന്റെ നേതൃത്വത്തിൽ വലിയ ഒരു പോലീസ് സേനയും ഘോഷയാത്രയ്ക്ക് അകമ്പടി സേവിച്ചിരുന്നു. കിഴക്കേ അങ്ങാടിയിൽ നിന്നും ആരംഭിച്ച ഘോഷയാത്ര തെക്കേ ഗോപുരത്തിന്റെ തെക്കുവശത്തുള്ള മുസ്ലിംപള്ളിയുടെ മുമ്പിൽ കൂടി ആഘോഷപൂർവ്വം കൊട്ടിക്കൊണ്ട് പോകണമെന്ന് ഉദ്ദേശിച്ചായിരുന്നു പുറപ്പാട്. എന്നാൽ മുസ്ലിംകളുടെ എതിർപ്പിനെ തുടർന്ന് പള്ളിയുടെ മുൻവശത്തുകൂടെ ഘോഷയാത്രക്ക് പോകുവാൻ സാധിച്ചില്ല. അവിടെ വെച്ച് നടന്ന സംഘട്ടനത്തിൽ ഇരുവിഭാഗക്കാർക്കും പരുക്ക് പറ്റി. രാജഭക്തൻമാർ അരിശം തീർത്തത് നാല് മുസ്ലിം വീടുകൾ അഗ്നിക്കിരയാക്കിയാണ്. പോലീസ്സിന്റെ സാന്നിദ്ധ്യത്തിലാണ് ഈ അക്രമങ്ങൾ നടന്നത്.37. ഘോഷയാത്ര വഴി മാറിപ്പോരേണ്ടതായി വന്നതിന്റെ അരിശം തീർത്തത് മുസ്ലിം ഭവനങ്ങളും കടകളും തട്ടിക്കതകർത്തുകൊണ്ടായിരുന്നു. ആസ്പത്രി മൈതാനിയിലെത്തിയ ഘോഷയാത്ര

തുടർന്ന് നടന്ന യോഗത്തിൽ വക്കീൽ ഇസ്സുദ്ദീൻ രാജഭക്തിയെപ്പറ്റി ഒരു പ്രസംഗം ചെയ്തു.

ഇതോടെ ക്രിസ്ത്യാനികൾ ഒരു വശത്തും ഹിന്ദുക്കളും മുസ്ലിംകളും മറുപക്ഷത്തുമായി ചേരിതിരിഞ്ഞ് സംഘട്ടനത്തിന് തയ്യാറായി നിന്നു. ഡോ. എ.ആർ. മേനോനായിരുന്നു ഹിന്ദു-മുസ്ലിം സംഘത്തിൻെറ നേതാവ്. ഇരുവിഭാഗക്കാരും ജാഗ്രതയോടെ അവരവരുടെ ഭവനസംരക്ഷണത്തിന്നായി രാത്രി മുഴുക്കെ കാവൽ നിന്നിരുന്നു.38. പിറ്റേ ദിവസം ലോയൽ ക്രിസ്ത്യാനികൾ ഹിന്ദുക്കളുടെ നേർക്ക് വലിയ ഒരാക്രമണം നടത്തി. അനവധി ഹൈന്ദവ വീടുകളും കടകളും അവർ തകർത്തു. പടിഞ്ഞാറെ നടക്കാവിലുണ്ടായിരുന്ന ക്രിസ്ത്യാനികളുടെ കച്ചവടസ്ഥാപനങ്ങളൊഴികെ മറ്റുള്ളവയെല്ലാം തല്ലിതകർത്തിരുന്നു. ഒരുലക്ഷത്തിന് മേൽ രൂപയുടെ നഷ്ടം അങ്ങനെ ഉണ്ടായെന്നാണ് അക്കാലത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.39. കാര്യങ്ങൾ ഇത്രത്തോളമായപ്പോൾ തങ്ങളെ സഹായിക്കുന്നതിനായി മലബാറിൽ നിന്നും മാപ്പിളമാരെ ക്ഷണിച്ചു കൊണ്ടു വരുവാനാണ് ഹൈന്ദവ-മുസ്ലിം നേതാക്കൻമാർ തീരുമാനിച്ചത്. അവർ കമ്പിയടിച്ചും ആളെ പറഞ്ഞയച്ചും മാപ്പിളമാരെ തൃശൂരിലേക്ക് കൊണ്ടുവന്നു. 19-ാം തിയ്യതി കാലത്തു മുതൽ വടക്കു നിന്നു വരുന്ന എല്ലാ വണ്ടികളിലും മുസ്ലിംകൾ നൂറുകണക്കിൽ വന്നിറങ്ങി തുടങ്ങി. അവരെ സ്വീകരിപ്പാൻ 1000ൽപരം ആളുകൾ സ്റ്റേഷനിലുണ്ടായിരുന്നു. മാപ്പിളമാരുടെ വരവറിഞ്ഞ് റസിഡണ്ടും ദിവാനും 50 ബ്രിട്ടീഷ് റിസർവ്വ് പോലിസും തൃശൂരിലെത്തി. ഉച്ചവണ്ടിക്കിറങ്ങിയ 1500ൽപരം മുസ്ലിംകൾ ഒരു ഘോഷയാത്രയായിട്ടാണ് തിരുവമ്പാടി സത്രത്തിലേക്കു നീങ്ങിയത്. ചെറിയ ഒരു സംഘട്ടനത്തിൽ ഒരു ക്രിസ്ത്യാനി മരണപ്പെട്ടു. മലബാറിൽ നിന്നും എത്തിയവരുടെ ഒരു നേരത്തെ ഭക്ഷണത്തിന് 50-60 പറ അരി വേണമായിരുന്നുവെന്നാണ് മിതവാദി എഴുതിയിരുന്നത്.41.

ക്രിസ്ത്യാനികളും അധികാരികളും പരിഭ്രാന്തരായി. ഒടുവിൽ അന്നു രാത്രി ഇരുഭാഗക്കാരും റസിഡൻണ്ടും ദിവാൻജിയും മറ്റും ഒരു സൗഹൃദസമ്മേളനം നടത്തി. ഇരുവിഭാഗവും ലഹളയിൽ നിന്നും പിൻതിരിയുവാനും തീരുമാനിച്ചു. മലബാറിൽ നിന്ന് വന്നവരെ സന്തോഷപൂർവ്വം മടക്കി അയച്ചു. റെയിൽവേ ടിക്കറ്റിന് മാത്രം 480 രൂപ ചെലവായെന്നാണ് കണക്ക്.42. ഈ സംഭവം അവിതർക്കിതമാംവണ്ണം ഒരു കാര്യം പുറത്തു കൊണ്ടുവന്നു. ഹിന്ദുവും മുസൽമാനും സംഘടിതമായി ഇംഗ്ലീഷ്കാരെ എതിർക്കുവാൻ തന്നെ ഉറച്ചിരിക്കുകയാണെന്ന പരമാർത്ഥം. ഇതുകണ്ട് സംഭീതരായ ഇംഗ്ലീഷ്കാർ ഏതെങ്കിലും വിധേന ഈ മതസൗഹാർദ്ദം തകർക്കണമെന്ന് ശാഠ്യമായും വിചാരിച്ചു. സംഘടിതവും ബോധപൂർവ്വവുമായ പ്രവർത്തനമാണ് ഇതിന് വേണ്ടി പിന്നീട് നടന്നത്. 1921ലെ മലബാർ കലാപത്തിന്ന് കാരണമായ സംഗതി ഇതേതുടർന്ന് ഔദ്യോഗികവൃന്ദം ബോധപൂർവ്വം നടത്തിയ പരിശ്രമമായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. രാജ്യത്ത് വേരോടി തുടങ്ങിയ ദേശീയ ബോധവും സ്വാതന്ത്ര്യവാഞ്ഛയും എന്ത് വിധേനയെങ്കിലും പറിച്ചെറിയണമെന്ന ശാഠ്യം അധികാരികൾ പ്രദർശിപ്പിച്ചു. മർദ്ദനമുറകൾ എല്ലാം തന്നെ അവർ പയറ്റി. അതിൻെറ പ്രത്യാഘാതമായിട്ടായിരുന്നു സമരം സായുധമായി മാറിയത്. ഹിന്ദുവിനെയും മുസൽമാനെയും തമ്മിലകറ്റാനുള്ള ഉപജാപങ്ങളത്രയും വളരെ വൈദഗ്ദ്ധ്യത്തോടുകൂടി പ്രാവർത്തികമാക്കുകയും ചെയ്തു.

1921 മാർച്ച് മാസമാദ്യത്തിൽ ഖിലാഫത്തിൻെറ ഉദ്ദേശ്യങ്ങളെ വിവരിച്ചുകൊണ്ടും ഹിന്ദു-മുസ്ലിം ഐക്യത്തിൻെറ ആവശ്യത്തെ ഊന്നിക്കൊണ്ടും അറബി മലയാളത്തിൽ ഒരു ലഘുലേഖ മലബാറിലുടനീളം പ്രചരിപ്പിച്ചിരുന്നു. ഈ ലഘുലേഖ സർക്കാർ കണ്ടുകെട്ടി. ഇതേതുടർന്ന് ഖിലാഫത്ത്-കോൺഗ്രസ് ഓഫീസുകളും പ്രവർത്തകരുടെ വീടും പോലീസിൻെറ പരിശോധനക്കും തിരച്ചിലിനും വിധേയമാക്കിയിരുന്നു.43. ലഘുലേഖാപരിശോധനയെന്നതിനേക്കാൾ ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുവാനാണ് പോലീസുകാർക്ക് നിർദ്ദേശം നൽകിയിരുന്നത്. ഖിലാഫത്ത് വളൻറിയർമാരുടെ ലിസ്റ്റും കണക്കുകളും പിടിച്ചെടുക്കുവാനുള്ള ഉപാധിയായിട്ടാണ് ഈ പരിശോധന ഉപയോഗപ്പെടുത്തിയിരുന്നതെന്നാണ് ജില്ലാ മജിസ്ട്രേട്ടിൻെറ രഹസ്യ റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നത്.44. അതിന് പുറമേ ഖിലാഫത്ത് സമ്മേളനത്തിൽ ആളുകളെ വിട്ട് യോഗംകലക്കുവാനും അധികൃതർ ശ്രമിച്ചിരുന്നു. കോഴിക്കോട് നടന്ന നിസ്സഹകരണ സമ്മേളനത്തിൽ സർക്കാർ സിൽബന്തികൾ ബഹളം ഉണ്ടാക്കി. ഈ പരിതസ്ഥിതി ഉപയോഗപ്പെടുത്തി ക്രമസമാധാന പരിപാലനത്തിൻെറ പേരിൽ ജില്ലയിൽ പൊതുയോഗങ്ങൾ ചേരുന്നതും സംഘം കൂടുന്നതും 144-ാം വകുപ്പു പ്രകാരം നിരോധിക്കുകയും ചെയ്തു. എന്നാൽ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ ഖിലാഫത്ത് വിരുദ്ധ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തുവാൻ അനുവദിക്കുകയും ചെയ്തിരുന്നു. ഇത്തരം യോഗങ്ങൾ നടത്തിയിരുന്നത് സർക്കാരിൻെറ ഒത്താശയോടുകൂടിയും സർക്കാർ ചെലവിലുമായിരുന്നു. പൊന്നാനിയിൽ അത്തരം ഒരു ഖിലാഫത്ത് വിരുദ്ധ സമ്മേളനം മൗലവിമാരെ കൊണ്ട് നടത്തിച്ചു.45. അതേസമയം 1921 ഏപ്രിൽ 25ന് കൂടിയ ജില്ലാ ഖിലാഫത്ത് കമ്മിറ്റി പാസാക്കിയ പ്രമേയം ശ്രദ്ധേയമാണ്. "സ്വരാജ് ലഭിക്കാതെ ഖിലാഫത്ത് പ്രശ്നം പരിഹരിക്കുവാൻ സാധ്യതയില്ലാത്തതുകൊണ്ട് ഈ സമ്മേളനം 21 വയസ്സിന് മുകളിലുള്ള മുസൽമാൻമാരായ എല്ലാ സ്ത്രീപുരുഷൻമാരോടും താന്താങ്ങളുടെ പട്ടണത്തിലും ഗ്രാമത്തിലും ഉള്ള കോൺഗ്രസ് സഭയിൽ അംഗങ്ങളായി ചേരണമെന്ന് ആഹ്വാനം ചെയ്യുന്നു".46. അതേസമയം ദേശീയ പ്രവർത്തനങ്ങളെ അടിച്ചമർത്തുവാനുള്ള ശ്രമങ്ങൾ നടത്തുന്നതോടൊപ്പം അവയ്ക്കെതിരായി സമ്മേളനങ്ങളും പ്രവർത്തനങ്ങളും ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുകയുമാണ് ജില്ലാ അധികാരികൾ അനുവർത്തിച്ചുപോന്നത്. അങ്ങനെ സ്ഫോടനാത്മകമായ പരിതസ്ഥിതി നില

നില്ക്കുമ്പോഴാണ് 1921 ഏപ്രിൽ 23-ാം തിയ്യതി ഒറ്റപ്പാലത്തു വെച്ച് പ്രസിദ്ധമായ മലബാർകോൺഗ്രസ്സ് സമ്മേളനം നടക്കുന്നത്.

അഭൂതപൂർവ്വമായ ആവേശമാണ് ഒറ്റപ്പാലസമ്മേളന സജ്ജീകരണങ്ങൾ നടത്തുന്നതിൽ പോലും ദൃശ്യമായത്. എവിടേയും ഒരാഘോഷത്തിൻെറ പ്രതീതി അനുഭവപ്പെട്ടു. ഹിന്ദുമുസ്ലീം ഐക്യവും സർവ്വസമുദായ മൈത്രിയുമായിരുന്നു പ്രവർത്തകരുടെ പ്രധാന മുദ്രാവാക്യങ്ങൾ. ജൻമിമാരും കുടിയാൻമാരും ഒന്നിച്ച് ഉത്സാഹഭരിതരായി സമ്മേളനനടത്തിപ്പിന് വേണ്ടി പരിശ്രമിച്ചു. ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനങ്ങൾക്കു ജനതാമദ്ധ്യത്തിൽ ലഭിച്ച സ്വീകരണങ്ങളും അധികാരികളെ വിറളി കൊള്ളിച്ചു. എന്ത് വിധേനയെങ്കിലും ഒറ്റപ്പാലം സമ്മേളനം തകർക്കുവാനുള്ള തന്ത്രങ്ങൾ ആസൂത്രണം ചെയ്യണമെന്ന് പോലീസ് അധികാരികൾക്ക് രഹസ്യമായിട്ടാണെങ്കിലും നിഷ്ക്കർഷ നൽകിയിരുന്നു. ഈ ഗൂഢാലോചനയുടെ ദുർസന്തതിയായിരുന്നു കോഴിക്കോട്ട് വിളിച്ചു കൂട്ടിയ ഖിലാഫത്ത് വിരുദ്ധ സമ്മേളനം. ഒറ്റപ്പാലം കോൺഗ്രസ്സ് സമ്മേളനത്തിലേക്ക് ജനങ്ങൾ പ്രവഹിക്കുന്നത് തടയുകയും അവരുടെ ശ്രദ്ധയെ മറ്റൊന്നിലേക്ക് തിരിച്ചുവിടകയുമായിരുന്നു കോഴിക്കോട്ട് ഖിലാഫത്ത് വിരുദ്ധമായ സമ്മേളനത്തിൻെറ ഉദ്ദേശ്യം. പക്ഷേ ഒറ്റപ്പാലം സമ്മേളന ഉത്സാഹം നശിപ്പിക്കുവാനോ, പ്രവർത്തകരുടെ ഉൻമേഷം ഇല്ലാതാക്കുവാനോ, അധികാരികൾക്ക് കഴിഞ്ഞില്ല എന്നാണ് കേരളത്തിലെ കോൺഗ്രസ് പ്രവർത്തനങ്ങളുടെ ചരിത്രമെഴുതിയ ബാരിസ്റ്റർ എ.കെ. പിള്ള രേഖപ്പെടുത്തിയിട്ടുള്ളത്. മാമാങ്കത്തിന് ശേഷം ഭാരതപ്പുഴയുടെ പുളിനങ്ങൾ ഇത്രമാത്രം ആവേശഭരിതമായ കേരളീയരുടെ പദവിന്യാസം കൊണ്ട് പരിപൂതമായിരുന്നിട്ടില്ലെന്നും അതിന് മുമ്പും പിമ്പും ഉണ്ടായിട്ടില്ലാത്തത്ര ജനപ്രവാഹമാണ് ഒറ്റപ്പാലം ദർശിച്ചിരുന്നതെന്നുമാണ് ആ ആധികാരിക വക്താവ് രേഖപ്പെടുത്തിയിട്ടുള്ളത്.47. അദ്ദേഹം എഴുതുന്നത് 23-ാം തിയ്യതി രാവിലെ പത്തരമണിക്ക് ഒറ്റപ്പാലം സ്റ്റേഷൻെറ പരിസരങ്ങൾ കാണേണ്ട ഒരു കാഴ്ച തന്നെയായിരുന്നു. ഉത്സാഹഭരിതരായ ജനങ്ങൾ ആഘോഷാരവങ്ങളോടെ (അപ്പോൾ മെയിൽ വണ്ടിയിൽ അവിടെയെത്തിയ) അദ്ധ്യക്ഷനെ സ്വീകരിച്ചു. 'മാഹാത്മാഗാന്ധി ജെയ്', 'ദേശബന്ധുപ്രകാശ് ജയ്', 'ഹിന്ദു മുസൽമാൻ ജെയ്', എന്നി ജയശബ്ദങ്ങൾ ഉത്സാഹഭരിതരായി അവിടെ കാത്തുനിന്ന ജനങ്ങളിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്നു."48.

ഏപ്രിൽ 23-ാം തിയ്യതി രണ്ടുമണിക്കാണ് സമ്മേളനം ആരംഭിച്ചത്. സമ്മേളനാദ്ധ്യക്ഷൻ ടി. പ്രകാശമായിരുന്നു. സമ്മേളനപന്തൽ കേരളത്തിൻെറ നാനാഭാഗത്തു നിന്നുമെത്തിയ പ്രതിനിധികളെക്കൊണ്ട് നിറഞ്ഞുനിന്നു. പ്രതിനിധികളും പ്രവർത്തകരും കാണികളും ഉൾപ്പെടെ 5000ൽപരം ആളുകൾ യോഗത്തിൽ സംബന്ധിച്ചിരുന്നുവെന്നാണ് ഔദ്യോഗിക കണക്ക്.49. ആദ്യസമ്മേളനം രാത്രി പത്തു മണിവരെ നീണ്ടുനിന്നു. നിസ്സഹകരണ-ഖിലാഫത്ത് പ്രസ്ഥാനങ്ങളുടെ വിജയത്തിനായി തങ്ങൾ അണിഞ്ഞിരുന്ന മോതിരങ്ങൾ, വളകൾ, മാലകൾ, എന്നിവ ഊരി സ്ത്രീകൾ സംഭാവന ചെയ്തുകൊണ്ടിരുന്നത് ആവേശകരമായ രംഗങ്ങൾ സൃഷ്ടിച്ചു. പ്രവർത്തകർക്ക് കൂടുതൽ ആവേശവും ഉത്തേജനവും നൽകിയ സംഗതി കളായിരുന്നു ഇവ. പിറ്റേ ദിവസം ആ പന്തലിൽ വെച്ച് രാവിലെ കുടിയാൻ കോൺഫ്രൻസും വൈകുന്നേരം ഖിലാഫത്ത് കോൺഫ്രൻസും നടന്നു. ഇരുസമ്മേളനങ്ങളും ജനനിബിഢമായിരുന്നു. അന്നും സമ്മേളനമവസാനിച്ചത് രാത്രി 12 മണിക്കാണ്. കുടിയാൻമാർക്ക് ഭൂമിയിൽ സ്ഥിരാവകാശം നല്കുക, നിയമപരമായ സംരക്ഷകൾ അവർക്ക് കൊടുക്കുക, അന്യായമായ കുടി ഇറക്കലുകളേയും സാധുകർഷകരെ ജൻമികൾ പീഢിപ്പിക്കുന്നതിനനേയും തടയുക, തുടങ്ങിയ പ്രമേയങ്ങളായിരുന്നു കുടിയാൻ സമ്മേളനത്തിൽ സ്വീകരിച്ചവ. വൈകുന്നേരം നടന്ന ഖിലാഫത്ത് സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയങ്ങളിൽ പ്രധാനമായവ താഴെ പറയുന്നവയാണ്. ഇംഗ്ലീഷ് വിരുദ്ധസമരത്തിൽ ജാതിമത ഭേദമെന്യേ ജനങ്ങളാകമാനം ഭാഗഭാക്കാകുവാനുള്ള ആഹ്വാനം, ജാലിയൻ വാല കൂട്ടക്കൊലയിൽ ജനങ്ങൾക്കുള്ള രോഷം, അതിനിടയാക്കിയ ഉദ്യോഗവൃന്ദത്തെ മാതൃകാപരമായി ശിക്ഷിക്കണമെന്ന അഭ്യർത്ഥന, റൗലത്ത് ആക്ട് പോലെയുള്ള കരിനിയമങ്ങൾ പിൻവലിക്കണമെന്ന ആവശ്യം. ഇവയൊക്കെയായിരുന്നു പ്രമേയ വിഷയങ്ങൾ.

മൂന്നാം ദിവസത്തെ ആദ്യയോഗം വിദ്യാഭ്യാസ സമ്മേളനമായിരുന്നു. 'ഇൻഡിപ്പെൻഡൻറ്' എന്ന ദേശീയ പത്രത്തിൻെറ പത്രാധിപരായ ജോർജ്ജ് ജോസഫായിരുന്നു സമ്മേളനാദ്ധ്യക്ഷൻ. സമ്മേളനം തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ പുറത്തു പോലീസ്കാർ നടത്തുന്ന മർദ്ദനത്തിൻറ പരാതികളുമായി പലരും പന്തലിലേക്ക് ഓടികിതച്ചെത്തി. സമ്മേളനത്തിലേക്ക് വരുന്ന പ്രതിനിധികളെ ഭീഷണിപ്പെടുത്തിയും അടിച്ചും തിരിച്ചയക്കുന്നതായി അവർ അറിയിച്ചു.50. പുറത്ത് നടക്കുന്നതിൻെറ നിജസ്ഥിതി മനസ്സിലാക്കുവാനും സമാധാനശ്രമങ്ങൾ നടത്താനും ആയി സമ്മേളന കാര്യദർശിയായ രാമുണ്ണി മേനോനേയും ആ പ്രദേശത്തെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി ഹമീദ്ഖാനേയും അദ്ധ്യക്ഷൻ നിയോഗിച്ചു. പുറുത്തു കടന്ന രാമുണ്ണി മേനോനേയും വളൻണ്ടിയർ ക്യാപ്റ്റൻ ഡി. മാധവമേനോനേയും പോലീസ് ഭീകരമായി മർദ്ദിച്ചു. തുടർന്ന് നടന്ന പോലീസ് നരവേട്ട നിരപരാധികളായ നിരവധി നാട്ടുകാരെ തല്ലിച്ചതച്ചുകൊണ്ടും ഭയാനകമായ ഒരന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടുമാണവസാനിച്ചത്. തുറന്ന് വെച്ചിരുന്ന കടകൾ മുഴുക്കെ തല്ലിത്തകർത്തു. ബാഡ്ജുകൾ ധരിച്ച സമ്മേളന പ്രതിനിധികളേയും വളൻണ്ടിയർമാരേയും തെരഞ്ഞു പിടിച്ചു ഭയങ്കരമായി മർദ്ദിച്ചു. പുറത്ത് ഇത്തരം കുഴപ്പങ്ങൾ നടക്കുമ്പോൾ സമാധാനപരമായി സമ്മേളനം നടത്തികൊണ്ടു പോകുവാൻ അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയ

അദ്ധ്യക്ഷൻ സമ്മേളനം പിരിച്ചു വിട്ടതായി പ്രഖ്യാപിച്ചു. അതിൽ സംബന്ധിച്ചിരുന്ന എല്ലാവരും ഒരു ഘോഷ യാത്രയായി പോലീസ് മർദ്ദനത്തിൽ പ്രതിഷേധിച്ച് പ്രകടനം നടത്തി. ഹിന്ദു-മുസ്ലിം നീണാൾ വാഴട്ടെ, ഇംഗ്ലീഷ്കാർ കെട്ടുകെട്ടുക, പോലീസ് മർദ്ദനം അവസാനിപ്പിക്കുക, തുടങ്ങിയ മുദ്രാവാക്യങ്ങളാണ് അന്തരീക്ഷം മുഖരിതമാക്കുമാറ് ഇവർ മുഴക്കിക്കൊണ്ടിരുന്നത്. ഹിന്ദു-മുസ്ലിം സംഘടിത ഐക്യപ്രവർത്തനങ്ങൾ എപ്പോൾ തുടങ്ങിയോ, അപ്പോൾ മുതൽ ആരംഭിച്ചതായിരുന്നു അധികാരികളുടെ പരിശ്രമവും. ഹിന്ദുവിനേയും മുസൽമാനേയും തമ്മിലകത്തി ശത്രുക്കളാക്കി മാറ്റിയാൽ മാത്രമേ തങ്ങൾക്ക് രക്ഷയുള്ളൂവെന്ന് അവർ ശരിക്കും മനസ്സിലാക്കിയുമിരുന്നു. എന്നാൽ അതിന് അവർ സ്വീകരിച്ച മർദ്ദനമുറകൾ വിപരീത ഫലമാണുണ്ടാക്കിയത്. ജനങ്ങളുടെ പിന്തുണയും സഹതാപവും കൂടുതൽ കൂടുതൽ ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തകർക്ക് നേടി കൊടുക്കുകയാണ് ചെയ്തത്. ഒറ്റപ്പാലത്ത് നടന്ന പോലീസ് തേർവാഴ്ച അനാവശ്യമായും മനഃപൂർവ്വമായും സമ്മേളനം തകർക്കുവാൻ വേണ്ടിയായിരുന്നുവെന്നാണ് ഇതേപ്പറ്റി അന്വേഷിക്കുവാൻ നിയുക്തമായ കോൺഗ്രസ്സ് കമ്മിറ്റി അഭിപ്രായപ്പെട്ടത്. അവർ രേഖപ്പെടുത്തിയത്, "മലബാറിലെ റിസർവ് പോലീസും ഒറ്റപ്പാലത്തെ പ്രാദേശിക പോലീസ് സംഘവും ഉയർന്ന പോലീസ് ഓഫീസർമാരും കുറ്റകരമായ ഗൂഢാലോചന നടത്തി മനഃപൂർവ്വം പ്രകോപനം സൃഷ്ടിക്കുകയായിരുന്നു. നിസ്സഹകരണക്കാരുടെ പക്ഷത്തു നിന്നും സമാധാനലംഘനവും അക്രമവും ഉണ്ടായതായി ആരോപിച്ച് അടിച്ചമർത്തുവാൻ വേണ്ടി നടത്തിയതായിരുന്നു ഈ പോലീസ് പീഢനം," എന്നാണ്.51. ഈ അന്വേഷണ റിപ്പോർട്ട് പത്രങ്ങളിൽ വന്നപ്പോൾ, അതിന്നെതിരായി പോലീസ് സൂപ്രണ്ടായിരുന്ന ഹിച്ച്കോക്ക് മാനനഷ്ടക്കേസ്സ് കൊടുക്കുകയുണ്ടായി. അദ്ദേഹത്തിന് നഷ്ടപരിഹാരം നൽകുവാൻ കോഴിക്കോട് സബ്ബ് ജഡ്ജി വിധിക്കുകയും ചെയ്തു.52. സമ്മേളനം പൊതുവെ സമാധാനപരമായും അച്ചടക്കത്തോടുകൂടിയുമാണ് നടത്തപ്പെട്ടിരുന്നതെന്ന് അന്നത്തെ ജില്ലാ മജിസ്ട്രേട്ട് തന്റെ രഹസ്യറിപ്പോർട്ടിൽ അഭിപ്രായപ്പെട്ടിട്ടുള്ളതും ഇത്തരുണത്തിൽ ഓർക്കേണ്ടതായുണ്ട്.53. പോലീസ് മർദ്ദനത്തിനെതിരായി നാട്ടിലുടനീളം പ്രതിഷേധപ്രകടനങ്ങൾ നടന്നു. ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് കൂടുതൽ വാശിയും ആവേശവും അപ്രതീക്ഷിത കേന്ദ്രങ്ങളിൽ നിന്നു പോലും ലഭിച്ചു. ഈ പോലീസ് മർദ്ദനത്തിൽ നിന്നും ഒത്തിരി മുതലെടുപ്പ് നടത്തുവാൻ രാഷ്ട്രീയ പ്രവർത്തകർക്ക് സാധിച്ചു എന്നാണ് ജില്ലാ മജിസ്ട്രേട്ട് രേഖപ്പെടുത്തിയിട്ടുള്ളത്.54. ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തനങ്ങൾ വർദ്ധമാനമായിക്കൊണ്ടിരുന്നപ്പോൾ, അതിന് ബദലായി ഖിലാഫത്ത് വിരുദ്ധസംഘങ്ങളെ സംഘടിപ്പിക്കുവാനാണ് സർക്കാർ ശ്രമിച്ചത്. അങ്ങനെ ഖിലാഫത്ത് അനുകൂല-പ്രതികൂല സംഘങ്ങളും കമ്മിറ്റികളും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂപംകൊണ്ടു. ചൂടുപിടിച്ച വാഗ്വാദങ്ങളും തർക്കങ്ങളും നിത്യസംഭവമായി. എവിടേയും സ്തോടനാത്മകമായ ഒരന്തരീക്ഷത്തിന്റെ ചൂടാണനുഭവപ്പെട്ടത്. വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, എം.പി. നാരായണമേനോൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികളെ സംഘടിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടന്നപ്പോൾ, തിരൂരങ്ങാടി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ആലി മുസ്ലിയാരുടെ നേതൃത്വത്തിൽ ഖിലാഫത്ത് കമ്മിറ്റികൾ സംഘടിപ്പിക്കുന്നതിനുള്ള തീവ്രശ്രമങ്ങൾ നടന്നുകൊണ്ടിരുന്നു. ജുംആ നമസ്കാരത്തിന് ശേഷം എല്ലാ പള്ളികളിലും മാഹാത്മഗാന്ധിയുടേയും അലി സഹോദരൻമാരുടെയും പ്രസംഗങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുകയും പതിവായിരുന്നു. ഇവ കൊണ്ടൊക്കെ ആവേശഭരിതരായ ജനങ്ങൾ ഖിലാഫത്ത് പ്രവർത്തനത്തിന് കൂടുതൽ സഹായം നൽകുകയും പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലരായി രംഗത്തിറങ്ങുകയും ചെയ്തു. കള്ളുഷാപ്പുകൾ പിക്കറ്റ് ചെയ്യുക, വിദേശ തുണിത്തരങ്ങൾ ബഹിഷ്ക്കരിക്കുക, തുടങ്ങിയ പരിപാടികൾ നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി മലബാറിലെ മിക്ക സ്ഥലത്തും നടന്നുകൊണ്ടുമിരുന്നു. എന്നാൽ ഖിലാഫത്ത് പ്രസ്ഥാനത്തിനാണ് കൂടുതൽ ജനപിന്തുണ ലഭിച്ചത്. ഈ രണ്ടു പ്രസ്ഥാനങ്ങളേയും വിലയിരുത്തിക്കൊണ്ട് ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ വകുപ്പ് രേഖപ്പെടുത്തിയിരിക്കുന്നതിപ്രകാരമാണ്. "നിസ്സഹകരണ പ്രവർത്തനം കുറേ പഴയ തുണികൾ കത്തിക്കുന്നതിലും കള്ളുഷാപ്പുകൾ പിക്കറ്റ് ചെയ്യുന്നതിലുമായി ഒതുങ്ങിയിരിക്കുകയാണ്. ഇതുകൊണ്ട് ജനങ്ങളുടെ കുറച്ച് വെറുപ്പ് സമ്പാദിക്കാമെന്നല്ലാതെ വലിയ പ്രയോജനമുണ്ടെന്ന് തോന്നുന്നില്ല. എന്നാൽ ഖിലാഫത്തിന്റെ പ്രവർത്തനമാകട്ടെ വളരെ ഗൗരവപൂർവ്വം നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.55.

ഗൗരവപൂർവ്വം നടത്തികൊണ്ടിരുന്ന ഈ പ്രവർത്തനങ്ങളെ കയ്യുംകെട്ടി നോക്കിയിരിക്കുവാൻ അധികാരികൾ ഒരുക്കമായിരുന്നില്ല. ഈ വക പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തുവാൻ അവർ അവലംബിച്ച മാർഗ്ഗം ഭയപ്പെടുത്തിയും മർദ്ദനങ്ങൾ നടത്തിയും ജനങ്ങളെ സംഭീതരാക്കുകയെന്നതായിരുന്നു. ഖിലാഫത്ത്-കോൺഗ്രസ് പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടവരെ ഒറ്റയൊറ്റയായും കൂട്ടായും കള്ളക്കേസുകളിൽ കുടുക്കി വിഷമിപ്പിച്ചു തുടങ്ങി. ഖദർധാരി മുസൽമാൻ കൂടിയാണെങ്കിൽ അവൻ നിശ്ചയമായും ഏതെങ്കിലും കൊലക്കുറ്റത്തിൽ പ്രതിയായത് തന്നെയെന്നാണ് ബാരിസ്റ്റർ എ.കെ പിള്ള രേഖപ്പെടുത്തിയിട്ടുള്ളത്.56. ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ കിരാതനയം പൊതുപ്രവർത്തകരെ നിരത്തിലിട്ടു മർദ്ദിക്കുക, ജാമ്യം നൽകാതെ ജയിലിലടക്കുക, കള്ളക്കേസുകളിൽ കുടുക്കുക, തുടങ്ങിയവയായിരുന്നു. ഇത്തരം പീഢനങ്ങൾ അനുഭവിച്ച ജനങ്ങൾ ഈ പ്രസ്ഥാനങ്ങളിൽ നിന്നും പിൻവലിയുമെന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. ഈ വിശ്വാസത്തിൽ ഖിലാഫത്തു-കോൺഗ്രസ് ഓഫീസുകൾ പരിശോധന നടത്തുകയും ആരാരൊക്കെ സംഭാവനകളും സഹായങ്ങളുമൊക്കെ

നൽകിയിരുന്നുവോ, അവരെ തേടിപ്പിടിച്ച് ഭീഷണിയും മർദ്ദനവും നടത്തുകയും ചെയ്തിരുന്നു. ഇതിന് പുറമേ ഖിലാഫത്ത്-കോൺഗ്രസ് ബോർഡുകൾ അഴിച്ചു മാറ്റുകയും അവരുടെ പതാകകൾ പിച്ചിച്ചീന്തി അപമാനിക്കുകയും സാധാരണ പതിവായിത്തീർന്നു. ദേശീയാവേശവും സ്വാതന്ത്ര്യബോധവും ഉള്ള ജനങ്ങൾക്ക് ഇവ കണ്ടും കേട്ടും കണ്ണടച്ചിരിക്കുക പ്രയാസമായിത്തീർന്നു. വ്യവസ്ഥാപിത മാർഗ്ഗങ്ങളെല്ലാം അടഞ്ഞപ്പോൾ സ്വരക്ഷക്കായി സംഘടിക്കാതെ നിർവ്വാഹമില്ലെന്ന് അവർ ന്യായമായും ഊഹിച്ചു. നൂറ്റാണ്ട് കാലത്തെ സമരപാരമ്പര്യമുള്ള ഏറനാട്-വള്ളുവനാട് മാപ്പിളമാർക്ക് അഹിംസയും അക്രമരാഹിത്യവുമെല്ലാം ഏറിയാൽ ഒരു പരിധി വരെ മാത്രമേ സ്വീകരിക്കുവാൻ സ്വാഭാവികമായും സാധിക്കുമായിരുന്നുള്ളൂ. തങ്ങൾ കുറ്റം ചെയ്താലും ഇല്ലെങ്കിലും സമാധാനപരമായി ജീവിച്ചാലും ലഹള നടത്തിയാലും ഫലത്തിൽ ശിക്ഷയും മർദ്ദനവും മാത്രമാണ് സാധാരണഗതി എന്ന് വന്നപ്പോൾ, അത്ര അധികം പരിഷ്കൃതരോ, സംസ്കാരസമ്പന്നരോ ഒന്നുമല്ലാതിരുന്ന മാപ്പിളകർഷകർ സ്വരക്ഷക്ക് വേണ്ടി അവൻെറ കത്തിയും വാളും മൂർച്ച വെപ്പിച്ചുതുടങ്ങി. ഖിലാഫത്ത് സമ്മേളനങ്ങൾ പലതിലും പലരും തങ്ങൾക്ക് ആയുധങ്ങളില്ലാത്തതാണ് തകരാറെന്ന് ആവലാതിപ്പെട്ടിരുന്നതായി രേഖകളുണ്ട്. "നമുക്ക് യുദ്ധം ചെയ്യുവാൻ ആയുധങ്ങളില്ല. എന്നാൽ എന്ത് ത്യാഗവും സഹിക്കുവാൻ നാം സന്നദ്ധരായിരിക്കണം"57. ഇത്തരം പ്രസംഗങ്ങളും ഏത് ത്യാഗവും സഹിക്കാമെന്ന പ്രതിജ്ഞകളും ജനങ്ങൾ ആത്മാർത്ഥമായി എടുത്തിരുന്നു. നൂറ്റാണ്ടുകാലത്തിലേറെ തങ്ങളെ എല്ലാ നിലയിലും നശിപ്പിച്ച പിശാചിൻെറ ഭരണം അവസാനിപ്പിക്കുവാൻ എന്ത് വില നൽകുന്നതിനും അവർ തയ്യാറായിരുന്നു. എന്തും സംഭവിക്കാവുന്ന പൊട്ടിത്തെറിയുടെ വക്കിലെത്തി നിൽക്കുകയായിരുന്നു മലബാറിലെ കലുഷമായ രാഷ്ട്രീയ അന്തരീക്ഷം.

മഞ്ചേരി, ഒറ്റപ്പാലം സമ്മേളനങ്ങളിൽ പ്രകടമായി കണ്ട ജൻമിവിരോധം കൂടുതൽ സംഘർഷാവസ്ഥയെ പ്രാപിച്ചുകൊണ്ടുമിരുന്നു. മഞ്ചേരി സമ്മേളനാന്തരം മലബാറിലെ പല ഭാഗങ്ങളിലും കുടിയാൻ സംഘങ്ങൾ രൂപീകരിച്ചിരുന്നു.എന്നാൽ 1920ൽ മഞ്ചേരി സമ്മേളനത്തിന് ശേഷം കെ.പി. രാമൻമേനോനാണ് കോഴിക്കോട് ഒരു കുടിയാൻ സംഘം രൂപീകരിച്ചത്.58. ജൻമികളുടെ അനിയന്ത്രിതമായ അഴിഞ്ഞാട്ടത്തെ കടിഞ്ഞാണിടുവാൻ ഈ സംഘങ്ങൾക്ക് പലപ്പോഴും സാധിച്ചിട്ടുമുണ്ട്. 1921 ജനുവരിയിൽ നിലമ്പൂർ ആറാം തിരുമുൾപാട് പൂക്കോട്ടൂരുള്ള നിലമ്പൂർ ചേരിക്കൽ സ്ഥലങ്ങളുടെ കാര്യസ്ഥസ്ഥാനം മഞ്ചേരിക്കാരൻ ഒരു പട്ടർബ്രാഹ്മണന് നൽകുവാനുള്ള ശ്രമം നടത്തുകയുണ്ടായി. പൂക്കോട്ടൂർ കർഷസംഘത്തിൻെറ നേതൃത്വത്തിൽ ജൻമിയുടെ ഈ തീരുമാനത്തെ എതിർത്ത് തോൽപിക്കുവാൻ കഴിഞ്ഞത് മലബാറിലെ ജൻമി-കുടിയാൻ ബന്ധത്തിലെ വലിയ ഒരു നാഴികക്കല്ലാണ്. രോഷാകുലരായ ജൻമികൾ അധികാരികളോട് കൂടുതൽ കൂടുതൽ അടുക്കുവാനും തുടങ്ങി. ഈ കർഷകപ്രക്ഷോഭണത്തിന് നേതൃത്വം വഹിച്ചിരുന്നത് പൂക്കോട്ടൂരിലെ ഖിലാഫത്ത് പ്രവർത്തകരായിരുന്നു. രാഷ്ട്രീയബോധം അത്ര പരക്കെ മലബാറിൽ വ്യാപിക്കാതിരുന്ന കാലങ്ങളിലും സ്വന്തം മണ്ണിനും സ്ഥിരാവകാശത്തിനും വേണ്ടി മലബാറിലെ കർഷകർ നിരന്തരം പടപൊരുതിയിരുന്നതിൻെറ ഒരു സൂക്ഷ്മാവലോകനം നടത്തുവാൻ ഇതിന് മുമ്പുള്ള അദ്ധ്യായത്തിൽ നാം ശ്രമിച്ചിട്ടുള്ളതാണ്. എന്നാൽ ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തനത്തിൻെറ ഫലമായി രാഷ്ട്രീയബോധവും ദേശീയാവേശവും മലബാറിൽ സാർവ്വത്രികമായിരുന്നു. അങ്ങനെ കാർഷികപ്രശ്നങ്ങളെ രാഷ്ട്രീയ പശ്ചാത്തലത്തിൽ കൈകാര്യം ചെയ്യുവാൻ മലബാറിലെ പ്രത്യേക പരിതസ്ഥിതികൾ സഹായകമായിത്തീരുകയും ചെയ്തു. 1921 ആദ്യത്തിൽ നടന്ന ഒരു കർഷകസമ്മേളനത്തിൽ ഭൂമിയിൽ സ്ഥിരാവകാശം, നീതിപൂർവ്വമായ പാട്ടവ്യവസ്ഥ തുടങ്ങിയ ആവശ്യങ്ങൾക്കു വേണ്ടി ജൻമികളോട് നിസ്സഹകരണം വരെ അനുവർത്തിക്കണമെന്ന് തീരുമാനിച്ചതായി കാണുന്നുണ്ട്. തിരുവിതാംകൂറിലും കൊച്ചിയിലും ഭൂമിയിൻമേൽ സ്ഥിരാവകാശം തുടങ്ങിയ പലതും അനുവദിക്കപ്പെട്ടിട്ടും മലബാർ കർഷകൻെറ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ആരും തുനിയാത്തത് കർഷൻെറ അസംതൃപ്തിയും യാതനയും പെരുപ്പിച്ചു. ഇവയെല്ലാം കൂടി സംഘർഷവും അസ്വസ്ഥതയും മലബാറിലാകമാനം ഉണ്ടാക്കുകയും ചെയ്തിരുന്നു.

1921ലെ ഖിലാഫത്ത് വിപ്ലവം വെറും രാഷ്ട്രീയ പ്രചോദിതമായിരുന്നില്ലെന്നും കാർഷിക സങ്കടങ്ങളായിരുന്നു ഇതിൻെറ പിന്നിലുള്ള ജനകീയാവേശമെന്നും പറയുവാൻ കാരണം, ജൻമിത്വം അവസാനിപ്പിക്കുകയും അതിനെ നിലനിർത്തുന്ന ഇംഗ്ലീഷ്ഭരണത്തെ തൂത്തെറിയുകയുമായിരുന്നു കലാപത്തിൻെറ ലക്ഷ്യം. അതിനുള്ള രാഷ്ട്രീയവും കാർഷികവുമായ പശ്ചാത്തലമൊരുക്കിയത് ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തനമായിരുന്നു. പൂക്കോട്ടൂർ നടന്ന കർഷകപ്രക്ഷോഭണത്തിൻെറ ഫലമായി അവിടത്തെ ഖിലാഫത്ത് സെക്രട്ടറിയും കർഷകസംഘം കാര്യദർശിയുമായിരുന്ന വടക്കുവീട്ടിൽ മാമ്മൂദിനെ നിലമ്പൂർകളത്തിലെ കാര്യസ്ഥസ്ഥാനത്ത് നിന്നും പിരിച്ചയക്കുകയും അയാളുടെ പേരിൽ കോവിലകത്തു നിന്നും ഒരു തോക്ക് കളവ് ചെയ്തുവെന്ന് ആരോപിച്ച് കള്ളക്കേസ്സെടുക്കുകയും ചെയ്തു.59. ഇതിന് തിരുമുൽപ്പാടിനെ സഹായിക്കുവാൻ എം. നാരായണമേനോൻ എന്ന പോലീസ് ഇൻസ്പെക്ടറും തയ്യാറായി. തോക്കുകേസ്സിന് പുറമേ ഭവനഭേദനത്തിന് മറ്റൊരു കേസ്സും മാമ്മൂദിൻെറ പേരിൽ എടുത്തിരുന്നു. ഇവയെ കുറിച്ചന്വേഷിക്കുവാൻ നാരായണമേനോൻ 1921 ജുലായ് 3-ാം തിയ്യതി പൂക്കോട്ടൂരെത്തി. മാമ്മൂദിൻെറ പൂർവ്വകാലശത്രുവായിരുന്ന വെള്ളവമ്പ്രം അധികാരി പെരാമ്പുറത്ത് അഹമ്മദ് കുട്ടിയേയും കൂട്ടിക്കൊണ്ടാണ് ഇൻസ്പെക്ടർ ഈ സംരംഭത്തിനെത്തിയത്. ആളയച്ച് മാമ്മൂദിനോട് വരാനാവശ്യപ്പെട്ടെങ്കിലും മാമ്മദതിന്

വഴങ്ങിയില്ല. അപമാനിതനായ ഇൻസ്പെക്ടർ അതിഭാവുകത്തോടുകൂടിയൊരു റിപ്പോർട്ടാണ് മേലധികാരികൾക്ക് സമർപ്പിച്ചത്. ഇത്തരം അനാശാസ്യ സംഭവങ്ങൾ ആവർത്തിക്കപ്പെട്ടാൽ ക്രമസമാധാന നില പാടെ തകരാറിലാകുമെന്ന് ഇൻസ്പെക്ടർ ആവലാതിപ്പെട്ടു. മേൽ നടപടികൾ നടത്തുവാനുള്ള അനുവാദവും വാങ്ങി എം. നാരായണമേനോൻ ആവശ്യമായ പോലീസ് സന്നാഹത്തോടുകൂടി വീണ്ടും പൂക്കോട്ടൂരെത്തി. മാമ്മൂദിനേയും അനുയായികളേയും അറസ്റ്റ് ചെയ്യുകയും മാമ്മൂദിന്റെ ഭവന പരിശോധനയുമായിരുന്നു ഉദ്ദേശ്യം. പക്ഷേ പൂക്കോട്ടൂരിലെ ജനങ്ങൾ തങ്ങളുടെ നേതാവിനെ മനഃപൂർവ്വമായി വധിക്കുവാനുള്ള ഗൂഢശ്രമമായാണിതിനെ കണ്ടത്. ഇതിനനുവദിക്കുകയാണെങ്കിൽ തങ്ങൾ ജൻമിയുടെ മേൽ നേടിയ വിജയം ഇല്ലാതാകുമെന്നും യാതൊരുവക രാഷ്ട്രീയ കൂടിയാൻ പ്രവർത്തനങ്ങളും മേലാൽ നടക്കുകയില്ലെന്നും ന്യായമായും ഊഹിച്ചു. തൽഫലമായി മാമ്മൂദിനേയും കൂട്ടരേയും യാതൊരു കാരണവശാലും വിട്ടുകൊടുക്കുകയില്ലെന്ന് അവർ പ്രതിജ്ഞ ചെയ്തു. രണ്ടായിരത്തിന് മേൽ ജനങ്ങൾ പ്രതിഷേധവുമായി പാഞ്ഞെത്തി. ആയുധങ്ങളും വടികളും അവരുടെ പക്കൽ ഉണ്ടായിരുന്നതായിട്ടാണ് ഈ സംഭവം, തന്റെ മേലധികാരികൾക്ക് അതിശയോക്തിയോടുകൂടി റിപ്പോർട്ടു ചെയ്ത ഇൻസ്പെക്ടർ എഴുതിയിരുന്നത്. ഉത്സാഹഭരിതരായ മാപ്പിള സ്ത്രീകൾ തങ്ങളുടെ പുരുഷൻമാരെയും കുട്ടികളെയും പോലും ഈ കൂട്ടത്തിൽ കൂടുവാൻ പ്രോത്സാഹിപ്പിച്ചയച്ചതായി നാരായണമേനോൻ എഴുതുന്നുണ്ട്.60. വളരെ അധികം ആളുകൾ ഖിലാഫത്ത് ബാഡ്ജുകളും കോൺഗ്രസ് കൊടികളും ഉള്ളവരായിരുന്നു. ഏതായാലും അനുകൂല പരിതസ്ഥിതി അല്ലെന്ന് മനസ്സിലാക്കിയ ഇൻസ്പെക്ടർ ഒരുതരം വിദ്യയും സൂത്രവും ഉപയോഗിച്ച് സ്ഥലം വിടുകയാണുണ്ടായത്. ക്രമസമാധാനത്തിന്റെ സംരക്ഷകനായ ഇൻസ്പെക്ടർക്ക് പറ്റിയ ഈ പരാജയം ഗവൺമെന്റിന്ന് തന്നെ ഏറ്റ കനത്ത പ്രഹരമായിട്ടാണ് പിന്നീട് വ്യവഹരിക്കപ്പെട്ടത്.61. ഭീതിജനകവും പൊട്ടിത്തെറിക്കാവുന്നതുമായ വലിയ ഒരു കലാപത്തിന്റെ നാന്ദി ആയിട്ടാണ് ഔദ്യോഗികവൃന്ദം ഇതിനെ കണക്കാക്കിയത്. കളക്ടർക്കും പോലീസ് സൂപ്രണ്ടിനും ഇൻസ്പെക്ടർ അയച്ച എഴുത്തിൽ ഉടനടി പട്ടാളസഹായം എത്തിക്കണമെന്നും മലബാറിന്റെ വ്യവസ്ഥാപിത ഗവൺമെന്റിന്നെതിരായി ശക്തമായ മുന്നേറ്റമാണ് പ്രതീക്ഷിക്കുന്നതെന്നും പ്രസ്താവിച്ചിരുന്നു. ഇൻസ്പെക്ടർ കൊടുത്ത ഈ റിപ്പോർട്ട് അതേപടി വിശ്വസിച്ച് മദ്രാസ് ഗവൺമെന്റിനെഴുതുകയാണ് ഒട്ടും നയതന്ത്രജ്ഞനല്ലാതിരുന്ന കളക്ടർ തോമസ് ചെയ്തത്. പ്രതീക്ഷിക്കുന്നത് വലിയൊരു കലാപമാണെന്നും അതിന്റെ സൂചനകൾ കണ്ടുതുടങ്ങിയിട്ട് കാലം ഏറെയായെന്നും ഉടൻ തന്നെ പട്ടാളത്തെ അയച്ചില്ലെങ്കിൽ സർവ്വത്ര തകരാറിലാകും എന്നുമായിരുന്നു കളക്ടറുടെ വെപ്രാളം പിടിച്ച കത്ത്. പട്ടാളം വന്നു കഴിഞ്ഞാൽ നിയമധ്വംസനം നടത്തിയവരുടെ മേൽ നടപടി എടുക്കുവാനും ഓരോ അംശത്തിലും സംശയിക്കപ്പെടുന്ന വീടുകളും പള്ളികളുമൊക്കെ പരിശോധിക്കാനും സാധിക്കുമെന്നും അത് ചെയ്യാതെ ക്രമസമാധാന നില ഉറപ്പിക്കുവാൻ പറ്റുകയില്ലെന്നും അദ്ദേഹം എഴുതി. മദ്രാസ് ഗവൺമെന്റ് കളക്ടറുടെ നിർദ്ദേശം പുനഃപരിശോധിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും നിരന്തരമായ അഭ്യർത്ഥനയുടെ സമ്മർദ്ദത്താൽ ഭവനപരിശോധനകളും ആയുധങ്ങൾ പിടിച്ചെടുക്കലും നടത്തുവാൻ കല്പന കൊടുക്കുകയും ചെയ്തു.62. വളർന്നുവന്ന ദേശീയ ഉൽബുദ്ധത തകർക്കുക എന്നത് മാത്രമായിരുന്നു മലബാറിലെ അധികാരികളുടെ പ്രധാന ഉന്നം. മദ്രാസിൽ നിന്നും ലഭിച്ചിരുന്ന നിർദ്ദേശത്തിൽ ഖിലാഫത്തിനെതിരായ സംരംഭമാണ് ഇതെന്ന് യാതൊരു കാരണവശാലും തോന്നിപ്പിക്കുന്ന പ്രവർത്തികൾ ചെയ്യരുതെന്ന് നിഷ്കർഷിച്ചിരുന്നു. എല്ലാ അറസ്റ്റുകളും പരിശോധനകളും 1854ലെ മാപ്പിള ആക്ട് 25ന്റെ വ്യവസ്ഥകൾക്ക് അനുസരിച്ചായിരിക്കണമെന്നും പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയ്തിരുന്നു.63. ഈ നിർദ്ദേശങ്ങൾ പല കത്തുകളിലും കമ്പികളിലും കൂടെകൂടെ ആവർത്തിച്ചിരിക്കുന്നതായി കാണാം. ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം എന്ത് തകരാറുകൾ മലബാറിൽ നടന്നാലും അത് മാപ്പിള ആക്ടിന്റെ പരിധിയിൽപെടുത്തി അതിന് സാമുദായികമായ ഛായ നൽകുക എന്നതായിരുന്നു ഇംഗ്ലീഷ് ലക്ഷ്യം എന്നാണല്ലോ. ഇക്കാര്യത്തിലും ആ നിഷ്കർഷ പരിപൂർണ്ണമായും പരിപാലിക്കപ്പെട്ടതായി കാണാം.

പട്ടാള പ്രവർത്തനത്തിനുള്ള കല്പന മദ്രാസിൽ നിന്നും ആഗസ്റ്റ് 16ന് ലഭിച്ചതോടെ എവിടെയെല്ലാം പരിശോധിക്കണമെന്നും ആരെയൊക്കെ അറസ്റ്റ് ചെയ്യണമെന്നുമുള്ള പ്ലാൻ തയ്യാറാക്കിയിരുന്നു. പട്ടാളത്തെ ആദ്യം വിനിയോഗിക്കാൻ തീരുമാനിച്ചത് തിരൂരങ്ങാടിയിലായിരുന്നു. അവിടത്തെ ഖിലാഫത്ത് ഓഫീസും പ്രധാന പള്ളിയും മിന്നൽ പരിശോധനക്ക് വിധേയമാക്കണമെന്ന് അവർ ഉറച്ചു. ഖിലാഫത്ത് നേതാക്കൻമാരായ നെല്ലിക്കുത്ത് ആലി മുസ്ലിയാരേയും ഖിലാഫത്ത് സെക്രട്ടറി ലവക്കുട്ടിയേയും വളണ്ടിയർ ക്യാപ്റ്റൻ കുഞ്ഞലവിയേയും മറ്റൊരു നേതാവായ കാരാടൻ മൊയ്തീനേയും അറസ്റ്റ് ചെയ്യുക എന്നത് കൂടി പട്ടാളത്തിന്റെ ലക്ഷ്യമായിരുന്നു. ഇത്തരം ഒരുക്കങ്ങൾ തകൃതിയായി നടത്തുവാൻ മറ്റൊരു കാരണവും കൂടിയുണ്ടായിരുന്നു. ഖിലാഫത്ത് നേതാക്കൻമാരായ യാക്കൂബ് ഹസ്സൻ, കെ. മാധവൻനായർ തുടങ്ങിയവർ ശിക്ഷാവധി കഴിഞ്ഞ് പുറത്ത് വരുവാനുള്ള സമയവുമായിരുന്നു. അതിന് മുമ്പ് ഖിലാഫത്ത് പ്രവർത്തകരെ ആകമാനം നിർവീര്യരാക്കണമെന്ന ദുർമ്മോഹവും കളക്ടറിലും പോലീസ് മേധാവികളിലും ശക്തിയായി പ്രവർത്തിച്ചു. പക്ഷെ ഇവരുടെ ഈ ഉദ്ദേശ്യം പട്ടാളനടപടിക്ക് മദ്രാസ് ഗവൺമെന്റിന്റെ അനുവാദം ലഭിക്കുവാൻ താമസിച്ചതിനാൽ ഫലവത്തായില്ല. നേതാക്കൻമാർ ജയിൽ മോചിതരായി. അഭൂതപൂർവ്വമായ ആവേശത്തോട് കൂടി ആയിരക്കണക്കിന് ജനങ്ങൾ ജയിലിൽ നിന്നിറങ്ങിയ തങ്ങളുടെ

നേതാക്കളെ സ്വീകരിക്കാനെത്തി. പോലീസിൻെറ ഭീഷണിയേയും പ്രലോഭനങ്ങളേയും അവഗണിച്ചുകൊണ്ടായിരുന്നു ഇത്രയും ജനങ്ങൾ തടിച്ചുകൂടിയത്. മലബാറിൽ കഴിഞ്ഞ രണ്ട് ദശവ്തസരങ്ങൾക്കിടയിൽ ഇത്രയും ജനങ്ങൾ ഒന്നിച്ചുകൂടിയ സന്ദർഭമുണ്ടായിട്ടില്ല എന്നാണ് ബാരിസ്റ്റർ എ.കെ. പിള്ള രേഖപ്പെടുത്തിയിട്ടുള്ളത്.64. ഈ സംഭവം നടക്കുന്നത് ആഗസ്റ്റ് 17-ാം തിയ്യതി ആയിരുന്നു. പോലീസിൻെറയും അധികാരികളുടേയും നിഷ്ഠൂരങ്ങളായ എല്ലാ അടവുകളേയും മറികടന്ന് മലബാറിലെ ദേശീയാവേശം നൂതനമായ ഒരദ്ധ്യായം എഴുതിച്ചേർക്കുകയായിരുന്നു നമ്മുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ. ഇരുഭാഗത്തും അങ്ങനെ വേണ്ടുവോളം തയ്യാറെടുപ്പും സന്നദ്ധതയും പ്രദർശിപ്പിക്കപ്പെട്ടു. പുകയുന്ന ഒരഗ്നി പർവ്വതത്തിന് സമം മലബാറിൻെറ ആത്മാവ് തീച്ചൂളയിൽ കിടന്ന് വേവുകയും മുളുകയുമായിരുന്നു. ഈ പരിതസ്ഥിതിയിൽ നിന്നും തുറന്ന സംഘട്ടനത്തിലേക്ക് വഴുതി വീഴുവാൻ അധികസമയം എടുത്തില്ല. കളക്ടർ തോമസിൻെറയും പോലീസ് സൂപ്രണ്ടിൻേറയും ആസൂത്രിത പരിപാടി അനുസരിച്ച് ആഗസ്റ്റ് 19-ാം തിയ്യതി രാത്രി കോഴിക്കോട് നിന്ന് പുറപ്പെട്ട പട്ടാളം തിരൂരങ്ങാടി പള്ളിയിൽ പ്രവേശിച്ച് പരിശോധനകൾ നടത്തുകയുണ്ടായി. അവിചാരിതമായി രാത്രിയിൽ നടന്ന ഈ മിന്നൽ പരിശോധന പല ഊഹാപോഹങ്ങൾക്കും ഇടനൽകി. തിരൂരങ്ങാടിയിൽ നിന്നും ചിലരെ അറസ്റ്റു ചെയ്തു എന്നല്ലാതെ യാതൊരു ആയുധവും കണ്ടെടുക്കാൻ കഴിഞ്ഞിരുന്നില്ല. ഇത്രയുമായിരുന്നു മിന്നൽപരിശോധനയുടെ ഉന്നമെങ്കിൽ ഇത് കഴിഞ്ഞപ്പോൾ പട്ടാളത്തിനും പാർട്ടിക്കും മടങ്ങിപ്പോകാമായിരുന്നു. എന്നാൽ അവരതിന് ഒരുമ്പെട്ടില്ലെന്ന് മാത്രമല്ല പലതരത്തിലുള്ള കിംവദന്തികളും കള്ളക്കഥകളും പ്രചരിപ്പിക്കുകയും ചെയ്തു. അതിൻെറ ഉദ്ദേശ്യം സർക്കാർ പ്രവർത്തനത്തെ തടസ്സപ്പെടുത്തുവാൻ ആരെങ്കിലും മുതിരുകയാണെങ്കിൽ അവരെ അടിച്ചമർത്താമെന്നായിരുന്നു. അറസ്റ്റ് ചെയ്യാൻ ഉദ്ദേശിച്ചിരുന്ന ആലി മുസിലിയാരേയും മറ്റും കിട്ടാതിരുന്നത് കൊണ്ട് ഏതെങ്കിലും സംഘട്ടനം ഉണ്ടാക്കി അവരെ പുറത്ത് കൊണ്ട് വരിക എന്നത് കൂടി ഇതുകൊണ്ടുദ്ദേശിച്ചിരുന്നു. തിരൂരങ്ങാടിപ്പള്ളി പട്ടാളം വെടിവെച്ച് തകർത്തിരിക്കുന്നുവെന്നും മമ്പുറംപള്ളിയും അതുപോലെയുള്ള എല്ലാ പള്ളികളും ഓരോന്നോരോന്നായി തകർക്കുവാൻ പോകുകയാണെന്നും ഉള്ള വാർത്ത പോലീസ്കാർ തന്നെ പ്രചരിപ്പിച്ചതായിട്ടാണ് ദൃക്സാക്ഷിയായ കോയട്ടി മൗലവി എഴുതുന്നത്.66 . ഖിലാഫത്ത് കോൺഗ്രസ്സ് പ്രവർത്തകരെ ഒന്നിച്ച് നശിപ്പി ക്കുവാനുള്ള ഗൂഢമായ പരിശ്രമത്തിൻെറ ഭാഗമായി ട്ടായിരുന്നു ഈ നീചപ്രവർത്തനങ്ങൾക്ക് കളക്ടർ തന്നെ നേതൃത്വം കൊടുത്തത്. മനഃപൂർവ്വമായ ഒരാപൽസന്ധി സൃഷ്ടിക്കുവാനുള്ള കുബുദ്ധിയിൽ നിന്നായിരുന്നു പിന്നീടുണ്ടായ തകരാറുകൾ മുഴുക്കെ എന്ന് ബോദ്ധ്യപ്പെടുത്തുവാൻ എത്ര തെളിവുകൾ വേണമെങ്കിലും ഇന്ന് നമുക്ക് ലഭ്യമാണ്. ഇന്ത്യാ ഗവൺമെൻറിൻെറ അണ്ടർ സെക്രട്ടറി തിരൂരങ്ങാടി സംഭവത്തെ പറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. "തിരൂരങ്ങാടിയിലെ പട്ടാളപ്രവർത്തനം സുഗമമായി നടന്നു. പരിശോധനകൾ നടത്തുകയും അറസ്റ്റ് ചെയ്യുകയും ഉണ്ടായെങ്കിലും യാതൊരു എതിർപ്പിനെയും നേരിടേണ്ടതായി വന്നില്ല"67. ഈ പ്രവർത്തനത്തിൽ പങ്കെടുത്തിരുന്ന സകല ഉദ്യോഗസ്ഥൻമാരും ഇക്കാര്യം തന്നെയാണ് പ്രകടിപ്പിച്ചിട്ടുള്ളത്. എന്നാൽ കളക്ടറും കൂട്ടരും ഇത് കഴിഞ്ഞ് മടങ്ങിയില്ലെന്ന് മാത്രമല്ല പ്രകോപനപരമായ കിംവദന്തി കൾക്ക് പ്രചാരണം കൊടുത്ത് കൊണ്ടുമിരുന്നു. ഒരു ശക്തിപരീക്ഷണത്തിൻെറ തയ്യാറെടുപ്പാണ് അവർ നടത്തിയത്. പെട്ടെന്ന് ആവേശഭരിതരായി തടിച്ചുകൂടുന്ന ജനങ്ങളെ ലഹളക്കൊരുങ്ങിയെന്ന പേരിൽ വെടിവെച്ച് വീഴ്ത്താമെന്നും അങ്ങനെ മലബാറിൽ പ്രകടമായി കണ്ടിരുന്ന ദേശീയാവേശം എന്നെന്നേക്കുമായി വേരറുത്ത് കളയാമെന്നും ആയിരുന്നു അധികാരികളുടെ കണക്കുകൂട്ടൽ.68.

അടുത്ത് പ്രഭാതം അനവധി വാർത്തകളുമായിട്ടാണ് ഉദയം കൊണ്ടത്. പലരും ഭീതിജനകമായ കിംവദന്തികൾ കേട്ടാണുണർന്നത്. പട്ടാളത്തിൻെറ ചെയ്തികൾ കേട്ടറിഞ്ഞവരെല്ലാം ഒന്നിച്ചുകൂടി. പരപ്പനങ്ങാടി, പെരിന്തൽമണ്ണ, പൂക്കൊട്ടൂർ, മലപ്പുറം, വണ്ടൂർ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഒരു ജനപ്രവാഹം തന്നെ തിരൂരങ്ങാടിയിലേക്ക് പ്രവഹിച്ചു. പട്ടാളത്തിൻെറ അന്യായമായ പ്രവർത്തികളിൽ പ്രതിഷേധിക്കുവാൻ വേണ്ടി പരപ്പനങ്ങാടിയിൽ നിന്നും ഘോഷയാത്രയായി വന്ന ജനക്കൂട്ടത്തെ വലിയൊരു ലാത്തിച്ചാർജ്ജിനും വെടിവെപ്പിനും ശേഷമാണ് പിരിച്ചുവിട്ടത്. വെടിവെപ്പിൽ ഏഴ് പേർക്ക് മാരകമായ പരിക്ക് പറ്റുകയും നാല് പേർ തൽക്ഷണം മരണപ്പെടുകയും ചെയ്തു. താണൂരിലെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറി ഉമൈത്താൻെറ കത്ത് കുഞ്ഞിക്കാദറിനേയും മറ്റു ചിലരേയും അറസ്റ്റ് ചെയ്തുകൊണ്ടുപോയി.69. കാര്യങ്ങൾ അതുകൊണ്ടും അവസാനിച്ചില്ല. തങ്ങളുടെ ഉറ്റമിത്രങ്ങളുടെ വേർപാടിലും നിരവധി പേർക്ക് ഏറ്റ പ്രഹരത്തിലും ജനരോഷം ആളിക്കത്തി. അത് മുഴച്ച് കൂടി പൊട്ടുന്നതിന് മുമ്പ് ജനസമ്മതനും വയോധികനുമായ ആലി മുസ്ലിയാരും അദ്ദേഹത്തിൻെറ പ്രാധാനപങ്കാളികളായിരുന്ന കുഞ്ഞലവിയും ലവക്കുട്ടിയും രംഗത്തുവന്നു. യാതൊരു കാരണവശാലും അവിവേകം പ്രവർത്തിച്ചു പോകരുതെന്നും സമാധാനപരമായി കാര്യങ്ങൾ പറഞ്ഞവസാനിപ്പിക്കമെന്നും ആലി മുസ്ലിയാർ ജനകൂട്ടത്തിനുറപ്പു കൊടുത്തു. താനും കുറച്ചനുയായികളും കൂടി കളക്ടറേയും മറ്റും കണ്ട് അറസ്റ്റ് ചെയ്തവരെ മോചിപ്പിച്ചുകൊണ്ട് വരാമെന്നും ആലി മുസ്ലിയാർ വാക്ക് കൊടുത്തു. ആത്മവിശ്വാസവും സമാധാനവാഞ്ഛയും ഉണ്ടായിരുന്ന ആലി മുസ്ലിയാർ തൻെറ ഒരു കൂട്ടം അനുയായികളോട് കൂടി കളക്ടറും പട്ടാള മേധാവികളും ക്യാമ്പ് ചെയ്യുന്ന സ്ഥലത്തേക്ക് ചെന്നു. അവരുടെ പുറകെ വലിയൊരു ജനക്കൂട്ടവും

അനുഗമിച്ചിരുന്നു. ഇവരുടെ വരവ് കണ്ടപാടെ പട്ടാള ക്യാമ്പിൽ നിന്നും പാലക്കാട് എം.എസ്.പി.യിലെ വില്യം റോസ് ഫോർട്ട്, റൗലി, ജോൺസൺ തുടങ്ങിയവർ മുമ്പോട്ട് വന്ന് ജനക്കൂട്ടത്തോട് ഇരിക്കുവാനാവശ്യപ്പെട്ടു.70. അറസ്റ്റ് ചെയ്തവരെ വിട്ടയക്കണമെന്നും അങ്ങനെ ചെയ്താൽ രോഷാകുലരായ ജനങ്ങളെ സമാധാനിപ്പിച്ച് പറഞ്ഞയക്കാൻ സാധിക്കുമെന്നാണ് താൻ കരുതുന്നതെന്നും കൂടുതൽ അനിഷ്ടസംഭവങ്ങൾക്ക് ഇടകൊടുക്കാതിരിക്കുവാൻ ഇത് അത്യാവശ്യമാണെന്നും വയോധികനായ നേതാവ് ബുദ്ധി ഉപദേശിച്ചു.71. പക്ഷെ വിവേകം നശിച്ച പട്ടാളക്കാർക്ക് യാതൊരു ബുദ്ധി ഉപദേശവും ആവശ്യമില്ലായിരുന്നു. ഈ പ്രകടനവും അഭിപ്രായവും ഒക്കെ തന്നെ നിയമ നിഷേധമായും ധിക്കാരമായും ആണ് അവർ കണ്ടത്. ജനങ്ങളോട് ഇരിക്കുവാനാവശ്യപ്പെട്ട് അവർ അതനുസരിച്ചപ്പോൾ, അധികം താമസിക്കുന്നതിന് മുമ്പ് പട്ടാള ക്യാമ്പിൽ നിന്നും 'ഫയർ, ഫയർ' എന്ന വിളി കേട്ടു. ഉടൻ വെടിയും പൊട്ടി.72. മണലിൽ സമാധാനപരമായിരുന്ന ജനങ്ങളുടെ നേരെ നടത്തിയ പ്രകോപനപരമായ കൈയ്യേറ്റം എല്ലാ സമാധാനശ്രമങ്ങളും താറുമാറാക്കുകയും തുറന്ന സംഘട്ടനത്തിന് വഴിവെക്കുകയും ചെയ്തു. ജനങ്ങൾ കൈവശമുള്ള ആയുധങ്ങളും വടികളുമായി പട്ടാളത്തെ എതിർത്തു. വെടിയുണ്ടയേറ്റ് പലരും മരിച്ചുവീണെങ്കിലും ജന സഹസ്രങ്ങൾ പിൻവാങ്ങാൻ തയ്യാറില്ലായിരുന്നു. ജോൺസൺ, റൗലി, മൊയ്തീൻ എന്നി എം.എസ്.പി.ക്കാർക്ക് പുറമെ മൂന്ന് പട്ടാളക്കാരും കൊല്ലപ്പെട്ടു. 17 ലഹളക്കാർ മരണമടയുകയും 7 പേർക്ക് അപായകരമായ മുറിവേൽക്കുകയും ചെയ്തു.73. കളക്ടറും കൂട്ടരും തോറ്റു പിൻവാങ്ങി പട്ടാളബാരക്കുകളിൽ ഒളിച്ചിരുന്നു. ഒത്തുതീർപ്പിനുള്ള സാദ്ധ്യതകൾ ഒക്കെയും അങ്ങനെ തകർന്നു. ലഹളക്കാർ കൂട്ടംകൂട്ടമായി മറ്റു പോംവഴികൾ അന്വേഷിച്ച് കിട്ടാവുന്ന ആയുധങ്ങൾ ശേഖരിക്കുവാനും സന്ധിയില്ലാത്ത അന്തിമ സംഘട്ടനത്തിന് രണ്ടും കല്പിച്ച് തയ്യാറെടുക്കുവാനും ഉറച്ചു.

ഗവൺമെൻറുമായി യുദ്ധം പ്രഖ്യാപിച്ചുകഴിഞ്ഞു. ഇനി യുദ്ധം ജയിക്കുവാനുള്ള സന്നാഹങ്ങളും മാർഗ്ഗങ്ങളും ആരായണം. പട്ടാളം വരുന്ന വഴികൾ തടസ്സപ്പെടുത്തണം. റെയിൽവേ പാളങ്ങൾ നീക്കിയും പാലങ്ങൾ പൊളിച്ചും റോഡുകളിൽ മരങ്ങൾ വെട്ടിയിട്ടും ഇതൊക്കെ സാധിച്ചു. കളക്ടറും കൂട്ടരും തിരൂരങ്ങാടിയിൽ നിന്നും ഫറൂക്ക് വരെ റെയിൽ പാളത്തിൽ കൂടി നടന്നാണ് ഫറൂക്കിലെത്തിയത്.74. തങ്ങളെ പുറകെ നടന്ന് ആക്രമിക്കുവാൻ വന്നവർക്ക് നേരെ നിറയൊഴിച്ചുകൊണ്ടാണ് ഈ ദൂരമത്രയും അവർ യാത്ര ചെയ്തത്. അതിനിടക്ക് 72 പേരെ വെടിവെച്ച് കൊല്ലേണ്ടതായും വന്നിരുന്നു.75. തിരൂരങ്ങാടിയിൽ ഖിലാഫത്ത് ഗവൺമെൻറ് രൂപീകൃതമായി. ആലി മുസലിയാരെ ഖിലാഫത്ത് രാജാവായി ജനങ്ങൾ വാഴിച്ചു. ലവക്കുട്ടിയും കുഞ്ഞലവിയും അദ്ദേഹത്തിൻെറ പട്ടാളമേധാവികളുമായി.76. മലബാറിലാകമാനം ഇരുന്നൂറ്റി ചില്വാനം ഖിലാഫത്ത് കമ്മിറ്റികളിലായി 20,000ത്തോളം വാളണ്ടിയർമാർ പ്രവർത്തിച്ചിരുന്നു. ഇതിന് പുറമെ പോലീസ് നരവേട്ടയോടെ ഒട്ടുമിക്ക ജനങ്ങളും കലാപകാരികളുടെ സഹായികളായിത്തീരുകയും ചെയ്തു. കാര്യം ഇത്രത്തോള മായപ്പോഴേക്കും സമാധാനദൗത്യവുമായി കോൺഗ്രസ്സ് ഖിലാഫത്ത് നേതാക്കൻമാരായ കെ.പി. കേശവ മേനോൻ, മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ്, കെ. മാധവൻ നായർ, ഇ. മൊയ്തു മൗലവി തുടങ്ങിയ കുറെ നേതാക്കൾ കളക്ടറുടെ അനുവാദവും വാങ്ങി തിരൂരങ്ങാടിയിലേക്ക് പുറപ്പെട്ടു. അവിടെ എത്തിയ അവർ ആലി മുസ്‌ലിയാരെയും മറ്റും കണ്ട് സംസാരിച്ച കഥകൾ വളരെ ഹൃദയസ്പൃക്കായി കേശവ മേനോൻ വിവരിച്ചിട്ടുണ്ട്.77. ലഹളക്കാരുടെ മനോഭാവം അവരുടെ നേതാവായിരുന്ന കുഞ്ഞലവിയുടെ ഭാഷയിൽ തന്നെ പ്രകടിപ്പിക്കുന്നതാണ് ഉചിതം. കെ.പി. കേശവ മേനോനോട് കുഞ്ഞലവി പറഞ്ഞു, "കീഴടങ്ങേണ്ട കാര്യം മാത്രം അങ്ങെന്നോട് പറയരുത്. ഞാൻ അവരോട് യുദ്ധം ചെയ്ത് തന്നെ ചത്തോളാം".78. ഇതായിരുന്നു അവരിലെല്ലാവരിലും പ്രകടമായിരുന്ന വികാരം. ഒരു യുദ്ധവും പ്രതിസന്ധിയും അവരിൽ അടിച്ചേൽപ്പിക്കപ്പെടുകയായിരുന്നുവെന്നും യുദ്ധം ചെയ്തില്ലെങ്കിൽ കൂടിയും പട്ടാളം ഇവരെയെല്ലാം ഒന്നൊന്നായി ക്രൂരമാം വിധം കൊന്നൊടുക്കുമെന്നും അവർക്കറിയമായിരുന്നു. മറ്റൊരു പോംവഴിയും കാണാത്ത സ്ഥിതിയിൽ യുദ്ധം ചെയ്ത് ധീരമായി മരിക്കാമെന്ന് അവർ ആശിച്ചെങ്കിൽ ആ വികാരാവേശത്തെ തലമുറ മാനിക്കേണ്ടത് തന്നെയാണ്. അങ്ങനെയാണ് 1921ലെ കലാപം നടക്കുന്നത്. ഇതാരംഭിക്കുന്നത് ഇംഗ്ലീഷ് മർദ്ദനത്തിനെതിരായും ജൻമികളുടെ ദ്രോഹത്തിനെതിരായിട്ടുമായിരുന്നു. അല്ലാതെ ഹിന്ദുവിരോധം നിഴലിക്കുക പോലും ചെയ്തിട്ടില്ലെന്ന് മനസ്സിലാക്കാവുന്നതാണല്ലോ.

ആഗസ്റ്റ് 20-ാം തീയതി തിരൂരങ്ങാടിയിൽ ഉണ്ടായ വെടിവെയ്പും മരണവും തിരൂരങ്ങാടിയുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചിരുന്ന പൂക്കോട്ടൂർ ജനങ്ങളെ ക്രമാതീതം ക്ഷോഭിപ്പിച്ചു. വടക്കവീട്ടിൽ മാമ്മുദിൻെറയും കാരാടൻ മൊയ്തീൻ കുട്ടി ഹാജിയുടെയും നേതൃത്വത്തിൽ കുറെ പേർ മഞ്ചേരിയിലെത്തി അവിടത്തെ പോലീസ് സ്റ്റേഷനിലും താലൂക്ക് കച്ചേരിയിലുമുണ്ടായിരുന്ന ആയുധങ്ങൾ കരസ്ഥമാക്കി പൂക്കോട്ടൂരിലേക്ക് തന്നെ മടങ്ങി. അന്ന് രാത്രി തിരൂരങ്ങാടിയിലേക്ക് പുറപ്പെടുവാനുള്ള ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് കോഴിക്കോട്ടു നിന്ന് വന്ന കെ. മാധവൻനായരും മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും പൂക്കൊട്ടൂരെത്തുന്നത്. തുടർന്ന് അവിടെ നടന്നതിൻെറ ദൃക്സാക്ഷിവിവരണം കോയട്ടി മൗലവി തൻെറ പുസ്തകത്തിൽ ചേർത്തിരിക്കുന്നത് ഇവിടെ ഉദ്ധരിക്കാം. "പൂക്കോട്ടൂരിലെ പ്രക്ഷുബ്ധമായ ജനക്കൂട്ടം തിരൂരങ്ങാടിയിലേക്ക് പുറപ്പെടുവാൻ ഒരുങ്ങിനിൽക്കുന്ന കാഴ്ച ഏതൊരു ധീരചിത്തനേയും വിറളികൊള്ളിക്കുമാറ് അത്രയും ഭയങ്കരമായിരുന്നു. എരിഞ്ഞുകത്തുന്ന അങ്ങാടിവെളിച്ചത്ത് ഇളകിമറിയുന്ന അനേകം ഖഡ്ഗങ്ങളുടെ ആ മരണച്ചിരി ഹാ! അത്

കണ്ടിട്ടുള്ളവർ പിന്നെ അത് മറക്കുകയില്ല. ഭയം ജനിപ്പിക്കുന്ന ആയുധങ്ങളുടെ കിലുക്കങ്ങളും ഹൃദയം നടുങ്ങുന്ന തക്ബീർ മുഴക്കങ്ങളുമല്ലാതെ മറ്റു യാതൊന്നും അവിടെ കേൾപ്പാനുണ്ടായിരുന്നില്ല."79. ഭീതിയോടും താപത്തോടും കൂടി കെ. മാധവൻനായർ നെഞ്ചത്ത് കൈവെച്ചുകൊണ്ടു പറഞ്ഞു, "അയ്യോ! നിങ്ങളുടെ ഒരുക്കം കൊല്ലലും കൊലക്കുമാണെങ്കിൽ ഇതിൽ പങ്കുകൊള്ളുവാൻ ഞങ്ങളില്ല." മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിന് അന്നേരത്തുണ്ടായ വികാരത്തിന് അതിരില്ലായിരുന്നു. ഉടനെ അദ്ദേഹം അടുത്തുണ്ടായിരുന്ന ഒരു കാളവണ്ടിയിൽ കയറിനിന്നു കൊണ്ടു് ഉറക്കെ ഇങ്ങനെ പറഞ്ഞു. "എന്റെ സഹോദരങ്ങളെ, നിങ്ങളെന്താണ് ചെയ്യാൻ പോകുന്നത്? ധർമ്മയുദ്ധം ചെയ്ത് വീരസ്വർഗ്ഗം പ്രാപിക്കുകയാണ് നിങ്ങളുടെ ഉദ്ദേശ്യമെങ്കിൽ ഞാനും ഒരു മുസൽമാനല്ലയോ? എനിക്കും ആ സ്വർഗ്ഗം വേണ്ടയോ? എന്തുകൊണ്ട് ഞാനതിന്നൊരുങ്ങുന്നില്ല. നമ്മൾ വീരസ്വർഗ്ഗം പ്രാപിക്കുകയും നമ്മുടെ സഹോദരിമാരേയും ഭാര്യമാരേയയും മാതാപിതാക്കൻമാരേയും ഇതരൻമാർ പരസ്യമായി പിടിച്ചാക്രമിക്കുകയും അപമാനിക്കുയും ചെയ്യുവാൻ നാമിവിടെ വിട്ടേച്ച് പോവുകയാണെങ്കിൽ ആ വീരസ്വർഗ്ഗത്തിൽ നമുക്ക് എന്തൊരു സന്തോഷമാണുണ്ടാകുക! മാപ്പിളമലയാളം അതിഭയങ്കരമായി അങ്ങോളമിങ്ങോളം വെന്തെരിയുന്ന ധൂമം കൂട്ടം കൂട്ടമായങ്ങ് പൊങ്ങിവരുമ്പോൾ ആ വീരസ്വർഗ്ഗത്തിൽ നമുക്ക് ശ്വാസം മുട്ടുകയില്ലേ"80. ജനഹൃദയങ്ങളിൽ തുളഞ്ഞു കയറുന്ന മർമ്മസ്പൃക്കായ പ്രസ്തുതപ്രസംഗം ഇരമ്പിതള്ളുന്ന ആ ജനക്കൂട്ടത്തെ പെട്ടെന്ന് ശാന്തരാക്കിതീർത്തു. നേതാക്കൻമാർ സംതൃപ്തിയോടെ തിരൂരങ്ങാടിയിലേക്ക് പോയെങ്കിലും ആലി മുസലിയാരെ കാണുവാൻ സാധിച്ചില്ല. തിരൂരങ്ങാടിയിലെ മറ്റു ചില പ്രവർത്തകൻമാരെ കണ്ട് ഭാവിയിലുണ്ടായേക്കാവുന്ന വിപത്തുകളേയും മറ്റും പറ്റി വിവരിച്ച് കൊണ്ട് വേണ്ട ഉപദേശങ്ങൾ നൽകിയതിന് ശേഷം അവർ കോഴിക്കോട്ടേക്ക് തന്നെ തിരിച്ചുപോയി. ആഗസ്റ്റ് 22-ാം തിയ്യതി നടന്ന മറ്റൊരു സംഭവം മഞ്ചേരിയിലെ സർക്കാർ ഖജനാവ് കൊള്ള ചെയ്തതും ജയിൽ തുറന്ന് തടവുകാരെയെല്ലാം തുറന്ന് വിട്ടതുമായിരുന്നു. അന്നേദിവസം തന്നെ പെരിന്തൽമണ്ണ ട്രഷറിയും കൊള്ളയടിച്ചു. ഉദ്യോഗസ്ഥൻമാരും പോലീസും ജീവനും കൊണ്ട് ഓടി രക്ഷപ്പെട്ടിരുന്നു. അയിനിക്കര ജമാൽ മുസലിയാരുടെ നേതൃത്വത്തിലായിരുന്നു ഇതൊക്കെ നടന്നത്.81.

അറേങ്ങര ഖിലാഫത്ത് നേതാക്കൻമാരായ വടക്കവീട്ടിൽ കുഞ്ഞിമ്മു, വടക്കേവീട്ടിൽ അബ്ദുൾ റഹിമാൻ എന്നിവരുടെ നേതൃത്വത്തിൽ 500ൽപരം ആളുകൾ അടങ്ങിയ ഒരു ജനക്കൂട്ടം ആഗസ്റ്റ് 23-ാം തിയ്യതി രാവിലെ 6 മണിക്ക് പൂക്കോട്ടൂർ നിന്നും 30 കിലോമീറ്റർ അകലെ കിടക്കുന്ന നിലമ്പൂരിലേക്ക് പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ എടവണ്ണ പോലീസ് സ്റ്റേഷനിൽ നിന്നും അവർ ആയുധങ്ങൾ കരസ്ഥമാക്കുകയം തങ്ങളോടെതിർത്ത ഒരു പോലീസുകാരനെ വെട്ടിമുറിവേൽപ്പിക്കുകയും ചെയ്യുകയുണ്ടായി.82. നിലമ്പൂരിലെത്തിയ ശേഷം അവിടത്തെ പോലീസ് സ്റ്റേഷനിലെ ആയുധങ്ങളും അവർ കൈക്കലാക്കി. സബ്ബ് ഇൻസ്പെക്ടർ ചോല ഉണ്ണീൻ സാഹിബ് ഗാന്ധിത്തൊപ്പി ധരിക്കാനും ഖിലാഫത്ത് കൊടി പിടിക്കാനും നിർബന്ധനായി. അവർ അദ്ദേഹത്തെ നിലമ്പൂർ കോവിലകം വരെ കൊണ്ടുപോകുകയും ചെയ്തു. കോവിലകം കാവൽക്കാർ ഇവരുമായി ഏറ്റുമുട്ടി. കാവൽഭടൻമാരിൽ 20 പേർ അന്നെ മരണപ്പെട്ടു. ലഹളക്കാരുടെ ആഗമനത്തെക്കുറിച്ച് മുൻകൂട്ടി അറിഞ്ഞിരുന്ന തമ്പുരാക്കൻമാർ നേരത്തെ തന്നെ സ്ഥലം വിട്ടിരുന്നു. കോവിലകത്തുണ്ടായിരുന്ന ആയുധങ്ങൾ കരസ്ഥമാക്കിയശേഷം ജനക്കൂട്ടം പൂക്കോട്ടൂരിലേക്ക് തന്നെ മടങ്ങി.

തിരൂരങ്ങാടി കഴിഞ്ഞാൽ ലഹളയുടെ കേന്ദ്രം പൂക്കോട്ടൂരായതിന് ചില കാരണങ്ങളുണ്ടായിരുന്നു. ഏറനാട് താലൂക്കിലെ ഏതാണ്ട് മദ്ധ്യത്തിലായി സ്ഥിതി ചെയ്യുന്ന ഒരു നാട്ടിൻപുറമാണ് പൂക്കോട്ടൂർ. മലപ്പുറത്തുനിന്നും 8 കിലോമിറ്റർ വടക്കായും കോഴിക്കോടുനിന്നും 35 കിലോമീറ്റർ കിഴക്കായും സ്ഥിതിചെയ്യുന്ന സ്ഥലമാണിത്. 1920കളിൽ തന്നെ കുടിയാൻ പ്രസ്ഥാനവും ഖിലാഫത്ത് പ്രസ്ഥാനവും പൂക്കോട്ടൂരിൽ ശക്തിപ്രാപിച്ചിരുന്നു. എം.പി. നാരായണമേനോനും കട്ടിലശ്ശേരി മുഹമ്മദ് മുസലിയാരും ആണ് പൂക്കോട്ടൂരിൽ കുടിയാൻ സംഘവും ഖിലാഫത്ത് കമ്മിറ്റിയും രൂപീകരിച്ചത്. അഹമ്മദ്കുട്ടി തങ്ങളെ ഖിലാഫത്ത് പ്രസിഡൻണ്ടായും കളത്തിങ്കൽ വടക്കുവീട്ടിൽ മാമ്മൂദുവിനെ സെക്രട്ടറിയായും നിയമിച്ചു. പൂക്കോട്ടൂർ കോവിലകത്തെ കാര്യസ്ഥനായിരുന്നു മാമ്മൂദ്. 1921ൽ പൂക്കോട്ടൂരിലെ ഭൂമി 90 ശതമാനവും സവർണ്ണരുടെ കൈവശമായിരുന്നു. നിലമ്പൂർ കോവിലകത്തെ തിരുമുൽപ്പാടുമാർ പൂക്കോട്ടൂരിലെ 60 ശതമാനത്തിലേറെ ഭൂമിയുടെ ഉടമകളും. മാപ്പിളമാരിൽ മിക്കവരും വെറും പാട്ടക്കാരോ പണിക്കാരോ ആയിരുന്നു. രണ്ടേക്കറിലധികം ഭൂമി കൈവശമുള്ള മാപ്പിളമാർ തീരെ ഉണ്ടായിരുന്നില്ല. നിലമ്പൂർ കോവിലകക്കാർക്ക് പൂക്കോട്ടൂരിൽ ഒരു കോവിലകമുണ്ടായിരുന്നു. ഈ കോവിലകത്ത് പാർത്ത് സ്വത്തുക്കൾ നോക്കി നടത്തിയിരുന്നത് ആറാം തിരുമുൽപ്പാടാണ്. മിക്ക മാപ്പിളമാരും അദ്ദേഹത്തിന്റെ കുടിയാൻമാരോ, അടിയാൻമാരോ ആയിരുന്നു.84. കുടിയാൻ സംഘവും ഖിലാഫത്ത് കമ്മിറ്റിയും ശക്തി പ്രാപിക്കുന്നത് ഇഷ്ടപ്പെടാത്തവരായിരുന്നു നിലമ്പൂർ തമ്പുരാക്കൻമാർ. ഈ അവസരത്തിലാണ് കോവിലകം കാര്യസ്ഥനായ മമ്മൂദും കോവിലകത്തെ ആറാം തിരുമുൽപ്പാടായ ചിന്നനുണ്ണിയും തമ്മിൽ വഴക്കുണ്ടാകുന്നത്. കോവിലകത്തെ ഒരു പത്തായപ്പുര പൊളിച്ചു നീക്കാൻ മാമ്മൂദ് കരാറെടുത്തിരുന്നു. വിചാരിച്ചതിനേക്കാൾ എളുപ്പത്തിൽ മാമ്മൂദു പത്തായപ്പുര പൊളിച്ചുനീക്കി. മാമ്മൂദുവിന് ഈ കരാറിൽ താൻ വിചാരിച്ചതിലും കൂടുതൽ ലാഭം കിട്ടുമെന്ന് കണ്ട ചിന്നനുണ്ണി 300 രൂപ കുറച്ചേ കൊടുത്തുള്ളു. ഇതു സംബന്ധിച്ച് തർക്കം നടന്നു. ഇതാണ് പിണക്കത്തിന്റെ ആരംഭം. ചിന്നനുണ്ണി, മാമ്മൂദുവിന്റെ പേരിൽ കേസ്സു കൊടുത്തു. കോവിലകത്തെ തോക്ക് കട്ടുവെന്നായിരുന്നു ആരോപണം. പോലീസ് മാമ്മൂദുവിന്റെയും അടുത്തുള്ളവരുടേയും വീടുകൾ പരിശോധിച്ചു. തോക്ക് കണ്ടുകിട്ടിയില്ല. ഇത് പരസ്പരം വൈരം വർദ്ധിപ്പിച്ചു. പോലീസ് ചിന്നനുണ്ണിയുടെ

താളത്തിനൊത്ത് തുള്ളുകയായിരുന്നു. മാമ്മുദിനെയും മറ്റു 16 പേരെയും കള്ളക്കേസ്സുകളിൽ കുടുക്കാൻ മഞ്ചേരി സർക്കിൾ ഇൻസ്പെക്ടർ നാരായണമേനോനും സംഘവും എത്തി മാമ്മുദുവിൻെറ അടുക്കലേക്ക് ആളെ പറഞ്ഞുവിട്ടു. മമ്മുദിനെ പിടിക്കാൻ പറ്റിയില്ലെന്ന് മാത്രമല്ല ഇൻസ്പെക്ടർ നാരായണമേനോൻ അവിടെനിന്നും രക്ഷപ്പെട്ടത് കാലുപിടിച്ച് മാപ്പപേക്ഷിച്ചിട്ടുമാണ്. തുടർന്നു നടന്ന കഥകൾ നാം നേരത്തെ വിവരിച്ചതാണല്ലോ. പൂക്കോട്ടൂരിലേക്ക് പട്ടാളം വരുന്നുണ്ടെന്നറിവുണ്ടായിരുന്നതിനാൽ അതിനെ പ്രതിരോധിക്കുവാനുള്ള നടപടിയാണവർ കൈക്കൊണ്ടത്.

ആഗസ്റ്റ് 26-ാം തിയ്യതി വെളിയാഴ്ച ജുമാ കഴിഞ്ഞ് സമരസന്നദ്ധരായ നാട്ടുകാർ മുൻതീരുമാനപ്രകാരം പൂക്കോട്ടൂരിൻെറയും പിലാക്കൽ എന്ന സ്ഥലത്തിൻെറയും ഇടക്കുള്ള പാടത്തിൻെറ കരയിലും പാടത്തും കിഴക്കുഭാഗത്തുള്ള തോട്ടിലും വടക്ക് കിഴക്കായി കൂട്ടിയിട്ടിരുന്ന മണൽകൂനക്ക് പിന്നിലും മറഞ്ഞ് പട്ടാളക്കാരുടെ വരവും കാത്തിരുന്നു. മൊത്തം 2000ൽപരം ആളുകളുണ്ടായിരുന്നു. 22 ലോറികളിലും 25 സൈക്കളിലുമായിട്ടാണ് പട്ടാളക്കാർ എത്തിയത്. പട്ടാളത്തിൻെറ മുൻനിര പിലാക്കലെത്തുമ്പോൾ മുന്നിലെ ലോറിയുടെ ടയറിൽ നിറ ഒഴിക്കാനും അതോടൊപ്പം തന്നെ നാലുഭാഗത്തു നിന്നും വളയാനും ആയിരുന്നു പരിപാടി. പക്ഷെ സംഘത്തിൽ അവസാനമായെത്തിച്ചേർന്ന പറാഞ്ചിരി കുഞ്ഞറമുട്ടിയും ഉള്ളാട്ട് ഐമുവും ഈ തീരുമാനമറിഞ്ഞിരുന്നില്ല. ഇവർ വടക്ക് കിഴക്കുണ്ടായിരുന്ന മണൽകൂനക്ക് പിന്നിലാണ് ഇരുന്നിരുന്നത്. രണ്ടോ, മൂന്നോ ലോറിപാടത്തേക്ക് കടന്നതോടെ കുഞ്ഞറമുട്ടി ലോറിക്ക് വെടിവെച്ചു. വെടി പൊട്ടിയതോടെ ലോറികൾ പിന്നോട്ടെടുത്ത് പൂക്കോട്ടൂർ ഭാഗത്തത്ത് കൊണ്ടുനിർത്തി. പിന്നീട് പട്ടാളക്കാരിറങ്ങി പുക ബോംബെറിഞ്ഞു. പുക നിറഞ്ഞതോടെ കലാപകാരികൾക്ക് തങ്ങളുടെ തോക്ക് ശരിക്കുപയോഗിക്കുവാൻ കഴിയാതെയായി. പട്ടാളക്കാർ പുകയുടെ മറവിൽ തങ്ങളുടെ യന്ത്രത്തോക്കുകൾ റോഡിൽ നിരത്തി. പുക ഒട്ടൊന്നടങ്ങിയശേഷം 10 പട്ടാളക്കാർ നിരായുധരായി പിലാക്കൽ ഭാഗത്തേക്ക് നടക്കാൻ തുടങ്ങി. തങ്ങളെ കുടുക്കുവാനുള്ള വഞ്ചനയാണെന്നറിയാതെ പതിയിരുന്ന മാപ്പിളയോദ്ധാക്കൾ ഇവരെ പിടിക്കാൻ ആഞ്ഞെടുത്തു. അവരെ കണ്ടപാടേ പട്ടാളക്കാർ പിന്നോട്ടോടി. പട്ടാളക്കാർ യന്ത്രതോക്കിൻെറ പിന്നിലെത്തിയ ഉടൻ യന്ത്രത്തോക്ക് പ്രവർത്തിച്ച് അവരെ പിൻതുടർന്ന് വന്നിരുന്ന മാപ്പിളമാരെയെല്ലാം കൊന്നൊടുക്കി. ഇത് രണ്ട് പ്രാവശ്യം ആവർത്തിച്ചു. ആദ്യം വെടിവെച്ച കുഞ്ഞറമുട്ടിയും ഐമുവും കൈയ്യിലുണ്ടായിരുന്ന 100ൽപരം തിരകൾ തീർന്നതിന് ശേഷം പീരങ്കിക്കുനേരെ വന്ന് വെടിയേറ്റ് മരിച്ചു. വടക്കുവീട്ടിൽ മമ്മുദുവും ഈ യുദ്ധത്തിൽ മരിച്ചു. മൂന്നു മണിക്കൂർ നീണ്ടുനിന്ന യുദ്ധത്തിൽ 269 പേർ മരണമടഞ്ഞു. ഇവർക്കൊക്കെ നെഞ്ചിനാണ് വെടി കൊണ്ടിരുന്നത്. മരണപ്പെട്ടവരിൽ 60 പേരെ പട്ടാളക്കാർ വലിച്ചിഴച്ച് ചെറുകാവിൽ മൂസക്കുട്ടി എന്നയാളുടെ പുരയിൽ കൊണ്ടു പോയിട്ട് പുരയ്ക്ക് തിവെച്ചിരുന്നെങ്കിലും മയ്യത്തുകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിരുന്നില്ല. മരണപ്പെട്ടവരുടെ മയ്യത്തുകൾ റോഡിൻെറ പടിഞ്ഞാറുവശം നാലു സ്ഥലത്തായി കബറടക്കം നടത്തുകയും ചെയ്തു.85.

പട്ടാളക്കാരുടെ ഭാഗത്തും വളരെ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. എത്രപേർ കൊല്ലപ്പെട്ടു എന്ന കണക്ക് പുറത്ത് വിട്ടിട്ടില്ലെങ്കിലും മരിച്ചവരുടെ കൂട്ടത്തിൽ ഒരു പട്ടാള ഓഫീസ്സർ, സുപ്രണ്ട് എന്നിവരടക്കം നാലു ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാർ ഉൾപ്പെട്ടിരുന്നു. ക്യാപ്റ്റൻ മെക്കൻറിയായിരുന്നു സൈന്യത്തെ നയിച്ചിരുന്നത്. മരണമടഞ്ഞ പട്ടാളക്കാരെയും കയറ്റി ലോറികൾ മലപ്പുറത്തേക്ക് തിരിച്ചു. കുപ്പാളിപ്പടിയിൽ വെച്ച് ധീരനായ ഒരു മാപ്പിള സേനാനി ഒരു ലോറി തകർത്തു. മലപ്പുറത്തിനടുത്തുള്ള വറുങ്കോട്ടുകാരനായ മങ്കരത്തൊടി കുഞ്ഞഹമ്മദ് എന്ന ഈ ധീരൻ റോഡുവക്കിലുണ്ടായിരുന്ന മരത്തിൽ കൈബോംബുമായി കയറിയിരുന്ന് താഴ്ഭാഗത്ത് കൂടി കടന്ന് പോയിരുന്ന കമാൻണ്ടിംങ് ഓഫീസർ ലാങ്കർസായ്പും നാലു പട്ടാളക്കാരും സഞ്ചരിച്ചിരുന്ന വണ്ടിയിലേക്ക് ബോംബ് എറിയുകയാണുണ്ടായത്. ലാങ്കർ സായ്പും പട്ടാളക്കാരും ലോറിയും ചിന്നിച്ചിതറി. കുഞ്ഞഹമ്മദ് തൻെറ ദേഹം മരത്തോട് ചേർത്ത് ബന്ധിച്ചിരുന്നു. പട്ടാളക്കാരുടെ വെടിയേറ്റ് അദ്ദേഹം ആ കിടപ്പിൽ മരിക്കുകയാണുണ്ടായത്. വെടിയേറ്റ് ശരീരം ഛിന്നഭിന്നമായിരുന്നു. ഇൻഡ്യക്കാരായ പട്ടാളക്കാരേയും പോലീസ്കാരേയും കഴിവതും ആക്രമിക്കരുതെന്ന നേതാക്കളുടെ നിർദ്ദേശം മാനിച്ചാണ് തകർക്കാനായി ലാംഗർ സായ്പ്പിൻെറ വണ്ടി തന്നെ കുഞ്ഞഹമ്മദ് തെരഞ്ഞെടുത്തത്.86. ജാലിയൻ വാലബാഗിൽ നടന്ന കൂട്ടക്കൊല ഇൻഡ്യയിലാകമാനം പ്രതിഷേധത്തിനിടവരുത്തിയ ദേശീയ ദുരന്തമായിരുന്നുവല്ലോ. എന്നാൽ പൂക്കോട്ടൂരിലെ മാപ്പിളയോദ്ധാക്കൾ ഇംഗ്ലീഷ് സൈന്യത്തോട് ഏറ്റുമുട്ടി വീരോചിതമായി മരണത്തെ വാരിപ്പുണർന്നവരാണ്. അന്ന് വീണ് മൺമറഞ്ഞ 269 പേരുടേയും മാറിലാണ് വെടിയുണ്ടകളേറ്റിരുന്നത്. ഇത്ര ധീരസാഹസികത, ചരിത്രത്തിൽ തുലോം അപൂർവമാണെന്നിരുന്നിട്ടും ഈ ആത്മാഹുതിയിൽ സഹതപിക്കുവാനോ, മരിച്ച ആ ധീരസേനാനികളെ അഭിമാനത്തോടുകൂടി ഓർക്കാൻ പോലുമോ നമുക്ക് കഴിഞ്ഞിട്ടില്ലെന്നതും ചരിത്രത്തിലെ അപൂർവസംഭവം തന്നെയാണ്! പൂക്കോട്ടൂരിലേയും പ്രാന്തപ്രദേശങ്ങളിലേയും മാപ്പിളമാരുമായി നിദാന്ത സമ്പർക്കമുണ്ടായിരുന്ന കെ. മാധവൻനായർ പോലും പൂക്കോട്ടൂർ സംഭവത്തെ വിലയിരുത്തുന്നത് എപ്രകാരമാണെന്ന് നോക്കു. "ഒരു യുദ്ധത്തിനു തക്ക ഒരുക്കങ്ങൾ ഒന്നും കൂടാതെ സ്വരക്ഷക്ക് മാത്രമുള്ള ആയുധങ്ങളോടും യുദ്ധസാമഗ്രികളോടും കൂടി ചെറിയ ഒരു സൈന്യത്തിൻെറ സഹായത്താൽ മാത്രം ഇത്ര ഗംഭീരമായ ഒരു വിജയം നേടിയതിന് ക്യാപ്റ്റൻ മെക്കൻറിയെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാവുന്നതല്ല. ശത്രുക്കളുടെ എണ്ണം കണ്ട് ഭയപ്പെട്ട്, തോമസ്സിനെപ്പോലെ അദ്ദേഹവും പിൻതിരിഞ്ഞോടുകയോ മറ്റോ ചെയ്തിരുന്നുവെങ്കിൽ അത് എത്രമാത്രം ആപൽക്കരമായി കലാശിക്കുമായരുന്നു, എന്ന് വിവരിപ്പാൻ പ്രയാസമാണ്. ആ യുദ്ധത്തിൽ അദ്ദേഹം പ്രദർശിപ്പിച്ച ധൈര്യവും സാമർത്ഥ്യവും എല്ലാവരും ഒരുപോലെ വാഴ്ത്തുന്നുണ്ട്."87. മാധവൻനായരുടെ മനസ്ഥിതി ഇത്തരത്തിലാണെന്ന്

വരുമ്പോൾ, മലബാർ കലാപത്തെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ വിവരണം ഒരിക്കലും വസ്തുനിഷ്ഠമാകുകയില്ലല്ലോ. ഇംഗ്ലീഷ്കാർക്കുവേണ്ടി ഔദ്യോഗികഭാഷ്യം ദേശീയതയുടെ മുഖംമൂടി അണിഞ്ഞ് അദ്ദേഹം അവതരിപ്പിക്കുന്നുവെന്ന് മാത്രം. മാപ്പിളമാരെ ഖിലാഫത്ത്-കോൺഗ്രസ് പ്രസ്ഥാനങ്ങളിലേക്ക് കൊണ്ടുവന്ന കെ.പി. കേശവമേനോൻ, യു. ഗോപാലമേനോൻ, കെ. കേളപ്പൻ, കെ. മാധവൻനായർ, എം.പി. നാരായണമേനോൻ തുടങ്ങിയ സവർണ്ണനേതാക്കളിൽ എം.പി. നാരായണമേനോൻ ഒഴിച്ച് മറ്റുള്ളവരൊക്കെയും മാധവമേനോൻ പ്രകടിപ്പിച്ച അധമമനസ്ഥിതി തന്നെ വച്ച് പുലർത്തിപ്പോന്നവരാണ്. അവരാണ് അഖിലേന്ത്യാ നേതാക്കൻമാരെ ഈ മഹാവിപ്ലവത്തെ വർഗ്ഗീയ കലാപമായി വിവരിച്ചുകൊടുത്തവരും. തൻമൂലം കേരളത്തിന് പുറത്തുള്ള പത്രങ്ങളും സംഘടനകളും തുടക്കം മുതൽ തന്നെ ഹിന്ദു-മുസ്ലിം കലാപമെന്ന രീതിയിലാണ് ഇത് വ്യവഹരിച്ചുപോന്നത്. ആഗസ്റ്റ് 20-ാം തിയ്യതി തിരൂരങ്ങാടിയിലെ പട്ടാള നടപടിക്ക് ശേഷം ആലി മുസ്ലിയാരെ അറസ്റ്റ് ചെയ്യുന്ന ആഗസ്റ്റ് 31-ാം തിയ്യതി വരെ തിരൂരങ്ങാടിയിലും അതിൻെറ പരിസരപ്രദേശങ്ങളിലും സമാധാനം നിലനിന്നിരുന്നു. ഖിലാഫത്ത് എതിരാളികൾ മാത്രമല്ല ഹിന്ദുക്കൾ കൂടിയും ആലി മുസലിയാരുടെ രക്ഷയിൻ കീഴിലായിരുന്നു. എന്നാൽ ആഗസ്റ്റ് 28-ാം തിയ്യതി കോഴിക്കോട്, ഷൊർണ്ണൂർ, കുറ്റിപ്പുറം മുതലായ കേന്ദ്രങ്ങളിൽ നിന്ന് പുറപ്പെട്ട ഒരു വലിയ വിഭാഗം പട്ടാളം 30-ാം തിയ്യതി ചൊവ്വഴ്ച രാവിലെ 11 മണിക്ക് തിരൂരങ്ങാടിയിലെത്തി. പട്ടാളം പള്ളിയുടെ വടക്കുഭാഗം ഒഴിച്ച് മറ്റു മൂന്ന് ഭാഗങ്ങളിലും കിടങ്ങുകൾ കീറിയുണ്ടാക്കി പള്ളി വളഞ്ഞു. അപ്പോൾ ആലി മുസലിയാരും 114 പേരും പള്ളിയിലുണ്ടായിരുന്നു. 31-ാം തിയ്യതി ബുധനാഴ്ച രാവിലെ 8 മണിയോടെ പട്ടാളം പള്ളിക്ക് നേരെ വെടിവെപ്പ് ആരംഭിച്ചു. ലഹളക്കാർ തിരിച്ചും വെടിവെച്ചുകൊണ്ടിരുന്നു. സുമാർ 12 മണിവരെ ഇങ്ങനെ വെടിയുണ്ടകൾ പരസ്പരം വർഷിച്ചുകൊണ്ടിരുന്നു. ഈ വെടി ഇങ്ങനെ തുടരുകയാണെങ്കിൽ പള്ളിക്ക് കൂടുതൽ നാശനഷ്ടങ്ങൾ സംഭവിക്കുമെന്ന് കണ്ടപ്പോൾ കുഞ്ഞലവിയും അബ്ദുല്ലക്കുട്ടിയും ലവക്കുട്ടിയും മറ്റു ചില ധീരയോദ്ധാക്കളും പള്ളിയുടെ പടിഞ്ഞാറെ ഭാഗത്ത് അണിനിരന്നിരുന്ന പട്ടാളത്തിൻെറ നേരെ ചാടി മൂന്ന് പേരെ വെട്ടിക്കൊന്നതിന് ശേഷം പിടികൊടുക്കാതെ രക്ഷപ്പെട്ടു. ഈ തക്കത്തിൽ പള്ളിയുടെ വടക്ക് ഭാഗത്തെ കാട്ടിലേക്കെടുത്ത് ചാടി പുഴ നീന്തിക്കടന്ന് കുറെ പേരും രക്ഷ പ്രാപിക്കുകയുണ്ടായി.പള്ളി ഡൈനാമിറ്റ്വെച്ച തകർക്കുമെന്ന ഭീഷണി മുഴങ്ങിയപ്പോൾ ആലിമുസലിയാരും അവശേഷിച്ചിരുന്ന 37 അനുയായികളും പട്ടാളത്തിന് കീഴടങ്ങി. പ്രസ്തുത സംഭവത്തെക്കുറിച്ചുള്ള കൂടുതൽ വിവരം അനുബന്ധമായി ചേർത്തിട്ടുള്ള ആലി മുസലിയാരുടെ ജീവചരിത്രക്കുറിപ്പിൽ ഉണ്ട്. പിന്നീട് ഖിലാഫത്ത് നേതൃത്വം വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയിലാണ് അർപ്പിതമായത്.

വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി വിപ്ലവസേനയുടെ നേതൃത്വം ഏറ്റെടുത്ത് ഖിലാഫത്ത് ഭരണം ആരംഭിച്ച കാലത്ത് തന്നെ കേരളത്തിന് പുറത്ത് ഇവിടെ നടക്കുന്നത് വർഗ്ഗീയ കലാപമാണെന്ന ദുഷ്പ്രചാരണം നിലനിന്നിരുന്നു. ഇത് അദ്ദേഹത്തെ ഏറെ വേദനിപ്പിച്ച കാര്യമാണ്. ഇംഗ്ലീഷ് വിരോധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള പാരമ്പര്യമാണ് കുഞ്ഞഹമ്മദ് ഹാജിയുടെ കുടുംബത്തിന് പറയാനുള്ളത്. അദ്ദേഹത്തെ പിതാവിനോടൊപ്പം 1894ലെ കലാപത്തിൽ പങ്കെടുത്തതിൻെറ പേരിൽ നാടുകടത്തിയിരുന്നു. അദ്ദേഹം മടങ്ങിയെത്തിയിട്ട് അധികകാലമായിരുന്നില്ല. നയതന്ത്രപടുവും ധീരനുമായ അദ്ദേഹം ഹിന്ദുവും മുസൽമാനും ഒന്നിച്ചണിനിരന്ന് ഇംഗ്ലീഷ്കാരെ തുരത്തണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് തൻെറ ഖിലാഫത്ത് ഭരണം ആരംഭിക്കുന്നത്. എന്നാൽ തനിക്കും തൻെറ പ്രസ്ഥാനത്തിനും എതിരായി തല്പരകക്ഷികൾ നടത്തുന്ന അപവാദപ്രചാരണം അദ്ദേഹത്തെ വ്യാകുലനാക്കി. കാര്യത്തിൻെറ സത്യാവസ്ഥ മനസ്സിലാക്കുവാനായി അദ്ദേഹം അക്കാലത്ത് "ഹിന്ദു" പത്രത്തിൽ ഒരു പ്രസ്താവന നടത്തിയിരുന്നു. അതിപ്രകാരമാണ്.

"ബഹുമാനപ്പെട്ട പത്രാധിപർക്ക്,

ഈ കത്ത് താങ്കളുടെ പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മലബാറിൽ ഹിന്ദു-മുസ്ലിം ഐക്യം തീരെ നശിച്ചതായിട്ടാണ് പത്രങ്ങൾ വിവരിക്കുന്നത്. എൻെറ ആൾക്കാർ ഹിന്ദുക്കളെ നിർബ്ബന്ധിച്ച് മതപരിവർത്തനത്തിന് വിധേയരാക്കുന്നു എന്ന റിപ്പോർട്ട് അസത്യമാണ്. പോലീസ് ചാരൻമാർ സാധാരണ ജനങ്ങളുടെ ഇടയിൽ ഇത്തരം ഹീനകൃത്യങ്ങൾ നടത്തി എനിക്ക് ചീത്തപ്പേരുണ്ടാക്കാൻ ശ്രമിക്കുകയാണ് എന്നതാണ് വാസ്തവം. ഗവർമ്മേണ്ടിനെ സഹായിക്കുന്ന ചില ഹിന്ദുക്കളെ എൻെറ ആൾക്കാർ ഉപദ്രവിച്ചിരിക്കാം. നിലമ്പൂർ 6-ാം തമ്പുരാനും നിങ്ങളുടെ പത്രത്തിൽ പറഞ്ഞ നമ്പൂതിരിയുമാണ് ഈ കലാപത്തിൻെറ തുടക്കത്തിന് കാരണക്കാർ. അവർക്ക് കുറച്ച് ഉപദ്രവങ്ങൾ സഹിക്കേണ്ടിവന്നു എന്നത് അത്ഭുതമല്ലോ. പാവപ്പെട്ട ഹിന്ദുക്കളെ പട്ടാളക്കമാണ്ടർ വീട്ടിൽ നിന്നും ആട്ടിപ്പായിച്ച് പട്ടാളക്യാമ്പിലേക്ക് അയക്കുകയാണ്. നിർദ്ദോഷികളായ സ്ത്രീകളെയും കുട്ടികളേയും യുദ്ധസ്ഥലങ്ങളിൽ നിന്നും വിട്ടു നിൽക്കാനും അവർ സമ്മതിക്കുന്നില്ല.

ഹിന്ദുക്കളെ നിർബന്ധിച്ച് പട്ടാളപ്രവർത്തനത്തിൽ ചേർക്കുകയാണ്. അതിൽ നിന്നും ഒഴിയാനായി വളരെ ഹിന്ദുക്കൾ എൻെറ ഈ കുന്നിൽ വന്ന് അഭയം പ്രാപിച്ചിരിക്കുകയാണ്. വളരെ മാപ്പിളമാരും ഇവിടെ വന്നിട്ടുണ്ട്. നിർദ്ദോഷികളായ മനുഷ്യരെ ദ്രോഹിക്കുക എന്നതിൽ കവിഞ്ഞ് മറ്റൊന്നും ചെയ്യാൻ ഗവർമ്മേണ്ടിനിതു വരെ കഴിഞ്ഞിട്ടില്ല. നാലഞ്ചു മാസമായി അവർ മലബാറിലെ ജനങ്ങളെ വേട്ടയാടുകയാണ്. ഇക്കാര്യം ലോകത്തിലുള്ള എല്ലാവരും അറിയട്ടെ. മഹാത്മാ ഗാന്ധി അറിയട്ടെ. മൗലാന അറിയട്ടെ.

ഈ കത്ത് പ്രസിദ്ധം ചെയ്തില്ലെങ്കിൽ അതിനുള്ള വിശദീകരണം നിങ്ങളോട് ഞാൻ ചോദിക്കുന്നതാണ്.

വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി"[88].

യാതൊരു ആക്ഷേപത്തിനും ഇട കൊടുക്കാത്ത വിധമാണ് നീതിന്യായം അദ്ദേഹം നടത്തിയിരുന്നത്. അനുയായികൾ ആരു തന്നെയായാലും കൊള്ളയോ, അതിക്രമങ്ങളൊ നടത്തിയിട്ടുണ്ടെങ്കിൽ അവർക്ക് തക്കതായ പരിഹാരം കണ്ടിരുന്നു. ആഗസ്റ്റ് 22-ാം തിയ്യതി മഞ്ചേരി സബ്ട്രഷറിയും നമ്പൂതിരി ബാങ്കും കൊള്ള ചെയ്തിരുന്നുവല്ലോ.89. ഇത് കഴിഞ്ഞ് ആഗസ്റ്റ് 24-ാം തിയ്യതിയാണ് കുഞ്ഞഹമ്മദ് ഹാജി ഖിലാഫത്ത് ഗവർമ്മേണ്ടിന്റെ നേതൃത്വം ഏറ്റെടുക്കുന്നത്. അദ്ദേഹം ആദ്യം ചെയ്ത പ്രവൃത്തി കൊള്ളയടിച്ച ബാങ്കിലെ കണക്കുകൾ പരിശോധിച്ച് പണ്ടങ്ങൾ പണയം വെച്ചിരുന്നവർക്ക് അവ, തിരിച്ച് നൽകാൻ ഏർപ്പാടുണ്ടാക്കിയതാണ്. എന്നാൽ എല്ലാ സ്ഥലങ്ങളിലും റജിസ്റ്റർ കച്ചേരികൾ നശിപ്പിക്കുക ലഹളക്കാരുടെ പ്രധാന പണിയായിരുന്നു. ഭൂമികളുടെ ആധാരങ്ങളുടെ സൂക്ഷിപ്പ് കേന്ദ്രങ്ങളെന്ന നിലയിൽ അവ നശിപ്പിക്കേണ്ടതാവശ്യമായിരുന്നു. നിരവധി താലൂക്ക് ആഫീസുകൾ തകർക്കുകയും ചെയ്തു. ലഹളയുടെ വിശദാംശങ്ങൾ ഏറെക്കുറെ ഈ അദ്ധ്യായത്തിന് അനുബന്ധമായി ചേർത്തിട്ടുള്ള ജീവചരിത്രക്കുറിപ്പുകളിൽ ഉള്ളതുകൊണ്ട് അതിവിടെ ആവർത്തിക്കുന്നില്ല.

ലഹളയുടെ ആരംഭത്തിൽ ഈ പ്രസ്ഥാനത്തിന് എല്ലാ വിഭാഗം ജനങ്ങളുടേയും പിന്തുണ ഉണ്ടായിരുന്നുവെന്ന് ഇത് സംബന്ധിച്ച് എഴുതിയവരൊക്കെ സമ്മതിക്കുന്നുണ്ട്. എന്നാൽ പട്ടാളം കൂടുതൽ വരികയും തുറന്ന പല സംഘട്ടനങ്ങളിലും കലാപകാരികൾക്ക് കനത്ത ആളപായം സംഭവിക്കുകയും ചെയ്തതോട് കൂടി മഹത്തായ ഈ വിപ്ലവം ചോരയിൽ മുങ്ങി നശിക്കുവാൻ പോകുകയാണെന്ന ബോധം പരക്കെയുണ്ടായി. അതിന്റെ ഫലമായി പലരും കൂറ് മാറി. പട്ടാളക്കാർ ഇതിനെ പ്രോത്സാഹിപ്പിക്കുകും ചെയ്തിരുന്നു. തുറന്ന യുദ്ധങ്ങളിൽ തങ്ങൾക്ക് പിടിച്ചു നിൽക്കാൻ പറ്റുകയില്ലെന്ന് മനസ്സിലാക്കിയ വിപ്ലവസേന ഒളിപ്പോരാണ് പിന്നീട് നടത്തിയത്. ധാരാളം പട്ടാളക്കാരെ അവർ വകവരുത്തി. തങ്ങളോടൊപ്പം ഉണ്ടായിരുന്നവരും പല രഹസ്യസങ്കേതങ്ങളും മനസ്സിലാക്കിയിരുന്നവരും പട്ടാളക്കാരുടെ ഒറ്റുകാരായി മാറിയപ്പോൾ അവരെ നിഷ്കരുണം കൊല ചെയ്യുവാനും വിപ്ലവകാരികൾ മടിച്ചില്ല. ഈ പ്രവർത്തനത്തിൽ മരണമടഞ്ഞവർ അധികവും ഹിന്ദുക്കളായിരുന്നു. കാരണം ഹിന്ദുക്കളെ പട്ടാളക്കാർ നിർബ്ബന്ധമായി കൂട്ടിക്കൊണ്ടുപോയി കലാപകാരികളുടെ ഒളിസങ്കേതങ്ങൾ കാണിച്ചു കൊടുക്കുവാൻ നിർബ്ബന്ധിച്ചിരുന്നു. മനസ്സില്ലാ മനസ്സോടു കൂടിയായിരുന്നുവെങ്കിലും അവർക്ക് ആ പ്രവൃത്തി ചെയ്യേണ്ടതായി വന്നു. പട്ടാള നിർദ്ദേശമനുസരിച്ച് പ്രവർത്തിച്ചില്ലെങ്കിൽ അവർ കൊല്ലുമായിരുന്നു. അത് കഴിഞ്ഞാൽ ലഹളക്കാർ പ്രതികാരം നടത്തും. ഇങ്ങനെ നടന്ന കൊലകളേയും അതിക്രമങ്ങളേയും പൊക്കിപ്പിടിച്ചു കൊണ്ടാണ് ഈ ലഹള വർഗ്ഗീയമായിരുന്നു എന്ന് പറയുന്നത്. ഇംഗ്ലീഷുകാരുടെ വിദഗ്ദ്ധഹസ്തം കാര്യമായി പ്രവർത്തിച്ചതിന്റെ പരിണിതഫലമായിരുന്നു അത്. ഇത്സംഭവിക്കുന്നതാകട്ടെ ലഹളയുടെ ആദ്യഘട്ടം കഴിഞ്ഞ് കാട്ടിലും മലയിടുക്കുകളിലും വിപ്ലവകാരികൾ ഒളിപ്പോര് സംഘടിപ്പിക്കുന്ന അവസരത്തിലുമായിരുന്നു. അതുപോലെ ജൻമികളുടെ വീടുകളിൽ ചെന്ന് തങ്ങൾക്കാവശ്യമായ നെല്ലും പണവും നാളികേരവും നിർബ്ബന്ധിച്ച് വാങ്ങിപ്പോരികയും സാധാരണയുമായി. പല ജൻമിമാരും ഇത്തരം പ്രയാസങ്ങൾ അനുഭവിച്ചവരാണ്. ഇവയും മതധ്വംസനങ്ങളായിട്ടാണ് തല്പരകക്ഷികൾ വ്യവഹരിക്കുക പതിവ്. ഒരു കാര്യം തീർച്ച. ഇത്രയധികം മനുഷ്യർ ഒന്നിച്ചു മരിച്ച ഒറ്റസംഭവവും ഇന്ത്യയിൽ അതിന് മുമ്പും പിമ്പും ഉണ്ടായിട്ടില്ല. ഇത്രയും ജനങ്ങൾ മരണപ്പെട്ട കാര്യത്തിൽ പോലും നമ്മുടെ സാമൂഹ്യചേതന നിശ്ചലമായിട്ടാണ് കാണുന്നത്. മനുഷ്യത്വത്തിന്റെ മനസ്സാക്ഷിക്ക് ധാർമ്മിക രോഷം പോലും ഉണ്ടാകാത്തതാണ് അത്ഭുതം. ഗവൺമെന്റ് കണക്ക് പ്രകാരം തന്നെ പതിനായിരത്തിൽപരം ജനങ്ങൾ മരണമടഞ്ഞിട്ടുണ്ട്.90. ഇതിന് പുറമെ 50,000ത്തിൽ കൂടുതൽ പേർ അറസ്റ്റ് ചെയ്യപ്പെട്ടു. 20,000ത്തിൽപരം ആളുകളെ നാടുകടത്തി. പതിനായിരത്തിലേറെ ആളുകളെ കാണാതെയുമായി. തെക്കേ മലബാറിലെ മാപ്പിളമാരിൽ അഞ്ചിലൊരു ഭാഗം കൊല ചെയ്യപ്പെട്ടിരുന്നു. നിരാധാരരായ കുട്ടികളേയും സ്ത്രീകളേയും ഒന്നിച്ച് വീട്ടിലടച്ച് കയറ്റി മണ്ണെണ്ണ ഒഴിച്ച് തീകൊളുത്തി ചാമ്പലാക്കിയതിന്റെ എത്രയോ കണക്കുകൾ ഇന്ന് നമുക്ക് ലഭ്യമാണ്. ലോകത്തൊരിടത്തും അത്വരെ നടന്നിട്ടില്ലാത്ത കാട്ടാളരീതി ആയിരുന്നു മലബാറിൽ നിലനിന്നത്. അവർ അനുഭവിച്ച യാതനകളും പ്രയാസങ്ങളും മനസ്സിലാക്കുവാനോ അത്തരം സംഭവങ്ങൾ നടന്നതായി വിശ്വസിക്കുവാനോ ഇന്നുള്ളവർ തയ്യാറുമല്ല. അക്കാലത്ത് നടന്ന നരഹത്യകളേയും ജയിൽദുരിതങ്ങളേയുംക്കുറിച്ച് കുറെ കാര്യങ്ങൾ ഇ. മൊയ്തു മൗലവി 'എന്റെ കൂട്ടുകാരൻ', 'മൗലവിയുടെ ആത്മകഥ', 'ചരിത്രചിന്തകൾ' തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെയും മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് തന്റെ 'ഖിലാഫത്ത് സ്മരണകൾ' തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലൂടെയും വിശദീകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ജയിലിൽ കുത്തി നിറച്ചിരുന്ന ആയിരക്കണക്കിന് ജനങ്ങളോട് കാണിച്ചിരുന്ന ക്രൂരവും രാക്ഷസീയവും ആയ പ്രവൃത്തികളും കുറെയൊക്കെ അവർ വിവരിച്ചിട്ടുണ്ട്. കലാപകാരികൾ നിരവധിയായിരുന്നു. ജയിലിൽ നിന്ന് ദിവസം തോറും ലോറിക്കണക്കിനായിരുന്നു ജഡങ്ങൾ കൊണ്ടുപോയിരുന്നത്. 1921 നവംബർ 20-ാം തിയ്യതി നടന്ന കുപ്രസിദ്ധമായ വാഗൺ ട്രാജഡി ദുരന്തം മനുഷ്യമനസ്സാക്ഷിയെ വിറങ്ങലിപ്പിച്ച ഹീനകൃത്യമായിരുന്നുവല്ലോ. സാമാനവണ്ടിയുടെ വാഗണിൽ നൂറ് തടവുകാരെ കുത്തിനിറച്ച് ശ്വാസം മുട്ടിച്ച്/കൊന്ന ബ്രിട്ടീഷ് ഭരണാധികാരികൾ പിശാചുകളെക്കാൾ പൈശാചികത്വമാണ് കാണിച്ചത്. ഈ മരിച്ചവരത്രയും എന്തിനു വേണ്ടിയാകട്ടെ, മനുഷ്യർ തന്നെയായിരുന്നുവെന്ന ബോധമെങ്കിലും നമുക്കുണ്ടാകേണ്ടതായിട്ടിരിക്കുന്നു. മാനുഷികമായ അത്തരം സമീപനത്തിന് തയ്യറാകണമെന്ന് വിവേകികളുടെ ഒരു ചെറിയ സമൂഹമെങ്കിലും എക്കാലവും ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഒരു വർഷത്തോളം മലബാറിൽ ഇംഗ്ലീഷ്ഭരണം തുത്തെറിയപ്പെട്ട സംഭവമായിരുന്നു ഇതെന്ന കാര്യവും കൂടി നാം

ഓർക്കേണ്ടതുണ്ട്. പതിനായിരക്കണക്കിന് ജനങ്ങൾ ഇംഗ്ലീഷ് പട്ടാളവുമായി തുറന്ന സംഘട്ടനത്തിൽ മരിച്ചു എന്നത് പരമാർത്ഥമായിരിക്കുമ്പോൾ സുദീർഘമായ ആ സംഘട്ടനത്തിനിടയ്ക്ക് സംഭവിച്ച ഒറ്റപ്പെട്ട നമുക്ക് പറ്റാത്ത ഏതെങ്കിലും ഒന്നോ രണ്ടോ കാര്യങ്ങൾ പെറുക്കിയെടുത്ത് അക്കാരണത്താൽ ആത്മാഹുതി ചെയ്യപ്പെട്ട അജ്ഞാതരായ ഈ മനുഷ്യാത്മാക്കളോട് നാം പകവെച്ച് പുലർത്തുകയും അവരെ അപലപിക്കുകയും ചെയ്യുന്നത് കടുത്തപാതകമാണ്. നമ്മോടും നമ്മുടെ തലമുറയോടും ചെയ്യുന്ന വലിയ വഞ്ചനയാണത്. ജീവൻമരണ പോരാട്ടത്തിൽ മുഴുകിക്കഴിയുന്ന വിപ്ലവകാരികൾക്ക് മതപരിവർത്തനത്തിനോ ഹൈന്ദവ പീഢനത്തിനോ സമയം എവിടെ ലഭിച്ചിരിക്കുവാനാണ്. ഇതൊരു വർഗ്ഗീയ കലാപമായിരുന്നുവെന്ന് ഇന്നും ചില ആളുകൾ വിശ്വസിച്ചു പോരുന്നുണ്ടല്ലോ. അക്കാലത്ത് സ്പെഷൽ കോടതി മുമ്പാകെ ഒരു കേസിൽ തെളിവു കൊടുത്ത അവസരത്തിൽ ലഹളയുടെ കാരണങ്ങളെ സംബന്ധിച്ച് കെ. മാധവൻനായർ ഇപ്രകാരം മൊഴി കൊടുത്തതായി ബാരിസ്റ്റർ എ.കെ. പിള്ള രേഖപ്പെടുത്തുന്നു.

1. ഒറ്റപ്പാലത്ത് വെച്ച് സമാധാനപരമായി കഴിഞ്ഞിരുന്ന ഖിലാഫത്ത് പ്രവർത്തകരെ പോലീസ് അകാരണമായി മർദ്ദിച്ചത്.

2. തിരൂരങ്ങാടിയിലെ ഖിലാഫത്ത് പ്രവർത്തകരെ അന്യായമായി പോലീസ് അറസ്റ്റ് ചെയ്യുവാൻ ശ്രമിച്ചതും ഓടിക്കൂടിയ നിരായുധരായ ജനങ്ങളെ വേട്ടയാടിയതും.

3. തിരൂരങ്ങാടിയിലെ ഖിലാഫത്ത് പ്രവർത്തകരെ മുൻകൂട്ടി ആസൂത്രണം ചെയ്ത പദ്ധതി പ്രകാരം ആക്ഷേപിക്കുകയും അവരുടെ തൊപ്പികൾ ഊരിച്ച് നിലത്തിട്ട് പോലീസുകാർ ചവിട്ടി മെതിക്കുകയും ചെയ്തത്.

4. മലപ്പുറത്ത് അവിടത്തെ ഖിലാഫത്ത് കമ്മിറ്റിയിൽപെട്ട ചിലരെ ഒരു പോലീസുദ്യോഗസ്ഥൻ അടികലശൽ നടത്തിയത്.

5. മലപ്പുറത്തെ കുഞ്ഞിതങ്ങളെ പോലീസുകാർ ഒറ്റപ്പാലത്ത് വെച്ച് അപമാനിച്ചത്.

6. കല്പകഞ്ചേരിയിലെ പ്രമാണികളായ കുറെ മാപ്പിളമാരെ അകാരണമായി പോലീസ് മർദ്ദിച്ചത്.

7. തിരൂരങ്ങാടിയിലെ ഖിലാഫത്ത് ഓഫീസിൽ കെട്ടിയിരുന്ന ഖിലാഫത്ത് കൊടി പോലീസുകാർ വലിച്ച് താഴത്തിട്ട് ചവിട്ടിയത്.

8. പൊന്നാനിയിലും തിരൂരങ്ങാടിയിലും അവിടത്തെ ഖിലാഫത്ത് വിരോധികളുടെ താൽപര്യപ്രകാരം പല ഖിലാഫത്ത് പ്രവർത്തകൻമാരുടേയും പേരിൽ കള്ളക്കേസുകൾ കെട്ടിച്ചമച്ചത്.

9. നിലമ്പൂർ കോവിലകത്ത് നിന്നും ഒരു തോക്ക് മോഷ്ടിച്ചു എന്ന കള്ളക്കേസുണ്ടാക്കി അവിടത്തെ ഖിലാഫത്ത് സെക്രട്ടറിയായ വടക്കവീട്ടിൽ മമ്മൂദുവിൻെറ വീട് പരിശോധിക്കുവാൻ ഒരുമ്പെട്ടത്.

10. തങ്ങളുടെ സമുദായത്തേയും മതത്തേയും നശിപ്പിക്കുവാനുള്ള ബോധപൂർവ്വമായ നീക്കമായിട്ടാണ് സ്ഥലത്തേയും പരിസരങ്ങളിലേയും മുസൽമാൻമാർ ഈ പ്രവൃത്തികളേയെല്ലാം കരുതിപ്പോന്നത്.91.

ഈ പറയുന്ന കാരണങ്ങളിൽ എവിടേയാണ് ഹൈന്ദവ വിരോധവും ഇസ്ലാമിക മതഭ്രാന്തും? മലബാറിലെ കളക്ടറായിരുന്ന എഫ്.ബി. ഇവാൻസ് ആലി മുസലിയാർ കേസ് വിധി പറയുന്ന കൂട്ടത്തിൽ ഇപ്രകാരം രേഖപ്പടുത്തിയിട്ടുണ്ട്. "ഇത് മതഭ്രാന്തോ, കാർഷിക കലാപമോ ആയിരുന്നില്ല. അതുമല്ലെങ്കിൽ ആലി മുസലിയാരുടേയും കൂട്ടരുടേയും നിരാശാബോധത്തിൽ നിന്നും ഉൽഭൂതവുമല്ല. തെളിവുകൾ സംശയാതീതമായി വ്യക്തമാക്കുന്നത് ഖിലാഫത്ത്-നിസ്സഹകരണ പ്രസ്ഥാനങ്ങളായിരുന്നു ഈ കുറ്റങ്ങൾ ചെയ്യുവാൻ ഇവരെ പ്രേരിപ്പിച്ചതെന്നാണ്."92. കോടതിയിൽ ഹാജരാക്കപ്പെട്ട രേഖകളും പ്രതികളുടെ പ്രസ്താവനകളും ഒക്കെ തെളിയിക്കുന്നത് ഇവാൻസിൻെറ നിഗമനം ഏറെ ശരിയാണെന്ന് തന്നെയാണ്. മലബാറിലെ മാപ്പിളകർഷകർ ജൻമികൾക്കും അവരെ പരിപാലിച്ചു നിർത്തുന്ന സർക്കാരിനുമെതിരായി നിരന്തര സമരങ്ങൾ നടത്തിയിരുന്നതിൻെറ ഏകദേശ വിവരണം നാം മുൻ അദ്ധ്യായത്തിൽ നൽകിയിട്ടുണ്ട്. മനസ്സിൽ കനത്ത് കൂടിക്കിടന്നിരുന്ന അവരുടെ ജൻമിവിരോധത്തിന് പ്രതികാരം ചെയ്യുവാനുള്ള അവസരം ലഭിച്ചതായിരുന്നു അഭൂതപൂർവ്വമായ രാഷ്ട്രീയ ഉൽബുദ്ധത. ഖിലാഫത്ത്നിസ്സഹകരണ പ്രസ്ഥാനങ്ങൾ മാപ്പിളകർഷകരുടെ ജൻമി വിരോധത്തിന് രാഷ്ട്രീയപശ്ചാത്തലം ഒരുക്കിക്കൊടുത്തു എന്നതാണ് സത്യം. രാഷ്ട്രീയമായ ഈ മുന്നേറ്റത്തെ സർവ്വാത്മനാ സഹായിക്കേണ്ടത് തങ്ങളുടെ കർത്തവ്യമാണെന്ന് അനാദി കാലമായി ജൻമികളുടെ ദ്രോഹം സഹിച്ച് പൊറുതിമുട്ടിയ കർഷകരും വിചാരിച്ചു. അതാണ് 1921ലെ മലബാർ കലാപം ഇത്രമാത്രം ഒരു വലിയ ജനകീയ പ്രസ്ഥാനമായി മാറിയത്. മാപ്പിളകർഷകരായിരുന്നു കലാപത്തിലെ പ്രധാന പങ്കാളികൾ. എന്നാൽ ഇത് തുടങ്ങുവാൻ കാരണം ഖിലാഫത്ത്-നിസ്സഹകരണ പ്രസ്ഥാനങ്ങൾ ഉദിരണം ചെയ്ത രാഷ്ട്രീയ ഉൽബുദ്ധതയും അത് ഭയപ്പെട്ട് അധികാരികൾ നടത്തിയ ക്രൂരമായ പോലീസ് തേർവാഴ്ചയുമായിരുന്നു എന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല. വിപ്ലവസേനയുടെ നേതാക്കൻമാരെല്ലാവരും തന്നെ ഖിലാഫത്ത് കോൺഗ്രസ്സ് നേതാക്കൻമാരായിരുന്നു. ആലി മുസലിയാർ തിരൂരങ്ങാടികമ്മിറ്റിയുടെ സെക്രട്ടറി ആയിരുന്നപ്പോൾ താണൂരിലെ സെക്രട്ടി കുഞ്ഞിക്കാദറായിരുന്നു. ലഹള തലവൻമാരിൽ പ്രധാനികളായ കുഞ്ഞിക്കോയ തങ്ങൾ മലപ്പുറം കമ്മിറ്റി സെക്രട്ടറിയും വടക്കവീട്ടിൽ മമ്മൂദ് പൂക്കോട്ടൂർ സെക്രട്ടറിയുമായിരുന്നു. വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി നെല്ലിക്കുത്തിലെ ഖിലാഫത്ത് നേതാവായിരുന്നു. ചെമ്പ്രശ്ശേരി കുഞ്ഞിക്കോയ തങ്ങളായിരുന്നു താണൂർ കമ്മിറ്റിയുടെ പ്രസിഡൻറ്.93. ഇവരത്രയും ലഹളക്ക് നേതൃത്വം കൊടുത്തവരാണ്. ലഹളയുടെ ഉദ്ദേശ്യം ഖിലാഫത്ത് രാജ് സ്ഥാപിക്കുക

എന്നതായിരുന്നുവെന്ന് ഇവാൻസ് തുടർന്നെഴുതുന്നുണ്ട്.94. ലഹളത്തലവൻമാരെല്ലാവരും തന്നെ ഏകദേശം ഒരേ രൂപത്തിലാണ് ലഹളയുടെ ഉദ്ദേശ്യത്തെക്കുറിച്ച് പറഞ്ഞിരുന്നത്. കോടതികളിൽ ഇവർക്കെതിരെ ആരോപിക്കപ്പെട്ടിരുന്നത്, 'ബ്രിട്ടീഷ് രാജ് അവസാനിച്ചു. ഞങ്ങൾ ഖിലാഫത്ത് ജനതയാണ്. ഞങ്ങൾക്ക് പണവും സഹായവും വേണം.' ഇതിനുപുറമെ ഇവർ എല്ലാവരും ഖാദി വസ്ത്രങ്ങൾ ധരിച്ചിരുന്നവരും ഖിലാഫത്ത് തൊപ്പിയും ബാഡ്ജും അണിഞ്ഞിരുന്നവരുമാണ്. ആലി മുസലിയാർ കേസിലും പ്രധാനമായ ചാർജ്ജ് അദ്ദേഹം ഖിലാഫത്ത് രാജാവായി പ്രഖ്യാപിച്ചു എന്നതും യാതൊരാളും ഇംഗ്ലീഷ് ഗവൺമെൻറിന് നികുതിയോ, പണമോ നൽകരുതെന്ന് കൽപിക്കുകയും ചെയ്തിരുന്നു എന്നതാണ്. എല്ലാ സർക്കാരാഫീസുകളും സ്വത്തും ഇനിമേലാൽ ജനങ്ങളുടേതാണെന്നും കരം പിരിക്കുക ഖിലാഫത്ത് ഗവൺമെൻറ് ആയിരിക്കുമെന്നും അദ്ദേഹം പ്രഖ്യാപിക്കുകയും ചെയ്തിരുന്നുവത്രെ.96.

ലഹളയിലെ പ്രധാനപങ്കാളികൾ മാപ്പിളമാരായിരുന്നു എന്നത് പരമാർത്ഥമാണെങ്കിൽ കൂടിയും ദേശബോധമുണ്ടായിരുന്ന നിരവധി ഹിന്ദുക്കളും ലഹളയിൽ സജീവമായി പങ്കെടുത്തതായി തെളിവുകളുണ്ട്. ഇംഗ്ലീഷുകാർ ഇതൊരു വർഗ്ഗീയകലാപമായി താറടിച്ചു തടിതപ്പാൻ ശ്രമിച്ചെങ്കിലും, വള്ളുവനാട്, മണ്ണാർക്കാട്, പെരിന്തൽമണ്ണ, പൊന്നാനി തുടങ്ങിയ സ്ഥലങ്ങളിൽ വിപ്ലവകാരികളോട് ഒത്തുചേർന്ന് പ്രവർത്തിച്ചിരുന്ന നായൻമാരും നമ്പൂതിരിമാരും ഈഴവരും ഉണ്ടായിരുന്ന സത്യം സമ്മതിക്കേണ്ടതായി വന്നിട്ടുണ്ട്. പെരിന്തൽമണ്ണ, മണ്ണാർക്കാട് ഭാഗങ്ങളിൽ സർക്കാരാഫീസുകൾ നശിപ്പിച്ച് കൊള്ള ചെയ്തവരുടെ കൂട്ടത്തിൽ ധാരാളം ഹിന്ദുക്കളും ഉണ്ടായിരുന്നതായി രേഖകൾ ഉണ്ട്.97. എല്ലാ സ്ഥലത്തും മുഴങ്ങിക്കേട്ടിരുന്ന ശബ്ദം, 'ഇംഗ്ലീഷ്ഭരണം അവസാനിച്ചു. ഖിലാഫത്ത് ഭരണം തുടങ്ങിക്കഴിഞ്ഞു ആയുധങ്ങളും പണവും നൽകി സഹായിക്കുക.' എന്നതായിരുന്നു. മഹാത്മാഗാന്ധിയും ഷൗക്കത്തലിക്കും ജയ് വിളിക്കുകയും കലാപകാരികളുടെ പതിവായിരുന്നു.98. ഒരിക്കലും വിപ്ലവകാരികൾ ഹൈന്ദവവിരോധികളായിരുന്നില്ലെന്നും നിരവധി സന്ദർഭങ്ങളിൽ ഹിന്ദുക്കളെ സംരക്ഷിച്ചിട്ടുള്ളതിൻെറ ധാരാളം തെളിവുകൾ ഉണ്ടെന്നും സമകാലികരും ദൃക്സാക്ഷികളും അനുഭവസ്ഥരുമായ കെ.പി. കേശവ മേനോൻ, ഇ. മൊയ്തു മൗലവി തുടങ്ങിയവർ അവരുടെ പുസ്തകങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതാണ്. അതിവിടെ ആവർത്തിക്കുന്നില്ല. മേലുദ്ധരിച്ച രേഖകളോടൊപ്പം ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാരുടെ റിപ്പോർട്ടുകളും എഴുത്തുകുത്തുകളും ലഹളയെ സംബന്ധിച്ച മറ്റു പ്രമാണങ്ങളും ഒന്നിച്ച് വെച്ച് നിഷ്പക്ഷമായ പഠനത്തിന് ഒരുമ്പെടുന്നവർക്ക് എത്തിച്ചേരാൻ കഴിയുന്ന നിഗമനം 1921-22ലെ മലബാർ വിപ്ലവം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൻെറ അവിഭാജ്യഘടകമായിരുന്നുവെന്നാണ്. അതുകൊണ്ടാണ് സൗമ്യേന്ദ്രനാഥ ടാഗോർ 1937ൽ, പ്രസിദ്ധീകരിച്ച തൻെറ 'മലബാറിലെ കാർഷികകലാപം - 1921' എന്ന ഗ്രന്ഥത്തിൻെറ ആമുഖത്തിൽ ഇപ്രകാരം എഴുതിയിട്ടുള്ളത്, "ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായി ഈ നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിലുണ്ടായ ഏറ്റവും വലിയ സാമൂഹിക കലാപമാണ് ഇന്ത്യയെ സംബന്ധിച്ച് 1921ൽ മലബാറിലെ കർഷകരുടെ കലാപം സൃഷ്ടിച്ചിട്ടുള്ളത്."99. ഏത് ബഹുജനപ്രക്ഷോഭണവും ദീർഘകാലം കൊണ്ട് ചെയ്യരുതാത്ത ചില പ്രവർത്തികളിലൊക്കെ കൂട്ട് ചേരേണ്ടതായി വരും. ഇവിടെ ലഹളക്കാർക്ക് ഹൈന്ദവസഹോദരങ്ങളിൽ പലരെയും കൊല്ലേണ്ടതായും ഉപദ്രവിക്കേണ്ടതായും വന്ന് കൂടി. ഒരു ജീവൻമരണ സമരത്തിൽ തങ്ങളുടെ പക്ഷത്തല്ലാത്തവരെ ശത്രുക്കളായി ഗണിക്കുന്നത് പോലെ ലഹളക്കാർ വിപ്ലവത്തിൻെറ അവസാനഘട്ടത്തിൽ ഒറ്റുകാരായിത്തീർന്ന പലരെയും നിഷ്ഠൂരം കൊന്നൊടുക്കുകയും പ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ടെന്നത് പരമാർത്ഥമാണ്. "ഹിന്ദുക്കൾക്കെതിരായി മുസ്ലിംകൾ നടത്തിയ ഒരു വർഗ്ഗീയ കലാപമായി ചിത്രീകരിക്കുവാൻ വേണ്ടത്ര പ്രയത്നിച്ചു എന്നിരുന്നാലും ഒരൊറ്റ ഹിന്ദുവും ഹിന്ദുവായിരുന്നത് കൊണ്ട് കൊല്ലപ്പെട്ടതല്ലെന്നും അവർ കൊല്ലപ്പെട്ടത് ഭൂവുടമകളായത് കൊണ്ടോ, അതല്ലെങ്കിൽ ഗവൺമെൻറിനെ പിൻതാങ്ങിയത് കൊണ്ടോ മാത്രമാണെന്നും ഉള്ള വസ്തുത ആർക്കും നിഷേധിക്കുവാനാകുകയില്ല," എന്നാണ് സൗമ്യേന്ദ്രനാഥ ടാഗോർ എഴുതിയിട്ടുള്ളത്.100. തുടർന്ന് അദ്ദേഹം പറയുന്നത് കൂടി ശ്രദ്ധിക്കുക. "ഒരു കാരണത്താലും മാപ്പിള കലാപകാരികൾ ഹിന്ദുവിരോധികളായരുന്നില്ല. അവർ കഠിനമായും ബ്രിട്ടീഷ് വിരുദ്ധരും ജൻമിവിരുദ്ധരും ആയിരുന്നു. ഒളിവിലുള്ള കലാപകാരികളുടെ നീക്കങ്ങളും വിവരങ്ങളും പോലീസിന് കൊടുത്തുകൊണ്ട് ഹിന്ദുക്കൾ ഗവൺമെൻറിനെ സഹായിക്കുവാൻ മുതിർന്നപ്പോൾ മാത്രമാണ് ലഹളക്കെതിരായിരുന്ന ഹിന്ദുക്കളുടെ ഭവനങ്ങൾ കൊള്ള ചെയ്യുവാൻ തുടങ്ങിയത്."101. ഹിന്ദുക്കളോട് മാത്രമല്ല ലഹളക്കെതിരായിരുന്ന മുസ്ലിംകളോടും അവർ അനുവർത്തിച്ചിരുന്ന നയം ഇത് തന്നെയാണ്. ബ്രിട്ടീഷ്കാരെ സഹായിച്ച തളിയിൽ ഉണ്ണിമാൻകുട്ടി അധികാരിയും ഹൈഡ്രോസ് കോൺസ്റ്റബിളും ചേക്കുട്ടി ഇൻസ്പെക്ടറും ശിശുവൈദ്യനായ ഹൈഡ്രോസ് ഹാജിയും പട്ടാളക്കാർക്ക് ഇളനീരും പാലും കൊടുത്തതിന് വധിക്കപ്പെട്ടവരും മുസ്ലിംകളാണ്. ഖിലാഫത്തിനെതിരായി നോട്ടീസ് അടിച്ച പ്രസ്സ് ഉടമ ചാലിലകത്ത് ഇബ്രാഹിംകുട്ടിയുടെ വീടും കൊള്ള ചെയ്തിട്ടുണ്ട്. അതുപോലെ പട്ടാളക്കാർക്ക് ഇളനീരും മറ്റും നൽകി സൽക്കരിച്ച ജൻമി നാരായണൻനായരും തൊഴിലാളികളെ മർദ്ദിച്ചതിൻെറ പേരിൽ കൊല്ലപ്പെട്ട യൂറോപ്യൻ തോട്ടം ഉടമയായ ഈറ്റനും ആയുധങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ വിസമ്മതിച്ച കൊല്ലൻമാരും കലാപകാരിയുടെ വാളിനിരയായിട്ടുണ്ടെന്നത് വാസ്തവം തന്നെ. ഇത്തരം ഒറ്റപ്പെട്ട സംഭവങ്ങളുടെ കാര്യകാരണങ്ങൾ അന്വേഷിക്കാതെ അവ പെരുപ്പിച്ച് കാണിച്ച് ഇതൊരു സാമുദായിക സംഘട്ടനമായിരുന്നുവെന്ന് വരുത്തിത്തീർത്ത ഇംഗ്ലീഷ്ഭാഷ്യം നാം കൂസലില്ലാതെ അംഗീകരിച്ചതാണ് നമുക്ക് പറ്റിയ തെറ്റ്.

ആഗസ്റ്റ് 20-ാം തിയ്യതി തിരൂരങ്ങാടി സംഭവം നടന്ന് അധികം ദവിസം കഴിയുന്നതിന് മുമ്പ് തന്നെ പെരിന്തൽമണ്ണ,

മഞ്ചേരി, മണ്ണാർക്കാട്, മലപ്പുറം, പൂക്കോട്ടൂർ, നിലമ്പൂർ, പൊന്നാനി, പാലക്കാട്, പട്ടാമ്പി തുടങ്ങിയ സ്ഥലങ്ങളിലുള്ള സർക്കാരാഫീസുകളും ഖജനാവുകളും വിപ്ലവകാരികൾ കൈയ്യടക്കി ഖിലാഫത്ത് ഭരണം സ്ഥാപിച്ചു കഴിഞ്ഞിരുന്നു. പെരിന്തൽമണ്ണ കച്ചേരി കൈവശപ്പെടുത്തിയ ശേഷം ഖിലാഫത്ത് മജിസ്ട്രേട്ടായി നിയമിതനായിരുന്നത് ഒരു നമ്പൂതിരിയായിരുന്നു. സെപ്തംബർ 6-ാം തിയ്യതി മാത്രമാണ് പട്ടാളം ഇവിടെയെത്തുന്നത്.102. പാണ്ടിക്കാട് ഖിലാഫത്ത് ഭരണത്തിന്റെ നേതൃത്വം വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയാണ് ഏറ്റെടുത്തതെങ്കിൽ മണ്ണാർക്കാട് അത് ചെമ്പ്രശ്ശേരി തങ്ങളുടെ ചുമലിലാണ് വന്ന് വീണത്. ആഗസ്റ്റ് 22-ാം തിയ്യതി ഇവിടെ നടന്ന ലഹളയിൽ മണ്ണാർക്കാട് ഇളയനായരുടെ നേതൃത്വത്തിൽ ഒട്ടനവധി ഹിന്ദുക്കൾ പങ്കെടുത്തിരുന്നതായി ഇവാൻസ് തന്റെ കുറിപ്പിൽ പ്രസ്താവിക്കുന്നുണ്ട്.103. സീതി കോയ തങ്ങളെയാണ് ഈ പ്രദേശത്തിന്റെ ഭരണാധിപതിയായി തിരഞ്ഞെടുത്തിരുന്നത്. അട്ടപ്പാടി, പട്ടാമ്പി, പാലക്കാട് എന്നി സ്ഥലങ്ങളിൽ ഒളിപ്പോർ സേന വളരെക്കാലം പ്രവർത്തിച്ചിരുന്നു. വള്ളുവനാട്-പൊന്നാനി, താലൂക്കുകളിൽ യഥാക്രമം ഒട്ടാകെ 2,12,000ത്തിൽപരം വിപ്ലവകാരികൾ പങ്കെടുത്തതായി കണക്കാക്കപ്പെടുന്നു.104. ഒരു വർഷത്തിൽ കൂടുതൽ കാലം ഈ പ്രദേശങ്ങളിൽ വ്യവസ്ഥാപിതമായ ഭരണകൂടം നിലനിന്നിരുന്നില്ലെന്നും അദ്ദേഹം തുടർന്നെഴുതുന്നുണ്ട്.

പട്ടാളക്കാരുടെ ഭാഗത്ത് ഒട്ടാകെ 67 പേരാണ് മരിച്ചതത്രെ. 156 പേർക്ക് അപായകരമായ മുറിവുകളും പറ്റിയിരുന്നു. വിപ്ലവകാരികളുടെ ചേരിയിൽ വന്ന നഷ്ടം കണക്കുകൾ ക്കതീതമാണ്. സർക്കാർ കണക്കനുസരിച്ച് തന്നെ 12,000 പേർ മരിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുമ്പോൾ അതിന്റെ എത്രയോ ഇരട്ടിയാണ് മരിച്ചിരിക്കുകയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. നൂറുകണക്കിന് സ്ത്രീകളേയും കുട്ടികളേയും നിഷ്ക്കരുണം വെട്ടിക്കൊന്നതിന്റെയും ചുട്ടുകരിച്ചതിന്റെയയും കണക്കുകളൊന്നും ആരും ഇതിൽപെടുത്തിയിരിക്കയില്ലല്ലോ. പൂക്കോട്ടൂർ യുദ്ധത്തിൽ മാത്രം മൃതിയടഞ്ഞവരുടെ എണ്ണം 269 ആയിരുന്നു എന്നോർക്കുമ്പോൾ, അതുപോലെ അനേക യുദ്ധങ്ങൾക്ക് സാക്ഷ്യം വഹിച്ച ആ കാലയളവിൽ എത്രയെത്ര ധീരദേശാഭിമാനികളുടെ ജീവൻ അപഹരിച്ചിരിക്കണം. മരണമടഞ്ഞവരിലും ശിക്ഷിക്കപ്പെട്ടവരിലും എത്രയോ ഹിന്ദുക്കളുമുണ്ടായിരുന്നുവെന്നതാണ് നേര്. ഇൻഡ്യൻ പീനൽകോഡ് 147, 441 എന്നീ വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെട്ടവരിൽ താഴെ പറയുന്ന ഹൈന്ദവ നേതാക്കളുമുണ്ടായിരുന്നു. എടപ്പോല കുട്ടൻ പണിക്കർ, ചേനപ്ര അച്ചുപണിക്കർ, വലിയവീട്ടിൽ അച്ചുപ്പണിക്കർ, പെരുമനത്ത് ആട്ടു എന്ന് വിളിക്കുന്ന അഷ്ടമൂർത്തി നമ്പൂതിരി, വെറക്കോത്ത് ദാമോദരപ്പണിക്കർ, അച്ചുള്ള കേശവൻനായർ, വേഴപ്പിള്ളി അച്ചുകുഞ്ഞൻ എന്ന് വിളിക്കുന്ന കോരുനായർ.105. മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിയും എം.പി. നാരായണമേനോനും മറ്റു വകുപ്പുകൾ പ്രകാരം ശിക്ഷിക്കപ്പെട്ടവരായിരുന്നുവെന്നും നമുക്കറിയാം. എന്തിന് അധികം. വാഗൺ ട്രാജഡിയിൽ ശ്വാസംമുട്ടി മരിച്ച 70 പേരിൽ 4 പേർ ഹിന്ദുക്കളായിരുന്നു. വാഗണിൽ തള്ളിനിറച്ച 90 പേരിൽ 9 പേർ ഹിന്ദുക്കളായിരുന്നുവെന്ന് അന്നവിടെയുണ്ടായിരുന്ന തിരൂർസ്റ്റേഷൻമാസ്റ്റർ നൽകിയ വിവരം ആധാരമാക്കി മൊയ്തു മൗലവി എഴുതിയിട്ടുണ്ട്.106. ഇത്രയും പൈശാചികമായ സംഭവങ്ങൾ ഇൻഡ്യയുടെ ചരിത്രത്തിൽ ഒരു കാലത്തും നടന്നിരിക്കുവാനിടയില്ല. കാട്ടാളരിൽ കാപ്പിരിമാർ പോലും ലജ്ജിക്കുന്ന നികൃഷ്ടവും മനുഷ്യത്തരഹിതവുമായ കാടൻ പ്രവൃത്തികളാണ് ലഹളകളിൽ പങ്കെടുത്തിരുന്നവരോടും മാപ്പിളമാരോട് പൊതുവേയും ആംഗ്ലേയക്രൈസ്തവഭരണകൂടം അനുവർത്തിച്ചിരുന്നത്. മലബാറിലെ മാപ്പിളമാർ ഒന്നടങ്കം ഇതിന്റെ തിക്തമായ യാതനകൾ വേണ്ടോളം അനുഭവിച്ചവരാണ്.

ലഹളയുടെ ഫലമായി മാപ്പിളമാർ എല്ലാ നിലക്കും പുറകോട്ടടിക്ക് വിധേയരായി. കണ്ണീരും കഷ്ടപ്പാടുമായി കഴിയുന്ന നിരാധാരരായ അനവധി കുഞ്ഞുങ്ങളും വിധവകളും മലബാറിന്റെ ആത്മാവിൽ മായാത്ത മങ്ങലുണ്ടാക്കി. ഉണങ്ങാത്ത വ്രണമായിരുന്നു അത് രാഷ്ട്രശരീരത്തിൽ സൃഷ്ടിച്ചത്. ഇംഗ്ലീഷ്കാർ വിദഗ്ദ്ധമായി നടത്തിയ ദുഷ്പ്രചാരണത്തിന്റെ ഫലമായി ഹിന്ദു-മുസ്ലിം ബന്ധം അകൽച്ചയുടെ അദ്ധ്യായത്തിലേക്ക് കടന്നു. മലബാറിന് പുറത്തുള്ളവർ ഈ ദുഷ്പ്രചാരണത്തിൽ കുടുങ്ങി മതപരിവർത്തനവും ഹിന്ദുവിരോധവുമായിരുന്നു ലഹളയുടെ പ്രധാനലക്ഷ്യമെന്ന് ധരിച്ചുവശായി. വെള്ളക്കാരന്റെ വലിയ തോക്കുകൾക്ക് ധീരമായി മാറിടംകാട്ടി ആത്മാഹുതി ചെയ്തവരോട് നാം കാട്ടിയ നന്ദികേട്! വാഗൺ ട്രാജഡി നടത്തിയവരോടൊ, ആയിരക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയവരോടൊ, നമുക്ക് വിരോധമോ, പരാതിയോ ഇല്ല. പക മുഴുക്കെ ഇവരോട് പോരാടി, പടക്കളത്തിൽ നിന്നും പിൻതിരിഞ്ഞോടാതെ സുധീരം മരണമടഞ്ഞ മനുഷ്യാത്മക്കളോടാണ് താനും. "ഈ ലഹള പോലീസ് മർദ്ദനം ദുസ്സഹമായി തീർന്നതിൽ നിന്നും ഉത്ഭവിച്ചതാണെ"ന്ന്, ലഹളയുടെ ആരംഭം മുതൽ അതുമായി ബന്ധപ്പെട്ട കെ.പി. കേശവമേനോൻ എഴുതി.107. ലഹള ഒരിക്കലും വർഗ്ഗീയമായ ഒന്നായിരുന്നില്ലെന്നും മറിച്ച് രാഷ്ട്രീയ പ്രേരിതമായിരുന്നുവെന്നും അദ്ദേഹം തുടർന്നെഴുതുന്നുണ്ടെങ്കിലും മൊത്തത്തിൽ സമുദായ ലഹളയായവസാനിക്കുകയാണുണ്ടായതെന്നും അദ്ദേഹം പറയുന്നു. ഒരു കാര്യം തീർച്ച തന്നെ. ലഹളയിലെ മൃഗീയ ഭൂരിപക്ഷം ജനങ്ങളും മാപ്പിളമാരായിരുന്നു. അങ്ങനെ ഒരു സാമുദായിക നിറം വേണമെങ്കിൽ കൊടുക്കാം. ലഹളയുടെ കെടുതിക്ക് ഇരയായവരും ഇംഗ്ലീഷ് രോഷത്തിന് പ്രത്യേകമായി പാത്രീഭൂതരായവരും അവർ തന്നെ. ഇംഗ്ലീഷ് പക്ഷത്ത് നിന്നും എത്രതന്നെ ഇതൊരു വർഗ്ഗീയ കലാപമാണെന്ന് തെളിയിക്കുവാനുള്ള ശ്രമങ്ങൾ നടത്തിയിട്ടും അതിന്നെതിരായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള പഠനങ്ങൾ കൂടുതൽ കൂടുതൽ പുറത്ത് വന്നുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ അക്കാലത്ത് നമ്മുടെ ദേശീയ നേതൃത്വം ഈ മഹാസംഭവത്തിൽ തികഞ്ഞ അലംഭാവമാണ് കാട്ടിയത്. മലബറിലെ കോൺഗ്രസ്സ് നേതാക്കൻമാർ ഫ്യൂഡൽ-ജാതി താൽപര്യങ്ങളുടെ വക്താക്കളായി തങ്ങൾക്ക് ജയ് വിളിച്ചുകൊണ്ട് ബ്രിട്ടീഷ്കാരന്റെ ചെകുത്താൻ

ഭരണത്തെ തുരത്തെറിയാൻ പീരങ്കികൾക്ക് മുമ്പിൽ കൂസാതെ വിരിമാറു കാട്ടിയ മാപ്പിളമാരെ വഞ്ചിക്കുകയാണ് ചെയ്തത്. 1921 ഡിസംബറിൽ അഹമ്മദാബാദിൽ വെച്ച് ഹക്കീം അജ്മൽഖാൻെറ ആദ്ധ്യക്ഷതയിൽ കൂടിയ കോൺഗ്രസ്സ് സമ്മേളനം മലബാർ ലഹളയെക്കുറിച്ച് അംഗീകരിച്ച പ്രമേയം ഇപ്രകാരമായിരുന്നു. "ഈ ലഹള ഖിലാഫത്ത് പ്രസ്ഥാനം നിമിത്തമോ, നിസ്സഹകരണപ്രസ്ഥാനം നിമിത്തമോ ഉണ്ടായതല്ല. ഏതേത് കാരണങ്ങളാലാണോ, ആ ലഹള പൊട്ടി പുറപ്പെട്ടത് ആ കാരണങ്ങളും ഈ പ്രസ്ഥാനങ്ങളും തമ്മിൽ യാതൊരു ബന്ധവുമില്ല. അഹിംസാസിദ്ധാന്തം അവിടെ പ്രചരിപ്പിച്ചിരുന്നുവെങ്കിൽ, ഈ ലഹള ഉണ്ടാകുമായിരുന്നില്ല. എന്നാൽ ഡിസ്ട്രിക്ട് അധികാരികൾ ആദ്യം മുതലെ അനുവർത്തിച്ച നയവും, സ്വീകരിച്ച നടപടികളും ഈ സന്ദേശത്തിൻെറ പ്രചാരണത്തിന് പ്രതിബന്ധമായിത്തീർന്നു. ചില മാപ്പിളമാർ ഹിന്ദുക്കളെ നിർബന്ധിച്ച് മതം മാറ്റിയതും ജീവനേയും സ്വത്തുക്കളേയും നശിപ്പിച്ചതും പരിതാപകരമാണ്. യാക്കൂബ് ഹസ്സൻെറയും മറ്റു നിസ്സഹകരണവാദികളുടേയും സഹകരണം ഗവർമ്മേണ്ട് സ്വീകരിച്ചിരുന്നുവെങ്കിലും ഗാന്ധിജിയെ മലബാറിലേക്ക് പോകാൻ അനുവദിച്ചിരുന്നുവെങ്കിലും ലഹളക്ക് ആദ്യമേതന്നെ ശമനമുണ്ടാകുവാനിടയാകുമായിരുന്നു. മാപ്പിളത്തടവുകാരോട് മനുഷ്യോചിതമല്ലാത്ത വിധം പെരുമാറിയതും അവർ ശ്വാസം മുട്ടി മരിക്കുവാനിടയാക്കിയതും പരിഷ്കൃതമെന്നഭിമാനിക്കുന്ന യാതൊരു ഗവർമ്മേണ്ടിനും ഭൂഷണമല്ലെന്ന് ഈ സമ്മേളനം അഭിപ്രായപ്പെടുന്നു."108. കേരളത്തിലെ കോൺഗ്രസ്സിൻെറ ഔദ്യോഗികചരിത്രകാരനായ ബാരിസ്റ്റർ എ.കെ. പിള്ള നേതാക്കൻമാരുടെ ഈ നിസ്സംഗതയോട് ധർമ്മരോഷം കൊള്ളുന്നുണ്ട്. അദ്ദേഹം എഴുതി, "കോൺഗ്രസ്സ് നേതാക്കൻമാരിൽ പലർക്കും നൽകിയിരുന്ന നിരോധനാജ്ഞ മൂലം ലഹളസ്ഥലങ്ങളിലേക്ക് പ്രവേശനമില്ലാതെ വന്നു എന്നുള്ളത് വാസ്തവമാണ്. ലഹളസ്ഥലങ്ങളിൽ നിന്നും ഭയപ്പെട്ട് ഓടി വന്ന അനേകായിരം അഗതികൾക്ക് കോൺഗ്രസുകാരുടെ സവിശേഷമായ ഉത്സാഹത്താൽ ജീവസന്ധാരണ സൗകര്യങ്ങൾ നൽകിയെന്നുള്ളതും പരമാർത്ഥമാണ്. അക്രമം പ്രവർത്തിച്ച ലഹളക്കാരേയും, ലഹളക്കാരിലും പട്ടാളക്കാരിലും നിന്നും ഒന്നുപോലെ അക്രമങ്ങൾ സഹിക്കേണ്ടിവന്ന നിസ്സഹായരായ ജനസാമാന്യത്തേയും കോൺഗ്രസുകാർ ഒന്നുപോലെ ഉപേക്ഷിച്ച് കളഞ്ഞതിന് അവരിൽ ഏതാനും പേർക്ക് ലഭിച്ച നിരോധനാജ്ഞ മതിയായ ഒരു സമാധാനമാകുന്നില്ല. ഒരു നിരോധനാജ്ഞയെ ലംഘിക്കുവാൻ ഒരാൾക്ക് ധാർമ്മികമായ ആവശ്യവും അവകാശവും എപ്പോഴെങ്കിലും വന്നുകൂടാമെങ്കിൽ ആയത് നിശ്ചയമായും ഇതുപോലെയുള്ള അവസരങ്ങളിൽ തന്നെയാകുന്നു. തൻെറ സഹോദരങ്ങൾ തമ്മിൽ ഒരു ലഹളയുണ്ടായിയെന്ന് കേട്ടാൽ അവിടെപ്പോയി ആ ലഹളയെ ശമിപ്പിക്കുവാൻ കർത്തവ്യമുണ്ടെന്നും, താൻ പോകുന്നതായാൽ പ്രയോജനമുണ്ടാകുമെന്നും വിശ്വസിക്കുന്ന ഒരാൾക്ക് യാതൊരു നിരോധനാജ്ഞയും അലംഘ്യമായി വരുന്നതല്ല. ഡൽഹിയിൽ വെച്ച് ഏതാദൃശമായ ഒരു ഘട്ടത്തിൽ സ്വാമി ശ്രദ്ധാനന്ദ്, പട്ടാളത്തിൻെറ നിരോധനാജ്ഞ വകവെക്കാതെ, "വേണമെങ്കിൽ എന്നെ വെടിവെച്ച് കൊള്ളുക," എന്ന് പറഞ്ഞു കൊണ്ട് മുന്നോട്ടുപോയതും അതിന് വിസ്മയകരമായ ഫലം ഉണ്ടായതും ഇപ്പോൾ ചരിത്രപ്രസിദ്ധമാണല്ലോ. പക്ഷെ, അങ്ങനെ ഒരുങ്ങുവാൻ അനിതരസാധാരണമായ മനസ്സാന്നിദ്ധ്യവും ആത്മത്യാഗബുദ്ധിയും ആവശ്യമാണ്."109. നേതാക്കൻമാരുടെ ഈ നിസ്സംഗതയും അലംഭാവവുമാണ് ആയിരക്കണക്കിന് നിരപരാധികളെ കൊലക്ക് കൊടുത്തത്. പിലാത്തോസിൻെറ കൈകഴുകലിന് സമമാണ് കേരളത്തിലെയും മറ്റിടങ്ങളിലെയും കോൺഗ്രസ്സ്-ഖിലാഫത്ത് നേതാക്കൻമാർ അനുവർത്തിച്ചുവന്ന അപഹാസ്യമായ നയം.

കേട്ടുകേൾവിയുടേയും ഇംഗ്ലീഷ്കാരുടെ ഔദ്യോഗിക റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ മാത്രം മഹത്തായ ഉദ്ദേശ്യത്തോടുകൂടി 'ചെകുത്താൻെറ ഭരണ'മവസാനിപ്പിക്കുവാൻ രണ്ടും കല്പിച്ചിറങ്ങി രക്തസാക്ഷികളായ ഇവരെ ഇപ്പോഴും നാം പ്രതികൂട്ടിൽ നിർത്തുകയാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഈ വിപ്ലവത്തിൻെറ സ്വഭാവം മനസ്സിലാക്കുവാനും പ്രചാരത്തിലിരുന്ന മതംമാറ്റത്തിൻെറയും മതധ്വംസനത്തിൻെറയും നിജസ്ഥിതി അറിയുന്നതിനുമായി ടി. പ്രകാശം, ടി.വി. വെങ്കടരമണ അയ്യർ എന്നിവരെ അന്വേഷണ കമ്മിഷനായി നിയമിച്ചിരുന്നു. സമഗ്രമായ അന്വേഷണത്തിന് ശേഷം അവർ സമർപ്പിച്ച റിപ്പോർട്ടിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. "നിർബന്ധമായി മതപരിവർത്തനം നടത്തിയിട്ടുണ്ടെന്നത് ശരി തന്നെ. എന്നാൽ ഞങ്ങളുടെ സൂക്ഷ്മമായ അന്വേഷണത്തിൽ നിന്നും മനസ്സിലായ കാര്യം ഇത്തരം മൂന്നു കേസ്സുകളെ ഉണ്ടായിരുന്നുള്ളൂവെന്നാണ്."110. എന്നാൽ ഔദ്യോഗിക പ്രചാരണവും സർക്കാർ മാധ്യമങ്ങളും നാട്ടിലാകമാനം പരത്തിയ പച്ചക്കള്ളം മലബാറിൽ ഹിന്ദുക്കൾക്കെതിരായി നടക്കുന്ന മതഭ്രാന്തൻമാരായ മാപ്പിളമാരുടെ കലാപമെന്നാണ്. മൂന്നോ, മുന്നൂറോ ആണെന്നാലും അത്ര ആളുകളെ മതപരിവർത്തനം നടത്തുവാൻ ഇത്ര വലിയ ആത്മാഹൂതിയുടേയും സംഘട്ടനങ്ങളുടേയും ആവശ്യം ഉണ്ടാകുമോ എന്ന് ചിന്തിച്ചാൽ മതി. അപ്പോൾ മുസ്ലിംകളെ ഉൻമൂലനം ചെയ്യുക എന്ന ക്രൈസ്തവലക്ഷ്യം ഹൈന്ദവ സംരക്ഷണത്തിൻെറ മൂടുപടമിട്ട് വിദഗ്ദ്ധമായി നടപ്പിലാക്കുകയായിരുന്നുവെന്ന് കാണാൻ പ്രയാസമില്ല. അതിന് ഹൈന്ദവവർഗ്ഗീയതയെ കൂട്ടുപിടിക്കുകയും ചെയ്തു. ഈ പ്രതിഭാസത്തെ ചൂണ്ടി സൗമ്യേന്ദ്രനാഥ ടാഗോർ പറയുന്നത്, "ഗവർമ്മേണ്ടിൻെറ സംരക്ഷണത്തോടെ കലാപത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ പോയിരുന്ന ആര്യസമാജക്കാർ മാപ്പിളമാർ വധിച്ച അല്പം ചില ഹിന്ദുക്കളുടെ ഫോട്ടോ എടുക്കുകയും മാപ്പിളമാർ ചെയ്യുന്ന കഠോരകൃത്യങ്ങളുടെ 'ഭീകരത ഹിന്ദുക്കളുടെ മുമ്പിൽ പ്രദർശിപ്പിക്കുകയും ചെയ്തു. വളരെ പ്രധാനമായ ഒരു കാര്യം അവരപ്പോൾ പട്ടാളക്കാർ നടത്തിയ അക്രമങ്ങളെപ്പറ്റിയുള്ള വിവരം ശേഖരിക്കുവാനോ, നൂറു കണക്കിൽ തൂക്കിയും വെടിവെച്ചും കൊല്ലപ്പെട്ട മാപ്പിള കലാപകാരികളുടെയോ, പട്ടാളക്കാർ ഭേദ്യം ചെയ്യുകയും

ബലാൽക്കാരം ചെയ്യുകയും ചെയ്ത മാപ്പിളസ്ത്രീകളുടെയോ, പടമെടുക്കുവാനോ തുനിഞ്ഞിട്ടില്ലെന്നുള്ളതാണ്. ആര്യസമാജക്കാർ ഇന്നത്തെ ദിവസംവരെ (1937ലാണദ്ദേഹമിതെഴുതുന്നത്) ഈ ഹിന്ദുക്കളുടെ ഫോട്ടോ പ്രദർശിപ്പിച്ചു കൊണ്ട് ഗവർമ്മേണ്ടിന്റെ ചാരൻമാരായി പ്രവർത്തിക്കുകയും അങ്ങനെ നൂറുകണക്കിൽ മാപ്പിള കർഷകരുടെ അറസ്റ്റിന് വഴി ഒരുക്കുകയും ചെയ്തു. മനുഷ്യസ്നേഹത്തിന്റെ മൂടുപടത്തിനുള്ളിലുള്ള വർഗ്ഗീയത്വം എല്ലായ്പ്പോഴും ഭീരുത്വം തന്നെ."111. മതപരിവർത്തനത്തിന്റെ കള്ളക്കഥകളും കണക്കും പ്രചരിപ്പിച്ചത് ആര്യസമാജക്കാരായിരുന്നു. നിർബന്ധമതപരിവർത്തനത്തിനിടയായവരെ വീണ്ടും ഹിന്ദുമതത്തിലേക്ക് കൊണ്ടുവരാനുള്ള അവരുടെ മലബാറിലെ പ്രവർത്തനത്തെപ്പറ്റി ഔദ്യോഗികചരിത്രകാരനായ റാവു ബഹദൂർ സി. ഗോപാലൻനായർ, അദ്ദേഹത്തിന്റെ 1921ലെ 'മാപ്പിള കലാപം' എന്ന ഇംഗ്ലീഷ്ഗ്രന്ഥത്തിൽ വിശദീകരിക്കുന്നുണ്ട്. ഈ പ്രചരിപ്പിക്കപ്പെട്ട ശുദ്ധികലശത്തിന്റെയും നിർബന്ധ മതപരിവർത്തനത്തിന്റെയും ശരിയായ സ്ഥിതി എന്തായിരുന്നുവെന്ന് മനസ്സിലാക്കുവാൻ ഇത് ഉപകരിക്കും. അദ്ദേഹം എഴുതുന്നത് ശ്രദ്ധിക്കുക. "ആര്യസമാജക്കാരുടെ മലബാറിലെ പ്രവർത്തനം നിരുപമമായിരുന്നു. മൈസൂർകാലത്തും തുടർന്നുള്ള നൂറുകൊല്ലത്തിനിടയ്ക്കും നടന്നിട്ടുള്ള നിർബ്ബന്ധ മതപരിവർത്തനം ചെയ്തവരെ ഹിന്ദുമതത്തിലേക്ക് തിരിച്ചുകൊണ്ടുവരുവാൻ അവർക്ക് സാധിച്ചു. ടിപ്പുവിന്റെ കാലത്ത് മതംമാറേണ്ടതായി വന്നിരുന്ന ഇവർ ടിപ്പുവിന്റെ തിരോധാനത്തിന് ശേഷം പൂർവ്വവിശ്വാസത്തിലേക്ക് മടങ്ങിയെങ്കിലും അവരെ ചേലനായൻമാർ എന്ന പേരിൽ ഒറ്റപ്പെടുത്തി സാധാരണ നായാൻമാരുമായി ഇടപഴകുവാൻ അനുവദിച്ചിരുന്നില്ല. ഇവരെ ഹിന്ദുമതത്തിലേക്ക് വീണ്ടും കൊണ്ട് വരികയും ഇത്തരം സാഹചര്യത്തിൽ അവർക്ക് ആശ്വാസവും പരിരക്ഷയും ഹിന്ദുമതത്തിൽ നൽകുകയും ചെയ്തു. ആര്യസമാജക്കാർ ഇത് ചെയ്തിരുന്നില്ലെങ്കിൽ ഇവർ ഈ സ്ഥിതിയിൽ തന്നെ കഴിയേണ്ടതായി വരുമായിരുന്നേനെ. കാരണം ഇവിടെയുള്ള വൈദിക നമ്പൂതിരിമാർ ഇതിന് ഒരിക്കലും തയ്യാറാകുമായിരുന്നില്ല."112. അപ്പോൾ ഇക്കൂട്ടർ മതപരിവർത്തനത്തെക്കുറിച്ച് പ്രചരിപ്പിച്ച കണക്ക്, സൗമ്യേന്ദ്രനാഥടാഗോർ പറഞ്ഞത് പോലെ മനുഷ്യത്വത്തിന്റെ മൂടുപടമിട്ട് നടത്തിയ തനിവർഗ്ഗീയതയായിരുന്നുവെന്ന് വ്യക്തം. യഥാർത്ഥത്തിൽ ക്രൈസ്തവമതഭ്രാന്തും ഹൈന്ദവ വർഗ്ഗീയതയും സംഘടിതമായി നടത്തിയ പകപോക്കലിന് ഇരയാവുകയായിരുന്നു ഗാന്ധിജിമുതൽ മാധവൻ നായർ വരെയുള്ള ഹൈന്ദവനേതാക്കൻമാരുടെ വാക്കും ഉറപ്പും കേട്ട് 'ചെകുത്താൻ ഭരണം' തുരത്തെറിയാൻ അരയും തലയും മുറുക്കി രണാങ്കണത്തിലിറങ്ങിയ പാവപ്പെട്ട നിരക്ഷരകുക്ഷികളെങ്കിലും ആദർശധീരരായ മാപ്പിളസഖാക്കൾ.

ഈ വിപ്ലവകാലത്ത് ജീവിച്ചിരുന്നവരും ഇതിൽ കൂട്ടാളികളായോ, എതിരാളികളായോ പ്രവർത്തിച്ചിരുന്നവരുമായ സമകാലികർ പോലും രേഖപ്പെടുത്തുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള വസ്തുതകൾ കൂടി നാമിന്നംഗീകരിക്കുയില്ല എന്നമട്ടാണ്. ഇംഗ്ലീഷ്കാർ തന്നെ എഴുതിയിട്ടുള്ള പ്രാമാണിക രേഖാസമ്പത്ത് കൂലങ്കഷമായി പരിശോധിച്ചാൽ തന്നെ മലബാർ വിപ്ലവത്തെ ഒരിക്കലും വർഗ്ഗീയ കലാപമെന്ന് വിശേഷിപ്പിക്കുവാൻ സാദ്ധ്യമാകുകയില്ലെന്ന് ബോദ്ധ്യമാകും. പക്ഷെ, രേഖകളോ, പ്രമാണങ്ങളോ, അന്വേഷണറിപ്പോർട്ടുകളോ, ദൃക്സാക്ഷിവിവരണങ്ങൾ പോലുമോ സ്വീകരിക്കുവാൻ തയ്യാറാകാത്ത അസഹിഷ്ണുതയാണ് ഈ വക കാര്യങ്ങളിൽ നാം പ്രദർശിപ്പിച്ച് പോരുന്നത്. ഇതു നമ്മോടു തന്നെ ചെയ്യുന്ന കടുത്തപാതകമാണ്. പതിനായിരക്കണക്കിന് മനുഷ്യരെ കൊന്നതിന് ശേഷവും അതിന് ന്യായീകരണം കാണാൻ ആയാസപ്പെട്ട്, കൃത്യമായി കുപ്രചാരണങ്ങൾ സംഘടിപ്പിച്ച ക്രിസ്ത്യൻ ഭരണാധികാരികളോട് കൂട്ട് ചേർന്ന് നാം നമ്മുടെ തന്നെ സഹോദരങ്ങളോട് കനത്ത നന്ദികേട് കാട്ടുന്നത് മനുഷ്യത്വത്തെ കുഴിച്ചുമൂടുന്നതിന് സമമാണ്.75. വർഷങ്ങൾക്ക് മുമ്പ് മാത്രം നടന്ന കാര്യങ്ങളിൽ സുലഭമായ രേഖകൾ കിട്ടുമെന്നിരുന്നിട്ടും അനുഭവപാഠമുള്ള മനുഷ്യർ ജീവിച്ചിരുന്നിട്ടു കൂടിയും സത്യവിരുദ്ധമായ പ്രചാരണങ്ങളിൽ കുടുങ്ങി നാമിന്നും സാമുദായിക സംഘർഷത്തിന്റെ തീപന്തവും പേറി അട്ടഹസിക്കുന്നത് ആപത്താണ്. ഏതു ജാതി-മതവിഭാഗത്തിൽപ്പെട്ട ആളായാലും മനുഷ്യരെല്ലാം മനുഷ്യരാണെന്ന സമീപനം മാത്രം മതി കാര്യങ്ങൾ നേരെയാക്കുവാൻ. ഇത്തരം ചരിത്രസംഭവങ്ങളെ ഹ്രസ്വവികലമായ അപക്വമനസ്സുകൊണ്ട് വിഷലിപ്തമാക്കുന്നത് സാമുദായിക സൗഹാർദ്ദത്തിനും ദേശീയദാർഢ്യത്തിനും എതിരായിത്തീരുന്ന ഘടകങ്ങളാണ്. നമ്മുക്ക് ദേശസ്നേഹവും സാമുദായിക മൈത്രിയും ഊട്ടി ഉറപ്പിക്കണമെങ്കിൽ ചരിത്രസംഭവങ്ങളെ ശരിയാം വണ്ണം നിരീക്ഷിക്കുകയും വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയും വേണം. അത്യാവശ്യം തിരുത്തപ്പെടേണ്ട ഒരു സുപ്രധാന അദ്ധ്യായമാണ് 1921-ലെ ഖിലാഫത്ത് വിപ്ലവത്തെപ്പറ്റി നിലവിലിരിക്കുന്ന ചരിത്രഭാഷ്യം.

---

1. *C. Gopalan Nair, Mappila Rebellion, Calicut, 1923, p 7.*
2. *Stephen Frederick Dale, The Mappilas of Malabar 1498 - 1922, Islamic Society on the South Asian Fromtier, Oxford University Press, New York, 1980, p 64.*
3. *ഇ. മൊയ്തു മൗലവി, ചരിത്രചിന്തകൾ, 1981, കോഴിക്കോട്, പുറം 46.*
4. *സൗമ്യേന്ദ്രനാഥ ടാഗോർ, മലബാറിലെ കാർഷികകലാപം 1921, 1937 വിവർത്തനം, ഡോ. കെ.കെ.എൻ.കുറുപ്പ്, സന്ധ്യാ പബ്ലിക്കേഷൻസ്, കോഴിക്കോട് യൂണിവേഴ്സിറ്റി, ആമുഖം, പുറം 1.*

5. ഡോ. കെ.കെ.എൻ. കുറുപ്പ്, ടി പുസ്തകത്തിന്റെ മുഖവുര, പുറം IV.
6. J.W. Wye, Collector, A Report of the Southern Division of Malabar, Feburary 4, 1801, p 15.
7. Moplah Outrages Act XX, 1859, M.P. Case, 16/22, S.J. 1922, Modras Highcourt Records.
8. Note of discussion at Cabinet Meeting, August 16, 1921.
9. G.F. Tottenham, Moplah Rebellion 1921, Chapter 2, p 27.
10. HitchCock, History of Malabar Rebellion 1921, (Peasant Revolt in Malabar) Usha publications, New Delhi, 1983.
11. Prof. M.P.S. Menon, മലബാർ സമരം, എം.പി. നാരായണമേനോനും സഹപ്രവർത്തകരും, നാരായണമേനോൻ മെമ്മോറിയൽ കമ്മിറ്റി, അങ്ങാടിപ്പുറം, 1992, p 127.
12. Young India, 26-1-1922, Collected works of Mahatma Gandhi, vol.22, p 267.
13. Ibid, October 20, 1921.
14. Divan Bahadur, C. Gopalan Nair, Mappila Rebellion 1921, Norman printing Bureau, Calicut, 1923, p 59.
15. Ibid, p 34.
16. Ibid, p 104.
17. Ibid, p 122.
18. Madras Mail, November 14, 1921.

* ഇ. മൊയ്തു മൗലവി, എന്റെ കൂട്ടുകാരൻ, കറന്റ് ബുക്സ്, തൃശൂർ, 1964, മൗലവിയുടെ ആത്മകഥ, ഡി.സി. ബുക്സ് കോട്ടയം. പി.എ., പി.എ. സെയ്തു മുഹമ്മദ്, കേരള മുസ്ലിം ചരിത്രം, കറന്റ് ബുക്സ്, തൃശൂർ, 1961, കോയട്ടി മൗലവി, മലബാർ കലാപം, 1953, തിരൂരങ്ങാടി, Dr. M. Gangadharan, Mappila Rebellion, 1921-22, Calicut University, 1989.

മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഖിലാഫത്ത് സ്മരണകൾ, നവകേരള കോ-ഓപ്പറേറ്റിംഗ് പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്, 1965.

* E.M.S. Namboodiripad, National Question in Kerala, Peoples Publishing House, B0mbay.
Kerala Yesterday, today and tomorrow 1943, National Book Agency, Calcutta, 1967.
Dr. K.N. Panicker, Against Lord and State, Religion and peasant uprising in Malabar - 1836-1921, Oxford University press, Delhi, 1989.
Sowmyendra Natha Tagore, peasants Revolt in Malabar, Bombay, 1937, Mal. Trans, Dr. K.K.N. Kurup, മലബാറിലെ കാർഷിക കലാപം 1921, Sandhya publications, Calicut University, 1982.
Cornard wood, The Moplah Rebellion and its Genesis, peoples publishing House, New Delhi, 1987.

19. W. Logan, Malabar Manual Vol. I, op.cit, p 683.
20. ബാരിസ്റ്റർ എ.കെ. പിള്ള, കോൺഗ്രസും കേരളവും-1934, കോഴിക്കോട്, പുനഃപ്രകാശനം, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം -10, 1982, പുറം - 36, 37.
21. Ibid, p 38.
22. Ibid, p 41.
23. Stephen Frederick Dale, The Mappilas of Malabar 1498-1922, Islamic Society on the South Asian Frontier, Oxford University press, New York, 1980, p 186.
24. കെ. മാധവൻ നായർ, മലബാർ കലാപം, 1971, പുറം 14.
25. Fortnightly Report, District Collector, Malabar, September 2, 1920.
26. Hitchcock, History of Malabar Rebellion, p 28.
27. The Hindu, 1920, August 19, 21.
28. G.R.F. Tottenham, Moplah Rebellion, 1921-22, p 16.
29. ബാരിസ്റ്റർ എ.കെ. പിള്ള, കോൺഗ്രസ്സും കേരളവും, മുൻ ഉദ്ധരിച്ചത്, പുറം 43.
30. Madras Mail, November 16, 1920.
31. Divan Bahadur C. Gopalan Nair, op.cit, p 16.
32. West Coast Spectator, August 18, 1920.
33. Tottenham, Moplah Rebellion 1921-22, p-7.
34. Ibid, p 4.
35. Ibid, p 10.
36. Ibid.
37. മോഴികുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഖിലാഫത്ത് സ്മരണകൾ, നവകേരള കോ-ഓപ്പറേറ്റീവ് പബ്ലിഷിംഗ് കമ്പനി ലിമിറ്റഡ്, കോഴിക്കോട്, 1965, പുറം 6.
38. അതുതന്നെ, പുറം 9.
39. യോഗക്ഷേമം, പുസ്തകം 11, ലക്കം 23.

40. Tottenham, op.cit, Fortnightly Report, March 17, 1921.
41. മിതവാദി, പുസ്തകം 11, ലക്കം 23.
42. അതുതന്നെ.
• ഈ ലഘുലേഖ അനുബന്ധമായി ചേർത്തിട്ടുള്ളത് കാണുക. ഈ. മൊയ്തു മൗലവിയെ അറസ്റ്റ് ചെയ്ത് കേസ് വിചാരണ നടത്തിയപ്പോൾ അദ്ദേഹത്തിനെതിരായ കുറ്റങ്ങളിൽ ഒന്ന് ഈ ലഘുലേഖ പ്രസിദ്ധീകരിച്ചതായിരുന്നു.
43. Tottenham, Moplah Rebellion 1921-22, op.cit, Fortnightly Report, April 4, 1921.
44. Ibid, p 5.
45. Ibid, Fortnightly Report, August 17, 1921.
46. West Coast Spectator, April 26, 1921.
47. ബാരിസ്റ്റർ എ.കെ. പിള്ള, കോൺഗ്രസ്സും കേരളവും, മുൻ ഉദ്ധരിച്ചത്, പുറം - 54.
48. അതുതന്നെ, പുറം 55.
49. അതുതന്നെ, പുറം 55.
50. അതുതന്നെ, പുറം 57.
51. Divan Bahadur C. Gopa,an Nair, Mappila Rebellion, 1921, op.cit, p 17.
52. West Coast Spectator, September 16, 1921.
53. Tottenham, Moplah Rebellion 1921-22, op.cit, Fortnightly Report, 5th May 1921.
54. Ibid, Fortnightly Report May 20, 1921.
55. Criminal Investigation Department, August 10, 1921, No. 1146/S.F. 296-302.
56. കോൺഗ്രസ്സും കേരളവും, മുൻ ഉദ്ധരിച്ചത്, പുറം - 67.
57. മുൻസൂചിക തന്നെ.
58. Stephen Frederick Dale, op.cit, p 185.
59. Tottenham, Acting Inspector, South Malabar to the District Collector, Dated August 2, 1921.
60. Acting Inspector Narayana Menon, Report to the District Magistrate and Collector, August 2, 1921.
61. Letter from the District Magistrate, Calicut, dated 10th August, 1921 to the Chief Secretary, Govt. of Madras.
62. Telegram, August 13, 1921, p 116-260 - 8.
63. Private Secretary to Govt. August 16, 1921, No. 276-8.
64. കോൺഗ്രസ്സും കേരളവും, മുൻ ഉദ്ധരിച്ചത്, പുറം 64.
65. Tottenham, Moplah Rebellion 1921-22, op.cit, p 37.
66. 1921ലെ മലബാർ ലഹള, മുൻ ഉദ്ധരിച്ചത്, പുറം 22.
67. Tottenham, op.cit, p 37.
68. 1921ലെ മലബാർ ലഹള, മുൻ ഉദ്ധരിച്ചത്, പുറം 55.
69. Tottenham, op.cit, p 24.
70. F.B. Ivans, Under Secretary, Note on the Rebellion.
71. Tottenham, op.cit, p 37.
72. കോയട്ടി മൗലവി, മുൻ ഉദ്ധരിച്ചത്, പുറം 24.
73. Summary of the Important Events of the Rebellion by Under Secretary.
74. Tottenham, op.cit, p 37.
75. F.B. Ivans, Note on the Rebellion, p 42.
76. Dr. K.N. Panicker, op.cit, p 156.
77. കഴിഞ്ഞകാലം, വാള്യം ഒന്ന്, കോഴിക്കോട്, പുറം - 104.
78. അതുതന്നെ.
79. കെ. കോയട്ടി മൗലവി, 1921ലെ മലബാർകലാപം, മുൻ ഉദ്ധരിച്ചത്, പുറം 37.
80. അതുതന്നെ.
81. അതുതന്നെ, പുറം 38.
82. കെ. മാധവൻ നായർ, മലബാർ കലാപം, മുൻ ഉദ്ധരിച്ചത്, പുറം 159.
83. പ്രൊഫ. എം.പി.എസ്. മേനോൻ, മലബാർ സമരം, എം.പി. നാരായണ മേനോനും സഹപ്രവർത്തകരും, മുൻ ഉദ്ധരിച്ചത്, പുറം 78.
84. കെ. മാധവൻ നായർ, മലബാർ കലാപം, മുൻ ഉദ്ധരിച്ചത്, പുറം 98.
85. കാരാടൻ മുഹമ്മദ്, ഖിലാഫത്ത് പ്രസ്ഥാനവും പൂക്കോട്ടൂരും, ലേഖനം മലബാർ കലാപം, 60-ാം വാർഷിക ആഘോഷകമ്മിറ്റി, തിരൂരങ്ങാടി, 1981, പുറങ്ങൾ 208-209.

86. അതുതന്നെ.
87. കെ. മാധവൻ നായർ, മലബാർ കലാപം, മുൻ ഉദ്ധരിച്ചത്, പുറം 138.
• കുഞ്ഞഹമ്മദ് ഹാജിയുടെ ജീവചരിത്രം അനുബന്ധമായി കൊടുത്തിട്ടുള്ളത് കാണുക.
88. The Hindu, dated October 18, 1921.
89. Hitchcock, Mappila Rebellion, 1921, op.cit, p 305.
90. കെ. കോയട്ടി മൗലവി, മുൻ ഉദ്ധരിച്ചത്, പുറം 114.
91. ബാരിസ്റ്റർ എ.കെ. പിള്ള, കോൺഗ്രസ്സും കേരളവും, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 66-67.
92. Tottenham, Moplah Rebellion 1921-22, op.cit, 7.B Ivans, Note on the Rebellion, p 42.
93. Ibid.
94. Ibid, p 44.
95. Ibid, p 46.
96. Ibid.
97. Letter from R.H. Hitch Cock, Superintendent of Police, South Malabar, To the Addl. District Magistrate Malabar, dated November 7, 1921.
98. F.B. Ivans, Note on the Rebellion, op.cit, p 46.
99. സൗമ്യേന്ദ്രനാഥ ടാഗോർ, മലബാറിലെ കാർഷിക കലാപം 1921, മുൻ ഉദ്ധരിച്ചത്, ആമുഖം, പുറം 1.
100. അതുതന്നെ, പുറം 11.
101. അതുതന്നെ, പുറം 12
102. F.B. Ivans, Note on the Rebellion 1921, op.cit, p 47.
103. Ibid, p 48.
104. Tottenham, Report, dated September 15, 1921, No. 367.
105. Letter from Hitch Cock, to the District Magistrate of Malabar, dated November 7, 1921.
106. ഇ. മൊയ്തു മൗലവി, എന്റെ കൂട്ടുകാരൻ, മുൻ ഉദ്ധരിച്ചത്, പുറം 141.
107. കെ.പി. കേശവമേനോൻ, കഴിഞ്ഞകാലം, മാതൃഭൂമി പബ്ലിക്കേഷൻസ്, കോഴിക്കോട്, പുറം 106-107.
108. ബാരിസ്റ്റർ എ.കെ. പിള്ള, കോൺഗ്രസ്സും കേരളവും, 1935, കോഴിക്കോട്, പുറം 277.
109. കോൺഗ്രസ്സും കേരളവും, പുനഃപ്രകാശനം ചെയ്തത് 1982, എഡിഷൻ പുറം - 76-77.
110. ഡോ. സീതാരാമയ്യ, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചരിത്രം, പുറം 216.
111. സൗമ്യേന്ദ്രനാഥ ടാഗോർ, മുൻ ഉദ്ധരിച്ചത്, പുറം 15.
112. Divan Bahadur C. Gopalan Nair, Mappila Rebellion 1921, op.cit, p 119.

# അനുബന്ധം - 1 ആലി മുസലിയാർ

1996 ഫെബ്രുവരി 17ന് ആലി മുസലിയാർ മരിച്ചിട്ടു 74 കൊല്ലം തികയും. 1921ലെ മലബാർ വിപ്ലവത്തിൻെ നെടും തൂണായിരുന്ന വയോധികനായിരുന്നുവല്ലോ അദ്ദേഹം. ആഗ്ലേയ ഭരണത്തെ തൂത്തെറിഞ്ഞ് തെക്കേ മലബാറിൽ ഖിലാഫത്ത് വിപ്ലവ ഗവൺമെൻറ് രൂപീകരിച്ചപ്പോൾ അതിൻെറ അധിപതിയായി വാഴിക്കപ്പെട്ടതും ആലി മുസ്‌ലിയാരെ ആയിരുന്നു. അദ്ദേഹത്തെ സംബന്ധിച്ച് 1921ലെ കലാപത്തിന് മുമ്പും പിമ്പും ബ്രിട്ടീഷ് അധികാരികൾ തമ്മിൽ നടത്തിയിട്ടുള്ള എഴുത്തുകുത്തുകളിൽ നിന്നും മറ്റു രേഖകളിൽ നിന്നും ലഭിക്കുന്ന കുറേ കാര്യങ്ങളാണ് താഴെ വിവരിക്കുന്നത്. ആലി മുസ്‌ലിയാർ ആരായിരുന്നു? എന്തായിരുന്നു? ഇംഗ്ലീഷ് വിരുദ്ധ പ്രസ്ഥാനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്കെന്താണ്? തുടങ്ങിയ ചോദ്യങ്ങൾക്ക് ആംഗ്ലേയരേഖകൾ തന്നെ മറുപടി നൽകുന്നത് കൂടുതൽ സംഗതമായിരിക്കുമല്ലോ.

ആലി മുസ്‌ലിയാർ കേസ്സ് വിധിന്യായത്തിൽ ഇങ്ങിനെ കാണുന്നു. 'ആലി മുസ്‌ലിയാരുടേയും അദ്ദേഹത്തിൻെറ അനുയായികളുടേയും മനസ്സിൽ അങ്കുരിച്ചിരുന്ന ഉൽക്കടമായ വികാരം മതഭ്രാന്തിൻെറയോ, കാർഷിക സങ്കടങ്ങളുടെയോ, അതുമല്ലെങ്കിൽ നൈരാശ്യത്തിൻെറയോ ആയിരുന്നില്ല. തെളിവുകൾ സ്പഷ്ടമാക്കുന്നത് ഖിലാഫത്തിൻെറയും നിസ്സഹകരണത്തിൻെറയും സ്വാധീനം മാത്രമായിരുന്നു അവരെ ഈ കുറ്റങ്ങൾ ചെയ്യുവാൻ പ്രേരിപ്പിച്ചത് എന്നാണ്''1. 1921ൽ ഇംഗ്ലീഷ്കാർക്കെതിരായി ശക്തമായ ഒരു സമരനിര സജ്ജമാക്കുവാൻ ആലി മുസ്‌ലിയാരും കൂട്ടരും പ്രേരിതരായത് എന്തുകൊണ്ടായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണല്ലോ? ദേശീയാവേശ പ്രേരിതനായ ഏതൊരാൾക്കും ഇന്ത്യൻവിമോചന സമരത്തിൻെറ ദേശീയ ധാരയിൽ അലിഞ്ഞുചേരുവാൻ പ്രേരണ നൽകത്തക്കതായിരുന്നു സ്ഫോടനാത്മകമായ രാഷ്ട്രീയ സ്ഥിതിഗതികൾ. തീവ്രദേശീയ വാദിയായ ആലി മുസ്‌ലിയാർ ഇന്ത്യയിലുടനീളം അലയടിച്ചുകൊണ്ടിരുന്ന ഇംഗ്ലീഷ് വിരുദ്ധ പ്രക്ഷോഭണത്തിന് അരയും തലയും മുറുക്കി ഇറങ്ങുവാൻ തയ്യാറായത് സ്വാഭാവികം മാത്രമാണ്. ആലി മുസ്‌ലിയാരുടെ കുടുംബത്തിന് മലബാറിലെ ഇംഗ്ലീഷ് വിരുദ്ധ മൽസരങ്ങളിൽ സജീവമായി പങ്കെടുത്തതിൻെറ സുദീർഘമായ പാരമ്പര്യമാണുള്ളത്.2. എല്ലാ രേഖകളിൽ നിന്നും മനസ്സിലാകുന്നത്, അദ്ദേഹം സൽസ്വഭാവിയും, സമാധാനപ്രിയനും, ജനസമ്മതനുമായിരുന്നുവെന്നാണ്. നിസ്സഹകരണ പ്രസ്ഥാനത്തിൻെറയും അഹിംസയുടേയും യഥാർത്ഥ സ്പിരിറ്റ് ഉൾക്കൊള്ളുവാൻ കഴിഞ്ഞിരുന്ന അദ്ദേഹം ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ അനിഷേധ്യ നേതാവായുയർന്നപ്പോഴും തൻെറ അനുയായികളോട് അക്രമരാഹിത്യത്തിൻെറ സന്ദേശം ഉപദേശിക്കുവാൻ മടിച്ചിരുന്നില്ല. എന്നാൽ ഇംഗ്ലീഷുകാർ അദ്ദേഹത്തിൽ ആരോപിച്ച കുറ്റം അക്രമത്തിനും ഹിംസയ്ക്കും പ്രേരണ നൽകിയവരിൽ പ്രമുഖൻ എന്ന നിലയ്ക്കായിരുന്നു.



*കേസ്സ് വിചാരണക്കായി മുസ്‌ലിയാരെ കൊണ്ടുപോകുന്നു*

നെല്ലിക്കൂത്ത് അംശത്തിൽ കുലീനമായ ഒരു കുടുംബത്തിലാണ് എരിക്കുന്നം ആലി മുസ്‌ലിയാർ എന്ന പേരിൽ പ്രസിദ്ധിയാർജ്ജിച്ച പാലാട്ടുമലയിൽ ആലി മുസ്‌ലിയാർ ഭൂജാതനായത്. എരിക്കുന്നം പാലാട്ടിലെ കുഞ്ഞിമൊയ്തീൻ സാഹിബായിരുന്നു അദ്ദേഹത്തിൻെറ പിതാവ്,3. മാതാവ് ആമിനയാകട്ടെ പൊന്നാനിയിലെ പ്രസിദ്ധ മഖ്ദൂം കുടുംബത്തിലെ പിൻഗാമികളിലൊരാളായ ഓട്ടക്കോട് മമ്മദ്കുട്ടി മുസ്‌ലിയാരുടെ മകളുമായിരുന്നു. പ്രാഥമിക പഠനത്തിന് ശേഷം തുടർന്നുള്ള വിദ്യാഭ്യാസം അദ്ദേഹം പൊന്നാനിയിലാണ് നടത്തിയത്. പ്രസിദ്ധ ദാർശനികനും മതപണ്ഡിതനുമായ ശൈഖ് സൈനുദ്ദീൻ അഞ്ചാമൻെറ ശിക്ഷണത്തിൽ എട്ടുവർഷം ഇസ്ലാമിക ദർശനങ്ങളും ശാസ്ത്രങ്ങളും പഠിക്കുകയും അവയിലൊക്കെ അനൽപ്പമായ പ്രാവീണ്യം കരസ്ഥമാക്കുകയും ചെയ്തു.4. തുടർന്ന് ഏഴുവർഷ് ഉന്നതവിദ്യാഭ്യാസത്തിനായി മക്കയിൽ കഴിച്ചകൂട്ടിയ അദ്ദേഹം ചരിത്രം, തത്വശാസ്ത്രം, ഇസ്ലാമിക നിയമങ്ങൾ, കർമ്മമാർഗ്ഗങ്ങൾ തുടങ്ങിയ വിജ്ഞാനമണ്ഡലങ്ങൾ പരതി അറിവിൻെറ ചക്രവാളം വികസ്വരമാക്കി.

മക്കയിൽ നിന്ന് പഠനം പൂർത്തിയാക്കി മടങ്ങിയ അദ്ദേഹം കവരത്തി ദ്വീപിൽ പ്രധാനഖാസിയായി നിയമിതനായതിനെ തുടർന്ന് സുദീർഘമായ എട്ടു സംവൽസരക്കാലം തൻെറ സേവനം അവിടെ സ്തുത്യർഹമാം വിധം നിർവ്വഹിച്ചു. ഇക്കാലങ്ങളിലൊക്കെയും അദ്ദേഹത്തിൻെറ മനസ്സ് തെക്കെ മലബാറിൽ

ഇടക്കിടക്ക് നടന്നുകൊണ്ടിരുന്ന ഇംഗ്ലീഷ് വിരുദ്ധ ലഹളയിൽ ആമഗ്നമായിരുന്നുവെന്നു മാത്രമല്ല, ആംഗ്ലേയ ഭരണത്തോടുള്ള പകയും വിദ്വേഷവും അമിതമായി വർദ്ധിച്ചുകൊണ്ടിരിക്കയും ചെയ്തിരുന്നു. ഉറ്റവരും ഉടയവരും ഇവയിലൊക്കെ സജീവമായി പങ്കെടുത്ത് രക്തസാക്ഷികളായി കൊണ്ടിരിക്കുന്നു എന്നുകൂടി മനസ്സിലായപ്പോൾ ഏതെങ്കിലും നിലക്ക് കവരത്തിയിൽ നിന്നും സ്വദേശത്തേക്ക് മടങ്ങുവാനുള്ള ത്വര അദ്ദേഹത്തിൽ ഉൽക്കടമായി.

1894ലെ മണ്ണാർക്കാട് ലഹളയിൽ സ്വസഹോദരൻ മമ്മദുകുട്ടി ഉൾപ്പെടെ അടുത്ത ബന്ധുക്കൾ പലരും മരണമടഞ്ഞ വാർത്ത കൂടി കേട്ടതോടെ ഇംഗ്ലീഷ് വിരുദ്ധ മനോഭാവം അദ്ദേഹത്തിൽ ആളിക്കത്തുകയും മലബാറിലേക്ക് മടങ്ങുവാൻ തീരുമാനിക്കുകയും ചെയ്തു.5. മരണമടഞ്ഞ മമ്മദുകുട്ടിക്ക് 28 വയസ്സ് പ്രായമെന്നാണ് കലക്ടറുടെ റിപ്പോർട്ടിൽ പറയുന്നത്. ഈ ലഹളയിൽ 31 പേർ മരണമടയുകയും നിരവധി ആളുകളെ കാണാതാവുകയും ചെയ്തിരുന്നു.6. ഇവരിലധികം പേരും ആലിമുസ്‌ലിയാരുടെ ബന്ധുക്കളും കുടുംബക്കാരുമാണ്. ഇത്രയൊക്കെ ആയപ്പോൾ മനഃസ്സാന്നിദ്ധ്യത്തോടും സ്വസ്ഥതയോടും കൂടി കവരത്തിയിൽ കഴിച്ചുകൂട്ടുവാൻ അസാദ്ധ്യമാണെന്ന് കണ്ട് അദ്ദേഹം ഖാസിസ്ഥാനം തന്റെ സഹോദരനെ ഏൽപ്പിച്ച് സ്വദേശത്തേക്ക് മടങ്ങുകയാണുണ്ടായത്.

മഞ്ചേരിയിൽ 1896ൽ നടന്ന അതിരൂക്ഷമായ ഇംഗ്ലീഷ് വിരുദ്ധ പോരാട്ടത്തിൽ ആലിമുസ്‌ലിയാരുടെ അനവധി കുടുംബക്കാരും, ബന്ധുക്കളും സുഹൃത്തുക്കളും മരണമടഞ്ഞിരുന്നു.7. അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ വളരെ പേരും ശിഷ്യൻമാരിൽ പലരും ഈ ലഹളക്ക് ശേഷം ദീർഘകാലത്തേക്ക് ജയിൽശിക്ഷ അനുഭവിക്കേണ്ടിവരികയോ, ആൻഡമാൻ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നാടുകടത്തപ്പെടുകയോ ചെയ്തിട്ടുള്ളവരാണ്.8. തന്റെ ബന്ധുക്കളിൽ ആൻഡമാനിലേക്ക് നാടുകടത്തപ്പെട്ടവരിൽ 1921ലെ ലഹളയിൽ പ്രസിദ്ധനായ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും അദ്ദേഹത്തിന്റെ പിതാവും ഉൾപ്പെടുന്നു.9. നാട്ടിൽ മടങ്ങിയെത്തിയ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും, ആലി മുസ്‌ലിയാരും നിരന്തരം സമ്പർക്കം പുലർത്തുകയും ഇംഗ്ലീഷ് വിരുദ്ധ പ്രസ്ഥാനം സംഘടിപ്പിക്കുന്നതിൽ പങ്കുചേരുകയും ചെയ്തിരുന്നതായി രേഖകളുണ്ട്. മുസ്ലിംകളെ പ്രബുദ്ധരാക്കുവാൻ സാധിക്കണമെങ്കിലും വൈദേശികാധിപത്യത്തിന്റെ ദൂരവ്യാപകമായ ദൂഷ്യഫലങ്ങളെ അവരെ മനസ്സിലാക്കുവാനൊക്കണമെങ്കിലും വിദ്യാഭ്യാസം കൊണ്ടുമാത്രമേ സാദ്ധ്യമാകു എന്നറിയാവുന്ന ആലി മുസ്‌ലിയാർ മലബാറിൽ ഉടനീളം മദ്രസകൾ സ്ഥാപിക്കുകയും തൽസംബന്ധമായ പ്രസംഗപര്യടനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഈ ദൃശമായ പ്രവർത്തനങ്ങളുടെ ഫലമായി എണ്ണിയാലൊടുങ്ങാത്ത അനുയായികളെ അദ്ദേഹത്തിന് സൃഷ്ടിക്കുവാൻ സാധിച്ചു. 1907ലാണ് തിരൂരങ്ങാടിയിലെ പ്രധാന മുസ്‌ലിയാർ പദവി അദ്ദേഹം സ്വീകരിച്ചത്.10. അക്കാലം മുതൽ അലി സഹോദരൻമാരുടേയും ഗാന്ധിജിയുടേയും ശിഷ്യത്വം സ്വീകരിച്ച് അവരുടെ അനുയായിയായി ആലി മുസ്‌ലിയയാർ പ്രവർത്തനം തുടങ്ങി.11. കടുത്ത ഇംഗ്ലീഷ് വിരോധമായിരുന്നു അദ്ദേഹത്തെ ഈ ദേശീയ നേതാക്കൻമാരുടെ അനുയായിയാക്കി മാറ്റിയത്.

ഖാദിവസ്ത്രങ്ങൾ മാത്രമേ അദ്ദേഹം ഉപയോഗിച്ചിരുന്നുള്ളൂ. പാദം വരെ നീണ്ടുകിടക്കുന്ന വെള്ള ഖദർ കൊണ്ടുള്ള ഒരു മേലങ്കിയും, തലയിൽ തുർക്കിത്തൊപ്പിയും അതിൻമേൽ പച്ച ടർബനും, കാലിൽ പാദകവുമായിരുന്നു ആലി മുസ്‌ലിയാരുടെ വേഷവിധാനം.12. സൗമ്യശീലനും വിനയാന്വിതനുമായ ആലി മുസ്‌ലിയാർക്ക് 65 വയസ്സ് പ്രായമായിരുന്നു ഏറനാട് വിപ്ലവ ജേതാവായി അദ്ദേഹമുയർന്നപ്പോൾ. ഖിലാഫത്ത് കോൺഗ്രസ്സ് പ്രവർത്തനങ്ങളിൽ പ്രധാന പങ്കാളിയായിരുന്ന അദ്ദേഹം ജില്ലയിൽ മിക്കവാറും സ്ഥലങ്ങളിൽ ഖിലാഫത്ത് കോൺഗ്രസ്സ് കമ്മിറ്റികൾ സംഘടിപ്പിച്ചിരുന്നു. കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ, എം.പി. നാരായണമേനോൻ, വടക്കേവീട്ടിൽ മമ്മദ്, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി എന്നിവരായിരുന്നു ആലി മുസ്‌ലിയാരുടെ സന്തതസഹചാരികൾ.

ആലി മുസ്‌ലിയയാർ ഖിലാഫത്ത് പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തതുകൊണ്ട് മാത്രമാണ് തിരൂരങ്ങാടിയിലും, പൂക്കോട്ടൂരും, നെല്ലിക്കുത്തും, താനൂരും, മലപ്പുറത്തുമെല്ലാം ജനങ്ങൾ അഹമഹമികയാ സംഘടനയിൽ അംഗങ്ങളാകുവാൻ തയ്യാറാതെന്നാണ് കളക്ടർ തോമസ് അക്കാലത്ത് റിപ്പോർട്ടു ചെയ്തിട്ടുള്ളത്. എഫ്.ബി. ഇവാൻസ് കലാപത്തക്കുറിച്ചെഴുതിയ കുറിപ്പിൽ നിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ, "ഇന്ത്യയിൽ നിന്നും ബ്രിട്ടീഷുകാരെ തുരത്തുവാൻ വേണ്ടി അഫ്ഗാനിസ്ഥാനിലെ അമീർ ഇന്ത്യയെ ആക്രമിക്കുമെന്നും, ഗാന്ധിജിയും അലി സഹോദരൻമാരും അമീറിനെ സഹായിക്കുവാൻ സന്നദ്ധരായിരിക്കുകയണെന്നും, നാമെല്ലാം ഗാന്ധിജിയേയും അലി സഹോദർമാരേയും പിന്തുണച്ച് ഈ യുദ്ധത്തിൽ അവരെ സഹായിക്കണമെന്നും ആലി മുസ്‌ലിയാർ അനുയായികളെ ഉപദേശിച്ചിരുന്നു."13.

1921 ഫെബ്രുവരി 26-ാം തിയ്യതി പൊറ്റയിൽ അബൂബക്കർ, വി.വി. ഹസ്സൻകുട്ടി, കല്ലറക്കൽ അഹമ്മദ്, പൊറ്റയിൽ കുഞ്ഞുമുഹമ്മദ് എന്നി സജീവ ഖിലാഫത്ത് പ്രവർത്തകരെ നിസ്സാര കാരണങ്ങൾ പറഞ്ഞ് തിരൂരങ്ങാടിയിൽ നിന്നും അറസ്റ്റ് ചെയ്ത് 6 മാസം വീതം തടവിന് ശിക്ഷിച്ചു.14. ഇത്തരം ഭീഷണമായ സ്ഥിതി തെക്കേ മലബാറിലുടനീളം നിലനിന്നു. സർക്കാർ വിരുദ്ധപ്രവർത്തനത്തിന് ആഹ്വാനം നൽകുന്ന ലഘുലേഖ പ്രസിദ്ധപ്പെടുത്തിയതിന് ഇ. മൊയ്തു മൗലവിയുടെ പേരിൽ കേസ്സെടുക്കുകയും ലഘുലേഖ കണ്ടുകെട്ടുകയും ചെയ്തു. അതിന്റെ കോപ്പികൾ കൈവശമുണ്ടോ എന്ന് പരിശോധിക്കാനെന്ന വ്യാജേന ഖിലാഫത്ത്കോൺഗ്രസ് ആഫീസുകളും പ്രവർത്തകരുടെ വീടുകളും പോലീസ് പരിശോധന നടത്തുകയും നിസ്സാര കുറ്റങ്ങൾ ചുമത്തി ആളുകളെ ശിക്ഷിക്കുകയും ചെയ്തിരുന്നു.

"ഖദർധാരിയായ ആൾ മുസ്ലിം കൂടിയാണെങ്കിൽ കൊലക്കുറ്റത്തിന് പ്രതിയായതു തന്നെ." എന്നാണ്, 'കോൺഗ്രസ്സും കേരളവും' എന്ന തൻെറ ഗ്രന്ഥത്തിൽ ഈ ഭീകരാവസ്ഥയെ വർണണിച്ചുകൊണ്ട് ബാരിസ്റ്റർ എ.കെ. പിള്ള വിവരിക്കുന്നത്.15. തങ്ങളുടെ നേരെ ഏത് നീച മർദ്ദനമുറകളും നടത്തുവാൻ സർക്കാർ ഒരുങ്ങിയിരിക്കയാണെന്ന് ഖിലാഫത്ത്-കോൺഗ്രസ് പ്രവർത്തകർ ബോധപൂർവ്വം ധരിച്ചതിൻെറ ഫലമായി സ്വത്തും ജീവനും രക്ഷിക്കുവാൻ ആയുധപരിശീലനങ്ങൾ നടത്തുവാനും, വളണ്ടിയർ സംഘങ്ങൾ രൂപീകരിക്കുവാനും അവർ തയ്യാറായി. ഇതിന് നേതൃത്വം നൽകിയത് ആലി മുസ്ലിയാർ ആയിരുന്നു. ഫെബ്രുവരിയിൽ തന്നെ ആലി മുസ്ലിയാരേയും മറ്റു 26 പേരേയും അറസ്റ്റു ചെയ്യാനുള്ള അനുമതി ചോദിച്ചുകൊണ്ട് കളക്ടർ തോമസ് മദ്രാസ് ഗവൺമെൻറിന് എഴുതിയതായി കാണുന്നുണ്ട്.16. എന്നാൽ രാജ്യവ്യാപകമായ പ്രതിഷേധത്തെ ഭയന്ന് മേലധികാരികൾ ഈ ആവശ്യം നിരസിക്കുകാണുണ്ടായത്. ജൂൺ മാസത്തിൽ കലക്ടർ തോമസ് തിരൂരങ്ങാടി കച്ചേരിയിലെത്തി ആലി മുസ്ലിയാരോട് തന്നെ വന്നുകാണുവാൻ ആവശ്യപ്പെട്ടുവെങ്കിലും താനൊരു നിസ്സഹകരണ ത്യാഗിയായതുകൊണ്ട് സർക്കാർ ഉദ്യോഗസ്ഥൻമാരുമായി സഹകരിക്കുവാനോ, സമ്പർക്കം പുലർത്തുവാനോ സാധിക്കുകയില്ലെന്ന മറുപടി പറഞ്ഞയക്കുകയാണ് ചെയ്തത്. അരിശം മൂത്ത കലക്ടർ ആലി മുസ്ലിയാരെയും കൂട്ടരേയും അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി നോക്കി.17. ഈ വാർത്ത നാടാകെ പരക്കുവാനധികം സമയം വേണ്ടിവന്നില്ല. പൂക്കോട്ടൂർ, പുതിയാട്ട്, പരപ്പനങ്ങാടി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഖിലാഫത്ത് വളണ്ടിയർമാരുടെ വലിയ ഒരകമ്പടിയോടു കൂടിയും കരോട്ട് മൊയ്തീൻകുട്ടി ഹാജി, വടക്കവിട്ടിൽ മാമ്മുദ് എന്നിവരുടെ നേതൃത്വത്തിലും 500യൂണിഫോം ധരിച്ച ഖിലാഫത്ത് വളണ്ടിയറൻമാരുൾപ്പെടെ ധാരാളമാളുകൾ ജാഥയായി തിരൂരങ്ങാടി കച്ചേരിക്കു മുമ്പിൽ പ്രകടനം നടത്തി. ജനങ്ങൾ രോഷാകുലരായി മാറുന്നത് കണ്ട കലക്ടർ, ആലി മുസ്ലിയാരെ അറസ്റ്റു ചെയ്യുവാൻ യാതൊരു ഉദ്ദേശ്യവുമില്ലെന്ന് നേതാക്കൾക്ക് ഉറപ്പുകൊടുത്തു. അതിന് ശേഷമാണ് ജനങ്ങൾ പിരിഞ്ഞുപോയത്.18. എന്നാൽ ആലി മുസ്ലിയാരെ ഒഴിവാക്കിയെങ്കിലും ക്രിമിനൽ പ്രൊസീഡിങ്ങ്സ് 107-ാം വകുപ്പനുസരിച്ച് തിരൂരങ്ങാടിയിലെ മറ്റു പ്രമുഖ ഖിലാഫത്ത്-കോൺഗ്രസ്സുകാരുടെ പേരിൽ നടപടി സ്വീകരിക്കുകയാണ് പിന്നീട് അധികാരികൾ ചെയ്തത്. ഈ അറസ്റ്റും, ഖിലാഫത്ത്- കോൺഗ്രസ്സ് ഓഫീസ് പരിശോധനകളും എല്ലാം കൂടി സ്ഫോടനാത്മകമായ പരിതസ്ഥിതിയാണ് തിരൂരങ്ങാടിയിലും മലബാറിലും മറ്റു സ്ഥലങ്ങളിലും സംജാതമാക്കിയത്.

ഇതിനൊക്കെ മകുടം ചാർത്തുന്ന സംഭവമായിരുന്നു 1921 ജൂലൈ 30-ാം തിയ്യതി പൂക്കോട്ടൂരുണ്ടായത്. അവിടത്തെ ഖിലാഫത്ത് കമ്മിറ്റി സെക്രട്ടറിയും, കർഷകസംഘം നേതാവുമായിരുന്ന വടക്കുവീട്ടിൽ മാമ്മുദിനെ ഈ വക പ്രവർത്തനത്തിൻെറ അടിസ്ഥാനത്തിൽ നിലമ്പൂർ കോവിലകം കാര്യസ്ഥാനത്തു നിന്നും നീക്കം ചെയ്തിരുന്നു. മാത്രമല്ല, കോവിലകത്ത് നിന്നും ഒരു തോക്ക് മോഷ്ടിച്ചു എന്നാരോപിച്ച് അദ്ദേഹത്തെ കസ്റ്റഡിയിലെടുക്കുവാൻ ഇൻസ്പെക്ടർ നാരായണ മേനോൻ സ്ഥലത്തെത്തി. മാമ്മുദിൻെറ വീട് പരിശോധന നടത്തി. പക്ഷെ സംഘടിതമായ എതിർപ്പിൻെറ ഫലമായി മാമ്മുദിനെ അറസ്റ്റുചെയ്യുവാനൊക്കാത്ത പരിതസ്ഥിതി അന്നുളവായി. ഈ കള്ളക്കേസും മറ്റും ഖിലാഫത്ത് പ്രവർത്തനത്തെ അടിച്ചമർത്താനാണെന്ന് ജനങ്ങൾ ശരിക്കും ധരിച്ചു.

ജനങ്ങളുടെ സംഘടിത സന്നാഹങ്ങളും പ്രതിഷേധവും അതിശക്തമാണെന്നു മനസ്സിലാക്കിയ ഇൻസ്പെക്ടറും അധികാരിയും സൂത്രത്തിൽ ഒഴിഞ്ഞുമാറി രക്ഷപ്പെട്ടെങ്കിലും, ഉണ്ടായതിനേക്കാൾ അതിഭാവുകത്വത്തോടു കൂടിയ റിപ്പോർട്ടാണ് കളക്ടർക്ക് അദ്ദേഹം സമർപ്പിച്ചത്.19. മലബാറിൽ ഭീകരമായ അക്രമവും നിയമരാഹിത്യവും നടക്കുന്നതായും അതിനെ അമർച്ച ചെയ്യാൻ വ്യാപകമായ അറസ്റ്റും പരിശോധനകളും നടത്തേണ്ടതുണ്ടെന്നും അതിന് അനുമതി നൽകണമെന്നും കലക്ടർ മദ്രാസ് ഗവൺമെൻറിന്നെഴുതി.20. മദ്രാസ് ഗവൺമെൻറിൻെറ അനുമതി കിട്ടാത്തതിനെ തുടർന്ന് ആഗസ്റ്റ് 16നു വീണ്ടും അദ്ദേഹം ഗവർണ്ണർക്കെഴുതിയ കത്തിൽ ആലി മുസ്ലിയാരേയും കൂട്ടരേയും അറസ്റ്റ് ചെയ്യുവാനും, പള്ളികളും വീടുകളും മിന്നൽ പരശോധന നടത്തുവാനും അനുവാദം ചോദിച്ചിരുന്നു.21. അവസാനം ആഗസ്റ്റ് 19-ാം തിയ്യതി കളക്ടറുടെ നേതൃത്വത്തിൽ കോഴിക്കോട് നിന്നും വലിയൊരു സേന തിരൂരങ്ങാടിക്കു പുറപ്പെട്ടു. പോലീസ് സൂപ്രണ്ട് ഹിച്ച്കോക്കിൻെറ കീഴിൽ 100 സ്പെഷ്യൽ പോലീസുകാരും ക്യാപ്റ്റൻ മെക്ക്നെറിയുടെ കീഴിൽ 70 പട്ടാളക്കാരുമുള്ള ഒരു റെജിമെൻറുമാണ് തിരൂരങ്ങാടിയിലെത്തിയത്.22.

രാത്രിയിലാണ് തിരൂരങ്ങാടി പള്ളി വളഞ്ഞ് പരിശോധന നടത്തിയത്. വിചാരിച്ചതു പോലെ ആയുധങ്ങളോ, സന്നാഹങ്ങളോ അവിടെയില്ലായിരുന്നു. ആലി മുസ്ലിയാർ, കാരാടൻ മൊയ്തീൻ, ലവക്കുട്ടി, കുഞ്ഞലവി തുടങ്ങിയവരെ അറസ്റ്റ് ചെയ്യുവാനുദ്ദേശിച്ചാണ് തിരച്ചിൽ ആരംഭിച്ചതെങ്കിലും ഇവരെ ആരേയും അവിടെ കണ്ടില്ല. എന്നാൽ തിരൂരങ്ങാടിയിൽ പേരും പെരുമയുമുണ്ടായിരുന്ന പൊറ്റയിൽ മമ്മതാജിയേയും അദ്ദേഹത്തിൻെറ തൊട്ടടുത്ത വീട്ടുകാരനായ ഒസ്സാൻ മമ്മുവിനേയും അദ്ദേഹത്തിൻെറ മകനേയും അവരുടെ വീടുകളിൽ നിന്നും കസ്റ്റഡിയിലെടുക്കുവാൻ സാധിച്ചു. ഇവരെ അറസ്റ്റ്ചെയ്തതിന് ശേഷമാണ് പള്ളിയിൽ കയറി പരിശോധിക്കുന്നത്. ഈ അറസ്റ്റ് ചെയ്തവരിൽ പൊറ്റയിൽ മമ്മതാജി, ആലി മുസ്ലിയാരുടെ നിർദ്ദേശങ്ങൾ അക്ഷരംപ്രതി നടപ്പാക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. 1921 ഫെബ്രുവരിയിൽ തിരൂരങ്ങാടിയിൽ നിന്നും അകാരണമായി അറസ്റ്റ് ചെയ്ത് ശിക്ഷിക്കപ്പെട്ട പൊറ്റയിൽ അബൂബക്കർ, പൊറ്റയിൽ കുഞ്ഞുമുഹമ്മദ് എന്നിവരിൽ ആദ്യത്തെ ആൾ മമ്മതാജിയുടെ അനുജനും രണ്ടാമൻ അദ്ദേഹത്തിൻെറ മൂത്ത മകനുമാണ്. മമ്മതാജിയുടെ മകളുടെ മകനാണ് തിരൂരങ്ങാടിയിലെ പൗര പ്രമുഖരിലൊരാളായിരുന്ന

സി.പി. മുഹമ്മദ് ഹാജി, പൊറ്റയിൽ കുടുംബക്കാരേയും ബന്ധുക്കളേയും മിക്കവാറും തൂക്കിലടക്കുകയും, കേസ്സുകളിൽ കുടുക്കുകയും അറസ്റ്റ് ചെയ്ത് ശിക്ഷിച്ചിരുന്നതായും കാണുന്നു. നേരം പുലരുന്നതിന് മുമ്പുതന്നെ അറസ്റ്റ് ചെയ്യേണ്ടവരെ മുഴുക്കെ വീടുകൾ വളഞ്ഞ് കസ്റ്റഡിയിലെടുക്കണമെന്ന ഉദ്ദേശ്യമായിരുന്നു അധികാരികൾക്കുണ്ടായിരുന്നത്.

ഡി.ഐ.ജി. മെയിൻവാറിങ്ങ് ഇത് സംബന്ധിച്ച് ഐ.ജി.ക്കെഴുതുന്നതിപ്രകാരമാണ്, "ഞാനും ഹിച്ച്കോക്കും പരിശോധനകൾ തീരുന്നതുവരെ ഉണ്ടായിരുന്നു. അതിന് ശേഷം ഞങ്ങളിരുവരും കൂടി അരമൈൽ നടന്ന് ആലി മുസ്‌ലിയാരുടെ വീട് കണ്ടുപിടിച്ച് അവിടെ ചെന്നു. വീട് പൂട്ടി കിടന്നിരുന്നതിനാൽ ബലം പ്രയോഗിച്ച് പൂട്ട് തുറന്ന് അകത്ത് പ്രവേശിച്ചെങ്കിലും വീട് ഒഴിഞ്ഞു പോയിരിക്കുകയായിരുന്നു."23.

അർദ്ധരാത്രി നടന്ന ഈ മിന്നൽ പരിശോധനയും പട്ടാളത്തിന്റെ പെരുമ്പറയടിയുമെല്ലാം 20-ാം തിയ്യതി പ്രഭാതത്തെ തൊട്ടുണർത്തിയത് നിരവധി കഥകളുമായിട്ടായിരുന്നു. മമ്പുറംപള്ളി തകർത്തെന്നും മറ്റുള്ള എല്ലാ പള്ളികളും നശിപ്പിക്കുവാനുള്ള ആസൂത്രിതപദ്ധതി നടപ്പാക്കുവാൻ പോകുകയാണെന്നും കിംവദന്തി നാടാകെ പരക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്തു. ലഹളയെ സംബന്ധിച്ചെഴുതിയ പലരും പറയുന്നത് മിന്നൽ പരിശോധനയിൽ കാര്യമായ ഫലം ലഭിക്കാത്തതിനാൽ പോലീസുകാർ തന്നെ ഈ കള്ളക്കഥ പ്രചരിപ്പിതാണെന്നും മാപ്പിളമാരെ പ്രകോപിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കുതന്ത്രമായിരുന്നു ഇതെന്നുമാണ്. ഇതിന് ഉദ്ദേശിച്ച ഫലവുമുണ്ടായി. നിസ്സഹകരണക്കാരോടും ഖിലാഫത്ത്കാരോടും ബ്രിട്ടൻ യുദ്ധം പ്രഖ്യാപിച്ചതായി നാട്ടിലുടനനീളം പ്രചരിപ്പിക്കപ്പെട്ട കഥകേട്ട്, താനൂർ, പരപ്പനങ്ങാടി, പെരിന്തൽമണ്ണ, തൂവൂർ, കരുവാരക്കുണ്ട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ജനങ്ങൾ വലിയ ജാഥയായി തിരൂരങ്ങാടിക്ക് പുറപ്പെട്ടു. പരപ്പനങ്ങാടിയിൽ നിന്നു ഖിലാഫത്ത് കൊടിയുമായെത്തിയ ജനക്കൂട്ടത്തെ തിരൂരങ്ങാടിയിൽ നിന്നും രണ്ടു മൈൽ അകലെ വെച്ച് പട്ടാളക്കാർ നേരിട്ടു. വെടിവെപ്പിന്റെ ഫലമായി 9 പേർ മരണമടഞ്ഞു. ഖിലാഫത്ത് സെക്രട്ടറി കുഞ്ഞിക്കാദർ ഉൾപ്പെടെ പലരേയും കസ്റ്റഡിയിലാക്കിയ അധികാരികൾ തിരൂരങ്ങാടിയിലേക്ക് മടങ്ങി. അപ്പോഴേക്കും പല ഭാഗത്തു നിന്നുമായി ആയിരക്കണക്കിന് ജനങ്ങൾ തിരൂരങ്ങാടിയിലേക്ക് പ്രവഹിക്കുവാൻ തുടങ്ങിയിരുന്നു. ഇതിലൊന്നിലും ആലി മുസ്‌ലിയാർ നേരിട്ട് ഇടപെട്ടിരുന്നില്ല എന്ന് ഇവാൻസ് കലാപത്തെക്കുറിച്ചുള്ള തന്റെ കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, രോഷാകുലരായ ജനസഹസ്രത്തെ സമാധാനിപ്പിക്കുവാനുള്ള ശ്രമവും അദ്ദേഹം നടത്തി. അറസ്റ്റു ചെയ്തവരെ വിട്ടുതരുവാൻ കലക്ടറോടും മറ്റും ആവശ്യപ്പെടാമെന്നും ജനങ്ങൾ സമാധാനപരമായി പെരുമാറണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ആലി മുസ്‌ലിയാരും മറ്റു ചിലരുംകൂടി നിവേദനവുമായി അധികാരികളുടെ അടുക്കലേക്ക് നീങ്ങി. ജനങ്ങളും അവരെ പിന്തുടരുന്നുണ്ടായിരുന്നു. ജനക്കൂട്ടത്തോട് കച്ചേരിപറമ്പിൽ ഇരിക്കുവാൻ അധികാരികൾ ആവശ്യപ്പെട്ടു. അവർ അതനുസരിച്ചെങ്കിലും അതിനിടക്ക് വെടിവെക്കാനുള്ള കൽപ്പനയാണുണ്ടായത്. നിരപരാധികളായ ജനങ്ങൾ പേപ്പട്ടികളെപ്പോലെ വേട്ടയാടപ്പെട്ടു. അന്യായവും പ്രകോപിതവുമായ ഈ പ്രവൃത്തി കൈയ്യും കെട്ടി സഹിക്കുവാൻ ജനങ്ങൾ തയ്യാറായില്ല. കയ്യിൽ കിട്ടിയ വടിയും തടിയുമായി അവർ പട്ടാളത്തെ നേരിട്ടു. ജോൺസൺ, റൗലി, മൊയ്തീൻ എന്നീ പട്ടാള-പോലീസ് ഉദ്യോഗസ്ഥൻമാർ ജനരോഷത്തിന്റെ പ്രതികാരത്തിനിരയായി മരണമടഞ്ഞു. ഈ സംഘട്ടനത്തിൽ 17 പേർ മരിക്കുകയും 7 പേർക്ക് അപായകരമായ പരിക്കുകൾ പറ്റുകയും ചെയ്തു.24. കലക്ടറും പോലീസ് സേനയും പരാജയം സമ്മതിച്ച് മജിസ്ട്രേട്ട് കച്ചേരിയിൽ കയറി കതകടച്ച് രക്ഷപ്പെട്ടു. പിറ്റേദിവസം വളരെ കഷ്ടപ്പെട്ട് ഫറോക്ക് വരെ റെയിൽപാളത്തിൽ കൂടി നടന്ന് എതിർപ്പുകളെ നേരിട്ടു കൊണ്ടാണ് കോഴിക്കോട്ട് തിരിച്ചെത്തുന്നത്. വഴിക്കുവെച്ച് എതിർത്ത വിപ്ലവകാരികളിൽ 72 പേരെ ഇതിനിടയിൽ വെടിവെച്ചു കൊന്നിരുന്നുവെന്നോർക്കേണ്ടതുണ്ട്.

ഇതോടെ ഇനിയൊരു സന്ധിക്കും സാദ്ധ്യമല്ലെന്ന് ആലി മുസ്‌ലിയാരും അനുയായികളും മനസ്സിലാക്കി. ഏറനാടിനെ പല ഭാഗമായി തിരിച്ച് ഓരോ സ്ഥലത്തും ഖിലാഫത്ത് ഗവൺമെൻറുകൾ സ്ഥാപിക്കുകയാണ് പിന്നീടുണ്ടായത്.

തിരൂരങ്ങാടിയിലും പരിസരപ്രദേശത്തും നിലവിൽ വന്ന ഖിലാഫത്ത് ഗവൺമെൻറിന്റെ തലവനായി ആലിമുസ്‌ലിയാർ അവരോധിക്കപ്പെട്ടു. ലവക്കുട്ടി പ്രധാനമന്ത്രിയും കുഞ്ഞലവി ലഫ്റ്റനൻറ് ജനറലുമായിരുന്നു.

തിരൂരങ്ങാടിയിൽ നടന്ന അനിഷ്ട സംഭവങ്ങളറിഞ്ഞയുടൻ കെ.പി. കേശവമേനോൻ, ഇ. ഗോപാലമേനോൻ, മാണിക്കാത്ത് ഗോപാലമേനോൻ, പൊൻമാടത്ത് മൊയ്തീൻകോയ, കൊടുങ്ങല്ലൂർ ശേഖര മേനോൻ, കുഞ്ഞഹമ്മദ്, കെ. മാധവമേനോൻ, ടി.വി. ചാത്തുക്കുട്ടി മേനോൻ, എ.പി. മൊയ്തീൻകോയ, മധുരവനം ഗോവിന്ദക്കുറുപ്പ് എന്നീ കോൺഗ്രസ്സ്-ഖിലാഫത്ത് പ്രവർത്തകർ കലക്ടറുടെ അനുവാദം വാങ്ങി ആലി മുസ്‌ലിയാരെ കാണുവാൻ തിരൂരങ്ങാടിയിലേക്ക് പുറപ്പെട്ടു. ഇവർ തിരൂരങ്ങാടിയിലെത്തി ആലി മുസ്‌ലിയാരേയും മറ്റും കണ്ട് സംഭാഷണം നടത്തിയതുമൊക്കെ വളരെ ഹൃദയസ്പൃക്കായവിധം കെ.പി. കേശവമേനോൻ, 'കഴിഞ്ഞകാലം', എന്ന ഗ്രന്ഥത്തിൽ വിവരിക്കുന്നുണ്ട്.25. ആലി മുസ്‌ലിയാർ സമാധാനത്തിനും സന്ധി സംഭാഷണത്തിനും തയ്യാറായിരുന്നുവെങ്കിലം അനുയായികളിലാരും അതിനൊരുക്കമുണ്ടായിരുന്നില്ല. കീഴടങ്ങിയാലും ഇഞ്ചിഞ്ചായി കൊല്ലുമെന്ന് കരുതിയ അവരൊക്കെ അന്തിമസമരം ചെയ്ത് വീരമൃത്യു വരിക്കുവാനാണിഷ്ടപ്പെട്ടിരുന്നത്. തൻമൂലം ഖിലാഫത്ത് നേതാക്കൻമാരുടെ ദൗത്യം പരാജയപ്പെട്ടു.

ഇതേതുടർന്ന് പ്രതിരോധ പ്രവർത്തനങ്ങളാണ് ഇരുഭാഗത്തും നടന്നത്. ആഗസ്റ്റ് 30-ാം തിയ്യതി വലിയ സന്നാഹത്തോടെ



*മമ്പുറം മസ്ജിദ് അലവിതങ്ങളുടെ മഖാം*

യുദ്ധത്തിനൊരുങ്ങി പുറപ്പെട്ട ഇംഗ്ലീഷ് സേന മലപ്പുറത്തെത്തി പള്ളി വളഞ്ഞു. കുറ്റിപ്പുറത്ത് നിന്ന് ഒരു സേനാവിഭാഗം മലപ്പുറത്തെത്തി. അവിടെ നിന്നും തിരൂരങ്ങാടിയിലെത്തണമെന്നും മറ്റൊരു സേനാവിഭാഗം തിരൂർ നിന്നും തിരൂരങ്ങാടിയിലെത്തി, ഇരുകൂട്ടരും യോജിച്ച് സൈനിക പ്രവർത്തനം നടത്തണമെന്നുമായിരുന്നു ആസൂത്രിത പദ്ധതി. കുറ്റിപ്പുറത്തുനിന്നുള്ള സൈന്യം 28-ാം തിയ്യതി മലപ്പുറത്തെത്തി. രണ്ടു സേനാവിഭാഗവും തിരൂരങ്ങാടിയിൽ സന്ധിച്ച് സൈനിക പ്രവർത്തനം തുടങ്ങി. ഒരു വിഭാഗം പള്ളി വളഞ്ഞു. അടുത്ത പ്രഭാതത്തോടെ ഇരുകൂട്ടരും നിറയൊഴിക്കുവാൻ തുടങ്ങി. ആലി മുസ്‌ലിയാരുൾപ്പെടെ 114 പേരാണ് പള്ളിയിലുണ്ടായിരുന്നത്. ചിലർ പള്ളിയിൽ നിന്നും പുറത്തുചാടി ഇംഗ്ലീഷ് സൈന്യത്തെ നേരിട്ടെതിർത്തു. 24 പേർ ഈ യുദ്ധത്തിൽ മരണമടഞ്ഞു. കീഴടങ്ങിയില്ലെങ്കിൽ ഡയനാമിറ്റ് വെച്ച് പള്ളി തകർക്കുമെന്ന ഭീഷണി കേട്ട് ആലി മുസ്‌ലിയാരും അവശേഷിച്ച 37 അനുയായികളും വെള്ളക്കൊടിക്കാട്ടി കീഴടങ്ങുകയാണുണ്ടായത്.26. പള്ളിയിൽ നിന്നും 16 തോക്കും കുറെ വെടിമരുന്നും നിരവധി വാളും പിടിച്ചെടുത്ത കൂട്ടത്തിൽ ഉൾപ്പെടുന്നു.27. യുദ്ധത്തിനിടക്ക് പള്ളിയിൽ നിന്നും പുഴയിലേക്ക് ചാടി കുറ്റിക്കാടുകളിലൂടെ രക്ഷപ്പെട്ട 52 പേരുണ്ടായിരുന്നു.

ആലി മുസ്‌ലിയാരേയും 37 അനുയായികളേയും തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുമാണ് കോയമ്പത്തൂർക്ക് കൊണ്ടുപോയത്. അതും സാമാനവണ്ടിയുടെ വാഗണിൽ തന്നെയായിരുന്നുവെന്ന് 'വാഗൺ ട്രാജഡി അന്വേഷണത്തിൽ നിന്നും തെളിഞ്ഞിരുന്നു. പക്ഷേ അന്ന് അപകടം കൂടാതെ



*തിരൂരങ്ങാടി പള്ളി*

ലക്ഷ്യസ്ഥലത്തെത്തി. ആലി മുസ്‌ലിയാരേയും 12 അനുയായികളേയും തൂക്കിക്കൊല്ലാനാണ് വിധിച്ചത്. മൂന്നുപേരെ ആൻഡമാൻ ദ്വീപിലേക്ക് നാടുകടത്തി. 22 പേർക്ക് ജീവപര്യന്തം തടവു ശിക്ഷയാണ് നൽകിയത്.28. ആലി മുസ്‌ലിയാരോടൊപ്പം തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടവർ താഴെ പറയുന്നവ രായിരുന്നു. 1. കൊങ്കൻപറമ്പിൽ രായിൻ, 2. ഉമ്മിയെൻ അഹമ്മദ്, 3.ചീനകത്ത് മമ്മദ്കുട്ടി, 4. പനയ്ക്കൽ ഉണ്ണീൻകുട്ടി, 5. കൂലിപ്പാക്കൽ ഹസ്സൻകുട്ടി, 6. ഇരുമ്പൻ മമ്മദ്കുട്ടി, 7. എളം പുളശ്ശേരി മൊയ്തീൻകുട്ടി ഹാജി, 8. മുട്ടാപൊക്കായി, 9. പട്ടാളത്തിൽ കുട്ടശ്ശേരി അഹമ്മദ്, 10. കടയ്ക്കാട്ടിൽ കുഞ്ഞാലൻ കുട്ടി, 11. സി. കുഞ്ഞി ചേക്കു, 12. കുട്ടശ്ശേരി അഹമ്മദ്.29.

ആലി മുസ്‌ലിയാരും അനുയായികളും വൈസ്രോയിക്ക് ദയാഹർജി സമർപ്പിച്ചിരുന്നു.30. ഒരുപക്ഷെ അനുകമ്പാപൂർവ്വമായ മറുപടി ഉണ്ടാകാനിടയുണ്ടെന്ന് മനസ്സിലാക്കിയ

പട്ടാള അധികാരികൾ കാലവിളംബമൊഴിവാക്കണമെന്നും, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, സീതി തങ്ങൾ, കരോട്ട് മൊയ്തീൻകുട്ടി ഹാജി തുടങ്ങിയവരെ തൂക്കിലിട്ട് കഴിഞ്ഞ നിലക്ക് ആലി മുസ്‌ലിയാരെ വിട്ടയക്കുന്നത് ഇരട്ടത്താപ്പ് നയമാകുമെന്നും, 'പട്ടാളക്കോടതിവിധിയും വൈസ്രോയിയുടെ ദയ'യും തമ്മിൽ ജനങ്ങൾ തട്ടിച്ചു നോക്കി പരിഹസിക്കുമെന്നും എത്രയും വേഗം മുസ്‌ലിയാരെ തൂക്കിലേറ്റുവാനനുവദിക്കണമെന്നും എഴുത്തുകൾ അയച്ചുകൊണ്ടിരുന്നു.31. ഈ സമ്മർദ്ദങ്ങളുടെ ഫലമായി ആലി മുസ്‌ലിയാരുടേയും അനുയായികളുടേയും ദയാഹർജി തിരസ്ക്കരിക്കപ്പെട്ടു.

1922 ഫെബ്രുവരി 17-ാം തിയ്യതിയാണ് ആലി മുസ്‌ലിയാരേയും മറ്റു 12 പേരെയും കോയമ്പത്തൂർ സെൻട്രൽ ജയിലിൽ വെച്ച് തൂക്കികൊന്നത്. മലബാർ വിപ്ലവത്തിലെ അതികായനായ ആലി മുസ്‌ലിയാരുടേയും അനുയായികളുടേയും മയ്യത്ത് ഏറ്റുവാങ്ങുവാൻ വ്യക്തികളെ അനുവദിക്കുകയില്ലെന്ന് ജയിൽ പരിസരത്തു തടിച്ചുകൂടിയ മുസ്ലിം സഹോദരങ്ങളോടു നിഷ്ക്കരുണം ജയിലധികൃതർ അറിയിച്ചു. അതിൻെറ ഫലമായി കോയമ്പത്തൂരുള്ള മലയാളി മാപ്പിളമാർ അവരുടെയിടയിൽ പ്രധാനിയായിരുന്ന ജനാബ്. പി.പി. പരീത് സാഹിബിൻെറ നേതൃത്വത്തിൽ ഉടൻ തന്നെ മലബാർ മുസ്ലിം അസോസിയേഷൻ എന്ന ഒരു സംഘടന രൂപീകരിക്കുകയും ആലി മുസ്‌ലിയാരുടേയും മറ്റു 12 പേരുടേയും മയ്യത്ത് ഏറ്റുവാങ്ങുകയും ചെയ്തു. കോയമ്പത്തൂർ ശുക്രം പേട്ടയിലുള്ള ഖബർസ്ഥാനിൽ അദ്ദേഹത്തേയും അനുയായികളേയും വലിയ ഒരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ മറവു ചെയ്തു. ആലി മുസ്‌ലിയാരുടെ മൃതദേഹം ജയിൽ വളപ്പിൽ നിന്നും ചുമന്നവരുടെ കൂട്ടത്തിലുണ്ടായിരുന്ന ടി. കുഞ്ഞിബാവ വൈദ്യർ അടുത്ത കാലം വരെ ജീവിച്ചിരുന്നു. ആലി മുസ്‌ലിയാരുടേയും തൂക്കിലേറ്റിയ മറ്റുള്ളവരുടേയും സ്മരണക്കായി നവാബ് ഹക്കീം റോഡിൽ ഒരു സ്മാരക സൗധം കോയമ്പത്തൂർ മലയാളികൾ കെട്ടി ഉയർത്തിയിട്ടുണ്ട്. ഈ മനോഹരമായ മൂന്നു നില കെട്ടിടത്തിൻെറ ഒരു നിലയിൽ സൗജന്യ ഹോമിയോ ചികിൽസയും മറ്റൊന്നിൽ അറബി പഠനത്തിനുള്ള ഒരു മദ്രസ്സയും നടത്തുന്നു. കെട്ടിടത്തിൻെറ പ്രധാനഹാളിലേക്ക് കടക്കുന്നതിനു മുമ്പായി അവിടെ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്ന അനുസ്മരണം ഇപ്രകാരമാണ്.

"നമ്മുടെ രാജ്യത്തെ അടിമത്തത്തിൽ നിന്ന് കരകയറ്റുവാൻ വേണ്ടി 1921ലെ മലബാർ കലാപകാലത്ത് കോയമ്പത്തൂർ സെൻട്രൽ ജയിലിലെ തൂക്കുമരത്തെ ധീരതയോടെ നേരിട്ട ഇസ്ലാമിലെ രക്തസാക്ഷികളായ ആലി മുസ്‌ലിയാരുടേയും അദ്ദേഹത്തിൻെറ അനുയായികളുടേയും പാവനമായ സ്മരണക്കായി ഇത് സമർപ്പിച്ചിരിക്കുന്നു. അവരുടെ ആത്മാക്കൾ ശാശ്വത ശാന്തി പുൽകുമാറാകട്ടെ. അവരുടെ നിത്യചൈതന്യം ഇസ്ലാമികാദർശങ്ങൾക്കൊത്തുയരുവാൻ നമുക്ക് പ്രചോദനം നൽകട്ടെ - ആമീൻ"

"Dedicated to the Sacred memory of the Martyrs of Islam, Ali Musaliar and his followers who braved the British gallows of Combatore Central Jail during the Mappilla Rebellion in 1921 to free our country from slavery.

May their souls rest in tranquility and their spirits arouse us to live up to the ideals of Islam"- Ameen.

അന്ന് ദേശാഭിമാനികളായ കോയമ്പത്തൂർ മലയാളികൾ രൂപീകരിച്ച മലബാർ മുസ്ലിം അസോസിയേഷനാണ് പിന്നീട് കേരള മുസ്ലിം എഡ്യുക്കേഷണൽ അസോസിയേഷനായി ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അവരാണ് മലബാറിലാരും ചെയ്യാതിരുന്നതും ചെയ്യേണ്ടതുമായിരുന്ന ഒരു സ്മാരകം ആലി മുസ്‌ലിയാർക്കും മറ്റുള്ളവർക്കുമായി പണിതുയർത്തിയത്. മലബാറിൽ നടന്ന ഐതിഹാസികമായ 1921ലെ വിപ്ലവത്തെക്കുറിച്ച് അൽപ്പമായെങ്കിലും അറിയാവുന്നവർക്ക് ആലി മുസ്‌ലിയാരുടേയും അനുയായികളുടേയും ഓർമ്മക്കായി പണിതുയർത്തിയ ഈ കെട്ടിടം തമിഴ്നാടിൻെറ പ്രധാന നഗരികളിലൊന്നിൽ നിലനിൽക്കുന്നത് ആവേശം ജനിപ്പിക്കാതിരിക്കുകയില്ല. അന്ന് ചൊരിഞ്ഞ മനുഷ്യരക്തത്തെപ്പറ്റിയും, അക്കാലത്ത് മലബാറിൽ ഇംഗ്ലീഷ് രാക്ഷസൻമാർ നടത്തിയ നീചനീചമായ കൂട്ടക്കൊലകളേയും മാനഭംഗങ്ങളേയും കുറിച്ചും കേട്ടറിഞ്ഞിട്ടുള്ളവർക്ക് കൂടിയും മനോഹരമായ ഈ സ്മാരക സൗധം രോമാഞ്ചദായകമാണ്.

അക്രമരാഹിത്യത്തിലും അഹിംസയിലും വിശ്വസിച്ചിരുന്ന ആലി മുസ്‌ലിയാരെ പറ്റി ഇവാൻസ് പോലും തൻെറ വിധിന്യായത്തിൽ ഒരിടത്ത് പ്രസ്താവിക്കുന്നത്, ആഗസ്റ്റ് 20-ാം തിയ്യതിയിലെ തുറന്ന സംഘട്ടനത്തിൽ ആലി മുസ്‌ലിയാർ പങ്കാളിയായിരുന്നില്ലെന്ന് തന്നെയാണ്.32. എന്നാൽ അദ്ദേഹത്തിൻെറ പേരിലുണ്ടായിരുന്ന പ്രധാന ആരോപണം ഇംഗ്ലീഷ് ഭരണാധികാരികളെ അനുസരിക്കേണ്ടതില്ലെന്നും നികുതി കൊടുക്കരുതെന്നും ഇംഗ്ലീഷുകാർക്കെതിരായുള്ള യുദ്ധത്തിൽ പങ്കാളികളാകണമെന്നും ജനങ്ങളെ ഉദ്ബോധിപ്പിച്ചിരുന്നുവെന്നതാണ്. പുറമെ ലഹളയിലെ നേതാക്കൻമാരെല്ലാം അദ്ദേഹത്തിൻെറ ശിഷ്യൻമാരോ, സുഹൃത്തുക്കളോ ബന്ധുക്കളോ ആയിരുന്നുവെന്നും അദ്ദേഹം വിചാരിച്ചിരുന്നുവെങ്കിൽ ഇത്രവലിയ ഒരു സംഘട്ടനം ഒഴിവാക്കുവാൻ സാധിക്കുമായിരുന്നുവെന്നുമാണ്. ആലി മുസ്‌ലിയാർ കേസ് വിധിന്യായത്തിൽ ഇവാൻസ് ഇത് തറപ്പിച്ചു പറയുന്നതിങ്ങനെയാണ്. ആലി മുസ്‌ലിയാരുടെ ശിഷ്യനായിരുന്നു വടക്കുവീട്ടിൽ മാമ്മുദ്. കുഞ്ഞിക്കോയ തങ്ങളാകട്ടെ അദ്ദേഹത്തിൻെറ സുഹൃത്തും സന്തതസഹചാരിയുമാണ്. താനൂരിലെ കുഞ്ഞിക്കാദർ ആലി മുസ്‌ലിയാരുടെ ഏതാജ്ഞയും ശിരസ്സാവഹിക്കുമായിരുന്നു. നെല്ലിക്കുത്തിലെ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി മുസ്‌ലിയാരുടെ നാട്ടുകാരനും ബന്ധുത്വമുള്ള ആളുമായിരുന്നു. ലവക്കുട്ടിയും കുഞ്ഞലവിയും ആലി മുസ്‌ലിയാരുടെ ലഫ്റ്റനൻറ്മാരും, കാരാടൻ മൊയ്തീൻകുട്ടി, കാരോട്ട് മൊയ്തീൻ കുട്ടി ഹാജി, പറയേരിൽ കുഞ്ഞഹമ്മദ്, തൊറയിൽ കുഞ്ഞു മുഹമ്മദ് ഹാജി എന്നിവർ അദ്ദേഹത്തിൻെറ അടുത്ത ശിഷ്യൻമാരുമാണ്.33.

മുസ്‌ലിയാർക്ക് വേണമെങ്കിൽ തന്റെ സഖാക്കളെ ഇട്ടെറിഞ്ഞ് സ്വയം രക്ഷപ്പെടാൻ സാധിക്കുമായിരുന്നു. എങ്കിലും കടുത്ത ഇംഗ്ലീഷ് വിരോധിയായ അദ്ദേഹം അവരുടെ മുമ്പിൽ പരാജയം സമ്മതിച്ചു അടിയറ വെക്കുവാൻ ഒരുക്കമായിരുന്നില്ല. ഇംഗ്ലീഷ് സൈന്യത്തോടേറ്റുമുട്ടുന്നത് വ്യർത്ഥമായ ആത്മാഹുതിയാണെന്നറിഞ്ഞുകൊണ്ട് തന്നെ തന്റെ അനുയായികളോടൊപ്പം അവസാനം വരെ അദ്ദേഹം പതറാതെ നിന്നു. ഐതിഹാസികമായ ഒരു സമരത്തിലെ അനിഷേധ്യനായ ആ നേതാവിന് പിൻതലമുറ നൽകിയ അനുസ്മരണം കൃതഘ്നതയുടേതാണ്. ചരിത്രത്തിൽ അർഹിക്കുന്ന സ്ഥാനം വയോധികനായ ഈ സഹകരണത്യാഗിക്ക് ലഭിച്ചിട്ടുണ്ടോ എന്ന കാര്യം അദ്ദേഹം മരിച്ചിട്ട് 74 വർഷം കഴിഞ്ഞ ഈ അവസരത്തിലെങ്കിലും നിഷ്പക്ഷമായി നാം പരിശോധിക്കേണ്ടിയിരിക്കുന്നു.



*ആലി മുസലിയാരുടെ മകൻ അബ്ദുല്ലക്കുട്ടി മുസലിയാരുടെ മരണശയ്യയിൽ - ഡോ. സി.എ. അബ്ദുൾ സലാം, ഡോ. കെ.കെ. എൻ. കുറുപ്പ്, ഡോ. സി.കെ. കരീം*

1. *എഫ്.ബി. ഇവാൻസ്, ആലി മുസലിയാർ കേസുനമ്പർ 7/21.*
2. *Tottenham, Moplah Rebellion, op.cit, p 42.*
3. *Ibid, p 27.*
4. *D.O. Letter E.F. Thomas, Collector, August 16, 1921, Enclosure, list of persons whose arrest under the Mappilla Act XX, 1859 is necessary.*
5. *എച്ച്. ബാർലറ്റ്, കളക്ടർ ചീഫ് സെക്രട്ടറിക്കെഴുതുന്നത്, 1884 മെയ് 24, നമ്പർ 1267, ജുഡിഷ്യൽ വകുപ്പ്.*
6. *1894 മെയ് 16, നമ്പർ 488/എം.ജി.-1.*
7. *Mappila Rebellion 1896, vol I, p 94.*
8. *1896, April 26, Dis No. 47 M.*
9. *1896, September 10, November 1567, List A.*
10. *Tottenham, Moplah Rebellion 1921, op.cit, p 28.*
11. *Ibid, p 29.*
12. *F.B. Evans, Ali Musliyar case No 7/M, p 43.*
13. *F.B. Evans, Note on the Rebellion, op.cit, p 43.*
14. *K. Koyatty Moulavi, Malabar Kalapam of 1921, op.cit, p 11.*

15. കോൺഗ്രസ്സും കേരളവും, മുൻ ഉദ്ധരിച്ചത്, പുറം.
16. Tottenham, Moplah Rebellion 1921, op.cit. p 43.
17. Ibid, p 44.
18. Ibid.
19. Lt. Narayana Menon, Report of Inspector of Police, to the superintendent of Police, South Malabar dated August 2, 1921.
20. Letter from the District Collector to the Governor of Madras, August 7, 1921.
21. Ibid, August 16, 1921.
22. Tottenham, Moplah Rebellion, to the Governor of Madras, August 23, 1921.
24. F.B. Evans, Note on the Rebellion, op.cit.
25. കെ.പി. കേശവമേനോൻ, കഴിഞ്ഞകാലം, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 105-106.
26. Tottenham, Moplah Rebellion, op.cit. p 49.
27. F.B. Evans, Note on the Rebellion, op.cit.
28. Ibid, Ali Musaliar Case No. 7/21.
29. Ibid, Note on the Rebellion, op.cit.
30. Home Department, 1922 January 23.
31. Ibid, CX III, January 20, 1922, Malappuram.
32. F.B. Evans, Ali Musaliar Case No. 7/21.
33. Ibid.

## അനുബന്ധം II വടക്കുവീട്ടിൽ മാമ്മൂദ്

1921 ഏപ്രിൽ അവസാന ആഴ്ചയിൽ മഞ്ചേരിയിൽ നടന്ന കോൺഗ്രസ്സ് സമ്മേളനം കേരളത്തിലെ, പ്രത്യേകിച്ച് മലബാറിലെ രാഷ്ട്രീയ ചരിത്രത്തിൽ ഏറെ പ്രാധാന്യത്തോടു കൂടി സ്മരിക്കപ്പെടുന്ന സംഭവമാണ്. ഖിലാഫത്തിന് അനുകൂലമായും ജൻമി-കുടിയാൻ ബന്ധത്തിൽ കുടിയാൻെറ പക്ഷത്തും പ്രകടമായി ചേർന്നു നിന്നു കൊണ്ടുമുള്ള പ്രമേയങ്ങളും ആഹ്വാനങ്ങളും സമ്മേളനത്തിൻെറ പ്രത്യേകതകളായിരുന്നു. ഖിലാഫത്ത് പ്രമേയം കോമുമേനോൻ അവതരിപ്പിക്കുകയും സുന്ദരയ്യർ പിൻതാങ്ങുകയും ചെയ്തു. ഇൻഡ്യൻ മുസ്ലിംകളുടെ ന്യായമായ അഭിലാഷങ്ങൾക്കും അധികൃതർ അവർക്ക് നൽകിയ വാഗ്ദാനങ്ങൾക്കും അനുസരിച്ച് ഖിലാഫത്ത് വിഷയത്തിൽ തൃപ്തികരമായ ഒരു തീരുമാനം വേഗത്തിൽ വരുത്തണമെന്ന് ബ്രിട്ടീഷ് ഗവർമ്മേണ്ടിനോട് അഭ്യർത്ഥിക്കുക, അങ്ങനെ ചെയ്യാത്തപക്ഷം ഗവർമ്മേണ്ടുമായി ക്രമപ്രവൃദ്ധമായ നിസ്സഹകരണാനുഷ്ഠാനത്തിന് മുസ്ലിംകളും അവരോടൊപ്പം ഹിന്ദുക്കളും ഒരുങ്ങി ഇരിക്കുകയും ചെയ്യുക എന്നതായിരുന്നു ഖിലാഫത്ത് പ്രമേയം. ജൻമി-കുടിയാൻ പ്രമേയം അവതരിപ്പിച്ചത് കെ.പി. രാമൻ മേനോനായിരുന്നു.1. നിസ്സാരസംഗതികൾക്കായി കുടിയാൻമാരെ ജൻമിമാർ ദ്രോഹിച്ചിട്ടുള്ള പല ഉദാഹരണങ്ങളും പ്രമേയകർത്താവ് തൻെറ പ്രസംഗത്തിൽ പ്രസ്താവിക്കുകയും പാവപ്പെട്ട കുടിയാൻമാർക്ക് ജൻമിമാരിലും അവരുടെ കാര്യസ്ഥൻമാരിലും നിന്നും അനുഭവിക്കേണ്ടതായി വരുന്ന യാതനകൾക്ക് ഏക പരിഹാരം കുടിയാൻമാർക്ക് അവരുടെ കൈവശ ഭൂമികളിൽ ന്യായമായുള്ള അവകാശങ്ങൾ നിയമത്താൽ സംരക്ഷിച്ച് കൊടുക്കുകയാണെന്നും അഭിപ്രായപ്പെടുകയും ചെയ്തു. പി.എ. കൃഷ്ണമേനോനാണ് പ്രമേയത്തെ പിൻതാങ്ങിയത്. അക്കൊല്ലം തന്നെ ആഗസ്റ്റ് മാസത്തിൽ മഹാത്മഗാന്ധിയും ഷൗക്കത്തലിയും മലബാർ സന്ദർശിക്കുകയും ഇംഗ്ലീഷ്കാരുടെ 'സാത്താൻ ഭരണം' ഒരു വർഷത്തിനകം അവസാനിക്കുവാൻ പോകുകയാണെന്നും ജനങ്ങളൊന്നടങ്കം ഖിലാഫത്ത് - നിസ്സഹകരണ പ്രസ്ഥാനത്തിന് ആവേശത്തോടുകൂടി പിന്തുണ നൽകണമെന്നും ഉദ്ബോധിപ്പിച്ചിരുന്നു.2. ഇതോടെ ഖിലാഫത്ത്-നിസ്സഹകരണപ്രസ്ഥാനം മലബാറിൻെറ എല്ലാ മുക്കിലും മൂലയിലും ജനസഹസ്രങ്ങളുടെ ആവേശമായി മാറിയിരുന്നു. ഇരുന്നൂറ്റിച്ചില്വാനം ഖിലാഫത്ത് കമ്മിറ്റികളും ഇരുപതിനായിരത്തിൽപ്പരം യൂണിഫോറം ധരിച്ച വളൻണ്ടിയർസംഘവും മലബാറിൽ ഉടനീളം സംഘടിപ്പിക്കപ്പെട്ടു.3. അതോടൊപ്പം ജൻമികളിൽ നിന്നുള്ള ദ്രോഹത്തേയും അന്യായമായ കുടി ഇറക്കലിനേയും സംഘടിതമായി എതിരിടുന്നതിന്ന് വേണ്ടി പല സ്ഥലങ്ങളിലും കുടിയാൻ സഭകൾ രൂപീകൃതമാകുകയും ചെയ്തു. മലബാറിൻെറ ചരിത്രത്തിൽ രാഷ്ട്രീയ ഉൾബുദ്ധതയുടേയും ഹിന്ദു-മുസ്ലിം ഐക്യത്തിൻെറയും ഇത്തരം അസുലഭ കാലഘട്ടം ഇതിന് മുമ്പൊരിക്കലും ദൃശ്യമായിരുന്നില്ല.

വടക്കുവീട്ടിൽ മാമ്മൂദ് നിലമ്പൂർ കോവിലകത്തെ ആറാം തിരുമുൾപ്പാടിൻെറ കാര്യസ്ഥനായിരുന്നു. മലബാറിൽ അലയടിച്ച രാഷ്ട്രീയ പ്രബുദ്ധത മാമ്മൂദിനേയും വളരെ ആകർഷിച്ചു. പൂക്കോട്ടൂരും നിലമ്പൂരും കൈയുള്ള കുടിയാൻമാരെ ഏകോപിപ്പിച്ച് കുടിയാൻ സംഘം രൂപീകരിച്ചതിൽ അദ്ദേഹത്തിന് വലിയ പങ്കുണ്ടായിരുന്നു. നാട്ടിലുടനീളം ഖിലാഫത്ത് കമ്മിറ്റികൾ സംഘടിപ്പിക്കപ്പെട്ടപ്പോൾ പൂക്കോട്ടൂരിലെ ഖിലാഫത്ത് സെക്രട്ടറിയായി അദ്ദേഹം അവരോധിക്കപ്പെട്ടു. വടക്കുവീട്ടിൽ മാമ്മൂദ്, ആലി മുസ്‌ലിയാരുടെ ശിഷ്യനും അദ്ദേഹത്തിൻെറ ഏത് ആജ്ഞയും ശിരസ്സാവഹിക്കുവാൻ സന്നദ്ധനുമായിരുന്നു. കുടിയാൻ സംഘത്തിൻെറയും ഖിലാഫത്ത്-നിസ്സഹകരണ പ്രസ്ഥാനങ്ങളുടേയും നേതാവായി ഉയർന്നിരുന്ന മാമ്മൂദിനെ നിസ്സാര കാരണം പറഞ്ഞ് തിരുമുൾപ്പാട് തൻെറ കാര്യസ്ഥാനത്തുനിന്നും പിരിച്ചയച്ചു. സർക്കാറിനെ പ്രീണിപ്പിക്കുകയെന്നതായിരുന്നു പ്രധാന ഉദ്ദേശ്യമെങ്കിലും കുടിയാൻ പ്രശ്നത്തോടും ഖിലാഫത്ത് പ്രസ്ഥാനത്തോടും നിലമ്പൂർ കോവിലകത്തിനുണ്ടായിരുന്ന ശക്തമായ എതിർപ്പിൻെറ പ്രതിരൂപമായിട്ടാണ് അവർ ഇതിനെ കണക്കാക്കിയത്. ഇതേതുടർന്ന് കോവിലകം തമ്പുരാക്കൻമാരും മാപ്പിള കുടിയാൻമാരുമായുള്ള ബന്ധം വെറുപ്പും വിരോധവും കൊണ്ട് കലുഷമാകുകയും ചെയ്തു.

മാമ്മൂദിനേയും അദ്ദേഹത്തിൻെറ പ്രമുഖരായ കുറെ അനുയായികളേയും കള്ളക്കേസിൽ കുടുക്കുക എന്ന കുതന്ത്രമാണ് പിന്നീട് നടപ്പിലാക്കിയത്. 1921 ജൂലായ് 28-ാം തിയ്യതി നിലമ്പൂർ കോവിലകത്തെ പൂക്കോട്ടൂരുള്ള പത്തായപ്പുര കള്ളതാക്കോലിട്ട് തുറന്ന് അവിടെ സൂക്ഷിച്ചിരുന്ന ഒരു തോക്കും 130 രൂപയും കുറെ ആധാരങ്ങളും മോഷ്ടിക്കുകയും ചെയ്തു എന്നാണ് മാമ്മൂദിൻെറ പേരിൽ ആരോപിക്കപ്പെട്ട കേസ്സ്. പൂക്കോട്ടൂരുണ്ടായിരുന്ന മഞ്ചേരി സബ്ബ് ഇൻസ്പെക്ടർ ഗോവിന്ദമേനോൻ, മാമ്മൂദിൻെറ കുടുംബശത്രുവായ വെള്ളുവമ്പ്രം അധികാരി പെരപ്പുറത്ത് അഹമ്മദ് കുട്ടിയുമായി ഗൂഢാലോചന നടത്തി മാമ്മൂദിനെ കള്ളക്കേസിൽ കുടുക്കണമെന്ന് തന്നെ തീരുമാനിച്ചു. ഇവരിരുവരും കൂടി മാമ്മൂദിൻെറ വീട് പരിശോധിക്കുകയും ചെയ്തു. എന്നാൽ അവിടെ നിന്നും യാതൊന്നും കണ്ടെടുക്കുവാൻ അവർക്ക് സാധിച്ചില്ല. മാമ്മൂദിൻെറ പേരിലുള്ള ഈ ആരോപണവും വീടുപരിശോധനയുമൊക്കെ ഖിലാഫത്ത് പ്രസ്ഥാനക്കാരെ അടിച്ചമർത്തുവാനുള്ള ശ്രമമായിട്ടാണ് പൊതുവെ വ്യാഖ്യാനിക്കപ്പെട്ടത്. പരമാർത്ഥം അതായിരുന്നുതാനും. ജൂലായ് 31-ാം തിയ്യതി തിരുമുൽപ്പാടിൻെറ കാര്യസ്ഥൻമാരിൽ ഒരാളായ പുത്തൻപുരയിൽ അപ്പുക്കുട്ടിമേനോൻ മലപ്പുറം ഡിവിഷനിലെ ഇൻസ്പെക്ടറായിരുന്ന നാരായണമേനോനെ കണ്ട് പൂക്കോട്ടൂരിൽ വലിയ ഒരു സംഘം ആളുകൾ മാമ്മൂദിൻെറ നേതൃത്വത്തിൽ തിരുമുൽപ്പാടിനെ ആക്രമിക്കുവാൻ തയ്യാറായിരിക്കുന്നുവെന്നും കോവിലകത്ത് രാത്രി കഴിച്ചുകൂട്ടുവാൻ ഭയം

തോന്നിയ തിരുമുൽപ്പാട് അടുത്തുള്ള കാകത്ത് ഇല്ലത്താണ് താമസിച്ചതെന്നും അറിയിച്ചു. ഇതേതുടർന്ന് നാരായണ മേനോനും നെടുകരം അംശമധികാരിയും കൂട്ടവുമായി പൂക്കോട്ടൂരിലേക്ക് പുറപ്പെട്ടു. പൂക്കോട്ടൂരെത്തിയ ഉടനെ മാമ്മൂദിനെ വീട്ടിൽ നിന്നും വിളിച്ചുകൊണ്ടുവരാൻ അധികാരിയെ പറഞ്ഞയക്കുകയും ചെയ്തു. എന്നാൽ വീട്ടിൽ മാമ്മൂദ് ഉണ്ടായിരുന്നില്ലെങ്കിലും ആയുധ ധാരികളായ മുന്നൂറോ, നാന്നൂറോ ആളുകൾ അവിടെ കൂടിയിരിക്കുന്നതായി കണ്ടു. അല്പസമയത്തിനിടെ മാമ്മൂദും അറുനൂറിൽപ്പരം ആയുധധാരികളായ അനുയായികളും അടുത്തുള്ള ഒരു പള്ളിയയിൽ ഒന്നിച്ചു കൂടിയിട്ടുണ്ടെന്നുള്ള വിവരമാണ് അവർ അറിഞ്ഞത്. മാമ്മൂദിനോട്, തന്നെ വന്നുകാണുവാൻ ആവശ്യപ്പെട്ടുകൊണ്ട് നാരായണമേനോൻ അധികാരിയെ പറഞ്ഞയച്ചു എങ്കിലും മാമ്മൂദ് അതിന് തയ്യാറായില്ലെന്നാണ് പിന്നീട് നാരായണ മേനോൻ കളക്ടർക്ക് നൽകുന്ന റിപ്പോർട്ടിൽ പറയുന്നത്. മാമ്മൂദ് വരാൻ വിസമ്മതിച്ചതുകൊണ്ട് അയ്യാളെ നേരിട്ട് കണ്ട് കാര്യം പറഞ്ഞ് അവസാനിപ്പിക്കാമെന്ന് കരുതി താനും കൂട്ടരും അവിടേക്ക് പോയെന്നും വഴിക്ക് വെച്ച് തന്നെ മാമ്മൂദിനെ കണ്ട് സംസാരിച്ചുവെന്നും അദ്ദേഹം പറയുന്നുണ്ട്. കുഴപ്പമൊന്നു ഉണ്ടാക്കാതെ അനുയായികളെ പറഞ്ഞയക്കാമെന്ന് മാമ്മൂദ് സമ്മതിക്കുകയും ചെയ്തിരുന്നുവത്രെ. എന്നാൽ അല്പസമയം കഴിയുന്നതിന് മുമ്പ് തന്നെ ആയുധധാരികളായ വലിയ ഒരു സംഘം ആളുകൾ കോവിലകത്തിൻെറ രണ്ടാം ഗെയിറ്റിനടുത്തേക്ക് പ്രവഹിക്കുന്നത് മനസ്സിലാക്കിയ നാരായണമേനോൻ, തന്ത്രപരമായി അവിടെനിന്നും പോരികയാണ് ചെയ്തത്. താൻ അവിടെയിരുന്നത് കൂടുതൽ പോലീസ് സന്നാഹം എത്തിച്ചേരുന്നതിനു വേണ്ടിയാണെന്നാണ് ജനങ്ങൾ ധരിച്ചിരുന്നതെന്നും അവർ പിരിഞ്ഞു പോകാതിരുന്നത് അതുകൊണ്ടുമാണെന്നാണ് അദ്ദേഹം എഴുതുന്നത്. കൂടുതൽ കുഴപ്പങ്ങൾ ഒഴിവാക്കാനാണ് താൻ സ്ഥലം വിട്ടതെന്നും അദ്ദേഹം കളക്ടർക്ക് എഴുതി. പിറ്റേ ദിവസം പൂക്കോട്ടൂർ, പൊടിയാട്, മേൽമുറി എന്നി സ്ഥലങ്ങളിലെ മാപ്പിളമാരുടെ മേൽ വളരെ സ്വാധീനമുണ്ടായിരുന്ന മലപ്പുറത്തെ കുഞ്ഞിത്തങ്ങളോടു കൂടി നാരായണമേനോൻ വീണ്ടും പൂക്കോട്ടൂർക്ക് പോയി. മാമ്മൂദിനെ അറസ്റ്റ് ചെയ്യുകയും കല്പന ലംഘിക്കുവാൻ മടി കാണിക്കാതിരുന്ന ഖിലാഫത്ത് പ്രവർത്തകരെ താക്കീത് ചെയ്യുക എന്നതും ആയിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. എന്നാൽ പ്രതീക്ഷക്ക് വിപരീതമായി അദ്ദേഹത്തിന് നേരിടേണ്ടിവന്നത്, രണ്ടായിരത്തിൽപ്പരം മാമ്മൂദിൻെറ സായുധരായ അനുയായികളെയായിരുന്നു. നാരായണമേനോൻ തൻെറ റിപ്പോർട്ടിൽ പറയുന്നത്, വലിയ ഈ ജനക്കൂട്ടം വാൾ, കുന്തം, കഠാരി, വടി ഇത്യാദി ആയുധങ്ങളോടുകൂടി തയ്യാറെടുത്തിരുന്നു എന്നാണ്. കൂട്ടം കൂടി നിന്നിരുന്ന മാപ്പിള സ്ത്രീകളാകട്ടെ അവർക്ക് ആവേശം നൽകിക്കൊണ്ട് സമരത്തിന് പ്രേരിപ്പിക്കുകയും ചെയ്തിരുന്നു.

ഇതിന് രണ്ടുമാസം മുമ്പാണ് കലക്ടർ തോമസ് ആലി മുസ്ലിയാരേയും മറ്റു ചിലരേയും അറസ്റ്റ് ചെയ്യുവാൻ വേണ്ടി തിരൂരങ്ങാടിയിൽ പോയിരുന്നത്. ഈ വിവരം അറിഞ്ഞ ഖിലാഫത്ത് പ്രവർത്തകർ വടക്കുവീട്ടിൽ മാമ്മൂദിൻെറ നേതൃത്വത്തിൽ സംഘടിതരായി തിരൂരങ്ങാടിയിൽ എത്തിച്ചേർന്നതിൻെറ ഫലമായി കലക്ടർക്ക് തൻെറ ഉദ്ദേശ്യം സഫലീകരിക്കാൻ സാധിച്ചില്ല. മാത്രവുമല്ല തന്നെ വന്നു കാണുവാൻ ആവശ്യപ്പെട്ടിട്ടും ആലി മുസ്ലിയാർ അതിന് തയ്യാറുമായില്ല. താൻ നിസ്സഹകരണക്കാനായത് കൊണ്ട് കലക്ടറെ സന്ദർശിക്കുവാൻ സാധ്യമല്ലെന്നുമുള്ള മറുപടിയുമാണ് ലഭിച്ചത്. ഇതിൻെറ ഫലമായി കടുത്ത വൈരാഗ്യവും കൊടിയ പകയും കളക്ടർ തോമസിൻെറ മനസ്സിൽ കനത്ത് കൂടിയിരുന്നു. ഇതൊക്കെയാണ് പിന്നീടുണ്ടായ പ്രതികാരവാഞ്ഛയോട് കൂടിയ കളക്ടറുടെ നീചനടപടികൾക്ക് കാരണമായിത്തീർന്നത്. ഇത്തരം ഭീഷണമായ സാഹചര്യത്തിൽ സ്വരക്ഷക്ക് ആളും അർത്ഥവും അത്യാവശ്യമാണെന്ന് ഖിലാഫത്ത് പ്രവർത്തകർക്ക് ബോദ്ധ്യമാകാൻ തുടങ്ങി. മലബാറിൽ ആകമാനം ആയുധശേഖരണവും വളണ്ടിയർമാർക്ക് പട്ടാളമുറയിൽ പരിശീലനവും തകൃതിയായി നടത്തിക്കൊണ്ടിരുന്നു. മാമ്മൂദിനെ അറസ്റ്റ് ചെയ്യുവാൻ വന്ന് പരാജിതനായി പിൻവാങ്ങേണ്ടിവന്ന നാരായണമേനോൻ അതിഭാവുകത്വത്തോട് കൂടിയുള്ള ആശങ്കാജനകമായ റിപ്പോർട്ടാണ് മേലധികാരികൾക്ക് നൽകിയത്. രാജ്യത്തെ സമാധാനനില ക്രമീകരിക്കണമെങ്കിൽ നിയമലംഘലകരും വിപ്ലവകാരികളുമായ പൂക്കോട്ടൂരിലെ ഖിലാഫത്ത്നിസ്സഹകരണക്കാരെ കീഴടക്കിയേ പറ്റൂ എന്ന് വരെ അദ്ദേഹം എഴുതി. അത് പോലെ തിരൂരങ്ങാടിയിൽ വെച്ച് ആലി മുസ്ലിയാരോട് തന്നെ വന്ന് കാണുവാൻ രണ്ട് പ്രാവശ്യം ആവശ്യപ്പെട്ടിട്ടും നിസ്സഹകരണക്കാനായിരുന്നതിനാൽ വരുന്നില്ലെന്നറിയിച്ച മുസ്ലിയാരുടെ ഔദ്ധത്യത്തെ തകർക്കണമെന്ന് ശാഠ്യമുണ്ടായിരുന്ന കളക്ടറും മദ്രാസിലെ മേലധികാരികൾക്ക് എഴുതി അയച്ച റിപ്പോർട്ടുകളും പ്രതികാര നടപടിക്കുള്ള ദുരുദ്ദേശ്യത്തോടുകൂടി തന്നെയായിരുന്നു. അങ്ങനെ മദ്രാസിൽ നിന്നും അനുമതി കിട്ടിയതിനെതുടർന്ന് ആഗസ്റ്റ് 20-ാം തിയ്യതി കളക്ടറുംപാർട്ടിയും തിരൂരങ്ങാടി പള്ളി പരിശോധനയും ചില അറസ്റ്റുകളും നടത്തിയതിന് ശേഷം ഉണ്ടായ സംഭവവികാസങ്ങൾ നാം മുൻ അദ്ധ്യായത്തിൽ വിവരിച്ചതാണല്ലോ. ആഗസ്റ്റ് 20ലെ പട്ടാള നടപടിയെത്തുടർന്ന് സന്ധിയോ, സമാധാനമോ അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയ ആലി മുസ്ലിയാരും കൂട്ടരും ഖിലാഫത്ത് വിപ്ലവ ഗവൺമെൻറ് രൂപീകരിച്ചതോട് കൂടി വടക്കുവീട്ടിൽ മാമ്മൂദ് പൂക്കോട്ടൂരിലെ തൻെറ സേനയെ വിപുലീകരിച്ച് സജ്ജമാക്കി നിർത്തിയിരുന്നു. ആഗസ്റ്റ് 21-ാം തിയ്യതിതന്നെ തൻെറ പൂർവ്വ ശത്രുവും പൂക്കോട്ടൂരിലെ സകല കുഴപ്പങ്ങൾക്കും കള്ളക്കേസുകൾക്കും ഉത്തരവാദിയുമായ നിലമ്പൂർ കോവിലകത്തെ ആറാം തിരുമുൽപ്പാടിൻെറ അരമന മാമ്മൂദിൻെറ നേതൃത്വത്തിൽ ആക്രമിക്കുകയുണ്ടായി. അവിടെ കാവൽ നിന്നവരുമായുണ്ടായ സംഘട്ടനത്തിൽ 17 പേരെ വകവരുത്തുകയും കോവലികം കൊള്ളയടിക്കുകയും ചെയ്തു. അങ്ങനെ തന്നെ അന്യായമായി അപമാനിക്കുകയും കള്ളക്കേസിൽ കുടുക്കുകയും ചെയ്ത നിലമ്പൂർ തമ്പുരാക്കൻമാരോട് മാമ്മൂദ്

തൃപ്തികരമായി പ്രതികാരം നടത്തി. എന്നാൽ അധികകാലം വിപ്ലവകാരികൾക്ക് പിടിച്ച് നിൽക്കുവാൻ കഴിഞ്ഞില്ല. ആഗസ്റ്റ് 26-ാം തിയ്യതി കോഴിക്കോട്ട് നിന്നു എത്തിയ പട്ടാളം പൂക്കോട്ടൂർ വെച്ച് കലാപകാരികളുമായി എതിരിട്ടു. ഭയങ്കരമായ ഒരു യുദ്ധത്തിന് ശേഷം കലാപകാരികൾ തോറ്റ് പിൻതിരിയേണ്ടതായി വന്നു. പൂക്കോട്ടൂർ യുദ്ധം എന്ന് ഇംഗ്ലീഷ് രേഖകൾ വിശേഷിപ്പിക്കുന്ന ഈ സംഘട്ടനത്തിൽ 269 കലാപകാരികൾ രക്തസാക്ഷികളായി. ബ്രിട്ടീഷ് പട്ടാളത്തിനും കനത്ത ആൾനാശം സംഭവിച്ചിരുന്നു. ഈ യുദ്ധത്തിൽ അടിപതറാതെ നേതൃത്വം കൊടുത്തിരുന്ന വടക്കുവീട്ടിൽ മാമ്മുദും മരിച്ചവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. മലബാർ കലാപത്തിന്റെ ആരംഭം കുറിച്ചത് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാനുള്ള നടപടിയും അതിനോടുള്ള ചെറുത്ത് നിൽപ്പുമായിരുന്നുവല്ലോ. അക്കാരണത്താൽ തന്നെ അദ്ദേഹത്തെ മറക്കുവാൻ ഒക്കുകയില്ല.



'അമ്മമാരോട് ബാപ്പ പറഞ്ഞു, പേടിക്കണ്ടാ ഇങ്ങളെ ഒന്നും ചെയ്യൂലാന്ന്' - പൂക്കോട്ടൂർ സമരനായകൻ വടക്കുവീട്ടിൽ മാമ്മുദുവിന്റെ ജീവിച്ചിരിപ്പുള്ള ഏകമകൾ ഉണ്ണ്യായമ്മ



വടക്കുവീട്ടിൽ മാമ്മുദ് സാഹിബിന്റെ മകൻ കുഞ്ഞിമ്മു ഹാജിയും ഗ്രന്ഥകർത്താവും

1. *The Hindu, April 29, 1920.*
2. *Prof. M.P.S. Menon, op.cit, p 56.*
3. *Madras Mail, November 16, 1921.*
4. *M. Narayana Menon, Inspector of Police, South Malabar, Report Submitted to the District Collector and Magistrate, August 1, 1921.*

## അനുബന്ധം III

## വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി

1922 ജനുവരി 22-ാം തീയതി രാവിലെ മലപ്പുറത്തു നിന്നും മഞ്ചേരിയിലേക്ക് വരുന്ന നിരത്തിൽ ഒന്നാം മൈലിനടുത്ത് കോട്ടക്കുന്നിന്റെ ചെരിവിൽ അഭൂതപൂർവ്വമായ ഒരു ജനക്കൂട്ടം തടിച്ചുകൂടി. അധികം സമയം കഴിയുന്നതിനുമുമ്പ് വെടിയുണ്ടകൾ ഗർജ്ജിക്കുന്ന ശബ്ദം പ്രശാന്തമായ ആ അന്തരീക്ഷത്തെ കലുഷമാക്കി. മലബാർ വിപ്ലവത്തിലെ അതികായനായ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെന്ന ആ ഇംഗ്ലീഷ് വിരുദ്ധ സമര സേനാനിയെ വെടിവെച്ചു കൊല്ലുന്ന പ്രക്രിയയാണ് നടന്നത്. 1921 ആഗസ്റ്റ് 22-ാം തീയതി മുതൽ ആംഗ്ലേയ യോദ്ധാക്കളേയും അവരുടെ ഇന്ത്യൻ പടയാളികളേയും പേടിപ്പെടുത്തിക്കൊണ്ട് വൈദേശികഭരണത്തെ കുറേക്കാലത്തേക്കെങ്കിലും മലബാറിന്റെ കുറെ സ്ഥലത്ത് നിന്നെങ്കിലും നിഷ്ക്കാസനം നടത്തി സ്വതന്ത്രഗവർമ്മേൻറു സ്ഥാപിച്ച് അതിന്റെ മുടിചൂടാമന്നനായി പ്രശോഭിച്ച വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയെ 1922 ജനുവരി 6നാണ് കപടവേലകൾ വഴി കീഴടക്കിയത്. വിപ്ലവം പരാജയപ്പെട്ടെന്നറിയാമായിരുന്ന ഹാജിയാർ കീഴടങ്ങുവാൻ തയ്യാറുണ്ടായിരുന്നില്ല. അവസാനംവരെ പടപൊരുതി മരിക്കുവാനാണദ്ദേഹം കരുതിയിരുന്നത്. എന്നാൽ ഗറില്ലായുദ്ധങ്ങൾ നടത്തി ബ്രിട്ടീഷ് സേനക്ക് പേടിസ്വപ്നമായി മാറിയിരുന്ന ഈ മനുഷ്യനേയും അനുയായികളേയും ഏതെങ്കിലും വിധേന കീഴടക്കിയാൽ മാത്രമേ പട്ടാളഭരണത്തിന് വിജയം പ്രതീക്ഷിക്കുവാനൊക്കുകയുള്ളു എന്നറിയാവുന്ന ആംഗ്ലേയ ഭരണാധികാരികൾ ചതിയും കുതന്ത്രവും കൊണ്ടാണ് ഈ ധീരസേനാനിയെ പിടികൂടിയത്. ആയുധം വെച്ച് കീഴടങ്ങിയാൽ ശിക്ഷയിൽ നിന്ന് ഒഴിവാക്കാമെന്ന് ദൂതൻമാർ മുഖേന അദ്ദേഹത്തെ അറിയിച്ചിരുന്നു. അദ്ദേഹമറിയുന്ന ഇൻസ്പെക്ടർ രാമനാഥയ്യരും സുബൈദാർമാരായ കൃഷ്ണപ്പണിക്കരും ഗോപാലമേനോനും സുരക്ഷാവാഗ്ദത്തം ചെയ്തിരുന്നു. മെക്കയിലേക്ക് നാടുകടത്താനാണ് തീരുമാനമെന്നും മറ്റു യാതൊരു ശിക്ഷയും അദ്ദേഹത്തിന് നൽകുകയില്ലെന്നും ഉറപ്പു പറഞ്ഞതനുസരിച്ച് 1922 ജനുവരി 6-ാം തീയതി കുഞ്ഞഹമ്മദ് ഹാജിയും അംഗരക്ഷകരായ 21 പേരും മുൻനിശ്ചയമനുസരിച്ച് താൻ ഇരിക്കുന്നിടത്ത് പോലീസ് ഇൻസ്പെക്ടർ വന്നപ്പോൾ കീഴടങ്ങുകയാണുണ്ടായത്. ആയുധം താഴെവെച്ച് ഹസ്തദാനം ചെയ്യുവാൻ കൈനീട്ടിയ കുഞ്ഞഹമ്മദ് ഹാജിയുടെ കൈകളിൽ വഞ്ചനയുടെ കൈവിലങ്ങുകളാണ് വീണത്. കൂടെയുണ്ടായിരുന്നവരും കീഴടങ്ങി. 17 തോക്കും, കുറെ വാളും, 1000ത്തോളം തിരയും അവിടെനിന്നും കിട്ടി. കല്ലാമൂലയെന്ന സ്ഥലത്ത് വച്ചാണ് ഇതു നടക്കുന്നത്. അവിടെ നിന്നും കുഞ്ഞഹമ്മദ് ഹാജിയേയും അദ്ദേഹത്തിന്റെ പ്രധാന അനുയായിയായ ചേക്കുട്ടിയേയും അവശേഷിച്ച മറ്റുള്ളവരേയും മഞ്ചേരിയിലേക്കാണ് കൊണ്ടുവന്നത്. കുഞ്ഞഹമ്മദ് ഹാജിയേയും കൂട്ടത്തെയും മഞ്ചേരിയിലേക്ക് കൊണ്ടുവരുന്നത് കാണുവാൻ വണ്ടൂർ മുതൽ മഞ്ചേരിവരെ നാനാജാതി മതസ്ഥരായ ആബാലവൃദ്ധം ജനങ്ങൾ നിരത്തുകളിൽ കൂട്ടം കൂട്ടമായി നിരന്നിരുന്നു. മഞ്ചേരിയിൽ നിന്നും മലപ്പുറത്തേക്ക് കൊണ്ടുപോയ ഹാജിയാരെ മലപ്പുറം തുക്ടികച്ചേരിയിൽ വെച്ച് മാർഷ്യൽ കോടതി സമ്മറിയായി വിചാരണ ചെയ്ത് തൂക്കികൊല്ലാൻ വിധിച്ചു. ആ വിധി നടന്നതാണ് ജനുവരി 22-ാം തീയതി പ്രഭാതത്തിൽ കോട്ടക്കുന്നിന്റെ ചെരിവിൽ കേട്ട വെടിമുഴക്കം.

കുഞ്ഞഹമ്മദ് ഹാജിയുടെ മരണത്തോടുകൂടി 1921ലെ മലബാർ വിപ്ലവം മിക്കവാറും കെട്ടടങ്ങിയെന്ന് പറയാം. എന്നാൽ ആ പേരുകേൾക്കുമ്പോൾ ഭയപ്പെടാത്ത പോലീസ് - പട്ടാള ഉദ്യോഗസ്ഥൻമാരോ രോമാഞ്ചം കൊള്ളാത്ത മലയാളിയോ കുറേ കാലത്തേയ്ക്ക് മലബാറിൽ ഉണ്ടായിരുന്നില്ല. ധീരോദാത്തമായ ജീവിതത്തിന്റെ ഉടമയയായിരുന്നു അദ്ദേഹം. മലബാർ കലാപം എന്ന പുസ്തകത്തിൽ കെ. മാധവൻനായർ പറയുന്നത്, 1857ലുണ്ടായ ഇൻഡ്യൻ ശിപായി ലഹളയ്ക്ക്ശേഷം ബ്രിട്ടീഷ് ഗവൺമെൻറും ഇൻഡ്യാക്കാരുമായിട്ടുണ്ടായിട്ടുള്ള സംഘട്ടനത്തിൽവെച്ച് ഏറ്റവും ഗംഭീരമായ മലബാർകലാപത്തിൽ ഗവൺമെൻറിന്റെ എതിരാളികളിൽ അഗ്രഗണ്യനായിരുന്നു കുഞ്ഞഹമ്മദ് ഹാജി.2. എന്നാണ്. അദ്ദേഹത്തെ നേരിട്ടറിയാമായിരുന്ന മാധവൻനായർ തന്റെ പുസ്തകത്തിൽ ഹാജിയാരെ പറ്റി വിസ്തരിച്ചെഴുതുന്നുണ്ട്. ഖിലാഫത്തിന് വേണ്ടി ബ്രിട്ടീഷ് ഗവൺമെൻറിനോട് യുദ്ധം ചെയ്യാൻ ഒന്നാമതായി ഒരുങ്ങിപുറപ്പെട്ടത് വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയാണ്.3. 'ലഹളതലവൻമാരിൽ വെച്ച് ഏറ്റവും പ്രധാനിയും കുഞ്ഞഹമ്മദ്ഹാജി തന്നെയായിരുന്നു.4. ആംഗ്ലേയവിരോധം പെട്ടെന്നൊരുദിവസം അദ്ദേഹത്തിൽ ഉൽഭവിച്ചതല്ല. കുഞ്ഞഹമ്മദ് ഹാജിയുടെ കുടുംബം പരമ്പരാഗതമായി ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ സജീവമായി പങ്കുവഹിച്ചവരാണ്. വെടിയുണ്ട മാറിലമരാൻ സമയമധികമില്ലെന്നറിഞ്ഞിട്ടുകൂടിയും ഇംഗ്ലീഷ്കാരുടെ മുമ്പിൽ തലകുനിക്കുകയോ, മുട്ടുമടക്കുകയോ ചെയ്യാതിരുന്ന ആ ധീരദേശാഭിമാനി പുളകം പരത്തുന്ന ഉശിരൻ ഓർമ്മകളാണ് കാഴ്ചവെക്കുന്നത്.

മഞ്ചേരിയിൽ നിന്നും നാലുനാഴിക അകലെയാണ് പാണ്ടിക്കാട്. ഇവിടെ നിന്നും നാലുനാഴിക പടിഞ്ഞാറുള്ള പയ്യനാട് അംശത്തിൽ നെല്ലിക്കുന്നുദേശത്ത് ചക്കപറമ്പത്താണ് കുഞ്ഞുമുഹമ്മദ്ഹാജി 1866ൽ ജനിച്ചത്. പിതാവായ മൊയ്തീൻ കുട്ടി ഹാജി ഇംഗ്ലീഷ് വിരുദ്ധസമരത്തിൽ പങ്കെടുത്തതിന് നാടുകടത്തപ്പെട്ടിരുന്നു. മാതാവ് ആമിന കുട്ടി ഹജ്ജുമ ഭർത്താവോടൊപ്പം അറേബിയായിൽ വളരെക്കാലം താമസിച്ചിട്ടുണ്ട്. കുഞ്ഞഹമ്മദ് ഹാജിയുടെ ഭാര്യ കടൂരൻ ഉണ്ണി മമ്മദിന്റെ പുത്രി

ഉമ്മാക്കിയും. ഇവരിൽ ജനിച്ച കുട്ടികൾ ഫാത്തിമ, മഹമ്മൂദ്, മൊയ്തീൻകുട്ടി, അയിശക്കുട്ടി എന്നിവരുമാണ്. നാല് കെട്ടും നടുമുറ്റവുമുള്ള വീടും ധാരാളം സ്ഥലവും ഉണ്ടായിരുന്ന ആളാണ് പിതാവായ മൊയ്തീൻകുട്ടി ഹാജി. 1894ലെ മണ്ണാർക്കാട് ലഹളയിൽ പങ്കാളിയെന്ന നിലക്ക് ആൻഡമാനിലേക്ക് നാടുകടത്തപ്പെട്ട അദ്ദേഹം 1907ൽ അവിടെ വെച്ചാണ് മരണമടഞ്ഞത്. തന്റെ ആദ്യ ഭാര്യ ഉമ്മാക്കി മരണമടഞ്ഞതിന് ശേഷം 1919ൽ അമ്മാവൻ പറവട്ടി കോയാമു ഹാജിയുടെ മകൾ മാളുവിനെ കുഞ്ഞുമുഹമ്മദ് ഹാജി വിവാഹം ചെയ്തിരുന്നുവെങ്കിലും ഇവരിൽ അദ്ദേഹത്തിന് സന്താനങ്ങളുണ്ടായിരുന്നില്ല. കുഞ്ഞഹമ്മദ് ഹാജിയും ആലി മുസ്ലിയാരും അടുത്തടുത്ത വീടുകളിൽ താമസക്കാരും അന്യോന്യം കെട്ടുബന്ധമുള്ളവരുമായിരുന്നു. ആലി മുസ്ലിയാരുടെ വീട് 20 വാരയിലധികം അകലെയായിരുന്നില്ല. ആലി മുസ്ലിയാർ തികഞ്ഞ മതപണ്ഡിതനും അഹിംസയിലും അക്രമരാഹിത്യത്തിലും വിശ്വസിച്ചിരുന്നദേഹവുമായിരുന്നു. 1921ലെ വിപ്ലവം, അദ്ദേഹത്തെയും അനുയായികളേയും അറസ്റ്റു ചെയ്യുവാനായി 1921 ആഗസ്റ്റ് 20-ാം തിയ്യതി പുലർച്ചക്ക് തിരൂരങ്ങാടി പള്ളി വളഞ്ഞ് പരിശോധന നടത്തിയതോടെയാണല്ലോ പൊട്ടിപുറപ്പെടുന്നത്. ഈ വാർത്ത കാട്ടുതീപോലെ മലബാറിലെങ്ങും പരന്നു. ആഗസ്റ്റ് 22-ാം തിയതി കുഞ്ഞഹമ്മദ് ഹാജിയുടെ നേതൃത്വത്തിൽ ആനക്കയത്തുനിന്നും വരിവരിയായി പട്ടാളമുറയിൽ ചിട്ടയായി വന്ന വിപ്ലവസേന വിജയപതാകയുമേന്തിയാണ് വന്നത്.

ചെറുപ്പത്തിൽതന്നെ ആംഗ്ലേയഭരണത്തിനെതിരായി കടുത്ത അമർഷം അദ്ദേഹത്തിന്റെ മനസ്സിൽ സ്ഥലം പിടിച്ചിരുന്നു. 1894ൽ കഷ്ടിച്ച് 30 വയസ്സു പ്രായമുള്ളപ്പോഴാണ് മണ്ണാർക്കാട് നടന്ന ഇംഗ്ലീഷ് വിരുദ്ധകലാപത്തിൽ പങ്കുകൊണ്ടതിന്റെ പേരിൽ അദ്ദേഹത്തേയും പിതാവ് മൊയ്തീൻഹാജിയേയും ആന്തമാനിലേക്കു നാടുകടത്തിയത്. അന്ന് മരണമടഞ്ഞ 34 പേരിൽ 17 പേരും അദ്ദേഹത്തിന്റെ സ്വന്തക്കാരായിരുന്നു. അവിടെനിന്നും മടങ്ങിയെത്തി അധികം കഴിയുന്നതിനുമുമ്പാണ് 1896ൽ മഞ്ചേരിയിലെ ഭയങ്കരമായ ഇംഗ്ലീഷ് വിരുദ്ധ സമരത്തിൽ പങ്കാളിയെന്ന നിലയിൽ അറേബ്യയിലേക്ക് നാടുകടത്തപ്പെട്ടത്. 1911ൽ കാലാവധി കഴിഞ്ഞ് മടങ്ങിവന്ന കുഞ്ഞഹമ്മദ് ഹാജിയെ നെല്ലിക്കൂത്തിൽ താമസിക്കുവാനനുവദിച്ചില്ല. മുറയൂരും കൊണ്ടോട്ടിയിലുമായാണ് ഹാജിയാർ പിന്നീട് താമസിച്ചത്. കോഴിക്കോട്ടേക്കും മറ്റു പട്ടണങ്ങളിലേക്കും ചരക്കുകടത്തുന്ന പോത്തുവണ്ടിക്കാരെന്ന നിലയിലാണ് അദ്ധ്വാനിയായ ഹാജിയാർ കാലയാപനം നടത്തിയിരുന്നത്. മലബാർ കളക്ടർ ഇന്നിസിനെ പതിയിരുന്ന് കൊലപ്പെടുത്തുവാൻ മാപ്പിളമാർ കരുവാരക്കുണ്ടിൽ 1916ൽ നടത്തിയ സംരംഭത്തിന്റെ പിന്നിലും ഹാജിയാരുള്ളതായി ഇംഗ്ലീഷ് രേഖകളിൽ കാണുന്നുണ്ട്. അന്ന് അറസ്റ്റ് ചെയ്തെങ്കിലും സംശയത്തിന്റെ ആനുകൂല്യം നൽകി അദ്ദേഹത്തെ വിട്ടയച്ചു. എന്നാൽ ഇംഗ്ലീഷ് ഭരണത്തോടും അവരുടെ പിണയാളുകളായി പാദസേവ ചെയ്തിരുന്ന ജൻമിവർഗ്ഗത്തോടും ഉദ്യോഗസ്ഥവൃന്ദത്തോടും ഹാജിയാർക്ക് ആദ്യംമുതൽക്കേ അമർഷവും അരിശവുമായിരുന്നു. തന്റെ പിതാവ് ഉൾപ്പെടെ ബന്ധുമിത്രാദികളിൽ പലരും ബ്രിട്ടീഷ് പടയോടെതിരിട്ട് മരിക്കുകയോ, നാടുകടത്തപ്പെടുകയോ ക്രൂരമായ മർദ്ദനങ്ങൾക്കിരയാവുകയോ ഒക്കെ കണ്ടുകേട്ടും വളർന്നുവന്ന ഹാജിയാരുടെ മനസ്സിൽ ഇംഗ്ലീഷ് വിരോധം മുറ്റിനിന്നിരുന്നു.

1920 ആഗസ്റ്റിൽ ഖിലാഫത്ത് പ്രചാരണത്തിന്റെ ഭാഗമായി മഹാത്മഗാന്ധിയും ഷൗക്കത്തലിയും കോഴിക്കോടെത്തിയിരുന്നു. അന്നു നടന്ന മഹാസമ്മേളനത്തിൽ ആലി മുസ്ലിയാരോടൊപ്പം കുഞ്ഞഹമ്മദ് ഹാജിയും സംബന്ധിച്ചിരുന്നു. ഇംഗ്ലീഷ്കാരന്റെ 'ചെകുത്താൻ ഭരണം' ഒരുവർഷത്തിനകം അവസാനിക്കുവാൻ പോകുന്നുവെന്നും അവർക്കെതിരായ സമരത്തിൽ എല്ലാവരും ഒരുമിച്ചണിനിരക്കണമെന്നും നേതാക്കൻമാർ ആഹ്വാനം ചെയ്തു. ഇത് കുഞ്ഞഹമ്മദ് ഹാജിയുടെ ധമിനികളിൽ ചൂടുകേറ്റി. 1921ൽ ഒറ്റപ്പാലത്ത് നടന്ന കോൺഗ്രസ്സ് സമ്മേളനത്തിൽ കുഞ്ഞഹമ്മദ് ഹാജി ഭാഗഭാക്കായിട്ടുണ്ട്. അന്ന് കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തകരെ അകാരണമായി പോലീസ് വേട്ടയാടി. അതിനു ശേഷം മലബാറിലുടനീളം കൂടുതൽ ഉഷാറോടുകൂടി കോൺഗ്രസ്സ്-ഖിലാഫത്ത് കമ്മറ്റികൾ സംഘടിപ്പിക്കപ്പെട്ടു. ഇവയുടെ പ്രവർത്തനങ്ങളിൽ ആലി മുസ്ലിയാരും, കട്ടലശ്ശേരി മുഹമ്മദ് മുസ്ലിയാരും, എം.പി. നാരായണമേനോനും കെ. മാധവൻ നായരും മുൻപന്തിയിലുണ്ടായിരുന്നു. വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ഇവരോടൊപ്പം സംഘടനാ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. 1921 മേയ് മാസത്തിൽ ആലി മുസ്ലിയാരും, കട്ടലശ്ശേരി മുഹമ്മദു മുസ്ലിയാരും, എം.പി. നാരായണമേനോനും, നെല്ലിക്കുത്തിൽ ഖിലാഫത്ത് കമ്മറ്റി സംഘടിപ്പിക്കുവാനെത്തിയപ്പോൾ അവരോടൊപ്പം ഖിലാഫത്തിനും കമ്മിറ്റിക്കും വേണ്ടി പണപ്പിരിവും പ്രവർത്തനങ്ങളും നടത്തിയത് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു.

കോൺഗ്രസ്-ഖിലാഫത്ത് പ്രവർത്തനം ഊർജ്ജിതമായതോടുകൂടി എം.പി. നാരായണമേനോൻ, കട്ടലശ്ശേരി മുഹമ്മദ് മുസ്ലിയാർ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി എന്നിവർക്കെതിരായി നിരോധന ഉത്തരവ് നൽകിയിരുന്നു. പ്രസംഗങ്ങളോ, യോഗങ്ങളോ കൂടുന്നതിൽ നിന്നു അവരെ വിലക്കുകയുണ്ടായി. 1921 ഫെബ്രുവരിയിൽ തിരൂരങ്ങാടിയിലെ ഖിലാഫത്ത് പ്രവർത്തകരായ പൊറ്റയിൽ അബൂബക്കർ, പൊറ്റയിൽ കുഞ്ഞഹമ്മദ്, കള്ളരിക്കൽ അഹമ്മദ്, വി.വി. ഹസ്സൻകുട്ടി എന്നിവരെ നിസ്സാരമായ കാരണങ്ങൾ പറഞ്ഞ് അറസ്റ്റ് ചെയ്ത് 6 മാസം വീതം തടവിന് ശിക്ഷിച്ചു. ആലി മുസ്ലിയാരേയും മറ്റും അറസ്റ്റ് ചെയ്യുവാനുള്ള ഉദ്ദേശ്യത്തോടെ കളക്ടറും പാർട്ടിയും തിരൂരങ്ങാടിയിലെത്തിയെങ്കിലും ജനരോഷത്തെ ഭയന്ന് തിരിച്ചുപോന്നു. പിന്നീട് ഖിലാഫത്ത് കോൺഗ്രസ്സ് പതാകകൾ പിച്ചിചീന്തിയും നിലത്തിട്ട് ഷൂസുകൊണ്ട് ചവിട്ടിയും ജനങ്ങളെ പ്രകോപിപ്പിക്കുവാനും തുടർന്ന് മർദ്ദനങ്ങൾ നടത്തുവാനുമുള്ള പണിയാണ് പോലീസ് അധികാരികൾ നാട്ടിലുടനീളം നടത്തിയത്. കള്ളക്കേസിൽ കുടുക്കി മർദ്ദനങ്ങളും

ശിക്ഷകളും നൽകുക പതിവായിത്തീർന്നു. 'ഖദർധാരി ഒരു മുസ്‌ലിംകൂടിയാണെങ്കിൽ അയാൾ കൊലക്കുറ്റത്തിന് പ്രതിയായത് തന്നെ' എന്നാണ് ബാരിസ്റ്റർ എ.കെ. പിള്ള തൻെറ പ്രസിദ്ധ ഗ്രന്ഥമായ 'കോൺഗ്രസ്സും കേരളവും' എന്ന പുസ്തകത്തിൽ പറയുന്നത്. സമാധാനപരമായി ജീവിക്കാന സാദ്ധ്യമാണെന്നു കണ്ട് മലബാറിലെ മാപ്പിളമാർ സ്വരക്ഷാർത്ഥം ഇംഗ്ലീഷ് മദയാനയെ പിടിച്ചു തളയ്ക്കുവാനുള്ള സാഹസിക യത്നം നടത്തിയതായിരുന്നു 1921ലെ മലബാർ വിപ്ലവം. കോൺഗ്രസ് ഖിലാഫത്ത് പ്രവർത്തനങ്ങൾ കൂടുതൽ ഉഷാറായതോടുകൂടി, കൂടുതൽ പോലീസ് നരനായാട്ട് നാട്ടിൽ കിരാത ഭരണം നടത്തി. നേതാക്കൻമാരെ അറസ്റ്റ് ചെയ്യുവാനും പള്ളികളും ഖിലാഫത്ത് ഓഫീസുകളും പരിശോധിച്ച് ആയുധ ശേഖരം കണ്ടെടുക്കുവാനുമെന്ന വ്യാജേന 1921 ആഗസ്റ്റ് 20-ാം തീയതി കളക്ടറുടെ നേതൃത്വത്തിൽ രാത്രികാലത്ത് തിരൂരങ്ങാടി പള്ളി വളഞ്ഞ് പരിശോധന നടത്തിയതോടെ നാട്ടിലാകപ്പാടെ പരിഭ്രാന്തവും ഭീഷണവുമായ പരിതഃസ്ഥിതി സംജാതമായി. മമ്പ്രംപള്ളിയും തിരൂരങ്ങാടി പള്ളിയും പട്ടാളക്കാർ തകർത്തെന്നും മറ്റുള്ള പള്ളികൾ മുഴുക്കെ തകർക്കാനാണവരുടെ ശ്രമമെന്നുമുള്ള കിംവദന്തി ജന സഹസ്രത്തെ തിരൂരങ്ങാടിയിലേക്കാനയിച്ചു.

പരപ്പനങ്ങാടിയിൽ നിന്നും ജാഥയായി വന്ന ജന ക്കൂട്ടത്തെ പട്ടാളം വെടിവെച്ചു. ഏഴുപേർ മരണപ്പെട്ടു. നേതാക്കൻമാരെ അറസ്റ്റു ചെയ്തു അവരെ വിട്ടുകിട്ടണമെന്ന് നിവേദനം നടത്തുവാൻ ആലി മുസ്‌ലിയാരുടെ നേതൃത്വത്തിലെത്തിയ ജനക്കൂട്ടത്തിന് നേരെ പട്ടാളം വെടിവെച്ചു. ജനങ്ങൾ കടന്നാക്രമിക്കുകയും ജോൺസൺ, റൗലി, മൊയ്തീൻ എന്നി പട്ടാള പോലീസ് ഉദ്യോഗസ്ഥൻമാരെ വകവരുത്തുകും ചെയ്തു. കളക്ടർ തോമസും പാർട്ടിയും പരാജയം സമ്മതിച്ച് പിൻവാങ്ങി. വളരെ കഷ്ടപ്പെട്ട് റെയിൽ പാളത്തിൽ കൂടി നടന്നാണ് പിറ്റെ ദിവസം അവർ ഫറൂക്കിലെത്തുന്നത്. എതിർക്കാനെത്തിയവരെ വെടിവെച്ചു കൊന്നും ഭയപ്പെടുത്തിയുമായിരുന്നു അവരുടെ പിൻതിരിഞ്ഞോട്ടം. 72 പേരെ കൊന്ന ശേഷമാണ് ഒരുവിധം അവർ ഫറൂക്കിലെത്തുന്നത്.

20-ാം തീയതി പൊട്ടിയവെടി മലബാറിനെ ഒരു വിപ്ലവത്തിൻെറ അഗ്നികുണ്ഡത്തിലേക്കാണ് വലിച്ചെറിഞ്ഞത്. തിരൂരങ്ങാടിയിൽ നടന്ന നരനായാട്ടും പട്ടാളനടപടിയും കുഞ്ഞഹമ്മദ് ഹാജിയെ രംഗത്തിറക്കി. ഹാജിയാർക്ക് അന്ന് 60 വയസ്സോളം പ്രായമുണ്ടായിരുന്നു. ആനക്കയത്തുനിന്നും 6000ത്തിലധികം ആയുധധാരികളായ അനുയായികളോടുകൂടി കുഞ്ഞഹമ്മദ് ഹാജി ആഗസ്റ്റ് 22-ാം തീയതിതന്നെ പുറപ്പെട്ടു. അദ്ദേഹത്തിൻെറ ആ സൈന്യത്തിൽ 500ലധികം ആയുധം ധരിച്ച ഹിന്ദുക്കളുമുണ്ടായിരുന്നതായി സർദാർ ചന്ത്രോത്ത് തൻെറ ആത്മകഥയിൽ വിവരിക്കുന്നുണ്ട്. അദ്ദേഹം ആ രംഗം വിവരിക്കുന്നതിപ്രകാരമാണ്. "കുറുതായി മെലിഞ്ഞ്, പല്ലുകൾ പലതുപോയി കവിളൊട്ടി, താടിയിൽ കുറച്ചു രോമം വളർത്തി, തടിച്ച വെള്ളവസ്ത്രവും വെള്ളഷർട്ടും വെള്ളക്കോട്ടും ധരിച്ച്. ചുവന്ന രോമത്തൊപ്പിയിട്ട് അതിന് ചുറ്റും വെള്ള ഉറുമാൽ കെട്ടി കരയുന്ന ചെരിപ്പും, കൈയിൽ വാളു മായി മുമ്പിൽ നിൽക്കുന്ന ധീരത്വം സ്ഫുരിക്കുന്ന നേതാവിനെ കണ്ടപ്പോൾ അവിടെ കൂടിയിരുന്ന ജനഹൃദയം പടാപടാ ഇടിച്ചു എന്നാണ് പറയുന്നത്. കണ്ടാൽ അൽപ്പം വിരൂപനെങ്കിലും അയാളുടെ കണ്ണുകൾക്ക് അയസ്ക്കാന്തത്തിലേറെ ശക്തിയുണ്ടായിരുന്നു. അതാണ് വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി"5. അന്നത്തെ ഡെപ്യൂട്ടി കളക്ടറും 'മാപ്പിളലഹള' എന്ന പുസ്തക മെഴുതി ഇംഗ്ലീഷ് ഉദ്യോഗസ്ഥൻമാരുടെ പ്രീതിക്കു പാത്രീഭൂതനാകുകയും ചെയ്തിരുന്ന സി. ഗോപാലൻനായർ ഹാജിയാരെക്കുറിച്ച് വിവരിക്കുന്നത് കൂടി ശ്രദ്ധിക്കുക. "വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ലഹളക്കാരുടെ പാരമ്പര്യമുള്ള ഒരു കുടുംബത്തിലെ ആളാണ്. മുമ്പൊരു ലഹളയിൽ സഹകരിച്ചതിന് പിതാവിനോടൊപ്പം കുട്ടിക്കാലത്ത് തന്നെ അയാളെ നാടുകടത്തുകയുണ്ടായി. ആറേഴുകൊല്ലം മുമ്പ് തിരിച്ചെത്തിയപ്പോൾ സ്വന്തം ഗ്രാമത്തിൽ സ്ഥിരതാമസമാക്കുവാനയാളെ അനുവദിച്ചില്ല. എന്നാൽ കുറച്ചുകാലത്തിന് ശേഷം തൻെറ ഗ്രാമത്തിലെത്തി ഒരു വണ്ടിക്കാരനായി ജീവിതമാരംഭിക്കുകയും ചെയ്തു. ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ ആരംഭത്തോടെ അയാളതിൽ ചേരുകയും അതിൻെറ മുഖ്യപ്രവർത്തകരിലൊരാളായി തീരുകയും സഭകൾ സംഘടിപ്പിക്കുകയും അങ്ങനെ ഏറനാട്ടിലെ ഖിലാഫത്ത് പ്രസ്ഥാനത്തിന് മാർഗ്ഗദർശിയായി തീരുകയും ചെയ്തു. കലാപം പൊട്ടി പുറപ്പെട്ടതോടെ അയാൾ രാജാവായി. മാപ്പിള റിട്ടയേഡ് ഇൻസ്പെക്ടറായ ഖാൻ ബഹദൂർ ചേക്കുട്ടിയെ കൊലപ്പെടുത്തിക്കൊണ്ടാണയാൾ തൻെറ സ്ഥാനാരോഹണം നടത്തിയത്. ഹിന്ദുക്കളുടെ രാജാവും, മുഹമ്മദീയരുടെ അമീറും, ഖിലാഫത്ത് സേനയുടെ കേണലുമായി അയാൾ സ്വയം ചമഞ്ഞു. രോമത്തൊപ്പി, ഖിലാഫത്ത് യൂണിഫോമും ബാഡ്ജും, കയ്യിൽ ഒരു വാൾ ഇതായിരുന്നു അയാളുടെ വേഷം. ഏറനാടും വള്ളുവനാടും ഉൾപ്പെടെ തൻെറ രാജ്യത്ത് അയാൾ പൂർണസ്വരാജ് നടപ്പാക്കി. കൊള്ളയും കവർച്ചയും മൂലം രാജ്യനിവാസികൾക്ക് വലിയ കഷ്ടം നേരിട്ടതായി താൻ മനസിലാക്കുന്നുവെന്നും അതിനാൽ ഇക്കൊല്ലം (1921) താൻ അവരുടെ മേൽ നികുതി ചുമത്തുന്നതല്ലെന്നും, യുദ്ധഫണ്ടിലേക്ക് സംഭാവന വാങ്ങുന്നതും അടുത്തകൊല്ലം നികുതി ഈടാക്കുന്നതാണെന്നും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. തൻെറ രാജ്യാതിർത്തിവിട്ടു പുറത്തുപോകാനാഗ്രഹിക്കുന്നവർക്ക് അദ്ദേഹം പാസ്പോർട്ട് നൽകി."6. വിപ്ലവകാലത്ത് ഉപദേശമാരാഞ്ഞുകൊണ്ട് കെ. മാധവൻ നായരെകണ്ട ഹാജിയാരെ അദ്ദേഹം പരിചയപ്പെടുത്തുന്നതിങ്ങനെയാണ്. "60ൽ കുറയാത്ത പ്രായം. വണ്ണം വളരെയില്ല. നന്നെ മെലിഞ്ഞിട്ടുമല്ല. കറുത്ത ഒരു കുപ്പായമാണ് ധരിച്ചിരുന്നത്. അരയിൽ ഒരു വാളുണ്ട്. കയ്യിൽ ഒരു തോക്കുമുണ്ടായിരുന്നു."7.

ഹാജിയാരുടെ രംഗപ്രവേശത്തോടുകൂടി അദ്ദേഹത്തെ


നേതാവായി ജനങ്ങൾ അംഗീകരിച്ചു. ഹിന്ദുമുസ്ലിം ഐക്യത്തിൻെറ ഉദാത്തമായ സന്ദേശമടങ്ങുന്നതാണ് ഹാജിയുടെ സുപ്രസിദ്ധമായ വിളംബരം. "ഹിന്ദുക്കളെ ഉപദ്രവിക്കുകയോ അവരുടെ സ്വത്ത് കൊള്ളയടിക്കുകോ അരുത്. നിർബന്ധമായ മതപരിവർത്തനം യാതൊരു വിധത്തിലും അനുവദിക്കുകയില്ല. ഉദ്യോഗസ്ഥൻമാർക്ക് യാതൊരു ഭയവും നൽകരുതെന്നും, തൻെറ പാസ്സ്പോടുകൂടിയല്ലാതെ യാതൊരാളും ആ പ്രദേശം വിട്ടു പോകുവാൻ പാടില്ലെന്നും തൻെറ രാജ്യത്ത് കാണമില്ലെന്നും വസ്തു കൈവശക്കാർ എല്ലാം ജൻമികളാണെന്നും, അക്കൊല്ലം ആരും നികുതി നൽകേണ്ടതില്ലെന്നും, വരുംകൊല്ലം മുതൽ നികുതി മുറക്ക് തരേണ്ടതായ വരുമെന്നും" അദ്ദേഹം പ്രഖ്യാപനം നടത്തി.8. തൻെറ നയപ്രഖ്യാപനത്തിനനുസൃതമായാണ് കുഞ്ഞഹമ്മദ് ഹാജി ഭരണനിർവ്വഹണം നടത്തിയത്. ഹിന്ദുക്കളെ ഉപദ്രവിച്ചതിനും മുതൽ കൊള്ളയടിച്ചതിനും എതിരായി മാപ്പിള അനുയായികളെ അദ്ദേഹം മാതൃകാപരമായി ശിക്ഷിച്ചിരുന്നു. ഹിന്ദുക്കൾക്ക് അദ്ദേഹത്തിൻെറ കീഴിൽ രക്ഷയും സമാധാനവും ഉണ്ടായിരുന്നു എന്ന് മാധവൻ നായരും 1921ലെ വിപ്ലവത്തെപ്പറ്റി എഴുതിയിട്ടുള്ള എല്ലാവരും ഏകോപിതമായ ഭിപ്രായപ്പെടുന്നുണ്ട്. മാത്രമല്ലാ മുസ്ലിം ഉദ്യോഗസ്ഥൻമാരും ഇംഗ്ലീഷ് പാദസേവകരും അദ്ദേഹത്തിൻെറ ശിക്ഷക്ക് വിധേയരാകുകയും ചെയ്തിരുന്നു. ഒടുങ്ങാത്ത ഇംഗ്ലീഷ് വിരോധമായിരുന്നു ആ ധമനികളെ ചൂടു കയറ്റിയിരുന്നത്. തുവ്വൂരിലെ കലാപത്തിലും, ചേക്കുട്ടി വധത്തിലും, ഐത്രു ഹാജിയെ വെടി വെച്ചു കൊന്നതിലും, കൊണ്ടോട്ടി തങ്ങളെ ആക്രമിച്ചതിലും ഹാജിയാർ മുൻപന്തിയിൽ നിൽക്കാൻ കാരണം ഈ ചേതോവികാരം ഒന്നുകൊണ്ടായിരുന്നു.

വിപ്ലവത്തിൻെറ ആദ്യഘട്ടം കഴിഞ്ഞ് ഖിലാഫത്ത് രാജ് പ്രഖ്യാപിച്ചശേഷം ഹാജിയാർ തൻെറ ആസ്ഥാനം പലതായി ഭാഗിച്ച് വിശ്വസ്ഥരായ അനുയായികളെ അദ്ദേഹം എൽപ്പിച്ചു. ഉൾനാടുകളിൽ സഞ്ചരിച്ചിരുന്ന അവസരങ്ങളിൽ കൊള്ള ചെയ്തവരേയും പട്ടാളത്തെ സഹായിച്ചവരേയും ശിക്ഷിക്കുക അദ്ദേഹത്തിൻെറ പ്രധാന പരിപാടിയായിരുന്നു. സ്ത്രീകളെ ഉപദ്രവിക്കുന്നവരെ കഠിനശിക്ഷക്ക് അദ്ദേഹം വിധേയരാക്കി.

പട്ടാളത്തെ എതിർക്കുവാൻ ഗറില്ലാ യുദ്ധപരിപാടികൾ ആസൂത്രണം ചെയ്ത് ഇംഗ്ലീഷ് സേനക്ക് പേടിസ്വപ്നം സൃഷ്ടിച്ചത് ഹാജിയാരായിരുന്നു. പാണ്ടിക്കാട്ടെ പട്ടാളക്യാമ്പ് ആക്രമിക്കുവാൻ ചെമ്പ്രശ്ശേരി തങ്ങളുമായി യോജിച്ച് ഈ പരിപാടികൾ ആസൂത്രണം ചെയ്തു. ഈ ഏറ്റുമുട്ടലിൽ സംഘട്ടനരംഗത്ത് വെച്ചു തന്നെ 230 പേർ മരിച്ചു. 4 പട്ടാളക്കാരും കൊല്ലപ്പെട്ടവരിൽ ഉൾപ്പെടുന്നു. ക്യാപ്റ്റൻ ആവറി ഈ യുദ്ധത്തിൽ വിപ്ലവകാരികൾ



വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ വീട്



കുഞ്ഞഹമ്മദ് ഹാജിയുടെ മൂത്താപ്പയുടെ പേരക്കുട്ടി വാരിയംകുന്നത്ത് അബ്ദുല്ലക്കുട്ടി ഹാജിയോടൊപ്പം ഗ്രന്ഥകാരനും സുഹൃത്തുക്കളും

വകവരുത്തിയ ധാരയാണ്. തുടർന്ന് കല്ലാ മൂലയിൽ പട്ടാളവുമായേറ്റുമുട്ടിയ കുഞ്ഞഹമ്മദ് ഹാജിയുടെ സൈന്യത്തിലെ 35 പേർ മൃതിയടഞ്ഞു. ഇതിന് ശേഷം ഗൂഡല്ലൂർ പോലീസ് ട്രെയിനിംങ് ക്യാമ്പ് ഹാജിയും കൂട്ടരും ആക്രമിച്ചു. ഈ ആക്രമണത്തിൽ ഇംഗ്ലീഷ്കാരുടെ പോലീസ് നിശ്ശേഷം പരാജിതരായി. പലരും മരിച്ചു. അതിനുശേഷം സർവ്വേ ആഫീസ്, പോലീസ് സ്റ്റേഷൻ, പോസ്റ്റാഫീസ് എന്നിവ അവർ പിടിച്ചടക്കി. പന്തലൂരിൽ പട്ടാളം വന്നതോടെ അദ്ദേഹം തന്റെ സ്ഥിരം ആസ്ഥാനമായ കല്ലാംമലയിലേക്കു പോയി.

ഇതിനിടയിൽ ചെമ്പ്രശ്ശേരി തങ്ങളും, സംഘങ്ങളും, പോലീസിനു കീഴടങ്ങിയ വിവരം ഹാജിയാർ മനസിലാക്കി. തന്റെ സംഘത്തിലുള്ള പലരും പട്ടാളത്തിനു കീഴടങ്ങിക്കൊണ്ടിരിക്കുന്നുവെന്നും വിപ്ലവം തകർന്നു കൊണ്ടിരിക്കുകയാണെന്നും അദ്ദേഹം മനസിലാക്കിയിരുന്നു. ചെറുത്തു നിൽപ്പ് അസാദ്ധ്യ മാണെന്നറിഞ്ഞുകൊണ്ടുതന്നെ അവസാനം വരെ പൊരുതി പടക്കളത്തിൽ വീണ് ശഹീദാകണമെന്നാണ് ഹാജിയാർ വിചാരിച്ചിരുന്നത്. പക്ഷെ ശുഷ്കമായിരുന്നു ഹാജിയാരുടെ സൈന്യമെങ്കിലും അവരെ കീഴടക്കാതെ സമാധാനം ലഭിക്കു കയില്ലെന്ന് മനസ്സിലാക്കിയ പട്ടാളക്കാർ കപടതന്ത്രം പ്രയോഗിച്ച് സൗഹൃദം ഭാവിച്ച് അദ്ദേഹത്തെ പതിച്ചു കീഴടങ്ങുവാൻ പ്രലോഭിപ്പിക്കുകയാണുണ്ടായത്.

മലബാർ ലഹള വർഗ്ഗീയ കലാപമാണെന്ന് പ്രചരിപ്പിച്ച ഇംഗ്ലീഷുകാരുടെ പല്ലവി പാടുന്നവർ പതിനായിരക്കണക്കിനു മലയാളികളെ വെടിയുണ്ടയ്ക്കും രാക്ഷസീയമായ കിരാത മർദ്ദനത്തിനുമിരയാക്കിയ ഇംഗ്ലീഷുകാരെ കുറ്റം പറയുവാൻപോലും മുതിരുന്നില്ലെന്നത് നാണക്കേടും അധമമനസ്ഥിതിയുമാണ്. ഈ വിപ്ലവത്തിന്റെ സ്വഭാവം മനസ്സിലാക്കുവാൻ വേണ്ടിയെങ്കിലും അതിനു നേതൃത്വം കൊടുത്ത ആലി മുസ്‌ലിയാർ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി തുടങ്ങിയ ധീരദേശാഭിമാനികളുടെ ജീവിതകഥ നാം അറിഞ്ഞിരിക്കേണ്ടതാണ്.




*കുഞ്ഞഹമ്മദ് ഹാജിയുടെ മകളുടെ മക്കൾ*

1. *Tottenham, Mopilah Rebellion 1921-22, Summary of Events by the under Secretary, p 37.*
2. *കെ. മാധവൻനായർ, മലബാർ ലഹള, മുൻ ഉദ്ധരിച്ചത്, പുറം 268.*
3. *അതുതന്നെ, പുറം 168.*
4. *അതുതന്നെ, പുറം 169.*
5. *ദേശാഭിമാനി, കോഴിക്കോട്, 1946, ആഗസ്റ്റ് 25.*
6. *കെ. മാധവൻനായർ, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 76-78.*
7. *അതുതന്നെ, പുറം 169.*
8. *Madras Mail, Madras, September 17, 1921.*

## അനുബന്ധം IV വാഗൻ ട്രജഡി

1921ലെ ഖിലാഫത്ത് വിപ്ലവത്തോടനുബന്ധിച്ചു നടന്ന കൂട്ടക്കൊലകളുടേയും രക്തച്ചൊരിലിന്റെയും അതി ദാരുണമായ കഥകൾ ഇന്നേറെക്കുറെ എല്ലാവർക്കുമറിയവു ന്നതാണല്ലോ. അവയിൽവെച്ച് ഏറ്റവും നികൃഷ്ടമായ സംഭവമായിരുന്നു 'ട്രെയിൻ ട്രാജഡി' അഥവാ 'വാഗൺ ട്രജഡി' എന്നറിയപ്പെടുന്നത്. 1921 നവംബർ 20-ാം തിയ്യതി യാണ് നികൃഷ്ടമായ ഈ മനുഷ്യാഹുതി നടക്കുന്നത്. അതിന് രൊഴ്ചക്കുമുമ്പും അതിനടുത്ത ദിവസവുമായി പിടിച്ച കലാപകാരികളിൽ 100 പേരെ തിരൂർ റെയിൽവേ സ്റ്റേഷനിൽ വൈകുന്നേരം ആറുമണിയായപ്പോഴേക്കും മൂന്നുനാലു പേരെ കൂട്ടിക്കെട്ടി കന്നുകാലികളെ അടിച്ചു തെളിക്കുന്നതുപോലെ കൊണ്ടുവന്നു. ഏഴുമണിയോടെ മദ്രാസ് സൗത്ത് മറാത്ത കമ്പനിയുടെ എം.എസ്.എൽ.വി. 1711 എന്ന് മുദ്രണം ചെയ്ത വാഗൺ കൂട്ടിചേർത്തിരുന്ന 77-ാം നമ്പർ തീവണ്ടി സ്റ്റേഷനിൽ എത്തി. ഈ വണ്ടിയോട് ബന്ധിച്ചിരുന്ന വാഗൺ സാമാനവണ്ടിയുടേതായിരുന്നു. അത് കോഴിക്കോട്ടുനിന്നും തിരൂരെത്തുന്നത് 6.45നാണ്. അപ്പോൾ തിരൂർ സ്റ്റേഷനിൽ 600ലേറെ തടവുകാരെ കൊണ്ടുവന്നിരുന്നു എന്നാണ് ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിട്ടുള്ളത്. ഏഴു മണിയോടുകൂടി സാമാനവണ്ടിയുടെ ഈ വാഗണിൽ ആളുകളെ കുത്തിനിറക്കുവാൻ തുടങ്ങി. നൂറാളെ അങ്ങനെ തള്ളിയും ഉന്തിയും ബയണറ്റുകൊണ്ടു കുത്തിയും അകത്താക്കി വാഗണടച്ചു. കതക് കമ്പികൊണ്ട് ബന്ധിച്ച് ഭദ്രമാക്കി. 200 കാലുകൾ പ്പെം വെക്കാനുള്ള ഇടം ആ വണ്ടിക്കുണ്ടായിരുന്നില്ല. കാറ്റോ വെളിച്ചമോ അശേഷം കടക്കാനുള്ള പഴുതോ ഇല്ലാ ത്തതായിരുന്നു ഇത്. 1215 ക്യൂബിക് ഫീറ്റ് മാത്രമായിരുന്നു




*കൂട്ട കുരുതിക്ക് ഉപയോഗിച്ച ആ മരണവാഗൺ*

അതിന്റെ വിസ്താരം. പോലീസ് സൂപ്രണ്ട് ഹിച്ച്കോക്കിന്റെ നേതൃത്വത്തിലായിരുന്നു ഈ ദാരുണമായ രംഗത്തിന് കളമൊരുക്കിയത്. റിസർവ് പോലീസ് സർജന്റ് എ.എച്ച്. ആൻഡ്രൂസും, ഹെഡ്കോൺസ്റ്റബിൾ ഒ. ഗോപാലൻ നായരും മറ്റ് അഞ്ച് കോൺസ്റ്റബിൾമാരുമായിരുന്നു തടവുകാരെ ബല്ലാരിയിലേക്ക് കൊണ്ടുപോകുന്നതിനുള്ള കാവൽക്കാരായി നിയമിതരായിരുന്നത്. സർജന്റ് ഒഴികെയുള്ളവർ തടവുകാരെകയറ്റിയ സാമാനവാഗണിന്റെ മുമ്പിലുണ്ടായിരുന്ന കമ്പാർട്ടുമെന്റിലും, എഞ്ചിൻമുറിയുടെ തൊട്ടുണ്ടായിരുന്ന രണ്ടാം ക്ലാസ്സ് കമ്പാർട്ടുമെന്റിൽ സർജന്റും ഉപവിഷ്ടരായിരുന്നു.2. തടവുകാർക്ക് ശുദ്ധവായുവോ വെളിച്ചമോ ലഭിക്കാതെ തീവണ്ടി സ്റ്റേഷൻ വിട്ടപ്പോൾമുതൽ അസഹ്യത അനുഭവപ്പെട്ടു തുടങ്ങി. കുറേക്കഴിഞ്ഞപ്പോൾ കൂട്ടക്കരച്ചിലും വെള്ളം വെള്ളം എന്ന ശബ്ദവും നിരന്തരം കേട്ടുകൊണ്ടിരുന്നുവെങ്കിലും തൊട്ടടുത്ത മുറിയിലുണ്ടായിരുന്ന പോലീസുകാരോ,3 സർജന്റോ അത് തീരെ ഗൗനിക്കുകയുണ്ടായില്ല. വണ്ടി ഏകദേശം അരമണിക്കൂറോളം സമയം ഷൊർണ്ണൂറും 15 മിനുട്ടോളം ഒലവക്കോടും നിർത്തി യിരുന്നു. അപ്പോഴൊക്കെ പ്ലാറ്റുഫോറത്തിൽ ഇറങ്ങി നിന്നി രുന്ന കാവലുദ്യോഗസ്ഥൻമാർ വെള്ളത്തിനു വേണ്ടിയുള്ള ദയനീയമായ വിളികേട്ടിട്ടുപോലും വാഗൺ തുറന്നു നോക്കാനുള്ള കരുണ കാട്ടിയതുമില്ല.4. തിരൂരുനിന്നും പോത്തനൂർക്കുള്ള ദൂരം 180 കി.മീ. ആണ്. അവിടെ എത്താതെ വാഗൺ തുറ ക്കില്ലെന്ന ശാഠ്യമായിരുന്നു കാവൽനായ്ക്കളായ പോലീസ് - പട്ടാള ഉദ്യോഗസ്ഥൻമാർക്ക്. ഷൊർണ്ണൂരിലും ഒലവക്കോടും വെച്ച് വാഗണിൽനിന്നു കേട്ടിരുന്ന കരച്ചിൽ അവിടെ യുണ്ടായിരുന്ന യാത്രക്കാരുടെ ശ്രദ്ധയെ ആകർഷിച്ചിരുന്നതായും വാഗൺതുറന്ന് തടവുകാർക്ക് വെള്ളമെങ്കിലും കൊടുക്കണമെന്ന് പലരും യാചിച്ചിരുന്നതായും പിന്നീട് അന്വേഷണക്കമ്മീഷന്റെ മുമ്പിൽ വെളിപ്പെടുത്തുകയുണ്ടായി. 12.30നാണ് വണ്ടി പോത്തനൂർ എത്തുന്നത്. അവിടെ വാഗൺ തുറന്നപ്പോൾക്കണ്ട പൈശാചികമായ കാഴ്ച കഠിന ഹൃദയരെപ്പോലും വേപഥു കൊള്ളിക്കുന്നതായിരുന്നു. ഒന്നിനുമേൽ ഒന്നായി കുമിഞ്ഞു കൂടിക്കിടന്നിരുന്ന മരണപ്പെട്ടവരുടേയും ബോധംകെട്ടവരുടേയും കുമ്പാരമായിരുന്നു ആ സാമാനവണ്ടിയിൽ. കണ്ണുകൾ തുറിച്ച്, നാവുകൾ നീട്ടി അന്യോന്യം കടിച്ചുകീറിയും, മാന്തിപ്പൊളിച്ചും വികൃതമാക്കിയ മനുഷ്യശവങ്ങളുടെ കുമ്പാരം! ദുർഗന്ധം വമിക്കുന്ന വാഗന്റെ അരികത്തേക്കു ചെല്ലുവാൻപോലും മറ്റുള്ളവർ മടിച്ചുനിന്നു. വാഗണിൽ നിന്നും എടുത്തുമാറ്റിയ പ്പോൾത്തന്നെ 56 പേർ മരിച്ചിരുന്നു. ബാക്കിയുള്ളവരത്രയും ബോധരഹിതരായി കിടക്കുകയുമായിരുന്നു. അവശേഷിച്ച 44 പേരെ കോയമ്പത്തൂർക്ക് പിറ്റേന്നു രാവിലെ കൊണ്ടുപോയി എങ്കിലും അവിടെ എത്തുന്നതിനു മുമ്പു 6 പേർകൂടി മരിച്ചു. 26 തടവുകാരെ കോയമ്പത്തൂർ സെൻട്രൽ ജയിൽ ആസ്പ ത്രിയിലും അവശേഷിച്ച 13 പേരെ കോയമ്പത്തൂർ സിവിൽ ആസ്പത്രിയിലും ചേർത്തു. എങ്കിലും ആസ്പത്രിയിലെത്തു ന്നതിനു മുമ്പുതന്നെ രണ്ടുപേർകൂടി മരണമടഞ്ഞു കഴിഞ്ഞിരുന്നു. വൈകുന്നനേരമായപ്പോഴേക്കും മറ്റു രണ്ട് പേർകൂടി മരിച്ചു. നവംബർ 26-ാം തിയ്യതി നാലുപേരുടെ

മരണംകൂടി സംഭവിച്ചപ്പോൾ മൊത്തം 70 പേരാണ് ഈ ദുരന്തത്തിൽ മരണമടഞ്ഞത്.5. പോത്തന്നൂർ സ്റ്റേഷൻമാസ്റ്റർ മൃതദേഹങ്ങൾ സ്വീകരിക്കാൻ തയ്യാറാകാത്തതുകൊണ്ട് 56 പേരുടെ ജഡങ്ങൾ തിരൂരിലേക്കുതന്നെ തിരിച്ചയച്ചു. മുസ്ലിം മൃതദേഹങ്ങൾ എല്ലാ മതവിധികളോടുംകൂടി കോരങ്ങോത്തുപള്ളിയിൽ 44 എണ്ണവും കോട്ട്-ജുമുഅത്ത് പള്ളി ശ്മശാനത്തിൽ 8 എണ്ണവും കബറടക്കം ചെയ്തു. ഹൈന്ദവ മൃതദേഹങ്ങൾ മുത്തൂർക്കുന്നിലെ ഒരു കല്ലുവെട്ടുകുഴിയിലാണ് അടക്കം ചെയ്തത്.

പട്ടാളഭരണമില്ലാതിരുന്ന പോത്തന്നൂരും കോയമ്പത്തൂരുമാണ് ഈ പൈശാചിക സംഭവത്തിന് ദൃക്സാക്ഷിത്വം വഹിക്കേണ്ടതായി വന്നത് എന്നതിനാൽ മാത്രമാണ് ഈ സംഭവം പുറത്തുവന്നത്. ഇതിനെക്കാൾ നീചവും നികൃഷ്ടവുമായ അനവധി രംഗങ്ങൾ തെക്കേമലബാറിൽ കലാപകാരികൾക്കെതിരായി മനഃപൂർവ്വം ചെയ്തതിന്റെ കരളലയിപ്പിക്കുന്ന കഥകൾ ഇന്ന് എത്രയോ അധികം പുറത്തുവന്നിട്ടുണ്ട്. ഓരോ വെടിയുണ്ടകൾ മുടക്കി കൊല്ലുന്നത് നഷ്ടമാണെന്നു വിചാരിച്ച് പത്തും അൻപതുംപേരെ ഒന്നിച്ച് വീടുകളിൽ അടിച്ചുകയറ്റി തീവെച്ചു കൊന്നിരുന്നതായി ഇന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. അങ്ങനെ പതിനായിരക്കണക്കിന് നിരപരാധികളായ സ്ത്രീ പുരുഷൻമാരേയും വൃദ്ധൻമാരേയും പിഞ്ചുകുഞ്ഞുങ്ങളെപോലും നിഷ്ക്കരുണം വധിച്ച ഇംഗ്ലീഷ്കാരൻ ഇന്നും മനുഷ്യാവകാശത്തിനുവേണ്ടിയും പരിഷ്ക്കാരത്തിനുവേണ്ടിയും പ്രവൃത്തിക്കുന്ന സംസ്കാര സമ്പന്നനായിട്ടാണ് ചരിത്രം വാഴ്ത്തിക്കൊണ്ടിരിക്കുന്നത്. അതേ സമയം ഈ കാപ്പിരികളുടെ കാട്ടാളത്വത്തിന് ഇരയായ പതിനായിരക്കണക്കിനുള്ള സാധുക്കളെ ഇന്നും വർഗ്ഗീയതയുടെ പേരിൽ നാം ശപിച്ചുകൊണ്ടുമിരിക്കുന്നു. ഇംഗ്ലീഷുകാർ പടച്ചുണ്ടാക്കിയ കള്ളക്കഥകൾ നാം സത്യാസത്യ വിവേചനം നടത്താതെ വിഴുങ്ങിയതുകൊണ്ടുള്ള ദൂഷ്യ ഫലമാണിതെന്ന് ഇപ്പോഴെങ്കിലും നാം ധരിക്കേണ്ടതാവശ്യമാണ്.

മദ്രാസ് സംസ്ഥാനത്തിലെ പത്രങ്ങൾ മുഴുക്കെ ഞെട്ടിപ്പിക്കുന്ന ഈ വാർത്ത പ്രാധാന്യം നൽകി അക്കാലത്തു തന്നെ പ്രസിദ്ധീകരിച്ചിരുന്നു. 1922 ആഗസ്റ്റ് 31-ാം തീയതിയിലെ ഹിന്ദുവിൽ ഇങ്ങനെ കാണുന്നു. "എഴുപത് മനുഷ്യാത്മാക്കൾ ശബ്ദമുണ്ടാക്കുകയും, ഉച്ചത്തിൽ കരയുകയും, ബഹളം കൂട്ടുകയും, കൊടിയ നെടുവീർപ്പുകളിടുകയും ചെയ്ത് ശ്വാസം മുട്ടി മൃതിയടഞ്ഞു. എന്നാൽ ആരേയാണ് കുറ്റം പറയേണ്ടത്."6. മദ്രാസ്സിൽ നിന്നും പുറപ്പെട്ടിരുന്ന കോമി ഇപ്രകാരമാണ് പ്രതികരിച്ചത്. "അന്ത്യവിചാരണദിനത്തിൽ കൊല ചെയ്യപ്പെട്ടവരുടെ രക്തത്തിന് കൊലയാളികൾ നിശ്ചയമായും സമാധാനം പറയേണ്ടതായിവരും"7. "ഈ കൊടിയ നരഹത്യക്കും ക്രൂരപ്രവൃത്തികൾക്കും കാരണമായവർക്കുവേണ്ടി പ്രത്യേകമായിത്തന്നെ ഒരു നരകം സൃഷ്ടിക്കണെ ദൈവമേ"8. എന്നാണ് മറ്റൊരു പത്രം വിലപിച്ചുകൊണ്ടെഴുതിയത്. ഈ വാർത്ത കാട്ടുതീ പോലെ പടർന്നു പിടിച്ചപ്പോൾ അതിൽനിന്നും തലയൂരുന്നതിനായി ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചു. വാഗനെ അനുയാത്ര ചെയ്തിരുന്ന സർജന്റിന്റെയും കോൺസ്റ്റബിൾമാരുടേയും പേരിൽ ഇൻഡ്യൻ പീനൽകോഡ് 128 വകുപ്പുപ്രകാരവും ഇൻഡ്യൻ റെയിൽവേസ് ആക്ട് IX പ്രകാരവും കേസ്സെടുക്കുവാൻ കല്പനയുമായി. എന്നാൽ കമ്മീഷന്റെ ചുമതല എ.ആർ. നാപ്പിന്നായിരുന്നു. അദ്ദേഹമാകട്ടെ മലബാർ കാര്യങ്ങളുടെ സ്പെഷ്യൽ കമ്മീഷണർ എന്ന നിലയിൽ ഈ ദുരന്തത്തിന് ഉത്തരവാദികൂടിയായിരുന്നു. അങ്ങനെ കുറ്റവാളിയെക്കൊണ്ടുതന്നെ അന്വേഷണം നടത്തുകയെന്നത് വെറും പ്രഹസനമായിത്തീരുമെന്ന് മദ്രാസ്സ് നിയമസഭയിൽ പല അംഗങ്ങളും ശ്രദ്ധക്ഷണിക്കൽ പ്രമേയംമൂലം സർക്കാരിനെ ഉണർത്തിയെങ്കിലും, ആ വക ന്യായവാദങ്ങളൊന്നും വിലപ്പോയതുമില്ല.9.

1921 നവംബറിൽ തന്നെ അന്വേഷണ കമ്മീഷന്റെ ആദ്യത്തെ തെളിവെടുപ്പ് കോയമ്പത്തൂരിൽ വെച്ച് നടന്നു. നാപ്പ് കമ്മിറ്റിയിലെ അനുദ്യോഗസ്ഥാംഗങ്ങൾ, മദിരാശി റിട്ടയേഡ് പ്രസിഡൻസി മജിസട്രേട്ട് അബ്ബാസ്അലി, മണ്ണാർക്കാട് കല്ലടി മൊയ്തുട്ടി, അഡ്വക്കേറ്റ് മഞ്ചേരി സുന്ദരയ്യർ എന്നിവരായിരുന്നു. നാപ്പ് കമ്മീഷൻ തെളിവെടുപ്പ് നടത്തിയത് മിക്കവാറും തടവുകാരിൽ നിന്നായിരുന്നു. മൊത്തം 34 പേരിൽ നിന്നാണ് തെളിവ് ശേഖരിച്ചത്. അവരിൽ 13 പേരും കലാപകാരികളായി ജയിലിൽ കഴിഞ്ഞിരുന്നവരാണ്.10. കമ്മീഷൻ അന്വേഷണത്തിനും തെളിവെടുപ്പിനും വരുന്നുവെന്നറിഞ്ഞപാടെ വിസ്തരിക്കുമെന്നു നിശ്ചയമുണ്ടായിരുന്നവരെ മുഴുക്കെ പട്ടാളവും പോലീസും ഭീഷണിപ്പെടുത്തി കമ്മിഷനോട് പറയേണ്ടതെന്തൊക്കെയെന്ന് പറഞ്ഞ് പഠിപ്പിച്ചിരുന്നു. വാഗൻ ട്രാജഡിയിൽ നിന്നും രക്ഷപ്പെട്ട ആളും പന്ത്രണ്ടുവർഷങ്ങൾക്ക് മുമ്പു മാത്രം മരണമടഞ്ഞ ദേഹവുമായ കൊന്നോല അഹമ്മദ്ഹാജി പോലിസ് തങ്ങളെ സത്യം പറയുന്നതിൽ നിന്ന് വിലക്കിയിരുന്നതെപ്രകാരമെന്ന് വിവരിച്ചിട്ടുണ്ട്.11. വായു കടക്കുന്ന ദ്വാരങ്ങളോടു കൂടിയ വാഗണുകളാണ് തങ്ങളാവശ്യപ്പെട്ടിരുന്നതെന്നും ചായ മടിച്ചപ്പോൾ ദ്വാരങ്ങൾ അടഞ്ഞു പോയിരിക്കാമെന്നുമാണ് പോലീസ്, കമ്മീഷൻ മുമ്പാകെ പറഞ്ഞ ന്യായം. മദിരാശിയിലെ അക്കാലത്തെ ക്രിമിനൽ അന്വേഷണ വകുപ്പിന്റെ സൂപ്രണ്ട് കാവൽക്കാർക്കനുകൂലമായി പറഞ്ഞതുകൂടി ശ്രദ്ധിക്കുക, തടവുകാർക്ക് വെള്ളം നൽകുകയെന്നത് ഉദ്യോഗസ്ഥൻമാർക്ക് നിയമപരമായ കടപ്പാട് ഉണ്ടെന്ന് ശഠിച്ചാൽതന്നെയും.... തടവുകാരോട് അനുകമ്പ തോന്നി സർജന്റ് വാൻ ഷൊർണൂർ വെച്ചോ, ഒലവക്കോട് വെച്ചോ തുറന്നിരുന്നുവെങ്കിൽ കലാപകാരികൾ ഒന്നടങ്കം പുറത്തു ചാടി സ്റ്റേഷൻ കൊള്ളയടിക്കുകയും നിരപരാധികളെ ഹനിക്കുകയും ചെയ്യുമായിരുന്നു. ഇത് സംഭവിച്ചിരുന്നുവെങ്കിൽ കൃത്യ നിർവഹണത്തിൽ കടുത്ത വീഴ്ച വരുത്തിയ ശിക്ഷയിൽ നിന്നും അവർക്കൊഴിവാകാൻ പറ്റുകയുമില്ലായിരുന്നു."12. അങ്ങനെ നാപ്പ് കമ്മിഷന് കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ അവർ നൽകിയ വിധിന്യായം ഉദ്യോഗസ്ഥൻമാരോ, കവാൽപോയവരോ, അതിന് നേതൃത്വം

നൽകിയ ഹിച്ച്കോക്കോ ഈ സംഭവത്തിൽ ഉത്തരവാദിക ളല്ലെന്നാണ്. സകല ഉത്തരവാദിത്വവും വാഗൺ നിർമ്മിച്ച കമ്പനിയ്ക്കും അത് പരിശോധന നടത്തി സർട്ടിഫിക്കറ്റ് നൽ കിയ ട്രാഫിക്ക് ഇൻസ്പെക്ടർ റീവ്സിന്നും ആണെന്നായിരുന്നു നാപ്പ് കമ്മിറ്റിയുടെ വിധി. റീവ്സാകട്ടെ ഇതിനെ ത്രയോമുമ്പുതന്നെ മരണമടയുകയും ചെയ്തിരുന്നു.13. അങ്ങ നെ നാപ്പ് കമ്മിഷൻ വെറുമൊരു പ്രഹസനം മാത്രമായി രുന്നുവെന്ന് വ്യക്തമാണല്ലോ.

അതേസമയം റെയിൽവേ അധികൃതർ നടത്തിയ മറ്റൊരു അന്വേഷണത്തിൽ തെളിഞ്ഞത് സാമാനവണ്ടിയുടെ വാഗൺ ആദ്യമായിട്ടല്ലാ തടവുകാരെ കൊണ്ടുപോകുവാനുപയോ ഗിച്ചിരുന്നതെന്നും ഇതിന് മുമ്പ് 32 പ്രാവശ്യം ഇങ്ങനെ സാമാനവണ്ടികളിൽ കയറ്റി ലഹളക്കാരെ ബല്ലാരിയിലേക്കും മറ്റും കൊണ്ടു പോയിരുന്നവെന്നും തെളിഞ്ഞു. എന്നാൽ ആദ്യമൊക്കെ കന്നാലികളെ കയറ്റുന്ന തുറന്ന വാഗണാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് കവാൽക്കാരെ കുറയ്ക്കാനും സുരക്ഷിതത്വത്തിനു വേണ്ടിയും അടച്ച വാഗണുകൾ ഉപ യോഗിച്ചു തുടങ്ങിയെന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇത്തരം ഒരു വാഗണിൽ 122 പേരെ കയറ്റിക്കൊണ്ടു പോയതി ലുണ്ടായിരുന്ന ആളും അടുത്തകാലം വരെ തിരൂരിൽ കച്ചവ ടവുമായി കഴിയുന്ന ദേഹവുമായ കത്തുംതോട്ടിൽ കോയ ക്കുട്ടി പറയുന്നത് തന്നെയും ഇത്തരം ഒന്നിലാണടച്ചുപൂട്ടി കൊണ്ടുപോയിരുന്നതെന്നും ശ്വാസംമുട്ടി ബോധക്കേട് പലർക്കുമുണ്ടായതല്ലാതെ ആരും മരണപ്പെട്ടിരുന്നി ല്ലെന്നുമാണ്.14. ആലി മുസലിയാരെപ്പോലും കന്നാലികളെ കയറ്റുന്ന വണ്ടിയിലാണ് കോയമ്പത്തൂർക്ക് കൊണ്ടുപോയത്. സർജൻറ് ആഡ്രൂസിൻെറയും എസ്ക്കോർട്ട് പോയ പോലീസ് കാരുടെയും പേരിൽ ഇൻഡ്യൻ ശിക്ഷാനിയമം 304എ. അനുസരിച്ചും റെയിൽവേ ആക്ട് IX പ്രകാരവും കേസ്സെടു ത്തിരുന്നുവെന്ന് നേരത്തെ എഴുതിയതാണല്ലോ. എച്ച്.എൽ. ബ്രെയിഡ്‌വുഡ് ആണ് കോയമ്പത്തൂരിലെ ജില്ലാ ജഡ്ജിയെ ന്നനിലയിൽ കേസ്സ് കേട്ടത്. ആഡ്രൂസിനും മറ്റും വേണ്ടി പ്രമുഖരായി ബാരിസ്റ്റർമാരൊക്കെ ഹാജരായി വാദം നടത്തി. നവംബർ 29ന് മുമ്പ് ആഡ്രൂസ് തന്നെ 9 പ്രാവശ്യം വാഗൺ നിറയെ കലാപകാരികളെയുംകൊണ്ട് എസ്ക്കോർട്ട് പോയി രുന്നുവെന്നും അന്നൊക്കെ യാതൊന്നും സംഭവി ച്ചിരുന്നില്ലെന്നും അതുകൊണ്ട് ഈ ദുരന്തത്തിൽ അദ്ദേഹത്തെ കുറ്റക്കാരനാക്കുവാൻ ഒരു ന്യായവുമില്ലന്നുമായിരുന്നു പ്രതിഭാഗം വാദിച്ചത്. സാക്ഷികളുടെ കൂട്ടത്തിൽ യുറേഷ്യ ക്കാരനായ ഒരാൾ നൽകിയ മൊഴി താൻ പ്ലാറ്റുഫോറത്തിൽ നിൽക്കുമ്പോൾ വാനിൽനിന്നും വെള്ളം, വെള്ളം എന്ന കര ച്ചിൽ കേട്ടിരുന്നുവെന്നാണ്. മറ്റൊരു സാക്ഷി പറഞ്ഞത്, 'ശ്വാസംമുട്ടി മരിക്കുന്നേ' എന്ന ദീനരോദനം താൻ കേട്ടിരു ന്നുവെന്നുമാണ്.16. എന്നാൽ 1922 ഡിസംബർ 23ന് പ്രതികളെയെല്ലാം നിരപരാധികളാണെന്ന് പറഞ്ഞ് വിട്ടയച്ച മജിസ്ട്രേട്ട് ഇപ്രകാരം രേഖപ്പെടുത്തുകകൂടി ചെയ്തിട്ടുണ്ട്. " എഴുപത് തടവുകാർ മരിക്കുവാനുണ്ടായ പ്രാഥമിക കാരണം കാറ്റോ വെളിച്ചമോ കടക്കാനൊക്കാത്ത വാഗനിൽ അവരെ കയറ്റിയതായിരുന്നു. ഇതിന് കുറ്റം ചാരേണ്ടത് റിവസ് എന്ന ട്രാഫിക്ക് ഇൻസ്പെക്ടറെയാണ്. അദ്ദേഹം മരണപ്പെട്ടു കഴിഞ്ഞു.... എന്നാൽ പ്രതി വാഗണെ സംബന്ധിച്ച് പരിശോധന നടത്തുവാൻ ബാദ്ധ്യസ്ഥനായിരുന്നില്ല. വിദ്യാസമ്പന്നനും ബുദ്ധിമാനുമെന്ന നിലക്ക് വേണമെങ്കിൽ അദ്ദേഹത്തിന് (ആഡ്രൂസ്) വാഗൺ ഒന്ന് പരിശോധിക്കാമായിരുന്നുവെന്നുമാത്രം. അസാധാരണമായി ഒന്നും പ്രതിക്ക് തോന്നാതിരുന്നത് ശരിയായില്ല.17. അങ്ങനെ ആഡ്രൂസും കൂട്ടരും കുറ്റക്കാരല്ലെന്ന് വിധിയുണ്ടായി. മരിച്ചവരുടെ കുടുംബത്തിന് 300 ക വീതം നൽകണമെന്നും വിധിച്ചു.17. പക്ഷെ അത് സ്വീകരിക്കുവാൻ ബന്ധുക്ക ളാരെങ്കിലും അവശേഷിച്ചിരുന്നതായോ, ആ തുക ആരെങ്കിലും വാങ്ങിയതായോ രേഖകളില്ല. മനുഷ്യ ജീവിതത്തെ എത്ര ലാഘവത്തോടുകൂടിയാണ് ഇംഗ്ലീഷ് സാമ്രാജ്യമോഹികൾ പന്താടിയിരുന്നതെന്നതിന് ഇതിൽ കവിഞ്ഞതെങ്കിലും തെളിവ് ആവശ്യമാണെന്ന് തോന്നുന്നില്ല. സാമൂഹ്യ മനസ്സാക്ഷിയെ എക്കാലവും പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന ഇംഗ്ലീഷ് ഭരണത്തിലെ കറുകറുത്ത അദ്ധ്യായങ്ങളിൽ ഒന്നായി വാഗൺ ട്രാജഡി മനുഷ്യ മനസ്സിൽ പച്ചപിടിച്ചു നിൽക്കുക തന്നെ ചെയ്യും.

*ഈ ദുരന്തത്തിൽ മരണമടഞ്ഞവർ താഴെ പറയുന്നവരാണ്.*

1. ഇല്ലിക്ക ഹൈദ്രു, മമ്പാടു അംശം.
2. പുതിയറയ്ക്കൽ കോയസ്സൻ, തൃക്കലംങ്ങോട്ട് അംശം.
3. കുറ്റിത്തൊടികോയകുട്ടി, തൃക്കലംങ്ങോട്ട് അംശം.
4. അക്കരവീട്ടിൽ കുഞ്ഞൻപള്ളി അച്ചുതൻനായർ, തൃക്കലംങ്ങോട്ട് അംശം.
5. കിഴക്കിപ്പാലത്തിൽ തട്ടാൻ ഉണ്ണിപ്പുരായൻ, തൃക്കലംങ്ങോട്ട് അംശം.
6. ചോളക്കരയിൽ പോട്ടിച്ചിപ്പു, തൃക്കലംങ്ങോട്ട് അംശം.
7. മേലട്ടത്തു ശങ്കരൻനായർ, തൃക്കലംങ്ങോട്ട് അംശം.
8. പൂളക്കാട്ട്തൊടി മൊയ്തീൻ, പയ്യനാട്ട് അംശം.
9. മങ്കരത്തൊടി കലാപ്പിൽ ഹൈദ്രു, മലപ്പുറം അംശം.
10. മങ്കരത്തൊടി മൊയ്തീൻഹാജി, മലപ്പുറം അംശം.
11. വെള്ളിക്കപ്പറ്റ മമ്മദ്, മലപ്പുറം അംശം.
12. പെരുവാങ്കുഴികുട്ടിഹസ്സൻ, മലപ്പുറം അംശം.
13. പെരുവാങ്കുഴി വീരാൻ, മലപ്പുറം അംശം.
14. പാറച്ചോട്ടിൽ അഹമ്മദ്കുട്ടി മുസലിയാർ, മേൽമുറി അംശം.
15. മധുരക്കരിയൻ കദളി, പോറൂർ അംശം.
16. അരിക്കുടിയിൽ സെയ്താലി, പോറൂർ അംശം.
17. മണിക്കത്തവൻ ഉണ്ണി മൊയ്തീൻ, പുന്നപ്പല അംശം.
18. ചീനത്തൊടി മമ്മദ്, പുന്നപ്പല അംശം.
19. മോഴി അത്തൻ, പുന്നപ്പല അംശം.
20. കപ്പക്കുന്നൻ അയ്മ്മദ്, പുന്നപ്പല അംശം.
21. കപ്പക്കുന്നൻ മൂസ, പുന്നപ്പല അംശം.
22. കപ്പക്കുന്നൻ അബ്ദുല്ല, പുന്നപ്പല അംശം.
23. കപ്പക്കുന്നൻ ചെറിയ ഉണ്ണിമോയി, പുന്നപ്പല അംശം.,

24. കപ്പക്കുന്നൻ കുഞ്ഞാലി, പുന്നപ്പല അംശം.

25. മനിക്കത്തവൻ പോക്കർകുട്ടി, പുന്നപ്പല അംശം.

26. പോളക്കൽ ഹൈദ്രുമാൻ, പുന്നപ്പല അംശം.

27. കപ്പക്കുന്നൻ വലിയ ഉണ്ണൂഹാജി, പുന്നപ്പല അംശം.

28. അസരിത്തോപ്പിൽ അയനാഡ്, നിലമ്പ്ര അംശം.

29. ചാക്കിരപ്പറമ്പൻ അലവി, നിലാമ്പ്ര അംശം.

30. വാഴപ്പാല്യാലിൽ വീരാൻ, കരുവമ്പലം അംശം.

31. പോണക്കാർ മരയ്ക്കാർ, കരുവമ്പലം അംശം.

32. വടക്കോട്ടിൽ കുഞ്ഞയിമ്മദ്, കരുവമ്പലം അംശം.

33. റെക്കോട്ടിൽ ഏനാഡി, കരുവമ്പലം അംശം

34. കുരുത്തൊടി യൂസുഫ്, കരുവമ്പലം അംശം.

35. പുത്തൻവീടൻ കുഞ്ഞഹമ്മദ്, കരുവമ്പലം അംശം.

36. കല്ലത്തൊടി അഹമ്മദ്, കരുവമ്പലം അംശം.

37. പെരുങ്ങോടൻ അബ്ദു, കരുവമ്പലം അംശം.

38. ചീരം പൂത്തൂർ കുഞ്ഞയിമു, കരുവമ്പലം അംശം.

39. അത്താണിക്കൽ മൊയ്തീൻ ഹാജി, കരുവമ്പലം അംശം.

40. നല്ലൻ കിനാറ്റിങ്ങൽ മാമ്മദു, കരുവമ്പലം അംശം.

41. പറയൻപള്ളിയാലിൽ കുഞ്ഞയിമു, കുരവമ്പലം അംശം.

42. പനങ്ങോടൻ തൊടിമാമദ്, കരുവമ്പലം അംശം.

43. പുനയർപള്ളിയാലിൽ സെയ്താലി, കരുവമ്പലം അംശം.

44. മഠത്തിൽ അഹമ്മദ്കുട്ടി, കരുവമ്പലം അംശം.

45. കോങ്ങോട്ട് മൊയ്തീൻ, കരുവമ്പലം അംശം.

46. പെരുങ്ങോടൻ കാദർ, കരുവമ്പലം അംശം.

47. കൊറക്കോട്ടിൽ അഹമ്മദ്, കരുവമ്പലം അംശം.

48. കാളക്കണ്ടത്തിൽ മൊയ്തീൻകുട്ടി, കരുവമ്പലം അംശം.

49. കുട്ടിപ്പലാക്കൽ കോയാമു, കരുവമ്പലം അംശം.

50. അപ്പൻകണ്ടൻ ഐമുട്ടി, കരുവമ്പലം അംശം.

51. പുളിക്കൽ തൊടി കുഞ്ഞയിമു, കരുവമ്പലം അംശം.

52. ഏറശ്ശേനിപള്ളിയാലിൽ ആലി, കരുവമ്പലം അംശം.

53. കോങ്ങോട്ടിൽ ചെറിയ മൊയ്തീൻ, കരുവമ്പലം അംശം.

54. തറക്കുഴിയിൽ ഏനി, കരുവമ്പലം അംശം.

55. മേലേതിൽ കുഞ്ഞലവി, കരുവമ്പലം അംശം.

56. വലിയതൊടി കുഞ്ഞായൻ, കരുവമ്പലം അംശം.

57. മാങ്കോവിൽ കുമ്മത്ത് അഹമ്മദ്, കരുവമ്പലം അംശം.

58. തെക്കത്ത് അലവി, കരുവമ്പലം അംശം.

59. മേലേതിൽ വലിയ മൊയ്തീൻകുട്ടി, കരുവമ്പലം അംശം.

60. മേലേതിൽ ചെറിയ മൊയ്തീൻകുട്ടി, കരുവമ്പലം അംശം.

61. കുള്ളിത്തൊടി കൊരക്കാക്കൊട്ടിൽ അവറാൻകുട്ടി, കരുവമ്പലം അംശം.

62. കോരിപ്പറമ്പത്ത് ഐദ്രുമാൻ, കരുവമ്പലം അംശം.

63. പുത്തൻപീടിയ്ക്കൽ വീരാൻ, കരുവമ്പലം അംശം.

64. പെരുമ്പാളി കുഞ്ഞിമൊയ്തീൻ, കരുവമ്പലം അംശം.

65. എരുക്കുംപറമ്പൻ സെയ്താലി, ചെമ്മലശ്ശേരി അംശം.

66. തട്ടാൻതൊപ്പിയിട്ട അയ്മദ്, ചെമ്മലശ്ശേരി അംശം.

67. തെക്കേതിൽ മൊയ്തീൻ, ചെമ്മലശ്ശേരി അംശം.

68. താഴത്തേതിൽ കുട്ടിഹസ്സൻ, ചെമ്മലശ്ശേരി അംശം.

69. തെക്കേതിൽ മൊയ്തീൻ, ചെമ്മലശ്ശേരി അംശം.

70. വെള്ളത്തൻങ്ങോടൻ കുഞ്ഞയിമ്മു, ചെമ്മലശ്ശേരി അംശം.

---

1. *ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ക്രിമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെൻറ്, മദ്രാസ് 1922 സെപ്റ്റംബർ 27, യു.എസ്സ്.എഫ്. നമ്പർ 390 എ.*
2. *അതുതന്നെ.*
3. *അനുഗമിച്ചിരുന്ന പോലിസ്കാർ, പി. നാരായണൻനായർ, കെ. രാമൻനാമ്പ്യാർ, ടി. രെയിരുനമ്പ്യാർ, ടി. കുഞ്ഞമ്പു, പി. കൊരട്ടുണ്ണിനായർ - അതേ രേഖ.*
4. *അതുതന്നെ.*
5. *അതുതന്നെ.*
6. *ദ ഹിന്ദു. 1922 ആഗസ്റ്റ് 31.*
7. *കോമി, മദ്രാസ്സ്, 1922 ആഗസ്റ്റ് 31.*
8. *ഹിതകാരിണി, എല്ലൂർ, 1921 നവംബർ 21.*
9. *യു.എസ്സ്.എസ്സ്.എഫ്. നമ്പർ 290എ. 1923, ജനുവരി 20, പുറം - 15.*
10. *അതേ രേഖ.*
11. *വാഗൺ ട്രാജഡി സ്മരണിക, പുറം 132.*
12. *1922 സെപ്റ്റംബർ 27, എഫ് നമ്പർ 390എ. 1924 ജനുവരി 23.*
13. *അതേരേഖ.*
14. *വാഗൺട്രാജഡി സ്മരണിക, പുറം 134.*
15. *എച്ച്.എൽ. ബ്രെയിഡ്വുഡ്, ഓഡർ നമ്പർ, സി.സി.2, 1922, ഡിസംബർ 23, 1922 - എഫ് നമ്പർ 390 എ. ജനുവരി 20, 1923.*

**വാഗൺ ട്രാജഡിയിൽ നിന്നും രക്ഷപ്പെട്ട ചിലരുമായുള്ള അഭിമുഖം.**

## 1. കൊന്നോല അഹമ്മദ് ഹാജി.



1921 നവംബർ 20-ാം തീയതി മനുഷ്യ മനസ്സാക്ഷിയെ വിറങ്ങലിപ്പിച്ച സംഭവമായിരുന്നു കലാപത്തോടനുബന്ധമായി നടന്ന കുപ്രസിദ്ധ 'വാഗൺ ട്രാജഡി'. പട്ടാളക്കാർ ബന്ധനസ്ഥരാക്കിയിരുന്ന കലാപകാരികളെ ബെല്ലാരി കോൺസൻട്രേഷൻ ക്യാമ്പിലേക്ക് കൊണ്ടു പോയിരുന്നത് തിരൂരങ്ങാടി റെയിൽവേ സ്റ്റേഷനിൽ നിന്നുമായിരുന്നു. സാമാനവണ്ടിയുടെ വാഗണുകളാണ് ഇതിനുവേണ്ടി ഉപയോഗിച്ചിരുന്നത്. ആലി മുസ്ലിയാർ ഉൾപ്പടെയുള്ളവരെപ്പോലും ഇത്തരം കമ്പാർട്ടുമെൻറുകളിൽ അടച്ചാണ് കൊണ്ടുപോയിരുന്നത്. ഇതിനുമുമ്പ് മുവ്വായിരത്തോളം തടവുകാരെ ഇങ്ങനെ സാമാന വണ്ടികളിൽ കയറ്റി ബെല്ലാരി, കോയമ്പത്തൂർ ജയിലുകളിലേക്ക് 32 പ്രാവശ്യം കൊണ്ടു പോയതായിട്ടാണ് ഇത് സംബന്ധിച്ചന്വേഷണം നടത്തിയ കമ്മീഷനു മുമ്പാകെ തെളിഞ്ഞത്. നവംബർ 20-ാം തീയതി 77-ാം നമ്പർ തീവണ്ടിയോട് കൂട്ടിച്ചേർത്ത എം.എസ്.എൽ.വി. 1711 എന്ന കമ്പാർട്ടുമെൻറിൽ കാറ്റോ വെളിച്ചമോ കയറുവാൻ യാതൊരു പഴുതുമുണ്ടായിരുന്നില്ല. വണ്ടി പോത്തനൂർ എത്തിയപ്പോൾ അതുവരെ കേട്ടിരുന്ന ദീനരോദനം നിശബ്ദമായി. സംശയം തോന്നി കമ്പാർട്ട്മെൻറ് തുറന്ന് നോക്കിയപ്പോൾ കണ്ട കാഴ്ച ഭയാനകമായിരുന്നു. ഒന്നിനുമേൽ ഒന്നായി കുമിഞ്ഞുകൂടി കിടന്നിരുന്ന മരണപ്പെട്ടവരുടേയും ബോധംകെട്ടവരുടേയുംകൂമ്പാരമായിരുന്നു ആ സാമാന വണ്ടിയിൽ, കണ്ണുകൾ തുറിച്ച്, നാവുകൾനീട്ടി, അന്യോന്യം കടിച്ചുകീറിയും മാന്തിപൊളിച്ചും വികൃതമായ മനുഷ്യ ശരീരങ്ങളുടെ കൂമ്പാരം, ദുർഗന്ധം വമിക്കുന്ന വാഗൻെറ അരികിലേക്കു ചെല്ലുവാൻ പോലും മറ്റുള്ളവർ മടിച്ചിരുന്നു. 56 പേർ മരണപ്പെടുകയും അവശേഷിച്ചവർ ബോധ രഹിതരായി കിടക്കുകയുമായിരുന്നു. ബോധമറ്റ 44 പേരെ കോയമ്പത്തൂർക്ക് കൊണ്ടുപോയെങ്കിലും 16 പേർ കൂടി മരണപ്പെട്ടു. ഒട്ടാകെ 72 പേർ. ഈ മഹാ ദുരന്തത്തിൽ നിന്നും ദൈവകൃപയാൽ മാത്രം യാദൃശ്ചികമായി രക്ഷപ്പെട്ടദേഹമാണ് കൊന്നോല അഹമ്മദ് ഹാജി. 1981 ൽ അബ്ദുചെറുവാടി സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് പ്രസിദ്ധീകരിച്ചിരുന്നു. വാഗൺ ട്രാജഡിയിൽ നിന്നും രക്ഷപ്പെട്ടവരിൽ അന്ന് ജീവിച്ചിരുന്ന ഏക വ്യക്തിയായിരുന്നു അദ്ദേഹം. കോട്ടപ്പടിയിലെ വയൽക്കരയിലായിരുന്നു അദ്ദേഹത്തിൻെറ വസതി. ഈ അഭിമുഖം കഴിഞ്ഞ് 10 ദിവസത്തിനുശേഷം 1981 ഒക്ടോബർ 10ന് അദ്ദേഹം മരണടഞ്ഞു.

വയോധികനായ അദ്ദേഹം രോഗശയ്യയിൽ കിടന്നുകൊണ്ട് അന്ന് നൽകിയ വിവരണം അതേപടി പകർത്താൻ ശ്രമിക്കുന്നത് തടവുകാരോട് ബ്രിട്ടീഷ് കാപാലികൻമാർ കാണിച്ചിരുന്ന കൊടും ക്രൂരതയുടെ നഗ്നചിത്രം കാണുവാൻ സാധിക്കുമെന്നത് കൊണ്ടാണ്. അദ്ദേഹം അയവിറത്ത ഗതകാല ദുഃഖസ്മരണകൾ താഴെ കൊടുക്കുന്നു. "ചുറുചുറുക്കും തുടിതുടിപ്പും കത്തി നിൽക്കുന്ന 21 വയസ്സ് പ്രായം. നവംബർ മൂന്നോ നാലോ തിട്ടമായി ഓർക്കുന്നില്ല. ഒരു വെള്ളിയാഴ്ചയാണെന്നത് തീർച്ച. എന്നേയും ജ്യേഷ്ഠൻ യൂസഫിനേയും പോലീസ് വീട്ടിൽനിന്നും പിടിച്ചുകൊണ്ടുപോയി. മൂത്ത ഇക്കാക്ക മൊയ്തീൻകുട്ടി അതിനുമുമ്പേ അവരുടെ പിടിയിൽ അകപ്പെട്ടു കഴിഞ്ഞിരുന്നു. വലിയ ഇക്കാക്ക ഖിലാഫത്ത് സെക്രട്ടറിയായിരുന്നതിനാൽ അറസ്റ്റു ചെയ്യുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നുവെങ്കിലും ഞങ്ങളുടേത് ഒട്ടുംകരുതിയിരുന്നില്ല. പട്ടാളത്തിൻെറ പാർശ്വവർത്തിയായിരുന്ന അംശം അധികാരി കളപ്പാട്ടൻ ആലിയുടെ പക പോക്കലിന് വിധേയരാവുകയായിരുന്നു ഞങ്ങൾ........... ചുരുക്കി പറയാമല്ലോ ഞാനും ജ്യേഷ്ഠനും പട്ടാളത്തിൻെറ പിടിയിൽ അകപ്പെട്ടു.

"എം.എസ്.പി. ക്യാമ്പിലേക്കായിരുന്നു ആദ്യം കൊണ്ടു പോയിരുന്നത്. അന്ന് വരെ കണ്ടിട്ടുപോലുമില്ലാത്ത പുലാമന്തോൾ പാലം പൊളിച്ചു എന്നതായിരുന്നു ഞങ്ങളുടെ മേൽ ചാർത്തപ്പെട്ട കുറ്റം. ദിവസത്തിൽ ഒരു നേരം, സന്ധ്യയ്ക്കു മുമ്പേ കിട്ടുന്ന ആഴക്ക് ഉപ്പിടാത്ത ചോറായിരുന്നു ജീവൻ നിലനിർത്താൻ കിട്ടിയത്. ശൌചം ചെയ്യുവാൻ ഒരു തുള്ളിവെള്ളം പോലും ഒരാഴ്ചക്കാലത്തേക്ക് ഞങ്ങൾക്ക് കിട്ടിയില്ല. ബാക്കി കാര്യങ്ങൾ ഊഹിച്ചാൽ മതി. സ്വന്തം ശരീരത്തിൻെറ നാറ്റം സഹിക്കവയ്യാതെ ഞങ്ങളിൽ പലരും പലവട്ടം ഓക്കാനിച്ചു. ബൈനറ്റ് മുനകളുടെ വേദനകൊണ്ട് എഴുന്നെൽക്കാൻപോലും കഴിയാതെയായി. ഹെഗ് ബാരക്കിലും ഒരാഴ്ചക്കാലം ഇതേ നരകവാസം തുടർന്നു.............

"20-ാം തിയ്യതി രാവിലെ ഞങ്ങളെ നാലു പേരെ വീതം കൂട്ടികെട്ടി. കഴുതവണ്ടികളും കാളവണ്ടികളും തയ്യാറായി നിന്നിരുന്നു. പട്ടാളക്കാർ ആയുധങ്ങളുമായി ഈ വണ്ടിയിൽ കയറികൂടി. ഓരോ വണ്ടിക്കും ഇടവിട്ട് ഞങ്ങളെ നിർത്തി. വണ്ടികൾ ഓടാൻ

തുടങ്ങി. പിന്നാലെ ഞങ്ങളും. കിതച്ചും ചുമച്ചും കൊണ്ടുള്ള നെട്ടോട്ടം. ഓട്ടത്തിന് അൽപ്പം വേഗത കുറഞ്ഞാൽ പിന്നിലുള്ള വണ്ടിയിൽ നിന്ന് നീണ്ടുവരുന്ന ബയനറ്റുകൾ ശരീരത്തിൽ ആഞ്ഞുതറക്കും. ഓടിയും, ചാടിയും, കുന്നും കുഴിയും മലയും താണ്ടി ഉച്ചയോടെ കോട്ടക്കൽ എത്തിച്ചേർന്നു. പട്ടാളക്കാർക്കെല്ലാം മൃഷ്ടാന്ന ഭോജനം. ഞങ്ങൾക്ക് ഒരു തുള്ളി പച്ചവെള്ളം പോലും നൽകാൻ ആ കിരാതൻമാർക്ക് മനസ്സു വന്നില്ല........ പട്ടാളക്കാർ വീണ്ടും വണ്ടിയിൽ കയറി. വീണ്ടും ഞങ്ങളുടെ മരണ ഓട്ടം തുടർന്നു. സന്ധ്യയോടെ തിരൂരിൽ എത്തിച്ചേർന്നു.

"എല്ലാവരേയും പ്ലാറ്റ്ഫോറത്തിൽ ഇരുത്തി. ഞങ്ങൾ ഇരിക്കുകയല്ല വീഴുകയായിരുന്നു. പലരും തളർന്നുറങ്ങിപ്പോയി. ഏകദേശം 600 തടവുകാരെ അവിടെ കൊണ്ടു വന്നിട്ടുണ്ടായിരുന്നു. ഒരു സിഗററ്റ് ടിന്നിൽ നാലുവറ്റു ചോറുമായി പട്ടാളക്കാർ ഞങ്ങളെ വിളിച്ചുണർത്തി. 81 വർഷം പിന്നിട്ട എന്റെ ജീവിതത്തിൽ ഇത്രയും സ്വാദുള്ള ഭക്ഷണം ഞാൻ കഴിച്ചിട്ടില്ലായെന്നതാണു സത്യം.

ഏഴ് മണിയോടെ മദ്രാസ് സൗത്ത് മറാട്ട കമ്പനിക്കാരുടെ എം.എസ്.എം.എൽ.വി. 1711 എന്ന് മുദ്രണം ചെയ്ത മരണ വാഗൺ പടിഞ്ഞാറുനിന്നും നിരങ്ങി വന്ന് തിരൂർ സ്റ്റേഷനിൽ നിന്നു. കണ്ണിൽ ചോരയില്ലാത്ത ആരാചാരെപ്പോലെ വാതിൽ തുറന്നുപിടിച്ച് ആളുകളെ കുത്തിനിറക്കുവാൻ തുടങ്ങി. നൂറുപേർ അകത്തായപ്പോഴേക്കും പലരുടേയും പൃഷ്ടവും കൈകാലുകളും പുറത്തേക്ക് തുറിക്കാൻ തുടങ്ങിയിരുന്നു. തലയിണയിൽ ഉന്നം നിറക്കുന്ന ലാഘവത്തോടെ തോക്കിൻച്ചട്ട കൊണ്ട് അമർത്തി തള്ളി വാതിൽ ഭദ്രമായടച്ചു കുറ്റിയിട്ടു. എല്ലാം ഇരുകാലിമൃഗമായ ഹിച്ച്കോക്കിന്റെ നിർദ്ദേശപ്രകാരം. എസ്കോർട്ട് വേണ്ട. മാപ്പിളമാർ ചാടിപ്പോകുമെന്ന ഭയം അശേഷമില്ല. ആ മനുഷ്യമൃഗം മനസ്സാ സന്തോഷിച്ചുകാണും!

"അകത്ത് കടന്നവരുടെ കാലുകൾ നിലത്തമർന്നില്ല. 200 പാദങ്ങൾ ഒന്നിച്ചമരാനുള്ള വിസ്തീർണ്ണം ആ സാമാന വണ്ടിക്കില്ലായിരുന്നു. ഒറ്റക്കാലിൽ, മേൽക്കുമേൽ. നിലം തൊടാതെ ആ ഹതഭാഗ്യരുടെ യാത്ര ആരംഭിച്ചു......... ശ്വാസം മുട്ടാൻ തുടങ്ങി. ദാഹം സഹിക്കവയ്യാതെ തൊണ്ട പൊട്ടുമാറ് ഞങ്ങൾ ആർത്തുവിളിച്ചു. കൈ എത്തിയവരൊക്കെ വാഗൺ ഭിത്തികളിൽ ആഞ്ഞടിച്ച് ശബ്ദമുണ്ടാക്കി. ആരുണ്ടുകേൾക്കാൻ. മുറിക്കകത്ത് കൂരാകൂരിരുട്ട്. വണ്ടി ഏതോ സ്റ്റേഷനിൽ (ഷൊർണ്ണൂർ) നിൽക്കാൻ പോകുന്നതായി തോന്നി. ഞങ്ങൾ ശേഷിപ്പുള്ള ശക്തിയെല്ലാം സംഭരിച്ച് നിലവിളിച്ചു. അപ്പോഴേക്കും പലരും മേൽക്കുമേൽ മലർന്നുവീണു തുടങ്ങിയിരുന്നു. അറിയാതെ കുമ്മികുമ്മിയായി മലം വിസർജ്ജിച്ചു. കൈക്കുമ്പിളിൽ മൂത്രം ഒഴിച്ച് വലിച്ചുകുടിച്ച് ദാഹം തീർക്കാൻ വിഫലശ്രമം നടത്തി. ആണാടിനെപോലെ, സഹോദരന്റെ ശരീരത്തിൽ പൊടിഞ്ഞ വിയർപ്പുകണങ്ങൾ നക്കി തുവർത്തി നോക്കി. ദാഹം സഹിക്കുന്നില്ല. ശ്വാസം കിട്ടുന്നില്ല. അന്യോന്യം മാന്തിപറിക്കാനും കടിച്ചുപറിക്കാനും തുടങ്ങി. പൊട്ടിയൊലിച്ച രക്തം നക്കിതുടച്ചു. മരണവെപ്രാളത്തിൽ അവർ സഹോദരമിത്രബന്ധം മറന്നു. ശരിയും തെറ്റും വേർതിരിച്ചറിയുന്ന മനസ്സ് നഷ്ടപ്പെട്ടു...............

"ഞാനും യൂസഫ് ഇക്കാക്കയും ചെന്നവീണത് ഇസ്രായേലിന് തൽക്കാലം പിടികിട്ടാത്ത ഓരത്തായിരുന്നു. എങ്ങനെയോ ഇളകിപോയ ഒരു ആണിയുടെ പഴുതുള്ള ഭാഗ്യസ്വർഗ്ഗത്തിൽ. ദ്വാരത്തിൽ മാറിമാറി മൂക്കുവെച്ച് പ്രാണൻ പോകാതെ പ്പിച്ചു. എങ്കിലും കുറേ കഴിഞ്ഞപ്പോൾ ബോധം നഷ്ടപ്പെട്ടു. ബോധം തെളിഞ്ഞ് നോക്കുമ്പോൾ നാലഞ്ചുപേരുണ്ട് മൗത്തായി ഞങ്ങളുടെമേൽ വീണുകിടക്കുന്നു! പുലർച്ച നാലുമണിക്കാണ് വണ്ടി പോത്തനൂർ സ്റ്റേഷനിൽ എത്തിയത്. ആ പാപികൾ വാതിൽ തുറന്നു. മുറിക്കുള്ളിൽ കണ്ട ഭീകരദൃശ്യം ആ പിശാചുക്കളെ തന്നെ ഞെട്ടിത്തെറിപ്പിച്ചു. 64 പേരാണ് കണ്ണുതുറിച്ച് ഒരു മുഴം നാക്കുനീട്ടി മരിച്ചുകിടക്കുന്നത്. 60 മാപ്പിളമാരും 4 തിയ്യൻമാരും............. തണുത്തവെള്ളം വാഗണിലേക്ക് കോരി ഒഴിക്കുവാൻ തുടങ്ങി. തണുത്ത് വിറങ്ങലിക്കാൻ തുടങ്ങിയപ്പോൾ ജീവൻ അവശേഷിച്ചവർ ഒന്നുപിടഞ്ഞു. ഞങ്ങളെ നേരെ കോയമ്പത്തൂർ ആസ്പത്രിയിലേക്ക് കൊണ്ടുപോയി. മരിച്ചവരെ ഏറ്റെടുക്കാൻ പോത്തനൂർ സ്റ്റേഷൻ മാസ്റ്റർ തയ്യാറായില്ല. അവരെ തിരൂരിലേക്ക് തന്നെ മടക്കി. ആസ്പത്രിയിൽ എത്തും മുമ്പേ 8 പേർകൂടി മരിച്ചു. ഞങ്ങൾ 28 ഭാഗ്യവാൻമാർ മാത്രം പടച്ചവന്റെ ഖുദ്റത്തിനാൽ രക്ഷപ്പെട്ടു. ഒരു മാസത്തെ ചികിൽസ കഴിഞ്ഞപ്പോൾ ബല്ലാരി ജയിലിലേക്ക് കൊണ്ടുപോന്നു. 10 മാസത്തെ ജയിൽവാസം കഴിഞ്ഞപ്പോൾ വിട്ടയക്കുകയും ചെയ്തു........

"വലിയ ഇക്കാക്കയുടെ വർത്തമാനം അറിയാത്തതിലായിരുന്നു ആകപ്പാടെയുള്ള വിഷമവും ഉൽക്കണ്ഠയും. ഞങ്ങളെ തെളിച്ച് കൊണ്ടുവരുമ്പോൾ ഇക്കാക്ക ഹേഗ് ബാരക്കിൽ തന്നെ ഉണ്ടായിരുന്നു. പിന്നീട് യാതൊരു വർത്തമാനവും അറിഞ്ഞിരുന്നില്ല. അപ്പോഴാണ് വാഗൺ ദുരന്തത്തെക്കുറിച്ചന്വേഷിക്കാൻ കല്ലടി മൊയ്തുട്ടി സാഹിബും മറ്റും വരുന്നുണ്ടെന്ന് കേട്ടത്. ഇവരോട് യാതൊന്നും പറയരുതെന്നു വർഡൻമാർ വിലക്കിയിരുന്നുവെങ്കിലും നാട്ടുവർത്തമാനങ്ങൾ ചോദിക്കുവാൻ ഞങ്ങൾ മടികാണിച്ചിരുന്നില്ല. എന്റെ വലിയ ഇക്കാക്കയെ അന്ന് തന്നെ (നവംബർ 20) ഒരു മരത്തോടു ചേർത്ത് വരിഞ്ഞുകെട്ടി വെടിവെച്ചു കൊന്നിരുന്നു. ഇതു കേട്ടപ്പോൾ മനസ്സാകെ പതറിപ്പോയി. ഞാനും ചെറിയ ഇക്കാക്കയും കെട്ടിപ്പിടിച്ച് പലവട്ടം കരഞ്ഞു. ഇതോടെ ഉമ്മയേയും ഉപ്പയേയും കുറിച്ചുള്ള നൊമ്പരങ്ങൾ അലട്ടാൻ തുടങ്ങി." കോട്ടപ്പടി പള്ളിയിൽ നിന്നും മഗ്‌രിബ് ബാങ്കുവിളി കേട്ടതോടെ നമസ്ക്കരിക്കാൻ തയ്യാറെടുത്ത അദ്ദേഹം തന്റെ വിവരണത്തിന് വിരാമമിട്ടു. 1.

*1. അബ്ദു ചെറുവാടി - വാഗൺ ട്രാജഡി, വാഗൺ ട്രാജഡി സ്മരണിക 1981. പുറങ്ങൾ 1 മുതൽ 10 വരെ.*

**2.** മലപ്പുറം സ്വദേശിയായ കാളത്തിങ്കൽ അലവി രാജമന്ത്രിജയിലിൽ വെച്ച് അന്നവിടെ തടവുകാരനായിരുന്നു മൊയ്തു മൗലവിയോട് വിവരിച്ച് അനുഭവകഥ. (ഇ. മൊയ്തു മൗലവി,

എൻെറ കൂട്ടുകാരൻ, കോഴിക്കോട്, 1964, പുറങ്ങൾ 142, 143.)

"പല സ്ഥലങ്ങളിൽ നിന്നായി വേട്ടയാടി പിടിക്കപ്പെട്ട നൂറിലധികം വരുന്ന ഞങ്ങളെ - കുറച്ച് ഹിന്ദുക്കളുമുണ്ടായിരുന്നു - മൂന്ന് മുറികളുള്ള ഒരു ഇരുമ്പറക്കകത്ത് പട്ടാളക്കാർ അടിച്ചു കയറ്റി അതിൻെറ ഓരം മുഴുവനും മുൻകൂട്ടിതന്നെ ശില കഷ്ണങ്ങൾ കൊണ്ട് ഭദ്രമായടച്ചിരുന്നു, കതകടച്ച് ഭദ്രമാക്കിയശേഷം വണ്ടി സ്റ്റേഷൻ വിട്ടു. കാറ്റിനും വെളിച്ചത്തിനും അടുക്കാൻ യാതൊരു നിർവ്വാഹവുമില്ലായ്കയാൽ വീർപ്പുമുട്ടുകയും ദാഹം സഹിക്കവയ്യാതാകുകയും ചെയ്തപ്പോൾ തമ്മിൽ തമ്മിൽ കടിക്കാനും അട്ടഹസിക്കാനും ഇരുമ്പു പലകമേൽ ചവിട്ടാനും തുടങ്ങി. ഞങ്ങളെ കൊണ്ടുപോകുന്നവർ അതൊന്നും ഗൗനിച്ചില്ലന്ന് മാത്രമമല്ല, അവർക്ക് അതൊരു നേരം പോക്കായി തോന്നിയുമിരുന്നു. വണ്ടി എടക്കുളത്തെ ത്തുന്നത് വരെ എനിക്ക് സുബോധമുണ്ടായിരുന്നു. പിന്നെ എന്തൊക്കെ സംഭവിച്ചുവെന്ന് എനിക്കറിഞ്ഞുകൂടാ. ഓർമ്മ വരുമ്പോൾ ഞാൻ കോയമ്പത്തൂർ ആസ്പത്രിയിലാണ്.

വണ്ടിയുടെ ഉള്ളിൽ മലവും മൂത്രവും വിയർപ്പും എതാനും നിമിഷങ്ങൾക്കകം തളംകെട്ടി. അതിലായിരുന്നു ഞങ്ങൾ കിടന്നിരുന്നത്. അതായിരുന്നു ദാഹശമനത്തിന് ഉപയോഗിച്ചിരുന്നത്."

അലവി ശിക്ഷിക്കപ്പെട്ട തടവുകാരനായിരുന്നു. മുസല്യാരോടൊപ്പം ബല്ലാരി ക്യാമ്പ് ജയിലിൽ നിന്നും രാജമന്ത്രിക്ക് അദ്ദേഹത്തെ മാറ്റി. അവിടെ വെച്ചാണ് തൻെറ അനുഭവം എന്നോട് പറഞ്ഞത്.

## അനുഭവസ്ഥരുടെ അനുസ്മരണം.

## I. <u>കരിമ്പനക്കൽ അബ്ദുല്ലക്ക</u> <u>അങ്ങാടിപ്പുറം - വയസ്സ് - 96</u>



കുപ്രസിദ്ധമായ വാഗൺട്രാജഡിക്ക് മുമ്പും അതിന് ശേഷവും തടവുകാരാക്കിയ മാപ്പിള കലാപകാരികളെ ചരക്കുവണ്ടികളുടെ വാഗണിൽ തന്നെയാണ് ബല്ലാരിയിലേക്കും പുറത്തുള്ള മറ്റു തടവറകളിലേക്കും കയറ്റിക്കൊണ്ടു പോയിരുന്നത്. ഇപ്പോൾ 96 വയസ്സുള്ള കരിമ്പനയ്ക്കൽ അബ്ദുല്ലക്ക ഭീകരമായ അത്തരം ഒരു ദുരന്തയാത്ര നടുക്കത്തോട് കൂടി അയിവിറക്കുകയാണ്.

യാദൃശ്ചികമായി, ഓർക്കാപ്പുറത്താണ് യാതൊരു കാരണവുമില്ലാതെ തന്നെ പോലീസ് പിടിച്ചുകൊണ്ടു പോയത്. അങ്ങാടിപ്പുറത്ത് നിന്നും കൈകൾ ബന്ധിച്ച് മലപ്പുറം വഴി തിരൂർ റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവന്നു. അവിടെ നിന്ന് തീവണ്ടിയിൽ ബല്ലാരിയിലേക്കായിരുന്നു യാത്ര. 31 മണിക്കൂർ നീണ്ടയാത്ര. ഒരു ബോഗിയിൽ 200ഓളം പേരുണ്ട്. അടച്ചുപൂട്ടിയ ബോഗിയിൽ അവശരായിരുന്നു എല്ലാവരും. വീട്ടിലേക്ക് കൊണ്ടുപോകാൻ ബിസ്കറ്റുമായി വരുമ്പോഴായിരുന്നു പോലീസ് പിടികൂടിയത്. ഈ ബിസ്ക്കറ്റ് ബോഗിയിലുണ്ടായിരുന്നവർക്ക് വിതരണം ചെയ്തു. ഒരിറ്റ് വെള്ളം കിട്ടിയില്ല. ആഹാരവുമില്ല. ശ്വാസം തിങ്ങി തിങ്ങിവന്നു. ഓരോരുത്തരും ബോഗിക്കകത്ത് ആണി കൊഴിഞ്ഞു പോയ സുഷിരങ്ങൾ തപ്പി അത്തരം ദ്വാരത്തിൽ മൂക്കമർത്തി കിടന്നു. ആരും ബാക്കിയാവുമെന്ന് കരുതിയിരുന്നില്ല. എല്ലാവരും മൃതപ്രായരായിരുന്നു. 31 മണിക്കൂർ സമയം ഒരിറ്റ് വെള്ളമില്ലാതെ ശ്വസിക്കുവാനുള്ള വായുപോലും കിട്ടാതെ തീവണ്ടി ബോഗിക്കുള്ളിൽ കിടന്നപ്പോൾ ജീവൻ തിരിച്ച് കിട്ടുമെന്ന് യാതൊരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. ആ ദുഃഖസ്മരണ ഇന്നും അദ്ദേഹത്തെ കിടിലം കൊളിച്ചുകൊണ്ടിരിക്കുന്നു.

ബല്ലാരിയിൽ അബ്ദുല്ലക്ക രണ്ടുവർഷമാണ് തടവിൽ കഴിച്ചുകൂട്ടിയിരുന്നത്. ജയിൽ ജീവിതത്തെ പറ്റിയും അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. 'ഉച്ചയ്ക്ക് അല്പം ചോറും കാളമൂത്രം പോലുള്ള കറിയും' ജീവൻ നിലനിൽക്കാൻ മാത്രം' രണ്ടുവർഷത്തിന് ശേഷം ജയിൽ വിമോചിതനായി നാട്ടിലെത്തിയ അദ്ദേഹത്തെ വീണ്ടും അറസ്റ്റ് ചെയ്തു. ഒന്നരമാസത്തോളം മലപ്പുറം പട്ടാളക്യാമ്പിൽ തടവിൽ പാർപ്പിച്ചെങ്കിലും അതുകഴിഞ്ഞ് വിട്ട യച്ചു. ഇനിയും പട്ടാളത്തിൻെറ പിടിയിൽ പെടാതിരിക്കുവാൻ വേണ്ടി പലസ്ഥലത്ത് പല വീടകുളിലായി മാറിമാറി താമസിച്ചാണ് രക്ഷപ്പെട്ടത്.

ഖിലാഫത്ത് കോൺഗ്രസ്സ് പ്രവർത്തനങ്ങളിൽ അദ്ദേഹം പങ്കെടുത്തിരുന്നു. പെരിന്തൽമണ്ണയിൽ നിന്ന് കോയമ്പത്തൂരിലേക്കും അവിടുന്ന് തിരിച്ചിങ്ങോട്ടും മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബിൻെറ നേതൃത്വത്തിൽ ഒരു ജാഥയിൽ പങ്കെടുത്ത സംഭവം ആവേശത്തോടുകൂടി ഇപ്പോഴും ഓർക്കുന്നുണ്ട്. സ്വാതന്ത്ര്യസമരസേനാനികൾക്കുള്ള പെൻഷനും താമ്രപത്രവും അദ്ദേഹത്തിന് കിട്ടിയിട്ടുണ്ട്. (ഉസൈൻ കൊടിഞ്ഞി, മലബാർ കലാപത്തിന് മുക്കാൽ നൂറ്റാണ്ട് - വാരാദ്യമാധ്യമം, 1996 ആഗസ്റ്റ് 18 - അഭിമുഖം)

തൂക്കിക്കൊല്ലുകയാണുണ്ടായത്. മറ്റത്തൂരിലെ ബന്ധുവീട്ടിൽ അഭയം തേടിഇരുന്ന ഞങ്ങൾ തിരിച്ചു വരുമ്പോഴേക്കും പുര കത്തിച്ച് ചാമ്പലാകിയിരുന്നു." ഖിലാഫത്ത് പ്രവർത്തകരുടെ വീടുകൾ തിരിച്ചറിയുവാൻ കറുത്ത മഷി കൊണ്ട് അടയാളപ്പെടുത്തിയിരുന്നത് മുഹമ്മദ് ഹാജി ഓർക്കുന്നു. (ഉസൈൻ കൊടിഞ്ഞി, മലബാർ കലാപത്തിനു മുക്കാൽ നൂറ്റാണ്ട്, വാരാദ്യമാധ്യമം, 1996 ആഗസ്റ്റ് 18, അഭിമുഖം)

## 9. പെരുമ്പിലാവിൽ കുഞ്ഞമ്മദുപ്പാപ്പ - വയസ്സ് 93



1996 സെപ്റ്റംബർ 22 ലെ വാരാദ്യമാധ്യമത്തിൽ മുഹമ്മദ് ഷാഫി പുളിക്കൽ എഴുതിയ, 'മലബാർ കലാപത്തിൻെറ ഒരു സാക്ഷിമൊഴി'. പെരുമ്പിലാവ് കുഞ്ഞമ്മദുപ്പാപ്പ, കുടുമൻ ചമ്മനന്തോൾ അലവിക്കുട്ടി ഹാജി എന്നിവരുമായുള്ള അഭിമുഖമാണ്. അതാണ് താഴെ ചേർക്കുന്നത്.

93-ാം വയസ്സിലും വ്യക്തമായി ഓർമ്മകളോടെ പെരുമ്പിലാവിൽ കുഞ്ഞമ്മദുപ്പാപ്പക്ക് പറയാനുള്ളത് ഞെട്ടിക്കുന്ന ചരിത്രസത്യങ്ങൾ. അന്ന് 18 വയസ്സുള്ള കുഞ്ഞമ്മദുപ്പാപ്പ ആദ്യമായി പട്ടാള ട്രക്കുകൾ കാണുന്നത് പെരിയമ്പത്ത് വെറ്റില വിൽക്കാൻ പോയപ്പോഴാണ്. 1921ലെ മലബാർ കലാപത്തോടനുബന്ധിച്ച് ഐക്കരപ്പടി കോരുവിനെ വെടിവെച്ച പട്ടാളം, പുളിക്കൽ മാംഗളാരി ഭാഗത്തേക്ക് കടന്ന് അവിടെ രണ്ടും പറവൂർ ഭാഗത്തെ കക്കാട്ടിരപ്പറമ്പിൽ നാലും ഹരിജനങ്ങളെ വെടി വെച്ചു. ഇല്ലിമുളകൾ ചുറ്റിലും വെച്ചായിരുന്നു ഇവരുടെ ടെൻറ്. പിന്നിട് രണ്ട് ഗ്രൂപ്പായി കാഞ്ഞിരത്തടായി, പുളിക്കൽ, പൂവത്തിക്കോട്ട വഴി വലിയ പറമ്പ് ചുരത്തിൽ ഭാഗത്ത് ക്യാമ്പ് ചെയ്തു. കൈയിൽകിട്ടിയ സമ്പാദ്യങ്ങളും കുട്ടികളെയും കൈയിലെടുത്ത് ആളുകൾ സുരക്ഷിത സ്ഥാനത്തിനായി പരിഭ്രാന്തരായി ഓടി. ഈയവസരത്തിൽ ചമ്മൻതോൾ പുറ്റാണിക്കാട്ടെ ഇടവഴിയിലും പറമ്പിലുമായി കുടുക്കിൽ ചമ്മൻതോൾ പുറ്റാണിക്കാട്ടെ ബീരാൻകാക്ക, കുടുക്കിൽ കോപ്പാമ്പള്ളി മമ്മർകാക്ക, ചുരത്തിൽ വീരാൻകുട്ടികാക്ക എന്നിവർ വെടിയേറ്റ് മരിച്ചു. ആ കരളലിയിക്കുന്ന കൂട്ടക്കൊല നടന്നത് പുറ്റാണിക്കാട്ട് ചമ്മൻതോൾ ബീരാൻകാക്കയുടെ വീട്ടിലായിരുന്നു.

സ്ത്രീകളും കുട്ടികളുമടങ്ങുന്ന 23 പേർ ഒരുമിച്ച് കൊല ചെയ്യപ്പെട്ടത് മലബാർ കലാപത്തിലെ ഈ സംഭവത്തിൽ മാത്രമാണ്. ഈ പ്രദേശത്ത് മരിച്ചവരിൽ അധികവും സ്ത്രീകളായിരുന്നു. ഇവിടെനിന്നുള്ള ഖിലാഫത്ത് നേതാവും മലബാർ പ്രദേശ് കോൺഗ്രസ് കമ്മിറ്റി മെമ്പറുമായിരുന്ന കുടുക്കിൽ പട്ടർതൊടു ബീരാൻ ഹാജിയുടെ വീടാണെന്ന് തെറ്റിദ്ധരിച്ചാണ് ഈ വീട്ടിൽ വെടിവെപ്പ് നടത്തിയത്. ബീരാൻ ഹാജിയുടെ ഭാര്യ കതിയുമ്മ പാലപ്പറമ്പ് എന്ന സ്ഥലത്ത് വെടിയേറ്റ് മരിച്ചു. ബൈനോക്കുലർ ഘടിപ്പിച്ച ലൂയിഗൺ കൊണ്ടായിരുന്നു വെടി. ഇവരെ ഒരു കിലോമീറ്റർ ദൂരത്തുള്ള ചക്കമ്മാട്ടുമ്മൽ നിന്നാണ് വെടിവെച്ചത്. ഒളിസ്ഥലത്തുനിന്ന് കണ്ടെടുത്ത്, വലിച്ചിഴച്ച് ഓടിച്ചശേഷം അറമ്പൻ വീരാൻകുട്ടികാക്കയെയും വെടിവെച്ചു. പാഴങ്ങാട്ടെ കുഞ്ഞീതു കാക്കാൻെറ ഭാര്യ എന്നിവരും അന്ന് മരിച്ചവരിൽ പെടുന്നു. ചമ്മൻതോൾ വെടിവെപ്പിൻെറ പിറ്റെ ദിവസം വിളയിൽ കിഴിശ്ശേരി ഭാഗത്തുനിന്നുള്ള വൃദ്ധനായ ഒരു നമ്പൂതിരിക്ക് ബാപ്പ വീരാൻകുട്ടികാക്ക, പെരുമ്പിലാവിലെ വീട്ടിൽ അഭയം നൽകിയത് ഇപ്പോഴും കുഞ്ഞമ്മദുപ്പാപ്പ ഇന്നലെ കഴിഞ്ഞപോലെ ഓർക്കുന്നു.

## 10. കുടുക്കൻ ചമ്മൻതോൾ അലവിക്കുട്ടി ഹാജി - 82.

പുളിക്കൽ പഞ്ചായത്തിലെ ഒളവട്ടൂരിൽ, മക്കളും മക്കളുടെ പേരമക്കളടക്കം വലിയ കുടുംബത്തിലെ കാരണവരായി 82 വയസ്സ് പിന്നിട്ട കുടുക്കൻ ചമ്മൻതോൾ അലവിക്കുട്ടി ഹാജിക്ക് ഒരു ദുരന്തത്തിൻെറ നടുക്കുന്ന ഓർമകളാണ് പറയാനുള്ളത്. ഇദ്ദേഹത്തിൻെറ പിതാവിൻെറ ചമ്മൻതോൾ വീട്ടിലാണ് മലബാർ കലാപചരിത്രത്തിൽ സ്ത്രീകളും കുട്ടികളുമായി 23 പേർ ഒരുമിച്ച് കൊല്ലപ്പെട്ട ദുരന്തമുണ്ടായത്. ഇദ്ദേഹത്തിന് അന്ന് ഏഴ് വയസ്സ്. ബാപ്പയും ഉമ്മയും അടങ്ങിയ കുടുംബത്തിൽ അന്ന് ശേഷിച്ചവർ ജ്യേഷ്ഠനും താനും രണ്ടു സഹോദരമാരും ഉമ്മയും മാത്രം. ബീയാത്തുട്ടി, ആയിശക്കുട്ടി, കതീശക്കുട്ടി, ബിയ്യക്കുട്ടി എന്നീ സഹോദരിമാരെയും ബാപ്പ ബീരാൻ കാക്കയെയും മാപ്പിളോൾ പള്ളിയിൽ ഒരേ ഖബറിൽ അടക്കം ചെയ്തു. സംഭവം അലവിക്കുട്ടി ഹാജി വിവരിക്കുന്നിങ്ങനെയാണ്.

"അന്ന് രാവിലെ വീട്ടിൽ അളിയനും പെങ്ങളും വിരുന്ന് വന്നിരുന്നു. ബാപ്പക്കും അളിയനും ഉമ്മ ബഡാപ്പുറത്ത് കഞ്ഞിയും പത്തിരിയും എടുത്തുവെച്ചു. പക്ഷേ, പട്ടാളം വന്നിട്ടുണ്ടെന്ന വാർത്ത പരന്നതോടെ ബാപ്പ അളിയനെ സുരക്ഷിതസ്ഥാനത്തേക്ക് പറഞ്ഞയച്ചു. കുറച്ച് സമയത്തിനകം തൻെറ വീട്ടിൽ അയൽ പ്രദേശത്തുനിന്നുള്ള 20ഓളം സ്ത്രീകളും കുട്ടികളുമടങ്ങുന്നവർ അഭയം അന്വേഷിച്ചെത്തി. എൻെറ വീട്ടിലുള്ളവ

രുമടക്കം 30-ഓളം പേർ (സ്ത്രീകളും കുട്ടികളും) വീടിൻെറ അകത്തളത്തിൽ ഭയത്താൽ 'കലിമ' ചെല്ലുന്നുണ്ടായിരുന്നു. എന്നെ ആയിശ എന്ന സ്ത്രീ എടുത്ത് മറ്റൊരു മുറിയിലെ കട്ടിൻ പൂവട്ടിലാക്കി. പിന്നീട് കേട്ടത് കാതടപ്പിക്കുന്ന വെയിടൊച്ചകളും കൂട്ട നിലവിളികളുമായിരുന്നു. 23 പേർ മരിച്ചു. ഇതിൽ എന്നെ രക്ഷിച്ച ആയിശയും അപ്പക്കാട്ടുകുഴി പെറിയമ്മുട്ടികാക്കാൻെറ മഹുമ്മദ് എന്ന കുട്ടിയും പെടുന്നു. ആയിശത്താത്തയുടെ തലക്കായിരുന്നു വെടികൊണ്ടത്. 23 മയ്യിത്തും രാത്രിതന്നെ ഖബറടക്കം നടത്തി. വീടിൻെറ അകത്തളം നിറയെ ചോര തളംകെട്ടിക്കിടന്ന കാഴ്ച നടുക്കുന്നതായിരുന്നു. പിന്നീട് ഉമ്മയും ഞാനും ബാക്കിയുള്ള സഹോദരിമാരും കൊണ്ടോട്ടിയിലേക്ക് പോയി. ആനപ്പാറ ഇണ്ണി മമ്മു എന്നവരുടെ വീട്ടിൽ കഴിഞ്ഞു. വലിയ പറമ്പിൽ നിന്ന് പൂറ്റാണിക്കാട്ട് ബീരാൻ, കുഞ്ഞാമു, എന്നിവരടക്കം അഞ്ചു പേരെ അറസ്റ്റ് ചെയ്തതായി ഓർക്കുന്നു. ഏതാണ്ട് 40-ഓളം വീടുകൾ അഗ്നിക്കിരയായി കത്തിനശിച്ചു. ഇതിൽ തായത്ത്‌വീട്, പാറമ്മൽവീട്, പൂളക്കത്തടത്തിൽ, പൊളക്യാറ്റ്യാശ വീട്, കോപ്പാമ്പള്ളി വീട്, തെക്കും വീട് എന്നിവ പിലത് മാത്രം. മൃഗങ്ങളെയും ഇവർ വെറുതെ വിട്ടിരുന്നില്ല. നൂറോളം ആടുകളെയും കോഴികളെയും ചുട്ടുകരിച്ചു."

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചരിത്രവിഭാഗം അടുത്തിടെ കൊണ്ടോട്ടി വലിയ തങ്ങളുടെ വീട്ടിൽ നിന്ന് കണ്ടെടുത്ത ചില ചരിത്രരേഖകളിൽ കോഴിക്കോട്ടെ പട്ടാള ഉദ്യോഗസ്ഥന് കൊണ്ടോട്ടി വലിയ തങ്ങൾ ഷെയ്ക്ക് മുഷ്താഖ് ഷാ തങ്ങൾ എഴുതിയ ഒരു കത്തിൽ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും കൂട്ടരും കൊണ്ടോട്ടി തക്കിയാവും ഖുബ്ബയും ആക്രമിക്കാൻ വരുന്നുണ്ടെന്നും സഹായം വേണമെന്നും അഭ്യർത്ഥിച്ചിരുന്നതായി കാണുന്നു. (ഡോ. കുഞ്ഞാലു തിരൂരങ്ങാടി പ്രഭാഷണം). ടിപ്പുവിൽ നിന്നും കരം കൂടാതെ പതിച്ച് കിട്ടിയ നൂറിലേറെ ഏക്കർ ഭൂമിയുടെ കൈവശാവകാശത്തിനും മറ്റും കൊണ്ടോട്ടി തങ്ങളും കുടുംബവും ഇംഗ്ലീഷ് വിധേയത്വമുള്ളവരായിരുന്നുവെന്നും അവരുടെ അടുത്ത് അഭയാർഥികളായെത്തിയവരെ പട്ടാളം ഉപദ്രവിച്ചിരുന്നില്ല എന്നും ഇതിൽ നിന്ന് മനസ്സിലാകുന്നു. പുളിക്കൽ വലിയ പറമ്പ് ഭാഗത്തെ ഭൂരിഭാഗം പേരും കൊണ്ടോട്ടിയിൽ അഭയം തേടിയിരുന്നു.

## 11. കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാരുടെ മകൾ ആയിശക്കുട്ടി - വയസ്സ് - 80



ഖിലാഫത്ത് - കോൺഗ്രസ് നേതാവായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാരെപ്പറ്റി മകൾ അനുസ്മരിക്കുന്നു. അഭിമുഖം നടത്തിയത് ഉമ്മർ അറയ്ക്കൽ

"പുല്ലുമേഞ്ഞ വലിയ വീട്, തീപ്പൊരിപാറി വീണാൽ മതി വീട് വെണ്ണീറാവും. വീട്ടിനകത്ത് ചെറിയ കുട്ടികളും സ്ത്രീകളും. വലിയൊരു പത്തായത്തിൽ നിറയെ വിലപ്പെട്ട ഗ്രന്ഥങ്ങൾ. മറ്റൊരു പത്തായത്തിൽ നെല്ല്. പട്ടാളക്കാർ എല്ലാ മൂക്കിലും തപ്പി. വിചാരിച്ചത് കാണാത്തതിലുള്ള കോപം അവരുടെ മുഖത്ത്. വീട്ടുകാർ ശ്വാസമടക്കി നിന്നു. നിറഞ്ഞ നിശ്ശബ്ദതയിൽ കനത്ത ബൂട്ടിൻെറ ശബ്ദം മാത്രം. ഒരു പട്ടാളക്കാരൻ പാൻറ്സിൻെറ പോക്കറ്റിൽ നിന്ന് തീപ്പെട്ടിയെടുക്കുന്നു. തീപ്പെട്ടി കൊള്ളിയെടുത്ത് ഉരസാനാണ് ഭാവം. ഏത് മാളത്തിലാണെങ്കിലും ഇങ്ങ് പുറത്ത് വരട്ടെ എന്നതായിരുന്നു ഉദ്ദേശ്യം. വീടിന് ചുറ്റും ഓടിക്കൂടിയ അയൽവാസികളിലെ ഒരു ഹിന്ദുയുവാവ് കരഞ്ഞുകൊണ്ട് കാൽക്കൽ വീണു അപേക്ഷിച്ചു. അരുതേ, ഒരിക്കലുമരുതേ, തീ കൊടുക്കരുതേ, മുസ്ല്യാർ അകത്തെവിടെയുമില്ല. ഈ നാട്ടിൽ തന്നെയില്ല. അതിന്നകത്തുള്ളത് പാവങ്ങളാണ് നിരപരാധികൾ - സ്ത്രീകളും കുഞ്ഞുങ്ങളും. ഞങ്ങൾക്കാണ് അവരെ സംരക്ഷിക്കുന്ന ചുമതല. പട്ടാളക്കാരൻെറ പരുപരുത്ത മനസ്സിലെവിടെയോ ഒളിഞ്ഞ് കിടന്നിരുന്ന കരുണയുടെ ഉറവ ഒട്ടിയത് പോലെ. ഒന്നും ചെയ്യാതെ അന്നവർ മടങ്ങി പോയി"

സ്വാതന്ത്ര്യസമര ചരിത്രത്തിലെ തിളങ്ങുന്ന അദ്ധ്യായമായ ഖിലാഫത്ത് പ്രക്ഷോഭത്തിൻെറ വള്ളുവനാട്ടിലെ നേതാക്കളിൽ പ്രമുഖനായ കട്ടിലശ്ശേരി മുഹമ്മദ് മുസ്ല്യാരുടെ മൂത്ത മകൾ ആയിശ്ശക്കുട്ടി 77-ാം വയസ്സിലും നെഞ്ചിടിപ്പോടെ ആ

സംഭവം ഓർമ്മിച്ചു. അന്നത്തെ പ്രായം ഓർക്കുന്നില്ല. ഖുർആൻ വാക്യങ്ങളെടുത്തുദ്ധരിച്ച് ബ്രിട്ടീഷ് വിരുദ്ധ സമരത്തിന് ആഹ്വാനം ചെയ്ത മുസ്ല്യാർ ബ്രിട്ടീഷുകാർക്ക് കണ്ണിലെ കരടായിരുന്നു. പക്ഷെ ഒരിക്കൽപോലും അദ്ദേഹത്തെ പിടികൂടാൻ അവർക്ക് കഴിഞ്ഞില്ല. അവർ ഓർമ്മകളിലേക്ക് തന്നെ മടങ്ങി.

"ഒരു ദിവസം ഓർക്കാപുറത്ത് ആമു സൂപ്രണ്ട് വീട്ടുമുറ്റത്ത്. ബാപ്പ വീട്ടിലുള്ള വിവരം എങ്ങനെയോ മണത്തറിഞ്ഞിരിക്കുന്നു. ഉമ്മറത്തുള്ള ബാപ്പാനെ പിടിക്കാൻ ആമു കോലായിൽ കയറി. നല്ല ആരോഗ്യവും ധൈര്യവുമുണ്ടായിരുന്ന ബാപ്പ കുതറി. പിന്നെ ആമുവിനൊരു തട്ട്. ആമു വീട്ട്മുറ്റത്തേക്ക് കരണം കുത്തിവീണു. ഈ തക്കം നോക്കി ബാപ്പ രക്ഷപ്പെട്ടു. ശ്വാസം വിടാൻ പോലും മറന്നു ഞങ്ങൾ വീട്ടിനകത്ത് വിറച്ചിരുന്നു.

ബാപ്പ വളരെ കുറച്ച് സമയമേ വീട്ടിലുണ്ടാവൂ. ഖിലാഫത്ത് സമരത്തിൻെറ നേതൃത്വത്തിലെത്തിയതോടെ നാടും, വീടും വിട്ടു ഒളിവിലായിരുന്നു. പക്ഷെ ഇതുകൊണ്ട് വീട്ടിലൊരു പ്രയാസവുമുണ്ടായിരുന്നില്ല. കൃഷിയുണ്ട്. അഞ്ഞൂറ് പറനെല്ല് പാട്ടവും കിട്ടാനുണ്ട്. തേങ്ങയും കുരുമുളകുമൊക്കെ വേറെയും. പട്ടാളത്തിൻെറയും പോലീസിൻെറയുമൊക്കെ ശല്യമായിരുന്നു പ്രശ്നം. ജാതി-മത വിത്യാസമില്ലാതെ നാട്ടുകാർ ഒന്നടങ്കം ബാപ്പയില്ലാത്ത സമയത്ത് വീടിനു കാവൽ നിന്നു.

സ്വാതന്ത്ര്യ സമര ഗോദയിൽ എം.പി. നാരായണ മേനോൻെറ വലം കയ്യായി പ്രവർത്തിച്ച് ഹിന്ദു-മുസ്ലിം മൈത്രി സുഗന്ധം പരത്തിയ ബാപ്പയുടേയും നാരായണ മേനോൻെറയും വഴി തന്നെയാണ് നാട്ടുകാരും തെരഞ്ഞെടുത്തത്.

പോലീസ് ബാപ്പനെ എപ്പോഴും അന്വേഷിച്ചു വരുന്നതുകൊണ്ട് പോലീസ് വണ്ടി റോഡിലൂടെ പോവുന്നത് കണ്ടാൽ മതി ഞാൻ വാവിട്ട് കരയും. അപ്പോൾ കൂട്ടുകാരികൾ കളിയാക്കും. ഗുരുനാഥൻ സമാധാനിപ്പിക്കും. എത്ര സമാധാനിപ്പിച്ചാലും എനിക്ക് കരച്ചിൽ നിൽക്കുമായിരുന്നില്ല. കരഞ്ഞ് കരഞ്ഞ് തളരുമ്പോൾ അധ്യാപകർ എന്നെ ബഞ്ചിൽ കിടത്തി ഉറക്കുമായിരുന്നു. പട്ടാളം വരാൻ സാദ്ധ്യതയുള്ള കാര്യം പലപ്പോഴും അംശം അധികാരിയാണ് രഹസ്യമായി വിവരം തരിക. അധികാരി പലതവണ ഇങ്ങനെ സഹായിച്ചിട്ടുണ്ട്.

പോലീസിന് കീഴ്പ്പെടാനും മാപ്പ് എഴുതിക്കൊടുക്കാനും പലരും അക്കാലങ്ങളിൽ ബാപ്പനെ ഉപദേശിക്കാറുണ്ടായിരുന്നു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ.എം. മൗലവി, ഇ. മൊയ്തു മൗലവി തുടങ്ങിയവരുമായൊക്കെ വളരെ അടുത്ത ബന്ധമായിരുന്നു ബാപ്പക്ക്. ശരിയാണെന്ന് ബോദ്ധ്യമായ വിഷയത്തിൽ ഉറച്ച് നിൽക്കും. പിന്നീടൊരു ഒത്തുതീർപ്പിന് ബാപ്പാനെ കിട്ടില്ല. ഉപദേശികളോട് ബാപ്പ പറയും. പ്രവാചകനായ മുഹമ്മദ് നബി ശത്രുക്കൾക്ക് കീഴ്പ്പെട്ടിട്ടില്ല. വിശ്വാസ കാര്യത്തിൽ ഒത്തുതീർപ്പുമുണ്ടാക്കിയിട്ടില്ല. രക്ഷയില്ലെന്ന് കണ്ടപ്പോൾ നാട്ടിൽനിന്ന് പലായനം ചെയ്തിട്ടേയുള്ളൂ. ഞാൻ ആ പ്രവാചകനെയാണ് പിൻതുടരുന്നത്. ഒരിക്കൽ ബാപ്പ ഒറ്റപ്പാലത്തുണ്ടെന്നറിഞ്ഞ് പോലീസ് അവിടെ രഹസ്യമായെത്തി. പക്ഷെ ബാപ്പ പോലീസിൻെറ കണ്ണ് വെട്ടിച്ച് മദ്രാസിലെത്തി. ജമാലിയാ കോളേജിൽ താമസിച്ചു. പോലീസ് അവിടെയുമെത്തി. അറസ്റ്റ് ചെയ്യാൻ കയ്യിൽ കയറി പിടിച്ച ഡിവൈ എസ്.പി. ആമു സൂപ്രണ്ടിനെ ഒരിക്കൽ കൂടി തട്ടിമാറ്റേണ്ടിവന്നു. പിന്നെ ഓടി പൊങ്ങിയത് ഫ്രഞ്ച് ഗവ. അധീനതയിലുള്ള കാരക്കലിലാണ്. പന്ത്രണ്ട് വർഷത്തോളം അവിടെ താമസിച്ചു. മൂന്ന് വർഷത്തിന് ശേഷം ഭാര്യ പാത്തുമ്മയും മൂത്തമകൾ ആയിശക്കുട്ടിയും കാരക്കലെത്തി.

രാജകീയമായ സൗകര്യങ്ങളാണ് അവിടുത്തുകാർ ബാപ്പാക്ക് ചെയ്ത് തന്നത്. കൊട്ടാര സമാനമായൊരു വീട് ബാപ്പൻെറ പേരിൽ രജിസ്റ്റർ ചെയ്ത് തരാൻ പോലും അവർ തയ്യാറായി. പക്ഷെ നാട്, നാടിൻെറ സ്വാതന്ത്ര്യം, സഹപ്രവർത്തകരായ സമര നായകർ, അവരെക്കുറിച്ചുള്ള വിട്ടുമാറാത്ത ഓർമ്മകൾ. സിരകളിൽ പിന്നെയും ആവേശം. ആത്മമിത്രമായ എം.പി. നാരായണ മേനോൻെറ കത്ത് ഇടതടവില്ലാതെ വരും. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും നാട്ടിൽ വരാനായി കത്തയക്കും. ഒടുവിൽ കുറെക്കാലം ഫ്രഞ്ച് അധീനതയിൽ തന്നെയുള്ള മാഹിയിൽ വന്ന് താമസിച്ചു. പിന്നീട് 21-ലെ കലാപത്തിൻെറ പേരിലുള്ള കുറ്റങ്ങളെല്ലാം പിൻവലിച്ച ശേഷം 1933ലാണ് നാട്ടിലേക്ക് തിരിച്ചെത്തിയത്. കാരക്കലായിരുന്നപ്പോഴും വിശ്രമ മുണ്ടായിരുന്നില്ല. അവിടുത്തെ വിദ്യാഭ്യാസ-സാമൂഹ്യ പ്രവർത്തനത്തിൻെറ മുൻപന്തിയിലായിരുന്നു. ഒരു മദ്രസ്സയും അവിടെ സ്ഥാപിച്ചു.

പത്തുമക്കളായിരുന്നു ആകെ. നാലു മക്കളും മരിച്ചു. ആയിശക്കുട്ടിയുടെ നേരെ താഴെ അലി പത്തുമാസം പ്രായമായപ്പോൾ തന്നെ മരിച്ചു. അടുത്ത കുട്ടിക്കും അലി എന്ന് തന്നെ പേരിട്ടു. പക്ഷെ ആറ് വയസ്സായപ്പോൾ അവനും മരിച്ചു. ഫാത്തിമ എന്ന മകൾ രണ്ട് വയസ്സുള്ളപ്പോഴാണ് മരിച്ചത്. അബ്ദുൽ അസീസ് എന്ന മകൻ നാലാം മാസത്തിലും. മക്കളുടെ മരണസമ യത്തൊന്നും ബാപ്പ വീട്ടിലില്ല. എവിടെയാണെന്നറിയുകയുമില്ല. അറിഞ്ഞാലും വരാനൊക്കില്ല. കാരണം ആ തക്കം നോക്കി പോലീസ് വരും. മക്കളുടെ മരണം പോലുള്ള ദുരന്തങ്ങൾ ഒരിക്കലും ബാപ്പയുടെ സമരാവേശത്തെ തളർത്തിയില്ല. 1943 ഓഗസ്റ്റ് 22-നാണ് ബാപ്പ മരിച്ചത്. ഇന്ത്യ സ്വതന്ത്രമാവുന്നത് കൺകുളിരെ കാണാൻ ബാപ്പാക്കായില്ല. ബാപ്പ മരിക്കുമ്പോൾ എനിക്ക് 27 വയസ്സാണ്. രോഗബാധിതനായി കിടന്നിട്ടില്ല. ചക്ക പ്രിയംകരമായിരുന്നു. അന്നൊരു ദിവസം നല്ല ചക്ക കിട്ടിയപ്പൊൾ കുറെ തിന്നു. പതിവില്ലാതെ അടുത്തദിവസം വയറിനു വേദനയും സ്തംഭനവും. മലമൂത്രവിസർജനം നിലച്ചു. ഡോക്ടർമാർ നടത്തിയ ശ്രമങ്ങളൊന്നും ഫലിച്ചില്ല. അധികദിവസം കഴിയും മുമ്പേ

ബാപ്പ മരിച്ചു. ബാപ്പാക്ക് അന്നു 64 വയസ്സ് കഴിഞ്ഞിരുന്നു.

*(ഉമ്മർ അറയ്ക്കൽ, ഇത് വഴി കടന്നുപോയവർ, കട്ടിലശേരി മുഹമ്മദ് മുസ്ലിയാരുടെ മകൾ ആയിശക്കുട്ടി, ചന്ദ്രിക, വാരാന്ത്യപ്പതിപ്പ്, 15-9-1993)*

## XLVI. ഖിലാഫത്ത് വിപ്ലവുമായി ബന്ധപ്പെട്ട രാഷ്ട്രീയ നേതാക്കൻമാർ

### I. കട്ടിലശ്ശേരി മുഹമ്മദ് മുസ്ലിയാർ



1921-ലെ മലബാർ ലഹളക്കാലത്ത് ഖിലാഫത്ത് കമ്മിറ്റിയുടെ അദ്ധ്യക്ഷനായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മുസ്ലിയാർ കേരളത്തിനകത്തും പുറത്തും ഒരുപോലെ അറിയപ്പെട്ടിരുന്ന ദേശീയനേതാവായിരുന്നു. ഭീരുത്വവും സ്വാർത്ഥചിന്തയും തൊട്ടു തെറിച്ചിട്ടു പോലുമില്ലാത്ത കട്ടിലശ്ശേരിക്ക് മലബാറിൽ വളരെക്കാലം തുടർന്ന് പ്രവർത്തിക്കുവാനുള്ള ഭാഗ്യം ഏതായാലും ഉണ്ടായില്ല. ഇംഗ്ലീഷുകാരുടെ ഒന്നാംമ്പർ ശത്രുക്കളിലൊരാളായിരുന്ന അദ്ദേഹത്തിന് പലപ്പോഴും സ്വദേശം വിട്ട് അന്യദിക്കുകളിൽ താമസിക്കേണ്ടതായി വന്നിട്ടുണ്ട്. കേരളത്തിലെ ഖിലാഫത്ത് പ്രസ്ഥാനത്തിൻെറ നെടുംതൂണായിരുന്ന കട്ടിലശ്ശേരി മഹുമ്മദ് മുസ്ലിയാർ 1879ൽ പെരിന്തൽമണ്ണ യ്ക്കടുത്ത കരിഞ്ചാപ്പാടിയിൽ ജനിച്ചു. പണ്ഡിതനും, സാമൂഹ്യപരിഷ്ക്കർത്താവുമായിരുന്ന കട്ടിലശ്ശേരി ആലിമുസ്ലിയാരുടേയും ആശിയുമ്മാബീവിയുടേയും സീമന്തപുത്രനായിരുന്നു സ്മര്യപുരുഷൻ. അക്കാലത്ത് ജനങ്ങൾക്കെല്ലാം ഉപ്പാപ്പായായിരുന്ന തൻെറ പിതാവ് ആലിമുസ്ലിയാരിൽ നിന്നു തന്നെയാണ് പ്രാഥമിക പാഠങ്ങൾ അദ്ദേഹം പഠിച്ചത്. അറബി ഭാഷയിൽ വ്യുൽപത്തി നേടിയിരുന്ന കട്ടിലശ്ശേരി പരിശുദ്ധ ഖുർആൻ, ഹദീസ് തുടങ്ങിയവയിൽ പിതാവിൻെറ അടുക്കൽ നിന്നുതന്നെ പ്രാവീണ്യം നേടിയിരുന്നു. അദ്ദേഹം ഉപരിപഠനം നടത്തിയത് തിരൂരങ്ങാടി, പൊന്നാനി എന്നീ സ്ഥലങ്ങളിൽ ഉണ്ടായിരുന്ന പ്രസിദ്ധ ദർസുകളിൽ ചേർന്നാണ്. ചെറുപ്പത്തിൽ തന്നെ മതവിഷയങ്ങളിൽ അഗാധമായ പാണ്ഡിത്യം നേടിയ അദ്ദേഹം പിതാവിൻെറ കാലടികളെ പിൻതുടർന്ന് കുട്ടികളെ സൗജന്യമായി പഠിപ്പിച്ചുകൊണ്ടാണ് സാമൂഹ്യ പരിഷ്ക്കരണ രംഗത്തേയ്ക്ക് കടന്നുവന്നത്.

അറബി, മലയാളം, ഉറുദ്, തമിഴ്, ഫ്രഞ്ച് എന്നീ ഭാഷകളിൽ പാണ്ഡിത്യമുണ്ടായിരുന്ന മുഹമ്മദ് മുസ്ലിയാർക്ക് മലബാർ രാഷ്ട്രീയത്തിൽ തൻെറ വ്യക്തി മുദ്ര പതിപ്പിക്കാൻ അധിക കാലം വേണ്ടിവന്നില്ല. മലബാറിലെ അന്നത്തെ പ്രസിദ്ധ രാഷ്ട്രീയ നേതാക്കളായിരുന്ന എം.പി. നാരായണ മേനോൻ, എം.പി. ഗോവിന്ദമേനോൻ എന്നിവർ അദ്ദേഹത്തിൻെറ നാട്ടുകാരും പ്രധാന സ്നേഹിതരുമായിരുന്നു. കട്ടിലശ്ശേരിയും നാരായണമേനോനും ഏറനാട്ടിലും വള്ളുവനാട്ടിലും നടത്തിയ ഖിലാഫത്ത് – നിസ്സഹകരണ പ്രവർത്തനങ്ങൾ സ്വാതന്ത്ര്യസമര ചരിത്രത്തിലെ കോരിത്തരിപ്പിക്കുന്ന അദ്ധ്യായമാണ്. 1959 - ജനുവരി 3-ാം തിയ്യതിയിലെ മാതൃഭൂമി ദിനപത്രത്തിൽ അദ്ദേഹവുമായി നേരിട്ട് ബന്ധമുണ്ടായിരുന്ന ഇ.പി. ഗോപാലൻ എഴുതുന്നത് ഇപ്രകാരമാണ്. "എം.പി.യുടെ ആത്മമിത്രമായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മുസ്ലിയാർ വലിയൊരു പണ്ഡിതനും വാഗ്മിയുമായിരുന്നു. ബ്രിട്ടീഷ് സർക്കാരിൻെറ സഹായമില്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്വതന്ത്രമായി സ്ഥാപിച്ച് നടത്തുവാൻ അദ്ദേഹം നേതൃത്വം നൽകി.............. ആയത്തുകളുടേയും ഹദീസുകളുടേയും പിൻബലത്തോടെ മണിക്കറുകളോളം ദേശീയതയുടെ ആവേശം പകർന്നുകൊണ്ട് ജനങ്ങളെ പിടിച്ചിരുത്തിയിരുന്ന അദ്ദേഹത്തിൻെറ പ്രസംഗ പാടവവും സംഘടനാപ്രാപ്തിയും ബോധന വൈദഗ്ധ്യവും അക്കാലത്ത് മാപ്പിളനാട്ടിൽ നല്ല ചലനമുണ്ടാക്കി. ബ്രിട്ടീഷ് മേധാവികൾ ഏറ്റവുമധികം ഭയപ്പെട്ടിരുന്ന ഹിന്ദു-മുസ്ലിം മൈത്രിയുടേയും വിട്ടുവിഴ്ചയില്ലാത്ത ദേശീയതയുടേയും പ്രബലനായ ഈ വക്താവിനെ ഏറ്റവും വലിയ അപകടകാരികളിൽ ഒരാളായിട്ടാണ് അന്ന് സർക്കാർ പരിഗണിച്ചിരുന്നത്."1. കെ.പി. കേശവമേനോൻ 'കഴിഞ്ഞ കാലം' എന്ന ഗ്രന്ഥത്തിൽ മുസ്ലിയാരെക്കുറിച്ച് ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്. "പെരിന്തൽമണ്ണയിലെ മുഹമ്മദ് മുസ്ലിയാർ സമർത്ഥനായ ഒരു പ്രാസംഗികനായിരുന്നു. നിസ്സഹകരണ പ്രസ്ഥാനത്തിൻെറ ആരംഭത്തിൽ തന്നെ അദ്ദേഹം കോൺഗ്രസ് പ്രചാരവേലയ്ക്ക് പുറപ്പെട്ടു. പകുതി കൈയ്യുള്ള വെളുത്ത കുപ്പായമിട്ട് ഒരു തോർത്തുമുണ്ട് നിവർത്തി തലയിൽ കൂടി ഇട്ട് മുസ്ലിയാർ പ്രസംഗപീഠത്തിൽ കയറിയാൽ പിന്നെ രണ്ടുമണിക്കൂർ നേരം ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിക്കുന്നതിന് അദ്ദേഹത്തിന് യാതൊരു പ്രയാസവും ഉണ്ടായിരുന്നില്ല."2.

ആരേയും കൂസാതെയും ആരുടെയും മുഖം നോക്കാതെയും സ്വന്തം അഭിപ്രായം തുറന്നു പറയുവാൻ അദ്ദേഹം ഒരിക്കലും മടിച്ചിരുന്നില്ല. 1914 മുതൽ കട്ടിലശ്ശേരിയെ മലബാറിലെ രാഷ്ട്രീയ സാമൂഹ്യരംഗങ്ങളിൽ ശ്രദ്ധേയനായ വ്യക്തിയെന്ന നിലയിൽ ജനങ്ങൾ ആദരിച്ചിരുന്നു. 1916ൽ പാലക്കാടു ചേർന്ന ഒന്നാം മലബാർ രാഷ്ട്രീയ സമ്മേളനം മുതൽ പിന്നീട് നടന്നിട്ടുള്ള എല്ലാ മലബാർ കോൺഗ്രസ്സ് സമ്മേളനങ്ങളിലും പങ്കെടുക്കുകയും അതിൻെറയെല്ലാം വിജയത്തിനായി അഹോരാത്രം പ്രവർത്തിക്കുകയും ചെയ്തുപോന്നു. ചരിത്രപ്രസിദ്ധമായ മഞ്ചേരി സമ്മേളനത്തിൻെറ മുഖ്യ സംഘാടകരിൽ ഒരാൾ കട്ടിലശ്ശേരി മുഹമ്മദ് മുസ്ലിയാ

മായിരുന്നു. "ഇംഗ്ലീഷ് പരിജ്ഞാനം ഇല്ലെങ്കിലും ബുദ്ധി കൂർമ്മത കൊണ്ടും [illegible]മായ ശാസ്ത്രപരിജ്ഞാനം കൊണ്ടും പ്രസംഗപാടവം കൊണ്ടും പ്രസിദ്ധൻ"3 ആയിരുന്നു കട്ടിലശ്ശേരി എന്നാണ് കെ. മാധവൻ നായർ എഴുതുന്നത്.

കട്ടിലശ്ശേരി പണ്ഡിതൻ എന്നതു പോലെ തന്നെ നല്ലൊരു കവിയും കൂടിയായിരുന്നു. ചെറുപ്പം മുതൽക്കു മാപ്പിള കവികളോടും കാവ്യങ്ങളോടും അദ്ദേഹത്തിന അനിതര സാധാരണമായ താൽപര്യമാണുണ്ടായിരുന്നത്. മാപ്പിളകവി ചാക്കീരി മൊയ്തീൻ കുട്ടി സാഹിബുമായി അദ്ദേഹത്തിന് അടുത്ത സൗഹൃദബന്ധമുണ്ടായിരുന്നു. കട്ടിലശ്ശേരി വിരചിച്ച മാപ്പിളപ്പാട്ടുകൾ അക്കാലത്ത് ഏറെ പ്രസിദ്ധമാണ്.

ഖിലാഫത്ത് - കോൺഗ്രസ്സ് നേതാക്കൻമാർ എല്ലാം തന്നെ അദ്ദേഹത്തിൻെറ സന്തതസഹചാരികളായിരുന്നു. അദ്ദേഹം മലബാർ ജില്ല ഖിലാഫത്ത് കമ്മിറ്റി പ്രസിഡൻറായിരിക്കുമ്പോൾ അതിൻെറ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നത് മുഹമ്മദ് അബ്ദു റഹ്മാൻ സാഹിബാണ്. അക്കാലത്ത് മലബാർ കലക്ടർ തോമസ്സും പോലീസ് സൂപ്രണ്ട് ഹിച്ച്കോക്കും കൂടി കോഴിക്കോട്ടുള്ള ഖിലാഫത്ത് കമ്മിറ്റി ഓഫിസിൽ യാതൊരു മുന്നറിയിപ്പുമില്ലാതെ കയറിച്ചെന്നു. ജോലിയിൽ വ്യാപൃതനായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മുസ്‌ലിയാർ വന്നവർ ആരാണെന്നു പോലും ശ്രദ്ധിക്കാതെ ജോലി ചെയ്തുകൊണ്ടിരുന്നു. "ഈ വന്നിരിക്കുന്നത് മലബാർ കലക്ടറല്ലേ. നിങ്ങൾ അദ്ദേഹത്തോട് ഉപചാരപൂർവ്വം പെരുമാറാത്തത് എന്താണ്?" എന്ന് ഹിച്ച്കോക്ക് ഗൗരവത്തോടു കൂടി ചോദിച്ചതിന് മുസ്‌ലിയാർ നൽകിയ മറുപടി, "ഇത് ഖിലാഫത്ത് കമ്മിറ്റി ഓഫീസാണ്. നിങ്ങളുടെ ഏതെങ്കിലും ഓഫീസിൽ മുൻകൂട്ടി അനുവാദം വാങ്ങാതെയും വിസിറ്റിംഗ് കാർഡ് കൊടുക്കാതെയും പ്രവേശിക്കുവാൻ നിങ്ങൾ അനുവദിക്കുമോ. ഇൻഡ്യക്കാരെ വിലയില്ലാത്തതു കൊണ്ടല്ലേ നിങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നത്. എനിക്ക് തൽക്കാലം അദ്ദേഹത്തെ ബഹുമാനിക്കുവാൻ സമയമില്ല." മലബാറിലെ അന്നത്തെ പരമോന്നത അധികാരികളായിരുന്ന കലക്ടറുടെയും പോലീസ് സൂപ്രണ്ടിൻെറയും മുഖത്തുനോക്കി ശക്തമായ ഭാഷയിൽ തൻെറ ദേശീയാവേശം പ്രകടിപ്പിച്ച മുസ്‌ലിയാർക്ക് തുല്യനായി അക്കാലത്ത് മറ്റൊരു രാഷ്ട്രീയ പ്രവർത്തകനും ഉണ്ടായിരുന്നുവോയെന്ന് സംശയമാണ്.

1921-ലെ ഖിലാഫത്ത് വിപ്ലവം പൊട്ടിപ്പുറപ്പെട്ട ഉടനെ തന്നെ കട്ടിലശ്ശേരിയെ അറസ്റ്റു ചെയ്യുവാനുള്ള എല്ലാ ശ്രമങ്ങളും നടന്നുകൊണ്ടിരുന്നു. എന്നാൽ ഇംഗ്ലീഷുകാരുടെ പിടിയിൽപ്പെടാതെ അദ്ദേഹം വെല്ലൂരിലേക്കു പോയി. ഇംഗ്ലീഷ് ഭരണത്തിൻെറ പിണിയാളുകൾ മുസ്‌ലിയാരെ തിരക്കി വെല്ലൂരിലെ ത്തിയപ്പോൾ അദ്ദേഹം അവിടെനിന്നും മദ്രാസിലേക്കു പോയി. പ്രസിദ്ധമായ ജമാലിയ്യ അറബി കോളേജിൽ അദ്ധ്യാപകനാകുവാൻ അദ്ദേഹത്തിന് അവസരം ലഭിക്കുന്നത് അങ്ങിനെയാണ്. എന്നാൽ മദ്രാസിലും വളരെക്കാലം തങ്ങുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. പെരമ്പൂരിലെ ഒരു ചായക്കടക്കാരനിൽ നിന്നും മുസ്‌ലിയാർ ജമാലിയ്യ കോളേജിൽ ഉണ്ടെന്ന് അറിവു കിട്ടിയ മൂസക്കുട്ടിയും പോലീസ് സൂപ്രണ്ട് ആമുവും കൂടി മദ്രാസിലെത്തി അദ്ദേഹത്തെ കസ്റ്റഡിയിലെടുക്കാവാൻ ഒരു വ്യഥാശ്രമം നടത്തുകയുണ്ടായി. തൻെറ ആ താവളവും സുരക്ഷിതമല്ലെന്ന് മനസ്സിലാക്കിയ മുസ്‌ലിയാർ ചില സുഹൃത്തുക്കളുടെ സഹായത്തോടെ ഫ്രഞ്ച് പ്രദേശമായ കാരക്കലിലേക്ക് പോകുകയാണുണ്ടായത്. ഏതാണ്ട് 12 കൊല്ലത്തോളം അദ്ദേഹം അവിടെ താമസിക്കുകയും സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു. അറബി, ഫ്രഞ്ച്, തമിഴ് എന്നി ഭാഷകൾ പഠിപ്പിക്കുവാൻ അദ്ദേഹം കാരക്കൽ സ്ഥാപിച്ച സ്കൂൾ ഇന്ന് നല്ല നിലയിൽ നടക്കുന്ന ഹൈസ്കൂളായി വളർന്നുകഴിഞ്ഞിരിക്കുന്നു. മുസ്‌ലിയാരുടെ സ്മരണ പുതുക്കുവാൻ ഉപകരിക്കുന്ന അദ്ദേഹത്തിൻെറ സ്മാരകമാണ് ഈ വിദ്യാലയം. വെല്ലൂരാകട്ടെ, മദ്രാസിലാകട്ടെ, കാരക്കലോ, മാഹിയിലോ, കൊടുങ്ങല്ലൂരോ എവിടെയായിരുന്നാലും ശരി അദ്ദേഹം കഴിച്ചുകൂട്ടിയിരുന്ന സ്ഥലങ്ങളിലൊക്കെ വിദ്യാഭ്യാസ - സാമൂഹിക സംഘടനനകളോ സ്ഥാപനങ്ങളോ അദ്ദേഹത്തിൻെറ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുണ്ട്. മുസ്ലിംകളുടെ സാമൂഹിക ജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റം വരുത്തണമെന്ന അഭിപ്രായക്കാരനായിരുന്നു കട്ടിലശ്ശേരി. അതിന് പ്രാഥമിക വിദ്യാഭ്യാസ രംഗത്തുനിന്ന് തുടങ്ങിയാലേ പറ്റൂവെന്ന ഉറച്ച കാഴ്ചപ്പാടും അദ്ദേഹത്തിനുണ്ടായിരുന്നു. ഈ ഉദ്ദേശ്യത്തോടെയാണ് 'മഖ്ദബത്തുല്ലുസൂരിയ്യ' എന്ന മദ്രസ്സ പുണർപ്പയിൽ അദ്ദേഹം സ്ഥാപിച്ചത്. മലബാറിലെ ആദ്യത്തെ മദ്രസ്സയും ഇതായിരുന്നുവെന്നാണ് പറയപ്പെടുന്നത്. ഈ സ്ഥാപനം പ്രശസ്തമായ നിലയിൽ ഇന്നും നടന്നുവരുന്നു.

ഖിലാഫത്ത് വിപ്ലവത്തിൽ പെട്ടവരുടെ കേസുകളെല്ലാം 1938ൽ പിൻവലിച്ചതോടെ മുസ്‌ലിയാർ സ്വദേശത്തേക്ക് മടങ്ങുകയും രാഷ്ട്രീയ - സാമൂഹിക പ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടെ പ്രവർത്തിക്കുകയും ചെയ്തു. 1938ൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് വൈസ് പ്രസിഡൻറായിരുന്ന അദ്ദേഹം. കെ.പി.സി.സി. അംഗവുമായിരുന്നു. മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബിനെ രാജാജി മന്ത്രിസഭയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം അദ്ദേഹം രാജാജിക്ക് നേരിട്ട് നൽകുകയുണ്ടായി. 'ആൻഡമാൻ സ്കീമിനെ'തിരായും, 'മാപ്പിള ഔട്ട് റെജിയസ് ആക്ട്' റദ്ദാക്കുന്നതിനു വേണ്ടിയും കട്ടിലശ്ശേരി നടത്തിയിരുന്ന തീവ്രയത്നം എല്ലാ ദേശാഭിമാനികളുടേയും പ്രശംസക്ക് പാത്രമായിട്ടുണ്ട്.

ഒരു പുരുഷായുസ്സു മുഴുക്കെ ആദർശനിഷ്ഠമായ പ്രവർ

ത്തനങ്ങൾ കൊണ്ടും അടിയുറച്ച ദേശീയതയുടെ വീര്യം കാത്തു സൂക്ഷിച്ചുകൊണ്ടും അവസാനം വരെ അദ്ദേഹം അനിതര സാധാരണവും ത്യാഗ സംപൂർണ്ണവുമായ സേവനം അർപ്പിച്ചു. ആ പ്രതിഭാധനൻ 1943 ആഗസ്റ്റ് 22-ാം തിയ്യതി നിര്യാതനായി. മരിക്കുമ്പോൾ അദ്ദേഹത്തിന് 64 വയസ്സായിരുന്നു പ്രായം.

---

*1. മാതൃഭൂമി ദിനപ്പത്രം 1959 ജനുവരി 3.*

*2. കെ.പി. കേശവമേനോൻ - കഴിഞ്ഞകാലം, പുറം 81.*

*3. കെ. മാധവൻ നായർ - മലബാർ കലാപം - പുറം - 122.*

---

## II മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്



1898ൽ കൊടുങ്ങല്ലൂരിലെ അഴീക്കോട് എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. ബാപ്പ അബ്ദു റഹിമാൻ സാഹിബ് കറുകപ്പാടത്ത് പുന്നക്കച്ചാൽ തറവാട്ടിലേയും, ഉമ്മ അയ്യാരിൽ കുടുംബത്തിലേതുമായിരുന്നു. കൊടുങ്ങല്ലൂരിലെ കുലീനവും പുരാതനവുമായ തറവാടുകളാണ് ഇവ രണ്ടും. കറുകപ്പാടത്ത് കുടുംബക്കാർ തിരൂരിനടുത്ത് കൂട്ടായി എന്ന സ്ഥലത്തു നിന്നും പത്ത് തലമുറകൾക്ക് മുമ്പ് കൊടുങ്ങല്ലൂരിൽ എത്തി താമസമാക്കിവയരാണെന്നാണ് പഴമക്കാർ പറയുന്നത്. അവിടെ ഒരു ജൻമിയുമായുണ്ടായ വഴക്കിനെ തുടർന്നാണത്രെ ഇവർ കൊടുങ്ങല്ലൂരിലെത്തിയത്. കൊടുങ്ങല്ലൂരിൽ അക്കാലത്തെ പ്രധാന ഭൂവുടമകൾ മുസ്ലിംകളായിരുന്നു. അവരാകട്ടെ കുടുംബവഴക്കും വ്യക്തിവിദ്വേഷവും കാരണം കലഹിച്ച് കഴിയുന്നവരുമായിരുന്നു. എന്നാൽ മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്ബിൻെറ പിതാവ് ഒരു കക്ഷിയിലും പെടാതെ അനുരജ്ഞനത്തിൻെറ ഭാഷ സംസാരിച്ചിരുന്ന സമാധാനപ്രിയനായിരുന്നു. ബാപ്പയിൽ നിന്നും പൈതൃകമായി ലഭിച്ച ഈ ഗുണവിശേഷം മുഹമ്മദ് അബ്ദുൽ റഹിമാൻ സാഹിബ്ബിൻെറ ജീവിതരീതിയെ സ്വാധീനിച്ചിരുന്നതായി കാണാം. അദ്ദേഹത്തിനു കുഞ്ഞിക്കോമു, ഇബ്രാഹീം എന്നീ രണ്ട് സഹോദരൻമാരും കൊച്ചാമിന, കുഞ്ഞിറാച്ചി, കയ്യുമ്മ എന്നീ മൂന്ന് സഹോദരിമാരുമാണുണ്ടായിരുന്നത്. കുഞ്ഞിക്കോമുസാഹിബ് കുടുംബകാര്യങ്ങളിൽ വ്യാപൃതനായപ്പോൾ ഇബ്രാഹിം സാഹിബ് തൻെറ മൂത്ത സഹോദരൻെറ കാൽപ്പാടുകൾ പിന്തുടരുകയാണ് ചെയ്തത്.

മൂത്ത സഹോദരി കൊച്ചാമിനയെ വിവാഹം ചെയ്തിരുന്നത് പനപ്പറമ്പിൽ പോക്കറുകുട്ടി സാഹിബ്ബായിരുന്നു. അദ്ദേഹം രാഷ്ട്രീയ വീക്ഷണത്തിൽ സാഹിബ്ബിൻെറ അനുകൂലിയും 'അൽ അമീൻ' പത്രത്തിൻെറ ഡയറക്ടർ ബോർഡ് അംഗവുമായിരുന്നു. ഡി.ഐ.ജി.യായി റിട്ടയർ ചെയ്ത പി.കെ. ഹസ്സൻ സാഹിബ്ബും, എക്സൈസ് കമ്മീഷണറായി അടിത്തൂൺ വാങ്ങിയ കുഞ്ഞിമുഹമ്മദുസാഹിബ്ബും അദ്ദേഹത്തിൻെ ഈ സഹോദരിയിലുള്ള മക്കളാണ്. രണ്ടാമത്തെ സഹോദരി കുഞ്ഞിറാച്ചിയുടെ ഭർത്താവ് വെളിയത്തുനാട് നാടിയാട്ടിൽ മമ്മൂട്ടി സാഹിബും ഇളയ സഹോദരി കയ്യുമ്മയുടെ ഭർത്താവ് പടിഞ്ഞാറെ വെമ്പല്ലൂർ പുത്തലത്ത് വടക്കെച്ചാലിൽ ബാവു സാഹിബുമാണ്.

1926 മേയ് മാസത്തിലാണ് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്ബിൻെറ വിവാഹം നടന്നത്. കൊടുങ്ങല്ലൂർ എറിയാട് കറുകപ്പാടത്ത് കുഞ്ഞിപോക്കർകുട്ടിസാഹിബ്ബിൻെറ മകൾ കുഞ്ഞിബീവാത്തുവായിരുന്നു ഭാര്യ. വിവാഹാനന്തരം, കോഴിക്കോട് അമീൻ ലോഡ്ജിൻ ആയിരുന്നു താമസം. ദാമ്പത്യ സൗഖ്യം അധികനാളനുഭവിക്കാൻ അദ്ദേഹത്തിന് യോഗമുണ്ടായിരുന്നില്ല. 1929 ഏപ്രിൽ 24-ാം തിയ്യതി മസൂരി രോഗത്താൽ അവർ ദിവംഗതയായി. സുഖക്കേട് തുടങ്ങിയതു മുതൽ മരിക്കുന്നതുവരെ മാരകമായ പകർച്ചവ്യാധി പിടിപ്പെട്ട തൻെറ സഹധർമ്മിണിയെ അദ്ദേഹം ശുശ്രൂഷിച്ചു. അവർ അദ്ദേഹത്തിൻെറ മടിയിൽ കിടന്നുകൊണ്ടാണ് അന്ത്യശ്വാസം വലിച്ചത്. പിന്നീട് വിവാഹത്തിന് അദ്ദേഹം തയ്യാറായില്ല. ഭാര്യ മരിക്കുന്നതിൻെറ രണ്ട് ദിവസം മുമ്പ് ജനിച്ച കുട്ടി ചാപിള്ളയുമായിരുന്നു.

അക്കാലത്തെ പതിവനുസരിച്ച് അറബിപഠനത്തിനായി മദ്രസ്സയിലും പിന്നീട് അഴീക്കോട് ജുമാ മസ്ജിദിൽ കിത്താബ് ഓതുവാനുമായി അദ്ദേഹത്തെ അയച്ചിരുന്നു. അക്കാലത്ത് വടുതല സ്വദേശിയായിരുന്ന ഷെയ്ഖ് ഹംദാനി തങ്ങൾ അഴീക്കോട് താമസമുറപ്പിച്ചിരുന്നു. കെ.എം. സീതിസാഹിബ്ബിൻെറ പിതാവായ നമ്പൂരി മഠത്തിൽ ഹാജി, സീതിമുഹമ്മദ് സാഹിബ്ബിൻെറ നിർബന്ധത്തിന് വഴങ്ങിയായിരുന്നു സമുദായ പരിഷ്കർത്താവും പുരോഗമനവാദിയുമായിരുന്ന ഹംദാനി ഷെയ്ഖ് അഴീക്കോട് താമസമുറപ്പിച്ചത്. കൊടുങ്ങല്ലൂരിലെ മുസ്ലിംകൾ വിദ്യാഭ്യാസപരമായി ഉയരുവാനും സമുദായിക നവോത്ഥാനത്തിനുവേണ്ടി കാഹളം മുഴക്കുവാനും തുടങ്ങിയത് ഹംദാനി തങ്ങളുടെ സ്വാധീനം കൊണ്ടായിരുന്നു. നവീനവിദ്യാഭ്യാസത്തിനായി സീതിമുഹമ്മദ് സാഹിബ്ബിനെ കൊണ്ട് അദ്ദേഹത്തിൻെറ വീട്ടുവളപ്പിൽ തന്നെ ഒരു എലിമെൻററി സ്കൂൾ തുടങ്ങുവാൻ ഇടയാക്കിയതും അങ്ങിനെയാണ്. മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്ബിൻെറ മാതാപിതാക്കൾ അദ്ദേഹത്തെ ആ സ്കൂളിൽ ആരംഭത്തിൽ തന്നെ ചേർത്തിരുന്നു. അന്ന് സ്കൂളിലെ അദ്ദേഹത്തിൻെറ മറ്റൊരു സതീർത്ഥൻ കെ.എം. സീതി സാഹിബ്ബുമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം കൊടുങ്ങല്ലൂർ ഹൈസ്കൂളിൽ ഇംഗ്ലീഷ് പഠനത്തിനായി അദ്ദേഹം ചേർന്നു. 8-ാം

തരം പാസ്സായതിനുശേഷം ഉപരി പഠനാർത്ഥം വാണിയമ്പാടി മദ്രസ്സാ ഇസ്ലാമിയ്യയിൽ ചേർന്ന് പഠനം പൂർത്തിയാക്കി. 1916ൽ വാണിയംമ്പാടിയിൽ തെക്കേ ഇൻഡ്യയിലെ ഒരു വിദ്യാഭ്യാസ സമ്മേളനം അക്ബർ ഹൈദരിയുടെ ആദ്ധ്യക്ഷതയിൽ നടന്നു. ഈ മഹാസമ്മേളനത്തിനുവേണ്ടി രൂപീകരിച്ചിരുന്ന സന്നദ്ധ സേനയുടെ നായകത്വം അദ്ദേഹത്തിലാണ് അർപ്പിച്ചിരുന്നത്. അവിടുത്തെ പ്രിൻസിപ്പൽ ആയിരുന്ന മുഹമ്മദ് ഇബ്രാഹിം ഖുറൈശിക്കെതിരായി ഒരുകൂട്ടം വിദ്യാർത്ഥികൾ ആരോപണവുമായി ഇറങ്ങിയപ്പോൾ മലയാളികളുടെ ഉറ്റമിത്രമായിരുന്ന അദ്ദേഹം തൻെറ സ്ഥാനം രാജിവെച്ചു. മലയാളി വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം വളരെ വേദനാജനകമായ സംഭവമായിരുന്നു അത്. മലയാളി വിദ്യാർത്ഥികൾ അധികവും വിദ്യാലയം ബഹിഷ്ക്കരിച്ച് അവിടെനിന്നും പോന്നു. മുഹമ്മദ് അബ്ദുൾ റഹിമാൻസാഹിബ് കോഴിക്കോട്ട് ബാസൽ മിഷ്യൻ സ്കൂളിൽച്ചേർന്നാണ് മെട്രിക്കുലേഷൻ പൂർത്തിയാക്കിയത്. എഫ്.എ. ക്ലാസ്സിൽ ഒരു വർഷം പൂർത്തിയാക്കിയശേഷം മദ്രാസ്സിൽ മുഹമ്മദൻകോളേജിൽ ചേർന്നാണ് എഫ്.എ. പരീക്ഷ പാസ്സായത്. അതിനുശേഷം പ്രസിഡൻസി കോളേജിൽ ബി.എ. ഓണേഴ്സിനു ചേർന്നു. ഇക്കാലത്താണ് അദ്ദേഹത്തിൻെറ മനസ്സിലും ചിന്തയിലും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള ദാഹം അനുഭവപ്പെടുവാൻ തുടങ്ങിയത്.

മഹാത്മജിയയുടെ നിസ്സഹകരണ പ്രസ്ഥാനത്തിൻെറ അലയൊലികൾ ഇൻഡ്യയിലെങ്ങും ആർത്തിരമ്പികൊണ്ടിരുന്നു. ഖിലാഫത്ത് വഞ്ചനക്കെതിരെ ആലിസഹോദരൻമാർ ഇൻഡ്യയിലാകമാനം രാഷ്ട്രീയ ബോധനം നടത്തികൊണ്ടിരുന്ന സന്ദർഭവുമായിരുന്നു അത്. മൗലാന അബുൽകലാം ആസാദ് എഴുതിയ 'ഖിലാഫത്ത് ഔർ ജസീറത്തുൽ അറബ്' എന്ന ഉൽകൃഷ്ടഗ്രന്ഥം അദ്ദേഹം വായിച്ചത് ഇക്കാലത്താണ്. ബ്രിട്ടീഷ് കോളനിയായിരുന്ന ഇൻഡ്യയെ മോചിപ്പിക്കേണ്ടത് എല്ലാ മനുഷ്യരുടേയും പ്രത്യേകിച്ച് മനുഷ്യത്വത്തിൻെറ മാഹാത്മ്യത്തിന് അതുല്ല്യമായ വിലകൽപ്പിപ്പിച്ചിട്ടുള്ള ഏതൊരു മുസൽമാൻേറയും വലിയ കടപ്പാടാണ് എന്ന് യുക്തിസഹമായി മൗലാനാ ആസാദ് തൻെറ ഗ്രന്ഥത്തിൽ സ്ഥാപിച്ചിരുന്നു. ഏതൊരു മുസൽമാനെ സംബന്ധിച്ചും ദൈവത്തിന് അടിമപ്പെടുകയെന്നല്ലാതെ മറ്റേത് ഭൗതിക ശക്തിയുടേയും അടിമത്വത്തിൽ കഴിയുന്നത് വിശ്വാസ പരമായി തന്നെ നിഷിദ്ധമാണെന്ന് മൗലാന ആസാദ് കാര്യകാരണസഹിതം വിവരിച്ചിരുന്നു. അതുവരെ പാഠപുസ്തകങ്ങളിൽ മാത്രം ശ്രദ്ധാലുവായിരുന്ന അദ്ദേഹത്തെ ത്യാഗസമ്പൂർണ്ണമായ ഒരു കർമ്മഭൂമിയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ സ്വാധീനിച്ചത് മൗലാനാ ആസാദിൻെറ ഗ്രന്ഥമായിരുന്നു. സത്യത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും രാജവീഥി അദ്ദേഹം കണ്ടെത്തി. ഉദ്യോഗങ്ങളും സ്ഥാനമാനങ്ങളും ആഗ്ലേയ വിദ്യാഭ്യാസവും ബഹിഷ്ക്കരിക്കുവാനുള്ള ദേശിയ നേതൃത്വത്തിൻെറ ആഹ്വാനം അദ്ദേഹത്തിൻെറ സിരകളിൽ ചൂടുകയറ്റി. അത്യുജ്ജ്വലമായ ത്യാഗത്തിൻെറ മഹിത സന്ദേശം മനസ്സിലാക്കാൻ സാധിച്ച അദ്ദേഹത്തിന് ഭാവിപരിപാടി ആവിഷ്ക്കരിക്കുവാൻ അധികസമയമെടുത്തില്ല. പ്രസിഡൻസി കോളേജിലെ പഠനം അവസാനിപ്പിച്ച് പോരാൻ തുടങ്ങിയ അദ്ദേഹത്തോട് ബാപ്പയുടെ സമ്മതം വാങ്ങണ്ടേ' എന്നു ചോദിച്ച സുഹൃത്തിന് അദ്ദേഹം നൽകിയ മറുപടി 'സത്യത്തിൻെറ മാർഗ്ഗത്തിൽ നടക്കാൻ എനിക്കാരുടെയും സമ്മതം വേണ്ട' എന്നായിരുന്നു. ഉറച്ച തീരുമാനം സ്വയം എടുക്കുവാനും ഭാവി പരിപാടികൾ സ്വന്തമായി ആസൂത്രണം ചെയ്യുവാനുമുള്ള ബുദ്ധിവൈഭവത്തിൻെറയും വിമോചനാ ശക്തിയുടേയും നൈസർഗ്ഗിക പ്രകടനമായിരുന്നു ഈ പ്രതികരണത്തിലൂടെ അദ്ദേഹം വെളിപ്പെടുത്തിയത്.

സർക്കാർ കലാലയങ്ങൾ ബഹിഷ്ക്കരിച്ച് പഠിപ്പു നിർത്തിയ ദേശസ്നേഹികളായ വിദ്യാർത്ഥികൾക്ക് തുടർന്നു പഠിക്കുവാൻ സൗകര്യം ഉണ്ടാക്കുന്നതിനായി സർക്കാരിൽ നിന്ന് ഗ്രാൻറോ, സഹായമോ വാങ്ങാതെ പല സ്ഥലങ്ങളിലും ദേശീയവിദ്യാലയങ്ങളും കലാലയങ്ങളും സ്ഥാപിച്ചിരുന്നു. ഡൽഹിയിൽ അക്കാലത്ത് തുടങ്ങിയ ദേശീയ സർവ്വകലാശാലയാണ് 'ജാമിയ മില്ലിയ'. മൗലാനാ മുഹമ്മദലിയായിരുന്നു ഈ സ്ഥാപനത്തിൻെറ മേധാവി. മദ്രാസിൽ നിന്നും കോളേജ് വിട്ടിറങ്ങിയ അബ്ദുറഹിമാൻ സാഹിബ് ജാമിയയിൽ ചേർന്ന് പഠനം പൂർത്തിയാക്കുവാൻ ശ്രമിച്ചു. അബ്ദുറഹിമാൻ സാഹിബിൽ ഒരു നേതാവിന് ആവശ്യമായ എല്ലാ ഗുണങ്ങളും ഉണ്ടെന്ന് മനസ്സിലാക്കിയ മൗലാന മുഹമ്മദലി മലബാറിലെ ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനായി ഇവിടേക്കയച്ചു. 1921ൽ നടന്ന കോൺഗ്രസ്സിൻെറ ഒറ്റപ്പാല സമ്മേളന ദിവസമാണ് അദ്ദേഹം മലബാറിലെത്തുന്നത്. അവിടെനിന്ന് മൊയ്തു മൗലവിയോടു കൂടി അദ്ദേഹം കോഴിക്കോട്ടെത്തി. കോൺഗ്രസ്സ് ഖിലാഫത്ത് കമ്മിറ്റികൾ സംഘടിപ്പിക്കുകയും ഇവയെ ജനകീയ പ്രസ്ഥാനങ്ങളാക്കി മാറ്റുകയും ചെയ്തതിൽ മുഹമ്മദ് അബ്ദുൽ റഹിമാൻ സാഹിബ് വഹിച്ച പങ്ക് കുറച്ചൊന്നുമല്ല. മലബാർ ജില്ലാ ഖിലാഫത്ത് കമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ അതിൻെറ സെക്രട്ടറിയായി അദ്ദേഹത്തെയാണ് തെരഞ്ഞെടുത്തത്. കട്ടിലശ്ശേരി മഹമ്മദ് മുസ്ലിയാർ പ്രസിഡൻറും, പി. ഹസ്സൻകോയമൊല്ല ഖജാൻജിയുമായിരുന്നു. ഒറ്റപ്പാലം സമ്മേളനത്തിൻെറ രണ്ടാം ദിവസം നടന്ന നിർദ്ദയമായ പോലീസ് മർദ്ദനത്തോടെ മലബാറിൽ ആകമാനം ബ്രിട്ടീഷ് വിരുദ്ധസമര പ്രവർത്തനങ്ങൾക്ക് ശക്തി വർദ്ധിച്ചു. പോലീസുകാർ കോൺഗ്രസ്സ്-ഖിലാഫത്ത് ഓഫീസുകളിൽ ബലമായി കയറി നാശനഷ്ടങ്ങൾ വരുത്തുകയും കോൺഗ്രസ്സ് - ഖിലാഫത്ത് പതാകകൾ അപമാനിക്കുകയും നേതാക്കളെ അപഹസിക്കുകയും ചെയ്യുകയെന്നത് സാധാരണ സംഭവമായിരുന്നു. പ്രവർത്തകരെ കള്ളക്കേസ്സിൽ കുടുക്കുകയും അന്യായമായി മർദ്ദിക്കുകയും ചെയ്ത് നാട്ടിൽ സംഭ്രാന്തി പരത്തുകയുയായിരുന്നു അധികാരികളുടെ ലക്ഷ്യം. ഇതിനെ

ചെറുത്തു തോൽപ്പിക്കുവാനായി സംഘടിപ്പിക്കപ്പെട്ട ഖിലാഫത്ത് വളണ്ടിയർ സംഘടനകൾ പലസ്ഥലത്തും ആയുധ പരിശീലനങ്ങളും ചെയ്തുകൊണ്ടിരുന്നു. ഏത് സമയത്തും എന്തും സംഭവിക്കാവുന്ന ആപൽക്കരമായ രാഷ്ട്രീയ പരിതസ്ഥിതിയാണ് മലബാറിൽ നിലനിന്നിരുന്നത്. ഖിലാഫത്ത് നേതാക്കൻമാരായ ആലിമുസ്ലിയാരെയുംമറ്റും അറസ്റ്റു ചെയ്യുവാൻ തിരൂരങ്ങാടിയിലേയ്ക്ക് പുറപ്പെട്ട കലക്ടറും പട്ടാളപ്പോലീസ് സന്നാഹങ്ങളും 1921 ആഗസ്റ്റ് 20-ാം തിയതി ജനങ്ങളുടെ നേരെ മനഃപൂർവ്വമായി നിറതോക്കൊഴിച്ച് അപായമായ പ്രതിസന്ധി സൃഷ്ടിച്ചു. പട്ടാളം തിരൂരങ്ങാടിയിലേയ്ക്ക് പുറപ്പെട്ടിട്ടുണ്ടെന്നറിഞ്ഞ അബ്ദുറഹിമാൻസാഹിബ്, മൊയ്തു മൗലവിയോടുകൂടി അവിടേക്ക് പുറപ്പെട്ടു. മഞ്ചേരിയിൽച്ചെന്ന് കെ. മാധവൻ നായരേയും കൂട്ടി അദ്ദേഹം പൂക്കോട്ടൂരിലേക്ക് പുറപ്പെട്ടു. അവിടെ എന്തിനും ഒരുങ്ങിതയ്യാറായിരുന്ന രോഷാകുലരായ ജനക്കൂട്ടത്തെ സമാധാനപരമായി പിരിച്ചയക്കുവാൻ ഈ നേതാക്കൻമാർക്ക് സാധിച്ചു. അന്ന് അദ്ദേഹം പ്രദർശിപ്പിച്ച ധീരത മാധവൻനായർ അനുസ്മരിക്കുന്നത് ഇപ്രകാരമാണ്. "മുഹമ്മദ് അബ്ദുറഹിമാൻെറ ധൈര്യവും സ്ഥൈര്യവും അക്രമരാഹിത്യവും ആ സമയത്താണ് പ്രകാശിച്ച് ശോഭിച്ചത്. വളരെ വിഷമിച്ചുവെങ്കിലും പൂക്കോട്ടൂർ മാപ്പിളമാർ അവിവേകം ചെയ്യുന്നത് തടയുവാൻ മുഹമ്മദ് അബ്ദുറഹിമാന് സാധിച്ചു." പ്രധാന മുസ്ലിം കേന്ദ്രങ്ങളായ തിരൂരങ്ങാടി, പൂക്കോട്ടൂർ, മലപ്പുറം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് ആലി മുസ്ലിയാർ ഉൾപ്പെടെയുള്ള നേതാക്കൻമാരെ കണ്ട് സായുധസംഘട്ടനം ഒഴിവാക്കേണ്ടതാണ് ഖിലാഫത്ത് - കോൺഗ്രസ് ധർമ്മമെന്ന് ഉദ്ബോധിപ്പിച്ചു കൊണ്ടിരുന്നു.

വിപ്ലവനേതാക്കൻമാരുമായി അനുരഞ്ജനമുണ്ടാക്കുവാനുള്ള ഉദ്ദേശ്യത്തോടുകൂടി കലക്ടറിൽ നിന്നും അനുവാദവും വാങ്ങി തിരൂരങ്ങാടിയിലേക്ക് പുറപ്പെട്ട ദൗത്യസംഘത്തിൽ മുഹമ്മദ് അബ്ദുറഹിമാൻ സാഹിബുമുണ്ടായിരുന്നു. എന്നാൽ യാതൊരുവക ഒത്തുതീർപ്പും സാധിക്കാത്തവിധം കാര്യങ്ങൾ അനിയന്ത്രിതമായി കഴിഞ്ഞിരുന്നു. തെക്കേ മലബാറിൽ പട്ടാള നടപടിയും തുറന്ന യുദ്ധങ്ങളും കഴിഞ്ഞതിനുശേഷവും പോലീസും പട്ടാളവും മനുഷ്യത്വരഹിതമായ കാട്ടാളത്തമാണ് അവിടെയെല്ലാം നടത്തിയത്. ആയിരക്കണിക്കിന് സ്ത്രീകളും കുട്ടികളും അശരണരായി പട്ടാളത്തെ ഭയന്ന് കാടുകളിലും പൊന്തകളിലും ഒളിച്ചിരുന്നു. അങ്ങനെ ആട്ടിയോടിക്കപ്പെട്ട നിരാധാരരായ സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷണവും മരുന്നുകളും എത്തിച്ചു കൊടുക്കുവാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് മലബാർ കലക്ടർക്ക് അദ്ദേഹം ഒരു നിവേദനം സമർപ്പിച്ചിരുന്നു. ഇതിന് യാതൊരു മറുപടിയും കാണാതായപ്പോൾ അരക്ഷിതരായ മാപ്പിളമാരുടെ നേരെ അധികാരിവർഗ്ഗം അനുവർത്തിച്ചിരുന്ന അതിദുസ്സഹമായ ക്രൂരതകളെ വിവരിച്ചുകൊണ്ടും ജില്ലാഭരണകൂടത്തെ അതിരൂക്ഷമായി വിമർശിച്ചുകൊണ്ടും മദ്രാസ്സിൽനിന്നും പ്രസിദ്ധീകരിക്കുന്ന 'ഹിന്ദു' പത്രത്തിൽ അദ്ദേഹം ഒരു ലേഖനം എഴുതി. ഇതിൻെറ അടിസ്ഥാനത്തിൽ മാർഷ്യൽലോ ഓർഡിനൻസ് 12-ാം വകുപ്പുപ്രകാരം 1921 ഒക്ടോബർ 12-ാം തിയതി അദ്ദേഹത്തെ അറസ്റ്റു ചെയ്തു. പട്ടാളക്കോടതി രണ്ടുവർഷത്തെ കഠിന തടവിന് ശിക്ഷിച്ചു. 200 രാഷ്ട്രീയതടവുകാരോടൊപ്പം അദ്ദേഹത്തെ ബല്ലാരി ജയിലിലേക്കാണയച്ചത്. അദ്ദേഹം ബല്ലാരിജയിലിൽ എത്തിയത് അവിടെയുണ്ടായിരുന്ന നൂറുകണക്കിന് തടവുകാർക്ക് വളരെ ആശ്വാസമായിരുന്നു എന്നാണ് മൊയ്തുമൗലവി 'എൻെറ കൂട്ടുകാരൻ' എന്ന ഗ്രന്ഥത്തിൽ ദൃക്സാക്ഷി വിവരണം നടത്തുന്നത്. ബല്ലാരി ജയിലിൽ കൈകാലുകൾ ഇരുമ്പുചങ്ങലകളാൽ ബന്ധിക്കപ്പെട്ടാണ് അദ്ദേഹത്തെ പാർപ്പിച്ചിരുന്നത്. കുറച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തെ മദ്രാസ്സ് ജയിലിലേക്കുമാറ്റി. ധീരനായ ആ സമര സേനാനി പൗരസ്വാതന്ത്ര്യങ്ങൾക്കുവേണ്ടി നിരാഹാര സമരം നടത്തുകയുണ്ടായി. ബല്ലാരി ജയിലിൽ കഴിഞ്ഞുകൂടുന്ന സന്ദർഭത്തിലാണ് ഒരു പത്രം തുടങ്ങുവാനുള്ള പദ്ധതികൾ ഹസ്സൻകോയമൊല്ല തുടങ്ങിയ സുഹൃത്തുകളുമായി ആലോചിച്ച് തയ്യാറാക്കിയിരുന്നത്.

രണ്ടുവർഷത്തെ ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തുവന്നപ്പോൾ മലബാറിലെ അന്തരീക്ഷം ശോകമൂകവും യാതൊരുവക പൊതുപ്രവർത്തനത്തിനു പറ്റാത്ത അവസ്ഥയിലുമായിരുന്നു. ഈ സന്ദർഭം ഉപയോഗിച്ച് തൻെറ ചിരകാലാഭിലാഷമായ പത്രം തുടങ്ങുവാനുള്ള പ്രയത്നമാണ് ചെയ്തത്. അങ്ങനെ 1924 ഒക്ടോബർ 12-ാം തിയ്യതി കോഴിക്കോട്ടു നിന്നും അൽ-അമീൻ പത്രം പ്രസിദ്ധീകൃതമായി. അൽ-അമീനിലൂടെ അദ്ദേഹം നടത്തിയ വീരോചിതമായ പ്രവർത്തനങ്ങൾ പത്രത്തെ അതിവേഗം ജനങ്ങളുടെ ജിഹ്വയാക്കിമാറ്റി. മുഹമ്മദു അബ്ദുറഹിമാൻ എഴുതിയിരുന്ന മുഖപ്രസംഗങ്ങളും പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളും വായിക്കുവാൻ താത്പര്യം കാണിച്ചിരുന്ന നൂറുകണക്കിന് ദേശാഭിമാനികൾ കേരളത്തിലുണ്ടായിരുന്നു. അധികാരികൾ മാത്രമല്ല സ്വാതന്ത്ര്യ പ്രസ്ഥാനത്തെ ഒറ്റികൊടുത്തിരുന്ന പിണിയാളൻമാർക്കും ആ വീരകേസരിയുടെ സത്യഗർജ്ജനങ്ങൾ പേടിസ്വപ്നങ്ങളായിരുന്നു. ആ മഹാനുഭാവൻെറ വ്യക്തിത്വത്തിൽ ഒട്ടിച്ചേർന്നിരുന്ന ഈടുറ്റ ധൈര്യസ്ഥൈര്യഗുണങ്ങളേയും സർവ്വോപരി ആത്മാർത്ഥയേയും ശത്രു - മിത്ര ഭേദമെന്യേ പ്രശംസിച്ചിരുന്നു. ഉദ്യോഗസ്ഥ മേധാവികളും, പ്രമാണിമാരും അൽ - അമീനെ എതിർത്തപ്പോൾ രാജ്യസ്നേഹികളും ആദർശങ്ങളെ വിലമതിച്ചവരും അദ്ദേഹത്തേയും പത്രത്തേയും ആദരിക്കുകയും ചെയ്തു. അൽ - അമീൻ നീതിക്കും സത്യത്തിനും വേണ്ടി വാദിക്കുകയും യാഥാസ്ഥികത്വത്തിനും തെറ്റായ സാമുദായിക - രാഷ്ട്രിയ ചിന്താഗതികൾക്കും നേരെ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. സ്വാതന്ത്ര്യത്തിൻെറ തീജ്വാല പടർത്തുവാൻ അൽ - അമീനിലൂടെ അദ്ദേഹത്തിനു കഴിഞ്ഞു. അത് പരത്തിയ വെളിച്ചം ദേശീയാവേശം പകരുവാനും സമുദായിക മൈത്രി ഉറപ്പിക്കുവാനും സഹായിച്ചു. എന്നാൽ ജില്ലാ അധികൃതർക്ക് എന്നും ഒരു തല

വേദനയായിരുന്ന അൽ - മീൻ പത്രത്തെ അധികകാലം തുടർന്നു നടത്തുവാൻ അവർ സമ്മതിച്ചില്ല. ഉപ്പു സത്യാഗ്രഹത്തിന് കോളിയരെ ആഹ്വാനം ചെയ്തുകൊണ്ടുള്ള ലേഖനങ്ങൾ തുടരെ തുടരെ അൽ അമീനിൽ പ്രത്യക്ഷപ്പെട്ടു. ജിഹാദുൽ അക്ബർ എന്ന ശീർഷകത്തിൽ വന്ന മുഖലേഖനം അധികാരികളെ അരിശം കൊള്ളിച്ചു. അൽ - അമീൻ പത്രത്തിന്റെ പ്രസിദ്ധീകരണം ഇതേ തുടർന്ന് 6 മാസത്തേക്ക് നിരോധിക്കുകയും ചെതു. അൽ - അമീൻ കുറച്ചുകാലം മാത്രമേ നിലവിലുണ്ടായിരുന്നുള്ളുവെങ്കിലും അക്കാലത്ത് അത് നിർവഹിച്ച സേവനം അനന്യ സാധാരണമായിരുന്നു. ഉത്തമങ്ങളായ മാനുഷിക മൂല്യങ്ങളുടെ നിദാന്ത സുന്ദരങ്ങളായ മാതൃകകൾ ജനസമക്ഷം സമർപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

സൈമൺ കമ്മീഷന്റെ ഇൻഡ്യാ സന്ദർശനത്തെ എതിർത്ത കോൺഗ്രസ് പോരാളികളിൽ മുഹമ്മദ് അബ്ദു റഹിമാൻ സാഹിബും മുൻപന്തിയിലുണ്ടായിരുന്നു. 1903 മാർച്ച് 13-ാം തിയ്യതി മഹാത്മജി ഉപ്പു സത്യാഗ്രഹം ആരംഭിച്ചു. ഇൻഡ്യയിലുടനീളം ഉപ്പു സത്യാഗ്രഹവും നിയമലംഘനവും നടന്നുകൊണ്ടിരുന്നു. കേരളത്തിലും ഈ ദേശീയ സമരത്തിന്റെ ഭാഗമായി പയ്യന്നൂരും പാലക്കാടും, കോഴിക്കോടും സത്യാഗ്രഹങ്ങൾ നടന്നു. 1930 ഏപ്രിൽ 27-ാം തിയ്യതി കോഴിക്കോട് കടപ്പുറത്തേയ്ക്ക് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ നേതൃത്വത്തിൽ നീങ്ങിയ ഉശിരൻ ജാഥ അധികാരികളേയും അവരുടെ ഗുണ്ടകളേയും വിറളി പിടിപ്പിച്ചു. എതിർപ്പുകളെ പുഞ്ചിരികൊണ്ട് സ്വാഗതം ചെയ്തു തിപ്പൊരി കൊണ്ട് സമാധാനം കൊടുത്ത ആ പോരാളി കടൽവെള്ളം മുക്കി ഉപ്പുണ്ടാക്കുന്ന പ്രക്രിയയിൽ ഏർപ്പെട്ടു. ആയിരക്കണക്കിന് ജനങ്ങൾ ഉൽസാഹഭരിതരായി തടിച്ചു കൂടിയ കോഴിക്കോട് കടപ്പുറം മനുഷ്യരക്തം കൊണ്ട് മലീമസമാക്കപ്പെട്ട സംഭവങ്ങളാണ് അതോടെ അരങ്ങേറിയത്. ആമു സൂപ്രണ്ടിന്റെ നേതൃത്വത്തിൽ എത്തിയ പോലീസ്, സത്യാഗ്രഹികളെ ബൂട്ടിട്ടു ചവിട്ടുകയും അവരേയും ജനങ്ങളേയും കഠിനമായി മർദ്ദിക്കുകയും ചെയ്തു. അടികൊണ്ട് വീണിട്ടും കീഴടങ്ങാതിരുന്ന അബ്ദുറഹിമാൻ സാഹിബിന്റെ കഴുത്തിൽ രണ്ട് ലാത്തികൾ വെച്ച് മുറുക്കി ശ്വാസംമുട്ടിച്ചാണ് അദ്ദേഹത്തെ അറസ്റ്റുചെയ്തത്. ഒരു നേതാവിനും ഒരു കാലത്തും അനുഭവിക്കേണ്ടതായി വന്നിട്ടില്ലാത്ത കിരാത മർദ്ദനമാണ് ഉന്നതരായ ഈ ദേശീയ നേതാവിനുണ്ടായത്. അദ്ദേഹത്തെ ഒമ്പതു മാസത്തെ കഠിനതടവിന് ശിക്ഷിച്ചു. രണ്ടാമത്തെ ഈ അടങ്കൽകാലം കണ്ണൂർ വെല്ലൂർ, രാജമൺട്രി, ബല്ലാരി എന്നീ ജയിലുകളിലാണ് കഴിച്ചു കൂട്ടേണ്ടതായി വന്നത്. അദ്ദേഹത്തെ ഒറ്റക്ക് കുറെക്കാലം ഇരുമ്പുചങ്ങലയിൽ ബന്ധിപ്പിച്ചിടുകകൂടി • ഇക്കാലത്ത് ചെയ്തിട്ടുണ്ട്. ശിക്ഷ കഴിഞ്ഞ് 1930 ഡിസംബർ 20-ാം തിയ്യതിയാണ് അദ്ദേഹം പുറത്തുവന്നത്.

വള്ളുവാമ്പുറത്ത് സ്ഥാപിച്ചിരുന്ന 'ഹിച്ച് കോക്ക് സ്മാരകം' പൊളിച്ചു നീക്കുവാനും മമ്പുറത്തെ സെയ്ത്ഫസൽ സന്തതികളെ മലബാറിൽ പുനരധിവാസം ചെയ്യിപ്പിക്കുവാനും വേണ്ടി മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ് നടത്തിയ തീവ്രശ്രമങ്ങൾ ശത്രുക്കളുടെ പോലും പ്രശംസ പിടിച്ചുപറ്റുംവിധമായിരുന്നു. ബ്രിട്ടീഷുകാർ ആവിഷ്ക്കരിച്ച 'ആൻഡമാൻ പദ്ധതി'യെ എതിർത്ത അദ്ദേഹം 'മാപ്പിള ഔട്ട് റേജിയസ് ആക്ട്' എന്ന കരിനിയമം പിൻവലിപ്പിക്കുവാനും അശ്രാന്ത പരിശ്രമം നടത്തുകയും ഇവക്കെതിരെ ബഹുജനങ്ങളെ ബോധവാൻമാരാക്കുകയും ചെയ്തിരുന്നു. മലബാർ കുടിയായ്മ റിപോർട്ട് തയ്യാറാക്കി കൊണ്ടിരുന്നപ്പോൾ അദ്ദേഹം നൽകിയ മെമ്മോറാണ്ടം മലബാറിലെ ജൻമി കുടിയാൻ ബന്ധത്തെ കൂലംകഷമായി പ്രതിപാദിക്കുന്ന ഒരാധികാരിക പ്രമാണമാണ്.

1937ൽ മലപ്പുറം, ഡിവിഷനിൽ നിന്നും മദിരാശി ലെജിസ്ലേറ്റിവ് അസംബ്ലിയിലേക്ക് കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. നിയമ സഭയിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഏവരുടേയും ശ്രദ്ധ പിടിച്ചു പറ്റിയിരുന്നു. അക്കാലത്താണ് കെ.പി.സി.സി. പ്രസിഡൻറായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. കോൺഗ്രസിലെ ഇടതു വലതു കക്ഷികളിൽ സോഷ്യലിസ്റ്റ് ചിന്താഗതിക്കാരുടെ ധീരനായ നേതാവെന്ന നിലയിലാണ് വാശിയേറിയ മൽസരത്തിൽ അദ്ദേഹം വിജയിച്ചത്. അദ്ദേഹം പ്രസിഡൻറായിരിക്കുന്ന കാലത്ത് ഇ.എം. ശങ്കരനമ്പൂതിരിപ്പാടായിരുന്നു കെ.പി.സി.സി. സെക്രട്ടറി. അക്കാലത്താണ് കോൺഗ്രസ് ഒരു ജനകീയ പ്രസ്ഥാനമായി വളർന്നതും ഒരു സമര സംഘടനയായി തീർന്നതും. കേരളത്തിൽ കോൺഗ്രസിനെ സോഷ്യലിസ്റ്റ് സംവിധാനത്തിലേക്കാനയിച്ചതും പുരോഗമനേച്ഛുവായ അദ്ദേഹമായിരുന്നു. മുനിസിപ്പൽ കൗൺസിലർ, ഡിസ്ട്രിക്ട് ബോർഡ് മെമ്പർ, അദ്ധ്യാപക യൂണിയൻ പ്രസിഡൻറ്, എന്നീ നിലകളിലും അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്നു. രാജ്യത്തിനും സമൂഹത്തിനും വേണ്ടി നിസ്വാർത്ഥമായ സേവനങ്ങൾ അർപ്പിക്കുകയും ഏറെ ക്ലേശങ്ങൾ സഹിക്കുകയും ചെയ്തിട്ടുള്ള നേതാക്കൻമാർ അബ്ദു റഹിമാൻ സാഹിബിനെപോലെ അധികമാളുകൾ ഉണ്ടായിട്ടില്ല.

ഒരു നേതാവിനുവേണ്ട എല്ലാ ഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. ആദർശനിഷ്ഠ, ആരേയും കൂസാത്ത ചങ്കൂറ്റം, എന്തിനേയും അഭിമുഖീകരിക്കാനുള്ള ആത്മവിശ്വാസം, എതിർപ്പുകളെ ആത്മവിശ്വാസത്തോടും കൂടി അഭിമുഖീകരിക്കാനുള്ള മനോധൈര്യം ഇതൊക്കെ ഒരാളിൽ ഒത്തിണങ്ങുക വളരെ വിരളമാണല്ലോ. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് ഇവയുടെയെല്ലാം സമൂർത്തരൂപമായിരുന്നു. സമർത്ഥനായ സംഘാടകനും പൊതുജീവിതത്തിൽ സത്യവും ധർമ്മവും മുറുകെപിടിച്ചിരുന്നുവനുമായിരുന്നു അദ്ദേഹം. മനുഷ്യസഹജമായ സുഖസൗകര്യങ്ങൾക്കുവേണ്ടി അദ്ദേഹം മോഹിച്ചില്ല. അദ്ദേഹത്തിന്റെ ആസ്ഥാനമായ അൽ അമീൻ ലോഡ്ജ് ഏത് അഭയാർത്ഥിയുടെയും രക്ഷാസങ്കേത

മായിരുന്നു. സത്യാഗ്രഹത്തിൽ പങ്കെടുക്കുവാൻ വേണ്ടി തിരുവിതാംകൂറിൽ നിന്നും എത്തിയ വൈക്കം മുഹമ്മദ് ബഷീർ ഭക്ഷണപാനീയങ്ങൾ കഴിക്കാൻകൊണ്ടാതെ ക്ഷീണിതനായി അൽഅമീൻ ലോഡ്ജിൻെറ വരാന്തയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ അവിടേക്കു വന്ന സാഹിബ് കൂടുതൽ കാര്യങ്ങൾ അന്വേഷിക്കുന്നതിനുമുമ്പ് വല്ലതും കഴിച്ചു കഥ വോയെന്നു ചോദിച്ചുകൊണ്ട് ഭക്ഷണം നൽകിയ ബഷീർ ഹൃദയസ്പൃക്കായി വിവരിക്കുന്നുണ്ട്. അൽഅമീൻ ലോഡ്ജിൽ അദ്ദേഹവും കൂട്ടുകാരും കഴിച്ചിരുന്ന ഭക്ഷണം വളരെ ലളിതമായിരുന്നു. ഭക്ഷണത്തിനു പണമില്ലാതെ തൊണ്ടികഴിഞ്ഞിരുന്ന പല സന്ദർഭങ്ങളെക്കുറിച്ചും മൊയ്തു മൗലവി 'എൻെറ കൂട്ടുകാരൻ' എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. സ്വന്തമായി ഒരണപോലും ബാങ്ക് ബാലൻസില്ലാതെയും യാതൊരുവക സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാതെയും അവസാനം വരെ പടക്കളത്തിൽ പോരാട്ടവുമായി കഴിഞ്ഞ മഹാനായ ധീരദേശാഭിമാനിയായിരുന്നു അദ്ദേഹം.

1940ൽ സുഭാഷ് ചന്ദ്രബോസിൻെറ നേതൃത്വത്തിൽ ഫോർവേർഡ് ബ്ലോക്കെന്ന ഒരു സംഘടന രൂപീകരിക്കപ്പെട്ടിരുന്നു. ഉല്പതിഷ്ണുക്കളുടേയുംസോഷ്യലിസ്റ്റ് ചിന്താഗതിക്കാരുടേയും പ്രസ്ഥാനമായിരുന്ന ഫോർവേർഡ് ബ്ലോക്കിൻെറ കേരളാശാഖാ പ്രസിഡണ്ടായി അവരോധിക്കപ്പെട്ടത് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെയായിരുന്നു. രണ്ടാംലോകമഹായുദ്ധത്തിൽ ആമഗ്നമായിരുന്ന ബ്രിട്ടനോട് അന്തിമസമരം നടത്തേണ്ട സമയം അതാണെന്നായിരുന്നു സുഭാഷ് ചന്ദ്രബോസിൻെറയും ഫോർവേഡ് ബ്ലോക്കിൻേറയും .ശക്തമായ അഭിപ്രായം. ബ്രിട്ടീഷ് ഗവൺമെൻറ് ഫോർവേഡ് ബ്ലോക്കിനെ നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. അതോടെ അതിൻെറ നേതാക്കൻമാരെയെല്ലാം തന്നെ തടവിലാക്കുകയും ചെയ്തു. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും തടവറയിൽ അടക്കപ്പെട്ടു. സുദീർഘമായ അഞ്ച് സംവൽസരങ്ങൾക്കുശേഷം യുദ്ധം അവസാനിച്ചതോടു കൂടിയാണ് 1945 സെപ്റ്റംബർ 5ന് അദ്ദേഹം ജയിൽ വിമുക്തനാകുന്നത്. അണയാനടുത്തദീപം ആളിക്കത്തുന്നതു പോലെയായിരുന്നു ജയിൽവാസം കഴിഞ്ഞ് പുറത്തുവന്ന ദിവസങ്ങൾ. കേരളത്തെ ആകമാനം പ്രകമ്പനം കൊള്ളിച്ച് ഒരു കൊടുങ്കാറ്റിൻെറ ശക്തിയോടുകൂടി അദ്ദേഹം പ്രവർത്തനങ്ങളും പ്രഭാഷണങ്ങളും നടത്തി. അദ്ദേഹത്തെ ഒരു നോക്കുകാണുവാനും കേരളത്തിലെ ആ വീരസേനാനിയുടെ ഗർജ്ജനം കേൾക്കുവാനും ജനസഹസ്രങ്ങൾ എവിടേയും തടിച്ചുകൂടിയിരുന്നു. ജയിൽവിമുക്തനായ അദ്ദേഹത്തിന് 77 ദിവസം മാത്രമാണ് വിധികൽപ്പിതമായി ലഭിച്ചത്. സ്വാതന്ത്ര്യത്തിൻെറ പൊൻപുലരി ദർശിക്കാൻ ധീരനായ ആ പടനായകന് വിധി അനുവദിച്ചില്ല. 1945 നവംബർ 22-ാം തിയ്യതി കൊടിയത്തൂർ ചേർന്ന മുസ്ലിം മജ്ലിസ്മഹാസമ്മേളനത്തിൽ പ്രസംഗിച്ച് തിരിച്ച് പോരുന്നതിനിടയിൽ ഹൃദ്രോഗ ബാധയാൽ അദ്ദേഹം അന്തരിക്കുകയാണുണ്ടായത്. അപ്പോൾ അദ്ദേഹത്തിന് 45 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും ഒരു പുരുഷായുസ്സിൽ ചെയ്തുതീർക്കാവുന്ന അതുല്യമായ സേവനമാണ് ആ ധന്യജീവിതം ദേശത്തിന് കാഴ്ചവെച്ചത്. സമകാലികനായ അദ്ദേഹത്തിൻെറ സുഹൃത്ത് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെ പരിചയപ്പെടുത്തുന്നത് ഇപ്രകാരമാണ്. "പാറക്കെട്ടുകളിൽ മുട്ടിയിരുമ്മിയും മരങ്ങളെ കടപുഴക്കി മാറ്റിയും കല്ലുകളും മുള്ളുകളും വാരിയെടുത്തും സമതലങ്ങളെ ആശ്ലേഷിച്ചും സൂര്യവെളിച്ചമേറ്റ് തിളങ്ങിയും ഇരുണ്ടരാത്രിയിലും സ്വച്ഛന്ദം ചലിച്ചും ലക്ഷ്യസ്ഥാനത്തേക്കു കുതിച്ച ഒരു പ്രവാഹമായിരുന്നു ആ ജീവിതം."

നവംബർ 23-ാം തിയ്യതി പുലർന്നത് കണ്ണുനീർകൊണ്ടു നനഞ്ഞ സൂര്യകിരണങ്ങൾ കൊണ്ടായിരുന്നു. കേരളത്തിൽ നിന്നു മാത്രമല്ല ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും സാഹിബിൻെറ മരണവാർത്തയറിഞ്ഞ് ദുഃഖാകുലരായ ജനങ്ങൾ കോഴിക്കോട് നാലാം ഗേറ്റിനടുത്തുണ്ടായിരുന്ന അദ്ദേഹത്തിൻെറ താൽക്കാലിക വസതിയായിരുന്ന റോസ് വില്ലയിലേക്ക് പ്രവഹിക്കുവാൻ തുടങ്ങി. കരഞ്ഞുവീർത്ത മുഖങ്ങളുമായി പതിനായിരക്കണക്കിന് ജനങ്ങൾ നഗരത്തെ വേദനയുടെ നെടുവീർപ്പ് കൊണ്ട്മൂടി. നാനാജാതി മതസ്ഥരും വിവിധ രാഷ്ട്രീയാഭിപ്രായക്കാരുമായ ലക്ഷത്തിൽപരം ജനങ്ങൾ ജനാസയെ അനുഗമിച്ചു. ആ ദൃശ്യത്തെ വി.എസ്. കേരളീയൻ വിവരിക്കുന്നതിങ്ങനെയാണ്, "കറുപ്പുകൊടികളും ചുടുകണ്ണുനീർ ഒഴുക്കുന്ന ജനതയും തിങ്ങിനിൽക്കുന്ന വഴികളിലൂടെ നിരവധി ഗ്യാസ്ലൈറ്റുകളുടെ പ്രകാശത്തിൽ ജനാസ കണ്ണമ്പറമ്പിലെത്തി. അന്ത്യാർച്ചന നടത്താൻ ഒഴുകിവന്ന ആ മനുഷ്യപ്രവാഹം ശ്മശാനഭൂമിയിലും പരിസരങ്ങളിലും പൊങ്ങി."2. വിലാപയാത്രയുടെ മുൻഭാഗം കണ്ണമ്പറമ്പ് ശ്മശാനത്തിലെത്തിയപ്പോഴും അതിൻെറ അവസാനഭാഗം നാലാംഗേറ്റിനടുത്തുനിന്നും നീങ്ങികഴിഞ്ഞിരുന്നില്ല. അതിനു മുമ്പും പിമ്പും കോഴിക്കോട് നഗരം മറ്റൊരു മഹാൻേറയും അന്തിമോപചാരത്തിന് ഇത്ര വലിയ വിലാപയാത്ര ഒരുക്കിയിട്ടില്ല. ആദർശനിഷ്ഠവും ത്യാഗസുരഭിലവുമായ രാഷ്ട്രീയ പ്രവർത്തനശൈലിക്കുള്ള അന്തിമോപഹാരവും കൂടിയായിരുന്നു അത്. ഒരുകാലഘട്ടത്തിൻെറ ജീവസ്പന്ദനം അതോടെ മണ്ണിടിഞ്ഞു. മുഹമ്മദ് അബ്ദു റഹിമാൻ സാഹിബ് കഥാവശേഷനായി. അദ്ദേഹം ഇന്നും ജനലക്ഷങ്ങളുടെ ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്നു. സുദീർഘമായ 50 വർഷം കഴിഞ്ഞു അദ്ദേഹം മരണമടഞ്ഞിട്ടെങ്കിലും ഓരോവർഷവും അദ്ദേഹത്തിൻെറ ഓർമ്മ പുതുക്കുവാൻ വേണ്ടി എത്രയെത്ര മഹാസമ്മേളനങ്ങളാണ് കേരളത്തിൻെറ നാനാഭാഗത്തും നടന്നുവരുന്നത്. അദ്ദേഹത്തിൻെറ നാമധേയത്തിൽ കേരളത്തിലെ എത്രയെത്ര ഗ്രന്ഥപ്പുരകളും വായനശാലകളും ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നിരവധി സ്മാരകമന്ദിരങ്ങളും അദ്ദേഹത്തിൻെറ സ്മരണ നിലനിർത്തുവാനായി നാമകരണം ചെയ്തിട്ടുള്ള റോഡുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അദ്ദേഹത്തിൻെറ മഹത്വത്തെ

തലമുറകൾക്ക് കൈമാറികൊണ്ടിരിക്കുന്നു. മരിച്ചാലും ജീവിക്കുന്ന ദുർലഭം മഹത്തുക്കളുടെ മുൻപന്തിയിൽ മുഹമ്മദ് അബ്ദുറഹിമാനൻ സാഹിബ് അമരനായിരിക്കുന്നു.

---

*1. പി.പി. ഉമ്മർകോയ - ധീരാത്മാക്കൾ - പുറം - 176.*

*2. വി.എസ്. കേരളീയൻ, കേരളത്തിന്റെ വീരപുത്രൻ - പേജ് - 13.*

---

## III. ഇ. മൊയ്തു മൗലവി സാഹിബ്



നിസ്വാർത്ഥ സേവനത്തിന്റെയും ത്യാഗസുരഭിലമായ സഹനത്തിന്റേയും പുളകം പരത്തുന്ന പാരമ്പര്യത്തിന്റെ ഉടമയായ ഇ. മൊയ്തു മൗലവി സാഹിബ് കഴിഞ്ഞ തലമുറയിലെ ഏറ്റവും ശ്രദ്ധേയനായ രാഷ്ട്രീയ ആചാര്യനും പണ്ഡിതശ്രേഷ്ടനുമാണ്. സുദീർഘമായ ഏഴ് ദശാബ്ദക്കാലത്തെ അഭിമാനകരമായ രാഷ്ട്രീയ പാരമ്പര്യം ഉള്ള ഈ വയോധികൻ ദേശത്തിനും സമൂഹത്തിനും വേണ്ടി സഹിച്ചിട്ടുള്ള ത്യാഗങ്ങളും അനുഭവിച്ചിട്ടുള്ള മർദ്ദനങ്ങളും ഇന്ന് ആർക്കും ഊഹിക്കുവാൻ പോലും സാധിക്കാത്തവിധം പൈശാചികമത്രെ. 1921ലെ ജയിൽ അറകളും, കിരാതൻമാരെപ്പോലെ നീചപ്രവൃത്തികൾ മാത്രം ചെയ്ത് ശീലിച്ചിരുന്ന അധമൻമാരായ ജയിലറൻമാരും മനുഷ്യയോഗ്യമല്ലാത്ത കാരാഗ്രഹവാസവുമെല്ലാം ഇന്നത്തെ രാഷ്ട്രീയ തലമുറക്ക് ചിന്തിക്കാൻ ഒക്കാത്തവിധം നരകീയമായിരുന്നു. ഖിലാഫത്ത് പ്രവർത്തനത്തിന്റെ ഭാഗമായി ഇംഗ്ലീഷ് ദുഷ്ചെയ്തികളെ അവലോകനം ചെയ്തുകൊണ്ട് 1921 മെയ് മാസത്തിൽ കേരള മുസ്ലിംകളോട് എന്ന ശീർഷകത്തിൽ അദ്ദേഹം ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തി.

ഒന്നാം ലോകമഹായുദ്ധകാലത്ത് ഗ്രീക്കുകാർ സെലോനിക്കയിൽ തുർക്കികളുടെ നേരെ കാണിച്ച അക്രമ പ്രവൃത്തികളെ വിവരിച്ചുകൊണ്ടും ഒറ്റപ്പാലം ഉലമാ സംഘത്തിന്റെ നടപടികളെ വിശദീകരിച്ച് കൊണ്ടും കേരള ജംഇയ്യത്തുൽ ഉലമയുടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ മൊയ്തു മൗലവി പ്രസിദ്ധീകരിച്ചതായിരുന്നു ഈ ലഘുലേഖ. പൂക്കോട്ടൂരിൽ വടക്കുവീട്ടിൽ മാമ്മുദിന്റെ വീട് പരിശോധിക്കുവാനും അദ്ദേഹത്തെ അറസ്റ്റ് ചെയ്യുവാനും വേണ്ടി പോലീസ് ഇൻസ്പെക്ടറായിരുന്നു നാരായണമേനോൻ അവിടെച്ചെന്നപ്പോൾ ഉണ്ടായ എതിർപ്പും അതേതുടർന്ന് അദ്ദേഹം അതിഭാവുകത്വത്തോടുകൂടി കലക്ടർക്ക് നൽകിയ റിപ്പോർട്ടും ആയിരുന്നുവല്ലോ ബ്രിട്ടീഷ് - ജൻമി വിരുദ്ധ സംഘട്ടനത്തിനും ലഹളയുടെ പൊട്ടിത്തെറിക്കും കാരണമായത്. പൂക്കോട്ടൂരിലേക്ക് പട്ടാളം നീങ്ങിയിരിക്കുന്നു എന്നറിഞ്ഞ് ജനങ്ങളെ ഏറ്റുമുട്ടലിൽ നിന്നും പിന്തിരിപ്പുക്കുവാൻ ജീവൻ പണയം വെച്ചുകൊണ്ട് പൂക്കോട്ടൂർ എത്തിയത് മൊയ്തു മൗലവിയും മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബുമായിരുന്നു. ലഹളയ്ക്ക് തയ്യാറായി നിന്നവരെ ഖിലാഫത്തിന്റേയും അഹിംസയുടേയും സന്ദേശം പറഞ്ഞുപിന്തിരിപ്പിക്കുവാൻ അന്ന് ഈ നേതാക്കൻമാർക്ക് കഴിഞ്ഞു. അതിനുശേഷം തിരൂരങ്ങാടിയിൽ പട്ടാള നടപടി ഉണ്ടാകുന്നതിന് മുമ്പ് ആലി മുസ്ലിയാരേയും അനുചരൻമാരേയും കണ്ട് സംഘട്ടനം ഒഴിവാക്കാനുള്ള ശ്രമം നടത്തുവാനായി കലക്ടറുടെ സമ്മതവും വാങ്ങി കെ.പി. കേശവമേനോന്റെയും മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിന്റേയും നേതൃത്വത്തിൽ തിരൂരങ്ങാടിയിലേക്ക് പോയ ദൗത്യസംഘത്തിലും മൗലവി സാഹിബും ഉണ്ടായിരുന്നു. ഏത് വിധേനയും തുറന്ന സംഘട്ടനവും രക്തച്ചൊരിച്ചിലും ഒഴിവാക്കാൻ വേണ്ടി ജീവൻ പണയം വെച്ചുകൊണ്ടാണ് മൗലവി സാഹിബ് പ്രവർത്തിച്ചത്. സമാധാനത്തിന്റെ സന്ദേശവാഹകരായിരുന്ന മൗലവി സാഹിബിനേയും മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബിനേയും ഹസ്സൻകോയ മൊല്ലയേയും ഒക്കെ പിന്നീട് ഇൻഡ്യൻ ശിക്ഷാനിയമം 124 എ, 153 എ എന്നി വകുപ്പുകൾ പ്രകാരം കേസ്സെടുത്ത് രണ്ട് കൊല്ലം കഠിന തടവിനും മുന്നൂറ് ഉറുപ്പിക പിഴ അടയ്ക്കാനും ശിക്ഷിച്ചു. പിഴ അടയ്ക്കാത്ത പക്ഷം 6 മാസം കൂടി തടവ് അനുഭവിക്കണം. ഈ കേസ് വിചാരണ വേളയിൽ മൗലവി സാഹിബ് പ്രസിദ്ധീകരിച്ചിരുന്ന 'കേരള മുസ്ലിംകളോട്" എന്ന ലഘുലേഖ അദ്ദേഹത്തിന്റെ ബ്രിട്ടീഷ് വിരുദ്ധപ്രവർത്തനത്തിന്റെ തെളിവായി ഹാജരാക്കുകയും ചെയ്തിരുന്നു. കണ്ണൂരിലും വെല്ലൂരിലും രാജമന്ത്രിയിലുമായിട്ടാണ് ഈ രണ്ടര വർഷക്കാലം അദ്ദേഹം കഴിച്ചുകൂട്ടിയത്. വെല്ലൂർ ജയിലിൽ അദ്ദേഹത്തിന്റെ പിതാവും അഞ്ചാറ് മരുമക്കളും ശിക്ഷിക്കപ്പെട്ട് കാരാഗൃഹവാസം അനുഭവിച്ചുകൊണ്ടിരുന്ന സന്ദർഭമായിരുന്നു അത്. അക്കാലത്ത് ജയിലിൽ അനുഭവിക്കേണ്ടതായി വന്നിട്ടുള്ള കൊടിയ യാതനകൾ അവാച്യമാം വണ്ണം പൈശാചികമായിരുന്നു. യാതൊരുവക ജിവിത സൗകര്യവും ഇല്ലാതെയും ശരിയായ ഭക്ഷണമോ വെള്ളമോ ലഭിക്കാതെയും കാലിൽ ചങ്ങലുമായി നിലത്ത് കിടന്ന് ഉറങ്ങേണ്ട അവസ്ഥയായിരുന്നു തടവുകാർക്ക് അനുഭവിക്കേണ്ടതായി വന്നത്. ലഹള മൂർച്ഛിച്ചപ്പോൾ പതിനായിരക്കണക്കിന് തടവുകാരെയാണ് ഈ കോൺസൺട്രേഷൻ ക്യാമ്പുകളിൽ ചങ്ങലക്കിട്ട് നിർത്തിയിരുന്നത്. മർദ്ദനത്തിന്റെ ഫലമായും പകർച്ചവ്യാധികൾ മൂലവും നിത്യേന മരണപ്പെട്ടുകൊണ്ടിരുന്ന നൂറുകണക്കിന് ആളുകളുടെ ജഡം ലോറികളിൽ കടത്തികൊണ്ടു പോയിരുന്നതിന്റെ ദാരുണ ദൃശ്യം നിത്യേന കണ്ടുകൊണ്ടിരുന്നതിന്റെ മർമ്മഭേധകമായ വിവരണം മൗലവി സാഹിബ് തന്റെ മൗലവിയുടെ ആത്മകഥ, എന്റെ കൂട്ടുകാരൻ എന്നീ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളത് ഇന്നത്തെ രാഷ്ട്രീയ തലമുറ അത്യാവശ്യം വായിച്ചിരിക്കേണ്ടതാണ്. എഴുതാൻ അസാദ്ധ്യമാം വിധമുള്ള യാതനകളാണ് മൊയ്തി മൗലവി സാഹിബ് അനുഭവിച്ചിട്ടുള്ളത്.

ജയിൽശിക്ഷ കഴിഞ്ഞ് നാട്ടിലെത്തിയ അദ്ദേഹം കണ്ടത് തൻെറ വീടും, ഉറ്റവരുടേയും അറിയുന്നവരുടേയും വീടുകളും കൊള്ളയടിക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്തിട്ടുള്ളതായും സ്വന്തക്കാരും നാട്ടുകാരുമായ നൂറുകണക്കിന് ആളുകൾ കൊല ചെയ്യപ്പെട്ടിട്ടുള്ളതായും ആണ്. ഭീഷണവും ദയനീയവുമായ ഈ അവസ്ഥയിലും തളരാതെ ഊർജ്ജസ്വലനായി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായും ദേശീയ പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിനായും അദ്ദേഹം ജീവിതം ഉഴിഞ്ഞുവെച്ചു. അക്കാലത്താണ് മുഹമ്മദ് അബ്ദുൾ റഹ്മാൻ സാഹിബിനോടൊപ്പം കോഴിക്കോട് നിന്നും അൽ അമീൻ ദിനപ്പത്രം പുറത്തിറക്കുന്നത്. ഉറുദു, അറബി, തമിഴ് എന്നി ഭാഷകളിൽ നിന്നും ഈടുറ്റ ലേഖനങ്ങൾ പരിഭാഷപ്പെടുത്തി അൽ - അമീനിൽ അദ്ദേഹം തുടർച്ചയായി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. കോൺഗ്രസിൻെറ ദേശീയ സമരങ്ങളിൽ എല്ലാം തന്നെ മുന്നണി ഭടനായി മൗലവി സാഹിബ് അടിയുറച്ച് നിന്നിട്ടുണ്ട്. ഉപ്പു സത്യാഗ്രഹകാലത്തും ക്വിറ്റ് ഇൻഡ്യാ സമരഘട്ടത്തിലും മൗലവി സാഹിബ് പ്രദർശിപ്പിച്ചിട്ടുള്ള അസാമാന്യമായ ധീരതയും ത്യാഗോജ്ജ്വലമായ സഹനങ്ങളും അതുല്യമായിരുന്നു. ഈ അവസരങ്ങളിലൊക്കെ ജയിൽ ശിക്ഷയും പീഢനവും അദ്ദേഹം അനുഭവിച്ചിട്ടുണ്ട്. ക്വിറ്റ് ഇൻഡ്യാ സമരത്തിനുശേഷം ജയിൽ വിമോചിതനായ മൗലവി സാഹിബ് കൂടുതൽ ആവേശത്തോടും അചഞ്ചലമായ ആദർശധീരതയോടും കൂടി ദേശീയ പ്രസ്ഥാനത്തെ ബലവത്താക്കിക്കൊണ്ടിരുന്നു. മുസ്ലിംലീഗ് അവിഭക്ത ഭാരതത്തിലെ ശക്തമായ സംഘടനയായി വളരുകയും ഇൻഡ്യൻ നാഷണൽ കോൺഗ്രസുമായി പൊരുത്തപ്പെടാനൊക്കാതെ മറുചേരിയിൽ നിലയുറപ്പിക്കുകയും ചെയ്തിരുന്ന സമയമായിരുന്നു അത്. ദേശീയ ബോധവും ആദർശദാർഢ്യവും ഉള്ള മുസ്ലിംകളെ ദേശീയ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കുവാനായി അക്കാലത്ത് രൂപീകൃതമായിരുന്ന ഓൾ ഇൻഡ്യാ മുസ്ലിം മജ്ലിസത്തിൻെറ കേരളഘടകത്തിൻെറ നേതൃത്വം മൗലവി സാഹിബിലാണ് അധിഷ്ഠിതമായിരുന്നത്. അതിനെതുടർന്ന് സർക്കാർ പക്ഷത്തു നിന്നുള്ള ഭീഷണിക്ക് പുറമെ സ്വസമുദായത്തിലെ ബഹുഭൂരിപക്ഷം വരുന്ന മുസ്ലിം ലീഗ്കാരിൽ നിന്നും അദ്ദേഹത്തിനും ദേശീയ മുസ്ലീംകൾക്കും അനുഭവിക്കേണ്ടതായി വന്നിട്ടുള്ള എതിർപ്പുകൾക്കും മർദ്ദനങ്ങൾക്കും കയ്യും കണക്കും ഉണ്ടായിരുന്നില്ല. അങ്ങനെ ഇൻഡ്യ സ്വതന്ത്രമാകുന്നതുവരെ സർക്കാരിൻേറയും സമുദായത്തിൻേറയും, ആഭിചാരവാക്കുകൾ കേൾക്കുകയും, അപായകരമായ മർദ്ദനങ്ങൾക്ക് ഇരയാവുകയും ചെയ്തിട്ടുള്ള ദുർലഭം നേതാക്കൻമാരിൽ ഒരാളാണ് ഇ. മൊയ്തുമൗലവി സാഹിബ്.

ആദ്യന്തം കോൺഗ്രസ്സ് ആശയക്കാരനായ അദ്ദേഹം തികഞ്ഞ ആദർശശാലിയായ ഗാന്ധിയനാണ്. സ്വാതന്ത്ര്യത്തിന് ശേഷം ഭരണഘടനാ നിർമ്മാണ സമിതിയിലേക്ക് കേരളത്തിൽ നിന്നും നിർദ്ദേശിക്കപ്പെട്ടവരിൽ ഒരാൾ മൊയ്തു മൗലവി സാഹിബായിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും അധർമ്മത്തിനും അനീതിക്കുമെതിരായി ആത്മാർത്ഥമായി പ്രതികരിച്ചുകൊണ്ടിരുന്ന ധർമ്മഭടനാണദ്ദേഹം. തൻെറ അനുഭവങ്ങളും തനിക്കിഷ്ടപ്പെട്ട വിഷയങ്ങളും അധികരിച്ച് അദ്ദേഹം എഴുതിയിട്ടുള്ള ഗ്രന്ഥങ്ങൾ ഒരു കാലഘട്ടത്തിൻെറ ആവിസ്മരണീയമായ ചരിത്രം ഉൾക്കൊള്ളുന്നുണ്ട്. രുധിരബാഷ്പം, മുഹമ്മദ് നബി, തുർക്കി, ജപ്പാൻ സംവാദം, ഇസ്ലാമും സോഷ്യലിസവും, സക്കാത്തും സോഷ്യലിസവും, എൻെറ കൂട്ടുകാരൻ, ചരിത്രചിന്തകൾ, ഇൻഡ്യൻ സ്വാതന്ത്ര്യവും മുസ്ലിംകളും, സുൽത്താൻ ഔറംഗസീബ്, ഖുർആനിലെ സൽക്കഥകൾ, മൗലവിയുടെ ആത്മകഥ തുടങ്ങിയ പ്രകാശിതങ്ങളായ ഗ്രന്ഥങ്ങൾക്കുപുറമെ ലേഖനരൂപത്തിൽ പ്രസിദ്ധീകൃതങ്ങളായിട്ടുള്ള അദ്ദേഹത്തിൻെറ കൃതികൾ ധാരാളമാണ്. കറ തീർന്നൊരു ഗാന്ധിയൻെറ നിഷ്കപടമായ സമീപനമാണ് തൻെറ കൃതികളിൽ ഉടനീളം അദ്ദേഹം നടത്തിയിട്ടുള്ളത്.

പ്രസിദ്ധ മതപണ്ഡിതനും അറബി, അറബി - മലയാള സാഹിത്യകാരനും, സാമൂഹിക പരിഷ്കർത്താവും ആയിരുന്ന കറപ്പൻ വീട്ടിൽ മലയൻ കുളത്തിൽ മരക്കാർ മുസ്ലിയാരുടേയും എളയേടത്ത് ഉമ്മത്തി ഉമ്മയുടേയും പുത്രനായി കോടഞ്ചേരിയിലാണ് മൊയ്തു മൗലവി ജനിച്ചത്. ഒരു നൂറ്റാണ്ടിൻെറ സാക്ഷിയായി തൻെറ 105-ാമത്തെ വയസ്സിൽ 1995ൽ അദ്ദേഹം നിര്യാതനായി.

---

*അനുബന്ധം IX കാണുക.*

---

## IV. കെ.എം. മൗലവി സാഹിബ്



പ്രഗൽഭനായ പ്രസംഗകൻ, ആദർശശാലിയായ വിപ്ലവകാരി, വിനയാന്വിതനായ സമുദായ പരിഷ്ക്കർത്താവ്, മഹാനായ സംഘാടകൻ, വിശ്രുതനായ മത പണ്ഡിതൻ എന്നീ നിലകളിലെല്ലാം ഒരു കാലഘട്ടത്തിൻെറ നാഡിമിടിപ്പായി വർത്തിച്ച കെ.എം. മൗലവി സാഹിബ്, മുസ്ലിം സമുദായത്തിൻെറ നവോത്ഥാന സാരഥികളിൽ സുപ്രധാനിയാണ്. അദ്ദേഹത്തിൻെറ മതനിഷ്ഠ, സേവനതൃഷ്ണ, നിസ്വാർത്ഥത, കർമ്മധീരത, അർപ്പണബോധം തുടങ്ങിയ ഗുണങ്ങൾ കെ.എം. മൗലവിയെ അക്കാലത്തെ പണ്ഡിത സമൂഹത്തിൽ നിന്നും സമൂർത്തമായ വ്യക്തി പ്രഭാവത്തോടുകൂടി മാറ്റിനിർത്തിയിരുന്നു. തിരൂരങ്ങാടിക്കടുത്ത് കക്കാട് എന്ന് സ്ഥല

ത്താണ് മൗലവി സാഹിബ് ജനിച്ചത്. തയ്യിൽ കുഞ്ഞി മൊയ്തീൻ സാഹിബായിരുന്നു അദ്ദേഹത്തിന്റെ പിതാവ്. ഹിജ്റ 1303 എ.ഡി. 1882 ആണ് അദ്ദേഹത്തിന്റെ ജനന വർഷം. കെ.എം. മൗലവിയുടെ ശരിയായ പേര് തയ്യിൽ മുഹമ്മദ് കുട്ടി മൗലവിയെന്നാണ്. അദ്ദേഹത്തിന്റെ ഗുരുഭൂതനായ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ കീഴിൽ അദ്ദേഹത്തിനു വേണ്ടി ഫത്വകളും ഗ്രന്ഥങ്ങളും എഴുതിയിരുന്നത് കെ.എം. മൗലവിയായിരുന്നതിനാൽ കാത്തിബ് (എഴുത്തുകാരൻ) എന്ന പേരും അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ തൂലികാനാമമാണ് കെ.എം. മൗലവി. വാഴക്കാട് ദാറുൽ ഉലൂം മദ്രസയിൽ ആണ് അദ്ദേഹം മതപരമായ ഉപരിപഠനം നടത്തിയത്. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയായിരുന്നു ഗുരുനാഥൻ. പുരോഗമന ചിന്താ പ്രസ്ഥാനത്തിന് മുസ്ലിം സമുദായത്തിൽ ആക്കവും ഊണവും നൽകിയ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ ശിക്ഷണത്തിൽ ഉൽപ്പതിഷ്ണുവായ ഒരാദർശശാലിയായി കെ. എം. മൗലവി വളർന്നു. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ മകളെ അദ്ദേഹത്തിന് വിവാഹം ചെയ്തു കൊടുത്തതോടുകൂടി ആ ഗുരുശിഷ്യ ബന്ധം കൂടുതൽ ബലവത്താകുകയും ചെയ്തു. പക്വമതിയായ ജ്ഞാനധനനായിട്ടാണ് തന്റെ പഠിപ്പ് പൂർത്തിയാക്കി അദ്ദേഹം പുറത്ത് വന്നത്. അജ്ഞാന അന്ധകാരത്തിൽ കഴിഞ്ഞുകൂടുന്ന മുസ്ലിംകളെ അറിവിന്റെ വഴിത്താരയിലേക്ക് കൈപിടിച്ച് കൊണ്ടുവരുവാൻ ശ്രമിച്ച ധീരാത്മാവാണ് സൂര്യപുരുഷൻ. നല്ലളം, മണ്ണാർക്കാട്, ചെമ്മങ്കടവ് മുതലായ പ്രദേശങ്ങളിൽ മുദരിസ്സായി പ്രവർത്തിച്ചിരുന്ന അദ്ദേഹം കേരള മുസ്ലിംകളുടെ വൈജ്ഞാനിക മുന്നേറ്റത്തിന് ആവേശം പകർന്ന മഹാനാണ്.

കോൺഗ്രസ്സ് - ഖിലാഫത്ത് പ്രസ്ഥാനങ്ങൾ മലബാറിൽ ആരംഭിച്ച കാലം മുതൽ ദേശാഭിമാനിയും സ്വരാജ്യസ്നേഹിയുമായിരുന്ന അദ്ദേഹം അവയുടെ തലപ്പത്തുണ്ടായിരുന്നു. ഖിലാഫത്ത് വിപ്ലവ നേതാവായ ആലി മുസ്ലിയാരുടെ സന്തത സഹചാരിയായി അദ്ദേഹവും ഒന്നിച്ച് പ്രവർത്തിച്ചിരുന്നു. കേരള മജ്ലിസുൽ ഉലമ നിർവ്വാഹക സമിതി അംഗങ്ങളായിരുന്നു അവർ ഇരുവരും. ലഹള പൊട്ടിപുറപ്പെട്ടപ്പോൾ മൗലവി സാഹിബ് അനുഷ്ടിച്ച ത്യാഗം അവിസ്മരണീയമാണ്. കെ.എം. മൗലവിയുടെ പേരിൽ രാജ്യദ്രോഹക്കുറ്റത്തിന് കേസെടുത്തിരുന്നു. പട്ടാളത്തിന് പിടികൊടുക്കാതെ ലഹളയുടെ ആദ്യകാല ഘട്ടങ്ങളിൽ പിന്നിൽ നിന്നു കൊണ്ട് ലഹളക്കാർക്ക് ചെയ്തു കൊടുക്കാവുന്ന സകലവിധ സഹായസഹകരണങ്ങളും അദ്ദേഹം നൽകി. ജീവൻ പണയം വെച്ചു കൊണ്ടുള്ളതായിരുന്നു ത്യാഗസുരഭിലമായ ആ പ്രവർത്തനങ്ങൾ. ലഹള ശക്തിയായി അടിച്ചമർത്തപ്പെട്ട് പരാജയത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം വേഷപ്രച്ഛന്നനായി കൊടുങ്ങല്ലൂരിൽ 1922 ജനുവരിയിൽ അഭയം തേടി. സമ്പന്നനും സാമുദായിക പരിഷ്കർത്താവുമായിരുന്ന ഹാജി. കെ. സീതി മുഹമ്മദ് സാഹിബിന്റെ സംരക്ഷണയിലാണ് കൊടുങ്ങല്ലൂരിൽ അദ്ദേഹം കഴിച്ചുകൂട്ടിയത്. അക്കാലത്ത് മലബാറിൽ ഉണ്ടായിരുന്ന പല ഖിലാഫത്ത് നേതാക്കളും ബ്രിട്ടീഷ് പട്ടാളത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാനായി രക്ഷാസങ്കേതം കണ്ടെത്തിയിരുന്നത് കൊടുങ്ങല്ലൂരായിരുന്നു. കട്ടിലശ്ശേരി മുഹമ്മദ് മുസ്ലിയാർ, കെ.എം. മൗലവി തുടങ്ങി വളരെപ്പേർ ഹാജി മുഹമ്മദ് സാഹിബിന്റേയും മണപ്പാട്ട്കുഞ്ഞഹമ്മദ് സാഹിബിന്റേയും വീടുകളിൽ താമസിച്ചുപോന്നിരുന്നു. കൊടുങ്ങല്ലൂർ താമസത്തിനിടക്കാണ് സാമുദായിക പരിഷ്ക്കരണങ്ങൾക്ക് നേതൃത്വം നൽകുവാൻ അദ്ദേഹത്തിന് കഴിഞ്ഞത്.

സീതി മുഹമ്മദ് സാഹിബ്, മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി, ഇ.കെ. മൗലവി, കെ.എം. സീതിസാഹിബ് എന്നിവരാണ് കേരളത്തിലെ മുസ്ലിംകളുടെ സാമുദായികവും സാംസ്കാരികവുമായ ഉത്ഥാനത്തിന് ഉജ്ജീവനം നൽകിയ കരുത്തുറ്റ നവോത്ഥാന പ്രസ്ഥാനങ്ങൾക്കൊക്കെ ജീവൻ നൽകിയവർ. കേരള മുസ്ലിം ഐക്യസംഘം കേരളത്തിൽ ആകമാനം സാമുദായിക പരിഷ്ക്കരണവും വിദ്യാഭ്യാസ പ്രവർത്തനവും കാര്യക്ഷമമായി നടപ്പിലാക്കിയ മഹത്തായ സംഘടനയാണല്ലോ. അതിന് താത്വികവും ദാർശനികവുമായ ആത്മീയ നേതൃത്വം കെ.എം. മൗലവിയും, ഇ.കെ. മൗലവിയുമാണ് നൽകിയിരുന്നത്. സീതി സാഹിബിന് അറബി പഠിപ്പിക്കുകയും സുദൃഢമായ സ്നേഹബന്ധം കൊണ്ട് സാമുദായിക - രാഷ്ട്രീയ കാര്യങ്ങളിൽപ്പോലും അദ്ദേഹത്തിൽ അനിതര സാധാരണമായ സ്വാധീനം ചെലുത്തിയതും കെ.എം. മൗലവി സാഹിബായിരുന്നു. ഇരുവരും കോൺഗ്രസ്സ്കാരായിരുന്നുവെങ്കിലും മാറിയ സാഹചര്യത്തിൽ കോൺഗ്രസ്സിൽ നിന്നും സീതി സാഹിബിനെ അടർത്തിയെടുത്ത് മുസ്ലിം ലീഗിന്റെ നേതൃത്വത്തിലേക്ക് കൊണ്ടുവന്നത് ഈ കർമ്മയോഗിയാണ്. സമുദായ നൻമയ്ക്കുവേണ്ടി എല്ലാ വിഭാഗത്തിൽപ്പെട്ട മുസ്ലിംകളും ഏകോപിതമായി ഒരു സംഘടനയിൽ വരണമെന്ന് ആത്മാർത്ഥമായി ശ്രമിച്ച ക്രാന്തദർശിയാണ് കെ.എം. മൗലവി. സെയ്യിദ് അബ്ദു റഹിമാൻ ബാഫക്കി തങ്ങളേയും മുസ്ലിംലീഗിന്റെ ഔദ്യോഗിക പീഠത്തിലേറ്റുവാൻ കെ.എം. മൗലവിയുടെ പരിശ്രമം വിസ്മരിക്കത്തക്കതല്ല. വളപട്ടണത്ത് വെച്ച് മുസ്ലിം ലീഗുകാരും ദേശീയ മുസ്ലിംകളും തമ്മിൽ നടന്ന സംഘർഷത്തിൽ സീതി സാഹിബും, കെ.എം. മൗലവിയും ഇടപെട്ടാണ് സമാധാനം സ്ഥാപിച്ചത്.

കൊടുങ്ങല്ലൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന അൽ ഇർശാദ്, അൽ ഇസ്ലാഹ്, മുസ്ലിം ഐക്യം എന്നീ പത്രങ്ങളിൽ പേരു വെക്കാതെ അദ്ദേഹം എഴുതിയിരുന്ന ലേഖനങ്ങൾ സാമൂഹിക-രാഷ്ട്രീയ- സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ വിപ്ലവകരമായ പരിവർത്തനം സൃഷ്ടിക്കുവാൻ സഹായിച്ചവയാണ്. ഒളിവിൽ ആയിരുന്നതിനാൽ അക്കാലത്ത് പേര് വെച്ച് എഴുതുക അപകടമായിരുന്നു. എന്നാലും കെ.എം. മൗലവിയുടെ ശക്തമായ തൂലികയാണ് ആ ലേഖനങ്ങൾക്ക്

രൂപം കൊടുത്തതെന്ന് വായനക്കാർക്കൊക്കെ അറിയാമായിരുന്നു. കെ.എം. സീതി സാഹിബിൻെറ പത്രാധിപത്യത്തിൽ എറണാകുളത്ത് നിന്നും ഐക്യം മാസികപുറത്ത് വന്നപ്പോൾ അതിലൂടേയും കെ.എം. മൗലവി നടത്തിയ വിചാര വിപ്ലവം സമുദായത്തിലെ ഉലമാക്കളെയും ഉമറാക്കളേയും ഇരുത്തി ചിന്തിക്കുവാൻ ഉപകരിച്ചവയാണ്. പണക്കാരും, പണ്ഡിതൻമാരും ഏകോപിതമായി നിന്ന് സമുദായത്തെ അന്ധവിശ്വാസ അനാചാരങ്ങളിൽ നിന്നും മോചിപ്പിക്കുവാനുള്ള ശ്രമത്തിൽ ആത്മാർത്ഥമായി പങ്കാളികളാവണമെന്നദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ആവശ്യപ്പെട്ടിരുന്നു. 1932ൽ ഖിലാഫത്ത് വിപ്ലവകാരികൾക്ക് പൊതുമാപ്പ് പ്രഖ്യാപിച്ചതിനെ തുടർന്നദ്ദേഹം തിരൂരങ്ങാടിയിലേക്ക് പോയി. അൽ - മുർശിദ് എന്ന മാസിക അവിടെ നിന്നും പ്രസിദ്ധീകരിച്ചിരുന്നു. ഈ പത്രത്തിലൂടെ അദ്ദേഹം നടത്തിയ സമുദായ ഉദ്ധാരണ പ്രവർത്തനങ്ങൾ മറക്കത്തക്കതല്ല. കേരള മുസ്ലിം ഐക്യസംഘത്തിന് വേണ്ടി അൽ - ഹിദായ, ഇസ്ലാമും സ്ത്രീകളും എന്നീ കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. പണ്ഡിതനായ കെ.എം. മൗലവി അറബിയിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളാണ് നിദാത്ത് ഇലാ ആലമിൽ ഇസ്ലാം, അൽ - ഇബാദത്ത് വൽഉബൂദിയ്യത്ത് എന്നിവ.

1943ൽ ഉണ്ടായ മാരകമായ വിഷൂചിക നൂറുകണക്കിന് ആളപായം വരുത്തിയ പകർച്ചവ്യാധിയായിരുന്നു. ഇന്നത്തെപ്പോലെ വിദഗ്ധ ചികിൽസയോ, മരുന്നോ ലഭ്യമല്ലാതിരുന്ന അക്കാലത്ത് കോളറയും മസൂരിയും ഓരോ വർഷവും വരുത്തിയിരുന്ന ആളപായം വളരെയാണ്. 1943ലെ പകർച്ചവ്യാധി കേരളം മുഴുവൻ വ്യാപിച്ചിരുന്നു. മലബാർ പ്രദേശത്ത് ഈ മഹാ വ്യാധി വിതച്ച വിന ഭയാനകമായിരുന്നു. നൂറുകണക്കിന് അനാഥക്കുട്ടികൾ തെരുവിലായി. മാതാപിതാക്കൾ നഷ്ടപ്പെട്ട ഇവർ സമൂഹത്തിനും സമുദായത്തിനും വലിയ അപകടമായി മാറുമായിരുന്ന അവസ്ഥയിൽ നിന്നും അവരെ രക്ഷിച്ച് ഭക്ഷണവും വസ്ത്രവും, വൈദ്യസഹായവും നൽകി വളർത്തി എടുത്തത് മൗലവി സാഹിബിൻെറ ധീരമായ നേതൃത്വം മൂലമാണ്. തിരൂരങ്ങാടി മുസ്ലിം ഓർഫനേജ് സ്ഥാപിക്കുവാൻ മുൻകയ്യെടുത്തത് അദ്ദേഹമാണ്. എം.കെ. ഹാജിയുടേയും കെ.എം. സീതി സാഹിബിൻേറയും നിസ്വാർത്ഥമായ സഹകരണം തിരൂരങ്ങാടിയിൽ യത്തീംഖാന പടത്തുയർത്തുവാൻ അദ്ദേഹത്തിന് ലഭിച്ചു. മുസ്ലിം ഓർഫനേജ് കമ്മിറ്റിയുടെ ഉൽഭവം മുതൽ കെ.എം. മൗലവിയായിരുന്നു അതിൻെറ പ്രസിഡൻറ്. അചഞ്ചലമായ ശുഭാപ്തി വിശ്വാസത്തോടെ അക്ഷീണപരിശ്രമം ചെയ്തതിൻെറ ഫലമായി 1913 ഡിസം ബർ 11-ാം തിയ്യതി തിരൂരങ്ങാടി യത്തീംഖാന നിലവിൽ വന്നു. അതിൻെറ വളർച്ച അൽഭുതാവഹമാം വണ്ണം വിദ്യാഭ്യാസ - സാംസ്കാരിക മണ്ഡലങ്ങളിലും വ്യാപിപ്പിക്കുവാൻ സാധിച്ചു. ഇതിൻെറ ഫലമായി ഓർഫനേജ് ലോവർ പ്രൈമറികളും, ഓറിയൻറൽ സ്കൂളും, സീതി സാഹിബ് മെമ്മോറിയൽ ട്രെയിനിംഗ് സ്കൂളുകളും, പോക്കർ സാഹിബ് മെമ്മോറിയൽ കലാശാലകളും മലപ്പുറം ജില്ലയുടെ മുഖച്ഛായ മാറ്റുവാൻ ഉപകരിച്ച സ്ഥാപനങ്ങളാണ്. ഇതിൻെറയെല്ലാം അമരക്കാരനും പ്രചോദന സ്രോതസ്സും പണ്ഡിതമഹാനായ കെ.എം. മൗലവി സാഹിബായിരുന്നു. ഉൽപ്പതിഷ്ണുവും സമുദായ പരിഷ്ക്കർത്താവും ആയ അദ്ദേഹം 1964ൽ തൻെറ 80-ാമത്തെ വയസ്സിൽ നിര്യാതനായി.

## V.കെ.പി. കേശവമേനോൻ



സാഹിത്യ - സാംസ്കാരിക രംഗങ്ങളിൽ ജ്വലിച്ച് നിന്ന ഒരു പ്രഭാപൂരമായിരുന്നു കെ.പി. കേശവ മേനോൻ. ജീവിതകാലം മുഴുക്കെ സമൂഹത്തിലെ ഉന്നതശ്രേണിയിൽ ആദരണീയമായ സ്ഥാനം അദ്ദേഹത്തിനുണ്ടായിരുന്നു. ഗ്രന്ഥകാരൻ, പത്രാധിപർ, രാഷ്ട്രതന്ത്രജ്ഞൻ, പൊതുകാര്യ പ്രസക്തൻ എന്നീ നിലകളിലൊക്കെ കേശവമേനോൻ അഭിവന്ദ്യനാണ്. അദ്ദേഹം വ്യാപൃതനായിരുന്ന കർമ്മമണ്ഡലം വൈവിദ്ധ്യമാർന്നതും ക്ലേശ ഭൂയിഷ്ഠവുമായിരുന്നു. എന്നിട്ടും ജീവിതം മാതൃകാ യോഗ്യമാക്കുവാനും ഒരു കാലഘട്ടത്തിൻെറ ശബ്ദമാക്കി മാറ്റുവാനും ജ്ഞാനധനനായ ഈ പ്രതിഭാശാലിക്ക് കഴിഞ്ഞിരുന്നു.

1886 സെപ്റ്റംബർ 1-ാം തിയ്യതി പാലക്കാടിനടുത്ത് തരൂരിലെ പ്രസിദ്ധമായ കിഴക്കേ പൊറ്റെ ഭവനത്തിലാണ് കേശവമേനോൻേറ ജനനം. പാലക്കാട് രാജാക്കൻമാരിൽ നടുവിലടത്തിലെ ഭീമച്ചനായിരുന്നു പിതാവ്. അമ്മ മീനാക്ഷി നേത്യാരമ്മയും. സ്കൂൾ വിദ്യാഭ്യാസം പാലക്കാട്ടും കോളെജ് വിദ്യാഭ്യാസം കോഴിക്കോടും മദ്രാസിലുമായിട്ടാണ് നടത്തിയത്. പിന്നീട് ബാർ അറ്റ് ലോ എടുക്കുവാനായി ഇംഗ്ലണ്ടിലേക്ക് പോയി. ബാരിസ്റ്റർ പരീക്ഷ ജയിച്ച് 1915ൽ കോഴിക്കോട് പ്രാക്ടീസ് ആരംഭിച്ചു. അക്കാലത്ത് കോഴിക്കോട് ടൗൺഹാളിൽ ജില്ലാ കലക്ടർ യുദ്ധഫണ്ടിലേക്ക് ധനശേഖരണാർത്ഥം ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. വെള്ളക്കാരനായ കലക്ടറുടെ ആദ്ധ്യക്ഷതയിൽ നടന്ന ആ യോഗത്തിൽ കേശവ മേനോൻ പ്രസംഗിച്ചത് മലയാളത്തിലാണ്. അദ്ധ്യക്ഷൻ വിലക്കിയിട്ടും അഭിമാനിയായ അദ്ദേഹം തൻെറ പ്രസംഗം മാതൃഭാഷയിൽ തന്നെ തുടർന്നു. എന്നാൽ അദ്ധ്യക്ഷൻ പ്രസംഗിക്കാനനുവദിക്കാതിരുന്നതുകൊണ്ട് അദ്ദേഹവും കൂട്ടരും യോഗത്തിൽ നിന്നും പ്രതിഷേധിച്ച് ഇറങ്ങിപ്പോന്നത് അന്ന് വലിയ ആവേശമുണ്ടാക്കിയ സംഭവമായിരുന്നു. ഈ കാലത്താണ് ആനിബസൻറ് എന്ന മദാമ്മ ഹോംറൂൾ പ്രസ്ഥാനം ആരംഭിച്ചത്. ഹോംറൂൾ ലീഗിൻെറ മലബാർ ശാഖയുടെ ഹെഡ്ക്വാർട്ടേഴ്സ് കോഴിക്കോട്ടായിരുന്നു. കേശവമേനോനായിരുന്നു ഹോംറൂൾ കമ്മിറ്റിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നത്.

1919ൽ മൊൺടേഗു - ചെയിംസ് ഫോർഡ് റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയപ്പോൾ ഭരണപരിഷ്ക്കാരപരമായ നിർദ്ദേശങ്ങളിൽ ഭിന്നാഭിപ്രായമാണ് ഇൻഡ്യയിലുണ്ടായത്. അതിലെ ഭരണപരിഷ്ക്കാരങ്ങൾ പൂർണ്ണമല്ലന്നും അതുകൊണ്ടു തന്നെ അത് തള്ളിക്കളയേണ്ടതാണെന്നും ഒരു കൂട്ടർ ശക്തിയായി വാദിച്ചു. ചില ഭേദഗതികളോടുകൂടി ആ റിപ്പോർട്ടിലെ ശുപാർശ പരീക്ഷിച്ചു നോക്കേണ്ടതാണെന്നും മറ്റൊരഭിപ്രായവും പ്രാബല്യത്തിലുണ്ടായിരുന്നു. ഈ ഭിന്നാഭിപ്രായങ്ങൾ സൃഷ്ടിച്ച രണ്ടു ചേരികൾ ശക്തമായിരുന്ന കാലത്താണ് 1920 ഏപ്രിലിൽ ജില്ലാ കോൺഗ്രസ്സ് സമ്മേളനം നടക്കുന്നത്. പ്രക്ഷോഭജനകമായ അന്തരീക്ഷത്തിലാണ് മഞ്ചേരി കോൺഗ്രസ്സ് കൂടിയത്. സമ്മേളനപന്തൽ പ്രതിനിധികളെക്കൊണ്ട് നിറഞ്ഞു നിന്നു. ഭരണപരിഷ്ക്കാര നിയമത്തിൻെറ അനുകൂലികളും അതിനെ എതിർക്കുന്നവരും ഒരു ശക്തി പരീക്ഷണത്തിന് തയ്യാറായാണെത്തിയിരുന്നത്. രണ്ടാം ദിവസമായ ഏപ്രിൽ 29-ാം തിയ്യതിയാണ് ഭരണപരിഷ്ക്കാരത്തെക്കുറിച്ചുള്ള ചർച്ച നടന്നത്. അന്ന് 1300ൽപരം പ്രതിനിധികൾ സംബന്ധിച്ചിരുന്നു. കോഴിക്കോട്ടേ ഒരു അഭിഭാഷകനായിരുന്ന കെ.പി. രാമൻ മേനോനാണ് ഭരണപരിഷ്ക്കാരപ്രമേയം അവതരിപ്പിച്ചത്. മൊണ്ടേഗുവിൻെറ ഭരണപരിഷ്ക്കാരത്തിൽ ഇൻഡ്യയുടെ ന്യായമായ അവകാശത്തെ അവഗണിച്ചിരിക്കുന്നുവെന്നും അതിനാൽ ഈ പുതിയ ഭരണപരിഷ്ക്കാരം അതൃപ്തികരവും നിരാശജനകവുമാണെന്നും അതിൽ പറഞ്ഞിരുന്നു. എൽ.എ. സുബ്ബരാമയ്യർ പ്രമേയത്തെ പിൻതാങ്ങി സംസാരിക്കുകയും ചെയ്തു. ഭരണപരിഷ്ക്കാരം അതൃപ്തികരവും ഇച്ഛാഭംഗജനകവും ആണെന്ന ഭാഗം വേണ്ടന്ന് വെക്കണമെന്ന് ഒരു ഭേദഗതി ആനിബസൻറ് അവതരിപ്പിച്ച് സ്വതസിദ്ധമായ വാചാലതയോടുകൂടി സംസാരിച്ചെങ്കിലും ഭേദഗതി തള്ളിപ്പോയി. പ്രമേയം ബഹുഭൂരിപക്ഷത്തോടുകൂടി പാസ്സാകുകയും ചെയ്തു. പ്രമേയത്തെക്കുറിച്ച് സംസാരിച്ചവരിൽ കേശവമേനോൻ, മഞ്ചേരി രാമയ്യർ, കെ. മാധവൻനായർ, എ. രങ്കസ്വാമി അയ്യങ്കാർ എന്നിവർ ഉൾപ്പെടുന്നു. പ്രമേയത്തിന് മൃഗീയ ഭൂരിപക്ഷത്തിൻെറ പിന്തുണ കണ്ടതോടെ ആനിബസൻറും കൂട്ടുകാരും സമ്മേളനത്തിൽ നിന്നും ഇറങ്ങിപ്പോയി.

1920 ഡിസംബറിൽ നാഗ്പൂരിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ്സ് സമ്മേളനം നിസ്സഹകരണ പ്രമേയം പാസ്സാക്കി. സ്വരാജ് നേടുകയാണ് കോൺഗ്രസ്സിൻെറ ലക്ഷ്യമെന്നും അതിനുള്ള ഏകമാർഗ്ഗം അക്രമരഹിതമായ നിസ്സഹകരണമാണെന്നും കോൺഗ്രസ്സ് പ്രഖ്യാപിച്ചു. ഭാഷയുടെ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് സംസ്ഥാനഘടകങ്ങൾ സംഘടിപ്പിച്ചു. കേരളം അങ്ങനെ ഒരു പ്രത്യേക കോൺഗ്രസ് സംസ്ഥാനമായി. കെ.പി. കേശവമേനോൻ അന്ന് മദ്രാസ്സിൽ പ്രാക്ടീസ് ചെയ്യുകയായിരുന്നു. നിസ്സഹകരണ പ്രസ്ഥാനത്തോടൊപ്പം ഖിലാഫത്ത് പ്രശ്നവും കോൺഗ്രസ് നേതൃത്വം ഏറ്റെടുത്തതോടുകൂടി മലബാറിലെ മുസ്ലിംകളിൽ വലിയ ആവേശം ഉണ്ടായി. അവർ ഖിലാഫത്ത് കമ്മിറ്റികളും കോൺഗ്രസ് കമ്മിറ്റികളും ഉണ്ടാക്കി. ഇവ രണ്ടിൻെറയും ലക്ഷ്യം സ്വരാജ് നേടി അതുവഴി ഖിലാഫത്ത് പ്രശ്നമുൾപ്പെടെയുള്ള സങ്കടങ്ങൾക്ക് പരിഹാരം കാണുക എന്നതായിരുന്നുതിനാൽ ഖിലാഫത്ത് - കോൺഗ്രസ് കമ്മിറ്റികൾ ഒരുമിച്ചാണ് പ്രവർത്തിച്ചത്. അവയുടെ സംഘാടകരും ഒരേകൂട്ടർ തന്നെയായിരുന്നു.

മുസ്ലിംകളുടെ ആവേശവും ഖിലാഫത്ത് - കോൺഗ്രസ് സംഘടനകളുടെ പ്രവർത്തനങ്ങളും ജില്ലാ അധികാരികളെ വ്യാകുലരാക്കി. ഏത് വിധേനയെങ്കിലും ഈ ദേശീയ ഉണർവും ഹിന്ദു - മുസ്ലിം ഐക്യവും തകർക്കണമെന്ന് അധികാരികൾ ഉറപ്പിക്കുകയും ചെയ്തു. ആ അവസരത്തിലാണ് 1921 ഫെബ്രുവരിയിൽ മദ്രാസിലെ പ്രമുഖ ഖിലാഫത്ത് - കോൺഗ്രസ് നേതാവായ യാക്കൂബ് ഹുസൈൻ കോഴിക്കോട് സന്ദർശനത്തിനെത്തുന്നത്. അന്ന് ഏർപ്പാടാക്കിയിരുന്ന പൊതുയോഗം നടത്തുന്നത് അധികാരികൾ നിരോധിച്ചു. ഫെബ്രുവരി 15നായിരുന്നു യോഗം നടത്താൻ നിശ്ചയിച്ചിരുന്നത്. യാക്കൂബ് ഹുസൈൻ, യു. ഗോപാലമേനോൻ, കെ. മാധവൻനായർ, പൊൻമാടത്ത് മൊയ്തീൻ കോയ എന്നിവരാണ് യോഗത്തിൽ പ്രസംഗിക്കണമെന്ന് നിശ്ചയിച്ചിരുന്നത്. ജില്ലാ അധികാരികൾ ഇവർക്കെല്ലാം നിരോധന ഉത്തരവ് നൽകി. എന്നാൽ നിരോധനം ലംഘിച്ചു പ്രസംഗം നടത്താനാണ് ഇവരത്രയും തിരുമാനിച്ചത്. അതിനാൽ അവരെ അറസ്റ്റ് ചെയ്ത് 6 മാസം വീതം ജയിലിലേക്ക് കൊണ്ടുപോയി. ഇതിൽ പ്രതിഷേധിച്ച് കടകമ്പോളങ്ങൾ അടച്ച് ഹർത്താലാചരിച്ചു. വിദ്യാർത്ഥികൾ പഠിപ്പുമുടക്കി. വക്കീലൻമാർ കോടതി ബഹിഷ്ക്കരിച്ചു. നാടിൻെറ നാനാഭാഗത്തും പ്രതിഷേധ പ്രകടനങ്ങളും യോഗങ്ങളും നടന്നു.

തുടർന്ന് നടന്ന സംഭവം കെ.പി. കേശവമേനോൻ വിവരിക്കുന്നതിപ്രകാരമാണ്. "ഞാനന്ന് മദിരാശിയിൽ പ്രാക്ടീസ് ചെയ്യുകയാണ്. മലബാറിലെ സംഭവങ്ങൾ ആശങ്കയോടെ വീക്ഷിച്ച് വരികയുമായിരുന്നു. 'നേതാക്കൻമാർ അറസ്റ്റിൽ, സ്ഥിതി ആശങ്കാജനകം, ഉടനെ പുറപ്പെടണം ' എന്ന് കോഴിക്കോടു നിന്നും ഒരു കമ്പി കിട്ടിയപ്പോൾ അന്ന് തന്നെ ഞാൻ മദിരാശിയിൽ നിന്നും പുറപ്പെട്ടു. സി. രാജ ഗോപാലാചാരിയും എൻെറ ഒന്നിച്ചു വന്നു. ഞങ്ങൾ കോഴിക്കോട് റെയിൽവേ സ്റ്റേഷനിലെത്തിയപ്പോൾ അവിടെയും പരിസരത്തും ധാരാളം ആളുകളും പോലീസും കാത്തു നിന്നിരുന്നു. നേരെ പോയത് ചാലപ്പുറത്ത് മാധവൻനായരുടെ വീട്ടിലേക്കാണ്. നടന്ന സംഭവങ്ങൾ ഞങ്ങൾ പോലീസ് സൂപ്രണ്ട് ഹിച്ച്കോക്കിൽ നിന്നും കോൺഗ്രസുകാരിൽ നിന്നും മനസ്സിലാക്കി."1.

രണ്ടുദിവസം കഴിഞ്ഞ് കേശവമേനോനും രാജാജിയും കണ്ണൂരിൽ പോയി ജയിലിൽ കിടക്കുന്ന നേതാക്കൻമാരുമായി കണ്ട് സംസാരിച്ച് കോഴിക്കോട്ടേക്ക് വന്നു. മധാവൻനായരുടെ അഭാവത്തിൽ കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറി സ്ഥാനം ഏറ്റെടുത്തു. ഇതോടെ വക്കീൽപണി നിർത്തി കോൺഗ്രസ് പ്രവർത്തനത്തിൽ വ്യാപൃതനാകുകയും

ചെയ്തു. അദ്ദേഹത്തിൻെറ പ്രവർത്തനഫലമായി നാട്ടിലെല്ലായിടത്തും കോൺഗ്രസ് - ഖിലാഫത്ത് കമ്മിറ്റികൾ രൂപീകൃതമായി. 1921 ആഗസ്റ്റ് 18-ാം തിയ്തി 'കേരള പാട്രിയട്ട്സ്'' എന്ന പത്രിക പുറത്തിറക്കിക്കൊണ്ട് അദ്ദേഹം ചെയ്ത പ്രസംഗത്തിൽ പറഞ്ഞിരുന്നത്, ''നാടിൻെറ നാനാഭാഗങ്ങളിലായി 230 കോൺഗ്രസ്സ് സഭകളും പതിനായിരക്കണക്കിന് അംഗങ്ങളും ഉണ്ടെന്നായിരുന്നു."2. 1921 മാർച്ച് 22-ാം തിയ്യതി കൽപ്പകൻഞ്ചേരിയിൽ നടന്ന വലിയ ഒരു നിസ്സഹകരണ - ഖിലാഫത്ത് കോൺഫ്രൻസിൽ അദ്ദേഹം നടത്തിയ ആവേശകരമായ പ്രസംഗത്തിൻെറ സംഗ്രഹം ഇപ്രകാരമായിരുന്നു, "ഖിലാഫത്ത് പ്രശ്നത്തിനും പഞ്ചാബ് പ്രശ്നത്തിനും പരിഹാരം കാണുവാൻ സാധിക്കണമെങ്കിൽ സ്വരാജ് നേടിയേ പറ്റൂ. നികുതി നിഷേധം തുടങ്ങിയ മാർഗ്ഗങ്ങൾ അനതിവിദൂര ഭാവിയിൽ തന്നെ നമുക്ക് സ്വീകരിക്കേണ്ടതായി വരും. അപ്പോഴേക്കും സംഘടനാപരമായി നമുക്ക് പൂർണ്ണത ഉണ്ടാക്കുവാൻ സാധിക്കണം"3. കൽപ്പകൻഞ്ചേരിയിൽ അക്കാലത്ത് 957 ഹിന്ദുക്കളും 6,846 മുസ്ലിംകളുമാണുണ്ടായിരുന്നത്. മുസ്ലിം ഭൂരിപക്ഷപ്രദേശത്ത് കേശവമേനോൻ നടത്തിയ ഈ ആഹ്വാനം മാപ്പിളമാരെ ആവേശം കൊള്ളിച്ചിരുന്നുവെന്നും സംഘർഷപൂരിതമായ ആ സന്ദർഭത്തിൽ ഇത്തരം പ്രസംഗങ്ങൾ ചെയ്യുന്നത് ആപൽക്കരമായിരുന്നുവെന്നുമാണ് മലബാർ കലാപത്തെക്കുറിച്ചെഴുതിയിട്ടുള്ള ദിവാൻ ബഹദൂർ സി. ഗോപാലൻനായർ പറയുന്നത്.4. ഇതേതുടർന്ന് ഏപ്രിൽ 25-ാം തിയ്തി കൂടിയ ജില്ലാ ഖിലാഫത്ത് കോൺഫ്രൻസ് അംഗീകരിച്ച പ്രമേയം, "സ്വരാജ് ലഭിച്ചല്ലാതെ ഖിലാഫത്ത് പ്രശ്നം പരിഹരിക്കുവാൻ സാധ്യമല്ലെന്ന് ബോദ്ധ്യമായതിനാൽ 21 വയസ്സിനു മുകളിലുള്ള എല്ലാ മുസ്ലിം പുരുഷൻമാരോടും അവരവരുടെ ഗ്രാമത്തിലും ഉള്ള കോൺഗ്രസ്സ് സഭകളിൽ അംഗങ്ങളായി പ്രവർത്തിക്കുവാൻ ഈ മഹാസമ്മേളനം ആഹ്വാനം ചെയ്യുന്നു."5 എന്നായിരുന്നു.

രാജ്യത്ത് അതിവേഗം പടർന്നു പിടിച്ച സ്വാതന്ത്ര്യദാഹവും തത്സംബന്ധമായ പ്രവർത്തനങ്ങളും ജില്ലാ അധികാരികളെ അരിശം കൊള്ളിച്ചു. ഖിലാഫത്ത് പ്രവർത്തനത്തിൻെറ സിരാകേന്ദ്രമായിരുന്ന തിരൂരങ്ങാടിയിലെ നേതാക്കൻമാരെ അറസ്റ്റ് ചെയ്യുവാനും വീടുകൾ പരിശോധിക്കാനുമായി ആഗസ്റ്റ് 19-ാം തിയ്യതി കലക്ടർ സന്നാഹങ്ങളുമായി അവിടേക്ക് പുറപ്പെട്ടിരുന്നു. പട്ടാളനീക്കത്തെപ്പറ്റി കോഴിക്കോട്ടു സംസാരമായി. വിവരമറിഞ്ഞ് മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബും ഈ. മൊയ്തു മൗലവിയും കെ.പി. കേശവമേനോൻെറ വീട്ടിലെത്തി. ഈ സംഭവം മൊയ്തു മൗലവി വിവരിക്കുന്നതിങ്ങനെയാണ്, ''ഞാനും അബ്ദുൾ റഹിമാനും കൂടി കേശവമേനോൻെറ വീട്ടിൽ രാത്രി 10 മണിയോടെ ചെന്നു. കോൺഗ്രസ്സ് ഓഫീസിൻെറ മുകളിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. 'കോൺഗ്രസ് ഓഫീസ്' എന്ന ബോർഡ് അദ്ദേഹം നീക്കം ചെയ്തിരുന്നു. വീടും അടച്ച് പൂട്ടിയിരുന്നു. അബ്ദുൾ റഹിമാൻ വളരെ ഉച്ചത്തിൽ കേശവമേനോനെ വിളിച്ചു. ഭയന്ന് വിറച്ചുകൊണ്ടാണ് കേശവമേനോൻ പുറത്തേക്ക് വന്നത്. മാപ്പിളമാർ തന്നെ ഉപദ്രവിക്കുവാൻ വന്നതാണെന്നാണ് അദ്ദേഹം കരുതിയത്. അബ്ദുൾ റഹിമാനും ഞാനും പോയാൽ മതിയെന്നാണദ്ദേഹം പറഞ്ഞത്."6. അങ്ങനെ കേശവമേനോനെ കൂടാതെ അവരിരുവരും പൊൻമാടത്ത് മൊയ്തീൻകോയയേയും കൂട്ടി പൂക്കോട്ടൂരിലേക്ക് പോയി.

ആഗസ്റ്റ് 20-ാം തിയ്യതി തിരൂരങ്ങാടിപ്പള്ളി വളഞ്ഞ് ചിലരെ അറസ്റ്റ് ചെയ്തശേഷം പട്ടാളം നടത്തിയ പേക്കൂത്തിൻെറ ഫലമായിട്ടാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്. കാര്യം നിയന്ത്രണാതീതമായ സാഹചര്യത്തിൽ തിരൂരങ്ങാടിയിൽ പോയി ആലി മുസലിയാരേയും മറ്റും കണ്ട് ഏതെങ്കിലും വിധേന സമാധാനമുണ്ടാക്കണമെന്ന് നേതാക്കൻമാർ തീരുമാനിച്ചു. പട്ടാള നിയമം പ്രാബല്യത്തിലുണ്ടായിരുന്നതിൽ അവിടെ പോകുന്നതിനായി കളക്ടർ തോമസ്സിനെ കണ്ട് അനുമതി പത്രം വാങ്ങി. 6 ജഡുക്കവണ്ടികളിലായി 24 പേർ അവിടേക്ക് പുറപ്പെട്ടു. കെ.പി. കേശവമേനോൻ, മുഹമ്മദ് അബ്ദുൾ സാഹിബ്, ഇ. മൊയ്തു മൗലവി തുടങ്ങിയവരുടെ നേതൃത്വത്തിലാണ് ഈ സമാധാന ദൗത്യസംഘം പുറപ്പെട്ടിരുന്നത്. "വൈകുന്നേരം നാലര മണിയോടെ ഞങ്ങൾ പാറക്കടവിൽ എത്തി. അവിടെ ആലി മുസലിയാരുടെയും കുഞ്ഞലവിയുടെയും ലവക്കുട്ടിയുടേയും നേതൃത്വത്തിലുള്ള ആയുധധാരികളായ വളൻറിയർമാർ ഞങ്ങളെ കാത്തുനിന്നിരുന്നു...... ഞങ്ങൾ തിരൂരങ്ങാടി ഖിലാഫത്ത് ഓഫീസിൻെറ താഴെയെത്തി. മുസലിയാർ ഞങ്ങളെ (അബ്ദുൾ റഹിമാൻ സാഹിബ്, കേശവമേനോൻ, ഗോപാലമേനോൻ, ഞാൻ) ആഫീസ്സിൻെറ മുകളിലേക്ക് വിളിച്ചു. അബ്ദുൾ റഹിമാനും കേശവ മേനോനുമായിരുന്നു അദ്ദേഹവുമായി കൂടുതൽ സംസാരിച്ചത്."7. എന്നെ തെറ്റിദ്ധരിക്കരുതെന്ന മുഖവുരയോടുകൂടിയാണ് കേശവമേനോൻ സംഭാഷണമാരംഭിച്ചത്. "കഴിഞ്ഞതിനെപ്പറ്റി പറഞ്ഞിട്ടു കാര്യമില്ല. അവിചാരിതമായ പല ദുരനുഭവങ്ങളും നമുക്കുണ്ടായി. ഇനിയും ലഹളയയ്ക്കൊരുങ്ങി നിൽക്കുന്നതായാൽ അത് വലിയ വിപത്തിന് കാരണമാകും. ഞങ്ങൾ ഇങ്ങോട്ടു വരുമ്പോൾ കുറേ പട്ടാളക്കാർ കാറിൽ വരുന്നത് കണ്ടു. ഇനിയും വളരെ പട്ടാളം അടുത്തന്നെ വരുമെന്നതും തീർച്ചയാണ്. അവർ വന്ന് വെടി തുടങ്ങിയാൽ പിന്നത്തെ കഥ എന്താണെന്നറിയാമല്ലോ. അത് കൂടാതെ കഴിക്കണമെങ്കിൽ ആവശ്യപ്പെടുന്ന ആളുകൾ പട്ടാളക്കാർക്ക് കീഴടങ്ങുവാൻ ഒരുങ്ങണം. എന്നാൽ തിരൂരങ്ങാടിയേയും ഇവിടത്തെ ജനങ്ങളേയും രക്ഷിക്കുവാൻ കഴിയും. കീഴടങ്ങിയവരെ ശിക്ഷിക്കുമെന്നത് തീർച്ചയാണ്. പക്ഷെ അവരുടെ ത്യാഗം പൊതുരക്ഷക്ക് കാരണമായേക്കാം, അതിന് മുസലിയാർ മറ്റുള്ളവരെ ഉപദേശിക്കണം. ഇതാണ് എനിക്ക് തോന്നുന്നത്."8. കേശവമേനോൻ സംസാരിച്ചു കഴിഞ്ഞപ്പോൾ മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബും സായുധസമരം മൂലമുണ്ടാകാവുന്ന വിപത്തിനെക്കുറിച്ച് മുസലിയാരോടാവർത്തിച്ചു. അദ്ദേഹം ഇതൊക്കെ കേട്ടശേഷം പറഞ്ഞത്. " എന്താണ് ചെയ്യേണ്ടതെന്ന് മറ്റുള്ളവരോടു കൂടി

ആലോചിച്ച് തീരുമാനിക്കാം. ലവക്കുട്ടിയേയും കുഞ്ഞലവിയേയും കണ്ട് അവരോടും ഈ വിവരം പറഞ്ഞാൽ നന്ന്", എന്നായിരുന്നു.9. ലവക്കുട്ടിയോടും കുഞ്ഞലവിയോടും സംസാരിച്ച കേശവമേനോനും മറ്റും കിട്ടിയ മറുപടി, "ഞങ്ങൾ യുദ്ധം ചെയ്ത് തന്നെ മരിച്ചോളാം. ഞങ്ങളെ അവർ കൊല്ലുകയല്ല അറയ്ക്കുകയാണ് ചെയ്യുക, എന്നായിരുന്നു.10. നേതാക്കൻമാരുടെ ബുദ്ധി ഉപദേശം അവിടെ ആർക്കും തൃപ്തിയായില്ല. നിരാശരായ നേതാക്കൻമാർ ആലി മുസലിയാരോടും മറ്റും യാത്ര പറഞ്ഞ് തിരിച്ചു പോന്നു.

എന്നാൽ എം.പി. നാരായണമേനോന്റെ ശ്രമഫലമായി ഏഴ് നേതാക്കൻമാർ ഒപ്പിട്ട ഒരു അഭ്യർത്ഥന അച്ചടിച്ച് വിതരണം ചെയ്തിരുന്നു. ഈ വിജ്ഞാപനം ഇപ്രകാരമായിരുന്നു.

"സുപ്രധാനമായ അറിയിപ്പ്.

മാന്യമഹാജനങ്ങളെ ഇൻഡ്യക്കാരുടെ രാഷ്ട്രീയമായ ഉയിർത്തഴുന്നേൽപ്പും കോൺഗ്രസ് ഖിലാഫത്തും ആദർശ പ്രചാരണ വിജയവും ഭരണാധികാരി വർഗ്ഗത്തെ വല്ലാതെ ചൊടിപ്പിച്ചിട്ടുണ്ട്. മഹാത്മാഗാന്ധിയും അലിസഹോദരൻമാരും മറ്റു ഹിന്ദു - മുസ്ലിം സഹോദരൻമാരും സഹനസമരത്തിനും നിസ്സഹകരണ പ്രസ്ഥാനത്തിനുമാണ് ആഹ്വാനം ചെയ്തിരിക്കുന്നത്. മാപ്പിളനാട്ടിൽ സുദൃഢമായി വേരുറച്ച് വരുന്ന ഹിന്ദു - മുസ്ലിം ഐക്യം വെള്ളക്കാരുടെ പരിഭ്രമത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. 21-ാം തിയ്യതി തിരൂരങ്ങാടിയിൽ നടന്ന കലാപവിവരം എല്ലാവരും അറിഞ്ഞിരിക്കുമല്ലോ. മാപ്പിള നാട്ടിൽ മർദ്ദനങ്ങളും അറസ്റ്റുകളും നടക്കാനുള്ള സാദ്ധ്യത തെളിഞ്ഞു കാണുന്നുണ്ട്.

"ബഹുജനങ്ങളോട് ഞങ്ങൾ ഖേദത്തോടും ഭയാശങ്കയോടും കൂടി ഒരുകാര്യം ഉണർത്തുന്നു. പോലിസും പട്ടാളക്കാരും എന്ത് അക്രമം പ്രവർത്തിച്ചാലും നിങ്ങൾ സഹന സമരത്തിൽ ഉറച്ചുനിൽക്കണം. യാതൊരുതരത്തിലുള്ള അക്രമത്തിനും പകരം ചോദിക്കലിനും മുതിരരുത്. അങ്ങിനെ ചെയ്താൽ ഇപ്പോൾ നമുക്ക് തിട്ടപ്പെടുത്താൻ സാധിക്കാത്ത പല നാശനഷ്ടങ്ങൾക്കും രക്തച്ചൊരിച്ചിലിനും ഹേതുവാകുന്നതാണ്. അതിനാൽ, എല്ലാവരും സഹനമാർഗവും സഹകരണ സമാധാന ത്യാഗവും പ്രകടിപ്പിക്കണം. എല്ലാവരും സമാധാന മാർഗ്ഗത്തിൽ ചരിക്കണമെന്നും ഞങ്ങൾ ഇതിനാൽ അപേക്ഷിക്കുന്നു."

1921 ആഗസ്റ്റ് 22.

1. കെ.പി. കേശവമേനോൻ - ഒപ്പ്.
2. യു. ഗോപാലമേനോൻ - ഒപ്പ്.
3. മുഹമ്മദ് അബ്ദുൾ റഹിമാൻ - ഒപ്പ്.
4. തയ്യിൽ മുഹമ്മദ് കുട്ടി മുസലിയാർ - ഒപ്പ്.
5. എം.പി. നാരായണമേനോൻ - ഒപ്പ്.
6. ഇ. മൊയ്തു മൗലവി - ഒപ്പ്.
7. പൊൻമാടത്ത് മൊയ്തീൻകോയ - ഒപ്പ്.

ഇതെല്ലാം കഴിഞ്ഞ് കോഴിക്കോട്ടേക്ക് പോയ കേശവമേനോനും മറ്റു കോൺഗ്രസ്സ് നേതാക്കൻമാരും കലാപബാധിത പ്രദേശത്ത് ചെന്ന് ഏതെങ്കിലും തരത്തിൽ സമാധാനമുണ്ടാകുവാനുള്ള ശ്രമങ്ങൾ നടത്തിയില്ല. ആപത്ഘട്ടത്തിൽ തങ്ങളെ ശത്രുക്കളുടെ കയ്യിലേക്കെറിഞ്ഞ് രക്ഷപ്പെട്ട നേതാക്കൻമാരോട് ജീവൻമരണ സമരത്തിൽ ഏർപ്പെട്ടിരുന്ന കലാപകാരികൾക്ക് കടുത്ത അമർഷമാണുണ്ടായിരുന്നത്.

കേശവമേനോനും മറ്റും അഭയാർത്ഥികളെ സംരക്ഷിക്കുന്നതിനുള്ള പ്രയത്നങ്ങളിൽ ഏർപ്പെട്ടിരുന്നു. "കേരള കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറിയെന്ന നിലയിൽ ഞാൻ ഇൻഡ്യയിലെ പല നേതാക്കൻമാരോടും കമ്പിവഴി സഹായത്തിനഭ്യർത്ഥിച്ചിരുന്നു. ധാരാളം സഹായം കിട്ടുകയും ചെയ്തു. ബോംബേയിൽ നിന്നും വലിയ ഒരു സംഖ്യ മഹാത്മജി പിരിച്ചയച്ച് തന്നിരുന്നു. അതുകൊണ്ട് അഭയാർത്ഥികൾക്കു വേണ്ടത് ചെയ്യുന്നതിൽ യാതൊരു ലോഭവും വരുത്തിയിരുന്നില്ല."12.

ആറ് മാസം ഇതിന്റെ പ്രവർത്തന മേൽനോട്ടം വഹിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഒരു ദിനപ്പത്രം തുടങ്ങുന്ന കാര്യത്തെപ്പറ്റി അദ്ദേഹം സുഹൃത്തുക്കളോട് ആലോചന നടത്തുന്നത്. അതിനാവശ്യമായ സ്ഥലവും കെട്ടിടവും പണവും ഉണ്ടാക്കുന്നതിന് കെ. മാധവൻനായരോടൊപ്പം കേശവമേനോനും വളരെ പ്രയത്നിച്ചിരുന്നു. അതിന്റെയൊക്കെ ഫലമായി മാതൃഭൂമികമ്പനി 1922 ഫെബ്രുവരി 15ന് രജിസ്ട്ര് ചെയ്ത് പ്രവർത്തനമാരംഭിച്ചു. കമ്പനിയുടെ ഡയറക്ടർ ബോർഡംഗങ്ങൾ, കെ.പി. കേശവമേനോൻ, കെ. മാധവൻ നായർ, ടി.വി. സുന്ദരയ്യർ, ഡോ. എ.ആർ. മേനോൻ, അമ്പലക്കാട്ട് കരുണാകരമേനോൻ, പി. അച്ചുതൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരായിരുന്നു.13. 1923 മാർച്ച് 19-ാം തിയ്യതി മാതൃഭൂമിയുടെ ആദ്യത്തെ പ്രതി പുറത്തുവന്നു. രണ്ടുവർഷത്തിന് ശേഷം 1925 ജനുവരിയിൽ കേശവമേനോൻ മാതൃഭൂമിയുടെ പത്രാധിപത്യം ഒഴിഞ്ഞു. സംസ്ഥാന കോൺഗ്രസ് കമ്മിറ്റി സെക്രട്ടറി എന്ന സ്ഥാനവും അദ്ദേഹം രാജി വെച്ചിരുന്നു. എന്നാൽ 1924 ഏപ്രിലിൽ വൈക്കം സത്യാഗ്രഹത്തിൽ സംബന്ധിച്ച് കുറച്ചുകാലം തിരുവനന്തപുരം പൂജപ്പുര ജയിലിൽ തടവിൽ കിടക്കേണ്ടതായും വന്നിട്ടുണ്ട്.

1906ലാണ് കേശവമേനോൻ വിവാഹിതനായത്. പാലക്കാട് രാജകുടുംബത്തിൽപ്പെട്ട ലക്ഷ്മിഅമ്മയായിരുന്നു ഭാര്യ. അവർ 1925ൽ മരണമടഞ്ഞതിനെ തുടർന്ന് അവരുടെ സഹോദരി അമ്മുഅമ്മയെ വിവാഹം കഴിച്ചു. അവരിൽ അഞ്ചു കുട്ടികളുണ്ടായിരുന്നുവെങ്കിലും ഒരു മകനും മകളും മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു. 1927 സെപ്റ്റംബർ 19-ാം തിയ്യതി കേശവമേനോനും കുടുംബവും മലയയിലേക്ക് പോയി. അവിടെ പ്രാക്ടീസ് ആരംഭിച്ചു. നേതാജി സുഭാഷ് ചന്ദ്രബോസുമായി ബന്ധപ്പെടുകയും ഇൻഡ്യൻ ഇൻണ്ടിപെൻഡൻസ് ലീഗിന്റെ നേതാക്കൻമാരിലൊരാളായി തീരുകയും ചെയ്തു. നേതാജി രൂപീകരിച്ച ആസാദ് ഗവർമ്മേണ്ടിൽ

പ്രചരണവകുപ്പ് മന്ത്രിയായി അദ്ദേഹം നിയമിതനായിരുന്നു. എന്നാൽ ആ സ്ഥാനവും അദ്ദേഹം രാജിവെച്ചു. ജപ്പാൻ അധിനിവേശത്തോടു കൂടി അദ്ദേഹം തടവിലായി. ജപ്പാൻെറ പരാജയത്തോടുകൂടി യുദ്ധത്തിനുശേഷമാണ് ജയിൽ വിമുക്തനാകുന്നത്.

1948ൽ തിരിച്ച് കോഴിക്കോട്ടെത്തിയ കേശവമേനോന് കിട്ടിയ സ്വീകരണം കരിങ്കൊടികൊണ്ടും ചീക്കമൊട്ട കൊണ്ടുമായിരുന്നു. നേതാജിയെക്കുറിച്ച് അക്കാലത്ത് മാതൃഭൂമിയിലെഴുതിയ ലേഖനത്തോടുള്ള എതിർപ്പും കലാപകാലത്ത് സുരക്ഷാകേന്ദ്രങ്ങൾ തേടിപ്പോയതും ജനരോഷത്തിന് കാരണമാക്കിയ സംഭവങ്ങളാണ്. മാതൃഭൂമിയുടെ പത്രാധിപത്യം ഏറ്റ് കഴിയുന്നതിനിടക്കാണ് 1951ൽ സിലോൺ ഹൈക്കമീഷ്ണറായി അദ്ദേഹം നിയമിതനാകുന്നത്. 1952ൽ തിരിച്ചുവന്ന അദ്ദേഹം മാതൃഭൂമിയുടെ ചീഫ് എഡിറ്റർ സ്ഥാനത്ത് വീണ്ടും അവരോധിതനായി.

ആ പദവിയിൽ അദ്ദേഹം മരണം വരെ സേനവമനുഷ്ഠിച്ചു. മരിക്കുന്നതിന് രണ്ട് ദശാബ്ദങ്ങൾക്ക് മുമ്പ് തന്നെ തൻെറ കാഴ്ച ശക്തി തീർത്തും ഇല്ലാതായിരുന്നു. എന്നാൽ വായിച്ച് കേട്ടും പറഞ്ഞു കൊടുത്തെഴുതിച്ചും അവസാനം വരെ അദ്ദേഹം സാഹിത്യ - സാംസ്കാരിക പ്രവർത്തനങ്ങളിൽ പങ്കെടുത്തു കൊണ്ടിരുന്നിട്ടുണ്ട്. പത്മഭൂഷൻ ബഹുമതി ലഭിച്ച ചുരുക്കം മലയാളികളിലൊരാളാണ് കേശവമേനോൻ. അദ്ദേഹത്തിൻെറ കൃതികൾ മലയാള ഗദ്യസാഹിത്യത്തിന് വലിയ മുതൽകൂട്ടാണ്. ഇന്നും പുതിയ പുതിയ പതിപ്പുകൾ ഇറങ്ങിക്കൊണ്ടിരിക്കുന്നവയുമാണ് ഇവയിലധികവും. പ്രധാനകൃതികൾ, ലാലലജപത് റായി, ഗോപാലകൃഷ്ണ ഗോഖലെ, ലോകമാന്യ ബാലഗംഗാധരതിലകൻ, ആലി സഹോദരൻമാർ, മഹാത്മാഗാന്ധി, എബ്രാഹാം ലിങ്കൻ, നവഭാരതശില്പികൾ (രണ്ടു ഭാഗങ്ങൾ), രാഷ്ട്രപിതാവ് (ഒന്നും രണ്ടും ഭാഗങ്ങൾ) ബിലാത്തി വിശേഷം, ബന്ധനത്തിൽ നിന്ന്, ഭൂതവും ഭാവിയും, കഴിഞ്ഞ കാലം, ദാനഭൂമി, അസ്തമനം, ജീവിതചിന്തകൾ, പ്രഭാതദീപം, മാഹാത്മാ, നാം മുന്നോട്ട് (രണ്ട് ഭാഗങ്ങൾ), യേശുക്രിസ്തു, ജവഹരിലാൽ നെഹ്റു, എന്നിവയാകുന്നു. 1978 നവംബർ 9-ാം തിയ്യതി 93-ാമത്തെ വയസ്സിൽ കേശവമേനോൻ അന്തരിച്ചു.

---

*1. കെ.പി. കേശവമേനോൻ, സമകാലീനരായ ചില കേരളീയർ, എൻ.ബി.എസ്., കോട്ടയം, 1974 പുറങ്ങൾ 69 -74.*

*2. West Coast Sspectator, August 18, 1921.*

*3. Madras Mail, November 16, 1920.*

*4. Divan Bahdur C. Gopalan Nai, Mappilla Rebillion 1921, Calicut, 1923, p 59.*

*5. West Coast Spectator, April 26, 1921.*

*6. ഇ. മൊയ്തു മൗലവി, എൻെറ കൂട്ടുകാരൻ, കോഴിക്കോട്, 1964, പുറങ്ങൾ 28 - 29.*

*7. അതുതന്നെ, പുറങ്ങൾ 52 - 53.*

*8. കെ.പി. കേശവമേനോൻ, കഴിഞ്ഞകാലം, മാതൃഭൂമി, കോഴിക്കോട്, 1969, പുറങ്ങൾ 35-39.*

*9. എൻെറ കൂട്ടുകാരൻ, മുൻ ഉദ്ധരിച്ചത്, പുറം 54.*

*10. കഴിഞ്ഞകാലം, മുൻ ഉദ്ധരിച്ചത്, പുറം 40.*

*11. കെ.കെ. മുഹമ്മദ് അബ്ദുൾ കരീം, കെ.എം. മൗലവി സാഹിബ്, അൽകാത്തിബ് പബ്ലിക്കേഷൻസ്, തിരൂരങ്ങാടി, 1985, പുറങ്ങൾ 102 - 103.*

*12. കെ.പി. കേശവമേനോൻ, സമകാലീനരായ ചില കേരളീയർ, മുൻ ഉദ്ധരിച്ചത്, പുറം 71.*

*13. അതുതന്നെ, പുറം 72.*

---

## VI. കെ. മാധവൻനായർ



1882 നവമ്പറിൽ ജനിക്കുകയും 1933 സെപ്റ്റംബർ 28 തിയ്യതി മരണപ്പെടുകയും ചെയ്ത കെ. മാധവൻനായർ, സംഭവബഹുലമായ ഒരു ജീവിതത്തിൻെറ ഉടമയായിരുന്നു. പ്രഗത്ഭനായ വക്കീൽ, അക്ഷീണനായ രാഷ്ട്രീയ നേതാവ്, മിടുക്കനായ പത്രപ്രവർത്തകൻ, അനുഗ്രഹീതനായ പ്രസംഗകൻ എന്നി നിലകളിലൊക്കെ കേരളത്തിൻെറ രാഷ്ട്രീയ - സാമൂഹിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച മഹാനായിരുന്നു കെ. മാധവൻ നായർ. മലപ്പുറത്ത് കാരത്തൊടി എന്ന വീട്ടിൽ തൈത്തൊടിയിൽ നാരായണൻ നായരുടേയും കല്യാണി അമ്മയുടെയും മകനായി 1882 നവമ്പറിലാണദ്ദേഹം ജനിച്ചത്. സ്കൂൾ വിദ്യാഭ്യാസം പല സ്ഥലത്തായിട്ടാണ് അദ്ദേഹത്തിന് നടത്തേണ്ടതായി വന്നത്. മലപ്പുറം എ.വി. സ്കൂളിലും മഞ്ചേരി ലോവർ സെക്കൻണ്ടറി സ്കൂളിലും ആന്ധ്രയിലെ പറലാക്കി മെഡി. രാജാസ് സ്കൂളിലും, ബ്രിട്ടീഷ് കൊച്ചിയിലെ റോമൻ കാത്തലിക്ക് ഹൈസ്കൂളിലും, പാലക്കാട് വിക്ടോറിയ കോളേജിലുമായിട്ടാണ് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കിയത്. കോട്ടയം സി.എം.എസ് കോളേജിൽ നിന്നും 1904ൽ എഫ്.എ. പരിക്ഷയും തിരുവനന്തപുരം രാജാസ് കോളേജിൽ നിന്നും ബി.എ. പരിക്ഷയും പാസ്സായി. തുടർന്ന് പഠിക്കുന്നതിന് മുൻപ് തിരുവല്ലയിൽ എം.ജി.എം. സ്കൂളിൽ അദ്ധ്യാപകനായി കുറേകാലം പ്രവർത്തിക്കുകയും ചെയ്തു.

1909ൽ ബി.എൽ. പാസ്സായി വക്കിൽ സന്നതെടുത്ത് മഞ്ചേരിയിൽ പ്രാക്ടീസ് തുടങ്ങി. ചുരുങ്ങിയ കാലയളവിൽ

മഞ്ചേരിയിലെ പ്രമുഖരായ അഭിഭാഷകരുടെ മുൻപന്തിയിൽ എത്താൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. കഠിന അദ്ധ്വാനിയും അനുഗ്രഹീതവാഗ്മിയുമായിരുന്ന മാധവൻനായർ കോടതിവഴക്കങ്ങൾക്ക് തീർത്തും വിധേയത്വം കാട്ടിയിരുന്നു. അദ്ദേഹത്തിൻെറ പക്ഷത്ത് നിന്നും യാതൊരുവക അനാദരവും കോടതിയോടൊ സഹപ്രവർത്തകരോടോ കാണിച്ചതായി ആരും പരാതിപ്പെട്ടിരുന്നില്ല. വളരെ ബഹുമാനത്തോടും മര്യാദയോടും കൂടിയായിരുന്നു അദ്ദേഹത്തിൻെറ വാക്കും പെരുമാറ്റവും. എന്നാൽ താൻ കാണിക്കുന്ന വിനയവും മര്യാദയും തന്നോട് കാണിക്കാത്ത അവസ്ഥ അദ്ദേഹത്തിന് സഹിക്കുവാൻ പറ്റുമായിരുന്നില്ല. അത്തരം അവസരങ്ങളിൽ ന്യായാധിപനെന്നോ, സഹപ്രവർത്തകനെന്നോ നോക്കാതെ അദ്ദേഹം ആരെയായാലും എതിർക്കും. മഞ്ചേരിയിലെ മുൻസിഫുമായി അങ്ങനെ വാക്ക് തർക്കമുണ്ടായതിൻെറ ഫലമായിട്ടാണ് മഞ്ചേരിയിൽ നിന്നും കോഴിക്കോട്ടേക്ക് പ്രാക്ടീസ് മാറ്റിയത്.1. അത് 1915ലായിരുന്നു.

ഒന്നാം ലോകമഹായുദ്ധം നടക്കുന്ന കാലമായിരുന്നു അത്. പൊതുകാര്യപ്രസക്തരായ ആളുകളധികവും ബ്രിട്ടീഷ്കാരോട് വിരോധം വെച്ചു പുലർത്തിയിരുന്നവരാണ്. ഇന്ത്യൻ ജനതയുടെ സമ്മതമില്ലാതെ ഈ രാജ്യത്തെ ഒരു മഹായുദ്ധത്തിലേക്ക് വലിച്ചിഴച്ചതിൽ ദുഃഖിതരായിരുന്നു അധികം ആളുകളും. ഈ ദേശീയ വികാരത്തെ സംഘടനാതലത്തിലെക്ക് കൊണ്ടുവരികയാണ് ആനിബസൻറ് ഹോംറൂൾ ലീഗ് പ്രസ്ഥാനം വഴി ചെയ്തത്. മലബാറിലും ഹോംറൂൾ ലീഗിൻെറ പ്രവർത്തനം ഊർജ്ജിതമായിരുന്നു. സെക്രട്ടറി കെ.പി. കേശവ മേനോനായിരുന്നെങ്കിലും സംഘടനാപ്രവർത്തനങ്ങൾ അധികവും നടത്തിയിരുന്നത് മാധവൻ നായരാണ്. ഹോംറൂൾ ലീഗിൻെറ ജില്ലാ സമ്മേളനങ്ങൾ പാലക്കാടും, കോഴിക്കോടും, തലശ്ശേരിയിലും വടകരയിലും വെച്ച് നടന്നിട്ടുള്ളപ്പോളൊക്കെ തൻെറ സംഘടനാ സാമർത്ഥ്യം അദ്ദേഹം തെളിയിച്ചിരുന്നു. "മാധവൻനായരുടെ വിശ്രമമില്ലാത്ത പ്രവർത്തിയും ചിലപ്പോൾ ചിരിച്ചും ചിലപ്പോൾ ദേഷ്യപ്പെട്ടും പ്രവർത്തകൻമാരേയും വളണ്ടിയർമാരേയും കർമ്മകുശലൻമാരാക്കുന്നതും പലരുടേയും ശ്രദ്ധ ആകർഷിച്ചു," എന്നാണ് കെ.പി. കേശവമേനോൻ അനുസ്മരിക്കുന്നത്.2. എളുപ്പം കോപിക്കുകയും ക്ഷണത്തിൽ സാധാരണ സ്ഥിതിയിലേക്ക് മടങ്ങിവരികയുംചെയ്യുന്ന വികാര ജീവിയായ അദ്ദേഹം താൻ വഴക്കു പറഞ്ഞവരോടോ, എതിർത്തവരോടോ പിന്നീട് യാതൊരു പകയും വിരോധവും വച്ച് പുലർത്തിയിരുന്നില്ല.

ഇൻഡ്യൻ രാഷ്ട്രീയത്തിൽ തന്നെ വലിയ ഒരു ധ്രുവീകരണം ഉണ്ടാക്കിയ സമ്മേളനമായിരുന്നു കേരളപ്രദേശ് കോൺഗ്രസിൻെറ മഞ്ചേരി സമ്മേളനം. ദേശീയാവേശവും രാഷ്ട്രീയ ഉൾബുദ്ധതയും സാധാരണക്കാരിൽ പോലും പ്രകടമായിരുന്നു. 1920 ഏപ്രിൽ 28, 29 തിയ്യതികളിൽ നടന്ന ഈ സമ്മേളനത്തിൻെറ സംഘാടകരിൽ പ്രധാനി മാധവൻനായരായിരുന്നു. ധാരാളം പ്രതിനിധികൾ പങ്കെടുത്ത ഈ സമ്മേളനത്തിലാണ് മോൺഡിഗു - ചെയിംസ് ഫോർഡ് ഭരണപരിഷ്ക്കാരം അംഗീകരിക്കരുതെന്ന പ്രമേയവും കർഷകരുടേയും കുടിയാൻമാരുടേയും സങ്കടനിവർത്തിക്ക് പറ്റുംവിധമുള്ള ഭൂപരിഷ്ക്കരണനിയമം നിർമ്മിക്കണമെന്ന പ്രമേയവും പാസ്സാക്കിയത്. ആദ്യത്തെ പ്രമേയത്തെ എതിർത്തവരിൽ ആനിബസൻ്റായിരുന്നു മുന്നിൽ. അവർ പ്രമേയത്തിന് ഭേദഗതി അവതരിപ്പിച്ചെങ്കിലും അത് തള്ളിപ്പോയി. തുടർന്ന് അവരും അനുകൂലികളും സമ്മേളനം ബഹിഷ്ക്കരിച്ചിറങ്ങിപ്പോയി. അങ്ങനെ ഭരണപരിഷ്ക്കാരത്തെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും ഇരു ചേരിയിലുമായി. മാധവൻനായർ പ്രമേയത്തെ അനുകൂലിച്ച് പ്രസംഗിക്കുകയും അത് പാസ്സാക്കുവാൻ പ്രതിനിധികളെ ആഹ്വാനം ചെയ്യുകയുമുണ്ടായി. മഞ്ചേരി സമ്മേളനം നാട്ടിലാകമാനം പുതിയ ഉണർവും ആവേശവും ഉളവാക്കിയിരുന്നു. ആ വർഷം ഡിസംബറിൽ സമ്മേളിച്ച ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാസ്സാക്കിയ പ്രമേയങ്ങളിലൊന്ന് സർക്കാരിനോട് നിസ്സഹകരിക്കുകയെന്നതായിരുന്നു. നാഗപ്പൂരിലാണ് യോഗം സംഘടിപ്പിച്ചിരുന്നത്. സ്വരാജ് നേടിയാൽ മാത്രമേ രാഷ്ട്രത്തെ അഭി മുഖീകരിക്കുന്ന പ്രശ്ണങ്ങൾ പരിഹരിക്കുവാൻ സാധിക്കുകയുള്ളൂവെന്നും അതിനായി നിസ്സഹകരണ പ്രസ്ഥാനം ക്രമപ്രബദ്ധമായി നടപ്പാക്കണമെന്നും ആഹ്വാനം ചെയ്തിരുന്നു. അക്രമരഹിതമായ നിസ്സഹകരണത്തിലൂടെ ഇൻഡ്യയുടെ സ്വാതന്ത്ര്യം നേടുക എന്ന മഹത്തായ ലക്ഷ്യത്തിന് വേണ്ടി വിദ്യാർത്ഥികൾ കലാലയങ്ങൾ ബഹിഷ്ക്കരിക്കുകയും ഉദ്യോഗസ്ഥൻമാരും വക്കീലൻമാരും ജോലി നിർത്തി വെക്കുകയും ചെയ്യുക എന്നതായിരുന്നു സമരപരിപാടികളിൽ മുഖ്യം. മാധവൻ നായർ തൻെറ വക്കീൽ പണി ഉപേക്ഷിച്ച് മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനായി മാറി. നാഗപ്പൂർ കോൺഫ്രൻസിൻെറ മറ്റൊരു തീരുമാനം ഭാഷാടിസ്ഥാനത്തിൽ കോൺഗ്രസ്സ് കമ്മിറ്റികൾ പുനഃസംഘടിപ്പിക്കുകയെന്നതായിരുന്നു. അതേതുടർന്ന് കേരളപ്രദേശ് കോൺഗ്രസ് ഘടകം രൂപംകൊണ്ടു. മാധവൻനായരായിരുന്നു ആദ്യത്തെ കേരള പ്രദേശ് കോൺഗ്രസ് സെക്രട്ടറി. തുടക്കത്തിൽ പ്രസിഡണ്ട് ഈ ഘടകങ്ങൾക്കുണ്ടായിരുന്നില്ല.

എം.വി. ഗോവിന്ദമേനോൻ, കട്ടിലശ്ശേരി മുഹമ്മദ് മുസ്ലിയാർ, ആലി മുസ്ലിയാർ, മാധവൻ നായർ തുടങ്ങിയവർ തെക്കേ മലബാറിലെ ഓരോ അംശത്തിലും കോൺഗ്രസ്സ് ഖിലാഫത്ത് കമ്മിറ്റികൾ സംഘടിപ്പിക്കുന്നതിൽ ഉത്സാഹിച്ചിരുന്നു. ഖിലാഫത്ത് പ്രശ്നം മഹാത്മാഗാന്ധിയും കോൺഗ്രസ്സും ഏറ്റെടുത്തുതോടുകൂടി മലബാറിലെ മുസ്ലിംകൾ അഹമിഹികയാ ദേശീയപ്രസ്ഥാനത്തിൽ ഉണർന്ന് പ്രവർത്തിച്ചു. ഖിലാഫത്ത് - കോൺഗ്രസ് കമ്മിറ്റികളുടെ ആവേശകരമായ മുന്നേറ്റം ജില്ലാ ഭരണാധികാരികളെ വിറളി കൊള്ളിച്ചു. ഏതെല്ലാംതരത്തിൽ അടിച്ചമർത്തുവാൻ സാധിക്കുമോ, ആ വക എല്ലാ മർഗങ്ങളും ജില്ലാ അധികാരികൾ ഖിലാഫത്ത് - കോൺഗ്രസ് പ്രവർത്തകർക്കെതിരായി

അവലംബിച്ചിരുന്നു. 1921 ഫെബ്രുവരിയിൽ മദ്രാസ്സിൽ നിന്നും ഖിലാഫത്ത് നേതാവായ യാക്കൂബ് ഹുസൈൻ കോഴിക്കോടു സന്ദർശനത്തിന് പരിപാടി ഇട്ടിരുന്നു. ഫെബ്രുവരി 15ന് ഒരു സമ്മേളനം നടത്തുവാൻ കോൺഗ്രസ് - ഖിലാഫത്ത് സംഘടനകൾ തീരുമാനിച്ചിരുന്നെങ്കിലും ജില്ലാ അധികാരികൾ നിരോധന ഉത്തരവു മൂലം യോഗം നടത്താൻ അനുവദിച്ചില്ല. യാക്കൂബ് ഹുസ്സൈൻ, മാധവൻ നായർ, പൊൻമാടത്ത് മൊയ്തീൻകോയ, യു. ഗോപാലമേനനോൻ എന്നിവരാണ് യോഗത്തിൽ സംസാരിക്കുവാൻ നിയുക്തരായിരുന്നവർ. ഇവർക്കെല്ലാം നിരോധന ഉത്തരവുകൾ നൽകിയിരുന്നു. എന്നാൽ നിരോധനം ലംഘിക്കുവാൻ തന്നെ നേതാക്കൻമാർ തീരുമാനിച്ചു. തുടർന്ന് ഇവരെ നാലു പേരെയും അറസ്റ്റ് ചെയ്ത് 6 മാസം വീതം വെറും തടവിന് ശിക്ഷിച്ച് കണ്ണൂർ സെൻട്രൽ ജയിലിലേക്കയച്ചു. ഈ വാർത്ത അറിഞ്ഞെത്തിയ കെ.പി. കേശവമേനോനും സി.രാജഗോപാലാചാരിയും മദ്രാസിൽ നിന്നും കോഴിക്കോട്ടെത്തി വിവരങ്ങൾ അന്വേഷിച്ചു. കണ്ണൂർ ജയിലിലായിരുന്ന നേതാക്കൻമാരെ അവർ സന്ദർശിച്ചു. രാജഗോപാലാചാരി ഇൻഡ്യൻ നാഷണൽ കോൺഗ്രസിൻെറ ജനറൽ സെക്രട്ടറിയായിരുന്നു. പ്രദേശ് കോൺഗ്രസ് സെക്രട്ടറിയായ മാധവൻ നായർ ജയിലിലായത് കൊണ്ട് കെ.പി. കേശവമേനോനെ തൽസ്ഥാനത്ത് അവരോധിച്ചു ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രാജഗോപാലാചാരി തിരിച്ചു പോയി.

ആറ് മാസത്തെ തടവിന് ശേഷം 1921 ആഗസ്റ്റ് 15-ാം തിയ്യതി യാക്കൂബ് ഹുസ്സൈനും, മാധവൻനായരും, യു. ഗോപാലമേനോനും, പൊൻമാടത്ത് മൊയ്തീൻ കോയയും ജയിൽ വിമോചിതരായപ്പോൾ, കണ്ണൂർ മുതൽ കോഴിക്കോട് വരെയുള്ള റെയിൽവേ സ്റ്റേഷനുകളിലെല്ലാം നൂറുകണക്കിന് ആളുകൾ വമ്പിച്ച സ്വീകരണമാണ് നൽകിയിരുന്നത്. കോഴിക്കോട് അവർക്ക് കൊടുത്ത ഹൃദ്യമായ സ്വീകരണം നഗരത്തെ പ്രകമ്പനം കൊള്ളിച്ചു. "മൂന്നു മണിക്കൂർ വേണ്ടി വന്നു ആഘോഷയാത്ര നഗരത്തിലെ പ്രധാന സ്ഥലങ്ങളിൽ കൂടി ചാലപ്പുറത്തെത്തുവാൻ," എന്നാണ് കെ.പി. കേശവമേനോൻ എഴുതുന്നത്.3. നേതാക്കൻമാരെ സ്വീകരിക്കുവാൻ തിരൂരങ്ങാടി, മഞ്ചേരി, മലപ്പുറം, പൂക്കോട്ടൂർ എന്നീ പ്രദേശങ്ങളിൽ നിന്നും ധാരാളം ഖിലാഫത്ത് വളൻണ്ടിയർമാരും നേതാക്കൻമാരും എത്തിയിരുന്നു. അഭൂതപൂർവ്വമായ ഈ ജനകീയ മുന്നേറ്റം കണ്ട് വിറളി പിടിച്ച കലക്ടർ തോമസ് മൂന്നു ദിവസം കഴിഞ്ഞ് ആഗസ്റ്റ് 19-ാം തിയ്യതി രാത്രി പട്ടാളത്തിൻെറയും പോലീസിൻെറയും സഹായത്തോടുകൂടി തിരൂരങ്ങാടിയിൽ പോയി ചിലരെ അറസ്റ്റ് ചെയ്തതും പള്ളിയും വീടുകളും പരിശോധന നടത്തിയതുമായിരുന്നുവല്ലോ 1921ലെ കലാപത്തിൻെറ ആരംഭം കുറിച്ച സംഭവം.

പൂക്കോട്ടൂരും നിലമ്പൂരും കുഴപ്പങ്ങൾ കുമിഞ്ഞു കൂടുന്നുവെന്നറിവു കിട്ടിയ മൊയ്തു മൗലവി, മാധവൻ നായർ, മുഹമ്മദ് അബ്ദുൾ റഹിമാൻ എന്നിവർ അവിടേക്ക് സമാധാന ശ്രമവുമായി പോയി. അവരുടെ ശ്രമങ്ങൾ തൽക്കാലത്തേക്ക് ഫലം കണ്ടുവെങ്കിലും ലഹള പൊട്ടിപുറപ്പെട്ടിരുന്നു. മാധവൻ നായർ ഈ അവസരത്തിൽ മഞ്ചേരിയിലായിരുന്നു. വാരിയം കുന്നത്ത് കുഞ്ഞഹമ്മദ്ഹാജി അദ്ദേഹത്തെ കണ്ടു സംസാരിച്ചിരുന്നതൊക്കെ ദീർഘമായി മാധവൻ നായർ തൻെറ 'മലബാർ കലാപം' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ഖിലാഫത്ത് വിപ്ലവം സായുധകലാപമായി മാറിയതോടെ നേതാക്കൻമാരെല്ലാം തന്നെ രംഗത്ത് നിന്നൊഴിഞ്ഞുമാറി. എന്നാൽ അവരത്രും ഒരു വിജ്ഞാപനത്തിലൂടെ അക്രമരാഹിത്യത്തിൻെറ പ്രാധാന്യം ഊന്നിക്കൊണ്ടും അക്രമം ഉപേക്ഷിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടും ഏറനാട്ടിലെയും വള്ളുവനാട്ടിലെയും ഖിലാഫത്ത് പ്രവർത്തകരെ ഉദ്ബോധിച്ചിരുന്നു. ഇതിൻെറ 5000ൽ കൂടുതൽ കോപ്പികൾ വിതരണം ചെയ്തിരുന്നുവത്രെ. കെ.പി. കേശവമേനോൻ, മുഹമ്മദ് അബ്ദുൾ റഹിമാൻ, ഇ. മൊയ്തു മൗലവി, എം.പി. നാരായണ മേനോൻ, പൊൻമാടത്ത് മൊയ്തീൻകോയ, യു. ഗോപാലമേനോൻ എന്നിവരായിരുന്നു ഈ വിജ്ഞാപനത്തിൽ ഒപ്പുവെച്ചിരുന്നവർ. ഇത് ആഗസ്റ്റ് 22-ാം തിയ്യതിയുമായിരുന്നു. എന്നാൽ അതുവരെ മാപ്പിളമാരെ സംഘടിപ്പിക്കുകയും അവരോടു അഭിസംബോധന നടത്തുകയും ചെയ്തിരുന്ന മാധവൻ നായർ ഇതിൽ പേരുകാരനായില്ലെന്ന് മാത്രമല്ല, ആഗസ്റ്റ് 25ന് പൂക്കോട്ടൂർ നടന്ന ഘോരയുദ്ധത്തിൽ 269 ഖിലാഫത്ത് പ്രവർത്തകരെ നിഷ്കരുണം വെടിവെച്ചിട്ട പട്ടാളമേധാവി മെക്കൻറായിയേയും ഇംഗ്ലീഷ്സൈന്യത്തേയും പ്രശംസിക്കുകയുമാണദ്ദേഹം ചെയ്തത്. ഇത് മാപ്പിളമാരോടും ഖിലാഫത്ത് വിപ്ലവത്തോടുമുള്ള അദ്ദേഹത്തിൻെറ ശക്തിയായ വെറുപ്പും വിദ്വേഷവും പ്രസ്പഷ്ടമാക്കുന്ന സംഗതിയാണ്. മലബാർ കലാപത്തെപ്പറ്റി അദ്ദേഹം മാതൃഭൂമിയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച കാലത്ത് വളരെ എതിർപ്പുണ്ടായതിൻെറ ഫലമായി അത് നിർത്തിവെക്കുകയാണ് ചെയ്തത്. എന്നാൽ 1933ൽ അദ്ദേഹം മരിച്ച് കാൽ നൂറ്റാണ്ട് കഴിഞ്ഞശേഷമാണ് മാധവൻനായരുടെ മലബാർ കലാപത്തെ പുരസ്ക്കരിച്ചുള്ള ഗ്രന്ഥം മാതൃഭൂമി പ്രസിദ്ധീകരിക്കുന്നതു്. അദ്ദേഹത്തോടൊപ്പം ഇക്കാലത്ത് പ്രവർത്തിച്ചിരുന്ന ഇ. മൊയ്തി മൗലവി, തൻെറ അനുഭവത്തിൻെറ വെളിച്ചത്തിൽ 'മലബാർ കലാപം' എന്ന മാധവൻനായരുടെ ഗ്രന്ഥം മലബാർ കലാപത്തെപ്പറ്റിയുള്ള തെറ്റായ ധാരണ അരക്കിട്ടുറപ്പിക്കുവാനും ഹിന്ദു - മുസ്ലിം വൈരാഗ്യം വർദ്ധമാനമാക്കുവാനും മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന് സത്യസന്ധമായ വസ്തുതകൾ നിരത്തി വിമർശിക്കുന്നുണ്ട്. ഇക്കാര്യം നാം മുമ്പേ വിശദീകരിച്ചിട്ടുള്ളതുകൊണ്ട് അതിവിടെ ആവർത്തിക്കുന്നില്ല. എന്തായാലും കോഴിക്കോടെത്തി മാധവൻ നായർ കലക്ടർ തോമസ്സിനെ കണ്ട് ഗവർമ്മെണ്ടുമായി സഹകരിക്കാമെന്ന് എഴുതി കൊടുത്തിരുന്നു. എം.പി. നാരായണ മേനോൻ കേസ്സിൽ ഇക്കാര്യം കോടതിയിൽ അന്യായഭാഗം തെളിയിച്ചിട്ടുണ്ട്.4.

കോഴിക്കോട് എത്തിക്കൊണ്ടിരുന്ന അഭയാർത്ഥികൾക്ക്

ആവശ്യമായ സഹായം ചെയ്തികൊണ്ടിരുന്നവരിൽ മാധവൻനായരായിരുന്നു മുഖ്യൻ. കെ.പി. കേശവമേനോൻ ഇത് അനുസ്മരിക്കുന്നത് ഇപ്രകാരമാണ്. "ഏകദേശം 6 മാസത്തോളം നീണ്ടുനിന്ന ഈ പ്രവൃത്തി, കോൺഗ്രസുകാരുടെ സേവന തൽപരതയും കാര്യശേഷിയും നല്ലതുപോലെ വെളിപ്പെടുത്തി. എതിരാളികൾ പോലും അവരെ അഭിനന്ദിച്ചു. വിശ്രമമെന്തെന്നറിയാതെ ഈ കാലത്ത് പ്രവൃത്തിയെടുത്തിരുന്ന മാധവൻനായരുടെ ഉത്സാഹവും ജാഗ്രതയും പ്രശംസനീയമായിരുന്നു. കാലത്ത് വന്നിരുന്ന അഭയാർത്ഥികളെയെല്ലാം വേണ്ടത് കൊടുത്ത് പറഞ്ഞയച്ചശേഷമേ ഉച്ചഭക്ഷണം കഴിക്കുവാൻ മാധവൻനായർ തിരിച്ച് പോയിരുന്നുള്ളു"5. മാധവൻനായരുടെ ഉറ്റചങ്ങാതിയായിരുന്ന കെ.പി. കേശവമേനോൻ. അദ്ദേഹം പ്രദേശ് കോൺഗ്രസ് സെക്രട്ടറിയെന്ന നിലയിൽ നടത്തിയ സഹായാഭ്യർത്ഥനയുടെ ഫലമായി റിലീഫ് കേന്ദ്രങ്ങളുടെ ആവശ്യത്തിനുള്ള പണത്തിന് ബുദ്ധിമുട്ടുണ്ടായിരുന്നില്ല. എന്നാൽ ക്യാമ്പുകളുടെ മേൽനോട്ടവും പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകിയിരുന്നത് മാധവൻനായരായിരുന്നു.

കലാപം സൃഷ്ടിച്ച മൂകത മലബാർ രാഷ്ട്രീയത്തെ കുറെക്കാലത്തേക്ക് നിർജ്ജീവമാക്കി. കലാപത്തിന് ശേഷം കെ.പി. കേശവമേനോനും മാധവൻനായരും കൂട്ടായി ആലോചിച്ച് വളരെ ശ്രമകരമായ പ്രയത്നത്തിന്ശേഷം 1922 ഫെബ്രുവരി 15-ാം തിയ്യതി മാതൃഭൂമി പ്രിൻറിംങ് ആൻറ് പബ്ലിഷിംങ് കമ്പനി രജിസ്റ്റർ ചെയ്ത് ഒരു ദിനപത്രം തുടങ്ങുവാനുള്ള സംരംഭങ്ങൾ നടത്തി. കമ്പനിക്ക് ഷെയർ പിരിക്കുവാൻ കേശവ മേനോനോടൊപ്പം മാധവൻ നായരും ആദ്യം മുതൽക്കെ പോയിരുന്നു. പത്രവും പ്രസ്സും നടത്തുവാനുള്ള സ്ഥലവും കെട്ടിടവും വിലക്കുവാങ്ങി. കമ്പനിയുടെ ഡയറക്ടർമാരിൽ പ്രധാനികൾ മാധവൻനായരും കേശവമേനോനുമായിരുന്നു. അങ്ങനെയാണ് മാതൃഭൂമി പത്രത്തിൻെറ ജനനം. 1923 മാർച്ച് 19-ാം തിയ്യതി മാതൃഭൂമിയുടെ ആദ്യത്തെ പ്രതി പുറത്തുവന്നു.

മാധവൻനായരായിരുന്നു കമ്പനിയുടെ മാനേജിംഗ് ഡയറക്ടറും പത്രത്തിൻെറ മാനേജരും. "രാവും പകലും അദ്ധ്വാനിച്ചതിൻെറ ഫലമായിട്ടാണ് പത്രം നിശ്ചിതദിവസം പുറത്തിറക്കുവാൻ സാധിച്ചത്. പണം കുറെ കൂടി പിരിക്കാതെ പത്രം ആരംഭിച്ചതുകൊണ്ടുള്ള ബുദ്ധിമുട്ട് കുറെ കഴിഞ്ഞപ്പോൾ അനുഭവപ്പെട്ടുതുടങ്ങി. ഈ അവസരങ്ങളിലെല്ലാം കടം വാങ്ങിയും പണം കയ്യിൽ നിന്നെടുത്തും മാധവൻനായർ പത്രം തടസ്സം കൂടാതെ നടത്തുന്നതിന് സഹായിച്ചിരുന്നു. ഏകദേശം 13,000 ക അങ്ങനെ കമ്പനിക്ക് കടമായി കൊടുത്ത് അതിനെ കുഴപ്പത്തിൽ നിന്നും അദ്ദേഹം രക്ഷപ്പെടുത്തി. അവസരോചിതമായ ആ സഹായം അദ്ദേഹം മാതൃഭൂമിക്ക് ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ എന്തായിരിക്കും അതിൻെറ ഭാവിയെന്ന് ആലോചിക്കവയ്യ എന്നാണ് കെ.പി. കേശവമേനോൻ എഴുതുന്നത്.6. മാതൃഭൂമിയുടെ ശൈശവദശയിൽ അത് അകാലമൃത്യുവിന് ഇടവരാതെ രക്ഷിച്ച് നിലനിർത്തിയതിൽ മറ്റാരേക്കാളും മാധവൻ നായർ അഭിനന്ദനം അർഹിക്കുന്നുണ്ട്.

ഇതിനിടയിൽ പ്രാക്ടീസ് വീണ്ടും ആരംഭിക്കുന്നതിന് അദ്ദേഹം തീരുമാനിച്ചു. സന്നദ് തിരിച്ചുകിട്ടുവാൻ മദ്രാസ് ഹൈക്കോടതിയിൽ അദ്ദേഹം സത്യവാങ്മൂലം സമർപ്പിച്ചു. തൻെറ അഫിഡവിറ്റിൽ നിസ്സഹകരണപ്രസ്ഥാനവും താനുമായി യാതൊരു ബന്ധവുമില്ലന്നായിരുന്നു മാധവൻനായർ എഴുതിയിരുന്നത്. അതിൻെറ അടിസ്ഥാനത്തിൽ മാധവൻനായർക്ക് സന്നദ് തിരിച്ചുകൊടുക്കുവാൻ ഹൈക്കോടതി വിധിക്കുകയും ചെയ്തിരുന്നു. എന്നാൽ മാധവൻനായർ കോടതിയിൽ സമർപ്പിച്ച അഫിഡവിറ്റ് രൂക്ഷമായ വിമർശനത്തിന് വഴിവെച്ചു. ദേശീയ പ്രസ്ഥാനത്തിൻെറ മുൻപന്തിയിലുണ്ടായിരുന്ന ഒരാൾ അതുവരെയുള്ള തൻെറ പ്രവൃത്തികളെ തള്ളിപ്പറഞ്ഞതിൽ ആക്ഷേപം ഉന്നയിച്ചവർ വളരെ ഉണ്ടായി. അതിൻെറ പ്രതിഫലനമായിരുന്നു മാതൃഭൂമി ദീർഘമായ ഒരു മുഖപ്രസംഗത്തിലൂടെ മാധവൻനായരെ വിമർശിച്ചത്. ആ എഡിറ്റോറിയലിലെ പ്രസക്ത ഭാഗം ഇങ്ങനെ സംഗ്രഹിക്കാം. "അഫിഡവിറ്റ് വായിച്ചു നോക്കിയാൽ മാധവൻനായർ നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്തിരുന്നുവെന്നോ, അതുമായി എതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിരുന്നുവെന്നോ തോന്നുകയില്ല. നിയമത്തിന്നനുസരിച്ച് ഒരു വക്കീൽ തയ്യാറാക്കിയ പത്രികയുടെ നിലയിലല്ല ഞങ്ങൾ ഇതു പരിശോധിക്കുന്നതെന്നും ശ്രേഷ്ഠമായ ഒരു പ്രസ്ഥാനത്തിൻെറ പ്രധാന പ്രവർത്തകനായിരുന്ന ഒരു മാന്യൻ തൻെറ പ്രവൃത്തിയെപ്പറ്റി തുറന്ന് പറയുന്ന ഒരു രേഖയെന്ന നിലയിലേ ഞങ്ങൾ ഈ പത്രികയെ നിരൂപണം ചെയ്യുന്നുള്ളൂ" എന്നും മാതൃഭൂമി പറഞ്ഞു.7. മാധവൻ നായർ ഇതിന് മറുപടിയായി ഒരു കത്ത് മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്നു. ഏതായാലും 1923 ആഗസ്റ്റ് 21-ാം തിയ്യതി മാതൃഭൂമിയുടെ മാനേജർ സ്ഥാനത്തു നിന്നും മാധവൻ നായർ ഒഴിഞ്ഞു. കെ. കേളപ്പനാണ് ആ സ്ഥാനത്ത് അവരോധിക്കപ്പെട്ടത്.

ഒരു വക്കീലെന്ന നിലയിൽ മാധവൻനായർക്ക് നല്ല തിരക്കുപിടിച്ച ജോലിയുണ്ടായിരുന്നുവെങ്കിലും മാതൃഭൂമിയുടെ നടത്തിപ്പിൽ അദ്ദേഹം പഴയപോലെ തന്നെ താൽപര്യം പ്രദർശിപ്പിച്ചിരുന്നു. കേരള പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിക്ക് അതേവരെ സെക്രട്ടറി മാത്രമാണുണ്ടായിരുന്നത്. ഒരു പ്രസിഡണ്ട് ആവശ്യമാണെന്ന് കോൺഗ്രസ്സ് ഭരണഘടനാ ഭേദഗതിയുണ്ടായതിനെ തുടർന്ന് മാധവൻനായർ കേരളപ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ ആദ്യത്തെ പ്രസിഡണ്ട് എന്ന ബഹുമതിക്കർഹനായി. കേരളത്തിലെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന എറണാകുളത്തേക്ക് കോൺഗ്രസ്സിൻെറ ആസ്ഥാന ഓഫീസ് മാറ്റിയത് ഈ അവസരത്തിലാണ്. കലാപത്തിന് ശേഷമുണ്ടായിരുന്ന മാന്ദ്യം വിട്ടുമാറാതിരുന്നതിനാൽ കോൺഗ്രസ്സ് പ്രവർത്തനവും മന്ദഗതിയിലായിരുന്നു. ഇതിന് അല്പമായെങ്കിലും വിരാമമുണ്ടാകുന്നതും പ്രവർത്തകർ ഉഷാറാകുന്നതും 1926

ഡിസംബറിൽ നടന്ന പൊതു തിരഞ്ഞെടുപ്പോടുകൂടിയാണ്. കോൺഗ്രസ്സിൻെറ തന്നെ ഒരു ഘടകമായി പ്രവർത്തിച്ചിരുന്ന സ്വരാജ്പാർട്ടിയുടെ സ്ഥാനാർത്ഥികളായി മദ്രാസ് നിയമ നിർമ്മാണ സഭയിലേക്ക് കെ. മാധവൻനായരും വള്ളൂർ കൃഷ്ണമേനോനും മത്സരിച്ച് വിജയം നേടി. ഭരണ പരിഷ്ക്കാരത്തെപ്പറ്റി കൂടുതൽ അന്വേഷണങ്ങൾ നടത്തി ശുപാർശ നൽകുവാൻ നിയുക്തരായ സൈമൻ കമ്മീഷനെ ബഹിഷ്ക്കരിക്കുവാൻ കോൺഗ്രസ്സ് തീരുമാനിച്ചതോടെ വീണ്ടും രാഷ്ട്രീയരംഗം സജീവമായിത്തീർന്നു. സൈമൻ കമ്മീഷൻ വെള്ളക്കാർ മാത്രമടങ്ങുന്ന സംഘമായിരുന്നു. ഇതു ഇൻഡ്യയിൽ സാർവ്വത്രികമായ പ്രതിഷേധത്തിനിട യാക്കി. കേരളത്തിൽ അക്കാലത്തു കൂടിയിട്ടുള്ള പ്രതിഷേധ സമ്മേളനങ്ങളിൽ മാധവൻനായർ പ്രധാനപങ്കാളിയായി രുന്നു. 1928 ഫെബ്രുവരി 28നാണ് സൈമൻ കമ്മീഷൻ ബോംബേയിൽ കപ്പലിറങ്ങിയത്. കോൺഗ്രസ്സിൻെറ ആഹ്വാ നമനുസരിച്ച് അന്ന് ഇൻഡ്യയിലെല്ലാം ഹർത്താൽ ആചരി ക്കുകയും കരിങ്കൊടി പ്രകടനവും പ്രതിഷേധയോഗവും സംഘടിപ്പിക്കുകയും ചെയ്തിരുന്നു. മലബാറിൽ അതിന് നേതൃത്വം കൊടുത്തത് മാധവൻനായരായിരുന്നു.

മദ്രാസ് നിയമനിർമ്മാണസഭയിൽ അദ്ദേഹത്തിൻെറ പ്രവർത്തനം പ്രശംസാർഹമായിരുന്നു. മരുമക്കത്തായ ബില്ലും കുടിയാൻബില്ലും അദ്ദേഹം അംഗമായിരിക്കുമ്പോ ഴാണ് നിയമ സഭയിൽ മന്ദത്ത് കൃഷ്ണൻനായർ അവതരി പ്പിച്ചത്. മാധവൻനായർ തൻെറ വാഗ്വിലാസം ഈ ബില്ലു കളെ അനുകൂലിച്ചുകൊണ്ട് ഉപയോഗപ്പെടുത്തുകയും ചെ യ്തു. ഇത് 1929ലായിരുന്നു. 1930ൽ കേളപ്പൻെറ നേതൃ ത്വത്തിൽ നടന്ന ഗുരുവായൂർ സത്യാഗ്രഹത്തിലും മാധ വൻനായർ ശക്തിയായി കോൺഗ്രസ്സിൻെറ പിൻതുണയു മായെത്തിയിരുന്നു. ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം ജനാഭി പ്രായം അറിയുന്നതിന് രൂപീകരിച്ച ജനഹിത പരിശോധനാ കമ്മിറ്റിയുടെ ഡയറക്ടറായി പ്രവർത്തിച്ചിരുന്നതും മാധ വൻനായരാണ്. 1931-32 കാലത്ത് നിയമലംഘന പ്രസ്ഥാന ത്തിൻെറ ഭാഗമായി കോഴിക്കോട്ട് ഉപ്പു സത്യാഗ്രഹത്തിലും അദ്ദേഹം സംബന്ധിച്ചിരുന്നു. നിയമ ലംഘന കുറ്റത്തിന് അക്കാലത്ത് അദ്ദേഹത്തിന് ജയിൽവാസമനുഭവിക്കേണ്ട തായും വന്നുകൂടി.

ഈ വക പ്രവർത്തനങ്ങൾ നടക്കുന്ന കാലത്ത് മാധവൻ നായരുടെ ആരോഗ്യം തകർന്നു കൊണ്ടിരിക്കുകയായിരുന്നു. എങ്കിലും അദ്ധ്വാനമാവശ്യമായ പല ജോലികളും അപ്പോഴും അദ്ദേഹം ചെയ്തുകൊണ്ടിരുന്നു. തീരെ സുഖമി ല്ലാതെ ആയപ്പോൾ ചികിത്സാർത്ഥം ബാംഗ്ലൂരിലും മദ്രാ സിലും കൊണ്ടുപോയിരുന്നുവെങ്കിലും രോഗശമനം കിട്ടാ ത്തതിനാൽ കോഴിക്കോട്ടേക്ക് തിരിച്ചുകൊണ്ടുവരികയാണ് ചെയ്തത്. 1933 സെപ്റ്റംബർ 28-ാം തിയ്യതി മാധവൻനായർ അന്ത്യയാത്ര പറഞ്ഞു. സംഭവബഹുലമായ ഒരു ജീവിത ത്തിൻെറ അന്ത്യം! മാധവൻനായർക്ക് അപ്പോൾ 52 വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ.

*1. കെ.പി. കേശവമേനോൻ, സമകാലീനരായ ചില കേരളീയർ, മുൻ ഉദ്ധരിച്ചത്, പുറം 66.*

*2. അതുതന്നെ, പുറം 67*

*3. അതുതന്നെ, പുറം 70*

*4. Hitchcock, History of Malabar Rebellion,*

*5. സമകാലീനരായ കേരളീയർ, മുൻ ഉദ്ധരിച്ചത്, പുറം 71.*

*6. അതുതന്നെ, പുറങ്ങൾ 72 - 73.*

*7. അതുതന്നെ, പുറം 73.*

## VII. എം.പി. നാരായണമേനോൻ



1996 ഒക്ടോബർ 5. അന്നേക്ക് എം.പി. നാരായണമേനോൻ മരിച്ചിട്ട് 30 വർഷം തി കഞ്ഞു. സ്വാതന്ത്ര്യ ത്തിന് വേണ്ടി ദാഹിക്കു കയും അതിനായി ഭൗ തിക നേട്ടങ്ങൾ അത്ര യും ഹോമിക്കുകയും ചെയ്ത ധീരദേശാഭി മാനിയായിരുന്നു അദ്ദേ ഹം. ത്യാഗത്തിൻേറ യും സേവനത്തിൻേറയും ബലിപീഠത്തിൽ ആത്മാർപ്പണം നടത്തിയിട്ടുള്ള ആദർശശാലികളായ കർമ്മധീരൻമാരെക്കു റിച്ച് ഓർമ്മിക്കുവാൻ പോലും സമയമില്ലാത്തവരാണ് രാഷ്ട്രീ യം ഒരു ജ്വരം പോലെ ബാധിച്ചിട്ടുള്ള ഇന്നത്തെ തലമുറ. ദേശാഭിമാനം, സത്യസന്ധത, കൂസലില്ലായ്മ, ആദർശ ശുദ്ധി ഇത്യാദി വാക്കുകൾ എഴുതുവാനും പറയുവാനും കൊള്ളാ വുന്ന നല്ല പദങ്ങൾ എന്നതിൽ കവിഞ്ഞ് ജീവിതത്തിലെ വ്യവഹാരമണ്ഡലങ്ങളിലൊക്കെ അപ്രായോഗികങ്ങളായ ആശയങ്ങൾ മാത്രമായി ഇവ അവശേഷിക്കുകയാണല്ലോ. ഒഴുക്കിനൊപ്പിച്ച് ഒഴുകുവാൻ തയ്യാറുള്ളവരാണ് അധികവും. ഒഴുക്കിനെതിരെ നീന്താൻ കരളുറപ്പുള്ള കർമ്മധീരൻമാർ വിര ളവുമാണ്. പ്രതിബന്ധങ്ങളെ മറികടക്കുവാനുള്ള ആത്മ ധൈര്യം തുച്ഛം ആളുകൾക്കേ ഉണ്ടായിരിക്കുകയുള്ളൂ. അ വർക്ക് നേരിടേണ്ടിതായി വരുന്ന പ്രയാസങ്ങൾ കഠിനതര മാണെങ്കിലും അവരാണ് മനുഷ്യമനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുള്ളവർ. അത്തരം മഹാത്മക്കളെ വല്ലപ്പോഴുമൊക്കെ ഓർമ്മിക്കുന്നത് ധാർമ്മിക ശോഷണം സംഭവിച്ച ഈ കാല ഘട്ടത്തിൻെറ ആവശ്യമാണ്. അവർ എന്തിന് വേണ്ടി ഈ സാഹസങ്ങൾ സഹിച്ചു? യാതനകൾ അനുഭവിച്ചു? ആർ ക്കൊക്കെ അത് കൊണ്ട് നേട്ടങ്ങളുണ്ടായി? അവർ നൽകുന്ന സാധനപാഠം എന്താണ്? അവരെക്കുറിച്ചുള്ള അനുസ്മരണം എത്രമാത്രം നമ്മിൽ ദേശാഭിമാനത്തിൻേറയും നിർഭയത്തി ൻേറയും ആവേശം പകരും. ഇവയൊക്കെ ചിന്തിച്ച് സമയം

മെനക്കെടുത്തുവാൻ ഒരുങ്ങാറില്ലെങ്കിലും ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം ഇത്തരം ധന്യാത്മാക്കളുടെ സംഭാവനയാണെങ്കിൽ അത് വല്ലപ്പോഴുമെങ്കിലും സ്മരിക്കേണ്ടതല്ലേ. പൂർവ്വിക സ്വത്ത് ധൂർത്തടിക്കുന്ന മുടിയൻമാരായ സന്തതികളായി നാം അധഃപതിച്ചു കഴിഞ്ഞെങ്കിലും, ഈ സ്വത്ത് ആര്? എങ്ങിനെ? നേടിത്തന്നുവെന്നെങ്കിലും അറിഞ്ഞിരിക്കേണ്ടതല്ലേ? അതുകൊണ്ട് തന്നെ എം.പി. നാരായണ മേനോനെ പോലുള്ള മാതൃകാപുരുഷൻമാർ വിസ്മൃതിയുടെ മടവീണ് മുടിപ്പോകുവാൻ അനുവദിച്ചുകൂടാ.

മുതൽപുരേടത്ത് പടിഞ്ഞാറെക്കരയിൽ തറവാട്ടിൽ 1887 ഏപ്രിൽ മാസത്തിലാണ് നാരായണമേനോന്റെ ജനനം. അങ്ങാടിപ്പുറത്തുള്ള ഒരു യാഥാസ്ഥിതിക നായർ കുടുംബമായിരുന്നു മുതൽപുരേടത്ത് തറവാട്. പറമ്പോട്ട് തറവാട്ടിലെ കരുണാകരമേനോനാണ് പിതാവ്. ആലിപ്പറമ്പിലെ സമ്പന്നമായ ഒരു ജൻമി കുടുംബമാണ് പറമ്പോട്ട് തറവാട്. നാരായണമേനോന്റെ മാതാവ് നാരായണിയമ്മ സാമാന്യം സമ്പന്നമായ തറവാട്ടിലാണ് ജനിച്ചതും വളർന്നതും. 1. നാരായണിയമ്മയുടെ ഏഴുമക്കളിൽ സീമന്തപുത്രനായിരുന്നു നാരായണ മേനോൻ. അദ്ദേഹത്തിന് മൂന്ന് സഹോദരൻമാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. മരുമക്കത്തായത്തിനും കൂട്ടുകുടുംബവ്യവസ്ഥക്കും സാരമായ ഉലച്ചിൽ സംഭവിച്ചിരുന്ന കാലത്താണ് നാരായണമേനോന്റെ ജനനം. തറവാട്ടു കാരണവൻമാരായ അമ്മാവൻമാരുടെ സ്വാർത്ഥമോഹവും പീഢനങ്ങളും അനന്തിരവൻമാരേയും കൂട്ടുകുടുംബാംഗങ്ങളേയും ഏറെ പ്രയാസങ്ങൾക്ക് വിധേയരാക്കിയിരുന്നു. ഈ വ്യവസ്ഥക്കെതിരായി ശക്തമായ പ്രക്ഷോഭണങ്ങൾ, തന്നെ ഉണ്ടാകുകയാൽ തറവാട് വിഭജിക്കുന്നതാണ് ഉത്തമമെന്ന് മദ്രാസ് ഗവൺമെൻറ് നിർദ്ദേശിച്ചു. പല നായർ തറവാടുകളും ഭാഗിക്കപ്പെട്ടു. നാരായണിയമ്മയും അവരുടെ താവഴിക്കാരും അങ്ങാടിപ്പുറത്ത് സ്വന്തം വീട് പണിത് അതിലേക്ക് മാറി. നാരായണ മേനോന് തന്റെ അമ്മയോട് അതിരറ്റ സ്നേഹബഹുമാനം ഉണ്ടായിരുന്നുവെന്നും "കണ്ണീരോടു കൂടിയല്ലാതെ, വികാര പാരവശ്യത്തോടെ അല്ലാതെ അമ്മയെപ്പറ്റി സംസാരിക്കുവാൻ എം.പി.ക്ക് സാധ്യമായിരുന്നില്ല." എന്നുമാണ് മകൾ നാണിക്കുട്ടി ശരൺ പറയുന്നത്.2.

അദ്ദേഹത്തിന്റെ പ്രാഥമിക വിദ്യാഭ്യാസം നാട്ടു നടപ്പനുസരിച്ച് തറവാട്ടിൽ വെച്ചുതന്നെയാണ് ആരംഭിച്ചത്. എഴുത്തച്ഛൻമാർ വീടുകളിലെത്തി മലയാളം, കണക്ക്, സംസ്കൃതം, വ്യാകരണം എന്നിവ കുട്ടികളെ പഠിപ്പിക്കുന്ന സമ്പ്രദായമാണ് അന്നുണ്ടായിരുന്നത്. എന്നാൽ സർക്കാർ ജോലി ലഭിക്കണമെങ്കിൽ ഇംഗ്ലീഷ് പഠിച്ചേ മതിയാകു എന്നായിരുന്നു അവസ്ഥ. എട്ട് വയസ്സായ നാരായണ മേനോനെ അങ്ങനെ ആദ്യം ഒറ്റപ്പാലം സ്കൂളിലും പിന്നീട് കൊല്ലങ്കോട്ടെ രാജ ഹൈസ്കൂളിലും ചേർത്തു. പല ജാതിയിൽപെട്ട വിദ്യാർത്ഥികൾ ഉണ്ടായിരുന്ന സ്കൂളിൽ നിന്നും വീട്ടിലെത്തിയാൽ കുളിച്ച് ശുദ്ധിയായതിന് ശേഷമെ വീട്ടിൽ കയറ്റുമായിരുന്നുള്ളൂ. കുളിക്കാതെ ഭക്ഷണം കൊടുക്കുമായിരുന്നുമില്ല. എം.പി. ആകട്ടെ എല്ലാ ജാതിമതവിഭാഗങ്ങളിലുംപെട്ട വിദ്യാർത്ഥികളുമായി സൗഹൃദം പുലർത്തിപ്പോന്നിരുന്നു. പ്രത്യേകിച്ച് മുസ്ലിംകുട്ടികളായിരുന്നു അദ്ദേഹത്തിന്റെ പ്രധാന കളിത്തോഴൻമാർ. യാഥാസ്ഥിതികരായിരുന്ന കുടുംബാംഗങ്ങൾ ഈ കൂട്ടുകെട്ടുകൾ അവസാനിപ്പിക്കണമെന്ന് നാരായണ മേനോനെ ഉപദേശിക്കുമായിരുന്നത്രെ. ഈ അനാചാരങ്ങളോടുള്ള വെറുപ്പാണ് എം.പി.യിൽ എസ്റ്റാബ്ലിഷ്മെന്റുകളെ എതിർക്കുവാനുള്ള ആസക്തി അങ്കുരിപ്പിച്ചത് എന്ന് വേണം കരുതുവാൻ. മദ്രാസ് പ്രസിഡൻസി കോളേജിൽ നിന്നാണ് അദ്ദേഹം എഫ്.എ. പാസ്സായത്. പിന്നീട് അവിടെ ക്രിസ്ത്യൻ കോളേജിൽ ചേർന്ന് ബി.എ. ബിരുദം നേടി. അവിടത്തെ പ്രൊഫസർമാരിൽ ഒരാളായ ഹോഗ് എം.പി.യുടെ ആരാധ്യപുരുഷനായിരുന്നു. ഹോഗിനും എം.പി., അരുമശിഷ്യനുമായിരുന്നു. തത്വശാസ്ത്രം, ധർമ്മശാസ്ത്രം, ഇംഗ്ലീഷ് സാഹിത്യം എന്നിവ ഹോഗാണ് അദ്ദേഹത്തെ പഠിപ്പിച്ചുകൊണ്ടിരുന്നത്. യുക്തിവിചാരവും, സ്വതന്ത്രചിന്തയും എം.പി.യിൽ നാമ്പെടുത്തതും പടർന്നു പന്തലിച്ചതും ഹോഗിന്റെ സ്വാധീനം കൊണ്ടാണെന്ന് പറയുന്നതിൽ തെറ്റില്ല. എം.പി. ജയിലിലായിരിക്കുമ്പോൾ ഈ ഗുരുനാഥൻ അദ്ദേഹത്തെ സ്ഥിരം സന്ദർശിച്ചുകൊണ്ടിരിക്കുകയും പുസ്തകങ്ങൾ കൊണ്ടുപോയി കൊടുക്കുകയും പതിവായിരുന്നു.3. ഈ ഗുരുശിഷ്യബന്ധം മരിക്കും വരെ നിലനിന്നു. എം.പി.യെ മദ്രാസ് ലോ കോളേജിൽ ചേർക്കണമെന്നാഗ്രഹമുണ്ടായിരുന്നുവെങ്കിലും അനുജൻ എം.പി. ഗോവിന്ദമേനോന് കോളേജിൽ ചേരുന്നതിന് വേണ്ടി അദ്ദേഹം പഠിപ്പ് അവസാനിപ്പിക്കുകയാണ് ചെയ്തത്. രണ്ട് പേരെ ഒരേ അവസരത്തിൽ പഠിപ്പിക്കാനുള്ള സാമ്പത്തിക പരാധീനതയായിരുന്നു കാരണം. എന്നാൽ പിന്നീട് പ്ലീഡർ പരീക്ഷ പാസ്സായി പെരിന്തൽമണ്ണ മുൻസിഫ് കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു. ചുരുങ്ങിയ കാലം കൊണ്ടു തന്നെ നല്ല വരുമാനമുള്ള വക്കീൽ എന്ന ബഹുമതി അദ്ദേഹം നേടി. അമ്മയുടേയും അമ്മാവൻമാരുടേയും ആഗ്രഹത്തിനനുസരിച്ച് അമ്മാവന്റെ മകളായ പറമ്പോട്ട് കല്യാണിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. 1913ൽ വക്കീൽപ്പണി തുടങ്ങിയ അദ്ദേഹം മൂന്ന് വർഷം കൊണ്ട് മലബാറിൽ അറിയപ്പെടുന്ന പ്ലീഡറായിത്തീർന്നിരുന്നു. അന്നത്തെ പരിതസ്ഥിതിയിൽ ബ്രിട്ടീഷ് ഗവൺമെൻറിന്റെ കീഴിൽ നല്ല ഒരുദ്യോഗം കരസ്ഥമാക്കുവാൻ ഒട്ടും പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ ലൗകികമായ നേട്ടങ്ങളൊന്നും അദ്ദേഹത്തിന്റെ ലക്ഷ്യമായിരുന്നില്ല. വിദ്യാഭ്യാസകാലത്ത് തന്നെ രാഷ്ട്രീയ - സാമൂഹിക പ്രവർത്തനങ്ങളിൽ അതീവ താൽപര്യം അദ്ദേഹം കാണിച്ചിരുന്നു. അക്കാലത്ത് അധ്യാപകൻമാരേയും വകുപ്പ് അധ്യക്ഷൻമാരേയും ഭയപ്പെടാത്ത ഒറ്റ വിദ്യാർത്ഥിയേയും കാണുമായിരുന്നില്ല. പക്ഷെ നാരായണമേനോൻ ഹൈസ്കൂൾ പഠനകാലത്ത് തന്നെ സ്കൂളിലെ മറ്റു വിദ്യാർത്ഥികളുടെ നേതാവായിരുന്നു. വിദ്യാർത്ഥികളുടെ സങ്കടങ്ങളും പ്രശ്നങ്ങളും

അദ്ധ്യാപകൻമാരുടെ മുമ്പിൽ അവതരിപ്പിക്കുവാനുള്ള അദ്ദേഹത്തിന്റെ സാമർത്ഥ്യം കൊണ്ടാണ് മറ്റുള്ളവരെല്ലാം എം.പി.യെ മാനിക്കുകയും നേതാവായി അംഗീകരിക്കുകയും ചെയ്തിരുന്നത്. അക്കാലത്ത് സ്കൂൾ അധികൃതരുടെ കണ്ണിൽ അച്ചടക്കമില്ലാത്ത കുട്ടിയാണെന്ന സംശയം മാത്രം ജനിച്ചാൽ കൂടി പഠിപ്പ് തീർന്നത് തന്നെ. വരുംവല്ലായ്കകൾ ആലോചിച്ച് കൃത്യവിലോപം നടത്തുവാൻ കുട്ടിക്കാലത്ത് പോലും അദ്ദേഹത്തിന് സാധിക്കുമായിരുന്നില്ല. ന്യായമായ എത് കാര്യവും കൂസലില്ലാതെ വെട്ടിത്തുറന്ന് പറയുന്ന നിർഭയത്വം അദ്ദേഹത്തിന്റെ കൂടപ്പിറപ്പായിരുന്നു. എവിടെ എന്ത് അനീതി കണ്ടാലും അദ്ദേഹത്തിൽ ധാർമ്മിക രോഷം പ്രകടമാകും. എതിർക്കേണ്ടതാണെങ്കിൽ എതിർക്കുകയും ചെയ്യും.

സവർണ്ണർ ആചരിച്ചുപോന്ന തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ചെറുപ്പകാലം മുതൽ വെറുപ്പോടുകൂടി വീക്ഷിച്ചിരുന്ന അദ്ദേഹം ജാതി-മതാതീതമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്ത മഹാശയനായി വളർന്നു. ജാതിക്കും അയിത്തതിനും എതിരായി അദ്ദേഹം അങ്കത്തിനിറങ്ങി. സ്വജാതിക്കാരും മറ്റു പ്രമാണിമാരും എന്തു വിചാരിച്ചാലും ശരി തനിക്ക് നല്ലതെന്ന് തോന്നിയ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹം മടിച്ചിട്ടില്ല. പൊതുജനാഭിപ്രായത്തിനും കയ്യടിക്കും വേണ്ടി അദ്ദേഹം കൊതിച്ചതുമില്ല. സവർണ്ണ കുടുംബത്തിലെ വിദ്യാഭ്യാസവും കുലീനത്വവും ഉള്ള ഒരു നായർ യുവാവ് നാട്ടുനടപ്പിനും കുടുംബ ആചാരത്തിനും ജാതി വഴക്കങ്ങൾക്കുമെതിരായി പ്രവർത്തിച്ചാൽ അക്കാല്ലത്തുണ്ടാകാവുന്ന ഭവിഷ്യത്ത് ഇന്ന് ആലോചിക്കാൻ പോലും സാധിക്കാത്തവിധം കഠിനമായിരുന്നു. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ പഠിക്കുന്ന കാലത്ത് പൈജാമയും ശെർവാണിയും തുർക്കിത്തൊപ്പിയും ധരിച്ചാണ് നാരായണമേനോൻ ക്ലാസിൽ പോയിരുന്നത്. ചിലപ്പോൾ തങ്ങൻമാർ ധരിക്കുന്ന തലപ്പാവോടു കൂടി അദ്ദേഹത്തെ കാണാമായിരുന്നു. നാരായണമേനോനെ കണ്ടാൽ ഒരു മുസ്ലിം ആണെന്നേ ആർക്കും തോന്നുകയുള്ളൂ.4. ചെറുപ്പം മുതൽക്കെ മലബാർ മാപ്പിളമാരുടെ വസ്ത്രധാരണ രീതിയാണ് അദ്ദേഹം അനുകരിച്ചുപോന്നത്. ജാതികുടുമയും വസ്ത്രധാരണ രീതിയും ഓരോ ജാതിക്കും മതത്തിനും വ്യത്യസ്ഥമായിരുന്ന കാലത്ത് യാതൊരു സങ്കോചവും കൂടാതെ മുസ്ലിംകളുടെ ഉടയാട അണിഞ്ഞ് നടക്കുന്നത് സ്വഭാവമാക്കിയിരുന്ന നാരായണമേനോൻ തന്റെ പ്രവൃത്തിയിലൂടെ സമൂഹത്തിന് നൽകിയ പാഠം വിലപ്പെട്ടതായിരുന്നില്ലേ? ഹിന്ദു-മുസ്ലിം മൈത്രിയുടെ ജീവിക്കുന്ന പ്രതികമായിരുന്നു അദ്ദേഹം. ക്രിസ്ത്യൻ കോളേജിലെ അന്നത്തെ പ്രിൻസിപ്പാളായിരുന്ന സ്റ്റോൺ എന്ന ധ്വര ഒരു ദിവസം നാരായണ മേനോനെ ഓഫീസിൽ വിളിച്ച്, താൻ ധരിച്ചിരിക്കുന്ന വസ്ത്രവും തൊപ്പിയും മുസ്ലിംകളുടേതല്ലേ, ഹിന്ദുവായ താൻ എന്തിന് ഈ വേഷം കെട്ടുന്നു എന്ന് ചോദിച്ചതിന് നാരായണമേനോൻ നൽകിയ മറുപടി അദ്ദേഹത്തിന്റെ നിഷ്കളങ്കതയും നിർഭയത്വവും പ്രകടമാക്കുന്നതായിരുന്നു. കോളേജിൽ എത്രയോ ഹിന്ദു വിദ്യാർത്ഥികൾ കോട്ടും, ടൈയും, ട്രൗസറും, പാന്റും ധരിച്ച് ഇംഗ്ലീഷ്കാരന്റെ വേഷവിധാനത്തിൽ വരുന്നു. അതിനേക്കാൾ കുറ്റകരമാണോ ഇവിടത്തെ വലിയ ഒരു ജനവിഭാഗമായ മുസൽമാന്റെ വസ്ത്രധാരണ രീതി അനുകരിക്കുന്നത്. ഈ മറുപടികേട്ട് അന്തം വിട്ടുപോയ പ്രിൻസിപ്പൽ യാതൊരു ശിക്ഷാ നടപടിയും സ്വീകരിക്കാതെ അദ്ദേഹത്തെ വെറുതെ വിട്ടു. 1942ൽ ക്വിറ്റ് ഇന്ത്യാ സമരത്തോടനുബന്ധിച്ച് ബന്ധനസ്ഥനായി തഞ്ചാവൂർ ജയിലിൽ, മൂന്ന് വർഷം അദ്ദേഹം കഴിച്ചു കൂടിയിരുന്ന കാലത്ത് നാരായണമേനോൻ ഉപയോഗിച്ച് പോന്ന വസ്ത്രധാരണ രീതിയെക്കുറിച്ച് കെ.പി. കേശവമേനോൻ എഴുതുന്നത് ഇപ്രകാരമാണ്, "ഹാഫ് .ട്രൗസർ, ഫ്ളാപ്പോടുകൂടിയ പോക്കറ്റുകൾ ഇരുവശത്തും എന്തി നിൽക്കുന്ന മിലിട്ടറിക്കുപ്പായം, ചട്ടത്തൊപ്പി, ക്യാൻവാസ് ഷൂസ് - എല്ലാം ശുദ്ധ വെള്ള - ഈ വേഷത്തിലാണ് തനിപഴഞ്ചൻമാരും ഉഗ്രദേശീയ വാദികളും അർദ്ധനഗ്നരും വളരെ ബഹുമതൻമാരായി കഴിഞ്ഞിരുന്ന ജയിലിനുള്ളിൽ എം.പി.യുടെ കവാത്ത്"5. വാക്കിലും, ആകൃതിയിലും, പ്രകൃതിയിലും നടപ്പിലും തനതായ വ്യക്തിത്വം പ്രകടമാക്കുക നാരായണമേനോന്റെ സ്വതസിദ്ധമായ സ്വഭാവമായിരുന്നു. നിലവിലുണ്ടായിരുന്ന സാമൂഹ്യ ആചരങ്ങളേയും സുസ്ഥാപിതമായ കീഴ്വഴക്കങ്ങളേയും ലംഘിക്കുകയും പുതിയ സാമൂഹ്യക്രമത്തിനു വേണ്ടി ആശിക്കുകുയും ചെയ്തിരുന്ന നാരായണമേനോൻ നൂറ് ശതമാനവും തികഞ്ഞ ഒരു വിപ്ലവനേതാവായിരുന്നു.

ആനിബസന്റ് ഹോംറൂൾ പ്രസ്ഥാനവുമായി ഇറങ്ങിയ കാലത്ത് നാരായണമേനോൻ അതിന്റെ പ്രധാന പ്രവർത്തകരിൽ ഒരാളായിത്തീർന്നു. 1914 മുതൽ സജീവരാഷ്ട്രീയ പ്രവർത്തകനായി മാറിയ അദ്ദേഹം 1917ൽ മലബാറിൽ വ്യാപകമായ രീതിയിൽ നടന്ന കുടിയാൻ സമരങ്ങളിൽ പങ്കെടുത്തും സവർണ്ണജൻമിത്വത്തിനെതിരായി പോരാടി. എക്കാല ത്തും പുരോഗമനാഭിപ്രായം വച്ച് പുലർത്തിയിരുന്ന അദ്ദേഹം തന്റെ വാക്കും പ്രവൃത്തിയും തമ്മിൽ ഒരണു പോലും വ്യത്യാസം വരുത്തിയിരുന്നില്ല. മലബാറിലെ ജൻമികൾ മിക്കവാറും എല്ലാവരും തന്നെ സവർണ്ണ ഹിന്ദുക്കളായിരുന്നു. എങ്കിൽ കൂടിയും കുടിയാൻമാരുടെ യാതനയും കഷ്ടപ്പാടും ഒരളവോളമെങ്കിലും ലഘൂകരിക്കുവാൻ തന്റെ പ്രവർത്തനങ്ങൾക്ക് സാധിക്കുമെങ്കിൽ താൻ കൃതാർത്ഥനാണെന്ന് അദ്ദേഹം പറയുമായിരുന്നു. ശക്തരും സർക്കാർ പിന്തുണയുള്ളവരുമായ ജൻമികളുടെ ശത്രുതയോ, ഗവർമ്മെണ്ടിന്റെ നോട്ടപ്പുള്ളിയായാലുള്ള ഭവിഷ്യത്തോ, തന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുവാൻ അദ്ദേഹം അനുവദിച്ചിരുന്നില്ല. ഏറനാട് കോൺഗ്രസ്സ് സെക്രട്ടറിയെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രയത്നമാണ് തെക്കെ മലബാറിലെ മുസ്ലിംകളെ കോൺഗ്രസ്സുമായി ബന്ധിപ്പിച്ചത്. അതിന് അദ്ദേഹത്തിന്റെ സഹായിയായി വർത്തിച്ചത് കട്ടിലശ്ശേരി മുഹമ്മദ് മുസലിയാരായിരുന്നു. അവർ ഇരുവരും ഉറ്റസുഹൃത്തുക്കളും എല്ലാ കാര്യങ്ങളിലും അന്യോന്യം സഹായിച്ച് മരണം വരെ

സ്വരുമയോടുകൂടി വർത്തിച്ചവരുമാണ്. അവർ 'കുടിയാൻ സങ്കടനിവാരണസംഘം' രൂപീകരിച്ച് കോൺഗ്രസ് പ്രവർത്തനവുമായി ഒന്നിപ്പിക്കുകയും ചെയ്തു. ഈ സംഘം പിന്നീട് 'കേരള കുടിയാൻ സംഘ'ത്തിൽ ലയിച്ചു. കുടിയാൻ പ്രശ്നം കോൺഗ്രസ് കൈകാര്യം ചെയ്യുമെന്നുറപ്പായപ്പോൾ മാപ്പിളമാരും താണജാതിക്കാരായ .കൃഷിപ്പണിക്കാരും കോൺഗ്രസ്സിൽ അംഗത്വം സ്വീകരിക്കുവാൻ തയ്യാറായി.6. കൃഷിക്കാരേയും കുടിയാൻമാരേയും സംഘടിപ്പിക്കുവാൻ കട്ടിലശ്ശേരിയും എം.പി. നാരായണ മേനോനും ഭഗീരഥ പ്രയത്നം ചെയ്തുകൊണ്ടിരുന്നു. ഇക്കാലത്ത് നടന്ന ഒരു സംഭവം കുടിയാൻമാരെ കോൺഗ്രസ് സംഘടനയിലേക്ക് കൂട്ടത്തോടെ ആകർഷിക്കുവാൻ ഉപകാരപ്പെട്ടു. സാമൂതിരി എസ്റ്റേറ്റിലെ കാര്യസ്ഥൻ കുടിയാൻമാരെ ദ്രോഹിക്കുന്നതിനെതിരായി എം.പി.യും കട്ടിലശ്ശേരിയും ശബ്ദമുയർത്തുകയും കുടിയാൻമാർ കൊയ്യാനും കറ്റകെട്ടാനും വരില്ലെന്ന പ്രഖ്യാപനം നടത്തുകയും ചെയ്തു. കൃഷിപ്പണി അസാദ്ധ്യമാണെന്ന് ബോദ്ധ്യമായപ്പോൾ സാമൂതിരി തന്റെ കാര്യസ്ഥനെ പിരിച്ചയച്ച് സംഗതി രമ്യമായി പരിഹരിച്ചു. കുടിയാൻ സംഘത്തിന്റെ ഈ വിജയമാണ് കോൺഗ്രസ് - ഖിലാഫത്ത് പ്രസ്ഥാനങ്ങളിലേക്ക് മാപ്പിളമാരെ ആവേശത്തോടുകൂടി അണിനിരത്തുവാൻ സഹായിച്ചത്. 1920ൽ 'മലബാർ കുടിയാൻ സംഘം' സ്ഥാപിതമായതോടെ സംഘടിതമായ കർഷകസമരങ്ങൾക്ക് ആക്കം കിട്ടി. എം.പി.യുടേയും കട്ടിലശ്ശേരിയുടേയും കഠിനാദ്ധ്വാനം മൂലം ഹിന്ദുക്കളും മുസ്ലിംകളും ഒത്ത് ചേർന്ന് കുടിയാൻ പ്രവർത്തനവും കോൺഗ്രസ് പ്രവർത്തനവും ഒന്നാക്കിത്തീർത്തു.7. എം.പി. നാരായണമേനോന് മാപ്പിളമാരുടെ ശക്തമായ പിന്തുണ ലഭിച്ചു. "കട്ടിലശ്ശേരി മുഹമ്മദ് മുസലിയാർ, പൊറ്റയിൽ മുഹമ്മദ് ഹാജി, പെരുന്തൽമണ്ണയിലെ മുഹമ്മദ് മുസലിയാർ, എന്നിവർ കുടിയാൻ സംഘങ്ങളും ആപ്പീസുകളും സ്ഥാപിക്കുന്നതിലും സമ്മേളനങ്ങൾ നടത്തുന്നതിലും എം.പി.യെ വളരെയേറെ സഹായിച്ചു. വള്ളുവനാട് - ഏറനാട് താലൂക്കുകളിലെ മുക്കിലും മൂലയിലും സഞ്ചരിച്ച് മാപ്പിളയോഗങ്ങളിലും പള്ളികളിലും പ്രസംഗിച്ച്, കൃഷി പ്രവർത്തകരും കൂലിപ്പണിക്കാരുമായിരുന്ന മാപ്പിളമാരെ കുടിയാൻ സംഘങ്ങളിൽ ചേർക്കാൻ കട്ടിലശ്ശേരി സഹായിച്ചു. ഈ സംഘങ്ങൾ പിന്നീട് ഖിലാഫത്ത് കമ്മിറ്റികളിൽ ലയിച്ചു."8. ഈ കുടിയാൻ പ്രസ്ഥാനങ്ങളാണ് മാപ്പിളമാരെ കോൺഗ്രസ്സുമായി ബന്ധിപ്പിച്ചത്. 1920ലെ മഞ്ചേരി കോൺഫ്രൻസിൽ കുടിയാൻ പ്രശ്നങ്ങളും ഖിലാഫത്ത് കാര്യവും എതിർപ്പുകളെ അതിജീവിച്ച് വിജയിപ്പിക്കുവാൻ സാധിച്ചത് സമ്മേളനത്തിലെ പ്രതിനിധികളിലധികവും മാപ്പിളമാരായതിനാലായിരുന്നു.

മരുമക്കത്തായത്തിന്റെയും കൂട്ടു കുടുംബത്തിന്റെയും അടിത്തറ ഇളകിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. അമ്മാവൻമാരായ കുടുംബക്കാരണവൻമാർ അനന്തിരവൻമാരോട് കാണിച്ചിരുന്ന ക്രൂരതകൾ ഈ സമ്പ്രദായങ്ങളുടെ നിലനിൽപ്പിനെ തകർത്തുകൊണ്ടിരുന്നു. അക്കാലത്ത് യുദ്ധസഹായത്തിന് വേണ്ടി കോഴിക്കോട് വിളിച്ചുകൂട്ടിയ സമ്മേളനത്തിൽ സി. രാജാഗോപാലാചാരി ആയിരുന്നു ആദ്ധ്യക്ഷൻ. ആ സമ്മേളനത്തിൽ നടന്ന രസകരമായ ഒരു സംഭവം കെ.പി. കേശവമേനോൻ അയവിറക്കുന്നുണ്ട്. സമ്മേളനത്തിൽ പ്രസംഗിച്ച അങ്ങാടിപ്പുറത്തെ പ്രധാന വക്കീലായിരുന്ന ചെങ്കുളത്ത് കരുണാകരമേനോൻ യുവാക്കളോട് പട്ടാളത്തിൽ ചേരാൻ അഭ്യർത്ഥിച്ചുകൊണ്ട് പറഞ്ഞത്, താൻ തന്റെ രണ്ടു മരുമക്കളെ പട്ടാളത്തിൽ ചേർത്തു കഴിഞ്ഞുവെന്നാണ്. പ്രസംഗം കേട്ടുകൊണ്ടിരുന്ന നാരായണമേനോൻ എഴുന്നേറ്റുനിന്നു ചോദിച്ചത് മക്കളെ ആരെയെങ്കിലും യുദ്ധത്തിനയച്ചിട്ടുണ്ടോ എന്നായിരുന്നു.9. മലബാറിലെ നായർ കൂട്ടുകുടുംബവ്യവസ്ഥയിൽ മരുമക്കൾ അനുഭവിച്ചിരുന്ന ദുരിതങ്ങൾ ശരിക്കുമറിയാമായിരുന്ന ജനം നാരായണ മേനോന്റെ ചോദ്യത്തിൽ അടങ്ങിയിരിക്കുന്ന പരിഹാസ്യം മനസ്സിലാക്കി കൈയ്യടിച്ച് ഹർഷാരവം മുഴക്കി. ആർക്ക് വിരോധം തോന്നുമെന്നൊന്നും നോക്കാതെ എത് കാര്യവും വെട്ടിത്തുറന്ന് പറയുവാനുള്ള ചങ്കൂറ്റം എക്കാലത്തും അദ്ദേഹം പ്രകടമാക്കിയിരുന്നു.

1920ൽ കോൺഗ്രസ്സ് നിസ്സഹകരണ പ്രസ്ഥാനം ആരംഭിച്ചപ്പോൾ നാരായണ മേനോൻ തന്റെ വക്കീൽ പണി ഉപേക്ഷിച്ച് കോൺഗ്രസ്സിന്റെയും കുടിയാൻ സംഘത്തിന്റെയും മുഴുവൻ സമയ പ്രവർത്തകനായിത്തീർന്നു. അതിന് മുമ്പ് തന്നെ പാവപ്പെട്ട കൃഷിക്കാരുടെ കേസ്സുകൾ ഫീസ് വാങ്ങാതെയാണ് അദ്ദേഹം വാദിച്ചിരുന്നത്. വക്കീൽ പണിയിൽ കിട്ടിയിരുന്ന പണമാകട്ടെ കുടിയാൻ പ്രവർത്തനത്തിനും ചെലവഴിച്ചിരുന്നു. ഏറനാട് താലൂക്ക് കോൺഗ്രസ് കമ്മിറ്റിയുടെ സെക്രട്ടറിയെന്ന നിലയിൽ നിസ്സഹകരണ സന്ദേശം മാപ്പിള നാടിന്റെ മുക്കിലും മൂലയിലും പ്രചരിപ്പിക്കുവാനദ്ദേഹത്തിന് കഴിഞ്ഞു. ഏറനാട് മാപ്പിളമാരുടെ കണ്ണിലുണ്ണിയായിരുന്നു അദ്ദേഹം. അവരുടെ വേഷമണിഞ്ഞു നടന്നിരുന്ന ഈ നായർ വക്കീൽ പറയുന്നതെന്തും ചെയ്യുവാൻ ഏറനാട് മാപ്പിളമാർ ഒരുക്കവുമായിരുന്നു. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പെരിന്തൽമണ്ണയിൽ നിന്ന് മഞ്ചേരിയിലേക്ക് താമസം മാറ്റിയതിക്കാലത്താണ്. ഈ അവസരത്തിലാണ് ഖിലാഫത്ത്കാരും കോൺഗ്രസ്സിന്റെ പരിപാടികളിൽ ഉൾപ്പെടുത്തപ്പെട്ടത്. കോൺഗ്രസ്സ് പക്ഷത്തേക്ക് മുസ്ലിം ബഹുജനങ്ങളെ കൂടുതൽ ആകർഷിക്കുവാൻ വേണ്ടിയായിരുന്നു തീർത്തും മുസ്ലിംകളുടെ മാത്രം മതവിഷയമായിരുന്നിട്ടും ഖിലാഫത്ത് പ്രസ്ഥാനത്തിന് ഗാന്ധിജിയും കോൺഗ്രസ്സും നേതൃത്വം കൊടുത്തത്. മുസൽമാന്റെ ജീവൻ മരണസമരത്തിൽ ഹൈന്ദവസഹോദരങ്ങളും പങ്കാളികളായിരിക്കുമെന്ന് ബ്രിട്ടീഷ് അധീശത്വത്തിന് മുന്നറിയിപ്പു നൽകുകയെന്നത് കൂടി ഈ തീരുമാനത്തിൽ അന്തർഭവിച്ചിരുന്നു. ഇതോടെ മലബാറിൽ രാഷ്ട്രീയ പ്രവർത്തനം സജീവമായി. കോൺഗ്രസ്സ്ഖിലാഫത്ത് കമ്മറ്റികൾ എല്ലാ സ്ഥലങ്ങളിലും സംഘടിപ്പിച്ച് ഉഷാറായ പ്രവർത്തനം ആരംഭിക്കുകയും ചെ

യ്തു. കോൺഗ്രസ്സ് കമ്മിറ്റിയുടേയും ഖിലാഫത്ത് കമ്മിറ്റിയുടേയും ഭാരവാഹികൾ മിക്ക സ്ഥലത്തും ഒരേ ആളുകൾ തന്നെയായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനവും കുടിയാൻ സമരവും ഏറ്റവും ശക്തമായിരുന്നതും മലബാറിലെ ഏറനാട്ടിൽ തന്നെയായിരുന്നു. ഏറനാട് താലൂക്ക് കോൺഗ്രസ്സ് സെക്രട്ടറിയായിരുന്ന നാരായണമേനോൻ, ഖിലാഫത്ത് നേതാക്കളായിരുന്ന ആലിമുസലിയാർ, ചെമ്പ്രശ്ശേരി തങ്ങൾ, വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, വടക്കവീട്ടിൽ മാമ്മുദ്, കട്ടിലശ്ശേരി മുഹമ്മദ് മുസലിയാർ തുടങ്ങിയവരുമായി നിദാന്ത സമ്പർക്കം പുലർത്തിപ്പോന്നിരുന്നു. ഇവരെല്ലാമാണ് 1921ലെ ഖിലാഫത്ത് വിപ്ലവത്തോട് കൂടി ഉടലെടുത്ത ഖിലാഫത്ത് ഗവൺമെൻറിൻെറ തലവൻമാരായി എന്നതും സ്മരണീയമാണ്. കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തനങ്ങൾ ഊർജ്ജിതമായതോടെ മലബാർ കലക്ടറായിരുന്ന തോമസിൻെറ നേതൃത്വത്തിൽ ഭീകരമായ പോലീസ് മർദ്ദനവും അടിച്ചമർത്തലുകളുമാരംഭിച്ചു. 1921ലെ ഒറ്റപ്പാലം കോൺഗ്രസ്സ് സമ്മേളനം, പോലീസ് നരവേട്ട നടത്തിയതോടെ അലങ്കോലപ്പെട്ടു. ഖിലാഫത്ത് ഓഫീസുകളിൽ കയറി പോലീസുകാർ പ്രവർത്തകരെ മർദ്ദിച്ചും കള്ളക്കേസുകളിൽ കുടുക്കിയും നാട്ടിലുടനീളം ഭീകരാവസ്ഥ സൃഷ്ടിച്ചിരുന്നു. എങ്ങിനേയും കോൺഗ്രസ്സ്-ഖിലാഫത്ത് പ്രസ്ഥാനങ്ങളെ അടിച്ചമർത്തണമെന്നായിരുന്നു ജില്ലാ അധികാരികളുടെ നയം. പൊതുയോഗങ്ങൾ നിരോധിച്ചും നേതാക്കൻമാരെ തുറങ്കിലടച്ചും ഭീഷണമായ സ്ഥിതിവിശേഷം സർക്കാർ സംജാതമാക്കി.

മലബാറിലെ രാഷ്ട്രീയ പ്രവർത്തനങ്ങളെ അധികരിച്ച് കലക്ടർ തോമസ്സ്, ചീഫ് സെക്രട്ടറിക്കയക്കുന്ന കത്തിൽ എം.പി. നാരായണമേനോൻ ഉൾപ്പെടെ 24 നേതാക്കൻമാരെ 1859ലെ മാപ്പിള ആക്ട് പ്രകാരം അറസ്റ്റു ചെയ്യുവാൻ അനുവാദം ചോദിച്ചിരിക്കുന്നതായി കാണുന്നു.10. അതേ വർഷം ജൂലായ് - ആഗസ്റ്റ് മാസങ്ങളിലെ പ്രതിവാര റിപ്പോർട്ടുകളിൽ നാരായണമേനോൻ, മറ്റുള്ള ഖിലാഫത്ത് നേതാക്കൻമാരുമായി ചേർന്ന് ചെമ്പ്രശ്ശേരി, കാളിക്കാവ്, നെല്ലിക്കുത്ത്, കോഴിക്കോട്, തുവ്വൂർ, പാണ്ടിക്കാട്, കരുവാരക്കുണ്ട്, മണ്ണാർക്കാട് തുടങ്ങിയ സ്ഥലങ്ങളിൽ പൊതുയോഗങ്ങൾ നടത്തിയതിനേയും ഖിലാഫത്ത് - നിസ്സഹകരണ കമ്മിറ്റികൾ സംഘടിപ്പിച്ചതിനേയും കുറിച്ച് വിശദമായി പരാമർശിക്കുന്നുണ്ട്.11. ഈ സ്ഥലങ്ങളൊക്കെ തന്നെയായിരുന്നു ഖിലാഫത്തിൻെറ സുപ്രധാന കേന്ദ്രങ്ങൾ എന്നത് കൂടി ഇവിടെ നമുക്ക് ഓർക്കാം.

ഏറ്റുമുട്ടൽ അനിവാര്യമാണെന്ന് മനസ്സിലാക്കിയ ബ്രിട്ടിഷ് ഭരണകൂടം നാപ്പ് എന്ന ധ്വരയെ ഓഫീസർ കമാൻഡണ്ടായി നിയമിച്ച് മലബാറിലേക്ക് അയച്ചിരുന്നു. അദ്ദേഹം ആഗസ്റ്റ് 18-ാം തിയ്യതി ഗവർണ്ണർക്ക് സർപ്പിക്കുന്ന റിപ്പോർട്ടിൽ നാരായണമേനോനെപ്പറ്റി പറയുന്ന ഭാഗം അദ്ദേഹത്തിൻെറ പ്രവർത്തനത്തിൻെറ സീമ എത്രത്തോളമായിരുന്നുവെന്ന കാര്യം വിളംബരം ചെയ്യുന്നുണ്ട്. നാപ്പ് എഴുതുന്നു. "Among isolated items of interest is the fact that the Khilafat Movement in Malabar is largely led by one M.P. Narayana Menon, a Hindu, who however has adopted Mappilla dressing"12. (താൽപര്യജനകമായി തോന്നുന്ന കാര്യങ്ങളിൽ ഒന്ന് മലബാറിലെ ഖിലാഫത്ത് പ്രസ്ഥാനം പ്രധാനമായി നയിക്കുന്നത് മാപ്പിളമാരുടെ വേഷവിധാനത്തിൽ നടക്കുന്ന ഹിന്ദുവായ ഒരു എം.പി. നാരായണമേനോൻ ആണെന്നതാണ്).

1921 ആഗസ്റ്റ് 18-ാം തിയ്യതിയിലെ റിപ്പോർട്ടിലാണിത് പറയുന്നത്. രണ്ടുദിവസം കഴിയുന്നതിന് മുമ്പ് തിരൂരങ്ങാടിയിൽ പട്ടാളവും ഖിലാഫത്ത് പ്രവർത്തകരും തമ്മിൽ ഉഗ്രമായ സംഘട്ടനം നടന്നു. ഇരുപക്ഷത്തും പലരും മരിച്ചു. ഒരു ഒത്തുതീർപ്പിനുള്ള സാധ്യതകളൊക്കെ അടഞ്ഞു. പട്ടാളത്തിന് താൽക്കാലികമായി പരാജയം അംഗീകരിച്ച് പിൻവലിയേണ്ടതായി വന്നതോടെ, ഇംഗ്ലീഷ്‌രാജ് അവസാനിച്ചിരിക്കുന്നു. ഖിലാഫത്ത് ഭരണം സ്ഥാപിക്കുക മാത്രമാണ് കരണീയം എന്ന് എല്ലാവരും വിചാരിച്ചു. മലബാറിനെ പല പ്രവിശ്യങ്ങളായി തിരിച്ചു. ഓരോ സ്ഥലത്തേയും ഭരണം ഖിലാഫത്ത് നേതാക്കൻമാർ ഏറ്റെടുത്തു. ആലി മുസലിയാരെ ഖിലാഫത്ത് രാജാവായി തിരൂരങ്ങാടിയിൽ വാഴിച്ചു. ചെമ്പ്രശ്ശേരി തങ്ങളും വാരിയം കുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ഓരോ പ്രവിശ്യകളുടെ ഭരണം ഏറ്റെടുത്തു. ഇത്തരം സാഹചര്യത്തിൽ കോൺഗ്രസ്സ് നേതാക്കൻമാരെല്ലാം അനുരഞ്ജനശ്രമങ്ങൾ തകൃതിയായി നടത്തുകയായിരുന്നു. അവിവേകം കൂടുതൽ ആപത്ത് വിളിച്ചു വരുത്തമെന്നറിയാമായിരുന്ന നാരായണമേനോൻ, തൻെറ സുഹൃത്തുക്കളായ ഖിലാഫത്ത് നേതാക്കൻമാരെ കണ്ട് ഒരൊത്തുതീർപ്പുണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ ആവോളം നടത്തിയെങ്കിലും പരാജയപ്പെടേണ്ടതായി വന്നു. പട്ടാളവും ഖിലാഫത്ത് വളൺടിയർമാരും തുറന്ന യുദ്ധങ്ങൾ തന്നെ നടത്തി തെക്കെ മലബാറിൽ ചോരപ്പുഴ ഒഴുക്കി.

ഈ ദുഃഖകരമായ കാഴ്ച വേദനയോടുകൂടി നോക്കി നിൽക്കുവാനേ നാരായണമേനോന് കഴിയുമായിരുന്നുള്ളൂ. കൊടിയ സംഘട്ടനത്തിലേക്ക് ജനങ്ങളെ കൊണ്ടെത്തിക്കാതിരിക്കുന്നതിനുള്ള സമാധാനശ്രമങ്ങൾ അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ സെപ്റ്റംബർമാസം 10-ാം തിയ്യതി മഞ്ചേരിയിൽ വെച്ച് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു.13. കലാപത്തിൽ പങ്കാളികളായ ഹൈന്ദവ നേതാക്കൻമാർ ധാരാളമുണ്ടായിരുന്നു. അധികൃതരുടെ നിഷ്ഠൂരമായ മർദ്ദനങ്ങൾക്കും അസഹനീയമായ ജയിൽ വാസത്തിനും ഇരയായവർ ബ്രഹ്മദത്തൻ നമ്പൂതിരിയെപ്പോലെയും മണ്ണാർക്കാട് ഇളയനായരെപ്പോലെയും പറമ്പോട് അച്ചുതൻ കുട്ടി മേനോനെപ്പോലെയുമുള്ളവർ നിരവധിയാണെങ്കിലും നാരായണമേനോനെപ്പോലെ ഇത്ര അധികം പീഢനങ്ങൾ അനുഭവിക്കേണ്ടതായി വന്നവർ തുലോം തുച്ഛമായിരിക്കും. മഞ്ചേരിയിൽ നിന്നും അറസ്റ്റ് ചെയ്ത അദ്ദേഹത്തെ തിരൂർ വരെ 30 കിലോമീറ്റർ, രണ്ടു കയ്യും കയറുകൊണ്ട് കെട്ടി നഗ്നപാദനായി നടത്തിക്കൊണ്ടുപോകുകയാണ് ചെയ്തത്. കോയമ്പത്തൂർ,

മദ്രാസ്, തഞ്ചാവൂർ തുടങ്ങിയ സ്ഥലങ്ങളിൽ സുദീർഘമായ 14 വർഷം അദ്ദേഹം തടവിൽ കഴിഞ്ഞുകൂടി. ആൻഡമാനി ലേക്ക് ജീവപര്യന്തം നാടുകടത്തുവാനാണ് മിലിട്ടറി കോടതി ആദ്യം വിധിച്ചിരുന്നതെങ്കിലും ആ ശിക്ഷ ജീവപര്യന്തം കഠിനതടവായി പിന്നീട് ചുരുക്കുകയാണ് ചെയ്തത്. മേലാൽ യാതൊരു രാഷ്ട്രീയ പ്രവർത്തനവും നടത്തുകയില്ലെന്നും ചെയ്ത തെറ്റിന് മാപ്പപേക്ഷിക്കുന്നുവെന്നും എഴുതികൊടു ത്താൽ വിട്ടയക്കാമെന്ന് അദ്ദേഹത്തെ അറിയിച്ചിരുന്നെങ്കിലും അദ്ദേഹം അതിന് തയ്യാറായില്ല. താൻ ചെയ്യാത്ത കുറ്റത്തിന് മാപ്പപേക്ഷിക്കുവാനോ, തന്റെ രാഷ്ട്രീയ സ്വാതന്ത്ര്യം അടിയറവെക്കുവാനോ ധീരോദാത്തനായ ആ ആദർശശാലി തയ്യാറായില്ല.

ഖിലാഫത്ത് വിപ്ലവത്തിന് ശേഷം നിർജ്ജീവമായ മലബാറിൽ രണ്ടു മൂന്ന് വർഷങ്ങൾക്ക് ശേഷമാണ് കോൺ ഗ്രസ്സ് സമ്മേളനം നടക്കുന്നത്. എല്ലാ വാർഷിക സമ്മേളന ങ്ങളിലും അക്കാലത്ത് പാസ്സാക്കിയിരുന്ന പ്രമേയങ്ങൾ മാപ്പിള ആക്ട് റദ്ദാക്കണമെന്നും തടവുകാരെ മോചിപ്പിക്ക ണമെന്നും എം.പി. നാരായണമേനോന്റെ ശിക്ഷ ഇളവു ചെയ്യണമെന്നൊക്കെയായിരുന്നു. പക്ഷെ 14 വർഷത്തെ നരകയാതനക്ക് ശേഷം മാത്രമേ നാരായണമേനോന് ജയിൽ വിമോചിതനാകുവാൻ സാധിച്ചുള്ളു. 34-ാമത്തെ വയസ്സിൽ ജയിലിൽ ഏകാന്തതടവിൽ കഴിയുക. 48 വയസ്സ് വരെ അത് അനുഭവിക്കുകയും ചെയ്യുക. ഇന്നത്തെ രാഷ്ട്രീയ ക്കാർക്ക് ആലോചിക്കുവാൻ പോലും സാധിക്കുമോ എന്ന് സംശയമാണ്. ഇന്നത്തെ ജയിലുകളെല്ലന്ന് കൂടി ഓർക്കണം. നിത്യേന അടിയും ഇടിയും അനുഭവിച്ച് യാതൊരു വിധ ജീവിത സൗകര്യവുമില്ലാത്ത കാരാഗൃഹമാണെന്നതുകൂടി മനസ്സിൽ കണ്ടാലേ 14 വർഷത്തെ ഈ ജീവിത യാതന യെക്കുറിച്ച് ഒരു ഏകദേശ രൂപമെങ്കിലും ലഭിക്കൂ.

1934ൽ ജയിൽവിമോചിതനായ നാരായണമേനോന് വമ്പിച്ച സ്വീകരണമാണ് നാട്ടിലുടനീളം ലഭിച്ചത്. തങ്ങളുടെ പ്രിയങ്കരനായ നേതാവിന് ഹൃദ്യമായ അഭിവാദ്യങ്ങളർപ്പിക്കു വാൻ ജനങ്ങൾ ആവേശം കാട്ടി. ജയിൽ വിമോചിതനായ നാരായണമേനോൻ വെറും എല്ലും തൊലിയുമായാണ് പുറത്തുവന്നത്. ജയിൽ ജീവിതവും ഭീകരമർദ്ദനങ്ങളും അദ്ദേഹത്തിന്റെ ആരോഗ്യത്തെ കാർന്ന് തിന്നിരുന്നു. എന്നി ട്ടും അദ്ദേഹം തളരാതെ പൂർവ്വാധികം ഉഷാറോടുകൂടി രാ ഷ്ട്രീയ - സാമൂഹ്യ രംഗങ്ങളിൽ സേവനമർപ്പിക്കുകയാണ് ചെയ്തത്. 1942ൽ ക്വിറ്റ് ഇൻഡ്യാ സമരത്തിനോടനു ബന്ധിച്ച് വീണ്ടും മൂന്നുവർഷം തഞ്ചാവൂർ ജയിലിൽ അദ്ദേ ഹം കഴിച്ചുകൂട്ടി. ജയിലിൽ കഴിഞ്ഞ 17 വർഷം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ബൗദ്ധികമായ നേട്ടങ്ങളുണ്ടാക്കു വാനാണ് വിനിയോഗിച്ചിരുന്നത്. പാശ്ചാത്യ - പൗരസ്ത്യ ദർശനങ്ങളും തത്വചിന്തയും അദ്ദേഹത്തെ ഏറെ ആകർഷി ച്ചിരുന്ന വിഷയങ്ങളാണ്. അവയിൽ നല്ല അവഗാഹം നേടുവാൻ സാധിച്ചതിന് പുറമേ സംസ്കൃതകാവ്യങ്ങളും വൈജ്ഞാനികസമ്പത്തും ഹൃദിസ്ഥമാക്കുവാനും ഈ ജ്ഞാ നോപാസകനു കഴിഞ്ഞിരുന്നു. ജീവിതത്തെ ചിട്ടപ്പെടുത്തു വാനും മാനസികവും ബുദ്ധിപരവുമായ ഔന്നത്യം നേടു വാനും ഇതൊക്കെ കൊണ്ടദ്ദേഹത്തിന് കഴിഞ്ഞു. ക്വിറ്റ് ഇൻഡ്യാ സമരത്തിൽ പങ്കെടുത്തു ശിക്ഷിക്കപ്പെട്ടവരിൽ തന്റെ സഹോദരൻ ഗോവിന്ദമേനോനും ഉണ്ടായിരുന്നു. തഞ്ചാവൂർ ജയിലിൽ തന്നെയാണ് അദ്ദേഹവുമുണ്ടായി രുന്നത്. എന്നാൽ എം.പി. തനിച്ച് ജീവിക്കുവാനാണ് ഇഷ്ട പ്പെട്ടത്. ഏകാന്തതയും ചിന്തയും അദ്ദേഹത്തിന്റെ ഇഷ്ട തോഴരായിരുന്നു. 1945ൽ ജയിലിൽ നിന്നും പുറത്തുവന്ന അദ്ദേഹം തികഞ്ഞ ദാർശികനായി മാറിയിരുന്നു. കൃത്യ നിഷ്ഠയും കാര്യമാത്രപ്രസക്തമായ ജീവിതരീതിയും പർണ്ണ പരിശീലിച്ചു പോന്ന നാരായണമേനോന്റെ എല്ലാ പ്രവൃ ത്തികളും തദനുസൃതമായി ചിട്ടപ്പെടുത്തിയിരുന്നു.

1937ൽ മദ്രാസ്സിൽ നിലവിൽ വന്ന കോൺഗ്രസ്സ് ഗവർ ന്മെണ്ട് ഹിന്ദു ധർമ്മസ്ഥാപനങ്ങളുടെ സൂപ്രണ്ടായി അദ്ദേ ഹത്തെ നിയമിച്ചു. ആ ഉദ്യോഗത്തിലിരിക്കുമ്പോഴാണ് വീണ്ടും ജയിലിൽ പോകേണ്ടി വന്നത്. 1945ൽ ജയിൽ വിമോ ചിതനായ അദ്ദേഹം സർട്ടിഫൈഡ് സ്കൂളുകളുടെ ചീഫ് ഇൻസ്പക്ടറായി നിയമിതനായി. നാരായണമേനോന് ഏറ്റവും ഇഷ്ടപ്പെട്ട പണിയായിരുന്നു ഇത്. സ്കൂളുകളിലും വിദ്യാർ ത്ഥികളിലും വളരെ നല്ല സ്വാധീനവും സമ്പർക്കവും ഉണ്ടാ ക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. പല പരിഷ്ക്കാ രങ്ങൾ വിജയപൂർവ്വം അദ്ദേഹം നടപ്പിലാക്കുകയും ചെയ്തു. 60-ാം വയസ്സിൽ പെൻഷൻ പറ്റുന്നതു വരെ ഈ ജോലി ഏറെ സന്തോഷത്തോടുകൂടി അദ്ദേഹം കൈകാര്യം ചെയ്തു. 1966ൽ എം.പി. രോഗബാധിതനായി. ചികിത്സാർത്ഥം മൂത്ത പുത്രൻ അദ്ദേഹത്തെ മദ്രാസിലേക്ക് കൊണ്ടുപോയി. 1966 ഒക്ടോബർ 5-ാം തിയ്തി എം.പി. നാരായണമേനോൻ ഈ ലോകത്തോടു യാത്ര പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന് 77 വയയസ്സ് പ്രായമായിരുന്നു. ഒരായുഷ്ക്കാലം മുഴുക്കെ മലബാറിലെ കഷ്ടപ്പെടുന്ന ജനങ്ങൾക്ക് വേണ്ടി പൊരു തുകയും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിന് വേണ്ടി അസഹനി യമായ ത്യാഗങ്ങൾ വരിക്കുകയും ചെയ്ത എം.പി. നാരായണ മേനോൻ, നല്ലവരായ, എല്ലാ മനുഷ്യരുടെ ഓർമ്മയിൽ ഇന്നും എന്നും ജീവിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ മരണത്തിൽ അനുശോചിച്ച നേതാക്കൻ മാരും മുഖപ്രസംഗങ്ങൾ വഴിയും ജീവചരിത്രക്കുറിപ്പുകൾ മുഖാന്തിരവും അനുസ്മരിച്ചവരും ധാരാളമാണ്. എന്നാൽ താൻ ചീഫ് ഇൻസ്പെക്ടറായിരുന്ന സ്ഥാപനങ്ങളിലെ കുട്ടി കളും അന്തേവാസികളും വിലപിച്ചത് "ഞങ്ങൾക്ക് ഞങ്ങളുടെ പിതാവ് നഷ്ടപ്പെട്ടു. ഞങ്ങൾ അനാഥരായി" എന്നായി രുന്നു.14. ആത്മാർത്ഥമായ ഈ വിങ്ങിപൊട്ടൽ എം.പി. എന്ന മനുഷ്യനെ വിലയിരുത്തുവാൻ സഹായിക്കും.

---

*1. പ്രൊഫ. എം.പി.എസ്. മേനോൻ, മലബാർസമരം, എം.പി. നാരായണമേനോനും സഹപ്രവർത്തകരും,*

അങ്ങാടിപ്പുറം, 1992, പുറങ്ങൾ 8-9.

2. അതുതന്നെ, പുറം 9.

3. കെ.പി. കേശവമേനോൻ, സമകാലീനരായ ചില കേരളീയർ, മുൻ ഉദ്ധരിച്ചത്, പുറം 197.

4. അതുതന്നെ, പുറം 192.

5. അതുതന്നെ, പുറം 199.

6. പ്രൊഫ. എം.പി.എസ്. മേനോൻ, മലബാർസമരം, മുൻ ഉദ്ധരിച്ചത്, പുറം 24.

7. അതുതന്നെ, പുറം 25.

8. അതുതന്നെ, പുറം 26.

9. സമകാലീനരായ ചില കേരളീയർ, മുൻ ഉദ്ധരിച്ചത്, പുറം 193.

10. G.F. Tottemham, Moplah Rebellion 1921 - 22, op.cit, pp 28-29, Govt. Press, Madras, 1922.


11. Ibid.

12. Ibid, Note on Malabar Affairs, A.R. KNAPP, 18-8-1921, p 34.

13. New India, 10-10-1921.

14. മാതൃഭൂമി, കോഴിക്കോട്, 1996 ഒക്ടോബർ 8.

## VIII. മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്



ഖിലാഫത്ത് വിപ്ലവത്തോടനുബന്ധിച്ച് കാരാഗ്രഹ വാസവും പീഢനവും ഏൽക്കേണ്ടതായി വന്ന ഹൈന്ദവ നേതാക്കൻമാരിൽ അദ്വിതീയസ്ഥാനമാണ് മോഴിക്കുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിനുള്ളത്. കലാപത്തിൻെറ തുടക്കത്തിൽ വളരെയധികം ഹിന്ദുക്കളെ അറസ്റ്റ് ചെയ്തു ശിക്ഷിച്ചിട്ടുണ്ട്. അവരിൽ ബ്രഹ്മദത്തൻ നമ്പൂതിരിയെ നാം കൂടുതൽ അറിയുന്നത് അദ്ദേഹം വളരെ വിലപ്പെട്ട ഒരു ഗ്രന്ഥം കലാപകാല അനുഭവങ്ങളെ വിശദീകരിച്ചു കൊണ്ടെഴുതിയിട്ടുണ്ട് എന്നതിനാലാണ്. 'ഖിലാഫത്ത് സ്മരണകൾ' എന്ന ഗ്രന്ഥം 1965ൽ അദ്ദേഹത്തിൻെറ മകൻ എം.ബി. നീലകണ്ഠനാണ് പ്രസിദ്ധീകരിച്ചത്. ഗ്രന്ഥകാരനായ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് അതിൻെറ തലേവർഷം മരണപ്പെട്ടിരുന്നു. തൻെറ അയൽപ്രദേശങ്ങളിൽ താൻ അറിയുന്ന പല സവർണ്ണരേയും പട്ടാളം പിടിച്ചുകൊണ്ടുപോയി കേസ്സിൽ കുടുക്കിയിരുന്നു. ചെർപ്പുളശ്ശേരിക്കാരനായ മോഴിക്കുന്നത്ത് എഴുതുന്നത്, മണ്ണാർക്കാടും ചെറുപ്പുളശ്ശേരിയും സവർണ്ണഹിന്ദുക്കളെ സാമാന്യത്തിലധികം പോലീസ് മർദ്ദിച്ചിട്ടുണ്ടെന്നാണ്. മൂപ്പിൽ നായരുടെ കാര്യസ്ഥൻമാരെ മുഴുവനും കള്ളകേസിൽപ്പെടുത്തി ശിക്ഷിച്ചു. വലിയ ഒരു പ്രമാണിയും വയോധികനുമായ ഇടച്ചോല കുട്ടപ്പണിക്കരുടെ ബന്ധുക്കളായവരേയും കൂട്ടത്തിൽ പിടിച്ചു. പെരുമനത്ത് അഷ്ടമൂടി നമ്പൂതിരിപ്പാട്, പേർക്കോട്ട് ദാമോദരപ്പണിക്കർ, മേലേവീട്ടിൽ അച്ചുതപ്പണിക്കർ മുതലായ മാന്യൻമാരും അതിൽ പെട്ടിരുന്നു. അവരുടെ പേരിൽ രാജാവിനോടു യുദ്ധം പ്രഖ്യാപിച്ചതായിട്ടായിരുന്നു കുറ്റം"1. 'ഖിലാഫത്ത് സ്മരണ'ക്ക് എഴുതിയിട്ടുള്ള അവതാരികയിൽ കെ.പി. കേശവമേനോൻ പറയുന്നത്, "ലഹളയ്ക്ക് കാരണമായ സംഭവങ്ങൾ വിവരിക്കുന്നതിൽ, ഗ്രന്ഥകർത്താവ് സ്വാനുഭവത്തെയാണ് പ്രധാനമായി അടിസ്ഥാനമാക്കിയിരിക്കുന്നത്. തനിയ്ക്ക് അറിയാത്തതോ, വിശ്വസിക്കുവാൻ പ്രയാസമായതോ, ആയ സംഗതികളൊന്നും അദ്ദേഹം ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുവാൻ മുതിർന്നിട്ടില്ല. ശ്രീ നമ്പൂതിരിപ്പാടിൻെറ അനുഭവങ്ങൾ തന്നെ അതിഭയങ്കരവും അസാധാരണവുമാണ്. ഒട്ടും അതിശയോക്തി ഇല്ലാതെ അദ്ദേഹം അത് വിവരിച്ചിട്ടുണ്ട്."2. ഈ വിലയിരുത്തൽ നൂറു ശതമാനവും ശരിയാണെന്ന് 'ഖിലാഫത്ത് സ്മരണ'കളുടെ താളുകൾ സാക്ഷ്യം വഹിക്കുന്നു.

ദേശീയ പ്രസ്ഥാനവുമായി ആദ്യം മുതൽക്കെ അദ്ദേഹം ബന്ധപ്പെട്ടിരുന്നു. ചെറുപ്പുളശ്ശേരിയിലെ കോൺഗ്രസ്സ് സഭയുടെ പ്രസിഡണ്ട് അദ്ദേഹവും സെക്രട്ടറി കേശവൻ നായരുമായിരുന്നു. 1921 ആഗസ്റ്റ് 1-ാം തിയ്യതി അദ്ദേഹത്തിൻെറ നേതൃത്വത്തിൽ ചെറുപ്പുളശ്ശേരി പുത്തനാൽക്കൽകാവ് ഭഗവതി ക്ഷേത്രപരിസരത്തു ഒരു കോൺഗ്രസ് യോഗം വിജയകരമായി നടത്തിയിരുന്നു. യോഗങ്ങൾ കൂടാൻ സ്ഥലം കൊടുക്കുന്നവരെ ഭയപ്പെടുത്തി പൊതുസമ്മേളനങ്ങൾ കൂടാൻ അനുവദിക്കാതിരുന്ന സമ്പ്രദായമാണ് അക്കാലത്ത് മലബാറിലുടനീളം സർക്കാർ അനുവർത്തിച്ചിരുന്നത്. പുത്തനാൽക്കൽക്കാവ് ക്ഷേത്രം ബ്രഹ്മദത്തനമ്പൂതിരിപ്പാടിൻെറ സ്വന്തമായിരുന്നതിനാലും അതും അതിരിക്കുന്ന സ്ഥലവും അദ്ദേഹത്തിൻേറതായിരുന്നതിനാലുമാണ് യോഗം അവിടെ നടത്തുവാൻ സാധിച്ചത്. ലോകമാന്യ ബാലഗംഗാധരതിലകൻെറ ഒന്നാം ചരമവാർഷികമാണ് അന്നവിടെ നടത്തിയത്. സദസ്സിനെ സ്വാഗതവും നന്ദിയും പറഞ്ഞത് നമ്പൂതിരിപ്പാടായിരുന്നു. തൻെറ സ്വാഗത പ്രസംഗത്തിൽ ദേശീയാവേശം കൂടുതലായിരുന്നുവെന്നും വേണമെങ്കിൽ രാജദ്രോഹക്കുറ്റം ചുമത്തി ശിക്ഷിക്കുമെന്നും അന്ന് പലരും തന്നെ ഭീഷണിപ്പെടുത്തിയതായി അദ്ദേഹം പറയുന്നുണ്ട്.

എന്നാൽ ഇതു കഴിഞ്ഞ് രണ്ട് മൂന്ന് ദിവസത്തിന് ശേഷം അദ്ദേഹം പട്ടാമ്പിയിലുള്ള തൻെറ സ്ഥലത്തിൻെറ കാര്യം അന്വേഷിക്കുവാൻ പോയ അവസരത്തിൽ തൻെറ ആട്ടിൻകൂട്ടത്തെ മുഴുവൻ അപഹരിച്ചിരിക്കുന്നതായാണ് മടങ്ങി വന്നപ്പോൾ കേട്ടത്. പോലീസുകാരുടെ കപടതന്ത്രങ്ങളിലൊന്നായിരുന്നു അത്. ഭഗവതി ക്ഷേത്രസന്നിധിയിൽ കൂടിയ തിലകൻെറ ചരമവാർഷികത്തിൽ ധാരാളം മുസ്ലിംകളേയും സംബന്ധിപ്പിച്ചിരുന്നു. മാപ്പിളമാരെ ക്ഷേത്രസന്നിധിയിൽ പ്രവേശിപ്പിക്കുവാൻ അനുവദിച്ചത് യാഥാസ്ഥിതിക വിഭാഗത്തിന് രുചിച്ചിരുന്നില്ല. പിന്നീട് അദ്ദേഹം തടവിൽ കഴിയേണ്ടതായി വന്നപ്പോൾ ഇക്കൂട്ടർ പറഞ്ഞത് "മാപ്പിളമാരെ ക്ഷേത്രസന്നിധിയിൽ വരാൻ അനുവദിച്ചതുകൊണ്ടുള്ള ദേവീകോപ

മാണ് തനിക്ക് കിട്ടിയ ശിക്ഷയെന്നാണ്.3. അത്തരം യാഥാസ്ഥിതിക സമൂഹത്തിലാണ് അദ്ദേഹത്തിന് കഴിഞ്ഞുകൂടേണ്ടതായി വന്നത്. ആചാരങ്ങളെ വെല്ലുവിളിക്കാൻ സ്വതസിദ്ധമായ വാസന അദ്ദേഹത്തിൽ ബാല്യകാലം മുതൽ മുളച്ച് തുടങ്ങിയിരുന്നു. അക്കാലത്തെ പതിവനുസരിച്ച് പ്രാഥമിക പാഠങ്ങൾ ചൊല്ലിക്കൊടുക്കുന്നത് തറവാട്ടിലെ കാരണവരായിരിക്കും. ബ്രഹ്മദത്തൻ നമ്പൂതിരിയേയും 'ഓത്ത് ചൊല്ലിച്ചത്" കാരണവർ തന്നെയായിരുന്നു. മനഃപാഠമാക്കുന്നതിനായി ഈ കാരണവഗുരുനാഥൻമാർ തങ്ങളുടെ വിദ്യാർത്ഥികളെ കഠിനമായി മർദ്ദിക്കുക പതിവാണ്. അതിൽ പരാതി പറഞ്ഞാൽ കേൾക്കാനോ, പരിഹാരം കാണാനോ ആരേയും കിട്ടുമായിരുന്നില്ല. കൂടുതൽ അടിയും തട്ടും മുട്ടും അനുഭവിക്കുന്ന കുട്ടിയോട് അദ്ധ്യാപകന് കൂടുതൽ ഇഷ്ടം എന്നായിരുന്നു എല്ലാവരും പറഞ്ഞു പോന്നിരുന്നത്. അങ്ങനെ തന്റെ ബാല്യകാലം മുതൽ മർദ്ദവും പീഢനവും ഓരോന്നിന്റെ പേരിൽ അനുഭവിക്കേണ്ടതായി വന്നതിന്റെ രസകരമായ വിവരണം അക്കാലത്തെ നമ്പൂതിരി സമുദായത്തിന്റെ ജീവിതരീതിയെ അനാവരണം ചെയ്യുന്നവയാണ്. മോഴിക്കുന്നത്തിന്റെ ജീവിതം ക്ലേശകരമായിരുന്നു. നല്ല ഭൂസ്വത്തുള്ള ജൻമികുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന് ഓർക്കാപ്പുറത്താണ് പല കെടുതികളും സംഭവിച്ചത്. 1921 ആഗസ്റ്റ് ഒടുവിൽ മലബാർ കലാപം പടർന്ന് പിടിച്ച സന്ദർഭത്തിലാണ് അദ്ദേഹത്തിന് ഒരു വിവാഹാലോചനയുമായി എടമനആര്യൻ എന്ന കുഞ്ചു ജാതകവുമായെത്തുന്നത്. "അന്നും വിവാഹ പരിഷ്ക്കരണ വിഷയം നമ്പൂതിരിസമുദായത്തിൽ ഒരു സജീവ പ്രശ്ന മായിരുന്നു. ജ്യേഷ്ഠൻ വിവാഹം ചെയ്യുന്നതിന് മുമ്പ് അനുജന് വിവാഹം പാടില്ലെന്നായിരുന്നു അന്നത്തെ ആചാരം. അതു ലംഘിക്കുവാൻ ഞാൻ സന്നദ്ധനായിരുന്നു."4. അങ്ങനെ ആചാരങ്ങളെ വെല്ലുവിളിച്ചുകൊണ്ടു വിവാഹത്തിന് തയ്യാറെടുത്തിരിക്കുമ്പോഴാണ് ഓർക്കാപ്പുറത്ത് അദ്ദേഹം അറസ്റ്റിലാകുന്നത്. ഇതു 1921 സെപ്റ്റംബർ ഒന്നാം തീയതിയായിരുന്നു. പിന്നീട് ആ വേളി നടക്കുന്നത് ഒരു വർഷത്തിന് ശേഷം ജയിൽ മുക്തനായി വന്നു് പിന്നേയും വളരെ കഴിഞ്ഞാണ്. അദ്ദേഹത്തിന്റെ ജാതിഭ്രഷ്ട് മാറിക്കിട്ടുവാൻ മൂന്നുനാലു വർഷം കഴിയേണ്ടതായി വന്നിരുന്നതാണ് വിവാഹം വൈകുവാനിടയായത്. എടശ്ശേരി മനയ്ക്കൽ നിന്നായിരുന്നു വേളി.

ചെറുപ്പുളശ്ശേരി കോൺഗ്രസ്സ് സഭാ പ്രസിഡണ്ട് എന്ന നിലക്ക് ഖിലാഫത്ത് - നിസ്സഹകരണ പ്രസ്ഥാനങ്ങളുമായും അതിൽ ബന്ധപ്പെട്ടവരുമായും അദ്ദേഹത്തിനിടപഴകേണ്ടതായി വന്നിരുന്നു. കലാപത്തിന്റെ അനുകൂലിയെന്ന് അദ്ദേഹത്തെ മുദ്ര കുത്താൻ ഇതൊരു കാരണമായിരുന്നു. പിന്നെ വ്യക്തി വിദ്വേഷത്തിന്റെ പേരിലുള്ള പകപോക്കലും അദ്ദേഹത്തെ കേസ്സിൽ കുടുക്കുവാൻ കാരണമായി. അങ്ങനെ 1921 സെപ്റ്റംബർ ഒന്നാം തീയതി രാവിലെ കുളികഴിഞ്ഞ് ഈറൻ മാറുന്നതിന് മുമ്പ് തന്നെ പട്ടാളക്കാർ ഇല്ലത്തേക്ക് കടന്ന് വന്നു. തുടർന്ന് നടന്ന സംഭവങ്ങൾ അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ കുറിക്കുന്നതാണുചിതം. "തിരുമനസ്സു കൊണ്ട് പേടിക്കാതെ താഴത്തേയ്ക്കിറങ്ങി എഴുന്നള്ളുക' എന്ന് സബ്ബ് ഇൻസ്പെക്ടർ മൊയ്തീൻ എന്റെ ധൈര്യമവലംബത്തെ അപഹസിച്ചു. 'എനിക്കിനി ഭയമൊന്നുമില്ല' എന്ന് പറഞ്ഞു കോണിയിറങ്ങിച്ചെന്നു. 'ഞാൻ രാവിലെ ഒന്നും കഴിച്ചിട്ടില്ല. ഊണ് കഴിഞ്ഞിട്ട് പോരെ' എന്ന് ഞാനവരോടു ചോദിച്ചു. 'ഇപ്പോൾ ഊണു കഴിക്കണ്ട' എന്ന് മൊയ്തീൻ മുഖംകൂർപ്പിച്ചു. ഉടനെ ടിയാൻ എന്നെ മുറ്റത്തേക്കിറക്കി. എന്നെ പട്ടാളം ചുഴന്നു. ഒരു പട്ടാളക്കാരൻ രണ്ടുമാറ് നീളമുള്ള ഒരു കയറെടുത്തു. മറ്റൊരുവൻ എന്റെ കൈകൾ പിന്നോക്കം പിടിച്ച് കയറ് വാങ്ങി വരിഞ്ഞ് കെട്ടി. കയറിന്റെ ഒരു തല കൊണ്ടാണ് കെട്ടിയത്. മറ്റേത്തല എന്റെ കഴുത്തിലും ഇട്ട് മുറുക്കി. എന്റെ കഴുത്ത് കുടുങ്ങി. എന്റെ തൊണ്ട് ഒന്ന് ഞെരുങ്ങി. അവർ തൽക്കാലം എന്നെ ശ്വാസം മുട്ടിച്ചു കൊല്ലേണ്ടന്ന് കരുതി കഴുത്തിലെ കുടുക്ക് അല്പമൊന്നഴിച്ചു. നാലുപുരയുടെ പടിഞ്ഞാറെ മുറ്റത്ത് കൂടെ വടക്കേപടി കടത്തിയിട്ടാണ് എന്നെ കൊണ്ടുപോയത്. കയ്യിൽ കെട്ടി കഴുത്തിൽ കൂടെ ഇട്ടിരുന്ന കയറിന്റെ തല ഒരു പട്ടാളക്കാരൻ പിടിച്ചിരുന്നു.......5

"പട്ടാളക്കാരും പോലീസുകാരും തോക്കും കുന്തവുമായി എന്നെ കച്ചേരിക്കുന്നത്തേക്ക് കൊണ്ടുപോയി. എന്തെല്ലാം ആഭാസങ്ങളാണ് അവരെന്നെ പറഞ്ഞതെന്ന് ആവർത്തിക്കാൻ വയ്യ.... കച്ചേരിക്കുന്നത്ത് വെച്ച് കുറെ ആളുകളെ കൂടി പിടിച്ചു. കച്ചേരിക്കുന്നിന്റെ മുകളിൽ പോലീസ് സ്റ്റേഷന്റെ മുമ്പിൽ ബംഗ്ലാവിലേക്കു തിരിയുന്ന മൂന്നും കൂടിയ നിരത്തിന്റെ വടക്ക് വശത്ത് ഞങ്ങളെയെല്ലാം നിരത്തിയിരുത്തി........6.

"പട്ടാളം കുതിരപ്പുറത്തു കയറി. തടവുകാരെയെല്ലാം പിന്നോക്കം കെട്ടി ഒരാളോടു മറ്റൊരാളെ കൂട്ടിക്കെട്ടി കോമ്പലയായി കെട്ടി. പട്ടാളങ്ങൾ നാലുപുറവും വളഞ്ഞ് ഞങ്ങളെ വടക്കോട്ട് നിരത്തിൽ കൂടി ആട്ടിക്കൊണ്ടുപോയി. കാറൽമണ്ണ മൊട്ടത്തിപ്പറമ്പിൽ കൊണ്ട് ചെന്നിരുത്തി. അവിടെവെച്ച് പോലീസുകാർ കുറെ പേരെ പട്ടാളങ്ങൾക്ക് കാണിച്ചു കൊടുക്കുകയും അവരേയും പിടിച്ച് ബന്ധിക്കുകയും ചെയ്തു. ...7.

"കാറൽ മണ്ണമൊട്ടത്തിപ്പറമ്പിൽ വെച്ചും പട്ടാളങ്ങളുടെ വെപ്പും തീനും കഴിഞ്ഞു. ഞങ്ങളെ തടവുകാരെ ഒന്നുകൂടി അന്യോന്യം പിടിച്ചു മുറുകെ കെട്ടി. പട്ടാളക്കാർ കുതിരപ്പുറത്തുകയറി. ഞങ്ങളെ വളംബ്ധു നേരെ തെക്കോട്ടു ഓടിച്ചു തുടങ്ങി. ഞങ്ങൾ ചെറുപ്പുളശ്ശേരി ചന്തയുടെ പടിഞ്ഞാറെ വശത്തെത്തി. പിന്നീട് വെട്ടുവഴി വിട്ട് കുറുക്കുവഴിയിലൂടെ ഒറ്റപ്പാലം നിരത്തിലേക്കു ഞങ്ങളെ ആട്ടിവിട്ടു....... ഓട്ടത്തിന് വേഗത മതിയാകാഞ്ഞിട്ട് പട്ടാളക്കാർ ഞങ്ങളുടെ തലക്ക് വടികൊണ്ടും മുഷ്ടികൊണ്ടും കൊട്ടി തുടങ്ങി. നിമിഷം പ്രതി ഓട്ടത്തിന് മുറുക്കം കൂട്ടുന്നു........ അരനാഴിക വരെ അങ്ങനെ പിന്നിട്ടു. അപ്പോഴേക്കും മൂന്നു കാളവണ്ടികൾ ഞങ്ങൾക്ക്

എതിർമുഖമായി വന്നുമുട്ടി. പട്ടാളക്കാർ ആ വണ്ടികൾ പിന്നോക്കം തിരിച്ചു. ഞങ്ങളെയെല്ലാം അതിൽ കുത്തിനിറച്ചു. ഞങ്ങൾ ഇരുപതോ, ഇരുപത്തൊന്നോ പേരുണ്ടായിരുന്നു.........8. ഓട്ടം പിന്നേയും മുറുകുന്നു. ഞാനിതാ മരിക്കുകയായി. അതാ ഷൊറണ്ണൂർ സ്റ്റേഷനിൽ ഞങ്ങൾ എത്തി. ഞങ്ങളെ അവിടെ ഇരുത്തി. പട്ടാളക്കാർ ഞങ്ങളെ പോലീസ്സിൻെറ കയ്യിൽ ഏൽപ്പിച്ചു കൊടുത്തു...... ഞങ്ങളെ പോലീസ്സിൻെറ പൂട്ടിലിട്ടു...... പരിശോധന കഴിഞ്ഞു പോലീസുകാർ പുറത്തേക്കു കടന്ന് വാതിൽ പൂട്ടി..... ഇൻസ്പെക്ടർ മാധവമേനോനും അനന്തനാരായണയ്യരും ബാക്കി പോലീസുകാരും വാതിയ്ക്കൽ മുറിയുടെ പുറത്തു നിന്നു എന്നെ അങ്ങോട്ടു വിളിച്ചു. എൻെറ കൈകൾ രണ്ടും അഴിവാതിലിലൂടെ മാധവമേനോൻ വലിച്ചു പിടിച്ചു. എൻെറ കൈപ്പടം ഞെരിഞ്ഞു തുടങ്ങി. പുലയാട്ട് വിളി തുടങ്ങി......... ഒടുവിൽ എൻെറ മുഖത്തേക്ക് കാറി കുരച്ച് തുപ്പിതുടങ്ങി. അനന്തനാരായ്യണരും എൻെറ മുഖത്തേക്കു ഒന്ന് തുപ്പി. ഈ തുപ്പലുകൾ തന്നത്താൻ മാഞ്ഞതല്ലാതെ ഞാൻ തുടച്ചു കളഞ്ഞിട്ടില്ല..... എൻെറ ദേഹത്തിൻെറ അടയാളം എടുക്കുവാൻ വേണ്ടി തടവുമുറിയിൽ നിന്നും അടുത്ത മുറിയിലേക്കു കടത്തി. ഞാൻ അവിടെയുണ്ടായിരുന്ന മേശയുടെ അടുത്തു ചെന്നു നിന്നു. സ്റ്റേഷൻ ക്ലർക്ക്, ഒരു കോൺസ്റ്റബിൾ, ചെർപ്പുളശ്ശേരിക്കാരൻ കുഞ്ഞി മൊയ്തീനായിരുന്നു. അയാൾ വളരെ അനുകമ്പാസ്വരത്തിൽ എന്നോടു ചില ചോദ്യങ്ങൾ ചോദിച്ചു. എന്നെ പേടിപ്പിക്കാതെ എൻെറ ദേഹത്തുള്ള അടയാളങ്ങളൊക്കെ കുത്തിയെടുത്തു. ഓ.. ഇതാ എൻെറ വലത്തെ ചെകിടത്ത് പിന്നിൽ നിന്നും ഒരടി പൊട്ടി. അയ്യോ, ഇടത്തെ ചെകിടത്തും പൊട്ടി. എൻെറ ചെകിടുകൾ ശൂളം പാടി. മേല്പറഞ്ഞ സ്റ്റേഷൻ ക്ലർക്ക് ദേഷ്യപ്പെട്ട് എന്നെ ഉപദ്രവിച്ചവനെ അകറ്റിനിർത്തി. എന്നെ വീണ്ടും തടവു മുറിയിലേക്കാക്കി....9. എൻെറ കൂട്ടത്തിലുള്ളവരുടേത് എൻെറ അനുഭവത്തിലും സങ്കടകരമാണ്. ചിലരുടെ മണ്ട, താഴും പൂട്ടും വലിച്ച് കുത്തി ചോര പൊട്ടിച്ച് ചോരപ്രളയമാക്കിയിരുന്നു. ചിലരെ തച്ച് തള്ളിയിട്ടിരിക്കുന്നു. എങ്ങിനെയോ രാത്രി 11 മണിയായി. തടവു മുറി ചെറുതും ജനങ്ങൾ ഒരു പിടി തിങ്ങിവിങ്ങിയിരിക്കുന്നതുമാണ്. ആ മുറിയുടെ മുക്കിൽ മൂത്രം ആണ്ടു നിൽക്കുന്നു. എനിക്ക് ദേഹമാസകലം വേദനിക്കുന്നു. കഠിനമായി പനിക്കുന്നു. കാലിൻമേലുള്ള മുറി കുത്തി വിങ്ങുന്നു. ചുളുചുളെയുള്ള കുത്തൽ സഹിക്കുന്നില്ല. ഇടക്ക് ഞാനെണീറ്റ് നിൽക്കും. വീണ്ടും ഞാൻ കുഴഞ്ഞിരിക്കും. അപ്പോഴേക്കും മുതുകടഞ്ഞ് ഒന്ന് ചുരുണ്ടിട്ടെങ്കിലും കിടന്ന് പോകും. മേലാസകലം കുളത്തി.വലിച്ച് പെട്ടെന്നേണിക്കും. ചുരുണ്ട് മടങ്ങി കിടപ്പാൻ തന്നെ അവിടെ സ്ഥലം കഷ്ടി......10. സമയം കാലത്ത് 8 മണിആയി. തടവുകാരെയെല്ലാം തടവു മുറിക്കു പുറത്തുവിട്ടു. ഈരണ്ടാളുകളെ തമ്മിൽ കൂട്ടി കെട്ടി.......

"ഞങ്ങളെ തീവണ്ടിയാപ്പീസിലേക്ക് പോലീസുകാർ തെളിച്ചു. വണ്ടിയിൽ കയറ്റിയിരുത്തി... കോയമ്പത്തൂരിലേക്കാണ് ഞങ്ങളെ കൊണ്ടു പോകുന്നത്.... ക്ഷണത്തിൽ വണ്ടി കോയമ്പത്തൂരെത്തി. ഞങ്ങളെ ഇറക്കി ജയിലിലേക്കു അതിവേഗം നടത്തിതുടങ്ങി. എൻെറ കാൽ മുറിഞ്ഞിരിക്കുന്നുവല്ലോ. ശങ്കിച്ചു നിന്നു പോയാൽ തോക്കിൻെറ ചട്ടകൊണ്ട് ഇടി കൊള്ളും. പ്രാണൻെറ ബലം ഒന്നു കൊണ്ടു മാത്രം ഞാൻ ജയിലിൻെറ പടിക്കലെത്തി...... ഇതാ എൻെറ കയ്യും ഒരു വാർഡർ വന്നു പിടിക്കുന്നു. ആ പടിപ്പുരയിലേക്ക് വലിക്കുന്നു. പടിപ്പുരയിൽ കടത്തി ഉടനെ എന്നെ അയാൾ പിടിച്ചുതള്ളുന്നു. ഞാൻ വീണു. എന്നെ പിടിച്ചു പൊന്തിച്ചു നിർത്തുന്നു. മുണ്ടുമാത്രം കയ്യിലെടുപ്പിക്കുന്നു. ജയിലിൻെറ ഉള്ളിലേക്കു കൊണ്ടുപോകുന്നു. രണ്ടു കയ്യും രണ്ട് വാർഡർമാർ പിടിക്കുന്നു. പിടന്നയ്ക്ക് ഇടവിടാതെ പിടയ്ക്കുന്നു. അവരുടെ കൈകൾ ഉളുക്കുന്നു. അപ്പോഴതാ ആ വഴിക്ക് വന്നിരുന്ന ഒരു ചെറുപ്പക്കാരൻ വാർഡറെ വിളിക്കുന്നു. അയാൾ പിന്നിൽ നിന്നും എൻെറ കഴുത്തിന് മീതെ ഇടവിടാതെ അടിക്കുന്നു. എന്നെ ഓടിക്കുന്നു. ഞാൻ ഇങ്ങനെ കുറച്ച് തിപാലത്തിൻമേൽ കൂടി ഓടിയപ്പോൾ ഒരു തടവു മുറിയിലെത്തി. അവിടെ വെച്ച് ചെകിടത്ത് അടി കൂടി കിട്ടി......11.

"കുറച്ചു കഴിഞ്ഞപ്പോൾ കുറച്ചു ചോറും കറിയും ഒരു താമ്പാളത്തിൽ ഒരാൾ കൊണ്ടുവന്ന് വെച്ചു. അതിന് ചോറെന്നോ, കറിയെന്നോ പറയുന്നത് കഷ്ടമാണ്. അടുത്തു ചെന്നാൽ ദുർഗന്ധം കൊണ്ട് മൂക്കടക്കും. വായിലേക്ക് കാട്ടിയാൽ ദുസ്വാദുകൊണ്ട് ഓക്കാനിക്കും. എങ്കിലും ജീവനെ കൊതിച്ചു ആ സാധനം അല്പം വായിൽ. വെച്ചുനോക്കി. ഇറങ്ങിഇല്ല. വെള്ളം മുഴുക്കെ കുടിച്ചു......12..... രണ്ടു നാലു ദിവസത്തേക്ക് എനിക്ക് എന്തെന്നില്ലാത്ത തളർച്ചയുണ്ടായിരുന്നു........ ക്രമേണ ഭക്ഷണം ചെന്നുതുടങ്ങി. ക്ഷീണം ചുരുങ്ങി......13.

"ആലി മുസലിയാരേയും കൂട്ടരേയും ഞങ്ങളേയും ജയിലിൽ ഒരു ബ്ലോക്കിലാണിട്ടിരുന്നത്...... കുറച്ചു ദിവസം കഴിഞ്ഞപ്പോൾ എം.പി. നാരായണമേനോനേയും ഞങ്ങളുടെ ബ്ലോക്കിൽ കൊണ്ടുവന്നാക്കി.

"സെപ്റ്റംബർ 1-ാം തിയ്യതിയാണ് എന്നെ പിടിച്ചത്. 17-ാം തിയ്യതിയാണ് പാലക്കാടു കേസ്സു വിചാരണക്ക് വെച്ചിരുന്നത്. അന്ന് കാലത്ത് ഞങ്ങളെ കോയമ്പത്തൂരിൽ നിന്നും പാലക്കാട്ടേക്കു കൊണ്ടുപോയി......... പകൽ രണ്ടു മണിക്ക് കേസ്സെടുത്തു..... രണ്ട് ഹെഡ്കോൺസ്റ്റബിൾമാരും രണ്ട് കോൺസ്റ്റബിൾമാരും അന്യായഭാഗം സാക്ഷി പറഞ്ഞു. കാക്കത്തോടു പാലം പൊളിക്കുന്ന സമയത്ത് ഞാനവിടെ നിന്നിരുന്നു എന്നായിരുന്നു അവരുടെ വായ്മൊഴി. ഈ സമയത്ത് മാത്രമേ എൻെറ പേരിൽ ചുമത്തിയ കുറ്റം എന്താണെന്ന് എനിക്കു മനസിലായുള്ളു. സാക്ഷികളെയെല്ലാം വിസ്തരിച്ചുകഴിഞ്ഞു..... എന്നെയും സെഷൻസിലേക്കു കമ്മിറ്റ് ചെയ്തു. ആ ഓഡറിൽ ഞാൻ യാതൊരു കുറ്റവും ചെയ്തതായി കാണുന്നില്ലന്നും സംഭവം കാണുവാൻ വന്നു നിൽക്കുന്ന ആളാണോ ഇദ്ദേഹം എന്നു കൂടി സംശയിക്കേണ്ടിയിരിക്കുന്നുവെന്നും ശരിയായി

കുറ്റവിചാരണ നടത്താതെ ഇദ്ദേഹത്തെ ശിക്ഷിച്ചു കൂടെന്നും കൂടി എഴുതിയിരുന്നു."14.

കെ.പി. രാമൻ മേനോനായിരുന്നു പ്രധാനവക്കീൽ. 1000 രൂപ വീതം രണ്ടാൾ ജാമ്യത്തിൽ വിട്ടെങ്കിലും സെഷൻസ് കോടതി ശിക്ഷ വിധിക്കുകയാണു ചെയ്തത്. ജീവപര്യന്തം നാടുകടത്തലും 2000 രൂപ പിഴയും. പിഴ അടച്ചില്ലെങ്കിലും 6 മാസം കഠിനതടവ് വേറെയും. തുടർന്ന് ബല്ലാരി ജയിലിലേക്കാണ് അദ്ദേഹത്തെ കൊണ്ടുപോയത്. അവിടത്തെ വിശേഷവും കൂടി കേൾക്കുക "ഒരു കൈവണ്ണത്തിലുള്ള ആനച്ചങ്ങല എൻെറ കാൽക്കുവച്ച് കരുവാൻ മേടി ഉറപ്പിച്ചു. ചങ്ങല ഒരു മാറുനീളം. അതിൻെറ രണ്ടു തലയ്ക്കലും ഓരോ വട്ടക്കണ്ണി. ആ രണ്ടു വട്ടക്കണ്ണികളും രണ്ടു കാലിൻെറയും ഞെരിയാണി കണ്ടത്തിൽ വെച്ച് ആണി ഉറപ്പിച്ചു. ആ ചങ്ങലയുടെ നടുക്ക് ഒരു വട്ടക്കണ്ണിയുണ്ട്. അതിൽ ഒരു ചൂടിക്കയർ ഇട്ട് വലിച്ചാൽ ഇടറികൊണ്ട് നടക്കാം. അപ്രകാരം നടന്നു ഞാൻ ഒരിടത്ത് ചെന്ന് നെറ്റിത്തടം കൈകൊണ്ട് താങ്ങിയിരുന്നു.

"വൈകുന്നേരം അഞ്ചുമണിയോടു കൂടി ശാപ്പാടു കൊണ്ടുവന്നു. അവിടെ ഉണ്ണുവാനുള്ള പാത്രങ്ങൾ മൺചട്ടികളാല്ലാതെ ഇല്ല. ഊണ് നാറി പുളിച്ച ഒരു നേദ്യപ്പടയാണ്. പെരുച്ചാഴി ചത്തു നാറുന്നതു സഹിക്കാം ഈ നേദ്യപ്പടയുടെ കെടുനാറ്റം നായ്ക്കളുടെ മൂക്കു കൂടി അടയ്ക്കും.' ഞാൻ ആ നേദ്യപ്പട ഇടത്തെ കൈയ്യിൽ പിടിച്ച് വലത്തെ; കൈകൊണ്ട് അതിൻെറമേൽ ഭാഗത്തുനിന്നു ഒന്നു രണ്ടു നുള്ളു എടുത്തു വായിലേക്കു കാട്ടി. ഒരു വറ്റു പോലും വായിലേക്ക് വെയ്ക്കാൻ വയ്യ. ഒടുവിൽ ആ നേദ്യപ്പിണ്ടം വലിച്ചൊരേറു കൊടുത്തു....... 15" ബല്ലാരിജയിലിൽ പത്ത് പന്ത്രണ്ട് ദിവസമേ കിടക്കേണ്ടതായി വന്നുള്ളൂ. അപ്പീലിൽ കീഴ്കോടതി വിധി റദ്ദാക്കി അദ്ദേഹത്തെ വെറുതെ വിട്ടു. ഇതു 1922 സെപ്റ്റംബർ 5-ാം തിയ്യതിയായിരുന്നു. അപ്പോഴേക്കു പല ജയിലുകളിലുമായി തീർത്തും ഒരു വർഷം അദ്ദേഹം നരകയാതനകൾ അനുഭവിക്കേണ്ടതായി വന്നിരുന്നു. അദ്ദേഹം ജയിൽ മോചിതനായത് മാപ്പ് പറഞ്ഞിട്ടാണെന്ന് ഒരു പക്ഷമുണ്ട്. ഇ.എം.എസ്സ്, മൈമെയ്സ്റ്റ് (നാഷണൽ ബുക്ക് സെൻറർ, ന്യൂഡൽഹി, 1987, പുറങ്ങൾ 19, 20) എന്ന പുസ്തകമുദ്ധരിച്ചു കൊണ്ട്, പ്രൊഫ. എം.പി.എസ്. മേനോൻ എഴുതുന്നത് ഇങ്ങനെയാണ്. "ബ്രഹ്മദത്തൻ പിന്നീട് മാപ്പ് പറഞ്ഞു ജയിൽ മുക്തനായി. തിരിച്ച് ചെറുപ്പുളശ്ശേരിയിൽ ചെന്നപ്പോൾ മാപ്പിളമാരുമായി സഹവസിച്ചു എന്ന കുറ്റത്തിന് ഇല്ലക്കാർ അദ്ദേഹത്തെ ജാതി ഭ്രഷ്ടനാക്കി. പണം ഇല്ലാത്തതിനാൽ പ്രായശ്ചിത്തം ചെയ്യുവാനും പറ്റാതായി പട്ടാമ്പിയിലേക്കു പോയി. 8 കൊല്ലത്തിന് ശേഷം ഇ.എം.എസ്സ്. നമ്പൂതിരിപ്പാടും കൂട്ടുകാരും ചേർന്ന് ബ്രഹ്മദത്തന് പ്രായശ്ചിത്തതിനുള്ള തുക കൊടുത്തു. അദ്ദേഹം പ്രായശ്ചിത്തം ചെയ്തു വീണ്ടും നമ്പൂതിരിയായി ഇല്ലത്തേക്കു മടങ്ങിച്ചെന്നു."16.

ഇതു എത്രത്തോളം ശരിയാണെന്നു പറയുക സാധ്യമല്ല. ജയിലിലെ കഠിനമായ മർദ്ദനങ്ങളും ദുസ്സഹമായ ജീവിതവും കൊണ്ട് ജീവൻ ഒടുക്കുവാൻ പോലും വിചാരിച്ചിരുന്ന അവസരത്തിൽ തൽക്കാലം രക്ഷപ്പെടുവാൻ വേണ്ടി മാപ്പ് പറഞ്ഞെങ്കിൽ അതു മനസ്സിലാക്കാവുന്നതേയുള്ളു. ആരും അത്ര വലിയ അപരാധമായി കണ്ടെന്നും വരില്ല. ആ സ്ഥിതിയിൽ മോഴിക്കുന്നത്ത് തൻെറ 'ഖിലാഫത്ത് സ്മരണക'ളിൽ അങ്ങനെ ഒന്ന് സംഭവിച്ചിരുന്നുവെങ്കിൽ വിട്ടുകളയുമായിരുന്നില്ലന്ന് വേണം കരുതാൻ. നാട്ടിൽ മടങ്ങിയെത്തിയ അദ്ദേഹത്തിന് ജാതിഭ്രഷ്ട് കൽപ്പിച്ചിരുന്നു. സ്വന്തം ഇല്ലത്തും യോഗക്ഷേമ സഭയിൽ പോലും അദ്ദേഹം ഒറ്റപ്പെട്ടു. യോഗക്ഷേമസഭയുടെ വൈക്കത്ത് നടന്ന സമ്മേളനത്തിൽ അദ്ദേഹം സംബന്ധിച്ചിരുന്നെങ്കിലും ആഢ്യൻമാർ ആരും അദ്ദേഹവുമായി ഇടപഴകിയില്ലന്ന് മാത്രമല്ല, ഒരു അസ്പർശ്യനെയെന്നോണമാണ് പെരുമാറിയിരുന്നതും. ഇല്ലത്ത് പോലും ഭക്ഷണം നൽകി ഇരുന്നത് മറ്റുള്ളവരെല്ലാം കഴിച്ച് ശുദ്ധി വരുത്തിയതിന് ശേഷമായിരുന്നു. "ഒരു നമ്പൂതിരിക്ക് ജാതിഭ്രഷ്ട് കൽപ്പിച്ചാൽ അതിനെ ചോദ്യം ചെയ്യുന്ന പതിവ് അന്നേവരെ ഉണ്ടായിട്ടില്ല. ഭ്രഷ്ടിന് അന്ന് വരെ പറഞ്ഞു വരുന്ന കാരണങ്ങൾ രണ്ടാണ്. ഒന്ന് വ്യഭിചാരം, രണ്ടാമതായി തിണ്ടിതിന്നൽ. ഇതിൽ രണ്ടാമത്തെ ചാർജ്ജാണ് എൻെറ പേരിൽ ഉന്നയിച്ചിരുന്നത്. ഞാൻ മറ്റുള്ളവരുടെ ഭക്ഷണം കഴിച്ചു എന്നാണ് എൻെറ പേരിൽ ചുമത്തിയ കുറ്റം. മേൽ പറഞ്ഞ ആൾക്ക് ജാതിഭ്രഷ്ട് കൽപ്പിച്ചാൽ താൻ കുറ്റം ചെയ്തിട്ടില്ലെന്ന് വാദിച്ചു നോക്കുന്നതല്ലാതെ അതൊരു കുറ്റമല്ലെന്ന് ആരും അതുവരെ വാദിച്ചിട്ടില്ല. ഞാനതാണ് ആദ്യമായി ചെയ്തത്. അന്യരുടെ ഭക്ഷണം കഴിക്കുന്നത്. ഒരു നമ്പൂതിരിക്ക് ദോഷമല്ല എന്നാണ് ഞാൻ വാദിച്ചത്. ജയിലിൽ നിന്നും വിട്ടതിൽ പിന്നേയും ഞാനത് ചെയ്തു വരുന്നുണ്ട്. ഇപ്പോഴത് സാർവ്വത്ര നടപ്പായിക്കഴിഞ്ഞെങ്കിലും ഞാനതിന് കനത്ത വില കൊടുത്തിട്ടുണ്ട്."17.

യാഥാസ്ഥിതികരായ അമ്മയും മറ്റംഗങ്ങളും സമുദായഭ്രഷ്ട് കൊണ്ട് കുടുംബത്തിന് തന്നെ അപകർഷം നേരിട്ടതായി കരുതിയവരാണ്. തൻമൂലം അദ്ദേഹത്തിന് സ്വന്തം നാടും ഇല്ലവും വിട്ടു പട്ടാമ്പിയിൽ താമസിക്കേണ്ടതായി വന്നു കൂടി. സ്വന്തം ജ്യേഷ്ഠൻ ദേശാടനവുമായി ഇല്ലം വിട്ടിട്ട് യാതൊരു വിവരവുമുണ്ടായിരുന്നില്ല. ശേഷക്രിയ ചെയ്യേണ്ട ഈ മകനാകട്ടെ ജാതിഭ്രഷ്ട് മൂലം പുറത്തുമായി. ഇത്തരം അവസ്ഥയിലാണ് അമ്മ 1925 സെപ്റ്റംബർ 29-ാം തിയ്യതി അന്ത്യശ്വാസം വലിക്കുന്നത്. "അമ്മയുടെ ശവസംസ്കാര കർമ്മം എനിക്കു സ്വന്തം കയ്യുകൊണ്ടു ചെയ്യുവാൻ സാധിച്ചില്ലെന്ന് പറയേണ്ടതില്ലല്ലോ. താൻ തൊട്ടാൽ അവിടെ വഴക്കുണ്ടാകും. അങ്ങനെ ഒരു വഴക്കുണ്ടാകരുതെന്ന് അമ്മയ്ക്ക് അഭിപ്രായമുണ്ടായിരുന്നു. അതു അമ്മയുടെ പരലോകപ്രാപ്തിക്കു തടസ്സമാകുമെന്ന് അമ്മയ്ക്കു വിശ്വാസമുണ്ടായിരുന്നു....... അമ്മയുടെ ഇഷ്ടത്തിന്നനുസരിച്ച് ഞാൻ ആ കർമ്മത്തിൽ നിന്നും വിട്ടുനിന്നു."18. പ്രായശ്ചിത്തം ചെയ്ത

ശേഷമാണ് ബ്രഹ്മദത്തനെ സമുദായം അംഗീകരിച്ചതെന്ന് പറയുന്നതും ശരിയല്ലന്നാണ്, 'ഖിലാഫത്ത് സ്മര ണക'ളിൽ നിന്നും മനസിലാകുന്നത്. അദ്ദേഹം എഴുതിയിട്ടുള്ളതിങ്ങനെയാണ്. "1922ലെ വിലയിടിവോടുകൂടി പഴയ ജൻമികൾ പൊതുവിൽ തരിപ്പണമായി. ഒന്നാം ലോക മഹായുദ്ധത്തിന് ശേഷം ഭാരതമൊടുക്കും സ്ഥിതി ഇതു തന്നെയായിരുന്നു. ജൻമിത്വമാണ് നമ്പൂതിരിമാരെ ആചാരത്തിൽ കുത്തകക്കാരാക്കി വിട്ടതെന്നതിന് തെളിവുകൾ മറ്റൊന്നും വേണ്ടതില്ല. ഭാരതത്തിലൊട്ടുക്കും ബ്രാഹ്മണർ മുൻപന്തിയിലെത്തിച്ചേർന്നതായി കാണാം. അവിടെ ബ്രാഹ്മണർ ജൻമികളല്ല. അവർക്കും അവരുടെ വളർച്ചക്കും ആചാരം തടസ്സമായി നിന്നിട്ടില്ല. ഇവിടത്തെ ബ്രാഹ്മണർ ജൻമികളായതുകൊണ്ട് അവർക്ക് ആചാരം ഉപേക്ഷിക്കേണ്ടതായ ആവശ്യം നേരിട്ടില്ല. മനുഷ്യൻെറ വളർച്ചക്ക് ജൻമിത്വമാണ് കാലുവെട്ടലായിതീർന്നത്. അവർ ആചാരം മുറുകെ പിടിച്ചു് ജൻമിത്വത്തോടൊപ്പം സ്വയം നശിച്ചുപോയി. ജൻമിത്വം നശിക്കുകയും ഭൗതിക ബോധം വർദ്ധിക്കുകയും ചെയ്തതോടെ നമ്പൂതിരിമാരുടെ ആഭിജാത്യം ഗതികെട്ടു പോയി. അവർക്കു ജീവിക്കുവാൻ ആചാരലംഘനം ആവശ്യമായി വന്നു. ഈ വിധം സ്ഥിതിഗതികൾ മാറി വന്നതോടെ എനിക്കു സമുദായത്തിലേക്കു വീണ്ടും സ്ഥാനം ലഭിച്ചു. പഴമക്കാർ എന്നെ എതിർത്തുവെങ്കിലും പുതിയ തലമുറ എന്നെ സഹർഷം സ്വീകരിച്ചു."[19].

സ്വന്തം അനുഭവങ്ങളാണ് 'ഖിലാഫത്ത് സ്മരണ'കളിലെ പ്രതിപാദ്യമെങ്കിലും ഖിലാഫത്ത് വിപ്ലവകാലത്ത് നടന്ന പല സംഭവങ്ങളും സത്യസന്ധമായി ഇതിലെ വിവരണങ്ങളിൽ നിന്നും നമുക്കു ലഭിക്കുന്നുണ്ട്. തടവുകാർ അനുഭവിച്ചിരുന്ന യാതനകളുടെ ഒരേകദേശ രൂപമെങ്കിലും വരച്ചുകാട്ടുവാൻ അദ്ദേഹത്തിന് കഴിഞ്ഞതും സ്വസമുദായത്തിലെ ആചാരാനുഷ്ഠാനങ്ങളുടെ വൈകല്യങ്ങളെ തുറന്നു കാട്ടുവാൻ സാധിച്ചതും അക്കാലത്തെ രാഷ്ട്രീയ - സാമൂഹിക പശ്ചാത്തല സൃഷ്ടി ഭംഗിയായി നിർവ്വഹിച്ചതും 'ഖിലാഫത്ത് സ്മരണകൾ' എന്ന അദ്ദേഹത്തിൻെറ പുസ്തകത്തെ വിലപ്പെട്ടതാക്കി മാറ്റിയിട്ടുണ്ട്. അതിലൂടെ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട് എന്ന ആചാരങ്ങളെ വെല്ലുവിളിച്ച ധന്യാത്മാവ് ഓർമ്മയിൽ എന്നും നിലനിൽക്കുകയും ചെയ്യും.

---

*1. മൊഴിക്കുന്നത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്, ഖിലാഫത്ത് സ്മണകൾ, നവകേരളം കോപ്പറേറ്റീവ് പബ്ലിഷിംങ് ഹൗസ്. കോഴിക്കോട്, 1965, പുറം 158.*

*2. കെ.പി. കേശവമേനോൻ, ഖിലാഫത്ത് സ്മരണകൾ, അവതാരിക, പുറം 11.*

*3. ഖിലാഫത്ത് സ്മരണകൾ, മുൻ ഉദ്ധരിച്ചത്, പുറം 19.*

*4. അതുതന്നെ, പുറം 93.*

*5. അതുതന്നെ, പുറം 114*

*6. അതുതന്നെ, പുറം 116*

*7. അതുതന്നെ, പുറം 117*

*8. അതുതന്നെ, പുറം 119*

*9. അതുതന്നെ, പുറം 124*

*10. അതുതന്നെ, പുറം 126*

*11. അതുതന്നെ, പുറം 130*

*12. അതുതന്നെ, പുറം 131*

*13. അതുതന്നെ, പുറം 132*

*14. അതുതന്നെ, പുറം 137*

*15. അതുതന്നെ, പുറം 189*

*16. പ്രൊഫ. എം.പി.എസ്. മേനോൻ, മലബാർ കലാപം, എം.പി. നാരായണ മേനോനും സഹപ്രവർത്തകരും, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 154 - 155ലെ കീഴ്ക്കുറിപ്പ്.*

*17. ഖിലാഫത്ത് സ്മരണകൾ, മുൻ ഉദ്ധരിച്ചത്, പുറം 215.*

*18. അതുതന്നെ, പുറം 227*

*19. അതുതന്നെ, പുറങ്ങൾ 234 - 235.*

# IX. കേരള മുസ്ലിംകളോടു

## ഇ. മൊയ്തു മൗലവി

അനുബന്ധം

1921 മേയ് മാസത്തിൽ ഇ. മൊയ്തു മൗലവി 'കേരള മുസ്ലിംകളോടു' എന്ന ശീർഷകത്തിൽ ഒരു ലഘുലേഖ പ്രസിദ്ധപ്പെടുത്തിയിരുന്നു. കലാപത്തിനിടയ്ക്കു മൗലവി സാഹിബിനേയും അറസ്റ്റ് ചെയ്തിരുന്നു. ഇൻഡ്യൻ ശിക്ഷാനിയമം 124 എ, 153 എ എന്നീ വകുപ്പുകളനുസരിച്ച് ചാർജ്ജ് ചെയ്തിരുന്ന കേസ്സിൽ മൊയ്തു മൗലവിയെ രണ്ടര കൊല്ലത്തേക്ക് കഠിനതടവിനു ശിക്ഷിച്ചു. കേസ്സു വിചാരണ നടത്തുന്ന സന്ദർഭത്തിൽ ഈ ലഘുലേഖ കൂടി തെളിവായി സർക്കാർ ഭാഗത്തു നിന്നും കോടതിയിൽ ഹാജരാക്കിയിരുന്നു.

മതപണ്ഡിതൻമാരുടെ സംഘടനയായ കേരള മജ്ലിസുൽഉലമ എന്ന സംഘടനയുടെ സെക്രട്ടറിയായിരുന്നു മൊയ്തു മൗലവി സാഹിബ്. ഇൻഡ്യയിലെല്ലായിടത്തും തന്നെ മുസ്ലിം മതപണ്ഡിതൻമാരും അവരുടെ സംഘടനകളും ബ്രിട്ടീഷ് ഗവർമ്മേണ്ടിനെതിരായി ഫത്ത്വകൾ പുറപ്പെടുവിച്ചിരുന്ന അവസരവും കൂടിയായിരുന്നു ഇത്. കേരളത്തിലെ മുസ്ലിം പണ്ഡിതൻമാർ ഏകോപിതമായി ഖിലാഫത്ത് വഞ്ചനക്കെതിരായി ബ്രിട്ടീഷ് ഗവർമ്മേണ്ടിനോട് സന്ധിയില്ലാത്ത സമരത്തിന് തയ്യാറെടുത്തു കൊണ്ടിരുന്ന സന്ദർഭവുമായിരുന്നു ഇത്.

1921 ഏപ്രിൽ മാസത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ ഒന്നാമത്തെ കേരള സംസ്ഥാന സമ്മേളനം നടന്നതോടൊപ്പം കേരള മജ്ലിസുൽഉലമാ സമ്മേളനം ചേരുകയും ഖിലാഫത്ത് ഫണ്ടിലേക്ക് സക്കാത്തിൻെറ ഒരു ഭാഗം നീക്കിവെക്കണമന്നും, ഗവർമ്മേണ്ടിനെതിരെ അഹിംസാത്മകമായ നിസ്സഹകരണത്തിലേർപ്പെടേണ്ടമെന്നും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ മെമ്പറൻമാരായി ചേരണമെന്നും എല്ലാ മുസ്ലിംകളോടും അഭ്യർത്ഥിക്കുന്ന പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു.

## കേരള മുസ്ലിമീങ്ങളോട്

*പ്രിയ സഹോദരൻമാരെ,*

കേരള മജ്ലിസുൽ ഉലമാ പാസ്സാക്കിയ മൂന്നു പ്രമേയങ്ങളും നിങ്ങൾ വായിച്ചിരിക്കുമല്ലോ. ആ പ്രമേയങ്ങളെ സംബന്ധിച്ച് ഞാൻ നിങ്ങളോട് ഒരപേക്ഷ നടത്തുന്നതിനു മുമ്പ് എനിക്ക് ചിലതെല്ലാം പറയാനുള്ളത് നിങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണമെന്നു ഞാൻ വിനീതമായി അപേക്ഷിക്കുന്നു. കഴിഞ്ഞ കുറേ നൂറ്റാണ്ടുകളായി നമ്മുടെ പരിശുദ്ധ മതത്തേയും മക്കാമദീനാ ബൈത്തുൽമുഖദ്ദസു ബഗ്ദാദ് ബലാകർ ന ജഫ് മുതലായ പുണ്യസ്ഥലങ്ങളേയും സംരക്ഷിച്ചു വരുന്ന നമ്മുടെ ഖലീഫയായ തുർക്കി സുൽത്താനെതിരെ ബ്രിട്ടീഷ് ഭരണാധികാരികളും അവരുടെ സഖ്യശക്തികളും അന്യായമായും നിയമവിരുദ്ധമായും യുദ്ധം ചെയ്തു ആ പുണ്യസ്ഥലങ്ങൾ പിടിച്ചടക്കുകയും തങ്ങൾക്കിടയിൽ വിഭജിച്ചെടുക്കുകയും ചെയ്തിട്ടുണ്ടെന്ന വസ്തുത എല്ലാവർക്കുമറിയാം. അവർ ഇതെല്ലാം ചെയ്തിട്ടുള്ളത്, ക്രിസ്തുമതത്തിനെതിരായി സ്ഥിതി ചെയ്യുന്ന ഇസ്ലാംമതത്തെ ഈ ഭൂലോകത്തു നിന്നു തുടച്ചു നീക്കുക എന്ന നീചമായ ഉദ്ദേശം നിറവേറ്റാൻ ബ്രിട്ടീഷ് ഭരണാധികാരികളാണ് മറ്റു ഗവർമ്മേണ്ടുകളെ പിൻതള്ളുന്ന തരത്തിലുള്ള വാശിയോടുകൂടി ഉദ്യമിക്കുന്നതെന്ന് ഈയിടെ പാരിസിലും ലണ്ടനിലും മറ്റും വെച്ചു നടന്ന സമ്മേളനങ്ങളിൽ തെളിഞ്ഞിട്ടുണ്ട്. നാം തീർച്ചയായും നമ്മുടെ മതത്തെ ജീവനെക്കാൾ വിലപ്പെട്ടതായി കണക്കാക്കുന്നു. കപടമായി കടന്നുവന്നു പുഞ്ചിരിച്ച് നമ്മെ മയക്കി സാമർത്ഥ്യത്തോടെ നമ്മുടെ കരളെടുക്കാൻ ശ്രമിക്കുന്ന ഒരു ഗവർമ്മേണ്ടിനെ ഏതെങ്കിലും വിധത്തിൽ സഹായിക്കാൻ അല്പമെങ്കിലും ഈമാനുള്ള ഒരു മുസ്ലിമിന് കഴിയുമോ?

ഈ ചോദ്യത്തിന് 'ഇല്ല' എന്ന ഉത്തരമാണ് ഇസ്ലാമിക ഗുണങ്ങൾ അല്പമെങ്കിലുമുള്ള ഏതൊരു മുസ്ലിമും നൽകുകയുള്ളൂവെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇന്ത്യയിലെ മുഴുവൻ 'ഉലമാ'ക്കളും ഉലമാ സംഘടനകളും ഒരേ സ്വരത്തിൽ എല്ലാ മുസ്ലിമീങ്ങളോടും അവരുടെ ജീവനടക്കം എല്ലാം ബലികഴിച്ചും ഇസ്ലാം മതത്തിൻെറ അടിസ്ഥാനമായ ഖിലാഫത്തിനെ സംരക്ഷിക്കണമെന്നു ആഹ്വാനം ചെയ്യുന്ന 'ഫത്‌വാ' പുറപ്പെടുവിച്ചിരിക്കുന്നു. മുസ്ലിംകളായ നമ്മിൽ അല്പമെങ്കിലും ഈമാൻ ശേഷിച്ചിട്ടുണ്ടോ എന്നു പരിക്ഷിക്കപ്പെടുന്ന സന്ദർഭമാണിത്. ഖിലാഫത്തിനു വേണ്ടി ഓരോരുത്തരും എത്രത്തോളം പ്രവർത്തിക്കാനുണ്ടു എന്നതിന്നനുസരിച്ചായിരിക്കും ഇതു തീരുമാനിക്കപ്പെടുക എന്ന് എല്ലാ മുസ്ലിംകളും ദയവായി ഓർമ്മിക്കേണ്ടതാണ്.

നമ്മുടെ തുർക്കി സഹോദരൻമാർ ഏഷ്യാ മൈനറിലെ സ്മർണയിൽ സഹിച്ചുവരുന്ന കഷ്ടപ്പാടുകളെക്കുറിച്ചു ദയവായി അല്പം കേൾക്കുക - ത്രിപ്പോളിയിലും ബാൾക്കാൻ പ്രദേശത്തും യൂറോപ്പിലും തുടർച്ചയായി നടന്ന യുദ്ധങ്ങളിൽ പങ്കെടുത്തതുകൊണ്ട് അവിടെയുള്ള പ്രായപൂർത്തിയെത്തിവരെല്ലാം ഒന്നുകിൽ കൊല്ലപ്പെടുകയോ, അല്ലെങ്കിൽ അംഗഭംഗമുള്ളവരാകുകയോ ചെയ്തിട്ടുണ്ട്. അങ്ങിനെ സ്വന്തം ഉപജീവനത്തിനു വകയുണ്ടാക്കുന്നത് നഷ്ടപ്പെട്ട അവിടത്തെ വിധവകളേയും കുട്ടികളേയും ഗ്രീക്കുകാർ സഖ്യശക്തികളുടെ സഹായത്തോടെ ഭീകരമായ വിധത്തിൽ ദ്രോഹിക്കുകയും മർദ്ദിക്കുകയും ചെയ്യുന്നു. കേൾക്കുന്നവരുടെ രോമം എടുത്തു പിടിക്കുന്ന വിധത്തിലാണ് ഈ ദ്രോഹനടപടികൾ നടത്തപ്പെട്ടത്. അവരുടെ വീടുകൾ ചുട്ടുകരിച്ചു. വീട്ടു സാമാനങ്ങൾ

നീക്കം ചെയ്തു. സ്വത്തുക്കൾ അപഹരിക്കപ്പെട്ടു - കന്നു കാലികളെ പിടിച്ചെടുക്കപ്പെട്ടിരിക്കുന്നു. കുട്ടികളെ പിടിച്ചു അടിമകളാക്കി - ഇതുകൊണ്ടൊന്നും തൃപ്തിയാകാതെ ഭീകരമായ തീമഴപോലെ പീരങ്കിയുണ്ടകൾ വർഷിച്ചുകൊണ്ടിരിക്കുന്നു. വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങൾപോലും ചെയ്യാത്ത തരത്തിലുള്ള ഈ പൈശാചിക കൃത്യങ്ങളുടെ ഫലമായി ലക്ഷക്കണക്കിനു മുസ്ലിം വിധവകളും കുട്ടികളും വിവരിക്കാനാവാത്ത ദുരിതങ്ങൾ അനുഭവിച്ചു വരികയാണ്. അവർക്ക് ഭക്ഷണമില്ല - വസ്ത്രമില്ല, പാർപ്പിടമില്ല - പണമില്ലാ അതുകൊണ്ട് ഇതൊന്നും വാങ്ങാനും കഴിയുന്നില്ല. മുസ്ലിം സഹോദരൻമാരെ, ലക്ഷക്കണക്കിനുള്ള നിങ്ങളുടെ സഹോദരൻമാർ മരവിപ്പിക്കുന്ന കാലാവസ്ഥയിൽ പാർപ്പിട മില്ലാതെ, ഭക്ഷണമില്ലാതെ, കുടിക്കാൻ വെള്ളം പോലു മില്ലാതെ ദുരിതങ്ങളനുഭവിക്കുകയാണ്. ദുരിതങ്ങളുടെ തീജ്ജ്വാലയിലവർ നീറുകയാണ്. നൂറുകണക്കിനു നിത്യവും അവിടെ മരിച്ചുകൊണ്ടിരിക്കയാണ് - സുബ്ഹാനല്ലാഹ് - ഇതു നിങ്ങളുടെ ഹൃദയത്തെ സ്പർശിക്കുന്നില്ലേ? നിങ്ങൾക്ക് കാണാനാവാത്തത്ര ദൂരെയാണെന്നതു കൊണ്ടു നിങ്ങളതു കാണാതിരിക്കയാണോ? ഇല്ലാ എനിക്കങ്ങിനെ തോന്നുന്നില്ല. ഇതാ! ഞാനാ ദുരിതത്തിൻെറ ചിത്രം നിങ്ങൾക്ക് മുന്നിൽ വെയ്ക്കുന്നു. കൺതുറന്നാൽ ഇതു കാണാതിരിക്കാനാവില്ല. ഈ ദുരിതം നിങ്ങൾക്ക് പരിഹരിക്കാനാവുന്നതാണ്. നിങ്ങളുടെ മടിശ്ശീല തുറക്കണമെന്നു മാത്രം. നിങ്ങളുടെ കൺതുറക്കുക യാണെങ്കിൽ മടിശ്ശീലയും തുറക്കുമെന്നു എനിക്കുറപ്പുണ്ട്. പിശുക്ക് കൊണ്ടു ഈ സ്ഥിതി കാണാൻ തുറക്കാത്ത കണ്ണു കൾ ഇനി ഒരിക്കലും തുറക്കാതിരിക്കട്ടെ.

### ഒരു അപേക്ഷ

ഇപ്പോൾ തുടങ്ങിട്ടുള്ള റംസാൻ കാലത്താണല്ലോ നാം നമ്മുടെ സക്കാത്ത് കടമ നിർവഹിക്കുന്നത്. ഈ രണ്ടുദ്ദേശങ്ങൾക്കായി കേരളത്തിലെ എല്ലാ ധനവാൻ മാരായ മുസ്ലിമിങ്ങളും അവർ കൊടുക്കുന സക്കാത്തിൻെറ എട്ടിൽ രണ്ടു ഭാഗം എൻെറ മേൽവിലാസത്തിൽ ഉടനെ അയച്ചു തരേണമെന്നപേക്ഷിക്കുന്നു. സക്കാത്ത് കൊടു ക്കാൻ മാത്രം പണക്കാരല്ലാത്തവരും സംഭാവന ചെയ്യു മെന്നും കരുതുന്നു. പണം കിട്ടിയാൽ ഓരോരുത്തർക്കും പ്രത്യേകം രശീതി അയക്കുന്നതാണ്. പുണ്യകാര്യങ്ങൾ ചെയ്താൽ പ്രത്യേകം പ്രതിഫലം കിട്ടുന്ന ഈ റംസാൻ മാസത്തിൽ മതത്തിൻെറ നിലനിൽപ്പിനു കഴിയുന്നതു മുഴു വൻ ചെയ്യാനുള്ള സൻമനസ്സ് ഓരോ മുസ്ലിമിങ്ങൾക്കും റബ്ബുൽ ആലമീനായ തമ്പുരാൻ നല്കുമാറാകട്ടെ – ആമീൻ.

കോഴിക്കോട് ഇ. മൊയ്തു മൗലവി
25 - 5 – 1921 സിക്രട്ടറി
കേരള മജ്ലിസുൽഉലമ

# XLVII ആത്മീയ നേതാക്കളും നവോത്ഥാന നായകരും

## ആത്മീയ നേതാക്കൾ

### 1. പൊന്നാനി മഖ്ദൂം തങ്ങൻമാർ:-

ഏകദേശം അഞ്ച് നൂറ്റാണ്ടിൻെറ വൈജ്ഞാനിക പാരമ്പര്യമുള്ള പൊന്നാനി കേരളത്തിലെ മുസ്ലിംകളുടെ ആദ്ധ്യാത്മിക നേതൃത്വം കൂടിയുണ്ടായിരുന്ന വിഖ്യാത കേന്ദ്രമാണ്. പറങ്കികളുടെ ആഗമനത്തിന് അര നൂറ്റാണ്ട് മുമ്പെങ്കിലും പൊന്നാനി ഒരു തുറമുഖ പട്ടണമായി വളരുകയും ചെയ്തിരുന്നു. മത - സാംസ്കാരിക മണ്ഡലങ്ങളിൽ മലയാളി മുസ്ലിംകളുടെ മഹനീയ നേതൃത്വം ഉണ്ടായിരുന്ന പൊന്നാനി 'കൊച്ചുമെക്ക' എന്നാണ് അറിയപ്പെട്ടിരുന്നത്. മഹത്തായ ഈ സാംസ്കാരിക വൈജ്ഞാനിക പാരമ്പര്യം പൊന്നാനിക്ക് നൽകിയത് പ്രസിദ്ധ പണ്ഡിതൻമാരും ആത്മീയ ഗുരുക്കളുമായിരുന്ന മഖ്ദൂം കുടുംബത്തിൻെറ ആഗമനത്തോടുകൂടിയാണ്. മഖ്ദൂം എന്ന പദത്തിന് പ്രമുഖൻ, പ്രധാനി എന്നെല്ലാമാണർത്ഥം. മഖ്ദൂം ഗോത്രക്കാരുടെ പൂർവ്വികൻമാർ യെമനിലെ 'മഅ്ബർ' എന്ന സ്ഥലത്തുനിന്ന് ദക്ഷിണേന്ത്യയുടെ തെക്കു കിഴക്കൻ തിരപ്രദേശത്ത് ഐസ്ലാമിക പ്രചാരണാരംഭഘട്ടത്തിൽ തന്നെ കുടിയേറി പാർത്തവരാണ്. അവർ താമസമാക്കിയ ദക്ഷിണേന്ത്യയുടെ കിഴക്കേ തിരപ്രദേശത്തിന് 'മഅ്ബർ' എന്ന അവരുടെ പ്രദേശത്തിൻെറ പേരു തന്നെ നൽകുകയും ചെയ്തു. ആദ്യകാല അറബി ഭൂമിശാസ്ത്രകാരൻമാരും ചരിത്രകാരൻമാരും മധുര പട്ടണം ഉൾപ്പെടെയുള്ള തമിഴ് നാടുകൾക്ക് 'മഅ്ബർ' എന്ന പൊതുനാമം സ്വീകരിച്ചു കാണുന്നു. മഅ്ബരിൽ നിന്നും വന്നവരായതുകൊണ്ട് തങ്ങളുടെ പേരിൻെറ കൂടെ 'മഅ്ബരി' യെന്നും ഇവർ ചേർത്തുപോന്നു. യെമനികളായ ഈ ധീഷണശാലികൾ ഇൻഡ്യയുടെ പല ഭാഗങ്ങളിലും മതപ്രചാരണാർത്ഥം പോയി താമസം ഉറപ്പിച്ചിരുന്നതായി തെളിവുകളുണ്ട്. ബദറുദ്ദീൻ മഅ്ബരിയായിരുന്നു മംഗലാപുരം ജുമാഅത്ത് പള്ളിയിലെ ഖാസിയെന്ന് ഇബ്നുബത്തൂത്തതൻെറ സഞ്ചാരക്കുറിപ്പിൽ പ്രസ്താവിക്കുന്നുണ്ട്. തിരുവിതാംകോട്, കീളക്കര, തേങ്ങാപട്ടണം, തിരുച്ചിറപ്പള്ളി, നാഗോർ, മധുര, തഞ്ചാവൂർ, മംഗലാപുരം, കൊച്ചി എന്നി സ്ഥലങ്ങളിലും ഇപ്പോൾ പാക്കിസ്ഥാൻെറ ഭാഗമായ സിന്ധിലും മഖ്ദൂം പണ്ഡിതൻമാർ മതനേതൃത്വം നൽകിയിരുന്നു. മഹത്തായ 'മാപ്പിള സാഹിത്യ പാരമ്പര്യം' എന്ന ഗ്രന്ഥത്തിൻെറ കർത്താക്കളുടെ അഭിപ്രായത്തിൽ ദക്ഷിണേന്ത്യയിലെ തെക്കു കിഴക്കൻ തീരപ്രദേശങ്ങൾക്ക് 'മഅ്ബർ' എന്ന പേരുണ്ടായത് മഅ്ബരിൽ നിന്നും സ്ഥിര താമസമാക്കിയ ഈ പണ്ഡിതൻമാർക്ക് ശേഷമാണ്.1. എന്നാകുന്നു. എന്നാൽ പൊന്നാനിയുടെയും മഖ്ദൂമുകളുടെയും ആധികാരിക ചരിത്രകാരനായ പ്രൊ. കെ.വി. അബ്ദുൾ റഹിമാൻ സാഹിബിൻെറ അഭിപ്രായത്തിൽ ''ദക്ഷിണേന്ത്യയിലെ, സിലോണിനോട് അഭിമുഖമായി കിടക്കുന്ന തെക്കു കിഴക്കൻതീരം സിലോണിലേക്ക് കടക്കുന്ന പ്രദേശമായതുകൊണ്ടാണ് പുരാതനകാലം മുതൽക്കേ അറബികൾ അതിന് 'കടത്ത്' എന്നർത്ഥമുള്ള 'മഅ്ബർ' എന്ന പേർ നൽകിയിരുന്നത്. ദക്ഷിണേന്ത്യയുടെ പശ്ചിമതീരത്തെ അവർ മലബാർ എന്നും വിളിച്ചിരുന്നു. യെമനിലും, ഖുറാസാനിലും 'മഅ്ബർ' എന്നു പേരുള്ള സ്ഥലങ്ങൾ ഉള്ളതിനാൽ മഅ്ബരിൽ വന്ന് താമസമാക്കിയവരുടെ ഉൽഭവസ്ഥാനം അവയായിരിക്കാമെന്നാണ് ചിലരുടെ ധാരണ'2. തമിഴ്നാട്ടിൽ നിന്നും ആദ്യം കൊച്ചിയിലും തദനന്തരം പൊന്നാനിയിലും കുടിയേറി പാർത്തവരത്രെ മഖ്ദൂംമാർ. അവർ ആദ്യകാലം മുതൽ തന്നെ മുസ്ലിം സമുദായത്തിലെ സുന്നി ജമാഅത്തിൻെറ വക്താക്കളും, ഖാസിമാരും, ഖത്തിബുമാരുമൊക്കെയായിരുന്നു. ശാഫി ഈ മദ്ഹബ് കേരളക്കരയിൽ പ്രബലമായി തീർന്നത് ഇവരുടെ നേതൃത്വത്തിലും പരിശ്രമഫലമായിട്ടുമാണ്.

സൈനുദ്ദീൻ ബ്നു ഇബ്രാഹിം ബ്നു അഹ്മദുൽ മഅ്ബരിയായിരുന്നു കൊച്ചിയിൽ ഖാസി പദവിയിലേക്കുയർന്ന ആദ്യത്തെ മഖ്ദൂം. അക്കാലത്ത് പൊന്നാനിയിലെ മുസ്ലിം നേതാക്കൾ ഉപരിപഠനം നടത്തുവാൻ പറ്റുംവിധമുള്ള നല്ലൊരു ദർസ്സ് സ്ഥാപിക്കുവാൻ അദ്ദേഹത്തോടഭ്യർത്ഥിച്ചിരുന്നു. അതേ തുടർന്ന് കൊച്ചിയിൽ തൻെറ പ്രതിനിധിയായി സ്വന്തം കുടുംബത്തിൽപ്പെട്ട മറ്റൊരു പണ്ഡിതനെ എല്ലാവരുടേയും സമ്മതത്തോടുകൂടി അവരോധിച്ച ശേഷം അദ്ദേഹം പൊന്നാനിയിലേക്കുപോയി. അദ്ദേഹത്തോടൊപ്പം കുടുംബാംഗങ്ങളിൽപ്പെട്ട കുറെ യുവപണ്ഡിതൻമാരും ഉണ്ടായിരുന്നു. അക്കാലത്ത് പൊന്നാനിയിൽ സാമൂതിരിക്ക് ഒരു കോവിലകം ഉണ്ടായിരുന്നതിനാൽ ഇടയ്ക്കിടയ്ക്ക് സാമൂതിരി ഇവിടെ താമസിക്കുക പതിവായിരുന്നു. പുതുതായി എത്തിച്ചേർന്ന ഈ മതപണ്ഡിതന് സാമൂതിരി കുറെ സ്ഥലം കരമൊഴിവാക്കി ദാനം ചെയ്യുകയും മറ്റുതരത്തിലുള്ള ആനുകൂല്യങ്ങൾ നൽകുകയും ചെയ്തു. മൈസൂർ സുൽത്താൻമാരുടെ കാലത്ത് കേരള മുസ്ലിംകളുടെ ആത്മീയ നേതൃത്വവും പൊന്നാനിയിലെ മഖ്ദൂം തങ്ങൻമാരിൽ അധിഷ്ഠിതമായിരുന്നു. കഴിഞ്ഞ നൂറ്റാണ്ട് ആദ്യം വരെ പൊന്നാനി മഖ്ദൂംമാരെ കേരളത്തിലെ പ്രധാന ജുംആ മസ്ജിദുകളിൽ ഖാസിമാരായി ലഭിക്കുവാൻ കിണഞ്ഞ് പരിശ്രമിക്കുക പതിവായിരുന്നു. മുസ്ലിം ധനാഢ്യൻമാരാകട്ടെ, ഈ ഖാസിമാർക്ക് വീടും പറമ്പും സൗജന്യമായി നൽകുകയും ചെയ്തു. മധുര മുതൽ മംഗലാപുരം വരെ പ്രധാന മഹല്ലുകളിലൊക്കെ മഖ്ദൂം ഗോത്രപണ്ഡിതൻമാരാണ് ഖാസി സ്ഥാനം വഹിച്ചിരുന്നത്.

ഒറ്റകത്ത്, ഓടകത്ത്, മുസ്ലിയാരകത്ത് മുതലായ പണ്ഡിത മുസ്ലിം തറവാടുകൾ മഖ്ദൂം താവഴിയിൽപ്പെട്ടവയത്രെ. അവരിൽ അതീവ പ്രസിദ്ധരും ഗ്രന്ഥകാരൻമാരും ധിഷണ ശാലികളുമായ ചിലരെക്കുറിച്ചാണ് ചുവടെ പ്രതിപാദിക്കുന്നത്.

## 2. സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ:-

പൊന്നാനി വലിയ ജുമാഅത്ത് പള്ളിയുടെ സ്ഥാപകനായ ശൈയ്ഖ് സൈനുദ്ദീൻ ബ്നു അലി ബ്നു അഹമ്മദ് മഅ്ബരി ഹിജ്റ 871 ശഅബാൻ 12, വ്യാഴാഴ്ച, എ.ഡി. 1467ൽ കൊച്ചിയിലാണ് ജനിച്ചത്. വിശ്രുത പണ്ഡിതനായിരുന്ന ശൈയ്ഖ് അലി ബ്നു അഹ്മദുൽ മഅ്ബരിയായിരുന്നു ഇദ്ദേഹത്തിൻെറ പിതാവ്. അക്കാലത്ത് കൊച്ചിയിലെ ഖാസി അദ്ദേഹത്തിൻെറ പിതൃസഹോദരനായിരുന്ന സൈനുദ്ദീൻ ഇബ്രാഹിം ബ്നു അഹമ്മദ് അൽ മഅ്ബരിയായിരുന്നു. ആദ്യം കൊച്ചിയിലും പിന്നീട് പൊന്നാനിയിലും ഖാസിയായിരുന്ന സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻെറ പിതൃവ്യനായിരുന്നു സൈനുദ്ദീൻ ഇബ്രാഹിം ബ്നു അഹമ്മദ് മഅ്ബരി. അദ്ദേഹത്തിൻെറ സഹോദരനും സൈനുദ്ദീൻ മഖ്ദൂമിൻെറ പിതാവുമായിരുന്ന ശൈയ്ഖ് അലി ബ്നു അഹമ്മദ് അൽ മഅ്ബരി നേരത്തേ തന്നെ മരണമടഞ്ഞിരുന്നതിനാൽ ബാല്യകാലത്തു തന്നെ സൈനുദ്ദീൻ ബ്നു അലിയെ തൻെറ പിതൃവ്യൻ പൊന്നാനിയിൽ കൊണ്ടുവന്ന് കൂടെ താമസിപ്പിച്ചു. ചരിത്രപുരുഷൻ പ്രാഥമിക വിജ്ഞാനം നേടിയത് പിതൃസഹോദരൻെറ അടുക്കൽ നിന്നായിരുന്നു. പൊന്നാനിയിലെ പഠനാനന്തരം ഉപരിപഠനാർത്ഥം അദ്ദേഹം കോഴിക്കോട് പോയി. ചാലിയം സ്വദേശിയും കോഴിക്കോട് ഖാസിയുമായിരുന്ന അബൂബക്കർ ഫഖ്റുദ്ദീൻ ബ്നു ഖാസി റമളാൻ, ശൈയ്ഖ് ശിഹാബുദ്ദീൻ അബുൽ ഹില്ലുൽ യെമനി, ഖാസി അബ്ദുറഹിമാൻ ആദമിൽ മിസ്രിയി തുടങ്ങിയ പല വിഖ്യാതപണ്ഡിതൻമാരിൽനിന്നും ഫിഖ്ഹ്, തസവുഫ്, അഖീദ, അറബി വ്യാകരണം, പേർഷ്യൻ ഭാഷ എന്നിവയിൽ വ്യുൽപത്തി നേടി. പിന്നീട് പിതൃസഹോദരൻെറ അനുമതിയോടുകൂടി ഹദീസ് പഠനത്തിനായി ഈജിപ്തിൽ പോയ അദ്ദേഹം 5 വർഷത്തെ കഠിനാദ്ധ്വാനത്തിനു ശേഷം അത്യുന്നതനായ ഹദീസ് പണ്ഡിതനായി (മുഹമ്മദിസ്) ഉയർന്നു. ഈജിപ്തിൽ ഖാസിയായിരുന്ന ശൈയ്ഖ് അബ്ദുറഹിമാൻ അൽ അദവി അൽമിസ്രിയായിരുന്നു പ്രധാന ഗുരുനാഥൻ. അദ്ദേഹത്തിൽ നിന്നും ഹദീസ് നിവേദനം ചെയ്യുവാനുള്ള അനുമതി ശൈയ്ഖ് സൈനുദ്ദീൻ കരസ്ഥമാക്കി. ഈജിപ്തിലെ ഗുരുവര്യൻമാരിൽ ശൈയ്ഖ് ശംസുദ്ദീൻ ജൗജരി, ശൈയ്ഖ് സക്കരിയ്യ അൻസാരി, ശൈയ്ഖ് കമാലുദ്ദീൻ മുഹമ്മദ് ഇബ്നു അബി ശെരീഫ് മുതലായവരിൽ നിന്ന് ഐസ്ലാമിക ദർശനം, കർമ്മശാസ്ത്രം, തുടങ്ങിയ എല്ലാ വിജ്ഞാന ശാഖകളിലും പ്രാഗൽഭ്യം നേടി. ഈജിപ്തിൽ നിന്നും അറേബിയയിലെ വിശുദ്ധ മക്കാ, മദീന പ്രദേശങ്ങളിലും സന്ദർശനാർത്ഥം അദ്ദേഹം താമസിച്ചിട്ടുണ്ട്. അക്കാലത്ത് ഹജ്ജും, ഉംറയും നടത്തുവാനുള്ള അവസരവും അദ്ദേഹത്തിനുണ്ടായിരുന്നു.

സ്വപിതൃസഹോദരൻെറ മരണാനന്തരം അബ്ദുയെഹിയ എന്ന പേരുംകൂടിയുള്ള ശൈയ്ഖ് സൈനുദ്ദീൻ പൊന്നാനിയിലെ മേൽഖാസിയായി നിയമിതനായി. വലിയ സൈനുദ്ദീൻ മഖ്ദൂമെന്നും, സൈനുദ്ദീൻ മഖ്ദൂം ഒന്നാമനെന്നും വിളിക്കപ്പെടുന്ന ശെയ്ഖ് സൈനുദ്ദീൻ ബ്നുഅലി ബ്നു അഹമ്മദ് മഅ്ബരിയുടെ കാലംമുതൽ വലിയപള്ളിയുടെ ഭരണകർത്തൃത്വവും നാട്ടിലെ മുസ്ലീംകളുടെ ആത്മീയ നേതൃത്വവും ഏറ്റെടുക്കുന്ന ആളെ മഖ്ദൂം തങ്ങളെന്ന് വിളിച്ചുപോന്നു. കേരളത്തിലെ മുസ്ലീംകൾ പൊതുവേയും മലബാറിലെ മുസ്ലിംകൾ പ്രത്യേകമായും മതപരമായ കാര്യങ്ങളിൽ മഖ്ദൂമിൻെറ ശാസനകളും വിധികളും അതേപടി അനുസരിക്കുവാൻ തുടങ്ങുന്നത് ഈകാലം മുതലാണ്. പിൽക്കാലത്ത് മുസ്ലിം പണ്ഡിതൻമാരുടെ ആസ്ഥാനവും പ്രവർത്തനകേന്ദ്രവുമായി തീർന്ന പൊന്നാനിയിലെ സുപ്രസിദ്ധമായ ജുമാഅത്ത് പള്ളിയുടെ സ്ഥാപകനാണ് ശൈയ്ഖ് സൈനുദ്ദീൻ ബ്നുഅലി. ഈ പള്ളിയുടെ നിർമ്മാണത്തിനു മുമ്പായി സൈനുദ്ദീൻ ബ്നുഅലി തൻെറ വസതിയായ 'പഴയ കത്തിന്' തൊട്ടടുത്ത് ഇന്ന് 'അകത്തെപള്ളി'യെന്ന പേരിലറിയപ്പെടുന്ന ചെറിയപള്ളി എടുപ്പിച്ചതായും അവിടെയിരുന്നു കൊണ്ടാണ് അദ്ദേഹം വലിയപള്ളിയുടെ നിർമ്മാണത്തിൻെറ മേൽനോട്ടം നടത്തിയിരുന്നതായും പറയപ്പെടുന്നത്. പള്ളിനിർമ്മാണാനന്തരം അവിടെ ഉന്നതമതപഠനകേന്ദ്രം സ്ഥാപിക്കുകയും പള്ളിദർസ്സിൽ അദ്ദേഹം അദ്ധ്യാപനം നടത്തുകയും ചെയ്തു. പള്ളിദർസ്സ് സമ്പ്രദായം ഇവിടം മുതലാണ് കേരളത്തിൽ സാർവ്വത്രികമായി തീർന്നത്.

'മലയാളത്തിലെ മാപ്പിളമാർ' എന്ന പുസ്തകത്തിൽ സി. ഗോപാലൻനായർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ഇദ്ദേഹം (ശൈഖ് സൈനുദ്ദീൻ ഒന്നാമൻ) പൊന്നാനിയിൽ വന്നതിനുശേഷം മലയാളത്തിലുള്ള രാജാക്കൻമാരെ, വിശേഷിച്ച് സാമൂതിരി രാജാവിനെ, സഹായിപ്പാനായിട്ട് അറബി രാജ്യത്തേക്ക് കത്തും ചില കിത്താബുകളും എഴുതികൊടുത്തയച്ചുകൊണ്ട് അറേബിയയിൽ നിന്നും കപ്പലും ആളുകളും മലയാളത്തിൽ വന്ന് പറങ്കികളുമായി പടവെട്ടി ഇസ്ലാം മാർഗ്ഗം പരത്തിയിരുന്നു."[3] കേരള മുസ്ലിം മഹല്ലുകൾ മൊത്തത്തിൽ ശൈയ്ഖ് സൈനുദ്ദീൻ ഒന്നാമൻെറ ഫത്വകളെ ചോദ്യംചെയ്യാതെ അംഗീകരിച്ചിരുന്നു. ഇക്കാലത്ത് കേരളത്തിലെ വിവിധഭാഗങ്ങളിൽ നിന്നു മാത്രമല്ല തമിഴ്നാട്, ബോംബെ, ഗുജറാത്ത്, ഇന്ത്യനേഷ്യ, സിലോൺ, മാലിദ്വീപ്, ജാവ, സുമാട്രാ, ലക്ഷദ്വീപ് മുതലായ സ്ഥലങ്ങളിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ അന്ന് പൊന്നാനി ദർസ്സിൽ ഉപരിപഠനത്തിനെത്തിയിരുന്നു. പൊന്നാനിയിലെ ദർസ്സ് പഠനത്തെ 'വിളക്കത്തിരിക്കുക' എന്ന പേരിലാണ് പരക്കെ അറിയപ്പെട്ടിരുന്നത്. പൊന്നാനിയിൽ എത്രകാലം പഠനം നടത്തിയിരുന്നുവോ അതിൻെറ ദൈർഘ്യമനുസരിച്ചായിരിക്കും അത്

കഴിഞ്ഞു വരുന്നവർക്ക് കിട്ടിയിരുന്ന പാണ്ഡിത്യത്തിന്റെ അംഗീകാരം.

ശൈയ്ഖ് സൈനുദ്ദീൻ ഒന്നാമൻ വിഖ്യാതനായ പ്രസംഗകനും പ്രസിദ്ധനായ അദ്ധ്യാപകനും മഹാനായ പണ്ഡിതനുമായിരുന്നു. അദ്ദേഹം അറബിഭാഷയിൽ ഗദ്യത്തിലും പദ്യത്തിലുമായി നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ പ്രഖ്യാതങ്ങളായവ താഴെ ചേർക്കുന്നു. 1. മുർശിദുത്തുല്ലാബ്, 2. ശംസുൽഹുദാ, 3. സിറാജുൽ ഖുലൂബ്, 4. തുഹ്ഫത്തുൽ അഹിബ്ബ, 5. ഇർശാദുൽ ഖാസിദീൻ ശത്ബുൽ ഈമാൻ, (അല്ലാമ സെയ്യിദ് നൂറുദ്ദീൻ, അവർകൾ പേർഷ്യൻ ഭാഷയിലെഴുതിയ ഗ്രന്ഥത്തിന്റെ അറബിവിവർത്തനം), 7. കിഫായത്തുൽ ഫറാഇസ് (പ്രസിദ്ധമായ കിത്താബുൽ കാഫി-ഫിൽ ഫറാഇസ് എന്ന പിന്തുടർച്ചാവകാശ ക്രമവിവരണ ഗ്രന്ഥത്തിന്റെ സംഗ്രഹം), 8. കിത്താബു സിഫാമിനശ്ശിഫാ (ഖാസി ഇയാജ് എഴുതിയ കിത്താബു ശിഫായയെന്ന പ്രവാചക ചരിത്രത്തിന്റെ സംഗ്രഹം), 9. തസ്ഹീലുൽ കാഫിയ (ഇമാം ഇബ്നു ഹാജിബിന്റെ കാഫിയയെന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനം). ഇവയ്ക്കുപുറമെ പ്രഖ്യാത അറബി വ്യാകരണക്കാരനായ ഇബ്നു മാലികിന്റെ അൽഫിയായെന്ന കാവ്യ വ്യാകരണ ശാസ്ത്രത്തിന് അദ്ദേഹം നല്ലൊരു വ്യാഖ്യാനവും എഴുതിയിരുന്നു. ഉമർ ബ്നുവർദിയുടെ തുഹ്ഫ (അറബി വ്യാകരണം) ഇബ്നുൽ മഖ്രിയുടെ ഇർശാദ് എന്നീ ഗ്രന്ഥങ്ങൾക്കും അദ്ദേഹം വ്യാഖ്യാനമെഴുതി. ഖുർആനിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പ്രവാചകൻമാരായ ഹസ്രത്ത് ആദം മുതൽ ഹസ്രത്ത് ദാവൂദ് നബി വരെയുള്ളവരുടെ ജീവചരിത്രം ഖസുൽ അമ്പിയ (പ്രവാചകൻമാരുടെ ചരിത്രം) എന്ന ഗ്രന്ഥം വഴി അദ്ദേഹം അവതരിപ്പിച്ചു. എന്നാൽ അതിന്റെ ബാക്കി ഭാഗങ്ങൾ എഴുതുവാനദ്ദേഹത്തിന് സാധിച്ചില്ല. അതുപോലെ ത്തന്നെ നബി തിരുമേനിയുടെ ചരിത്രവും രചിക്കുവാനുള്ള അദ്ദേഹത്തിന്റെ അവസാനശ്രമവും അപൂർണ്ണമായി അവശേഷിക്കുകയാണ് ചെയ്തത്. ഇവയ്ക്കുപുറമെ അറബിയിൽ അദ്ദേഹം രചിച്ച കാവ്യങ്ങളും അതിവ പ്രസിദ്ധങ്ങളാണ്. 'ഹിദായത്തുൽ അദ്കിയ ഇ്ലാത്വരീഖിൽ ഔലിയ" എന്ന കാവ്യം ഏറെ പ്രസിദ്ധിയാർജ്ജിച്ചതാണ്. ഇൻഡ്യയിൽ മാത്രമല്ല അറേബിയ, മലേഷ്യ, ഇന്ത്യനേഷ്യ തുടങ്ങിയ വിദേശ രാജ്യങ്ങളിലും ഇതിന് പ്രചാരം സിദ്ധിച്ചിരുന്നു. അദ്കിയയ്ക്ക് പലരും വ്യാഖ്യാനങ്ങളെഴുതിയിട്ടുണ്ട്. അവയിൽ കൂടുതൽ വിഖ്യാതമായത് അദ്ദേഹത്തിന്റെ പുത്രൻ അബ്ദുൽ അസീസ് മഖ്ദൂം എഴുതിയ അറബി വ്യാഖ്യാനമാണ്. മക്കാ സ്വദേശിയും, പ്രഗൽഭ പണ്ഡിതനുമായിരുന്ന സെയ്യിദ് അബൂബക്കർ ബക്കരിയെഴുതിയ 'കിഫായത്തുൽ അദ്കിയ ഫീമിൻഹാജിൽ ആസ് ഫിയാ' എന്ന കൃതി അദ്കിയുടെ വ്യാഖ്യാനഗ്രന്ഥമാണ്. അതുപോലെ തന്നെ ജാവക്കാരനായ അല്ലാമ മുഹമ്മദ് നൂമിൽ ജാമി 19-ാം നൂറ്റാണ്ടിൽ 'സാലിമുൽ ഫുസ്ലാ' എന്ന ഗ്രന്ഥം വഴി മറ്റൊരു വ്യാഖ്യാനവും എഴുതിയിട്ടുണ്ട്. ശൈയ്ഖ് സൈനുദ്ദീൻ ഒന്നാമന്റെ മറ്റൊരു കാവ്യസമാഹാരമാണ് 'അർജ്ജൂസ' എന്ന ദാർശനിക കൃതി.

മതവിജ്ഞാനത്തിന് മഹത്തായ മുതൽകൂട്ടു നടത്തിയ സൈനുദ്ദീൻ ഒന്നാമന്റെ വിലപ്പെട്ട മറ്റൊരു സംഭാവനയാണ് 'തഹ്രീള് അഹ്ലിൽ ഈമാനി അലാജിഹാദി അബ്ദത്തിസ്സ്വുൽബാനി' (കുരിശാരാധകരോട് ധർമ്മസമരം ചെയ്യാൻ സത്യവിശ്വാസികളെ പ്രേരിപ്പിക്കുന്നത്) എന്ന ഗ്രന്ഥം. കേരളത്തിൽ സൈ്വരജീവിതത്തെ താറുമാറാക്കിക്കൊണ്ടിരുന്ന പറങ്കികളുടെ അധിനിവേശത്തെ തടയുവാൻ ശക്തമായ യുദ്ധം നടത്തേണ്ടത് എല്ലാ മുസൽമാൻമാരുടേയും കടമയാണെന്ന് ഉദ്ബോധിപ്പിക്കുന്ന സമരാഹ്വാന കാവ്യമാണ് ഈ ഗ്രന്ഥം. ഇതിന്റെ നിരവധി കയ്യെഴുത്തു പ്രതികൾ കേരളത്തിലെ പ്രധാന രാജാക്കൻമാർക്കും മുസ്ലിം മഹല്ലുകൾക്കും കൊടുത്തയച്ചിരുന്നതിനു പുറമെ ഈജിപ്ത്, തുർക്കി, അറേബിയ തുടങ്ങിയ രാജ്യങ്ങളിലും എത്തിച്ചിരുന്നു. കേരളത്തിലെ പ്രഥമ സമര കാവ്യമെന്ന ബഹുമതിക്ക് ഈ കൃതിപാത്രമായി "ജനങ്ങളെ നേരിട്ട് ബാധിക്കുന്ന ഒരു പ്രശ്നത്തിൽ സംഘടിച്ച് പ്രതികരിക്കാൻ, സായുധസമരംപോലും നടത്താൻ, ജനങ്ങളോടാഹ്വാനം ചെയ്യുന്നതിന് സാഹിത്യത്തെ ഉപാധിയാക്കുകയെന്നത് ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ മൂർദ്ധന്യദശയിൽ പോലും അടക്കിപ്പിടിച്ച വിദ്വേഷമേ സാഹിത്യകൃതികളിലൂടെ ആവിഷ്കൃതമായിരുന്നുള്ളു...... പക്ഷേ ഇതിനൊക്കെ വളരെമുമ്പ് മലയാളത്തിന്റെ മണ്ണിൽ സമര സാഹിത്യം ഉടലെടുക്കുകയുണ്ടായി. പക്ഷേ മലയാളികളുടെ കണ്ണിൽ അത് ഇതേവരെ പെടുകയുണ്ടായില്ല. ആ സമര സാഹിത്യം അറബിഭാഷയിൽ രചിക്കപ്പെട്ടവയായിരുന്നു."4. ഈ സമരകാവ്യം പറങ്കിപടയാളികൾക്കെതിരായി യുദ്ധം ചെയ്യുവാൻ മുസ്ലിംലോകത്തിന് പ്രചോദനമായി മാറി. മഹാനായ ആ പണ്ഡിതൻ ഹിജ്റ. 928 ശഅ്ബാൻ 16-ാം തിയ്യതി വ്യാഴാഴ്ച (എ.ഡി 1522) പൊന്നാനിയിൽ അന്തരിച്ചു. പൊന്നാനി വലിയ ജുമാഅത്ത് പള്ളിയുടെ തെക്കുവശത്താണ് അദ്ദേഹത്തെ ഖബറടക്കിയിട്ടുള്ളത്. ശൈയ്ഖ് സൈനുദ്ദീൻ ഒന്നാമന്റെ സംക്ഷിപ്ത ജീവചരിത്രം അദ്ദേഹത്തിന്റെ പുത്രനായ ഖാസി അബ്ദുൾ അസീസ് മഅ്ബരി എഴുതിയ 'മസ്ലകുൽ അദ്കിയ' എന്ന ഗ്രന്ഥത്തിലുണ്ട്.•

### 3. ശൈയ്ഖ് അബ്ദുൾ അസീസ് മഖ്ദൂം:-

ശൈയ്ഖ് സൈനുദ്ദീൻ ഒന്നാമന്റെ രണ്ടാമത്തെ പുത്രനും പുകൾപെറ്റ പണ്ഡിതനുമായിരുന്നു ശൈയ്ഖ് അബ്ദുൾ അസീസ് മഖ്ദൂം മഅബ്രി. പിതാവിൽ നിന്നുതന്നെയാണ് ഇസ്ലാമിക വിജ്ഞാനശാഖകളിൽ അദ്ദേഹം പാണ്ഡിത്യം നേടിയത്. ഏതാനും വർഷം അദ്ദേഹം കോഴിക്കോട്ട് ഖാസി മുഹമ്മദ് അവർകളുടെ പിതാമഹനായ ഖാസി അഹമ്മദിന്റെ ശിഷ്യത്വം സ്വീകരിച്ച് മതവിജ്ഞാനരംഗത്ത് കൂടുതൽ ആർജ്ജവം നേടി. പിതാവിന്റെ മരണാനന്തരം പൊന്നാനിയിലെ മേൽഖാസിയും പ്രധാന അദ്ധ്യാപകനുമായി. അദ്ദേഹത്തിന്റെ കാലമായപ്പോഴേക്കും പറങ്കികളുടെ മതധ്വംസ

നവും രക്തച്ചൊരിച്ചിലും ദുസ്സഹമായിതീർന്നു. കിരാതമായ ഈ കാപാലികത്വത്തിനെതിരേ യുദ്ധംചെയ്യുന്ന സാമൂതിരിയോടും കുഞ്ഞാലി മരക്കാൻമാരോടും ഒന്നിച്ചുനിന്ന് പറങ്കികളോട് പടപൊരുതുവാൻ അദ്ദേഹവും തയ്യാറായി. സാമൂതിരിപ്പാടിന്റെ രാഷ്ട്രീയോപദേശകരിൽ പ്രാമാണികനായിരുന്നു അദ്ദേഹം. അക്കാലത്തെ മതപരവും രാഷ്ട്രീയവുമായ പ്രശ്നങ്ങൾക്ക് അദ്ദേഹം ഫത്‌വാ നൽകി കൊണ്ടിരുന്നു. പോർച്ചുഗീസുകാരുടെ ചാലിയംകോട്ട പിടിച്ചെടുത്ത പ്രഖ്യാതസമരരംഗത്ത് നായർ - മുസ്ലിം പടയാളികൾക്ക് നേതൃത്വം നൽകി അവരുടെ പ്രചോദനധാരയായി അദ്ദേഹം വർത്തിച്ചു. ശൈയ്ഖ് അബ്ദുൾ അസീസ് മഖ്ദൂം ചാലിയം യുദ്ധത്തിൽ നിർവ്വഹിച്ച പങ്കിനെക്കുറിച്ച് ഖാസി മുഹമ്മദ് എഴുതിയ 'ഫത്ഹുൽമുബീനിൽ' സിവസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

പണ്ഡിതനായ അദ്ദേഹം സ്വപിതാവിന്റെ 'അദ്കിയ' എന്ന ഗ്രന്ഥത്തിന് നല്ലൊരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. 'മസ്‌ലക്കുൽ അദ്കിയ' എന്ന ഈ വ്യാഖ്യാനഗ്രന്ഥത്തിന് മലബാറിൽ നിന്നും, അറേബിയായിൽ നിന്നും പല പതിപ്പുകളും പ്രസിദ്ധീകരിക്കുകയുണ്ടായി. 'അദ്കിയാ'ക്ക് അദ്ദേഹം തന്നെ എഴുതിയ മറ്റൊരു ലഘു വിവരണമാണ് 'ഇർശാദുൽ അലിബ' എന്ന ചെറിയ പുസ്തകം. ഇതിന്റെ കയ്യെഴുത്തുപ്രതി ആസഫിയ്യാ ഗ്രന്ഥാലയത്തിൽ താൻ കണ്ടതായി ശംസുല്ലാ ഖാദിരി അദ്ദേഹത്തിന്റെ മലബാർ എന്ന ഉറുദു ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. അദ്ദേഹം രചിച്ചിരുന്ന മറ്റ് ഫത്‌വകളും ഗ്രന്ഥങ്ങളും ധാരാളം ഉണ്ടെങ്കിലും അവ ഇപ്പോൾ ലഭ്യമല്ല. പൊന്നാനി ആക്രമണകാലത്ത് അവ സ്വയം നശിക്കുകയോ അഥവാ ആക്രമണകാരികൾ നശിപ്പിക്കുകയോ ചെയ്തിരിക്കാം. മഹാനായ ആ പണ്ഡിതൻ ഹിജ്റ 994ൽ (എ.ഡി. 1586) അന്തരിച്ചു. സ്വപിതാവിന്റെ ഖബറിനടുത്തു തന്നെയാണ് അദ്ദേഹത്തേയും മറവു ചെയ്തിരിക്കുന്നത്.

## 4. ശൈയ്ഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ

ശൈയ്ഖ് സൈനുദ്ദീൻ ഒന്നാമന്റെ മൂന്നാമത്തെ മകനായിരുന്നു മുഹമ്മദ് അൽഗസ്സാലി. മഖ്ദൂം കുടുംബത്തിന്റെ പാരമ്പര്യം പുലർത്തിപോന്ന അദ്ദേഹവും പണ്ഡിതനും, വാഗ്മിയും ഗ്രന്ഥകാരനും ആയിരുന്നു. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ വൈജ്ഞാനികസംഭാവനകളേയും പറ്റിയോ മറ്റുള്ള പ്രവർത്തനങ്ങളെപ്പറ്റിയോ അധികമൊന്നും അറിയുവാനുള്ള ഉപാദാനങ്ങളില്ല. കണ്ണൂർ അറക്കൽ കൊട്ടാരത്തിനടുത്തുള്ള പള്ളിയിലെ ഗ്രന്ഥാലയത്തിൽ അദ്ദേഹം അക്കാലത്ത് നൽകിയ ഫത്‌വകളുടെ പകർപ്പ് "ശൈയ്ഖ് ഗസ്സാലിൽ മഖ്ദൂമിൽ പൊന്നാനി" എന്ന പേരോടുകൂടി കാണുന്നുണ്ടെന്ന് 'മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിക്കുന്നു.5. ജനനമരണ തിയ്യതി പോലും ശേഖരിക്കുവാൻ സാധിക്കുന്നില്ല. അദ്ദേഹം മാഹിക്കടുത്ത് ചോമ്പാലിലെ ഖാസിയായിരുന്നു. അദ്ദേഹം വിവാഹം കഴിച്ചതും സ്ഥിരതാമസമാക്കിയതും അവിടെ തന്നെയാണ്. അദ്ദേഹത്തിന്റെ മൃതദേഹം സംസ്കരിച്ചത് മാഹിയിലെ ചോമ്പാൽ പള്ളി ഖബർസ്ഥാനിലാണ്. ശൈയ്ഖ് ഗസ്സാലിയുടെ വിശ്വവിശ്രുതനായ പുത്രനാണ് ശൈയ്ഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമൻ.

ശൈയ്ഖ് അഹമ്മദ് സൈനുദ്ദീന്റെ ഗുരുനാഥൻമാരിൽ അഗ്രഗണ്യൻ ശൈയ്ഖ് ഷിഹാബുദ്ദീൻ ബ്നു ഹജർ ഹൈതമിയാണ്. ഇബ്നു ഹജറിന്റേയും മറ്റു പ്രശസ്ത പണ്ഡിതൻമാരുടേയും ശിഷ്യനായി മെക്കയിൽ ഉപരിപഠനം നടത്തിയിരുന്ന കാലത്ത് ഫിഖ്ഹ്ഗ്രന്ഥമായ തുഹ്ഫയുടെ രചയിതാവും ലോകപ്രസിദ്ധനുമായിരുന്ന ഇമാം അഹ്മദ് ബ്നു ജറുൽമക്കിയുടെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. മതപഠനം പൂർത്തിയാക്കിയ ശേഷം പൊന്നാനിയിലേക്ക് മടങ്ങിയ അദ്ദേഹം അവിടത്തെ മഖ്ദൂം സ്ഥാനത്ത് അവരോധിതനായി. ചെറിയ സൈനുദ്ദീൻ മഖ്ദൂമെന്നും സൈനുദ്ദീൻ മഖ്ദൂം രണ്ടാമനെന്നുള്ള പേരുകളിൽ അറിയപ്പെടുന്ന അദ്ദേഹം മതവിജ്ഞാനത്തിന്റെ എല്ലാ അംശങ്ങളിലും അതുല്യപ്രഭാവം നേടിയ മഹാനായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ഇന്ത്യയിൽ മാത്രമല്ല മുസ്ലിം രാഷ്ട്രങ്ങളിലാകമാനം ഏറെ അംഗീകരിക്കപ്പെട്ടിരുന്ന ആധികാരിക പ്രമാണങ്ങളാണ്. കേരളീയരെ സംബന്ധിച്ചിടത്തോളം അദ്ദേഹം കൂടുതൽ അറിയപ്പെടുന്നത് മലയാള നാടിന്റെ ആദ്യത്തെ ചരിത്രകാരൻ എന്ന നിലയിലാണ്. അദ്ദേഹമെഴുതിയ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥത്തിന് പ്രധാനപ്പെട്ട ലോകഭാഷകളിലൊക്കെ പരിഭാഷ ഉണ്ടായിട്ടുണ്ട്. ഇംഗ്ലീഷിൽ മാത്രം അഞ്ചിൽ കൂടുതൽ വിവർത്തനങ്ങൾ നിലനിൽക്കുന്നു. മലയളഭാഷയിൽ പോലും തുഹ്ഫത്തിന്റെ ഒന്നിൽകൂടുതൽ തർജ്ജുമ വന്നുകഴിഞ്ഞു. കേരളചരിത്രത്തെ സംബന്ധിച്ച് വിലപ്പെട്ട ഉപാദാനമെന്ന നിലക്കും ആദ്യത്തെ കേരള ചരിത്ര ഗ്രന്ഥമെന്ന നിലയിലും 'തുഹ്ഫത്തുൽ മുജാഹിദീൻ' വിദ്യാർത്ഥികളും അദ്ധ്യാപകൻമാരും ഉപയോഗപ്പെടുത്തി കൊണ്ടിരുന്ന മുഖ്യ ഗ്രന്ഥമാണ്. പറങ്കികളും മലബാറിലെ മാപ്പിള നാവികരും തമ്മിൽ നടന്നുകൊണ്ടിരുന്ന നാവിക പോരാട്ടങ്ങളും പറങ്കികൾ കേരളത്തിലെ തീരപ്രദേശങ്ങളിലും അറബിക്കടലിലും നടത്തിക്കൊണ്ടിരുന്ന നികൃഷ്ടമായ മനുഷ്യാഹുതിയും കണ്ടും കേട്ടും അറിവുണ്ടായിരുന്ന സൈനുദ്ദീൻ മഖ്ദൂം പറങ്കികൾക്കെതിരായുള്ള സമരത്തിൽ പങ്കുചേരാൻ എല്ലാ വിശ്വാസികളോടും ആഹ്വാനം ചെയ്യുന്ന ഗ്രന്ഥമാണിത്. രചയിതാവിന്റെ ആത്യന്തികമായ ലക്ഷ്യം ഇതായിരുന്നുവെങ്കിലും നാല് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ഗ്രന്ഥത്തിൽ 16-ാം നൂറ്റാണ്ടിലെ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക-ചരിത്രം അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. തുഹ്ഫത്തുൽ മുജാഹിദ്ദിന്റെ ഒന്നാംഭാഗത്തിൽ പറങ്കികൾക്കെതിരേ ധർമ്മയുദ്ധം നടത്തേണ്ട കടമ വിശ്വാസികളെ ബോദ്ധ്യപ്പെടുത്തുകയും ഇസ്ലാമിലെ യുദ്ധനിയമങ്ങളെ സവിസ്തരം പ്രതിപാദിക്കുകയും ചെയ്യുന്നു. രണ്ടാം ഭാഗത്തിൽ കേരളത്തിൽ ഇസ്ലാമിന്റെ അധിനിവേശവും മൂന്നാം ഭാഗത്തിൽ ഇവിടെ നിലനിന്നിരുന്ന സാമൂഹിക സ്ഥിതികളേയും നാട്ടുരാജാ

ക്കൻമാർ മുസ്ലിംകളോട് കാണിച്ചിരുന്ന സഹിഷ്ണുതയേയും ഒക്കെക്കുറിച്ച് അദ്ദേഹം ജിജ്ഞാസുവായ ചരിത്രകാരന്റെ നിസ്സംഗതയോടുകൂടി നോക്കിക്കാണുന്നുണ്ട്. കേരളത്തിലെ ജാതി സമ്പ്രദായം, ബഹുഭർത്തൃത്വം, വസ്ത്രധാരണം, ദായക്രമം, യുദ്ധരീതി, കുറ്റവും ശിക്ഷയും തുടങ്ങിയ വിവരണങ്ങൾ കേരളത്തിന്റെ ചരിത്രരചനക്ക് ഏറെ പ്രയോജനകരമായ പ്രതിപാദ്യങ്ങളാണ്. പ്രസ്തുത ഗ്രന്ഥത്തിന്റെ നാലാം ഭാഗം പതിനാല് അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. വാസ്കോഡിഗാമയുടെ ആഗമന വർഷമായ 1498 മുതൽ 1583 വരെയുള്ള 85 വർഷം കുഞ്ഞാലി മരക്കാർമാരുടെ നേതൃത്വത്തിൽ നടന്ന ഘോരമായ നാവികപോരാട്ടങ്ങളുടെ ചരിത്രവും പറങ്കിനാവികൻമാർ നിർവ്വിശങ്കം നടത്തിയിരുന്ന കൂട്ടക്കൊലകളുടേയും മതധ്വംസനങ്ങളുടേയും ദൃക്സാക്ഷി വിവരണവും ഈ ഗ്രന്ഥത്തെ കേരളത്തിലെ ഏറ്റവും കിരാതമായ ഒരു കാലഘട്ടത്തിന്റെ ആധികാരിക പ്രമാണമാക്കി മാറ്റുന്നുണ്ട്. ഈ ഒറ്റ ഗ്രന്ഥം മാത്രം മതി ശൈയ്ഖ് സൈനുദ്ദീന് സ്ഥിരപ്രതിഷ്ഠ ലഭിക്കുവാൻ.

തുഹ്ഫത്തിന്റെ ഇംഗ്ലീഷ്പരിഭാഷ നടത്തിയവർ മേജർ റൗലൻസൺ, അമേഴ്സൺ, ജെയിംസ്ബ്രിക്സ്, റോക്സ്, പ്രൊഫ. മുഹമ്മദ് ഹുസൈൻ നൈനാർ, അൻഡേൺസ് തുടങ്ങിയവരാണ്. ഈ പുസ്തകം ലത്തീൻ, ഫ്രഞ്ച്, സ്പാനിഷ്, ചെക്ക് എന്നി ഭാഷകളിലേക്കും കർണ്ണാടകം, തമിഴ്, മലയാളം എന്നി ഇൻഡ്യൻഭാഷകളിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ മതശാസ്ത്രഗ്രന്ഥങ്ങളും വിശ്വപ്രശസ്തി നേടിയവയാണ്. ശാഫിഈമദ്ഹബിന്റെ കർമ്മശാസ്ത്രം വിവരിക്കുന്ന 'ഫത്ഹുൽ മുഈൻ' മുസ്ലിംരാഷ്ട്രങ്ങളിൽ ഒക്കെതന്നെ അംഗീകരിക്കപ്പെട്ടിട്ടുള്ളതും ഇന്നും കലാലയങ്ങളിൽ പഠിച്ചുകൊണ്ടിരിക്കുന്നതുമായ വിശിഷ്ടഗ്രന്ഥമാണ്. 1574ൽ ആണ് അദ്ദേഹം ഈ ഗ്രന്ഥം എഴുതിയത്. അദ്ദേഹത്തിന്റെ മറ്റു പ്രധാനകൃതികൾ താഴെപറയുന്നു. 1. ഖുർറത്തുൽഅയിൻ, 2. അഹ്കാമുത്തികാഹ്, 3. അജ്വിബത്തുൽഅജീബ, 4. മിൻഹാജുൽ വാളിഹ്, 6. ഇർശാദുൽഇബാദ്, 5. മുഖ്ദസമ്പർ ശറഹുസ്സുദൂർ.

ശൈഖ് സൈനുദ്ദീന്റെ ജനനം എന്നാണെന്ന് കൃത്യമായി അറിയുവാൻ മാർഗ്ഗമില്ല. മുഗൾചക്രവർത്തി അക്ബറുടെ കാലത്താണദ്ദേഹം ജീവിച്ചിരുന്നത്. ബീജാപ്പൂർ ഭരണാധിപനായിരുന്ന സുൽത്താൻഅലി ആദിൽഷായുടെ അടുത്ത സുഹൃത്തും ഉപദേശകനുമായിരുന്നു അദ്ദേഹം. 1557 മുതൽ 1580 വരെയാണ് ആദിൽഷാ ബിജാപ്പൂർ സുൽത്താനായിരുന്നത്. അക്കാലത്ത് ശൈയ്ഖ് സൈനുദ്ദീൻ ബിജാപ്പൂർകൊട്ടാരത്തിൽ താമസിച്ചിട്ടുണ്ട്. തന്റെ പ്രസിദ്ധമായ 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥം അലി ആദിൽഷായ്ക്കാണ് സമർപ്പിച്ചിട്ടുള്ളത്. സൈനുദ്ദീൻ മഖ്ദൂമിന് സാമൂതിരിയുമായി അടുത്തബന്ധമാണുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ഉപദേശകരിൽ ഒരാളും സാമൂതിരിക്കുവേണ്ടി അറബിഭാഷയിൽ കത്തുകൾ എഴുതിയിരുന്നതും അദ്ദേഹമായിരുന്നു. ശൈയ്ഖ് സൈനുദ്ദീന്റെ മാതാവ് മാഹിക്കടുത്ത ചോമ്പാൽ സ്വദേശിനിയായിരുന്നു. അദ്ദേഹം ജനിച്ചത് പൊന്നാനിയിലാണ്. അദ്ദേഹം 1619ൽ മരണമടഞ്ഞതായിട്ടാണ് കരുതിപ്പോരുന്നത്. ചോമ്പാലിലെ കുഞ്ഞിപ്പള്ളി ഖബർസ്ഥാനിൽ പള്ളിയുടെ തെക്കുകിഴക്കുഭാഗത്തുള്ള ഒരു മരച്ചുവട്ടിലാണ് അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്ന സ്ഥലം എന്നാണ് പറയുന്നത്. പൊന്നാനിയിലുള്ള അദ്ദേഹത്തിന്റെ പുരാതനഗൃഹത്തിന് 'ഗസ്സാലിമുസ്ലിയാരകം' എന്നാണ് പേര്.

1. സി.എൻ. അഹമ്മദ് മൗലവി - കെ.കെ. മുഹമ്മദ് അബ്ദുൾ കരീം, പുറം - 183, ഫുട്നോട്ട് 1.

2. പ്രൊഫ. കെ.വി. അബ്ദുൾ റഹിമാൻ സാഹിബ് ഇവടെ അയച്ചുതന്ന ലേഖനത്തിൽ നിന്നും.

3. സി. ഗോപാലൻ നായർ, മലയാളത്തിലെ മാപ്പിളമാർ, 1917, പുറം - 78.

4. പ്രൊഫ. എ.പി.പി. നമ്പൂതിരി, മാധ്യമം, പിറന്നാൾ പതിപ്പ്, 1988, പുറം 61.

5. മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം, മുൻ ഉദ്ധരിച്ചത്, പുറം 144.

## 5. ഖാസി മുഹമ്മദ് ഒന്നാമൻ:-

മുഹ്യിദ്ദീൻ മാലയുടെ കർത്താവായ ഖാസി മുഹമ്മദ് ഒന്നാമൻ കേരളത്തിലെ മുസ്ലിംകൾ എക്കാലവും ഓർമ്മിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ സർഗ്ഗാത്മക പ്രതിഭയും രചനാത്മക വൈഭവവും സമഞ്ജസമായി ഒത്തിരിക്കുന്ന ഭക്തികാവ്യമാണ് മുഹ്യിദ്ദീൻ മാല. തലമുറ തലമുറയായി ഈ മാല ഭക്തിപുരസ്സരം പാടിപോന്നിട്ടുള്ളവർ അസംഖ്യമാണ്. മഹാനായ ഈ ദാർശനിക കവി മതവൈജ്ഞാനിക തലത്തിൽ സംഭാവന ചെയ്തിട്ടുള്ള അമൂല്യകൃതികൾ അദ്ദേഹത്തിന്റെ ധൈഷണിക പ്രാമാണ്യത്തെ വിളിച്ചറിയിക്കുന്നവയാണ്. ഖാസി അബ്ദുൾ അസീസിന്റെ പുത്രനായ ഖാസി മുഹമ്മദ് 1630നും 1540നുമിടക്ക് ജനിച്ചു. അദ്ദേഹത്തിന്റെ പൂർവ്വികരിൽ വളരെപ്പേർ ഉന്നതരായ പണ്ഡിതൻമാരും കോഴിക്കോട് ഖാസിസ്ഥാനം അലങ്കരിച്ചിരുന്നവരുമാണ്. 'ശാലിയാത്ത്' എന്ന് പറഞ്ഞുപോന്നിരുന്ന ചാലിയം ആയിരുന്നു കോഴിക്കോട് ഖാസിമാരുടെ ആദ്യകാല ആസ്ഥാനം. കണ്ണൂർ അറക്കൽ കൊട്ടാര ഗ്രന്ഥപ്പുരയിൽ നിന്നും കണ്ടുകിട്ടിയ മുഹ്യിദ്ദീൻ മാലയുടെ ഇരുന്നൂറ് വർഷം മുമ്പെഴുതിയ ഒരു കയ്യെഴുത്ത് പ്രതിയിൽനിന്നും മനസ്സിലാകുന്നത് സൂര്യപുരുഷനുമുമ്പ് ആറ് പിതൃപരമ്പരയിൽപ്പെട്ടവർ ഖാസിമാരും പണ്ഡിതൻമാരുമായിരുന്നുവെന്നാണ്. കോഴിക്കോട് ഖാസിമാരിൽപ്പെട്ട അദ്ദേഹത്തിന്റെ പ്രപിതാമഹൻമാരാണ് ഖാസി അഹമ്മദ്, ഖാസി അബൂബക്കർ, ഖാസി റമസ്സാൻ, ഖാസിമൂസ, ഖാസി

മുഹമ്മദ് ശാഫി എന്നിവർ.1. ഖാസിമുഹമ്മദിന്റെ മുൻ സൂചിപ്പിച്ച പ്രപിതാമഹൻമാരിൽ ഒരാളായ ഖാസി അബൂബക്കർ ശാലിയാത്തി പ്രഖ്യാതങ്ങളായ നിരവധി 'മുഖമ്മസ്സുകൾ' അതായത്, വ്യാഖ്യാന കാവ്യങ്ങൾ രചിച്ചിട്ടുള്ള പ്രതിഭാധനനാണ്. സഹാബികളിൽപ്പെട്ട ദൈവാനുഗ്രഹീത മഹാകവിയായിരുന്നു കഅ്ബ്ബ്നുസു ഹൈർ. അദ്ദേഹത്തിന്റെ ലോകപ്രശസ്തമായ 'ബാനത്ത്സുആദ്ക്' അദ്ദേഹം വ്യാഖ്യാനകാവ്യം വിരചിച്ചിരുന്നു. അതുപോലെതന്നെ ഇമാംബൂസ്വരിയുടെ 'ഖസീദ ത്തുൽബുർദാ' എന്ന ക്ലാസിക് കൃതിക്കും അദ്ദേഹം വ്യാഖ്യാനകാവ്യം എഴുതിയിട്ടുണ്ട്.

ഖാസിമുഹമ്മദ് മതപഠനം ആരംഭിച്ചത് പിതാവായ ഖാസി അബ്ദുൽഅസീസിൽനിന്നാണ്. വ്യാകരണം, ഗണിതം, ജ്യോതിശ്ശാസ്ത്രം, ഖുർആൻ, ഹദീസ്, ഫിഖ്ഹ് തുടങ്ങിയ മതവിജ്ഞാനങ്ങളിൽ, പ്രാഗൽഭ്യം നേടിയ അദ്ദേഹം ശൈഖ് ഉസ്മാൻ, അബ്ദുൽ അസീസ് മഖ്ദൂം മഅ്ബരി തുടങ്ങിയ അക്കാലത്തെ ഉന്നത പണ്ഡിതൻമാരുടെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. തന്റെ ഗുരുനാഥൻമാരോടൊപ്പമോ അതിൽ കൂടുതലോ പാണ്ഡിത്യവും സർഗ്ഗാത്മകസിദ്ധിയും അദ്ദേഹത്തിന് കൈമുതലായുണ്ടായിരുന്നു. സമകാലികരിൽ അതുകൊണ്ടുതന്നെ മഹോന്നതമായ സ്ഥാനം അദ്ദേഹത്തിന് ലഭിച്ചു. പിതാവിന്റെ ചരമാനന്തരം കോഴിക്കോട് ഖാസിയായ്തീർന്ന അദ്ദേഹം സമുദായത്തെ ആകമാനം വൈകാരികമായി ഐസ്ലാമിക ദർശനങ്ങളിലൂടെയും ഭക്തിയിലൂടെയും ഏകോപിപ്പിക്കുവാൻ ശ്രമിച്ച മഹാനുഭാവനും കൂടിയാണ്.

അറബി, അറബി – മലയാളം എന്നീ ഭാഷകളിൽ നാനൂറോളം പുസ്തകങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ടെന്നാണ് അഭിജ്ഞ മതം. അവയിൽ വിഖ്യാതങ്ങളായ ചില ഗ്രന്ഥങ്ങളുടെ പേരാണ് ചുവടെ ചേർക്കുന്നത്. ദുർറത്തുൽ ഫസീഹ ഫിൽവ അസീവ ന്നസീഹ, 2. ഇലാകം അയ്യുഹൽ ഇഖ്വാൻ, 3. ഫത്ഹുൽ മുബീൻ, 4. മുഖാസിദുന്നിക്കാഹ്, 5. മുൻത്തഖബാത്തുൽ ഫറാഇദ്, 6. നള്മ്ഖത്തറുന്നദ, 7. നള്മുൽ അജ്നാസ്, 8. മൻളൂമത്ത് ഫീതജ്വിദിൽ ഖുർ ആൻ. 9. മൻളൂമത്ത് ഫീ ഇൽ മിൽ ഹിസാബ്, 10. മൻളൂമത്ത് ഫീ ഇൽ മിൽ അഫ്ലാക്കി വന്നുജൂം, 11. മൻളൂമത്ത് ഫിൽഖുത്തുത്തിവർറസാഇൽ, 12. നള്മുൽ അവാമിൽ, 13. ദുർറത്തുൽ ഫസീഹ, 14. നസീഹ ത്തുൽ മുഅ്മിനിൻ, 15. മുദ്ഖിലുൽ ജിനാൻ, 16. മുഹ്യിദ്ദീൻ മാല. ഇവയിൽ ഫത്ത്ഹുൽ മുബീൻ എന്ന കൃതി പൊന്നാനി മഖ്ദൂമാരുടെ സമരാഹ്വാന കൃതികൾപ്പോലെ പറങ്കികൾക്കെതിരായി യുദ്ധം ചെയ്യുവാൻ എല്ലാ മനുഷ്യസ്നേഹികളോടുമുള്ള ആഹ്വാനമാണ്. ചാലിയം കോട്ട പിടിച്ചടക്കുന്നതിൽ സാമൂതിരിയുടെ നായർപ്പടയും കുഞ്ഞാലിയുടെ നാവികപ്പടയും സംഘടിതമായി നടത്തിയ ഐതിഹാസിക പോരാട്ടത്തിൽ പൊന്നാനിയിലെ മഖ്ദൂം തങ്ങളോടൊപ്പം ഖാസി മുഹമ്മദ് ഒന്നാമനും പടയാളികൾക്ക് ആവേശം പകർന്നുകൊണ്ട് മുന്നണി ഭടൻമാരായി ഉണ്ടായിരുന്നു. ചാലിയം യുദ്ധത്തിന്റെ ആധികാരിക പ്രമാണവും കൂടിയാണ് ഈ ഗ്രന്ഥം. കേരളത്തിൽ നിലവിലിരുന്ന ഹിന്ദു-മുസ്ലിം ഐക്യത്തിന്റെ മഹനീയ അദ്ധ്യായം തുറന്നു കാട്ടുന്ന വീരഗാഥ കൂടിയാണിത്.

ഖാസി മുഹമ്മദിന്റെ പരക്കെ അറിയപ്പെടുന്ന അറബി മലയാളകൃതിയാണ് മുഹ്യിദ്ദീൻ മാല. "കൊല്ലം എഴുന്നൂറ്റി എൺപത്തിലണ്ടിൽ ഞാൻ.............. മുഹ്യിദ്ദീൻ മാലനെ കോർത്തേൻ ഞാൻ ലോകരേ" കൊല്ലവർഷം 782ൽ (1607) വിരചിതമായ ഈ മാലയാണ് മലയാളത്തിലെ ആദ്യകാല ഭക്തികാവ്യം. പറങ്കികൾ സൃഷ്ടിച്ച സാൻമാർഗ്ഗിക അധഃപതനവും അരക്ഷിതാവസ്ഥയും കണ്ട് മനംനൊന്ത അക്കാലത്തെ കവികളും പണ്ഡിതൻമാരും സമൂഹത്തെ ആദ്ധ്യാത്മിക മൂല്യബോധമുള്ളവരാക്കി മാറ്റുവാൻ നടത്തിയ ശ്രമം തന്നേയാണ് ഖാസി മുഹമ്മദിന്റെ മുഹ്യിദ്ദീൻ മാലയും അതിനുശേഷമുണ്ടായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ ആദ്ധ്യാത്മിക രാമായണവും. കാലത്തിന്റെ നാഡിമിടിപ്പും നിശ്വാസവും അനുഭവിച്ചറിഞ്ഞവരിൽ നിന്ന് മാത്രമേ ഇത്തരം മഹാകാവ്യങ്ങൾ അനശ്വരങ്ങളായി തീരുകയുള്ളൂ. കേരളത്തിലെ മുസ്ലിംകൾക്കിടയിൽ മഹത്തായ ഒരു കാവ്യസംസ്കാരത്തെ വളർത്തിയെടുത്ത അദ്ദേഹം പ്രഖ്യാത മുസ്ലിം പരിഷ്കർത്താവായിരുന്ന ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദർ ജൈലാനിയെന്ന സൂഫിവര്യന്റെ ജീവിത മഹാത്മ്യത്തിലൂടെ സമൂഹത്തെ ആത്മീയ നിർവൃതിദായകമായ സൻമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നു. താൻ പ്രകീർത്തിക്കുന്ന സൂഫിവര്യന്റെ ഖാദിരിയ്യഃത്വരീഖത്തിന്റെ പ്രചാരണം വഴി വിവിധ ത്വരീഖത്തുകളെ കൂട്ടിയിണക്കി സമുദായത്തെ ഏകീകരിക്കാനൊക്കുമെന്നദ്ദേഹം ആശിച്ചിരുന്നു. ഹിജ്റ 1025ലാണ് മഹാനായ ആ പണ്ഡിതവര്യൻ കഥാശേഷനായത്. പിതാവിന്റേയും പൂർവ്വികരായ മറ്റ് ചിലരുടേയും ഖബറുകൾ സ്ഥിതി ചെയ്യുന്ന കോഴിക്കോട് കുറ്റിച്ചിറപള്ളി അങ്കണത്തിലാണ് അദ്ദേഹത്തേയും സംസ്കരിച്ചിട്ടുള്ളത്.

### 6. ഖാസി മുഹ്യിദ്ദീൻ :-

ഖാസി മുഹ്യിദ്ദീൻ ഹിജ്റ1004ൽ കോഴിക്കോടാണ് ജനിച്ചത്. ബാല്യത്തിൽ തന്നെ അറബി ഭാഷാപഠനവും മതവിജ്ഞാനവും തന്റെ വിഖ്യാതനായ പിതാവ് ഖാസി മുഹമ്മദിന്റെ കീഴിൽ അഭ്യസിച്ചു. അതിനുശേഷം പൊന്നാനിയിലെ ശൈയ്ഖ് സൈനുദ്ദീൻ ചെറിയ മഖ്ദൂം തങ്ങളുടെ അടുക്കൽ 'വിളക്കത്തിരുന്ന്' തിരിച്ചു വരുമ്പോഴേക്കും തന്റെ പിതാവിനെപ്പോലെ നല്ലൊരു പണ്ഡിതനായിത്തീർന്നു ഇദ്ദേഹം. ഖാസി മുഹമ്മദിന്റെ ഗ്രന്ഥരചനയിലും മറ്റുള്ള സാഹിത്യ പ്രവർത്തനങ്ങളിലും പിതാവിനെ സഹായിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി. അദ്ദേഹം സർഗ്ഗവാസനയുള്ള കവിയും പണ്ഡിതനായ ജ്ഞാനപടുവുമായിരുന്നു. കോഴിക്കോട് ഖാസിമാരുടെ പൂർവ്വാർജ്ജിതങ്ങളായ ഗുണവിശേഷങ്ങൾ ഖാസി മുഹ്യിദ്ദീനിലും പ്രശോഭിതമായിട്ടുണ്ട്.

ഖാസി മുഹമ്മദിന്റെ മരണത്തോടുകൂടി ഒഴിവുവന്ന

ഖാസി സ്ഥാനത്തേക്ക് അദ്ദേഹം അവരോധിക്കപ്പെട്ടത് സ്വാഭാവികം മാത്രം. അക്കാലത്തെ മത നേതാക്കൻമാർ വൈദേശികാധിപത്യത്തിനെതിരായി വിശ്വാസികളെ അണി നിരത്തുകയും യുദ്ധവേളയിൽ യോദ്ധാക്കൾക്ക് ആവേശം പകരുകയും ചെയ്തു കൊണ്ട് യുദ്ധരംഗത്ത് മുന്നണി നായകൻമാരായി വർത്തിക്കുകയും ചെയ്യുക പതിവായിരുന്നു. അതേപോലെ തന്നെ തങ്ങളുടെ പ്രസംഗങ്ങൾവഴിയും ഗ്രന്ഥങ്ങൾ മുഖേനയും അവർ സമരത്തെ ഉത്തേജിപ്പിക്കുകയും ചെയ്തിരുന്നു. ഖാസി മുഹയിദ്ദീൻെറ കാലമായപ്പോഴേക്കും പറങ്കികളുടെ ശക്തി ക്ഷയിച്ചു തുടങ്ങുകയും തൽസ്ഥാനത്ത് ലന്തക്കാർ നുഴഞ്ഞു കയറുവാനുള്ള ശ്രമം നടത്തുകയും ചെയ്യുന്ന കാലമായിരുന്നു. തൻെറ പിതാവ് പറങ്കികൾക്ക് എതിരായ യുദ്ധങ്ങളിലാണ് നേതൃത്വം കൊടുത്തതെങ്കിൽ ഖാസി മുഹയിദ്ദീൻ ആകട്ടെ ലന്തപ്പടയെ തുരത്തുന്നതിനുള്ള സംരംഭങ്ങളിൽ മുൻപന്തിയിൽ തന്നെ നിലയുറപ്പിച്ചു. വൈദേശിക ശക്തികൾ ആരായിരുന്നാലും അവരെ കേരളക്കരയിൽ നിന്നും അടിച്ചോടിക്കുവാനുള്ള വിമോചന സമരത്തിൽ സമുദായത്തിന് നേതൃത്വം നൽകിയ പണ്ഡിതവര്യൻമാരുടെ കൂട്ടത്തിൽ ഖാസി മുഹ്യിദ്ദീനെയും കാണാം. ജ്ഞാനോപാസകനായിരുന്ന അദ്ദേഹം ധാരാളം ഗദ്യ-പദ്യകൃതികൾ അറബിഭാഷയിൽ എഴുതിയിട്ടുണ്ട്. സങ്കീർണ്ണ പ്രശ്നങ്ങളുടെ കുരുക്കഴിക്കുന്ന 'വെള്ളാട്ടി മസ്അല' എന്ന പ്രാചീന അറബി-മലയാളകൃതിയുടെ കർത്താവ് ഖാസിമുഹ്യിദ്ദീനാണ്. അദ്ദേഹത്തിൻെറ അറിയപ്പെടുന്ന അറബിഗ്രന്ഥങ്ങൾ താഴെ കൊടുക്കുന്നു. 1. ഖസിദത്ത് ഫീ മദ്ഹി മഹമ്മൂദ് ഖാൻ ആക്കാൻ, 2. മർസിയ്യഃഅലാ ശൈഖ് മുഹമ്മദുൽജിഫ്രി, 3. ഖസീദത്ത് ഫീമദ്ഹി മുഹമ്മദ് സ്വാലിഹുൽ മശ്ഹൂർ, 4. ഖസീദത്ത്ബിശ്റത്തുൽഅളിമ ഫീഖിസ്സത്തിനുസ്വറത്തിൽ അളിമ, 5. ഖസീദത്ത്ഫീനഹ്സിൽഅയ്യാം ഇവയ്ക്കെല്ലാം പുറമേ താർക്കികങ്ങളായ നിരവധി പ്രശ്നങ്ങൾക്ക് അന്തിമവിധിയെഴുതുന്ന സുദീർഘങ്ങളായ ഫത്‌വകളും അദ്ദേഹം എഴുതി യിട്ടുണ്ട്. മഹാനായ ഈ പണ്ഡിതൻ ഹിജ്റഃ 1067ൽ കോഴിക്കോട് സ്വവസതിയിൽ അന്തരിച്ചു. അദ്ദേഹത്തേയും ഖബറടക്കിയിരിക്കുന്നത് പിതാവിനെ സംസ്കരിച്ചിരിക്കുന്നിടത്തായിട്ടാണ്.

*1. മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം, മുൻ ഉദ്ധരിച്ചത്. പുറങ്ങൾ 150-157.*

## 7. മമ്പുറം സെയ്യിദ് അലവി തങ്ങൾ:-

മലബാറിൽ വന്ന് സ്ഥിരതാമസമാക്കിയിരുന്ന പല അറബിപണ്ഡിതൻമാരും സൂഫിവര്യൻമാരും കേരളത്തെ അവരുടെ സ്വന്തം നാടായി കരുതിപോന്നവരാണ്. ഇവിടത്തെ സാമുദായിക നവീകരണപ്രസ്ഥാനത്തിൻെറ കാര്യമായാലും വൈദേശിക ശക്തികൾക്കെതിരായി നടന്നിട്ടുള്ള സ്വാതന്ത്ര്യ സമരത്തിൻെറ കാര്യമായാലും ഇവരെല്ലാംതന്നെ നാടിൻെറയും സമുദായത്തിൻേറയും താൽപര്യത്തിനായി തങ്ങളുടെ പ്രവർത്തനങ്ങൾ തിരിച്ചുവിട്ടവരാണ്. അത്തരം മഹാത്മാക്കളിൽ പ്രമുഖരാണ് സെയ്യിദ് അലവി തങ്ങളും അദ്ദേഹത്തിൻെറ പുത്രൻ സെയ്യിദ് ഫസൽ പൂക്കോയതങ്ങളും. മമ്പുറത്ത് മരണമടഞ്ഞ ശൈയ്ഖ് ഹസ്സൻജിഫ്രിതങ്ങൾ തിരൂരങ്ങാടി ഖാസിയായിരുന്ന ജമാലുദ്ദീൻ മഖ്ദൂമിനോട് നടത്തിയ വസിയത്തിൽ തൻെറ മകൾ ഫാത്തിമയെ ഹളർമൗത്തിലെ തൻെറ സഹോദരിപുത്രനായ സെയ്യിദ് അലവിക്ക് വിവാഹം ചെയ്തുകൊടുക്കണമെന്നും സെയ്യിദ് അലവി അധികം താസിയാതെ മലബാറിൽ വന്നു ചേരുമെന്നും പറഞ്ഞിരുന്നു. സെയ്യിദ് അലവി തങ്ങളുടെ മാതുല പുത്രനായ സെയ്യിദ് ശൈയ്ഖ് ജിഫ്രിയുടെ ക്ഷണപ്രകാരം അദ്ദേഹം മുഖല്ലാ തുറമുഖത്തുനിന്ന് ഒരു പരക്ക്കപ്പലിൽ കയറി ഹിജ്റ 1183ൽ (എ.ഡി. 1767) കോഴിക്കോട്ടെത്തി. സെയ്യിദ് ശൈയ്ഖ് ജിഫ്രിയുടെ വീട്ടിൽ നാവികർ തന്നെ അദ്ദേഹത്തെ കൊണ്ടുപോയി. സെയ്യിദ്ശൈയ്ഖ് ജിഫ്രിയും അദ്ദേഹത്തിൻെറ അനുയായികളും അതിരറ്റ സന്തോഷത്തോടു കൂടിയാണ് ഈ പതിനേഴുകാരനെ സ്വീകരിച്ചത്.

സെയ്യിദ് അലവി തങ്ങൾ ചെറപ്പമായിരുന്നുവെങ്കിലും മതവിജ്ഞാനം കരസ്ഥമാക്കിയിരുന്ന ഉന്നത വ്യക്തിയായിരുന്നു. സെയ്യിദ് ശൈയ്ഖ് ജിഫ്രി തങ്ങൾ അദ്ദേഹത്തെ മമ്പുറത്തേയ്ക്ക് കൊണ്ടുപോയി. ഖാസി ജമാലുദ്ദീനും മറ്റു പൗര നേതാക്കൾക്കും പരിചയപ്പെടുത്തികൊടുത്തു. തദനന്തരം ശൈയ്ഖ് ജിഫ്രി തങ്ങൾ കോഴിക്കോട്ടേക്ക് തിരിച്ചു പോകുകയും സെയ്യിദ് അലവിതങ്ങൾ മമ്പുറത്ത് താമസമുറപ്പിക്കുകയും ചെയ്തു. അധികം കഴിയുന്നതിന് മുമ്പ് മാതുലൻെറ വസിയത്ത് മാനിച്ച് അദ്ദേഹത്തിൻെറ പുത്രിയെ ഖാസി ജമാലുദ്ദീൻെറയും പൗരനേതാക്കളുടേയും കാർമ്മികത്വത്തിൽ വിവാഹം നടത്തി. കുറേക്കാലം ഭാര്യാവസതിയിൽ താമസിച്ച അദ്ദേഹം മമ്പുറത്ത് പുതുതായി ഒരുവീട് നിർമ്മിച്ച് താമസം അവിടേക്ക് മാറ്റി. ഈ വിവാഹത്തിൽ തങ്ങൾക്ക് രണ്ട് പെൺകുട്ടികൾ ജനിച്ചെങ്കിലും ആദ്യപുത്രി ശൈശവത്തിൽ തന്നെ മരണപ്പെട്ടിരുന്നു. കുഞ്ഞീബിയെന്ന് പരക്കെ അറിയപ്പെട്ടിരുന്ന ശരീഫയാണ് രണ്ടാമത്തെ മകൾ. ആദ്യഭാര്യയുടെ മരണാനന്തരം അദ്ദേഹം കൊയിലാണ്ടിയിലെ കോപിൽക്കണ്ടി അമ്പക്കാൻെറ കത്ത് സെയ്യിദ് അബൂബക്കർ മദനിയുടെ പുത്രി ഫാത്തിമയെ വിവാഹം ചെയ്തു. അവരിൽ ഉണ്ടായ പുത്രനാണ് ലോകപ്രസിദ്ധനായ സെയ്യിദ് ഫസൽ പൂക്കോയതങ്ങൾ. രണ്ടാമത്തെ ഭാര്യ ജീവിച്ചിരിക്കെ തന്നെ അദ്ദേഹം പൊൻമുണ്ടക്കാരിയായ ആഇശയെ വിവാഹം ചെയ്തിരുന്നു. ചേറൂർ ശുഹദാക്കളിൽപ്പെട്ട മുഹ്യിദ്ദീൻ സാഹിബിൻെറ സഹോദരിയായിരുന്നു ആഇശയെന്ന ഈ വിധവ. അവരിൽ അദ്ദേഹത്തിന് ഫാത്തിമയെന്നൊരു പെൺകുട്ടിയാണുണ്ടായത്. മഹാനായ മമ്പുറം സെയ്യിദ് അലവി തങ്ങൾ ഹിജ്റ 1260ൽ (എ.ഡി. 1844) ഇഹലോകവാസം വെടിഞ്ഞു. ശൈയ്ഖ് സെയ്യിദ് ഹസൻ ജിഫ്രിയുടെ ഖബറിനു തൊട്ടുതന്നെയാണ് അദ്ദേഹ

ത്തേയും സംസ്കരിച്ചിട്ടുള്ളത്. സെയ്യിദ് അലവി തങ്ങളുടെ ജനനം 1166ൽ (എ.ഡി. 1750) ആയിരുന്നു. 94-ാം വയസ്സിലാണദ്ദേഹം മരണമടയുന്നത്. തന്റെ ജൻമദേശം ഹളർമൗത്തിലെ തരീം എന്ന ചെറു പട്ടണമായിരുന്നുവെങ്കിലും 17 വർഷം മാത്രമാണ് ജൻമനാട്ടിൽ അദ്ദേഹം ഉണ്ടായിരുന്നത്. മാതാപിതാക്കളായ മുഹമ്മദ് ബ്നുസഹ്ൽ മൗലദ്ദവീലയും സയ്യിദത്ത് ഫാത്തിമാ ജിഫ്രിയും അദ്ദേഹത്തിന്റെ ചെറുപ്രായത്തിൽ തന്നെ മരണമടഞ്ഞിരുന്നു. മാതൃസഹോദരിയുടെ വാൽസല്യ സംരക്ഷണത്തിലാണ് പിന്നീടദ്ദേഹം വളർന്നത്.

കേരളത്തിലെത്തിയ ഈ മതപണ്ഡിതൻ സാമുദായിക പരിഷ്കർത്താവിന്റേയും ഇംഗ്ലീഷ് വിരുദ്ധ പ്രസ്ഥാനത്തിന്റേയും ധീരനായ കർമ്മയോഗിയായി മാറി. ഒരു പുരുഷായുസ്സു മുഴുക്കെ നാടിന്റേയും സമുദായത്തിന്റെയും ഉദ്ധാരണത്തിനുവേണ്ടി ഉഴിഞ്ഞു വച്ച ത്യാഗിയായിരുന്നു അദ്ദേഹം. ഖുർആന്റേയും, സുന്നത്തിന്റേയും അടിസ്ഥാനത്തിൽ സൻമാർഗ്ഗ സദാചാര നിഷ്ഠയോടുകൂടി ജീവിക്കുവാൻ അദ്ദേഹം അനുയായികളെ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. ധർമ്മിഷ്ഠനും മതഭക്തനുമായിരുന്ന അദ്ദേഹത്തെ ഹിന്ദുക്കളും മുസ്ലിംകളും ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനങ്ങളും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. മലബാറിൽ ജൻമികൾ കുടിയാൻമാർക്കെതിരായി നടത്തിയിരുന്ന ക്രൂരതകളെ അപലപിച്ചിരുന്ന അദ്ദേഹം മർദ്ദകരായ ഇവരെ താങ്ങിനിർത്തുന്ന ഇംഗ്ലീഷുകാർക്കെതിരായും ഹിന്ദു - മുസ്ലിം ഭേദമില്ലാതെ എല്ലാവരും ഒന്നിച്ചണിനിരക്കണമെന്നാഹ്വാനം ചെയ്തിരുന്നു. ബ്രിട്ടീഷ് അധികാരികൾ ഹിന്ദുക്കളേയും മുസ്ലിംകളേയും ഭിന്നിപ്പിച്ച് രണ്ട് ചേരികളിലാക്കി സാമുദായിക സംഘർഷം സൃഷ്ടിച്ചതിന്റെ പൊരുൾ മനസ്സിലാക്കിയിരുന്ന അദ്ദേഹം പൊതു ശത്രുവിനെ തുരത്തുന്നതിനായി ഹിന്ദു - മുസ്ലിം ഐക്യത്തിനുവേണ്ടി ജീവിതകാലം മുഴുക്കെ പ്രയത്നിച്ചു. വിദേശഭരണത്തെ സായുധ സമരം നടത്തി ഇൻഡ്യയിൽ നിന്നും മുസ്ലിം രാഷ്ട്രങ്ങളിൽ നിന്നും അടിച്ചോടിക്കണമെന്ന് ഉൽബോധിപ്പിച്ചുകൊണ്ട് അദ്ദേഹമെഴുതിയ 'സൈഫുൽ ബത്താർ' എന്ന പ്രസിദ്ധ ഫത്‌വ അക്കാലത്ത് ഓരോ മഹല്ലിലും പ്രചരിപ്പിച്ചിരുന്നു. ഈ ലഘുഗ്രന്ഥം വളരെക്കാലത്തിനുശേഷം നാടുകടത്തപ്പെട്ട അദ്ദേഹത്തിന്റെ പുത്രൻ ഈസ്റ്റാംബൂളിൽ നിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ★★

ഉണ്ണിമൂസ മൂപ്പൻ, അത്തൻ കുരുക്കൾ. ചെമ്പൻ പോക്കർ എന്നിവരുടെ നേതൃത്വത്തിൽ നടന്ന രക്തരൂക്ഷിതമായ ഇംഗ്ലീഷ് വിരുദ്ധ പോരാട്ടങ്ങളിൽ അവർക്ക് ഉത്തേജനവും ഉപദേശവും സയ്യിദ് അലവി തങ്ങൾ നൽകിയിരുന്നതായാണ് ഇംഗ്ലീഷുകാർ വിശ്വസിച്ചിരുന്നത്. ഇവരിൽ അത്തൻ കുരുക്കൾ തിരൂരങ്ങാടിയിൽ ചെന്ന് തങ്ങളെ സ്ഥിരം സന്ദർശിക്കാറുണ്ടായിരുന്നു എന്നും കമ്പനിയധികാരികൾ സംശയിച്ചു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 1801 - 1802 വർഷങ്ങളിൽ തന്നെ സയ്യിദ് അലവി തങ്ങളെ അറസ്റ്റ് ചെയ്യുവാൻ ആലോചന നടന്നിരുന്നു. മലബാറിൽ തെക്കും വടക്കും മാപ്പിള നേതാക്കളുടേയും പഴശ്ശിരാജയുടേയും സംഘടിത ശക്തികളെ അഭിമുഖീകരിച്ചു കൊണ്ടിരുന്ന സന്നിഗ്ദ്ധഘട്ടത്തിൽ ലോകാദരണീയനായ അലവി തങ്ങളെകൂടി അറസ്റ്റ് ചെയ്താലുണ്ടാകുന്ന ഭയാനകമായ ഭവിഷ്യത്ത് ആലോചിച്ച് തൽക്കാലം അനങ്ങാതിരിക്കുകായിരുന്നു ഭരണാധികാരികൾ. 1817ൽ അത്തൻ കുരുക്കളുടെ മകൻ തന്റെ പിതാവിന്റെ കണ്ടുകെട്ടിയിരുന്ന സ്വത്ത് സൈനിക ബലത്തോട് കൂടി പിടിച്ചെടുത്തപ്പോഴും അതിന്റെ പിന്നിലുള്ള പ്രചോദനധാര സയ്യിദ് അലവി തങ്ങളാണെന്ന് തന്നെ കമ്പനി അധികൃതർ വിശ്വസിച്ചു. തങ്ങളെ അറസ്റ്റ് ചെയ്യുവാനുള്ള ഉദ്ദേശ്യത്തോടുകൂടി കളക്ടർ അദ്ദേഹത്തെ കോഴിക്കോട് വരാനാവശ്യപ്പെട്ടു. കല്പനക്ക് വഴങ്ങി തങ്ങൾ കോഴിക്കോടെത്തിയപ്പോൾ ആയിരക്കണക്കിന് അദ്ദേഹത്തിന്റെ ആരാധകർ എന്തും ചെയ്യാൻ തയ്യാറായിക്കൊണ്ട് അദ്ദേഹത്തെ പിൻതുടർന്ന് അവിടെയെത്തിയത് ഇംഗ്ലീഷ്കാരന്റെ കണ്ണു തുറപ്പിച്ചു. അറസ്റ്റ് ചെയ്യാതെ വിട്ടയച്ച ശേഷം കളക്ടർ റിപ്പോർട്ട് ചെയ്തത് "മലബാറിലെ ഉന്നതരും താഴ്ന്നവരും ആയിട്ടുള്ള എല്ലാ വിഭാഗം മാപ്പിളമാരും അദ്ദേഹത്തെ സമാദരണീയനായും ആരാധ്യനായും കാണുന്നവരാണ്. അദ്ദേഹത്തെ ബലം പ്രയോഗിച്ച് കീഴ്പെടുത്തുന്നുവെങ്കിൽ തുടർന്നുണ്ടാകാവുന്ന ഭയാനകമായ പ്രത്യാഘാതം ഒരു പക്ഷെ മലബാറിൽ ആകമാനമുള്ള മാപ്പിളമാരുടെ ശക്തമായ മുന്നേറ്റവും എതിർപ്പും ആയിരിക്കുമെന്ന് ഞാൻ ന്യായമായും ഊഹിക്കുന്നു. പ്രത്യേകിച്ച് ഇവിടെയുള്ള പോലീസ് മാപ്പിളമാരോട് ഏറ്റവും ശത്രുതയുള്ള നായൻമാർ കൂടിയാകുന്നു എന്നതിനാൽ ഈ പൊട്ടിത്തെറിയുടെ വ്യാപ്തി ഊഹിക്കുവാൻ തന്നെ പ്രയാസമാകുന്നു" എന്നാണ്. കളക്ടർ ഇത്തരം ന്യായവാദങ്ങൾ നടത്തി അറസ്റ്റിന് തയ്യാറാകാതെ മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്യാൻ തുനിഞ്ഞത്, നിശ്ചയമായും ഉന്നത തലങ്ങളിൽ നിന്നുള്ള നിർദ്ദേശമനുസരിച്ചായിരിക്കണം തങ്ങളെ അറസ്റ്റ് ചെയ്യുവാൻ കോഴിക്കോട്ടേക്ക് വിളിപ്പിച്ചതെന്ന് വ്യക്തമാക്കുന്നുണ്ട്. ഏതായാലും ഒരു മഹാവിപത്തും രക്തച്ചൊരിച്ചിലും ഒഴിവാക്കുവാൻ ഈ നടപടി സഹായിച്ചു.

തെക്കേ മലബാറിൽ ജൻമികൾക്കും ഇംഗ്ലീഷുകാർക്കുമെതിരായി ഇടയ്ക്കിടയ്ക്ക് നടന്നുകൊണ്ടിരുന്ന കലാപങ്ങൾ മാപ്പിള ലഹളയെന്ന പേരിലാണ് ഇംഗ്ലീഷുകാർ വ്യവഹരിച്ചിട്ടുള്ളത്. അത്തരം രണ്ട് പ്രഖ്യാത ലഹളകൾ സെയ്യിദ് അലവി തങ്ങളുടെ കാലത്ത് നടന്നിട്ടുണ്ട്. തിരൂരങ്ങാടിക്ക് തൊട്ടുകിടക്കുന്ന മുട്ടിയറയെന്ന സ്ഥലത്തായിരുന്നു ആദ്യത്തെ സംഘട്ടനം. ഒരു സവർണ്ണ ജൻമി, കുടിയാൻമാരായ മാപ്പിളമാരെ അപമാനിക്കാനായി ചില സാമൂഹ്യവിരുദ്ധരെ കച്ചകെട്ടി. അവർ മുസ്ലിംകളെ അപഹസിക്കുകയും പ്രകോപന

★★ *അനുബന്ധമായി ചേർത്തിട്ടുള്ളത് നോക്കുക.*

പ്രവർത്തനങ്ങൾ ചെയ്യുകയുമുണ്ടായി. തുടർന്നുണ്ടായ സംഘട്ടനത്തിൽ ചില സാമൂഹികദ്രോഹികൾക്ക് അപായം സംഭവിച്ചിരുന്നു. ഹിന്ദു-മുസ്ലിം സമുദായങ്ങൾക്കിടയിൽ സ്പർദ്ധയും വിദ്വേഷവും ഊതിവീർപ്പിക്കുവാൻ ഏതവസരവും ഉപയോഗപ്പെടുത്തിയിട്ടുള്ള കമ്പനി അധികാരികൾ ഇംഗ്ലീഷ് ഭടൻമാരെ ഇവർക്കെതിരായി അയക്കുകയാണ് ചെയ്തത്. മുട്ടിയറയിൽ എത്തിയ പട്ടാളക്കാർ പള്ളിയിൽ കയറി അവിടെയുണ്ടായിരുന്ന എല്ലാവരേയും ഒന്നടങ്കം മർദ്ദിച്ച് വശരാക്കി. പ്രകോപിതരായ മുസ്ലിംകൾ പട്ടാളത്തെ കൈയ്യിൽ കിട്ടിയ ആയുധങ്ങളുമായി എതിരിട്ടു. പട്ടാളക്കാരിൽ പലർക്കും അപായം പറ്റി. മുസ്ലിംകളിൽ 11 പേർ വെടിയുണ്ടക്കിരയായി. കൈതകത്ത് കുഞ്ഞാലൻകുട്ടി സാഹിബും അദ്ദേഹത്തിൻെറ സഹോദരൻമാരും പിതൃസഹോദര പുത്രൻമാരുമായിരുന്നു മരണപ്പെട്ടവർ. ഇവർ മുട്ടിയറ ശുഹദാക്കളെന്ന പേരിൽ പ്രസിദ്ധരത്രെ. ഹിന്ദുക്കളും മുസ്ലിംകളും മുട്ടിയറ ശുഹദാക്കളുടെ സ്മരണ നിലനിർത്തുന്നതിനായി എല്ലാവർഷവും നേർച്ച നടത്തിവരുന്നു. രണ്ടാമത്തെ ലഹള നടക്കുന്നത് 1843 ഒക്ടോബറിലാണ്. ചേറൂർ പടയെന്ന പേരിലറിയപ്പെടുന്ന ഈ തുറന്ന സംഘട്ടനത്തിലും ഏഴ് മുസ്ലിംകൾ വെടിവെച്ച് കൊല്ലപ്പെട്ടു. ക്യാപ്റ്റൻ ലീഡൻെറ നേതൃത്വത്തിൽ മദ്രാസ്സ് അഞ്ചാം റെജിമെൻറിലെ 60 പട്ടാളക്കാരായിരുന്നു ഈ ലഹള അമർത്താൻ നിയോഗിക്കപ്പെട്ടിരുന്നത്. അവരിൽ ഒരു സുബേദാരും മൂന്ന് ഭടൻമാരും കൊല്ലപ്പെട്ടിരുന്നു. ഇവർക്കുപുറമേ പരിക്കുപറ്റിയവരിൽ ഒരു ഇംഗ്ലീഷുകാരനും അഞ്ച് ഇൻഡ്യൻ പട്ടാളക്കാരും ഏഴ് താലൂക്ക് ശിപായിമാരും ഉൾപ്പെടുന്നുണ്ട്. ഈ ലഹളക്ക് കൂടുതൽ പ്രാധാന്യം ഉണ്ടായത് ചേറൂർ സ്വദേശികളായ മമ്മദുകുട്ടി, മുഹയ്ദീനെന്ന മാപ്പിളക്കവികൾ രചിച്ച ചേരൂർ പടപ്പാട്ട് എന്ന കൃതിയിലൂടെയാണ്. ഈ സമരം നടന്ന് അധികം കഴിയുന്നതിന് മുമ്പു തന്നെ ഈ പാട്ട് പ്രസിദ്ധമായി തീർന്നു. ഇംഗ്ലീഷ് വിരുദ്ധ മനോഗതിക്ക് ആക്കം കൂട്ടുകയും വികാരത്തിന് വീര്യം നൽകുകയും ചെയ്യുന്ന നല്ലൊരു സമരഗീതമാണ് ചേറൂർപ്പടപ്പാട്ട്. ഈ കൃതി തലശ്ശേരി സ്വദേശി സഈദ് അലി 'മള്ഹറുൽമുഹിമ്മാത്ത്' എന്ന ലിത്തോ പ്രസ്സിൽ കുറേക്കാലത്തിനുശേഷം അച്ചടിച്ചു. എന്നാൽ സർക്കാർ പ്രസ്സ് കണ്ടുകെട്ടുകയും അതിൻെറ കൃതികൾ എല്ലാം തന്നെ നശിപ്പിക്കുകയും ചെയ്തു.

ചേറൂർ സമരത്തിൽ രക്തസാക്ഷികളായവർ പുവ്വാടൻ മുഹയ്ദ്ദീൻ, പുതനക്കപ്പുറം മൊയ്തീൻ, പുന്തിരുത്തി ഇസ്മാഈൽ, പാറക്കടവ് ഹുസൈൻ, മൂസക്കുട്ടി, അലിഹസൻ, ചോലക്കൽ ബുഖാരി എന്നിവരാണ്. യുദ്ധം കഴിഞ്ഞ് മരണപ്പെട്ട ഇവരുടെ മൃതശരീരം പട്ടാളക്കാർ തിരൂരങ്ങാടിയിലേക്ക് കൊണ്ടു പോയി ദഹിപ്പിക്കുവാനുള്ള സംരംഭം നടത്തി. ഇസ്ലാമിക ആചാരത്തിനു വിരുദ്ധമായി നടത്താൻ ഉദ്ദേശിച്ച ഈ സംരംഭത്തെ ചെറുത്ത് തോൽപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് സെയ്യിദ് അലവിതങ്ങൾ രംഗത്തെത്തിയതോടെ എന്തിനും തയ്യാറായി ആയിരക്കണക്കിന് ജനങ്ങൾ സമരസന്നദ്ധരായി മുന്നോട്ടുവന്നു. ആളിക്കത്തികൊണ്ടിരുന്ന ജനരോഷത്തെ ഭയന്ന് പട്ടാളക്കാർ മൃതദേഹം അവിടെ ഉപേക്ഷിച്ച് തോറ്റോടുകയാണ് ചെയ്തത്. പിന്നീട് മുസ്ലിംകൾ തിരൂരങ്ങാടി മന്താനിപ്പറമ്പിൽ ശുഹദാക്കളെ ഖബറടക്കി. ബ്രിട്ടീഷ് ഭരണകാലത്ത് ചേറൂർ ശുഹദാക്കളുടെ ഖബറിടം സന്ദർശിക്കുന്നതോ അവിടെ പ്രാർത്ഥന നടത്തുന്നതോ കുറ്റകരമായി പ്രഖ്യാപിച്ചിരുന്നു. മമ്പുറം തങ്ങൻമാരോട് ഇംഗ്ലീഷ് ഭരണത്തിന് കൂടുതൽ വിരോധം ഉണ്ടാകുവാൻ ഇത് കാരണമായിരുന്നു. കടുത്ത ഇംഗ്ലീഷ് വിരോധിയായിരുന്ന സെയ്യിദ് അലവി തങ്ങൾ ഭവിഷ്യത്തുകൾ മനസ്സിലാക്കി കൊണ്ടുതന്നെയാണ് സർക്കാരിനോട് എതിരിട്ട് നിന്നത്. തൻെറ ജീവിതാവസാനംവരെ വിദേശ സർക്കാരുമായി യാതൊരുവക സന്ധിയോ സമാധാനമോ നടത്തുവാൻ തയ്യാറായിരുന്നില്ല.

കേരള മുസ്ലിം നവോത്ഥാനത്തിന് കളമൊരുക്കുകയും അക്ഷമനായ സ്വാതന്ത്ര്യേച്ഛുവായി ജീവിക്കുകയും ചെയ്ത സെയ്യിദ് അലവി തങ്ങൾ ഹിന്ദു-മുസ്ലിം ഐക്യത്തിൻെറ പ്രതീകമാണ്. അദ്ദേഹത്തിൻെറ പ്രധാന കാര്യസ്ഥൻമാരിൽ ഒരാൾ കോന്തുനായർ ആയിരുന്നു. അദ്ദേഹം മരിക്കുന്നതുവരെ തങ്ങളുടെ കൂടെ നിൽക്കുകയും ചെയ്തു. സെയ്യിദ് അലവി തങ്ങളുടെ ശിഷ്യഗണങ്ങളിൽ അനവധി പണ്ഡിതൻമാർ ഉൾപ്പെടുന്നു. ചാക്കിരി അവറാൻ സാഹിബ്, അരിക്കാട് അഹമ്മദ് സാഹിബ്, പുതുപറമ്പിൽ കുഞ്ഞാലി സാഹിബ് എന്നിവർ തങ്ങളുമായി അടുത്ത ബന്ധമുള്ളവരായിരുന്നു. കേരള മുസ്ലിം പണ്ഡിത തറവാട്ടിലെ കാരണവരായ വെളിയങ്കോട് ഉമർഖാസി, അവുക്കോയ മുസ്ലിയാർ എന്ന മൗലാനാ അബൂബക്കർ ബ്നു ഹിശാം, പയ്യനാട് ചൈത്താൻ മുഹമ്മദ് മുസ്ലിയാർ, കോഴിക്കോട് ഖാളി മുഹ്യിദ്ദീൻ ബ്നു അബ്ദു സലാം എന്നിവർ അദ്ദേഹത്തിൻെറ സന്തതസഹചാരികളും ആത്മീയ ശിഷ്യൻമാരുമായിരുന്നു. അദ്ദേഹത്തിൻെറ അനുഗ്രഹാശിസ്സുകളോടു കൂടിയാണ് അദ്ദേഹത്തിൻെറ കാര്യസ്ഥനും സമ്പന്നനും മാപ്പിള നേതാവും ആയിരുന്ന കുറ്റൂരിലെ പുതുപ്പറമ്പിൽ കുഞ്ഞാലി സാഹിബ് തിരൂരങ്ങാടി കിഴക്കേപ്പള്ളി സ്വന്തം ചെലവിൽ നിർമ്മിച്ചത്. അതുപോലെ തന്നെയാണ് കരിപ്പൂർ അംശത്തിലെ പഴയ രാമൻച്ചിറ ജുമാഅത്ത് പള്ളി കിക്കാട് തെക്കുവീട്ടിൽ കുഞ്ഞറമുട്ടി സാഹിബ് പണികഴിപ്പിച്ചത്. അദ്ദേഹത്തിൻെറ ശ്രമഫലമായിട്ടാണ് ആരാധാനാലയങ്ങൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ പള്ളികൾ ഉണ്ടായത്. താനൂർ വടക്കേപ്പള്ളി, കൊടിഞ്ഞി ജുമാഅത്ത്പ്പള്ളി, കാനഞ്ചേരിപ്പള്ളി, ചാപ്പനങ്ങാടിപ്പള്ളി, വെള്ളാർ രാമൻചിറ പള്ളി, കോയപ്പ പള്ളി, മുന്നൂർ ഒടുങ്ങാട്ട് ചിനക്കൽ പള്ളി, മുട്ടിയറക്കൽ പള്ളി, പൊൻമുണ്ടം പള്ളി മുതലായവ അദ്ദേഹത്തിൻെറ മേൽനോട്ടത്തിലും നേതൃത്വത്തിലും നിർമ്മിക്കപ്പെട്ടവയാണ്. ഉദാരമതിയും ധർമ്മിഷ്ഠനുമായ അദ്ദേഹം തനിക്ക് പാരിതോഷികമായി ലഭിച്ചിരുന്ന ധനവും സമ്മാനങ്ങളും ഒക്കെ തന്നെ പാവപ്പെട്ടവർക്കുവേണ്ടി ഉദാരമായി ചെലവഴിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ

അനുഗ്രഹങ്ങൾ വാങ്ങാനും ഉപദേശങ്ങൾ സ്വീകരിക്കുവാനുമായി ജാതിമതഭേദമന്യേ നിരവധി ആളുകൾ അദ്ദേഹത്തെ സന്ദർശിക്കുമായിരുന്നു. ലളിതമായ ജീവിതരീതിയും ഉദാരമായ ധർമ്മനിഷ്ഠയും പലരേയും അദ്ദേഹത്തോടും അദ്ദേഹത്തിൻെറ മതത്തോടും അടുപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ മഖ്ബറ സന്ദർശിക്കുവാനെത്തുന്ന നിരവധി ആളുകൾ ഇന്നും ഉണ്ട് എന്നതുതന്നെ ആ മഹാൻ ജനഹൃദയങ്ങളിൽ എത്രമാത്രം സ്ഥലംപിടിച്ചിരുന്നു എന്നതിനു തെളിവാണ്.

അനുബന്ധം.

അല്ലാഹുവിനെയും റസൂലിനെയും സത്യവിശ്വാസികളെയും വിട്ടു, സത്യനിഷേധികളെ സഹായികളാക്കുകയും അവരെ പിൻപറ്റുകയും ചെയ്യുന്നവർക്കെതിരിലുള്ള ഒരു മൂർച്ചയുള്ള വാൾ.

അഗ്രഗണ്യപണ്ഡിതശ്രേഷ്ഠനും, മാന്യശൈലിയുടെ ഉടമയുമായ അബ്ദുല്ലാഹിബ്നു അബ്ദുൽ ബാരി എഴുതുന്നു. അദ്ദേഹം മുഖേന അല്ലാഹു നമുക്ക് അനുഗ്രഹം ചെയ്തു തരുമാറാകട്ടെ - ആമീൻ -

(1). ഔത്ത്വത്തുത്താമഃ വതദ്കിറത്തുൽ ആമഃ (By സയ്യിദ് ശരീഫുൽ ഹബീബ് അബ്ദുല്ലാഹിബ്നു അലവിയ്യ്ബ്നു മുഹമ്മദുൽ ഹദാദ്) (2). സൈഫുൽ ബത്താർ......... (മമ്പുറം തങ്ങൾ) (3). തൻബീഹുൽശാഫിലീൻ (4) തൻബീഹുൽ മുലൂക്ക് മിൻമക്രിസ്സ്വൽലൂക്ക്. (5) നബ്ദത്തു മിൻ കിത്താബിദ്ദ്വ ത്ത്താമഃ മമ്പുറം സയ്യിദ് അലവി തങ്ങൾ അവർകൾ കൊയിലാണ്ടിയിലെ സയ്യിദ് അബ്ദുല്ലാഹിബ്നു അബ്ദുൽ ബാരിൽ അഹ്ദൽ മുഖേന ഇംഗ്ലീഷുകാർക്കെതിരെ എഴുതിപ്പിച്ച ഫത്ത്‌വയാണ് 'അസ്സൈഫുൽ ബത്താർ' അലാമിൻ യുവാഫിൽ. കുഫ്ഫാർ വയത്തഖിദ്ഹും മിൻദൂനില്ലാഹി വറസൂലി ഹിവൽ മുഉമിനീന അൻസ്വർ' എന്നാണ് ഫത്‌വയുടെ പൂർണ്ണനാമം.

എട്ട് ചോദ്യങ്ങൾക്കുള്ള മറുപടിയാണ് ഇതിലെ ഉള്ളടക്കം. മമ്പുറം തങ്ങൾ കേരളത്തിലെ മുസ്ലിം മഹല്ലുകളിലേക്ക് രഹസ്യമായി അയച്ചിരുന്ന ഈ ഫത്ത്‌വാ ഇംഗ്ലീഷുകാർ കണ്ടെടുത്തു നശിപ്പിച്ചു - എന്നാൽ ശരിയായ കോപ്പി ചോദ്യകർത്താവായ അബ്ദുല്ലാഹിബ്നു അബ്ദുൽബാരി അഹ്ദൽ തങ്ങൾ തന്നെ പിൽക്കാലത്ത് സയ്യിദ് ഫസലിനു നൽകി. അദ്ദേഹം ഹിജ്റ 1273-ൽ സൈഫുൽ ബത്താറുൾപ്പെടെയുള്ള അറബി - ഹിന്ദി പണ്ഡിതനേതാക്കളുടെ ഫത്‌വകൾ - 'ഉദ്ദത്തുൽ ഉമറാ അ്‌വൽ ഹുക്കാംലി ഇഹാനത്തിൽ കുഫ്റത്തിവ അബ്ദത്തിൽ അനാം.' എന്ന നാമധേയത്തിൽ ഇസ്തംബൂളി (തുർക്കിൽ നിന്നു പ്രസിദ്ധീകരിച്ചു. 'സൈഫുൽ ബത്താർ' എന്ന ആ സമാഹാരത്തിൽ 24-ാം പേജ് മുതൽ 40 വരെ ആകെ പതിനാറ് പേജുകൾ മാത്രം.)

സൈയ്ഫുൽ ബത്താർ അറബിയിൽ നിന്നും മലയാളത്തിലേക്ക് മൊഴിമാറ്റം നടത്തിത്തന്നത് കെ.കെ. മുഹമ്മദ് അബ്ദുൽ കരീം സാഹിബാണ്.

സൈഫുൽ ബത്താർ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ തിരുനാമത്തിൽ

ഇസ്ലാമിന് പ്രതാപം നൽകുകയും മഹനീയ നിയമങ്ങൾ മുഖേന അതിൻെറ അടിസ്ഥാന സ്തംഭങ്ങൾ സുശക്തമാക്കുകയും ബഹുദൈവ വിശ്വാസികളെ അപഹാസ്യമാക്കുകയും അക്രമത്തിൻെറയും അജ്ഞതയുടേയും മൂക്ക് മുറിക്കുകയും, പിശാചുകളെ അടിച്ചമർത്തുകയും അതിൻെറ കള്ളമായ അടിത്തറ തകർക്കുകയും അതിൻെറ നിരർത്ഥക അലങ്കാരങ്ങൾ ദുർബലമാക്കുകയും - ഐഹിക ജീവിതം വഞ്ചന മാത്രമാണ് - അല്ലാഹുവിനാണ് സർവ്വസ്തുതിയും.

നമ്മളെ ദുർമാർഗ്ഗത്തിൽ നിന്നു മോചിപ്പിക്കുകയും, അന്ത്യപ്രവാചകൻെറ അനുയായികളാക്കുകയും ചെയ്തതിൻെറ പേരിൽ ഞാൻ അവനെ സ്തുതിക്കുന്നു.

അല്ലാഹുവേ നീ കനിഞ്ഞേകിയ രാജകീയ മതവും, എല്ലാ മതങ്ങളെയും ജയിച്ചടക്കുന്നതും സുശക്തമായ ഇസ്ലാം മത പ്രബോധനത്തിനായി ആഗതരായ മഹാനും ഉദാരനുമായ മുഹമ്മദ് നബി (സ)ക്കും.

അതിന്നെതിരിൽ അക്രമങ്ങളഴിച്ചുവിട്ട ശത്രുക്കളെ ധീരമായി നേരിട്ട് പരാജയപ്പെടുത്തി, അവിടുത്തെ കുടുംബങ്ങൾക്കും സഹയാത്രികർക്കും അന്ത്യദിവസംവരെ നൻമയിൽ അവരെ പിൻപറ്റിക്കൊണ്ടിരിക്കുന്നവർക്കും നീ അനുഗ്രഹവും സംരക്ഷണവും നൽകേണമേ.

മതഭക്തനായ (മതസ്നേഹനിർഭരഹൃദയനായ) ഒരു വ്യക്തിയിൽ നിന്ന്, മഹനീയവും പ്രസക്തവുമായ ചില ചോദ്യങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നു. പ്രസ്തുത ചോദ്യങ്ങൾ ഉൽകൃഷ്ടമായ ഈ സമുദായത്തിലെ ചില വിഭാഗങ്ങൾ, സത്യനിഷേധികളുടെ സമീപത്ത് താമസിക്കുക മുഖേന പരീക്ഷിക്കപ്പെടുകയും തന്നിമിത്തം നൻമനിർഭരമായ അവരുടെ മതാധിഷ്ഠിത സ്വഭാവം ദുർബലമാകുകയും ചെയ്ത സംഭവം സംബന്ധിച്ചുള്ളതായിരുന്നു - അതിനാൽ എല്ലാ പ്രശ്നങ്ങൾക്കുമായുള്ള - അന്ത്യവിധിയായ സത്യമതം മുഖേനയുള്ള ഉപദേശം എന്ന നിലക്ക്, അല്ലാഹുവിൻെറ കിത്താബും തിരുമേനിയുടെ സുന്നത്തുമനുസരിച്ച് ഈചോദ്യങ്ങൾക്ക് മറുപടി പറയുവാൻ നിർബ്ബന്ധമായിരിക്കുകയാണ്.

ചോദ്യകർത്താവ് ചോദിക്കുന്നു - അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ -

ചോദ്യം - 1.

പ്രഗൽഭരായ പണ്ഡിതസമൂഹമേ! മുസ്ലിംകളോട് യുദ്ധം പ്രഖ്യാപിച്ചിട്ടുള്ള ക്രിസ്തീയ രാജാക്കൻമാരും മറ്റും ഭരണം നടത്തുന്ന ഒരു മുസ്ലിം നാട്ടിലേക്ക് താമസം മാറ്റുകയും, അവിടെ സ്ഥിരതാമസമാക്കുകയും ഇസ്ലാമിക വിരുദ്ധമായ അ

വരുടെ നിയമങ്ങളിൽ സംതൃപ്തരാകുകയും, പ്രസ്തുത നാട്ടിനെ സ്നേഹിക്കുകയും, അവിടേക്ക് ചരക്കുകളും മറ്റും ഇറക്കുമതി ചെയ്യുകയും അവിടെ കെട്ടിടങ്ങളും മറ്റും നിർമ്മിക്കുകയും ചെയ്യുന്നവരുടെ ഈ ദുഃശ്പ്രവർത്തനങ്ങൾ സംബന്ധിച്ചും, അവരുടെ ഈമാൻ (സത്യവിശ്വാസം) സംബന്ധിച്ചും ഉള്ള വിധി എന്താണ്?

ഉത്തരം:-

ഈ ചോദ്യം ഒന്നിലധികം വിധി ഉൾക്കൊള്ളുന്നു. ഒന്ന് സത്യനിഷേധികൾ ഭരണം നടത്തുന്ന മുസ്ലിം രാജ്യം സംബന്ധിച്ചുള്ള വിധി എന്ത്?

രണ്ട്:- സത്യനിഷേധികളായ രാജാക്കൻമാർ ഭരണം നടത്തുന്ന മുസ്ലിംരാജ്യത്തേക്ക് താമസം മാറ്റുകയും അവിടെ സ്ഥിരതാമസമാക്കുകയും ചെയ്യുന്നവനെ സംബന്ധിച്ചുള്ള വിധി എന്ത്?

മൂന്ന്:- പ്രസ്തുതരാജ്യത്തേക്ക് സമ്പത്തും ചരക്കുകളും ഇറക്കുമതി ചെയ്യുന്നതും അവിടെ കെട്ടിടങ്ങളും മറ്റും നിർമ്മിക്കുകയും ചെയ്യുന്നത് സംബന്ധിച്ചുള്ള വിധി എന്ത്?

ഇവിടെ പറഞ്ഞ ചോദ്യം ഉൾക്കൊള്ളുന്ന പോയിൻറ് ഒന്നിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഇബ്നു ഹജർ 'തുഹ്ഫ'യിൽ പറഞ്ഞിട്ടുള്ളത് ഇങ്ങനെയാണ്. പ്രസ്തുത രാജ്യം ബാഹ്യമായി അമുസ്ലിം രാഷ്ട്രമാണെങ്കിലും തത്വത്തിൽ ഇസ്ലാമിക രാഷ്ട്രമാണ്. കാരണം അല്ലാഹു പറയുന്നു: ഇസ്ലാം എല്ലാറ്റിൻെറയും മേലെയാണ്, അതിൻെറ മേലെയാകാൻ യാതൊന്നിനും സാധ്യമല്ല. നിശ്ചയമായും ഭൂമി അല്ലാഹുവിൻേറതാണ്. അവനുദ്ദേശിക്കുന്നവർക്ക് അവനത് അനന്തമായി നൽകും. പ്രസ്തുത രാജ്യം തത്വത്തിൽ ഇസ്ലാമികരാഷ്ട്രമായത് കൊണ്ട്, അതിനെ സത്യനിഷേധികളുടെ ആധിപത്യത്തിൽ നിന്ന് സർവ്വകഴിവും ഉപയോഗിച്ച് മോചിപ്പിക്കൽ, മുസ്ലിംകളുടെ നിർബ്ബന്ധബാദ്ധ്യതയാണ്.

പോയിൻറ് രണ്ടിൻെറ മറുപടി.

സത്യനിഷേധികൾ ആധിപത്യം വാഴുന്ന നാട്ടിലേക്ക് താമസം മാറ്റിയവൻ, സത്യനിഷേധവും അതിൻെറ നിയമങ്ങളും ഇഷ്ടപ്പെടുന്നില്ലെങ്കിൽ കൂടി അവൻ സൻമാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ചവനും, അല്ലാഹുവിനോട് ധിക്കാരം ചെയ്തവനും, വൻകുറ്റം ചെയ്തവനുമാണ്. എന്നാൽ സത്യനിഷേധവും അതിൻെറ നിയമങ്ങളും സംബന്ധിച്ചു അവൻ സംതൃപ്തനാണെങ്കിൽ, അവൻ സത്യനിഷേധിയും (കാഫിർ) മതപരിത്യാഗിയും (മുർറദ്) ആണ്.

മതപരിത്യാഗിയെ സംബന്ധിച്ചുള്ള വിധി ഇവൻെറ മേൽ നടപ്പാക്കണം. ബുദ്ധിയുള്ളവർ ചിന്തിച്ചു നോക്കുക. സത്യനിഷേധികളില്ലാത്ത മുസ്ലിം രാഷ്ട്രത്തിൽ നിന്ന് സത്യനിഷേധികൾ പിടിച്ചടക്കുയും സത്യനിഷേധം പരസ്യമായി വെളിവാക്കുകയും അവരുടെ സത്യനിഷേധത്തിൻെറ അക്രമപരമായ നിയമങ്ങൾ മുഖേന തദ്ദേശീയരെ അടക്കി ഭരിക്കുകയും ചെയ്ത രാഷ്ട്രത്തിലേക്ക് താമസം മാറ്റുവാൻ ഈ മുസ്ലിമിനെ പ്രേരിപ്പിച്ച കാര്യം, സത്യത്തിൽ നിന്നുള്ള വ്യതിചലനവും എല്ലാവിധ പാപങ്ങളുടെ അടിസ്ഥാന കാരണവുമായ ഐഹികജീവിതത്തോടുള്ള മമതയും സത്യദീനിൻെറ സംരക്ഷണബാദ്ധ്യതയോടുള്ള അവഗണനയും ഏകദൈവവിശ്വാസികളെ അപമാനിക്കുന്നതിനെതിരിൽ പൗരുഷം പ്രകടിപ്പിക്കാതിരിക്കുകയും സത്യവിശ്വാസികളുടെ സാമീപ്യത്തെക്കാൾ സത്യനിഷേധികളുടെ സമീപം ഇഷ്ടപ്പെടുകയും ചെയ്തുകൊണ്ട് ഭൗതിക സുഖാഡംഭരങ്ങൾ വാരിക്കൂട്ടുവാനുള്ള ആഗ്രഹവും മാത്രമാണ്.

അല്ലാഹു പറയുന്നതിപ്രകാരമാണ്. (സത്യനിഷേധികളുടെ അവസ്ഥാവിശേഷം) ഓർമ്മ വന്നശേഷം, നീ അക്രമികളോടൊപ്പം ഇരിക്കരുത്. അല്ലാഹു വീണ്ടും പറയുന്നു. അവർ വേറെ വിഷയത്തിൽ പ്രവേശിക്കുന്നത്വരെ നിങ്ങൾ അവരുടെ കൂടെ ഇരിക്കരുത്. ഇരുന്നാൽ നിശ്ചയമായും അപ്പോൾ നിങ്ങളും അവരെപ്പോലെ ആകും. അപ്പോൾ നിശ്ചയമായും നിങ്ങളും അവരെപ്പോലെ ആകും എന്നുള്ള അല്ലാഹുവിൻെറ വാക്ക് സംബന്ധിച്ച് അവൻ ചിന്തിച്ച് നോക്കട്ടെ. ഇതാണ് സ്വാഭാവികമായി സത്യനിഷേധികളുടെ സമീപത്ത് ജീവിക്കുന്നവരെ സംബന്ധിച്ചുള്ള വിധി. അപ്പോൾ, സത്യനിഷേധികളുടെ സമീപം ജീവിക്കാൻവേണ്ടി, മനഃപൂർവ്വം ബുദ്ധിമുട്ട് സഹിച്ചുകൊണ്ട് അവരുടെ അടുക്കലേക്ക് താമസം മാറ്റുന്നവരെ സംബന്ധിച്ചുള്ള വിധി എന്തായിരിക്കും? അപ്പോൾ അവൻെറ മാർഗ്ഗഭ്രംശവും മതവ്യതിചലനവും സംബന്ധിച്ച് സംശയത്തിന് അവകാശമില്ല. അത്തരം അവസ്ഥ വരുന്നത് സംബന്ധിച്ച് ഞാൻ അല്ലാഹുവിങ്കൽ അഭയം തേടുന്നു.

അബുദാവൂദ്, തുർമദി, നസാഈ എന്നിവർ നിവേദനം ചെയ്ത ബഹുദൈവ വിശ്വാസികളുടെ ഇടയിൽ താമസിക്കുന്ന എല്ലാ മുസ്ലിംകളിൽ നിന്ന് ഞാൻ ഒഴിവാകുന്നു. അഥവാ അവരുമായി എനിക്ക് യാതൊരു ബന്ധവും ഇല്ല. അവർ ചോദിച്ചു, അല്ലാഹുവിൻെറ ദൂതരേ! അതിന് കാരണമെന്താണ്. തിരുമേനി അരുളി: രണ്ട് തീ കാണുന്നത് കൊണ്ട്,' എന്നുള്ള നബി (സ)യുടെ തിരുവചനം സംബന്ധിച്ച് ഇബ്നുഹജർ അദ്ദേഹത്തിൻെറ പുതിയ മതവിധികളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ഈ ഹദീസിൻെറ "അർത്ഥം, മുസ്ലിംകളുടെ താമസസ്ഥലം ബഹുദൈവ വിശ്വാസികളുടെ താമസസ്ഥലങ്ങളിൽ നിന്ന് ദൂരെയായിരിക്കൽ നിർബന്ധമാണ് എന്നാണ്.

അതായത് തീ കത്തിച്ചാൽ ബഹുദൈവ വിശ്വാസികളുടെ ഭവനങ്ങളിൽ കത്തിക്കുന്ന തീ കാണുന്ന സ്ഥലത്ത് മുസ്ലിം താമസിക്കരുത്. കാരണം ഈ രണ്ട് തീയും കാണുന്ന സ്ഥലത്ത് താമസിക്കുന്നവരെ അവരിൽപെട്ടവരായി കണക്കാക്കപ്പെടും. ശത്രുരാജ്യങ്ങളിൽ നിന്ന് ഹിജ്റ പോകൽ നിർബന്ധമാണ് എന്നത് തർക്കമില്ലാത്ത കാര്യമാണ്.

ഈ ഹദീസിനെ സംബന്ധിച്ചുള്ള ചോദ്യത്തിന് ഇബ്നു ഹജർ പറഞ്ഞ മറുപടി ഇങ്ങനെയാണ്. മുസ്ലിംകൾ അമുസ്ലിം

കളുടെ ഇടയിൽ താമസിച്ചാൽ അവരുടെ അംഗസംഖ്യ കൂടുതൽ ഉണ്ട് എന്ന് വിചാരിക്കപ്പെടും. ഒരു സൈന്യം അവരോട് യുദ്ധത്തിന് വരുമ്പോൾ അവരുടെ ഭവനങ്ങളിൽ കത്തുന്ന തീയുടെ കൂടെ മുസ്ലിംകളുടെ വീടുകളിൽ കാണുന്ന തീയുംകൂടി കാണുമ്പോൾ അവരുടെ എണ്ണം അധികമുണ്ടെന്ന് ധരിക്കാനും തന്നിമിത്തം യുദ്ധം വേണ്ടെന്ന് വെക്കാനും ഇട വരുന്നതാണ്.

നബി (സ) മക്ക കീഴടക്കാൻ അയച്ച സൈന്യത്തെ 'മർറ്ളുഹ്റാൻ' എന്ന സ്ഥലത്ത് വെച്ച് കണ്ട ശത്രുക്കൾ അവരുടെ അംഗസംഖ്യ അനുമാനിച്ച് കണക്കാക്കിയതു പോലെ അറബികൾ ശത്രുക്കളുമായി അഭിമുഖീകരിക്കുമ്പോൾ, അവർക്കിടയിൽ കത്തുന്ന തീ കണ്ട് അവരുടെ അംഗസംഖ്യ കണക്കാക്കാറുണ്ടായിരുന്നു. - മുസ്ലിംകൾ ബഹുദൈവ വിശ്വാസികളുടെ ഇടയിൽ തമാസിക്കുന്നത് കൊണ്ട്, മുസ്ലിംകൾക്ക് അവരോട് യുദ്ധം ചെയ്യുന്നതിനും, അവരെ പേടിപ്പെടുത്തുന്നതിനും തടസ്സം നേരിടുന്നു. അത് കൊണ്ടാണ് അവരുടെ ഇടയിൽ താമസിക്കുന്ന മുസ്ലിംകളുമായി എനിക്ക് യാതൊരു ബന്ധവും ഇല്ല എന്ന് പറഞ്ഞ് കൊണ്ട് തിരുമേനി ഒഴിവായത്.

ചോദ്യം ഉൾക്കൊള്ളുന്ന മൂന്നാം പോയിൻറിനുള്ള മറുപടി. അമുസ്ലിംകൾ ഭരണം നടത്തുന്ന നാട്ടിലേക്ക് സമ്പത്തും ചരക്കുകളും ഇറക്കുമതി ചെയ്യുന്നതും അവിടെ കെട്ടിടങ്ങളും മറ്റും ഉണ്ടാക്കുന്നതും വ്യക്തമായ മാർഗ്ഗ ഭ്രംശവും, വമ്പിച്ച നാശവും, ബഹുദൈവ വിശ്വാസികളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് സംതൃപ്പരാവലുമാണ്.

ഇത്തരം രാജ്യങ്ങളിലെ നിവാസികളും സമീപ വാസികളും കൂടി സത്യനിഷേധികളോട് യുദ്ധം ചെയ്യൽ നിർബ്ബന്ധമാണ്. വിദൂരവാസികൾ അവർക്ക് വേണ്ടുന്ന സഹായസഹകരണങ്ങൾ നൽകുകയും വേണം. ഇതാണ് ഇത്തരം നാടുകളെ സംബന്ധിച്ചുള്ള വിധി.

തുഹ്ഫയുടെ വിവരണത്തോട് കൂടിയ മിൻഹാജിൽ പറയുന്നത് ഇപ്രകാരമാണ് - നമ്മുടെ നാടുകളിൽ പ്രവേശിക്കുന്ന സത്യനിഷേധികളായ പ്രാസംഗികൻമാരെയും മറ്റും തടയണം, വേണ്ടിവന്നാൽ യുദ്ധത്തിന് തയ്യാറാകണം. കുട്ടികൾ, അടിമകൾ, കടക്കാരൻ, സ്ത്രീകൾ എന്നിവർക്ക് കൂടി യുദ്ധത്തിൽ പങ്കെടുക്കൽ നിർബന്ധമാണ്. വിദൂരവാസികൾ ഇവർക്ക് ആയുധങ്ങളും സഹായവും എത്തിച്ചു കൊടുക്കുകയും വേണം. ഇങ്ങനെയാണ് സത്യനിഷേധികളായ രാജാക്കൻമാരോട് വർത്തിക്കേണ്ടതെങ്കിൽ നമ്മുടെ നാട് പിടിച്ചടക്കി ഭരണം നടത്തുകയും നമ്മളെ അപമാനിക്കുകയും നാം ബഹുമാനിക്കുന്നതിനെയെല്ലാം നിന്ദിക്കുകയും ചെയ്യുന്ന സത്യനിഷേധികളോട് ഇപ്രകാരം തന്നെയാണ് പ്രവർത്തിക്കേണ്ടത്. അല്ലെങ്കിൽ ഇതിലുപരിയായി കഴിയുന്നതെല്ലാം ചെയ്യൽ നിർബന്ധമാണ്. അപ്പോൾ ഇത്തരം രാജ്യങ്ങളിലേക്ക് സമ്പത്തും ഭക്ഷ്യപദാർത്ഥങ്ങളും ഇറക്കുമതി ചെയ്യലും, അവിടെ കെട്ടിടങ്ങൾ ഉണ്ടാക്കലും അവിടത്തെ അങ്ങാടികളും മാർക്കറ്റുകളും സജീവമാക്കലും, ഇസ്ലാമിക നിയമത്തിന് വിരുദ്ധവും, അല്ലാഹുമായുള്ള കരാറിന് വിപരീതവും അനിസ്ലാമികനിയമം സംബന്ധിച്ച് സംതൃപ്തി രേഖപ്പെടുത്തലുമാണ്. അല്ലാഹു ചോദിക്കുന്നു: അല്ലാഹുവിൻെറ ദീൻ അല്ലാത്ത മറ്റു വല്ലതുമാണോ അവർ ആഗ്രഹിക്കുന്നത്. വാസ്തവത്തിൽ ആകാശഭൂമികളിലുള്ളതെല്ലാം, ഇഷ്ടാനുസരണമോ, നിർബന്ധിതനായോ അവനെയാണ് അനുസരിച്ചു കൊണ്ടിരിക്കുന്നത് അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മടക്കപ്പെടുന്നതും.

ഖണ്ഡിതമായ രേഖയായ ഖുർആനിൻെറ വ്യക്തമായ പ്രഖ്യാപനം മുസ്ലിംകളെ ഒഴിവാക്കി സത്യനിഷേധികളോട് സമ്പർക്കം സ്ഥാപിക്കുന്നവർക്കും ഇവരെ കാര്യകർത്താക്കളാക്കുന്നവർക്കും സത്യവിശ്വാസം ഇല്ല എന്നാണ്. സത്യനിഷേധികളില്ലാത്ത മുസ്ലിംരാജ്യം വിട്ട് സത്യനിഷേധികളുടെ അടുക്കലേക്ക് താമസം മാറ്റിയതിൻെറ ഫലമായി ഈ അവസ്ഥ പ്രാപിച്ചതിന് ഉത്തരവാദി ആർ അത് ചെയ്തോ അവൻ തന്നെയാണ്.

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന യാതൊരു ജനതയും അല്ലാഹുവിനെയും റസൂലിനെയും എതിർക്കുന്നവരുമായി സൗഹാർദ്ദം പുലർത്തുന്നതായി നീ കാണുകയില്ല. അവർ ഇവരുടെ പിതാക്കളാണെങ്കിലും ശരി.

അല്ലാഹു പറയുന്നു: സത്യവിശ്വാസികളേ

എൻെറയും നിങ്ങളുടെയും ശത്രുക്കളെ നിങ്ങൾ സ്നേഹബന്ധം പുലർത്തുന്ന മിത്രങ്ങളാക്കിവെക്കരുത്. നിങ്ങൾക്ക് ലഭിച്ച സത്യസന്ദേശം അവർ നിഷേധിച്ചിരിക്കുന്നു.

അല്ലാഹു പറയുന്നു:

സത്യവിശ്വാസികളേ,

ക്രിസ്ത്യാനികളെയും ജൂതൻമാരെയും നിങ്ങൾ മിത്രങ്ങളാക്കരുത്. അവർ പരസ്പരം മിത്രങ്ങളാണ്. നിങ്ങളിൽ നിന്ന് വല്ലവനും അവരെ മിത്രങ്ങളാക്കിയാൽ നിശ്ചയമായും അവൻ അവരിൽപെട്ടതാണ്. നിശ്ചയമായും നിങ്ങളുടെ സംരക്ഷകൻ അല്ലാഹുവും അവൻെറ ദൂതനും സത്യവിശ്വാസികളുമാണ്.

അല്ലാഹു പറയുന്നു:

സത്യവിശ്വാസികളേ, നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരിൽ നിന്നും, സത്യനിഷേധികളിൽ നിന്നും, നിങ്ങളുടെ മതത്തെ കളിയും വിനോദവും ആക്കിയവരെ നിങ്ങൾ മിത്രങ്ങളാക്കരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക.

ഇവിടെ ഉദ്ധരിക്കപ്പെട്ടതും ഇത്പോലെയുള്ള വേറെയും ധാരാളം ഖുർആൻ സൂക്തങ്ങൾ, മുമ്പ് പറഞ്ഞവിധത്തിൽ സത്യനിഷേധികളോട് മൈത്രീബന്ധം നിലനിർത്തുന്നവർക്ക് സത്യവിശ്വാസം ഇല്ല എന്ന് വ്യക്തമാക്കിയിരിക്കുന്നു. അത്തര

ക്കാർ അവരിൽപ്പെട്ടവരാണ് എന്ന് പറഞ്ഞതിൻെറ അർത്ഥം അതാണ്. അല്ലാഹു ഇത്ര നന്നായി വിശദീകരിച്ചശേഷം ഇനി വല്ല വിശദീകരണവും ആവശ്യമുണ്ടോ. അല്ലെങ്കിൽ അല്ലാഹു ഇങ്ങനെ വിധിച്ചതിന് ശേഷം ഇനി ഇതിനെക്കാൾ നല്ല വല്ല വിധിയുമുണ്ടോ? അല്ലാഹുവിനെക്കാൾ നന്നായി വിധിക്കുന്നവൻ ആരാണുള്ളത്.

മുംതഹിന: എന്ന ഖുർ ആൻ അദ്ധ്യായത്തിലെ സൂക്തം അവതരിപ്പിച്ചതിന് കാരണമായ, ഹാതിബ് ബ്നു അബീബൽതഅ: സൗഹാർദ്ദം പുലർത്തുവാനായി ചെയ്തത്, നബി (സ) മക്ക കീഴ്പെടുത്തുവാനായി വരുന്നുണ്ട് എന്ന വിവരം എഴുതി അയക്കുക മാത്രമാണ്. അദ്ദേഹം, മതപരിത്യാഗിയാവുകയോ സത്യനിഷേധം തൃപ്തിപ്പെടുകയോ ചെയ്തിരുന്നില്ല. അദ്ദേഹം അപരിഷ്കൃതനായിരുന്നു. അത് സംബന്ധിച്ചാണ് പ്രസ്തുത ഖുർആൻ സൂക്തം അവതരിപ്പിച്ചത്. നമുക്ക് ലഭിച്ച സത്യം നിഷേധിച്ചതുകൊണ്ട്, സത്യനിഷേധികളോട് സൗഹാർദ്ദം പുലർത്തുന്നത് അല്ലാഹു വിരോധിച്ചു.

ഫ്രഞ്ച്കാരുടെ സത്യനിഷേധത്തെക്കാൾ വലിയ സത്യനിഷേധമുണ്ടോ? കനീസ ഉണ്ടാക്കാൻ വേണ്ടി ക്രിസ്ത്യാനിക്ക് തൻെറ വീട് വിൽക്കുന്ന മുസ്ലീമിനെ സംബന്ധിച്ച് ഇബ്നു സിരിനോട് ചോദിക്കപ്പെട്ടപ്പോൾ, അദ്ദേഹം, നിങ്ങളിൽ നിന്ന് ആര് അവരെ മിത്രങ്ങളാക്കുന്നുവോ അവൻ അവരിൽ പെട്ടവനാണ് എന്ന ഖുർആൻ സൂക്തം ഓ നിങ്ങൾ ലംഘിക്കുകയാണ് ചെയ്തത്. അപ്പോൾ അവരെ മിത്രങ്ങളാക്കുകയും അവരെ പ്രബലരാക്കുവാൻ സമ്പത്തും ഭക്ഷ്യവസ്തുക്കളും അവരുടെ നാട്ടിലേക്ക് ഇറക്കുമതി ചെയ്യുകയും അവരുടെ അന്തസ്സ് വർദ്ധിപ്പിക്കുകയും അവരുടെ നിയമത്തിന് കീഴ്പെടുകയും ചെയ്യുന്നവരെ സംബന്ധിക്കുന്ന വിധി എന്തായിരിക്കും? അവർ അന്തസ്സു ലഭിക്കുവാൻ വേണ്ടി സത്യനിഷേധനിയമങ്ങൾക്ക് കീഴ് ഒതുങ്ങിയിരിക്കുന്നു. അന്തസ്സു മുഴുവൻ അല്ലാഹുവിനാണു മഹാനും ഉന്നതനുമായ അല്ലാഹുവിൻെറ സഹായം കൂടാതെ ആർക്കും യാതൊരു കഴിവും ശക്തിയും ഇല്ല.

അല്ലാഹു പറയുന്നു:

സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളിൽ (സത്യവിശ്വാസികളിൽ) പ്പെട്ടവരല്ലാത്തവരെ സ്വന്തക്കാരാക്കി വെക്കരുത്. നിങ്ങൾക്ക് ദോഷം വരുത്തുന്നതിൽ അവർ യാതൊരു കുറവും വരുത്തുകയില്ല. നിങ്ങൾ വിഷമിക്കണമെന്നാണ് അവരുടെ ആഗ്രഹം. കോപം അവരുടെ വായ്കളിൽ നിന്ന് വെളിവായിട്ടുണ്ട്. സ്വന്തക്കാരായി വെക്കുകയെന്ന് പറഞ്ഞാൽ പ്രൈവറ്റ് സെക്രട്ടറിമാർ, നയിറ്റ് കീപ്പർമാർ, കണക്കെഴുത്തുകാർ എന്നിങ്ങനെയുള്ള രഹസ്യകാര്യങ്ങൾ അറിയുന്നവിധത്തിൽ അവരെ അടുപ്പിക്കുക എന്നതാണ് ഉദ്ദേശ്യം. അവർ നമ്മളെ വിഷമിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. അവരുടെ സംസാരത്തിൽ നിന്നും ആ കാര്യം വ്യക്തമായിട്ടുണ്ട്. അവർ അവരുടെ ഹൃദയങ്ങളിൽ മറച്ചുവെക്കുന്നത് ഇതിനെക്കാൾ ഭയങ്കരമാണ് എന്നതാണ്. ഇതിന് കാരണമായി അല്ലാഹു പറഞ്ഞത്. അത് കൊണ്ട് അല്ലാഹു നിന്ദ്യരാക്കിയ അവർ പ്രതാപമുള്ളവരാകരുത്. അല്ലാഹു അകറ്റിയ അവർ അടുപ്പിക്കപ്പെടുകയും അരുത്. ഉമർ(സ) പറയുന്നത്, സത്യനിഷേധികളോടുള്ള എല്ലാ ബന്ധവും എല്ലാ നിലക്കും അവസാനിപ്പിക്കണം എന്നാണ് ഖുർആൻ നിർദ്ദേശിക്കുന്നത്. അത്കൊണ്ട് നമുക്ക് അവരുമായി യാതൊരു ബന്ധവും ഉണ്ടാകാൻ പാടില്ല.

ചോദ്യം 2:

മുസ്ലിംരാജ്യങ്ങളിൽ ജീവിക്കുന്ന ചില മുസ്ലിംകൾ, തങ്ങൾ ക്രിസ്ത്യാനികളുടെ പ്രജകളാണെന്ന് വാദിക്കുകയും അതിൽ സംതൃപ്തരാവുകയും സന്തോഷിക്കുകയും ചെയ്യുന്നു. അവർ ക്രിസ്ത്യാനികളുടെ പ്രജകളാണെന്ന് വ്യക്തമാക്കുന്ന ചിഹ്നങ്ങൾ സ്വീകരിക്കുകയു ചെയ്യുന്നു. ഇവരുടെ ഈമാൻ സംബന്ധിച്ച വിധി എന്താണ്?

ഉത്തരം:

അല്ലാഹു ഇസ്ലാംമതം നമുക്ക് സംരക്ഷിച്ച് തരുമാറാകട്ടെ:-

ചോദ്യത്തിൽ പറഞ്ഞവിധത്തിലുള്ള മുസ്ലിംകൾ, ക്രിസ്ത്യാനികളോട് ഹൃദയംഗമായ സ്നേഹാദരവുകൾ വെച്ചുപുലർത്തുന്നവരും, ക്രിസ്തീയ രാജാക്കൻമാരുടെ മഹത്വം ഹൃദയത്തിൽ അടി ഉറച്ചവരും, അവരുടെ കൈകളിലാണ് ഐഹിക ക്ഷേമൈശ്വര്യം സ്ഥിതി ചെയ്യുന്നതെന്ന് വിശ്വസിക്കുന്നവരും ലോകത്തിൻെറ ഇതരഭാഗങ്ങളിലേക്ക് കണ്ണോടിക്കാത്തവരുമാണ്. ക്രിസ്ത്യാനികൾ ഇങ്ങനെ വിശ്വസിക്കുവാൻ ബാദ്ധ്യസ്ഥരാണ്.

ഈ പറഞ്ഞ മനുഷ്യർ, ഇസ്ലാം ഇതരമതങ്ങളെക്കാൾ ശ്രേഷ്ഠവും ഇസ്ലാമിക നിയമങ്ങൾ മഹനീയവും ആണെന്ന് വിശ്വസിക്കുന്നവരും സത്യനിഷേധത്തോടും അതിൻെറ നായകൻമാരോടും ബഹുമാനം ഇല്ലാത്തവരും ആയ വിവരമില്ലാത്ത അപരൻമാരാണെങ്കിൽ അവർ മുസ്ലിംകൾ തന്നെയാണ്. എന്നാൽ അവർ കുറ്റം ചെയ്തവരും മാർഗഭ്രംശം സംഭവിച്ചവരുമാണ്. അവരെ ഭയപ്പെടുത്തുകയും മര്യാദ പഠിപ്പിക്കുകയും ചെയ്യൽ നിർബന്ധമാണ്.

എന്നാൽ അവർ ഇസ്ലാമിക നിയമം ശരിക്കും അറിയുന്ന പണ്ഡിതൻമാരായിരിക്കെയാണ് മുൻപറഞ്ഞ അവസ്ഥയിൽ സ്ഥിതിചെയ്യുന്നതെങ്കിൽ, അവരോട് പശ്ചാത്തപിക്കാൻ ആവശ്യപ്പെടണം. അതനുസരിച്ച് അവരുടെ മുൻപറഞ്ഞ അവസ്ഥയിൽ നിന്ന് മടങ്ങുകയും പശ്ചാത്തപിക്കുകയും ചെയ്താൽ വളരെ നല്ലത്. ഇല്ലെങ്കിൽ അവർ മതത്തിൽ നിന്ന് പുറത്ത് പോയവരാണ്. എന്നാൽ അവർ സത്യനിഷേധത്തെ മഹത്വപ്പെടുത്തുന്നവരാണെങ്കിൽ അവർ മുർതദ്ദുകളാണ്. മുർതദ്ദുകളെ സംബന്ധിച്ചുള്ള വിധികൾ ഇവരുടെ മേലിലും

നടത്തപ്പെടണം.

ഖുർആൻ സൂക്തങ്ങളിൽ നിന്നും ഹദീസുകളിൽ നിന്നും വ്യക്തമാകുന്നത് മുൻപറഞ്ഞ അവസ്ഥയിലുള്ളവർക്ക് സത്യ വിശ്വാസം (ഈമാൻ) ഇല്ല എന്നാകുന്നു:-

അല്ലാഹു പറയുന്നു:-

അല്ലാഹു സത്യവിശ്വാസികളുടെ ബന്ധുവാകുന്നു (അ ല്ലെങ്കിൽ കൈകാര്യകർത്താവ്) അവരെ അവൻ അന്ധകാ രത്തിൽ നിന്നും പ്രകാശത്തിലേക്ക് ആനയിക്കും. സത്യ നിഷേധികളുടെ ബന്ധു അല്ലെങ്കിൽ കൈകാര്യകർത്താവ് പിശാചുകളാണ് അവ. അവരെ പ്രകാശത്തിൽ നിന്നും അന്ധകാരത്തിലേക്ക് നയിക്കും.

ഈ ഖുർആൻ സൂക്തം വ്യക്തമാക്കുന്നത്, ജനങ്ങൾ രണ്ടു വിഭാഗമാണ്. ഒരു വിഭാഗം സത്യവിശ്വാസികളാണ്. അവരുടെ കൈകാര്യകർത്താവ് അല്ലാഹുവാണ്. മറ്റാരുമല്ല

അല്ലാഹുവും റസൂലും അല്ലാതെ അവർക്ക് വേറെ കൈകാര്യകർത്താക്കൾ ഇല്ല. അല്ലാഹു ഞങ്ങളുടെ യജമാന നാണ്. നിങ്ങൾക്ക് യാതൊരു യജമാനനും ഇല്ല. ഇതാണ് സത്യവിശ്വാസികൾക്ക് സത്യനിഷേധികളോട് പറയാനുള്ളത്.

രണ്ടാമത്തെ വിഭാഗം സത്യനിഷേധികളാണ്. അവരുടെ കൈകാര്യകർത്താക്കൾ പിശാചുകളാണ്. ഈ രണ്ട് വിഭാഗ ങ്ങൾക്കിടയിലും വേറെ മദ്ധ്യവർത്തികളില്ല. വല്ലവനും അല്ലാഹുവിനെ വിട്ട് പിശാചിനെ കൈകാര്യകർത്താവാ ക്കിയാൽ അവർ വ്യക്തമായും പരാജയപ്പെട്ടത് തന്നെ.

അവൻ വമ്പിച്ച കുറ്റം ചെയ്തവനുമാണ്. അതായത്, മനുഷ്യർ ഒന്നിരിക്കൽ അല്ലാഹുവിൻെറ കൈകാര്യകർതൃ ത്വത്തിൽ, അല്ലെങ്കിൽ പിശാചിൻെറ കൈകാര്യകർതൃത്വ ത്തിൽ ആണ്. ഇവർ തമ്മിൽ ഒരു നിലക്കുള്ള പങ്കാളിത്തവും ഇല്ല.

അല്ലാഹു പറയുന്നു:-

അല്ല, നിൻെറ നാഥനെ തന്നെ സത്യം, അവർക്കിടയിൽ ഭിന്നിപ്പുണ്ടായ വിഷയങ്ങളിൽ നിന്നെ നബി (സ)യെ വിധി കർത്താവാക്കുകയും അനന്തരം താങ്കളുടെ വിധിയിൽ അവർക്ക് യാതൊരു മാനസിക അസ്വാസ്ഥ്യവും ഇല്ലാതെ പൂർണ്ണമനസോടെ അത് അംഗീകരികുകയും ചെയ്യുന്നത് വരെ അവർ സത്യവിശ്വാസികളാവുകയില്ല.

നാം ഒരു നിലക്കും അസത്യനിഷേധികളെ കൈകാര്യ കർത്താക്കളാക്കരുത് എന്ന് അല്ലാഹു വിധിച്ചിരിക്കുന്നു. അപ്പോൾ അല്ലാഹുവിൻെറ വിധിക്കെതിരെ പ്രവർത്തിക്കുന്ന വർക്ക് എങ്ങനെയാണ് ഈമാനുണ്ടാവുക. അവൻെറ ഈ മാൻ അല്ലാഹു നിഷേധിച്ചിരിക്കുന്നു. അബൂദാവൂദ് ബ്നു ഉമറിൽ നിന്ന് ഉദ്ധരിച്ച ഹദീസിൽ പറയുന്നു.

വല്ലവനും വല്ല ജനതയോടും സാദൃശ്യം പുലർത്തി യാൽ അവർ അവരിൽ ഉൾപെടുന്നതാണ്. ഈ ഹദീസ് സത്യനിഷേധികളോട് സാദൃശ്യം പുലർത്തുന്നത്, ഡ്രസ്സ്, നടത്തം, ചലനം, നിശ്ചലനം എന്നിങ്ങനെ എല്ലാകാര്യത്തിലും വിരോധിച്ചിരിക്കുന്നു.

നബി (സ) ജൂതൻമാരിൽ നിന്ന് വ്യത്യസ്ഥ നില സ്വീകരി ക്കുവാൻ ആജ്ഞാപിക്കുകയും ചെയ്തിരുന്നു. - അപ്രകാരം തന്നെ അഗ്നി ആരാധകൻമാരിൽ നിന്നും ക്രിസ്ത്യാനികളിൽ നിന്നും അവരുടെ ചിഹ്നങ്ങളിലും, ഡ്രസ്സിലും, ആഘോഷ ങ്ങളിലും വ്രതത്തിലും മറ്റെല്ലാ കാര്യങ്ങളിലും തിരുമേനി വ്യത്യാസം പുലർത്തിയിരുന്നു.

നബി (സ) അരുളിയിരിക്കുന്നു. നിങ്ങൾ ബഹുദൈവ വിശ്വാസികളുടെ തീയുടെ വെളിച്ചം ഉപയോഗിക്കരുത്.

ഉമർ (റ) അവരോട് കൂടെ താമസിക്കുന്നതും, അവരുടെ എഴുത്ത് പഠിക്കലും, അവരുടെ ആഘോഷങ്ങളിലും സദസ്സുക ളിലും അവരോടൊപ്പം പ്രവശിക്കുന്നതും അവരുടെ രഹ സ്യങ്ങൾ പഠിക്കലും വിരോധിച്ചതായി ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

അതുകൊണ്ട്, അവരോടുള്ള സ്നേഹം നിമിത്തവും, അവരുടെ സത്യനിഷേധത്തിലുള്ള സംതൃപ്തികൊണ്ടും, വല്ലവനും അവരോട് സാദൃശ്യം പുലർത്തിയാൽ അവൻ സത്യനിഷേധിയാണ്. എന്നാൽ അശ്രദ്ധ നിമിത്തം ഇങ്ങനെ ചെയ്യുന്നവൻ അവരുടെ ചില കാര്യങ്ങളിൽ സാദൃശ്യം പുലർത്തിയവനായി. അവൻ അതിൽ നിന്ന് പശ്ചാതപിക്കൽ നിർബ്ബന്ധമാണ്.

ഒരു ജനതയോട് സാദൃശ്യം പുലർത്തിയവൻ അവരിൽ പ്പെട്ടവനാണ് എന്ന ഹദീസ് സംബന്ധിച്ച് ഇബ്നുത്തീമിയ്യ പറ യുന്നു. ഇത് സംബന്ധിച്ചുള്ള ഏറ്റവും ലഘുവായ വിധി അത് നിഷിദ്ധമാണ് എന്നതാണ്. എന്നാൽ ഖുർആനിൽ നിന്ന് വ്യക്തമായ വിധി സാദൃശ്യം പുലർത്തുന്നവൻ സത്യനിഷേധി (കാഫിർ) ആണെന്നതാണ്. കാരണം, അല്ലാഹു പറയുന്നു: നിങ്ങളിൽ നിന്ന് ആര് അവരെ കൈകാര്യകർത്താക്കളാ ക്കുന്നുവോ അവർ അവരിൽപ്പെട്ടവനാണ്.

ഇബ്നു ഉമർ പറയുന്നു: വല്ലവനും ബഹുദൈവവിശ്വാസി കളുടെ സ്ഥലത്ത് കെട്ടിടമുണ്ടാക്കുകയും അവരുടെ ഓണവും ഉത്സവങ്ങളും ആഘോഷിക്കുകയും അല്ലെങ്കിൽ മരണം വരെ അവരോട് സാദൃശ്യം പുലർത്തുകയും ചെയ്താൽ അന്ത്യദിനത്തിൽ അവൻ അവരോടൊപ്പം ഹാജരാക്കപ്പെടുന്ന താണ്. നിരുപാധികവും അനിയന്ത്രിതവുമായ സാദൃശ്യം പുലർത്തൽ സത്യനിഷേധമാണ്. ചിലപ്പോൾ ചിലത് നിഷി ദ്ധമായിരിക്കും.അപ്പോൾ എത്രകണ്ട്സാദൃശ്യം പുലർത്തിയോ അതിൻെറ കണക്കനുസരിച്ചായിരിക്കും വിധി.

ചോദ്യം -3

സത്യനിഷേധികളായ ഭരണാധിപൻമാരെയും മറ്റും, സദസുകളിൽ വെച്ച് അവർ നീതിമാൻമാരാണ് എന്ന് പറ ഞ്ഞുകൊണ്ട് സ്തുതിക്കുകയും, മുസ്ലിംഭരണാധിപൻമാരെ അവഹേളിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ചുള്ള വിധി

എന്താണ്?

ഉത്തരം:

സത്യനിഷേധികളിൽ നിലനിൽക്കുന്ന സത്യനിഷേധം അവഗണിച്ചുകൊണ്ട് അവരുടെ മറ്റു പ്രവർത്തനങ്ങൾ നോക്കിയാണ് അവരെ സ്തുതിക്കുന്നതെങ്കിൽ, ആ സ്തുതികർത്താക്കൾ മാർഗ്ഗഭ്രംശം സംഭവിച്ചവരും, ധിക്കാരികളും വൻകുറ്റം ചെയ്തവരുമാണ്. ഖേദിച്ച് മടങ്ങൽ നിർബ്ബന്ധമാണ്.

എന്നാൽ, സത്യനിഷേധികളുടെ സത്യനിഷേധത്തിൻെറ അടിസ്ഥാനത്തിലാണ് അവരെ സ്തുതിക്കുന്നതെങ്കിൽ, അവർ സത്യനിഷേധികളാണ്. അപ്പോൾ അവർ, എല്ലാ മതങ്ങളും ആക്ഷേപിച്ച സത്യനിഷേധത്തെ സ്തുതിച്ചത് പോലെയാണത്.

അറിയാത്ത കാര്യങ്ങൾ പറഞ്ഞതുകൊണ്ട് മുസ്ലിമിനെ സ്തുതിക്കുന്നത് നബി (സ) വിരോധിച്ചിട്ടുണ്ട്. ഒരു ജനത ഒരു മനുഷ്യനെ സ്തുതിക്കുന്നത് കേട്ടപ്പോൾ നബി (സ) പറഞ്ഞു. നിങ്ങൾ ആ മനുഷ്യൻെറ കഴുത്ത് മുറിച്ചുകളഞ്ഞു. അതായത് അവനെ നശിപ്പിച്ചു.

എന്നാൽ ഒരു മനുഷ്യൻെറ നീതി സംബന്ധിച്ച് അവന് സംസ്കാരം ഉണ്ടാക്കിക്കൊടുക്കുംവിധം ഭരണാധികാരികളുടെ മുമ്പിൽ വെച്ച് സ്തുതിക്കുന്നതും അവനെ പരിചയപ്പെടുത്തുന്നതും അനുവദനീയമാണ്. ചിലപ്പോൾ അത് നിർബ്ബന്ധവുമാണ്.

എന്നാൽ ദുർമാർഗ്ഗിയായ മുസ്ലിമിനെ സ്തുതിക്കൽ തെറ്റാണ്. കാരണം അക്രമിയായ മനുഷ്യനെ സ്തുതിച്ചവനോട് അല്ലാഹു കോപിക്കും എന്നാണ് ഹദീസിൽ പറയുന്നത്. സാധാരണ നിലക്കുള്ള അക്രമം സംബന്ധിച്ചാണിത് പറഞ്ഞത്. അപ്പോൾ ഏറ്റവും വലിയ അക്രമമായ സത്യനിഷേധത്തെ സ്തുതിക്കുന്നവൻെറ അവസ്ഥ എന്തായിരിക്കും.

അബൂയ അ്‌ലയും ബൈഹഖിയും, അനസ് (റ)ൽ നിന്ന് നിവേദനം ചെയ്ത ഒരു ഹദീസിൽ പറയുന്നു. ദുർമാർഗ്ഗി സ്തുതിക്കപ്പെട്ടാൽ അല്ലാഹു കോപിക്കുകയും സിംഹാസനം കിടുകിടാ വിറക്കുകയും ചെയ്യും. ഇതിൻെറ അർത്ഥം സത്യനിഷേധികളെ അവരുടെ സത്യനിഷേധത്തിൻെറ പേരിൽ സ്തുതിക്കുന്നത്, ഇസ്ലാം മതത്തെ ഉപേക്ഷിക്കലാണ്. എന്നാൽ ഈ ഉദ്ദേശ്യം ഇല്ലാതെയുള്ള സ്തുതി വൻകുറ്റമാണ്. ഇത് ചെയ്യുന്നവനെ ഭയപ്പെടുത്തണം.

അവർ നീതിമാൻമാരാണ് എന്ന് പറയുന്നവർ അതുകൊണ്ടുദ്ദേശിക്കുന്നത് അവരുടെ സത്യനിഷേധത്തിൻെറ അടിസ്ഥാനത്തിലുള്ള നിയമങ്ങൾ നീതിയാണ് എന്നാണെങ്കിൽ, അത് പറയുന്നവൻ സത്യനിഷേധി (കാഫിർ) ആണ്. കാരണം അല്ലാഹു സത്യനിഷേധത്തിൻെറ അടിസ്ഥാനത്തിലുള്ള നിയമങ്ങളെ ആക്ഷേപിക്കുകയും ധിക്കാരവും, അക്രമവും പരിധിവിട്ടു കടക്കലുമായി കണക്കാക്കുകയും ചെയ്തിരിക്കുന്നു. കിതാബും സുന്നത്തും ഉൾക്കൊള്ളുന്ന നിയമങ്ങളാണ് നീതി. നീതി ചെയ്യുവാൻ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നു. അതുകൊണ്ട് ക്രിസ്ത്യാനികളുടെ നിയമങ്ങൾ നീതിയാണ് എന്നാണെങ്കിൽ, അത് ചെയ്യുവാൻ അല്ലാഹു ആജ്ഞാപിച്ചിരിക്കുന്നുവെന്ന് വരും. അത് ക്രിസ്ത്യാനികളെ എതിർക്കുന്നതിന് പ്രതിബന്ധമാവുകയും ചെയ്യും.

അല്ലാഹു ചോദിക്കുന്നു.

അനിസ്ലാമിക വിധിയാണോ അവർ ആഗ്രഹിക്കുന്നത്? ദൃഢമായി വിശ്വസിക്കുന്ന ജനങ്ങൾക്ക് അല്ലാഹുവിനെക്കാൾ നന്നായി വിധിക്കുവന്നവർ ആരാണ്? ആകയാൽ അല്ലാഹുവിൻെറ വിധിമാത്രമാണ് ഏറ്റവും നല്ല നീതി. അപ്പോൾ ക്രിസ്ത്യാനികളുടെ നിയമങ്ങൾ എങ്ങനെയാണ് നീതിയാകുക. എല്ലാ നീതിയും ഉത്തമമാണ്. നല്ലതാണ്. താഴെ പറയുന്ന ഖുർആൻ സൂക്തം അവരുടെ ന്യായം ദുർബ്ബലപ്പെടുത്തിയിരിക്കുന്നു.

അല്ലാഹു പറയുന്നു.

പിശാചിനെ നിഷേധിക്കുവാൻ അവർ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. എന്നിരിക്കെ പിശാചുകളെ വിധികർത്താക്കളാക്കുവാൻ അവർ ഉദ്ദേശിക്കുന്നു.

പ്രസ്തുത രാജാവ് പ്രവാചകാഗമനം നിലച്ചു ഇടക്കാലത്തുള്ള രാജാവായിരുന്നു. കൂടാതെ പ്രസ്തുത ഹദീസിന് യാതൊരു അടിസ്ഥാനവും ഇല്ല എന്ന് ഇബ്നു ഹജർ പറഞ്ഞിട്ടുണ്ട്. ഇങ്ങനെ നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് സങ്കൽപ്പിക്കുകയാണെങ്കിലും, അദ്ദേഹത്തെ പരിചയപ്പെടുത്താൻ വേണ്ടി, ജനങ്ങൾ വിളിച്ചിരുന്ന പേര് വിളിച്ചു എന്നേ അതിന് അർത്ഥമുള്ളു. അദ്ദേഹം നീതിമാനാണെന്ന് സർട്ടിഫൈ ചെയ്യലല്ല അതിൻെറ ഉദ്ദേശ്യം. കാരണം അദ്ദേഹം അല്ലാഹുവിൻെറ നിയമങ്ങളല്ലാത്തവ കൊണ്ടാണ് വിധി നടത്തിയിരുന്നത്. സഖാവി പറയുന്നത് പ്രസ്തുത ഹദീസ് വ്യാജ നിർമ്മിതമാണെന്നാണ്. ഇനി പ്രസ്തുത ഹദീസ് ശരിയാണെന്ന് വന്നാൽ അദ്ദേഹം നീതിമാനാണെന്ന് പറഞ്ഞതിൽ യാതൊരു തരക്കേടും ഇല്ല. കാരണം അദ്ദേഹം പ്രജകളോട് അക്രമം ചെയ്തിരുന്നില്ല. ആകയാൽ ഇക്കാര്യത്തിൽ അദ്ദേഹം നീതിമാനാണ് എന്ന് പറയുന്നത്, അദ്ദേഹം സത്യനിഷേധിയാണ് എന്ന കാര്യത്തേയും അജ്ഞത നിമിത്തം അദ്ദേഹം സ്വശരീരത്തോട് ചെയ്യുന്ന അക്രമത്തെ നിഷേധിക്കുന്നില്ല.

മുസ്ലിം ഭരണാധികാരിയെ അവഹേളിക്കുന്നവനെ ഉപദേശിക്കുവാനും, അതിൽ നിന്ന് തടയുവാനും താഴെ പറയുന്ന ഹദീസുകൾ തന്നെ മതി. ഒന്ന്, അനസ് (റ) ൽ നിന്ന് ബൈഹഖി നിവേദനം ചെയ്യുന്നു. "നിശ്ചയമായും സുൽത്താൻ അഥവാ മുസ്ലിം ഭരണാധികാരി ഭൂമിയിൽ അല്ലാഹുവിൻെറ നിഴലും അവൻെറ യുദ്ധോപകരണവുമാണ്.

രണ്ട്, അബൂബക്കർ (റ)യിൽ നിന്ന് ത്വബ്റാനിയും ബൈഹഖിയും ഉദ്ധരിക്കുന്നു. "മുസ്ലിം ഭരണാധികാരി, ഭൂമിയിൽ അല്ലാഹുവിൻെറ നിഴലാണ്. അതുകൊണ്ട് അദ്ദേഹത്തെ ബഹുമാനിക്കുന്നവനെ അല്ലാഹുവും അനുഗ്രഹിക്കും."

മൂന്ന്, ഇബ്നു ഉമർ (റ)നിന്ന് ബസാറും ഹകീമും നിവേദനം ചെയ്യുന്നു.

മുസ്ലിം ഭരണാധികാരി ഭൂമിയിൽ അല്ലാഹുവിന്റെ നിഴലാണ്. തന്റെ ദാസൻമാരിൽ നിന്ന് അക്രമിക്കപ്പെടുന്നവരെല്ലാം അദ്ദേഹത്തിന്റെ അടുക്കൽ അഭയം പ്രാപിക്കുന്നു. അദ്ദേഹം നീതി ചെയ്താൽ അദ്ദേഹത്തിന് പ്രതിഫലം ലഭിക്കുകയും, ജനങ്ങൾ അദ്ദേഹത്തിന് നന്ദി ചെയ്യുകയും ചെയ്യും. അദ്ദേഹം അനീതി ചെയ്താൽ, അതിന്റെ പാപം അദ്ദേഹത്തിന്റെ മേൽ ഉണ്ടായിരിക്കും. ജനങ്ങൾ അത് ക്ഷമിക്കുകയും ചെയ്യും.

നാല്, അബൂഹുറൈറ (റ) യിൽ നിന്ന് ബുഖാരി നിവേദനം ചെയ്യുന്നു. "മുസ്ലിം ഭരണാധികാരി അല്ലാഹുവിന്റെ നിഴലാണ്. ദുർബലർ അദ്ദേഹത്തിന്റെ നിഴലാണ്. ദുർബലർ അദ്ദേഹത്തിന്റെ അടുക്കൽ അഭയം പ്രാപിക്കുകയും, മർദ്ദിതന് അദ്ദേഹത്തിൽ നിന്ന് സഹായം ലഭിക്കുകയും ചെയ്യുന്നു. ഈ ലോകത്ത് വെച്ച് മുസ്ലിംഭരണാധികാരിയെ ബഹുമാനിച്ചവനെ പുനരുത്ഥാനദിവസം പരലോകത്ത് വെച്ച് അല്ലാഹുവും ബഹുമാനിക്കും.

ഇതുപോലെ മുസ്ലിം ഭരണാധികാരിയുടെയും അദ്ദേഹത്തെ സ്നേഹിക്കുന്നവരുടേയും ശ്രേഷ്ഠതയും മഹത്വവും വ്യക്തമാക്കുന്നതും, അദ്ദേഹത്തെ അവഹേളിക്കുന്നത് വിരോധിക്കുകയും ചെയ്യുന്ന ധാരാളം ഹദീസുകളും മഹദ്വചനങ്ങളും ഉണ്ട്. ഇത് വ്യക്തമാക്കുന്ന ധാരാളം കൃതികൾ രചിക്കപ്പെടുകയുംചെയ്തിട്ടുണ്ട്.

അതുകൊണ്ട് വല്ലവനും മുസ്ലിം ഭരണാധികാരിയെ അവഹേളിക്കുകയും സത്യനിഷേധത്തെയും അതിന്റെ യജമാനൻമാരെയും ഉൽകൃഷ്ടരാക്കുകയും ചെയ്താൽ, അല്ലാഹു അവനെ അവഹേളിക്കുന്നതാണ്. അല്ലാഹു വല്ലവനെയും അവഹേളിച്ചാൽ അവനെ ബഹുമാനിക്കാൻ ആരും ഉണ്ടായിരിക്കുകയില്ല.

മുസ്ലീം ഭരണാധികാരിയെ അവഹേളിക്കുന്നത് ഇസ്ലാമിനെ സംരക്ഷിക്കുന്നതിന്റെ പേരിലും ക്രിസ്ത്യാനിയെ ആദരിക്കുന്നത് സത്യനിഷേധത്തെ സംരക്ഷിക്കുന്നതിന്റെ പേരിലും ആണെങ്കിൽ, അവൻ സത്യനിഷേധിയും ഇസ്ലാമിൽ നിന്ന് പുറത്തു പോയവനുമാണ്.

എന്നാൽ ഐഹിക പുരോഗതിയും പ്രജകളുടെ ക്ഷേമത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങളും പരിഗണിച്ച് കൊണ്ടാണ് ഒരാൾ മുസ്ലിം ഭരണാധികാരിയെ വീഴ്ച വരുത്തിയവനായി ആക്ഷേപിക്കുകയും, ക്രിസ്ത്യാനികളെ ആദരിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതെങ്കിൽ അവൻ ഇഹലോകത്തിന് പരലോകത്തെക്കാൾ മഹത്വം കൽപ്പിച്ചവനും ഇഹലോക ജീവതത്തോട് അമിത പ്രേമം വെച്ചു പുലർത്തുന്നവനും ഇസ്ലാം മതവചനങ്ങൾ കാത്തുസൂക്ഷിക്കുകയെന്ന ലക്ഷ്യത്തിൽ നിന്ന് അകന്ന് പോയവനുമാണ്.

അവൻ ഐഹിക ജീവിതം മുഖേന വഞ്ചിതനായിരിക്കുന്നു. എന്നാൽ പരലോകകൃഷി ഉദ്ദശിക്കുന്നവന് അവന്റെ കൃഷിയിൽ നാം വർദ്ധനവുണ്ടാക്കികൊടുക്കും. ഐഹിക കൃഷി ഉദ്ദേശിക്കുന്നവന് നാം അതു നൽകും. പക്ഷെ അവന് പാരത്രിക ജീവിതത്തിൽ യാതൊന്നും ലഭിക്കുകയില്ല.

അതിനാൽ ഐഹിക ജീവിതം മുഖേന വഞ്ചിതനായ മനുഷ്യൻ തന്റെ അജ്ഞതയും വിഡ്ഢിത്വവും നിമിത്തം, ക്രിസ്ത്യാനികളുടെ സംരക്ഷണം മൂലം ലഭിച്ച ഐഹിക ജീവിത സുരക്ഷിതത്വം, തന്റെ മതവിഷയത്തിൽ കൂടുതൽ നാശനഷ്ടങ്ങൾ വരുത്തിവെച്ചിരിക്കുന്നു, എന്നു മാത്രമല്ല മതം പൂർണ്ണമായി കൈയ്യൊഴിയുന്ന അവസ്ഥയിലേക്ക് അവനെ തള്ളിവിടുകയും ചെയ്തിരിക്കുന്നു എന്ന സത്യം അറിയുന്നില്ല. സത്യനിഷേധികളോട് കലർന്നുള്ള ജീവിതം, അവരുടെ പിഴച്ച പെരുമാറ്റവും, ദുർമാർഗ്ഗത്തിലൂടെയുള്ള പ്രവർത്തനങ്ങളും സംബന്ധിച്ച് ഇവനെ അന്ധനാക്കിയിരിക്കുന്നു.

മദ്യം, പന്നി, വ്യഭിചാരം മുതലായവ സമൂഹത്തിൽ നിലനിൽക്കുന്നതു അവൻ കണ്ടു. ഏകത്വ സിദ്ധാന്തം, വഞ്ചന, മുലതലായവ സംബന്ധിച്ച് അവൻ നിരന്തരം കേട്ട് കൊണ്ടിരുന്നു. തന്നിമിത്തം അവരോട് യോജിപ്പ് പ്രകടിപ്പിക്കുവാൻ വേണ്ടി, അവൻ നമസ്കാരം സംബന്ധിച്ച് അശ്രദ്ധ കാണിക്കാനും പലിശ ആഹരിക്കാനും ആരംഭിച്ചു. ഈ പറഞ്ഞതും ഇതു പോലെയുള്ള നിഷിദ്ധകർമ്മങ്ങളുമായി അവൻ ശരിക്കും ഇണങ്ങുകയും അവ സംബന്ധിച്ചു യാതൊരു പ്രതിഷേധവും മനസ്സിൽ ഉപദ്രവിക്കുക പോലും ചെയ്യാത്ത അവസ്ഥയിൽ അവൻ എത്തുകയും ചെയ്യുന്നു. ഈ രൂപത്തിൽ കുറച്ച് കാലം കഴിയുമ്പോൾ, അജ്ഞതാധിക്യം നിമിത്തം ഇതെല്ലാം അനുവദനീയമാണെന്ന് അവൻ വിശ്വസിക്കാൻ ഇടയായിത്തീരുന്നു. അങ്ങിനെ ഐഹിക ജീവിതം ഐശ്വര്യപൂർണ്ണമാക്കുവാൻ വേണ്ടി, സ്വമതത്തെ അവൻ നിഷിദ്ധമാക്കുന്നു. ഐഹികവും പാരത്രികവും പരസ്പരം ഇണങ്ങാത്ത രണ്ടു ശക്കൊളത്തിമാരാണ്. മുസ്ലിം ഭരണാധകാരി ഭൂമിയിൽ അല്ലാഹുവിന്റെ നിഴലുമാണ്. അദ്ദേഹം നന്ദി ചെയ്യപ്പെടുന്നവനുമാണ്. മറ്റൊരു വിഭാഗത്താൽ പിൻതള്ളപ്പെടുന്നവനുമാണ്. അദ്ദേഹം മുഖേനെ അല്ലാഹു ഈ ദീനിനെ സുശക്തമാക്കും. അവൻ തോന്ന്യവാസി ആണെങ്കിലും ശരി. കാരണം, അവന്റെ തോന്ന്യാസത്തിന്റെ ദോഷം അവൻ അനുഭവിക്കുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ നിലവിലുള്ള ഭരണാധികാരി അല്ലാഹുവിന്റെ അനുഗ്രഹത്താൽ സത്യനിഷേധികളോട് കോപമുള്ളവനും അല്ലാഹുവിനെ സഹായിക്കുന്നവനുമാണ്.

റൗളതുന്നബവിയ്യ എന്ന ഗ്രന്ഥത്തിൽ, മതപരിത്യാഗം എന്ന അദ്ധ്യായത്തിൽ ഇങ്ങനെ കാണാം.

ഒരദ്ധ്യാപകൻ, ജൂതൻമാർ മുസ്ലിംകളേക്കാൾ വളരെയെറെ ശ്രേഷ്ഠമാണ്. കാരണം, അവർ അവരുടെ കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ അവകാശങ്ങൾ വകവെച്ച്

കൊടുക്കുന്നു എന്ന് പറഞ്ഞാൽ അവൻ സത്യനിഷേധി ആയി"

ചോദ്യം : 4.

ഒരാൾ ക്രിസ്ത്യാനികളുടെ നാട്ടിലേക്ക് ചരക്കോ, ഭക്ഷ്യവസ്തുക്കളോ, ചുമന്ന് കൊണ്ട് പോകുമ്പോൾ, ഒരു മുസ്ലിം വഴി മദ്ധ്യേ അവനെ തടയുകയും, വിരോധിക്കുകയും ചെയ്യുന്നു. എന്നാൽ അവൻ വഴങ്ങുന്നില്ല. അന്നേരം അവനെ വധിക്കലും അവൻെറ സമ്പത്ത് കൊള്ളയടിക്കലും അനുവദനീയമാണോ? ഈ വധിച്ച മുസ്ലിമിൻെറ ഉദ്ദേശ്യം സത്യനിഷേധികളുടെ രാജ്യം നശിപ്പിക്കലും വധിക്കപ്പെട്ടവൻെറ ഉദ്ദേശ്യം ആ നാട്ടിനെ അഭിവൃദ്ധിപ്പെടുത്തലുമാണ്.

ഈ സംഘട്ടനത്തിൽ ഈ വഴി തടഞ്ഞവനാണ കൊല്ലപ്പെട്ടതെങ്കിൽ അവനെ സംബന്ധിച്ചുള്ള വിധി എന്താണ്? അവൻ രക്തസാക്ഷി (ശഹീദ്) ആണോ? ഈ സംഘട്ടനത്തിൽ അവനെ സഹായിക്കുന്ന മുസ്ലിംകളെ സംബന്ധിച്ചുള്ള വിധിയും എന്താണ്?

ഉത്തരം:

ക്രിസ്ത്യാനികളുടെ രാജ്യം ഒന്നെരിക്കിൽ പുരാതനകാലം മുതൽക്ക് തന്നെ ക്രിസ്ലീയ ഭരണത്തിലുള്ള നാടായിരിക്കും അല്ലെങ്കിൽ മുസ്ലിംരാജ്യം ക്രിസ്ത്യാനികൾ കീഴ്പ്പെടുത്തി ഭരണം നടത്തുന്നതായിരിക്കും.......... നബി (സ)യുടെ കാലത്ത്, ഇറാഖ്, ശാം പോലെയുള്ള നാടുകൾ ആദ്യം പറഞ്ഞ ഇനത്തിൽപെട്ടതാണ്. ഇത്തരം രാജ്യങ്ങളിലേക്ക് ചരക്ക് കൊണ്ടുപോകുന്നതും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുപോകുന്നതും, ആ നാട്ടുകാരുമായി കച്ചവടം നടത്തുന്നതും, അവരുമായി ഇടപാടുകൾ നടത്തുന്നതും അനവദനിയമാണ് എന്ന കാര്യം വളരെ വ്യക്തമാണ്. കാരണം അതെല്ലാം ജിവിതാവശ്യങ്ങളിൽപെട്ടതാണ്. തന്നിമിത്തം മതം അതിന് അനുമതി നൽകിയിരിക്കുന്നു. സഹാബികൾ ബഹുദൈവ വിശ്വാസികളിലേക്ക് കച്ചവടത്തിന് വേണ്ടി പോകാറുണ്ടായിരുന്നു. നബി (സ) തന്നെയും ഖദീജാബീവിയുടെ ഏജൻറായിക്കൊണ്ടു ശാമിലേക്ക് കച്ചവടത്തിന് പോയിട്ടുണ്ട്. അതുകൊണ്ട് അത്തരം രാജ്യങ്ങളിലേക്ക് ചരക്കു കൊണ്ടുപോകന്നുവനെയും അങ്ങോട്ട് പോകുന്നവരെയും വഴി തടയുന്നവൻ യുദ്ധം ചെയ്യുന്നവനും കൊള്ളക്കാരനുമാണ്. വഴിതടയുന്ന കൊള്ളക്കാരനെ സംബന്ധിച്ചുള്ള വിധി ഇവൻെറ പേരിൽ നടത്തപ്പെടേണ്ടതാണ്. സംഘട്ടനത്തിൽ ഈ വഴി തടഞ്ഞ കൊള്ളക്കാരനാണ് കൊല്ലപ്പെട്ടതെങ്കിൽ വധിച്ചവൻ കുറ്റക്കാരനല്ല. എന്നാൽ അവിടേക്ക് ചരക്ക് കൊണ്ടു പോയിരുന്നവനാണ് വധിക്കപ്പെട്ടതെങ്കിൽ അവൻ മർദ്ദിതനും, രക്തസാക്ഷിയുമാണ്. കാരണം അവനവൻെറ സമ്പത്ത് സംരക്ഷിക്കുന്നതിൻെറ ഫലമായി വധിക്കപ്പെട്ടവൻ രക്തസാക്ഷിയാണ് എന്നാണ് ഹദീസ് പഠിപ്പിക്കുന്നത്.

എന്നാൽ, ഈ നാട് മുസ്ലിംകളിൽ നിന്ന് സത്യനിഷേധികൾ പിടിച്ചെടുത്ത് ഭരണം നടത്തുന്നതാണെങ്കിൽ, അവരെ എതിർത്തു തോൽപ്പിക്കലും, അവരുടെ ഭരണത്തിൽ നിന്ന് ആ രാജ്യം മോചിപ്പിക്കലും നമ്മുടെമേൽ നിർബന്ധമാണ്. ആ നാട്ടിലേക്ക് ചരക്കും ഭക്ഷ്യധാന്യങ്ങളും കൊണ്ടു പോകുന്നവൻ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കാത്തവനും, വൻകുറ്റം ചെയ്തവനുമാണ്. അതുകൊണ്ട് അവനെ ഭയപ്പെടുത്തി. തടയണം. അതിന് അവൻ വഴങ്ങിയില്ലെങ്കിൽ ഭരണകർത്താവോ അല്ലെങ്കിൽ മുസ്ലിംകളിൽ അധികാരമുള്ളവൻ അവനെ ഭയപ്പെടുത്തണം. അതു അവനെ അറസ്റ്റ് ചെയ്തുകൊണ്ടോ അല്ലെങ്കിൽ അവിടേക്ക് പോകുന്നത് തടഞ്ഞുകൊണ്ടോ ആകാവുന്നതാണ്. എന്നിട്ടും അവൻ വിരമിക്കുന്നില്ലെങ്കിൽ സത്യനിഷേധികളെ വലയം ചെയ്യുന്നത് പോലെ അവൻെറ ചുമട് വഴിയിൽ വെച്ച് തടയൽ അനുവദനീയമാണ്. ഈ സമ്പത്തിൻെറ ഉടമയായി അവനെ അംഗീകരിച്ച് കൊണ്ടാണിതെല്ലാം ചെയ്യേണ്ടത്. അവനെ വധിക്കൽ അനുവദനീയമല്ല. അവനെ വേദനിപ്പിക്കാത്ത നിലയിൽ നല്ല നിലയിൽ പ്രതിരോധിക്കണം. അവനെ സഹായിക്കുന്നവർ കുറ്റത്തിൽ പങ്കാളികളായിരിക്കും. ആ സഹായം വാക്കു കൊണ്ടൊ, കർമ്മം കൊണ്ടോ, ഏതാണെങ്കിലും ഒരു പോലെയാണ്. കാരണം തിരുമേനിയുടെ ഹദീസ് ഇങ്ങനെയാണ്. "വല്ലവനും ഒരു അക്രമിയെ സഹായിച്ചാൽ അവനെ (അക്രമിയെ) അല്ലാഹു അവൻെറ (സഹായിച്ചവൻെറ) മേൽ അധികാരസ്ഥനാകും" ഈ ഹദീസ് ഇബ്നു മസ്ഊതിൽ നിന്ന് ഇബ്നു അസാകിർ നിവേദനം ചെയ്താണ്. ഇബ്നു ഉമർ (റ) ൽ നിന്ന് ഹാകിം നിവേദനം ചെയ്തു ഒരു ഹദീസിൽ പറയുന്നു. "വല്ലവനും അസത്യം കൊണ്ട് സത്യം ദുർബലപ്പെടുത്താൻ അക്രമിയെ സഹായിച്ചാൽ, അല്ലാഹുവിനും റസൂലിനും അവനുമായുള്ള ബന്ധം അവസാനിക്കുന്നതാണ്.

ചോദ്യം 5

സത്യനിഷേധികളുടെ രാഷ്ട്രത്തിൽ മുസ്ലിംകൾ അവരുടെ സമ്പത്തും സന്താനങ്ങളും കൊണ്ട് സ്ഥിരതാമസക്കാരായി ജീവിക്കുന്നു. സത്യനിഷേധികളുടെ കീഴിലുള്ള ഈ പ്രദേശത്ത് ഇവരുടെ ഈ ജീവിതം അനുവദനീയമാണോ? അവർ കുറ്റത്തിൽ നിന്ന് സുരക്ഷിതരാണോ?

അവർ അവിടുത്തെ താമസം സംബന്ധിച്ച് അതൃപ്തരും ആ സത്യനിഷേധികളോട് കോപം ഉള്ളവരുമാണ്. നിർബ്ബന്ധിതാവസ്ഥയിലാണ് അവർ അവിടെ താമസിക്കുന്നത്. അതിനാൽ ഇവരുടെ ഈമാൻ പൂർണ്ണമാണോ? അതോ അപൂർണ്ണമോ? അതോടൊപ്പം തന്നെ അവരോട് യുദ്ധം ചെയ്യുവാനുള്ള കഴിവ് ഇവർക്കില്ല. അപ്പോൾ ഇവരെ സംബന്ധിച്ചും, ഇവരിൽ നിന്നും, ആ സത്യനിഷേധികളെ സ്നേഹിക്കുന്നവരെ സംബന്ധിച്ചും, കോപിക്കുന്നവരെ സംബന്ധിച്ചും, അവരുടെ നിയമങ്ങൾ ഇസ്ലാമിക നിയമവിരുദ്ധ നിയമങ്ങളാണെന്ന് അറിഞ്ഞു കൊണ്ട് അതു സ്വീകരിക്കുന്നവരെ സംബന്ധിച്ചും ഉള്ള വിധി

**എന്താണ്? ഇസ്ലാമിക വിരുദ്ധമായ സത്യനിഷേധനിയമങ്ങളനുസരിച്ച് ഭരണം നടത്തപ്പെടുന്ന അവിടെ സ്ഥിരതാമസം സ്വീകരിക്കുന്നതിന്റെ വിധിയെന്ത്? അവർ അതു സംതൃപ്തിയോടെ അനുസരിച്ച് കൊണ്ട് അവിടെ ജീവിക്കണോ അതോ അത്രതന്നെ ധിക്കരിക്കുകയും എന്നിട്ട് അവിടെ നിന്ന് ഹിജ്റ പോകുകയും ചെയ്യണോ, ഏതാണ് വേണ്ടത്?**

ഉത്തരം

നമ്മുടെ പണ്ഡിതൻമാരുടെ വാക്യങ്ങളിൽ നിന്ന് തന്നെ ഈ ചോദ്യങ്ങളിൽ ഉന്നയിച്ച കാര്യങ്ങളുടെ വിധി മനസ്സിലാക്കാം. മിൻഹാജിലും അതിന്റെ വിശദീകരണമായ തുഹ്ഫയിലും പറയുന്നത് ഇങ്ങനെയാണ്.

മുസ്ലിംരാജ്യം സത്യനിഷേധികൾ പിടിച്ചടക്കിയതിന്റെ ഫലമായി അവരുടെ ആധിപത്യത്തിൽ വന്ന സ്ഥലത്ത്, മുസ്ലിമിന് അവന്റെ മതം അനുസരിച്ച് പരസ്യമായി ജീവിക്കാൻ കഴിയുന്നുണ്ട്. എന്നാൽ അതു ഇസ്ലാമിന്റെ കീഴിൽ വരുമെന്നവൻ പ്രത്യാശിക്കുന്നില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ മുസ്ലിംകൾ ഹിജ്റ പോകുന്നത് നല്ലതാണ്. അഭികാമ്യമാണ്. അവിടെ നിൽക്കുന്നത് കൊണ്ട് അവിടത്തെ അംഗസംഖ്യ വർദ്ധിക്കും. അത് ഇല്ലാതെയാക്കാൻ വേണ്ടിയാണ് ഹിജ്റ പോകൽ നല്ലതാണ് എന്ന് പറഞ്ഞത്.

എന്നാൽ ഹിജ്റ നിർബ്ബന്ധമില്ല. കാരണം, അവന്റെ മതം പരസ്യമാക്കാൻ അവിടെ അധികാരമുണ്ട്. അതുപോലെ തന്നെ ഹിജ്റ, നിഷിദ്ധവും അല്ല. കാരണം, മുസ്ലിം ഇത്തരം സന്ദർഭത്തിൽ എതിരാളികളെ അടിച്ചമർത്തി വിജയിക്കുകയാണ് വേണ്ടത്. പേടിച്ചോടുകയല്ല.

അതുകൊണ്ട് മുസ്ലിംകൾ അവിടെ താമസിക്കുന്നത് കൊണ്ട് ഇസ്ലാമിനെ അവിടെ സാർവ്വത്രികമാക്കാം എന്ന് അവർ പ്രത്യാശിക്കുന്നുണ്ടെങ്കിൽ അവർ അവിടെത്തന്നെ താമസിക്കലാണ് ഉത്തമം. എന്നാൽ സത്യനിഷേധികളെ എതിർത്തുകൊണ്ടും ഒറ്റപ്പെടുത്തിക്കൊണ്ടും അവിടെത്തന്നെ ജീവിക്കാൻ കഴിയുന്നതും ഹിജ്റ പോകുന്നത് കൊണ്ട് മുസ്ലിംകൾക്ക് ഗുണം ഇല്ലാതെ വരികയും ചെയ്യുന്ന സന്ദർഭത്തിൽ മുസ്ലിംകൾ അവിടെത്തന്നെ താമസിക്കൽ നിർബ്ബന്ധമാണ്. കാരണം, മുസ്ലിംകൾ ഹിജ്റ പോയാൽ ആ സ്ഥലം സത്യനിഷേധികളുടേത് മാത്രമായിത്തീരും.

എന്നാൽ അവർക്ക് ആ സത്യനിഷേധികളോട് യുദ്ധം ചെയ്യുവാനും, അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുവാനും കഴിയുമെങ്കിൽ അങ്ങനെ ചെയ്യൽ നിർബ്ബന്ധമാണ്. കഴിയുകയില്ലെങ്കിൽ നിർബ്ബന്ധമില്ല.

ഈ സ്ഥലത്ത് സത്യനിഷേധികളുടെ ആധിപത്യമാണുള്ളതെങ്കിലും അത് പൂർണ്ണമായും അവർക്ക് വിട്ടുകൊടുക്കരുത്. കാരണം ഇസ്ലാം എല്ലാറ്റിന്റെയും മേലെയാണ്. അതിനെ താഴ്ത്താൻ ആർക്കും കഴിയുകയില്ല. മുസ്ലിംകൾ ഹിജ്റ പോയാൽ ആ പ്രദേശം പൂർണ്ണമായും സത്യനിഷേധികളുടേതാകും എന്ന് പറഞ്ഞത് രൂപത്തിൽ അങ്ങനെയാകും എന്നാണ്. അവർ ആ നാട് മുസ്ലിംകളുടെ കൈയ്യിൽ നിന്ന് പിടിച്ചടക്കിയതായത് കൊണ്ട് തത്വത്തിൽ അതു മുസ്ലിംരാജ്യം തന്നെയാണ്.

ഇത്തരം പ്രദേശത്ത് മതം പരസ്യമാക്കാൻ സാദ്ധ്യമല്ലെങ്കിൽ മതത്തിന് വല്ല നാശവും ഭയപ്പെടുന്നുവെങ്കിൽ കഴിയുമെങ്കിൽ അവിടെ നിന്ന് ഹിജ്റ പോകൽ നിർബന്ധമാണ്. അവിടെ തന്നെ താമസിക്കൽ കുറ്റവുമാണ്. എന്നാൽ ഹിജ്റ പോകാൻ കഴിവില്ലെങ്കിൽ അത്തരക്കാർക്ക് ഒഴികഴിവുണ്ട്. മലക്കുകൾ മരിപ്പിക്കുന്നവർ എന്ന് തുടങ്ങുന്ന ഖുർആൻ സൂക്തവും, സത്യനിഷേധികളുമായി യുദ്ധം ചെയ്യേണ്ടി വരുന്ന കാലത്തോളം ഹിജ്റ അവസാനിക്കുകയില്ല എന്ന ഹദീസും, ഹിജ്റ നിർബ്ബന്ധമാണെന്നതിന് തെളിവാണ്.

ഈ പറഞ്ഞതിന്റെ സംക്ഷിപ്തം ഈ നാട്ടിൽ താമസിക്കുന്ന മുസ്ലിംകൾക്ക് അവരുടെ മതം അഥവാ ഇസ്ലാം പരസ്യമാക്കുവാൻ സാധിക്കുകയും, അതുകൊണ്ടു വല്ല നാശവും വരുന്നത് സംബന്ധിച്ചു നിർഭയത്വം ഉണ്ടാവുകയും ഹിജ്റ കൊണ്ട് മുസ്ലിംകൾക്ക് പ്രത്യേകം ഗുണം ഒന്നും ഇല്ലാതിരിക്കുകയും ആണെങ്കിൽ ഹിജ്റ പോകൽ അഭികാമ്യമാണ്.

എന്നാൽ അവർക്ക് മതം പരസ്യമാക്കുവാനും, സത്യനിഷേധികളിൽ നിന്ന് വിട്ടുനിൽക്കുവാനും സ്വജീവനും സ്വത്തും സംരക്ഷിക്കുവാനും സാധിക്കുമെങ്കിൽ അവിടെത്തന്നെ താമസിക്കൽ നിർബ്ബന്ധമാണ്.

എന്നാൽ അവർക്ക് മതം പരസ്യമാക്കുവാൻ സാധിക്കാതിരിക്കുകയോ അല്ലെങ്കിൽ മതവിഷയങ്ങളിൽ നാശം ഭയപ്പെടുകയോ ചെയ്താൽ സാധിക്കുമെങ്കിൽ ഹിജ്റ പോകൽ നിർബ്ബന്ധമാണ്.

ഇതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ ഗ്രഹിക്കാം:-

1. ഹിജ്റ പോകൽ നിർബ്ബന്ധമായവർ അവിടെ താമസിക്കുന്നത് കുറ്റമാണ്. എന്നാൽ ഹിജ്റ നിർബ്ബന്ധമില്ലാത്തവർ താമസിക്കുന്നതിൽ കുറ്റമില്ല.

2. അവിടെ താമസിക്കുന്നതിൽ കുറ്റമില്ലാത്തവൻ, വിശ്വാസത്തിന്നനുസരിച്ച് കാര്യങ്ങളെല്ലാം ചെയ്യുകയാണെങ്കിൽ അവന്റെ ഈമാൻ പൂർണ്ണമാണ്.

ഇതിൽ നിന്നും വ്യക്തമാകുന്ന മറ്റു കാര്യങ്ങൾ:- ഈ സത്യനിഷേധികളോടും അവരുടെ നിയമങ്ങളോടുമുള്ള സ്നേഹത്തിന്റെയും വിരോധത്തിന്റെയും തോതനുസരിച്ച്, പാപത്തിന്റെ തോതിലും വ്യത്യാസമുണ്ടാകുന്നതാണ്.

യാതൊരു നിർബ്ബന്ധിതാവസ്ഥയും ഇല്ലാതെ അവരുടെ നിയമങ്ങൾ അനുസരിക്കുന്നവൻ അല്ലാഹുവിനെ ധിക്കരിക്കുന്നവനാണ്.

എന്നാൽ ഹൃദയംഗമായി വെറുത്തുകൊണ്ട് നിർബ്ബന്ധിതനായ നിലയിൽ അനുസരിക്കുന്നവൻ കുറ്റക്കാരനല്ല.

സത്യനിഷേധത്തിനുള്ള നിർബ്ബന്ധിതാവസ്ഥയുടെ നിയമം സത്യനിഷേധത്തെക്കാൾ ചെറിയ തെറ്റുകൾക്കുള്ള നിർബ്ബന്ധിതാവസ്ഥക്കും ബാധകമാണ്.

എന്നാൽ ഹിജ്റ പോകാൻ കഴിവുള്ളവൻ നിർബ്ബന്ധിതാവസ്ഥയിൽ അവരുടെ നിയമങ്ങൾ അനുസരിച്ചാൽ കുറ്റക്കാരനാകും. കാരണം, അവിടെതന്നെ താമസിച്ചുകൊണ്ട് അവർക്ക് ശക്തി നൽകിയത് അവൻ തന്നെയാണ്.

അവരുടെ നിയമം മൂലം ഇസ്ലാം നിഷിദ്ധമാക്കിയത് അനുവദനീയമാക്കുകയോ, ഇസ്ലാം അനുവദനീയമാക്കിയത് നിഷിദ്ധമാക്കുകയോ ചെയ്യേണ്ടി വരികയാണെങ്കിൽ മുസ്ലിംകൾക്ക് അത്തരം നിയമങ്ങൾ സ്വീകരിക്കാൻ പാടില്ല. അവൻ അതു തള്ളിക്കളയുകയും വെറുക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇസ്ലാം അനുവദിക്കുന്നവിധത്തിലുള്ള നിർബ്ബന്ധിതാവസ്ഥയിൽ അതു സ്വീകരിക്കാം.

എന്നാൽ ഇസ്ലാമിക നിയമത്തോടു യോജിക്കുന്ന നിയമങ്ങൾ അവർ നടപ്പാക്കുകയാണെങ്കിൽ അതു സ്വീകരിക്കാം. അവന് ഹിജ്റ പോകാൻ കഴിവുണ്ടായിരിക്കെ, ഇവരുടെ നിയമത്തിന് ബദൽ നിയമം കൊണ്ടു വരേണ്ടതില്ല. കാരണം, അവൻ അതിന് തുനിഞ്ഞാൽ അവസാനം അതു ഇസ്ലാമിന് അപമാനമായി ഭവിക്കും. അല്ലാഹു പറയുന്നു സത്യനിഷേധികൾക്ക് മുസ്ലിംകളുടെ മേൽ ആധിപത്യം വാഴാൻ യാതൊരു വഴിയും അല്ലാഹു ഉണ്ടാക്കിയിട്ടില്ല.

ചോദ്യം 6

രണ്ടു വ്യക്തികൾ, ഇസ്ലാമിക രാഷ്ട്രത്തിലേക്ക് ഹിജ്റ പോകലും അവിടെ താമസിക്കലും സാമ്പത്തിക നഷ്ടമുണ്ടാക്കും. എന്നാൽ സത്യനിഷേധികളുടെ ഭരണത്തിൻ കീഴിൽ ജീവിക്കുന്നത് കൊണ്ട് സാമ്പത്തികമായി യാതൊരു നഷ്ടവും ഉണ്ടാക്കുകയില്ല. മതപരമായ നഷ്ടം മാത്രമെ ഉണ്ടാക്കുകയുള്ളു എന്ന് കേട്ടപ്പോൾ ഒരാൾ മതസംരക്ഷണത്തിന് മുൻഗണന നൽകികൊണ്ട് സാമ്പത്തിക നഷ്ടം സഹിക്കാൻ സന്നദ്ധനായി മുസ്ലിംരാഷ്ട്രത്തിലേക്ക് യാത്ര പോയി. രണ്ടാമൻ സാമ്പത്തിക സുരക്ഷിതത്വത്തിന് മുൻഗണന നൽകി മതനാശം സഹിക്കാൻ തയ്യാറായി സത്യനിഷേധികളുടെ രാഷ്ട്രത്തിലേക്ക് പോയി. ഈ രണ്ടു വ്യക്തികളുടെയും ഈമാൻ സംബന്ധിച്ചു എന്താണ് വിധി. സാമ്പത്തിക ലാഭത്തിന് വേണ്ടി സത്യനിഷേധികളുടെ രാഷ്ട്രത്തിലേക്ക് പോയവനെ കപടവിശ്വാസി എന്ന് വിളിക്കുന്നവൻ കുറ്റക്കാരനാകുമോ?

ഉത്തരം

അല്ലാഹു പറയുന്നു.

വല്ലവരും ഐഹിക ജീവിതം ഉദ്ദേശിച്ചാൽ (അവരിൽ) നാം ഉദ്ദേശിക്കുന്നവന് നാം ഉദ്ദേശിക്കുന്നത് നാം വേഗം കൊടുക്കും. പിന്നെ അവന് നാം നൽകുക നരകമാണ്. ആക്ഷേപിക്കപ്പെട്ടവനും ആട്ടി ഓടിക്കപ്പെട്ടവനുമായി അവൻ അതിൽ പ്രവേശിക്കുന്നു. വല്ലവനും പരലോകം ഉദ്ദേശിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് പരലോകത്തേക്ക് വേണ്ടുന്ന പരിശ്രമം ചെയ്യുകയും ചെയ്താൽ, അങ്ങനെ ചെയ്യുന്നവർ പരിശ്രമം അഭിനന്ദിക്കപ്പെടുന്നവരാണ്.

അപ്പോൾ ഐഹിക ജീവിതവും അതിലെ അലങ്കാരവും തിരഞ്ഞെടുക്കുകയും, അതിനെ വിഭവങ്ങൾ വാരിക്കൂട്ടുവാനായി സത്യനിഷേധികളുടെ നാട്ടിലേക്ക് പോയവനും, ശാശ്വതമായ പാരത്രിക ജീവിതം തിരഞ്ഞെടുക്കുകയും, അതിൻെറ പേരിൽ അനുഭവിക്കേണ്ടി വരുന്ന എല്ലാ വിഷമങ്ങളും സംബന്ധിച്ചുള്ള ക്ഷമ അവലംബിക്കുകയും ചെയ്തവനും തമ്മിൽ വമ്പിച്ച വ്യത്യാസമുണ്ട്.

അല്ലാഹു പറയുന്നു.

ഒരു വക്കിൽ നിന്നു കൊണ്ട് അല്ലാഹുവിനെ ആരാധിക്കുന്ന ചിലർ മനുഷ്യരിലുണ്ട്. അവന് വല്ല നൻമയും ലഭിച്ചാൽ അവൻ അവിടെ ഉറച്ച് നിൽക്കും. എന്നാൽ അവൻ വല്ല പരീക്ഷണത്തിനും വിധേയനായാൽ അവൻ മുഖം കുത്തി മറിയും (അവൻ പിൻമാറും) അവൻ ഇഹലോകവും പരലോകവും നഷ്ടപ്പെട്ടവനാണ്. അത് വ്യക്തമായ പരാജയമാണ്.

അപരിഷ്കൃതരായ ചില അറബികളുടെ കാര്യത്തിൽ ഇറങ്ങിയതാണ് ഈ സൂക്തം. അവർ ഇസ്ലാം മതം സ്വീകരിച്ച് കൊണ്ടു മദീനയിൽ താമസിക്കുകയായിരുന്നു. ആ വർഷം ശരിക്ക് മഴ ലഭിക്കുകയും ആടുമാടുകൾ ധാരാളം പെറ്റുപെരുകുകയും അവരുടെ ഭാര്യമാർ ആൺകുട്ടികളെ പ്രസവിക്കുകയും ചെയ്താൽ ഇസ്ലാംമതം നല്ല മതമാണ് എന്നവർ പറയുമായിരുന്നു. നേരെമറിച്ച് സംഭവിച്ചാൽ, അവർ ഇസ്ലാമിൽ നിന്ന് പിന്തിരിയുകയും ഇത് നാശത്തിൻെറ മതമാണ് എന്ന് പറയുകയും ചെയ്യുമായിരുന്നു.

ഇമാംബുഖാരി ഉദ്ധരിച്ച ഒരു ഹദീസിൽ പറയുന്നു. ഒരു അപരിഷ്കൃതനായ അറബി ഇസ്ലാം മതം സ്വീകരിക്കുകയും മദീനയിലേക്ക് ഹിജ്റ പോകുകയും ചെയ്തു. മദീനയിൽ എത്തിയതിൻെറ അടുത്ത ദിവസം അവന് പനിപിടിപെട്ടു. ഉടനെ അവൻ നബി (സ) യുടെ അടുക്കൽ ചെന്ന് ഹേ! മുഹമ്മദേ! ഞാൻ ചെയ്ത പ്രതിജ്ഞ ഇങ്ങു തിരിച്ചുതരൂ! എന്ന് പറഞ്ഞു. തിരുമേനി അതിന് വിസമ്മതിക്കുകയും അനന്തരം ഇങ്ങനെ പറയുകയും ചെയ്തു. നിശ്ചയമായും മദീന കൊല്ലൻെറ ഉല പോലെയാണ്. മലിന സാധനങ്ങളെ അതു ദൂരീകരിക്കുകയും ശുദ്ധമായത് വേർതിരിച്ചെടുക്കുകയും ചെയ്യും, അതുകൊണ്ട് ഏതൊരാൾ ഇസ്ലാമിക രാഷ്ട്രത്തിൽ താമസിക്കുന്നുവോ അവൻ സത്യത്തിലാണ്. എന്നാൽ ഏതൊരാൾ സത്യനിഷേധികളുടെ നാട്ടിലേക്ക് ഹിജ്റ പോകുന്നുവോ അവൻ, പ്രസ്തുത ഹിജ്റ നിഷിദ്ധമായതുകൊണ്ടും, അവൻെറ വിശ്വാസം ആപത്ത് ബാധിച്ചപ്പോൾ മൂസായുടെയും കൂട്ടരുടെയും കണ്ടതിലുള്ള ദുശ്ശകുനം കൊണ്ടാണ് ഞങ്ങൾക്ക് ഈ ആപത്ത് ബാധിച്ചതെന്ന് പറഞ്ഞിരുന്ന സത്യ

നിഷേധികളുടെ വിശ്വാസം കലർന്നതുകൊണ്ടും അല്ലാഹു വിന്റെ കോപവും കൊണ്ടാണ് മടങ്ങുക - അല്ലാഹുവിന്റെ അടുക്കൽ അവരാണ് ശകുനപ്പിഴവുള്ളവർ.

മുൻപറഞ്ഞവനെ കപട വിശ്വാസി എന്ന് പേർ പറയുന്നത്, അവൻ ചെയ്യുന്ന പ്രവർത്തിയുടെ ഗൗരവം കാണിക്കുവാനും അവനെ അതിൽ നിന്ന് തടയുവാനും ഉദ്ദേശിച്ചുകൊണ്ട് പ്രവർത്തിയുടെ കാപട്യമാണുദ്ദേശമെങ്കിൽ അതിൽ തകരാർ ഒന്നുമില്ല. ഉമർ (റ) ഹാതിബ്ബ്നു അബീ ബൽതഅതിനെ സംബന്ധിച്ചു അദ്ദേഹം അല്ലാഹുവിനെയും റസൂലിനെയും വഞ്ചിച്ച കപട വിശ്വാസി എന്ന് പറയുകയുണ്ടായിട്ടുണ്ട്. എന്നാൽ വിശ്വാസപരമായ കാപട്യമാണുദ്ദേശമെങ്കിൽ കപടവിശ്വാസി എന്നു പറയൽ നിഷിദ്ധമാണ്. കാരണം വിശ്വാസ കാര്യം അല്ലാഹുവിന് മാത്രമെ അറിയുകയുള്ളൂ. അതുകൊണ്ട് അവനെ കപടവിശ്വാസി എന്ന് വിളിക്കൽ നിഷിദ്ധമാണ്.

ചോദ്യം 7

ക്രിസ്ത്യീയ രാഷ്ട്രത്തിലെ പ്രജകളിൽപെട്ട ഒരു മുസ്ലിമിന്റെയും മുസ്ലിംരാഷ്ട്രത്തിലെ പ്രജകളിൽപെട്ട ഒരു മുസ്ലിമിന്റെയും രണ്ട് മൃതശരീരം ഹാജരാക്കപ്പെട്ടാൽ നമസ്കാരത്തിൽ ഏതു മൃതശരീരത്തെ മുന്തിക്കണം?

ഉത്തരം

നമസ്കാരത്തിൽ മുസ്ലിംരാഷ്ട്രത്തിലെ പ്രജയായ മുസ്ലിമിനെ ക്രിസ്ത്യീയരാഷ്ട്രത്തിലെ പ്രജയായ മുസ്ലിമിനെക്കാൾ മുന്തിക്കപ്പെടണം. ക്രിസ്ത്യീയ രാഷ്ട്രത്തിലെ മുസ്ലിം കർമ്മശാസ്ത്രപണ്ഡിതനും മുസ്ലിംരാഷ്ട്രത്തിലെ പ്രജ സാധാരണക്കാരനുമാണെങ്കിലും ശരി. കാരണം അവന്റെ കർമ്മശാസ്ത്രപാണ്ഡിത്യം അവനെ സത്യത്തിലേക്ക് നയിപ്പിച്ചിട്ടില്ല. വിജ്ഞാനം അധികമുള്ളവൻ അതിനനുസരിച്ച് കർമ്മം വർദ്ധിപ്പിച്ചിട്ടില്ലെങ്കിൽ അല്ലാഹുവിങ്കൽ നിന്ന് അവന് അകൽച്ച മാത്രമാണ് വർദ്ധിക്കുക. എന്നാൽ ക്രിസ്ത്യീയ രാഷ്ട്രത്തിലെ പ്രജയായ മുസ്ലിം നിർബ്ബന്ധിതാവസ്ഥയിലായിരുന്നുവെന്ന് സങ്കൽപ്പിക്കുകയാണെങ്കിൽ അവൻ മറ്റെ മുസ്ലിമിന് തുല്യമായ സ്ഥാനം നൽകണം.

ചോദ്യം8

രണ്ടു മുസ്ലിംകൾ തമ്മിൽ ഒരു പ്രശ്നമുണ്ടായി. അപ്പോൾ അവരിൽ ഒരാൾ, പ്രസ്തുതപ്രശ്നത്തിന് ഇസ്ലാമിക നിയമമനുസരിച്ച് തീരുമാനിച്ച് തരണം എന്നാവശ്യപ്പെടുകയും ചെയ്തു. അന്നേരം മറ്റെ ആൾ പറഞ്ഞു. ഞാൻ ക്രിസ്ത്യീയ രാഷ്ട്രത്തിലെ പ്രജകളിൽ പെട്ടവനാണ്. അതുകൊണ്ട് ഈ പ്രശ്നത്തിൽ ക്രിസ്ത്യീയ നിയമമനുസരിച്ച് വിധിക്കണം. ഇവന്റെ സമ്പത്ത് പിടിച്ചെടുക്കൽ അനുവദനീയമാണോ? ഇവൻ മുർതദ്ദ് ആണോ? ഇതിന്റെ വിധി എന്താണ്?

ഉത്തരം

ഇവൻ ഈ പറഞ്ഞത്, ഇസ്ലാമിക നിയമത്തെ വെറുത്തുകൊണ്ടും, ക്രിസ്ത്യീയ നിയമം അനുവദനീയമാണെന്ന് വിശ്വസിച്ചു കൊണ്ടുമാണെങ്കിൽ അവൻ സത്യനിഷേധിയും മുർതദ്ദുമായിക്കഴിഞ്ഞിരിക്കുന്നു. മുർതദ്ദിന്റെ വിധി ഇവന്റെ പേരിൽ നടത്തപ്പെടണം.

എന്നാൽ ഇവൻ ക്രിസ്ത്യീയ നിയമം അനുവദനീയമാണെന്ന് വിശ്വസിക്കാതെ ഉദ്ദേശ്യരഹിതമായി പറഞ്ഞതാണെങ്കിൽ അവൻ സത്യത്തിൽ നിന്ന് വ്യതിചലിച്ചവനാണ്. ഇസ്ലാമിക നിയമമനുസരിച്ച് അവനെ ഭയപ്പെടുത്തൽ നിർബ്ബന്ധമാണ്.

ആ പറഞ്ഞതിനുള്ള തെളിവ് താഴെ പറയുന്ന ഖുർആൻ സൂക്തമാണ്.

അല്ല, നിന്റെ നാഥനെത്തന്നെയാണ് സത്യം, അവർക്കിടയിൽ, ഭിന്നിപ്പുണ്ടായ കാര്യത്തിൽ, താങ്കളെ വിധികർത്താവാക്കുകയും, എന്നിട്ട് താങ്കളുടെ വിധിയിൽ അവർക്ക് മനസ്സിൽ യാതൊരു വിഷമവും തോന്നാതെ, അവർ അതു സർവ്വാത്മനാ അംഗീകരിക്കുകയും ചെയ്യുന്നത് വരെ അവർ സത്യവിശ്വാസികളാകുകയില്ല.

അബുൽ അസ്വദിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്ന ഒരു ഹദീസിൽ പറയുന്നു.

ഒരിക്കൽ, രണ്ട് പേർ നബി (സ)യുടെ അടുക്കൽ ഒരു തർക്കപ്രശ്നവുമായി ചെന്നു. അപ്പോൾ നബി (സ) ആ വിഷയത്തിൽ വിധി കൊടുത്തു. അന്നേരം ആ വിധി പ്രതികൂലമായി വന്നവൻ ഞങ്ങളെ ഉമർബ്നുൽ ഖത്താബിന്റെ അടുക്കലേക്ക് വിടുക എന്ന് അപേക്ഷിച്ചു. അപ്പോൾ തിരുമേനി അതനുവദിക്കുകയും നിങ്ങൾ രണ്ടുപേരും ഉമറിന്റെ അടുക്കൽ പോയിക്കൊള്ളുക എന്നു പറയുകയും ചെയ്തു. അതനുസരിച്ച് അവർ ഉമർ (റ)വിന്റെ അടുത്തെത്തിയപ്പോൾ വിധി അനുകൂലമായ ആ മനുഷ്യൻ പറഞ്ഞു. ഹേ! ഖതാബിന്റെ മകനേ! ഞങ്ങൾ രണ്ടുപേരും സമർപ്പിച്ച കേസിൽ തിരുമേനിയുടെ വിധി ഇദ്ദേഹത്തിനെതിരായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഞങ്ങളെ ഉമറുബ്നുൽ ഖതാബിന്റെ അടുക്കലേക്ക് വിടുക. അതനുസരിച്ചാണ് ഞങ്ങൾ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നത്. ഉമർ (റ) മറ്റെ ആളോട് ചോദിച്ചു. അങ്ങനെ തന്നെ ആണോ? "അദ്ദേഹം പറഞ്ഞു അതെ. അപ്പോൾ ഉമർ (റ) പറഞ്ഞു. നിങ്ങൾ രണ്ടുപേരും ഇവിടെ തന്നെ നിൽക്കൂ. ഞാനിതാ ഇപ്പോൾ തന്നെ വരികയും നിങ്ങൾക്കിടയിൽ വിധി പ്രസ്താവിക്കുകയും ചെയ്യാം. അനന്തരം ഉമർ (റ) അകത്തുപോവുകയും ഉടനെ തന്റെ വാൾ എടുത്തുപുറത്തു വരുകയും എന്നിട്ട് ഞങ്ങളെ ഉമർ (റ)ന്റെ അടുക്കലേക്ക് അയക്കുക എന്നു പറഞ്ഞ ആ മനുഷ്യനെ വാളു കൊണ്ട് വെട്ടുകയും വധിക്കുകയും ചെയ്തു. ഇത് കണ്ട് മറ്റവൻ ഓടി രക്ഷപ്പെടുകയും തിരുമേനിയുടെ അടുക്കൽ ചെന്ന് അല്ലാഹുവിന്റെ ദൂതരേ! ഉമർ എന്റെ കൂടെ ഉണ്ടായിരുന്നവനെ വധിച്ചുകളഞ്ഞു. എനിക്ക് ഓടാൻ കഴിഞ്ഞിരുന്നില്ലെങ്കിൽ എന്നെയും വധിക്കുമായിരുന്നു എന്നു പറയുകയും ചെയ്തു. അന്നേരം തിരുമേനി പറഞ്ഞു. ഉമർ

സത്യവിശ്വാസികളെ വധിക്കുവാൻ ധൈര്യപ്പെടുമെന്ന് തോന്നുന്നില്ല. ആ അവസരത്തിലാണ് മുൻപറഞ്ഞ ഖുർആൻ സൂക്തം അവതരിച്ചത്. അതിനാൽ ആ മനുഷ്യനെ വധിച്ചതിൽ ഉമർ (റ) കുറ്റവിമുക്തനായി.

അല്ലാഹു പറയുന്നു.

നിനക്ക് ഇറക്കപ്പെട്ടതിലും നിനക്ക് മുമ്പ് ഇറക്കപ്പെട്ടതിലും വിശ്വസിക്കുന്നവരാണെന്ന് വെറുതെ പറഞ്ഞു നടക്കുന്നവരെ നീ കണ്ടിട്ടില്ലേ? പിശാചുകളുടെ അടുക്കൽ കേസ് കൊടുക്കുവാൻ അവർ ഉദ്ദേശിക്കുന്നു. പിശാചിൽ അവിശ്വസിക്കുവാൻ അവർ കൽപിക്കപ്പെട്ടിരിക്കുന്നു. പിശാച് അവരെ ബഹുദൂരം വഴി പിഴപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

ഇബ്നു അബ്ബാസിൽ നിന്ന് ത്വബ്റാനി നിവേദനം ചെയ്ത ഹദീസിൽ പറയുന്നു.

അബുബർസത്തുൽ അസ്ലമി ഒരു ജോത്സ്യനായിരുന്നു. ജനൽ അന്വേഷിച്ചു ചെല്ലുന്ന ഒരു കാര്യത്തിൽ ജൂതൻമാർക്കിടയിൽ അദ്ദേഹം ഒരു വിധി നടത്തി. അന്നേരം മുസ്ലിംകളിൽ നിന്നുള്ള കുറെ ആളുകളും അദ്ദേഹത്തിൻെറ അടുക്കലേക്ക് പോയി. അപ്പോഴാണ് അല്ലാഹു മുൻപറഞ്ഞ ഖുർആൻ സൂക്തം അവതരിപ്പിച്ചത്.

ഇബ്നു അബ്ബാസിൽ നിന്ന് അബു ഇസ്ഹാബ് നിവേദനം ചെയ്യുന്ന ഒരു ഹദീസിൽ പറയുന്നു.

ജലാസ്ബ്നുസ്സ്വാമിത്, മു അ്തബ് ബ്നുഖശീർ, റാഫി അബ്നനുസദ്, ബശീർ എന്നിവർ മുസ്ലിംകളാണെന്ന് വാദിച്ചിരുന്നു.

അപ്പോൾ, അവരുടെ സമുദായത്തിൽ നിന്നുള്ള കുറച്ച് പേര് അവരെ നബി (സ)യുടെ അടുക്കലേക്ക് വിളിച്ചു. അപ്പോൾ, അവർ അവരെ അനിസ്ലാമിക കാലത്തെ വിധികർത്താക്കളായിരുന്ന ജോത്സ്യൻെറ അടുത്തേക്ക് ക്ഷണിച്ചു. അപ്പോഴാണ് അല്ലാഹു മുൻപറഞ്ഞ ഖുർആൻ സൂക്തം അവതരിപ്പിച്ചത്. ഈ ഹദീസിനെ സുശക്തമാക്കുന്ന ധാരാളം ഹദീസുകൾ വേറെയുമുണ്ട്.

ക്രിസ്ത്യാനികളുടെ നിയമമനുസരിച്ചുള്ള വിധിയാണ് എനിക്ക് വേണ്ടത് എന്നു പറഞ്ഞവൻ സത്യത്തിൽ നിന്ന് വ്യതിചലിച്ചവനാണ്. അവൻ അവനെ അപകടത്തിന് വിധേയനാക്കിയിരിക്കുകയാണ്. അല്ലാഹു അവതരിപ്പിച്ചതിലേക്കും, അല്ലാഹുവിൻെറ ദൂതൻെറ അടുക്കലേക്കും വരുവിൻ എന്നു പറയപ്പെട്ടാൽ കപടവിശ്വാസികൾ നിന്നിൽ നിന്നും പിൻതിരിഞ്ഞു പോകുന്നതായി നിനക്ക് കാണാം എന്നു പറഞ്ഞ ആ കപടവിശ്വാസികളുടെ സ്ഥാനമാണിവനുള്ളത്.

അബുഹാതിം മുജാഹിദിനെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു.

ഒരിക്കൽ ഒരു കപടവിശ്വാസിയും ഒരു ജൂതനും തമ്മിൽ ഒരു തർക്കമുണ്ടായി. അപ്പോൾ കപടവിശ്വാസി പറഞ്ഞു. നമ്മുടെ ഇടയിലുള്ള തർക്കം തീർത്തു തരുവാൻ നമുക്ക് കഅ്ബ്നു അശ്റഫിൻെറ അടുക്കലേക്ക് പോകാം. അപ്പോൾ ജൂതൻ പറഞ്ഞു. നമുക്ക് നബി (സ)യുടെ അടുക്കലേക്ക് പോകാം. അപ്പോഴാണ് മുൻപറഞ്ഞ ഖുർആൻ സൂക്തം അവതരിച്ചത്.

റബീഅ്ബ്നു അനസിൽ നിന്ന് ഇബ്നു ജരീർ ഉദ്ധരിക്കുന്നു. നബി (സ)യുടെ സഹാബികളിൽപെട്ട രണ്ട് പേരുടെ ഇടയിൽ ഒരു തർക്കപ്രശ്നമുണ്ടായി. അവരിൽ ഒരാൾ ശരിയായ സത്യവിശ്വാസിയാണ്. മറ്റെ ആൾ കപടവിശ്വാസിയാണ്. അതിനാൽ സത്യവിശ്വാസിയായ മനുഷ്യൻ അവരുടെ പ്രശ്നം തീർക്കാൻ വേണ്ടി മറ്റവനെ നബി (സ)യുടെ അടുക്കലേക്ക് ക്ഷണിച്ചു. പ്രസ്തുത കപടവിശ്വാസി വിശ്വാസിയെ കഅ്ബ്നു അശ്റഫിൻെറ അടുക്കലേക്കും ക്ഷണിച്ചു. അപ്പോഴാണ് മുൻപറഞ്ഞ ഖുർആൻ സൂക്തം അവതരിച്ചത്.

അപ്പോൾ ഇസ്ലാമിക നിയമത്തിൽ നിന്ന് പിന്തിരിയുന്നവൻ കപടവിശ്വാസി എന്ന അഡ്രസ്സിന് അർഹനാണ്.

സമാപനം

അല്ലാഹു അവൻെറ അനുഗ്രഹവും ഔദാര്യവും മുഖേന നമ്മുടെ എല്ലാകാര്യങ്ങളും ഈമാൻകൊണ്ട് അവസാനിപ്പിച്ചുതരുമാറാകട്ടെ. ആമീൻ. മഹാപണ്ഡിതനായ അബ്ദുറഹ്മാൻ ബ്നു സുലൈമാൻ അവർകളുടെ ഫത്തുവയിൽ താഴെ പറയും പ്രകാരം കാണാം.

ശ്രദ്ധിക്കുക,

ഹിജാസിൻെറ ഭാഗങ്ങളിലുള്ള ചില ഗോത്രക്കാരും മറ്റുള്ള ജനവിഭാഗങ്ങളും മനസ്സിലാക്കിയ ഇസ്ലാമിക വിരുദ്ധമായ കാര്യങ്ങൾ സംബന്ധിച്ചും മുസ്ലിം നേതാക്കൻമാരും മാർഗ്ഗദർശികളും ചർച്ചചെയ്തിട്ടുണ്ട്. അവ സംബന്ധിച്ചു ഒരു ചോദ്യം, അക്കാലത്തെ യമൻ പ്രദേശത്തെ വിധികർത്താവും മുഹ്ഗിർറൗളിലെ വിധികർത്താവായ മഹാപണ്ഡിതൻ തഖിയുദ്ദീൻ അവർകളുടെ ശിഷ്യനുമായ യൂസുഫ് ബ്നു യൂസുഫ് അവർകളുടെ മുമ്പിൽ സമർപ്പിക്കപ്പെടുകയുണ്ടായി. അദ്ദേഹത്തിൻെറ മറുപടി ഗുരുനാഥനായ മുൻപറഞ്ഞ മഹാപണ്ഡിതൻ തഖിയുദ്ദീൻ അവർകളും വേറെയും ധാരാളം പണ്ഡിതൻമാരും ശരിവെച്ച് അംഗീകരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പരിശോധിച്ച് ശരി വെച്ചവരിൽപെട്ടവരാണ് താഴെ പറയുന്നവരെല്ലാം.

ഫഖ്റുൽമനാശിരി, ജമാലുൽ ഖിമ്മാത്, ജമാലുസ്സിലഇയ്യ, ഗ്രന്ഥകർത്താവായ ജമാലുന്ന ഹാരിയ്യ് മുതലായവർ അവരിൽ പെട്ടവരാണ്.

മറുപടിയുടെ സംക്ഷിപ്തം

അവർക്കിടയിൽ അവർ നൽകിയ പേരുകളിൽ അറിയ

പ്പെട്ടിരുന്ന പല പ്രവർത്തനങ്ങളും നിയമങ്ങളും ഇസ്ലാമിക വിരുദ്ധമായിരുന്നു. അവ മുഖേന വിധിക്കുകയോ അതു സ്വീകരിക്കുകയോ ചെയ്യുന്നവർ ഇസ്ലാമിൽ നിന്ന് പുറത്താണ്. ദുർമാർഗ്ഗികളോട് കൂടെ നരകത്തിൽ പ്രവേശിക്കുന്നവരുമാണ്. അതെല്ലാം ശരിയാണെന്ന് വിശ്വസിക്കുന്നവർ സത്യനിഷേധി യാണ് എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അവൻെറ മരണം ഒരിക്കൽ അനുവദനീയമാണ്. യാതൊരു മതവിശ്വാസിക്കും അതു സംബന്ധിച്ച് മൗനം ദീക്ഷിക്കൽ അനുവദനീയമല്ല. അതിനെതിരിൽ ശബ്ദിക്കലും പ്രതിഷേധിക്കലും നിർബന്ധമാണ്. ആ നിയമം അനുസരിച്ചുള്ള വിധിക്ക് വേണ്ടി കേസ് കൊടുക്കൽ അനുവദനീയമല്ല. മനുഷ്യരുടെ ആവശ്യങ്ങൾ സംബന്ധിച്ച് നല്ലവണ്ണം അറിയുന്നവൻ അല്ലാഹുവാണ്. നിരീശ്വരവാദികളിൽ നിന്നാണ് ഈ അജ്ഞരായ സത്യനിഷേധികൾക്ക് ഈ ചിന്താഗതി ഉണ്ടായത്. അവർ അതു അവരുടെ പിശാചുക്കൾക്ക് നൽകി. അതുമുഖേന നൻമയും, നാശത്തെ തടയലും മാത്രമാണ് ഉദ്ദേശം എന്നവർ വാദിക്കുകയും ചെയ്യുന്നു. എന്നിട്ട് ആ പിശാചുക്കൾ അതു മുഖേന ആ ജനങ്ങളെ ദീനിൽ നിന്ന് പുറത്തുകൊണ്ടുവരുന്നു.

പിശാച് ബഹുദൈവവിശ്വാസികളെ അവരുടെ നബിമാരുടെ പ്രതിമകളെ ഭാവനയിലൂടെ നിർമ്മിച്ച് ബിംബരാധകൻമാരാക്കി മതത്തിൽ നിന്ന് പുറത്തു ചാടിച്ച പോലെയാണ് അവർ പ്രവർത്തിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ നിന്നും നാം അല്ലാഹുവിനോട് രക്ഷ ചോദിക്കുന്നു.

അല്ലാഹു മനുഷ്യരെ സൃഷ്ടിക്കുകയും അവരോട് ചില കാര്യങ്ങൾ ആജ്ഞാപിക്കുകയും ചെയ്തു. അവരുടെ ഐഹികവും പാരത്രികവും, മതപരവുമായ ഗുണത്തിനും അഭിവൃദ്ധിക്കും ആവശ്യമായ എല്ലാ കാര്യങ്ങളും അതിൽ ഉണ്ട്.

ആകയാൽ മുസ്ലിം ഭരണാധിപൻമാർക്കും, പ്രബോധന പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന പണ്ഡിതൻമാർക്കും അനുയായികൾക്കും മുൻപറഞ്ഞ വിധത്തിലുള്ള മതവിരുദ്ധ പ്രവർത്തനങ്ങളെ ശക്തിയായി എതിർക്കലും, അതു ദൂരീകരിക്കലും, അതിൽ നിന്ന് അവരെ തടയലും നിർബ്ബന്ധമാണ്. കഴിവുള്ളവർ അതിന്നെതിരിൽ മൗനം ദീക്ഷിക്കുന്നത് അനുവദനീയമല്ല. അതു ഏറ്റവും ഭയങ്കരമായ തെറ്റാണ്.

മുസ്ലിംകൾ ഉണ്ടാക്കിയ ഇസ്ലാമിക വിരുദ്ധ നിയമങ്ങൾ സംബന്ധിച്ച് ഇതാണ് ഇസ്ലാമികവിധിയെങ്കിൽ, അക്രമികളായ സത്യനിഷേധികൾ ഉണ്ടാക്കുന്ന നിയമങ്ങൾ സംബന്ധിച്ചു എന്ത് പറയാനാണ്.

അല്ലാഹുവിൻെറ അനുഗ്രഹത്താൽ ഈ ചോദ്യങ്ങൾ സംബന്ധിച്ച് ഞാൻ പറയാനുദ്ദേശിച്ച കാര്യങ്ങൾ പൂർണ്ണമായും പറഞ്ഞുകഴിഞ്ഞു. ആദ്യവസാനവും, ആന്തരികമായും ബാഹ്യമായും അല്ലാഹുവിനു സ്തുതി.

അല്ലാഹു മുഹമ്മദ് നബി (സ)ക്കും അവിടുത്തെ കുടുംബത്തിനും സഹാബികൾക്കും അല്ലാഹുവിൻെറ അനുഗ്രഹവും സംരക്ഷണവും സദാ ഉണ്ടാകുമാറാകട്ടെ.

മഹാനും ഉന്നതനുമായ അല്ലാഹുവിൻെറ സഹായം ഇല്ലാതെ ആർക്കും യാതൊരു കാര്യത്തിനും, യാതൊരു കഴിവും ശക്തിയും ഇല്ല.

ഞാനീ ചോദ്യങ്ങൾക്കുള്ള മറുപടി എഴുതി പൂർത്തിയാക്കിയ ദിവസം രാത്രി ഉറക്കത്തിൽ നബി (സ)യെ സ്വപ്നം കണ്ടു.

ഞാനും എൻെറ സഹോദരൻ ഹസനും നബി (സ)യുടെ മുന്നിലും ചോദ്യകർത്താവ് തിരുമേനിയുടെ വലതുഭാഗത്ത് വൃക്ഷത്തിലെക്കൊമ്പ് അങ്ങും ഇങ്ങും ചാഞ്ഞുകൊണ്ടും നിൽക്കുന്നു. നബി (സ)യുടെ ഡ്രസ്സിൻെറ രൂപം, കുർദികളുടെ ഡ്രസ്സിൻെറ രൂപമാണ്. ഇതിൽ നിന്നും ഈ ചോദ്യവും ഉത്തരവും സ്വീകാര്യമാണ് എന്ന് വ്യക്തമായി.

## 8. സെയ്യിദ് ഫസൽ പൂക്കോയതങ്ങൾ :-

മമ്പുറം, സെയ്യിദ് അലവി തങ്ങളുടെ പുത്രനും അത്യുന്നത ദാർശനിക പണ്ഡിതനും ഭരണകർത്താവും രാഷ്ട്രീയ വിചക്ഷണനും ഗ്രന്ഥകാരനുമായിരുന്നു സെയ്യിദ് ഫസൽ പൂക്കോയ തങ്ങൾ. അദ്ദേഹം ഹിജ്റ 1240-ൽ ആണ് ജനിച്ചത്. പ്രാഥമിക പഠനം നേടിയത് തിരൂരങ്ങാടിയിലെ പ്രസിദ്ധ പണ്ഡിതനും മമ്പുറം സെയ്യിദ് അലവി തങ്ങളുടെ സന്തതസഹചാരിയുമായിരുന്ന ചാലിലകത്ത് ഖുസയ്യ്ഹാജി അവർകളുടെ സന്നിധിയിൽ നിന്നായിരുന്നു. പിന്നീട് പരപ്പനങ്ങാടി അബൂബക്കർക്കോയ മുസ്ലിയാർ, ബൈത്താൻ മുഹമ്മദ് മുസ്ലിയാർ, വെളിയങ്കോട് ഉമർ ഖാസി, കോഴിക്കോട് മുഹ്യിദ്ദീൻ ഖാസി എന്നവരിൽ നിന്നും ഇസ്ലാമിക വിജ്ഞാനശാഖകളിൽ അപാരമായ വ്യുൽപത്തി നേടി. സാഹിത്യ രചനാവൈഭവവും പ്രസംഗപാടവവും അദ്ദേഹത്തിന് ജൻമസിദ്ധമായിരുന്നു. സെയ്യിദ് ഫസൽ തങ്ങളുടെ വന്ദ്യപിതാവ് അന്തരിക്കുമ്പോൾ 20 വയസ്സ് മാത്രം പ്രായമായിരുന്ന ഫസ്ൽ പൂക്കോയ തങ്ങളാണ് മയ്യത്ത് സംസ്കാരത്തിന് നേതൃത്വം കൊടുത്തത്. ആ പ്രായത്തിൽ തന്നെ അംഗീകൃത പണ്ഡിതനും മത നേതാവും എന്നീ നിലകളിൽ ജനപ്രീതി അദ്ദേഹത്തിനുണ്ടായിരുന്നുവെന്നർത്ഥം.

തൻെറ മഹാനായ പിതാവിൽ നിന്നും ലഭിച്ച സ്വാതന്ത്ര്യ വാഞ്ഛയും ഇംഗ്ലീഷ് വിരുദ്ധ മനോഭാവവും അദ്ദേഹത്തെ അധികാരികളുടെ സംശയദൃഷ്ടിക്ക് ആദ്യമേതന്നെ ഇരയാക്കിയിരുന്നു. എന്നാൽ സാധാരണ സർക്കാർ അനുവർത്തിക്കാറുള്ള ഭീഷണിക്കോ പകപോക്കലിനോ അദ്ദേഹത്തെ കീഴ്പ്പെടുത്തുവാൻ ഒക്കുകയില്ലെന്നും തങ്ങൾക്കെതിരായി ഉള്ള ഏതു നടപടിയും ജനരോഷത്തെ ആളിക്കത്തിക്കുമെന്നും അറിയുമായിരുന്ന അവർ പ്രീണനങ്ങൾകൊണ്ടും പ്രലോഭനങ്ങൾ കൊണ്ടും അദ്ദേഹത്തെ വശത്താക്കുവാനുള്ള ശ്രമങ്ങളാണ്

നടത്തിയത്. സത്യത്തിനും ധർമ്മത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചിരുന്ന ഈ ധീരദേശാഭിമാനി അധികാരികളുടെ ആകർഷകമായ സ്ഥാനമാനങ്ങൾ സ്വീകരിക്കുവാൻ തയ്യാറായില്ല. അദ്ദേഹം തന്റെ സേവനം രാജ്യത്തിനും സമുദായത്തിനും വേണ്ടി സമർപ്പിച്ചു.

തിരൂരങ്ങാടി പള്ളിയിൽ വെള്ളിയാഴ്ച നടത്തിയിരുന്ന ജുംഅ പ്രഭാഷണങ്ങളിൽ കാലിക പ്രശ്നങ്ങൾ അവതരിപ്പിച്ചു കൊണ്ട് ബ്രിട്ടീഷുകാരോടും ജൻമിമാരോടും അവിരാമം പടപൊരുതുവാൻ അദ്ദേഹം നിരന്തരം ആഹ്വാനം ചെയ്തു കൊണ്ടിരുന്നു. അപ്പോഴൊക്കെ ഹിന്ദു-മുസ്ലിം മൈത്രിക്ക് ഊന്നൽ നൽകികൊണ്ടായിരുന്നു അദ്ദേഹം നടത്തിയിരുന്ന പ്രസംഗങ്ങളൊക്കെ അടിമത്വ ശൃംഖല പൊട്ടിച്ചെറിയണമെങ്കിൽ ജാതി-മത ഭേദമെന്യേ ജനലക്ഷങ്ങൾ എകോപിതമായി മുന്നേറണമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തുകയും ചെയ്തു. അദ്ദേഹം അറബിയിലെഴുതിയ 'ഉദുത്തുൽഉമറാഅ്വൽഹുക്കാം ലിഇഹാനത്തിൽ കഫറത്തി വഅബ്ദത്തിൽ അസ്നാം' എന്ന ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തുപ്രതി കേരളത്തിലെ പ്രധാനപ്പെട്ട എല്ലാ മഹല്ലുകളിലും അയച്ചുകൊടുത്തിരുന്നു. സമുദായ നേതാക്കളേയും സാധാരണക്കാരായ മുസ്ലിംകളേയും ബ്രിട്ടീഷ് വിരുദ്ധ സമരത്തിന് തയ്യാറെടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു ഈ കൃതി. ഈ ഗ്രന്ഥം പിന്നീട് ഈസ്റ്റാംബൂളിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയിരുന്നു. മലബാറിലെ ജൻമികൾ അധികവും സവർണ്ണ ഹിന്ദുക്കളായിരുന്നുവല്ലോ. അവരെയെല്ലാം തങ്ങളുടെ പിണിയാളുകൾ ആക്കുവാൻ ബ്രിട്ടീഷ്കാർക്ക് കഴിഞ്ഞിരുന്നു. ജൻമികളുടെ ക്രൂരമർദ്ദനങ്ങൾക്കെതിരായി കർഷകരായ മാപ്പിളമാർ നടത്തിയിരുന്ന ന്യായമായ സമരങ്ങളത്രയും മുസ്ലിംകൾ ഹിന്ദുക്കൾക്കെതിരായി നടത്തുന്ന വർഗ്ഗീയ ഭ്രാന്താണെന്ന് പ്രചരിപ്പിക്കുവാനും ഹൈന്ദവ സമുദായത്തെ ബോധ്യപ്പെടുത്തുവാനും അവർക്ക് നിഷ്പ്രയാസം കഴിഞ്ഞു. ഇതിന്റെയൊക്കെ ഫലമായി മലബാറിലെ മാപ്പിളമാർ ഇംഗ്ലീഷുകാരുടെ ക്രൂരമായ പീഡനങ്ങൾ മാത്രമല്ല സഹിക്കേണ്ടതായി വന്നത്, ജൻമികളുടെ ആഭിചാര പ്രവർത്തനങ്ങൾക്കുകൂടി അവർ വിധേയരാവേണ്ടതായിവന്നു. അങ്ങനെ നാട്ടുകാരായ ജൻമികളോടും വിദേശികളായ ഭരണാധികാരികളോടും ഒരേസമയം അടരാടേണ്ട ഗതികേടാണ് അവർക്കുണ്ടായത്. ഈ ഭീഷണാവസ്ഥ ശരിക്കും മനസ്സിലാക്കിയിരുന്ന സെയ്യിദ് ഫസൽ പൂക്കോയതങ്ങൾ അതുകൊണ്ടുതന്നെ ഈ രണ്ട് ശക്തികൾക്കുമെതിരായുള്ള പോരാട്ടത്തിൽ തുല്യദുഃഖിതരായ ഹിന്ദുവിനേയും മുസൽമാനേയും ഒന്നിപ്പിച്ച് സംഘടിതമായ ഐക്യനിര സൃഷ്ടിക്കുവാൻ നിരന്തരം ശ്രമിച്ചത്. 1836ന് ശേഷം നിരവധി ഇംഗ്ലീഷ് വിരുദ്ധ കലാപങ്ങൾ കണ്ട പ്രദേശമാണ് തെക്കേ മലബാർ. 1836ൽ പന്തലൂരിലും 1841ൽ ചേറൂറും നടന്ന സംഘട്ടനത്തിനു ശേഷം 1849ൽ മഞ്ചേരി അത്തൻ കുരുക്കളുടെ നേതൃത്വത്തിൽ നടന്ന ഘോരസംഘട്ടനത്തിൽ തെക്കേ മലബാറിലെ കലക്ടറായിരുന്നു കേണൽവേയും നിരവധി വെള്ളപ്പട്ടാളക്കാരും കൊല്ലപ്പെട്ട സംഭവം ആ പ്രദേശങ്ങളിൽ ഇംഗ്ലീഷ് ഭരണത്തെ ആകമാനം സ്തംഭനത്തിലാക്കി. 1851ലാകട്ടെ നാല് വെള്ളപ്പട്ടാളമുൾപ്പെടെ സർക്കാർ പക്ഷത്ത് പലരും കൊല്ലപ്പെട്ട മറ്റൊരു തുറന്ന യുദ്ധവും നടന്നിരുന്നു. ഇവയുടെയെല്ലാം പിന്നിൽ സെയ്യിദ്ഫസ്ൽ പൂക്കോയ തങ്ങളുടെ പ്രേരണയും ആശീർവാദവുമാണ് പ്രവർത്തിച്ചതെന്ന് ഇംഗ്ലീഷ് ഭരണകൂടം ന്യായമായും ഊഹിച്ചു. തങ്ങളെ സ്വാധീനിച്ച് വശത്താക്കുവാനുള്ള ഉപായങ്ങളൊക്കെ പരാജയപ്പെട്ടപ്പോൾ മറ്റു പോംവഴികളിലായി സർക്കാരിന്റെ ആലോചന.

1836 മുതൽ 1851 വരെ ചെറുതും വലുതുമായ മുപ്പത്തൊന്ന് സായുധസംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന ഈ കലാപങ്ങളുടെ കാരണങ്ങൾ അന്വേഷിച്ച് റിപ്പോർട്ടുചെയ്യുവാൻ 1852 ഫെബ്രുവരി 17-ാം തിയ്യതി സ്ട്രേഞ്ച് എന്ന ധ്വരയെ അന്വേഷണ കമ്മീഷനായി നിയമിച്ചു. അദ്ദേഹം സെപ്റ്റംബർ 25-ാം തിയതി തന്റെ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.1. സ്ട്രേഞ്ചിന്റെ സമീപനം കൊളോണിയൻ ദുഷ്പ്രഭുത്വത്തിന്റെ മകുടോദാഹരണമായിരുന്നു. സർക്കാരിനെതിരായുള്ള ഏത് നീക്കത്തെയും ദയാദാക്ഷിണ്യമില്ലാതെ അടിച്ചമർത്തണമെന്നും ഇതിന് പ്രേരകമായി നിൽക്കുന്നവരെ നാടുകടത്തണമെന്നും അദ്ദേഹം ശുപാർശ ചെയ്തു. സെയ്യിദ് ഫസൽ പൂക്കോയ തങ്ങളെ ജനങ്ങൾ തങ്ങളുടെ ആത്മീയ നേതാവായും അമാനുഷിക ശക്തിയുള്ള പുണ്യാത്മാവായും കരുതിപോന്നിരുന്നു. അദ്ദേഹത്തെ ഒരു നോക്കു കാണുവാനും അദ്ദേഹത്തിന്റെ ആശീർവാദം നേടുവാനും എത്തിയിരുന്ന ഭക്തജനങ്ങൾ ആയിരക്കണക്കായിരുന്നു. വില്യം ലോഗൻ എഴുതുന്നത് അദ്ദേഹം നടന്നു പോകുമ്പോൾ ചവിട്ടിപോകുന്ന മണ്ണുവാരി എടുക്കാൻ അഹമഹിമികയാ ഭക്തജനങ്ങൾ പുറകെ കൂടുമെന്നാണ്. അത്രയ്ക്ക് പൂജ്യനായി കരുതിയിരുന്ന ഒരാൾക്കെതിരേ നടപടിയെടുക്കുക എളുപ്പമുള്ള കാര്യമായിരുന്നില്ല. വടക്കൻതൃക്കല്ലൂരിൽ കാളാടൻ കുട്ടിഹസനും കൂട്ടരും നടത്തിയ ലഹളക്കും കോട്ടേൽ കുടുംബക്കാർ ജൻമിക്കെതിരെ നടത്തിയ കലാപത്തിനും സെയ്യിദ് ഫസ്ൽ പൂക്കോയ തങ്ങളുടെ പ്രേരണ ഉണ്ടായിരുന്നുവെന്ന് കലക്ടർ കൊണോലി മദ്രാസ് ഗവൺമെൻറിനെഴുതി. തങ്ങളെ അറസ്റ്റു ചെയ്യുവാനുള്ള സംരംഭങ്ങളാണ് പിന്നീട് നടന്നത്. ഈ വാർത്ത പരന്നതോടെ പന്തീരായിരത്തിൽപ്പരം മാപ്പിളമാർ ഒന്നിച്ചുകൂടി ഗവൺമെൻറ് നീക്കത്തെ പരാജയപ്പെടുത്തുവാൻ ഒരുങ്ങിനിന്നു. ഇംഗ്ലീഷ് പട്ടാളത്തെ സംഖ്യാബലം കൊണ്ടു മാത്രം എതിർത്ത് തോൽപ്പിക്കുക എളുപ്പമല്ലെന്ന് തങ്ങൾക്കറിയാമായിരുന്നു. രക്തച്ചൊരിച്ചിൽ ഒഴിവാക്കണമെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കണമെന്ന് അദ്ദേഹവും ഉറച്ചിരുന്നു. മലബാർ കലക്ടർക്കും മറ്റധികാരികൾക്കും ഏതെങ്കിലും വിധേന വലിയൊരു സംഘട്ടനത്തിന് ഇടവരുത്തരുതെന്ന് അഭിപ്രായവും ഉണ്ടായിരുന്നു. അവസാനം കൊണോലി സായ്പ് കേരളീയനായ ഒരു ഉദ്യോഗസ്ഥൻ മുഖേന സെയ്യിദ് ഫസ്ലിനെ അറേബിയായിലേക്ക്

പോകാൻ പ്രേരിപ്പിച്ചു. സർക്കാരിൻെറ എല്ലാവിധ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുകയുണ്ടായി. താൻ പോകാതെ പിടിച്ചുനിന്നാൽ താൻ മാത്രമല്ലാ പതിനായിര ക്കണക്കിന് മുസ്ലിംകൾ ബ്രിട്ടീഷ് പട്ടാളത്തിൻെറ തോക്കിനിര യാകുമെന്നും അതേ തുടർന്നുണ്ടാകുന്ന ഭവിഷ്യത്തുകൾ ഭയാനകമായിരിക്കുമെന്നും മഹാനായ ആ മനുഷ്യന് ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട് എന്തിനും തയ്യാറായി നിന്നിരുന്ന എണ്ണായിരത്തിൽപ്പരം തൻെറ ആരാധകരെ സമാധാനിപ്പിച്ച് പറഞ്ഞയച്ചശേഷം അദ്ദേഹം നാട്ടിൽനിന്നും പോകാൻ തീരുമാനിച്ചു. തൻെറ അടുത്ത സുഹൃത്തുക്ക ളോടും ബന്ധുക്കളോടും മാത്രമേ നീക്കുപോക്കില്ലാത്ത ഈ തീരുമാനം അദ്ദേഹം അറിയിച്ചിരുന്നുള്ളൂ. മമ്പുറം ഭൂസ്വത്തിൻെറ മേൽനോട്ടം വഹിക്കുവാൻ സ്വസഹോദരി ഭർത്താവായ സെയ്യിദ് അലവി ജിഫ്രിയെന്ന പുതിയാപ്പിള കോയയെ ഏൽപ്പിച്ചു. അദ്ദേഹം നിർമ്മിച്ച മമ്പുറം ജുമാ അത്ത് പള്ളിയിൽ കുത്തുബ നിർവ്വഹിക്കുവാനും ഇമാമത്ത് വഹിക്കാനും അധികാരപ്പെടുത്തിയത് തൻെറ ബന്ധുവായ സെയ്യിദ് മുഹമ്മദലി മൗലദൂവീല അവർകളെയായിരുന്നു. 1852 മാർച്ച് 19-ാം തിയ്യതി (ഹിജ്റ:1268) അദ്ദേഹവും രണ്ട് പുത്രൻമാരും, സഹോദരി ഫാത്തിമയും, സെയ്യിദ് ഹുസൈൻ തങ്ങളും, ഉറ്റവരും, അംഗരക്ഷകൻമാരും, പരിചാരകരും ഉൾപ്പെടെ 57 പേർ അറേബിയായിലേക്ക് പോയി. കോഴി ക്കോട് വഴി അയക്കാനായിരുന്നു ഏർപ്പാടുകൾ ഉണ്ടാക്കി യിരുന്നത്. എന്നാൽ അത് മണത്തറിഞ്ഞ ജനങ്ങൾ കലാപ ത്തിനൊരുങ്ങുമെന്ന് മനസ്സിലാക്കി പരപ്പനങ്ങാടി വഴിയാണ് അദ്ദേഹവും സംഘവും അറേബിയായിലേക്ക് പുറപ്പെട്ടത്. സെയ്യിദ് ഫസ്ൽ തങ്ങളെ നാടുകടത്തുന്നതോടെ സമാധാനം ഉണ്ടാകുമെന്ന ബ്രിട്ടീഷ് കണക്കുകൂട്ടൽ തെറ്റിപോയെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചു. സ്ട്രെഞ്ചിൻെറ ശു പാർശയുടെ അടിസ്ഥാനത്തിൽ മാപ്പിള ലഹളകളെ ഉരുക്ക് മുഷ്ടികൊണ്ട് അടിച്ചമർത്തുവാൻ സഹായകമാംവിധം 1854ൽ 'മാപ്പിള ആക്ട്' XXIII, XXIV എന്ന കരിനിയമം പ്രാബല്യത്തിൽ കൊണ്ടുവരികയാണ് ചെയ്തത്. മാപ്പിള നിയമം XXIII പ്രകാരം ലഹളപ്രദേശങ്ങളിൽ കൂട്ടപ്പിഴ ചുമ ത്തുവാനും ലഹളയുമായി ബന്ധപ്പെട്ടവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുവാനും അധികാരം നൽകിയതിനുപുറമെ കത്തികൾ ഉൾപ്പെടെയുള്ള ആയുധങ്ങൾ കൊണ്ടുനടക്കു ന്നതോ വീട്ടിൽ സൂക്ഷിക്കുന്നതുപോലുമോ കുറ്റകരമാക്കി. മാപ്പിള നിയമത്തിൻെറ മറവിൽ കലക്ടർ കൊണോലിയും പട്ടാളവും വള്ളുവനാട്ടിലെയും അയൽപ്രദേശങ്ങളിലെയും മുസ്ലിംവീടുകൾ പരിശോധന നടത്തി തോക്കുകളും കത്തി കളുമുൾപ്പെടെ 7561 ആയുധങ്ങൾ പിടിച്ചെടുത്തു. സെയ്യിദ് ഫസ്ൽ തങ്ങളെ നാടുകടത്തിയതിൻെറ വേദന മാറുന്ന തിനുമുമ്പായി കൊണോലി നടത്തിയ ഈ സാഹസിക നടപടി മാപ്പിളമാരെ കൂടുതൽ പ്രകോപിപ്പിച്ചു. 1855 സെ പ്റ്റംബർ 11-ാം തീയ്യതി കൊണോലി സായ്പും ഭാര്യയും കലക്ടറുടെ ബംഗ്ലാവിൽ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ മാപ്പിളകലാപകാരികൾ ബംഗ്ലാവിൽ കടന്ന് അദ്ദേഹത്തെ വെട്ടിക്കൊന്നു കൊണ്ടാണ് തങ്ങളുടെ എല്ലാമായിരുന്ന സെയ്യിദ് പൂക്കോയ തങ്ങളെ നാടുകടത്തിയതിന് പ്രതികാരം വീട്ടിയത്. അതിനെ തുടർന്നു നടന്ന അവർണ്ണനീയമായ മനുഷ്യാ ഹൂതിയും രക്തച്ചൊരിച്ചിലും ഇവിടെ വിവരിക്കുന്നതിൽ പ്രസക്തിയില്ല.

സെയ്യിദ് ഫസ്ലും കൂട്ടരം നാടുവിട്ടതിനുശേഷം സഹയാ ത്രികാരോടൊപ്പം യെമനിൽ കപ്പലിറങ്ങി. സംഘത്തിൽപ്പെട്ട കുറച്ചു പേരെ ഹളർമൗത്തിൽ പാർപ്പിച്ചു. തങ്ങളും അവശേ ഷിച്ചവരും മസ്ക്കറ്റിൽ കുറേമാസം താമസിച്ചു. അവിടേയും മതപ്രഭാഷണങ്ങളും ഇംഗ്ലീഷ് വിരുദ്ധ പ്രചാരണവും അദ്ദേഹം തുടർന്നുപോന്നു. പിറ്റേവർഷം അവിടെനിന്നും ഈജിപ്റ്റ് വഴി തുർക്കിയുടെ തലസ്ഥാനമായ ഈസ്റ്റാംബൂളിലെത്തി. അന്നത്തെ തുർക്കി ഖലീഫ അബ്ദുൽ അസീസായിരുന്നു. പല പ്രാവശ്യം ഖലീഫയുമായി മത-സാമുദായിക പ്രശ്ന ങ്ങളെക്കുറിച്ചും അവയുടെ പരിഹാരമാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം ചർച്ച നടത്തിയിരുന്നു. ഇക്കാലത്ത് മുസ്ലിം ലോക ത്തിലെ മഹാപ്രതിഭയായിരുന്ന അമീർശകീബ് അർസലാ നുമായി പലതവണ കൂടികാഴ്ച നടത്തി ആശയവിനിമയം ചെയ്തു. പിന്നീട് മെക്കയിലേക്കാണ് അദ്ദേഹം പോയത്. 18 വർഷം അദ്ദേഹം മെക്കയിൽ താമസിച്ചു. മുസ്ലിം നവോത്ഥാന പ്രസ്ഥാനത്തിൻെറ ഉന്നത ശീർഷനായ ശൈയ്ഖ് മുഹമ്മദ് അബ്ദുൽ വഹാബ് നജ്ദിയുടെ ഇസ്ലാഹി പ്രസ്ഥാനവുമായി അദ്ദേഹത്തിന് അടുത്തബന്ധം സ്ഥാപിക്കുവാനും ഇക്കാല ത്തിനിടയ്ക്ക് കഴിഞ്ഞിരുന്നു. 1871ൽ (ഹിജ്റ: 1287) സെയ്യിദ് ഫസ്ൽ മെക്കയിൽ നിന്നും വീണ്ടും കോൺസ്റ്റാൻറി നോപ്പിളിലേക്ക് പോയി. തുർക്കി ഖലീഫയുമായി ഇഹജാസ് ഭരണപരിഷ്ക്കാരത്തെ ആസ്പദമാക്കി അദ്ദേഹം പ്രയോജന പ്രദമായ ചില പ്രായോഗിക പദ്ധതികൾ തയ്യാറാക്കി ഖലീഫക്ക് സമർപ്പിച്ചിരുന്നു. ഖലീഫ അബ്ദുൽ അസീസിൻെറ മരണ ത്തിനുശേഷം മുറാദ് അഫത്തിയാണ് തുർക്കി സുൽത്താ നായത്. അദ്ദേഹം സെയ്യിദ് ഫസ്ലിനെ 1876ൽ യെമൻ ഗവർ ണ്ണറായി നിയമിച്ചു. ചുരുങ്ങിയ കാലയളവിൽ നല്ലൊരു ഭരണപരിഷ്ക്കർത്താവാണ് താനെന്ന് തെളിയിക്കുവാൻ ഈ അവസരം അദ്ദേഹം പ്രയോജനപ്പെടുത്തി. തമ്മിലടിച്ച് ചോര ചിന്തികൊണ്ടിരുന്ന വിവിധ ഗോത്രങ്ങളെ ഐസ്ലാമിക സഹോ ദര്യത്തിൻെറ കണ്ണികളിൽ സുഘടിതമായി ബന്ധിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. എന്നാൽ കടുത്ത ബ്രിട്ടീഷ് വിരോധി യായിരുന്ന അദ്ദേഹത്തെ സ്വസ്ഥമായി വിടുവാൻ അവർക്ക് സാധിക്കുമായിരുന്നില്ല. ബ്രിട്ടീഷുകാർ ചാരൻമാർ മുഖേന ചില ഗോത്രനേതാക്കളെ വശീകരിച്ച് സെയ്യിദ് ഫസ്ലിനെ തിരായി കലാപക്കൊടി ഉയർത്തിച്ചു. സംഘട്ടനവും ചോര പ്പുഴയും ഒഴിവാക്കുവാൻ എക്കാലവും ശ്രമിച്ചിട്ടുള്ള അദ്ദേഹം അവിടെയും ആ നയം അനുവർത്തിച്ചു. അങ്ങനെ ഗവർണ്ണർ സ്ഥാനം രാജിവെച്ച അദ്ദേഹം മെക്കയിലേക്ക് തിരിച്ചുപോയി. എന്നാൽ തുർക്കി സുൽത്താൻ അബ്ദുൾ ഹമീദ്ഖാൻെറ ക്ഷണം സ്വീകരിച്ചദ്ദേഹം വീണ്ടും തുർക്കിയിലെത്തി ഖലീഫ

യുടെ ഭരണോപദേഷ്ടാവെന്ന പദവി സ്വീകരിച്ചു. തുർക്കി സുൽത്താൻ സെയ്യിദ് ഫസ്‌ലിന് അനവധി രാജകീയ ബഹുമതികൾ നൽകി ആദരിക്കുകയും 'ഫള്ൽപാഷ'യെന്ന മഹനീയ സ്ഥാനം നൽകുകയും ചെയ്തു.

സെയ്യിദ് ഫസ്ൽ പൂക്കോയതങ്ങൾ അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവ തുർക്കിയിലും അറബിയിലുമാണ്. സ്വപിതാവിന്റെ ജീവചരിത്രമുൾപ്പെടെ അദ്ദേഹത്തിന്റെ പ്രസിദ്ധീകൃതങ്ങളായ ഗ്രന്ഥങ്ങളുടെ പേരാണ് ചുവടെ ചേർക്കുന്നത്. അസാസുൽഇസ്ലാം ത്വരീഖത്തുൽഹനീഫ, തഖ്‌വിയത്തുൽ ബത്താന, കൗകബുദുർർ, ഉലൂൽ ഇഹ്സാൻ ലിതസ് ഇനീൽ ഇൻസാൻ, ഫുഉസു സാത്തുഉൽഇസ്ലാം, അലാമൻ യുവാരിൽ കുഫഫാർ, ഉദത്തുൽ ഉമറാ അ്‌വൽ ഹുക്കാലി ഇഹാനത്തിൽ കഫറത്തിവ അബദത്തിൽ അസ്നാം, അൽ-ഖൗലുൽ മുഖ്താർ, ഫുയൂസാത്തുൽ ഇലാഹിയ്യ.2.

സെയ്യിദ് ഫസ്ൽ തങ്ങൾ 1901ൽ കോൺസ്റ്റാൻറിനോപ്പാളിൽവെച്ചാണ് ഇഹലോകവാസം വെടിഞ്ഞത്. ഖലീഫാ മഹ്മൂദുഖാന്റെ ശ്മശാനത്തിനടുത്ത് അദ്ദേഹത്തിന്റെ ഭൗതിക ജഡം ഖബറടക്കി. അദ്ദേഹത്തിന്റെ രണ്ട് ഭാര്യമാരിലായി ഒമ്പത് സന്താനങ്ങൾ ഉണ്ടായിരുന്നു. അതിൽ രണ്ട് പെൺകുഞ്ഞുങ്ങൾ ശിശുക്കൾ ആയിരിക്കുമ്പോൾ തന്നെ മരണമടഞ്ഞിരുന്നു. സെയ്യിദ്സഹ്ൽ, സെയ്യിദ് അഹമ്മദ്, സെയ്യിദ് മുഹമ്മദ്, സെയ്യിദ് ഹസ്സൻ, സെയ്യിദ് യൂസഫ്, സെയ്യിദ് അലി, സെയ്യിദ്ദത്ത് ശരീഫാനൂർ എന്നിവരാണ് അവശേഷിച്ചവർ.

സെയ്യിദ് ഫസ്‌ലിന്റെ മരണാനന്തരം തുർക്കി സുൽത്താൻ അദ്ദേഹത്തിൻറ കുടുംബത്തിനു പെൻഷൻ അനുവദിച്ചിരുന്നു. ഒന്നാം ലോക മഹായുദ്ധിത്തിനുമുമ്പുതന്നെ മൂത്തമകൻ സെയ്യിദ്സഹ്ൽ മരണമടഞ്ഞു. 1914ൽ യുദ്ധം ആരംഭിച്ചപ്പോൾ സെയ്യിദ് ഫസ്ൽ സന്തതികൾ തുർക്കിയിൽ നിന്നും അറേബിയായിലേക്ക് പോയി. പിന്നീട് മക്കളിൽ സെയ്യിദ് അഹ്മദും ശെരീഫാനൂറും സിറിയയിൽപ്പെട്ട ലാദക്കിയാ പ്രദേശത്ത് താമസിച്ചു. സെയ്യിദ് അഹമ്മദ് അവർകൾ ലാദക്കിയയിൽ നിന്ന് അൽമുരശിദെന്ന പേരിൽ ഒരു അറബി മാസിക പ്രസിദ്ധീകരിച്ചിരുന്നു. ആധുനിക മുസ്ലിം നവോത്ഥാന നായകനായിരുന്ന ശൈഖ് ജമാലുദ്ദീൻ അഫ്ഗാനിയുടെ ലേഖനങ്ങൾ അൽമുർശിദിൽ ഇടയ്ക്കിടെ പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. സെയ്യിദ് അഹമ്മദ് തങ്ങളുടെ സഹോദരൻമാരായിരുന്ന സെയ്യിദ് ഹസൻ, സെയ്യിദ് മുഹമ്മദ് മുതലായവർ ഹളർമൗത്തിൽ തന്നെയാണ് താമസിച്ചിരുന്നത്. ഇളയ സഹോദരൻമാരായിരുന്ന സെയ്യിദ് യൂസഫ്, ഇറാക്കിലും, സെയ്യിദ്അലി ഈജിപ്പിലും താമസമാക്കിയിരുന്നു. മമ്പുറം പുതിയമാളിയക്കൽ തങ്ങൻമാർ മമ്പുറത്തോ ഏറനാട്ടിലോ പ്രവേശിക്കരുതെന്ന നിരോധനാജ്ഞ നിലവിലുണ്ടായിരുന്നു. സെയ്യിദ് അലവി തങ്ങളുടെ പുത്രിയായിരുന്ന ശെരിഫാകുഞ്ഞിബീയുടെ രണ്ടാമത്തെ പുത്രൻ സെയ്യിദ് അബ്ദുല്ലക്കോയതങ്ങൾ കുറേക്കാലത്തിനുശേഷം മമ്പുറം സ്വത്തിന്റെ അവകാശിയായിത്തീർന്നു. അബ്ദുല്ലക്കോയ തങ്ങൾ വിദ്യാസമ്പന്നനും ഇംഗ്ലീഷുകാരുമായി സ്നേഹബന്ധമുണ്ടായിരുന്ന ദേഹവുമാണ്. സെയ്യിദ് ജിഫ്‌രി, സെയ്യിദ് ഫസ്ൽ തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾക്ക് കേരളത്തിൽ കൂടുതൽ പ്രചാരം ലഭിച്ചത് അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടായിരുന്നു. അറബി - മലയാളലിപി പരിഷ്ക്കരണം മുതൽ അറബി മലയാള ഗ്രന്ഥങ്ങളുടെ പ്രചാരണവും അദ്ദേഹം നടത്തി. മുസ്ലിംകളെ വ്യവസ്ഥാപിത സർക്കാരിനെതിരായുള്ള സമരങ്ങളിൽ നിന്നും പിൻതിരിപ്പിക്കുവാൻ വേണ്ടി അനവരതം പരിശ്രമിച്ച അദ്ദേഹം അറബി മലയാളഭാഷയിൽ 'ഹിദായത്തുൽ ഇക്‌വാൻ' എന്ന തന്റെ മാസികയിലൂടെയും മുസ്ലിംകളെ ബോധവാൻമാരാക്കിയിരുന്നു. 1908ൽ അബ്ദുല്ലക്കോയ തങ്ങൾ അന്തരിച്ചു.

സെയ്യിദ് ഫസ്ൽ തങ്ങളുടെ പിൻഗാമികളെ മലബാറിലേക്ക് മടക്കിക്കൊണ്ടുവരുവാനുള്ള പരിശ്രമങ്ങൾ നടത്തിയതിൽ പ്രധാനികളാണ് മുഹമ്മദ് അബ്ദുറഹിമാൻ സാഹിബും പാല മഠത്തിൽ പി.പി.സി. മുഹമ്മദ് സാഹിബും. മമ്പുറം റസ്റ്റോറേഷൻ കമ്മിറ്റി ഇവരുടെ നേതൃത്വത്തിൽ രൂപീകരിച്ച് ഒരു ലക്ഷത്തിൽപ്പരം ഒപ്പുകളും ശേഖരിച്ച് സർക്കാരിൽ നിവേദനം നടത്തി. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിന്റെ ശ്രമഫലമായി സെയ്യിദ് ഫസലിന്റെ ഇളയമകനായ സെയ്യിദ് അലിയെ മലബാറിൽ കൊണ്ടുവന്നു. ഒരു വർഷത്തോളം അദ്ദേഹം മാഹിയിൽ താമസിച്ചിരുന്നു. മമ്പുറം മഖാംവകയുള്ള സ്വത്ത് സെയ്യിദ് ഫസ്‌ലിന്റെ പിൻഗാമികൾക്ക് വിട്ടുകൊടുക്കണമെന്ന മുഹമ്മദ് അബ്ദുൾറഹിമാൻ സാഹിബിന്റെ അഭിലാഷം സാക്ഷാൽക്കരിക്കപ്പെട്ടില്ല. സെയ്യിദ് ഫസ്ൽ മാഹിയിൽ നിന്ന് ഈജിപ്പിലേക്ക് തിരിച്ചുപോയി.

*1. T.L. Strange, Correspondence regarding the relation of land lord and tenant in Malabar 1852-56, p-8*

*2. മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം, മുൻ ഉദ്ധരിച്ചത്, പുറം - 185.*

## 9.വെളിയങ്കോട് ഉമർഖാസി:-

മമ്പുറം സെയ്യിദ് അലവി തങ്ങളുടെ സമകാലികനും സന്തതസഹചാരിയുമായിരുന്ന വെളിയങ്കോട് ഉമർഖാസി സെയ്യിദ് ഫസൽ പൂക്കോയ തങ്ങളുടെ ഗുരുഭൂതനുമായിരുന്നു. മൺമറഞ്ഞ പ്രതിഭാശാലികളെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഉമർഖാസിയെ ഏത് ശീർഷകത്തിലാണ് ഉൾപ്പെടുത്തുകയെന്ന് ഏറെ ചിന്തിക്കേണ്ടതായി വന്നു. സ്വാതന്ത്ര്യസമര സേനാനികളിലോ, രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരിലോ, മത പണ്ഡിതൻമാരുടെ കൂട്ടത്തിലോ, മാപ്പിള മഹാകവികളുടെ പന്തിയിലോ ഏതിലാണ് ഉൾപ്പെടുത്തുകയെന്ന ആശയകുഴപ്പം സൃഷ്ടിക്കുന്ന ബഹുമുഖ പ്രതിഭാധനനായിരുന്നു മഹാനായ വെളിയങ്കോട് ഉമർഖാസി. ഈ എല്ലാ രംഗത്തും ഔന്നത്യത്തോടു കൂടി ശിരസ്സുയർത്തി നിൽക്കുന്ന

അദ്ദേഹം സുദീർഘമായ ഏഴ് ദശാബ്ദക്കാലം സമൂഹത്തെയും സമുദായത്തെയും വിസ്മയപ്പെടുത്തുന്ന അനിതരസാധാരണമായ ധൈഷണിക പ്രഭാവവും ധീരോദാത്തമായ സ്വാതന്ത്ര്യ വാഞ്ഛയും കാഴ്ചവെച്ച മഹാനാണ്. അദ്ദേഹത്തെപ്പറ്റി പ്രചാരത്തിലിരുന്ന അൽഭുത സിദ്ധികളുടെ അമാനുഷിക ചെയ്തികളെക്കുറിച്ചുള്ള കഥകൾക്കപ്പുറം ധന്യമായ ആ മഹൽ ജീവിതം കാഴ്ചവെച്ച അതുല്യമായ സേവനങ്ങൾ സാധാരണക്കാരെ വിസ്മയിപ്പിക്കുന്നവയാണ്. അതുകൊണ്ടുതന്നെ ആണ് അദ്ദേഹത്തിന്റെ അൽഭുത സിദ്ധികളെക്കുറിച്ചുള്ള അതിഭാവുകത്വത്തോടുകൂടിയുള്ള കഥകൾ പ്രചരിക്കുവാനുള്ള കാരണവും. ധൈഷണിക പ്രഭാവനായ മഹാപണ്ഡിതൻ, ഭാവനാസമ്പന്നനായ മഹാകവി, അക്ഷമനായ സാമുദായിക പരിഷ്കർത്താവ്, കരളുറപ്പുള്ള കർമ്മധീരനായ സ്വാതന്ത്ര്യ സമര സേനാനി, സർവ്വാദരണീയനായ നേതാവ്, അത്യുന്നതനായ ഗ്രന്ഥകാരൻ എന്നി നിലകളിലെല്ലാം തനതായ വ്യക്തിമാഹാത്മ്യം പ്രദർശിപ്പിച്ച ധന്യമായ ഒരു മഹൽ ജീവിതത്തിന്റെ ഉടമയായിരുന്നു വെളിയങ്കോട് ഉമർ ഖാസി.

1757ൽ ക്ലൈവ് പ്ലാസിയുദ്ധത്തിൽ വിജയിച്ച് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചുകഴിഞ്ഞ വർഷത്തിലാണ് ഉമർ ഖാസി വെളിയങ്കോട് ജനിക്കുന്നത്. പരമ്പരാഗതമായി ഖാസി സ്ഥാനം അലങ്കരിച്ചിരുന്ന ഖാസിയാരകത്ത് കാക്കത്തറ തറവാട്ടിലെ വെളിയങ്കോട് ഖാസിയും പൗരപ്രധാനിയുമായിരുന്ന ആലി മുസ്‌ലിയാരുടേയും അദ്ദേഹത്തിന്റെ ഭാര്യ മസ്‌ല്യാം വീട്ടിൽ ആമിന സാഹിബയുടെയും പുത്രനായിരുന്നു സ്മര്യപുരുഷൻ. ആദ്യകാല മുസ്ലിം മിഷനറിമാരായിരുന്ന മാലിക് ഇബ്നു ദീനാറിന്റെയും സഹപ്രവർത്തകരുടെയും കേരളത്തിലെ ഇസ്ലാംമത പ്രചാരണാരംഭത്തിൽ ചാലിയക്കാരനായ ഹസൻ താബിത് മലൈബരി ഇസ്ലാംമതം സ്വീകരിച്ചവരുടെ ആദ്യഗണത്തിൽ പെടുന്നു. അദ്ദേഹത്തിന്റെ പിൻതലമുറയിൽപ്പെട്ട ദേഹമാണ് ഉമർഖാസി. ചരിത്രപുരുഷന്റെ കൗമാരദശയിൽ തന്നെ മാതാപിതാക്കൾ അന്തരിച്ചു. മാതുലൻമാരുടെ ശിക്ഷണത്തിലും സംരക്ഷണത്തിലുമാണ് പിന്നീടദ്ദേഹം വളർന്നത്. വെളിയങ്കോട് ജുമാഅത്ത് പള്ളി ദർസിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയ അദ്ദേഹം ഉപരിപഠനത്തിനായി പൊന്നാനി ജുമാഅത്ത് പള്ളി ദർസിൽ ചേർന്നു. പൊന്നാനിയിലെ അദ്ദേഹത്തിന്റെ പ്രധാന ഗുരുവര്യൻ സുപ്രസിദ്ധനായ ഖാസി മമ്മിക്കുട്ടി സാഹിബായിരുന്നു. മമ്മിക്കുട്ടി ഖാസി പൊന്നാനിയിൽ ജീവിച്ചിരുന്ന കാലമത്രയും ഉമർഖാസി അദ്ദേഹത്തിന്റെ പ്രിയങ്കരനായ ശിഷ്യനായി വർത്തിച്ചു. പന്ത്രണ്ട് വർഷത്തിലധികം അദ്ദേഹം അവിടെ താമസിച്ച് അന്ന് ലഭ്യമായിരുന്ന വിജ്ഞാനശാഖകളിലൊക്കെ വ്യുൽപത്തി നേടി. തന്റെ മഹാനായ ഗുരുനാഥന്റെ രോഗശയ്യയിൽ അന്തിമ ഉപചാരങ്ങൾ അർപ്പിക്കുവാൻ സവിധത്തിലുണ്ടായിരുന്ന അദ്ദേഹം തന്റെ ഗുരുവിന്റെ മരണശേഷം ആരുടേയും ഹൃദയത്തെ ദ്രവീകരിക്കുന്ന ഒരു വിലാപകാവ്യം അറബിയിലെഴുതിയിരുന്നു. ഉമർഖാസിയുടെ സതീർത്ഥ്യരിൽ പ്രമുഖനായിരുന്നു പരപ്പനങ്ങാടി അബൂബക്കർകോയ മുസ്‌ലിയാർ. അവരിരുവരും താണൂർ വലിയ കുളങ്ങര പള്ളിയിലെ അദ്ധ്യാപകരുമായിരുന്നു. മമ്പുറം സെയ്യിദ് അലവി തങ്ങളുടെ ആത്മീയ നേതൃത്വവും ഇവർ അംഗീകരിച്ചിരുന്നു.

ബാല്യത്തിൽ തന്നെ കവിതാഭിരുചിയും പ്രസംഗപാടവവും പ്രകടിപ്പിച്ചിരുന്ന ഉമർഖാസിയുടെ ഈ സർഗ്ഗാത്മക സിദ്ധികളെ പരിപോഷിപ്പിച്ചെടുത്തതിൽ അദ്ദേഹത്തിന്റെ ഗുരുവര്യനായ മമ്മിക്കുട്ടി ഖാസിക്ക് നല്ല പങ്കുണ്ടായിരുന്നു. പഠന കാലത്തു തന്നെ അന്ധവിശ്വാസ – അനാചാരങ്ങൾക്കും സാമൂഹിക ജീർണ്ണതകൾക്കുമെതിരായി അദ്ദേഹം തന്റെ തൂലിക വിലാസവും പ്രഭാഷണചാതുരിയും ഉപയോഗിച്ചു. പൊന്നാനിയിലെ പഠനം കഴിഞ്ഞെത്തിയ അദ്ദേഹം വെളിയങ്കോട് ഖാസിയായി നിയമിതനായി. കൊടുങ്ങല്ലൂർ, ചേറ്റുവാ തുടങ്ങിയ അയൽ പ്രദേശങ്ങളിലെ മേൽഖാസി സ്ഥാനവും അദ്ദഹത്തിനുണ്ടായിരുന്നു. സങ്കീർണങ്ങളും താർക്കികങ്ങളുമായ നിരവധി പ്രശ്നങ്ങൾക്ക് അദ്ദേഹം നൽകിയിട്ടുള്ള ഫത്‌വകൾ ഏറെ പ്രസിദ്ധങ്ങളാണ്. സമുദായത്തിൽ അന്തർലീനമായിരുന്ന പല അനിസ്ലാമിക പ്രവണതകൾക്കുമെതിരേ അദ്ദേഹം ശബ്ദമുയർത്തി. ആഢ്യത്വവും തറവാടിത്വവും മാനദണ്ഡമാക്കി സുദായത്തിൽ സൃഷ്ടിക്കപ്പെട്ട നിമ്നോമ്നതകൾ ഇസ്ലാമിന്റെ സാമൂഹിക സത്തയെ തകർക്കുന്നതാണെന്ന് അദ്ദേഹത്തനറിയാമായിരുന്നു. നായാടിയും പാണനും തുടങ്ങി നായരും നമ്പൂതിരിയും വരെയുള്ള ഹൈന്ദവ സമൂഹത്തിൽ നിന്ന് ഇസ്ലാമിന്റെ സമത്വം, സാഹോദര്യ ആദർശങ്ങളാൽ ആകൃഷ്ടരായി മതപരിവർത്തനം ചെയ്യപ്പെട്ടവരാണല്ലോ കേരളത്തിലെ മുസ്ലിംകൾ. അത്തരക്കാർ സമുദായത്തിൽ ഏറ്റക്കുറച്ചിലുകൾ സൃഷ്ടിക്കുന്നത് ഇസ്ലാമിക ആശയത്തിന് കടകവിരുദ്ധമാണെന്ന് അദ്ദേഹം യാഥാസ്ഥിതികരെ ഉദ്ബോധിപ്പിച്ചുകൊണ്ടുമിരുന്നു. ഈ വിഷയത്തെ ആധാരമാക്കി വശ്യസുന്ദരമായ കവനതല്ലജങ്ങളും അദ്ദേഹം വിരചിച്ചു. മതകാര്യ ങ്ങളിൽ പുരോഗാമിയായിരുന്നു ഉമർഖാസി. സമുദായ പരിഷ്ക്കരണോദ്ധാരണ പ്രവർത്തനങ്ങളിൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്നത് മറ്റൊരു നവോത്ഥാന നായകനായ പരപ്പനങ്ങാടി അബൂബക്കർ മുസ്‌ലിയാരായിരുന്നു. കൊണ്ടോട്ടി തങ്ങൻമാരുടെ ത്വരീഖത്തിനെ വിമർശിച്ചിരുന്ന ഉമർഖാസി യഥാർത്ഥത്തിൽ ഖാദിരിയ്യ ത്വരീഖത്തിന്റെ ഖലീഫയായിരുന്നു. അദ്ദേഹം ശാഫിഇ മദുഹബിനെ കർമ്മമാർഗ്ഗമായി അംഗീകരിച്ചു. എന്നാൽ അക്കാലത്ത് സമുദായത്തിൽ പരക്കെ പടർന്നു പിടിച്ചിരുന്ന ശിർക്കിനും ബിദു അത്തിനുമെതിരായി അദ്ദേഹം ശക്തിയായി പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. നേർച്ചകളും ചന്ദനക്കുടാഘോഷങ്ങളും അതുപോലെയുള്ള അനാചാരങ്ങളും ഒക്കെതന്നെ അദ്ദേഹത്തിന്റെ എതിർപ്പിന്ന് വിധേയമായിട്ടുണ്ട്. എന്നാൽ ആത്മാർപ്പണത്തോടുകൂടിയുള്ള പ്രാർത്ഥനകൾക്ക് ഫലസിദ്ധി ഉണ്ടാകുമെന്നദ്ദേഹം വിശ്വ

സിക്കുക മാത്രമല്ല പ്രവർത്തിച്ച് കാണിക്കുകയും ചെയ്തിരുന്നു. പലപ്രാവശ്യം അദ്ദേഹത്തിൻെറ ഭക്തിനിർഭരമായ പ്രാർത്ഥനാസപര്യയുടെ ഫലമായി മഴ പെയ്തതായി പഴമക്കാർ പറഞ്ഞുപോരുന്നു. മറ്റുള്ളവർക്ക് വിസ്മയം തോന്നിക്കുന്ന അത്ഭുതസിദ്ധി അദ്ദേഹത്തിനുണ്ടായിരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ഇംഗ്ലീഷ് ഭരണത്തോടുള്ള അദ്ദേഹത്തിൻെറ സമീപനം മമ്പുറം സെയ്യിദ് അലവിതങ്ങളുടേതിന് തുല്യമായിരുന്നു. വിദേശീയരുടെ ചൂഷണത്തിനും മർദ്ദനത്തിനും ഇരയായ ഇൻഡ്യൻ ജനതയെ വിമോചിപ്പിക്കേണ്ടത് ഏതൊരു മുസൽമാൻെറയും കർത്തവ്യമാണെന്ന് അദ്ദേഹം വിശ്വസിച്ചു. സർവ്വശക്തനായ അല്ലാഹുവിനല്ലാതെ മറ്റേത് ശക്തിക്കും കീഴ്പ്പെട്ടു ജീവിക്കുക മുസൽമാനെ സംബന്ധിച്ചിടത്തോളം ദുസ്സഹമാണ്. ഇൻഡ്യക്കാരനെന്ന നിലയിലും അടിമത്വത്തിൻെറ നുകം പേറുന്ന മുസൽമാന് ഇംഗ്ലീഷ് ഭരണത്തോട് യാതൊരുതരം വിട്ടുവീഴ്ചക്കും സാദ്ധ്യമല്ലെന്നും അദ്ദേഹത്തിനറിയാമായിരുന്നു. ബ്രിട്ടീഷ് അനീതിയും മർദ്ദനവും അവസാനിപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള പല ഫത്വകളും അദ്ദേഹം എഴുതി പ്രചരിപ്പിച്ചു. ഇൻഡ്യയുടെ സ്വാതന്ത്ര്യസമരത്തിൻെറ സുപ്രധാന കാലഘട്ടമായിരുന്നുവല്ലോ മഹാത്മജിയുടെയും കോൺഗ്രസിൻെറയും നികുതി നിഷേധ പ്രസ്ഥാനം. നമ്മുടെ ദേശീയ നേതാക്കളുടെ ബുദ്ധിയിൽ ഈ സമരരീതി നാമ്പെടുക്കുന്നതിന് എത്രയോ ദശാബ്ദങ്ങൾക്കപ്പുറമാണ് നികുതി നിഷേധ പ്രസ്ഥാനവുമായി കേരളത്തിലെ പൂജ്യനായ ഒരു ബഹുജനനേതാവ് രംഗത്തിറങ്ങുന്നത്.

സ്വാതന്ത്ര്യ സമരചരിത്രത്തിലെ പുളകം കൊള്ളിക്കുന്ന ഈ സമരാദ്ധ്യായം നമ്മുടെ ചരിത്രമെഴുത്തുകാർക്ക് ആർക്കും തന്നെ അറിവുള്ള കാര്യമല്ല. ആദ്യമായി നികുതി നിഷേധ സമരം നടത്തി ജയിൽശിക്ഷ അനുഭവിച്ച ഉമർഖാസിയാണ് ഈ സമരമുറയുടെ ഉപജ്ഞാതാവ് എന്ന കാര്യം ചരിത്രകാരൻമാർ വിസ്മരിക്കുന്നത് ഏത് ചേതോവികാരം കൊണ്ടായാലും ഭൂഷണമല്ല. ചാവക്കാട് തുക്ടിയിലെ മേധാവിയായിരുന്ന നിബു സായ്പ് വിളിച്ചു വരുത്തി "താങ്കളാണോ ഞങ്ങളുടെ ഭരണത്തിനെതിരെ മതവിധികൾ പുറപ്പെടുവിക്കുന്ന ആൾ" എന്ന ചോദ്യത്തിന് അതേ ഞാൻ തന്നെയാണ്. മേലാലും നിങ്ങളുടെ ഭരണത്തെ എതിർക്കുക തന്നെ ചെയ്യും എന്ന ധീരമായ മറുപടി സായ്പിനെ രോഷാകുലനാക്കി. അന്യോനം നടന്ന വാഗ്വാദത്തിനുശേഷം പോലീസുകാർ അദ്ദേഹത്തെ അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കി. എന്നാൽ ഉമർഖാസി സിദ്ധനും ദിവ്യനും ആണെന്ന് അറിയാമായിരുന്ന പോലീസുകാരും ജയിലധികൃതരും അദ്ദേഹത്തോട് ഭയഭക്തി ബഹുമാനത്തോടുകൂടിയാണ് പെരുമാറിയത്. അർദ്ധരാത്രി അദ്ദേഹം സുരക്ഷിതനായി ജയിലിൽ നിന്നും പുറത്തുവന്ന് പ്രഭാതത്തോടെ കോടഞ്ചേരി ജുമാഅത്ത് പള്ളിയിലെത്തി വിശ്രമിച്ചു. തൻെറ വെളിയങ്കോടുള്ള വീട് പോലീസ് വളഞ്ഞിരിക്കുവെന്ന വാർത്തയും കൊണ്ട് അപ്പോൾ അവിടെയെത്തിയ ദൂതനെ 'ഞാൻ ഉടനെ അവിടെ എത്തുന്നുണ്ട് വീട്ടുകാരെ ആരെയും ഉപദ്രവിക്കേണ്ട'യെന്ന സന്ദേശവുമായി ഉടനെ തന്നെ തിരിച്ചയച്ചു. വിവരം അറിഞ്ഞ് തടിച്ചുകൂടിയ വലിയൊരു ജനാവലിയുടെ അകമ്പടിയോടുകൂടി ഒരു പല്ലക്കിൽ അദ്ദേഹം വെളിയങ്കോട് യാത്ര തിരിച്ചു. വഴിമദ്ധ്യേ കണ്ടുമുട്ടിയ പോലീസ് സന്നാഹം അദ്ദേഹത്തെ തടഞ്ഞ് പല്ലക്കിൽ നിന്നുമിറങ്ങുവാൻ ആവശ്യപ്പെട്ടുവെങ്കിലും അദ്ദേഹം അതിന് തയ്യാറായില്ല. കാര്യം പന്തിയല്ലെന്ന് മനസ്സിലാക്കിയ പോലീസുകാർ അനുരഞ്ജനത്തിന് തയ്യാറായി. പല്ലക്കിൽ തന്നെ കോഴിക്കോട്ടേക്ക് പോരുവാൻ സമ്മതിച്ചു. തൻെറ അനുയായികളോട് യാതൊരു വക ലഹളക്കോ അക്രമത്തിനോ ഒരുങ്ങരുതെന്നും സമാധാനമായി പിന്തിരിഞ്ഞ് പോകണമെന്നുമദ്ദേഹം ആവശ്യപ്പെട്ടു. എന്നിട്ടും കോഴിക്കോട് കലക്ടറുടെ അടുക്കൽ എത്തിയപ്പോൾ പതിനായിരക്കണക്കിനാളുകൾ ആകാംക്ഷയോടുകൂടി കാത്തു നിന്നിരുന്നു. നയജ്ഞനായിരുന്ന കലക്ടർ മേക്ലിൻ സായ്പ് ഉമർഖാസിയെ ആദരപൂർവ്വം സ്വീകരിച്ച് സംഭാഷണം തുടങ്ങി. ഖാസിയെ യാതൊരുവക പീഡനത്തിനും വിധേയമാക്കുകയില്ലെന്നും ജയിലിലായാൽ കൂടിയും എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കാമെന്നും ജനങ്ങൾക്ക് ആശങ്ക വേണ്ടെന്നും കലക്ടർ അവിടെ കൂടിയ ജനങ്ങളോട് ആവർത്തിച്ചു പറഞ്ഞിരുന്നു. ചാവക്കാട് തുക്ടി മേധാവിയോടുള്ള പെരുമാറ്റത്തിൽ ഖേദം പ്രകടിപ്പിച്ചാൽ വിട്ടയക്കാമെന്ന് പറഞ്ഞിട്ടു പോലും ധീരനായ ആ ദേശാഭിമാനി തലകുനിച്ചില്ല. അതേ തുടർന്ന് എല്ലാവിധ സൗകര്യങ്ങളോടും കൂടി അദ്ദേഹത്തെ ജയിലിൽ താമസിപ്പിക്കുവാൻ ഉത്തരവായി. ജയിലിൽ കഴിഞ്ഞിരുന്ന കാലത്ത് നികുതി നിഷേധം മുതൽ കലക്ടർ ശിക്ഷിച്ചതു വരെയുള്ള എല്ലാ സംഭവങ്ങളും ഹൃദയസ്പൃക്കാം വിധം ആവിഷ്ക്കരിച്ചുകൊണ്ടദ്ദേഹം സുദീർഘമായ ഒരു കവിത രചിക്കുകയും തൻെറ ആത്മീയ ഗുരുവും കടുത്ത ബ്രിട്ടീഷ് വിരോധിയുമായ സെയ്യിദ് അലവി തങ്ങൾക്കയച്ചു കൊടുക്കുകയും ചെയ്തു. ഉമർഖാസിയെ ജയിൽ വിമോചിതനാക്കിയില്ലെങ്കിൽ മലബാറിലെ മാപ്പിളമാർ ഒന്നടങ്കം പോർക്കളത്തിൽ അണിനിരക്കുമെന്ന് സെയ്യിദ് അലവി തങ്ങൾ കലക്ടറെ അറിയിച്ചു. നാട്ടിലുടനീളം പ്രതിഷേധ ശബ്ദങ്ങളും അലയടിച്ചു. പരിതഃസ്ഥിതിയുടെ ഗൗരവം മനസ്സിലാക്കിയ തന്ത്രശാലിയായ കലക്ടർ ധീരോദാത്തനായ ഈ കർമ്മഭടനെ മോചിപ്പിക്കുവാൻ നിർബന്ധനാകുകയും ചെയ്തു. വികാരത്തിന് വീര്യം കേറ്റുന്ന ഈ സമരകഥ ഇല്ലാത്ത സ്വാതന്ത്ര്യ സമരചരിത്രം തീർത്തും അപൂർണ്ണമായിരിക്കും.


മഹാനായ ഉമർഖാസി രണ്ട് തവണ വിശുദ്ധ ഹജ്ജ് കർമ്മം നിർവഹിച്ചിട്ടുണ്ട്. മെക്കയിലും മദീനയിലും അന്നുണ്ടായിരുന്ന പണ്ഡിതൻമാരുമായി ആശയവിനിമയം ചെയ്യുവാനും പല സാമുദായിക പ്രശ്നങ്ങൾ ചർച്ച നടത്തുവാനും ആ അവസരം അദ്ദേഹം വിനിയോഗിച്ചു. അറബിയിലും, അറബി-മലയാളത്തിലും ധാരാളം ഗ്രന്ഥങ്ങൾ വിരചിച്ചിട്ടുള്ള അദ്ദേഹം മദീനാ സന്ദർശനവേളയിൽ പ്രവാചക പ്രവീണരെ

പ്രകീർത്തിച്ച് ചൊല്ലിയ 'സ്വല്ലൽ ഇല്ലാഹ്' എന്ന ഭക്തി കാവ്യം അറബിഭാഷാ നിപുണൻമാരുടെ മുക്തകണ്ഠമായ പ്രശംസക്ക് വിധേയമായിട്ടുണ്ട്. ഉന്നതനായ ഈ ഗ്രന്ഥകാരൻ അറബിയിൽ ഗദ്യ - പദ്യങ്ങളിലായി ധാരാളം എഴുതിയിട്ടുണ്ട്. അവയിൽ അധികവും പ്രകാശിതങ്ങളല്ലാതെ പോയതിനാൽ ഇന്ന് വിസ്മരിക്കപ്പെട്ടുകഴിഞ്ഞു. എന്നാൽ പ്രസിദ്ധീകൃതങ്ങളായ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ഇന്ന് നമുക്ക് ലഭ്യമാണ്. അവതാഴെ കൊടുക്കുന്നു. മഖാസിദുനിക്കാഹ് (അറബിമഹാകാവ്യം), സ്വല്ലൽഇലാ ഹ്ബൈത്ത് (നബികീർത്തനം), നഫാഇസുദുർറർ, അല്ലഫൽ ആസി, അഹ്കാമുദബ്ത്, ശറഹ്അഹ്കാമുദബ്ഹ്, ഇതിനു പുറമെ അറബിയിൽ പുള്ളിയുള്ള അക്ഷരപദങ്ങൾ കൊണ്ടും പുള്ളിയില്ലാത്ത അക്ഷരവാക്കുകളെ കൊണ്ടുമാത്രം അദ്ദേഹം നബിസ്തുതികീർത്തനങ്ങൾ രചിച്ചിട്ടുണ്ട്. തൻെറ ഗുരുക്കളായിരുന്ന മമ്മിക്കുട്ടിഖാസിയും മമ്പുറം സെയ്യിദ് അലവി തങ്ങളും മരണമടഞ്ഞപ്പോൾ അദ്ദേഹം എഴുതിയ വിലാപ കാവ്യങ്ങൾ വളരെ പ്രസിദ്ധിയാർജിച്ചവയാണ്. അസർ നമസ്ക്കാരത്തിൻെറ അടിക്കണക്ക് ബൈത്ത്, നഹ്സ് പാട്ടുൾപ്പെടെ എത്രയോ അറബി, അറബി - മലയാളകവിതകൾ അദ്ദേഹത്തിൻേറതായുണ്ട്. പ്രസിദ്ധങ്ങളായ ധാരാളം ഫത്വകളും അദ്ദേഹം ഇറക്കിയിട്ടുണ്ട്.

വന്ദ്യവയോധികനും ധീരദേശാഭിമാനിയും ജ്ഞാനവൃദ്ധനുമായ ഉമർഖാസി എ.ഡി. 1852ൽ മൂന്നുമാസത്തെ രോഗത്തിനുശേഷം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിൻെറ ഖബർ വെളിയങ്കോട് ജുമാഅത്ത് പള്ളിയുടെ കിഴക്കുവശത്താണ് സ്ഥിതിചെയ്യുന്നത്. അദ്ദേഹത്തെക്കുറിച്ച് പ്രഗത്ഭപണ്ഡിതനായിരുന്ന അമ്മുക്കോയ മുസലിയാർ എഴുതിയ വിലാപ കാവ്യത്തിൽ പ്രസ്താവിച്ചിരിക്കുന്നത്, "ഇക്കാലത്തെ പണ്ഡിത സൂര്യൻ അസ്തമിച്ചു. ഘോരാന്ധകാരം ഇതാ തേർവാഴ്ച നടത്താൻ പോകുന്നു. ഇനി സമുദായത്തിൽ ഒരു ഉമർഖാസി ജനിക്കുമോ? സംശയമാണ്. കാലം കനിഞ്ഞരുളിയ ഒരു അത്ഭുത പ്രതിഭാസമായിരുന്നു ഉമർഖാസി."1. ഈ പണ്ഡിതോക്തിയിൽ എല്ലാം അടങ്ങിയിരിക്കുന്നു.

*1. മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, മുൻ ഉദ്ധരിച്ചത് പുറം 24.*

# 10 ശ്രീനാരായണഗുരു



കേരളസമൂഹത്തിൽ മാറ്റത്തിന്റെ കാഹളധ്വനി മുഴക്കിയ നവോത്ഥാന നായകൻമാരിൽ പ്രഥമഗണനീയനാണ് ശ്രീനാരായണ ഗുരു. എന്നാൽ അതിനേക്കാളേറെ ഗുരുദേവൻ അനുസ്മരിക്കപ്പെടുന്നത് അധഃസ്ഥിതവർഗ്ഗത്തിന്റെ ആത്മീയനിർവൃതിക്ക് പരിഹാരം കണ്ട ദാർശനികപ്രഭു എന്ന നിലക്കാണ്. ആദ്ധ്യാത്മിക ചർച്ചയിലൂടെ ആദരണീയനായ യോഗിവര്യനായി വളർന്ന തത്വജ്ഞാനിയും ബഹുജനാരാധ്യനുമായ സന്യാസിയുമായിരുന്നു അദ്ദേഹം.

1855ൽ തിരുവനന്തപുരത്തിന് 8 കി.മീ. വടക്കുഭാഗത്തുള്ള ചെമ്പഴന്തി എന്ന സ്ഥലത്താണ് അദ്ദേഹം ജനിച്ചത്. പിതാവായ മാടനാശാൻ സംസ്കൃതത്തിലും മലയാളത്തിലും വ്യുൽപ്പത്തി നേടിയിരുന്ന ദേഹമായിരുന്നു. കുട്ടികളെ എഴുത്തു പഠിപ്പിച്ചിരുന്നതിനാൽ അദ്ദേഹത്തെ ആശാൻ എന്നു വിളിച്ചുപോന്നു. നാണുഗുരുവിന്റെ അമ്മാവനായ കൃഷ്ണൻ വൈദ്യരാകട്ടെ ആയുർവേദ ചികിത്സകനും സംസ്കൃതഭാഷ അനായാസേന കൈകാര്യം. ചെയ്യാൻ സാധിക്കുന്ന വ്യക്തിയുമായിരുന്നു. ഇവരാണ് നാരായണ ഗുരുവെ മലയാളത്തിന്റെയും സംസ്കൃതത്തിന്റെയും പ്രാഥമികപാഠങ്ങൾ അഭ്യസിപ്പിച്ചത്. സംസ്കൃതത്തിൽ ഉപരി വിജ്ഞാനം നേടിയത് കരുനാഗപ്പള്ളിയിലെ കുമ്മൻ പള്ളിയിൽ രാമൻപിള്ള ആശാനിൽ നിന്നുമാണ്. പഠനം പൂർത്തിയാക്കിയശേഷം നാലുവർഷത്തോളം സ്വന്തം നാട്ടിൽ തന്നെ, കുട്ടികളെ അക്ഷരാഭ്യാസം കൊടുക്കുന്ന ജോലിയിലായിരുന്നു. ഇക്കാലത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നത് നാണു ആശാൻ എന്ന പേരിലാണ്. താൻ ജീവിക്കുന്ന സമൂഹത്തിൽ നിലനിന്നിരുന്ന അസ്വാസ്ഥ്യങ്ങളും വീർപ്പുമുട്ടലുകളും നാണു ആശാനെ വ്യാകുലനാക്കി. മാനസിക സംഘർഷത്താൽ ജീവിതത്തോടു തന്നെ വിരക്തി തോന്നി തുടങ്ങിയ അദ്ദേഹത്തിന്റെ സ്വഭാവത്തിൽ വന്ന മാറ്റം മാതാപിതാക്കളിൽ പരിഭ്രാന്തി പരത്തി. മകനെ കുടുംബവുമായി ബന്ധിപ്പിക്കുവാൻ അവർ ആഗ്രഹിച്ചു. പിതാവിന്റെ ഭാഗിനേയിയെ അദ്ദേഹത്തെ കൊണ്ട് വിവാഹം കഴിപ്പിച്ചു. പക്ഷെ ലൗകിക സുഖാർഭാടങ്ങൾക്ക് അദ്ദേഹത്തെ തളച്ചിടുവാൻ സാധിച്ചില്ല. ശ്രീബുദ്ധനെപ്പോലെ അദ്ദേഹവും തന്റെ വിവാഹ ബന്ധം വിഛേദിച്ച് സ്വതന്ത്രനായി. അതിനിടയ്ക്ക് തന്റെ മാതാപിതാക്കൻമാരുടെ മരണവും കൂടി സംഭവിച്ചപ്പോൾ ലൗകികജീവിതം അദ്ദേഹത്തിന് തീർത്തും മടുത്തുകഴിഞ്ഞിരുന്നു.

അങ്ങനെ തന്റെ 29-ാമത്തെ വയസ്സിൽ അദ്ദേഹം എങ്ങോട്ടെന്നില്ലാതെ നാടുംവീടും വിട്ടിറങ്ങി. തന്റെ മനസ്സിനെ മഥിച്ചുകൊണ്ടിരുന്ന ആത്മീയവും ഭൗതികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം തേടികൊണ്ട് അദ്ദേഹം ചുറ്റിക്കറങ്ങാത്ത സ്ഥലങ്ങളില്ല. ബഷീറിന്റെ വാക്കുകൾ കടമെടുത്താൽ 'ഏകാന്തതയുടെ അപാരതയിലും പാറക്കെട്ടുകളും നീർചാലുകളും സമ്മാനിക്കുന്ന മലയോരങ്ങളിലും' അദ്ദേഹം മനസ്സമാധാനത്തിന് വേണ്ടി ധ്യാനനിരതനായിരുന്നിട്ടുണ്ട്. കേരളത്തിലെ കടൽതീരങ്ങളും നദീതടങ്ങളും ഗ്രാമപ്രദേശങ്ങളും അദ്ദേഹത്തിന്റെ പാദസ്പർശത്താൽ ധന്യമായിരുന്നു. ഈ അന്വേഷണത്തിൽ അദ്ദേഹം കണ്ടെത്തിയ യോഗിവര്യൻമാരുമായും ദാർശനിക പ്രതിഭകളുമായും ആശയവിനമയം നടത്തുവാനും വിജ്ഞാനം സമ്പാദിക്കുവാനും ഉപയോഗപ്പെടുത്തിയിരുന്നു. തയ്ക്കാട്ട് അയ്യാവു, ചട്ടമ്പിസ്വാമികൾ, വക്കം അബ്ദുൾ കാദർ മൗലവി തുടങ്ങിയവരിൽ നിന്നും തനിക്കാവശ്യമായ അറിവു നേടുവാൻ ഈ കുശാഗ്രബുദ്ധിക്ക് കഴിഞ്ഞു. തയ്ക്കാട്ട് അയ്യാവുവിൽ നിന്നാണ് അദ്ദേഹം യോഗാഭ്യാസം പരിശീലിച്ചത്. ചട്ടമ്പി സ്വാമികൾ അക്കാലത്തെ പ്രമുഖനായ തത്വജ്ഞാനിയും സന്യാസി ശ്രേഷ്ഠനുമായിരുന്നു. അതുപോലെ വക്കം മൗലവിയുമായുണ്ടായിരുന്ന നിദാന്ത സമ്പർക്കം ഐസ്ലാമിക ദർശനങ്ങളേയും സൂഫിസിദ്ധാന്തത്തേയുമൊക്കെ അവഗാഹമായി ഗ്രഹിക്കുവാൻ അദ്ദേഹത്തിന് അവസരം നൽകുകയും ചെയ്തു. താൻ വായിച്ചറിഞ്ഞതും മഹത്തുക്കളിൽ നിന്നും പറഞ്ഞറിഞ്ഞതും സ്വന്തം അനുഭവത്തിന്റെ മൂശയിൽ ഉരുക്കി തനതായ ഒരു ദാർശനിക പ്രപഞ്ചം സൃഷ്ടിക്കുവാൻ അദ്ദേഹത്തിന് സാധിച്ചതാണ് വലിയ വിജയമായിതീർന്നത്. മരുത്വാമലയിൽ വളരെക്കാലം യോഗനിരതനായി അദ്ദേഹം ഏകാന്തവാസം അനുഷ്ഠിച്ചിട്ടുണ്ട്. ഒടുവിൽ തന്റെ താമസസ്ഥലമായി അദ്ദേഹം തിരഞ്ഞെടുത്തത് നെയ്യാറ്റിങ്കരയിലെ നെയ്യാറിന് തീരത്തുള്ള അരുവിപ്പുറമാണ്. പ്രകൃതിരമണീയമായ മനോഹര സ്ഥലമാണ് അരുവിപ്പുറം. മർമ്മരാരവത്തോടെ വളഞ്ഞ്പുളഞ്ഞൊഴുകുന്ന നെയ്യാറും അതിന്റെ പുളിനങ്ങളും ആത്മീയോൽക്കർഷം പ്രദാനം ചെയ്യുന്നവയാണ്. പുഴയുടെ ഇരുകരകളിലും പ്രകൃതി സമ്മാനിച്ച കൊച്ചു കൊച്ചുകുന്നുകൾ സസ്യനിബിഢവും വൃക്ഷലതാദികളാൽ നയനാന്ദകരവുമാണ്. സ്വാമികളുടെ ഏകാന്തസപര്യക്കും ആത്മീയ ചോദനത്തിനും പ്രകൃതിയുടെ വരദാനമായി ഇന്നും അരുവിക്കര

ശോഭിക്കുന്നു.

അരുവിക്കരയിൽ തപസ്സ് അനുഷ്ഠിച്ചിരുന്ന സ്വാമിയെ സന്ദർശിക്കുവാൻ എത്തിക്കൊണ്ടിരുന്ന ഭക്തജനങ്ങൾ നിത്യേനയെന്നോണം വർദ്ധമാനമായിക്കൊണ്ടിരുന്നു. ഈ ഭക്തൻമാരുടെ ആരാധനയ്ക്ക് പറ്റിയ ഒരു ദേവാലയം നിർമ്മിക്കുവാൻ വളരെക്കാലത്തെ ആലോചനക്ക് ശേഷം അദ്ദേഹം തീരുമാനിച്ചു. അങ്ങനെ 1888ലെ ശിവരാത്രിദിവസം നാണു ഗുരു നദിയിൽ മുങ്ങിത്തപ്പി ശിവലിംഗാകൃതിയിലുള്ള ഒരു ശില കണ്ടെടുത്ത് ആറ്റിൻെറ കിഴക്കേ കരയിലുള്ള ഒരു പാറയെ പീഠമായി സങ്കൽപ്പിച്ച് അതിൻമേൽ ശിവലിംഗമായി പ്രതിഷ്ഠിച്ചു. പ്രതിഷ്ഠ നടത്തുവാനോ, സ്വന്തമായി ആരാധാനാലയങ്ങൾ നിർമ്മിക്കുവാനോ, അക്കാലത്തെ ഈഴവരുൾപ്പെടെയുള്ള ജാതികൾക്ക് അനുവാദമുണ്ടായിരുന്നില്ല. പൗരോഹിത്യം ബ്രാഹ്മണന് മാത്രം അവകാശപ്പെട്ടതും അവന് മാത്രം അറിയാവുന്നതുമായ വൈദിക വിദ്യയാണ്. അതിൻെറ കൊടിയ ലംഘനമാണ് ഈഴവജാതിയിൽ ജനിച്ച ശ്രീനാരായണഗുരു അരുവിപ്പുറത്ത് നടത്തിയത്. ബ്രാഹ്മണ പൗരോഹിത്യത്തിൻെറ കടക്ക് കത്തി വെക്കുക മാത്രമല്ലാ, അടിവേരോടുകൂടി പിഴുതെറിയുകയുമായിരുന്നു തൻെറ അരുവിക്കര പ്രതിഷ്ഠയോടുകൂടി അദ്ദേഹം നിർവ്വഹിച്ചത്. സവർണ്ണർ ഒന്നടങ്കം ഈ ധിക്കാരത്തെ ചോദ്യം ചെയ്തു. അക്ഷോഭ്യനായി വിനയപൂർവ്വം അദ്ദേഹം നൽകിയ മറുപടി താൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചതെന്നായിരുന്നു. അതുവരെ ജനങ്ങൾ അദ്ദേഹത്തെ നാണു ഗുരുവെന്നാണ് വിളിച്ചിരുന്നത്. അരുവിപ്പുറത്തെ പ്രതിഷ്ഠക്ക് ശേഷം അധഃസ്ഥിതരുടെ ആവേശമായി മാറിയ അദ്ദേഹത്തെ ഭക്തജനങ്ങൾ ശ്രീനാരായണഗുരു എന്നാണ് അഭിസംബോധന ചെയ്തത്. ബ്രാഹ്മണ പൗരോഹിത്യത്തിൻെറ കുത്തകാവകാശങ്ങളെല്ലാം തന്നെ അവർണ്ണനും യാതൊരു ശങ്കക്കിടമില്ലാതെ കൈവരിക്കാൻ സാധിക്കുമെന്ന് സമകാലിക ലോകത്തെ കാണിച്ചുകൊടുത്തു. സാമൂഹ്യശ്രേണിയിൽ ഇതിൻെറ ആഘാതപ്രത്യാഘാതങ്ങൾ വലിയ മാറ്റമാണുണ്ടാകിയതും. അരുവിക്കരയിൽ ഭക്തജനപ്രവാഹമായതോടുകൂടി അതൊരു ക്ഷേത്രമായി മാറുകയും പൊതുജനങ്ങളുടെ സഹായത്താൽ അവിടെ കരിങ്കല്ലിൽ ഒരു ശ്രീകോവിലും മണ്ഡപവും ഉയർന്നു വരികയും ചെയ്തു. ക്ഷേത്രമതിലിൻമേൽ സ്വന്തം കൈയ്യക്ഷരത്തിൽ സ്വാമികൾ എഴുതിവെച്ചതിങ്ങിനെയായിരുന്നു.

"ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്."

ശ്രീനാരായണഗുരുവിൻെറ ഉദാത്തമായ ആദർശങ്ങളെ സുതരാം സ്പഷ്ടമാക്കുന്നവയാണല്ലോ ഈ വരികൾ. ജാതിക്കും, മതത്തിനും അതീതമായി മനുഷ്യനെന്ന പ്രതിഭാസത്തിന് മാഹാത്മ്യം നൽകുന്ന ഈ വരികളുടെ സാരാംശം തന്നെയാണ് പിന്നിട് അദ്ദേഹത്തിൻെറ ഏറെ വിഖ്യാതമായ, 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്', 'മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി' തുടങ്ങിയ മഹദ്വാക്യങ്ങൾ.

അരുവിപ്പുറത്തെ പ്രതിഷ്ഠയുടെ അലയൊലി മലയാളനാടിൻെറ അതിരുകളും കടന്ന് സിലോണിലും തമിഴ്നാട്ടിലും പ്രതിധ്വനിച്ചു. ഈ അവർണ്ണസന്യാസിയെ ക്ഷേത്രപ്രതിഷ്ഠകൾക്കായി ക്ഷണിക്കാൻ പല സ്ഥലത്തുനിന്നും ഭക്തജനങ്ങൾ നിവേദനവുമായെത്തിക്കൊണ്ടിരുന്നു. നൂറിന് മീതെ ക്ഷേത്രപ്രതിഷ്ഠ ശ്രീനാരായണഗുരു നടത്തിയിട്ടുണ്ട്. മൃഗബലിയും മദ്യസേവയും നടന്നിരുന്ന പല ക്ഷേത്രങ്ങളുടെ പ്രതിഷ്ഠകളും അദ്ദേഹം നീക്കം ചെയ്തിട്ടുമുണ്ട്. അങ്ങനെ അധഃസ്ഥിതരായ കേരളീയരിൽ ബാഹ്യവും ആന്തരികവുമായ വലിയ കോളിളക്കമാണ് അദ്ദേഹം സൃഷ്ടിച്ചത്. സ്വാമികൾ പ്രതിഷ്ഠ നടത്തിയവയിൽ പ്രധാനമായ ക്ഷേത്രങ്ങൾ വർക്കല ശിവക്ഷേത്രം, തലശ്ശേരി ജഗന്നാഥക്ഷേത്രം, കൂർക്കഞ്ചേരി മഹേശ്വരക്ഷേത്രം, മുരുക്കുംപുഴക്ഷേത്രം, കാരമുക്ക് ക്ഷേത്രം, മുതലായവയാണ്. പ്രതിഷ്ഠകൾ നീക്കം ചെയ്തവയിൽ കുളത്തൂർകോലത്തുകര ഭഗവതി ക്ഷേത്രം, കോട്ടാർ അറുമുഖം പിളയാർ കോവിൽ, പള്ളുരുത്തി ഭഗവതിക്ഷേത്രം എന്നിവ ഉൾപ്പെടുന്നു. മുരുക്കുംപുഴ ക്ഷേത്രത്തിൽ 'സത്യം, ധർമ്മം, ദയ, സ്നേഹം' എന്ന മുദ്രാവാക്യമാണ് പ്രതിഷ്ഠ. ചേർത്തലക്കടുത്തുള്ള കളവംകോടം ക്ഷേത്രത്തിലും വൈക്കത്തിനടുത്ത് ഉല്ലല ഓംകാരേശ്വര ക്ഷേത്രത്തിലും കണ്ണാടിയാണ് പ്രതിഷ്ഠിക്കപ്പെട്ടത്. കാരമുക്ക് ക്ഷേത്രത്തിൽ ഒരു കെടാവിളക്കാണ് പ്രതിഷ്ഠിക്കപ്പെട്ടതെങ്കിൽ ആലുവ അദ്വൈതാശ്രമത്തിനോടനുബന്ധമായുള്ള ക്ഷേത്രത്തിൽ പ്രതിഷ്ഠയേ ഇല്ല. സ്വാമിയുടെ ഈ പ്രതിഷ്ഠാമാതൃകകൾ ബുദ്ധിയും ചിന്താശക്തിയുമുള്ളവർക്ക് ഏറെ കാര്യങ്ങൾ തുറന്ന് തരുന്നവയാണ്.

ക്ഷേത്രനിർമ്മാണങ്ങൾ കുറെയായപ്പോൾ 1917ൽ സ്വാമികൾ ഇങ്ങനെ ഒരു സന്ദേശം വിളംബരം ചെയ്തു. "ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്. നിർബന്ധമാണെങ്കിൽ ചെറിയ ക്ഷേത്രം വെച്ചു കൊള്ളട്ടെ. പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം. പണം പിരിച്ച് പള്ളിക്കൂടങ്ങൾ കെട്ടാനാണ് ഉത്സാഹിക്കേണ്ടത്." സ്വാമികൾ സ്ഥാപിച്ച പല ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും നടത്തിപ്പോന്നിരുന്നു. 1918ൽ സിലോൺ സന്ദർശനം കഴിഞ്ഞ് മടങ്ങുമ്പോൾ അവിടെയുള്ള മലയാളികളുടെ ആവശ്യത്തിനായി നിശാപാഠ ശാലകളും ഭജന മഠങ്ങൾ മുതലായവകളും സ്ഥാപിക്കുന്നതിനായി തൻെറ ശിഷ്യനായ സത്യവ്രത സ്വാമികളെ അവിടെ താമസിപ്പിച്ചിരുന്നു. മദ്യം വിഷമാണ്. അതു ഉണ്ടാക്കുകയോ, ഉപയോഗിക്കുകയോ ചെയ്യരുതെന്ന് സ്വാമി ഉപദേശിച്ചിരുന്നു. 1920ലാണ് അദ്ദേഹത്തിൻെറ ഏറെ പ്രസിദ്ധമായ "ഒരുജാതി, ഒരു മതം, ഒരു ദൈവം, മനുഷ്യന്" എന്ന വിശിഷ്ടകവനവും സ്വാമി പ്രസിദ്ധീകരിച്ചത്. സഹോദരൻ അയ്യപ്പൻെറ നേതൃത്വത്തിൽ ചെറായി എന്ന സ്ഥലത്ത് ആദ്യമായി നടന്ന മിശ്രഭോജനം സ്വസമുദായത്തിൽ നിന്നു തന്നെ ഏറെ എതിർപ്പു ഉണ്ടാക്കിയ സംഭവമായിരുന്നു. സഹോദരൻ അയ്യപ്പനെ ജാതിഭ്രഷ്ട് നടത്തിയ

ഈഴവപ്രമാണിമാർ അന്നു ആലുവ അദ്വൈതാശ്രമത്തിലുണ്ടായിരുന്ന ശ്രീനാരായണഗുരുവിൻെറ സമക്ഷം തങ്ങളുടെ സങ്കടം ബോധിപ്പിച്ചതിന് അദ്ദേഹം നൽകിയ മറുപടി, "മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ട് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന് യാതൊരു ദോഷവുമില്ല" എന്നായിരുന്നു. ശ്രീനാരായണഗുരു ഉദ്ദേശിച്ച ജാതി മനുഷ്യജാതിയാണ്.

1922ൽ രവീന്ദ്രനാഥടാഗോറും 1925ൽ മഹാത്മാ ഗാന്ധിയും കേരളം സന്ദർശിച്ച അവസരങ്ങളിൽ ശ്രീനാരായണ ഗുരുവെ കാണുകയും ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. മഹാകവി ടാഗോർ ശ്രീനാരായണ ഗുരുവെക്കുറിച്ച് പറഞ്ഞതിങ്ങനെയാണ്. "ഞാൻ ലോകത്തിൻെറ നാനാഭാഗങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്. ഈ സഞ്ചാരങ്ങൾക്കിടയിൽ പല സന്യാസിമാരും മഹർഷിമാരുമായി പരിചയപ്പെടുവാനുള്ള ഭാഗ്യവും. എനിക്കു സിദ്ധിച്ചിട്ടുണ്ട്. എന്നാൽ മലയാളക്കരയിലെ സ്വാമി ശ്രീനാരായണഗുരുവേക്കാൾ ആത്മീയമായി മഹത്വമേറിയ ഒരാളെ - എന്തിന്? ആത്മീയൗന്നത്യത്തിൽ അദ്ദേഹത്തോടു കിടനിൽക്കുന്ന ഒരാളെപ്പോലും എനിക്ക് ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല. ദിവ്യമായ മഹത്വത്തിൻെറ സ്വയംഭൂവായ പ്രഭാപരിവേഷത്താൽ പ്രകാശപൂർണ്ണമായ ആ വദനവും, അനന്തതയുടെ ചക്രവാളത്തിൽ ദർശനം ഉറപ്പിച്ച ആ യോഗനയനങ്ങളും, ഞാൻ ഒരിക്കലും മറക്കുന്നതല്ല."1. 1924ൽ ആലുവ അദ്വൈതാശ്രമത്തിൽ വിളിച്ചുകൂട്ടിയ സർവ്വമതസമ്മേളനം ശ്രീനാരായണഗുരുവിൻെറ വിശ്വൈക ദർശനത്തിൻെറ നിദർശനമാണ്. അവിടെ സ്വന്തം കൈപ്പടയിൽ അദ്ദേഹം എഴുതിവെച്ചത്, 'വാദിക്കാനും ജയിക്കുവാനുമല്ല, അറിയാനും അറിയിക്കാനും' വേണ്ടിയാണ് ഈ മഹാസമ്മേളനമെന്നായിരുന്നു. സമ്മേളന സമാപത്തോടെ അദ്ദേഹം നൽകിയ സന്ദേശം ഇതായിരുന്നു. "സർവമത സമ്മേളന സന്ദേശം. എല്ലാ മതങ്ങളുടേയും പരമോദ്ദേശ്യം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ടാവശ്യമില്ലെന്നും, ഈ മതമഹാസമ്മേളനത്തിൽ നടന്ന പ്രസംഗങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ നാം ശിവഗിരിയിൽ സ്ഥാപിക്കുവാൻ വിചാരിക്കുന്ന മഹാപാഠശാലയിൽ എല്ലാ മതങ്ങളും പഠിപ്പിക്കുന്നതിന് വേണ്ട എല്ലാ സൗകര്യവും കൂടി ഉണ്ടാകണമെന്ന് വിചാരിക്കുന്നു. ഈ സ്ഥാപനത്തിൻെറ തൃപ്തികരമായ നടത്തിപ്പിന് എല്ലാവരും സഹായിക്കുമെന്ന് വിശ്വസിക്കുന്നു"2. വൈക്കം സത്യാഗ്രഹ വേളയിൽ സ്വാമി സത്യാഗ്രഹികളെ ആശീർവദിക്കുവാൻ വൈക്കത്ത് എത്തിയിരുന്നു. ഇതിനോടനുബന്ധിച്ച് മഹാത്മജി ശിവഗിരിയിൽ ചെന്ന് ശ്രീനാരായണഗുരുവെ കാണുകയും അവർ തമ്മിൽ സുദീർഘമായ ചർച്ച നടത്തുകയും ചെയ്തു. സംഭാഷണത്തിൻെറ പ്രസക്തഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

മഹാത്മജി: 'ആദ്ധ്യാത്മികമായ മോക്ഷലാഭത്തിന് ഹിന്ദുമതം മതിയാകുമെന്ന് സ്വാമിജി വിചാരിക്കുന്നുണ്ടോ?

സ്വാമി: അന്യമതങ്ങളിലും മോക്ഷമാർഗ്ഗം ഉണ്ടല്ലോ.

മഹാത്മജി: അന്യമതങ്ങളുടെ കാര്യം ഇരിക്കട്ടെ. ഹിന്ദുമതം മോക്ഷലാഭത്തിന് പര്യാപ്തം എന്ന് തന്നെയോ സ്വാമിജിയുടെ അഭിപ്രായം.

സ്വാമി: ആദ്ധ്യാത്മികമായ മോക്ഷലാഭത്തന് ധാരാളം പര്യാപ്തം തന്നെ. ലൗകികമായ സ്വാതന്ത്ര്യത്തെ ആണല്ലോ ജനങ്ങൾ അധികം ഇച്ഛിക്കുന്നത്.

ഗാന്ധിജി: അയിത്താചാരവും മറ്റും കൊണ്ടുള്ള അസ്വാതന്ത്ര്യമല്ലേ? അതിരിക്കട്ടെ. ആദ്ധ്യാത്മികമോക്ഷത്തിന് മതപരിവർത്തനം ആവശ്യമെന്ന് സ്വാമിജിക്ക് അഭിപ്രായമുണ്ടല്ലോ!

സ്വാമി: ആദ്ധ്യാത്മികമോക്ഷത്തിനായി മതപരിവർത്തനം ആവശ്യമില്ല.

മഹാത്മജി : ലൗകികസ്വാതന്ത്ര്യത്തിന് വേണ്ടിയാണല്ലോ നാം പരിശ്രമിക്കുന്നത്. അതു സഫലമാകാതെവരുമോ?

സ്വാമിജി : അതു സഫലമാകാതെ വരില്ല. അതിൻെറ ദൃഢമൂലത ഓർത്താൽ പൂർണ്ണഫലപ്രാപ്തിക്ക് മഹാത്മജി വീണ്ടും അവതരിക്കേണ്ടിവരും.3.

ഇതിൽനിന്നും മറ്റു മതങ്ങളോടുള്ള അദ്ദേഹത്തിൻെറ സമീപനവും ഹിന്ദുമതത്തിൽ ലൗകികങ്ങളായ സ്വാതന്ത്ര്യങ്ങൾ പലതും ഹനിക്കപ്പെട്ടിരിക്കുകയാണെന്ന പരാമർത്ഥവും അർത്ഥശങ്കക്കിടമില്ലാതെ മനസ്സിലാക്കുവാൻ സാധിക്കുന്നുണ്ട്. 1926ൽ സ്വാമികൾ തമിഴ്നാടും സിലോണും സന്ദർശിച്ചിരുന്നു. ഇ.വി. രാമസ്വാമിനായ്ക്കർ, അണ്ണാദുരെയുമൊക്കെ ശ്രീനാരായണഗുരുവിൻെറ സന്ദേശങ്ങളിൽ ആകൃഷ്ടരായിരുന്നു. അവരുടെ പിൽകാല രാഷ്ട്രീയ - സാമൂഹിക പ്രവർത്തനങ്ങളിൽ സ്വാമിയുടെ സ്വാധീനം ഏറെ പ്രകടവുമാണ്. ശ്രീനാരായണഗുരു 1928ൽ തൻെറ 73-ാം മത്തെ വയസ്സിൽ സമാധിയായി. അദ്ദേഹത്തിൻെറ ചരമദിനമായ കന്നി 5-ാം തിയ്യതി അന്നുമുതൽ കേരളത്തിലെങ്ങും പൊതു ഒഴിവുദിവസമാണ്.

മലയാളത്തിലും സംസ്കൃതത്തിലും തമിഴിലും അസാമാന്യപാണ്ഡിത്യം നേടിയിരുന്ന ശ്രീനാരായണഗുരു ധാരാളം ഈശ്വരസ്തോത്രങ്ങൾ രചിച്ചിട്ടുണ്ട്. ആദ്ധ്യാത്മിക ചിന്തകൾ ആവിഷ്ക്കരിച്ചിട്ടുള്ള 'ആത്മോപദേശ ശതകം' എന്ന മലയാള കൃതിയും 'ദർശനമാല' എന്ന സംസ്കൃതകൃതിയും ആണ് അദ്ദേഹത്തിൻെറ പ്രധാനകൃതികൾ. അദ്ദേഹത്തിൻെറ കവിതകളും സ്തോത്രങ്ങളും ഉൾപ്പെടെ എല്ലാ കൃതികളും സമാഹരിച്ചു ആവശ്യമായ വ്യാഖ്യാനത്തോടു കൂടി ഡോ. ടി. ഭാസ്കരൻ ഇയ്യിടെ ഒരു നല്ല ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.


*1. Quoted by Swami Dharma Theertha, Sree Narayana GuruDev, Prophet of the New Order.*

*2.കെ. ദാമോദരൻ, ശ്രീനാരായണഗുരുദേവൻ, ജീവചരിത്രം, പുറം 97.*

*3. ഉദ്ധരണി, പി.കെ. ഗോപാലകൃഷ്ണൻ, കേരളത്തിൻെറ സാംസ്കാരിക ചരിത്രം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1974 പുറങ്ങൾ 531-32.*

*4.ഡോ. ടി. ഭാസ്കരൻ, ശ്രീനാരായണഗുരുവിൻെറ സമ്പൂർണ്ണകൃതികൾ, മാതൃഭൂമി, കോഴിക്കോട്, 1995.*

## 11 ശ്രീചട്ടമ്പിസ്വാമികൾ



തിരുവനന്തപുരത്തിനടുത്ത് അഞ്ച് കിലോ മീറ്റർ അകലെ കൊല്ലൂർ എന്ന സ്ഥലത്ത് 1029 ചിങ്ങ മാസം 11-ാം തീയ്യതി ഭരണിനാളിൽ (1853) ആണ് ചട്ടമ്പി സ്വാമികളുടെ ജനനം. കൊല്ലൂർ എന്ന സ്ഥലത്തെ ഉള്ളൂർക്കോട്ടു കുടുംബത്തിൽ തിരുനങ്കയുടേയും വാസുദേവശർമ്മ എന്ന മലയാള ബ്രാഹ്മണൻെറയും മകനായിരുന്നു സ്മര്യ പുരുഷൻ. ദരിദ്രമായ കുടുംബത്തിൽ ജനിച്ച ഈ ബാലന് ശരിയായ അക്ഷരാഭ്യാസം നൽകുവാൻ പോലും മതാപിതാക്കൾക്ക് സാധിച്ചിരുന്നില്ല. കുട്ടിക്ക് കുഞ്ഞൻ എന്നാണ് അച്ഛനമ്മമാർ നൽകിയിരുന്ന നാമധേയം. പത്തു വയസ്സായിട്ടും അക്ഷരജ്ഞാനം ലഭിച്ചിട്ടില്ലാതിരുന്ന ഈ കുട്ടി സ്വന്തം പ്രയത്നത്താലും മുജ്ജന്മവാസനയാലുമാണ് അറിവിൻെറ വീഥിയിലേക്ക് അലഞ്ഞു തിരിഞ്ഞു എത്തിയത്. തന്നെക്കാൾ പ്രായം കുറഞ്ഞ കുട്ടികൾ കളരിയിലേക്കും നിലത്തെഴുത്ത് പള്ളിക്കൂടങ്ങളിലേക്കും പോകുന്നത് ദിവസേന കാണാറുണ്ടായിരുന്ന കുഞ്ഞൻ, താനറിയുന്ന ബാലൻമാരുടെ ഓലകൾ വാങ്ങി നോക്കിയാണ് അക്ഷരലോകത്തേക്ക് കടന്നു വരുന്നത്. അക്കാലത്ത് കൊല്ലൂർമഠത്തിൽ സംസ്കൃതം പഠിപ്പിക്കുവാൻ ഒരു ശാസ്ത്രി വരാറുണ്ടായിരുന്നു. അദ്ദേഹം മറ്റു കുട്ടികൾക്ക് പറഞ്ഞു കൊടുത്ത് പഠിപ്പിക്കുന്നവ, ഗുരുനാഥനോ, അദ്ദേഹത്തിൻെറ വിദ്യാർത്ഥികളോ അറിയാതെ കുഞ്ഞൻ നിത്യേന ഹൃദിസ്ഥമാക്കികൊണ്ടിരുന്നു. ഒരുവർഷത്തോളം അങ്ങനെ ആരുമറിയാതെ ഈ അഭ്യാസം അഭംഗുരും നടന്നു. ഒരു ദിവസം ശാസ്ത്രികൾ കുഞ്ഞൻെറ വിദ്യാചോരണത്തിലുള്ള സാമർത്ഥ്യം പരീക്ഷിച്ചപ്പോൾ, അന്നുവരെ അവിടെ പഠിപ്പിച്ച പാഠങ്ങളെല്ലാം തന്നെ ആ ബാലന് കാണാപ്പാഠമാണെന്ന് മനസ്സിലാക്കി. കുഞ്ഞൻെറ അസാധാരണമായ ജ്ഞാനതൃഷ്ണ കണ്ട ശാസ്ത്രികൾ മറ്റുള്ള കുട്ടികളോടൊപ്പമിരുന്ന് സംസ്കൃതം പഠിച്ചു കൊള്ളുവാൻ അദ്ദേഹത്തെ അനുവദിച്ചു. അങ്ങനെ ശാസ്ത്രികളിൽ നിന്നുമാണ് സിദ്ധരൂപം, അമരകോശം, ലഘു കാവ്യങ്ങൾ തുടങ്ങിയവ വശത്താക്കുന്നത്. അറിവിന് വേണ്ടി ദാഹിച്ചുഴറുന്ന തൻെറ അനുജൻെറ പഠനോത്സാഹത്തിൽ ആകൃഷ്ടനായ ജ്യേഷ്ഠൻ കൃഷ്ണപിള്ള, തിരുവനന്തപുരത്ത് പേട്ടയിലുണ്ടായിരുന്ന രാമൻ പിള്ള ആശാൻെറ കളരിയിൽ കൊണ്ടുചെന്നാക്കി.

സംസ്കൃതത്തിന് പുറമേ തമിഴും സംഗീതവും രാമൻ പിള്ളയിൽ നിന്നുമാണ് കുഞ്ഞൻപിള്ള അഭ്യസിച്ചത്. ആ കളരിയിലെ ചട്ടമ്പി (മോണിറ്റർ) യായി രാമൻപിള്ള നിയമിച്ചത് കുഞ്ഞൻപിള്ളയെയായിരുന്നു. അങ്ങനെയാണ് കുഞ്ഞൻപിള്ളയ്ക്ക് ചട്ടമ്പി എന്ന പദവി ലഭിച്ചതും പിന്നീടദ്ദേഹം ഈ പേരിൽ അറിയപ്പെടാൻ തുടങ്ങിയതും. പഠിപ്പ് സമയം കഴിഞ്ഞുള്ള വിശ്രമവേളയിൽ പ്രകൃതിരമണീയമായ സ്ഥലങ്ങളിൽ ചുറ്റിത്തിരിയുക അദ്ദേഹത്തിൻെറ സ്ഥിരം പതിവായിരുന്നു. മലയോരങ്ങളും കടൽതിരങ്ങളും മൊട്ടുക്കുന്നുകളും അരുവികളും പുളിനങ്ങളുമെല്ലാം അദ്ദേഹത്തിൻെറ ഹൃദയത്തെ ദ്രവീകരിച്ചിരുന്ന മാസ്മരശക്തികളാണ്. പ്രകൃതിയുടെ രമണീയതയിൽ ആമഗ്നനാകുമ്പോഴെല്ലാം ഇവയൊക്കെ അനുഗ്രഹിച്ച് ദാനം നൽകിക്കൊണ്ടിരുന്ന ദൈവമഹിമയെ അദ്ദേഹം ഓർക്കും. ആ ചൈതന്യത്തെ ധ്യാനനിരതനായി നമസ്ക്കരിക്കുകയും ചെയ്യും. ഒരി ക്കൽ ചട്ടമ്പിയെ ആശാൻെറ ഗൃഹത്തിൽ നിന്നും കാണാതായി. ഏറെ വൈകിട്ടും യാതൊരു വിവരവും കിട്ടാതായപ്പോൾ ആശാൻ തൻെറ ശിഷ്യൻമാരെ ചട്ടമ്പിയെ തിരക്കി പറഞ്ഞയച്ചു. ചൂട്ടും പന്തവുമൊക്കെയായി അവർ തിരച്ചിൽ തുടങ്ങി. അവസാനം കളരിക്കടുത്ത് തന്നെയുള്ള ഒരു ഭദ്രകാളിക്ഷേത്രത്തിൽ അവരുടെ സതീർത്ഥ്യനെ കണ്ടു. ഭദ്രകാളീ വിഗ്രഹത്തോടു ചേർന്നു ധ്യാനനിമഗ്നനായിരിക്കുകയായിരുന്നു അദ്ദേഹം. വിവരമറിഞ്ഞ് വന്ന ആശാൻ, ശിഷ്യൻെറ സാധനാപരിശീലനത്തെ അഭിനന്ദിച്ചുകൊണ്ട് ചട്ടമ്പിയെ തിരിച്ച് വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി.

അധികകാലം രാമൻപിള്ളയുടെ ശിക്ഷണത്തിൽ കഴിയുവാൻ അദ്ദേഹത്തിന് സാധിച്ചില്ല. എന്ത് പണി ചെയ്തും ദരിദ്രമായ കുടുംബത്തെ മുഴുപട്ടിണിയിൽ നിന്നും രക്ഷിക്കുവാനുള്ള ശ്രമമാണ് കളരി വിടുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. തിരുവനന്തപുത്ത് അക്കാലത്ത് പുതിയ ഹജൂർ കച്ചേരിയുടെ നിർമ്മാണം നടക്കുന്ന സമയമായിരുന്നു. അവിടെ ഒരു സാധാരണ കൂലിവേലക്കാരനായി അദ്ദേഹം കഴിച്ചുകൂട്ടി. "ഈ കച്ചേരിക്ക് ഞാനും കുറച്ച് മണ്ണ് ചുമന്നിട്ടുള്ളവനാണ്," എന്ന് സ്വാമികൾ പിന്നീട് പറയുമായിരുന്നു. ജ്യേഷ്ഠൻ കൃഷ്ണപിള്ളക്ക് ആധാര

മെഴുത്തായിരുന്നു തൊഴിൽ. അനുജൻ കുഞ്ഞൻപിള്ള ചട്ടമ്പിയുടെ കൈയ്യക്ഷരമാവട്ടെ വടിവൊത്തതും. ജ്യേഷ്ഠൻ ചട്ടമ്പിയെ നെയ്യാറ്റിൻകരയിലേക്ക് കൂട്ടിക്കൊണ്ടുപോയി ആധാരമെഴുത്ത് തൊഴിൽ നൽകി. കുറച്ചുകാലത്തിന് ശേഷം ഈ ജോലിയും വേണ്ടെന്ന് വെച്ച് വീണ്ടും സ്വദേശത്തേക്ക് മടങ്ങി. തിരുവനന്തപുരത്ത് 'ജ്ഞാനപ്രജാഗരം' എന്ന ഒരു സഭ അക്കാലത്തുണ്ടായിരുന്നു. നിത്യേന മതപ്രസംഗങ്ങളും ദാർശനികചർച്ചകളും സംവാദങ്ങളും അവിടെ നടക്കുകയും പതിവാണ്. കുഞ്ഞൻപിള്ള എല്ലാ ദിവസവും ഈ യോഗങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ടിരുന്നു. ഇവിടെ വെച്ചാണ് തൈയ്ക്കാട്ടു അയ്യാവു എന്ന യോഗീശ്വരനുമായി കുഞ്ഞൻപിള്ള പരിചയപ്പെടുന്നത്. അയ്യാവ് സുബ്രഹ്മണ്യോപാസകനും ഹഠയോഗിയുമായിരുന്നു. തമിഴിലെ പല ഹഠയോഗാഭ്യാസങ്ങളും അയ്യാവു കുഞ്ഞൻപിള്ളയെ അഭ്യസിപ്പിച്ചു. ഗുൻതിമാർഗ്ഗങ്ങളും ഇക്കാലത്താണ് അദ്ദേഹം പരിശീലിച്ചത്. തന്റെ ജ്ഞാനതൃഷ്ണയ്ക്ക് ഒരളവോളമെങ്കിലും ശമനം കിട്ടുവാൻ തൈയ്ക്കാട്ടു അയ്യാവുമായുണ്ടായിരുന്ന അടുത്തബന്ധം അദ്ദേഹത്തെ സഹായിച്ചു. പിന്നീട് ശ്രീനാരായണഗുരുവിന് അയ്യാവുവിനെ പരിചയപ്പെടുത്തികൊടുക്കുന്നതും കുഞ്ഞൻപിള്ള ചട്ടമ്പിയായിരുന്നു. അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തെ വികസ്വരമാക്കാൻ ഏറെ സഹായിച്ച മറ്റൊരു പണ്ഡിതൻ, തമിഴിൽ 'ഇലക്കണവിളക്കം' എന്ന മഹാഗ്രന്ഥമെഴുതിയ സ്വാമിനാഥദേശികർ എന്ന മഹാനാണ്. തമിഴിലെ വേദാന്തപ്രകരണങ്ങളെല്ലാം കുഞ്ഞൻപിള്ള അഭ്യസിച്ചത് ഇദ്ദേഹത്തിൽ നിന്നാണ്.

നവരാത്രിയോടനുബന്ധിച്ച് തിരുവനന്തപുരത്ത് സംഘടിപ്പിക്കാറുള്ള വിദ്വൽ സദസ്സിൽ കേരളത്തിലേയും തമിഴ്നാട്ടിലേയും മഹാപണ്ഡിതൻമാരൊക്കെ ഒത്തുകൂടാറുണ്ടായിരുന്നു. അത്തരം ഒരു സദസ്സിൽ പങ്കെടുക്കുവാനെത്തിയ സുബ്ബയ്യാ ജടാപാഠി എന്ന വേദാന്തിയുമായി പരിചയത്തിലായ കുഞ്ഞൻ പിള്ള, അദ്ദേഹത്തിന്റെ ക്ഷണം സ്വീകരിച്ച് ജടാപാഠിയോടൊപ്പം അദ്ദേഹത്തിന്റെ സ്വദേശമായ കല്ലടക്കുറിശ്ശിയിലേക്ക് പോയി. സുദീർഘമായ നാലുവർഷം ജടാപാഠി യുടെ അരുമശിഷ്യനായി വർത്തിച്ച കുഞ്ഞൻപിള്ള ചട്ടമ്പി, സംസ്കൃതത്തിലും തമിഴിലും ഉള്ള വേദവേദാന്താദിസകല ശാസ്ത്രങ്ങളും പഠിച്ചു. ഗുരുനാഥന്റെ അനുഗ്രഹാശിസ്സുകൾ സ്വീകരിച്ച് അവിടെനിന്നും പോന്ന കുഞ്ഞൻ പിള്ള ചട്ടമ്പി പിന്നെ ദീർഘമായ ദേശാടനത്തിനാണ് തയ്യാറായത്. കർണ്ണാടകം, തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങളിലൊക്കെ ഒരു സത്യാന്വേഷകന്റെ പരിപക്വതയോടെ അദ്ദേഹം സഞ്ചരിച്ചു. ജീവിതത്തിലെ വൈവിദ്ധ്യമാർന്ന വ്യവഹാരമണ്ഡലങ്ങളൊക്കെ ഈ ജ്ഞാനോപാസകന്റെ സൂക്ഷ്മനിരീക്ഷണത്തിന് വിധേയമായി. ഇക്കാലത്താണ് സിദ്ധനും പണ്ഡിതനുമായ ഒരു മുസ്ലിംയോഗിവര്യനുമായി അദ്ദേഹം സമ്പർക്കത്തിലേർപ്പെടുന്നത്. ഇസ്ലാമിന്റെ അന്തഃസത്ത മനസ്സിലാക്കുവാനും വിശുദ്ധഖുർആന്റെ ശാശ്വതമൂല്യം ശരിക്കറിയുവാനും അദ്ദേഹത്തിന് അങ്ങനെ അവസരം കിട്ടി. ശാന്തിയുടെ, സമാധാനത്തിന്റെ മതമായ ഇസ്ലാമിനോട് അദ്ദേഹത്തിന് ഭക്ത്യാദരവുണ്ടാകുകയും ചെയ്തു. തന്റെ ചിന്തക്കും ദർശനങ്ങൾക്കും ഇവയൊക്കെ ചാലകചൈതന്യമായി വർത്തിച്ചിരുന്നു. ഇതുപോലെ മരുത്വാമലയിൽ തപസ്സനുഷ്ഠിച്ച് ആത്മസാക്ഷാത്ക്കാരം നേടിയ കുമാരവേലു, ബ്രഹ്മവിദ്യയിൽ അവഗാഹനായ ഒരു അവധൂതശ്രേഷ്ഠൻ ഇവരൊക്കെ കുഞ്ഞൻപിള്ളയുടെ ആത്മീയ ജ്യോതിസ്സിന് ഊർജ്ജം പകർന്നവരാണ്. കുമാരവേലു എന്ന ആത്മാനന്ദസ്വാമികൾ ചാന്നാർ ജാതിയിൽപ്പെട്ട ആളായിരുന്നു. അഗസ്ത്യസമ്പ്രദായത്തിലുള്ള യോഗപരിശീലനങ്ങൾ ഇദ്ദേഹത്തിൽനിന്നുമാണ് കുഞ്ഞൻപിള്ള വശമാക്കിയത്. ബ്രഹ്മവിദ്യയിൽ പ്രവീണനായ യോഗിവര്യനിൽ നിന്നാകട്ടെ ബ്രഹ്മാത്മൈക്യബോധകമായ ജ്ഞാനോപദേശം സിദ്ധിച്ച് ജീവൻമുക്തനാകുവാൻ സാധിക്കുകയും ചെയ്തു. അങ്ങനെ കുഞ്ഞൻപിള്ള, ചട്ടമ്പി സ്വാമികളായി.

ചട്ടമ്പിസ്വാമികൾ കാഷായവസ്ത്രം ധരിച്ചിരുന്നില്ല. എന്നാൽ ആരേയും ആകർഷിക്കത്തക്കതായിരുന്നു സ്വാമികളുടെ ആകാരം. വിസ്തൃതവും ഭസ്മലേപിതവുമായ നെറ്റിത്തടം, നെഞ്ചോളം നീണ്ടുവളർന്ന താടി, ശൗര്യം സ്ഫുരിപ്പിക്കുന്ന പുരികക്കൊടി, കാരുണ്യാകുലമായ കണ്ണുകൾ, സൗമ്യവും പ്രസന്നവുമായ മുഖം, ആജാനബാഹുക്കൾ. ഒരു മുണ്ടും രണ്ടാംമുണ്ടും മാത്രമായിരുന്നു സ്വാമികളുടെ വേഷം. സ്വാമികൾ നാട്ടിൽ തിരിച്ചെത്തിയത് ഒരവധൂതനായിട്ടാണ്. ഉപനിഷത്തുകൾ, മന്ത്രതന്ത്ര ഭേദങ്ങൾ, വാദമുറ, ദർശനങ്ങൾ എന്നുവേണ്ട ആസനങ്ങൾ , വസ്തിവിധി, ധൗതികൾ മുതലായവകളിലും അദ്ദേഹം കൃതഹസ്തനായിതീർന്നു കഴിഞ്ഞിരുന്നു. മല്ലയുദ്ധമുറ, കായികാഭ്യാസം, മർമ്മവിദ്യ എന്നിവയിലുള്ള പാടവം പോലെ സംഗീതത്തിലും സംഗീതോപകരണങ്ങളുടെ ഉപയോഗത്തിലും ഒരുപോലെ വൈദഗ്ദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. ഇതെല്ലാംകൂടിയായപ്പോൾ ജനങ്ങൾ അദ്ദേഹത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ പ്രചരിപ്പിക്കാൻ തുടങ്ങി. ചിലരുടെ കണ്ണിൽ അദ്ദേഹം വെറും കൺകെട്ടുവിദ്യക്കാരനായിരുന്നെങ്കിൽ മറ്റുചിലർ അദ്ദേഹത്തെ ഒരു മഹാമാന്ത്രികനാണെന്ന് കരുതിപ്പോന്നു. എന്നാൽ അദ്ദേഹത്തെ നേരിട്ടറിയുന്നവർക്ക് അദ്ദേഹം ഒരു യോഗാഭ്യാസിയും സിദ്ധനുമാണെന്ന് മനസ്സിലാക്കുവാൻ പ്രയാസം വന്നില്ല. ഇതോടെ ചട്ടമ്പിസ്വാമികൾ വിദ്യാധിരാജനായി. ഈ നേട്ടങ്ങളത്രയും കൈവരിച്ച് നാട്ടിലെത്തിയ അദ്ദേഹത്തിന് അന്ന് 25 വയസ്സ് മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ.

സ്വാമികൾ തന്റെ സിദ്ധികൊണ്ട് പല രോഗങ്ങളും മാറ്റി ക്കൊണ്ടിരുന്നതിന്റെ കഥകൾ നാട്ടിലാകമാനം പരന്നു. മാറാരോഗങ്ങളും, ഭ്രാന്തും, സർപ്പദംശവുമൊക്കെ അദ്ദേഹത്തിന്റെ ചികിത്സകൊണ്ട് മാറിക്കൊണ്ടിരുന്നു. വന്യമൃഗങ്ങൾ തുടങ്ങി എറുമ്പ് വരെയുള്ള ഏത് ജീവിയേയും തന്റെ

ചൊൽപ്പടിക്ക് നിർത്തുവാനുള്ള ആജ്ഞാശക്തി അദ്ദേഹത്തിനുണ്ടായിരുന്നുവെന്ന് നാട്ടിൽ പല കഥകളും പ്രചരിച്ചു. അങ്ങനെ വൈദ്യൻ, മാന്ത്രികൻ, സിദ്ധൻ എന്നീ പേരുകളിലൊക്കെ അദ്ദേഹമറിയപ്പെട്ടു. എന്നാൽ ഏതവസരത്തിലായാലും ഏത് സഞ്ചാരത്തിനിടയിലായാലും പഴയ താളിയോലഗ്രന്ഥങ്ങളും, നാടോടിപ്പാട്ടുകളും, ഐതിഹ്യങ്ങളും ഭൂമിശാസ്ത്ര വിവരണങ്ങളുമൊക്കെ തേടിപ്പിടിക്കുവാൻ ഈ ജ്ഞാനധനൻ സമയംകണ്ടെത്തുമായിരുന്നു. യോഗിവര്യനും ദാർശനികപടുവുമായ ചട്ടമ്പിസ്വാമികൾ താൻ ജീവിക്കുന്ന സമൂഹത്തോടുള്ള പ്രതിബദ്ധത ആത്മാർത്ഥമായി നിറവേറ്റാൻ ബദ്ധകങ്കണനായിരുന്നു. സമൂഹത്തിൽ നിലവിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങൾക്കും അഴിമതികൾക്കും എതിരായി അദ്ദേഹം പ്രതികരിച്ചു. ഉള്ളവനും ഇല്ലാത്തവനും എന്ന വ്യത്യാസം അദ്ദേഹം ആരോടും കാണിച്ചിരുന്നില്ല. ജാതിയമായ ഉച്ചനീചത്വങ്ങൾക്കെതിരേയും അദ്ദേഹം തൻെറ കഴിവനുസരിച്ച് പ്രവർത്തിച്ചിരുന്നു. താഴ്ന്ന ജാതിക്കാരായ ഈഴവരുമായി അദ്ദേഹം കൂടികഴിഞ്ഞിരുന്നതിനു പുറമേ മിശ്രഭോജനവും നടത്തിപ്പോന്നു. കുടുംബങ്ങളുടെ മേളനമാണ് സമൂഹം. ചട്ടമ്പിസ്വാമികൾ കുറേകൂടി ആഴത്തിൽ ഇതു സ്വജീവിതത്തിലൂടെ പ്രാവർത്തികമാക്കി. ചട്ടമ്പിസ്വാമികളുടെ സേവനരംഗവും കർമ്മരംഗവും കേരളത്തിലെ വിവിധ കുടുംബങ്ങളായിരുന്നു. വീടുകളിൽ ചെന്ന് അവിടത്തെ അംഗങ്ങളെ മാനസാന്തരപ്പെടുത്തുകയെന്നതായിരുന്നു അദ്ദേഹം സ്വീകരിച്ച പരിപാടി. കുടുംബങ്ങളുടെ ഉദ്ധാരണത്തിലൂടെ ഒരു സാമൂഹിക വ്യവസ്ഥിതിക്ക് തറക്കല്ലിടുകയെന്നതായിരുന്നു സ്വാമികളുടെ ഉദ്ദേശ്യം. ആത്മസാക്ഷാത്ക്കാരമായിരുന്നു ലക്ഷ്യമെങ്കിലും, സഹജീവികളെ സമുദ്ധരിക്കുകയെന്നത് ജീവിതവ്രതമായി സ്വാമികൾ സ്വീകരിച്ചു.

നായർ സമുദായത്തിൽ പടർന്ന് പിടിച്ചിരുന്ന അപകർഷതാബോധം തുടച്ചുനീക്കുവാനും നായൻമാരിൽ ആത്മവിശ്വാസവും സ്വാശ്രയശീലവും വളർത്തിയെടുക്കുവാനും ചട്ടമ്പിസ്വാമികൾ അനവരതം ശ്രമിക്കുകയുണ്ടായി. ബ്രാഹ്മണമേധാവിത്വം നായൻമാരെ വെറും ദാസൻമാരായി അധഃപതിപ്പിച്ചിരുന്നു. അവരുടെ കുടുംബവ്യവസ്ഥിതി അവർക്കു പറ്റുംവിധമായിരുന്നില്ല. നമ്പൂതിരിക്ക് അനുയോജ്യമാംവിധമായിരുന്നു സംവിധാനം ചെയ്തിരുന്നത്. അദ്ദേഹം നായൻമാരുടെ പൂർവ്വചരിത്രം വരച്ചുകാട്ടുകയും തിരിഞ്ഞുനോക്കി നാണിക്കാനൊന്നുമില്ലെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്തു. നായർസമുദായത്തിലുണ്ടായിരുന്ന അനാചാരങ്ങളെ ഉച്ചാടനം ചെയ്യുന്നതിലും സ്വാമി ശ്രദ്ധാലുവായിരുന്നു. ചുരുക്കത്തിൽ നായർസമുദായത്തെ ഉദ്ധരിക്കുവാനും പുതിയ ആകാശവും പുതിയ ഭൂമിയും ആവിഷ്ക്കരിക്കുവാനും ചട്ടമ്പിസ്വാമികൾ ശ്രമിച്ചു. ഐക്യത്തിനും ജാതീയനിമ്നോന്നതയ്ക്കും എതിരായി അദ്ദേഹം തൻെറ തൂലികയും നാവും ഒരുപോലെ ഉപയോഗിച്ചുകൊണ്ടിരുന്നു. ബഹുദൈവവിശ്വാസത്തിന് പകരം ഏകദൈവവിശ്വാസത്തെ അരയ്ക്കിട്ടുറപ്പിക്കുവാനും ആ നവോത്ഥാനനായകന് സാധിച്ചു. സ്വാമികളുടെ അക്ഷീണ പ്രയത്നഫലമായി നായർ സമുദായം അവരുടെ ദീർഘനിദ്രയിൽ നിന്നും ഉണർന്നു. ക്രൈസ്തവമതപ്രചാരണത്തിനിടയ്ക്ക് മറ്റുള്ള മതങ്ങളെ അവ മതിക്കുക പതിവായിരുന്നു. സ്വാമികൾ ഈ ദുർനയത്തെ എതിർത്തു. 'ക്രിസ്തുമതച്ഛേദനം' എന്ന ഒരു ഗ്രന്ഥം രചിക്കുകയും ചെയ്തു. അതോടൊപ്പം 'ക്രിസ്തുമതസാരം' എന്നൊരു കൃതി കൂടി അദ്ദേഹം എഴുതിയിരുന്നു. മതങ്ങളെല്ലാം മനുഷ്യൻെറ പരിപൂർണ്ണതയ്ക്കുള്ള മാർഗ്ഗങ്ങളാണെന്നതിൻെറ ആദർശം അദ്ദേഹം ഈ കൃതിയിലൂടെ വ്യക്തമാക്കുകയും ചെയ്തു. എന്നാൽ മിഷണറിമാരുടെ പ്രവൃത്തികളെ അദ്ദേഹം എതിർത്തു.

ഭാഷയിലും സാഹിത്യത്തിലും ഗവേഷണതൃഷ്ണയോടുകൂടി അദ്ദേഹം നടത്തിയ അന്വേഷണത്തിൻെറ ഫലമായി വളരെ വിലപ്പെട്ട ഗ്രന്ഥങ്ങൾ സ്വാമി വിരചിട്ടുണ്ട്. 'ആദിഭാഷ', 'പ്രാചീനമലയാളം' തുടങ്ങിയ കൃതികൾ ഭാഷാപഠനത്തിനും കേരളചരിത്രഗവേഷണത്തിനും സഹായിക്കുന്ന കൃതികളാണ്. 'സ്ഥലനാമചരിത്ര'മാണ് മറ്റൊരു സുപ്രധാനകൃതി. അത് പൂർത്തീകരിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. അതു പൂർത്തിയായിരുന്നുവെങ്കിൽ ചരിത്രകാരൻമാർക്കും ഗവേഷകർക്കും വലിയ ഒരു അക്ഷയഖനിയായിരുന്നേനെ. സ്തോത്രങ്ങളും കവിതകളും അനായാസേന രചിക്കുവാൻ സ്വാമികൾക്ക് സാധിക്കുമായിരുന്നു. നിരവധി ഒറ്റ ശ്ലോകങ്ങളും ഭജനഗാനങ്ങളും സ്വാമികൾ രചിച്ചിരുന്നു. ജീവകാരുണ്യവും അതിന്നാസ്പദമായ അഹിംസയും ചട്ടമ്പിസ്വാമികളുടെ ദർശനങ്ങളിലൊന്നായിരുന്നു. അക്കാലത്ത് കേരളത്തിലെ ചില ദേവീക്ഷേത്രങ്ങളിൽ ജന്തുബലി നടത്താറുണ്ടായിരുന്നു. അഹിംസയിലൂടെ മാത്രമേ മുക്തി ലഭിക്കുയുള്ളൂവെന്ന് സ്വാമികൾ തൻെറ അനുയായികളെ ഉപദേശിച്ചിരുന്നതായി കാണാം. അഹിംസാതത്വങ്ങൾ പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം 'ജീവകാരുണ്യനിരൂപണം' എന്നൊരു കൃതി രചിക്കുകയുണ്ടായി. ആദ്ധ്യാത്മികപരിവർത്തനത്തിൻെറ ഒരു നൂതനയുഗം സൃഷ്ടിച്ച സ്വാമികൾ സ്നേഹത്തിൻെറ പ്രതീകമായിരുന്നു. പരമമായ ധർമ്മമെന്ന നിലയിൽ സ്വാമികൾ അഹിംസയെ ആദർശമായി വരിച്ചു. അഹിംസയുടെ പരിപൂർണ്ണാവസ്ഥയെയാണ് മോക്ഷമെന്ന് അദ്ദേഹം നിർവ്വചിച്ചത്. ശ്രീനാരായണഗുരു പലപ്പോഴായി ചട്ടമ്പിസ്വാമികളുമായി ഒന്നിച്ച് താമസിക്കുകയും അദ്ദേഹത്തെ തൻെറ ഗുരുവായി കുരുതുകയും ചെയ്തിരുന്നു. ചട്ടമ്പിസ്വാമികൾ സമർത്ഥിച്ചിട്ടുള്ള ഒരു തത്വം. ഗൃഹസ്ഥാശ്രമിക്കും ആത്മനിർവൃതി സ്വായത്തമാക്കുവാൻ സാധിക്കുമെന്നും സന്യാസവും ലൗകികജീവിതവും ഐക്യരൂപ്യമില്ലാത്തവയാണെന്ന് തെറ്റിദ്ധരിച്ചിട്ട് ആവശ്യമില്ലെന്നും ഉള്ളതാണ്. ഹിന്ദുമതത്തിന് നവചൈതന്യം പ്രദാനം ചെയ്യുവാൻ സ്വാമികളുടെ അശ്രാന്ത പരിശ്രമം കൊണ്ട് സാധിച്ചിരുന്നു.

1089 ചിങ്ങം 8-ാം തിയ്യതിയായിരുന്നു സ്വാമിയുടെ

ഷഷ്ടിപൂർത്തിദിനം. ഈ അവസരത്തിൽ 'ഷഷ്ടിപൂർത്തി പ്രശസ്തി' എന്നൊരു ഗ്രന്ഥവും അവിടെവെച്ച് പ്രകാശനം ചെയ്യുകയുണ്ടായി. സ്വാമികൾ വീണ്ടും നാട്തോറും സഞ്ചരിച്ച് വേദാന്തതത്വങ്ങൾ സാധാരണക്കാരിൽ എത്തിച്ചുകൊണ്ടിരുന്നു. 1098-ാം മാണ്ടോടുകൂടി സ്വാമിയ്ക്ക് ഭക്തനോ, വേദാന്തിയോ അല്ലാത്ത ഒരു ശിഷ്യനെ ലഭിച്ചു. കുമ്പളത്ത് ശങ്കുപിള്ള. അന്ന് കുമ്പളത്ത് ശങ്കുപിള്ളയ്ക്ക് 27 വയസ്സേ പ്രായമുണ്ടായിരുന്നുള്ളവെങ്കിലും അവർ തമ്മിലുണ്ടായിരുന്ന മൈത്രി ദൃഢതരമായിരുന്നു. കുമ്പളത്തിൻെറ വീട്ടിൽ സ്വാമികൾ ഏതാനും കാലം താമസിച്ചിട്ടുണ്ട്. എന്നാൽ വീടിനടുത്തുള്ള ഒരു കാവിലാണ് അദ്ദേഹം അധികസമയവും വിനിയോഗിക്കുക. ഇതിൻെറ കിഴക്ക് വശത്ത് മറ്റൊരു കാവുണ്ടായിരുന്നു. ഒരു ദിവസം ആ കാവ് ഒന്ന് പോയി കാണാമെന്നും പറഞ്ഞ് കമ്പളത്ത് ശങ്കുപിള്ളയുമായദ്ദേഹം അവിടേക്ക് പോയി. "ഇതു വളരെ പുരാതനവും പരിശുദ്ധിയുമുള്ള ഒരു കാവാണ്. ഇതു സമാധി പീഠം ആകുന്നത് കൊള്ളാം," എന്ന് സ്വാമി തന്നോടു പറഞ്ഞതായി കുമ്പളത്ത് ശങ്കുപിള്ള സാക്ഷിപ്പെടുത്തുന്നു. 1099 മേടം 23-ാം തിയ്യതി വൈകിട്ട് സ്വാമി രോഗശയ്യയിൽ നിന്നും പരസഹായത്തോടെ എണീറ്റ് പത്മാസനത്തിൽ ഉപവിഷ്ടനായി. അല്പസമയത്തിനുള്ളിൽ അദ്ദേഹം സമാധിയാകുകയും ചെയ്തു. നേരത്തെ നിർദ്ദേശിച്ചിരുന്നതനുസരിച്ച് ആ പുണ്യകളേബരം പൻമനകാവിൽ വിധിയാംവണ്ണം സമാധിയിരുത്തപ്പെട്ടു.


*1. പ്രൊഫ. ജി. സുകുമാരൻനായർ, ചട്ടമ്പിസ്വാമികൾ, നവകേരളശില്പികൾ പരമ്പര, ഹിസ്റ്ററി അസോസിയേഷൻ, എറണാകുളം 11, 1982.*

*2. കെ. ഭാസ്കരൻപിള്ള, ചട്ടമ്പിസ്വാമികൾ, എൻ.ബി.എസ്. കോട്ടയം.*

*3. ചട്ടമ്പിസ്വാമികൾ, വേദാധികാര നിരൂപണം, വിദ്യാധിരാജസഭ, തിരുവനന്തപുരം.*

*4. ചട്ടമ്പിസ്വാമികൾ, പ്രാചീനമലയാളം, കൊല്ലം.*

*5. Chattambi Swamigal, K.P.K. Menon, Published by P.G. Narayanan Pillai, 1969, Thiruvananthapruam.*


നവോത്ഥാന നായകന്മാർ

# I. സെയ്യിദ് സനാഉല്ലാഹ് മക്തിതങ്ങൾ

കേരളമുസ്ലിംകളെ നവോത്ഥാനത്തിൻെറ പൊൻപുലരിയിലേക്ക് കൈപിടിച്ച് ഉയർത്തിക്കൊണ്ടുവന്ന മഹാനാണ് മക്തിതങ്ങൾ. സമുദായ ഉദ്ധാരണ തേരാളികളിൽ അഗ്രേസരനായിരുന്ന മക്തിതങ്ങളുടെ പൂർവ്വികൻമാർ അറേബിയായിലെ സെയ്യിദ്വംശത്തിൽപ്പെട്ട സഖാഫ് ഗോത്രക്കാരാണ്. ചരിത്ര പുരുഷൻെറ പിതാമഹനായിരുന്ന സെയ്യിദ് മുഹമ്മദ് മഖ്ദൂം സഖാഫ്തങ്ങൾ കുടുംബസമേതം വെളിയങ്കോട് സ്ഥിരതാമസമാക്കി. അദ്ദേഹത്തിൻെറ പുത്രനായിരുന്ന സെയ്യിദ് അഹമ്മദ്തങ്ങളാണ് സെയ്യിദ് സനാഉല്ലാഹ്മക്തി തങ്ങളുടെ പിതാവ്. എ.ഡി. 1847ലാണ് മക്തിതങ്ങൾ ഭൂജാതനായത്. അദ്ദേഹത്തിൻെറ മാതാവും സഖാഫ് ഗോത്രക്കാരി തന്നെയായിരുന്നു. പിതൃസന്നിധിയിൽ നിന്നുതന്നെയാണ് മക്തിതങ്ങൾ പ്രാഥമിക അറബിഭാഷാ പഠനം നടത്തിയത്. പിന്നീട് ചാവക്കാട് ഹയർ എലിമെൻററി സ്കൂളിൽ പഠിച്ചു. വെളിയങ്കോട്, മാറഞ്ചേരി, പൊന്നാനി പള്ളിദർസുകളിൽ നിന്നും മതപരമായ ഉപരിപഠനം നേടുകയും ചെയ്തു. വിദ്യാഭ്യാസാനന്തരം തങ്ങൾ അവർകൾക്ക് എക്സൈസ് ഇൻസ്പെക്ടറുടെ ജോലി ലഭിച്ചു.

സനാഉല്ലാഹ്മക്തിതങ്ങൾ മലയാളം, അറബി ഭാഷകൾക്കുപുറമെ ഇംഗ്ലീഷ്, ഹിന്ദുസ്ഥാനി, ഫാർസി, തമിഴ് മുതലായ ഭാഷകളിലും പരിജ്ഞാനം നേടിയ വ്യക്തിയാണ്. പ്രഗത്ഭനായ വാഗ്മി, പ്രസിദ്ധനായ മതപണ്ഡിതൻ എന്നീ നിലകളിൽ ഔദ്യോഗിക കാലത്ത് തന്നെ അറിയപ്പെട്ടിരുന്ന മക്തിതങ്ങൾ അക്ഷീണനായ വായനാശീലം ഉള്ളവനും കൂടിയായിരുന്നു. അക്കാലത്ത് കേരളത്തിലെ ക്രൈസ്തവ മിഷണറിമാർ ഇസ്ലാമിനേയും, പ്രവാചകനേയും നിശിതമായി വിമർശിച്ചും ആരോപണങ്ങളും ദുഷ്പ്രചാരണങ്ങളും നടത്തിയും ജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാക്കികൊണ്ടിരുന്നു. പ്രസംഗങ്ങൾക്കും പ്രഭാഷണങ്ങൾക്കും പുറമെ, നിരവധി പുസ്തകങ്ങളും ലഘുലേഖകളും തദ്വിഷയമായി പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ക്രൈസ്തവപത്രങ്ങളും ഈ നിലപാട് തന്നെയാണ് സ്വീകരിച്ചത്. ബ്രിട്ടീഷ് ഗവൺമെൻറിൻെറ പരോക്ഷമായ സഹായസഹകരണങ്ങളോടുകൂടിയാണ് സംഘടിതമായ ഈ ദുഷ്പ്രചാരണം അരങ്ങേറിയിരുന്നത്. മതത്തിനും സമുദായത്തിനും എതിരായി ആസൂത്രിതമായി നടന്നുകൊണ്ടിരുന്ന ഈ നീചപ്രവർത്തനങ്ങൾക്കെതിരായി അതേ നാണയത്തിൽ തന്നെ മറുപടി കൊടുക്കുവാൻ മതപണ്ഡിതൻമാരിൽ നിന്നും ആരും മുന്നോട്ടുവന്നിരുന്നില്ല. ഈ അനാഥസ്ഥിതി കണ്ട് മനംനൊന്ത് സമുദായ സ്നേഹിയായ അദ്ദേഹം തൻെറ ശേഷിയും ശേമുഷിയും സമുദായത്തിൻെറ ഉദ്ധാരണത്തിനു വേണ്ടി സമർപ്പിച്ചു. അതിൻെറ പ്രാരംഭമായി 35 വയസ്സ് മാത്രം പ്രായമായിരുന്ന അദ്ദേഹം അക്കാലത്ത് സർക്കാർജോലി രാജിവെച്ച് ഗോദാവിലേക്കിറങ്ങി. ഇത് 1882ൽ ആയിരുന്നു. ക്രൈസ്തവ മതസാഹിത്യങ്ങളെ സാഹിത്യരചന മുഖേനയും മിഷണറി പ്രഭാഷണങ്ങളെ ഖണ്ഡന പ്രസംഗങ്ങൾവഴിയും അദ്ദേഹം നേരിട്ടു. അത് കേരളത്തിലെ മുസ്ലിംകളിൽ ആകമാനം നവചൈതന്യവും ആദർശബോധവും അങ്കുരിപ്പിച്ചു. ചിന്താഭാസുരങ്ങളായ ലേഖനങ്ങൾ, യുക്തിസഹമായ മതപ്രബോധനങ്ങൾ എന്നിവയിലൂടെ മിഷണറിമാരുടെ ദുരാരോപണങ്ങളുടെ പൊള്ളത്തരം, പുറത്ത് കൊണ്ടുവരിക മാത്രമല്ല, ക്രൈസ്തവമതത്തിലെ വികലതകളെ അനാവരണം ചെയ്യുന്നതിലും അനൽപ്പമായ സാമർത്ഥ്യമാണദ്ദേഹം

കാണിച്ചത്. 1884ൽ തന്നെ കേരളത്തിലെ ക്രൈസ്തവ മിഷണറിമാരെ ആകമാനം പ്രതിക്കൂട്ടിൽ കയറ്റിക്കൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസിദ്ധമായ 'കഠോര കുഠാരം' എന്ന ഗ്രന്ഥം പുറത്തുവന്നു. മതപ്രബോധനരംഗത്ത് വലിയ കോളിളക്കം സൃഷ്ടിച്ച ഈ ഗ്രന്ഥം പോലെ തന്നെ പ്രസിദ്ധമായിരുന്നു, 1892ൽ തിരുവനന്തപുരത്തു നിന്ന് പ്രസിദ്ധീകരിച്ച 'ക്രിസ്തീയ അജ്ഞേയ വിജയം അഥവാ പാർക്കലീത്താ പോർക്കളം' എന്ന വിജ്ഞാനപ്രദമായ ഗ്രന്ഥവും. ഈ ഗ്രന്ഥത്തിന് ഖണ്ഡനം എഴുതുന്നവർക്ക് അക്കാലത്ത് ഇരുനൂറ് രൂപ പാരിതോഷികം നൽകുന്നതാണെന്നും വിളംബരം ചെയ്തിരുന്നു. ധീരമായ ഈ വെല്ലുവിളിയെ നേരിടുവാൻ കഴിഞ്ഞില്ലെങ്കിലും വലിയ വില കൊടുത്ത് ഈ പുസ്തകത്തിന്റെ കിട്ടാവുന്ന കോപ്പികളൊക്കെ വാങ്ങി ക്രൈസ്തവ മിഷണറിമാർ നശിപ്പിച്ചുകൊണ്ടിരുന്നു.

ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞശേഷം കൊച്ചിയിലായിരുന്നു മക്തിതങ്ങളുടെ അധിവാസം. വിവാദങ്ങളായ മതപ്രശ്നങ്ങൾ പാതിരിമാരുമായി ചർച്ച നടത്തുവാനും മാദ്ധ്യസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ വാഗ്വാദങ്ങൾ നടത്തുവാനും അദ്ദേഹം സദാ തയ്യാറുമായിരുന്നു. മതങ്ങളിലുള്ള അദ്ദേഹത്തിന്റെ അപാരമായ പരിജ്ഞാനം എതിരാളികളെ മുട്ടുകുത്തിക്കുവാൻ എപ്പോഴും സഹായമായി നിൽക്കുകയും ചെയ്തു. ഈ യാഥാർത്ഥ്യം വ്യക്തമാക്കുന്ന കൃതികളാണ് ക്രൈസ്തവ വായടപ്പ്, ത്രിശ്ശിവപേരൂർ ദൈവപുത്രർക്കുള്ള സമ്മാനക്കുറിപ്പ്, ത്രിശ്ശിവപേരൂർ ക്രസ്തീയ മതംമതിപ്പ്, കുഠാര വജ്രം മുതലായവ. മതപ്രചാരണത്തിനും സമുദായ പരിഷ്ക്കരണത്തിനും ഉപകരിക്കുന്നതിനായി അദ്ദേഹം പ്രസിദ്ധീകരിച്ച ലഘുലേഖകളും പുസ്തകങ്ങളും വളരെയുണ്ട്. ഇതിന് മുമ്പ് പരാമർശിച്ചവക്ക് പുറമെ രണ്ട് ഡസനിലധികം ഗ്രന്ഥങ്ങൾ രചിച്ച മക്തി തങ്ങൾ ലക്ഷ്യബോധത്തോടും, സോദ്ദേശ്യത്തോടും കൂടിയാണ് ഇവയെല്ലാം എഴുതിയിട്ടുള്ളത്. ക്രൈസ്തവമിഷണറിമാർ കഠിനമായ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്ന സന്ദർഭത്തിൽ തന്നെ സമുദായത്തിലെ യാഥാസ്ഥിതിക പണ്ഡിതൻമാരും അവരുടെ അനുയായികളും അദ്ദേഹത്തേയും അദ്ദേഹം പ്രചരിപ്പിച്ചുകൊണ്ടിരുന്ന നവീന ആശയങ്ങളെയും, ശക്തിയായി എതിർത്തു കൊണ്ടിരുന്നു. അങ്ങനെ സ്വസമുദായത്തിൽ നിന്നും ഇതര സമുദായങ്ങളിൽ നിന്നും തന്റെ നേർക്ക് എയ്ക്കപ്പെട്ട കൂരമ്പുകളൊക്കെ ക്ഷമയോടും സഹനശക്തിയോടും കൂടി നേരിട്ട് വിജയം കൈവരിച്ച വില്ലാളി വീരനായിരുന്നു മക്തി തങ്ങൾ.

സമുദായത്തിൽ പരക്കെ നിലനിന്നിരുന്ന അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും എതിർക്കുവാൻ ഈ നൂറ്റാണ്ടാരംഭിക്കുന്നതിന് മുമ്പ് സമുദായത്തിൽ ആരും തന്നെ ഉണ്ടായിരുന്നില്ലെന്ന് പറയാം. തലശ്ശേരിയിലും വടകരയിലും അദ്ദേഹത്തെ കൂക്കി വിളിക്കുകയും കല്ലെറിയുകയും ആഭിചാര വാക്കുകൾ കൊണ്ട് അഭിഷേകം ചെയ്യുകയും ചെയ്ത സംഭവങ്ങൾ അദ്ദേഹം തന്നെ തന്റെ ആത്മകഥയായ 'മക്തി മനഃക്ലേശത്തിൽ' വിവരിക്കുന്നുണ്ട്. എതിർപ്പുകളെ ക്ഷമാശീലനായ അദ്ദേഹം നയതന്ത്രപരമായി കൈകാര്യം ചെയ്തിരുന്നു. എതിരാളികൾക്കുകൂടി അദ്ദേഹത്തിന്റെ ആത്മാർത്ഥതയിലും പാണ്ഡിത്യത്തിലും സംശയിക്കുവാൻ സാധിക്കുമായിരുന്നില്ല. സമുദായത്തിൽ മാറ്റത്തിന്റെ കാഹളം മുഴക്കിയ ഈ ഉൽപ്പതിഷ്ണു ഹദീസിനും ആയത്തിനും സ്വാർത്ഥമോഹികളായ മതപണ്ഡിതൻമാർ നൽകിയിരുന്ന തെറ്റായ വ്യാഖ്യാനത്തെ നഖശിഖാന്തം എതിർത്തു. മാനസികവും സാമ്പത്തികവുമായ അധഃപതനത്തിലേക്ക് വഴിവെക്കുന്ന നേർച്ചകളും, അന്ധവിശ്വാസങ്ങളും ഉൻമൂലനം ചെയ്യുവാൻ ദീനിന്റെ പേരിൽ സമുദായത്തെ അദ്ദേഹം ഓർമ്മപ്പെടുത്തികൊണ്ടിരുന്നു. അറബി പഠിക്കലും പഠിപ്പിക്കലും ആധുനിക രീതിയിലേക്ക് കൊണ്ടു വരുവാൻ പരിശ്രമിച്ച ആദ്യത്തെ പരിഷ്ക്കർത്താവാണദ്ദേഹം. മുഅല്ലിമുൽ ഇഖ്‌വാൻ എന്ന വ്യാകരണ ഗ്രന്ഥം വഴി അറബി മലയാളലിപി പരിഷ്ക്കരിക്കുവാനുള്ള യത്നം മാത്രമല്ല, മലയാളഭാഷയുമായി കൂടുതൽ സമ്പർക്കം പുലർത്താൻ ഉതകുന്നവിധം അറബി മലയാളത്തെ നവീകരിക്കുവാനുള്ള ശ്രമവും അദ്ദേഹം നടത്തിയിരുന്നു. അതുപോലെ തന്നെ ആധുനിക വിദ്യാഭ്യാസം ലഭിച്ചെങ്കിൽ മാത്രമേ സമുദായത്തിന് പുരോഗമിക്കുവാൻ സാധിക്കുകയുള്ളൂവെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയിരുന്ന മക്തി തങ്ങൾ ഇംഗ്ലീഷും മലയാളവും അഭ്യസിക്കുവാൻ ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. 'മുസ്ലിംകളും വിദ്യാഭ്യാസവും' എന്ന ഗ്രന്ഥത്തിലൂടെ വിപ്ലവകരമായ ഈ ആശയമാണദ്ദേഹം അവതരിപ്പിച്ചത്. 'നാരീ നരാഭിചാരി' എന്ന പുസ്തകം വഴി സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ ഊന്നിപ്പറയുവാനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. ഈ നൂറ്റാണ്ടാരംഭത്തിൽ ആധുനിക വിദ്യാഭ്യാസത്തെപ്പറ്റി സംസാരിക്കുകയും അത് സ്ത്രീകൾക്കുകൂടി നൽകണമെന്ന് ഉത്ബോധിപ്പിക്കുകയും ചെയ്യുവാൻ അധികമാരും മിനക്കെടുമായിരുന്നില്ല. ഈ രണ്ട് ഭാഷയും നരകത്തിലെ ഭാഷയാണെന്നും അവ പഠിക്കുന്നത് ഇസ്ലാമിന് വിരുദ്ധമാണ് എന്നുമായിരുന്നു പ്രചാരത്തിലിരുന്ന വിശ്വാസം. അദ്ദേഹത്തിന്റെ ധീരമായ അഭിപ്രായങ്ങൾ മതത്തിനെതിരാണെന്ന വാദവുമായി യാഥാസ്ഥിതികവിഭാഗത്തിൽപ്പെട്ടവർ അദ്ദേഹത്തെ കേസ്സുകളിൽ പോലും കുടുക്കിയിരുന്നു. അങ്ങനെ എല്ലാ നിലകളിലും എതിർപ്പുകൾ സഹിച്ചുകൊണ്ടാണ് മക്തിതങ്ങൾ സ്വസമുദായത്തെ കൂരിരുട്ടിൽനിന്നും പ്രകാശത്തിലേക്കാനയിച്ചത്. ത്യാഗസുരഭിലമായ അദ്ദേഹത്തിന്റെ ജീവിതം ആത്മാർപ്പണത്തോടുകൂടി സമുദായ സേവനത്തിൽ അധിഷ്ഠിതമായിരുന്നു.

ഗ്രന്ഥകാരനും വാഗ്മിയുമായിരുന്ന മക്തിതങ്ങൾ തന്റെ ആശയപ്രചാരണത്തിനായി എല്ലാ മാധ്യമങ്ങളും പ്രയോജനപ്പെടുത്തി. 1899ൽ 'സത്യപ്രകാശം' എന്നൊരു മാസിക കൊച്ചിയിൽ നിന്നും പ്രസിദ്ധീകരിച്ചു. സത്യപ്രകാശത്തിലൂടെ ഇസ്ലാമിന്റെ ചൈതന്യവും പ്രകാശവും പരത്തുവാനും തൽപ്പരകക്ഷികൾ വികൃതമാക്കിയ അതിന്റെ മുഖം ശരിയാംവിധം

പുനഃസ്ഥാപിക്കുവാനും അദ്ദേഹം നടത്തിയ ശ്രമങ്ങൾ ആർക്കും മറക്കുവാൻ കഴിയുന്നതല്ല. സത്യപ്രകാശത്തിന്റെ പ്രസിദ്ധീകരണം നിലച്ചതോടുകൂടി പരോപകാരിയെന്ന മറ്റൊരു മാസികയും അദ്ദേഹം നടത്തി. കൊച്ചിയിൽ നിന്നുതന്നെ അദ്ദേഹം ഒരു അറബി മലയാളപത്രവും പ്രസിദ്ധീകരിച്ചു. തുഹ്ഫത്തുൽ അഖ്യാർ വ ഹിദായത്തുൽ അസ്റാർ എന്നായിരുന്നു പ്രതിപക്ഷപത്രത്തിന്റെ പേര്. 1909ൽ വീണ്ടും തുർക്കി സമാചാരം എന്ന ഒരു സായാഹ്നപത്രവും അദ്ദേഹം ആരംഭിച്ചു. ഇവയിലൂടെ അദ്ദേഹം നടത്തിയിരുന്ന പ്രബോധനങ്ങളും ഉത്ബോധനങ്ങളും സമുദായത്തിൽ വിവേകികളുടേയും ചിന്താശീലരുടേയും ചെറിയ ഒരു സമൂഹത്തെയെങ്കിലും സൃഷ്ടിച്ചെടുക്കുവാൻ സാധിച്ചു. അവരാണ് അദ്ദേഹം കൊളുത്തിയ നവോത്ഥാനത്തിന്റെ ദീപശിഖ അണയാതെ സൂക്ഷിച്ചവർ. കൂട്ടത്തിൽ അതീവ സ്മരണീയരായിട്ടുള്ളവരാണ് കെ.എം. മൗലവി, ഇ.കെ. മൗലവി, വല്ലാഞ്ചിറ കുഞ്ഞിമോയി ഹാജി, പി.എം. മുത്തുക്കോയ തങ്ങൾ, വി.എം. മൊയ്തുണ്ണി മുസ്ലിയാർ, ചേക്കുമൊല്ല മുതലായവർ. ഖുർആൻ മലയാളഭാഷയിൽ പരിഭാഷപ്പെടുത്തണമെന്നുള്ള അഭിപ്രായക്കാരനായിരുന്നു സ്മര്യപുരുഷൻ. അതിനുള്ള ശ്രമവും അദ്ദേഹം തന്നെ നടത്തിയിരുന്നു. ഉൽപ്പതിഷ്ണുവായ ഈ ദീനി സ്നേഹി അക്കാലത്ത് മലബാറിൽ ഇടയ്ക്കിടെ ഉണ്ടായിക്കൊണ്ടിരുന്ന മാപ്പിള ലഹളകൾ കൊണ്ട് സമുദായത്തിന് യാതൊരു ഗുണവും ലഭിക്കുകയില്ലായെന്ന് തുറന്ന് പറയുമായിരുന്നു. മഹാനായ ഈ പോരാളി 1912ൽ കുറച്ചുകാലത്തെ അസുഖത്തിന് ശേഷം കൊച്ചിയിൽ നിര്യാതനായി. അപ്പോൾ അദ്ദേഹത്തിന് 65 വയസ്സായിരുന്നു പ്രായം. അബ്ദുൽ റശീദ് എന്ന പുത്രനും ഒരുമകളും മാത്രമായിരുന്നു സന്താനങ്ങൾ. അവരുടെ പിൻഗാമികളിലാരും ഇന്ന് ജീവിച്ചിരിപ്പില്ല. മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ 1981ൽ കേരള ഇസ്ലാമിക് മിഷൻ തിരൂർ - 6 പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## II മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി

സമുദായ പരിഷ്കർത്താക്കളിൽ സുപ്രധാനിയായിരുന്നു ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി. നിശ്ചലമായി കിടന്ന സമുദായത്തെ തട്ടിയുണർത്തി പരിഷ്ക്കരണ പാതയിലേക്ക് വഴികാട്ടിക്കൊടുത്ത പണ്ഡിതനായിരുന്നു അദ്ദേഹം. പഴഞ്ചൻ സമ്പ്രദായങ്ങളെ എതിർത്തും നവീന പദ്ധതികൾ ആവിഷ്ക്കരിച്ചും മാറ്റത്തിന്റെ കാഹളം മുഴക്കിയ കുഞ്ഞഹമ്മജ് ഹാജി മത-സാമുദായിക രംഗങ്ങളിൽ നൽകിയ സംഭാവന അനിതരസാധാരണമാണ്. തിരൂരങ്ങാടിയിലെ മത പാരമ്പര്യമുള്ള ഉന്നത തറവാട്ടിലാണ് ഹിജ്റഃ 1275ൽ കുഞ്ഞഹമ്മദ് ഹാജി ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസം നടത്തിയത് കോഴിക്കോടായിരുന്നു. അറബി ഭാഷയോടൊപ്പം മലയാളവും ഇംഗ്ലീഷും സ്കൂളിൽ നിന്നും അദ്ദേഹം പഠിച്ചു. കോടഞ്ചേരി അഹമ്മദ്കുട്ടി മുസ്ലിയാർ, സാമാതുലനായ അലി ഹസ്സൻ മുസ്ലിയാർ, വളപ്പിൽ അബ്ദുൽ അസീസ് മുസ്ലിയാർ, തട്ടാങ്ങര കുട്ടിയമ്മു മുസ്ലിയാർ എന്നീ പണ്ഡിതൻമാരുടെ സന്നിധിയിൽ നിന്നും മതപഠനം നിർവ്വഹിച്ച അദ്ദേഹം ഉപരിപഠനാർത്ഥം വെല്ലൂർ ലത്തീഫിയ്യ അറബി കോളേജിൽ ചേർന്നു. പ്രസിദ്ധരായ പല മതപണ്ഡിതൻമാരും ലത്തീഫിയ്യ കോളേജിൽ അക്കാലത്തുണ്ടായിരുന്നു. മലബാറിൽ നിന്നും ലത്തീഫയ്യയിൽ ഉപരിപഠനത്തിനെത്തിയ ആദ്യത്തെ വിദ്യാർത്ഥിയെന്ന ബഹുമതിയും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ ഗുരുനാഥൻമാരുടെ ശിക്ഷണത്തിന്റെ ഫലമായും സ്വന്തം നടത്തിയ അക്ഷീണപ്രയത്നത്തിന്റെ ഫലമായും ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി മത വിജ്ഞാനത്തിന്റെ വിവിധ ശാഖകളിൽ പ്രാവീണ്യം നേടി. മലയാള ഭാഷയും വ്യാകരണവും പഠിക്കുക അക്കാലത്ത് പതിവുള്ളതായിരുന്നില്ല. കുഞ്ഞഹമ്മദ് ഹാജിയുടെ സവിശേഷതയായി എടുത്ത് പറയേണ്ട കാര്യമാണ് മാതൃഭാഷയോടുണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രതിപത്തി.

അറബിയിലും മലയാളത്തിലും ഓജസ്സുള്ള ശൈലിയിൽ ഭംഗിയായി എഴുതുവാനും പ്രസംഗിക്കുവാനും അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് സ്തുത്യർഹമാണ്. ബഹുഭാഷാ പണ്ഡിതനെന്ന് വിശേഷിപ്പിക്കാവുന്ന വിധം അറബി, മലയാളം ഭാഷകൾക്കു പുറമെ ഉറുദു, തമിഴ്, പേർഷ്യൻ, ഇംഗ്ലീഷ് എന്നീ ഭാഷകളും അദ്ദേഹത്തിന് വശമുണ്ടായിരുന്നു. 'നൊസ്സ്' വായനയെന്നു പറഞ്ഞ് ആക്ഷേപിച്ചിരുന്ന ന്യൂസ്പത്രങ്ങൾ വരുത്തി വായിക്കാനും തന്റെ ശിഷ്യൻമാരെകൊണ്ട് അവ വായിപ്പിക്കുവാനും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. മൗലാനാ അബുൽകലാം ആസാദിന്റെ പത്രാധിപത്യത്തിൽ ഇറങ്ങിയ അൽ-ഹിലാലും, അത് നിരോധിക്കപ്പെട്ടതിനെ തുടർന്ന് പുറത്ത് വന്ന അൽ-ബലാഗും സ്ഥിരമായി വായിച്ചിരുന്ന മൗലാനാ, മലയാള പുസ്തകങ്ങൾ കിട്ടാവുന്നിടത്തോളം ശേഖരിക്കുവാനും വായിക്കുവാനും അത്യാർത്തി കാണിച്ചിരുന്നു. അങ്ങനെ ആധുനികതയിലേക്ക് പ്രവേശിക്കുവാൻ സമുദായത്തിന് കൊട്ടിയടച്ചിരുന്ന വാതായനങ്ങൾ തട്ടി തുറന്നു കൊടുത്ത പരിഷ്കർത്താവണദ്ദേഹം.

ഉന്നതരായ പണ്ഡിതൻമാരുടെ ആവാസകേന്ദ്രമായിരുന്ന ലത്തീഫിയ്യ കോളേജിൽ മുദരിസ്സായി ചേരുവാൻ അവരെല്ലാം ശക്തിയായ സമ്മർദ്ദം ചെലുത്തിയിരുന്നു. അക്കാലത്ത് തന്നെ ഉന്നത ശീർഷനായ ജ്ഞാനിയാണ് താനെന്ന് അവർക്കൊക്കെ ബോദ്ധ്യം വരുംവിധമുള്ള പരിപക്വമായ പാണ്ഡിത്യത്തിന്റെ ഉടമയായി തീർന്നിരുന്നു അദ്ദേഹം. എന്നാൽ ആരുടേയും നിർബന്ധത്തിന് വഴങ്ങാതെ തന്റെ ശേഷിയും ശേമുഷിയും സമുദായ പരിഷ്ക്കരണത്തിന് സമർപ്പിക്കാനാണദ്ദേഹം ബദ്ധശ്രദ്ധനായത്. നാട്ടിലെത്തിയ ഉടനെ ഒരു പള്ളിക്ക് തറകെട്ടി

അതിൽ ഷെഡ്ഡുണ്ടാക്കി അദ്ദേഹം തന്റെ ദർസാരംഭിച്ചു. തറമ്മൽ പള്ളിയെന്ന പേരിൽ പിന്നീട് ഇത് പ്രസിദ്ധമായി. എന്നാൽ അവിടെ നിന്ന് മാഹിയിൽ മുദരിസ്സായി തീർന്ന തോടെ അദ്ദേഹത്തിന്റെ പ്രവർത്തന സീമ വികാസം കൊണ്ടു. മയ്യഴിയിലെ പ്രശസ്ത സേവനത്തിന് ശേഷം പലരുടേയും നിർബന്ധത്തിന് വഴങ്ങി അദ്ദേഹം പുളിക്കൽ ജുമാഅത്ത് പള്ളിയിൽ മുദരിസ്സായി. അക്കാലത്താണ് പ്രസിദ്ധമായ ഖിബ്‌ലാ തർക്കം കൊടുമ്പിരിക്കൊള്ളുന്നത്. പല പള്ളികളുടേയും ഖിബ്‌ലാസ്ഥാനം നിശ്ചയിച്ചിരുന്നതിൽ പാകപ്പിഴകൾ സംഭവിച്ചിരുന്നു. കുഞ്ഞഹമ്മദ് ഹാജി സംഖ്യാശാസ്ത്രത്തിന്റെ വെളിച്ചത്തിൽ സമയക്ലിപ്തത്തിനായി ഒരു പഞ്ചാംഗം തയ്യാറാക്കി. ഋതുഭേദമനുസരിച്ച് സമയവ്യത്യാസം തിരിച്ചറിയാൻ പറ്റിയ ഇൽമുൽ മിഖാത്ത് എന്ന ശാസ്ത്രഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിച്ചു. ഖിബ്‌ലാ തർക്കത്തിൽ വലിയ വാദകോലാഹലങ്ങൾ നടന്നുകൊണ്ടിരുന്ന സന്ദർഭത്തിൽ ആധികാരിക പ്രമാണമായി ഉലമാക്കളെല്ലാം കുഞ്ഞഹമ്മദ് ഹാജിയുടെ ഈ ശാസ്ത്രഗ്രന്ഥം അംഗീകരിക്കുവാൻ നിർബന്ധിതരായി. കുഞ്ഞഹമ്മദ് ഹാജിയുടെ ശിഷ്യരിൽ പ്രധാനിയായിരുന്ന ചെറുശ്ശേരി അഹമ്മദ്കുട്ടി മൗലവി പുളിക്കൽ നടന്ന ഖിബ്‌ലാ തർക്കവേദിയിൽ കുഞ്ഞഹമ്മദ് ഹാജിയുടെ നിഗമനത്തെ സ്ഥാപിച്ചുകൊണ്ട് ചെയ്ത സാരഗർഭമായ പ്രസംഗം എതിരാളികളെ പറ്റെ പരാജയപ്പെടുത്തുവാൻ പ്രയോജനപ്പെട്ടു. ഖിബ്‌ലാ തർക്കത്തിൽ തന്റെ സുദൃഢമായ അഭിപ്രായം ഉറപ്പിച്ചുകൊണ്ട് അദ്‌വ: എന്ന ഒരു ലഘുഗ്രന്ഥവും കൂടി അദ്ദേഹം എഴുതിയിരുന്നു.

യഥാസ്ഥിതികവർഗ്ഗത്തെ അരിശം കൊള്ളിച്ച കാര്യങ്ങളിൽ അപ്രധാനമല്ലാത്ത സ്ഥാനം മദ്രസ്സാ പാഠ്യപദ്ധതിയിൽ അദ്ദേഹം വരുത്തിയ മാറ്റമാണ്. ബോർഡിൽ എഴുതി പഠിപ്പിക്കുന്ന സമ്പ്രദായം അക്കാലത്തുണ്ടായിരുന്നില്ല. 'അറബ്' ബോർഡിലെഴുതി തുടച്ച് കളഞ്ഞാൽ ആ ചോക്കുപൊടി ചവിട്ടിപോകുമെന്നും അതുകൊണ്ട് ബോർഡ് ഉപയോഗിക്കരുത് എന്നുമായിരുന്നു വാദം. ഇതിന്റെ അർത്ഥശൂന്യത അദ്ദേഹം സമകാലികരെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിച്ചു. മദ്രസയിൽ ശാസ്ത്രീയമായ പാഠ്യപദ്ധതിയോ, പഠനക്രമമോ ഉണ്ടായിരുന്നില്ല. ദർസുകൾ നന്നായാൽ മാത്രമേ സാമുദായിക ഉൽഗതിക്ക് അവ ഉപകരിക്കൂ എന്നറിയാമായിരുന്ന അദ്ദേഹം ദർസുകൾക്ക് സിലബസ് നിശ്ചയിക്കുകയും, പാഠ്യവിഷയങ്ങളിൽ ചരിത്രം, ഭൂമിശാസ്ത്രം, ഗണിതം, തർക്കശാസ്ത്രം, കർമ്മശാസ്ത്രം, ആരോഗ്യശാസ്ത്രം തുടങ്ങിയവ ഉൾപ്പെടുത്തുകയും അവ തന്റെ വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്തു. 1909ൽ വാഴക്കാട് ദാറുൽ ഉലൂമിൽ മുദരിസ്സായതോടുകൂടി തന്റെ ഈ പരിഷ്കരണപദ്ധതി കൂടുതൽ ഫലവത്താക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. മദ്രസാ വിദ്യാർത്ഥികൾക്കുവേണ്ടി അദ്ദേഹം തയ്യാറാക്കിയ പരിഷ്ക്കരിച്ച പാഠപുസ്തകങ്ങളാണ് തഅ്‌ലീമുൽ ഖുർആൻ, ദീനിയ്യാത്ത്, അമലിയാത്ത്, അക്ഷരമാല, മബാദി ഉൽബിറാഅ:, കിത്താബുസ്സർഫ്, നഹാവുൽ കബീർ, അല്ലുഗ ത്തുൽഅറബിയ്യ എന്നിവ. അക്കാലത്തെ ബഹുഭൂരിപക്ഷം അറബി അദ്ധ്യാപകൻമാരും കുഞ്ഞഹമ്മദ് ഹാജിയുടെ ഈ പരിഷ്ക്കാരങ്ങളെ നഖശിഖാന്തം എതിർത്തു. എന്നാൽ അദ്ദേഹത്തിന്റെ സദുദ്ദേശ്യവും ചെയ്യുന്ന പ്രവർത്തികളുടെ പ്രയോജനവും മനസ്സിലാക്കുവാൻ സാധിച്ചിരുന്ന കൊയപ്പത്തൊടി മുഹമ്മദ്കുട്ടി സാഹിബിനെപോലെയുള്ളവർ അദ്ദേഹത്തെ ശക്തമായി പിൻതാങ്ങിയിരുന്നു. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയെ അവിസ്മരണീയനാക്കുന്ന മറ്റൊരു പരിഷ്ക്കരണ പ്രവർത്തനം അറബി-മലയാളം രംഗത്തായിരുന്നു. അറബി-മലയാളലിപികൾ മലയാളഭാഷയോട് കൂടുതൽ രമ്യപ്പെടുത്തുവാൻ പറ്റുംവിധം പരിഷ്ക്കരിക്കുകയാണ് അദ്ദേഹം ചെയ്തത്. അറബി - മലയാളത്തിൽ ഒരു വ്യാകരണഗ്രന്ഥവും അദ്ദേഹം രചിച്ചു. ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജിയുടെ പരിഷ്ക്കരിച്ച അറബി മലയാള-ലിപിയും ശൈലിയുമാണ് പിന്നീട് പ്രചാരത്തിൽ വന്നതും അംഗീകരിക്കപ്പെട്ടതും. യഥാസ്ഥിതികവർഗ്ഗത്തിന് എക്കാലവും ഒരു പേടിസ്വപ്നമായി അദ്ദേഹം വർത്തിച്ചു. പെൺകുട്ടികൾ അക്ഷരം പഠിക്കുന്നത് നിഷിദ്ധമായി കരുതിയിരുന്ന അക്കാലത്ത് മൗലാനായും അദ്ദേഹത്തിന്റെ മാതുലനായ അബ്ദുല്ല മുസ്‌ലിയാരും തങ്ങളുടെ പെൺകുട്ടികളെ സ്കൂളിൽ ചേർത്ത് മറ്റുള്ളവർക്ക് മാതൃകകാട്ടി. ഇവയൊന്നും അക്കാലത്ത് അധികംപേർക്കും ദഹിക്കുന്ന കാര്യമായിരുന്നില്ല. എതിർപ്പുകളെ സമചിത്തതയോടെ അഭിമുഖീകരിച്ച് സമുദായത്തെ ഉദ്ധരിക്കുവാൻ തീവ്രയത്നം നടത്തിയ മഹാനാണ് ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി.

അദ്ദേഹം വിതച്ച നവീകരണത്തിന്റെ വിത്ത് മുളച്ച് പന്തലിച്ചത് അദ്ദേഹത്തിന്റെ ഉൽപ്പതിഷ്ണുക്കളായ ശിഷ്യൻമാരിൽ കൂടിയായിരുന്നു. ചെറുശ്ശേരി അഹമ്മദ്കുട്ടി മുസ്‌ലിയാർ, പറവണ്ണ മൊഹിയിദ്ദീൻ കുട്ടി മുസ്‌ലിയാർ, കെ.എം. മൗലവി, ഇ.കെ മൗലവി, പി.കെ. മൂസമൗലവി, ഫലക്കി മുഹമ്മദ് മൗലവി, ഇ. മൊയ്തുമൗലവി, പി.കെ. യൂനസ് മൗലവി തുടങ്ങിയ അദ്ദേഹത്തിന്റെ പ്രശസ്തരായ ശിഷ്യൻമാർ അദ്ദേഹം ഉത്ഘോഷിച്ച നവോത്ഥാനത്തിന്റെ സന്ദേശം കേരളത്തിൽ ആകമാനം പ്രചരിപ്പിച്ചവരാണ്. പണ്ഡിതനും മഹാനുമായ ഈ പരിഷ്കർത്താവ് ഹിജ്റ: 1338ൽ മണ്ണാർക്കാട്‌വെച്ച് ഇഹലോക പ്രാപ്തനായി. അദ്ദേഹത്തിന്റെ ഭൗതികജഢം സംസ്കരിച്ചത് സ്വദേശമായ തിരൂരങ്ങാടിയിലാണ്. ഖാത്തിബെന്ന പേരിൽ പ്രസിദ്ധനായ കെ.എം. മൗലവിസാഹിബ് അദ്ദേഹത്തിന്റെ ശിഷ്യനും ജാമാതാവുമായിരുന്നു. കുഞ്ഞഹമ്മദ് ഹാജിയുടെ മൂന്ന് പുത്രൻമാരും പിതാവിന്റെ പരിഷ്ക്കരണപ്രസ്ഥാനത്തെ മുന്നോട്ടു നയിച്ചവരാണ്. എം.സി.സി. സഹോദരൻമാർ എന്നപേരിൽ പ്രസിദ്ധരായ ഇവർ അഹമ്മദ് മൗലവി, അബ്ദുറഹിമാൻ മൗലവി, ഹസ്സൻമൗലവി എന്നിവരാണ്.

# III ശൈഖ് മുഹമ്മദ് മാഹീൻ ഹമദാനി തങ്ങൾ

കേരളത്തിലെ മുസ്ലീകൾ എക്കാലവും സ്മരിക്കേണ്ട പുണ്യ നാമധേയങ്ങളിൽ ഒന്നാണ് ഹമദാനി ശൈഖിൻേറത്. അരുക്കുറ്റിക്കടുത്ത വടുതലയെന്ന സ്ഥലത്ത് പാവപ്പെട്ടൊരു കുടുംബത്തിൽ ജനിച്ച മുഹമ്മദ് മാഹീൻ കേരളത്തിലെ മുസ്ലിംകളുടെ ആകമാനം പ്രകാശധാരയായി പ്രശോഭിച്ച മഹാനാണ്. ഐസ്ലാമിക ദർശനങ്ങളിലും ശാസനകളിലും അപാരമായ വൈദഗ്ദ്ധ്യം നേടിയ അദ്ദേഹം തൻെറ പ്രതിഭാ വിലാസവും പ്രവർത്തനശേഷിയും സമുദായത്തെ പുരോഗതിയുടെ വളർച്ചയിലേക്ക് ഉയർത്തുവാൻ അർപ്പണ മനോഭാവത്തോടുകൂടി ശ്രമിച്ച ഉൽപ്പതിഷ്ണുവായ പരിഷ്കർത്താവാണ്. മലയാളവും, ഇംഗ്ലീഷും, അറബിയും, ഫാർസിയും, ഉറുദുവും, തമിഴും പ്രയാസം കൂടാതെ കൈകാര്യം ചെയ്യുവാൻ ശീലിച്ച ഹമദാനി ശൈഖ് തൻെറ വിദ്യാഭ്യാസത്തിനായി പല ഉന്നത വിദ്യാപീഠങ്ങളേയും ആശ്രയിച്ചിരുന്നു. ജൻമസ്ഥലമായ വടുതല അക്കാലത്ത് മുസ്ലീം പണ്ഡിതൻമാരുടെ ആവാസകേന്ദ്രമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം അവിടെ നിന്നും നടത്തിയ അദ്ദേഹം കുറെക്കാലം കൊടുങ്ങല്ലൂർ ജുമാഅത്ത് പള്ളിദർസിൽ ഓതി താമസിച്ചു. പിന്നീട് വെല്ലൂർ ലത്തീഫിയ്യാ കോളേജിൽ ചേർന്നാണ് പഠനം പൂർത്തിയാക്കിയത്. അവിടെ വെച്ചാണ് വിവിധ ഭാഷകളിൽ പരിജ്ഞാനം നേടിയതും ഹമദാനി തരീഖത്തിൽ ചേർന്നതും. വെല്ലൂരിൽ നിന്നും മടങ്ങിയെത്തിയ അദ്ദേഹം ഹമദാനി തരീഖത്ത് പ്രചരിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തി. തരീഖത്തിൻെറ പേരിൽ ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുവാനാണ് അദ്ദേഹം ഉത്ബോധനം നടത്തിയത്. ഹരിപ്പാട്, ആലപ്പുഴ, ആലുവ, ചിറയിൻകീഴ്, കൊടുങ്ങല്ലൂർ, കൊച്ചി എന്നീ സ്ഥലങ്ങളിലൊക്കെ ഹമദാനി തരീഖത്തിന് വലിയ അംഗീകാരവും പ്രോൽസാഹനവുമാണ് കിട്ടിക്കൊണ്ടിരുന്നത്.

കൊച്ചി, മട്ടാഞ്ചേരി കേന്ദ്രമാക്കിയാണ് അദ്ദേഹം തൻെറ പ്രവർത്തനം തുടർന്നത്. അവിടെ പുതിയ റോഡിൽ അദ്ദേഹത്തിൻെറ പരിശ്രമഫലമായി മഹളറപള്ളിയെന്ന പേരിൽ ഒരു നല്ല പ്രാർത്ഥനാലയം നിർമ്മിക്കുവാൻ സാധിച്ചു. മഹളറ പള്ളിയെ കേന്ദ്രമാക്കി തരീഖത്തിൻെറ പ്രചാരണവും സമുദായത്തിൻെറ നവോത്ഥാന പ്രവർത്തനങ്ങളും അദ്ദേഹം നടത്തിയിരുന്നു. അന്ധവിശ്വാസങ്ങളേയും അനിസ്ലാമിക പ്രവണതകളേയും എതിർത്ത് തോൽപ്പിക്കാനുള്ള അദ്ദേഹത്തിൻെറ പരിശ്രമത്തിൽ അക്കാലത്തെ പ്രബുദ്ധരായ പല സമുദായ നേതാക്കൻമാരും ഭാഗഭാക്കുകളായിരുന്നു. കൊടുങ്ങല്ലൂരിലെ ഹാജി ശീതി മുഹമ്മദ് സാഹിബ്, മണപ്പാട് പി. കുഞ്ഞുമുഹമ്മദ് ഹാജി, നവോത്ഥാന തേരാളികളിൽ പ്രമുഖനായ വക്കം അബ്ദുൽക്കാദർ മൗലവി തുടങ്ങിയവർ അദ്ദേഹത്തിൻെറ സമകാലികരും സാമുദായികോദ്ധാരണ പ്രവർത്തനങ്ങളിൽ കൂട്ടാളികളുമായിരുന്നു. വക്കം മൗലവിയുടെ സ്വദേശാഭിമാനി, മുസ്ലിം, അൽഇസ്ലാം എന്നീ പത്രങ്ങളിൽ സമുദായത്തെ ഉദ്ധരിക്കുന്നതിനുള്ള നിർദ്ദേശങ്ങളോടുകൂടി നിരവധി ലേഖനങ്ങൾ അദ്ദേഹം എഴുതിയിട്ടുണ്ട്. സമുദായത്തിൽ ഐക്യം വളർത്താനും അന്ധവിശ്വാസ അനാചാരങ്ങൾ നിർമാർജ്ജനം ചെയ്യുവാനും ആഹ്വാനം നടത്തികൊണ്ട് അദ്ദേഹം പ്രസിദ്ധീകരിച്ചതാണ് ഇർഫാത്തുൽ ഇസ്ലാം എന്ന ഗ്രന്ഥം. മലയാളം, അറബി - മലയാളം എന്നീ ഭാഷകളിൽ നല്ല നല്ല ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുവാനുള്ള ഒരു പദ്ധതിയും അദ്ദേഹം ആവിഷ്ക്കരിച്ചിരുന്നു. അൽ-കശ്ശാഫ് എന്ന ശീർഷകത്തിൽ അദ്ദേഹവും തൻെറ ശിഷ്യനായ സെയ്യിദ് മുഹമ്മദ് തങ്ങളും കൂടി ഒരു ത്രിഭാഷാനിഘണ്ടു തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അറബി, മലയാളം, സംസ്കൃതം എന്നീ ഭാഷാപദങ്ങൾക്ക് അർത്ഥം നൽകിക്കൊണ്ടുള്ളതായിരുന്നു ഈ വൈജ്ഞാനിക സംഭാവന.

ഹാജി കെ. ശീതി മുഹമ്മദ് സാഹിബിൻെറ ഭാഷണ പ്രകാരം ഹമദാനി ശൈഖ് കുറേക്കാലം അഴിക്കോട് താമസിച്ചിരുന്നു. അഴിക്കോട്ടെ ലജ്നത്ത് ഹമദാനി സഭയും, എറിയാട് ലജ്നത്തുൽ ഇസ്ലാം സംഘവും അദ്ദേഹത്തിൽ നിന്നും പ്രചോദനം കൊണ്ട് ഉരുത്തിരിഞ്ഞവയാണ്. കേരളത്തിൽ പുരോഗതിയുടെ ശക്തമായ പ്രസ്ഥാനമായിത്തീർന്ന കേരള മുസ്ലിം ഐക്യസംഘത്തിൻെറ ഉറവിടകേന്ദ്രവും അദ്ദേഹമായിരുന്നു. ഐക്യസംഘത്തിൻെറ അഴിക്കോട് സമ്മേളനത്തിൽ മരിക്കുന്നതിന് കുറച്ച് മാസങ്ങൾക്കു മുമ്പ് മാത്രമാണ് അവശനായിരുന്നിട്ടും സമുദായനേതാക്കളുടെ കണ്ണ് തുറപ്പിക്കുവാൻ പ്രയോജനപ്പെട്ട സുദീർഘമായൊരു പ്രസംഗം എഴുതി തയ്യാറാക്കി അദ്ദേഹം വായിച്ചത്. ഇത് പിന്നീട് അൽഖുത്ത് ബത്തുൽ ഹമദാനിയ്യ എന്ന ശീർഷകത്തിൽ കെ.എം. മൗലവി സാഹിബ് അറബി-മലയാളത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. അറബിയോടൊപ്പം ആധുനിക വിദ്യാഭ്യാസവും നിഷ്കർഷയോടുകൂടി പഠിക്കണമെന്ന് നിർബന്ധമായി ആവശ്യപ്പെട്ടുകൊണ്ടുള്ളതായിരുന്നു അദ്ദേഹം ചെയ്ത പ്രസംഗത്തിൻെറ രത്നചുരുക്കം. ശ്രീമൂലം അസംബ്ളിയിലേക്ക് ഹമദാനി തങ്ങളെ നോമിനേറ്റ് ചെയ്തിരുന്നു. അദ്ദേഹത്തിൻെറ ശ്രമഫലമായി മുസ്ലിമിങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്ക് നിരവധി പദ്ധതികൾ നിയമസഭയ്ക്കകത്തും പുറത്തും നടപ്പിലാക്കുവാൻ സാധിച്ചു. സ്കൂളുകളിൽ മുസ്ലിം പെൺകുട്ടികളെ ആകർഷിക്കുവാൻ സാധിക്കണമെങ്കിൽ മലയാളം, ഇംഗ്ലീഷ് ഭാഷകളോടൊപ്പം അറബിയും പഠിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാകണമെന്നദ്ദേഹം നിയമസഭയിൽ ആവശ്യപ്പെട്ടു. സർ സെയ്യിദ് അഹമ്മദ്ഖാൻ ആയിരുന്നു അദ്ദേഹത്തിൻെറ മാതൃകാപരുഷൻ. മുസ്ലീംകളുടെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുവാനായി മുസ്ലിം കോൺഫറൻസ് എന്നൊരു സംഘടന സ്ഥാപിച്ച് പ്രവർത്തിച്ചിരുന്നു. അലിഗർ സർവ്വകലാശാലയുടെ മാതൃകയിൽ ഒരു ഉന്നത

വിദ്യാപീഠം സ്ഥാപിക്കുന്നതിനായി അന്നത്തെ ദിവാനായിരുന്ന പി. രാജഗോപാലാചാരിയെക്കൊണ്ട് എട്ടേക്കർ സ്ഥലം സൗജന്യമായി ആലുവായിൽ പതിപ്പിച്ച് വാങ്ങുവാൻ അക്കാലത്ത് അദ്ദേഹത്തിന് സാധിച്ചു. എന്നാൽ ക്രാന്തദർശിയായ ഹമദാനി ശൈഖിന്റെ ഈ മഹത്തായ ലക്ഷ്യം സഫലീകരിക്കുവാൻ സാധിച്ചില്ല.

കേരളത്തിൽ മാത്രമല്ല, ലോകത്തെമ്പാടുമുള്ള മുസ്ലീംകളുടെ ദുഃഖത്തിൽ പങ്കുചേരുവാൻ മഹാനായ ഹമദാനി തങ്ങൾ തന്റെ അനുയായികളോട് ഉപദേശിച്ചിരുന്നു. ബാൾക്കൻ യുദ്ധം മൂലം ദുരന്തം അനുഭവിച്ചുകൊണ്ടിരുന്ന തുർക്കിയിലെ മുസ്ലീംകളെ സഹായിക്കുവാൻ അദ്ദേഹം ഒരു ഫണ്ട് ഉണ്ടാക്കിയിരുന്നു. അങ്ങനെ മുസ്ലീംകളെ സംബന്ധിക്കുന്ന ഏത് പ്രശ്നത്തിലും ഹമദാനി തങ്ങൾ തന്റെ പരമാവധി കഴിവ് ഉപയോഗിച്ച് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിട്ടുണ്ട്. അദ്ദേഹം പ്രവർത്തനരംഗമായി തിരഞ്ഞെടുത്ത കേന്ദ്രങ്ങൾ ഒക്കെ തന്നെ വിദ്യാഭ്യാസപുരോഗതിയിലും പ്രബുദ്ധതയിലും മുന്നിട്ട് നിന്നിരുന്നതായികാണാം. ഇസ്ലാമിക ദർശനങ്ങളിലും സാമുദായിക പരിഷ്ക്കരണപ്രവർത്തനങ്ങളിലും ഒരു നവോത്ഥാന നായകന്റെ ധീരോദാത്തതയും നിസ്വാർത്ഥതയും അദ്ദേഹം കാഴ്ചവെച്ചു. മതസൗഹാർദ്ദവും സമുദായിക ഐക്യവും ഉൽപ്പതിഷ്ണുവായ ഈ പരിഷ്കർത്താവിന്റെ പ്രവർത്തന സീമയിൽപ്പെട്ടവയായിരുന്നു. അന്ത്യശ്വാസം വലിക്കുന്നത്വരെ താൻ അരുമയായികരുതിയിരുന്ന വിശ്വാസാദർശങ്ങൾക്ക് അധിഷ്ഠിതമായിട്ടാണ് അദ്ദേഹം ജീവിച്ചതും പ്രബോധനങ്ങൾ നടത്തിയും. വിശ്രമമില്ലാത്ത ജീവിതം അദ്ദേഹത്തിന്റെ ആരോഗ്യം കാർന്ന് തിന്നുകൊണ്ടിരുന്നു. അനാരോഗ്യത്തെ തുടർന്ന് കൊടുങ്ങല്ലൂരിൽ നിന്നും സ്വദേശമായ വടുതലയിലേക്കദ്ദേഹം താമസം മാറ്റി. തന്റെ പ്രചോദനത്തിൽ നിന്നും ഉടലെടുത്ത കേരള മുസ്ലീം ഐക്യസംഘത്തിന്റെ ഒന്നാം വാർഷികത്തിൽ സംബന്ധിച്ച് ആത്മ സംതൃപ്തി നേടുവാൻ അദ്ദേഹത്തിന് കഴിഞ്ഞെങ്കിലും കുറച്ച് മാസങ്ങൾക്കകം 1922ൽ തന്റെ ശിഷ്യഗണങ്ങളേയും ആരാധകാവൃന്ദത്തേയും കണ്ണീരിലാഴ്ത്തികൊണ്ട് മഹാനായ ഹമദാനി ശൈഖ് കാലഗതിയടഞ്ഞു.

# IV വക്കം മുഹമ്മദ് അബ്ദുൽക്കാദർ മൗലവി



സമ്പന്നതയുടേയും സേവനത്തിന്റെയും സുദീർഘമായ പാരമ്പര്യമുള്ള ഒരു പണ്ഡിത കുടുംബത്തിലാണ് വക്കം മൗലവിയെന്ന പേരിൽ പ്രസിദ്ധനായ വക്കം മുഹമ്മദ് അബ്ദുൽക്കാദർ മൗലവി ഭൂജാതനായത്. അപ്പൂപ്പനായ അഹമ്മദ് കുഞ്ഞ് പഴയ തിരുവിതാംകൂറിൽ കുളച്ചൽ കളിക്കരയിലെ പുരാതന കുടുംബാംഗമായിരുന്നു. അവർ മധുരയിൽ നിന്നും കുടിയേറി പാർത്തവരാണ്. മാതാവാകട്ടെ പോലീസ് നായിക്കായിരുന്ന ഫത്തേഖാന്റെ കുടുംബാംഗവും. മൗലവിയുടെ മാതാവിന്റെയും പിതാവിന്റെയും കുടുംബക്കാർ പ്രതാപശാലികളും ഹിന്ദി, ഉറുദു, തമിഴ് ഭാഷകളിൽ പാണ്ഡിത്യം ഉള്ളവരുമായിരുന്നു. ചിറയിൻകീഴ് താലൂക്കിൽ അഞ്ച്തെങ്ങ് കായലിന്റെ കരയിലാണ് വക്കം. വക്കത്ത് പൂന്തുറാംവിളാകം തറവാട്ടിലാണ് മൗലവി ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവായ മുഹമ്മദ് കുഞ്ഞ് വർക്കലക്ക് സമീപമുള്ള അയ്രൂർ കായ്പ്പുറത്ത് കുടുംബാംഗവും പ്രമുഖ വ്യവസായിയും നല്ല പണ്ഡിതനുമായിരുന്നു. വക്കം മൗലവിയുടെ മാതാവിന്റെ പേര് ഹാബുഷി എന്നാണ്. വിവാഹാനന്തരം മുഹമ്മദ് കുഞ്ഞ് സാഹിബ് ഭാര്യാഗൃഹമായ പൂന്തുറാം വിളാകത്തേക്ക് താമസംമാറ്റി. അവിടേയാണ് 1873 ഡിസംബർ 28-ാം തീയ്യതി വക്കം മുഹമ്മദ് അബ്ദുൽക്കാദർ മൗലവി ജനിച്ചത്. അബ്ദുൽക്കാദർ സാഹിബിന് നാല് സഹോദരൻമാരും അഞ്ച് സഹോദരിമാരും ഉണ്ടായിരുന്നു.

അക്കാലത്ത് ഇന്നത്തെപ്പോലെ വിദ്യാലയങ്ങൾ അധികം ഉണ്ടായിരുന്നില്ല. കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുവാൻ പണ്ഡിതൻമാരെ വീട്ടിൽ താമസിപ്പിക്കുകയായിരുന്നു പതിവ്. അതിന് കഴിവില്ലാത്തവർ കുട്ടികളെ ദൂരെ സ്ഥലങ്ങളിലോ ഗുരുകുലത്തിലേക്കോ മദ്രസകളിലോ മറ്റ് വിദ്യാപീഠങ്ങളിലേക്കോ പറഞ്ഞയച്ചിരുന്നു. ധനാഢ്യനായ മുഹമ്മദ് കുഞ്ഞ് സാഹിബ് ആദ്യവിഭാഗത്തിൽപ്പെട്ട ആളായിരുന്നു. തന്റെ മകന് വിദ്യ അഭ്യസിപ്പിക്കുന്നതിനായി പല പണ്ഡിതൻ

മാരേയും ക്ഷണിച്ചുവരുത്തി അദ്ദേഹം വീട്ടിൽ താമസിപ്പിച്ചു. അറബിയും മത ഗ്രന്ഥങ്ങളും അഭ്യസിപ്പിക്കുന്നതിനായി കൊണ്ടു വന്നവരിൽ അണ്ടത്തോട് കുഞ്ഞിപോക്കർ മുസ്ലിയാർ, തമിഴ്നാട്ടിലെ പ്രസിദ്ധനായ മാപ്പിള ലബ്ബആലിം സാഹിബ്, മുഹമ്മദ് നൂഹ് മുസ്ലിയാർ എന്നിവർ സ്മരണീയരാണ്. തർക്കശാസ്ത്രം, അറബി - വ്യാകരണാലങ്കാരശാസ്ത്രങ്ങൾ, മതവിജ്ഞാനശാഖകളിലെ മറ്റ് ദർശനങ്ങളും ശാസ്ത്രങ്ങളും അബ്ദുൽക്കാദർ സാഹിബ് വളരെ വേഗം ഹൃദിസ്ഥമാക്കി. കായൽപട്ടണം, കീഴക്കര എന്നിവിടങ്ങളിൽനിന്നും വന്ന തമിഴ് പണ്ഡിതൻമാരാണ് തമിഴ്ഭാഷയിലും വേദാന്തങ്ങളിലും അദ്ദേഹത്തിന് വ്യുൽപ്പത്തി നേടിക്കൊടുത്തത്. അമ്പലപ്പുഴ സ്വദേശി കേശവപിള്ള മുൻഷിയിൽനിന്നും സംസ്കൃതവും മലയാളവും അബ്ദുൽക്കാദർ സാഹിബ് പഠിച്ചു. ആലപ്പുഴ സുലൈമാൻ മൗലവിയാണ് അദ്ദേഹത്തെ പേർഷ്യൻ, ഉറുദു ഭാഷകൾ അഭ്യസിപ്പിച്ചത്. മലയാളം, തമിഴ്, അറബി, ഉറുദു, പേർഷ്യൻ, ഇംഗ്ലീഷ് ഭാഷകളിലുള്ള കിട്ടാവുന്ന ഗ്രന്ഥങ്ങളൊക്കെ അദ്ദേഹത്തിൻെറ ഗ്രന്ഥപ്പുരയിൽ ശേഖരിച്ചിട്ടുണ്ടായിരുന്നു. അക്കാലത്ത് ലഭ്യമായിരുന്ന എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും സ്വായത്തമാക്കിയിരുന്ന മൗലവി സാഹിബിൻെറ ഗൃഹം വിജ്ഞാനകുതുകികളുടെ തീർത്ഥാടന കേന്ദ്രമായി മാറി.

പണ്ഡിതൻമാരും, ജിജ്ഞാസുക്കളും ഒന്നിച്ചുകൂടി എല്ലാവിധ ജീവൽ പ്രശ്നങ്ങളും തുറന്ന് ചർച്ച ചെയ്തിരുന്ന വേദിയായിരുന്നു മൗലവി സഹാബിൻെറ വീട്. റവ. ഫാദർ സാമുവൽ ഡാനിയേലും, ശ്രീനാരായണഗുരുവും അവിടുത്തെ നിത്യ സന്ദർശകരായിരുന്നു. നാരായണഗുരു മൗലവിയുടെ പിതാവിനോടും ജ്യേഷ്ഠനായ മുഹമ്മദ് മൊഹിയിദ്ദീൻ മുസ്ലിയാരോടും മൗലവിയോട് തന്നെയും ഇസ്ലാമിക ദർശനങ്ങളേയും താത്വിക വിഷയങ്ങളേയും കർമ്മശാസ്ത്രങ്ങളേയും എല്ലാം കുറിച്ച് വളരെ നേരം ഗഹനമായ ചർച്ചകൾ നടത്തുക സാധാരണയായിരുന്നു. മൗലവിയുടെ ജ്യേഷ്ഠൻ മുഹമ്മദ് മൊഹിയിദ്ദീൻ അപാരമായ പരിജ്ഞാനം ഉണ്ടായിരുന്ന ദേഹമായിരുന്നതിനാൽ ശ്രീനാരായണഗുരു കൂടുതലും അദ്ദേഹവുമായി ചർച്ചയിൽ ഏർപ്പെടുവാൻ എപ്പോഴും തൽപ്പരനായിരുന്നു. ഈ സമ്പർക്കമാണ് ചിറയിൻകീഴ് താലൂക്കിൽ ജനിച്ച് പ്രശസ്തിയുടെ ഔന്നത്യത്തിൽ സ്ഥിരപ്രതിഷ്ഠരായ നാരായണഗുരുവിനും, വക്കം മൗലവിക്കും, മനുഷ്യസമുദായത്തെ ആകമാനം സൻമാർഗ്ഗനിരതരും നല്ലവരുമാക്കി മാറ്റുന്നതിന്ന് പ്രേരകമായി നിന്ന ഹേതുക്കളിൽ പ്രധാന അംശം. അവർ ഇരുവരും അന്യോന്യം പൂരകങ്ങളായി കൊണ്ടും കൊടുത്തും ആശയവിനിമയം ചെയ്തും സ്വാധീനിക്കപ്പെട്ടിരുന്നു എന്നതിൽ സംശയമില്ല. ഇരുവരുടേയും ഉന്നം ഒന്നുതന്നെയായിരുന്നു. അധർമ്മത്തിനും അസൻമാർഗികതയ്ക്കും എതിരായി പോരാടുകയും മനുഷ്യമനസ്സിൽ അറിവിൻെറ പ്രകാശം പരത്തി അവരെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും വിമോചിപ്പിക്കുകയും ചെയ്യുക ഇരുവരുടേയും ലക്ഷ്യമായിരുന്നു. സാമൂഹിക ചേതനയെ തട്ടിയുണർത്തി, മാമൂലിൻെറയും ദുരാചാരങ്ങളുടേയും പിടിയിൽ നിന്നും സ്വതന്ത്രമാക്കുവാനുള്ള തീവ്രശ്രമമാണ് ഇരുകൂട്ടരും നടത്തിയത്. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ സംഘടനയും സംഘടിത ശക്തിയും ആവശ്യമായിരുന്നു. വിദ്യാഭ്യാസവും അറിവും ഉണ്ടെങ്കിൽ മാത്രമേ സംഘടനയ്ക്ക് ശക്തി ലഭിക്കുകയുള്ളുവെന്നും അവർക്കറിയാമായിരുന്നു. ഇരുവരും ഈ ഉന്നം മുന്നിൽ കണ്ടുകൊണ്ടാണ് അവരുടേതായ രീതിയിൽ സാമൂഹിക നവോത്ഥാനത്തിൻെറ കുഴലൂത്ത് നടത്തിയത്. സാഹചര്യങ്ങളുടേയും പ്രതികരണശേഷിയുടേയും ഭേദമനുസരിച്ചാണ് ഇരുവർക്കുമുണ്ടായ ജയാപജയങ്ങൾ. ഫലസിദ്ധിയിൽ ഏറ്റക്കുറച്ചിലുകൾ എത്രതന്നെ ഉണ്ടെങ്കിലും ശരി ശ്രീനാരായണഗുരുവിൻെറയും വക്കം മൗലവിയുടേയും സേവനങ്ങൾ നവ്യമായ ഒരു ദിശയുടെ ആരംഭം കുറിച്ചുവെന്ന കാര്യത്തിൽ സംശയമില്ല.

ബാല്യകാലംമുതലേ വിജ്ഞാനസമ്പാദനത്തിൽ അതിസമർത്ഥനും കാര്യങ്ങൾ ഗ്രഹിക്കുന്നതിൽ കുശാഗ്രബുദ്ധിയുമായിരുന്നു വക്കം മൗലവി. സമ്പന്നകുടുംബത്തിലെ പ്രതാപിയായ പിതാവിൻെറ മകനായിരുന്നിട്ടും ലളിതവും ആഢംബരരഹിതവുമായ ജീവിതരീതിയാണ് അദ്ദേഹം പിൻപറ്റിയത്. ശിൽപികളോടും കലാകാരൻമാരോടും അതീവ താൽപ്പര്യം ഉണ്ടായിരുന്ന മൗലവി സാഹിബ് വിദഗ്ധനായൊരു ചതുരംഗക്കളിക്കാരനും കൂടിയായിരുന്നു. ശാസ്ത്രീയസംഗീതങ്ങളും വാദ്യമേളങ്ങളും അദ്ദേഹത്തിൻെറ ഒരു ദൗർബ്ബല്യമായിരുന്നു എന്ന് പറയാം. ഉൽവസവേളകളിൽ വാദ്യഘോഷങ്ങൾ കേൾക്കുമ്പോൾ അത് കൊട്ടുന്നത് ആരാണെന്ന് കൃത്യമായി അദ്ദേഹത്തിന് പറയാൻ ഒക്കുമായിരുന്നു. കായിക അഭ്യാസങ്ങളിലും മൗലവി സാഹിബ് ആകൃഷ്ടനായി. നാടൻ പന്ത്കളിയും കിളിത്തട്ട്കളിയും അദ്ദേഹത്തിന് നല്ല പാടവമായിരുന്നു.

ചെറുപ്പംമുതലേ കൈ അയച്ച് ധനസഹായം ചെയ്യുന്ന ഉദാരമതിയായിരുന്നു മൗലവി സാഹിബ്. അദ്ദേഹത്തിൻെറ അടുത്ത് സഹായത്തിനെത്തിയിരുന്ന ആർക്കുംതന്നെ നിരാശപ്പെടേണ്ടതായി വന്നിരുന്നില്ല. തികഞ്ഞ മതഭക്തനായിരുന്ന അദ്ദേഹം ഇസ്ലാമിൻെറ വിശ്വവിശാലമായ സ്നേഹാദർശവും സാഹോദര്യവും പ്രാവർത്തികമാക്കുവാൻ ആത്മാർത്ഥമായി പരിശ്രമിച്ചു. തൻെറ 28-ാം വയസ്സിലാണദ്ദേഹം വിവാഹിതനാകുന്നത്. 1901ൽ വർക്കലക്കടുത്ത്, അയ്രൂർ കായൽപ്പുറം കുടുംബാംഗമായ ഹലീമയെന്ന തങ്കച്ചിയായിരുന്നു വധു. പണ്ഡിതനും വാഗ്മിയുമായിരുന്ന എ. മുഹമ്മദ് കുഞ്ഞ് മൗലവിയുടെ മൂത്ത സഹോദരി ആയിരുന്നു അവർ. അവരുടെ കനിഷ്ഠസഹോദരൻ എ. മുഹമ്മദ് കണ്ണ് ഇസ്ലാമിലെ അന്ത്യപ്രവാചകൻ തുടങ്ങി പല ഗ്രന്ഥങ്ങളുടേയും കർത്താവും, ഐക്യം, പ്രഭാതം, എന്നീ പത്രങ്ങളുടെ എഡിറ്ററുമായിരുന്നു. 1902ൽ മൗലവിയുടെ പിതാവ് മരണമടഞ്ഞതോടുകൂടി

കുടുംബഭാരം അദ്ദേഹത്തിൽ അർപ്പിതമായി. രണ്ടാമത്തെ പ്രസവത്തോടുകൂടി രോഗബാധിതയായി തീർന്ന ഭാര്യ മരണ മടയുകയും ചെയ്തു. അവരുടെ ആദ്യസന്താനം ശൈശ വത്തിലെ മരിച്ചു. രണ്ടാമത്തെ മകനാണ് എം. അബ്ദുൽ സലാം. തദനന്തരം 1905ൽ മൗലവി സാഹിബ് ആദ്യഭാര്യ ഹലീമയുടെ സഹോദരിയായ ആമിന ഉമ്മാളെയാണ് വിവാഹം ചെയ്തത്. അവരിൽ രണ്ട് പെൺകുട്ടികളും എട്ട് ആൺകുട്ടികളും അദ്ദേഹത്തിനുണ്ടായി. അബ്ദുൽഹയ്യ്, ഉബൈദുല്ലാ, എഹിയ, ഈസാ, ഇക്ബാൽ, അബ്ദുൽ വഹാബ്, അബ്ദുൽക്കാദർ, അബ്ദുൽഹക്ക് എന്നിവരാണ് പുത്രൻമാർ. ഇവരിൽ അബ്ദുൽഹയ്യ്, അബ്ദുൽക്കാദർ, ഇക്ബാൽ എന്നീ പുത്രൻമാരും മൂത്തപുത്രി സക്കീനയും അകാലചരമം അടഞ്ഞിരുന്നു. രണ്ടാമത്തെ മകൾ ആമിന ഭർത്താവായ മുഹമ്മദ് അബ്ദായുമൊത്ത് പൂന്തുറാം വിളാകത്ത് താമസിക്കുന്നു.

മുസ്ലിംസമുദായത്തിൽ രൂഢമൂലമായിരുന്ന അന്ധ വിശ്വാസങ്ങളും അനിസ്ലാമിക പ്രവർത്തനങ്ങളും തുടച്ച് നീക്കിയാൽ മാത്രമേ അറിവില്ലായ്മയുടെ കൂരിരുട്ടിൽനിന്നും നവോത്ഥാനത്തിന്റെ വെളിച്ചത്തിലേക്ക് സമുദായത്തെ നയിക്കുവാൻ പറ്റുകയുള്ളൂ എന്ന് അറിയാമായിരുന്ന മൗല വി സാഹിബ് എല്ലാ എതിർപ്പുകളെയും തൃണവൽ ഗണിച്ചുകൊണ്ട് തന്റെ ആളും അർത്ഥവും, ശേഷിയും ശേമുഷിയും സമുദായ ഉദ്ധാരണത്തിനായി സമർപ്പിച്ചു. അക്കാലത്ത് മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ പഠി ക്കുന്നത് ഹറാമായി ഗണിച്ചുപോന്നു. നരകത്തിലെ ഭാഷ യാണ് ഇവ എന്നായിരുന്നു അക്കാലത്ത് മുസ്ലിയാക്കൻമാർ ശാഠ്യമായി പറഞ്ഞുപോന്നത്. അറബി - മത പഠനങ്ങളാകട്ടെ, ഓത്തിൻകവിഞ്ഞ് അർത്ഥം ഗ്രഹിക്കത്തക്ക പാഠ്യ പദ്ധതികളിലൂടെയല്ല നടത്തിയിരുന്നത്. ഖുർആൻ ഓതുന്നതിൽ കവിഞ്ഞ് അതിന്റെ അർത്ഥമോ ആശയമോ മനസ്സിലാക്കികൊടുക്കുവാൻ പഠിപ്പിച്ചിരുന്നവർക്കുപോലും അറിയില്ലായിരുന്നു. മതപഠനം ഈ രീതിയിൽ ആയി രുന്നപ്പോൾ മാമൂലുകളും ദുരാചാരങ്ങളും കൊണ്ട് സാധാരണക്കാരെ ചൂഷണം ചെയ്യുകയായിരുന്നു മത പാണ്ഡിത്യത്തിന്റെ നെറ്റിപ്പട്ടം കെട്ടിയിരുന്ന മുസ്ലിം പൗരോഹിത്യം. ശകുനം നോക്കൽ, മന്ത്രവാദം, ബാധ യൊഴിക്കൽ, പിഞ്ഞാണിയെഴുത്, ഏലസ്സെഴുത്ത്, ഖബറിങ്ങൽ ഓത്തും, നേർച്ചയും, വഴിപാടുകൾ ഇങ്ങിനെ നൂറുകണക്കിന് അനാചാരങ്ങളിലൂടെ സമുദായത്തെ ഞെക്കിപ്പിഴിയുക യായിരുന്നു യാഥാസ്ഥിതിക വിഭാഗം. ഗർഭധാരണം മുതൽ പ്രസവംവരെയും അത് കഴിഞ്ഞാലും പണച്ചെലവുള്ള നൂറ് നൂറ് ചടങ്ങുകൾ, മരിച്ചാലും ഖബറി ങ്ങലോത്തും, ചാവടിയന്തിരങ്ങളും ഓത്ത് നിർത്തലും എല്ലാം ഭീമമായ ചെലവ് ഉള്ളത് തന്നെ. ഏത് സുഖക്കേടും ചെകുത്താന്റെ ബാധ യായും അത് ഒഴിപ്പിക്കുന്നതിന് മന്ത്രവും മറ്റ് ചെലവേറിയ അനുഷ്ഠാനങ്ങളും സാർവ്വത്രികമായിരുന്നു. ഇവ ക്കുപുറമേ ധനവ്യയം ഉണ്ടാക്കുന്ന പല പല ആഘോഷങ്ങളും അടിയന്തിരങ്ങളും നിർലോഭം നടമാടി. കാത്കുത്ത് കല്യാണം, വയസ്സറിയിക്കൽ, മാർക്കകല്യാണം, മൗലൂദ്, റാത്തിബ് മറ്റനവധി നേർച്ചകൾ തുടങ്ങി സമുദായത്തെ അധഃ പതിപ്പിച്ചുകൊണ്ടിരുന്ന ദുർവ്യയങ്ങൾ. ചന്ദനക്കുടം, കൊടി കുത്ത്, മുഹറാഘോഷം, നേർച്ചാഘോഷങ്ങൾ, ആണ്ടാഘോഷങ്ങൾ ഇവയെല്ലാം പുറമേയും. സ്കൂളുകളിൽ പോകുന്നതോ, ആധുനിക വിദ്യാഭ്യാസം നടത്തുന്നതോ മതവിരുദ്ധം. പത്രങ്ങളോ മാസികകളോ പുസ്തകങ്ങളോ വായിക്കുന്നത് ദൈവനിഷേധം. ഇങ്ങനെ സമുദായത്തെ പൗരോഹിത്യത്തിന്റെ കുടുസ്സായ വീക്ഷണ വൈകല്യങ്ങളിൽ കുടുക്കി വീർപ്പുമുട്ടിച്ചുകൊണ്ടിരുന്ന സന്ദർഭത്തിലാണ് ഇവയ്ക്കെല്ലാം എതിരായി സത്യത്തിന്റേയും നീതിയുടേയും മുദ്രാവാക്യവുമായി പണ്ഡിതനായ മൗലവി സാഹിബ് ജനതാ മധ്യത്തിലേക്കിറങ്ങിയത്. അതൊരു മഹാവിപ്ലവമായിരുന്നു. മാറ്റത്തിനുവേണ്ടിയുള്ള നിലക്കാത്ത പ്രവർത്തനം.

തന്റെ പരിഷ്ക്കരണ പ്രസ്ഥാനം ഫലവത്തായി പ്രചരി പ്പിക്കുവാൻ അദ്ദേഹം കൈക്കൊണ്ട ഉപാധികൾ സമുദായ ത്തിൽ സുസംഘടിതമായ പ്രസ്ഥാനങ്ങളും സംഘടനകളും ഉണ്ടാക്കുക, അവയിലൂടെ വിദ്യാലയങ്ങൾ സ്ഥാപിക്കുകയും വിദ്യാർത്ഥികൾക്ക് ആധുനിക വിദ്യാഭ്യാസം നൽകുകയും ചെയ്യുക, ഇവയുടെ വിജയത്തിനായി ഇസ്ലാമിന്റെ ശരിയായ രൂപവും ഭാവവും മനുഷ്യഹൃദയത്തിൽ സ്ഥാനം പിടിക്കത്ത വിധം ഖുർആന്റേയും സുന്നത്തിന്റേയും സന്ദേശങ്ങൾ പ്രചരിപ്പിക്കുക, അതിനായി സമുദായമദ്ധ്യത്തിൽ വായനാ ശീലം വളർത്തുകയും പത്രങ്ങളും മാസികകളും പ്രസിദ്ധീ കരിച്ച് അവയെ ഇസ്ലാമിക നിദർശനങ്ങളുടെ മാധ്യമങ്ങ ളാക്കി മാറ്റുകയും ചെയ്യുക എന്നിവയായിരുന്നു. ഈ ഉന്നം വെച്ചു കൊണ്ടാണ് 1904ൽ അക്കാലത്തെ പന്തീരായിരം രൂപ മുടക്കി ഒരു പ്രസ്സ് ഇറക്കുമതി ചെയ്ത് പത്രം തുടങ്ങിയത്. ബഹുമുഖ പ്രതിഭാധനനായിരുന്ന വക്കം മൗലവി സ്വദേശാഭി മാനിയെന്ന പേരാണ് പത്രത്തിന് നൽകിയത്. സമുദായ ത്തേയും രാഷ്ട്രത്തേയും സേവിക്കുവാൻ ഫലവത്തായ മാർഗ്ഗം പത്രദ്വാരയാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ചിറയിൻകീഴ് സി.പി. ഗോവിന്ദപിള്ളയെ പത്രാധിപരാക്കി ക്കൊണ്ട് 1905 ജനുവരി 19-ാം തീയ്യതി സ്വദേശാഭിമാനിപത്രം പുറത്തുവന്നു. അന്തർ രാഷ്ട്ര വൃത്താന്തങ്ങൾ ശരിക്കും നൽകുന്ന റോയിട്ടറുമായി നേരിട്ട് ബന്ധം സ്ഥാപിച്ച ആദ്യത്തെ മലയാള പത്രമാണ് സ്വദേശാഭിമാനി. ഒരു വർഷത്തിനുശേഷം 1906 ജനുവരി 17-ാം തിയ്യതി കെ. രാമകൃഷ്ണപിള്ളയുടെ പത്രാധിപത്യത്തിലാണ് സ്വദേശാഭിമാനി തുടർന്ന് പോന്നത്. പത്രത്തിന്റേയും പ്രസ്സിന്റേയും സർവ്വത്രകാര്യങ്ങളും സർവ്വ തന്ത്ര സ്വതന്ത്രമായി നടത്തുവാനുള്ള അധികാരം വക്കം മൗലവി രാമകൃഷ്ണപിള്ളയിൽ വിശ്വസിച്ചർപ്പിച്ചിരുന്നു. പത്രം ഉടമയും പത്രാധിപരും തമ്മിലുണ്ടായിരുന്ന ബന്ധം ഹൃദ്യവും അനിതരസാധാരണവുമായിരുന്നു. ഒരിക്കലും പത്രത്തിന്റെ നടത്തിപ്പിലോ രാജവാഴ്ചക്കും ദിവാൻ ഭരണത്തിനു മെതിരായി രാമകൃഷ്ണപിള്ള നിരന്തരം നടത്തിയിരുന്ന

ആക്ഷേപാരോപണങ്ങളിലോ വക്കം മൗലവി ഇടപെട്ടിരുന്നില്ല. സ്വേച്ഛാഭരണത്തിൻ കീഴിൽ ദിവാൻെറയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരുടേയും അഴിമതികളേയും അസൻമാർഗ്ഗിക പ്രവൃത്തികളേയും തുറന്ന് കാണിച്ചിരുന്ന സ്വദേശാഭിമാനി പത്രം ഏത് സമയത്തും അധികാരികളുടെ അടിച്ചമർത്തലുകൾക്ക് വിധേയമാവുമെന്നറിഞ്ഞിട്ടു പോലും ആപൽക്കരമായ അത്തരം ഭീഷണാവസ്ഥയിൽ കൂടിയും രാമകൃഷ്ണപിള്ളയെ നിയന്ത്രിക്കുവാനോ ഉപദേശിക്കുവാൻ പോലുമോ മൗലവി സാഹിബ് തുനിഞ്ഞിരുന്നില്ലായെന്നത് മാത്രമല്ല, എല്ലാത്തിനും തൻെറ ആത്മാർത്ഥമായ പിന്തുണ തുറന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പത്രത്തിൻെറ മുഖമുദ്രയായി കൊടുത്തിരുന്ന

'ഭയ കൗടില്യ ലോഭങ്ങൾ
വളർക്കില്ലൊരുനാടിനെ' എന്ന മുദ്രാവാക്യം അക്ഷരംപ്രതി അനുഷ്ഠിക്കുകയാണ് വക്കം മൗലവിയും രാമകൃഷ്ണപിള്ളയും ചെയ്തത്. ദേശീയമായ ഉണർവും സ്വാതന്ത്ര്യവാഞ്ഛയും അഴിമതിക്കെതിരായ രോഷവും ജനങ്ങളിൽ അങ്കുരിപ്പിച്ച് കൊണ്ടിരുന്ന സ്വദേശാഭിമാനിയെ അധികകാലംവെച്ച് പൊറുപ്പിക്കുവാൻ സേഛാ പ്രഭുക്കൾക്ക് സാദ്ധ്യമായിരുന്നില്ല. 1910 സെപ്പംബർ 26-ാം തിയ്യതി സ്വദേശാഭിമാനി പത്രവും പ്രസ്സും കണ്ട്കെട്ടിക്കൊണ്ടും പത്രാധിപർ രാമകൃഷ്ണപിള്ളയെ തരുവിതാംകൂറിൽ നിന്നും നാടുകടത്തികൊണ്ടുമുള്ള രാജകീയ വിളംബരം നടന്നു. ഇതോടെയാണ് പത്രാധിപർ രാമകൃഷ്ണപിള്ള സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയായി തീർന്നത്. തൻെറ പ്രസ്സും മറ്റും നഷ്ടപ്പെട്ടതിൽ മൗലവിസാഹിബ് ഒട്ടും വ്യാകുലപ്പെട്ടില്ല. എന്നാൽ തൻെറ പത്രാധിപരും ആത്മമിത്രവുമായ രാമകൃഷ്ണപിള്ളയെ നാടുകടത്തിയതിലായിരുന്നു അദ്ദേഹത്തിൻെറ ദുഃഖം. ധർമ്മച്യൂതിക്കെതിരെ തിരുവിതാംകൂർ കണ്ട ഏറ്റവും ശക്തിയേറിയ ആയുധമായിരുന്നു സ്വദേശാഭിമാനി.

സമൂഹത്തിന് പൊതുവെയും രാജ്യത്തിന് പ്രത്യേകമായും സേവനം നടത്തുന്നതിനാണ് സ്വദേശാഭിമാനി പത്രം തുടങ്ങിയതെങ്കിൽ സമുദായ ഉദ്ധാരണത്തിനായി ഇതോടൊപ്പം അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്ന പത്രങ്ങളും അതീവ ശ്രദ്ധേയങ്ങളായിരുന്നു. 1906 ജനുവരി 1 മുതൽ മുസ്ലീം എന്ന ഒരു മാസിക അദ്ദേഹം പ്രസിദ്ധീകരിച്ചു. ഇതിലൂടെ സ്ത്രീ പുരുഷ ഭേദമെന്യേ വിദ്യാഭ്യാസം നേടേണ്ടതിൻെറ ആവശ്യകതയെ ഊന്നിപറഞ്ഞുകൊണ്ട് നിരവധി ലേഖനങ്ങൾ അദ്ദേഹം എഴുതുകയും മറ്റുള്ള വരെക്കൊണ്ട് എഴുതിക്കുകയും ചെയ്തിരുന്നു. ആദ്യലക്കത്തിലെ മുഖക്കുറിപ്പിൽ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യത്തെ തറപ്പിച്ച് പറഞ്ഞതിനു ശേഷം ഇതിൽ ഏതെല്ലാം വിഷയങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത് എന്നുകൂടി വ്യക്തമാക്കുന്നുണ്ട്. 'മുസൽമാൻമാർക്ക് വേണ്ടതായ സമുദായപരിഷ്ക്കാരം, മതജ്ഞാനം, വിദ്യാഭ്യാസം മുതലായ സംഗതികളെക്കുറിച്ച് ഈ പത്രികയിൽ എഴുതുന്നതാണ്. മുസ്ലിം രാജ്യങ്ങളിലെ വാർത്തകൾ, വിശേഷകാര്യങ്ങൾ എന്നിവയും ഇതിൽ പറയുന്നവയാകുന്നു. മുഹമ്മദീയ നിയമം തുടങ്ങിയ പല സംഗതികളിലും അന്യമതക്കാർക്ക് തെറ്റായ ധാരണ ഉള്ളതായും കണ്ടു വരുന്നുണ്ട്. ഇതിനുവേണ്ട പരിഹാരമാർഗ്ഗവും മുസ്ലിം ശ്രദ്ധിക്കുന്നതാണ്.' 1. മൗലവിയും 'മുസ്ലിം'മും കൂടി മുസ്ലിം വിദ്യാഭ്യാസവിഷയത്തിൽ ചെയ്തിട്ടുള്ള സേവനം സർക്കാർ ഇന്നുവരെ ചെയ്തിട്ടുള്ളതിൽ വെച്ച് എത്രയോ വലുതാണ്. ഒരു പക്ഷേ സർക്കാരിന് ഇത്രയധികം മുന്നോട്ട് പോകാൻ കഴിഞ്ഞത് ആ പ്രവർത്തനങ്ങളുടെ പിൻതുണ ഉണ്ടായത് കൊണ്ട് മാത്രമാണ് എന്നത്രെ അക്കാലത്ത് തിരുവിതാംകൂറിലെ വിദ്യാഭ്യാസ ഡയറക്ടർ ഒരു യോഗത്തിൽ തുറന്ന് പ്രഖ്യാപിച്ചത്. മൗലവിയുടെ നിരന്തരമായ ആഹ്വാനത്തിൻെറ ഫലമായി സ്ഥാപിതമായ സംഘടനയാണ് ആലപ്പുഴ ലജ്നത്തുൽ മുഹമ്മദിയ്യ. ലജ്നത്തിൻെറ കീഴിൽ ഒരു ഹൈയർ ഗ്രേഡ് എലിമെൻററി സ്കൂൾ സ്ഥാപിതമായി. തിരുവിതാംകൂറിൽ മുസ്ലിംകളുടെ വകയായുണ്ടായ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനമാണിത്. മൗലവി സാഹിബ് 'മുസ്ലിം'മിലൂടെ നടത്തിയ ശക്തമായ നിവേദനങ്ങളുടെ ഫലമായിട്ടാണ് മുസ്ലിംകൾ അധികമായി നിവസിക്കുന്ന പ്രദേശങ്ങളിൽ 75 പള്ളിക്കൂടങ്ങൾ സ്ഥാപിതമായത്. 25 മുസ്ലിം കുട്ടികളെങ്കിലും ഒരു സ്കൂളിൽ പഠിക്കുന്നുവെങ്കിൽ ഖുർആൻ ടീച്ചർമാരേയും അറബി മുൻഷിമാരേയും നിയമിക്കണമെന്ന് ചട്ടമുണ്ടായി. വിദ്യാഭ്യാസ പരിശോധനക്കായി ഒരു മുഹമ്മദൻ സകൂൾ ഇൻസ്പെക്ടറേയും നിയമിച്ചു. തിരുവിതാംകൂറിൽ മുസ്ലീം വിദ്യാഭ്യാസത്തിന് ലഭിച്ച ഏറ്റവും വലിയ പ്രോൽസാഹനമായിരുന്നു ഇവയൊക്കെ. ഖുർആൻ ടീച്ചർമാരെ നിയമച്ചിരുന്നത് മൗലവി യുടെയോ, ഖുർആൻ ഇൻസ്പെക്ടറുടെയോ, ആലപ്പുഴ സൈനുലാബ്ദിൻ സാഹിബിൻെറയോ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിലായിരുന്നു. തുടർന്നുണ്ടായ അറബിക് പരീക്ഷാ ബോർഡിൽ അറബിക് ഇൻസ്പെക്ടറും വക്കം മൗലവിയുമായിരുന്നു അംഗങ്ങൾ. ഈ ബോർഡാണ് സിലബസ്സും പാഠ പുസ്തകങ്ങളും രൂപപ്പെടുത്തിയിരുന്നത്. അറബിക് ടെക്സ്റ്റ് ബുക്ക് കമ്മിറ്റിയുടെ പ്രസിഡണ്ടായി നിയമിതനായതും മൗലവിസാഹിബായിരുന്നു. തഅ്ലീമുൽ ഖിർഅത്ത് എന്ന പാഠപുസ്തകം പ്രാഥമിക ക്ലാസുകളിലേക്കദ്ദേഹം തയ്യാറാക്കിയതാണ്. അഹക്കാമു തജ്മീദാകട്ടെ ഖുർആൻ പഠിപ്പിക്കുന്ന അധ്യാപകർക്കുവേണ്ടി അദ്ദേഹം രചിച്ചതുമായിരുന്നു. അതു പോലെ അറബി പാഠപുസ്തകങ്ങളിൽ കേരളീയ അന്തരിക്ഷത്തിന് അനുയോജ്യമാംവിധം പല മാറ്റങ്ങളും അദ്ദേഹം നടത്തി. സമുദായത്തെ ദ്ദേശീയ ധാരയിലേക്ക് കൊണ്ടുവരുന്നതിനും സഹോദര സമുദായത്തോടൊപ്പം വളർത്തിയെടുക്കുന്നതിനും ആയുഷ്ക്കാലം മുഴുക്കെ അർപ്പണബോധത്തോടുകൂടി സമർപ്പിച്ച മഹാനായിരുന്നു വക്കം അബ്ദുൽക്കാദർ മൗലവി.

ആലപ്പുഴ ലജ്നത്തിൻെറ സ്ഥാപനവും വിജകരമായ അതിൻെറ പ്രവർത്തനവും തിരുവിതാംകൂറിലെ ഇതരഭാഗ

ങ്ങളിലും ആവേശമുണ്ടാക്കി. മൗലവി സാഹിബിൻെറ ശക്തമായ പ്രവർത്തനത്തിൻെറ ഫലമായി ഇടവാ, നിലക്കാമുക്ക്, പെരുമാതുറ, ചിലക്കൂർ, നാവായിക്കുളം, കൊട്ടാക്കര, ആല ങ്ങാട് തുടങ്ങിയ പല കേന്ദ്രങ്ങളിലും മുസ്ലിംസഭകളും അവ യുടെ കീഴിൽ സ്കൂളുകളും നിലവിൽ വന്നു. അങ്ങനെ തൻെറ സംഘടനാപ്രവർത്തനത്തിൻെറ ഫലമായി തിരുവിതാംകൂറിൽ മുസ്ലിം കേന്ദ്രങ്ങളിലൊക്കെ നവോത്ഥാനത്തിൻെറ പൊൻപുലരി ഉദയം ചെയ്തു. തിരുവനന്തപുരത്ത് സ്ഥാപിതമായിരുന്ന മുസ്ലിം ഹോസ്റ്റൽ സാമൂഹികവും വിദ്യാഭ്യാസപരവുമായ വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന ആസ്ഥാനമായി വളർത്തുവാൻ മൗലവി സാഹിബിന് സാധിച്ചിരുന്നു. അവിടെവെച്ചാണ് കുമാരനാശാൻ തൻെറ 'ദുരവസ്ഥ'യിൽ നടത്തിയ മുസ്ലിംവിരുദ്ധ ആക്രോശങ്ങൾ പുതിയ പതിപ്പിൽ തിരുത്താമെന്ന് വക്കം മൗലവിക്കും കെ.എം. സീതിസാഹിബിനും ഉറപ്പ് കൊടുത്ത് സന്തോഷത്തോടെ പിരിഞ്ഞത്. നിലക്കാമുക്ക് മുസ്ലിം സമാജം, കൊട്ടാരക്കര മനാസിൽ ഇസ്ലാം സംഘം, തുടങ്ങിയ സംഘടനകളുടെ വിജയകരമായ പ്രവർത്തനത്തിൻെറ അടിസ്ഥാനത്തിൽ തിരുവിതാംകൂർ മഹാജനസഭ രൂപീകരിക്കുവാനുള്ള ശ്രമവും നടത്തിയിരുന്നു. **1921** ആഗസ്റ്റ് **21**-ാം തിയ്യതി തിരുവിതാംകൂറിലെ **23** താലൂക്കുകളിൽ നിന്നുമായി **300**ൽപരം പ്രതിനിധികൾ പങ്കെടുത്തുകൊണ്ടുള്ള ഒരു സമ്മേളനം തിരുവനന്തപുരം ആര്യശാലാഹാളിൽ ആലപ്പുഴ എൻ.എ. മുഹമ്മദ് കുഞ്ഞ് സാഹബിൻെറ അദ്ധ്യക്ഷതയിൽ നടന്നു. താലൂക്ക് മുസ്ലിം സമാജങ്ങൾ ഓരോ മഹല്ലിലേയും മുസ്ലിംകുളടെ സ്ഥിതിവിവരക്കണക്കുകൾ എടുക്കുക, മുസ്ലിം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കാലോചിതമായി വിദ്യാഭ്യാസം നൽകുക, പള്ളികളിൽ വിവാഹം, വിവാഹമോചനം, ജനനം, മരണം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുക, പള്ളിയോടനുബന്ധിച്ച് മദ്രസ്സാ, ഗ്രന്ഥശാല, വായനാശാല എന്നിവ സ്ഥാപിക്കുക, പള്ളികളിൽ പുരോഗമനാശയക്കാരും, പണ്ഡിതൻമാരുമായ ഖത്തീബുമാരെ നിയമിക്കുക, വെള്ളിയാഴ്ച ബുത്ത്ബ പ്രാർത്ഥനാ ഭാഗമൊഴിച്ച് മലയാളത്തിൽ നടത്തുക, അന്ധവിശ്വാസങ്ങളിൽ അധിഷ്ഠിതമായ അനാചാരങ്ങൾ നിർത്തലാക്കുക, മുസ്ലിം വിദ്യാഭ്യാസ ഉന്നതിക്കായി കൂടുതൽ സ്കൂളുകൾ സ്ഥാപിക്കുക, ഓരോ മഹല്ലിലും തൊഴിൽ പ്രാധാന്യമുള്ള കുടിൽ വ്യവസായങ്ങൾ തുടങ്ങുക, ഇസ്ലാമിക ഗ്രന്ഥങ്ങൾ മലയാളത്തിലും അറബി മലയാളത്തിലും പ്രസിദ്ധപ്പെടുത്തുക, ഒരു പ്രസിദ്ധീകരണാലയവും, വൃത്താന്തപത്രവും തുടങ്ങുക ഇവയൊക്കെയായിരുന്നു സംഘടനകൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ സമുദായത്തിലെ പഴഞ്ചൻ പൗരോഹിത്യത്തിനും യഥാസ്ഥിതികവിഭാഗത്തിനും രുചിക്കുന്ന കാര്യങ്ങളായിരുന്നില്ല ഇവ. അവരുടെ എതിർപ്പ് രൂക്ഷമായ സംഘട്ടനങ്ങളിലേക്ക് നയിച്ചു. പരിപൂർണ്ണവിജയം കൈവരിക്കാൻ സാധിച്ചില്ലെങ്കിലും ഈ പ്രസ്ഥാനം വിതച്ച വിത്തുകൾ മുളച്ച് ഫലഭൂയിഷ്ഠമായതാണ് ഇന്നത്തെ മുസ്ലിംകളുടെ വിദ്യാഭ്യാസ ഉയർച്ചക്ക് നിദാനം.

വക്കം മൗലവിയുടെ ആശയം കൂടുതൽ ഫലവത്തായത് കേരളമുസ്ലീം ഐക്യസംഘത്തിൻെറ പിറവിയോടുകൂടിയാണ്. **1922** സെപ്റ്റംബർ മാസത്തിൽ കൊടുങ്ങല്ലൂർ എറിയാട് നടന്ന ഐക്യസംഘത്തിൻെറ പ്രഥമ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ച് സംസാരിച്ചത് മൗലവിസാഹിബായിരുന്നു. ഐക്യസംഘത്തിൻെറ പ്രവർത്തനം ഒരു വ്യാഴവട്ടത്തിലേറെക്കാലം ഉഷാറായി നടന്നു. അതിൻെറ പ്രധാന സമ്മേളനങ്ങളിൽ എല്ലാം മൗലവിയും പ്രവർത്തകരും സജീവ പങ്കാളിത്വം വഹിച്ചിട്ടുണ്ട്.

ഐക്യസംഘത്തിൻെറ കീഴിൽ പ്രസിദ്ധീകരിച്ചിരുന്ന അൽ-ഇർഷാദ്, അൽ ഇസ്‌ലാഹ്, ഐക്യം എന്നീ പത്രങ്ങളിലൊക്കെ മൗലവിസാഹിബ് വിജ്ഞാനപ്രദങ്ങളും പരിഷ്ക്കരണപ്രേരകങ്ങളുമായ ലേഖനങ്ങൾ ധാരാളം എഴുതിയിരുന്നു. സാമുദായിക നവീകരണം ലക്ഷ്യം വെച്ച് മുസ്ലിം എന്ന പത്രത്തിന് പുറമെ അൽ-ഇസ്ലാം, ദീപിക എന്നീ പത്രങ്ങളും അദ്ദേഹം നടത്തി. കിമിയായയേസആദ എന്ന ഇമാംഗസ്സാലിയുടെ ഗ്രന്ഥവും, അല്ലാമാസെയ്യിദ് സുലൈമാൻ നദ്‌വിയുടെ അഹ്ലു സുന്നത്തുവൽ ജമാഅത്ത് എന്ന ഗ്രന്ഥവും അദ്ദേഹം പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചു. അറബി മതസിദ്ധാന്ത സംഗ്രഹം, സഹീറുൽ ഇസ്‌ലാം, നബിമാർ, ഇസ്‌ലാമിൻെറ സന്ദേശം എന്നിവ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളാണ്. ഖുർആൻ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാനുള്ള ശ്രമവും അദ്ദേഹം നടത്തിയിരുന്നു. തൻെറ ധനവും ആയുസ്സും രാജ്യത്തിനും സമുദായത്തിനും വേണ്ടി ആത്മാർത്ഥമായി അർപ്പണം ചെയ്ത മറ്റൊരു മഹാത്യാഗിയെ കേരളം അതുവരെ കണ്ടിരുന്നില്ല. മുസ്ലിം നവോത്ഥാനത്തിൻെറ പണ്ഡിതനായ ഈ തേരാളി **1932** ഒക്ടോബർ **31**-ാം തിയ്യതി അന്തരിച്ചു. മൗലവി സാഹിബ് തികഞ്ഞ ദേശസ്നേഹിയും, സ്വാതന്ത്ര്യദാഹിയുമായിരുന്നു. ഖിലാഫത്ത് - കോൺഗ്രസ് പ്രസ്ഥാനങ്ങളോട് അനുകൂലമായ പ്രതികരണമാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. പ്രസിദ്ധമായ ഒറ്റപ്പാലം കോൺഗ്രസ്-ഖിലാഫത്ത് സമ്മേളനത്തിൽ തിരുവിതാംകൂറിൽ നിന്നും വന്നിരുന്ന ചുരുക്കം ആളുകളിൽ അദ്ദേഹവും അദ്ദേഹത്തിൻെറ സ്യാലൻ മുഹമ്മദ് കുഞ്ഞ് മൗലവിയും ഉണ്ടായിരുന്നു. മൗലവിയുടെ ആദർശങ്ങളും പ്രബോധനങ്ങലും പ്രചരിപ്പിക്കുന്നതിനായി വക്കം മൗലവി ഫൗണ്ടേഷൻ എന്ന ഒരു സ്ഥാപനം പരേതനായ കെ.എം. ബഷീർ സാഹിബിൻെറ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്.

# V <u>അയ്യങ്കാളി</u>



1863ൽ ജനിക്കുകയും 1941ൽ മരണപ്പെടുകയും ചെയ്ത അയ്യങ്കാളി, അദ്ദേഹം ജീവിച്ച കാലഘട്ടത്തിലെ ഒരു ഇതിഹാസ പുരുഷനായി മാറിയ മഹാവിപ്ലവകാരിയായിരുന്നു. തീണ്ടികൂടായ്കയും തൊട്ടുകൂടായ്കയും നിഷ്കൃഷ്ടമായി പരിപാലിച്ചു പോന്ന ഒരു സാമൂഹ്യക്രമത്തിൽ നീചസമുദായത്തിൽ ജനിച്ചുവളർന്ന അയ്യങ്കാളി, ഇവയോടൊല്ലാം സുധീരമായി മല്ലടിച്ച് അധഃസ്ഥിത ജനസമൂഹത്തിൽപെട്ട ഏഴകളെ മനുഷ്യരായി അംഗീകരിപ്പിക്കുവാനുള്ള പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്ത് ഏറെക്കുറെ വിജയിച്ച ധന്യാത്മവാണ്. അയ്യൻകാളി വളർന്ന് വന്ന സമൂഹത്തിൽ ഹീനജാതിക്കാർക്ക് യാതൊരു വിധ മനുഷ്യാവകാശങ്ങളും അനുവദിക്കപ്പെട്ടിരുന്നില്ല. ഇരുകാലി മൃഗങ്ങളോടൊപ്പം ഇവരെ നുകത്തിൽ പൂട്ടി വയലുകളിൽ ഉഴുവിച്ചിരുന്നു. അവരെ വാങ്ങുവാനോ, വിൽക്കുവാനോ, രക്ഷിക്കാനോ, ശിക്ഷിക്കാനോ, ഒക്കെയുള്ള അവകാശം മേലാളൻമാർക്കുള്ളതായിരുന്നു. ജാത്യാചാരപ്രകാരം ഈഴവൻ, നായൻമാരിൽ നിന്നും പതിനാറടിയും പുലയൻ ബ്രാഹ്മണനിൽ നിന്നും അറുപത്തി നാലടിയും ദൂരെ നിൽക്കണമായിരുന്നു. തീണ്ടപ്പാട് അകലെയെന്നാണ് ഇതിനെ പറഞ്ഞിരുന്നത്. നിശ്ചിതദൂരം ലംഘിച്ച് നായരുടെ സവിധത്തിലെത്തുന്ന ഹീനജാതിക്കാരായ ഈഴവൻ തുടങ്ങി കീഴ്പ്പോട്ടുള്ള ഏതൊരാളേയും ഉടനെ കാലപുരിക്കയക്കണമെന്നായിരുന്നു ജാതിനിയമം. ഇത്തരം ക്രൂരകൃത്യങ്ങൾ ചെയ്യാൻ മടിക്കുന്ന നായർയോദ്ധാവിനെ വധശിക്ഷക്ക് വിധേയനാക്കുകയായിരുന്നു ഇതിനുള്ള ശിക്ഷ. മനുഷ്യരായി ഇത്തരം ജാതികളെ ഗണിച്ചിരുന്നില്ലന്നത് പോകട്ടെ മൃഗങ്ങളോട് കാണിച്ചിരുന്ന അനുകമ്പ പോലും ഇവരോട് കാട്ടിയിരുന്നില്ല. "പട്ടിക്ക് വിട്ടുമുറ്റത്ത് പാത്രങ്ങളിൽ ആഹാരം കൊടുത്തിരുന്നു. എന്നാൽ ഒരു തീണ്ടൽപ്പാടകലെ, കുപ്പയിൽ കുഴികുത്തി വാഴ ഇല വെച്ചാണ്, ചോര നീരാക്കി ജോലി ചെയ്തു ക്ഷീണിച്ചവശനായി വരുന്ന അയിത്ത ജാതിയിൽപ്പെട്ട ജോലിക്കാർക്ക് 'ഉപ്പുകഞ്ഞി' കൊടുത്തിരുന്നത്. (അയിത്ത ജാതിക്കാർക്ക് കഞ്ഞിയും കുറച്ചുകൂടി ഉയർന്ന ജാതിക്കാർക്ക് മുറ്റത്തുവെച്ച് ചോറും കൊടുക്കുന്ന പക്ഷാഭേദമനോഭാവവും അന്നുണ്ടായിരുന്നു."1. പൊതുനിരത്തുകളിലോ, കമ്പോളങ്ങളിലോ, ആരാധനാഘോഷ സ്ഥലങ്ങളിലോ ഇവർക്ക് പ്രവേശനമുണ്ടായിരുന്നില്ല. അത്തരം ഉച്ചനീചത്വങ്ങൾ അലംഘനീയമായി പുലർത്തിപ്പോന്നിരുന്ന ഒരു സമൂഹത്തിലാണ് അയ്യങ്കാളി എന്ന പുലയക്കുട്ടിയുടെ ജനനം.

1863 ആഗസ്റ്റ് 28-ാം തിയ്യതി വെങ്ങാനൂർ എന്ന കുഗ്രാമത്തിൽ അയ്യൻ - മാല ദമ്പതിമാർക്ക് ജനിച്ച കുട്ടിയാണ് അയ്യങ്കാളി. കാളിയെന്നായിരുന്നു കുട്ടിക്ക് നൽകിയ നാമധേയം. എന്നാൽ അച്ഛനായ അയ്യന്റെ പേരു കൂടി ചേർത്ത് മേലാളർ അയ്യങ്കാളി എന്ന് വിളിച്ചു വന്നു. പിന്നീട് ആ പേരിലാണദ്ദേഹം അറിയപ്പെട്ടതും. അയ്യൻ പനങ്ങോട്ട് ഈറ്റിറത്ത് ഗോവിന്ദപിള്ളയെന്ന ജൻമിയുടെ അടിയനായിരുന്നു. അദ്ധ്വാനിയായ അയ്യനെ ഗോവിന്ദപിള്ളക്ക് ഇഷ്ടമായി. അക്കാലത്ത് ഒരു ജൻമി തന്റെ അടിയാനെ ഗൗനിക്കുകയെന്നത്കൂടി നാട്ടുനടപ്പിന് വിരുദ്ധമായിരുന്നു. എന്നാൽ മനുഷ്യത്വമുണ്ടായിരുന്ന ഗോവിന്ദപിള്ള അയ്യന്റെ അദ്ധ്വാനത്തിന് യഥോചിതം പ്രതിഫലം കൊടുക്കുവാൻ തയ്യാറായി. കാടുവെട്ടി കൃഷി സ്ഥലമുണ്ടാക്കുന്ന ജോലിയായിരുന്നു അയ്യന്. അങ്ങനെ വെട്ടിത്തെളിച്ചെടുത്ത സ്ഥലത്തിൽ നിന്നും അഞ്ചേക്കർ സ്ഥലം ഗോവിന്ദപിള്ള ദാനമായി അയ്യന് നൽകി. അക്കാലത്ത് അധഃസ്ഥിതനായ ഒരു പുലയ അടിയാളൻ സ്ഥലത്തിന്റെ ഉടമയാകുകയെന്നത് അചിന്തനീയമായിരുന്നു. നാട്ടാചാരത്തിനെതിരായി പ്രവർത്തിച്ച ഗോവിന്ദപിള്ളയോടും സവർണ്ണർ അമർഷം പ്രകടിപ്പിച്ചു. അയ്യനാകട്ടെ തന്റെ അധീനതയിൽ വന്ന സ്ഥലത്ത് കഠിനാദ്ധ്വാനം ചെയ്തു. കാലക്രമേണ ഒരു സ്വതന്ത്ര കൃഷിക്കാരനായ അയ്യൻ കുടുംബം പുലർത്താൻ മതിയായ സമ്പാദ്യം ഉണ്ടാക്കിക്കൊണ്ടിരുന്നു. കാളി ജനിക്കുന്നത് അങ്ങനെ പുലയചാളയിലെ ദരിദ്രപാരമ്പര്യത്തിലായിരുന്നില്ലെന്ന വ്യത്യാസം വലുതാണ്. കാളിയായിരുന്നു അയ്യന്റെ മൂത്തസന്തതി. അകാലത്തിൽ മരണപ്പെട്ട മൂന്നു കുട്ടികൾക്ക് പുറമേ അയ്യന് നാലു പുത്രൻമാരും മൂന്ന് പുത്രിമാരും കൂടിയുണ്ടായിരുന്നു. ഇവരെല്ലാം കൃഷിപ്പണിയിൽ വ്യാപൃതരുമായിരുന്നു. ബാല്യത്തിൽ തന്നെ ഏഴജാതികൾ അനുഭവിക്കുന്ന സാമൂഹ്യപരാധീനതകൾ കാളിയുടെ മനസ്സിനെ അസ്വസ്ഥമാക്കി. തന്റെ പ്രായക്കാരായ മറ്റു ജാതിയിൽപ്പെട്ട കുട്ടികളുമായൊത്ത് പന്ത് കളിക്കുന്നതും കൂട്ടുകൂടുന്നതും സവർണ്ണർ എതിർത്തു. മേലാൽ ഇവ ആവർത്തിക്കരുതെന്ന് താക്കീതും നൽകി. അയ്യൻകാളി എന്ന

ബാലനിൽ സാമൂഹിക തിൻമയോടുള്ള എതിർപ്പ് അങ്കുരിച്ചതിനെയാണ്. മറ്റുള്ളവർ അനുഭവിക്കുന്ന സ്വാതന്ത്ര്യം തങ്ങൾക്കു നിഷേധിക്കപ്പെട്ടിരിക്കുന്നു എന്ന പരമാർത്ഥം അവനിൽ എതിർപ്പിന്റെ കൈത്തിരി കത്തിച്ചു. ജോലി കഴിഞ്ഞ് തന്റെ സഹോദരങ്ങളായ ഗോപാലനോടും ചാത്തനോടുമൊപ്പം സ്വസമുദായത്തിലെ കുറേ ചുണക്കുട്ടൻമാരെ സംഘടിപ്പിച്ച് കളിയും നാടകാഭിനയവും പാട്ടും കൂത്തുമായി പരിസരത്തെ ആഹ്ലാദത്തിമിർപ്പിൽ ആഴ്ത്തും. മറ്റു ജാതിയിലെ ബാലൻമാരുമായി കൂടാനോ, വഴി നടക്കുവാനോ, അനുവാദമുണ്ടായിരുന്നില്ലെങ്കിലും അവയെ ധിക്കരിക്കുവാനുള്ള കൂസലില്ലായ്മ ചെറുപ്പംമുതലെ അയ്യങ്കാളിയുടെ മുഖമുദ്രയായിരുന്നു. 'ധിക്കാരി'യെന്നും 'നിഷേധി'യെന്നും ആണ് മേൽജാതിക്കാർ അയ്യങ്കാളിയെ വിളിച്ചിരുന്നത്. അനീതിയ്ക്കെതിരെ ധീരമായി എന്തും ചെയ്യുവാനുള്ള സന്നദ്ധതയും ചങ്കൂറ്റവും അയ്യങ്കാളിക്കും സഹോദരങ്ങൾക്കും ജൻമസിദ്ധമായി ലഭിച്ച അനുഗ്രഹങ്ങളാണ്. ഒരു മേലാളനേയും സേവിക്കാതെ സ്വന്തം കാലിൽ നിൽക്കാനുള്ള കെല്പ് അയ്യന്റെ കുടുംബത്തിനുണ്ടായിരുന്നതിനാലാണ് മക്കൾക്ക് മറ്റുള്ളവർക്ക് അനുഭവിക്കുന്ന പരാധീനതകൾ ഉണ്ടാകാതിരുന്നത്. അയ്യങ്കാളിയും സഹോദരങ്ങളും കുറെ പുലയയുവാക്കാളുമായി സംഘം ചേർന്ന് ജാതിനിയമങ്ങളെ കുറേശ്ശെ കുറേശ്ശെ ലംഘിക്കുവാൻ തുടങ്ങി. അതിനോടു പ്രതിഷേധിക്കുന്നവരെ ശക്തിപ്രകടനം കൊണ്ടു തന്നെ നേരിടുവാനും തയ്യാറായി.

അക്ഷരാഭ്യാസം ചെയ്യുവാൻ ഹീനജാതിക്കാർക്ക് അസാദ്ധ്യമായതിനാൽ ആ വക കാര്യങ്ങൾക്ക് വേണ്ടി സമയം കളയേണ്ടതായി വന്നിരുന്നില്ല. ആ കുറവ് പരിഹരിക്കുവാൻ അയ്യൻകാളിയും കൂട്ടരും കണ്ടുപിടിച്ച വിദ്യ, ഗുസ്തിമുറ, മർമ്മവിദ്യ, അടി തട മുതലായവ അഭ്യസിക്കുകയെന്നതായിരുന്നു. ശാരീരിക ശേഷിയും കരുത്തും ഉണ്ടായിരുന്ന അവർക്ക് മെയ്‌വഴക്കവും, അടിതടയുമൊക്കെ വശമായപ്പോൾ എങ്ങോ നഷ്ടപ്പെട്ട ആത്മധൈര്യം വീണുകിട്ടിയ അനുഭവമാണുണ്ടായത്. യുവത്വത്തിന്റെ പ്രസരിപ്പും കരുത്തുറ്റ നേതൃത്വവും അവരിലെല്ലാം മനുഷ്യാവകാശങ്ങൾ നേടിയെടുക്കുവാനുള്ള അദമ്യമായ ആവേശം അങ്കുരിപ്പിച്ചു. അങ്ങനെയാണ് അധഃസ്ഥിത വർഗ്ഗത്തിന്റെ രക്ഷാപുരുഷനായി അദ്ദേഹം അംഗീകരിക്കപ്പെടുന്നത്. മനുഷ്യന്റെ പ്രാഥമിക ആവശ്യമായ സഞ്ചാര സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരത്തിന്റെ പ്രാരംഭം കുറിക്കുന്നത് 1893ലാണ്. അപ്പോൾ അയ്യൻകാളിക്ക് 30 വയസ്സ് പ്രായമുണ്ടായിരുന്നു. ജാത്യാചാരത്തെ വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം ഒരു വില്ലുവണ്ടി വാങ്ങി തന്റെ അരോഗദൃഢഗാത്രരായ അനുയായികളോടൊപ്പം പൊതുനിരത്തിലൂടെ യാത്രയായി. ഇതിനെ കണ്ണുംപൂട്ടി അനുവദിച്ചുകൊടുക്കുവാൻ ഫ്യൂഡൽ ജാതികൾക്ക് സാധിക്കുമായിരുന്നില്ല. അവർ വഴി തടഞ്ഞ് പ്രതിരോധം സൃഷ്ടിച്ചു. പക്ഷേ ഏത് പ്രതിബന്ധത്തേയും തട്ടിമാറ്റി മുന്നോട്ട് പോകാൻ ദൃഢനിശ്ചയം ചെയ്തിരുന്ന സംഘം എതിർപ്പുകളെ തൃണവൽഗണിച്ചു മുന്നോട്ടു പോയി. ഈ വില്ലുവണ്ടി യാത്ര നാട്ടിൽ വലിയ സംസാര വിഷയമായി. ശ്രീനാരായണഗുരു അരുവിപ്പുറത്ത് 'ഈഴവശിവ' പ്രതിഷ്ഠ നടത്തി ആചാരങ്ങളെ തകർത്തതിന് സമാനമായ മഹാവിപ്ലവമായിരുന്നു ഈ വില്ലുവണ്ടി സഞ്ചാരം. അതോടെ അയ്യൻകാളിയെന്ന വിപ്ലവ ജേതാവിനെ ഹീനജാതിക്കാരുടെ ഉദ്ധാരകനായി വാഴ്ത്തപ്പെട്ടു. സാധുക്കൾക്കെതിരായി നടന്നിട്ടുള്ള ഏത് മർദ്ദനത്തേയും ചോദ്യം ചെയ്യുവാൻ അദ്ദേഹം തന്റേടം കാണിച്ചു. തന്റെ അനുയായികളെയെല്ലാം സംഘടിപ്പിച്ച് സഞ്ചാരസ്വാതന്ത്ര്യം നേടിയെടുക്കുന്നതിനായി അദ്ദേഹം ഒരു ഘോഷയാത്രയായി സഞ്ചരിച്ചു. എന്നാൽ ബാലരാമപുരം ചാലിയത്തെ തെരുവിലെത്തിയപ്പോൾ സംഘത്തെ വലിയ ഒരു കൂട്ടം ആളുകൾ എതിർത്തു. ഇതു വലിയ ഒരു സംഘട്ടനത്തിനും രക്തച്ചൊരിച്ചിലിനും ഇടയാക്കി. ഇരുഭാഗത്തും മർദ്ദനങ്ങളും കത്തികുത്തുമൊക്കെ നടന്നു. ഇതു മറ്റു സ്ഥലങ്ങളിലെ അധഃസ്ഥിതവർഗ്ഗത്തിന് പ്രചോദനമായി മാറി. മണക്കാട്, കഴക്കൂട്ടം, കണിയാപുരം തുടങ്ങിയ സ്ഥലങ്ങളിൽ അധഃകൃതയുവാക്കൾ ജാതിനിയമം ലംഘിച്ച് പൊതുനിരത്തിലിറങ്ങി. ഇവിടങ്ങളിലൊക്കെ ശരിക്കും സംഘട്ടനവും നടന്നു. പക്ഷെ ഇവ സാമൂഹ്യചട്ടക്കൂട്ടിനെ ദുർബ്ബലമാക്കിക്കൊണ്ടിരുന്നു. നിഷേധിക്കപ്പെട്ട മനുഷ്യാവകാശം പെട്ടെന്നാരും ഓശാരമായി നൽകുകയില്ലെന്ന് അവർക്കറിയാമായിരുന്നു. അവകാശങ്ങൾ ഓരോന്നോരോന്നായി പിടിച്ച് വാങ്ങണമെങ്കിൽ ശക്തി സംഭരിക്കണമെന്നും അയ്യൻകാളി തന്റെ അനുയായികളെ ബോധവൽക്കരിച്ചു കൊണ്ടിരുന്നു.

കാശുകൊടുത്താലും സാധനങ്ങൾ ചായക്കടയിൽ നിന്നും അധഃകൃതർക്ക് നേരിട്ടു വാങ്ങാൻ അനുവാദമുണ്ടായിരുന്നില്ല. അയ്യങ്കാളി അതിന് കണ്ട പ്രതിവിധി തന്റെ സമുദായാംഗങ്ങളെ കൊണ്ട് സ്വന്തമായ കടകൾ നടത്തിക്കുകയെന്നതായിരുന്നു. ഇതും പ്രതിഷേധത്തിനും എതിർപ്പിനും ഇടവരുത്തി. അതോടൊപ്പം സർക്കാർ പള്ളിക്കൂടങ്ങളിൽ പുലയക്കുട്ടികൾക്ക് പ്രവേശനം തരപ്പെടുത്തുന്നതിനു വേണ്ടിയുള്ള വലിയ വിപ്ലവ സംരംഭമായിരുന്നു നടന്നത്. വെങ്ങാനൂരിൽ ഒരു കുടിപ്പള്ളികൂടം സ്ഥാപിച്ച് ആദ്യമായി പുലയവിദ്യാർത്ഥികളെ അക്ഷരം പഠിപ്പിക്കുവാനുള്ള ഏർപ്പാടുകളുണ്ടാക്കി. ഇതു 1904ലായിരുന്നു. കീഴ്ജാതിക്കാർ രഹസ്യമായിപ്പോലും അക്ഷരാഭ്യാസം നേടരുതെന്നായിരുന്നു ജാതിധർമ്മം. അതിനെ ലംഘിക്കുകയെന്നത് ജാതിക്കോമരൻമാർക്ക് സഹിക്കാൻ പറ്റുന്ന കാര്യമായിരുന്നില്ല. അവർ വെങ്ങാനൂരിൽ തുടങ്ങിയ കുടിപ്പള്ളികൂടം നശിപ്പിച്ചു. എങ്ങും മർദ്ദനവും സംഘട്ടനവും തന്നെ. അയ്യങ്കാളിയുടെ അനുയായികൾ പേടിച്ചോടുന്നവരായിരുന്നില്ല. 'ഒന്നടിച്ചാൽ തിരിച്ച് രണ്ടടി',യെന്നും 'ഞങ്ങളെ തല്ലിയാൽ ഞങ്ങളും തല്ലു'മെന്നും അവർ ധൈര്യമായി പ്രഖ്യാപിച്ചു.

ഇക്കാലത്താണ് കൊച്ചിയിലെ തത്തമംഗലം സ്വദേശിയും

നായർകുലജാതനുമായ സദാനന്ദസ്വാമികൾ തിരുവനന്തപുരത്ത് വരുന്നത്. ക്രൈസ്തവ മിഷണറിമാർ വ്യാപകമായി നടത്തിക്കൊണ്ടിരുന്ന മതപരിവർത്തനവും ഹൈന്ദവധർമ്മങ്ങളുടെ നേരെ കാണിച്ചിരുന്ന പരിഹാസവുമൊക്കെ അദ്ദേഹത്തെ ഹൈന്ദവ നവീകരണപ്രവർത്തകനാക്കി മാറ്റിയിരുന്നു. ഹൈന്ദവസമൂഹത്തിൽ ഉണ്ടായിരുന്ന ഉച്ചനീചത്വങ്ങൾ മുതലെടുക്കുകയാണ് ക്രൈസ്തവ മിഷണറിമാർ ചെയ്തിരുന്നതെന്ന വസ്തുത സദാനന്ദസ്വാമികൾ തന്റെ പ്രബോധനങ്ങളിലൂടെ ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നു. മതം മാറാൻ കീഴ്ജാതിക്കാരെ പ്രേരിപ്പിച്ചിരുന്നത് അവർക്ക് മതംമാറ്റത്തോടൊപ്പം ലഭിക്കുമായിരുന്ന സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസ സൗകര്യം, സാമൂഹ്യശ്രേണിയിൽ ലഭിക്കുന്ന പദവി, ഒക്കെയാണല്ലോ. സദാനന്ദസ്വാമികൾ കവലകൾതോറും നടന്ന് പ്രസംഗിച്ചത്, ഹൈന്ദവരുടെ അയിത്തത്തിനും ഉച്ചനീചത്വത്തിനും എതിരായിട്ടായിരുന്നു. ക്രിസ്തുമതത്തിലേക്കുള്ള കീഴ്ജാതിക്കാരുടെ പ്രവാഹം ഇല്ലാതാക്കണമെങ്കിൽ അടിച്ചമർത്തപ്പെട്ടു കിടന്നിരുന്ന അധഃസ്ഥിതലക്ഷങ്ങൾക്ക് പ്രാഥമിക മനുഷ്യാവകാശങ്ങൾ നൽകുകയെന്നതാണെന്നും സ്വാമികൾ ശക്തിയായി ഉദ്ബോധിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും പ്രവർത്തനങ്ങളും അയ്യങ്കാളിക്ക് ആത്മവിശ്വാസം വർദ്ധിപ്പിക്കുകയും ചെയ്തു. സദാനന്ദസ്വാമികളുമായി അയ്യങ്കാളിയും കൂട്ടരും സന്ധിച്ചു. അദ്ദേഹത്തിന്റെ ഉപദേശനിർദ്ദേശങ്ങൾ അവർക്ക് സ്വീകാര്യവുമായിരുന്നു. സ്വാമികളോടൊപ്പം അയ്യങ്കാളിയും ഒരു വലിയ സംഘം അധഃകൃതരും തിരുവനന്തപുരം കോട്ടവാതിക്കലെത്തി മഹാരാജാവിനെ കൺകുളിർക്കെ കണ്ടു. അയ്യൻകാളി അവശസമുദായങ്ങളുടെ സങ്കടങ്ങൾ എണ്ണിയെണ്ണിപ്പറഞ്ഞു. ക്രൈസ്തവ മിഷണറിമാർ നിർബന്ധമായി മതപരിവർത്തനം നടത്തുന്നത് തടയണമെന്നാവശ്യപ്പെട്ടു് ഒരു ഭീമഹർജി മഹാരാജാവിന് സമർപ്പിക്കുകയും ചെയ്തു. ഇതൊക്കെ കഴിഞ്ഞ് സംതൃപ്തരായി മടങ്ങിപ്പോന്ന അയ്യൻകാളിയേയും സംഘത്തേയും മണയ്ക്കാട്ട് വെച്ച് നായന്മാരുടെ നേതൃത്വത്തിൽ ഒരുകൂട്ടം ആളുകൾ ആക്രമിച്ചു. പൊരിഞ്ഞ സംഘട്ടനം നടന്നു. അയ്യങ്കാളിയും അനുയായികളും ആക്രമണകാരികളെ അടിച്ചോടിച്ചെങ്കിലും ഇവർക്കും നല്ല പരുക്കുകൾ പറ്റുകയുണ്ടായി. അയിത്ത ജാതിക്കാർ രാജസന്നിധിയിൽ സ്വയം പ്രത്യക്ഷപ്പെട്ടതും പൊതു നിരത്തിലൂടെ സഞ്ചരിച്ചതും സവർണ്ണർക്ക് ഇഷ്ടപ്പെടാതിരുന്നതാണ് കരുതിക്കൂട്ടിയുള്ള ആക്രമണത്തിന് മൂലഹേതു"2.

സദാനന്ദസ്വാമികളുടെ ശ്രമഫലമായി അയ്യങ്കാളിയേയും അനുയായികളേയും സംഘടിപ്പിച്ച് 'ബ്രഹ്മനിഷ്ഠാമഠസംഘം' എന്ന ഒരു സഭ രൂപീകരിച്ചു പ്രവർത്തനം നടത്തിക്കൊണ്ടിരുന്നു. ജാതിക്ക് എതിരായും മനുഷ്യസ്വാതന്ത്ര്യങ്ങൾ അവകാശമാണെന്ന് പ്രഖ്യാപിച്ചും കൊണ്ടുള്ളതായിരുന്നു ഈ സംഘടന. എന്നാൽ ഈ സംഘടന കൊണ്ട് കാര്യമായ നേട്ടങ്ങളൊന്നുമുണ്ടായില്ല. ആത്മീയ കാര്യങ്ങൾക്കായിരുന്നു പ്രാധാന്യം നൽകിയിരുന്നത്. തങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ സംഘടനക്ക് സാധ്യമല്ലെന്ന് മനസ്സിലാക്കിയ അയ്യൻകാളിയും കൂട്ടരും നവോത്ഥാനപ്രവർത്തകരായ വി.ജെ. തോമസ് വാദ്ധ്യാർ, ഹാരീസ് വാദ്ധ്യാർ എന്നിവർ ആരംഭിച്ചിരുന്ന അയിത്താചാര വിരുദ്ധ പ്രസ്ഥാനം രൂപംകൊടുത്ത 'സാധുജന പരിപാലനസംഘ'ത്തിൽ ചേർന്നു. ആ സംഘടനയുടെ നേതാവായി അയ്യങ്കാളിയെ തെരഞ്ഞെടുക്കുകയും ചെയ്തു. സംഘടനാശേഷിയും തന്റേടവുമുണ്ടായിരുന്ന അദ്ദേഹം അനുയായികളുടെ പ്രിയങ്കരനും ധീരസാഹസികനുമായിരുന്നുവല്ലോ. 1907ലാണ് 'സാധുജന പരിപാലന സംഘം' രൂപീകൃതമായത്. ഈ സംഘടനയുടെ ആദ്യലക്ഷ്യം സ്കൂൾ പ്രവേശനം നേടിയെടുക്കുകയെന്നതായിരുന്നു. അയ്യങ്കാളിയും വി.ജെ. തോമസും നിരന്തരം നടത്തിക്കൊണ്ടിരുന്ന നിവേദനങ്ങളുടെ ഫലമായി അയിത്തജാതിക്കാർക്കും സ്കൂൾ പ്രവേശനം അനുവദിച്ചുകൊണ്ട് 1907ൽ തന്നെ സർക്കാർ കല്പന പുറപ്പെടുവിച്ചിരുന്നു. അന്ന് ദിവാനായിരുന്ന പി. രാജഗോപാലാചാരി അധഃസ്ഥിതവർഗ്ഗത്തിന്റെ ഉന്നമനം ആത്മാർത്ഥമായി ആശിച്ചിരുന്ന ഭരണാധിപനാണ്. 1907ൽ അയിത്തജാതികൾക്കും സ്കൂളുകളിൽ പ്രവേശനം നല്കുന്ന കല്പന അദ്ദേഹം നൽകിയിരുന്നുവെങ്കിലും കീഴ് ഉദ്യോഗസ്ഥന്മാരായ സവർണ്ണർ ഈ കല്പന നടപ്പാക്കിയില്ലെന്ന് മാത്രമല്ല, അത് പൂഴ്ത്തിവെക്കുകയാണ് ചെയ്തത്. കുറേ കഴിഞ്ഞിട്ടാണെങ്കിലും ഇങ്ങനെ ഒരു കല്പന ഉണ്ടായിട്ടുണ്ടെന്നറിയാൻ കഴിഞ്ഞ അയ്യങ്കാളി തന്റെ സമുദായത്തിൽപ്പെട്ട കുട്ടികളേയും കൊണ്ട് ഓരോ സ്കൂളുകളിലും ചെന്ന് പ്രവേശനത്തിന് വേണ്ടി അപേക്ഷിച്ചു. വൃത്തിഹീനരും അയിത്തക്കാരുമായ പുലയകിടാങ്ങളെ തങ്ങളുടെ കുട്ടികളുമായി ഒരുമിച്ച് ഒരേ ക്ലാസിലിരുത്തി പഠിപ്പിക്കുകയെന്നത് സവർണ്ണജാതികൾക്ക് ചിന്തിക്കുവാൻ കൂടി സാധിക്കുമായിരുന്നില്ല. രൂക്ഷമായ എതിർപ്പാണ് എവിടേയും ഉണ്ടായത്. ഇതേ തുടർന്ന് അയ്യങ്കാളിയും കൂട്ടരും വിപ്ലവകരമായ ഒരു തീരുമാനമെടുത്തു. കാർഷിക കേരളത്തിന്റെ ആദ്യത്തെ നിസ്സഹകരണസമരമായിരുന്നു അത്. 'തങ്ങളുടെ കുട്ടികൾക്ക് സ്കൂളുകളിൽ പ്രവേശനം നൽകുന്നതുവരെ നിലങ്ങൾ ഉഴുവാനോ, മറ്റു കൃഷിപ്പണികൾ ചെയ്യുവാനോ, തങ്ങൾ തയ്യാറല്ലെന്നുള്ള ധീരമായ പ്രഖ്യാപനവും നടത്തി. തെക്കൻ തിരുവിതാംകൂറിനെ സ്തംഭിപ്പിച്ച മഹാസംഭവമെന്ന നിലക്ക് ആദ്യത്തെ ഈ കർഷകസമരം പ്രാധാന്യമർഹിക്കുന്നു. ജന്മിമാരും കർഷക തൊഴിലാളികളും രണ്ട് വിരുദ്ധ ചേരികളിലായി നിന്ന് പോർവിളികളും സംഘട്ടനങ്ങളും നടത്തി. ധീരസാഹസികനായ അയ്യങ്കാളി ആജ്ഞാശക്തിയും മേധാശക്തിയുമുള്ള കർമ്മപടുവായിരുന്നു. തന്റെ കീഴിൽ വലിയ ഒരു സന്നദ്ധ സേനയെ അദ്ദേഹം പരിശീലിപ്പിച്ചെടുത്തു. 'അയ്യങ്കാളിപ്പട' എന്നായിരുന്നു ഈ ചാവേർസംഘത്തെ വിളിച്ചിരുന്നത്. നിത്യതൊഴിൽക്കാരായ ഈ പാവങ്ങൾക്ക് ജോലിയില്ലാതെയാകുമ്പോൾ തന്നെ, സമരം കെട്ടടങ്ങുമെന്നായിരുന്നു ജന്മികളുടെ കണക്കുകൂട്ടൽ. എന്നാൽ എന്തു ത്യാഗവും

സഹിച്ചും, എത്ര പട്ടിണി കിടന്നാലും തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതുവരെ നിലങ്ങളൊക്കെ തരിശായി കിടക്കുമെന്ന് അവർ തുറന്ന് പറഞ്ഞിരുന്നു. സ്കൂൾപ്രവേശനത്തോടൊപ്പം കൂലി കൂടുതലും ജോലിസ്ഥിരതയും മറ്റാവശ്യങ്ങളായിരുന്നു. കള്ളക്കേസുകളിൽ കുടുക്കി ശിക്ഷിക്കുന്നതും നിസ്സാരകുറ്റങ്ങൾക്കുപോലും പിടിച്ചുകെട്ടി പ്രഹരിക്കുന്നതും പൊതുനിരത്തിൽ പ്രവേശനം നിഷേധിക്കുന്നതുമൊക്കെ എന്നേക്കുമായവസാനിപ്പിക്കണമെന്നും 'സാധുജന പരിപാലനസംഘം' നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരുന്നവയാണ്. സ്ഥലഉടമകൾ കൃഷിയിറക്കുവാൻ ഭഗീരഥപ്രയത്നം നടത്തി നോക്കിയിരുന്നു. കർഷക തൊഴിലാളികളിൽ ചിലരെ അവർക്ക് ഇതിന് ലഭിച്ചു. അതുപോലെ അതുവരെ നിലങ്ങളിലിറങ്ങി പണിയെടുത്തിട്ടില്ലാത്ത മറ്റു ജാതിയിൽപ്പെട്ടവരെ കൃഷിപ്പണിക്കുപയോഗപ്പെടുത്തിനോക്കി. പൊരിവെയിലത്ത് അധികസമയം നിൽക്കാൻ ഇവർക്കാർക്കും കഴിഞ്ഞില്ല. പട്ടിണിയും പരാധീനതയും വർദ്ധമാനമായപ്പോൾ തൻെറ കൂടെയുള്ളവരിൽ പോലും അഭിപ്രായഭിന്നത കണ്ടു തുടങ്ങിയ അയ്യങ്കാളി നിത്യവൃത്തിക്കുള്ള പുതിയ മാർഗ്ഗങ്ങൾ ആരാഞ്ഞു. വിഴിഞ്ഞത്തെ മത്സ്യതൊഴിലാളികളുടെ സഹായത്തോടെ കുറേയധികം പുലയർക്ക് അവരോടൊത്ത് മത്സ്യബന്ധനത്തിന് പോകാമെന്നായി. ഇതോടെ ജൻമിമാരുടെ ധാർഷ്ട്യം കൊമ്പുകുത്തുകയും ചെയ്തു. ദിവാൻ രാജഗോപാലാചാരി തീർത്തും നിഷ്പക്ഷമായ നയമായിരുന്നു സ്വീകരിച്ചത്. പോലിസ് അനാവശ്യമായി ഈ സമരത്തിൽ ഇടപെടരുതെന്ന് കർശനമായ നിർദേശം അദ്ദേഹം നൽകിയിരുന്നു. തൻമൂലം ജൻമിമാർ കള്ളക്കേസ്സുമായി പോലീസിനെ സമീപിച്ചിട്ടും പ്രതീക്ഷിച്ച നടപടി പോലീസ്സിൽ നിന്നും ലഭിച്ചതുമില്ല. നേരത്തെ പ്രസ്താവിച്ചത്പോലെ ദിവാൻ അധഃസ്ഥിത വിഭാഗത്തോട് കരുണയുണ്ടായിരുന്ന മനുഷ്യസ്നേഹിയായിരുന്നു. സർക്കാർ അനുകൂല നിലപാട് സ്വീകരിച്ചതോടെ ജൻമികൾക്ക് യാതൊരു പോംവഴിയും ഇല്ലെന്ന് വന്നു. സുദീർഘമായ ഒരു വർഷത്തിന് ശേഷമാണ് അവർ ഒത്തുതീർപ്പിന് വഴങ്ങിയത്. കൂലി കൂടുതൽ എന്ന ആവശ്യം അംഗീകരിക്കുകയും സഞ്ചാരസ്വാതന്ത്ര്യം, സ്കൂൾ പ്രവേശനം എന്നീ പ്രശ്നങ്ങളിൽ വിട്ടുവീഴ്ചക്ക് തയ്യാറാകാമെന്ന് സമ്മതിക്കുകയും ചെയ്തതോടെ സമരം അവസാനിപ്പിച്ചു. കേരളത്തിലെ പാവപ്പെട്ട അയിത്ത ജാതിക്കാരുടെ ഉയിർത്തെഴുന്നേൽപ്പിന് കളമൊരുക്കിയ മഹാസംഭവമായിരുന്നു ഈ കർഷകപ്രക്ഷോഭണം.

ഇതോടെ അയിത്തജാതിക്കാരിൽപ്പെട്ട യുവാക്കൾ 'തമ്പ്രാ'ൻമാരെ വണങ്ങാതെയായി. സ്വതന്ത്രമായി അവർ പൊതുനിരത്തുകളിലിറങ്ങി. സ്കൂൾ പ്രവേശനപ്രശ്നം പരിഹരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് അവസാനം 1910ൽ പുറത്ത് വന്നതോടെ അയിത്തജാതിക്കാർക്ക് ഒരു പുനർജൻമം കിട്ടിയതുപോലെയായി. അയ്യങ്കാളിയെ വക വരുത്താതെ അയിത്ത ജാതിക്കാരെ പിടിച്ചു കെട്ടുവാൻ സാധിക്കുകയില്ലെന്ന് സവർണ്ണ മേധാവിത്വത്തിനറിയാമായിരുന്നു. അദ്ദേഹത്തെ ജീവനോടെയോ, അല്ലാതെ പിടിച്ചുകൊണ്ടുവരുന്നവർക്ക് 2000 രൂപ പ്രതിഫലം കൊടുക്കാമെന്ന് പോലും സവർണ്ണജൻമികൾ വാഗ്ദാനം ചെയ്തിരുന്നുവത്രെ.3. ഇതേതുടർന്ന് അയ്യങ്കാളിപ്പടയും ഗുണ്ടകളും പല സ്ഥലത്ത് വെച്ചും ഉഗ്രസംഘട്ടനങ്ങളും രക്തച്ചൊരിച്ചിലുകളും നടത്തിയിരുന്നു. സ്കൂൾ പ്രവേശന കാര്യത്തിൽ, പുരോഗമനാശയത്തിൻെറ പുറംചട്ടയണിഞ്ഞിരുന്ന കെ. രാമകൃഷ്ണപിള്ള പോലും എതിരായിരുന്നു. ഈ കല്പന പുറത്ത് വന്നതിൻെറ പിറ്റേദിവസം സ്വദേശാഭിമാനിയുടെ മുഖപ്രസംഗത്തിൽ അദ്ദേഹമെഴുതിയത് ഇപ്രകാരമാണ്. "ആചാരാദികാര്യങ്ങളിൽ സാർവ്വജനീനമായ സമത്വം അനുഭവപ്പെടണമെന്ന് വാദിക്കുന്നവർ ആ ഒരു സംഗതിയെ ആധാരമാക്കി കൊണ്ട് പാഠശാലകളിൽ കുട്ടികളെ അവരുടെ വർഗ്ഗീയ യോഗ്യതകളെ വകതിരിക്കാതെ നിർഭേദം ഒരുമിച്ചിരുത്തി പഠിപ്പിക്കേണ്ടതാണെന്ന് ശഠിക്കുന്നതിനെ അനുകൂലിക്കുവാൻ ഞങ്ങൾ യുക്തി കാണുന്നില്ല...... എത്രയോ തലമുറകളായി ബുദ്ധിയെ കൃഷിചെയ്ത് വന്നിട്ടുള്ള ജാതിക്കാരേയും അതിനേക്കാൾ എത്രയോ ഏറെ തലമുറകളായി നിലംകൃഷി ചെയ്ത് വന്നിരിക്കുന്ന ജാതിക്കാരേയും തമ്മിൽ ഒന്നായി ചേർക്കുന്നത് കുതിരയേയും പോത്തിനേയും ഒരേ നുകത്തിൽ കെട്ടുകയാകുന്നു."4. ഇതിനേക്കാൾ അപഹാസ്യമായ വിമർശനങ്ങളായിരുന്നു സദാനന്ദസ്വാമികൾ അയിത്തത്തിനും ജാതിയ ഉച്ചനീചത്വങ്ങൾക്കുമെതിരായി നടത്തിക്കൊണ്ടിരുന്ന പ്രവർത്തനങ്ങളോട് രാമകൃഷ്ണൻപിള്ള അനുവർത്തിച്ചിരുന്നത്. ഇതിനെ ചൂണ്ടി മന്ദത്ത് പത്മനാഭൻ അദ്ദേഹത്തിൻെറ ആത്മകഥയിൽ കുറിച്ചിട്ടുള്ളതിപ്രകാരമാണ്, "........ അഭിമാനം കൊള്ളുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട അവർ (നായൻമാർ) അങ്ങനെ ചെയ്തില്ലന്ന് മാത്രമല്ല, ദുരാരോപണങ്ങൾ കൊണ്ട് അദ്ദേഹത്തിൻെറ മുഖത്ത് കരിവാരിത്തേച്ച് ഓടിക്കുവാനും ശ്രമിച്ചു. പത്രപ്രസ്താവനകളും ചോദ്യശരങ്ങളും കൊണ്ട് അദ്ദേഹത്തെ ശ്വാസംമുട്ടിച്ചു. അവരിൽ പ്രമാണി സ്വദേശാഭിമാന രാമകൃഷ്ണപിള്ളയായിരുന്നു."4. ഇതൊക്കെ കൊണ്ടായിരിക്കണമല്ലോ അധഃകൃതരോട് അനുകമ്പ കാണിച്ച ദിവാൻ പി. രാജഗോപാലാചാരിയുടെ സ്വഭാവഹത്യക്ക് രാമകൃഷ്ണപിള്ള മുതിർന്നത്.

സ്കൂൾപ്രവേശനവിളംബരമുണ്ടായെങ്കിലും അധഃകൃത വിദ്യാർത്ഥികളെ സ്കൂളുകളിൽ പ്രവേശിപ്പിക്കുവാൻ സവർണ്ണവിഭാഗം സമ്മതിച്ചില്ല. പല സ്ഥലങ്ങളിലും ഇതേച്ചൊല്ലി സംഘട്ടനങ്ങൾ നടന്നു. ഊരുട്ടമ്പലം കവലയിൽ വെച്ച് നടന്ന ഏറ്റുമുട്ടലിൽ നായൻമാരോടൊപ്പം മറ്റു പല സഹായികളുമുണ്ടായിരുന്നെങ്കിലും പുലയരെ അമർച്ച ചെയ്യാൻ സാധിച്ചില്ല. ഊരട്ടമ്പലത്തുണ്ടായിരുന്ന ഒരു സർക്കാർ പാഠശാലയിൽ പുലയവർഗ്ഗത്തിൽപ്പെട്ട ഒരു പെൺകുട്ടിയെ ചേർത്തതായിരുന്നു ബഹളത്തിന് നിദാനം. ഇതിൻെറ ഫലമായി ആ പാഠശാല അഗ്നിക്കിരയാക്കി. ഇതിൻെറ പ്രത്യാഘാതം മറ്റു സ്ഥലങ്ങളിലേക്കും വ്യാപിച്ചു. മാരായമുട്ടം, വെങ്ങാ

നൂർ, പെരുമ്പഴുത്തൂർ, കുന്നത്തുകാൽ മുതലായ പ്രദേശങ്ങളിലും കലാപമുണ്ടായി. രാജ്യത്തുടനീളം നായർ - പുലയ സംഘട്ടനങ്ങൾ നിത്യസംഭവമായി മാറി. എന്നാൽ ചോരയും ജീവനും നൽകി തങ്ങൾ നേടിയെടുത്ത അവകാശങ്ങൾ നിലനിർത്താൻ അധഃകൃതർ പ്രതിജ്ഞാബദ്ധരായിരുന്നു. അങ്ങനെ നിരന്തരം എതിർപ്പുകളെ അതിജീവിച്ചാണ് തിരുവിതാംകൂറിൽ അധഃകൃതർ മനുഷ്യാവകാശങ്ങൾ നേടിയെടുത്തത്.

ശ്രീമൂലം പ്രജാസഭയിലേക്ക് അധഃകൃതരുടെ പ്രതിനിധിയായി അയ്യങ്കാളിയെ 1912ൽ നോമിനേറ്റ് ചെയ്തതായിരുന്നു പിന്നീടുണ്ടായ പ്രധാന സംഭവം. അതുവരെ ഈ വിഭാഗത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കുവാൻ നിയുക്തമായിരുന്നത് സുഭാഷിണി പത്രാധിപരായ കരമന പി.കെ. ഗോവിന്ദപിള്ളയായിരുന്നു. അദ്ദേഹം പുലയർ തുടങ്ങിയ ഹീനജാതിക്കാർക്ക് അഭിമുഖീകരിക്കേണ്ടതായി വരുന്ന പ്രയാസങ്ങളും അവർക്ക് ന്യായമായും അനുവദിച്ചു കൊടുക്കേണ്ട ആവശ്യങ്ങളും ആത്മാർത്ഥമായി തന്നെ പ്രജാസഭയിൽ അവതരിപ്പിക്കുകയും ചെയ്യുക പതിവാണ്. എന്നാൽ അയ്യങ്കാളിയുടെ സഭാപ്രവേശനത്തോടുകൂടി അധഃസ്ഥിതവർഗ്ഗത്തിന് കിട്ടിയ വലിയ അംഗീകാരമായി തീർന്നു ഈ പദവി. പ്രജാസഭയിൽ അയ്യങ്കാളി നടത്തിയിരുന്ന നിവേദനങ്ങളും പ്രസംഗങ്ങളും ഔപചാരികമമായി വിദ്യ അഭ്യസിച്ചിട്ടില്ലാത്ത ഒരു നിരക്ഷരകുക്ഷിയുടേതായിരുന്നില്ല. ധിഷണാശാലിയായ ഒരു നവോത്ഥാന നായകന്റെ പരിഷ്ക്കരണത്വര പ്രകടമായിരുന്ന പ്രകടനങ്ങളായിരുന്നു അവ. അയ്യങ്കാളിയുടെ ശ്രീമൂലം പ്രജാസഭാ പ്രവേശനത്തെ അധികരിച്ച് കെ.പി. പത്മനാഭമേനോൻ എഴുതിയത്, "തിരുവിതാംകൂറിൽ ശ്രീമൂലം പ്രതിനിധിസഭയിൽ ഒരു പുലയൻ ഒരുമിച്ച് ഒരു നമ്പൂതിരി ഇരിക്കുന്ന അവസ്ഥ വിചാരിക്കുമ്പോൾ, കാലം കൊണ്ടുണ്ടാകാവുന്ന മാറ്റങ്ങൾ എത്രത്തോളമാവാം എന്ന് ബോദ്ധ്യപ്പെടും", എന്നാണ്.7. കേരള സമൂഹത്തിൽ പുരോഗമനപരമായ മാറ്റത്തിന് ആക്കംകൂട്ടിയ കാര്യങ്ങളായിരുന്നു അധഃകൃതർക്ക് ലഭിച്ച ആനുകൂല്യങ്ങൾ.

ശ്രീനാരായണഗുരു അരുവിപ്പുറത്തു പ്രതിഷ്ഠ നടത്തുന്ന വേളയിൽ വളരെ ആരാധകർ കൂടിയിരുന്ന കൂട്ടത്തിൽ അയ്യങ്കാളിയും സന്നിഹിതനായിരുന്നു. അന്ന് ഗുരുദേവനുമായി അത്ര പരിചയമുണ്ടായിരുന്നില്ല. എന്നാൽ പിന്നീട് അയ്യങ്കാളിയും നാണുഗുരുവും പല പ്രാവശ്യം കാണുകയും ആശയവിനിമയം നടത്തുകയും ചെതിട്ടുണ്ട്. പല ഈഴവ കുടുംബങ്ങളിൽ വെച്ചായിരുന്നു ഇവരുടെ സംഗമം. അപ്പോഴൊക്കെ അയ്യങ്കാളിയെ വീടിനകത്ത് കയറ്റി തനിക്കഭിമുഖമായിരുത്തി സംസാരിക്കുന്ന പതിവാണ് സ്വാമി അനുവർത്തിച്ചിരുന്നത്. യാഥാസ്ഥിതികരായ ഈഴവപ്രമാണിമാർക്ക് ഇതൊന്നും ഇഷ്ടപ്പെട്ട കാര്യങ്ങളായിരുന്നില്ല. എങ്കിലും ഗുരുദേവന്റെ സമീപനം അവരിലും അല്പസ്വല്പം മാനസാന്തരത്തിന്നിടവരുത്തി. മറ്റൊരനർഘ മുഹൂർത്തം അയ്യങ്കാളിയുടെ ജീവിതത്തിലുണ്ടായത് മഹാത്മാഗാന്ധിയുടെ ആഗമനമാണ്. 1937ൽ തിരുവനന്തപുരത്തെത്തിയ ഗാന്ധിജി വെങ്ങാനൂരിൽ ചെന്ന് അയ്യങ്കാളിയെ കണ്ടു. അയിത്ത ജാതിക്കാരനും വിദ്യാഭ്യാസം നേടാൻ ഭാഗ്യമില്ലാതിരുന്നവനുമാണ് അയ്യങ്കാളിയെങ്കിലും സമൂഹത്തിൽ അദ്ദേഹം വരുത്തിയ വിലപ്പെട്ട നവോത്ഥാനപ്രവർത്തനങ്ങൾ ഗാന്ധിജിക്ക് നന്നായറിയാമായിരുന്നു. ഗാന്ധിജി തന്റെ അരികിൽ അയ്യങ്കാളിയെ പിടിച്ചിരുത്തി. സംഭാഷണമദ്ധ്യേ "ആവട്ടെ, ഇവിടത്തെ സ്ഥിതിഗതികളെല്ലാം എങ്ങനെ?"യെന്ന് ഗാന്ധിജി തിരക്കി. അയ്യങ്കാളിയുടെ വിനയപൂർവ്വമായ മറുപടി ഇങ്ങനെയായിരുന്നു, "മഹാത്മജി, അങ്ങയുടെ ഈ കാരുണ്യം എനിക്ക് ഒരിക്കലും മറക്കുവാൻ പറ്റുകയില്ല... സ്കൂളിൽ ചെന്നിരുന്നു പഠിക്കുവാൻ വരെയുള്ള സ്വാതന്ത്ര്യങ്ങൾ ഞങ്ങൾ നേടിയിട്ടുണ്ട്... ഇപ്പോൾ കോവിലിൽ ചെന്ന് തൊഴുന്നതിനും ദൈവപൂജ നടത്തുന്നതിനും കുറെയെല്ലാം സൗകര്യം കിട്ടിയിരിക്കുന്നു." "ഇനിയും എന്തെല്ലാമാണ് താങ്കളുടെ ജനങ്ങൾക്ക് വേണ്ടത്", ഗാന്ധിജി ചോദിച്ചു. "അതോ, എന്റെ ജനങ്ങളുടെ ഇടയിൽ പത്ത് ബി.എ.ക്കാരെയെങ്കിലും കണ്ടിട്ട് വേണം എനിക്ക് മരിക്കുവാൻ......" "അയ്യങ്കാളിയുടെ ആഗ്രഹം എത്രയും വേഗം നിറവേറും, നിർഭയമായി പ്രവർത്തനം തുടരുക," എന്ന് ഗാന്ധിജി ഉപദേശിച്ചു.8. അയ്യങ്കാളിയുടെ ആത്മാർത്ഥതയും സേവനമാഹാത്മ്യവും ഗാന്ധിജിയിൽ അയ്യങ്കാളിയോടുള്ള ആദരവ് ശതഗുണീഭവിപ്പിച്ചു. ഒരു പുരുഷായുസ്സ് മുഴുക്കെ സാധുജന സമുദ്ധാരണത്തിനായി ഉഴിഞ്ഞു വെച്ച് കഠിനമായ മർദ്ദനങ്ങളും കൊടിയ എതിർപ്പുകളും അതിജീവിച്ച് അധഃസ്ഥിതജനലക്ഷങ്ങളുടെ അവതാരപുരുഷനായി വാഴ്ത്തപ്പെട്ട പദവിയിലേക്കുയർന്ന്, ആത്മസംതൃപ്തിയോടും സമാധാനത്തോടുംകൂടി 1941 ജൂൺ 18-ാം തിയ്യതി തന്റെ 77-ാമത്തെ വയസ്സിൽ അദ്ദേഹം കാലഗതിയടഞ്ഞു. അയ്യങ്കാളിയുടെ ജീവിതവും ആദർശങ്ങളും തലമുറതലമുറയായി ഇന്നും ആവേശത്തോടും ആദരവോടും കൂടി ജനലക്ഷങ്ങൾ സ്മരിച്ചു കൊണ്ടിരിക്കുന്നുണ്ട്.

1. ടി.എച്ച്.പി. ചെന്താരശ്ശേരി, അയ്യങ്കാളി, പ്രഭാത് ബുക്ക്ഹൗസ്, തിരുവനന്തപുരം 24, 1979, പുറം 16.

2. അതുതന്നെ, പുറം 62

3. അതുതന്നെ, പുറം 71

4. സ്വദേശാഭിമാനി, തിരുവനന്തപുരം 2.3. 1910.

5. മന്ദത്ത് പത്മനാഭൻ, ജീവിതസ്മരണകൾ, പുറങ്ങൾ 25 - 26.

6. സർക്കാർ ഗസറ്റ്, തിരുവിതാംകോട്ട്, 1911 ഡിസംബർ 5.

7. കെ.പി. പത്മനാഭമേനോൻ, കൊച്ചിരാജ്യചരിത്രം, 1914, മാതൃഭൂമി പതിപ്പ്, 1989, കോഴിക്കോട്, പുറം 795.

8. ടി.എച്ച്.പി. ചെന്താരശ്ശേരി, അയ്യങ്കാളി, മുൻ ഉദ്ധരിച്ചത്, പുറങ്ങൾ 197 - 198.

# VI കവിതിലകൻ പണ്ഡിറ്റ്

## കെ.പി. കറുപ്പൻ



ജനസേവനം ഈശ്വരസേവയായി കരുതി നിഷ്കാമ ജീവിതം നയിച്ച പണ്ഡിതനും, മഹാകവിയും, വാഗ്മിയും സംഘാടകനുമായിരുന്ന കവി തിലകൻ കെ.പി കറുപ്പൻ, കേരളത്തിലെ ആലംബഹീനരായ ഏഴജാതിക്കാരെ മനുഷ്യരാക്കി ഉദ്ധരിക്കുവാൻ അവതരിച്ച ധന്യാത്മാവായിരുന്നു. അലയാഴികളോട് മല്ലടിച്ച് ജീവിതായോധനം നടത്തിയിരുന്ന അധഃകൃത ജാതിക്കാരായ വാലൻമാരേയും അരയൻമാരേയും പൊതു ജീവിതധാരയിലേക്ക് കൂട്ടികൊണ്ടുവന്ന കറുപ്പൻമാസ്റ്റർ കേരളത്തിലെ നവോത്ഥാനനായകൻമാരിൽ ചട്ടമ്പിസ്വാമികളും വക്കം അബ്ദുൾ കാദർ മൗലവിയും, അയ്യങ്കാളിയും എല്ലാം സാമൂഹ്യ പരിഷ്ക്കരണ പ്രക്രിയയിൽ ആമഗ്നമായിരുന്ന നവോത്ഥാനത്തിൻെറ കാലഘട്ടത്തിൽ അവരുടെയെല്ലാം ചുവടുപിടിച്ചാണെങ്കിലും സ്വന്തമായ ശൈലിയോടും ഉൾക്കാഴ്ചയോടും കൂടി അധഃസ്ഥിത സമുദായങ്ങളുടെ സർവ്വതോൻമുഖമായ ഉദ്ഗതിക്ക് വേണ്ടി പോരാടുകയും സമൂഹത്തിൻെറ പൊതുവായ സാംസ്കാരിക മുന്നേറ്റങ്ങൾക്ക് വേണ്ടി തൂലിക ചലിപ്പിക്കുകയും ചെയ്ത മഹാപുരുഷനായിരുന്നു പണ്ഡിറ്റ് കറുപ്പൻ. സ്വസമുദായത്തിൻെറ ഉയർച്ച മാത്രമായിരുന്നില്ല അദ്ദേഹത്തിൻെറ ലക്ഷ്യം. സമൂഹത്തിൻെറ അടിത്തട്ടിലേക്ക് ചവിട്ടി താഴ്ത്തപ്പെട്ട അശരണരായ അധഃകൃതജനലക്ഷങ്ങളെ വയൽവരമ്പുകളിലെ പാഴ്ചേറിൽ നിന്നും അതു കഴുകിക്കളഞ്ഞ് പുലയരാദി അധഃസ്ഥിതരെ കൈകൊടുത്തുയർത്തുവാൻ മഷിയും മനീഷയും ഒരുപോലെ ഉപയോഗപ്പെടുത്തിയ മഹാശയനായിരുന്നു അദ്ദേഹം. അശരണരും പാവപ്പെട്ടവരുമായവർക്ക് വേണ്ടി ജീവാർപ്പണം ചെയ്ത പുണ്യശ്ലോകനായിരുന്നു സ്മര്യപുരുഷൻ.

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽപ്പെട്ട ചേരാനെല്ലൂർ എന്ന ഗ്രാമത്തിലാണ് കറുപ്പൻമാസ്റ്ററുടെ ജനനം. പിതാവ് കണ്ടത്തിപ്പറമ്പു തറവാട്ടിൽ അയ്യപ്പനും മാതാവ് കൊച്ചുപെണ്ണുമായിരുന്നു. അയ്യപ്പനെന്നായിരുന്നു പിതാവിൻെറ പേരെങ്കിലും അത്തോപ്പൂജാരിയെന്നാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. 1060 ഇടവമാസം 12-ാം തിയ്യതി (1884)യാണ് അത്തോപ്പൂജാരിയുടെ ദ്വിതീയപുത്രനായി കറുപ്പൻ മാസ്റ്റർ ജനിക്കുന്നത്. മൂത്ത ഒരു സഹോദരനും ഇളയ ഒരു സഹോദരിയും അദ്ദേഹത്തിനുണ്ടായിരുന്നു. അത്തോപ്പൂജാരിയുടെ പിതാവ് അപ്പി സ്ഥലത്തെ ഏകവിഷവൈദ്യനായിരുന്നു. അച്ഛൻെറ തൊഴിലായിരുന്ന വിഷവൈദ്യം പുത്രനും അഭ്യസിച്ചിരുന്നതിനാൽ അദ്ദേഹം നാട്ടുകാരുടെയിടയിൽ ഒരു വിഷവൈദ്യൻ എന്ന പേരും പെരുമയും കൂടി ആർജ്ജിക്കുകയുണ്ടായി. കുറ്റിക്കാടുകളും പൊന്തകളും ചതുപ്പുസ്ഥലങ്ങളും ഇഴജന്തുക്കൾക്ക് നിർബാധം വിഹരിക്കുവാനുള്ള ഇടങ്ങളായിരുന്നു. ജനങ്ങൾ വളരെ കുറവും. സർപ്പദംശവും വിഷം തീണ്ടലും നിത്യ സംഭവങ്ങൾ. വിഷവൈദ്യനായ അയ്യപ്പനെ ജനങ്ങൾ ഭയഭക്തി ബഹുമാനത്തോടു കൂടിയാണ് കണ്ടിരുന്നത്.1. ജാതിയിൽ അധഃസ്ഥിതനാണെങ്കിലും തൊഴിലിലും അറിവിലും ഉന്നതനെന്നനിലക്ക് അയ്യപ്പൻ സ്ഥലത്തെ പ്രധാനികളിലൊരാളായി എണ്ണപ്പെട്ടു. അങ്ങനെ ജനപ്രീതിയുള്ള ഒരു പിതാവിൻെറയും പ്രസിദ്ധമായ തറവാട്ടിൻെറയും തിണ്ണബലം കറുപ്പൻ മാസ്റ്ററുടെ പിൽക്കാല പ്രവർത്തനങ്ങൾക്ക് ചാലക ചൈതന്യമായി വർത്തിച്ചവയാണ്. കറുപ്പൻ മാസ്റ്ററുടെ മൂത്ത സഹോദരൻ കുട്ടപ്പൻ ആനന്ദയോഗി എന്ന പേരിൽ പിൽക്കാലത്ത് പ്രസിദ്ധനായ ആദ്ധ്യാത്മികഗുരുവാണ്. അദ്ദേഹവും വിഷചികിത്സയിൽ പാടവം നേടിയിരുന്നു. ഇളയ സഹോദരി 1887ൽ ജനിച്ച പൊന്നമ്മയാണ്. അവർ അദ്ധ്യാപികവൃത്തിയാണ് സ്വീകരിച്ചത്. പണ്ഡിറ്റ് കറുപ്പൻെറ ജീവചരിത്രമെഴുതിയിട്ടുള്ളവരൊക്കെ അദ്ദേഹത്തിൻെറ പേരിലും ആകൃതിയിലുമുള്ള വൈവിദ്ധ്യത്തെ എടുത്ത് പറയുക സാധാരണയാണ്. "നല്ല വെളുപ്പ് നിറം, പുഷ്ടിയുള്ള ശരീരം, സൗന്ദര്യമുള്ള ആകൃതി, അങ്ങനെ എല്ലാവിധത്തിലും ഏവരുടേയും കണ്ണിനും കരളിനും ആനന്ദപ്രദനായ ആ പുത്രന് എന്ത് കാരണവശാലോ, 'കറുപ്പൻ' എന്ന പേരാണ് മാതാപിതാക്കൾ നൽകിയത്. പേരിനും ആളിനും തമ്മിൽ പൊരുത്തമില്ലാതെ വരിക അസാധാരണമല്ലല്ലോ",2. സാഹിത്യനിപുണൻ ടി.എം. ചുമ്മാർ ആശ്വാസം കൊള്ളുന്നതിങ്ങനെയാണ്. "വെളുത്ത ആളായ മാസ്റ്ററെ കറുപ്പനെന്ന് വിളിക്കാമെങ്കിൽ, നട്ടുച്ചയെ അർദ്ധരാത്രിയെന്നല്ലേ പറയേണ്ടത്" എന്ന് ഡോ. പല്പു ചോദിച്ചതായി അദ്ദേഹത്തിൻെറ മകൻ പി. ഗംഗാധരൻ എഴുതിയിട്ടുണ്ട്.3. 'ഓജസ്സും തേജസ്സും സ്ഫുരിക്കുന്ന ആകാരസൗഷ്ഠം. ചുരുചുരുക്കുള്ള മുഖം. മിടുക്കനായ പയ്യനെ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു."4. ബാല്യത്തിൽ തന്നെ വീട്ടുകാരുടേയും

നാട്ടുകാരുടേയും വാത്സല്യവും സ്നേഹവും അദ്ദേഹത്തിന് ലഭിച്ചിരുന്നു. എന്നാൽ കൂട്ടുകാരുമൊത്ത് കുസൃതിയും വികൃതിയും കാട്ടുകയും സ്ഥിരം പതിവുമാണ്. ചങ്ങാതികളുമൊത്ത് കഥകളി അഭിനയിക്കുക അദ്ദേഹത്തിൻെറ ബാല്യകാല വിനോദങ്ങളിലൊന്നായിരുന്നു.

അഞ്ചാംവയസ്സോടെ ബാലനെ എഴുത്തിനിരുത്തി. അദ്ദേഹത്തിൻെറ മാതുലപുത്രനായ വേലുവൈദ്യനാണ് ആ കർമ്മം നിർവ്വഹിച്ചത്. വളരെ ഗ്രാഹ്യശക്തിയുണ്ടായിരുന്ന ഈ കുട്ടിക്ക് മറ്റുള്ളവർ പഠിക്കാനെടുക്കുന്ന സമയത്തിൻെറ ചെറിയൊരാംശമേ പറഞ്ഞുകൊടുക്കുന്നത് ഹൃദിസ്ഥമാക്കുവാൻ ആവശ്യമായിരുന്നുള്ളു. സംസ്കൃതഭാഷയിലുള്ള പദങ്ങളും രൂപങ്ങളെ വിവരിക്കുന്ന 'സിദ്ധരൂപം', ബുദ്ധമുനി അമരസിംഹൻ രചിച്ച 'അമരകോശം', സംസ്കൃതകാവ്യ പഠനത്തിൻെറ പീഠികാഗ്രന്ഥമായ 'ശ്രീരാമോദന്തം' തുടങ്ങിയവ അപ്പു ആശാൻെറ കീഴിൽ കറുപ്പൻ വശത്താക്കി. തുടർന്ന് കൂടുതൽ പഠനത്തിനായി ചെറായിയിലെ മംഗലപ്പിള്ളി കൃഷ്ണനാശാൻെറ സവിധത്തിലേക്കാണ് കറുപ്പനെ പിതാവ് കൊണ്ടുപോയത്. അവിടെ ഒരു ഗുരുകുല വിദ്യാഭ്യാസരീതിയായിരുന്നു. അവിടത്തെ താമസവും സതീർത്ഥരും കറുപ്പന് ഇഷ്ടപ്പെട്ടു. കറുപ്പൻ മാസ്റ്ററിൽ ജൻമനായുണ്ടായിരുന്ന കവിതാവാസന വളരാനും പുഷ്പിക്കുവാനും തുടങ്ങിയത് ഇക്കാലത്താണ്. കൂട്ടുകാരുമൊത്ത് അക്ഷരശ്ലോകമത്സരം നടത്തുമ്പോഴൊക്കെ കറുപ്പൻ മറ്റുള്ളവരെയെല്ലാം തോൽപ്പിക്കും. മധുരമായ സ്വരത്തിലും ഈണത്തിലും ചൊല്ലാറുള്ള ശ്ലോകങ്ങൾ കൂട്ടുകാരാരും കേട്ടിട്ടുപോലുമില്ലാത്തവയുമായിരിക്കും. സംശയം തോന്നിയ സഹപാഠികൾ കറുപ്പൻ, ചൊല്ലുന്ന ശ്ലോകം രണ്ടാമതുമാവർത്തിക്കുവാൻ ആവശ്യപ്പെട്ടുതുടങ്ങി. അപ്പോഴാണ് മനസ്സിലാകുന്നത് കറുപ്പൻ അവിടെ ചൊല്ലുന്ന ശ്ലോകങ്ങളധികവും അപ്പോഴപ്പോൾ തന്നെ അദ്ദേഹം ഉണ്ടാക്കി ചൊല്ലുന്നവയാണെന്ന്. ചുരുക്കത്തിൽ ഒരു നിമിഷകവിയുടെ വിരുതായിരുന്നു അദ്ദേഹം കാണിച്ചിരുന്നത്. അദ്ദേഹത്തിൻെറ കവിതകൾ ചൊല്ലി കേട്ടിട്ടായിരുന്നു സഹപാഠികൾ ഉറങ്ങുക പതിവ്. ഗുരുകുലത്തിലെ പഠനവും സഹവാസവും കറുപ്പനിൽ ഒളിഞ്ഞുകിടന്നിരുന്ന കവിതാവാസനയ്ക്ക് പപ്പും തുവലും നൽകി വളർത്തിയെടുക്കുവാൻ അങ്ങനെ ഏറെ പ്രയോജനപ്പെട്ടിരുന്നു. ഇക്കാലത്ത് തന്നെയാണ് സാധുജന പരിപാലനമെന്ന ആശയം അദ്ദേഹത്തിൽ ഉദയം ചെയ്തത്. കൂട്ടുകാരുമൊത്ത് ഗുരുകുലത്തിന് പുറത്ത് വന്ന് കടപ്പുറത്തും നാട്ടുപ്രദേശത്തും അദ്ദേഹം സഞ്ചരിക്കുമായിരുന്നു. കടലുമായി മല്ലടിച്ച് ജീവിതം പോക്കുന്ന അദ്ധ്വാനിക്കുന്ന തൻെറ സമുദായാംഗങ്ങളുടെ കഷ്ടസ്ഥിതിയും അഹോരാത്രം പണിയെടുത്തിട്ടും കഷ്ടപ്പാടും അരിഷ്ടതയുമായി കഴിയുന്ന അധഃസ്ഥിതരായ പുലയർ തുടങ്ങിയവരുടെ യാതനാപൂർണ്ണമായ ജീവിതവും അദ്ദേഹത്തിൻെറ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. മനുഷ്യനും മനുഷ്യനും തമ്മിൽ ജാതിയുടേയും അയിത്തത്തിൻെറയും പേരിൽ പല തട്ടുകളായി അന്യോന്യം കാണുവാൻ പോലും സാധിക്കാത്ത അകൽച്ച സൃഷ്ടിച്ച വ്യവസ്ഥിതിയോടുതന്നെ അദ്ദേഹത്തിന് അമർഷം തോന്നുകയും ചെയ്തു. മൃഗങ്ങളേക്കാൾ കഷ്ടമായ ജീവിതം പേറേണ്ടതായിവന്ന അധഃകൃതവർഗ്ഗത്തെ ബോധവാൻമാരാക്കി തങ്ങളെ തളച്ചിട്ടിരിക്കുന്ന ജാതിയുടെ ചങ്ങലക്കെട്ട് പൊട്ടിച്ചെറിയുവാൻ അവരെ സന്നദ്ധരാക്കുകയെന്ന മഹനീയ കൃത്യനിർവ്വഹണത്തിൽ തൻെറ എല്ലാവിധ സഹായസഹകരണങ്ങളും നൽകേണ്ടത് മനുഷ്യധർമ്മമാണെന്ന് അദ്ദേഹം ഉറപ്പിച്ചു. പിന്നീട് കവിതിലകനായും നവോത്ഥാനനായകനായും വളർന്ന കറുപ്പൻ മാസ്റ്ററുടെ ഈ രണ്ടു ഗുണങ്ങളും മുളപൊട്ടിയത് ഗുരുകുലവിദ്യാഭ്യാസ കാലത്ത് നേടിയ അനുഭവസമ്പത്ത് കൊണ്ടായിരുന്നു. കൃഷ്ണനാശാൻെറ അടുക്കൽ നിന്ന് അഭ്യസിക്കാവുന്നവ അത്രയും നേടിയ ശേഷവും കൂടുതൽ അറിയാനും പഠിക്കുവാനും അദ്ദേഹത്തിൻെറ മനസ്സ് വെമ്പിക്കൊണ്ടിരുന്നു.

കൃഷ്ണനാശാൻെറ അനുഗ്രഹവും വാങ്ങി തിരിച്ച് വീട്ടിലെത്തിയ സന്ദർഭത്തിലാണ് പണ്ഡിതനായ അന്നമനട രാമപ്പൊതുവാൾ ചേരാനെല്ലൂരിൽ അവിടത്തെ നായർ കുട്ടികളെ സംസ്കൃതം പഠിപ്പിക്കുവാൻ എത്തുന്നത്. കറുപ്പനും അദ്ദേഹത്തിൻെറ കീഴിൽ പഠനം തുടങ്ങി. അദ്ദേഹം മാത്രമായിരുന്നു അവർണ്ണവിഭാഗത്തിൽപ്പെട്ട ഏകവിദ്യാർത്ഥി. ആ നിലക്ക് മറ്റുള്ളവരിൽ നിന്നും അല്പം മാറിയിരുന്നായിരുന്നു പഠനം നടത്തിയിരുന്നത്. ഗുരുവാകട്ടെ മാറിനിന്ന് പറഞ്ഞുകൊടുക്കും. ശിഷ്യൻ അവ കുറിച്ചെടുക്കുകയും ചെയ്യും. മാഘം, നൈഷധം, ഭോജചമ്പു തുടങ്ങിയ കാവ്യങ്ങൾ പൊതുവാളിൽ നിന്നും അദ്ദേഹം പഠിച്ചു. അപ്പോഴേക്ക് സംസ്കൃതഭാഷയിലും സാഹിത്യത്തിലും അനല്പമായ വ്യുൽപത്തി അദ്ദേഹം നേടി. അറിവിനു വേണ്ടിയുള്ള ദാഹം ഇതുകൊണ്ടൊന്നും ശമിച്ചില്ല. അക്കാലത്ത് ഏറ്റവും പ്രസിദ്ധമായ വിദ്യാകേന്ദ്രവും ഗുരുകുലവുമായിരുന്നു കൊടുങ്ങല്ലൂർ കോവിലകം. 'പുത്തൻ കോവിലകം' എന്ന പേരിലറിയപ്പെട്ടിരുന്ന ഗുരുകുലത്തിൽ നൂറുകണക്കിന് വിദ്യാമോഹികൾ "കാവ്യപഠനം മുതൽ ന്യായം, വേദാന്തം, വ്യാകരണം, അലങ്കാരം, ആയുർവ്വേദം, ജ്യോതിഷം വരെയുള്ള വിഷയങ്ങളും അവിടെ അഭ്യസിപ്പിച്ചിരുന്നു. അതാത് വിഷയത്തിൽ പ്രഗത്ഭരായ തമ്പുരാക്കൻമാർ താമസിക്കുന്ന അടുത്തടുത്തുള്ള വസതികളിൽ ശിക്ഷണം ലഭിക്കുവാനുള്ള ശ്രമങ്ങളാണ് പിന്നീട് കറുപ്പൻമാസ്റ്റർ നടത്തിയത്. അതിൻെറ പ്രാരംഭമായി കൊടുങ്ങല്ലൂർ കോവിലകത്തുനിന്നും ഏതാണ്ട് ഒന്നരകിലോമീറ്റർ മാത്രം ദൂരത്തായുള്ള ആനാപ്പുഴ എന്ന സ്ഥലത്ത് അദ്ദേഹം താമസമാക്കി. ജാതിയുടെ പേരിൽ ഗുരുകുലത്തിൽ പ്രവേശനം നിഷേധിക്കപ്പെടുമോ എന്ന ആശങ്കയുണ്ടായിരുന്നുവെങ്കിലും മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കറുപ്പൻെറ കഴിവു മനസ്സിലാക്കി വേണ്ട എല്ലാ സഹായസഹകരണങ്ങളും നൽകി. ജ്ഞാനസമ്പാദനത്തിനെത്തുന്നവർ ആരായാലും വിജ്ഞാനദാതാക്കളും ഉദാര

മതികളുമായിരുന്ന കൊടുങ്ങല്ലൂർ തമ്പുരാക്കൻമാർ അവർക്ക് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തിരുന്നു. അവർക്കിരുന്ന് പഠിക്കുവാൻ കോവിലകത്തിന് സമീപം പ്രത്യേകം ഒരു കളരി തയ്യാറാക്കിയിരുന്നതിനാൽ കറുപ്പനെപ്പോലെ അവർണ്ണ ജാതിയിൽപ്പെട്ട പലർക്കും അതൊരനുഗ്രഹമായിത്തീർന്നു. കറുപ്പനിലുള്ള പ്രതിഭാവിലാസം പൂവിടുവാൻ തുടങ്ങിയത് കോവിലകവുമായുള്ള സമ്പർക്കത്താലാണ്. പണ്ഡിതൻമാരായിരുന്ന അവിടത്തെ തമ്പുരാക്കൻമാർ കറുപ്പനിൽ ശോഭനമായ ഭാവി മുൻകൂട്ടി കണ്ടിരുന്നു. അവരുടെയെല്ലാം അനുഗ്രഹീതശിഷ്യനായി അദ്ദേഹം അംഗീകരിക്കപ്പെടുകയും ചെയ്തു. സാഹിത്യസമ്മേളനങ്ങളിൽ കറുപ്പനെ കൊണ്ട് സംസ്കൃതത്തിൽ സ്വാഗതം പറയിപ്പിച്ച കൊടുങ്ങല്ലൂർ വലിയകൊച്ചുണ്ണി തമ്പുരാൻ വലിയ ഒരംഗീകാരമാണദ്ദേഹത്തിന് ഇതുവഴി നേടിക്കൊടുത്തത്. ഇക്കാലത്ത് കവിതയിൽ കത്തെഴുതുകയും രചനകൾ നടത്തുകയും ചെയ്തിരുന്നു. സ്വന്തം ശ്രമഫലമായി ഇംഗ്ലീഷ് ഭാഷയും ഒരുവിധം അദ്ദേഹം വശമാക്കി.

അങ്ങനെ കൊടുങ്ങല്ലൂർ കോവിലകത്ത് പഠനം പൂർത്തിയാക്കി നാട്ടിലെത്തുമ്പോൾ കറുപ്പൻമാസ്റ്റർ പണ്ഡിതനും കവിയുമൊക്കെയായിത്തീർന്നിരുന്നു. ഒരധ്യാപകനാകണമെന്നായിരുന്നു ആഗ്രഹം. അങ്ങനെ എറണാകുളം സെൻറ് തെരേസാസ് കോൺവെൻറ് സ്കൂളിൽ സംസ്കൃതമുൻഷിയായി ആരംഭിച്ച് അദ്ധ്യാപകവൃത്തിയിൽ പടിപടിയായുയർന്ന് എറണാകുളം മഹാരാജാസ് കോളേജിലെ മലയാള അദ്ധ്യാപകനായിത്തീർന്നു. സുദീർഘമായ ഈ കാലയളവിൽ വിദ്യാഭ്യാസരംഗത്ത് പല പദവികളും അദ്ദേഹം അലങ്കരിച്ചിട്ടുണ്ട്. കൊച്ചിയിലെ അധഃസ്ഥിതവർഗ്ഗത്തിൻെറ ഉന്നമനത്തിന് മാർഗ്ഗനിർദ്ദേശം നൽകിയിരുന്നതദ്ദേഹമാണ്. പ്രാഥമിക വിദ്യാഭ്യാസ പരിഷ്ക്കരണ കമ്മിറ്റിയുടെ കാര്യദർശി, നാട്ടുഭാഷാ സൂപ്രണ്ട്, ഭാഷാ പരിഷ്ക്കരണക്കമ്മിറ്റി കാര്യദർശി, കലാശാലാ പരീക്ഷാബോർഡ് ചെയർമാൻ തുടങ്ങിയ സ്ഥാനങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നു. സ്കൂളിലാകട്ടെ, കോളേജിലാകട്ടെ കറുപ്പൻമാസ്റ്റർ സമർപ്പണബോധത്തോടുകൂടി നടത്തിയിരുന്ന സേവനം വിദ്യാർത്ഥികളുടെയും സഹപ്രവർത്തകൻമാരുടേയും മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റിയിട്ടുണ്ട്. അദ്ധ്യാപകനെന്ന നിലയിൽ ജനങ്ങൾ അദ്ദേഹത്തെ പണ്ഡിറ്റ് കറുപ്പനെന്നും കറുപ്പൻമാസ്റ്റർ എന്നും വിളിച്ചുപോന്നു.

ഒരദ്ധ്യാപകനെന്ന നിലയിൽ ഏവരുടേയും പ്രശംസ പിടിച്ചുപറ്റിയ പണ്ഡിറ്റ്കറുപ്പൻ തനിക്ക് സമൂഹത്തോടുള്ള പ്രതിബദ്ധത വിസ്മരിച്ചിരുന്നില്ല. പ്രസംഗങ്ങളിലൂടേയും സാഹിത്യ കൃതികളിലൂടെയും സമൂഹത്തിൽ വേരൂന്നിയിരുന്ന ജാതി സമ്പ്രദായത്തേയും അനാചാരങ്ങളേയും അദ്ദേഹം എതിർത്തു. അവർണ്ണ സമുദായങ്ങളുടെ പൗരസ്വാതന്ത്ര്യത്തിന് വേണ്ടി തൻെറ തൂലിക പടവാളാക്കിമാറ്റിയ ആ കർമ്മധീരൻ പാവപ്പെട്ട അധഃസ്ഥിതവർഗ്ഗത്തിൻെറ ആശാകേന്ദ്രമായിരുന്നു. "അധഃസ്ഥിതോന്നമനം തൻെറ ജീവിതലക്ഷ്യമായി കരുതിയിരുന്ന ചരിത്രപുരുഷൻെറ കൃതികളിൽ 'ജാതിക്കുമ്മിക്ക്' പ്രഥമ സ്ഥാനം നൽകേണ്ടതുണ്ട്. ജാതിവ്യത്യാസത്തിൻെറ നിരർത്ഥതയേയും നിന്ദ്യതയേയും സുധീരം വ്യക്തമാക്കി സാഹിത്യത്തിൽകൂടി സമുദായ പരിഷ്ക്കരണത്തിന് പുറപ്പെട്ട കേരളത്തിലെ ആദ്യത്തെ വിപ്ലവകാരിയാണ് ദേശാഭിമാനിയായ കെ.പി. കറുപ്പൻ", എന്നാണ് സാഹത്യനിപുണൻ ടി.എം. ചുമ്മാർ രേഖപ്പെടുത്തിയിട്ടുള്ളത്.6. കൊടുങ്ങല്ലൂർ ആനാപ്പുഴയിൽ താമസിക്കുന്ന കാലത്ത് ശ്രീശങ്കരാചാര്യരുടെ മനീഷാപഞ്ചകം അവലംബമാക്കി സ്വന്തം അനുഭവങ്ങളിലൂടെ സുന്ദരമായാവിഷ്ക്കരിച്ച കൃതിയാണ് ജാതിക്കുമ്മി. മനുഷ്യരെല്ലാം ഒറ്റജാതിയാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് തീണ്ടലും ജാതിവ്യത്യാസവും അനുഷ്ഠിക്കുന്നവർ പാപികളും ധിക്കാരികളുമാണെന്ന് തുറന്ന് പാടിയ കവി, പരിവർത്തനത്തിൻെറ കാഹളം വിളിയാണ് നടത്തിയത്.

"ഇക്കാണും ലോകങ്ങളീശ്വരൻെറ
മക്കളാണെല്ലാരുമൊറ്റ ജാതി
നീക്കിനിർത്താമോ സമസൃഷ്ടിയെ? ദൈവം
നോക്കിയിരിപ്പില്ലെ യോഗപ്പെണ്ണേ - തീണ്ടൽ
ധിക്കാരമല്ലയോ? ജ്ഞാനപ്പെണ്ണേ"7.

മലയാളക്കരയിൽ മാത്രമുള്ള ഈ തീണ്ടലിനേയും തൻമൂലം സമൂഹത്തിലെ അധഃസ്ഥിതവർഗ്ഗം അനുഭവിച്ചുകൊണ്ടിരിക്കുന്ന എണ്ണിയാൽ ഒടുങ്ങാത്ത ക്ലേശങ്ങളേയും അദ്ദേഹം ആവർത്തിച്ചാവർത്തിച്ച് ഓർമ്മപ്പെടുത്തുന്നു. സമുദായാഭിമാനിയായ പണ്ഡിറ്റ് കറുപ്പൻ ഈ ജാതിസമ്പ്രദായം ഇടക്കാലത്തുണ്ടായതാണെന്ന് സമർത്ഥിക്കുവാൻ പുരാണകഥകൾ ഉദ്ധരിക്കുന്നുണ്ട്. നോക്കുക.

"കാളിയരയത്തി പെറ്റതല്ലേ
കേളിയേറും വ്യാസമാമുനിയെ
നാളികനേത്രയേ ശാന്തനുരാജാവും
വേളികഴിച്ചില്ലേ യോഗപ്പെണ്ണേ - അത്ര
കോളാക്കിയോ തീണ്ടൽ ജ്ഞാനപ്പെണ്ണേ
കുറയത്തിയെ വേട്ടില്ലേ സുബ്രഹ്മണ്യൻ
കുറവെന്താണതുകൊണ്ട് ചൊല്ലീടുവാൻ"8.

അങ്ങനെ ജാതിപിശാചിനെ അടിച്ചോടിക്കുവാൻ ആഹ്വാനം നടത്തിയ കറുപ്പൻ മാസ്റ്റർക്ക് അപ്പോൾ 20 വയസ്സ് തികഞ്ഞിട്ടുണ്ടായിരുന്നില്ല. തുടർന്നും അദ്ദേഹത്തിൻെറ കവിതകളും നാടകങ്ങളും മറ്റു സാഹിത്യകൃതികളുമെല്ലാം തന്നെ ജാതി നശീകരണത്തിനും പൗരസ്വാതന്ത്ര്യങ്ങൾ നേടിയെടുക്കുന്നതിനും സാധുക്കളായ ജനലക്ഷങ്ങൾക്ക് ആവേശം നൽകുന്ന കൃതികളായിരുന്നു. പുലയരും വാലരും മറ്റും അയിത്തജാതിക്കാരും 'ജാതിക്കുമ്മി' പാടി പഠിച്ചിരുന്നു. അക്കാലത്ത് ഇതിലെ രണ്ടുവരി പാടാത്ത ഒറ്റ അധഃകൃതനുമുണ്ടായിരുന്നില്ല. അത്ര മാസ്മരികശക്തി ഈ കവിതയ്ക്കുണ്ടായിരുന്നു. അടിച്ചമർത്തപ്പെട്ടവൻെറ ഹൃദയത്തുടിപ്പിൻെറ

അനുരണനമായിരുന്നു അത്. അവർ കാത്തു കാത്തിരുന്ന കനി കയ്യിൽ വന്നതായിരുന്നു പണ്ഡിറ്റ് കറുപ്പൻെറ കൃതി.

വളരെ ശബ്ദകോലാഹലങ്ങൾക്കും വിമർശനങ്ങൾക്കും ഇടം കൊടുത്ത മറ്റൊരു കൃതിയായിരുന്നു 'ബാലാകലേശം' എന്ന നാടകം. സ്ഥാനത്യാഗം ചെയ്ത കൊച്ചിയിലെ പ്രസിദ്ധനായ ഭരണാധിപൻെറ ഷഷ്ടിപൂർത്തി ആഘോഷത്തോടനുബന്ധിച്ച് നടത്തിയ നാടകരചനാമത്സരത്തിൽ സമ്മാനർഹമായ നാടകമാണ് 'ബാലാകലേശം'. ഈ നാടകത്തിലൂടെ അദ്ദേഹം നടത്തിയ സാമൂഹ്യപരിഷ്ക്കരണ പ്രക്രിയയുടെ സത്ത, സാഹിത്യനിപുണൻ ടി.എം. ചുമ്മാർ മാസ്റ്ററുടെ ഭാഷയിൽ തന്നെ എഴുതുന്നതാണ് ഉചിതം. "കൊച്ചിയിലെ ഭരണം ഇനിയും കാലോചിതമായി മാറണമെന്നും വിദേശത്തുനിന്നും ഉദ്യോഗസ്ഥൻമാരെ ഇറക്കുമതി ചെയ്യുന്ന സമ്പ്രദായം കുറയ്ക്കണമെന്നും അധഃകൃതർക്ക് വിദ്യാഭ്യാസവും സ്വാതന്ത്ര്യവും നൽകി അവരെ ഉയർത്തേണ്ടത് ആവശ്യമാണെന്നും ഭരണകാര്യങ്ങളിൽ ജനസാമാന്യത്തിൻെറ അഭിലാഷമറിയണമെന്നും തീണ്ടൽ ധിക്കാരമാണെന്നും മറ്റുമുള്ളതാണ്. ഈ ആശയങ്ങൾ പല രൂപത്തിലും നാടകത്തിൽ ആവർത്തിക്കുന്നുണ്ട്."9. ഇത്തരം പരിഷ്ക്കരണത്വരയോടു കൂടിയെഴുതപ്പെട്ടിരുന്ന ഒറ്റ കൃതിയും ബാലാകലേശത്തിനു മുമ്പുണ്ടായിരുന്നില്ല. തീണ്ടലും തൊടീലും കഠിനശിക്ഷയർഹിക്കുന്ന ദുരാചാരങ്ങളാണെന്ന് തുറന്നെഴുതുവാൻ അക്കാലത്ത് പണ്ഡിറ്റ് കറുപ്പൻ കാണിച്ച ചങ്കൂറ്റം അദ്ദേഹത്തിൻെറ കൂസലില്ലായ്മയുടേയും ആദർശദാർഢ്യത്തിൻെറയും ഉദാഹരണമാണ്. അതുകൊണ്ടുതന്നെ ഫ്യൂഡൽ - സവർണ്ണവിഭാഗത്തിൻെറ കൂരമ്പുകൾക്ക് അദ്ദേഹം വിധേയനായി. ഇതു ബാലാകലേശമല്ല, 'വാലകലാശം' ആണെന്ന് സ്വദേശാഭിമാനി രാമകൃഷ്ണപിള്ള ഉപസംഹരിച്ചു. കറുപ്പൻെറ കൃതിക്ക് മത്സ്യത്തിൻെറ നാറ്റമുണ്ടെന്ന് പോലും മറ്റൊരു വിമർശകനെഴുതി. ടി.എം. ചുമ്മാർ മാസ്റ്റർ എഴുതുന്നത്, "രാമകൃഷ്ണപിള്ള പ്രസ്തുതകൃതി വാങ്ങി വണ്ടിയിൽ ഇരുന്ന് തന്നെ വായിക്കുകയും അതിലെ ആശയ സ്വഭാവം കണ്ട് സന്തോഷിക്കുകയും ബാലാകലേശത്തിന് സമ്മാനം കിട്ടുമെന്ന് അഭിപ്രായപ്പെടുകയും ചെയ്തുവെന്നുമാണ് പറഞ്ഞുകേട്ടിട്ടുള്ളത്. എന്നാൽ ഒടുവിൽ മറ്റേതോ കാരണങ്ങളാൽ ഈ നാടകത്തിന്നെതിരായി ശ്രീരാമകൃഷ്ണപിള്ള ചന്ദ്രഹാസമിളക്കുകയും അതിനെ അങ്ങേഅറ്റം തരം താഴ്ത്തുവാൻ ശ്രമിക്കുകയും ചെയ്തു", എന്നാണ്.10. രാമകൃഷ്ണപിള്ളക്ക് ടി.കെ. കൃഷ്ണമേനോനും കറുപ്പൻമാസ്റ്ററും മറുപടി എഴുതിയിരുന്നു. വലിയ വാദകോലാഹലങ്ങൾ നടന്നു. അവയെല്ലാം ചേർത്ത് 'ബാലാകലേശവാദം' എന്നൊരു പുസ്തകം തന്നെ പ്രസിദ്ധീകരിച്ചിരുന്നു. അത്രമാത്രം ജനശ്രദ്ധ പിടിച്ചുപറ്റിയ ഒരസുലഭകൃതിയായിരുന്നു ബാലാകലേശം.

അതുപോലെ മറ്റൊരു വിപ്ലവകവിതയാണ് 'ഉദ്യാനവിരുന്ന് അഥവ ഒരു ധീവരൻെറ ആവലാതി' സ്ഥാനത്യാഗം ചെയ്ത രാമവർമ്മ മഹാരാജാവിൻെറ പൂർണ്ണകായ പ്രതിമ രാജേന്ദ്ര മൈതാനത്തു അനാഛാദനം ചെയ്യുന്ന ചടങ്ങിൽ കൊച്ചിനിയമ സഭയിലെ അംഗവുംകൂടിയായിരുന്ന പണ്ഡിറ്റ് കറുപ്പനെ ക്ഷണിച്ചിരുന്നില്ല. 1925 ഒക്ടോബറിലാണിത്. തൻെറ മനസ്സിനേറ്റ ആഘാതവും ഹൃദയവ്യഥയും ഈ കവിതയിലൂടെ സുന്ദരമായി ആവിഷ്ക്കരിച്ചിരുന്നു. മഹാരാജാവിന് സമർപ്പിച്ച ഈ കവിതയുടെ ഫലമായി മേലിൽ ഏതു രാജകീയ ആഘോഷത്തിനും എല്ലാ നിയമസഭാ അംഗങ്ങളേയും ക്ഷണിക്കണമെന്ന് പ്രഖ്യാപനമുണ്ടാകുകയും ചെയ്തു. അദ്ദേഹം എഴുതിയിട്ടുള്ളവ അത്രയും സമൂഹത്തെ പുരോഗതിയുടെ പാതയിലേക്ക് നയിക്കുവാനുദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നു. കവിതയേയും സാഹിത്യകൃതികളേയും നവോത്ഥാനത്തിനും സാമൂഹ്യപരിഷ്ക്കരണത്തിനും വേണ്ടി വിജയകരമായി പ്രയോഗിച്ച മറ്റൊരു കവിയും അതിനുമുമ്പുണ്ടായിട്ടില്ലന്നതാണ് പരമാർത്ഥം. അതാണ് പണ്ഡിറ്റ് കറുപ്പൻെറ മാഹാത്മ്യം.

ഒരു കവിയെന്ന നിലയിൽ ജനലക്ഷങ്ങളുടെ ആരാധ്യനായിത്തീർന്ന അദ്ദേഹം തൻെറ നവോത്ഥാനപ്രസ്ഥാനം വിജയിക്കണമെങ്കിൽ സാഹിത്യപ്രവർത്തനത്തിലൂടെമാത്രം പോരെന്ന് മനസ്സിലാക്കി ജനതാമദ്ധ്യത്തിലേക്കിറങ്ങി. അവർണ്ണരുടെ അവശത ദൂരീകരിക്കുവാൻ വിദ്യാഭ്യാസം പ്രാഥമിക ഘടകമാണെന്നറിയാമായിരുന്ന അദ്ദേഹം നിശാപാഠശാലകളും വായനശാലകളും നാടിൻെറ മുക്കിലും മൂലയിലും യുവാക്കളെ ഉത്സാഹിപ്പിച്ച് ആരംഭിച്ചു. സാംസ്ക്കാരിക ഉന്നമനത്തിന് വായനയും അറിവും അനിവാര്യമാണെന്ന് അനുയായികളെ ബോദ്ധ്യപ്പെടുത്തുവാനദ്ദേഹം ശ്രമിച്ചു. വാല സമുദായത്തിന് അക്കാലത്ത് അഭിമുഖീകരിക്കേണ്ടതായ പ്രയാസങ്ങൾ രണ്ടുതരത്തിലായിരുന്നു. സവർണ്ണരുടെ ജാതീയമായ പീഢനങ്ങൾ. സ്വസമുദായത്തിലെ വലിയ അരയസ്ഥാനികൾ വാലൻമാരുടെ യജമാനൻമാരായിരുന്നു. അവരുടെ മുൻകൂട്ടിയുള്ള സമ്മതമില്ലാതെ വിവാഹമോ, മറ്റെന്തു കാര്യമോ സ്വതന്ത്രമായി നടത്തുവാൻ വാലസമൂഹത്തിന് അസാദ്ധ്യവുമായിരുന്നു. ഈ ദുസ്ഥിതിയിൽ നിന്നും മോചനം വേണമെങ്കിൽ സംഘടനയിലൂടെ ശക്തിപ്രാപിക്കണമെന്ന് ശ്രീനാരായണഗുരുവെ പോലെ കറുപ്പൻ മാസ്റ്ററും തൻെറ സമുദായാംഗങ്ങളെ ഉണർത്തിക്കൊണ്ടിരുന്നു. അങ്ങനെ എറണാകുളത്ത് തേവരയിൽ കറുപ്പൻമാസ്റ്ററുടെ നേതൃത്വത്തിൽ 'വാലസമുദായപരിഷ്ക്കാരിണിസഭ' രൂപംകൊണ്ടു. തുടർന്ന് ആനാപ്പുഴ, ചെറായി, ഇടക്കൊച്ചി, കുമ്പളം, ഷൺമുഖപുരം, വടക്കൻപറവൂർ തുടങ്ങിയ സ്ഥലങ്ങളിലും കറുപ്പൻ മാസ്റ്ററുടെ ആശീർവാദത്തോടുകൂടി സഭകൾ രൂപീകൃതമായി. മലബാറിലും, തിരുവിതാംകൂറിലും സംഘടനകളുണ്ടായി. ഇവയെല്ലാം ഏകോപിപ്പിച്ച് അഖില കേരള സംഘടനയ്ക്ക് രൂപം കൊടുക്കണമെന്നായിരുന്നു കറുപ്പൻ മാസ്റ്ററുടെ ലക്ഷ്യം. ഏതായാലും ഈ സംഘടനാ പ്രവർത്തനം കൊണ്ട് പൗരബോധമുൾവാക്കാനും സഞ്ചാരസ്വാതന്ത്ര്യം, വിദ്യാഭ്യാസപ്രവർത്തനം എന്നിവക്ക് ആക്കം കൂട്ടുവാനും സാധിച്ചു.

ജാതിവ്യവസ്ഥയുടെ ക്രൂരതയ്ക്ക് ഏറ്റവും കൂടുതൽ

പാത്രീഭവിച്ചവർ പൂലയർ തുടങ്ങിയ നീചവർഗ്ഗങ്ങളായിരുന്നുവല്ലോ. അവരെ വാങ്ങാനും വിൽക്കാനും, കൊല്ലാനും എന്നുവേണ്ടാ എന്ത് ചെയ്യുവാനും ഉടയവർക്ക് അവകാശമുണ്ടായിരുന്നു. ഈ ഏഴകളുടെ മോചനത്തിനുവേണ്ടി യത്നിക്കേണ്ടത് തൻെറ കർത്തവ്യമായി അദ്ദേഹം കരുതി. അവരുമായി അദ്ദേഹം സമ്പർക്കം പുലർത്തി. അവരിൽ കഴിവുള്ളവരുമായി സമുദായപ്രശ്നങ്ങൾ ചർച്ച ചെയ്തു. വാലസമുദായത്തിൻെറ പ്രതിനിധിയായിട്ടാണ് കൊച്ചി നിയമസഭയിൽ അദ്ദേഹത്തിൻെറ സ്ഥാനമെങ്കിലും പുലയരാദി അധഃസ്ഥിതവർഗ്ഗത്തിൻെറ യാതനകളും പരാധീനതകളും അവതരിപ്പിക്കാനാണ് തൻെറ നിയമസഭാ പ്രസംഗങ്ങളിൽ അധികസമയവും അദ്ദേഹം വിനിയോഗിച്ചിരുന്നത്. അതുപോലെ അവരുടെയിടയിൽ വ്യാപകമായിരുന്ന മദ്യപാനാസക്തി ഇല്ലാതാക്കുവാനും അവരെ അക്ഷരം പഠിപ്പിക്കുവാനും അവരിൽ പൗരബോധം അങ്കുരിപ്പിക്കുവാനും അദ്ദേഹം യത്നിച്ചു. കൃഷ്ണാദി ആശാൻ, ചാഞ്ചൻ, വള്ളോൻ തുടങ്ങിയ ചൊറുചൊറുക്കുള്ള ചെറുപ്പക്കാരെ തൻെറ ശിഷ്യൻമാരായി വളർത്തിക്കൊണ്ടു വരുവാൻ കഴിഞ്ഞതാണ് അധഃകൃത ഉന്നമനത്തിനു വേണ്ടിയുള്ള പ്രവർത്തനം സുഗമമാക്കിയതു്. അവരെ സംഘടിപ്പിക്കണം. അവരുടെ ആവശ്യങ്ങളെക്കുറിച്ച് സമുദായത്തെ ബോധവൽക്കരിക്കണം. പക്ഷേ ഒരു യോഗം കൂടുവാൻ പോലും അവർക്കിടം കിട്ടുമായിരുന്നില്ല. കറുപ്പൻ മാസ്റ്റർ അതിന് കണ്ട പോംവഴി, പുലയരുടെ സമ്മേളനം കായലിൽ വെച്ച് വള്ളങ്ങൾ കൂട്ടിക്കെട്ടിയിട്ടാകാമെന്നായിരുന്നു. അങ്ങനെ കൃഷ്ണാദിആശാൻെറ നേതൃത്വത്തിൽ മുളവുകാട്, പനമ്പുകാട്, തേവര, കോതാട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വള്ളങ്ങൾ കൂട്ടിക്കെട്ടിയ ചങ്ങാടങ്ങൾ കായലിൽ അണിനിരന്നു. കെ.പി. കറുപ്പൻ മാസ്റ്ററുടെ പ്രേരണയിലും നേതൃത്വത്തിലും അന്നുകൂടിയ സമ്മേളനമാണ് പിന്നീട് സമസ്തകൊച്ചി പുലയമഹാസഭയായി രൂപംകൊണ്ടത്.

കറുപ്പൻമാസ്റ്ററുടെ നിരന്തര ശ്രമഫലമായിട്ടാണ് കൊച്ചിയിലെ പുലയരുടെ ഉദ്ധാരണം നടന്നത്. അധഃകൃതരുടെ ആവശ്യങ്ങളെപ്പറ്റി അന്വേഷിക്കുവാനും അവരുടെ ക്ഷേമകാര്യങ്ങൾ നടത്തുവാനുമായി അധഃകൃത സംരക്ഷകൻ എന്നൊരുദ്യോഗസ്ഥനെ നിയമിച്ചു. ഈ ഉദ്യോഗം കറേ കഴിഞ്ഞ് കറുപ്പൻ മാസ്റ്ററുടെ ചുമലിൽ വീണു. അധഃകൃതരുടെ പാർപ്പിടസൗകര്യം, സ്കൂൾപ്രവേശനം, സഞ്ചാരസ്വാതന്ത്ര്യം തുടങ്ങിയ പ്രാഥമികാവശ്യങ്ങൾക്ക് വേണ്ടി അദ്ദേഹം മറ്റു പുലയസുഹൃത്തുക്കളോടൊപ്പം ഭഗീരഥപ്രയത്നം ചെയ്തിട്ടുണ്ട്. നിയമസഭയിൽ പുലയപ്രാതിനിധ്യത്തിന് വേണ്ടി ശക്തിയായ സമ്മർദ്ദം തുടർച്ചയായി നടത്തിയതിൻെറ ഫലമായിട്ടാണ് ഗവർമ്മേണ്ട് ചാഞ്ചനെ നോമിനേറ്റ് ചെയ്തത്. തുടർന്ന് കെ.പി. വള്ളോനും എം.എൽ.സി.യായി. സ്കൂളുകളിൽ പുലയ വിദ്യാർത്ഥികൾ പോയിതുടങ്ങി. ഒരു പുതുയുഗത്തിൻെറ പ്രകാശധാര എങ്ങും പരന്നു. സമൂഹം പരിവർത്തനത്തിൻെറ പാതയിലേക്ക് ചലിച്ചു. തൻെറ പ്രയത്നങ്ങൾക്ക് ഫലസിദ്ധി കണ്ടുകൊണ്ട് സംതൃപ്തനായിട്ടാണ് 53-ാംമത്തെ വയസ്സിൽ 1938ൽ കവിതിലകൻ കെ.പി. കറുപ്പൻ മാസ്റ്റർ അന്തരിച്ചത്. കറുപ്പൻ മാസ്റ്ററുടെ ഏക സന്താനം പാർവ്വതി സെൻറ് തെരേസിയാസ് കോളേജിലെ പ്രൊഫസറായിരുന്നു.


*1. സാഹിത്യനിപുണൻ, ടി.എം. ചുമ്മാർ, കവിതിലകൻ കെ.പി. കറുപ്പൻ, 1974, എൻ.ബി.എസ്. കോട്ടയം - 1, പുറങ്ങൾ 18-19.*

*2. അതുതന്നെ, പുറങ്ങൾ 19-20.*

*3. അതുതന്നെ, പുറം 20.*

*4. വി.വി.കെ. വാലത്ത്, പണ്ഡിറ്റ് കറുപ്പൻ, കേരള ഹിസ്റ്ററി അസോസിയേഷൻ, കൊച്ചി - 11, 1985 പുറം - 11.*

*5. അതുതന്നെ, പുറം 32.*

*6. അതുതന്നെ, പുറം 55.*

*7. പണ്ഡിറ്റ് കറുപ്പൻെറ സമ്പൂർണ്ണകൃതികൾ, ജ്ഞാനോദയം സഭ, ഇടക്കൊച്ചി - 682 006, 1992, പുറം 327, ഖണ്ഡിക 13.*

*8. അതുതന്നെ, പുറം 342, ഖണ്ഡിക 107*

*9. കവിതിലകൻ കെ.പി. കറുപ്പൻ, മുൻ ഉദ്ധരിച്ചത്, പുറം 71.*

*10. അതുതന്നെ, പുറം 69.*


---

## VII സഹോദരൻ അയ്യപ്പൻ



കേരളത്തിലെ നവോത്ഥാനമുന്നേറ്റത്തിൽ മാറ്റത്തിൻെറ തീപ്പന്തവുമായി മുന്നണിയിൽ നിന്ന് ആവേശകരമായ നേതൃത്വം കൊടുത്ത മാഹാനായിരുന്നു സഹോദരൻ അയ്യപ്പൻ. ശ്രീനാരായണസന്ദേശങ്ങളുടെ ആത്മസത്ത സ്വാംശീകരിച്ച് സാമൂഹ്യസമത്വത്തിനും മനുഷ്യസ്വാതന്ത്ര്യത്തിനും വേണ്ടി ജീവൻ പോലും പണയപ്പെടുത്തി പോർക്കളത്തിലിറങ്ങിയ കർമ്മ ധീരനായിരുന്നു അദ്ദേഹം. സ്വതന്ത്രചിന്തകൻ, യുക്തി വാദി, സമുദായ പരിഷ്ക്കർത്താവ്, പത്രപ്രവർത്തകൻ, കവി, ഭരണതന്ത്രജ്ഞൻ എന്നീ വിവിധ നിലകളിൽ സഹോദരനയ്യപ്പൻ കേരള

ത്തിന് നൽകിയ ധീരമായ മാതൃക നമ്മുടെ സാമൂഹ്യ രാഷ്ട്രീയ ജീവിതത്തിൽ മഹത്തായ പരിവർത്തനങ്ങളുണ്ടാക്കുവാൻ അത്യന്തം സഹായകമായിത്തീർന്നിട്ടുണ്ട്. പരിവർത്തനത്തിന്റെ പുരോഗതിയിലേക്ക് നീങ്ങുവാൻ കുതികാലിൽ നിൽക്കുകയായിരുന്ന കേരളീയരെ, നിസ്വാർത്ഥവും ആദർശനിഷ്ഠവുമായ നേതൃത്വത്തിലൂടെ മുന്നോട്ട് നയിച്ച ധീരദേശാഭിമാനിയായിരുന്നു സഹോദരനയ്യപ്പൻ.

ആയുർവ്വേദ വൈദ്യൻമാരുടെ പാരമ്പര്യമുള്ള കുലീന കുടുംബത്തിലാണ് അയ്യപ്പന്റെ ജനനം. എറണാകുളം ജില്ലയിലെ വൈപ്പിൻകരയിലെ വടക്കേ അറ്റത്തുള്ള ഗ്രാമത്തിൽ ചെറായി എന്ന സ്ഥലത്ത് 1889 ആഗസ്റ്റ് 22-ാം തീയതിയാണ് അയ്യപ്പന്റെ ജനനം. മാതാപിതാക്കൾ കൊച്ചാവു വൈദ്യനും ഉണ്ണൂലിയുമായിരുന്നു.അവരുടെ നാലു ആൺമക്കളിൽ ഇളയ സന്തതിയായിരുന്നു അയ്യപ്പൻ. അയ്യപ്പന് രണ്ട് സഹോദരിമാരുമുണ്ടായിരുന്നു. മൂത്ത സഹോദരങ്ങളായ അച്ച്യുതൻ, കണ്ണൻ, കൃഷ്ണൻ എന്നിവർ പിതാവിനെപ്പോലെ വൈദ്യവൃത്തിയാണ് സ്വീകരിച്ചത്. ഇവരിൽ അച്ച്യുതൻ വൈദ്യൻ ഏറെ പ്രസിദ്ധനായ ഭിഷഗ്വരനായിരുന്നു. അയ്യപ്പനേയും ഈ പരമ്പരാഗതവൃത്തിയിൽ കൊണ്ടു വരണമെന്നായിരുന്നു കുടുംബാംഗങ്ങളുടെയൊക്കെ ആഗ്രഹം. തദനുസൃതം സംസ്കൃതം പഠിക്കുവാൻ നിയോഗിച്ചെങ്കിലും കുറേകഴിഞ്ഞ് ആധുനികവിദ്യാഭ്യാസം നൽകുന്നതാണ് ഉത്തമമെന്ന് കരുതി പറവൂരിൽ അയ്യിടെ തുടങ്ങിയ ഒരു പ്രാഥമിക വിദ്യാലയത്തിൽ അയ്യപ്പനെ പ്രവേശിപ്പിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ പ്രായം പത്ത് വയസ്സായിരുന്നു. ഈ സ്കൂളിൽ ഒന്നുമുതൽ മൂന്നുക്ലാസ് വരെയുണ്ടായിരുന്നുള്ളു. പ്രാഥമിക വിദ്യാലയമായിരുന്നെങ്കിലും വിദ്യാർത്ഥികൾ കുറെയൊക്കെ മുതിർന്നവരായിരുന്നു. ഈ വിദ്യാലയത്തിൽ 'വിദ്യാപോഷിണി' എന്ന ഒരു സാഹിത്യസമാജം പ്രവർത്തിച്ചിരുന്നു. പ്രസംഗ പരിശീലനം, സാഹിത്യരചന, അക്ഷരശ്ലോകം തുടങ്ങിയവ നടത്തിയിരുന്ന ഈ ബാലസമാജമാണ് അയ്യപ്പന്റെ സർഗ്ഗവാസനയെ പരിപോഷിപ്പിച്ചത്. ഇക്കാലം മുതൽ അദ്ദേഹം കവിതകളെഴുതുമായിരുന്നു. ഒരിക്കൽ താനെഴുതിയ കവിതകളിൽ ചിലത് കുമാരനാശാൻ വായിച്ച് പ്രോത്സാഹജനകമായ അഭിപ്രായം പറഞ്ഞത് അദ്ദേഹത്തിന് വളരെ പ്രചോദനം നൽകി. പറവൂർ സ്കൂൾ പഠനം പൂർത്തിയാക്കിയ അയ്യപ്പൻ വൈപ്പിൻകരയിലെ വടക്കേ അറ്റത്തുള്ള പള്ളിപ്പുറത്ത് തുടങ്ങിയ സ്കൂളിൽ ചേർന്ന് പഠിച്ചു. ഇക്കാലത്ത് തന്റെ എല്ലാമായിരുന്ന ജ്യേഷ്ഠൻ അച്ച്യുതൻവൈദ്യൻ മരണമടഞ്ഞു. 14 വയസ്സ് മാത്രമേ അന്ന് അയ്യപ്പനുണ്ടായിരുന്നുള്ളൂ. തനിക്ക് രണ്ടു വയസ്സുള്ളപ്പോൾ പിതാവ് മരിച്ചതിന്ശേഷം തന്റെ ജ്യേഷ്ഠൻ അച്ച്യുതൻ വൈദ്യനാണ് തനിക്കുണ്ടായിരുന്ന ആശാകേന്ദ്രം. എന്നാൽ മാതാവും ഇതരസഹോദരൻമാരും അയ്യപ്പനെ തുടർന്നും പഠിപ്പിക്കുവാൻ തീരുമാനിച്ചതോടെ അയ്യപ്പന്റെ ആശങ്ക മാറി. അദ്ദേഹം പറവൂർ ഹൈസ്കൂളിൽ 5-ാം ക്ലാസ്സിൽ ചേർന്നു. ഇത് 1905ലായിരുന്നു.

ഹൈസ്കൂൾപഠനം പൂർത്തിയാക്കിയ അയ്യപ്പൻ മലബാർ ക്രിസ്ത്യൻ കോളേജിൽ നിന്നും ഇൻറർമീഡിയറ്റ് പാസ്സായി. മദ്രാസ് ക്രിസ്ത്യൻ കോളേജിൽ ബി.എ. ഓണേഴ്സിന് ചേർന്നു. പക്ഷെ പഠനം പൂർത്തിയാക്കാൻ സാധിക്കാതെ അദ്ദേഹം നാട്ടിലേക്ക് തിരിച്ചുപോന്നു. നാട്ടിലെത്തി കൂട്ടുകാരുമൊത്ത് സാഹിത്യചർച്ചയും അക്ഷരശ്ലോകവുമൊക്കെയായി കഴിയുന്ന കാലത്താണ് ചെറായി ശ്രീഗൗരീശ്വരക്ഷേത്ര പ്രതിഷ്ഠ നടത്തുവാൻ ശ്രീനാരായണഗുരുവെത്തുന്നത്. 'അച്യുതൻ വൈദ്യന്റെ അനുജൻ അയ്യപ്പൻ' ആണെന്ന് ഗുരുവോട് ആരോ പരിചയപ്പെടുത്തികൊടുത്തു. 22 വയസ്സുള്ള സുഭഗനായ ഈ കൃശഗാത്രനെ നോക്കി സ്വാമി പ്രതിവചിച്ചത്, 'നാം കുറച്ചുകാലം കൂടി ആലുവായിൽ ഉണ്ടായിരിക്കും, അയ്യപ്പൻ വരുമല്ലോ', എന്ന് മാത്രമായിരുന്നു. അടുത്ത ഒരു ദിവസം അയ്യപ്പൻ ആലുവായിൽ ചെന്ന് സ്വാമിയെ കണ്ടു. പഠിപ്പ് പൂർത്തിയാക്കണമെന്നും താൽക്കാലികാവശ്യത്തിന് മാർഗ്ഗങ്ങളുണ്ടാക്കാമെന്നും സ്വാമി പറഞ്ഞു. അന്ന് എസ്.എൻ.ഡി.പി. സെക്രട്ടറി കൂടിയായിരുന്ന മഹാകവി കുമാരനാശാന് സ്വാമി ഒരു കുറിപ്പ് അയ്യപ്പൻ വശംകൊടുത്തയച്ചു. 100 രൂപ അയ്യപ്പന് കൊടുക്കണമെന്നായിരുന്നു കത്തിലെ സാരം. 1921ലെ 100 രൂപ ഇന്നത്തെ എത്ര രൂപയ്ക്ക് തുല്യമായിരിക്കുമെന്ന് കണക്കാക്കിയാൽ മതി നാരായണഗുരുവിന് ഈ ശിഷ്യനോടുണ്ടായിരുന്ന വാത്സല്യത്തിന്റെ മാറ്ററിയുവാൻ. തുടർന്ന് തിരുവനന്തപുരത്ത് താമസമാക്കി മഹാരാജാസ് കോളേജിൽ ബി.എ.യ്ക്കു ചേർന്നു. ഇക്കാലത്ത് കുമാരനാശനുമായി വളരെ അടുത്തു ഇടപഴകുവാൻ അവസരം ലഭിച്ചു. ഇരുകൂട്ടരും കവിതാപാരായണവും സാഹിത്യചർച്ചകളും നടത്തുമായിരുന്നു. അപ്പോഴൊക്കെയും അയ്യപ്പന്റെ മനസ്സിനെ മഥിച്ചിരുന്നത് സമൂഹത്തിൽ നടമാടിയിരുന്ന അനീതികൾക്കെതിരായി അടരാടണമെന്ന മോഹമായിരുന്നു. ആശാനുമായി അയിത്തത്തിന്റെയും ജാതിയുടേയും വികൃതമുഖം സമൂഹത്തെ ആകമാനം പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യം ഗൗരവമായി ചർച്ച ചെയ്യുക പതിവായി. ആശാനിൽ ജാതിക്കെതിരായ ചിന്ത രൂഢമൂലമായത് അയ്യപ്പന്റെ സ്വാധീനകൊണ്ടു കൂടിയുമാണെന്ന് പലരും രേഖപ്പെടുത്തിയിട്ടുണ്ട്. തിരുവനന്തപുരം താമസം അയ്യപ്പന്റെ ചിന്താധാരയും പ്രവർത്തന മണ്ഡലവും ഏറെ വികസ്വരമാക്കാൻ പ്രയോജനപ്പെട്ടു. സ്വസമുദായത്തിലെ അക്കാലത്തെ ഉന്നതശീർഷരായിരുന്ന ഡോ. പല്പു, സി.വി. കുഞ്ഞുരാമൻ, കുമാരനാശാൻ, സി. കേശവൻ, ടി.കെ. മാധവൻ തുടങ്ങിയവരുമായി നിദാന്ത സമ്പർക്കം പുലർത്തുവാൻ അയ്യപ്പന് സൗകര്യം ലഭിച്ചിരുന്നു. തിരുവനന്തപുരത്ത് പഠിച്ചു കൊണ്ടിരിക്കുമ്പോഴാണ് അമ്മ കാലഗതിയടയുന്നത്.

ബി.എ. പരീക്ഷ കഴിഞ്ഞ് തിരുവനന്തപുരത്ത് നിന്നും മടങ്ങിയ അയ്യപ്പൻ ആലുവ അദ്വൈതാശ്രമത്തിൽ കയറി ശ്രീനാരാണഗുരുവെ കണ്ടു. സംഭാഷണത്തിന്നിടയ്ക്ക് ജാതി, അയിത്തം എന്നിവയും വിഷയീഭവിച്ചു. അവിടെ നിന്നും നാട്ടിലേക്ക് തിരിച്ചുവന്ന അയ്യപ്പന്റെ മനസ്സിൽ ജാതിയും

അയിത്തവും ഉൻമൂലനം ചെയ്താൽ മാത്രമേ, സാമൂഹ്യ സമത്വത്തിന് അടിത്തറയിടുവാൻ സാധ്യമാകുയെന്ന ഉറച്ച വിശ്വാസം വേരൂന്നിയിരുന്നു. ഇവതാനേ നിർമ്മാർജ്ജിതമാകുകയില്ലെന്നും ശക്തമായ ജനകീയ മുന്നേറ്റത്തിൻെറ വേലിയേറ്റം കൊണ്ടു മാത്രമേ ഇവ ഒലിച്ചുപോകുകയുള്ളൂവെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. പിന്നെ അതിന്നുള്ള പോംവഴികളായിരുന്നു വിപ്ലവകാരിയായ ആ യുവാവിൻെറ ചിന്തയിൽ. നാട്ടിലുള്ള ചെറുപ്പക്കാരെയെല്ലാം ജാതിയുടെ ക്രൂരതകളെ കുറിച്ച് ബോധവാൻമാരാക്കുവാനുള്ള ശ്രമം ആണ് ആദ്യമായദ്ദേഹം നടത്തിയത്. അങ്ങനെ 1916ൽ വാടയ്ക്കകം, നെടിയറ സ്കൂളിൽ ഒരു യോഗം വിളിച്ചുകൂട്ടി. 'ജാതി തകർക്കുക', എന്ന വിഷയത്തെക്കുറിച്ച് അയ്യപ്പൻ ദീർഘമായി സംസാരിച്ചു. സദസ്യരിൽ പലരും ജാതിനശീകരണ പ്രതിജ്ഞയെടുക്കാൻ തയ്യാറായി. നാട്ടിലെ ആദ്യത്തെ ബിരുദധാരിയായ അയ്യപ്പൻ യുവാക്കളുടെ ആദർശ പുരുഷനായി മാറിക്കഴിഞ്ഞിരുന്നു. ഈ യോഗത്തിൽ വെച്ചാണ് മിശ്രഭോജനം നടത്തുന്നതിനുള്ള പദ്ധതി തയ്യാറാക്കിയത്. യോഗത്തിൽ സന്നിഹിതരായിരുന്നവരിൽ പ്രധാനികളായ 12 പേർ ഒപ്പിട്ട് ഒരു നൊട്ടീസ് അടിച്ചിറക്കി. 1092 ഇടവം 16-ാം തീയ്യതി മിശ്രഭോജനം നടത്തുന്നതിനുള്ള യോഗം ചെറായിയിൽ വെച്ചു കൂടുന്നതാണെന്നും ജാതി നശീകരണം വേണമെന്നാഗ്രഹിക്കുന്നവരെല്ലാം യോഗത്തിൽ സന്നിഹിതരാകണമെന്നുമായിരുന്നു നോട്ടീസ്സിൻെറ ഉള്ളടക്കം. യോഗത്തിൽ ഉല്പതിഷ്ണുക്കളായ ധാരാളം പേർ സംബന്ധിച്ചിരുന്നു. ജാതി ഇല്ലാതാക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് അയ്യപ്പൻ ഒരു പ്രസംഗം എഴുതി വായിച്ചു. തുടർന്ന് താഴെ എഴുതുന്ന പ്രതിജ്ഞാവാക്യം ഓരോരുത്തരും ഏറ്റുപറഞ്ഞു. "ജാതിവ്യത്യാസം ശാസ്ത്ര വിരുദ്ധവും ദോഷകരവും അനാവശ്യവുമായതുകൊണ്ട് അതിനെ ഇല്ലാതാക്കുവാൻ നിയമവിരുദ്ധമല്ലാത്തവിധം എന്നെക്കൊണ്ട് കഴിയുന്നതൊക്കെ ചെയ്യാമെന്ന് ഞാൻ പൂർണ്ണ മനസ്സാലേ സമ്മതിച്ചു സത്യം ചെയ്തു കൊള്ളുന്നു."2. യോഗം അവസാനിച്ചപ്പോൾ അയ്യപ്പൻ ഒരു പ്രസ്താവന നടത്തി. "ഞങ്ങളിൽ ചിലർ പുലയരുമൊത്ത് ഭക്ഷണം കഴിക്കാൻ തയ്യാറായിട്ടുണ്ട്. ആർക്കെങ്കിലും അതിൽ പങ്കുചേരണമെന്നുണ്ടെങ്കിൽ അറിയിക്കണം"3. മിശ്രഭോജനത്തിൽ പങ്കെടുക്കുവാൻ ആദ്യം സന്നദ്ധരായവർ നാലുപേർ മാത്രമായിരുന്നെങ്കിലും യോഗാനന്തരം പലരും ഈ സംരംഭത്തിൽ ഭാഗഭാക്കുകളായി. പള്ളിപ്പുറത്തുകാരൻ അയ്യര് എന്ന പുലയനും അയാളുടെ മകനും ആണ് ഭക്ഷണം വിളമ്പിയത്. മിശ്രഭോജനം കഴിഞ്ഞു ആലുവായിലുണ്ടായിരുന്ന ശ്രീനാരായണ ഗുരുവിൻെറ അടുക്കൽ അയ്യപ്പൻ വിവരം ധരിപ്പിച്ചു. "സംഘം വളരും, ക്രിസ്തുവിനെ പോലെ ക്ഷമിക്കണം", എന്ന ഉപദേശമാണ് സ്വാമിയിൽ നിന്നുമുണ്ടായത്. പക്ഷേ ഈഴവ നേതാക്കൻമാർക്കിടയിൽ മിശ്രഭോജനവാർത്ത വിവിധങ്ങളായ പ്രതികരണങ്ങളാണ് ഉളവാക്കിയത്. സി. കൃഷ്ണൻ വക്കീൽ അനുകൂലമായി തൻെറ പത്രമായ 'മിതവാദി'യിലെഴുതി. കുമാരനാശാനാകട്ടെ 'വിവേകോദയത്തി'ൽ പ്രതികൂലിച്ചാണഭിപ്രായം പ്രകടിപ്പിച്ചത്. "അഭിപ്രായക്കൊടുമുടിയിൽ കയറി നിന്നു കൊണ്ടു പ്രവൃത്തി ലോകത്തിലേക്ക് കിഴക്കാം തൂക്കമായി ചാടി ആത്മനാശം ചെയ്യരുത് എന്ന് ചെറുപ്പക്കാരോടുപദേശിക്കുന്നു", എന്നാണ് ആശാൻ എഴുതിയത്. ഏതായാലും മിശ്രഭോജനത്തിൽ പങ്കെടുത്തവരെ 'സഹോദരസംഘകാർ' എന്ന് പറഞ്ഞുപോന്നു. അന്നുമുതലാണ് കെ. അയ്യപ്പൻ സഹോദരനയ്യപ്പനായതും. പിന്നീട് താൻ തുടങ്ങിയ പത്രത്തിന് ഈ നാമംകൂടി ഇട്ടപ്പോൾ സഹോദരനയ്യപ്പൻ, എന്നത് കേസരി ബാലകൃഷ്ണപിള്ളയെന്നോ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെന്നോ, ഒക്കെ പറയുന്നത് പോലെ ആ നാമം അന്വർത്ഥമായി ത്തീർന്നു. പുലയരുമൊത്ത് തൊട്ട് ഉണ്ടവരെ 'പുലയച്ചോവൻമാർ' എന്നും അതിൻെറ സംഘാടകനായ അയ്യപ്പനെ 'പുലയനയ്യപ്പൻ' എന്നും പറഞ്ഞു പരിഹസിക്കാൻ തുടങ്ങി. എന്നാൽ ഇതുകൊണ്ടൊന്നും യാഥാസ്ഥിതികർ തൃപ്തരായില്ല. ചെറായി വിജ്ഞാനവർദ്ധിനിസഭ മിശ്രഭോജനം നടത്തിയവരെ സമുദായഭ്രഷ്ട് കല്പിച്ചു. അതോടെ മിശ്രഭോജന പ്രസ്ഥാനക്കാരും അവരെ അനുകൂലിക്കുന്നവരും ഒരു പക്ഷത്തും സമുദായഭ്രഷ്ട് കല്പിച്ചവരും മിശ്രഭോജനത്തെ നിന്ദിച്ചവരും മറുവശത്തുമായി വ്യക്തമായ ചേരിപിരവുണ്ടായി. വൈരാഗ്യം മൂത്ത് കുടിക്കുന്ന വെള്ളമോ, തീയ്യോ അന്യോന്യം നൽകാതെയായി. 'ക്ഷുരക പ്രവൃത്തിയും പൗരോഹിത്യവും നിഷേധിക്കപ്പെട്ടു. വേലികെട്ടുന്നതിനും പറമ്പിൽ പണിക്കും പുരമേയുന്നതിനും ജോലിക്കാരെ കിട്ടാതെയായി...... ഈ യാതനകളെല്ലാം സന്തോഷത്തോടുകൂടി മിശ്രഭോജനപ്രസ്ഥാനക്കാർ സഹിച്ചു. എന്നാൽ നിന്ദ്യവും ജുഗുപ്സാവഹവും ക്രൂരവുമായ ഒരു വിലക്ക് മിശ്രഭോജന പ്രസ്ഥാനക്കാരെ വ്യാകുലരാക്കി. വിവാഹപ്രായമായി വീട്ടിൽ നിൽക്കുന്ന പെൺകുട്ടികളുടെ വിവാഹാലോചന 'പുലയച്ചോവൻമാർ' എന്ന പേരിൽ അവർ മുടക്കി. ഈ കാലഘട്ടത്തിൽ ഒട്ടേറെ ഭാര്യഭർത്തൃബന്ധം ശിഥിലമായി. ഉപേക്ഷിക്കപ്പെട്ട ഭാര്യമാർ, പിതാക്കളാൽ വീട്ടിൽ പിടിച്ചുനിർത്തപ്പെട്ട പെൺകുട്ടികൾ - ഇങ്ങനെ പോകുന്നു ആ നീണ്ട പട്ടിക'5. ഇവയെല്ലാം അതിജീവിച്ച് സഹോദരപ്രസ്ഥാനം വളർന്നു.

മിശ്രഭോജനം കഴിഞ്ഞ ഉടനെയാണ് ബി.ഏ. പരീക്ഷയിൽ അയ്യപ്പൻ ജയിക്കുന്നത്. തുടർന്ന് ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. സ്കൂൾ സമയത്തിന് മുമ്പും പിമ്പും മറ്റൊഴിവു സമയങ്ങളിലും സഹോദര പ്രസ്ഥാനത്തിന് വേണ്ടി പ്രയത്നിക്കുമായിരുന്നു. വിദ്യാഭ്യാസം ലഭിച്ചവരും പുരോഗമനാശയക്കാരും നാടിൻെറ നാനാഭാഗത്തുനിന്നുമെത്തി അയ്യപ്പനെ ക്ഷണിച്ചുകൊണ്ടുപോയി മിശ്രഭോജനം സംഘടിപ്പിക്കുകയും പ്രസംഗം നടത്തിക്കുകയും ചെയ്യുക സാധാരണയായി. ഇതിനിടെ സഹോദരസംഘത്തിൻെറ ഒരു ഓഫീസ് ചെറായിയിൽ പ്രവർത്തിച്ചുതുടങ്ങി. 'സഹോദരൻ' മാസിക പ്രസിദ്ധീകരണം തുടങ്ങിയതും ഇവിടെ

നിന്നാണ്. എന്നാൽ അയ്യപ്പന് തൻെറ സമുദായത്തിലെ തന്നെ പഴഞ്ചൻ മനസ്ഥിതിക്കാരിൽ നിന്നും അനുഭവി ക്കേണ്ടതായി വന്നിട്ടുള്ള പ്രയാസങ്ങൾ നിരവധിയാണ്. ചെറായി, മൂത്തകുന്നം, പറവൂർ എന്നിവിടങ്ങളിൽ കൂക്കു വിളിയും കല്ലേറും നടന്നതിന് പുറമേ അണ്ടിനെയ്യ് കൊണ്ട് അയ്യപ്പനെ അഭിഷേകം ചെയ്യിക്കുക കൂടി ചെയ്തു. കത്തിയു മായി എത്രപ്രാവശ്യമാണ് അദ്ദേഹത്തെ എതിരാളികൾ ആക്രമിക്കുവാൻ എത്തിയിട്ടുള്ളത്. അപ്പോഴൊക്കെ ഗുരു ഉപദേശിച്ച ക്ഷമ അക്ഷരാർത്ഥത്തിൽ തന്നെ അദ്ദേഹം അനുഷ്ഠിച്ചു കാണിച്ചുകൊടുത്തു. അതോടൊപ്പം ചേന്ദമംഗ ലം തുടങ്ങിയ സ്ഥലങ്ങളിൽ അയ്യപ്പനും അനുയായി കൾക്കും രാജോചിതമായ സ്വീകരണങ്ങളും ലഭിച്ചിരുന്നു. പള്ളുരുത്തിയിലെ ഈഴവയുവാക്കൾ 'സഹോദര സംഘം' എന്നൊരു സംഘടന രൂപീകരിച്ച് ജാതിനശീകരണത്തിനായി മുന്നിട്ടിറങ്ങി. അയ്യപ്പൻെറ സാന്നിദ്ധ്യത്തിൽ അവിടേയും മിശ്രഭോജനം ഗംഭീരമായി നടത്തുകയും ചെയ്തു. സഹോദര പ്രസ്ഥാനത്തിൻെറ അഭൂതപൂർവ്വമായ വളർച്ച എതിരാളികളെ കൂടുതൽ രോഷാകുലരാക്കി. ചെറായി വിജ്ഞാനവർദ്ധിനി സഭ ശ്രീനാരായണ ഗുരു മിശ്രഭോജനത്തിന് അനുകൂലിയ ല്ലെന്ന് കാണിച്ച് വലിയ ഒരു പ്രസ്താവന ഇറക്കി. സഭാ സെക്രട്ടറിയുടെ ഈ പരസ്യപ്രസ്താവന സഹോദരൻ അയ്യപ്പനെ വളരെ വേദനിപ്പിച്ചു. അദ്ദേഹം ഉടനെ ശ്രീനാരാ യണഗുരുവെ ചെന്ന് കണ്ട് വിശേഷങ്ങളെല്ലാം പറഞ്ഞ ശേഷം ജനങ്ങൾക്കിടയിലുള്ള ചിന്താക്കുഴപ്പം നീക്കുന്ന തിനായി സ്വാമി സ്വന്തം കയ്പടയിൽ ഒരു സന്ദേശം എഴു തിതരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അന്ന് സ്വാമി എഴുതികൊടുത്തതും പിന്നീട് ലക്ഷക്കണക്കിന് കോപ്പികൾ അച്ചടിച്ച് വിതരണം ചെയ്തുതുമായ സന്ദേശം ഇതായിരുന്നു.

"മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ
എങ്ങിനെയിരുന്നാലും അവരുടെ
ജാതി ഒന്നായതുകൊണ്ട് അന്യോന്യം
വിവാഹവും പന്തിഭോജനവും ചെയ്യുന്നതിന്
യാതൊരു ദോഷവുമില്ല"

ഗുരുവിൻെറ ഈ ശാസനം എതിരാളികളെ ഇളിഭ്യരാക്കി. എങ്കിലും അവർ അടങ്ങിയിരുന്നില്ല. നാട്ടിൽ ഛിദ്രം സൃഷ്ടി ച്ചുകൊണ്ടിരിക്കുന്ന അയ്യപ്പനെ നാടുകടത്തണമെന്ന നിവേദ നവുമായി ചെറായി സഭാ ഭാരവാഹികൾ കൊച്ചിതമ്പുരാനെ മുഖം കാണിച്ചു. നിവേദനക്കാർ സംസാരിക്കുന്നതിനു മുമ്പ് തന്നെ പരിഷ്കൃതാശയനായ മഹാരാജാവ് പറഞ്ഞത് പ്രജകളുടെ ആവശ്യങ്ങളെക്കുറിച്ച് തനിക്കറിയാമെന്നും ജാതിശല്യം ക്രമേണ മാറുമെന്നും അയ്യപ്പനും മറ്റും അതിനു വേണ്ടി ശക്തിയായി ശ്രമിക്കുന്നുണ്ടെന്ന് അറിയുന്നുണ്ടെന്നും ആയിരുന്നു. നിവേദകസംഘത്തിന് ശബ്ദമില്ലാതായി. അവ രിൽ ഒരാൾക്ക് തോന്നിയ ആശയം ഇങ്ങനെ അവതരിപ്പിച്ചു 'അടിയങ്ങൾ വന്നത് കുറെ തടി സൗജന്യമായി അനുവദി ക്കണമെന്ന് അപേക്ഷിക്കുവാനാണ്. അടിയങ്ങളുടെ ഗൗരീ ശര ക്ഷേത്രത്തിൻെറ നിർമ്മാണത്തിനാണ്." "അപേ ക്ഷിച്ചോളൂ. ആലോചിച്ച് വേണ്ടതുചെയ്യാം"6. ഇതോടെ പല രുടേയും അഭിപ്രായത്തിന് അയവ് വന്നു. കുമാരനാശാനും സഹോദരപ്രസ്ഥാനത്തിൻെറ നേട്ടങ്ങളേയും സഹോദരന യ്യപ്പൻെറ ത്യാഗസുരഭിലമായ സേവനങ്ങളേയും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് കൊല്ലത്ത് നടന്ന എസ്.എൻ.ഡി.പി. യുടെ 20-ാം വാർഷികയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു കൊണ്ട് പ്രസംഗിക്കുകയും ചെയ്തു.

സഹോദരപ്രസ്ഥാനത്തിന് രാജവ്യാപകമായ അംഗീ കാരം ലഭിച്ചതോടെ എതിർപ്പുകൾ കെട്ടടങ്ങി. 1926ൽ തന്നെ വിജ്ഞാനവർദ്ധിനി സഭാ നിർവ്വാഹക സമിതി ഭ്രഷ്ട് കല്പിച്ചകത്തി നിർത്തിയിരുന്നവരെ സഭാംഗത്വം നൽകി തിരി ച്ചെടുക്കുവാൻ തീരുമാനിച്ചു. ആ വർഷം തന്നെ സഹോദരന യ്യപ്പന് സഭാംഗത്വം നൽകി ആദരിച്ചു. അടുത്തവർഷത്തെ വിശേഷാൽ പൊതു യോഗത്തിൻെറ അദ്ധ്യക്ഷനായി സഹോ ദരനയ്യപ്പനെ ക്ഷണിച്ചു ആദരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം മരിക്കുന്നതുവരെ ഏത് നയപരമായ തീരുമാനമെടു ക്കുന്നതിനു മുമ്പും അയ്യപ്പൻെറ ഉപദേശമാരാഞ്ഞിരുന്നു. അദ്ദേഹത്തിന് റാവുസാഹിബ് ബഹുമതി ലഭിച്ചപ്പോൾ സഭ അദ്ദേഹത്തെ സ്വീകരിച്ച് മംഗളപത്രം നൽകി. സഹോദരൻ മരിക്കുന്നതിന് 10 വർഷം മുമ്പ് തന്നെ വിജ്ഞാനവർദ്ധിനി സഭാ സ്കൂളിൻെറ പേര്, 'സഹോദരൻ മെമ്മോറിയൽ ഹൈ സ്കൂൾ' എന്ന് നാമകരണം ചെയ്യുകയുമുണ്ടായി. ഈ മാറ്റം സഹോദരപ്രസ്ഥാനത്തെ എതിർത്തിരുന്ന സകല കേന്ദ്ര ങ്ങളിലും പ്രകടമായി.

ഇതിനിടയിൽ നിയമപഠനത്തിനായി തിരുവനന്തപുരത്ത് കുറെക്കാലം കഴിച്ചുകൂട്ടിയെങ്കിലും ബിരുദമെടുക്കുവാൻ സാധിച്ചില്ല. അദ്ദേഹം നടത്തിപ്പോന്നിരുന്ന 'സഹോദരൻ പത്രം' 1917ലാണ് തുടങ്ങിയത്. 1956 വരെ അത് അഭംഗുരം നടത്തിപ്പോന്നു. ഇതിന് പുറമേ 'യുക്തിവാദി' മാസികയുടെ പത്രാധിപ സമിതിയിലെ അംഗവുമായിരുന്നു സഹോദരന യ്യപ്പൻ. അക്കാലത്തെ സ്വതന്ത്രചിന്തകരും യുക്തിവാദികളു മായ എം. രാമവർമ്മത്തമ്പുരാൻ, സി. കൃഷ്ണൻ, സി.വി. കുഞ്ഞരാമൻ, എം.സി. ജോസഫ് എന്നിവരായിരുന്നു മറ്റംഗ ങ്ങൾ. യുക്തിവാദിയായ അയ്യപ്പൻ എല്ലാവിധ ആരാധനക ളേയും ക്ഷേത്രങ്ങളേയും എതിർത്തിരുന്നു. ദൈവ നിഷേധം പോലും ആദ്യകാലങ്ങളിൽ അദ്ദേഹം നടത്തിയിട്ടുണ്ട്. കൊടു ങ്ങല്ലൂർ ഭരണിസമയത്ത് തെറിപ്പാട്ടും കോഴി വെട്ടും കൂത്തും നടക്കുക പതിവാണ്. 1926ൽ ഭരണിദിവസം അയ്യപ്പൻെറ നേതൃത്വത്തിൽ വിദ്യാസമ്പന്നരുടെ ഒരു ഘോഷയാത്ര ഉണ്ടാ യിരുന്നു. അയ്യപ്പനാൽ വിരചിതമായ,

ഭരണിക്ക് പോകല്ലെ സോദരരെ,
ഭരണിക്ക് പോകല്ലെ സോദരരെ,
കനിവറ്റു ജീവിയെ കൊന്നിടുന്ന,
മതിവിട്ടു മദ്യം കുടിച്ചിടുന്ന,
തെറിപാടി ലോകം കെടുത്തിടുന്ന,
നരകത്തിൻ വാതിൽ ഭരണിയോർപ്പിൻ'

എന്ന കവിതാലാപനത്തോടുകൂടിയാണ് ജാഥ എത്തിയത്. അവിടെ ആൽത്തറയിൽ കയറിനിന്ന് ജന്തുബലി, മദ്യസേവ, തെറിപ്പാട്ട് ഇവയ്ക്കെതിരെ ആവേശകരമായി അയ്യപ്പൻ പ്രസംഗം തുടങ്ങി. കള്ളുകുടിച്ചും ഉറഞ്ഞുതുള്ളിയും ലക്കില്ലാതായിരുന്ന ഭരണിക്കാർ കുരുതി കൊടുത്ത കോഴിയുടെ തലയും തൂവലുമൊക്കെ കൊണ്ട് എറിയാൻ തുടങ്ങി. അയ്യപ്പന്റെയുംകൂട്ടുകാരുടെയും ദേഹമാസകലം ചോരയിൽ മുങ്ങി. ഇതൊക്കായായിട്ടും പ്രസംഗം നിർത്തുന്നില്ലെന്ന് കണ്ടപ്പോൾ രോഷാകുലരായ ഭരണിക്കാർ അടിയും ഇടിയും ബഹളവും വെച്ച് യോഗം കലക്കി. വളരെ പ്രയാസപ്പെട്ടാണ് അയ്യപ്പനേയും കൂട്ടരേയും ചിലർ അവിടെനിന്നും രക്ഷപെടുത്തിയത്. വസ്ത്രങ്ങൾ നഷ്ടപ്പെട്ടും ദേഹമാസകലം അടികൊണ്ട പാടുകളുമായാണ് ഇവരത്രയും മടങ്ങിയത്. അയ്യപ്പൻ തന്റെ കവിതാ സമാഹാരത്തിൽ 'ഭരണിക്ക് പോകല്ലേ', 'പളനിക്ക് പോകല്ലെ' എന്നീ കവിതകൾ ചേർത്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അയ്യപ്പന്റെ പ്രവർത്തനങ്ങൾ പല രംഗങ്ങളിലായതിനാലും അവയിലൊക്കെ സ്വന്തം വ്യക്തിത്വം പ്രകാശിതമായിരുന്നതിനാലും അയ്യപ്പനെന്ന കവിയെക്കുറിച്ച് ചുരുക്കം ആളുകളെ അറിയുകയുള്ളു. മറ്റാരേക്കാൾ സാമൂഹ്യനൻമ ലാക്കാക്കി പ്രതിബദ്ധതയോടുകൂടി മനുഷ്യനെ ചിന്തിപ്പിക്കുവാനും ആവേശം കൊള്ളിക്കാനും പറ്റുംവിധം അദ്ദേഹം എഴുതിയിട്ടുള്ള കൃതികൾ ധാരാളമുണ്ട്. പദ്യത്തിലും ഗദ്യത്തിലുമായി സഹോദരൻ അയ്യപ്പൻ എഴുതിയിട്ടുള്ളവ എത്രയോ വലിയ വാല്യങ്ങൾക്കുള്ള വിഭവങ്ങളാണ്.

അയ്യപ്പന്റെ സമുദായപ്രവർത്തനവും ഊർജ്ജസ്വലവും തനതായ വ്യക്തിത്വം പ്രകടമാക്കുന്നവയുമായിരുന്നു. കൊച്ചിയിൽ എസ്.എൻ.ഡി.പി.യുടെ സംഘടിത പ്രവർത്തനത്തിന് ആവേശകരമായ നേതൃത്വം നൽകിയിരുന്നത് സഹോദരനയ്യപ്പനാണ്. എറണാകുളം മഹാരാജാസ് കോളേജ് ഗ്രൗണ്ടിൽ നടന്ന എസ്.എൻ.ഡി.പി.യുടെ അവകാശപ്രഖ്യാപന സമ്മേളനം വലിയ ഒരു സംഭവമായിരുന്നു. 1945ലായിരുന്നു അത്. അവകാശപ്രഖ്യാപനരേഖ തയ്യാറാക്കിയതിൽ മുഖ്യകാർമ്മികത്വം അയ്യപ്പനായിരുന്നു. രാഷ്ട്രീയാവകാശങ്ങൾ, സാമുദായികാവശ്യങ്ങൾ, വിദ്യാഭ്യാസാവകാശങ്ങൾ എന്നീ ശീർഷകങ്ങളിൽ ഈഴവ സമുദായത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്കാവശ്യമായ ഇനങ്ങൾ ഉൾക്കൊള്ളുന്നവയായിരുന്നു ഈ അവകാശ പ്രഖ്യാപനരേഖ.

കൊച്ചിനിയമസഭയിൽ സഹോദരൻ അയ്യപ്പൻ ചെയ്തിട്ടുള്ള പ്രസംഗങ്ങളും പ്രവർത്തനങ്ങളും ജനക്ഷേമത്തെ ഉന്നം വെച്ചുകൊണ്ടുള്ളവയായിരുന്നു. 1928 മുതൽ കൊച്ചിയിലെ നിയമസഭാ സാമാജികനായിരുന്ന അദ്ദേഹം 1949ൽ തിരു-കൊച്ചി അസംബ്ലിയിലും അംഗമായിരുന്നിട്ടുണ്ട്. 1940ൽ അയ്യപ്പനെ ഡെപ്യൂട്ടി പ്രസിഡന്റായി തെരഞ്ഞെടുത്തു. ഈ സ്ഥാനം വഹിക്കുമ്പോഴാണ് റാവുസാഹിബ് എന്ന ബഹുമതി ബ്രിട്ടീഷ് ഗവർമ്മേണ്ട് നൽകിയത്. ഉത്തരവാദിത്വഭരണത്തിന്റെ പ്രാരംഭമായി ചില വകുപ്പുകൾ മന്ത്രിമാർക്ക് കൈമാറുമെന്ന പ്രഖ്യാപനം വന്നതോടെ നിയമസഭക്കകത്തും പുറത്തും രാഷ്ട്രീയകൂട്ടുകെട്ടുകളുടെ ആരംഭമായി. നിയമസഭയിലെ നാഷണലിസ്റ്റ് പാർട്ടിയിലായിരുന്നു അയ്യപ്പൻ. പാർട്ടി ലീഡറും മന്ത്രിയും പറമ്പി ലോനപ്പനും. എന്നാൽ ഒരു ജനകീയ മന്ത്രിയെ കൂടി നിയമിക്കുവാനും കുറേ വകുപ്പുകൾ കൂടി കൈമാറാനും രാജാവിന്റെ പ്രഖ്യാപനമുണ്ടായപ്പോൾ കൊടകര ബാലകൃഷ്ണമേനോനെയാണ് മന്ത്രിയാക്കിയത്. എത്രയോ കാലത്തെ നിയമസഭാ പരിചയമുള്ള അയ്യപ്പനെ മന്ത്രിയാക്കണമെന്ന് ശക്തിയായ അഭിപ്രായമുണ്ടായെങ്കിലും അതവഗണിക്കപ്പെട്ടു. തുടർന്ന് അയ്യപ്പനും എം.എൽ.സി മാരായ പി.കെ. ഢീവർ, കെ.കെ. കണ്ണൻ, കെ. കൊച്ചുകുട്ടൻ, കെ.എസ്. പണിക്കർ, കെ.ഐ. വേലായുധൻ, കെ.ടി. അച്ചുതൻ എന്നിവർ നാഷണലിസ്റ്റ് പാർട്ടിയിൽ നിന്നും പുറത്തു വന്ന് അയ്യപ്പന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് പാർട്ടി എന്ന പേരിൽ ഒരു ഗ്രൂപ്പ് നിയമസഭയിലുണ്ടാക്കി.

ഇക്കാലത്ത് ഉത്തരവാദഭരണപ്രക്ഷോഭണം തകൃതിയായി നടക്കുകയായിരുന്നു. 1946 ജൂലൈ 29-ാം തിയ്യതി (1121 കർക്കിടകം 13) രാജ്യമൊട്ടുക്കും ഉത്തരവാദഭരണദിനമാചരിച്ചത് ഗംഭീരവിജയമായിരുന്നു. ഇതിന്റെയൊക്കെ ഫലമായി 1946 ആഗസ്റ്റ് 14-ാം തിയ്യതി അധികാരം പൂർണ്ണമായും ജനങ്ങളിലേക്ക് കൈമാറിക്കൊണ്ടുള്ള ഒരു വിളംബരം കൊച്ചിമഹാരാജാവ് പുറപ്പെടുവിച്ചു. തുടർന്ന് രൂപീകൃതമായ മന്ത്രിസഭയിൽ പ്രജാമണ്ഡലത്തിലെ പനമ്പിള്ളി ഗോവിന്ദമേനോൻ, സി.ആർ. ഇയ്യുണ്ണി, സോഷ്യലിസ്റ്റ് പാർട്ടിയിലെ കെ. അയ്യപ്പൻ, പ്രൊഗ്രസീവ് പാർട്ടിയിലെ ടി.കെ. നായർ എന്നിവർ മന്ത്രിമാരായി 1946 സെപ്റ്റംബർ 9-ാം തീയ്യതി നിലവിൽ വന്നു. എന്നാൽ ആഭ്യന്തര വകുപ്പ് മന്ത്രിയായ ടി.കെ. നായരുമായി യോജിച്ചു പോകുവാൻ പറ്റാത്ത അവസ്ഥയുണ്ടായി. വിചാരണ കൂടാതെ തടങ്കലിൽ വെക്കാനുള്ള അധികാരം നൽകുന്ന ബില്ലിനെതിരായി നടന്ന പ്രതിഷേധയോഗത്തെ പോലീസ് നിർദ്ദയമായി മർദ്ദിച്ചു. രാജേന്ദ്രമൈതാന ലാത്തിച്ചാർജ്ജിനെ തുടർന്ന് പ്രജാമണ്ഡലം മന്ത്രിമാരും അയ്യപ്പനും മന്ത്രിസഭയിൽ നിന്നും രാജിവെച്ചു. പിന്നീട് പ്രായപൂർത്തി വോട്ടവകാശത്തോടുകൂടി 1948ൽ നടന്ന തെരഞ്ഞെടുപ്പിൽ തന്റെ ജൻമനാടായ ചെറായി ഉൾപ്പെടുന്ന ഞാറക്കൽ നിയോജകമണ്ഡലത്തിൽ നിന്നുമാണ് അയ്യപ്പൻ മത്സരിച്ചത്. ഇക്കാലത്ത് നിയമസഭയിലുണ്ടായിരുന്ന സോഷ്യലിസ്റ്റ് പാർട്ടി അംഗങ്ങളത്രയും പ്രജാമണ്ഡലത്തിൽ ചേർന്നിരുന്നു. 1948ലെ തെരഞ്ഞെടുപ്പു മത്സരത്തിൽ നേരിട്ട എതിർപ്പ് അയ്യപ്പനെ നിരുത്സാഹപ്പെടുത്തി. ജയിച്ചെങ്കിലും മേലാൽ ഇലക്ഷന് നിൽക്കേണ്ടതില്ലെന്ന് തീരുമാനിക്കാൻ അദ്ദേഹം പ്രേരിതനായി. പ്രജാമണ്ഡലത്തിനായിരുന്നു നിയമസഭയിൽ ഭൂരിപക്ഷം. ഇപ്രാവശ്യവും പൊതുമരാമത്ത് മന്ത്രിസ്ഥാനം അയ്യപ്പനാണ് ലഭിച്ചത്. എറണാകുളത്തെ വൈപ്പിനുമായി ബന്ധിപ്പിക്കുന്നതിനാവശ്യമായ പാലങ്ങളുടെയും മറ്റും രൂപരേഖ തയ്യാറാക്കി

യത് അയ്യപ്പന്റെ കാലത്തായിരുന്നു. എറണാകുളത്തെ 70 അടിറോഡ് തുടങ്ങിയവയും അദ്ദേഹത്തിന്റെ സംഭാവനകളാണ്. തിരു-കൊച്ചി സംയോജനത്തോടെ രൂപീകൃതമായ പറവൂർ ടി.കെ. നാരായണപിള്ളയുടെ മന്ത്രിസഭയിലും അയ്യപ്പനുണ്ടായിരുന്നു. എന്നാൽ മന്ത്രിമാരുടെ എണ്ണം കൂടുതലാണെന്നും വകുപ്പുകളിൽ ചെലവുചുരുക്കൽ നടത്തുമ്പോൾ മന്ത്രിമാരുടെ എണ്ണവും കുറക്കണമെന്ന് അയ്യപ്പൻ വാദിച്ചു. അങ്ങനെ പുനർസംഘടിപ്പിക്കപ്പെട്ട മന്ത്രിസഭയിൽ 9 പേർക്ക് പകരം 5 പേരാക്കി കുറച്ചിരുന്നുവെങ്കിലും അയ്യപ്പന്റെ പേരുണ്ടായിരുന്നു. അദ്ദേഹമാണ് മന്ത്രിമാരുടെ എണ്ണം കുറക്കാനാവശ്യപ്പെട്ടത്. എന്നിട്ടും തന്നെ ഒഴിവാക്കാതിരുന്നത് അദ്ദേഹത്തിന് പറ്റിയില്ല. പലരും നിർബന്ധിച്ചെങ്കിലും അദ്ദേഹം മന്ത്രിസഭയിൽ അംഗമാകുവാൻ തയ്യാറായില്ല.

അയ്യപ്പന്റെ വിവാഹം നടക്കുന്നത് 41-ാം വയസ്സിലാണ്. ജീവിതസഖിയായ പാർവ്വതിക്ക് അന്ന് വയസ്സ് 27. നീതിന്യായ വകുപ്പിൽ ജഡ്ജിയായിരുന്ന ഇ.കെ. അയ്യാക്കുട്ടിയുടെ മകളായ പാർവ്വതി ബി.എ. എൽ.ടി. പാസ്സായി അദ്ധ്യാപികയായി ജോലി ചെയ്യുമ്പോഴാണ് ഈ വിവാഹം നടക്കുന്നത്. ജഡ്ജി അയ്യാക്കുട്ടിക്ക് സഹോദരനയ്യപ്പനോടും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തോടും ഏറെ മതിപ്പുണ്ടായിരുന്നു. അക്കാരണത്താൽ അയ്യാക്കുട്ടിയെ ഇടയ്ക്കിടക്ക് സന്ദർശിക്കാറുള്ള അയ്യപ്പൻ മകൾ പാർവ്വതിയേയും പരിചയപ്പെട്ടിരുന്നു. വളരെ ലളിതമായാണ് കല്യാണം നടത്തിയത്. മിശ്രവിവാഹവും മിശ്രഭോജനവും പ്രസംഗിച്ചുനടന്നിരുന്ന അയ്യപ്പൻ സ്വന്തം സമുദായത്തിൽ നിന്ന് തന്നെ കല്യാണം കഴിച്ചപ്പോൾ പലരും എതിരഭിപ്രായം പ്രകടിപ്പിച്ചു. 'സഹോദരൻ' മാസിക തിരിച്ചടിച്ച് പ്രതിഷേധം പ്രകടിപ്പിച്ചു. അയ്യപ്പൻ - പാർവ്വതി ദമ്പതികൾക്ക് രണ്ടു കുട്ടികൾ. സുഗതനും ഉഷയും. മകൻ സുഗതൻ ഐറിഷ്കാരിയെയാണ് വിവാഹം ചെയ്തത്. ഉഷയെ ഡോക്ടർ ഗോപാലകൃഷ്ണനും. ഡോ. സുഗതൻ ഇംഗ്ലണ്ടിലും ഡോ. ഗോപാലകൃഷ്ണനും ഉഷയും എറണാകുളത്തുമാണ് താമസം. സഹോദരൻ അയ്യപ്പന്റെ വീടിരുന്നിരുന്ന റോഡിന് ഇപ്പോൾ സഹോദരൻ അയ്യപ്പൻ റോഡെന്ന് നാമകരണം ചെയ്തിരിക്കുന്നു.

---

*1. സി.കെ. ഗംഗാധരൻ, സഹോദരൻ അയ്യപ്പൻ, കേരള ഹിസ്റ്ററി അസോസിയേഷൻ, കൊച്ചി 11, 1984, പുറം - 23.*

*2. കെ. അയ്യപ്പൻ, 'ആവാചകം' ലേഖനം, സഹോദരൻ പത്രം, 1948, മെ 29.*

*3. കെ.ഏ. സുബ്രഹ്മണ്യം, സഹോദരൻ അയ്യപ്പൻ, കൊച്ചി - 16, 1973, പുറം 18.*

*4. അതുതന്നെ, പുറം 19. സി.കെ. ഗംഗാധരൻ, സഹോദരൻ അയ്യപ്പൻ, മുൻ ഉദ്ധരിച്ചത്, പുറം 29.*

*5. കെ.ഏ. സുബ്രഹ്മണ്യം, സഹോദരൻ അയ്യപ്പൻ, മുൻ ഉദ്ധരിച്ചത്, പുറം 25.*

*6. സി.കെ. ഗംഗാധരൻ, സഹോദരൻ അയ്യപ്പൻ, മുൻ ഉദ്ധരിച്ചത്, പുറം 53.*

# XLVIII രാഷ്ട്രീയ പ്രസ്ഥാനം കേരളത്തിൽ

നിശ്ചയിച്ചു. അതിനുശേഷം 1917 നവംബർ മാസത്തിൽ
കോഴിക്കോട് നടന്ന ഹോംറൂൾ ലീഗിൻെറ മറ്റൊരു സമ്മേ
ളനം മൗലാനാ മുഹമ്മദലി, ഷൗക്കത്തലി എന്നീ നേതാക്കൻ
മാരെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രമേയം
പാസ്സാക്കിയിരുന്നു. ഹോംറൂൾ ലീഗിൻെറ പ്രതിനിധികൾ
ഇൻഡ്യക്ക് ഉടനടി സ്വയംഭരണമനുവദിക്കണമെന്നാവശ്യ
പ്പെട്ടുകൊണ്ടുള്ള ഒരു മെമ്മോറാണ്ടം ഡൽഹിയിൽ വെച്ച്
മൊണ്ടിഗു പ്രഭുവിന് സമർപ്പിച്ചിരുന്നു. മലബാറിൽ നിന്നും
അനേകായിരം പേരുടെ ഒപ്പുകൾ ശേഖരിച്ചിരുന്നതിന് പുറമേ
പ്രതിനിധി സംഘത്തിൽ മലബാറിൽ നിന്നും കെ.പി. കേശ
വമേനോനും, നിലമ്പൂർ ഇളയരാജാവായ ടി.എൻ. മാന
വേദൻ രാജയുമുണ്ടായിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയ
മാണ്. അതുപോലെ തന്നെ 1918 ഏപ്രിൽ മാസത്തിൽ
ഹോംറൂൾ ഡെപ്യൂട്ടേഷനിലെ ഒരംഗമെന്ന നിലയിൽ ഇംഗ്ല
ണ്ടിലേക്ക് യാത്ര തിരിച്ച മഞ്ചേരി രാമയ്യരേയും കൂട്ടരേയും
ജിബ്രാൾട്ടറിൽവെച്ച് മടക്കി ഇൻഡ്യയിലേക്കയച്ച ബ്രിട്ടീഷ്
നടപടി അക്കാലത്ത് ഇൻഡ്യയിൽ പ്രതിഷേധത്തിനിടയാ
ക്കിയ സംഭവമാണ്.

ഇത് കഴിഞ്ഞ് അടുത്ത മാസം 6-ാം തിയ്തി മൂന്നാമത്തെ
മലബാർ ജില്ലാ കോൺഗ്രസ്സ് സമ്മേളനം തലശ്ശേരിയിൽ
വെച്ചു കൂടി. സാമ്രാജ്യ നിയമസഭാ അംഗമായിരുന്ന മിർ
ആസാദ് ആലിഖാൻ ബഹദൂറിൻെറ അദ്ധ്യക്ഷതയിൽ നടന്ന
ഈ സമ്മേളനം മൂന്നു ദിവസം നീണ്ടുനിന്നു. ചിറക്കൽ രാമ
വർമ്മ വലിയ രാജാവായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ.
ഈ സമ്മേളനത്തിൽ 9 പ്രമേയങ്ങളാണ് പാസ്സാക്കിയിരുന്നത്.
സ്വയംഭരണമനുവദിച്ചുകൊണ്ടുള്ള ഭരണപരിഷ്ക്കാരം നട
പ്പാക്കുക; ഇൻഡ്യൻ സൈന്യത്തിൽ ജാതിമത വ്യത്യാസ
മില്ലാതെ നാട്ടുകാരെ ധാരാളമായി ചേർത്ത് സേനയെ
പുനർസംഘടിപ്പിക്കുക; പ്രാഥമിക വിദ്യാഭ്യാസം സൗജ
ന്യവും സാർവ്വത്രികവുമാക്കുക; ജനങ്ങളുടെ പൗരാവകാ
ശത്തെ ധ്വംസിക്കുന്ന റൗലത്ത് ആക്ട് തുടങ്ങിയുള്ള എല്ലാ
കരിനിയമങ്ങളും റദ്ദാക്കുക, എല്ലാ രാഷ്ട്രീയ തടവുകാരേയും
വിശേഷിച്ച് ഷൌക്കത്തലി, മുഹമ്മദലി എന്നി നേതാക്കൻ
മാരേയും മോചിപ്പിക്കുക; ആയുധനിയമം റദ്ദാക്കുക; തുട
ങ്ങിയ പ്രമേയങ്ങൾ ഇവയിൽ പ്രാധാന്യമർഹിക്കുന്നു.

അടുത്ത ജില്ലാസമ്മേളനം നടക്കുന്നത് വടകരയിൽ
വെച്ചാണ്. കെ.പി. രാമൻമേനോൻെറ അദ്ധ്യക്ഷതയിൽ നട
ന്ന ഈ സമ്മേളനം 1919 മേയ് 5, 6, തീയതികളിലായിരുന്നു.
അതിനുമുമ്പ് നടന്ന സമ്മേളനങ്ങളെ അപേക്ഷിച്ച് നാട്ടു
കാർക്കിടയിൽ അത്ര അധികം ഉത്സാഹം കണ്ടിരുന്നില്ലന്നാണ്
ഇത് സംബന്ധിച്ച് 'കേരളവും കോൺഗ്രസ്സും' എന്ന ഗ്രന്ഥ
ത്തിൽ ബാരിസ്റ്റർ ഏ.കെ. പിള്ള എഴുതുന്നത്. ഒട്ടാകെ 270
പ്രതിനിധികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അക്കാലത്ത്
വിവാദവിഷയമായിരുന്ന ജൻമി - കുടിയാൻ പ്രശ്നങ്ങ
ളിലേക്ക് വിരൽ ചൂണ്ടുവാൻ അദ്ധ്യക്ഷൻ തൻെറ പ്രസംഗ
ങ്ങളിൽ കാര്യമായി ശ്രമിച്ചിട്ടുകൂടിയും അത്സംബന്ധമായ
ഒരു പ്രതികരണവും പ്രതിനിധികളിൽ നിന്നും ഉണ്ടായില്ലെന്നും
അദ്ദേഹം തുടർന്നെഴുതുന്നുണ്ട്. ജൻമിതാൽപ്പര്യം അത്രമാത്രം
പ്രാബല്യം ഈ സമ്മേളനത്തിൽ പ്രകടമായിരുന്നുവെന്ന
താണിതിനർത്ഥം.

എന്നാൽ മഞ്ചേരിയിൽവെച്ച് 1920 ഏപ്രിൽ 28, 29
തീയതികളിൽ കൂടിയ അഞ്ചാമത്തെ ജില്ലാ കോൺഗ്രസ്സ്
സമ്മേളനം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. രാഷ്ട്രീ
യവും ഭൂസബന്ധവുമായ വിഷയങ്ങളിൽ രണ്ടു വ്യത്യസ്ത
താൽപ്പര്യങ്ങൾ പ്രകടമായി എതിർചേരികളായി നിന്ന് മത്സ
രിച്ച ഈ സമ്മേളനം മലബാർ രാഷ്ട്രീയത്തിൽ വ്യക്തമായ
ആശയ സംഘട്ടനത്തിൻെറ ആരംഭം കുറിച്ചു. മൊണ്ടേഗു -
ചെയിംസ്ഫോഡ് ഭരണപരിഷ്ക്കാരം നിയമമായതിനെ ചൊല്ലി
കോൺഗ്രസ്സിലെ യാഥാസ്ഥിതികരും തീവ്രവാദികളും കടുത്ത
വാഗ്വാദങ്ങൾ ഇന്ത്യയിലുടനീളം നടത്തിക്കൊണ്ടിരുന്ന
സന്ദർഭത്തിലാണ് മഞ്ചേരി സമ്മേളനം നടക്കുന്നത്. 1919ൽ
നടപ്പാക്കിയ ദ്വിഭരണ സമ്പ്രദായം സ്വയംഭരണ ത്തിലേക്കുള്ള
ആദ്യപടി എന്ന നിലയിൽ അംഗീകരിച്ച് സർക്കാരിനോട്
സഹകരിക്കുകയാണ് വേണ്ടതെന്ന് യാഥാസ്ഥിതികരും
മിതവാദികളും ആവശ്യപ്പെട്ടപ്പോൾ, ഈ ഭരണപരിഷ്ക്കാരം
ഇൻഡ്യയുടെ സ്വാതന്ത്ര്യമെന്ന ലക്ഷ്യത്തെ അവതാള
ത്തിലാക്കുവാൻ വേണ്ടിയുള്ള ബ്രിട്ടീഷ് ഉപജാപം
മാത്രമാണെന്നും അതിനെ അതർഹിക്കുന്ന പുഛത്തോടു
കൂടി നിരാകരിക്കേണ്ടതാണെന്നും ഇൻഡ്യയിലെ വിപ്ലവകാരി
കളും തീവ്രവാദികളുമായ കോൺഗ്രസ്സുകാർ ആക്ഷേപിച്ചു.
വ്യക്തമായ രണ്ടു ചേരിയായി ഇൻഡ്യയിലെ ദേശീയ
പ്രസ്ഥാനം. ആനിബസൻറും കൂട്ടരും ഭരണപരിഷ്ക്കാരത്തെ
അനുകൂലിക്കുകയാണ് ചെയ്തത്. രൂക്ഷമായ ഈ ആശയ
സംഘട്ടനത്തിൻെറ മുഹൂർത്തത്തിലാണ് മഞ്ചേരി സമ്മേളനം
നടക്കുന്നത്. മറ്റേതൊരു സമ്മേളനത്തെക്കാൾ കൂടുതൽ,
1300ൽപരം പ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു.
മാത്രമല്ല മദ്രാസ്സിൽ നിന്നുപോലും പല പ്രധാന വ്യക്തികളും
സന്നിഹിതരായിരുന്നു. സാധാരണ കർഷകതൊഴിലാളികൾ
മുതൽ നാട്ടുരാജാക്കൻമാരും പ്രഭുക്കൻമാരും പ്രതിനിധിക
ളുടെ കൂട്ടത്തിലുണ്ടായിരുന്നതിനു പുറമേ ധാരാളം മാപ്പിള
മാരും ഇതിൽ സംബന്ധിച്ചിരുന്നു.

ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനം അപ്പോൾ
ആരംഭിച്ചു കഴിഞ്ഞിരുന്നില്ലെങ്കിലും അതിന്നടിസ്ഥാനമായ
സംഭവങ്ങൾ നടന്നു കഴിഞ്ഞിരുന്നു. 'റൌലറ്റ് ആക്ട് ' ജാലി
യൻ വാലബാഗ് കൂട്ടക്കൊല, ഖിലാഫത്ത് കാര്യത്തിൽ ബ്രിട്ട
ൻെറ വഞ്ചന, മുഹമ്മദലിയുടെ നേതൃത്വത്തിൽ ഇംഗ്ല
ണ്ടിലേക്ക് പോയിരുന്ന ഖിലാഫത്ത് ഡെപ്യൂട്ടേഷൻെറ നിരാശ
ജനകമായ മടങ്ങിപ്പോരൽ, ഈ സ്ഥിതിയിൽ ഗവർ
മ്മേണ്ടിനോട് നിസ്സഹകരിക്കുകയേ മാർഗ്ഗമുള്ളു എന്ന് പ്രഖ്യാ
പിക്കുന്ന ഒന്നും രണ്ടും അഖിലേന്ത്യാ ഖിലാഫത്ത് കോൺ
ഫ്രൻസുകളുടേയും മദ്രാസ് സംസ്ഥാന ഖിലാഫത്ത് കോൺ
ഫ്രസിൻെറയും നിശ്ചയം, ഇവയെല്ലാംകൂടി സ്ഫോടകാത്മക

മായ രാഷ്ട്രീയ സ്ഥിതിഗതികളാണ് ഇൻഡ്യയിലെല്ലായിടത്തും സംജാതമാക്കിയത്. നിസ്സഹകരണ പ്രസ്ഥാനം ആരംഭിക്കുവാനുള്ള ആലോചന നടന്നുകൊണ്ടിരിക്കുന്ന സന്ദർഭവുമായിരുന്നു അത്. ഭരണ പരിഷ്ക്കാര അനുകൂലികളെ സഹകരണവാദികളെന്നും എതിർത്തിരുന്നവരെ നിസ്സഹകരണക്കാരെന്നും ആണ് വിശേഷിപ്പിച്ചിരുന്നത്. നിലവിലിരുന്ന രാഷ്ട്രീയ പരിതസ്ഥിതികളും മലബാറിൽ പ്രത്യേകമായുണ്ടായിരുന്ന ജൻമി-കുടിയാൻ പ്രശ്നങ്ങളും നിസ്സഹകരണക്കാർക്ക് വേഗത്തിൽ സമ്മേളനത്തിൽ ആധിപത്യം സ്ഥാപിക്കുവാൻ സൗകര്യം കൊടുക്കുമെന്ന് മനസ്സിലാക്കിയ സഹകരണവാദികൾ പ്രതിനിധികൾക്കിടയിൽ നേരത്തെ തന്നെ പ്രചാരണമാരംഭിച്ചിരുന്നു. മഞ്ചേരി സമ്മേളനത്തിൽ സർക്കാരിനും ജൻമികൾക്കും എതിരായ പ്രമേയങ്ങൾ ഉണ്ടാകാതിരിക്കുവനായി അവർ പ്രത്യേകം ശ്രദ്ധപതിപ്പിച്ചു.

ആനിബസൻറ്, മഞ്ചേരി രാമയ്യർ, കെ.പി. കേശവമേനോൻ, എം. രങ്കസ്വാമി അയ്യങ്കാർ, കെ. മാധവൻ നായർ മുതലായവരോടുകൂടി സമ്മേളനാദ്ധ്യക്ഷനായിരുന്ന കസ്തൂരി രാമയ്യങ്കാരും നേരത്തെതന്നെ മഞ്ചേരിയിലെത്തിയിരുന്നു. കോഴിക്കോട്ടേ ചെറിയേട്ടൻ രാജ, നിലമ്പൂർ ഇളയരാജ, മണ്ണാർക്കാട് മൂപ്പിൽ നായർ, മങ്കട ഉദയവർമ്മരാജ, കെ.സി. വീരരായൻരാജ എന്നിവരും സമ്മേളനത്തിൽ പ്രതിനിധികളുടെ കൂട്ടത്തിലുണ്ടായിരുന്നു. അദ്ധ്യക്ഷപ്രസംഗത്തിൽ പുതിയ ഭരണപരിഷ്ക്കാരം അപര്യാപ്തവും അതൃപ്തികരവും, ഇച്ഛാഭംഗജനകവുമാണെങ്കിലും ജനപ്രതിനിധികൾ നിയമസഭയിൽ പ്രവേശിച്ച് അവ കഴിയുന്നതും പ്രയോജനപ്പെടുത്തണമെന്ന ഉപദേശമായിരുന്നു പ്രധാനം. പിറ്റേ ദിവസം നടന്ന ശ്രദ്ധേയമായ പ്രസംഗങ്ങൾ ആനിബസൻറിൻെറയും കെ.പി. കേശവമേനോൻെറയുമായിരുന്നു. ഇവരിരുവരും വ്യത്യസ്ഥമായ രാഷ്ട്രീയാഭിപ്രായം പ്രതിനിധികളെ ആവുംവിധം പറഞ്ഞു മനസ്സിലാക്കുവാൻ ശ്രമിച്ചു. രണ്ടു കൂട്ടരുടെയും ഭിന്നാഭിപ്രായങ്ങൾ പ്രതിനിധികൾ സശ്രദ്ധം കേട്ടുകൊണ്ടിരുന്നു. സഹകരണ വാദികൾക്കോ, നിസ്സഹകരണവാദികൾക്കോ ആർക്കാണ് മുൻതൂക്കമെന്ന്, പ്രത്യക്ഷത്തിൽ മനസ്സിലാക്കുവാൻ സാധിച്ചിരുന്നില്ല. 29-ാം തിയ്യതി രാവിലെ 11 മണിക്ക് കൂടിയ സമ്മേളനത്തിൽ തൊഴിൽ ശാലകളിലെ അദ്ധ്വാന സമയം ക്ലിപ്തപ്പെടുത്തുക, വേലക്കാർക്ക് ദോഷകരമായ പ്ലാൻേറഷൻ ലേബർ നിയമം റദ്ദാക്കുക, മാപ്പിളലഹള നിയമം പിൻവലിക്കുക, പൗരാവകാശ ധ്വംസനം നിർത്തുക, ആയുധ നിയമം പിൻവലിക്കുക തുടങ്ങിയ പ്രമേയങ്ങൾ ഏകകണ്ഠമായി പാസ്സാക്കി. എന്നാൽ ഭരണപരിഷ്കാരത്തെപ്പറ്റിയുള്ള പ്രമേയവും, കുടിയായ്മ, ഖിലാഫത്ത് തുടങ്ങിയവയെക്കുറിച്ചുള്ളവയും ഏറെ വിവാദത്തിനും സ്പഷ്ടമായ രാഷ്ട്രീയ ധ്രുവീകരണത്തിനും ഇടയാക്കിയ പ്രമേയങ്ങളാണ്. ഇൻഡ്യ സ്വയംഭരണത്തിന് തികച്ചും പാകമായി കഴിഞ്ഞിട്ടുണ്ടെന്നും മൊണ്ടെഗു-ചെയിംസ്ഫോർഡ് ഭരണപരിഷ്ക്കാരം നിരാശജനകവും അതൃപ്തികരവും ആണെന്നും അത് തിരസ്കരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കെ.പി. രാമൻമേനോൻ അവതരിപ്പിച്ച പ്രമേയം എൽ.എ. സുബ്ബരാമയ്യർ പിൻതാങ്ങി. ആനിബസൻറ്, നിലമ്പൂർ ഇളയരാജ തുടങ്ങിയവർ പ്രമേയത്തെ ശക്തിയായെതിർത്തു. നിലവിലുണ്ടായിരുന്ന അധികാരങ്ങളേക്കാൾ കൂടുതൽ അധികാരങ്ങൾ പുതിയ ഭരണപരിഷ്ക്കാരം മൂലം ലഭ്യമാണെന്നതുകൊണ്ട് പ്രമേയം തദനുസൃതമായി ഭേദഗതി ചെയ്യണമെന്നതായിരുന്നു പ്രമേയത്തെ എതിർത്ത ആനിബസൻറിൻെറയും കൂട്ടരുടേയും വാദഗതി. കെ.പി. കേശവമേനോൻ, എൻ. രാമസ്വാമി അയ്യങ്കാർ, ഏ. രാമസ്വാമി അയ്യങ്കാർ തുടങ്ങിയവർ ആനിബസൻറിൻെറ ഭേദഗതിയെ നിശിതമായി വിമർശിച്ചു. പ്രമേയത്തിന് അനുകൂലമായ അന്തരീക്ഷമാണുള്ളതെന്ന് മനസ്സിലാക്കിയ ആനിബസൻറും സഹകരണവാദികളും സമ്മേളനത്തിൽ നിന്നും ഇറങ്ങിപ്പോയി. പ്രമേയം ഗംഭീരമായ ഉത്സാഹ പ്രകടനത്തോടുകൂടി പാസ്സാകുകയും ചെയ്തു.

പ്രക്ഷോഭകരമായ വാദ പ്രതിവാദങ്ങൾക്കിടം കൊടുത്ത മറ്റൊരു ചർച്ച ഖിലാഫത്തിനെ സംബന്ധിച്ച് അവതരിപ്പിക്കപ്പെട്ട പ്രമേയമായിരുന്നു. ഇൻഡ്യൻ മുസ്ലിംകളുടെ ന്യായമായ അഭിലാഷങ്ങൾക്കും അധികൃതർമാർ അവർക്ക് നൽകിയ വാഗ്ദാനങ്ങൾക്കും അനുസരണമായി ഖിലാഫത്ത് വിഷയത്തിൽ തൃപ്തികരമായ ഒരു തീരുമാനം വേഗത്തിൽ വരുത്തണമെന്ന് ബ്രിട്ടീഷ് ഗവർമ്മേണ്ടിനോടപേക്ഷിക്കുക, അങ്ങിനെ ചെയ്യാത്തപക്ഷം മദ്രാസ് സംസ്ഥാന ഖിലാഫത്ത് കോൺഫറൻസ് നിശ്ചയിച്ച പ്രകാരം ഗവർമ്മേണ്ടുമായി ക്രമപ്രവൃദ്ധമായ നിസ്സഹകരണാനുഷ്ഠാനത്തിന് മുസ്ലിംകളും അവരോടൊപ്പം ഹിന്ദുക്കളും ഒരുങ്ങിയിരിക്കുകയും ചെയ്യുക, എന്നതായിരുന്നു പ്രമേയം. കോമു മേനോൻ അവതരിപ്പിക്കുകയും സുന്ദരയ്യർ പിൻതാങ്ങുകയും ചെയ്ത ഈ പ്രമേയത്തിലെ അവസാനഭാഗം എടുത്തുകളയണമെന്ന് ആനിബസൻറ് ഒരു ഭേദഗതിയിലൂടെ ആവശ്യപ്പെട്ടു. അവരുടെ ശക്തമായ പ്രസംഗം മഞ്ചേരി രാമയ്യർ അത്രതന്നെ ശക്തമായി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. ഷൺമുഖ മുതലിയാർ ഭേദഗതിയെ അനുകൂലിച്ച് സംസാരിച്ചപ്പോൾ മൊയ്തീൻ കോയ, അബ്ദുൾഖാദർ, ലക്ഷ്മിദാസ്, കെ. മാധവൻ നായർ എന്നിവർ ഭേദഗതിയെ നിശിതമായെതിർക്കുകയും ചെയ്തു. പ്രമേയം വോട്ടിനിട്ടപ്പോൾ ബഹുഭൂരിപക്ഷത്തോടെ പാസ്സായി. ഭേദഗതി തള്ളപ്പെടുകയും ചെയ്തു.

വളരെക്കാലമായി നിലനിൽക്കുന്ന കുടിയായ്മ പ്രശ്നത്തിന് പരിഹാരം കണ്ട് സാധു കർഷകരുടെ യാതന എത്രയും വേഗം അവസാനിപ്പിക്കുവാനുള്ള ഭൂപരിഷ്ക്കരണം ഉടനടി നടപ്പാക്കണമെന്ന പ്രമേയം കെ.പി. രാമൻമേനോൻ അവതരിപ്പിച്ചുകൊണ്ട് മലബാറിലെ കാർഷിക ദുരിതങ്ങളെ എണ്ണി എണ്ണി ചൂണ്ടിക്കാട്ടി, ജൻമി - കുടിയാൻ ബന്ധത്തിൽ സമൂലമായ മാറ്റം ആവശ്യമാണെന്ന് ഊന്നി പറഞ്ഞു. പി.എ. കൃഷ്ണമേനോനാണ് പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് പിന്നീട് സംസാരിച്ചത്. കെ.സി. ശ്രീവീരരായർ, മണ്ണാർക്കാട്

മൂപ്പിൽനായർ, ഉദയവർമ്മരാജ എന്നിവർ ജൻമികളെ പ്രതിനിധീകരിച്ച് പ്രമേയത്തെ എതിർക്കുകയും അത് പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ഭൂമി ജൻമിമാരുടെ സ്വകാര്യസ്വത്താണെന്നും അതിൻമേൽ ജൻമിമാർക്കുള്ള അവകാശാധികാരങ്ങളെ നിയന്ത്രിക്കുന്ന യാതൊരു നടപടിയും ന്യായമായിരിക്കുകയില്ലെന്നും ആയിരുന്നു പെരിന്തൽമണ്ണ ശങ്കരൻ നമ്പൂതിരിയും കെ.ടി. ചന്തു നമ്പ്യാരും അഭിപ്രായപ്പെട്ടത്. മലബാറിലെ 21 ജൻമിമാർ ഒപ്പിട്ട ഒരു മെമ്മോറാണ്ടം പ്രസിഡണ്ടിനെ അവർ ഏൽപ്പിച്ചു. അത് ഇപ്രകാരമായിരുന്നു. "മലബാറിലെ ജൻമികളെ പ്രതിനിധീകരിക്കുന്നവരും ഈ സമ്മേളനത്തിൽ സന്നിഹിതരായിരിക്കുന്നവരും ആയ താഴെ പേരെഴുതുന്ന ജൻമിമാർ ഇവിടെ ഇപ്പോൾ ആലോചനക്കെടുത്തിട്ടുള്ള പ്രമേയം പാസ്സാക്കുന്നതിനെതിരായി ശക്തിയായും ഐക്യകണ്ഠമായും പ്രതിഷേധം രേഖപ്പെടുത്തുന്നു." എന്നാൽ പ്രമേയം ബഹുഭൂരിപക്ഷത്തോടെ പാസ്സാക്കുകയാണുണ്ടായത്.

കേരളത്തിൽ കോൺഗ്രസ്സിലെ മിതവാദികളും തീവ്രവാദികളും താൽപര്യ സംഘട്ടനത്തിലൂടേയും പ്രത്യയ ശാസ്ത്രപരമായ ധ്രുവീകരണത്തിലൂടേയും വിഭിന്ന ചേരിയിലണിനിരന്നത് മഞ്ചേരി സമ്മേളനത്തോടുകൂടിയായിരുന്നു. ജൻമിമാരും മറ്റു സ്ഥാപിത താൽപര്യക്കാരും മിതവാദികളുടെ ചേരിയിൽ ചേർന്നപ്പോൾ, തൊഴിലാളികളും കൃഷിക്കാരും ഇടത്തരക്കാരും തീവ്രവാദികളുടെ അണിയെ പ്രബലമാക്കി. മഞ്ചേരി സമ്മേളനത്തിന് ശേഷം കുത്തക തൽപരക്കാരും ജൻമികളും ഒട്ടുമിക്കതും സംഘടനയിൽ നിന്നും മാറിപ്പോവുകയും കോൺഗ്രസ്സ് തീവ്രവാദികളുടെ പിടിയിലമരുകയും ചെയ്തു. ആനിബസൻറിൻെറ രാഷ്ട്രീയ ഭാഗദേയം നിർണ്ണയിച്ചതും മഞ്ചേരി സമ്മേളനമായിരുന്നുവെന്നതും സ്മരണീയമാണ്. മറ്റൊരു പ്രത്യേകത മഞ്ചേരി സമ്മേളനത്തോടുകൂടി തിരുവിതാംകൂർ, കൊച്ചി എന്നി നാട്ടുരാജ്യങ്ങൾ ചേർന്നുള്ള കേരള സംസ്ഥാന കോൺഗ്രസ്സ് നിലവിൽ വരുത്തുവാൻ നിശ്ചയത്തോടെ അഖിലേന്ത്യാ കോൺഗ്രസ്സിൻെറ മലബാർ ജില്ലാ കോൺഗ്രസ്സ് ഇല്ലാതെയായി. 1920ൽ നാഗ്പൂരിൽ കൂടിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസാണ് പ്രവർത്തനം നാട്ടുരാജ്യങ്ങളിൽ കൂടി കോൺഗ്രസ് വേണമെന്ന് തീരുമാനിച്ചത്. ആദ്യത്തെ കേരള സംസ്ഥാന കോൺഗ്രസ്സ് സമ്മേളനം വലിയ ഒരു വഴിത്തിരിവാണ് സ്വതവേതന്നെ കലുഷമായിരുന്ന മലബാറിലെ രാഷ്ട്രീയാന്തരീക്ഷത്തിൽ സംജാതമാക്കിയത്.

ഒറ്റപ്പാലം സമ്മേളനം കേരളത്തിലെ രാഷ്ട്രീയ ചരിത്രത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നായിരുന്നു എന്നതിനുപരി കേരളത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സുപ്രധാനമായ വഴിത്തിരിവിനിടയാക്കിയ ഒരു സമ്മേളനവും കൂടിയായിരുന്നു. 1920ൽ സി. വിജയരാഘവചാരിയുടെ അധ്യക്ഷതയിൽ നാഗപ്പൂരിൽ കൂടിയ കോൺഗ്രസ്സ് സമ്മേളനം നാട്ടുരാജ്യങ്ങളിലേയ്ക്കുകൂടി സംഘടനാ പ്രവർത്തനം ഊർജ്ജസ്വലമാക്കണമെന്ന തീരുമാനം എടുത്തതിൻെറ അടിസ്ഥാനത്തിലാണല്ലോ ആദ്യത്തെ കെ.പി.സി.സി. എന്നു വിശേഷിപ്പിക്കാവുന്ന അഖില കേരള കോൺഗ്രസ്സ് സമ്മേനം 1921 ഏപ്രിൽ മാസം 23ന് ഒറ്റപ്പാലത്തു സമ്മേളിക്കുന്നത്. ഇത്രയും ഉൽസാഹഭരിതവും ആവേശജനകവുമായ ഒരു സമ്മേളനം കേരളത്തിൽ അതിനു മുമ്പുണ്ടായിട്ടില്ലെന്നുള്ളത് പ്രസ്താവ്യമത്രേ കേരളത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനത്തിൻെറ ആധികാരിക ചരിത്രകാരനായ ബാരിസ്റ്റർ എ.കെ. പിള്ള എഴുതുന്നതിപ്രകാരമാണ്.

"പണ്ടത്തെ മാമാങ്കത്തിനുശേഷം കേരളത്തിലെ എല്ലാ ഭാഗത്തുനിന്നുമുള്ള പൗര പ്രതിനിധികൾ ഒന്നായി ഒരു സ്ഥലത്തു സമ്മേളിക്കുന്നത് ഇതാദ്യമായിട്ടായിരുന്നു. അത് വീണ്ടും ഭാരതപ്പുഴയുടെ തീരത്തുതന്നെ ആയിരുന്നു എന്നുള്ള വസ്തുത ഈ സമ്മേളനത്തിൻെറ മഹിമയെ വർദ്ധിപ്പിച്ചു." 23-ാം തീയതിയാണ് സമ്മേളനം തുടങ്ങുവാൻ നിശ്ചയിച്ചിരുന്നതെങ്കിലും 20-ാം തീയതി മുതൽ ഉത്സാഹഭരിതരായ ജനങ്ങൾ പല ഭാഗങ്ങളിൽ നിന്നുമായി ഒറ്റപ്പാലത്ത് എത്തിച്ചേർന്നുകൊണ്ടിരുന്നു. സമ്മേളന പ്രചാരണാർത്ഥം 22-ാം തീയതി വൈകുന്നേരം കൂടിയ പൊതുയോഗത്തിൽ മൂവ്വായിരത്തിലേറെ ജനങ്ങൾ സംബന്ധിക്കുകയും ബാരിസ്റ്റർ എ.കെ. പിള്ള അദ്ധ്യക്ഷം വഹിക്കുകയും ചെയ്തിരുന്നു. ഉച്ചതിരിഞ്ഞ് 2 മണിക്ക് ആവേശജനകമായ ദേശീയ ഗാനത്തോടു കൂടിയാണ് സമ്മേളനം ആരംഭിച്ചത്. ബാരിസ്റ്റർ വി. പ്രകാശം സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു. സമ്മേളനത്തിൽ നടന്ന പ്രസംഗങ്ങളുടെയും ആവേശ പ്രകടനങ്ങളുടെയും നിലവാരം എത്രമാത്രമായിരുന്നെന്ന് ഒറ്റ കാര്യം കൊണ്ടുതന്നെ മനസ്സിലാക്കുവാൻ സാധിക്കും. പ്രസംഗങ്ങൾ കേട്ട സ്ത്രീകൾ അവരുടെ മോതിരങ്ങൾ, വളകൾ, മാലകൾ എന്നിവയും പുരുഷൻമാർ പണവും വാച്ചും മോതിരങ്ങളും ദേശീയ വിമോചന പ്രസ്ഥാനത്തിലേയ്ക്ക് സന്തോഷത്തോടുകൂടി സംഭാവന ചെയ്യുവാൻ അഹമഹിമികയാ മുന്നോട്ടു വന്നത് രോമാഞ്ചജനകമായിരുന്നു.

അടുത്ത ദിവസം രണ്ടു സമ്മേളനങ്ങളാണ് നടന്നത്. ഒന്നു കുടിയായ്മ സമ്മേളനവും മറ്റൊന്ന് ഖിലാഫത്ത് സമ്മേളനവുമായിരുന്നു. കുടിയാൻ സമ്മേളനത്തിൽ ഭൂമിയിൽ സ്ഥിരാവകാശം, അന്യായമായ കുടിയിറക്കലിനെതിരായുള്ള നിയമ സംരക്ഷണം, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പാസ്സാക്കിയിരുന്നു. ഖിലാഫത്തു കോൺഫറൻസിലാകട്ടെ ഇംഗ്ലീഷ് ഭരണത്തിനെതിരായി ജാതിമതഭേദമെന്യേ എല്ലാ ഭാരതീയരും ഒന്നിച്ച് അണിനിരക്കണമെന്ന് ആഹ്വാനം ചെയ്തിരുന്നു. ഇൻഡ്യാ ഗവൺമെൻറിൻെറ മർദ്ദന നടപടിയേയും റൌലത്ത് ആക്ട് തുടങ്ങിയ കരിനിയമങ്ങളെയും ശക്തിയായ ഭാഷയിൽ അധിക്ഷേപിച്ചിരുന്നു. ജാലിയൻ വാലാ ബാഗ് കൂട്ടക്കൊലയെ പ്രതിഷേധിക്കുന്ന പ്രമേയവും ഈ സമ്മേളനം പാസ്സാക്കി. ഹിന്ദുക്കളും, മുസ്ലീംകളും, ജൻമികളും, കുടിയാൻമാരും ഹിന്ദുമുസ്ലീം ഐ

കൃത്തിനുവേണ്ടി ജയ് വിളിച്ചുകൊണ്ട് ഒത്തൊരുമിച്ച മറ്റൊരു സന്ദർഭവും കേരളത്തിൽ അതിനുമുമ്പ് ഉണ്ടായിട്ടില്ല. ദേശീയ ആവേശത്തിന്റെ സമരോൻമുഖമായ ഈ ബഹിർസ്ഫുരണം അധികാരികളെ ഒട്ടൊന്നുമല്ല വിരളി പിടിപ്പിച്ചത്. കോൺഗ്രസിന്റെയും ഖിലാഫത്തിന്റെയും ബദ്ധശത്രുവായിരുന്ന പോലീസ് സൂപ്രണ്ട് ഹിച്ച്കോക്കിന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഒരു വലിയ പോലീസ് സേന സമ്മേളനത്തെ പരാജയപ്പെടുത്തുവാൻ സകലവിധ മർദ്ദന മുറകളും ഭീഷണിയും നടത്തിക്കൊണ്ടിരുന്നു. മാത്രമല്ല, ഒറ്റപ്പാലം സമ്മേളനത്തെ നിഷ്പ്രഭമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ട് ഇപ്പോഴേക്ക് ബ്രിട്ടീഷ് അനുഭാവിയായി മാറിക്കഴിഞ്ഞിരുന്ന ആനിബസന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു സമ്മേളനം അധികാരികളുടെ സർവ്വവിധ സഹകരണത്തോടും സഹായത്തോടും കൂടി ഇതേ ദിവസം തന്നെ കോഴിക്കോടുവച്ച് നടത്തിയിരുന്നു. ഇതൊക്കെകണ്ട് മനസ്സിലാക്കാൻ കഴിയുന്നത് കോൺഗ്രസ്സ് പ്രസ്ഥാനത്തേയും നിസ്സഹകരണത്തേയും കഴിവതു അടിച്ചമർത്തുവാൻ അധികാരികൾ മുൻകൂട്ടി ആസൂത്രണം ചെയ്തിരുന്നുവെന്നാണല്ലോ.

ഈ നിഗമനം തീർത്തും ശരിയാണെന്ന് തെളിയിക്കുന്ന സംഭവങ്ങളാണ് അടുത്ത ദിവസം ഒറ്റപ്പാലത്ത് സമ്മേളനം ആരംഭിച്ചപ്പോൾ ഉണ്ടായത്. 'ഇൻഡിപ്പെൻഡന്റ്' എന്ന പത്രത്തിന്റെ അധിപനായിരുന്ന ജോർജ്ജ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ വിദ്യാർത്ഥിസമ്മേളനമായിരുന്നു നിശ്ചയിച്ചിരുന്നത്. യോഗം തുടങ്ങി അധികം കഴിയുന്നതിനുമുമ്പ് തന്നെ പോലീസുകാർ ഹിച്ച്കോക്കിന്റെ നേതൃത്വത്തിൽ അന്യായമായി നരനായാട്ട് ആരംഭിച്ചിരുന്നു. യോഗത്തിൽ സംബന്ധിക്കുവാൻ വരുന്നവരെയും വോളൻറിയർമാരെയും പോലീസ് നിഷ്ക്കരുണം മർദ്ദിച്ചുകൊണ്ടിരിക്കുന്നുവെന്ന പരാതിയുമായി യോഗസ്ഥലത്തേയ്ക്ക് ഭയവിഹ്വലരായി അനവധി പേർ ഓടിക്കിതച്ചെത്തി. ജനങ്ങൾ അക്രമത്തിനോ, ലഹളയ്ക്കോ ഒരുങ്ങരുതെന്ന് അഭ്യർത്ഥിക്കുവാനും സമാധാനം സ്ഥാപിക്കുവാനും വേണ്ടി സ്വാഗതസംഘം സെക്രട്ടറിയായിരുന്ന രാമുണ്ണി മേനോനെയും ഖിലാഫത്തു കോൺഫറൻസ് സെക്രട്ടറിയായിരുന്ന ഹമീദുഖാനെയും സംഭവസ്ഥലത്തേയ്ക്ക് സമാധാനത്തിന്റെ ദൗത്യവുമായി പറഞ്ഞയച്ചിരുന്നു. എന്നാൽ രാമുണ്ണിമേനോനെ അതികഠിനമായി പോലീസ് മർദ്ദിക്കുകയും നിലത്തിട്ട് ഇഴച്ച് വലിക്കുകയും ചെയ്തു. സമ്മേളനത്തിന്റെ വോളൻറിയർ ക്യാപ്റ്റനായിരുന്ന സി. മാധവമേനോൻ പോലീസിന്റെ നിഷ്ഠൂരമായ മർദ്ദനങ്ങൾക്കിരയായി. കോൺഗ്രസ്സ് ഖിലാഫത്ത് പ്രവർത്തകർക്ക് പുറമേ നിരപരാധികളായ നാട്ടുകാരെയും കച്ചവടക്കാരെയും പോലീസ് കിരാതമായി മർദ്ദിച്ചു. ഇത്തരം ഭീഷണമായ അവസ്ഥയിൽ സമ്മേളനം തുടർന്നു നടത്തുവാൻ അസാദ്ധ്യമാണെന്നു മനസ്സിലാക്കി യോഗം പിരിച്ചുവിടുകയും പോലീസ് മർദ്ദനത്തിൽ പ്രതിഷേധിച്ച് ഒരു വലിയ ഘോഷയാത്രയായി നഗരം ചുറ്റി പ്രകടനം നടത്തുകയും ചെയ്തു. ഹിന്ദു-മുസ്ലീം മൈത്രി, ജൻമി-കുടിയാൻ ഐക്യം എന്നീ മുദ്രാവാക്യങ്ങളാണ് അവർ മുഴക്കിയിരുന്നത്. യഥാർത്ഥത്തിൽ ഈ സംഘടിതമായ ഐക്യരൂപം തന്നെയാണ് അധികാരികളെ വിരളിപിടിപ്പിച്ചത്. പോലീസ് മർദ്ദനത്തെക്കുറിച്ച് അന്വേഷിക്കുവാൻ സമ്മേളനം ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. അതിന്റെ റിപ്പോർട്ട് ഹിന്ദു ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പോലീസ് സൂപ്രണ്ട് ഹിച്ച്കോക്ക് ഹിന്ദുപത്രത്തിനും അതിന്റെ റിപ്പോർട്ടർക്കുമെതിരായി കൊടുത്ത മാനനഷ്ടക്കേസ് അക്കാലത്ത് മലബാറിൽ ഏറ്റവുമധികം സംസാര വിഷയമായിരുന്ന ഒരു സംഭവമാണ്. ഈ സമ്മേളനത്തിന് ശേഷം അധികം കഴിയുന്നതിന് മുമ്പു തന്നെയാണ് ബ്രിട്ടീഷ് ആധിപത്യത്തെ ആകമാനം പിടിച്ചുകുലുക്കിയ 1921ലെ മാപ്പിളലഹളയെന്ന് ഇംഗ്ലീഷുകാർ വിശേഷിപ്പിക്കുന്ന ആ മഹാവിപ്ലവം നടന്നത്. ഐതിഹാസികമായ ഈ മഹാസംഭവത്തെക്കുറിച്ച് സവിസ്തരം ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യമില്ല. കോൺഗ്രസ്സ് ഖിലാഫത്തു പ്രസ്ഥാനങ്ങൾക്ക് ഈ സംഭവത്തോടുള്ള ഉത്തരവാദിത്വവും ഭാഗഭാഗിത്വവും എത്രയാണെന്ന് പരിശോധിക്കേണ്ട സന്ദർഭവുമല്ല ഇത്. എങ്കിലും കോൺഗ്രസ്സ് നിസ്സഹകരണ പ്രസ്ഥാനവുമായി ഇതിന് അവിഭാജ്യമായ ബന്ധം ഉണ്ടായിരുന്നു എന്നതുതന്നെ ഖിലാഫത്തു നിസ്സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഒരു പശ്ചാത്തല വിവരണമെന്ന നിലയ്ക്ക് ഇവിടെ പ്രസക്തമാകുന്നുണ്ട്.

1920 ഡിസംബർ ഒടുവിലായിരുന്നു ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ നാഗ്പൂർ സമ്മേളനം. ഈ സമ്മേളന തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു കെ. മാധവൻ നായർ കാര്യദർശിയായി കേരളസംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി രൂപീകരിക്കുന്നതും നിസ്സഹകരണ പ്രസ്ഥാനത്തെ ആദരിച്ച് കോടതി ബഹിഷ്ക്കരണവും വിദേശ സാധനങ്ങളെ പരിത്യജിക്കലുമൊക്കെ നാട്ടിലുടനീളം നടന്നതും. വിദ്യാർത്ഥികൾ പഠിപ്പുനിർത്തി കോളേജുകളും വിദ്യാലയങ്ങളും വിട്ടു പുറത്തു പോന്നു. നിരവധി അഭിഭാഷകർ വക്കീൽപ്പണി വേണ്ടെന്നു വച്ച് കോടതി ബഹിഷ്കരിച്ചു. പലരും സ്ഥാനമാനങ്ങൾ പരിത്യജിക്കുകയും ചെയ്തു. ഇവയെല്ലാം ഇംഗ്ലീഷ് വിരുദ്ധമനോഭാവത്തിനും ദേശീയ ആവേശത്തിനും ആക്കം കൂട്ടിയ സംഭവങ്ങളാണ്. ഇതോടൊപ്പം ഇൻഡ്യൻ മനസ്സിനെ മഥിച്ചു കൊണ്ടിരുന്ന മറ്റൊരു പ്രധാന സംഭവം ഖിലാഫത്ത് സമരമായിരുന്നു. ഒന്നാം ലോകമഹായുദ്ധത്തിൽ ബ്രിട്ടണ് എതിരായി ലോക മുസ്ലിംങ്ങളുടെ ആത്മീയ നേതൃത്വമുണ്ടായിരുന്ന ഖലീഫ കൂടിയായ തുർക്കി സുൽത്താൻ ജർമ്മനിയുമായി കൂട്ടുചേർന്നു. ഇത് ലോകമുസ്ലീംങ്ങളെ ബ്രിട്ടന് എതിരായി അണിനിരത്തുവാൻ സഹായിച്ചു. അവിഭക്ത ഭാരതത്തിലെ മുസ്ലീംങ്ങളും ബ്രിട്ടൺ തുർക്കിക്കെതിരായി യുദ്ധം ചെയ്യുന്നതിൽ ആശങ്കയും അമർഷവും പ്രകടിപ്പിച്ചു. മുസ്ലീംങ്ങളുടെ പിന്തുണ യുദ്ധത്തിന്റെ വിജയത്തിന് ആവശ്യമാണെന്നു മനസ്സിലാക്കിയ ഇംഗ്ലീഷുകാർ ഇൻഡ്യയിലെ

മുസ്ലീംങ്ങൾക്ക് നൽകിയ വാഗ്ദാനം "മുസ്ലീംങ്ങളുടെ പുണ്യസ്ഥലങ്ങൾക്ക് യാതൊരു നാശവും തങ്ങൾ ചെയ്യുന്നതല്ലെന്നും, തുർക്കി ഗവൺമെൻറിനോടല്ലാതെ ഖിലാഫത്തിനോടല്ല തങ്ങൾ യുദ്ധം ചെയ്യുന്നതെന്നും, ഖലീഫയെയും മുസ്ലീം പുണ്യപ്രദേശങ്ങളെയും തങ്ങൾ എക്കാലവും സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരാണെന്നും" ആയിരുന്നു. ഇംഗ്ലീഷു പാർലമെൻറിനു വേണ്ടി വൈസ്രോയി നൽകിയ ഈ ഉറപ്പ് ബ്രിട്ടീഷ് പാർലമെൻറും ഇൻഡ്യാ സെക്രട്ടറിയും ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ യുദ്ധം അവസാനിച്ചപ്പോൾ പാരീസ് ഉടമ്പടി പ്രകാരം തുർക്കി സാമ്രാജ്യം ഛിന്നഭിന്നമാക്കുകയും സുൽത്താൻ അധികാരമൊന്നുമില്ലാത്ത വെറും പാവ മാത്രമായി അവശേഷിക്കുകയും ചെയ്തു. മുസ്ലീം ലോകത്തിന് ആകമാനം ഏറ്റ ഈ ആഘാതം ഇൻഡ്യൻ മുസൽമാൻമാരെയും പരിഭ്രാന്തരാക്കി. ഖലീഫയുടെ പഴയ പദവിയും അംഗീകാരവും വീണ്ടും കൊടുക്കണമെന്ന് അവർ ആവശ്യപ്പെട്ടു. നിവേദനങ്ങളും വ്യവസ്ഥാപിതങ്ങളുമായ മറ്റു മാർഗങ്ങളും അടഞ്ഞപ്പോൾ ബ്രിട്ടനെതിരായി പ്രക്ഷോഭണത്തിനു തന്നെ അവർ തയ്യാറെടുത്തു. 1920 ജൂൺ മാസത്തിൽ അലഹബാദിൽ കൂടിയ ഖിലാഫത്തു കോൺഫറൻസിൽ വച്ചാണ് 'അക്രമരഹിതമായ സഹകരണത്യാഗം' ഇംഗ്ലീഷുകാർക്കെതിരായി നടത്തുവാൻ തീരുമാനമുണ്ടായത്. ഈ ലക്ഷ്യ പ്രാപ്തിക്ക് അവരെ സഹായിക്കുവാൻ കോൺഗ്രസ്സും തീർച്ചപ്പെടുത്തി. അലഹബാദിൽ കോൺഫറൻസ് കഴിഞ്ഞ് രണ്ടുമാസത്തിനു ശേഷം പ്രസ്തുത അഭിപ്രായത്തിന്റെ പ്രചാരണത്തിനുവേണ്ടി അഖിലേന്ത്യാ സഞ്ചാരത്തിൽ മഹാത്മഗാന്ധിയും മൗലാനാ ഷൗക്കത്തലിയും മലബാർ സന്ദർശിച്ചു. ആഗസ്റ്റ് മാസത്തിലായിരുന്നു അവർ കോഴിക്കോട് വന്നത്. ഇതിന്റെ ഫലമായി മലബാറിലെല്ലായിടത്തും ഖിലാഫത്തു കോൺഗ്രസ്സു കമ്മിറ്റികളും പ്രവർത്തനങ്ങളും ഉഷാറായി നടന്നു.

കേരളാ ഖിലാഫത്തു കമ്മിറ്റിയുടെ ആദ്യത്തെ പ്രസിഡണ്ട് കുഞ്ഞിക്കോയ തങ്ങളും കാര്യദർശിമാർ ഹസ്സൻ കോയമൊല്ല, മേലക്കണ്ടി മൊയ്തീൻ കോയ എന്നിവരുമായിരുന്നു. കെ.പി.സി.സി. ജോയിൻറ് സെക്രട്ടറി യു. ഗോപാലമേനോനാണ് ഖിലാഫത്തു കമ്മിറ്റിയുടെ ജോയിൻറ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നത്. കോൺഗ്രസ്സിന്റെ നിസ്സഹകരണ ആഹ്വാനമനുസരിച്ച് അലിഗറിൽ നിന്നും പഠിപ്പുനിർത്തി കേരളത്തിലെത്തിയ മുഹമ്മദ് അബ്ദുൽ റഹിമാൻ സാഹിബ് ഖിലാഫത്തു കമ്മിറ്റിയുടെ സെക്രട്ടറിയായി പ്രവർത്തനം ആരംഭിച്ചു. മലബാറിലുടനീളം മുന്നൂറിൽ ചില്ലാനം ഖിലാഫത്തു കമ്മിറ്റികൾ ഊർജ്ജിതമായി പ്രവർത്തനം നടത്തിയിരുന്നു. ഹിന്ദു–മുസ്ലീം ഐക്യം ഇത്രയും പ്രകടമായി മലബാറിലെ പ്രവർത്തനരംഗങ്ങൾ അതിനു മുമ്പു ദർശിച്ചിരുന്നില്ല.

നിസ്സഹകരണ-ബഹിഷ്ക്കരണ ആഹ്വാനമനുസരിച്ച് അവരവരുടെ ജോലി ഉപേക്ഷിച്ച മലയാളികളുടെ കൂട്ടത്തിൽ താഴെപ്പറയുന്നവർ അവിസ്മരണീയരാണ്. കെ. മാധവൻ നായർ, കെ.പി. കേശവമേനോൻ, യു. ഗോപാലമേനോൻ, പി. അച്യുതൻ, റ്റി.വി. സുന്ദരയ്യർ, അമ്പലക്കാട് കരുണാകരമേനോൻ, കെ.വി. അപ്പുനായർ, എ.കെ. പിള്ള, കെ. കേളപ്പൻ, കെ.ജി. ശങ്കർ, എം. ഗോപാലമേനോൻ, എം. മാത്തുണ്ണി, വി.യു. ഗോവിന്ദൻനായർ, എസ്.കെ. കൊമ്രമ്പയിൽ, എം. ശങ്കരൻനമ്പ്യാർ, എം. നാരായണമേനോൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, തോപ്പിൽ പത്മനാഭപിള്ള, കെ.ജി. ഗോപാലകൃഷ്ണൻ, ചിറ്റേടത്ത് ശങ്കുപിള്ള, കുരുവിള മാത്യു, രാമൻനാഥൻ, റ്റി.വി. ചാത്തുണ്ണിനായർ, കെ. കുമാർ, സി.എച്ച്. ഗോവിന്ദൻനമ്പ്യാർ, റ്റി.ആർ. കൃഷ്ണസ്വാമി അയ്യർ, ആർ.വി. ശർമ്മ, മുഹമ്മദ് അബ്ദുൾ റഹിമാൻ, കോഴിപ്പുറത്തു മാധവൻ മേനോൻ, ദേവേശൻ, ഡബ്ലിയു.ബി. ഇഗ്നേഷിയസ്, എസ്. ചിദംബരനാഥൻ, എം.പി. ഗോവിന്ദമേനോൻ, എൽ.എ. സുബ്ബരാമയ്യർ, പി. കരുണാകരമേനോൻ, മുഹമ്മദു മുസലിയാർ, പാണ്ടവത്തു ശങ്കരപിള്ള, വി. അച്ചുതമേനോൻ, ചങ്ങനാശേരി പരമേശ്വരൻപിള്ള, വൈ. രാമസ്വാമി അയ്യർ, ഡോക്ടർ എം.ഇ. നായ്ഡു, എം. ശിവനാണുപിള്ള, എച്ച്.ബി. മുഹമ്മദ് രാവുത്തർ, ഡോക്ടർ എ.ആർ. മേനോൻ, കെ.കെ. കുരുവിള, ഈ. ഇക്കണ്ടവാര്യർ, ലക്ഷ്മിദാസ്, കെ.സി. കോമുക്കുട്ടി മൗലവി, പരീതു സാഹിബ്, ഇ. മൊയ്തു മൗലവി മധുർദാസ് പുരുഷോത്തം, എം.എം. ഗോവിന്ദക്കുറുപ്പ്, ഇനിയും എത്രയോപേർ ഇതിൽ ഉൾപ്പെടുത്തേണ്ടവരായിട്ടുണ്ട്.

അങ്ങനെ രാഷ്ട്രീയമായി വളരെ സജീവമായ സന്ദർഭത്തിലായിരുന്നു 1921 ഫെബ്രുവരി 15-നു ഖിലാഫത്തു നേതാവായ യാക്കൂബ് ഹസ്സൻ മദ്രാസ്സിൽ നിന്നും കോഴിക്കോട് എത്തുന്നത്. അദ്ദേഹം പ്രസംഗിക്കുവാനുദ്ദേശിച്ചിരുന്ന പൊതുയോഗം 144-ാം വകുപ്പനുസിച്ച് ഗവർമ്മെൻറ് നിരോധിച്ചു. അതേ യോഗത്തിൽ തന്നെ പ്രസംഗിക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന യു. ഗോപാലമേനോൻ, കെ. മാധവൻനായർ, പൊൻമാടത്തു മൊയ്തീൻകോയ എന്നീ കോൺഗ്രസ്സ് നേതാക്കൾക്കും നിരോധാനാജ്ഞകൾ നൽകപ്പെട്ടു. നിരോധനം ലംഘിച്ച യാക്കൂബ് ഹസ്സനെയും കൂട്ടരെയും ആറുമാസം വെറും തടവു ശിക്ഷ വിധിച്ച് കണ്ണൂർ ജയിലിലേക്കയച്ചു. നാട്ടിലെങ്ങും പ്രക്ഷുബ്ധമായ പ്രതിഷേധസ്വരം ഇതിനെതിരായി മുഴങ്ങി. കോഴിക്കോട് മുൻസിപ്പൽ ചെയർമാൻ സ്ഥാനം സി.വി. നാരായണ മേനോൻ പ്രതിഷേധ സൂചകമായി രാജിവച്ചു. സി. രാജ ഗോപാലാചാരിയും കെ.പി. കേശവമേനോനും ഫെബ്രുവരി 28-നു കോഴിക്കോടു വന്നെത്തി. ജയിലിലായ കെ. മാധവൻ നായർക്കു പകരം കേശവമേനോൻ കെ.പി.സി.സി. സെക്രട്ടറി സ്ഥാനം ഏറ്റെടുക്കുകയും സംഘടനാപ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുകയും ചെയ്തു.

തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കൊച്ചി, തിരുവിതാംകൂർ എന്നിങ്ങനെ അഞ്ച് ഡിസ്ട്രിക്ടുകളായി ഭാഗിച്ച് ഓരോ

ജില്ലയും ഓരോ കമ്മിറ്റിയുടെ കീഴിലാക്കി. ജില്ലാ കാര്യദർശിമാരേയും നിയമിച്ചു. കേരള സംസ്ഥാന കോൺഗ്രസ്സിന് 100 മെമ്പറൻമാരടങ്ങിയ ഒരു സംസ്ഥാന കമ്മിറ്റി ഉണ്ടായിരുന്നു. സെക്രട്ടറിയായിരുന്നു സംഘടനയുടെ പ്രധാനി. സംസ്ഥാന കമ്മിറ്റി യോഗങ്ങൾ നടക്കുമ്പോൾ ഏതെങ്കിലും അംഗത്തെ അദ്ധ്യക്ഷനായി തൽക്കാലത്തേക്ക് നാമനിർദ്ദേശം ചെയ്യുകയായിരുന്നു പതിവ്. അല്ലാതെ കെ.പി.സി.സി.യ്ക്ക് പ്രസിഡണ്ട് ഉണ്ടായിരുന്നില്ല. സംസ്ഥാന കോൺഗ്രസ്സ് ഓഫീസ് കോഴിക്കോടായിരുന്നു. സെക്രട്ടറിയെ സഹായിക്കുവാൻ ഒരു സ്ഥിരം ഓഫീസ് സെക്രട്ടറിയുമുണ്ടായിരുന്നു. പണസംബന്ധമായ കാര്യനിർവ്വഹണം ഖജാൻജിയാണ് നടത്തിയിരുന്നത്. ആദ്യകാല കോൺഗ്രസ്സ് കമ്മിറ്റിയുടെ സംവിധാനം ഇത്തരത്തിലായിരുന്നു.

1920ൽ മാഹാത്മാഗാന്ധിയും ഷൌക്കത്തലിയും മലബാർ സന്ദർശിച്ച കാലം മുതൽ ഇവിടെ ഖിലാഫത്ത് പ്രവർത്തനം ഊർജ്ജസ്വലമായ കാര്യം നാം വിവരിച്ചതാണല്ലോ. ഏറനാട്, വള്ളുവനാട് താലൂക്കുകളിലാണ് ഇത് ശക്തിപ്പെട്ടത്. ഇവിടങ്ങളിൽ കൂടുതൽ മുസ്ലീംകളായതുകൊണ്ടും ദേശീയാവേശ പ്രേരിതരായ ഒരു വലിയ സംഘം മുസ്ലീം പുരോഹിതൻമാരും പണ്ഡിതൻമാരും അവർക്കിടയിൽ കഠിനമായ പ്രചാരണം നടത്തിയതുകൊണ്ടുമാണ് 'ഖിലാഫത്ത് - നിസ്സഹകരണ സന്ദേശം മുസ്ലിങ്ങൾക്കിടയിൽ ഇത്ര വ്യാപകമായത്. ഖിലാഫത്ത് സെക്രട്ടറിയായിരുന്ന കട്ടിലശ്ശേരി മുഹമ്മദ് മുസലിയാർ, പണ്ഡിതനും നിസ്സഹകരണ ത്യാഗിയുമായിരുന്ന ആലി മുസ്ലിയാർ, വിപ്ലവകാരിയായ ഈ. മൊയ്തുമൗലവി തുടങ്ങി നൂറുകണക്കിന് മുസ്ലീം പണ്ഡിതൻമാർ അവരുടെ മഷിയും മനീഷയുമുപയോഗിച്ച് മുസ്ലിംങ്ങളെ ഇംഗ്ലീഷ് വിരുദ്ധ സമരത്തിന് തയ്യാറാക്കിക്കൊണ്ടുമിരുന്നു. അതോടൊപ്പം ദേശീയ നേതൃത്വം മുസ്ലീങ്ങളുടെ സങ്കടത്തോട് അനുഭാവം രേഖപ്പെടുത്തുകയും ഖിലാഫത്ത് അനീതിക്കെതിരായി ഇംഗ്ലീഷുകാരോട് പൊരുതുവാൻ ഹൈന്ദവ സഹോദരങ്ങളോടാഹ്വാനം ചെയ്തുകൊണ്ട് മഹാത്മ ഗാന്ധിയും രംഗത്ത് വന്നത് അവരെ കൂടുതൽ ആവേശം കൊള്ളിക്കുകയും ചെയ്തിരുന്നു. ഈ വക സംഘടനാ പ്രവർത്തനവും ഹിന്ദുമുസ്ലീം സഹോദരങ്ങളുടെ ഐകമത്യത്തോടുകൂടിയുള്ള പ്രവർത്തനവും അധികാരികളെ ഭയവിഹ്വലരാക്കി. ഏതു വിധേനയും ഇത്തരം പ്രവർത്തനങ്ങൾ അവസാനിപ്പിച്ചേ അടങ്ങൂ എന്ന പ്രതിജ്ഞയോടെയാണ് മലബാറിലെ ആഗ്ലേയഭരണം പരിപാടികളാസൂത്രണം തുടങ്ങിയത്. 1921 ഫെബ്രുവരി 5-ാം തീയതി എം.പി. നാരായണമേനോൻ, കെ. മാധവൻ നായർ, യു. ഗോപാലമേനോൻ എന്നീ "എക്സ് വക്കീലൻമാരേ"യും കട്ടിലശ്ശേരി മുഹമ്മദ് മുസലിയാർ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, എരേക്കുന്നം ആലി മുസലിയാർ എന്നീ ഖിലാഫത്ത് നേതാക്കൻമാരെയും സംഘടനകളുണ്ടാക്കുന്നതിൽ നിന്നും പ്രസംഗങ്ങൾ ചെയ്യുന്നതിൽ നിന്നുമൊക്കെ നിരോധിച്ചുകൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിലേക്ക് മാപ്പിളമാരെ ആഹ്വാനം ചെയ്തു കൊണ്ടും ആഗ്ലേയഭരണത്തിന്റെ അഴിഞ്ഞാട്ടത്തെ ചിത്രീകരിച്ചുകൊണ്ടും ഈ. മൊയ്തുമൗലവി അറബി മലയാളത്തിൽ അച്ചടിച്ച് വിതരണം ചെയ്തിരുന്ന ലഘുലേഖ കണ്ടുകെട്ടുകയും അദ്ദേഹത്തിന്റെ പേരിൽ രാജദ്രോഹകുറ്റം ചുമത്തി കേസ്സെടുക്കുകയും ചെയ്തിരുന്നതും ഇക്കാലത്ത് തന്നെയാണ്. ഫെബ്രുവരി മാസത്തിൽ തന്നെ തിരൂരങ്ങാടിയിലെ ഖിലാഫത്ത് കോൺഗ്രസ്സ് ഓഫീസ് പോലീസ് കൈയ്യേറുകയും അവിടെയുണ്ടായിരുന്ന പ്രവർത്തകരെ മർദ്ദിക്കുകയും ചെയ്തതിനു പുറമേ ഖിലാഫത്ത് കോൺഗ്രസ്സ് പതാകകൾ നിലത്തിട്ട് ഷൂസുകൊണ്ട് ചവിട്ടി പരസ്യമായി അപമാനിക്കുകയും ചെയ്തത് ക്ഷോഭജനകമായ അന്തരീക്ഷം സൃഷ്ടിച്ച സംഭവമാണ്. പൊറ്റയിൽ അബൂബക്കർ, പൊറ്റയിൽ കുഞ്ഞഹമ്മദ് തുടങ്ങിയവരെ അറസ്റ്റ് ചെയ്ത് കള്ളക്കേസ്സിൽ കുടുക്കി ശിക്ഷിച്ചതും ഇതോടുകൂടിയാണ്. ഇതേ തുടർന്ന് ഒറ്റപ്പാലം കോൺഗ്രസ്സ് സമ്മേളനത്തിൽ സംബന്ധിച്ചവരേയും നിരപരാധികളായ നാട്ടുകാരേയും പേപ്പട്ടികളെ വേട്ടയാടുന്ന ലാഘവ ബുദ്ധിയോടെ കിരാതമായ പോലീസ് മർദ്ദനം നടന്നത് ഏപ്രിൽ മാസത്തിലുമായിരുന്നുവല്ലോ. മലബാറിലാകമാനം സംഘർഷമായ ഭീഷണാവസ്ഥയാണ് ഇത് മൂലം സംജാതമായത്. പോലീസുകാർ ഖിലാഫത്ത് കോൺഗ്രസ്സ് പ്രവർത്തകരെ കള്ളക്കേസിൽ കുടുക്കിയും കൃത്രിമങ്ങളായ കുറ്റാരോപണങ്ങളുന്നയിച്ചും മർദ്ദനങ്ങളും ശിക്ഷകളും അനവരതം നടത്തിക്കൊണ്ടിരുന്നു. ഖദർ ധരിക്കുന്ന ആൾ ഒരു മുസ്ലീം കൂടിയാണെങ്കിൽ കൊലക്കേസ്സിൽ പ്രതിയായത് തന്നെയെന്നാണ് ബാരിസ്റ്റർ എ.കെ. പിള്ള അക്കാലത്തെ പോലീസ് നടപടിയെക്കുറിച്ച് വിവരിക്കുന്നത്.

സ്വതവേ ബ്രിട്ടീഷ് വിരോധികളും മർദ്ദനത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരുന്നവരുമായ മാപ്പിളമാർ മതപരമായ ഒരു കടുത്ത അനീതിക്കെതിരെ, ദേശീയ നേതൃത്വവും പിൻതുണയും കിട്ടുമെന്ന് വന്നപ്പോൾ നൈസർഗ്ഗിക പ്രചോദനം അവരെ സംഘടിതമായ ഇംഗ്ലീഷ് വിരുദ്ധ സമരത്തിന് തയ്യാറാക്കിയെന്നതാണ് 1921ലെ മലബാർ വിപ്ലവത്തിന്റെ സവിശേഷത. വിപ്ലവത്തിന്റെ നാരായവേര് ആണ്ടു കിടക്കുന്നത് കാർഷിക പ്രശ്നങ്ങളിലും ജൻമി-നാടുവാഴി മർദനങ്ങളിലുമാണെന്ന് തീർച്ച. അനവധി കാലമായി അനുഭവിച്ചുപോന്ന കാർഷിക യാതനകളിൽ നിന്നുള്ള വിമോചന മാപ്പിള കർഷകന്റെ ആത്യന്തികാഭിലാഷമായിരുന്നു. ഈ ഭൂസ്വാമികളെ താങ്ങി നിർത്തിയിരുന്ന ഭരണം തൂത്തെറിഞ്ഞാലല്ലാതെ തനിക്ക് സ്വസ്ഥമായും സ്വൈരമായും കഴിഞ്ഞുകൂടുവാനൊക്കുകയില്ലെന്ന് ബോദ്ധ്യം വന്ന മലബാർ മാപ്പിള ദേശീയ വിമോചന പ്രസ്ഥാനമായി ഖിലാഫത്ത് നിസ്സഹകരണ പ്രഖ്യാപനത്തെ സ്വീകരിച്ചു. തന്റെ മതത്തിനെതിരെ ഭീഷണിയുയർത്തിയ ഇംഗ്ലീഷ് സാമ്രാജ്യത്വത്തെ ഉൻമൂലനം ചെയ്യുകയെന്നത് വിശ്വാസപരമായ അനിവാര്യത കൂടിയായപ്പോൾ മലബാർ മുസ്ലീമിനെ സംബന്ധിച്ച് വലിയ ഒരു

വിമോചന സമരമാണ് ദൃശ്യമായത്. ഈ അന്തിമ സമരത്തിലാകട്ടെ ഹൈന്ദവ നേതൃത്വം സഹോദരങ്ങളും കൂട്ടാളികൾ കൂടിയായപ്പോൾ 'പെകുത്താൻ ഭരണ'ത്തെ അറബിക്കടലിൽ ഒഴുക്കിക്കളയാൻ നിഷ്പ്രയാസം സാധിക്കുമെന്ന് ധരിച്ച ശുദ്ധനും പാവവുമായ മലബാർ മുസ്ലീം രണ്ടും കൽപ്പിച്ച് ഇറങ്ങിയതായിരുന്നു 1921ലെ വിപ്ലവത്തിന് ഹേതു. അത്ര വീണ്ടു വിചാരമോ, ആസൂത്രിതപദ്ധതിയോ ഇല്ലാതിരുന്നിട്ടും പെട്ടെന്ന് ഒരു കൊടുങ്കാറ്റിൻെറ ശക്തിയോടും സംഹാരതാണ്ഡവത്തോടും കൂടിയാണ് മലബാർ വിപ്ലവ കരങ്ങേറിയത്. ഐതിഹാസികമായ ഈ പോരാട്ടത്തിൻെറ വിശദാംശങ്ങളിലേക്ക് കടക്കുക ഇവിടെ പ്രസക്തമല്ല. തെക്കെ മലബാറിനെ മരുഭൂമിയാക്കി മാറ്റിയതും പതിനായിരക്കണക്കിന് കുഞ്ഞുകുട്ടികളുൾപ്പെടെയുള്ള മനുഷ്യജീവികളെ നിഷ്കരുണം തീയുണ്ടകൾക്ക് വിധേയമാക്കിയതും മറ്റും ചരിത്രദൃഷ്ട്യാ ഇതുവരെയും വിലയിരുത്തിയിട്ടില്ലെന്നത് ലജ്ജാകരമാണ്. വാഗൻട്രാജഡി പോലെയുള്ള സംഭവങ്ങൾ സാമൂഹ്യമനസ്സാക്ഷിയെ ഞെട്ടിപ്പിച്ചിട്ടു കൂടിയും അത്തരം ക്രൂരകൃത്യങ്ങൾ ചെയ്ത സാമ്രാജ്യത്വ കിങ്കരൻമാർ ഇന്നും കുറ്റക്കാരല്ലാതെ കഴിഞ്ഞു കൂടുകയുമാണ്. വിപ്ലവത്തിലെ അനിഷേധ്യ നേതാക്കളായിരുന്ന ആലി മുസലിയാരും വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും പരമ്പരാഗതമായി തന്നെ ഇംഗ്ലീഷ് ശത്രുക്കളായിരുന്നു. ആലി മുസലിയാർ തികഞ്ഞ ഗാന്ധിഭക്തനും നിസ്സഹകരണ ത്യാഗിയുമായിരുന്നു. ഖദർ വസ്ത്രങ്ങൾ മാത്രമാണദ്ദേഹം ധരിച്ചിരുന്നത്. കുഞ്ഞഹമ്മദ് ഹാജിയാകട്ടെ 1894ലും 1898ലും 1916ലും നടന്ന ലഹളകളിൽ നാടുകടത്തപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്തിട്ടുള്ള സമരസേനാനിയായിരുന്നു. 1894ൽ അദ്ദേഹത്തിൻെറ പിതാവിനെ ലഹളയിൽ പങ്കെടുത്തതിന് ആന്തമാനിലേക്ക് നാടുകടത്തിയിരുന്നു. അവിടെ വച്ചാണദ്ദേഹം അന്ത്യശ്വാസം വലിച്ചത്. 1921ലെ വിപ്ലവത്തിൽ നേതൃത്വ പന്തിയിലുണ്ടായിരുന്നവരെല്ലാം തന്നെ ഇംഗ്ലീഷ് വിരുദ്ധ സമരങ്ങളിൽ പങ്കാളികളോ അല്ലെങ്കിൽ നാടുകടത്തപ്പെടുകയോ ചെയ്ത മരണശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ, പൂർവ്വികരുടെ പരമ്പരയിൽപെട്ടവരോ ആയിരുന്നുവെന്ന വസ്തുത ഈ മഹാസംഭവത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളെ സുവ്യക്തമാക്കുന്നുണ്ട്. ആലി മുസലിയാരേയും 12 അനുയായികളേയും തൂക്കി കൊല്ലാൻ വിധിച്ച സ്പെഷ്യൽ ട്രിബ്യൂണലിൻെറ 7/21 നമ്പറായി ഫയൽ ചെയ്ത കേസ്സിലെ വിധിന്യായത്തിൽ കൊടുത്തിട്ടുള്ള ഒരംശം താഴെ ചേർക്കുന്നത്, 1921ലെ മലബാർ വിപ്ലവത്തിൻെറ സ്വഭാവം പ്രസ്പഷ്ടമാക്കുവാനുപകരിക്കുമെന്നതു കൊണ്ടാണ്. "മതഭ്രാന്തോ, ഭൂമി സംബന്ധമായ കാർഷിക യാതനകളോ അതുമല്ലെങ്കിൽ വൈരനിര്യാതന ബുദ്ധിയോ ആയിരുന്നില്ല ആലി മുസലിയാരേയും കൂട്ടരേയും ഈ കൊടുംകൃത്യത്തിന് പ്രേരിപ്പിച്ചത്. പ്രത്യുത അവർക്ക് പ്രേരകമായി നിന്ന പ്രചോദനധാര ഖിലാഫത്ത് നിസ്സഹകരണ പ്രസ്ഥാനം മാത്രമായിരുന്നുവെന്നാണ് തെളിവുകൾ സംശയാതീതമായി കാണിക്കുന്നത്."

വിപ്ലവം പൊട്ടിപ്പുറപ്പെട്ടതോടെ സമാധാനദൗത്യവുമായി കെ.പി. കേശവമേനോനും, കെ. മാധവൻനായരും, ഈ. മൊയ്തുമൗലവിയും, മുഹമ്മദ് അബ്ദുൾറഹിമാനും മറ്റുള്ള കോൺഗ്രസ്സ് ഖിലാഫത്ത് നേതാക്കൻമാരും പൂക്കൊട്ടൂരും തിരൂരങ്ങാടിയും സന്ദർശിച്ചിരുന്നു. എന്നാൽ അവരുടെ ദൗത്യം പരാജയമാകുകയും കൂടുതൽ പ്രവർത്തനങ്ങൾ നടത്തുവാൻ നിരോധനാജ്ഞയും ജയിൽവാസവും കാരണത്താൽ നേതാക്കൻമാർക്ക് ഒക്കാതെ വരികയും ചെയ്തതിനാലാണ് ഇത്ര അപായകരമായ സ്ഥിതിയിലേക്ക് വിപ്ലവം വഴുതിവീണത്. മഹാത്മജിയേയും ഷൗക്കത്തലിയേയും മലബാർ സന്ദർശനത്തിൽ നിന്നും തിരിച്ച് വിട്ട അധികാരികൾ പൈശാചികമായ നരനായാട്ടിന് തുറന്ന സമ്മതപത്രം നൽകുകയായിരുന്നു. എന്നാൽ ലഹളസ്ഥലങ്ങളിൽ നിന്നും പ്രാണരക്ഷാർത്ഥം ഓടിപ്പോന്ന അനേകായിരം അഗതികൾക്ക് കോൺഗ്രസ്സുകാരുടെ സവിശേഷമായ ഉൽസാഹത്താൽ ജീവിത സന്ധാരണ സൗകര്യങ്ങൾ നൽകിയെന്നുള്ളത് അവിസ്മരണീയമാണ്.

1921ലെ വിപ്ലവം പരാജയപ്പെട്ടതോടെ മലബാറിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളും നിഷ്പ്രഭമായി. അതുവരെ നിലനിന്നിരുന്ന സാമുദായിക മൈത്രി ഛിന്നഭിന്നമാക്കുകയും സ്വാതന്ത്ര്യസമരത്തെ ചോരയിൽ മുക്കിക്കൊല്ലുകയെന്ന സാമ്രാജ്യത്വ കൊളോണിയൽ തന്ത്രം വിജയം വരിക്കുകയും ചെയ്തു. ഈ നിശ്ചലാവസ്ഥയിൽ നിന്നും ജനങ്ങളെ ഉണർത്തുവാനുള്ള ഉദ്ദേശ്യത്തോടുകൂടി പിന്നീടു നടന്ന സംരംഭം അധികവും പത്രപ്രവർത്തനത്തിലൂടെയായിരുന്നു. 1921 മുതൽ ബാരിസ്റ്റർ എ.കെ. പിള്ളയുടെ പത്രാധിപത്യത്തിൽ നടത്തിയിരുന്ന 'സ്വരാടും' 'സ്വദേശാഭിമാനിയും' സ്തുത്യർഹമായ പ്രവർത്തനമാണ് നടത്തിയിരുന്നത്. 1929 വരെ പ്രശസ്തമാംവിധം ഈ രണ്ടു പത്രങ്ങളും നടന്നുപോന്നു. 1923 മാർച്ചിൽ കെ.പി. കേശവമേനോൻ, കെ. മാധവൻനായർ എന്നിവരുടെ പരിശ്രമഫലമായി 'മാതൃഭൂമി' ദിനപത്രം കോഴിക്കോട് നിന്നാരംഭിക്കുവാൻ സാധിച്ചു. 1924 ഒക്ടോബറിൽ മുഹമ്മദ് അബ്ദുൾ റഹിമാൻ, ഈ. മൊയ്തു മൗലവി എന്നിവരുടെ നേതൃത്വത്തിൽ 'അൽ അമീൻ' എന്ന പത്രവും കോഴിക്കോട് ആസ്ഥാനമാക്കി പ്രസിദ്ധീകരണമാരംഭിച്ചു. കോൺഗ്രസ്സ് പ്രസ്ഥാനത്തെ ജനതാമദ്ധ്യത്തിൽ കൊണ്ടുവരുന്നതിനും കോൺഗ്രസ്സ് ആദർശങ്ങൾ പ്രചരിപ്പിക്കുന്നതിനും പരിശ്രമിച്ച പല പ്രസിദ്ധീകരണങ്ങളും ഇക്കാലത്ത് തന്നെയാണ് ഉൽഭവിച്ചത്. പാലക്കാട്ട് നിന്നും ടി.ആർ. കൃഷ്ണസ്വാമി അയ്യർ പ്രസിദ്ധീകരിച്ചിരുന്ന 'യുവഭാരതം', കുരൂർ നിലകണ്ഠൻ നമ്പൂതിരിപ്പാട് തൃശൂരിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ലോകമാന്യൻ' യു. ഗോപാലമേനോനും കെ.വി. കുഞ്ഞുണ്ണിമേനോനും കൂടി നടത്തിയിരുന്ന 'നവീന കേരളം', കെ.ജി. ശങ്കർ തുടങ്ങിയ 'മലയാളരാജ്യം', എം. മാത്തുണ്ണി ആരംഭിച്ച 'ഭജേ ഭാരതം' എന്നിവ പ്രത്യേകം

ഓർക്കേണ്ടതത്രെ.

കേരളപ്രദേശ് കോൺഗ്രസ്സിൻെറ രണ്ടാം സമ്മേളനം 1923 മേയ് 6-ാം തീയതി പാലക്കാട്ട് നടന്നു. തലശ്ശേരിയിൽ നടത്തുവാനുള്ള ആദ്യതീരുമാനം മാറ്റേണ്ടതായി വന്നതിനാലാണ് സമ്മേളനം പാലക്കാട് കൂടിയത്. കെ.പി. ഗായത്രി വല്ലഭയ്യരായിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. ശ്രീമതി സരോജിനി നായിഡുവിൻെറ മഹനീയാദ്ധ്യക്ഷതയിൽ നടന്ന ഈ സമ്മേളനത്തിൽ ജയിലിൽ കഴിയുകയായിരുന്ന ആലി സഹോദരൻമാരുടെ വൃദ്ധയായ മാതാവ് ബിഉമ്മ സന്നിഹിതയായിരുന്നുവെന്നത് ആവേശം പകരുന്നതായിരുന്നു. മലബാർ വിപ്ലവത്തിന് ശേഷം കൂടിയ ഈ സമ്മേളനത്തിൽ വിപ്ലവത്തിൻെറ വിവിധ വശങ്ങളെ പരാമർശിച്ചുകൊണ്ടുള്ളതായിരുന്നു പ്രസംഗങ്ങളധികവും. ഗായത്രി വല്ലഭയ്യർ വിപ്ലവത്തിൻെറ കാരണം കുടിയായ്മ പ്രശ്നങ്ങൾ മാത്രമാണെന്ന് തറപ്പിച്ചു പറഞ്ഞു. സമ്മേളനത്തിൽ സംബന്ധിച്ച സി. രാജഗോപാലാചാരിയും, ദേവദാസ് ഗാന്ധിയും, സരോജിനി നായിഡുവും ഹിന്ദുമുസ്ലീം ഐക്യത്തിന്നേറ്റ അപായകരമായ ആഘാതത്തിൽ പരിതപിക്കുകയും, മറക്കുകയും പൊറുക്കുകയും ചെയ്ത് ഇംഗ്ലീഷ് വിരുദ്ധദേശീയ പ്രസ്ഥാനത്തിലണിനിരക്കുവാനാഹ്വാനം ചെയ്യുകയും ചെയ്തു. ഈ സമ്മേളനം, വിപ്ലവത്തിനുശേഷം ഭയവിഹ്വലരായി കഴിഞ്ഞിരുന്ന ജനങ്ങൾക്ക് അല്പമായിട്ടെങ്കിലും ആത്മവിശ്വാസം പകരുവാനുപകരിച്ചിരുന്നു.

മലബാർ വിപ്ലവം തുടങ്ങുന്നതിന് കുറേമുമ്പ് തന്നെ 1921 ഫെബ്രുവരിയിൽ തൃശൂർ പട്ടണത്തിൽ ചെറിയ തോതിൽ ഹിന്ദുക്കളും ക്രൈസ്തവരും തമ്മിൽ ഒരു സംഘട്ടനം നടന്നിരുന്നു. നിസ്സഹകരണ പ്രസ്ഥാനത്തിൻെറ പ്രചരാണാർത്ഥം സി. രാജഗോപാലാചാരിയുടെ അധ്യക്ഷതയിൽ നടന്ന യോഗം കൊച്ചിയിലെ അന്നത്തെ പോലീസ് കമ്മീഷണർ എം.എ. ചാക്കോയുടെ പ്രേരണയോടെ ഇംഗ്ലീഷ് പക്ഷപാതികളായ കുറേ ക്രിസ്ത്യാനികൾ അലങ്കോലപ്പെടുത്തിയതിനെ തുടർന്നാണിത് നടക്കുന്നത്. കുരൂർ നീലകണ്ഠൻനമ്പൂതിരിപ്പാടിനും, സി. രാജഗോപാലാചാരിക്കും കല്ലേറുകൊണ്ട് പരിക്കുപറ്റി. പ്രസംഗവേദിയിലുണ്ടായിരുന്ന കസേര, മേശ, തുടങ്ങിയവ തീക്കിരയാക്കി. ഇതേതുടർന്ന് മലപ്പുറം, പെരിന്തൽമണ്ണ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും നിസ്സഹകരണ ഖിലാഫത്ത് പ്രവർത്തകരായ മാപ്പിളമാർ ആയിരക്കണക്കിന് തൃശൂർ ഇറങ്ങി ഗംഭീരമായ ഒരുപ്രകടനവും വെല്ലുവിളിയും നടത്തി. ചെറിയ സംഘട്ടനത്തിന് ശേഷം ക്രിസ്ത്യാനികളും ഹിന്ദുക്കളും ഒത്തുതീർപ്പിലെത്തി. മാപ്പിളമാർ അവരുടെ സ്ഥലങ്ങളിലേക്ക് മടങ്ങി പോകുകയും ചെയ്തു. എ.ആർ. മേനോൻ, കുരൂർ നീലകണ്ഠൻ തുടങ്ങിയവരാണ് സമാധാന ശ്രമങ്ങൾക്ക് നേതൃത്വം നൽകിയത്.

എന്നാൽ ഇത് കഴിഞ്ഞ് കൊച്ചിയിലാകമാനം ഒരു വർഷത്തേക്ക് പൊതുയോഗമോ, രാഷ്ട്രീയപ്രവർത്തനമോ നടത്തുന്നതിനെ നിരോധിച്ചുകൊണ്ടുള്ള ഉത്തരവാണുണ്ടായത്. കൊച്ചിയിൽ അക്കാലത്ത് കോൺഗ്രസ്സ് പ്രവർത്തനം ഊർജ്ജിതമായി നടത്തിയിരുന്നവരിൽ മൂത്തേടത്ത് നാരായണമേനോൻ, കെ.എം. സീതിസാഹിബ്, കുരൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്, ഇ. ഇക്കണ്ടവാര്യർ, സി.കെ. കർത്താ, വി.കെ. കുട്ടിസാഹിബ്, പി. ഇഗ്നേഷ്യസ്, ടി.ആർ. അനന്തനാരായണയ്യർ, എസ്. നീലകണ്ഠയ്യർ, പാലിയത്ത് ചെറിയ കുഞ്ഞുണ്ണിഅച്ചൻ, ഡോ. എ.ആർ. മേനോൻ, എ.ബി. സേലം, തോട്ടുങ്കൽ ഫ്രാൻസിസ്, അമ്പാട്ട് ഈച്ചരമേനോൻ, പി. കുമാരനെഴുത്തച്ഛൻ തുടങ്ങിയവർ അനുസ്മരിക്കപ്പെടേണ്ടവരത്രെ. മലബാറിൽ നിന്നും 1921ൽ പ്രാണരക്ഷാർത്ഥം കൊച്ചിയിലേക്ക് കടന്ന അഭയാർത്ഥികൾക്ക് വേണ്ടി തൃശൂരിൽ ഒരു ദുരിതാശ്വാസകേന്ദ്രം കോൺഗ്രസ്സ് പ്രവർത്തകൻമാരുടെ ശ്രമഫലമായി പ്രവർത്തിച്ചുപോന്നു. 7000ൽ പരം അഗതികൾ ഇവിടെ ശരണം പ്രാപിച്ചിരുന്നതായി കാണുന്നുണ്ട്. 1921 ഏപ്രിൽ മാസത്തിൽ ഒറ്റപ്പാലം സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന കൊച്ചിയിലെ പ്രതിനിധികൾ അടുത്ത സമ്മേളനം തൃശൂർ വെച്ച് നടത്തുവാൻ ക്ഷണിച്ചിരുന്നു. സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുമ്പോൾ സർക്കാർ നിരോധനം മൂലം അത് വേണ്ടെന്ന് വെക്കേണ്ടതായി വന്നു. അതിനുശേഷം 'ലോകമാന്യൻ' എന്ന മാസികയിൽ പത്രാധിപർ കുരൂർ നീലകണ്ഠൻ നമ്പൂതിരിപ്പാടെഴുതിയ ഒരു ലേഖനം രാജ്യദ്രോഹപരമാണെന്ന് മുദ്രകുത്തി അദ്ദേഹത്തേയും പ്രിൻററും പബ്ലിഷറുമായിരുന്ന പുവത്തിങ്കൽ സെബാസ്റ്റ്യനേയും 6 മാസംവീതം കഠിന തടവിന് ശിക്ഷിച്ചു.

ഇതേ കാലഘട്ടത്തിൽ തിരുവിതാംകൂർ ഭാഗത്ത് നടന്ന കോൺഗ്രസ്സ് പ്രവർത്തനവും നമ്മുടെ ശ്രദ്ധ ആകർഷിക്കുന്നു. 1921ൽ നാഗപ്പൂരിൽ കൂടിയ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ തീരുമാനത്തോടെയാണല്ലോ ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന കമ്മിറ്റികൾ നിലവിൽ വന്നത്. തിരുവനന്തപുരം ആസ്ഥാനമാക്കി അങ്ങിനെ രൂപീകരിച്ച തിരുവിതാംകൂർ ജില്ലാ കോൺഗ്രസ്സ് കമ്മിറ്റിയുടെ സെക്രട്ടറിയായി നിസ്സഹകരണാഹ്വാനം കേട്ട് പഠിപ്പു നിർത്തി ഇംഗ്ലണ്ടിൽ നിന്നും ആയിടെ തിരിച്ചെത്തിയ എ.കെ. പിള്ളയെയാണ് നിയോഗിച്ചിരുന്നത്. തിരുവിതാംകൂറിൻെറ പല ഭാഗത്തായി 64 കോൺഗ്രസ്സ് കമ്മിറ്റികൾ പ്രവർത്തിച്ചിരുന്നതായി രേഖകളുണ്ട്. കെ.ജി. ശങ്കർ, എം. മാത്തുണ്ണി, തോപ്പിൽ പത്മനാഭ പിള്ള, ജി. രാമചന്ദ്രൻ, കെ.ജി. ഗോപാലകൃഷ്ണൻ, ചിറ്റെടത്ത് ശങ്കരപിള്ള, പൊന്നറ ശ്രീധർ, കുരുവിള മാത്യു, കെ. കുമാർ, ചങ്ങനാശ്ശേരി പരമേശ്വരൻ പിള്ള, വി. അച്ചുതമേനോൻ, വൈ. രാമസ്വാമിഅയ്യർ, ഡോ. എം.ഈ. നായിഡു, എം. ശിവതാണുപിള്ള, എച്ച്.ബി. മുഹമ്മദ് റാവുത്തർ, കെ.കെ. കുരുവിള, പറവൂർ ടി.കെ. നാരായണപിള്ള, ടി.കെ. മാധവൻ, പരീത് സാഹിബ്, ജോർജ്ജ് ജോസഫ്, സി. കുട്ടൻനായർ, ടി.എസ്. കൊച്ചുകൃഷ്ണപിള്ള, എസ്. ബാലകൃഷ്ണപിള്ള, എൻ.പി. കുരുക്കൾ എന്നിവർ സഹകരണ ത്യാഗികളും ആദ്യകാല കോൺഗ്രസ്സ് പ്രവർത്തകരുമായിരുന്നു. 1921ൽ

വെയിൽസ് രാജ കുമാരന്റെ ഇൻഡ്യാ സന്ദർശനവേളയിൽ ഇൻഡ്യയിൽ പൊതുവേ നടന്ന ഹർത്താലാചരണത്തിൽ തിരുവിതാംകൂറും പങ്കുചേർന്നിരുന്നു. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ എന്നീ നഗരങ്ങളിൽ കടകളടച്ച് ഹർത്താലാചരിച്ചു. ചില കോൺഗ്രസ്സുകാരുടെ പേരിൽ ഇതേ തുടർന്ന് ക്രിമിനൽ നടപടികൾ സ്വീകരിച്ചതായും കാണുന്നുണ്ട്. തിരുവിതാകൂറിൽ പൊതുവെ ഒരു രാഷ്ട്രീയചലനം സൃഷ്ടിച്ച സംഭവം 1922ൽ നടന്ന വിദ്യാർത്ഥി പ്രക്ഷോഭണവും അതേതുടർന്നുണ്ടായ പോലീസ് മർദ്ദനവുമാണ്. കേരളത്തിൽ ഇദംപ്രഥമമായി നടന്ന വിദ്യാർത്ഥി പ്രക്ഷോഭണമെന്ന നിലയ്ക്ക് ഇതിന് വളരെ രാഷ്ട്രീയപ്രാധാന്യം അക്കാലത്ത് കൽപ്പിച്ചിരുന്നു. കുതിരപ്പട്ടാളത്തെ നിയോഗിച്ചാണ് കോളേജ് വളപ്പിൽ പ്രതിഷേധയോഗം കൂടിയിരുന്ന വിദ്യാർത്ഥികളെ നിഷ്കരുണം മർദ്ദിച്ചത്. നാടൊടുക്ക് പ്രക്ഷുബ്ധമായ അന്തരീക്ഷം ഇതുമൂലം സംജാതമായി. വിദ്യാർത്ഥി നേതാക്കളായിരുന്ന സി. കുട്ടൻനായർ, ടി.എൻ. കുഞ്ഞുരാമൻനായർ, ജി.പി. നായർ എന്നിവരെ കോളേജിൽ നിന്നും പുറത്താക്കുക മാത്രമല്ലാ ഇൻഡ്യയിലെ ഒരു സർവ്വകലാശാലയുടെ കീഴിലും ചേർന്ന് പഠിക്കുന്നതിൽ നിന്നും വിലക്കുകയും ചെയ്തു. കേരളാ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പാലക്കാട് സമ്മേളനം നടക്കുന്ന വേളയിൽ തിരുവിതാംകൂറിൽ വിദേശസാധന ബഹിഷ്ക്കരണവും പിക്കറ്റിംങ്ങും മറ്റും നടക്കുന്ന സന്ദർഭമായിരുന്നു. 'ജയഭാരതം' പത്രാധിപർ എം. മാത്തുണ്ണിയുടെ പേരിൽ രാജദ്രോഹകുറ്റം ചുമത്തി ശിക്ഷിച്ചതും ചെങ്ങന്നൂരിൽ നടത്തിയ ജില്ലാ കോൺഗ്രസ്സ് സമ്മേളനാദ്ധ്യക്ഷനായിരുന്ന ഡോ. പി. വരദരാജുലുനായിഡുവിന് നിരോധനാജ്ഞ നൽകിയതും, നാഗപ്പൂരിൽ നടന്ന പതാക സത്യാഗ്രഹത്തിൽ പങ്കെടുത്ത പൊന്നറ ശ്രീധരൻ, കെ. കുമാർ എന്നിവരെ അറസ്റ്റ് ചെയ്ത് മർദ്ദനത്തിന് വിധേയമാക്കിയതും മറ്റും ഇക്കാലത്ത് തിരുവിതാംകൂറിൽ രാഷ്ട്രീയമായ ഉണർവ്വുണ്ടാക്കുവാൻ സഹായിച്ചവയാണ്.

1923 ഡിസംബറിൽ കാക്കനാഡയിൽ മൌലാന മുഹമ്മദലിയുടെ ആദ്ധ്യക്ഷതയിൽ നടന്ന അഖിലേന്ത്യാ കോൺഗ്രസ്സ് സമ്മേളനത്തിൽ അയിത്തോച്ചാടനം ഒരു സജീവ പ്രശ്നമായിരുന്നു. കേരളത്തിലെ പ്രതിനിധികളിലൊരാളായ ടി.കെ. മാധവനാണ് ഈ പ്രശ്നം അടിയന്തിര സ്വഭാവമുള്ളതാണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തിയത്. അദ്ദേഹം ലഘുലേഖയും, പ്രസ്സ് കോൺഫ്രൻസും, നിവേദനവുമായി ദേശീയ നേതാക്കളുടെ ശ്രദ്ധ ആകർഷിച്ചിരുന്നു. അതിന്റെ ഫലമായി അയിത്തോച്ചാടന പ്രമേയം പാസ്സാക്കുക മാത്രമല്ലാ, സ്റ്റേറ്റ് കമ്മിറ്റികൾ തദ്വിഷയമായി എടുക്കുന്ന നടപടികൾക്ക് പിന്തുണ പ്രഖ്യാപിക്കുകകൂടി ചെയ്തിരുന്നു. 1924 ജനുവരി 24ന് എറണാകുളത്ത് കൂടിയ കെ.പി.സി.സി. യോഗം ഐത്യോച്ചാടന നടപടികൾ ആസൂത്രണം ചെയ്യുന്നതിന് കെ. കേളപ്പൻ കൺവീനറും ടി.കെ. മാധവൻ, കണ്ണന്തോടത്ത് വേലായുധമേനോൻ, വി. ശങ്കർ നമ്പൂതിരപ്പാട്, ടി.ആർ. കൃഷ്ണസ്വാമി അയ്യർ, എന്നിവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. ജില്ലകൾതോറും പ്രചാരണ പ്രവർത്തനങ്ങൾ നടത്തുവാൻ എ.കെ. പിള്ള കൺവീനറായും, കെ.പി. കേശവമേനോൻ, ഹസ്സൻ കോയമുല്ല, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവർ അംഗങ്ങളായും മറ്റൊരു കമ്മിറ്റിയും ഉണ്ടാക്കി. തുടർന്ന് ഫെബ്രുവരി 16ന് കൊല്ലത്ത് കൂടിയ സംസ്ഥാന കോൺഗ്രസ്സ് കമ്മിറ്റി, ക്ഷേത്രങ്ങളൊക്കെ എല്ലാ ഹിന്ദുക്കൾക്കും തുറന്ന് കൊടുപ്പിക്കുന്നതിന് പ്രയത്നിക്കുവാൻ കോൺഗ്രസ്സുകാരോടാഹ്വാനം ചെയ്തിരുന്നു. ജില്ലാ പ്രചാരണ സമിതി വൈക്കത്തെത്തിയപ്പോൾ അവിടെ ക്ഷേത്രപരിസരത്തുള്ള റോഡിൽ കൂടി കീഴ് ജാതിക്കാർ പോകുന്നതിന്നനുമതി ഉണ്ടായിരുന്നില്ലെന്ന് മനസ്സിലായി. ഫെബ്രുവരി 24ന് വൈക്കത്ത് കൂടിയ സമ്മേളനത്തിൽ കെ.പി. കേശവമേനോൻ ഈ മനുഷ്യത്വരഹിതമായ പ്രവൃത്തിയെ അപലപിക്കുകയും പിറ്റേ ദിവസം വലിയ ഒരു ഘോഷയാത്ര നാനാജാതി മതസ്ഥരുടെ അകമ്പടിയോടെ നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കോൺഗ്രസ്സ് നേതാക്കളെ അന്നുരാത്രി ചെന്ന്കണ്ട് അനുരഞ്ജന സംഭാഷണം നടത്തിയ പോലീസുകാരും മറ്റുദ്യോഗസ്ഥരും ചെലുത്തിയ സമ്മർദ്ദത്തെ മാനിച്ച് ഒരു മാസത്തിനകം ഐത്തോച്ചാടന സമിതി ആവശ്യപ്പെട്ടിട്ടുള്ള അവകാശങ്ങൾ നേടാനൊത്തില്ലെങ്കിൽ സത്യാഗ്രഹ സമര പരിപാടികൾ തുടർന്ന് നടത്തുവാൻ തീരുമാനിക്കുകയാണ് ചെയ്തത്. ഇതിനിടയ്ക്ക് ക്ഷേത്ര റോഡുകളിലൂടെ ഘോഷയാത്ര നയിക്കുന്നത് നിരോധിച്ചു കൊണ്ട് ഉത്തരവുണ്ടായി. 1924 മാർച്ച് 30നാണ് സത്യാഗ്രഹ പരിപാടികളാരംഭിച്ചത്. പോലീസ്സും സവർണ്ണഹിന്ദുക്കളിൽ യാഥാസ്ഥിതിക വിഭാഗവും സത്യാഗ്രഹികളെ സർവ്വവിധ ഉപദ്രവത്തിനും പാത്രീഭൂതരാക്കിയപ്പോൾ സവർണ്ണ ഹിന്ദുക്കളിൽ പ്രഗത്ഭമതികളായ മന്നത്ത് പത്മനാഭപിള്ള, ചങ്ങനാശ്ശേരി പരമേശ്വരൻപിള്ള തുടങ്ങിയവരും കോൺഗ്രസ്സ് നേതാക്കൻമാരും സത്യാഗ്രഹികളെ സർവ്വവിധേന പ്രോത്സാഹിപ്പിക്കുകയും ചെയ്തു. കെ.പി. കേശവമേനോൻ, ടി.കെ. മാധവൻ, എ.കെ. പിള്ള, സി.വി. കുഞ്ഞുരാമൻ, കെ. കേളപ്പൻ, കണ്ണന്തോടത്ത് വേലായുധമേനോൻ തുടങ്ങിയ കോൺഗ്രസ്സ് നേതാക്കൾ സത്യാഗ്രഹമനുഷ്ഠിച്ചവരുടെ കൂട്ടത്തിൽ പെടുന്നു. സുദീർഘമായ 20 മാസക്കാലം തുടർച്ചയായി നടന്ന ഈ സത്യാഗ്രഹ സമരം ഇൻഡ്യയിലാകമാനം പ്രതികരണമുളവാക്കിയ സംഭവമെന്നനിലയ്ക്ക് ഏറ്റവും അനുസ്മരണീയമാണ്. സി. രാജഗോപാലാചാരി, വിനോബഭാവെ, സ്വാമിശ്രദ്ധാനന്ദൻ, എസ്. ശ്രീനിവാസ അയ്യങ്കാർ, ഈ.വി. രാമസ്വാമി നായ്ക്കർ തുടങ്ങിയവർ വൈക്കത്തെത്തി സത്യാഗ്രഹികളെ അനുഗ്രഹിച്ചവരിൽപ്പെടുന്നു. പഞ്ചാബിൽ നിന്നും അകാലികളുടെ ഒരു സംഘവും വൈക്കം സന്ദർശിച്ചു. മഹാത്മജി 1925ൽ വൈക്കത്തെത്തി. ഔദ്യോഗിക കേന്ദ്രങ്ങളുമായി അദ്ദേഹം

നടത്തിയ അനുരഞ്ജന സംഭാഷണം വിജയിച്ചു. സത്യാഗ്രഹം പിൻവലിച്ചു. ഈ സംഭവം മൂലം ജാതിക്കെതിരായി ചിന്തിക്കുവാനും മനുഷ്യമഹിമാവിനെ മാനിക്കുന്നതിനുള്ള സന്ദേശം ജനതാമദ്ധ്യത്തിലെത്തിക്കുവാനും സാധിച്ചു. അവശവിഭാഗത്തിന്റെ ധാർമ്മിക പിന്തുണ നേടാൻ കോൺഗ്രസ്സിന് ഇത് കാരണം കഴിഞ്ഞുവെന്നതും സ്മരണീയമാണ്.

1924 ഫെബ്രുവരിയിൽ വൈക്കത്ത് ചേർന്ന കെ.പി.സി.സി. യോഗം കെ.പി. കേശവമേനോൻ സെക്രട്ടറി സ്ഥാനം രാജിവെച്ചത് സ്വീകരിക്കുകയും പകരം പി. രാമുണ്ണി മേനോനെ തൽസ്ഥാനത്ത് നിയമിക്കുകയും ചെയ്തിരുന്നു. സംസ്ഥാന കോൺഗ്രസ്സ് സംഘടനയുടെ നിർവ്വഹണ സമിതിയിലും മറ്റും മാറ്റം വരുത്തികൊണ്ടുള്ള ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കെ.പി.സി.സി. അംഗസംഖ്യ 75 ആക്കുകയും, സെക്രട്ടറി, ട്രഷറർ എന്നിവർക്ക് പുറമെ ഒരു സ്ഥിരാദ്ധ്യക്ഷൻ കൂടി വേണമെന്നും തീരുമാനിച്ചിരുന്നു. പ്രവർത്തക സമിതിയുടെ അംഗസംഖ്യ 10 ആയി നിജപ്പെടുത്തുകയുമുണ്ടായി. പുതിയ ഭരണഘടനയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പ്രസിഡണ്ട് കെ. മാധവൻ നായരായിരുന്നു. സെക്രട്ടറിയായി കെ. കേളപ്പനേയും ട്രഷററായി കെ. മാധവമേനോനേയും തിരഞ്ഞെടുത്തു. സെക്രട്ടറി സ്ഥാനം കുറെകഴിഞ്ഞ് കെ. കേളപ്പൻ രാജിവെച്ചതിനെ തുടർന്ന് കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് ഏറ്റെടുത്തു. 1925 ജൂണിൽ 'കേരള സ്വരാജ്യകക്ഷി'യുടെ ആഭിമുഖ്യത്തിൽ വി. കൃഷ്ണമേനോന്റെ ആദ്ധ്യക്ഷതയിൽ ഒരു യോഗം നടന്നു. സ്വരാജ്യ കക്ഷിയിൽ നിയമസഭയിൽ പ്രവേശിക്കുന്നതിന് അനുകൂലികളായ കോൺഗ്രസ്സുകാരാണുണ്ടായിരുന്നത്. മദിരാശി നിയമസഭയിലേക്ക് ആ വർഷം നടന്ന തിരഞ്ഞെടുപ്പിൽ കോൺ ഗ്രസ്സ് നാമനിർദ്ദേശം ചെയ്തിരുന്ന കെ. മാധവൻനായരും, വി. കൃഷ്ണമേനോനും വിജയികളായി.

ഇതേതുടർന്ന് 1927 ഏപ്രിൽ 16ന് കോഴിക്കോട്ട് വെച്ച് മൂന്നാം കേരള സംസ്ഥാനകോൺഗ്രസ്സ് സമ്മേളനം പൂർവ്വാധികം ഉഷാറോടുകൂടി നടത്തപ്പെട്ടു. ബോംബെ ക്രോണിക്കിൾ പത്രാധിപർ ബി.ജി. ഹോർണിമാന്റെ ആദ്ധ്യക്ഷതയിൽ കൂടിയ ഈ സമ്മേളനത്തിന്റെ സ്വാഗത സംഘം പ്രസിഡണ്ട് കെ. മാധവൻ നായരായിരുന്നു. ഈ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട പ്രധാന പ്രമേയങ്ങളിലൊന്ന് "ഇൻഡ്യയ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം നേടുകയെന്ന ലക്ഷ്യം പ്രഖ്യാപിക്കുവാൻ അഖിലേന്ത്യാ കോൺഗ്രസ്സിനോടാവശ്യപ്പെടുന്നു" എന്നതായിരുന്നു. വലിയ വാഗ്വാദത്തിന്ശേഷം പ്രമേയം വോട്ടിനിട്ടപ്പോൾ പാസ്സാകാതെ പോയി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അന്നത്തെ രാഷ്ട്രീയ വീക്ഷണത്തിലേക്ക് വെളിച്ചം വീശുവാനും അന്നത്തെ നേതാക്കൻമാരുടെ ചിന്താഗതി മനസ്സിലാക്കുവാനും ഇത് സഹായകമാണ്. പ്രമേയത്തെ അനുകൂലിച്ചവരിൽ കെ. കേളപ്പൻ, രാമുണ്ണിമേനോൻ തുടങ്ങിയവരുൾപ്പെടുമ്പോൾ എതിർത്തവരിൽ പ്രമുഖർ കെ. മാധവൻനായർ, യു. ഗോപാലമേനോൻ, ടി.ആർ. കൃഷ്ണസ്വാമിഅയ്യർ, കെ. മാധവമേനോൻ എന്നിവരുമാണ്.

1928 ഫെബ്രുവരി 3-ാം തീയതിയായിരുന്നുവല്ലോ സൈമൺ കമ്മീഷൻ ബോംബെയിൽ കപ്പലിറങ്ങിയത്. ഇൻഡ്യക്ക് പറ്റിയ ഭരണപരിഷ്ക്കാരത്തെപറ്റി അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ നിയമിതമായ ഈ കമ്മീഷനിൽ ഇംഗ്ലീഷ്കാർ മാത്രമാണുണ്ടായിരുന്നത്. കമ്മീഷനെ ബഹിഷ്ക്കരിക്കുകയെന്ന ആഹ്വാനം കോൺഗ്രസ്സ് നടത്തിയതിന്റെ ഫലമായി രാജ്യത്തുടനീളം ഹർത്താലും പ്രതിഷേധ പ്രകടനങ്ങളും നടന്ന കൂട്ടത്തിൽ കേരളവും പങ്കുചേർന്നു. കേരളത്തിൽ കോൺഗ്രസ്സ് പ്രവർത്തനം കുറെ നിശ്ചലമായിരുന്ന സന്ദർഭത്തിലാണ് ഈ പൊതു ഹർത്താലും ബഹിഷ്ക്കരണ സംരംഭവും നടന്നത്. അത് നിർജ്ജീവാവസ്ഥയിൽ നിന്നും കോൺഗ്രസ്സുകാരെ സജീവമാക്കി. കോഴിക്കോട് ആനി ബസന്റിന്റെ ആദ്ധ്യക്ഷതയിൽ 1937 ഡിസംബർ 1-നു ടൗൺഹാളിൽ കൂടിയ സമ്മേളനം ഇൻഡ്യാക്കാരുടെ അഭിമാനത്തെ ആകമാനം ഭത്സിക്കുന്ന സൈമൺ കമ്മിഷനെ ബഹി ഷ്ക്കരിക്കണമെന്ന തീരുമാനം എടുത്തു. ഒരു മാസത്തിന് ശേഷം കെ. മാധവൻനായരുടെ ആദ്ധ്യക്ഷതയിൽ മലബാർ ജില്ലാ സമ്മേളനം നടന്നു. കെ. ഉപ്പി സാഹിബ് ആയിരുന്നു സ്വാഗതസംഘാദ്ധ്യക്ഷൻ. സൈമൺ കമ്മിഷനെ ബഹിഷ്ക്കരിക്കുവാനുള്ള ആസൂത്രിത പദ്ധതി തയ്യാറാക്കിയത് ഈ സമ്മേളനത്തോടുകൂടിയാണ്. ഇതോടൊപ്പം കമ്മിഷനെ സ്വാഗതം ചെയ്യുവാനും സകല സഹകരണം നൽകുവാനും ആഹ്വാനം ചെയ്തുകൊണ്ടുള്ള മറ്റൊരു സമ്മേളനവും കോഴിക്കോട് വിളിച്ചു കൂടിയിരുന്നു. മഞ്ചേരി രമയ്യർ, പി.കെ. കുഞ്ഞി ശങ്കരമേനോൻ, കെ. മാധവൻ നായർ, എന്നിവരുടെ നേതൃത്വത്തിൽ ബഹിഷ്ക്കരണാനുകൂലികളും യോഗത്തിൽ സന്നിഹിതരായിരുന്നു. പൊതുജനങ്ങളുടെ പേരിൽ ഒരു പ്രമേയം പാസ്സാക്കുന്നതിനെ ഇവർ എതിർത്തപ്പോൾ ബഹിഷ്ക്കരണക്കാർ യോഗം വിട്ടിറങ്ങി പോകണമെന്ന് സംഘാടകർ ആവശ്യപ്പെട്ടതനുസരിച്ച് മാധവൻനായർ, മഞ്ചേരി രാമയ്യർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഹാളിൽ നിന്നും വലിയ ഒരു വിഭാഗം ആളുകൾ ഇറങ്ങിപ്പോകുകയും അവർ ജാഥയായി കോഴിക്കോട് ടൗൺഹാളിലെത്തി കെ. മാധവൻ നായരുടെ ആദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി സൈമൺ കമ്മിഷനെ ബഹിഷ്ക്കരിക്കുവാനാഹ്വാനം നൽകുന്ന ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. ഉറങ്ങിക്കിടന്നിരുന്ന രാഷ്ട്രീയാവേശത്തെ വിളിച്ചുണർത്തിയ സംഭവമെന്ന നിലക്ക് ഇത് വളരെ പ്രാധാന്യമർഹിക്കുന്നുണ്ട്. ബഹിഷ്ക്കരണ പ്രചാരണം വളരെ വിജയകരമായിരുന്നുവെന്നതിന് തെളിവാണ്.' കമ്മീഷൻ കപ്പലിറങ്ങിയ ഫെബ്രുവരി 3-ാം തീയതി കുഗ്രാമങ്ങളിൽ പോലും ആയിരക്കണക്കിന് ആളുകൾ സമ്മേളിച്ച് "സൈമൺ മടങ്ങി പോവുക" എന്ന മുദ്രാവാക്യം മുഴക്കി പ്രകടനങ്ങൾ നടത്തിയത്. ബഹിഷ്ക്കരണ ഭാഗമെന്ന

നിലയിൽ കോഴിക്കോട് മുൻസിപ്പൽ സ്കൂളുകൾ അടക്കുകയും മുൻസിപ്പൽ ആഫീസിൽ കറുത്ത കൊടി നാട്ടുകയും ചെയ്തു. ഇതേ തുടർന്ന് നഗര സഭാദ്ധ്യക്ഷൻ ഈ. നാരായണൻ നായരുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്താനുള്ള ഒരു ശ്രമം തല്പരകക്ഷികൾ നടത്തി. പക്ഷെ ജനങ്ങൾ അതിനെ ഒറ്റക്കെട്ടായിനിന്ന് പരാജയപ്പെടുത്തുകയും നഗര സഭാദ്ധ്യക്ഷനിൽ വിശ്വാസം രേഖപ്പെടുത്തുകയും ചെയ്തു. അങ്ങിനെ മലബാറിലെ രാഷ്ട്രീയാന്തരീക്ഷം അല്പം ചൂടായ സന്ദർഭമായിരുന്നു ഇത്. എറണാകുളത്തെത്തിയ കമ്മീഷന് കറുത്ത കൊടികളും മടങ്ങിപ്പോകുകയെന്ന മുദ്രാവാക്യമെഴുതിയ പ്ലെക്കാർഡുകളുമായി വമ്പിച്ച ഒരു ജനാവലിയുടെ പ്രതിഷേധ പ്രകടനമാണ് അഭിമുഖീകരിക്കേണ്ടതായി വന്നത്. കുരൂർ, കണ്ണന്തോടത്ത് വേലായുധമേനോൻ, വി.കെ. കുട്ടി സാഹിബ് തുടങ്ങിയവരുടെ നേതൃത്വത്തിൽനടന്ന ഈ പ്രകടനത്തിൽ ധാരാളം തൊഴിലാളികളും വിദ്യാർത്ഥികളും ഭാഗഭാക്കുകളായിരുന്നു. തിരുവിതാംകൂർ ഭാഗത്ത് അത്ര അധികം ബഹിഷ്ക്കരണ പ്രവർത്തനങ്ങൾ നടന്നിരുന്നതായി കാണുന്നില്ല.

എന്നാൽ പത്രസ്വാതന്ത്ര്യത്തെ നിഹനിക്കുന്ന റഗുലേഷനെതിരായി കേസരി എ. ബാലകൃഷ്ണപിള്ള തൊടുത്തുവിട്ട വിമർശനങ്ങൾ തിരുവനന്തപുരത്തെ രാഷ്ട്രീയ പ്രവർത്തനത്തിന്, സാരമായ ശക്തി നൽകിയിരുന്നു. 'പ്രബോധകൻ', 'കേസരി' എന്നി പത്രങ്ങളുടെ പ്രസിദ്ധീകരണങ്ങൾ അദ്ദേഹത്തിന് നിർത്തേണ്ടതായി വന്നു കൂടിയെങ്കിലും തിരുവിതാംകൂറിലാകമാനം ഉത്ബുദ്ധമായ രാഷ്ട്രീയചലനം സൃഷ്ടിക്കുവാൻ അന്ന് ഇതുമൂലം സാധിച്ചിരുന്നു. അത് പോലെ തന്നെ 1929ൽ തിരുവനന്തുപുരത്തു നടന്ന നാട്ടുരാജ്യ പ്രജാസമ്മേളനവും ആവേശകരമായ രാഷ്ട്രീയ സംഭവ വികാസങ്ങൾക്ക് ഹേതുവായി. ഉത്തരവാദ ഭരണത്തേയും നാട്ടുരാജ്യങ്ങളെ പൊതുവെ ബാധിക്കുന്ന മറ്റു പ്രശ്നങ്ങളേയും ഊന്നികൊണ്ടുള്ള പ്രമേയങ്ങളാണ് ഈ സഭ പാസ്സാക്കിയത്. സാഹിത്യ പഞ്ചാനനൻ പി.കെ. നാരായണപിള്ള സ്വാഗത സംഘാദ്ധ്യക്ഷനും, പറവൂർ ടി.കെ. നാരായണപിള്ള ട്രഷററും, ടി.എൻ. കുഞ്ഞുരാമൻനായർ വാളൻണ്ടിയർ ക്യാപ്റ്റനുമായിട്ടാണ് ഈ സമ്മേളനം സംഘടിപ്പിച്ചത്.

ഈ കാലത്ത് തന്നെയാണ് കുടിയായ്മ പ്രശ്നങ്ങൾ കോൺഗ്രസ്സിൻെറ പരിഗണനയിൽ ഗൗരവമായി തീർന്നത്. കുടിയാൻ പ്രശ്നത്തിന് കേരളത്തിലുടനീളം വളരെ പ്രചാരം കിട്ടി. 1923 ഏപ്രിൽ മാസത്തിൽ ഒരഖില കേരളകുടിയാൻ സമ്മേളനവും നാട്ടുരാജ്യ പ്രജാസമ്മേളനവും എറണാകുളത്ത് നടക്കുകയുണ്ടായി. അഖിലേന്ത്യാ കോൺഗ്രസ്സ് നേതാവായ ലാലാലജപത് റായിയുടെ അദ്ധ്യക്ഷതയിലാണ് കുടിയാൻ സമ്മേളനം നടന്നത്. കുടിയാൻമാർക്ക് ഭൂമിയിൽ സ്ഥിരാവകാശം നൽകണമെന്ന പ്രമേയം കെ.ടി. മാത്യു അവതരിപ്പിച്ചത് സമ്മേളനം പാസ്സാക്കി. എ.ബി. സേലം പ്രമേയത്തെ പിൻതാങ്ങി സംസാരിച്ചു. നാട്ടുരാജ്യ പ്രജാസമ്മേളനം പാസ്സാക്കിയ പ്രമേയങ്ങളിൽ പ്രധാനപ്പെട്ടത് തിരുവിതാംകൂറിനും കൊച്ചിക്കും ഉത്തരവാദിത്വഭരണം നൽകണമെന്നാവശ്യപ്പെടുന്നതായിരുന്നു. കേരളത്തിലെ ഉത്ബുദ്ധരായ ജനങ്ങളെ ആകർഷിച്ച മറ്റൊരു പ്രധാന സംഭവമായിരുന്നു 1928 ജൂലായ് മാസത്തിൽ ദക്ഷിണേന്ത്യാ റെയിൽവേ തൊഴിലാളികളുടെ പണിമുടക്കം. സംഘടിത ട്രെയിഡ് യൂണിയൻ പ്രസ്ഥാനത്തിൻെറ തുടക്കം കുറിച്ച ഈ സംഭവത്തിൽ കേരളത്തിലെ കോൺഗ്രസ്സ്കാരിൽ യു. ഗോപാലമേനോൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ പണിമുടക്കിയ തൊഴിലാളികൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയിരുന്നു. കോൺഗ്രസ്സ് ഒരു ബൂർഷ്വാ സംഘടനയാണെന്ന് പരക്കെയുണ്ടായിരുന്ന പരാതി മാറ്റുവാനും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ ന്യായമായ അവകാശവാദങ്ങൾക്ക് വേണ്ടി നിലനിൽക്കുന്ന ജനകീയ പ്രസ്ഥാനമാണിതെന്ന് തെളിയിക്കുവാനും തൻമൂലം സാധിച്ചു.

ഇങ്ങനെ കേരളത്തിലാകമാനം സജീവമായ രാഷ്ട്രീയ പ്രബുദ്ധത പ്രകടമായിരുന്ന സന്ദർഭത്തിലായിരുന്നു കേരള സംസ്ഥാന കോൺഗ്രസ്സിൻെറ നാലാം സമ്മേളനം പയ്യനൂർ വെച്ച് കൂടുന്നത്. യുവഭാരതത്തിൻെറ പ്രിയങ്കരനായ നേതാവ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവായിരുന്നു ഈ സമ്മേളനാദ്ധ്യക്ഷൻ എന്നത് തന്നെ ഇതിൻെറ അമിത പ്രാധാന്യത്തെ വിളിച്ചറിയിക്കുന്നുണ്ട്. കൊച്ചി, തിരുവിതാംകൂർ എന്നീ നാട്ടുരാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. മേയ് 25, 26, 27 എന്നീ ദിവസങ്ങളിലായിരുന്നു സമ്മേളനം നടന്നത്. കെ.ടി. കുമാരൻനമ്പ്യാർ ആയിരുന്നു സ്വാഗത സംഘാദ്ധ്യക്ഷൻ. ഈ കോൺഫ്രൻസിനോടനുബന്ധിച്ച് സാഹിത്യ സമ്മേളനം, ഉത്തര കേരള നായർ മാഹജനസഭ, കേരള ആര്യൻ കോൺഫ്രൻസ്, സമുദായ പരിഷ്ക്കരണ സമ്മേളനം, ആദികേരള സമ്മേളനം എന്നിവ കൂടി നടത്തപ്പെട്ടു. നെഹ്റുവിൻെറ ആദ്ധ്യക്ഷ പ്രസംഗം ആവേശകരമെന്നതുപോലെ ആലോചനാമൃതവുമായിരുന്നു. അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചതായി കാണുന്നു "നമ്മെ ഗ്രസിച്ചിരുന്ന ദോഷകരമായ സമ്പ്രദായങ്ങളെ നാം ത്യജിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ഈ രാജ്യവാസികളായ എല്ലാ സ്ത്രീ പുരുഷമാർക്കും ഒരു പോലെ ഉൽക്കർഷത്തിനുള്ള സൗകര്യം ഉണ്ടാക്കി തീർക്കേണ്ടതുണ്ട്."

അക്കൊല്ലം ഡിസംബറിൽ ലാഹോറിൽ നടന്ന കോൺഗ്രസ്സിൻെറ 44-ാം സമ്മേളനം പൂർണ്ണസ്വാതന്ത്ര്യ പ്രമേയം അംഗീകരിച്ചു. ജവഹർലാൽ നെഹ്റുവായിരുന്നു ആദ്ധ്യക്ഷൻ. ആലോചനയിലിരുന്ന ലണ്ടനിലെ വട്ടമേശ സമ്മേളനം ബഹിഷ്ക്കരിക്കുക, സിവിൽ നിയമലംഘന പ്രസ്ഥാനം തുടർന്നും നടത്തുക, 1930 ജനുവരി 26, ഇന്ത്യയൊട്ടുക്ക് പൂർണ്ണ സ്വാതന്ത്ര്യദിനമായി ആചരിക്കുക തുടങ്ങിയ ആവേശകരമായ തിരുമാനങ്ങൾ എടുത്ത സമ്മേളനമെന്ന നിലക്ക് സ്വാതന്ത്ര്യ സമരത്തിലെ ഒരു നാഴികക്കല്ലായി ലാഹോർ സമ്മേളനം

കണക്കാക്കപ്പെടുന്നു. 1930 മാർച്ച് 11-ാം തീയതിക്കു മുമ്പ് ഉപ്പു നികുതി എടുത്തു കളഞ്ഞില്ലെങ്കിൽ താൻ നിയമ ലംഘന പ്രസ്ഥാനം ആരംഭിക്കുമെന്ന് വൈസ്രോയിക്ക് ഗാന്ധിജി അന്ത്യശാസനം നൽകിയിരുന്നു. അതിന് അനുകൂലമായ പ്രതികരണം ലഭിക്കാത്തതുകൊണ്ട് 12-ാം തിയ്യതി 70 അനുയായികളോടുകൂടി ഉപ്പു നിയമം ലംഘിക്കുന്നതിനായി മഹാത്മഗാന്ധി ദണ്ഡിയിലേക്ക് കാൽനടയായി യാത്ര പുറപ്പെട്ടു. ചരിത്ര പ്രസിദ്ധമായ ദണ്ഡി യാത്രയിൽ അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നവരിൽ സി. കൃഷ്ണൻനായർ, ചാപ്പൻനായർ, ടൈറ്റസ്, ശങ്കരൻ എഴുത്തച്ഛൻ, രാഘവ പൊതുവാൾ, എന്നീ മലയാളികളും ഉൾപ്പെട്ടിരുന്നു. ഉപ്പ് സത്യാഗ്രഹത്തിന്റെ അലയൊലി കേരളമെങ്ങും മാറ്റൊലി കൊണ്ടു. ഏപ്രിൽ 13-ാം തിയ്യതി കെ. കേളപ്പന്റെ നേതൃത്വത്തിൽ കോഴിക്കോടു നിന്ന് പയ്യന്നൂർക്ക് പുറപ്പെട്ട കാൽനട ജാഥയിൽ വളരെപ്പേർ അത്യുത്സാഹത്തോടുകൂടി പങ്കെടുത്തു. ഇതേസമയം തന്നെ ടി.ആർ. കൃഷ്ണ സ്വാമി അയ്യരുടെ നേതൃത്വത്തിൽ പാലക്കാടു നിന്നും മറ്റൊരു ജാഥ പയ്യന്നൂർക്കു പുറപ്പെട്ടിരുന്നു. കടൽവെള്ളം വറ്റിച്ച് ഉപ്പുണ്ടാക്കി വില്പന നടത്തുന്ന പ്രക്രിയ നാട്ടിലുടനീളം നിർല്ലോഭം നടന്നിട്ടും അധികാരികൾ സത്യാഗ്രഹികളെ അറസ്റ്റു ചെയ്യുവാൻ മുതിർന്നില്ല.

എന്നാൽ മെയ് 5-ാം തീയതി മഹാത്മഗാന്ധിയെ അറസ്റ്റു ചെയ്തതോടുകൂടി കേരളത്തിലും മർദ്ദനനടപടികൾ ആരംഭിച്ചു. മെയ് 5-ാം തീയതി കോഴിക്കോട്ടു നിന്നും ഇ. മൊയ്തു മൗലവിയുടെ നേതൃത്വത്തിലും പയ്യോളിയിൽ നിന്നും ഇ.സി. കുഞ്ഞിക്കണ്ണൻ നമ്പ്യാരുടെ നേതൃത്വത്തിലും സത്യാഗ്രഹികൾ ജാഥയായി പയ്യന്നൂർക്ക് പുറപ്പെട്ടിരുന്നു. ഉൽസാഹപൂർണ്ണമായ സ്വീകരണമാണ് അവർക്ക് എല്ലാ സ്ഥലത്തും ലഭിച്ചത്. ഈ ജാഥാഅംഗങ്ങൾ പയ്യന്നൂരിൽ എത്തിയശേഷം അവിടെ നിന്നും സമരപ്രചരണാർത്ഥം പഴയങ്ങാടി, വളപട്ടണം, കണ്ണൂർ, തലശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ പ്രചാരണയോഗങ്ങൾ നടത്തി 11-ാം തിയ്യതി കോഴിക്കോട് എത്തിച്ചേർന്നു. 12-ാം തിയതി കോഴിക്കോട് കടപ്പുറത്ത് നിയമലംഘനം നടത്തുമെന്ന് ആദ്യമെ പ്രഖ്യാപിച്ചിരുന്നതുകൊണ്ട് കോഴിക്കോട് കടപ്പുറം ജന നിബിഡമായിരുന്നു. അന്നേദിവസം രാവിലെതന്നെ മുഹമ്മദ് അബ്ദുൾ റഹ്മാന്റേയും പി. കൃഷ്ണപിള്ളയുടെയും നേതൃത്വത്തിൽ 40 സന്നദ്ധഭടൻമാർ അൽഅമീൻ ലോഡ്ജിൽനിന്നും ത്രിവർണ്ണപതാകയും പിടിച്ച് ഘോഷയാത്രയായി കടപ്പുറത്തെത്തി. നേതാക്കൻമാരുടെ ചെറുപ്രസംഗത്തിനു ശേഷം കടൽവെള്ളം വറ്റിക്കാൻ ശ്രമം ആരംഭിച്ചതോടെ പോലിസ് ചാടിവീണ് കിരാതമായ മർദ്ദനം നടത്തി. ബൂട്ട്സുകൊണ്ടുള്ള ചവിട്ടും, ലാത്തിയടിയുമേറ്റ് 30ൽ അധികം സത്യാഗ്രഹികൾ അവശരായി. അബ്ദുൾ റഹ്മാനും, പി. കൃഷ്ണപിള്ളയും, ആർ.വി. ശർമ്മയും അവരുടെ കൈവശമുണ്ടായിരുന്ന ത്രിവർണ്ണപതാക പോലിസിന് വിട്ടുകൊടുക്കാതെ ഉയർത്തിപിടിച്ച കുറ്റത്തിനാണ് മർദ്ദനത്തിനിരയായത്. അബ്ദുൾ റഹ്മാൻ സാഹിബിന്റെ കയ്യിലുണ്ടായിരുന്ന ഉപ്പു പട്ടി പിടിച്ചെടുക്കാനുള്ള ശ്രമത്തിൽ സകലവിധ പോലീസ് മുറകളും പ്രയോഗിച്ച് പരാജയപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കഴുത്ത് രണ്ട് ലാത്തികൾക്കിടയിലാക്കി ഞെരിക്കുകയുണ്ടായി. കെ. കേളപ്പൻ, ടി.ആർ. കൃഷ്ണസ്വാമി അയ്യർ, ആർ.വി. ശർമ്മ, പി. കൃഷ്ണപിള്ള എന്നിവരെ 9 മാസം വീതം കഠിനതടവിന് ശിക്ഷിയ്ക്കുകയും ചെയ്തു. അറസ്റ്റും മർദ്ദനവും വർദ്ധിച്ചതോടെ ജനങ്ങളുടെ സമരാവേശവും ആളിക്കത്തി. മദ്യഷാപ്പുകൾ പിക്കറ്റു ചെയ്യുക, വിദേശസാധന ബഹിഷ്ക്കരണം നടത്തുക, ഉപ്പു നിയമം ലംഘിയ്ക്കുക തുടങ്ങിയവ സാർവ്വത്രികമായി. നാട്ടുരാജ്യങ്ങളിൽ നിയമലംഘനം കോൺഗ്രസ്സ് നിരുത്സാഹപ്പെടുത്തിയതിനാൽ തിരു - കൊച്ചിയിൽ നിന്നും കെ. കുമാർ, പൊന്നറ ശ്രീധർ, എം.പി. കുരുക്കൾ, വൈക്കം മുഹമ്മദ് ബഷീർ തുടങ്ങി പലരും മലബാറിൽ നടന്ന സമരത്തിൽ ഭാഗഭാക്കുകളാവുകയും, മർദ്ദനവും ജയിൽ വാസവും അനുഭവിക്കുകയും ഉണ്ടായിട്ടുണ്ട്. മറുനാടൻ മലയാളികളിൽ സി. രാമചന്ദ്രൻ, എ.കെ. പിള്ള, കെ.എ. സുബ്രഹ്മണ്യം, ആർ. കൃഷ്ണയ്യർ, ഡോ. പി.എം. നായർ, സി.കെ. സുബ്രഹ്മണ്യം, സി.കെ. നാരായണസ്വാമി, ആനന്ദതീർത്ഥൻ, എ. ചന്ദ്രഹാസൻ, രാമപ്പിഷാരടി. ജി. വിശ്വനാഥ്, സി.കെ. കർത്താ, കെ.എ. നാരാണൻ, കെ.കെ. മേനോൻ എന്നിവരുടെ പേരുകൾ സ്മരിക്കപ്പെടേണ്ടതാണ്.

സമരം രൂക്ഷമായിക്കൊണ്ടിരുന്ന കാലയളവിൽത്തന്നെയാണ് മെയ് 17-ാം തിയ്യതി പയ്യന്നൂരിൽ കൂടിയ കെ.പി.സി.സി. യോഗം കെ. മാധവൻനായരെ പ്രസിഡണ്ടായും, പി.കെ. കുഞ്ഞുശങ്കരമേനോനെ സെക്രട്ടറിയായും തിരഞ്ഞെടുത്തത്. കുറൂർ. നീലകണ്ഠൻ നമ്പൂതിരിപ്പാടായിരുന്നു സമ്മേളനാദ്ധ്യക്ഷൻ. ജൂൺ 8-ാം തിയ്യതി ഉപ്പു നിയമ ലംഘനദിനമായി മലബാറിലുടനീളം ആചരിച്ചതോടെ മിക്കവാറും കോൺഗ്രസ്സ് നേതാക്കൻമാർ ശിക്ഷക്കു വിധേയരായി ജയിലിൽ അടയ്ക്കപ്പെട്ടു. അക്കൂട്ടത്തിൽ കെ. മാധവൻനായർ, എസ്. നീലകണ്ഠഅയ്യർ, യു. ഗോപാലമേനോൻ, കൊങ്ങാട്ട് രാമൻ മേനോൻ, മിസ്സിസ് കൃഷ്ണസ്വാമി അയ്യർ, ഇ. മൊയ്തു മൗലവി, കൃഷ്ണൻ നമ്പ്യാർ, വിശ്വനാഥ ഭട്ട്, എം.എൻ. പിഷാരടി, പി. കുഞ്ഞിക്കണ്ണൻ നായർ, ടി.കെ. ഗോപാലൻ കിടാവ്, അച്ചുതൻവൈദ്യർ, കെ.എസ്. കുഞ്ഞിരാമൻ, എൽ.എസ്. പ്രഭു, വാസുദേവഷേണായി, ജനാർദ്ദന ഷേണായി എന്നിവർ ഉൾപ്പെടുന്നു. കെ. മാധവൻനായർ ജയിലിലായതിനെ തുടർന്നു കെ.പി.സി.സി പ്രസിഡണ്ടായി ടി. ഹസ്സൻകോയമൊല്ല നിയമിതനായി. സമരനേതാക്കളെ ഓരോരുത്തരെയായി ജയിലിലടച്ചുകൊണ്ടിരുന്നതിനാലും, കെ.പി.സി.സി.യെ നിയമലംഘനസംഘടനയായി ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നതിനാലും തുറന്ന പ്രവർത്തനം അസാദ്ധ്യമായിത്തീർന്നു. എങ്കിലും ഒളിവിലിരുന്നുകൊണ്ട് ദേശാഭിമാനികൾ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. 'കോൺഗ്രസ്സ് ബുള്ളറ്റിൻ' രഹസ്യമായച്ചടിച്ച് പ്രചരിപ്പിചിരു

ന്നത് കണ്ടു പിടിക്കുവാനധികാരികൾക്ക് കഴിഞ്ഞിരുന്നില്ല. ആയിരക്കണക്കിന് സ്ത്രീപുരുഷൻമാരെ മർദ്ദനത്തിനിരയാക്കിയ ഇംഗ്ലീഷ് ഭരണകൂടം മൂതിരിക്കൽ രാമൻകുട്ടിപ്പണിക്കർ, പി.കെ. പണിക്കർ എന്നി വരെ കണ്ണൂർ ജയിലിൽ വെച്ച് പൈശാചികമായി കൊല്ലുകയാണുണ്ടായത്.

1931 മാർച്ച് 4-ാം തീയതി ഗാന്ധി-ഇർവിൻസന്ധി ഒപ്പു വച്ചതോടെ ജയിലിൽനിന്നും നേതാക്കൻമാർ വിമോ ചിതരായി. കെ.പി.സി.സി. നിമയവിധേയമാക്കപ്പെട്ടു. മാർച്ച് 15ന് ചേർന്ന കെ.പി.സി.സി. കെ. കേളപ്പനെ പ്രസിഡണ്ടായും കെ. മാധവൻ നായരെ സെക്രട്ടറിയായും തിരഞ്ഞെടുത്തു. സമരം ശക്തിയാർജ്ജിച്ച സന്ദർഭത്തിൽ അത് പിൻവലിച്ചതും, ഭഗവത്സിംഗ്, സുഖദേവ്, രാജഗുരു എന്നി വിപ്ലവകാരികളെ കൊലമരത്തിൽ നിന്നും രക്ഷിക്കുവാൻ കഴിയാതെവന്നതും ഇൻഡ്യയിലുടനീളം അസംതൃപ്തിയുടെ വിത്ത് വിതച്ചു. കേരളത്തിലും ഇവയ്ക്കെ തിരെ പ്രതിഷേധപ്രകടനങ്ങളും യോഗങ്ങളും നടന്നു. അക്കൊല്ലം മേയ് 3, 4, 5 തീയതികളിൽ വടകരവെച്ച് കൂടിയ കേരള സംസ്ഥാന അഞ്ചാം സമ്മേള നത്തിൽ ഇത് പ്രകടമായി കാണുകയും ചെയ്തു. ക്ഷേത്ര ങ്ങൾ എല്ലാ ഹിന്ദുക്കൾക്കായി തുറന്നു കൊടുക്കണമെന്ന പ്രമേയം ഈ സമ്മേളനം പാസ്സാക്കിയിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ കോൺഗ്രസ്സ് പ്രവർത്തകർ മല ബാറിലാകെ സഞ്ചരിച്ചു. ഇതിനനുകൂലമായ പൊതു ജനാഭിപ്രായം ഉണ്ടാക്കി. നവംബർ 1-ാം തീയതി ഗുരുവായൂർ ക്ഷേത്രനടയ്ക്കൽ കേളപ്പൻെറ നേതൃത്വത്തിൽ സത്യാഗ്രഹം തുടങ്ങി. സനാതനഹിന്ദുക്കൾ സകലവിധ പ്രതിപ്രവർത്തന ങ്ങളും നടത്തി. വാളൻറിയർ ക്യാപ്റ്റനായിരുന്ന എ.കെ. ഗോപാലനെ അതികഠിനമായി മർദ്ദിച്ചവശനാക്കുകയും ചെയ്തു. ഇതോടെ സത്യാഗ്രഹത്തിൻെറ സ്വഭാവം തന്നെ ആകെമാറി. അഖിലേന്ത്യാ പ്രാധാന്യം ഗുരുവായൂർ സത്യാഗ്രഹത്തിന് ലഭിച്ചു. സത്യാഗ്രഹം കൂടുതൽ ശക്തമാക്കാനുദ്ദേശിച്ചുകൊണ്ട് കെ. കേളപ്പൻ 1932 സെപ്റ്റംബർ 1ന് നിരാഹാരസത്യാഗ്രഹവ്രതം തുടങ്ങി. സുദീർഘമായ ഒരു മാസക്കാലം നീണ്ടുനിന്ന നിരാഹാരസമരം ഗാന്ധിജിയുടെ ഉപദേശപ്രകാരം ഒക്ടോബർ 2ന് പിൻ വലിക്കേണ്ടതായി വന്നു. ക്ഷേത്രട്രസ്റ്റികളും രക്ഷാധി കാരിയായ സാമൂതിരിയും വഴങ്ങാതിരുന്നതിനാൽ ഉദ്ദേശിച്ച ഫലം ഉടനടി ഉണ്ടായില്ലെങ്കിലും ഐതൃത്തിനും, ജാതി യ്ക്കുമെതിരായ അവബോധം നാട്ടിലുണ്ടാക്കുവാനിതുപ കരിച്ചു. 1946ൽ മാത്രമാണ് ഗുരുവായൂർ ക്ഷേത്രം എല്ലാവർക്കുമായി തുറന്ന് കൊടുത്തത്.

രണ്ടാം വട്ടമേശ സമ്മേളനം അലസിപ്പിരിഞ്ഞതോടെ സിവിൽ നിമയലംഘനം രാജ്യത്തുടനീളം നടന്നു കൊണ്ടിരുന്നു. 1931 ഡിസംബർ 28ന്. മഹാത്മഗാന്ധിജി തിരിച്ചെത്തുന്നതിന് മുമ്പായിതന്നെ പണ്ഡിറ്റ് നെഹ്റു തുടങ്ങിയ നേതാക്കൻമാർ അറസ്റ്റിലായി. 1932 ജനുവരി ആദ്യം ഗാന്ധിജിയും ബന്ധനസ്ഥനായി. ഇതോടെ രാജ്യ വ്യാപകമായി സിവിൽ നിയമ ലംഘനവും പോലീസ് മർദ്ദന വും അറസ്റ്റും നടമാടി. സമരമാരംഭിച്ച് ഒരാഴ്ചക്കുള്ളിൽ മല ബാറിൽ 306 പേർ അറസ്റ്റിലായി. കെ.പി.സി.സി.യെ നിയമവിരുദ്ധസംഘടനയായി വീണ്ടും പ്രഖ്യാപിച്ചു. നിരോധനാജ്ഞകളേയും പോലീസ് വെല്ലുവിളികളേയും മറികടന്നുകൊണ്ട് 1932 മേയ് 15ന് ആറാംകേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം കോഴിക്കോട്ടുവെച്ച് സി. സാമുവൽ ആറോണിൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സംഘടന നിരോധിതമായിരുന്നതിനാൽ രഹസ്യമായാണ് സമ്മേളനം നടത്തിയിരുന്നതെങ്കിലും കേരളത്തിൻെറ എല്ലാ സ്ഥലത്തു നിന്നുമായി 400ൽ പരം പ്രതിനിധികൾ ഒന്നിച്ചു കൂടിയ ആവേശകരമായ സംഭവമായിരുന്നു അത്. പ്രതിനിധികൾ സമ്മേളനാനന്തരം ഘോഷയാത്രയായി പുറത്ത് വന്ന് പൊതുയോഗം നടത്തിയതോടെ ഈ 400 പ്രതിനിധികളേയും അറസ്റ്റു ചെയ്തു. സാമുവൽ ആറോണിനേയും ഭാര്യയേയും തടങ്ങലിലാക്കി. പ്രധാനപ്പെട്ട 12 നേതാക്കൻമാരുടെ പേരിൽ കേസ്സെടുത്തശേഷം മറ്റുള്ളവരെ വിട്ടയക്കുകയുമാണ് ചെയ്തത്. നിരോധന ഉത്തരവുകളെ വകവെക്കാതെ മല ബാറിൽ പ്രധാന സ്ഥലങ്ങളിലൊക്കെ ഓരോ മാസവും നാലാംതീയതി 'ഗാന്ധി ദിന'മായും, 26-ാം തിയതി 'പൂർണ്ണ സ്വാതന്ത്ര്യദിന'മായും ആചരിച്ചുപോന്നതിന് പുറമേ എല്ലാ ഞായറാഴ്ചയും പതാകദിനമായും കൊണ്ടാടിപ്പോന്നു. ഈ ഓരോ അവസരത്തിലും നൂറുകണക്കിന് പ്രവർത്തകർ പോ ലീസ് നരനായാട്ടിന്നിരയാകുകയും അനവധിപേർ കൽതുറ ങ്കിലടക്കപ്പെടുകയുമുണ്ടായിട്ടുണ്ട്. 1934 മേയ്മാസത്തിൽ ഗാന്ധിജി സിവിൽ നിയമലംഘനം പിൻവലിക്കുന്നത് വരെ കേരളത്തിൽ നിരന്തരം നടന്നിരുന്ന അറസ്റ്റും മർദ്ദനവും ഇംഗ്ലീഷ് ഭരണത്തിൻെറ കിരാതരൂപം സുവ്യക്തമാക്കുന്നവ യാണ്.

സിവിൽ നിയമലംഘനപ്രസ്ഥാനം പിൻവലിച്ച നടപടി യിൽ യുവാക്കൻമാരും തീവ്ര ദേശീയവാദികളും കനത്ത നിരാശയിലാണ്ടു. അവർ കോൺഗ്രസ്സിൽ ഒരിടതുപക്ഷമെന്ന നിലയ്ക്ക് ഒന്നിച്ച് പ്രവർത്തിക്കുന്നതിനായി 1934ൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി എന്ന പേരിൽ ഒരു സംഘ ടനയ്ക്ക് രൂപം കൊടുത്തു. ഇ.എം.എസ്., എ.കെ. ഗോപാലൻ, പി. കൃഷ്ണപിള്ള എന്നവിരായിരുന്നു ഇതിൻെറ നേതൃനിരയിൽ ഉണ്ടായിരുന്നത്. തീവ്രവാദികളായിരുന്ന മുഹമ്മദ് അബ്ദുൾ റഹിമാനും, ഈ. മൊയ്തുമൗലവി തുടങ്ങിയവരും കോൺ ഗ്രസ്സിലെ ഇടത് ചേരിയെ ശക്തമാക്കിയവരാണ്. തൻമൂലം കേരളത്തിലെ കോൺഗ്രസ്സ് സംഘടന ഇടതുപക്ഷ ചിന്താഗതിക്കാരുടെ പിടിയിലമർന്നു. 1934 ഒക്ടോബറിൽ ഷൊർണ്ണൂരിൽ കൂടിയ കെ.പി.സി.സി. യോഗത്തിൽ പാസാക്കപ്പെട്ട പ്രമേയങ്ങളിലൊന്ന് "സ്വാതന്ത്ര്യസമരത്തിൽ അക്രമരാഹിത്യം അഹിംസ തുടങ്ങിയ ഗാന്ധിയൻ തത്വശാസ്ത്ര ത്തിൻെറ പ്രായോഗികതയിൽ അവിശ്വാസം പ്രകടിപ്പിക്കുന്നു" എന്നതായിരുന്നു. അങ്ങിനെ കോൺഗ്രസ്സിലെ ഇടത്വലത് ചേരികൾ തമ്മിലുള്ള അഭിപ്രായഭിന്നത വിപുലമായിത്തീർന്നു.

ഇതേതുടർന്നു കോങ്ങാട്ടിൽ രാമൻമേനോൻ പ്രസിഡണ്ട് സ്ഥാനം രാജിവെയ്ക്കുകയും താത്കാലിക പ്രസിഡണ്ടായി എ.കെ. ഗോപാലൻ സ്ഥാനമേൽക്കുകയും ചെയ്തു.

അങ്ങിനെ ഇരുചേരികളും ശക്തമായി അഭിപ്രായ സംഘട്ടനം നടത്തിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് 1934 നവംബറിൽ കേന്ദ്രനിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പ് നടക്കുന്നത്. കോൺഗ്രസ്സുകാർ ആശയപരമായ ഭിന്നതകൾ മറന്ന് ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി സാമുവൽ ആറോൺ വലിയ ഭൂരിപക്ഷത്തിൽ തിരഞ്ഞെടുക്കപ്പെട്ടു. മുസ്ലിം നിയോജകമണ്ഡലത്തിൽ നിന്നും മൽസരിച്ച മുഹമ്മദ് അബ്ദുൾ റഹിമാൻ പരാജയപ്പെട്ടെങ്കിലും നല്ല ശതമാനം മുസ്ലിം വോട്ടുകൾ അദ്ദേഹം നേടി. അടുത്തവർഷം മേയ് 25ന് കേരള സംസ്ഥാന രാഷ്ട്രീയസമ്മേളനം കോഴിക്കോട് ബോംബെ ക്രോണിക്കിൾ പത്രാധിപർ എസ്.എ. ബ്രെൽവിയുടെ ആദ്ധ്യക്ഷതയിൽ നടന്നു. ഇത് ഏഴാമത്തെ അഖിലകേരള സമ്മേളനമായിരുന്നു. ഇൻഡ്യൻ ഭരണഘടനാ നിർമ്മാണം നടത്തുവാൻ കോൺസ്റ്റിറ്റുവൻറ് അസംബ്ലിക്ക് മാത്രമേ അവകാശമുള്ളൂവെന്ന് ഈ യോഗം പ്രഖ്യാപിച്ചു. ഇംഗ്ലീഷ്കാർ എറിഞ്ഞ് തരുന്ന ഭരണപരിഷ്ക്കാരത്തെ ബഹിഷ്ക്കരി ക്കുവാനും യോഗം ആഹ്വാനം ചെയ്തു. കർഷക - തൊഴിലാളി കളുടെ അടിയന്തരാവശ്യങ്ങൾ അനുവദിക്കുക, വിചാരണകൂടാതെ തടങ്കലിൽ വെച്ചിരിക്കുന്ന രാഷ്ട്രീയതടവുകാരെ വിട്ടയക്കുക, നാട്ടുരാജ്യങ്ങളെ ഇല്ലാതാക്കി ഐക്യകേരളം രൂപീകരിക്കുക, എം.എൻ. റോയിയെ വിട്ടയക്കുക തുടങ്ങിയ പ്രമേയങ്ങൾ യോഗം പാസ്സാക്കി. കെ.പി.സി.സി. യുടെ നേതൃത്വം ഇടതുപക്ഷക്കാരുടെ കൈകളിലമർന്നിരുന്നു. ഈ സമ്മേളനത്തോടനുബന്ധിച്ച് ഒരു സോഷ്യലിസ്റ്റ് സമ്മേളനവും ഒരു തൊഴിലാളി സമ്മേളനവും നടത്തുകയുണ്ടായി. എം.ആർ. മസാനിയും, ശ്രീമതി മണിബെൻകാരയുമായിരുന്നു യഥാക്രമം ഈ യോഗങ്ങളിൽ ആദ്ധ്യക്ഷപദം അലങ്കരിച്ചിരുന്നത്. ഈ സമ്മേളനാനന്തരം നടന്ന അനുരഞ്ജന സംഭാഷണങ്ങളുടെ ഫലമായി ഇടത്‌വലത് കക്ഷികൾ തമ്മിൽ യോജിച്ച് പ്രവർത്തിക്കുവാൻ തിരുമാനിച്ചുവെന്നതാണ് ഈ സമ്മേളനത്തിന്റെ മറ്റൊരു നേട്ടം. എന്നാൽ ഫലത്തിൽ വലതു നേതൃത്വത്തിന് സംഘടനയുടെ ആധിപത്യം ലഭിക്കുകയായുണ്ടായത്.

1935ലെ ഭരണപിഷ്ക്കാരവും തുടർന്ന് 1936ൽ നടന്ന പ്രവിശ്യാതിരഞ്ഞെടുപ്പുകളും കോൺഗ്രസ്സ് പ്രവർത്തനത്തെ കൂടുതൽ ഉഷാറാക്കി. ഭരണ പരിഷ്ക്കാര നിർദ്ദേശത്തോട് കോൺഗ്രസ്സിന്നനുഭാവമുണ്ടായിരുന്നില്ലെങ്കിലും തിരഞ്ഞെടുപ്പിൽ മത്സരിച്ച് തങ്ങളുടെ ജന സ്വാധീനം പ്രകടമാക്കുവാൻ തന്നെ നിശ്ചയിച്ചു. തിരഞ്ഞെടുപ്പിൽ മലബാറിൽ കോൺഗ്രസ്സ് മിക്ക സ്ഥാനങ്ങളും നേടി. മലബാറിൽ അന്നുണ്ടായിരുന്ന നാല് മുൻസിപ്പാലിറ്റികളിലും, ഡിസ്ട്രിക്ട് ബോർഡിലും കോൺഗ്രസ്സിന് തികഞ്ഞ ഭൂരിപക്ഷം കിട്ടി.

എന്നാൽ കർഷകതൊഴിലാളി പ്രശ്നങ്ങൾ, പട്ടിണി, തൊഴി ലില്ലായ്മ എന്നി കാര്യങ്ങൾ ജനശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണുന്നതിനുള്ള സംഘടിതശ്രമങ്ങളും ഇക്കാലത്ത് നടന്നിരുന്നു. എ.കെ. ഗോപാലന്റെ നേതൃത്വത്തിൽ കണ്ണൂർ നിന്നും മദ്രാസ് വരെ കാൽനടയായി പോയ പട്ടിണിജാഥ അക്കാലത്തെ വലിയ സംഭവമായിമാറി. കോൺഗ്രസ്സിലെ ഇടത് വലത് ഭിന്നതകൾ രൂക്ഷമായികൊണ്ടിരുന്ന കാലമായിരുന്നു ഇത്. കോൺഗ്രസ്സുകാർ മന്ത്രിപദം സ്വീകരിക്കരുതെന്ന് ഒരു വിഭാഗം വാദിച്ചുവെങ്കിലും സി. രാജഗോപാലാചാരിയുടെ നേതൃത്വത്തിൽ മദ്രാസ്സിൽ രൂപീകൃതമായ മന്ത്രിസഭയിൽ മലബാറിനെ പ്രതിനിധീകരിച്ച് കോങ്ങാട്ടിൽ രാമൻമേനോൻ ജയിൽ വകുപ്പ് മന്ത്രിയായി സ്ഥാനമേറ്റിരുന്നു. എന്നാൽ അദ്ദേഹം മരണമടഞ്ഞതോടെ ആ സ്ഥാനം ഡി.ജെ. വർക്കിക്ക് ലഭിച്ചു. കെ.പി.സി.സിയുടെ അക്കാലത്തെ ആദ്ധ്യക്ഷൻ മുഹമ്മത് അബ്ദുൾറഹിമാനും സെക്രട്ടറി ഇ.എം. ശങ്കരൻനമ്പൂതിരിപ്പാടു മായിരുന്നു. സുഭാഷ് ചന്ദ്രബോസ് കോഴിക്കോട് സന്ദർശിച്ചപ്പോൾ അദ്ദേഹത്തിന് മംഗളപത്രമോ, പൗരസ്വീകരണമോ കൊടു ക്കേണ്ടതില്ലെന്ന് വലത് പക്ഷ ഭൂരിപക്ഷമുണ്ടായിരുന്ന ഡിസ്ട്രിക്ട് ബോർഡിന്റെ തീരുമാനവും, ഈ നിലപാടിൽ ജനങ്ങൾക്കുള്ള ആക്ഷേപവും അഭിപ്രായവും അറിയിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് കെ.പി.സി.സി. പ്രസിഡണ്ട് അബ്ദുൾറഹിമാൻ സാഹിബ് ഇറക്കിയ സർക്കുലറും, കോൺഗ്രസ്സിലെ ഭിന്നിപ്പ് കൂടുതൽ രൂക്ഷമാക്കി. അതേസമയം സോഷ്യലിസ്റ്റ് - കമ്മ്യൂണിസ്റ്റ് വിഭാഗം കെ.പി.സി.സി സെക്രട്ടറിയായിരുന്ന ഇ.എം.എസ്സിന്റെയും കമ്മ്യൂണിസ്റ്റ് നേതാവായ പി. കൃഷ്ണപിള്ളയുടേയും നേതൃത്വത്തിൽ ആശയാദർശ അടിസ്ഥാനത്തിൽ കോൺഗ്ര സ്സിനകത്ത് നിന്നുകൊണ്ടുതന്നെ തീവ്രവാദി ഗ്രൂപ്പുകൾ സംഘടിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു.

ഇതിനിടയ്ക്കാണ് കോൺഗ്രസ്സിലെ എട്ടാം സമ്മേളനം 1938 ഏപ്രിൽ മാസത്തിൽ ജയപ്രകാശ് നാരായണന്റെ ആദ്ധ്യക്ഷതയിൽ കോഴിക്കോട് കൂടുന്നത്. പുതുതായി രൂപംകൊണ്ടിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിയമവിരുദ്ധ സംഘടനയായി ഗവർമ്മേണ്ട് പ്രഖ്യാപിച്ചിരുന്നു. ഈ നിരോധനം പിൻവലിക്കണമെന്ന് യോഗം പ്രമേയംമൂലം ആവശ്യപ്പെട്ടു. തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ് തന്നെ കെ.പി.സി.സി. പ്രസിഡണ്ടായും ഇ.എം.എസ്. നമ്പൂതിരിപ്പാട് സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. ഇതോടെ വലതുപക്ഷക്കാരുടെ പിടി സംഘടനാതലത്തിൽ കാര്യമായി കുറഞ്ഞു. ഈ ആശയ സംഘട്ടനത്തിന്റെ പ്രകടമായ തെളിവാണ് 1939ൽ ബക്കുളത്ത് കൂടിയ 9-ാം സമ്മേളനത്തിൽ കണ്ടത്. വലത്

പക്ഷക്കാർ സമ്മേളനം ബഹിഷ്ക്കരിച്ചു. കെ.പി.ആർ. ഗോപാലനും, ടി.സി. നാരായണൻ നമ്പ്യാരുമായിരുന്നു സ്വാഗതസംഘം സെക്രട്ടറിമാരെങ്കിൽ പി.എം. കുഞ്ഞുരാമൻ നമ്പ്യാർ അദ്ധ്യക്ഷനുമായിരുന്നു. കർഷക സമ്മേളനം, അദ്ധ്യാപകസമ്മേളനം എന്നിവ അതീവ ഉൽസാഹത്തോടുകൂടി നടത്തപ്പെട്ടു. തിരുവിതാംകൂറിലെ ഉത്തരവാദിത്വഭരണ പ്രക്ഷോഭണത്തെ സഹായിക്കുവാൻ പി. കൃഷ്ണപിള്ള, കെ. ദാമോദരമേനോൻ, പി. നാരായണൻനായർ, ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് എന്നിവരെ യോഗം ചുമതലപ്പെടുത്തി. ഇതിന് പുറമേ എ.കെ. ഗോപാലൻെറയും മുഹമ്മത് യൂസുഫിൻെറയും നേതൃത്വത്തിൽ ഓരോ ജാഥയെ തിരുവിതാംകൂറിലേക്കയച്ചതും സ്മരണീയമാണ്. മർദ്ദകവീരനായ ഹിച്ച്കോക്കിൻെറ പ്രതിമ നീക്കം ചെയ്യണമെന്നവാശ്യവുമായി എ.കെ. ഗോപാലൻ നടത്തിയ സത്യാഗ്രഹവും അനുസ്മരണീയമാണ്. അതേവിധം ഓർമ്മിക്കേണ്ട മറ്റൊരു വസ്തുതയാണ് ഇക്കാലത്ത് നടന്ന ഡിസ്ട്രിക്ട് ബോർഡ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ വലതുപക്ഷക്കാർ പരസ്യമായെതിർത്തുവെന്നത്. തൽഫലമായി കെ.പി.സി.സി. പ്രസിഡണ്ട് മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ് ഉൾപ്പെടെ പലരും പരാജയമടഞ്ഞു. എന്നിട്ടും കോൺഗ്രസ്സിനുതന്നെ ഭൂരിപക്ഷം കിട്ടി. ഈ ചേരിപ്പോരുന്നറുതിവരുന്നത് കോട്ടയ്ക്കൽവെച്ച് 1939 ൽ നടന്ന പത്താം സമ്മേളനത്തോടുകൂടിയാണ്. പഞ്ചാബ് പി.സി.സി. പ്രസിഡണ്ട് മിയാഇഫ്തിക്കറുദ്ദീൻ, മിസിസ്സ് രാധാബായ് സുബ്ബരായർ, ടി. പ്രകാശം എന്നി നേതാക്കൻമാരുടെ അനുരഞ്ജനശ്രമഫലമായി വലതുപക്ഷക്കാരിൽനിന്നും നാലു പേരെ കെ.പി.സി.സി.യിൽ ഉൾപ്പെടുത്തിക്കൊണ്ട് താൽക്കാലികമായി ഒത്തുതീർപ്പുണ്ടായി.

1939 സെപ്റ്റംബറിൽ രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചതോടെ, സംസ്ഥാനങ്ങളിലുണ്ടായിരുന്ന കോൺഗ്രസ്സ് മന്ത്രിസഭകൾ രാജിവെച്ചു. ഇൻഡ്യയോടും ഇൻഡ്യക്കാരോടും ആലോചിക്കാതെ ഒരാഗോളയുദ്ധത്തിൽ ഇൻഡ്യയെകൂടി ഭാഗഭാക്കാക്കുന്നതിൽ പ്രതിഷേധിച്ചായിരുന്നു രാജി. യുദ്ധപ്രവർത്തനങ്ങളെ നിരുൽസാഹപ്പെടുത്തുവാൻ തീരുമാനിച്ചെങ്കിലും ഇംഗ്ലീഷ് വിരുദ്ധ സമരങ്ങൾ തുടങ്ങുന്നത് യുദ്ധകാല പരിതസ്ഥിതിയിൽ ശരിയല്ലെന്നുള്ളതായിരുന്നു ഗാന്ധിജിയുടെയും മറ്റു വലതുപക്ഷ ചിന്താഗതിക്കാരുടെയും അഭിപ്രായം. എന്നാൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി അംഗങ്ങളും അനുഭാവികളും യുദ്ധവിരോധ പ്രവർത്തനവും സമരമാർഗങ്ങളും സ്വീകരിക്കണമെന്ന ശാഠ്യക്കാരുമായിരുന്നു. ഇതേതുടർന്ന് പണിമുടക്കുകളും, കർഷക- വിദ്യാർത്ഥി സമരങ്ങളും ഇൻഡ്യയിൽ പല ഭാഗത്തും നടന്നു. കേരളത്തിലും അതിൻെറ പ്രത്യാഘാതമുണ്ടായി. യുദ്ധകാല അടിയന്തിരനിയമങ്ങളുപയോഗിച്ച് കമ്മ്യൂണിസ്റ്റ് - സോഷ്യലിസ്റ്റ് - പുരോഗമനാഭിപ്രായഗതിക്കാരെ മുഴുക്കെ വിചാരണകൂടാതെ തടങ്കലിലടച്ചു. സുഭാഷ് ചന്ദ്രബോസും, കേരളത്തിൽ കെ.പി.സി.സി. പ്രസിഡണ്ടായിരുന്ന മുഹമ്മത് അബ്ദുൾറഹിമാൻ സാഹിബും തടങ്കലിലായി.

അതോടെ കെ.പി.സി.സി.യിൽ വ്യക്തമായ രണ്ടു ചേരികൾ തമ്മിൽ തുറന്ന സംഘട്ടനവും നടന്നു. 1940 ജൂലായ് 3-ാം തീയതി മുഹമ്മത് അബ്ദുൾ റഹിമാൻ സാഹിബ്ബിനെ അറസ്റ്റ് ചെയ്തതോടെ ഒഴിവുവന്ന പ്രസിഡണ്ട് സ്ഥാനത്തേക്ക് നടന്ന തിരഞ്ഞെടുപ്പിൽ കുഞ്ഞുരാമൻ നമ്പ്യാർ തെരഞ്ഞെടുക്കപ്പെട്ടു. കെ. ദാമോദരൻ സെക്രട്ടറിയുമായി. എന്നാൽ പരാജിതരായ വലതുപക്ഷക്കാർ പി.കെ. മൊയ്തീൻകുട്ടിയെ അദ്ധ്യക്ഷനാക്കിക്കൊണ്ട് ഒരു ബദൽ കെ.പി.സി.സി. രൂപീകരിക്കുകയാണ് ചെയ്തത്. 1940 സെപ്റ്റംബറിൽ വ്യക്തിസത്യാഗ്രഹസമരം ഗാന്ധിജി ആവിഷ്ക്കരിച്ചു. പക്ഷേ കേരളത്തിലെ കോൺഗ്രസ്സുകാർ അതിനെ പുച്ഛിക്കുക മാത്രമല്ല ബഹുജനസമരങ്ങൾ സംഘടിപ്പിക്കുവാൻ നിശ്ചയിക്കുകയും ചെയ്തു. കേന്ദ്ര നിർദ്ദേശത്തെ അവഗണിച്ചുകൊണ്ട് സെപ്റ്റംബർ 15ന് 'മർദ്ദന പ്രതിഷേധദിനം' മലബാറിലെമ്പാടും നടത്തി. പോലീസ് എല്ലാ മർദ്ദനമുറകളും നടത്തി. പലയിടത്തും പോലസ് വെടിവെച്ചു. തലശ്ശേരിയിൽ അബു, ചാത്തുക്കുട്ടി എന്നിവർ വെടിവെയ്പിൽ മരണമടഞ്ഞു. മൊറാഴ, മട്ടന്നൂർ തുടങ്ങിയ സ്ഥലങ്ങളിൽ സംഘർഷം മൂർഛിച്ചു. മൊറാഴയിൽ സബ്ഇൻസ്പെക്ടർ കൊലചെയ്യപ്പെട്ടു. ഈ കേസ്സിലാണ് കെ.പി.ആർ. ഗോപാലനെ തൂക്കികൊല്ലാൻ വിധിച്ചിരുന്നത്.

കോൺഗ്രസ്സ് ഹൈക്കമാൻണ്ടിൻെറ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ടുള്ള കെ.പി.സി.സി.യുടെ പോക്ക് പന്തിയല്ലന്ന് കണ്ട് ഡോ. പി. സുബ്ബരായ്യൻെറ നേതൃത്വത്തിൽ ഒരന്വേഷണകമ്മീഷൻ മലബാറിലെത്തുകയും നിലവിലിരുന്ന കെ.പി.സി.സി. യെ പിരിച്ച് വിട്ട് താൽക്കാലിക കമ്മിറ്റിയെ സംഘടനാതലത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. വ്യക്തിസത്യാഗ്രഹം ഇൻഡ്യയിൽ വ്യാപകമായതോടെ മലബാറിലും ധാരാളം പ്രവർത്തകർ സത്യാഗ്രഹമനുഷ്ഠിച്ച് ജയിൽവാസം വരിച്ചു. ആയിരത്തിൽപരമാളുകൾ അറസ്റ്റിലാകുകയും നിരവധിപേർ പോലീസ് മർദ്ദനത്തിന് വിധേയരാകുകയും ചെയ്തു. 1941 ഡിസംബറിൽ ഗാന്ധിജി വ്യക്തിസത്യാഗ്രഹം പിൻവലിച്ചു. അതോടെ തടങ്കലിലായിരുന്ന നേതാക്കൻമാരേയും പ്രവർത്തകരേയും വിട്ടയക്കുകയും ചെയ്തു.

അടുത്ത വർഷം റഷ്യ സഖ്യകക്ഷികളുമായി ചേർന്ന് ഹിറ്റ്ലർക്കും മുസ്സോളനിയ്ക്കുമെതിരായി യുദ്ധപ്രഖ്യാപനം നടത്തി. നാസിസത്തിനും ഫാസിസത്തിനുമെതിരായി സോഷ്യലിസ്റ്റ് റഷ്യ യുദ്ധരംഗത്തു വന്നപ്പോൾ അതുവരെ യുദ്ധവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി 'സാമ്രാജ്യത്വ യുദ്ധമെന്ന് വിളിച്ചിരുന്നതിനെ' ജനകീയ യുദ്ധമായി പ്രഖ്യാപിക്കുകയും ഇംഗ്ലീഷ് സഹായികളായി യുദ്ധത്തിന് എല്ലാ സഹകരണം പ്രഖ്യാപിക്കുകയും ചെയ്തത് ഇന്നും പ്രത്യയ ശാസ്ത്രപരമായ രൂക്ഷ വാദി പ്രതിവാദത്തിൻെറ

വിഷയമായവശേഷിക്കുന്നു. ഇതോടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേലുണ്ടായിരുന്ന നിരോധനം സർക്കാർ പിൻവലിച്ചു. ദേശീയവാദികളേയും കമ്മ്യൂണിസ്റ്റുകാരേയും ആശയപരമായ ധ്രുവീകരണത്തിന്നിടവരുത്തിയ സംഭവമായിരുന്നു ഇത്.

യുദ്ധത്തിന്റെ ഗതി ഇംഗ്ലീഷ്കാർക്ക് വിരുദ്ധമായി മാറിക്കൊണ്ടിരുന്നു. ജപ്പാൻ ആക്രമിച്ച് പല സ്ഥലങ്ങളും കീഴടക്കി. സുബാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ഇൻഡ്യൻ ദേശീയ സേന രൂപീകൃതമായി. ഇതൊക്കെ ദേശീയ നേതൃത്വവുമായി അനുരഞ്ജന സംഭാഷണം അനിവാര്യമാക്കിത്തീർത്തു. സർ സ്റ്റാഫോഡ് ക്രിപ്സ് ഇൻഡ്യയിലെത്തി ഗാന്ധിജി തുടങ്ങിയവരുമായി സംഭാഷണം നടത്തിയെങ്കിലും ഒരു ദേശീയ ഗവൺമെന്റ് രൂപീകരിക്കണമെന്ന ആശയത്തോടു പൊരുത്തപ്പെടാൻ ഇംഗ്ലീഷ്കാർക്ക് കഴിഞ്ഞില്ല. തുടർന്ന് ജൂലായ് 14ന് വാർദ്ധയിൽവെച്ച് കൂടിയ എ.ഐ.സി.സി. സമ്മേളനം അക്രമരഹിത സിവിൽ നിയമലംഘന പ്രസ്ഥാനം ആരംഭിക്കുവാൻ തീരുമാനിച്ചു. 1942 ആഗസ്റ്റ് 7, 8 തീയതികളിൽ ബോംബെയിൽ കൂടിയ എ.ഐ.സി.സി. 'ക്വിറ്റ് ഇൻഡ്യ' എന്ന പ്രസിദ്ധമായ പ്രമേയം അംഗീകരിച്ചു. പണ്ഡിറ്റ് നെഹ്റുവായിരുന്നു പ്രമേയമവതരിപ്പിച്ചത്. മൗലാന അബ്ദുൽകലാം ആസാദായിരുന്നു കോൺഗ്രസ്സ് പ്രസിഡണ്ട്. ആഗസ്റ്റ് എട്ടാം തീയതിതന്നെ ഗാന്ധിജി ഉൾപ്പെടെയുള്ള എല്ലാ നേതാക്കൻമാരേയും അറസ്റ്റ് ചെയ്തു. കേരളത്തിലേയും കോൺഗ്രസ്സ് നേതാക്കൻമാരാകമാനം കൽതുറങ്കിലടക്കപ്പെട്ടു.

നേതൃത്വ നിയന്ത്രണമുണ്ടാകാതെവന്നപ്പോൾ ഇൻഡ്യയിലുടനീളം അക്രമരഹിത സമരത്തിന്റെ മുഖഛായ മാറി. റെയിൽപാളങ്ങൾ നീക്കുക, പാലം പൊളിക്കുക, പോലീസ് സ്റ്റേഷനും സർക്കാരാഫീസുകളും അഗ്നിക്കിരയാക്കുക തുടങ്ങിയ ഭീകരപ്രവർത്തനങ്ങൾ നടന്നു. അതോടെ ഇംഗ്ലീഷ് പട്ടാളവും പോലീസും നടത്തിയ നരനായാട്ട് അവാച്യമാംവിധം കഠിനമായിരുന്നു. ഔദ്യോഗിക കണക്ക് പ്രകാരം തന്നെ 924 പേർ കൊല്ലപ്പെട്ടതായി രേഖകളുള്ളപ്പോൾ മരണമടഞ്ഞവരെത്രയായിരിക്കുമെന്ന് ഊഹിക്കുന്നതാണ് ഭേദം. ക്വിറ്റ് ഇൻഡ്യാ സമരത്തിന്റെ ഭാഗമായി കേരളത്തിൽ നിന്നുമാത്രം ആയിരത്തിൽപരം പ്രവർത്തകരെ ജയിലിലടക്കുകയും പതിനായിരക്കണക്കിന് ആളുകളെ ഭീകരമർദ്ദനത്തിന്നിരയാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ കോൺഗ്രസ് നേതാക്കൻമാർ മുഴുക്കെ ജയിലിലായതിനാൽ ബോംബെയിലായിരുന്ന മത്തായി മാഞ്ഞൂരാൻ, കെ.ബി. മേനോൻ തുടങ്ങിയവർ മലബാറിലെത്തി സമരത്തിന് നേതൃത്വം കൊടുത്തു. കേരളത്തിൽ പലയിടത്തും പഠിപ്പുമുടക്കും, കോടതി ബഹിഷ്ക്കരണവും, പണിമുടക്കും നടന്നു. സമരം മൂർച്ഛിക്കുന്നതോടു കൂടി മർദ്ദനവും രൂക്ഷമായിക്കൊണ്ടിരുന്നു. അതിന്റെ ഫലമായിട്ടാണ് മലബാറിൽ ബോംബുകളും ഡയനാമിറ്റുകളും വ്യാപകമായ തോതിൽ നിർമ്മാണം തുടങ്ങിയത്. ചെമഞ്ചേരി സബ്റജിസ്ട്രാർ ഓഫീസ്, റെയിൽവേസ്റ്റേഷൻ, തിരുവള്ളൂർ റെയിൽവേഷെഡ്, കൊക്കല്ലൂർ അംശക്കച്ചേരി, കുന്നത്തറ അംശക്കച്ചേരി, തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ അഗ്നിക്കിരയാക്കി. ഉള്ളിയേരി പാലം പറ്റെ നശിപ്പിച്ചു. ഫറോക്ക് പാലത്തിന് ഡയനാമിറ്റ് പൊട്ടി കേടുപറ്റി. തലശ്ശേരി റെയിൽവേസ്റ്റേഷൻ ഭാഗികമായി കത്തിനശിച്ചു. ഇവിടങ്ങളിലൊക്കെ ടെലിഗ്രാഫ് കമ്പികൾ മുറിച്ച് കളയുകയും ചെയ്തു. തലശ്ശേരി കോടതി കെട്ടിടവും മതിലും ഡയനാമിറ്റിനിരയായി. പല സ്ഥലത്തും ചെറുതും വലുതുമായ പാലങ്ങൾ പൊളിച്ച് പട്ടാളനീക്കത്തെ പരാജയപ്പെടുത്തി. റെയിൽവേ സ്ലീപ്പറുകൾ പലയിടത്തും കത്തിനശിച്ചു. ഇതിനേക്കാളൊക്കെ പ്രധാനമായ കേസ്സായിരുന്നു 'കീഴരിയൂർ' ബോംബ്കേസ്. മലബാറിലെ സർക്കാർ സ്ഥാപനങ്ങളും പാലങ്ങളും മുഴുക്കെ തകർക്കുവാനായി വ്യാപകമായ തോതിൽ കീഴരിയൂർ വച്ച് ബോംബ് നിർമ്മാണം നടത്തിയെന്നതായിരുന്നു ഈ കേസ്സിന്നാസ്പദമായ കുറ്റം. 32 പ്രതികളാണ് ഇതിലുണ്ടായിരുന്നത്. ഡോ. കെ.ബി. മേനോനും മത്തായി മാഞ്ഞൂരാനും ഇവരിൽ ഉൾപ്പെട്ടിരുന്നു. മത്തായി മാഞ്ഞൂരാൻ ഉൾപ്പെടെ മൂന്നുപേർ ഒളിവിൽ പോയി. ഇവരിൽ 12 പേരെ 7 വർഷം വീതം കഠിന തടവിനും ഒരാളെ 10 വർഷത്തിനും ശിക്ഷിച്ചു. മറ്റുള്ളവരെ വിട്ടയച്ചെങ്കിലും കോടതിവളപ്പിൽ വെച്ച് തന്നെ വീണ്ടും മറ്റു കേസ്സുകൾ ചുമത്തി അറസ്റ്റുചെയ്തിരുന്നു. അതുപോലെ ഡോ. കെ.ബി. മേനോൻ ഉൾപ്പെടെ നാലുപേരെ ഗവർമ്മേണ്ട് അപ്പീലിന്റെ അടിസ്ഥാനത്തിൽ 6ന് പകരം 10 വർഷം വീതവും ശിക്ഷ നൽകി.

ക്വിറ്റ് ഇൻഡ്യാ സമരത്തോട് കൂടി കേരളത്തിൽ നടന്ന മറ്റൊരു പ്രധാനസംഭവം പെനാംഗിൽനിന്നും പരിശീലനം നേടിയ മലയാളികൾ മുങ്ങിക്കപ്പലിൽ മലബാർ തീരത്തെത്തിയതായിരുന്നു. ബറോഡയിലും മറ്റു സ്ഥലങ്ങളിലുമായി വന്നെത്തിയ ഇൻഡ്യാക്കാരിൽ പലരും മലയാളികളായിരുന്നു. ഇവരെയെല്ലാം ജാപ്പ് ചാരൻമാരെന്ന നിലയ്ക്കാണ് അറസ്റ്റ് ചെയ്തു ശിക്ഷിച്ചത്. അനന്തൻനായർ, അബ്ദുൾകാദർ, ബോണിഫേഡ്, പി.ടി. കുമാരൻനായർ, തേവർ, ഫോജാസിംങ്, ബർദാർ എന്നിവരെ വധശിക്ഷയ്ക്ക് വിധേയരാക്കി, 'സാമ്രാജ്യത്വം നശിക്കട്ടെ' എന്ന മുദ്രാവാക്യം വിളിച്ചു. 'വന്ദേമാതരഗാന' മാലപിച്ചും കൊണ്ടാണ് ഇവരത്രയും കഴുമരത്തിൽ കയറിയത്. കേരളത്തിലെ സ്വാതന്ത്ര്യസമര രക്തസാക്ഷികളുടെ കൂട്ടത്തിൽ എക്കാലവും ആവേശം പകരുന്ന സ്വാതന്ത്ര്യമോഹത്തിന്റെ നിസ്തുല പ്രതീകങ്ങളായി ഇവർ ശോഭിക്കുന്നു. നിസ്വാർത്ഥ ത്യാഗത്തിന്റെയും നിസ്സീമമായ സഹനത്തിന്റേയും രോമാഞ്ചം കൊള്ളിക്കുന്ന എത്രയെത്ര കഥകളാണിതുപോലെ കേരളത്തിന് പറയുവാനുള്ളത്. ഒളിവിൽ കഴിഞ്ഞിരുന്ന പ്രവർത്തകരാകട്ടെ ഭീരുക്കളെപ്പോലെ കഴിഞ്ഞുകൂടുകയായിരുന്നില്ല. സമരാവേശം ആളിക്കത്തിക്കുന്നതിനായി രഹസ്യപ്രവർത്തനങ്ങൾ നടത്തുകയായിരുന്നു.

ലഘുലേഖകളും, വാരികകളും പ്രചരിപ്പിക്കുകയും യുദ്ധ വിരുദ്ധ സാഹിത്യം അച്ചടിച്ചിറക്കുകയും ചെയ്തിരുന്ന അവർ ജീവൻ പണയപ്പെടുത്തിയാണിവയെല്ലാം ചെയ്തിരുന്നത്. അങ്ങനെ ദേശീയ സമരങ്ങളിൽ മറ്റേതു സംസ്ഥാനത്തേക്കാളും ഒട്ടും പിന്നിലായിരുന്നില്ല കേരളമെന്ന കാര്യത്തിൽ നമുക്കഭിമാനിക്കാം.

1944 മേയ് മാസത്തിൽ ഗന്ധിജി ജയിൽ വിമോചിതനായി. ക്വിറ്റ് ഇൻഡ്യാസമരം താമസിയാതെ പിൻവലിച്ചതോടെ നേതാക്കൻമാർ ഒന്നടങ്കം വിമോചിതരാകുകയും ചെയ്തു. സഖ്യകക്ഷികൾ വിജയക്കൊടി നാട്ടിയ രണ്ടാം ലോക മഹായുദ്ധം 1945ൽ അവസാനിച്ചു. നിയമവിരുദ്ധ സംഘടനയായി പ്രഖ്യാപിച്ചിരുന്ന കെ.പി.സി.സി.യുടെ നിരോധനം നീക്കിയതോടെ കോഴിപ്പുറത്ത് മാധവമേനോൻ പ്രസിഡണ്ടായും സി.കെ. ഗോവിന്ദൻനായർ സെക്രട്ടറിയുമായി. അടുത്തവർഷം പ്രസിഡണ്ടായത് കെ. കേളപ്പനായിരുന്നു. മുഹമ്മത് അബ്ദുൾ റഹിമാൻസാഹിബും, ഡോ. കെ.ബി. മേനോനും ജയിലിൽ നിന്നും വിമോചിതരുമായി. മദ്രാസ് നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ ബഹു ഭൂരിപക്ഷം നേടി വിജയികളായി. ഭരണഘടനാ നിർമ്മാണ സഭയിലേക്ക് ഈ. മൊയ്തു മൗലവി, ശ്രീമതി ദാക്ഷായണി വേലായുധൻ, അമ്പലക്കാട് കരുണാകരമേനോൻ, പി. കുഞ്ഞിരാമൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. തിരഞ്ഞെടുപ്പ് കഴിഞ്ഞ് ടി. പ്രകാശം രൂപീകരിച്ച മന്ത്രിസഭയിൽ ആർ. രാഘവമേനോൻ അംഗമായിരുന്നു. ടി. പ്രകാശത്തിൻെറ മന്ത്രിസഭയുടെ രാജിക്കുശേഷം രൂപീകൃതമായ ഓമന്തൂർ മന്ത്രിസഭയിൽ മലബാറിനെ പ്രതിനിധീകരിച്ചത് കോഴിപ്പുറത്ത് മാധവമേനോനാണ്. 1945 നവംബർ 23-ാം തീയതി മുഹമ്മദ് അബ്ദുൾ റഹിമാൻ സാഹിബ് കൊടിയത്തൂരിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിച്ചുകൊണ്ട് നിൽക്കവെ ആകസ്മികമായി മരണമടഞ്ഞത് മലബാറിലെ കോൺഗ്രസ്സ് പ്രസ്ഥാനത്തിന്നേറ്റ വലിയ ഒരാഘാതമായിരുന്നു. മലബാർ, മന്ത്രിസഭയിൽ പ്രതിനിധീകരിക്കപ്പെട്ടതോടെ കോൺഗ്രസ്സുകാരിൽ നവോൻമേഷം കളിയാടി. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഡിസ്ട്രിക്ട് ബോർഡ് ഇവകളിലും കോൺഗ്രസ്സ് കക്ഷി ഭരണത്തിലെത്തി. എന്നാൽ ഇടതുപക്ഷ ചിന്താഗതിക്കാരും, സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി എന്നിവയുടെ പ്രവർത്തകരും കോൺഗ്രസ്സ് മന്ത്രിസഭാ പ്രവർത്തനങ്ങളുടെ നിശിത വിമർശകരായി മാറി. തൊഴിലാളി - കർഷക സമരങ്ങളും വിദ്യാർത്ഥി പഠിപ്പുമുടക്കും മറ്റും നടത്തി അവർ പ്രതിപക്ഷ പാർട്ടികളായി വളർന്നു. കയ്യൂരും, പുന്നപ്ര - വയലാറിലും നടന്ന കർഷക - തൊഴിലാളി സമരങ്ങൾ കേരളത്തിൽ വ്യക്തമായ രാഷ്ട്രീയ ധ്രുവീകരണം സംജാതമാക്കി. 1949ലെ തിരുകൊച്ചി സംയോജനവും 1957ലെ കേരള സംസ്ഥാന രൂപീകരണവുമാണ് കേരളത്തെ ഭാഷാടിസ്ഥാനത്തിൽ ഒരേകീകൃത സംസ്ഥാനമാക്കുന്നത്.

1938ൽ കൊച്ചിയിൽ നടപ്പാക്കിയ ഭരണ പരിഷ്ക്കാരം നാട്ടുരാജ്യങ്ങളിൽ ആദ്യമായുണ്ടായ ഉത്തരവാദിത്വ ഭരണത്തിലേക്കുള്ള കാൽവെയ്പ്പ് എന്ന നിലയിൽ പ്രശംസാർഹമായിരുന്നു. ഇതേ തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ പ്രാദേശിക പാർട്ടികളായ കൊച്ചിൻ സ്റ്റെയിറ്റ് കോൺഗ്രസ്സും, കൊച്ചിൻ കോൺഗ്രസ്സും പ്രോഗ്രസ്സീവ് പാർട്ടിയും സ്ഥാനാർത്ഥികളെ നിർത്തി മത്സരിച്ചു. ആദ്യത്തേതിന് 12ഉം രണ്ടാമത്തേതിന് 13ഉം സീറ്റുകൾ വീതം കിട്ടി. അങ്ങനെ കൊച്ചിയിലെ പ്രഥമ ജനകീയ മന്ത്രിയായി കൊച്ചിൻ കോൺഗ്രസ്സിലെ അമ്പാട്ടു ശിവരാമമേനോൻ അവരോധിക്കപ്പെട്ടു. അദ്ദേഹത്തിൻെറ മരണത്തെ തുടർന്ന് ഡോ. എ.ആർ. മേനോനാണ് ഈ സ്ഥാനമേറ്റത്. പക്ഷേ ഒരവിശ്വാസ പ്രമേയത്തെ തുടർന്ന് അദ്ദേഹം 1942ൽ രാജിവെച്ചു. പിന്നീട് ടി.കെ. നായർ ഗ്രാമോദ്ധാരണ മന്ത്രിയായി. അദ്ദേഹം 1945 വരെ ആ സ്ഥാനം നിലനിർത്തി.

ഇതിനിടയിൽ നാട്ടു രാജ്യങ്ങളുടെ ആഭ്യന്തര പ്രശ്നങ്ങളെ നേരിടുവാൻ സംഘടനകൾ അതാത് പ്രദേശത്തുണ്ടാകേണ്ടത് ആവശ്യമായ തീർന്നിരുന്നു. കോൺഗ്രസ്സ് ആദർശങ്ങളിലും പരിപാടികളിലും വിശ്വസിക്കുന്നവരുടെ ഒരു യോഗം 1941 ജനുവരി 26ന് വി.ആർ. കൃഷ്ണനെഴുത്തച്ഛൻെറ നേതൃത്വത്തിൽ തൃശൂർ വെച്ചുകൂടി കൊച്ചി രാജ്യപ്രജാമണ്ഡലം എന്നൊരു സംഘടന രൂപീകരിച്ചു. എസ്. നീലകണ്ഠയ്യർ പ്രസിഡണ്ടും, വി.ആർ. കൃഷ്ണനെഴുത്തച്ഛൻ സെക്രട്ടറിയുമായി രൂപീകരിച്ച ഈ സംഘടനയാണ് പിന്നീട് കൊച്ചിയുടെ രാഷ്ട്രീയ ഭാഗദേയം നിർണ്ണയിച്ചത്. 1942ൽ ഇരിങ്ങാലക്കുട നടത്തുവാൻ നിശ്ചയിച്ചിരുന്ന പ്രഥമവാർഷികസമ്മേളനം നിരോധിക്കപ്പെട്ടു. നേതാക്കൻമാരെ അറസ്റ്റ് ചെയ്യുകയും പുറമേനിന്ന് ആരേയും ആ പ്രദേശത്ത് കടക്കുന്നതിനെ കർശനമായി തടയകുയം ചെയ്തു. എന്നാൽ ദേശാഭിമാന പ്രചോദിതരായ പ്രജാമണ്ഡലം പ്രവർത്തകർ നിരോധനം ലംഘിച്ച് യഥാസമയം നടത്തിയസമ്മേളനം രാഷ്ട്രീയമായ ഊർജ്ജം കുറച്ചൊന്നുമല്ലാ പ്രദാനം ചെയ്തത്. മൂവ്വായരിത്തിനുമേൽ ജനങ്ങൾ സംബന്ധിച്ച സമ്മേളനം വലിയ ആവേശജനകമായിരുന്നു. പ്രജാമണ്ഡലത്തിൻെറ പ്രശസ്തി വളരെ ഉയർത്തിയ സംഭവമായിരുന്നു അത്.

1946ൽ നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ പ്രജാമണ്ഡലം മത്സരിക്കാമെന്ന് തിരുമാനിച്ചതോടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി. പ്രജാമണ്ഡലം സ്ഥാനാർത്ഥികളിൽ 12 പേർ വിജയികളായി. സ്വതന്ത്രസ്ഥാനാർത്ഥികളായി ജയിച്ച് വന്നവർ ചെറിയ നിയമസഭാ ഗ്രൂപ്പുകളുമുണ്ടാക്കി. പനമ്പള്ളി ഗോവിന്ദമേനോൻ പ്രജാ മണ്ഡലത്തിൻെറ നിയമസഭാ നേതാവായി. പറമ്പി ലോനപ്പൻെറ നേതൃത്വത്തിൽ 'നാഷണലിസ്റ്റ് ഗ്രൂപ്പും', കെ. അയ്യപ്പൻെറ നേതൃത്വത്തിൽ 'സോഷ്യലിസ്റ്റ് ഗ്രൂപ്പും', ടി.കെ. നായരുടെ നേതൃത്വത്തിൽ 'പ്രൊഗ്രസ്സിവ് ഗ്രൂപ്പും', നിയമസഭയിൽ സംജാതമായി. തിരഞ്ഞെടുപ്പ് കഴിഞ്ഞ് പ്രജാമണ്ഡലത്തിൻെറ

വാർഷികാഘോഷം തൃശൂർവെച്ച് നടത്തി. ഇ.പ. ഇക്കണ്ട വാര്യരായിരുന്നു പ്രജാമണ്ഡലം ആദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടത്. അതിന്നടുത്തകാലത്താണ് നെല്ലായിയിൽ വളരെയധികം ജനശ്രദ്ധ ആകർഷിച്ച ഉപതിരഞ്ഞെടുപ്പ് നടന്നത്. ഈ തിരഞ്ഞെടുപ്പിൽ സർക്കാർ സഹായികളേയും പ്രതിലോമ ശക്തികളേയും പരാജയപ്പെടുത്തിക്കൊണ്ട് പ്രജാമണ്ഡലം സ്ഥാനാർത്ഥിയുടെ വിജയം സംഘടനയുടെ പ്രശസ്തി ഏറെ പ്രബലത്താക്കിയ സംഭവമാണ്.

ഉത്തരവാദിത്വഭരണ പ്രക്ഷോഭണത്തിലെ അവിസ്മരണീയമായ സംഭവമാണ് 1121 കർക്കിടകം 13 (1946 ജൂലായ് 21) ഉത്തരവാദിത്വഭരണ ദിനമായി നടത്തിയത്. കൊച്ചിയിലെ എല്ലാ സംഘടനകളും ഏകോപിതമായി നടത്തിയ കർക്കിടകം 13ന്റെ ആഹ്വാനം ഏറ്റവും ഫലപ്രദമായ പ്രതികരണമുളവാക്കുകയും ചെയ്തു. അന്നത്തെ മന്ത്രിമാരായിരുന്ന പറമ്പിലോനപ്പന്റെയും, കെ. ബാലകൃഷ്ണമേനോന്റെയും പേരിൽ നിയമസഭയിലെ പ്രജാമണ്ഡലം ഉൾപ്പെടെയുള്ള 30 അംഗങ്ങൾ അവിശ്വാസം രേഖപ്പെടുത്തുന്ന പ്രമേയം പാസാക്കി. മന്ത്രിമാർ രാജിവെച്ചു. പ്രജാമണ്ഡലം കക്ഷിയുടെ നേതാവായ പനമ്പിള്ളി ഗോവിന്ദമേനോനെ മന്ത്രിസഭാ രൂപീകരണത്തിന് ദിവാൻ ക്ഷണിച്ചെങ്കിലും അദ്ദേഹം അത് നിരസിക്കുകയാണ് ചെയ്തത്. പ്രതിസന്ധി ഒഴിവാക്കുവാൻ മറ്റു മാർഗ്ഗങ്ങളൊക്കെ അടഞ്ഞപ്പോൾ 1946 ആഗസ്റ്റ് 17-ന് കൊച്ചിമഹാരാജാവ് ഒരു ഭരണപരിഷ്ക്കാരവിളംബരം പുറപ്പെടുവിച്ചു. നിയമസമാധാനവും ധനകാര്യവും ഒഴികേയുള്ള എല്ലാ വകുപ്പുകളും ജനകീയമന്ത്രിമാരിലേക്ക് നൽകുന്നതായിരുന്നു ഈ നടപടി. കെ. അയ്യപ്പന്റെയും ടി.കെ. നായരുടെയും നിയമസഭാ ഗ്രൂപ്പുകൾ ഇതിനെ സ്വാഗതം ചെയ്തെങ്കിലും പ്രജാമണ്ഡലം അത് സ്വീകരിക്കുന്നത് പാർട്ടിതലത്തിൽ ചൂടുപിടിച്ച ചർച്ചക്കു ശേഷമാണ്.

അങ്ങനെ മന്ത്രിസഭാരൂപീകരണത്തിന് തയ്യാറായ പ്രജാമണ്ഡലത്തിന്റെ പ്രതിനിധികൾ പനമ്പിള്ളി ഗോവിന്ദമേനോനും, സി.ആർ. ഇയ്യുണ്ണിയുമായിരുന്നു. ടി.കെ. നായരും, കെ. അയ്യപ്പനുമായിരുന്നു അവരുടെ ഗ്രൂപ്പുകളുടെ മന്ത്രിസഭാ പ്രതിനിധികൾ. ഈ മന്ത്രിസഭ 1946 സെപ്റ്റംബറിൽ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഈ മന്ത്രിസഭ, രാഷ്ട്രീയ തടവുകാരെ മോചിപ്പിച്ചതും, പത്ര സ്വാതന്ത്ര്യത്തെ നിഹനിക്കുന്ന നിയമം അസാധുവാക്കിയതും, തൊഴിലാളിക്ഷേമത്തെ മുൻനിർത്തി പല നിയമങ്ങൾ ഉണ്ടാക്കിയതും, ക്ഷേത്രപ്രവേശന വിളംബരം നടത്തിയതും എടുത്തു പറയത്തക്ക നേട്ടമാണ്. എന്നാൽ അധികാരം മുഴുക്കെ മന്ത്രിമാരിലർപ്പിക്കാതെ ഭരണം സുഗമമായി നടത്തുവാൻ സാദ്ധ്യമല്ലെന്ന് മന്ത്രിമാർക്ക് മനസ്സിലാകാൻ അധികസമയമെടുത്തില്ല.

ഇൻഡ്യ സ്വതന്ത്രയാകുന്നതിന്റെ തലേദിവസം മഹാരാജാസ് കോളേജിൽ ത്രിവർണ്ണപതാക ഉയർത്തിയ വിദ്യാർത്ഥികളെ രാജവാഴ്ചയും ബ്രിട്ടീഷ് ഭരണവും മതി എന്ന് വാദിച്ചിരുന്ന ഒരു കൂട്ടം ഗുണ്ടകൾ ആക്രമിച്ച് മർദനത്തിനിരയാക്കി. പിറ്റേ ദിവസം കൊച്ചിയിലെമ്പാടും വിദ്യാർത്ഥികൾ പഠിപ്പുമുടക്കും പ്രകടനവും നടത്തി. വിദ്യാർത്ഥികോൺഗ്രസ്സ് നേതാക്കൻമാർ അനിശ്ചിതകാല നിരാഹാരവ്രതം ആരംഭിക്കുകയും ചെയ്തതോടെ കൊച്ചിയിലെ രാഷ്ട്രീയാന്തരീക്ഷം പ്രക്ഷുബ്ധമായി. വിദ്യാഭ്യാസ മന്ത്രിയായ പനമ്പിള്ളി ഗോവിന്ദമേനോന് വിദ്യാർത്ഥികളുടെ പരിവേദനം കേൾക്കാൻ കഴിഞ്ഞെന്നല്ലാതെ നിയമ സമാധാന വകുപ്പ് ടി.കെ. നായരുടെതായതിനാൽ ഒന്നും ചെയ്യാൻ സാധിച്ചില്ല. കൊച്ചിരാജാവ് ആഗസ്റ്റ് 17 ന് തന്നെ കൊച്ചി, ഇൻഡ്യാ യൂണിയനിൽ ലയിക്കുവാനുള്ള സന്നദ്ധത പ്രഖ്യാപിക്കുകയും ദിവാൻ ഭരണമവസാനിപ്പിച്ച് എല്ലാ വകുപ്പുകളും ജനകീയ മന്ത്രിമാർക്ക് കൈമാറുകയും ചെയ്തിരുന്നുവെങ്കിലും, തന്റെ വിശ്വസ്തനായ ടി.കെ. നായരെയാണ് ക്രമസമാധാന പാലനത്തിന്റെ ചുമതല ഏൽപ്പിച്ചിരുന്നത്. തൻമൂലം വിദ്യാർത്ഥി പ്രക്ഷോഭണത്തെ അടിച്ചമർത്താനുള്ള പദ്ധതിയാണ് സൂത്രണം ചെയ്തത്. സമരം മൂർഛിച്ചതോടെ പോലീസ് നടപടികളും ക്രമാതീതമായി. ഒക്ടോബർ 17-ാം തീയതി രാജേന്ദ്രമൈതാനത്ത് കൂടിയ പ്രതിഷേധയോഗത്തിൽ പോലീസ് ഇരച്ചു കയറി യാതൊരു പ്രകോപനവുമില്ലാതെ നടത്തിയ അതിക്രൂരമായ ലാത്തിച്ചാർജ്ജ് കൊച്ചിയെ ആകെ ഇളക്കി മറിച്ചു. പരസ്യാന്വേഷണം നടത്താനുള്ള ആവശ്യം ടി.കെ. നായർ നിരാകരിച്ചു. ഇതോടെ പ്രജാമണ്ഡലത്തിലെ മൂന്നു മന്ത്രിമാർ രാജി സമർപ്പിച്ചു. കെ. അയ്യപ്പനും അദ്ദേഹത്തിന്റെ സോഷ്യലിസ്റ്റ് ഗ്രൂപ്പും ഇതിനിടയിൽ പ്രജാമണ്ഡലത്തിൽ ചേർന്നിരുന്നു. അങ്ങനെയാണ് പനമ്പിള്ളി ഗോവിന്ദമേനോൻ, സി.ആർ. ഇയ്യുണ്ണി, കെ. അയ്യപ്പൻ എന്നീ മൂന്നു മന്ത്രിമാർ പ്രജാമണ്ഡലത്തിനുണ്ടായത്.

മന്ത്രിമാരുടെ രാജിയോടെ ടി.കെ. നായർ പ്രധാന മന്ത്രിയും പറമ്പിലോനപ്പൻ, കെ. ബാലകൃഷ്ണമേനോൻ, എന്നിവർ അംഗങ്ങളുമായി പുതിയ ഒരു മന്ത്രിസഭ നിലവിൽ വന്നു. 1947ൽ ചാലക്കുടിയിൽ നടന്ന പ്രജാമണ്ഡലം വാർഷികയോഗം സോഷ്യലിസ്റ്റ് അടിസ്ഥാനത്തിലുള്ള കേരള സംസ്ഥാനം രൂപവൽക്കരിക്കണമെന്ന പ്രമേയമംഗീകരിച്ചു. 1948ൽ നടന്ന തിരഞ്ഞെടുപ്പിൽ എല്ലാ നിയോജകമണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തുവാൻ വേണ്ടും വളർന്ന പ്രജാമണ്ഡലത്തിന് നിയമസഭയിൽ ബഹുഭൂരിപക്ഷം നേടുവാൻ കഴിഞ്ഞു. ഈ. ഇക്കണ്ടവാര്യരുടെ നേതൃത്വത്തിൽ രൂപീകൃതമായ മന്ത്രിസഭയിൽ പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ, സി.ഏ. ഔസേപ്പ് എന്നിവരായിരുന്നു മന്ത്രിമാർ. എൽ.എം. പൈലി നിയമസഭാ സ്പീക്കറുമായി. കൊച്ചി - തിരുവിതാംകൂർ സംയോജനം 1949 ജൂലായ് 1-ന് നടന്നതോടെ തിരുവിതാംകൂറിലെ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന പറവൂർ ടി.കെ. നാരായണപിള്ള തിരു-കൊച്ചി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയുമായി. തിരുവിതാംകൂർ രാജാവ് തിരു-കൊച്ചിയിലെ രാജ പ്രമുഖനായും അവരോധിക്കപ്പെട്ടു.

## തിരുവിതാംകൂറിൽ

തിരുവിതാംകൂറിൽ 1934ൽ സോഷ്യലിസ്റ്റ് പാർട്ടിയുടെ ഘടകം നിലവിൽ വന്നു. 1935ൽ കോഴഞ്ചേരിയിൽ നിവർത്തനപ്രസ്ഥാനത്തോടനുബന്ധമായി സി. കേശവൻ നടത്തിയ പ്രസംഗം രാജദ്രോഹപരമാണെന്നാരോപിച്ച് രണ്ടു വർഷം കഠിന തടവിന് അദ്ദേഹത്തെ ശിക്ഷിച്ചത് തിരുവിതാംകൂറിൽ രാഷ്ട്രീയ കാലുഷ്യമുണ്ടാക്കിയ സംഭവമാണ്. അതേസമയം ഐത്തോച്ചാടനത്തിന്റെയും വൈക്കം സത്യാഗ്രഹത്തിന്റെയും ഫലമായി തിരുവിതാംകൂറിൽ 1936ൽ പ്രസിദ്ധമായ ക്ഷേത്രപ്രവേശന വിളംബരം നടന്നുവെന്നതും സ്മരിക്കപ്പെടേണ്ടതാണ്. അടുത്തവർഷം നടന്ന ജില്ലാ കോൺഗ്രസ്സ് സമ്മേളനത്തിൽ പട്ടാഭിസീതാരാമയ്യയും അതിനോടനുബന്ധിച്ച് കൂടിയ യുവജന സമ്മേളനത്തിൽ കെ. കേളപ്പനും സംബന്ധിച്ചിരുന്നു.

കോൺഗ്രസ്സിന്റെ ഹരിപുരത്ത് നടന്ന സമ്മേളന തിരുമാനം നാട്ടുരാജ്യങ്ങളിൽ കോൺഗ്രസ്സ് ഘടകം വേണ്ടെന്നു വച്ചതായിരുന്നു. ഉത്തരവാദിത്വഭരണ പ്രക്ഷോഭണത്തിന്നാവശ്യമായ ഒരു സംഘടന അനിവാര്യമായിരുന്നു തിരുവിതാംകൂറിൽ. തൽഫലമായി 1938 ഫെബ്രുവരിയിൽ സി.വി. കുഞ്ഞുരാമന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് കോൺഗ്രസ്സ് പ്രവർത്തകരുടെ യോഗം ഒരു സംഘടനയ്ക്ക് രൂപം കൊടുത്തതായിരുന്നു സ്റ്റേയിറ്റ് കോൺഗ്രസ്സ്. പട്ടംതാണുപിള്ള പ്രസിഡണ്ടും ടി.എം. വർഗീസ് വൈസ് പ്രസിണ്ടും, പി.എസ്. നടരാജപിള്ള സെക്രട്ടറിയും, ആർ. ശങ്കരൻ ട്രഷററും, ആയി ഒരു കമ്മിറ്റിയും രൂപീകരിച്ചു.

തിരുവിതാംകൂർ സ്റ്റേയിറ്റ് കോൺഗ്രസ്സ് രൂപീകരണത്തോടെ ഉത്തരവാദിത്വ ഭരണ പ്രക്ഷോഭണവും വളരെ സജീവമായി. സർ. സി.പി. രാമസ്വാമി അയ്യർ ഈ ജനകീയ മുന്നേറ്റത്തെ നേരിട്ടരീതി വളരെ അപലപനീയമായിരുന്നു. കോൺ ഗ്രസ്സ് യോഗങ്ങൾ കലക്കാൻ ഗുണ്ടകളെ നിയമിക്കുക, നേതാക്കൻമാരെ അപഹസിക്കുകയും ദേഹണ്ഡമേൽപ്പിക്കുകയും ചെയ്യകു തുടങ്ങി അഭിശപ്തമായ നീച അടവാണ് പയറ്റിയത്. ആനിമസ്ക്രീനിന്റെ വീട്ടിൽ കയറി അപഹാസ്യമാംവിധം അപഹരണം നടത്തിയതൊക്കെ അക്കാലത്ത് ഏറ്റവുമധികം പ്രക്ഷുബ്ധമായ അന്തരീക്ഷം. സൃഷ്ടിച്ചു. നിരവധി നേതാക്കൻമാർ ഇത്തരം ദ്രോഹങ്ങൾക്ക് വിധേയരായി.

സർക്കാർ മർദ്ദനത്തിൽ പ്രതിഷേധിച്ച് തിരുവിതാംകൂറിൽ പൊതുയോഗങ്ങളും പ്രതിഷേധപ്രകടനങ്ങളും നടന്നു. ഇതോടെ പൊതുയോഗങ്ങളും പ്രകടനങ്ങളും നിരോധിക്കുകയുണ്ടായി. നിരോധനം പിൻവലിച്ചതോടെ വിണ്ടും സമ്മേളനങ്ങൾ ആവേശത്തോടുകൂടി നടത്തിക്കൊണ്ടിരുന്നു. ചെങ്ങന്നൂരും, നെയ്യാറ്റിൻകരയിലും റൗഡികൾ കലിതുള്ളി നേതാക്കൻമാരെ മർദ്ദിച്ചതും, ക്ഷുഭിതരായ ജനങ്ങൾ പോലീസുമായേറ്റുമുട്ടിയതുമൊക്കെ ഏറ്റവും ക്ഷോഭകരങ്ങളായ സംഭവങ്ങളായിരുന്നു. ദിവാന്റെ സേച്ഛാധിപത്യ നടപടികൾ എണ്ണിയെണ്ണി പറഞ്ഞുകൊണ്ട് ഒരു മെമ്മോറിയൽ സ്റ്റേയിറ്റ് കോൺഗ്രസ്സ് , മഹാരാജാവിന് നൽകിയെങ്കിലും അത് വലിയ പ്രയോജനമൊന്നും ചെയ്തില്ലെന്നതു മാത്രമല്ലാ, ദിവാന്റെ പ്രതികാരവാഞ്ഛ മൂർഛിക്കുകയുമാണുണ്ടായത്. സ്റ്റേയിറ്റ് കോൺഗ്രസ്സിനെയും തിരുവിതാംകൂർ യൂത്ത്ലീഗിനേയും, നിയമവിരുദ്ധ സംഘടനകളായി പ്രഖ്യാപിക്കുകയും ചെയ്തു. പൊതുയോഗങ്ങളും പ്രകടനങ്ങളും നിരോധിച്ചു. ഇതോടെ പ്രക്ഷുബ്ധമായ ഒരന്തരീക്ഷമാണ് നാട്ടിലുളവായത്. വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ഉത്തരവാദ ഭരണ പ്രക്ഷോഭണം നടത്തുന്നതിനായി ഭരണ നിരോധനങ്ങൾ പിൻവലിച്ചില്ലെങ്കിൽ സ്റ്റേയിറ്റ് കോൺഗ്രസ്സ് 1938 ആഗസ്റ്റ് 26 മുതൽ സിവിൽ ലംഘനപ്രസ്ഥാനമാരംഭിക്കുമെന്ന് പ്രഖ്യാപനം നടത്തി.

1938 ആഗസ്റ്റ് 26-ാം തീയതി തിരുവനന്തപുരത്തും മറ്റു പ്രധാന കേന്ദ്രങ്ങളിലും നിരോധനം ലംഘിച്ചുകൊണ്ട് പൊതുയോഗങ്ങൾ നടത്തി. നേതാക്കൻമാരെ അറസ്റ്റുചെയ്യുകയും നാട്ടിലുടനീളം പോലീസ് തേർവാഴ്ച നടത്തുകയുമുണ്ടായി. വിദ്യാർത്ഥികൾ സ്കൂളുകളും കോളേജുകളും ബഹിഷ്ക്കരിച്ചു പുറത്തിറങ്ങി. തിരുവനന്തപുരത്ത് വിദ്യാർത്ഥികളെ കഠിനമായ മർദ്ദനത്തിന്നിരയാക്കി. കുതിരപ്പട്ടാളം കോളേജ് വളപ്പിൽ കയറി നടത്തിയ ഈ നരനായാട്ട് ഏറെ പ്രതിഷേധത്തിന് ഇടവരുത്തിയ സംഭവമായിരുന്നു. വിദ്യാലയങ്ങളെല്ലാം അനിശ്ചിത കാലത്തേക്കടച്ചിട്ടു. പ്രക്ഷോഭണത്തെ പ്രോൽസാഹിപ്പിച്ചിരുന്ന മലയാള മനോരമ, ദീപം, മാതൃഭൂമി, ഇൻഡ്യൻ എക്സ്പ്രസ്സ്, കേരളകൗമുദി, മലബാർ മെയിൽ, മലയാളി തുടങ്ങിയ ദിനപ്പത്രങ്ങൾ നിരോധിച്ചു.

സമരത്തെ തളർത്താൻ ദിവാൻ എല്ലാ നീച മാർഗ്ഗങ്ങളുമുപയോഗിച്ചു. കൊയിലോൺ നാഷണൽ ബാങ്ക് തകർത്തത് അക്കൂട്ടത്തിൽപെട്ട ഒരു സംഭവം മാത്രമാണ്. നെയ്യാറ്റിൻകരയിലും, പുതുപള്ളിയിലും വെടിവെപ്പുകൾ നടന്നു. രാജ്യത്താകമാനം കലാപത്തിന്റെ കാർമേഘം കനത്ത്കൂടി. പതിനായിരക്കണക്കിന് ആളുകൾ ജയിലിലായി. 9 സ്ഥലങ്ങളിൽ വെടിവെപ്പ് നടന്നു. രാജ്യത്ത് സിവിൽഭരണ സ്തംഭനം തന്നെയുണ്ടായി. സ്റ്റേയിറ്റ് കോൺഗ്രസ്സ്കാരെ വേട്ടയാട്ടിക്കൊണ്ടിരുന്ന അവസരത്തിൽ പാർട്ടിപ്രവർത്തനവും പ്രക്ഷോഭണവും നടത്തുന്നതിനായി സ്റ്റേയിറ്റ് കോൺഗ്രസ്സ്നേതാക്കൾ കൊച്ചിയിൽ എറണാകുളം ആസ്ഥാനമാക്കി പ്രവർത്തനം തുടങ്ങി. കൊച്ചിയിൽ എല്ലാ തലത്തിലും സമരത്തിന് സഹായ സഹകരണങ്ങൾ നിർല്ലോഭം ലഭിച്ചിരുന്നു. സമരം നയിക്കുന്നതിന് ഡിക്ടേറ്റർമാരെ നിയമിച്ചിരുന്നു. നിയമലംഘനം നടത്തി അറസ്റ്റിലാകുന്ന ഡിക്ടേറ്റർ തന്റെ അനുയായിയുടെ പേർ നിർദ്ദേശിക്കുന്ന ആൾ അടുത്ത ഡിക്ടേറ്റർ ആയി അറസ്റ്റ് വരിച്ചിരുന്നു. കെ.പി.സി.സി. ഒരു കമ്മിറ്റിയെ നിയമിച്ച് തിരുവിതാംകൂർ സമരത്തെ നേരിട്ട് സഹായിക്കുവാൻ സന്നദ്ധമായി. മലബാറിൽ നിന്നും ജാഥകൾ തിരുവിതാംകൂറിലേക്ക് മാർച്ച്ചെയ്തു. എ.കെ. ഗോപാലൻ

തുടങ്ങി നിരവധി നേതാക്കളെ ജയിലിലടച്ചു. ഇതൊന്നും സമരവീര്യത്തെ തളർത്താൻ സാധിച്ചില്ലെന്ന് മാത്രമല്ല കൂടുതൽ സജീവമാക്കുകയാണുണ്ടായത്. 1938 നവംബറിൽ മഹാരാജാവിന്റെ തിരുനാൾ ദിവസം അക്കാമ്മ ചെറിയാന്റെ നേതൃത്വത്തിൽ പോയ ജനസഹസ്രം കവടിയാർ കൊട്ടാരത്തിലേക്ക് നീങ്ങി. ഇതിനിടയിൽ സ്റ്റെയിറ്റ് കോൺഗ്രസ്സിന്റെയും മറ്റും നിരോധനം നീക്കുകയും നേതാക്കൻമാരെ മോചിപ്പിക്കുകയും ചെയ്തിരുന്നു. കവടിയാറിലേക്കു നീങ്ങിയ ജാഥ പ്രകടനത്തിന് ശേഷം തമ്പാന്നൂർ മൈതാനത്ത് യോഗം കൂടി. ജയിൽ വിമോചിതരായ നേതാക്കൻമാരും സംബന്ധിച്ചു. ഇതൊക്കെ ഉത്തരവാദ പ്രക്ഷോഭണത്തിന് ജന പിൻതുണ നേടിക്കൊടുത്തു.

സ്റ്റെയിറ്റ് കോൺഗ്രസ്സ് പ്രക്ഷോഭത്തിന് ജന പിന്തുണ വർദ്ധമാനമായിക്കൊണ്ടിരുന്നു. ആലപ്പുഴ, ചേർത്തല എന്നിവിടങ്ങളിലെ കയർതൊഴിലാളികൾ പണിമുടക്കിയതും അവരുടെ മേൽ കിരാതമായി പോലീസ് മർദ്ദനമഴിച്ചുവിട്ടതും കൊല്ലം തുടങ്ങിയ സ്ഥലങ്ങളിലെ സംഘടിത തൊഴിലാളികളെ അസ്വസ്ഥരാക്കിയിരുന്നു. ഇതിന്നിടയ്ക്കാണ് വട്ടിയൂർകാവിൽ സ്റ്റെയിറ്റ് കോൺഗ്രസ്സ് വാർഷിക പരിപാടികൾ നടത്തുവാൻ തീരുമാനിച്ചത്. സമ്മേളനം നടത്തുന്നത് നിരോധിച്ചെങ്കിലും അതേ ദിവസം വട്ടിയൂർക്കാവിലും, തമ്പാനൂരും വെച്ചു രണ്ടു സമ്മേളനങ്ങൾ നടന്നു. തിരുവിതാംകൂർ പ്രശ്നപരിഹാരത്തിന് ഉപദേശവും തേടി ഒരു നിവേദക സംഘം വാർദ്ധയിലെത്തി ഗാന്ധിജിയുമായി സംഭാഷണം നടത്തി. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം മഹാരാജാവിന് നൽകിയിരുന്ന മെമ്മോറിയലിൽ ദിവാനെതിരായി ഉന്നയിച്ചിരുന്ന ആരോപണങ്ങൾ പിൻവലിക്കുവാൻ നേതാക്കൻമാർ തീരുമാനിച്ചത് സ്റ്റെയിറ്റ് കോൺഗ്രസ്സിൽ വലിയ എതിർപ്പുണ്ടാക്കിയ പ്രതിലോമപരമായ നടപടിയായിരുന്നു. തീവ്രവാദികളായ പ്രവർത്തകൻമാർ 'തിരുവിതാംകൂർ യൂത്ത് ലീഗിൽ' ചേരുകയും കോൺഗ്രസ്സ് അംഗത്വം ഉപേക്ഷിക്കുകയും ചെയ്തു. സർ. സി.പി.യ്ക്കെതിരെ ആരോപണങ്ങൾ ആവർത്തിച്ചിരുന്ന അവരുടെ മേൽ കടുത്ത മർദ്ദനമുറകളാണ് ദിവാൻ അഴിച്ചുവിട്ടത്. അന്ന് യൂത്ത് ലീഗിൽ പ്രവർത്തിച്ച എൻ. ശ്രീകണ്ഠൻ നായർ, എൻ.പി. കുരുക്കൾ, എൻ.സി. ശേഖർ, ആർ. ശങ്കരനാരായണൻ തമ്പി എന്നിവർ പിന്നീട് കേരളത്തിലെ ഇടതുപക്ഷപാർട്ടികളുടെ നേതാക്കൻമാരായിത്തീർന്നുവെന്നതും അനുസ്മരണീയമാണ്.

ദിവാനെതിരായ ആരോപണം പിൻവലിച്ചെങ്കിലും ഉത്തരവാദിത്വഭരണത്തിന് സഹായിക്കുന്ന പരിഷ്ക്കാരങ്ങളൊന്നും നടത്താൻ ദിവാൻ തയ്യാറായില്ല. നിരാശരായ നേതാക്കൾ വീണ്ടും 1939 മാർച്ചിൽ നിയമലംഘനമാരംഭിക്കുവാൻ തീരുമാനിച്ചു. എന്നാൽ ഗാന്ധിജിയുടെ നിർദ്ദേശാനുസരണം അത് വേണ്ടെന്ന് വെച്ചതോടെ നാട്ടിലെ സമരാവേശം ആറിത്തണുക്കുവാൻ തുടങ്ങി. അതേസമയം ദിവാന്റെ പ്രശസ്തി ഉയർത്തുന്നതിനായി അദ്ദേഹത്തിന്റെ ഷഷ്ടി പൂർത്തി രാജ്യത്തുടനീളം ആഘോഷിക്കുകയും ചെയ്തു. ഇതിനെതിർന്ന നേതാക്കൻമാരെയെല്ലാം അറസ്റ്റു ചെയ്തതോടെ തിരുവിതാംകൂറിൽ സ്റ്റെയിറ്റ് കോൺഗ്രസ്സ് പ്രവർത്തനം അസാദ്ധ്യമായി തീർന്നു. വീണ്ടും എറണാകുളത്ത് അഭയം തേടേണ്ടതായും വന്നു. തിരുവിതാംകൂറിലേയ്ക്ക് കടന്നു നിയമലംഘനം നടത്തിയവർ പോലീസിന്റെയും പട്ടാളത്തിന്റെയും ക്രൂരമായ വേട്ടയ്ക്കിരയായി. ദിവാൻ സംഘടിപ്പിച്ച 'അഞ്ചുരൂപ പോലീസ്' വെറും ഗുണ്ടാസംഘങ്ങളായിരുന്നു. നാട്ടിൽ കലാപവും അരാജകത്വവും തൻമൂലം നടമാടി.

രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടെ അടിയന്തിരാവസ്ഥയുടെ മറവിൽ കോൺഗ്രസ്സ് പ്രവർത്തനം നിരോധിക്കപ്പെട്ടു. അതിനുശേഷം 1942ലെ ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി തിരുവിതാംകൂറിൽ ധാരാളം പേരെ ജയിലിലാക്കി. സമരം പിൻവലിച്ചശേഷം 1944ൽ തിരുവിതാംകൂറിലെ ഇരുസഭകളിലേക്കും തിരഞ്ഞെടുപ്പു നടന്നു. നേതാക്കൻമാരധികവും മത്സരരംഗത്തുനിന്നും മാറി നിൽക്കേണ്ടതായി വന്നു. അവർക്ക് അയോഗ്യത കൽപ്പിച്ചിരുന്നതാണ് കാരണം. സ്വതന്ത്രമായ തിരഞ്ഞെടുപ്പല്ലാ നടന്നത്. തൻമൂലം അത്ര അധികം സീറ്റുകൾ നേടാൻ ഒത്തില്ലെങ്കിലും ഇരു സഭകളിലും ഒറ്റ ഗ്രൂപ്പെന്ന നിലയ്ക്ക് പ്രവർത്തിക്കുവാൻ സ്റ്റെയിറ്റ് കോൺഗ്രസ്സുകാർക്ക് കഴിഞ്ഞിരുന്നുവെന്നത് പ്രസ്താവ്യമാണ്.

1946ൽ ദിവാൻ ചില ഭരണപരിഷ്ക്കാരങ്ങൾ പ്രഖ്യാപിച്ചു. എന്നാൽ അതിനെ വിമർശിച്ചവരെയൊക്കെ അറസ്റ്റ് ചെയ്ത് വീണ്ടും ഒരു സംഘർഷാവസ്ഥ സംജാതമാക്കുകയാണ് ചെയ്തത്. ഈ അവസരത്തിലാണ് ആലപ്പുഴ, ചേർത്തല എന്നിവിടങ്ങളിലെ തൊഴിലാളി സംഘടനകളേയും കമ്മ്യൂണിസ്റ്റ് പാർട്ടിയേയും നിയമവിരുദ്ധസംഘടനകളായി പ്രഖ്യാപിച്ചത്. ദിവാന്റെ പട്ടാള ഭരണത്തിന്നെതിരായി തൊഴിലാളികൾ ജീവൻ ത്യജിച്ചും പടപൊരുതാൻ തയ്യാറായി. കമ്മ്യൂണിസ്റ്റ് തൊഴിലാളി സമരങ്ങളെ ഏത് നിലക്കും അടിച്ചമർത്താൻ പ്രതിജ്ഞാബദ്ധനെന്ന നിലയ്ക്കാണ് ദിവാൻ പെരുമാറിയത്. 1946 സെപ്റ്റംബർ 24-ന് ആലപ്പുഴയിലെ തൊഴിലാളികൾ പണിമുടക്കിയതോടെ കലാപത്തിന്റെ ചെങ്കൊടി ഉയർന്നു. 26-ാം തീയതി പണിമുടക്കിയ തൊഴിലാളികൾ പുന്നപ്രയിലെത്തി റിസർവ് ക്യാമ്പ് ആക്രമിച്ചു. ഏറ്റുമുട്ടലിൽ പലരും മരിച്ചു. പോലീസ് പക്ഷത്ത് ഇൻസ്പെക്ടർ വേലായുധൻ നായരും ഏതാനും പോലീസുകാരും മരണമടഞ്ഞു. പോലീസിന് തോറ്റ് പിൻമാറേണ്ടതായി വന്നു.

ഇതേതുടർന്ന് ആലപ്പുഴയിലും ചേർത്തലയിലും പട്ടാള നിയമം പ്രഖ്യാപിക്കുകയും ദിവാൻ പട്ടാളമേധാവിയായി സ്വയം അവരോധിക്കപ്പെടുകയും ചെയ്തു. അനുരഞ്ജന മാർഗ്ഗങ്ങളടഞ്ഞപ്പോൾ തൊഴിലാളികൾ അന്തിമ സമരത്തിന് തന്നെ തയ്യാറായി. പട്ടാളത്തിന്റെ ഗതി തടസ്സപ്പെ

ടുത്തുവാനായി പാലങ്ങൾ തകർക്കുകയും മാർഗ്ഗതടസ്സങ്ങളുണ്ടാക്കുകയും വാർത്താവിനിമയ സംവിധാനങ്ങൾ നശിപ്പിക്കുകയും ചെയ്തതോടെ ഏറ്റുമുട്ടൽ അനിവാര്യമായി. അർദ്ധരാത്രിയോടെ ബോട്ടു മാർഗ്ഗം വയലാറിൽ വന്നിറങ്ങിയ പട്ടാളക്കാർ യന്ത്രത്തോക്കുകളും മറ്റു മാരകായുധങ്ങളുമായാണെത്തിയത്. തൊഴിലാളികൾ വാരിക്കുന്തങ്ങളും കയ്യിൽ കിട്ടിയ മറ്റായുധങ്ങളുമുപയോഗിച്ച് പട്ടാളത്തോടെതിരിട്ടു. തീയുണ്ടകൾ തൊടുത്ത് വിട്ടുകൊണ്ട് നൂറുകണക്കിന് തൊഴിലാളികളെ കൊന്നൊടുക്കി. നിരപരാധികളായ നിരവധി പേർ വെടിയുണ്ടകൾക്കിരയായി. കുട്ടികളും സ്ത്രീകളും വധിക്കപ്പെട്ടു. പ്രാണരക്ഷാർത്ഥം ഓടിപ്പോയ ആളുകൾ പോലും വേട്ടയാടപ്പെട്ടു. വയലാർ - പുന്നപ്ര പ്രദേശങ്ങൾ ശ്മശാന മൂകതയിൽ മുങ്ങിനിന്നു. മരിച്ചവരുടെ എണ്ണം ആർക്കും തിട്ടപ്പെടുത്താനൊത്തില്ല. ശവങ്ങൾ കൂമ്പാരം കൂട്ടി പെട്രോളൊഴിച്ച് കത്തിക്കുകയാണ് ചെയ്തത്. മനുഷ്യത്വരഹിതമായ ഈ മൃഗീയ നരനായാട്ടിന് സമം മറ്റൊരുദാഹരണം ചൂണ്ടാൻ കഴിയുന്നത് ഇംഗ്ലീഷ് പട്ടാളം 1921ൽ മലബാറിലെ മാപ്പിള ലഹളക്കാർക്കെതിരായി ചെയ്ത പാതകം മാത്രമാണ്.

ഇൻഡ്യൻ സ്വാതന്ത്ര്യത്തിൻെറ ആലോചനകൾ തകൃതിയായി നടക്കുമ്പോൾ, നാട്ടുരാജ്യമായ തിരുവിതാംകൂർ സ്വതന്ത്രമായി നിൽക്കുവാനാഗ്രഹിക്കുന്ന പ്രഖ്യാപനം 1947 ജൂണിൽ ദിവാൻ സി.പി. രാമസ്വാമി അയ്യർ നടത്തി. ഇൻഡ്യയിലുടനീളം പ്രതിഷേധത്തിൻെറ അലയടികൾ ഉണ്ടാക്കിയ ഈ തീരുമാനത്തിനെതിരായി പ്രത്യക്ഷസമര പരിപാടികൾ സ്റ്റെയിറ്റ് കോൺഗ്രസ്സ് ആസൂത്രണം ചെയ്തു. പൊതുയോഗങ്ങളും നിയമലംഘനവും നിരന്തരം നടന്നു. പോലീസും ഗുണ്ടകളും അഴിഞ്ഞാട്ടം നടത്തി. വിദ്യാർത്ഥി കോൺഗ്രസ്സിൻെറ വാർഷികം, നിരോധനമുണ്ടായിട്ടും സംഘടിതമായി നടത്തി. നേതാക്കൻമാർ അറസ്റ്റിലാകുകയും അനുയായികൾ മർദ്ദനത്തിന് വിധേയരാവുകയും ചെതു. ഇതിനിടയിൽ പട്ടംതാണുപിള്ളയുടെ നേതൃത്വത്തിൽ എറണാകുളത്ത് നിന്നാരംഭിച്ച ജൈത്രയാത്ര ഓരോ കേന്ദ്രങ്ങളിലും മഹായോഗങ്ങളിൽ ഭാഗഭാക്കായി. പേട്ടയിൽ നടന്ന പൊതുയോഗത്തിൽ പോലീസ് വെടിവെച്ചു. രാജേന്ദ്രൻ എന്ന വിദ്യാർത്ഥി രക്തസാക്ഷിയായി. സ്റ്റെയിറ്റ് കോൺഗ്രസ്സു നേതാക്കൻമാരൊക്കെ അറസ്റ്റ് ചെയ്യപ്പെട്ടു.

ഇത്തരം സംഘർഷമായ രാഷ്ട്രീയാന്തരീക്ഷം നിലനിൽക്കുമ്പോഴാണ് തിരുവനന്തപുരത്ത് സ്വാതിതിരുനാൾ സംഗീത അക്കാദമിയിൽ ഒരു പാട്ടുകച്ചേരി ആസ്വദിക്കാൻ സ്വേഛാധിപതിയായ ദിവാനെത്തിയത്. റോം കത്തിക്കൊണ്ടിക്കുമ്പോൾ വീണവായിച്ചു കൊണ്ടിരുന്ന നീറോ ചക്രവർത്തിയെപ്പോലെ പാട്ടുകച്ചേരിക്കെത്തിയ അഭിനവ നീറോയെ ആസൂത്രിത പദ്ധതി അനുസരിച്ച് ഒരാൾ മുഖത്ത് വെട്ടി മുറിവേൽപ്പിച്ചു. വൈദ്യുതിപ്രവാഹം നിലക്കുകയും വെട്ടേൽക്കുകയും പ്രതിയോഗി രക്ഷപ്പെടുകയും ചെയ്ത സംഭവത്തോടെ ദിവാൻെറ ചിറകൊടിഞ്ഞു. സ്വതന്ത്ര തിരുവിതാംകൂർ വാദമുപേക്ഷിച്ചും ലയനത്തിനനുകൂലിച്ചും മഹാരാജാവ് വൈസ്രോയിക്കെഴുതി. സി.പി. ദിവാൻപദമുപേക്ഷിച്ച് രംഗം കാലിയാക്കി. ഇത് 1947 ആഗസ്റ്റ് 19നായിരുന്നു.

തുടർന്ന് ഭരണഘടനാ നിർമ്മാണസഭയിലേക്ക് തിരഞ്ഞെടുപ്പ് പ്രഖ്യാപനമുണ്ടായി. 1948 ഫെബ്രുവരിയിൽ നടന്ന തിരഞ്ഞെടുപ്പിൽ ഒന്നൊഴികെയുള്ള എല്ലാ സീറ്റും കോൺഗ്രസ്സും, തമിഴ്നാട് കോൺഗ്രസ്സും നേടി. 1948 മാർച്ചിൽ എ.ജെ. ജോണിനെ സഭാദ്ധ്യക്ഷനായും പട്ടം താണുപിള്ളയെ പ്രധാന മന്ത്രിയായും തിരഞ്ഞെടുത്തു. ടി.എം. വർഗ്ഗീസും, സി. കേശവനുമായിരുന്നു മറ്റു മന്ത്രിമാർ. എന്നാൽ നേതാക്കൻമാരുടെ അഭിപ്രായ ഭിന്നതമൂലം അവിശ്വാസ പ്രമേയത്തെ തുടർന്ന് ഒക്ടോബർ 17-ാം തിയതി ആദ്യത്തെ മന്ത്രിസഭ രാജിവെക്കേണ്ടതായി വന്നു. ഇതിനു ഒരാഴ്ചമുമ്പ് ഒക്ടോബർ 9-ന് സ്റ്റെയിറ്റ് കോൺഗ്രസ്സ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ലയിക്കുകയും തിരുവിതാംകൂർ ജില്ലാ കമ്മിറ്റിയായി മാറുകയും ചെയ്തിരുന്നു. തുടർന്ന് പറവൂർ ടി.കെ. നാരായണ പിള്ളയുടെ നേതൃത്വത്തിലുണ്ടായ മന്ത്രിസഭ 1949 ജൂലായ് ഒന്നിന് തിരു - കൊച്ചി സംയോജനം നടന്നതിന് ശേഷവും തുടർന്നു. പട്ടംതാണുപിള്ള ഡെമോക്രാറ്റിക്ക് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ച് കോൺഗ്രസ്സിൽ നിന്നും പിൻമാറുകയും ചെയ്തു. എന്നാൽ അഭിപ്രായ ഭിന്നതമൂലം 1951 ഫെബ്രുവരി 24ന് ഈ മന്ത്രിസഭയും രാജി സമർപ്പിക്കുകയാണുണ്ടായത്. പറവൂർ ടി.കെ.യുടെ രാജിക്ക് ശേഷം സി. കേശവൻെറ നേതൃത്വത്തിൽ ഫെബ്രുവരി 28ന് അധികാരമേറ്റ മന്ത്രിസഭയുടെ ആയുസ്സ് കഷ്ടി ഒരു മാസമേ ഉണ്ടായുള്ളൂ. മാർച്ച് 20ന് അദ്ദേഹം രാജിവെച്ചെങ്കിലും വീണ്ടും പാർട്ടി ലീഡറായി തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് അദ്ദേഹം തന്നെ മുഖ്യമന്ത്രിയായി.

1952 ആദ്യം ഇൻഡ്യയിലൊട്ടുക്കും നടന്ന തിരഞ്ഞെടുപ്പ് തിരു - കൊച്ചിയിലും നടന്നു. കോൺഗ്രസ്സിന് നേരിയ ഭൂരിപക്ഷം കിട്ടി. എ.ജെ. ജോൺ മുഖ്യമന്ത്രിയുമായി. എന്നാൽ 1953 സെപ്തംബറിൽ തമിഴ്നാട് കോൺഗ്രസ്സ് , മന്ത്രിസഭയക്ക് നൽകിയിരുന്ന പിന്തുണ പിൻവലിക്കുകയും നിയമസഭയിൽ വിശ്വാസ പ്രമേയം പാസ്സാകാതിരിക്കുകയും ചെയ്തതിൻെറ അടിസ്ഥാനത്തിൽ മന്ത്രിസഭ രാജിവച്ചു. നിയമസഭ പിരിച്ചുവിട്ടു. പുതിയ തിരഞ്ഞെടുപ്പിനുള്ള പ്രഖ്യാപനം ഉണ്ടായി. 1954 ഫെബ്രുവരിയിൽ നടന്ന തെരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്കും ഭൂരിപക്ഷം നേടാനൊത്തില്ല. കമ്മ്യൂണിസ്റ്റ് ഇടതുപക്ഷ ഭരണത്തെ ഒഴിവാക്കനായി 19 അംഗങ്ങൾ മാത്രമുണ്ടായിരുന്ന പി.എസ്.പി. മന്ത്രിസഭ രൂപീകരിക്കുകയാണെങ്കിൽ പിന്തുണ നൽകാമെന്ന് കോൺഗ്രസ്സ് പ്രസ്താവിച്ചതിൻെറ പേരിൽ പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ ഒരു പി.എസ്.പി. മന്ത്രി സഭ നിവലിൽ വന്നു. അധികം കഴിയുന്നതിനുമുമ്പ് തമിഴുനാട് കോൺഗ്രസ്സിൻെറ പ്രക്ഷോഭണം രൂക്ഷമാകുകയും പോലീസ് വെടിവെപ്പിൽ 7 പേർ മരണ

ഇടയുകയും ചെയ്തതോടെ മന്ത്രിസഭ ഉലഞ്ഞു. കോൺഗ്രസ്സ് ഈ വേളയിൽ പങ്കാളികളാകാൻ തയ്യാറായില്ല. പനമ്പിള്ളി ഗോവിന്ദമേനോന്റെ നേതൃത്വത്തിലുണ്ടായിരുന്ന കോൺഗ്രസ്സ് പി.എസ്.പി.യ്ക്കു നൽകിയ പിന്തുണ പിൻവലിച്ചതോടെ പട്ടം മന്ത്രിസഭയും നിലംപതിച്ചു. പിന്നീട് പനമ്പിള്ളിയാണ് മുഖ്യമന്ത്രിയായത്. തമിഴ്നാട് കോൺഗ്രസ്സിന്റെ പിന്തുണയോടുകൂടിയാണ് മന്ത്രിസഭ രൂപീകരിച്ചത്. പക്ഷെ 1956 മാർച്ചിൽ അവർ പിൻതുണ പിൻവലിച്ചതോടെ പനമ്പിള്ളി മന്ത്രിസഭയും തകർന്നു. നിയമസഭ പിരിച്ചു വിട്ടു. പ്രസിഡണ്ട് ഭരണം ഏർപ്പെടുത്തുകയും ചെയ്തു. പ്രസിഡണ്ട് ഭരണം നിലനിൽക്കുന്ന കാലത്താണ് ഭാഷാടിസ്ഥാനത്തിലുള്ള കേരള സംസ്ഥാനം 1956 നവംബർ ഒന്നിന് രൂപം കൊള്ളുന്നത്.

അദ്ധ്യായം XLIX

# മുസ്ലിംകളുടെ മതസംഘടനകളും സാമൂഹ്യ പ്രസ്ഥാനങ്ങളും

കേരളീയ മുസ്ലീംകൾ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ ഒന്നാണെങ്കിലും ആചാരാനുഷ്ഠാനങ്ങളിൽ നേരിയ വ്യത്യാസം പരിപാലിച്ചു പോരുന്നവരാണ്. അങ്ങനെ നോക്കുമ്പോൾ മുസ്ലിംകൾ അധികവും വിവിധങ്ങളായ മതസംഘടനകളിൽപ്പെട്ടവരാണെന്ന് കാണാം. എന്നാൽ ഈ സംഘടനകളിൽ ഒന്നിലുംപെടാത്ത വലിയ ഒരു വിഭാഗം വിശ്വാസികളും അവരുടെ കൂട്ടത്തിലുണ്ട്. കേരളീയ മുസ്ലിംകളുടെ പ്രധാന മതസംഘടനകൾ കേരള ജമീ അത്തുൽ ഉലമ, സമസ്ത കേരള ജമീ അത്തുൽ ഉലമ, ജമാ അത്തെ ഇസ്ലാമി, തബ്ലീഗ് ജമാ അത്ത് എന്നിവയാകുന്നു. ഇവയെക്കുറിച്ചുള്ള ഹ്രസ്വവിവരണമാണ് താഴെ കൊടുക്കുന്നത്.

## 1. കേരള ജമീഅത്തുൽ ഉലമ

ഐസ്ലാമിക ചര്യകളിൽ കാലക്രമേണ പല അനാചാരങ്ങളും കടന്നുകൂടുവാനിടയായിട്ടുണ്ട്. ഇസ്ലാമിക പ്രചാരണം വ്യാപകമായതോടുകൂടി ആദ്യകാല വിശ്വാസികൾ അവരുടെ പല പൂർവ്വികാചാരങ്ങളും നിലനിർത്തിപ്പോന്നിരുന്നു. പിന്നീടുള്ള തലമുറ ഈ അനുഷ്ഠാനങ്ങൾ ഇസ്ലാമികം തന്നെയാണെന്ന് ധരിച്ച് അവ ആചരിച്ചും പോന്നു. ഇസ്ലാമിന്റെ നീക്കുപോക്കില്ലാത്ത വിശ്വാസങ്ങളിലൊന്ന് ഏകദൈവാരാധനയാണല്ലോ. അല്ലാഹുവല്ലാതെ ആരധനക്കർഹൻ ആരുമില്ലെന്ന് ഉറപ്പിച്ചു വിശ്വസിക്കുന്നവനാണല്ലോ മുസ്ലീം. എന്നാൽ പിൽക്കാലത്ത് മൺമറഞ്ഞ പല മഹാത്മാക്കളുടെ പേരിൽ നേർച്ചയും ആരാധനയും നടത്തുക, അവർക്ക് ദിവ്യത്വം കൽപിച്ച് തങ്ങളുടെ സങ്കട പരിഹാരത്തിനായി പ്രാർത്ഥിക്കുക, അവരുടെ കബർ സ്ഥാനങ്ങളിൽ അർച്ചനകളർപ്പിക്കുകയും നൻമകൾക്ക് വേണ്ടി അർത്ഥിക്കുകയും ചെയ്യുക, തടുങ്ങിയ അനിസ്ലാമിക പ്രവണതകൾ പ്രബലത്താകുവാൻ തുടങ്ങി. ഔവ്ലിയാക്കൻമാരുടേ കബർസ്ഥാനങ്ങളിൽ നേർച്ചകൾ നടത്തുക തുടങ്ങി മൗലൂദും, റാത്തീബും, ചന്ദനക്കുടവുമൊക്കെ സാധാരണ പതിവുമായി തീർന്നു. ഏത് അസുഖവും നൂൽ മന്ത്രിച്ച് കെട്ടിയാലോ, തല ഉഴിഞ്ഞ് മന്ത്രിച്ചാലോ ഏലസ് തുടങ്ങിയവ ധരിച്ചാലോ, സുഖപ്പെടുത്തുവാൻ സാധിക്കുമെന്ന് സ്വാർത്ഥമോഹികളായ മൊല്ലാക്കൻമാർ പ്രചരിപ്പിക്കുകയും ചെതു. അങ്ങനെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സമുദായത്തെ അജ്ഞതയുടെ പടുക്കുണ്ടിൽ തള്ളിയിട്ടിരുന്നു. ഖുർആൻ ഓതാൻ പഠിക്കുന്നതിൽ കവിഞ്ഞ്, അത് ഉൾക്കൊള്ളാൻ സാധിക്കും വിധമായിരുന്നില്ല മതപാഠങ്ങൾ. പള്ളികളിൽ വെള്ളിയാഴ്ച ജുംഅ പ്രസംഗങ്ങൾ പോലും അറബിയിൽ നടത്തിയിരുന്നതിനാൽ ആർക്കും തന്നെ ഇസ്ലാമിന്റെ യഥാർത്ഥ സത്ത മനസ്സിലാക്കുവാൻ അസാദ്ധ്യവുമായിരുന്നു. കുരുടൻ കുരുടനെ നയിക്കുന്ന സ്ഥിതിയിലായിരുന്നു മതനേതൃത്വം. അജ്ഞാനാന്ധകാരത്തിൽ മുഴുകി അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും സംതൃപ്തരായി കഴിയുകയായിരുന്നു മുസ്ലീംകളിൽ മൃഗീയ ഭൂരിപക്ഷവും.

ഇത്തരം ശോച്യാവസ്ഥയിലായിരുന്നു ഈ നൂറ്റാണ്ടാരംഭത്തിലെ കേരളാ മുസ്ലിംകൾ. ഈ ദുസ്ഥിതിയിൽ നിന്നും സമുദായത്തെ കരകയറ്റുവാൻ ഉള്ള ആത്മാർത്ഥമായ സദുദ്ദേശ്യത്തോടുകൂടി വിവേകികളുടെ ഒരു ചെറിയ വിഭാഗം പല സ്ഥലങ്ങളിലും ഒറ്റയായും കൂട്ടായുമുള്ള പ്രവർത്തനങ്ങൾ നടത്തിതുടങ്ങി. സമുദായത്തിന്റെ പിന്നോക്കാവസ്ഥയും അധോഗതിയും ഇല്ലാതാക്കണമെങ്കിൽ ഇസ്ലാമിന്റെ തനിമ നിലനിർത്തുകയും ഖുർആന്റെയും പ്രവാചകവചനങ്ങളുടേയും അടിസ്ഥാനത്തിൽ സമുദായത്തെ നവീകരിക്കുകയും ചെയ്യുകയാണ് ഏകമാർഗ്ഗമെന്ന് അവർക്ക് ബോദ്ധ്യമായി. പണ്ഡിതൻമാരും നല്ലവരുമായ ഈ നവോത്ഥാനനായകൻമാരാണ് സമുദായത്തെ ഉറക്കത്തിൽ നിന്നും വിളിച്ചുണർത്തിയവർ. അവരുടെ പ്രവർത്തനത്തിന് ആവേശവും മാർഗദർശനവും നൽകിയത് മുസ്ലീം ലോകത്ത് അന്യാദൃശമായ നവോത്ഥാന പ്രവർത്തനങ്ങൾ കാഴ്ചവെച്ച മഹാത്മാക്കളായ ഷെയിക്കുൽ ഇസ്ലാം ബന് തയ്മിയ്യയും അദ്ദേഹത്തിന്റെ ശിഷ്യൻമാരായിരുന്ന ഷാ വലിയുള്ള ദൽഹവി, ഷെയിക്ക് ഇസ്മെയിൽ ഷഹീദ്, ഷെയിക്ക് മുഹമ്മദ് ബന് അബ്ദുൾ വഹാബ്, ഷെയിക്ക് ജമാലുദ്ദീൻ അൽ അഫ്ഗാനി എന്നിവരായിരുന്നു. ഇവരുടെ മാതൃകയാണ് കേരളത്തിലെ ആദ്യകാല സമുദായപരിഷ്ക്കർത്താക്കൾ സ്വീകരിച്ചത്.

യാഥാസ്ഥിതിക പൗരോഹിത്യത്തിന്റെയും അവരുടെ പ്രേരണയാൽ എന്തും ചെയ്യാൻ തയ്യാറായി നിന്ന സാധാരണ മുസ്ലിംകളുടേയും കഠിനമായ എതിർപ്പുകളെ നേരിട്ടു കൊണ്ടാണ് സമുദായ ഉദ്ധാരണത്തിനായി ഈ മഹാത്മാക്കൾ ഇറങ്ങിയത്. സയ്യിദ് സനാഉള്ള മക്തി തങ്ങൾ (1847-1912), മൗലാനാ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി (മരണം 1919), ഷെയ്ക്ക് മുഹമ്മദ് മാഹിൻ ഹംദാനി തങ്ങൾ (മരണം 1922) വക്കം അബ്ദുൾ കാദർ മൗലവി (1873-1932) എന്നിവരാണ് കേരളീയ മുസ്ലിംകളെ നവോത്ഥാനത്തിന്റെ മാർഗ്ഗ

ത്തിലേക്ക് നയിച്ചവർ. ഈ മഹാത്മക്കളുടെ ജീവചരിത്രം അന്യത്ര കൊടുത്തിട്ടുള്ളത് കൊണ്ട് അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ലല്ലോ.

ഇസ്ലാമിന്റെ യഥാർത്ഥ ആദർശങ്ങളും ദർശനങ്ങളും മായം ചേർക്കാതെ തനിമയായി നിലനിർത്തുകയെന്നതായിരുന്നു ഇവരത്രയും പ്രബോധനം നടത്തിയിരുന്നത്. ഖുർആനിലേക്കും നബിചര്യകളിലേക്കും മടങ്ങുകയെന്നതായിരുന്നു അവരുടെ ആഹ്വാനം. അവർ തുടങ്ങിയ പ്രസ്ഥാനം ഇസ്ലാഹി, സലഫി, മുജാഹിദ് എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നുവെങ്കിലും അവ ഒരേ പ്രസ്ഥാനം തന്നെയാണ്. ഇസ്ലാഹ് എന്നാൽ നന്നാക്കുക, കേട്പാട് തീർക്കുക എന്നൊക്കെയാണർത്ഥം. ഇസ്ലാമിനെ പുനഃസ്ഥാപിക്കുകയല്ല, മറിച്ച് നിലവിലുള്ള ഇസ്ലാമിക വിശ്വാസാചാരങ്ങളിൽ കാലക്രമത്തിൽ കടന്നുകൂടിയ അനിസ്ലാമിക പ്രവണതകളെ ഉൻമൂലനം ചെയ്ത് ഇസ്ലാമിന്റെ യഥാർത്ഥരൂപം നിലനിർത്തുവാൻ യത്നിക്കുകയാണ് 'ഇസ്ലാഹ്'. അല്ലാഹുവിന്റെ പ്രീതി മാത്രം ലക്ഷ്യം വെച്ച് കൊണ്ട് ഇതേ ഇസ്ലാഹിനുവേണ്ടി മനുഷ്യന്റെ സർവ്വവിധ കഴിവുകളും ഉപയോഗപ്പെടുത്തി തീവ്രശ്രമം നടത്തുന്നതാണ് ജിഹാദ്. ഇത് കാലാകാലങ്ങളിൽ ആത്മാർത്ഥമായി അനുഷ്ഠിക്കുന്നവരെയാണ് മുജാഹിദുകൾ എന്ന് വിളിച്ചു പോരുന്നത്.

എന്നാൽ ഇവരുടെ പ്രവർത്തനങ്ങൾ വ്യക്തിഗതവും ഒറ്റപ്പെട്ടവയുമായിരുന്നു. എന്നാൽ വക്കം അബ്ദുൾകാദർ മൗലവിയുടെ നവോത്ഥാന സംരംഭങ്ങളോടെ അത് സംഘടിതവും വ്യാപകവുമായിതീർന്നു. തിരുവിതാംകൂർ ഭാഗത്ത് മൗലവിയുടെ പ്രവർത്തനങ്ങൾ ഫലവത്തായിക്കൊണ്ടിരുന്നപ്പോൾ, പഴയ കൊച്ചിയിലെ കൊടുങ്ങല്ലൂരിൽ മറ്റൊരു ഏകീകരണശ്രമം നടന്നുകൊണ്ടിരുന്നു. ഹമദാനി ഷെയിക്കിന്റെയും മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജിയുടേയും നമ്പൂതിരിമഠത്തിലെ സീതിമുഹമ്മദ് സാഹിബിന്റെയും ശ്രമഫലമായിട്ടായിരുന്നു ഈ പുതിയ ഉണർവ് ഉണ്ടാകുന്നത്. കൊടുങ്ങല്ലൂരിലെ പ്രധാന മുസ്ലിം കുടുംബങ്ങൾ തമ്മിൽ വഴക്കും വക്കാണവുമായി കഴിഞ്ഞിരുന്നു കാലമായിരുന്നു അത്. ഈ തമ്മിലടി അവസാനിപ്പിച്ച് സമുദായത്തിൽ ഐക്യം നിലനിർത്തണമെന്ന ആശയം ഹമദാനി തങ്ങൾ നിരന്തരം ഉപദേശിച്ചുകൊണ്ടിരുന്നു. എവിടെ വഴക്കും പുക്കാറും നടക്കുന്നുവോ, അവിടെ തങ്ങൾ കടന്നുചെന്ന് മത്സരവും പരിഭവവും അവസാനിപ്പിച്ച് ഇരുചേരികളേയും രമ്യതയിൽ പറഞ്ഞയക്കും. 1922ൽ ഹമദാനി തങ്ങളുടെ ആദ്ധ്യക്ഷതയിൽ കൊടുങ്ങല്ലൂരിലെ പ്രമുഖരായ 11 മുസ്ലിം നേതാക്കൻമാരെ ഉൾപ്പെടുത്തി ഒരു സംഘടന രൂപീകരിച്ചു. 'നിഷ്പക്ഷസംഘം' എന്നായിരുന്നു ഇതിന്റെ പേര്. ഏത് വഴക്കും പറഞ്ഞു സൗമ്യപ്പെടുത്തുകയെന്നതായിരുന്നു ലക്ഷ്യം. അല്പകാലം കൊണ്ട് 'നിഷ്പക്ഷസംഘ'ത്തിന്റെ പ്രവർത്തനം ഏറെ വിജയകരവും ഫലവത്തുമാണെന്ന് ഏവരും അംഗീകരിച്ചുതുടങ്ങി. സംഘത്തിൽ കൂടുതൽ അംഗങ്ങളും ശാഖകളും പല സ്ഥലങ്ങളിലായുണ്ടായി. കൊടുങ്ങല്ലൂരിലെ പൗരമുഖ്യൻമാർക്ക് പുറമേ നിഷ്പക്ഷസംഘത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പണ്ഡിതൻമാരാണ് ഹംദാനി ഷെയ്ഖ്, ഇ.കെ. മൗലവി, എം.സി.സി. അബ്ദുർറഹ്മാൻ മൗലവി, കെ.എം. മൗലവി എന്നിവർ. ഇ.കെ. മൗലവി നേരത്തേതന്നെ കൊടുങ്ങല്ലൂരുണ്ടായിരുന്നു. മലബാർ ലഹളകാലത്താണ് എം.സി.സി. അവിടെ എത്തുന്നത്. 1922 ജനുവരിയിൽ കെ.എം. മൗലവി സാഹിബും കൊടുങ്ങല്ലൂരെത്തിയിരുന്നു. ഈ പണ്ഡിതൻമാരുടെ സേവനം കൂടിയായപ്പോൾ നിഷ്പക്ഷസംഘം വേഗം പുഷ്ടിപ്പെട്ടു. ആത്മീയവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ സംഘം പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. കൊടുങ്ങല്ലൂരിൽ എറിയാട് എന്ന സ്ഥലത്ത് സംഘത്തിന്റെ വിപുലമായ ഒരുയോഗം വിളിച്ചു കൂട്ടുകയും 'നിഷ്പക്ഷസംഘം' എന്ന പേരിന് പകരം 'ഐക്യസംഘം' എന്നാക്കി പ്രവർത്തനം വിപുലീകരിക്കുകയുമുണ്ടായി.

വക്കം മൗലവിയുടെ ആദ്ധ്യക്ഷതയിലായിരുന്നു ഐക്യസംഘത്തിന്റെ പ്രഥമ സമ്മേളനം എറിയാട് നടത്തിയത്. ഐക്യസംഘം പ്രവർത്തകരിലധികവും വക്കം മൗലവിയുടെ ആശയാദർശങ്ങളോട് യോജിപ്പുള്ളവരും ആദരവ് പ്രകടിപ്പിച്ചിരുന്നവരുമാണ്. 'ഐക്യസംഘം' സമുദായത്തിൽ ഉണ്ടാക്കിയ നവോത്ഥാനവിസ്ഫോടനം അഭൂതപൂർവ്വമായിരുന്നു. വിചാരിച്ചതിലും വേഗതയിൽ കേരളത്തിന്റെ എല്ലാ ഭാഗത്തും ഐക്യസംഘത്തിന് ആത്മാർത്ഥതയുള്ള പ്രവർത്തകൻമാരുണ്ടായി. മദ്രസകൾ, വിദ്യാലയങ്ങൾ, പത്രങ്ങൾ തുടങ്ങിയവക്ക് പുറമേ മത-സാമൂഹ്യരംഗങ്ങളിലും ഐക്യസംഘം പ്രവർത്തകർ ജാഗ്രത്തായി. സഹോദരസമുദായങ്ങളിൽ നടന്ന വിപ്ലവകരമായ മാറ്റം കണ്ടുപഠിക്കുവാൻ മുസ്ലിംകൾ മടിച്ചുനിന്നു. ഒരു ശ്രീനാരായണഗുരുവിനും, ഒരു അയ്യങ്കാളിക്കും, ഒരു കെ.പി. കുറുപ്പനുമൊക്കെ അവരുടെ സമുദായങ്ങളിൽ ഉണ്ടാക്കുവാൻ കഴിഞ്ഞ അനന്യസദൃശ്യമായ നേട്ടങ്ങൾ മുസ്ലിം സമുദായത്തിന് പക്ഷേ നേടുവാൻ സാധിക്കാതിരുന്നത് സമുദായം ഈ നവോത്ഥാന നായകൻമാരുടെ പിന്നിൽ അണിനിരക്കുവാൻ അറച്ചറച്ചു നിന്നതുകൊണ്ടായിരുന്നു. അവരെ പിന്തുണക്കുന്നതിന് പകരം ശക്തിയായി എതിർക്കുകയാണ് സമുദായത്തിലെ യാഥാസ്ഥികർ ചെയ്തത്. അവർക്കായിരുന്നു സമുദായത്തിലെ ഭൂരിപക്ഷത്തിന്റെയും പിന്തുണ. ഐക്യസംഘത്തിനെതിരായി പഴഞ്ചൻ പൗരോഹിത്യം തൊടുത്തുവിട്ടിരുന്ന മതവിധികൾക്കും ന്യായവാദങ്ങൾക്കും ഇസ്ലാമികമായ വിധിവിലക്കുകൾ കൊണ്ട് തന്നെ പ്രതിവിധി കാണണമെന്ന് വന്നു. ഐക്യസംഘത്തിന്റെ രണ്ടാംവാർഷികത്തോടു കൂടി 1924ൽ അങ്ങനെ മുസ്ലിം പണ്ഡിതൻമാരുടെ ഒരു സംഘടനക്ക് രൂപം കൊടുത്തു. കേരളജമീ അത്തുൽ ഉലമയുടെ ആവിർഭാവത്തിന് ശേഷമാണ് മറ്റ് പണ്ഡിതസംഘടനകൾ ഉണ്ടാകുന്നത്. 1932ൽ കെ.എം. മൗലവി മലബാറിൽ തിരിച്ചു

വന്നശേഷം ജമീ അത്തുൽ ഉലമയുടെ പ്രവർത്തനം കൂടുതൽ സജീവമാകുകയുംചെയ്തു. ഈ സംഘടനയിൽ മതപണ്ഡിതൻമാർ മാത്രമായതിനാൽ സാധാരണ മുസ്ലിംകളേയും കൂടി ഉൾക്കൊള്ളിക്കത്തക്ക ഒരു പ്രസ്ഥാനം 1950ൽ രൂപീകൃതമായി. കേരള നദ്‌വത്തുൽ മുജാഹിദീൻ എന്ന ഈ പ്രസ്ഥാനം ഇന്ന് കേരളത്തിലെ ഇസ്‌ലാഹി ചലനങ്ങളുടെ ചുക്കാൻ പിടിക്കുന്ന നേതൃസംഘടനയായി മാറിയിരിക്കുന്നു. ഏത് സംഘടനയുടേയും പ്രസ്ഥാനത്തിന്റെയും നിലനിൽപ്പ് അതിന്റെ സുശക്തമായ യുവജനനിരയിലാണെന്നത് അവിതർക്കിതമാണല്ലോ. ഈ ആവശ്യം വിജയപൂർവ്വം നിർവ്വഹിക്കുവാൻ മാതൃസംഘടനയുടെ കീഴിൽ രൂപംകൊണ്ട 'ഇത്തിഹാദു ശുബ്ബാനിൽമുജാഹിദീൻ' (ഐ.എസ്.എം.) അസൂയാർഹമായ പ്രവർത്തനങ്ങളാണ് കാഴ്ചവെക്കുന്നത്. കുത്തഴിഞ്ഞ ജീവിതക്രമങ്ങളിൽ നിന്നും സാമൂഹ്യതിൻമകളിൽ നിന്നും മുസ്ലിം യുവജനങ്ങളെ തടഞ്ഞ് യുവത്വത്തിന്റെ കർമ്മശേഷി എങ്ങിനെ മനുഷ്യനൻമക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കുമെന്ന് ഐ.എസ്.എമ്മിന്റെ പ്രവർത്തിയിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. മറ്റൊരു സംഘടനാവിഭാഗം വിദ്യാർത്ഥികളുടേതായുണ്ട്. കലാലയങ്ങളുടെ അന്തസ്സത്ത ഉയർത്തിപ്പിടിക്കുന്ന ലക്ഷ്യബോധമുള്ള വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുവാൻ 'മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ് ' (എം.എസ്.എം.) പരിശ്രമിക്കുന്നു. സ്ത്രീകളിൽ അവരുടെ, മതപരവും സാമൂഹികവുമായ ബാദ്ധ്യതകളേയും അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും പറ്റി ബോധവൽക്കരണം നടത്തി ഇസ്‌ലാമിലെ മാതൃകാവനിതകളെ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 'മുസ്ലിം ഗേൾസ് ആൻറ് വിമൻസ് മൂവ്മെന്റ്' (എം.ജി.എം.) പ്രവർത്തിക്കുന്നു. ഇങ്ങനെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളേയും ഉൾക്കൊണ്ടാണ് മുജാഹിദ് പ്രസ്ഥാനം നിലനിൽക്കുന്നത്.

ഇസ്‌ലാഹി പ്രസ്ഥാനം കേരളത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഇതരസംസ്ഥാനങ്ങളിൽ 'അഹ്‌ലെഹദീസ് ' എന്ന പേരിലും അറബി നാടുകളിൽ 'സലഫി' എന്ന പേരിലുമാണ് ഈ പ്രസ്ഥാനം അറിയപ്പെടുന്നത്. ആഫ്രിക്കൻ വൻകരയിലും മറ്റും പ്രവർത്തിക്കുന്ന 'സന്യൂസി' പ്രസ്ഥാനവും ഈജിപ്പിലേയും മറ്റും 'ജംഇയ്യത്തുഅൻസാരി സുന്നത്തുൽ മുഹമ്മദീയ'യും ഇസ്‌ലാഹി പ്രവർത്തനമാണ് നടത്തുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിവിധ പേരുകളിൽ അറിയപ്പെടുന്നുവെങ്കിലും ലക്ഷ്യവും മാർഗ്ഗവും ഒന്നാണെന്ന് ചുരുക്കം. മുജാഹിദ് പ്രസ്ഥാനത്തിന് മറ്റാരുടേയും ചിന്തയോട് അന്ധമായ വിധേയത്വമില്ല. ഖുർആനോടും നബിചര്യയോടും മാതൃകാപുരുഷൻമാരായ പ്രവാചകൻമാരോടും മാത്രമാണ് അതിന്റെ ആദർശപരമായ കടപ്പാട്.

കേരള ജമീഅത്തുൽ ഉലമയുടെ സ്ഥാപനഘട്ടത്തിൽ കേരളത്തിലെ എല്ലാ വിഭാഗം മതപണ്ഡിതൻമാരും ഈ സംഘടനയിൽ ഉൾപ്പെട്ടിരുന്നു. എന്നാൽ ആദർശപരമായ അഭിപ്രായ ഭിന്നതയുടെ പേരിൽ യാഥാസ്ഥിതിക പണ്ഡിതവിഭാഗം വേറിട്ടൊരു സംഘടനക്ക് രൂപംകൊടുത്തു. അതാണ് സമസ്ത കേരള ജമീഅത്തുൽ ഉലമ. കുറേകൂടി ആർജവവും അറിവുമുള്ള വേറൊരു വിഭാഗവും കേരള ജമീ അത്തുൽ ഉലമയിൽ നിന്നും വേറിട്ട് മറ്റൊരു സംഘടനയുടെ കീഴിൽ വന്നു. ഇസ്‌ലാമിസ്റ്റ്കൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇവർ ജമാ ആത്തെ ഇസ്‌ലാമി എന്ന പ്രസ്ഥാനത്തിലേക്ക് മാറി. സ്വന്തം അണികളിൽ നിന്നും വേറിട്ട് പോയി മറ്റു സംഘടനകൾക്ക് രൂപം കൊടുത്തെങ്കിലും മുജാഹിദ് പ്രസ്ഥാനം തളരാതെ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയുണ്ടായി. വിദ്യാഭ്യാസ - സാംസ്കാരിക ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് അവരുടെ നേതൃത്വത്തിൽ അനവധി ആരധനാലയങ്ങളും മദ്രസകളും സ്കൂളുകളും അറബികോളേജുകളും പ്രവർത്തനനിരതമായി. സാമൂഹ്യ പരിഷ്ക്കരണത്തിന്റെ ഭാഗമായി സ്ത്രീധനം കൊടുക്കുന്ന രീതിയെ അവർ കഴിവതും നിരുത്സാഹപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ട്. അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും യാതൊരു സന്ധിയുമില്ലാത്ത പോരാട്ടമാണ് മുജാഹിദുകൾ നടത്തുന്നത്. മുജാഹിദ് പള്ളികളിൽ സ്ത്രീകൾക്ക് പ്രാർത്ഥനാസൗകര്യം നൽകിവരുന്നു. വെള്ളിയാഴ്ച ജുംഅ നമസ്കാരത്തിന് മുമ്പുള്ള ഖുത്തുബ മലയാളത്തിലാണ് നടത്തുന്നത്. ഇവ രണ്ടും സമസ്ത കേരള ജമീഅത്തുൽ ഉലമയുടെ കീഴിലുള്ള മതസ്ഥാപനങ്ങളിൽ നിഷിധ്യമാക്കിയിരിക്കുന്നു എന്ന വ്യത്യാസം വലുതാണ്.

മദ്രസകളിലും അറബികോളേജുകളിലും പരമ്പരാഗതമായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തുപോന്നിരുന്നവയിൽ നിന്നും വ്യത്യസ്ഥമായി ആധുനികാവശ്യങ്ങൾ ഉൾക്കൊള്ളാൻ കഴിയുംവിധം അവിടത്തെ പഠനത്തിലും പഠനവിഷയത്തിലും ശാസ്ത്രീയമായ അഴിച്ചുപണികൾ നടത്തിയിരിക്കുന്നു. അറബികോളേജുകളിലെ പഠനം പൂർത്തിയാക്കി പുറത്തിറങ്ങുന്നവർ ഇസ്ലാമികാദർശ സംഹിതകൾ ഫലവത്തായി പ്രചരിപ്പിക്കുവാൻ സാധിക്കുന്ന നല്ല പണ്ഡിതൻമാരാണ്. സ്ത്രീവിദ്യാഭ്യാസത്തിനും മുജാഹിദുകൾ കൂടുതൽ പ്രാധാന്യം നൽകിപ്പോരുന്നു. കേരളത്തിന്റെ നാനാഭാഗങ്ങളിലായി 500ൽപരം മദ്രസകളും കുറേ അറബികോളേജുകളും നല്ല നിലയിൽ നടത്തുന്നവയായുണ്ട്. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ളവയും സർക്കാർ അംഗീകരിച്ചിട്ടുള്ളവയുമായ കോളേജുകൾ താഴെ പറയുന്നവയാണ്.

1. റൗസത്തുൽഉലൂം അറബികോളേജ്, ഫറൂക്ക്
2. മദീനത്തുൽ ഉലൂം അറബികോളേജ്, പുളിക്കൽ
3. സുല്ലമസ്സലാം അറബികോളേജ്, അരീക്കോട്
4. അൻസാർ അറബികോളേജ്, വളവന്നൂർ
5. അൻവാറുൽ ഇസ്ലാം അറബികോളേജ്, കുനിയിൽ

6. അൻവാറുൽ ഇസ്ലാം വിമൻസ് അറബികോളേജ്, മോങ്ങം
7. ദാറുൽഉലൂം അറബി കോളേജ്, വാഴക്കാട്.

എടവണ്ണയിൽ പ്രവർത്തിച്ചുപോരുന്ന രണ്ട് ഉന്നത വിദ്യാപീഠങ്ങളാണ് ജാമിയനദവിയ്യ ജാമിസലഫിയ്യ എന്നീ കോളേജുകൾ. ഇസ്ലാമിക വിജ്ഞാനശാഖകളിൽ ഉപരി പഠനം നൽകുക മാത്രമല്ല, അറബിഭാഷയിലും സാഹിത്യത്തിലും പ്രാവീണ്യം നേടുവാൻ ഇവിടെ സൗകര്യമുണ്ട്. സമുദായത്തിന് ആത്മീയ നേതൃത്വവും മതപാണ്ഡിത്യവും നൽകുവാൻ കെല്പുണ്ടാകും വിധമാണ് ഇവിടെ പരിശീലനം നൽകിക്കൊണ്ടിരിക്കുന്നത്. കെ.എൻ.എമ്മിന്റെ കീഴിൽ ഉള്ള വിദ്യാഭ്യാസ ബോർഡ് മദ്രസകളിലും കോളേജുകളിലും പാഠപുസ്തകങ്ങൾ നിർമ്മിക്കുന്നതിനും ആധുനിക വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പാഠ്യപദ്ധതികളും പഠന ക്രമവും ഏകീകരിക്കുന്നതിനുമായി പ്രവർത്തിച്ചു പോരുന്നുണ്ട്. അദ്ധ്യാപകൻമാർക്ക് കൂടുതൽ കാര്യക്ഷമമായി പഠനസമ്പ്രദായം ആവിഷ്ക്കരിക്കാൻ പറ്റുംവിധം സെമിനാറുകളും ചർച്ചായോഗങ്ങളും വർക്ക്ഷോപ്പുകളും ഇടക്കിടക്ക് സംഘടിപ്പിക്കുകയും ഇവയുടെ പ്രവർത്തനങ്ങളെ ക്രമീകരിക്കുവാൻ ഇൻസ്പെക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. വിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ ഒരു അദ്ധ്യാപക ക്ഷേമനിധി പ്രയാസപ്പെടുന്ന മദ്രസാ അദ്ധ്യാപകൻമാർക്ക് ധനസഹായം ചെയ്യുവാൻ രൂപീകൃതമായിട്ടുണ്ട്. മതപ്രചാരണലക്ഷ്യത്തോടെ കെ.എൻ.എം. ഒരു പ്രസിദ്ധീകരണാലയവും നടത്തിപ്പോരുന്നു. ഇസ്ലാമിക ആദർശങ്ങൾ ഉൾക്കൊള്ളുന്ന കനപ്പെട്ട പല പ്രസിദ്ധീകരണങ്ങളും ഇവർ പുറത്തിറക്കിയിട്ടുണ്ട്. മുഹമ്മദ് അമാനി മൗലവി തയ്യാറാക്കിയതും കെ.എൻ.എം. പ്രസിദ്ധീകരിച്ചതുമായ തഫ്സിറുൽഖുറാൻ, വേദഗ്രന്ഥത്തിന്റെ മലയാള വിവിർത്തനവും വ്യാഖ്യാനവും ഉൾക്കൊള്ളുന്ന ബൃഹത്തായ പ്രസിദ്ധീകരണമാണ്. കെ.എൻ.എം. പുറത്തിറക്കുന്ന അൽമാനാർ മാസികയും ഐ.എസ്.എം. പ്രസിദ്ധീകരിക്കുന്ന ഷബാബ് മാസികയും എം.എസ്.എം. നടത്തിപ്പോരുന്ന ഇക്രഅ് മാസികയും വിലപ്പെട്ട ദീനീ സേവനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുപോലെ പള്ളിനിർമ്മാണങ്ങൾക്ക് സഹായധനം എത്തിക്കുവാനുള്ള ഒരു സ്ഥിരം 'പള്ളിനിർമ്മാണ ഫണ്ട് ' തന്നെ കെ.എൻ.എമ്മിന്റെ കീഴിലുണ്ട്. മാസപ്പിറവി സംബന്ധിച്ച തർക്കം ലഘൂകരിക്കുവാനായി ഒരു ഹിലാൽ കമ്മിറ്റിയും പ്രവർത്തന നിരതമാണ്. സമുദായത്തിന് ഈ പ്രസ്ഥാനം നൽകുന്ന സംഭാവന വളരെ വിലപ്പെട്ടതാകുന്നു.

## II *ജമാ അത്തെ ഇസ്ലാമി*

ബ്രിട്ടീഷ് ഇന്ത്യയിൽ സ്വാതന്ത്ര്യസമരം പിരിമുറുകിയ കാലഘട്ടം. ഗാന്ധിജിയുടെ നേതൃത്വത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് പൊരുതികൊണ്ടിരിക്കുമ്പോൾ ഉപഭൂഖണ്ഡത്തിൽ സാമുദായിക ധ്രുവീകരണം അപകടകരമായ പതനം വരെ എത്തിക്കഴിഞ്ഞിരുന്നു. ഹിന്ദുവും മുസൽമാനും അവരവരുടെ അണികൾ വർഗീയാവേശത്തോടെ ബലവത്താക്കിക്കൊണ്ടിരുന്നു. കോൺഗ്രസ്സിന്റെ പ്രഗത്ഭരായ ചില നേതാക്കൻമാർ പോലും വർഗ്ഗീയതയോ, വിഭാഗീയതയോ ആയ പ്രവണതകളിൽ നിന്നും മുക്തരായിരുന്നുമില്ല. ഈ പശ്ചാത്തലത്തിലായിരുന്നു 1941 ആഗസ്റ്റ് 26-ാം തീയ്യതി ജമാഅത്തെ ഇസ്ലാമിയുടെ രൂപീകരണം. മതപണ്ഡിതൻമാരും ബുദ്ധിജീവികളുമായ എഴുപത്തഞ്ച് പേർ ചേർന്ന് പഞ്ചാബിലെ പത്താൻക്കോട്ടിൽ യോഗം കൂടി ഈ പ്രസ്ഥാനത്തിന് രൂപം നൽകിയത് യാദൃശ്ചികസംഭവമായിരുന്നില്ല. വർഷങ്ങൾ നീണ്ടുനിന്ന വിചിന്തനത്തിനും ബോധവൽക്കരണത്തിനും ശേഷമായിരുന്നു യശശ്ശരീരനായ മൗലാന അബുൽ അ അ്ലാ മൗദൂദി ജമാഅത്തെ ഇസ്ലാമി സ്ഥാപിക്കുവാൻ മുൻകയ്യെടുത്തത്. ലോകത്തെവിടെയായാലും മനുഷ്യൻ ദൈവത്തിന്റെ പരമാധികാരം അംഗീകരിച്ചും പ്രവാചകൻമാർ മുഖേന നൽകിയ സൻമാർഗ സംഹിതകൾക്ക് മാത്രം വിധേയനായും ജീവിക്കേണ്ടവനാണെന്ന ദൃഢവിശ്വാസമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. ജമാഅത്തെ ഇസ്ലാമി പരമ്പരാഗതശൈലിയിലുള്ള ഒരു മതസംഘടനയോ, അധികാരം ലക്ഷ്യമാക്കിയ ഒരു രാഷ്ട്രീയ പാർട്ടിയോ, ധാർമ്മികതത്വങ്ങളുടെ പ്രചാരണത്തിന് വേണ്ടി മാത്രം നിലവിൽ വന്ന ഒരു സാംസ്കാരിക സംഘടനയോ ആയിരുന്നില്ല. നാനാജാതി മതസ്ഥരെ ദൈവിക സൻമാർഗത്തിൽ അണിനിരത്തി ധാർമ്മികമായ അടിത്തറകളിൽ ഒരു പുതിയ സമൂഹത്തിന്റെ സൃഷ്ടിക്കുവേണ്ടി സ്ഥാപിതമായ വിപ്ലവപ്രസ്ഥാനമാണ് ജമാഅത്തെ ഇസ്ലാമി.

അചഞ്ചലമായ ഈശ്വരവിശ്വാസത്തിലും പരിപക്വമായ പരലോക ബോധത്തിലും അധിഷ്ഠിതമായ ഇസ്ലാമിക ജീവിത പദ്ധതിയുടെ സമുദ്ധാരണത്തിനും തദ്വാര മനുഷ്യസമുദായത്തിന്റെ ഉൽക്കർഷത്തിനും വേണ്ടി നിലകൊള്ളുന്ന ഒരു ധാർമ്മിക പ്രസ്ഥാനമത്രെ ജമാഅത്തെ ഇസ്ലാമി. ഇസ്ലാമിന്റെ മൂലപ്രമാണങ്ങളായ വിശുദ്ധ ഖുർആനും നബിചര്യകളും ചൂണ്ടിക്കാട്ടിയ പന്ഥാവിലൂടെ വ്യക്തിയുടെ സംസ്കരണവും സമൂഹത്തിന്റെ സംവിധാനവും സാധിക്കുകയത്രെ ജമാഅത്തിന്റെ ലക്ഷ്യം. സാങ്കേതിക ഭാഷയിൽ ഇതിന് 'ഇഖാമത്തുദ്ദീൻ' എന്ന് പറയുന്നു. വർഗ്ഗ സഹകരണം, സമുദായ സൗഹൃദം, സമാധാന സ്ഥാപനം എന്നിവ ജമാഅത്തിന്റെ പ്രവർത്തനപരിപാടികളാണ്. തികച്ചും ജനാധിപത്യ സ്വഭാവത്തോടുകൂടിയ ഈ ഇസ്ലാമിക പാർട്ടിയുടെ ആദർശ ലക്ഷ്യങ്ങളും കർമ്മനയങ്ങളും, സംഘടനാ വ്യവസ്ഥകളും അതിന്റെ ഭരണഘടനയിൽ വിശദീകരിച്ചിട്ടുണ്ട്. 1941 ആഗസ്റ്റ് 25-ാം തിയ്യതി മുൻപ്രസ്താവിച്ചത് പോലെ ദാറുൽ ഇസ്ലാമിൽ വെച്ച് രൂപീകൃതമായ ജമാഅത്തെ ഇസ്ലാമിയുടെ ആദ്യത്തെ അമീർ അതിന്റെ സ്ഥാപക നേതാവായ മൗദൂദി തന്നെയായിരുന്നു. എന്നാൽ 1947ൽ ഇന്ത്യാ വിഭജനത്തെ തുടർന്ന് മറ്റു പല സംഘടനകളേയും പോലെ ജമാഅത്തെ

ഇസ്ലാമിയും രണ്ടായി വിഭജിക്കപ്പെട്ടു. അബുൽ അഅ്ല മൗദൂദി പാക്കിസ്ഥാൻ പൗരത്വം സ്വീകരിച്ച് അവിടേക്ക് പോകുകയും ചെയ്തു.

ദൈവത്തിന്റെ ഏകത്വത്തിലും മുഹമ്മദ് നബിയുടെ പ്രവാചകത്വത്തിലുമുള്ള വിശ്വാസമാണ് ജമാഅത്തെ ഇസ്ലാമിയുടെ അടിസ്ഥാന പ്രമാണം. പ്രപഞ്ച സ്രഷ്ടാവും രക്ഷകനും അധിപനും നിയന്താവുമായ ദൈവം മനുഷ്യന്റെ സൻമാർഗ്ഗികവിധികർത്താവുമാണ്. ആദം നബി മുതൽ മുഹമ്മദ് നബി വരെയുള്ള സർവ്വ പ്രവാചകൻമാരും മനുഷ്യസമുദായത്തിന് നൽകിയ സന്ദേശം ഒന്നുതന്നെയായിരുന്നു. അതാണ് ഇസ്ലാം. അത് മുസ്ലിംകളുടെ മാത്രം പാരമ്പര്യമതമോ കുത്തകയോ അല്ല. പ്രത്യുത മുഴുവൻ മനുഷ്യസമൂഹത്തിനും അന്ത്യനാൾ വരെയുള്ള സമ്പൂർണ്ണ ജീവിത വ്യവസ്ഥിതിയാണ്. അതിനെ സർവ്വാത്മനാ അംഗീകരിച്ചു ജീവിക്കുന്നതിലാണ് മനുഷ്യന്റെ ഇഹത്തിലെ വിജയവും പരത്തിലെ മോക്ഷവും എന്നതാണ് ജമാഅത്തെ ഇസ്ലാമിയുടെ അചഞ്ചലമായ ആദർശ വിശ്വാസം. വ്യക്തി ജീവിതം മുതൽ സാമൂഹ്യജീവിതം വരെ സകല തുറകളിലും ദൈവത്തിന്റെ ശാസനകളും നിർദേശങ്ങളും നടപ്പിൽ വരുത്തുകയാണ് ജമാഅത്തെ ഇസ്ലാമിയുടെ ലക്ഷ്യം. മതം സ്വകാര്യ ജീവിതത്തിൽ ഒതുങ്ങുന്ന, ഒതുങ്ങേണ്ട, ഒരാശയവാദമാണെന്ന വിഭാവന ജമാഅത്ത് അംഗീകരിക്കുന്നില്ല. രാഷ്ട്രത്തിന് ഭദ്രതയും സമാധാനവും സമൃദ്ധിയും കൈവരണമെങ്കിൽ സമൂഹം നന്നാവണം. സമൂഹം നന്നാവാൻ വ്യക്തി നന്നാവണം. വ്യക്തിയുടെ സംസ്കരണത്തിന് കേവല ഭൗതികാദർശങ്ങളും നിർമത തത്വശാസ്ത്രങ്ങളും പര്യാപ്തമല്ല. ഈശ്വരനിലും പ്രവാചക മാതൃകയിലും മരണാനന്തര ജീവിതത്തിലും വിശ്വസിക്കാത്ത മനുഷ്യൻ, സ്വാർത്ഥിയും അഹങ്കാരിയും, താന്തോന്നിയും ആയിത്തീരുക സ്വാഭാവികമാണ്. ഇങ്ങനെയുള്ള മനുഷ്യരെയാണ് ആധുനിക, ഭൗതിക പ്രത്യയ ശാസ്ത്രങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്. തൻമൂലം ലോകത്തിന് സ്വസ്ഥതയും സമാധാനവും നഷ്ടപ്പെട്ടിരിക്കുന്നു. എയ്ഡ്സ് രോഗം മുൽ നക്ഷത്രയുദ്ധം വരെയുള്ള മാരകമായ തിൻമകൾ കേവല ഭൗതിക സംസ്കാരത്തിന്റെ സന്തതികളാണ്. ഈ വിപത്തിൽ നിന്ന് മാനവ സമൂഹത്തിന് മോചനം വേണമെങ്കിൽ ഈശ്വര വിശ്വാസത്തിൽ ഊന്നി നിൽക്കുന്ന സമ്പൂർണ്ണ ധാർമ്മികവൽക്കരണത്തിലൂടെ മാത്രമേ സാദ്ധ്യമാവൂ എന്ന് ജമാഅത്തെ ഇസ്ലാമി ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയുടെ രക്ഷയും ഭാവിയും ഇത്തരം ഒരു ധാർമ്മിക വിപ്ലവത്തെ ആശ്രയിച്ചിരിക്കുന്നു.

ഒരു ധാർമ്മിക പ്രസ്ഥാനത്തിന് ഒരിക്കലും ധാർമ്മികേതര പ്രവർത്തനമാർഗ്ഗങ്ങൾ അവലംബിക്കുക സാദ്ധ്യമല്ല. ലക്ഷ്യം മാത്രമല്ല മാർഗ്ഗവും പരിശുദ്ധമായിരിക്കണമെന്ന് ജമാഅത്തിന് നിർബന്ധമുണ്ട്. ലക്ഷ്യപ്രാപ്തിക്ക് ബലപ്രയോഗം പാടില്ലെന്നത് ഇസ്ലാമിന്റെ കണിശമായ അദ്ധ്യാപനമാണ്. സമാധാനപരമായ പ്രചാരണം, സ്നേഹനിഷ്ഠമായ ബോധവൽക്കരണം ഇവയാണ് ജമാഅത്തെ ഇസ്ലാമിയുടെ പ്രവർത്തനമാർഗ്ഗം. പ്രവാചകൻമാരുടെ പ്രബോധന ശൈലിയാണ് ജമാഅത്തിന്റെ മാതൃക. അത് അട്ടിമറിയിലോ ബലപ്രയോഗത്തിലോ വിശ്വസിക്കുന്നില്ല. പ്രവർത്തകർക്ക് ഏതെങ്കിലും വിധത്തിലുള്ള സൈനിക പരിശീലനം നൽകുന്നുമില്ല. വർഗ്ഗപരമോ, വർഗ്ഗീയമോ ആയ സ്പർദ്ധയോ വിദ്വേഷമോ ഇളക്കിവിടുന്ന തരത്തിലുള്ള ആശയപ്രചാരണവും ജമാഅത്തിന്റെ ഭരണഘടന പാടെ നിരാകരിക്കുന്നു. ആദർശ പ്രബോധനത്തിലൂടെ വ്യക്തികളുമായി ബന്ധപ്പെടുകയും അവരിൽ നിന്നും പ്രസ്ഥാനവുമായി, സഹകരിക്കാൻ തയ്യാറുള്ളവരെ 'മുത്തഫിഖുകൾ' (അനുകൂലികൾ) എന്ന പേരിൽ സംഘടിപ്പിക്കുകയും ചെയ്യുന്നു. ബോധവൽക്കരണത്തിലൂടെയും നിരന്തരമായ സംസ്കരണ പ്രക്രിയയിലൂടെയും കൂടുതൽ കർമ്മോൽസുകരായി മുന്നോട്ട് വരുന്നവരെ 'കാർകുൻഹൽഖ' (പ്രവർത്തകവൃത്തം) കളിൽ ചേർക്കും. അവരിൽനിന്ന് പ്രസ്ഥാനത്തിന്റെ എല്ലാ ബാദ്ധ്യതകളും താൽപര്യങ്ങളും പരമാവധി നിറവേറ്റാൻ സ്വയം സന്നദ്ധരായി വരുന്നവരാണ് 'റുക്നുകൾ' (അംഗങ്ങൾ) ഒന്നിലധികം അംഗങ്ങളുള്ള കേന്ദ്രങ്ങളിൽ പ്രാദേശിക ഘടകങ്ങൾ സ്ഥാപിതമാകും. ജമാഅത്തെ ഇസ്ലാമിയുടെ ഘടന പൂർണ്ണമായും ജനാധിപത്യത്തിലധിഷ്ഠിതമാണ്. അംഗങ്ങൾ അവരിൽ നിന്ന് താരതമ്യേന യോഗ്യരായ വരെ നിശ്ചിത അനുപാതത്തിൽ അഖിലേന്ത്യാ പ്രതിനിധി സഭയിലേക്ക് (മജ്ലിസെ നുമ്മ ഇന്തഗാൻ) തിരഞ്ഞെടുക്കുന്നു. പ്രതിനിധി സഭയാണ് കേന്ദ്ര കൂടിയാലോചനാ സമിതി (മജ്ലിസ്ശൂറാ)യെയും അഖിലേന്ത്യാ അമീറിനേയും തിരഞ്ഞെടുക്കുന്നത്. ജമാഅത്തിന്റെ പരമോന്നത ഭരണസമിതിയാണ് മജ്ലിസ് ശൂറാ. പ്രതിനിധി സഭയുടേയും മജ്ലിസ്ശൂറായുടേയും അമീറിന്റെയും കാലാവധി നാല് വർഷമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. സംസ്ഥാനങ്ങളിലെ ജമാഅത്ത് ഘടകങ്ങൾക്ക് അംഗങ്ങളുടെ അഭിപ്രായപ്രകാരം അഖിലേന്ത്യാ അമീർ നിശ്ചയിക്കുന്ന ഒരു ഹൽഖ അമീർ ഉണ്ടായിരിക്കും. കൂടാതെ സംസ്ഥാന മജ്ലിസ് ശൂറയെ അംഗങ്ങൾ തിരഞ്ഞെടുക്കുന്നു. ഇപ്പോൾ 15 ഹൽഖകളാണ് ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്കുള്ളത്.

ആദർശം, ലക്ഷ്യം, പ്രവർത്തനമാർഗ്ഗം എന്നിവ മുമ്പിൽവെച്ച് ഓരോ നാല് വർഷത്തേക്കും ജമാഅത്ത് പ്രതിനിധി സഭ സംഘടനയുടെ നയപരിപാടികൾക്ക് രൂപം നൽകുന്നു. ദേശീയ സാഹചര്യങ്ങൾ പ്രസ്ഥാനത്തിന്റെ വളർച്ച എന്നിവ മുൻനിർത്തി നയം പുനഃപരിശോധിച്ചുകൊണ്ടിരിക്കും. ലോകസമാധാനം, മൗലിക മനുഷ്യാവകാശങ്ങൾ, മർദ്ദിതരോടുള്ള സഹാനുഭൂതി, നീതി, ജനകീയ സ്വാതന്ത്ര്യം തുടങ്ങിയ പ്രശ്നങ്ങളിൽ ജമാഅത്തെ ഇസ്ലാമി ശക്തിയുക്തം അഭിപ്രായപ്രകടനം നടത്തുന്നു. മുതലാളിത്വം, സാമ്പത്തിക ചൂഷണം, ഐത്തം, ഉച്ചനീചത്വം, അക്രമം, അനീതി, മത - ഭാഷാ പ്രാദേശിക പക്ഷപാതിത്വങ്ങൾ, ഏകാധിപത്യ - സമഗ്രാധിപത്യ പ്രവണതകൾ, സാംസ്കാരികമായ കടന്നാക്രമണം, വർഗ്ഗീയത എന്നിവക്കെതിരിൽ ജമാ

അത്ത് ശബ്ദം ഉയർത്തുന്നതാണ്. വിശ്വാസ സ്വാതന്ത്ര്യം, മനസ്വാതന്ത്ര്യം, അഭിപ്രായ - ചിന്താസ്വാതന്ത്ര്യം, സാമ്പത്തിക നീതി, സാമൂഹ്യസമത്വം, മനുഷ്യസാഹോദര്യം എന്നീ മൂല്യങ്ങളുടെ പ്രചാരണത്തിനും, മത-ഭാഷാ സാംസ്കാരിക ന്യൂനപക്ഷങ്ങളുടെ വ്യക്തിത്വ സംരക്ഷണത്തിനും പിന്നോക്കവിഭാഗങ്ങളുടെ ഉദ്ധാരണത്തിനും തൊഴിലാളികളുടേയും കർഷകരുടേയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ദാരിദ്ര്യവും നിരക്ഷരതയും ഉൻമൂലനം ചെയ്യുന്നതിനും ജമാഅത്ത് കഴിവനുസരിച്ച് പ്രവർത്തിക്കുന്നതാണ്. (പോളിസി ഖണ്ഡിക 6ൽ ഊന്നിപ്പറയുന്നതാണിവ.) മത - സമുദായ പരിഗണന കൂടാതെ രോഗികൾക്കും, അവശർക്കും, ദുരിത ബാധിതർക്കും ജമാഅത്ത് കഴിയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നതാണ്. ആപത്തിനിരയായവർക്കും മർദ്ദിതർക്കും സഹായം എത്തിക്കുന്നതിൽ ശ്രദ്ധിക്കും എന്നും പോളിസിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഈ ലക്ഷ്യപ്രാപ്തിക്കായി ആസൂത്രിത കർമ്മപരിപാടികൾ അംഗീകരിച്ച് പ്രാവർത്തികമാക്കുകയും ചെയ്യുന്നു. ആശയ പ്രചാരണത്തിനും ബോധവൽക്കണത്തിനും വേണ്ടി വ്യക്തി സംഭാഷണങ്ങൾ, സ്റ്റഡി ക്ലാസുകൾ, പൊതുയോഗങ്ങൾ, ചർച്ചാ സമ്മേളനങ്ങൾ തുടങ്ങിയ പരിപാടികൾ നടത്തുന്നതിന് പുറമെ ഇന്ത്യൻ ഭരണഘടന അംഗീകരിച്ച ഏതാണ്ട് എല്ലാ ഭാഷകളിലും പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും പുറത്തിറക്കുന്നുണ്ട്. ഹിന്ദി, ഇംഗ്ലീഷ്, ഉറുദു, തെലുങ്ക്, കന്നട, തമിഴ്, പഞ്ചാബി, ഗുജറാത്തി, മറാത്തി, മലയാളം എന്നീ ഭാഷകളിൽ ജമാ അത്തിന് പ്രസിദ്ധീകരണാലയങ്ങളുണ്ട്. ദഅ്വത്ത് (ഉറുദു - ത്രൈദിനം), അദുഅ്വ (അറബി - പാക്ഷികം), കാന്തി (ഹിന്ദി വാരിക), മീസാൻ (ബംഗാളി വാരിക), ശാഹീൻ (ഗുജ റാത്തിവാരിക), ശാന്തി മാർഗ്ഗ് (മറാത്തിവാരിക), സൻമാർഗ്ഗം (കന്നട വാരിക), സമരസം (തമിഴ് മാസിക), ഗീതുറായ് (തെലുങ്കുവാരിക), പ്രബോധനം (മലയാളം വാരിക) എന്നിവയാണ് ജമാഅത്തെ ഇസ്ലാമിയുടെ ജിഹ്വകൾ. കൂടാതെ ഡൽഹിയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന റേഡിയൻറ് (ഇംഗ്ലീഷ് വാരിക) ജമാഅത്ത് പ്രവർത്തകരുടെ നിയന്ത്രണത്തിലുള്ളതാകുന്നു.

ജനസേവനമാണ് ജമാഅത്ത് താൽപര്യപൂർവ്വം നിർവ്വഹിക്കുന്ന മറ്റൊരു ദൗത്യം. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടമാടുന്ന നിർഭാഗ്യകരമായ കലാപങ്ങളിൽ ദുരിതമനുഭവിക്കുന്ന നാനാ ജാതി മതസ്ഥരായ ജനലക്ഷങ്ങൾക്കും പ്രകൃതി കോപങ്ങൾക്കിരയാവുന്നവർക്കും ജമാഅത്ത് പരമാവധി സഹായം എത്തിക്കുന്നു. 1969ലെ അഹമ്മദാബാദ് കലാപത്തിൽ അനാഥരും നിരാലംബരുമായിത്തീർന്നവർക്കു വേണ്ടിയും 10 ലക്ഷം രൂപ ചെലവിൽ ഒരു കോളനി തന്നെ ജമാഅത്ത് നിർമ്മിച്ചുകൊടുത്തു. 1984ലെ ആസ്സാം ദുരന്തത്തിലെ പീഢിതർക്ക് വേണ്ടി 40 ലക്ഷം രൂപയുടെ ആശ്വാസ പ്രവർത്തനങ്ങളാണ് ജമാഅത്ത് നടത്തിയത്. 1987ൽ മീററ്റിൽ 60 ലക്ഷം രൂപയുടെ റിലീഫ് പ്രവർത്തനങ്ങൾ നടത്തി. ജബൽപൂർ, ജാംഷെഡ്പൂർ, റൂർക്കല, റാഞ്ചി, കൽക്കത്ത, ഭീവണ്ടി, മീററ്റ്, തലശ്ശേരി, തിരുവനന്തപുരം, ബോംബെ തുടങ്ങിയ നഗരങ്ങളിലും ജമാഅത്ത് വലിയതോതിൽ റിലീഫ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അനാഥശാലകളും ആസ്പത്രികളും ഡിസ്പെൻസറികളും ഏർപ്പെടുത്തുകയാണ് ജനസേവനത്തിന്റെ മറ്റൊരിനം. ജമാഅത്ത് പ്രവർത്തകർ നടത്തുന്ന ഹൈദരാബാദിലെ മെറ്റേണിറ്റി ഹോസ്പിറ്റൽ, ബിഹാർ - ഗയയിലെ ആസ്പത്രി എന്നിവ പ്രത്യേകം പരാമർശമർഹിക്കുന്നു. കേരളത്തിലും ഈ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ചൂഷണോപാധിയായ പലിശ ഇസ്ലാം കർശനമായി നിരോധിച്ചിരിക്കുന്നു. ഇന്ത്യയുടേതുപോലെ സമ്പദ്വ്യവസ്ഥ പലിശയധിഷ്ഠിതമായ ഒരു രാജ്യത്ത് പലിശവർജനം പ്രയാസമേറിയതാണെങ്കിലും രാജ്യത്തുടനീളം പലിശരഹിത വായ്പാനിധികളുടെ ഒരു ശൃംഖല തന്നെ ജമാഅത്തെ ഇസ്ലാമി സ്ഥാപിച്ചിരുന്നു. സക്കാത്തും ഫിത്വ്ർസക്കാത്തും പിരിച്ചെടുത്ത് സാമൂഹികമായും വ്യവസ്ഥാപിതമായും വിതരണം ചെയ്യുവാൻ ജമാഅത്തിന് ഫലപ്രദമായ സംവിധാനമുണ്ട്.

ഇതിനെല്ലാം പുറമെ കേരള ഗവർമ്മേണ്ടും മറ്റു ഏജൻസികളും നടത്തുന്ന വികസന പ്രവർത്തനങ്ങളിൽ ജമാഅത്ത് സഹകരിക്കുകയും വിവിധ പദ്ധതികളുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാൻ പ്രയത്നിക്കുകയും ചെയ്യുന്നു.

1947 മുതൽക്കാണ് ജമാഅത്തെ ഇസ്ലാമി കേരളത്തിൽ വ്യവസ്ഥാപിതമായി പ്രവർത്തനം ആരംഭിച്ചത്. കേരള ജമാഅത്ത് പ്രവർത്തനങ്ങളെപ്പറ്റി പറയുമ്പോൾ, സംഘടനാ സ്ഥാപകനും പ്രഥമ അമീറുമായ മർഹൂം ജനാബ് വി.പി. മുഹമ്മദാലി സാഹിബിന്റെ പാവനനാമം ആദരപൂർവ്വം അനുസ്മരിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ ധീരവും പരിചയസമ്പന്നവുമായ നേതൃത്വം സംഘടനയെ പടുത്തുയർത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. 2-10-1959ൽ മരിക്കുന്നത്വരെ അദ്ദേഹം തന്നെയായിരുന്നു കേരളഅമീർ. പ്രഗത്ഭനായ പ്രസംഗകൻ, പ്രാപ്തനായ സംഘാടകൻ, നല്ല എഴുത്തുകാരൻ, മതപണ്ഡിതൻ എന്നീ നിലക്കെല്ലാം ജനാബ് മുഹമ്മദാലി സാഹിബ് തന്റെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ശേഷം ജനാബ്, കെ.സി. അബ്ദുല്ല മൗലവി കേരള ശാഖാ അമീറായി തെരഞ്ഞെടുക്കപ്പെട്ടു. അബ്ദുല്ല മൗലവിയുടെ മരണാനന്തരം കേരള അമീറായത് കടമ്പോട്ട് സിദ്ധീഖ് ഹസ്സനാണ്. ഇതിനിടയിൽ കുറച്ചുകാലം ജനാബ് ടി.കെ. അബ്ദുല്ലാ സാഹിബ് ജമാഅത്തിന് നേതൃത്വം നൽകിയിരുന്നു. ഇപ്പോഴും സിദ്ധീഖ് ഹസ്സനാണ് കേരള അമീർ.

കേരളത്തിൽ ജമാഅത്ത് പ്രവർത്തനം വികാസം പ്രാപിച്ചതോടെ അതിന്റെ ആസ്ഥാനം കുഗ്രാമമായ എടയൂരിൽ നിന്നും കോഴിക്കോട്ടേക്ക് 1960ൽ മാറ്റി സ്ഥാപിച്ചു. ജമാഅത്തെ

ഇസ്ലാമി കേരളശാഖയുടെ ആഭിമുഖ്യത്തിൽ ഒട്ടേറെ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. അവയിൽ പ്രധാനമായതാണ് ഇസ്ലാമിക് പബ്ലിഷിംങ് ഹൗസ്. മലയാളത്തിലെ ഏറ്റവും വലിയ ഇസ്ലാമിക പ്രസിദ്ധീകരണശാലയാണ് ഇസ്ലാ മിക് പബ്ലിഷിംങ് ഹൗസ് (ഐ.പി.എച്ച്). ഇതിനകം ചെറു തും വലുതമായ 300-ഓളം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇസ്ലാമിക് എൻസൈക്ലോപീഡിയയുടെ രണ്ടു വാള്യങ്ങൾ പുറത്തിറങ്ങികഴിഞ്ഞു. മതപരവും ലൗകികവുമായ വിജ്ഞാനങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് നഴ്സറി മുതൽ കോളേജ് വരെ ഒട്ടുവളരെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജമാഅത്തെ ഇസ്ലാമി നേരിട്ട് നടത്തിവരുന്നു. കേരളത്തിൽ മജ്ലിസുത്തഅലീമിൽ ഇസ്ലാമി (ഇസ്ലാമിക വിദ്യാഭ്യാസ സമിതി) എന്ന പ്രത്യേക ബോർഡാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്നത്. മജ്ലിസിൽ റജിസ്ട്ര് ചെയ്യപ്പെട്ട 175 സ്ഥാപനങ്ങൾ ഇപ്പോൾ കേരളത്തിലുണ്ട്. ജനങ്ങളുടെ ആത്മീയ സംസ്കരണത്തിന് വലുതായ പ്രാധാന്യം കൽപിക്കുന്ന ഇസ്ലാമിക പ്രസ്ഥാനം, കഴിവും ആവശ്യവുമനുസരിച്ച് ചെറുതും വലുതുമായ പള്ളികൾ നിർമ്മിച്ച് പരിപാലിക്കുന്നുണ്ട്. കേരളത്തിൽ മാത്രം 225 പള്ളികൾ 11 ആതുരാലയങ്ങൾ, 3 ആസ്പത്രികൾ, 3 ഇണ്ടസ്ട്രിയൽ ട്രെയിനിംഗ് സെൻററുകൾ ജമാഅത്ത് പ്രവർത്തകരുടെ നിയന്ത്രണത്തിലുണ്ട്. പുരുഷൻമാരിലെന്നപോലെ സ്ത്രീകളിലും ജമാഅത്ത് ആസൂത്രിതമായി പ്രവർത്തിക്കുന്നു. വനിതാ ഹൽഖകൾ രൂപീകരിച്ചുകൊണ്ടാണീ പ്രവർത്തനം.

വിദ്യാർത്ഥി - യുവജനങ്ങൾക്കുവേണ്ടി ദേശീയാടിസ്ഥാനത്തിൽ നിലവിൽ വന്ന സംഘടനയാണ് സ്റ്റുഡൻസ് ഇസ്ലാമിക് ഓർഗനൈസേഷൻ (എസ്.ഐ.ഒ). എസ്.ഐ.ഒ.ക്ക് ഇപ്പോൾ 4500 ഓളം അംഗങ്ങളും 7000ത്തിചില്വാനം ഘടകങ്ങളുമുണ്ട്. 20,000 ത്തിലധികം അസോഷിയേറ്റണ്ട് അംഗങ്ങളും ഉണ്ട്. വിദ്യാർത്ഥിനികൾക്ക് വേണ്ടി ജമാഅത്തിൻെറ നിയന്ത്രണത്തിൽ കേരളത്തിൽ രൂപീകൃതമായ സംഘടനയാണ് ഗേൾസ് ഇസ്ലാമിക് ഓർഗനൈസേഷൻ (ജി.ഐ.ഒ). അതിന്നിപ്പോൾ 200ചില്വാനം ഘടകങ്ങളും 3500 ഓളം അംഗങ്ങളുമുണ്ട്. ജി.ഐ.ഒ. നടത്തുന്ന 'ആരാമം'. എന്ന വനിതാമാസിക കുറഞ്ഞ കാലയളവിൽ തന്നെ മലയാളത്തിലെ ഏറ്റവും പ്രചാരമുള്ള വനിതാമാസികകളിലൊന്നായി വളർന്നിരിക്കുന്നു.

1975ൽ അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചതിനെ തുടർന്ന് ജമാഅത്തെ ഇസ്ലാമിയെ നിരോധിക്കുകയുണ്ടായി. അതിൻെറ ധാരാളം പ്രവർത്തകർ അറസ്റ്റ് ചെയ്യപ്പെട്ടു. ഒരു പരീക്ഷണകാലമായിരുന്നു അത്. പ്രബോധനം വാരികയും, നിരോധനത്തിന് വിധേയമായി. എന്നാൽ അതിൻെറ സ്ഥാനത്ത് ബോധനം മാസിക പ്രസിദ്ധീകരിക്കുവാൻ സാധിച്ചത് ജമാഅത്തിൻെറ വിജയമാണ്. ബോധനം ഇപ്പോഴും നല്ലനിലയിൽ പ്രസിദ്ധീകരിച്ച്പോരുന്നു.

## III സമസ്തകേരള ജമീ അത്തുൽഉലമ

ഇസ്ലാഹി പ്രസ്ഥാനം ജനസമ്മതി നേടിത്തുടങ്ങിയപ്പോൾ പണ്ഡിതൻമാരെ ഉൾപ്പെടുത്തി കേരള ജമീ അത്തുൽ ഉലമ എന്നൊരു സംഘടനക്ക് രൂപം കൊടുത്തതായി നേരത്തെ പറഞ്ഞതാണല്ലോ. എന്നാൽ നവോത്ഥാന ആദർശങ്ങളുമായി യോജിക്കാൻ വിസമ്മതിച്ച യാഥാസ്ഥിതിക വിഭാഗം സമസ്ത കേരള ജമീ അത്തുൽ ഉലമ എന്ന ഒരു സംഘടനക്ക് ജൻമം കൊടുത്തു. മുജാഹിദ് പ്രവർത്തനത്തെ തടഞ്ഞുനിർത്തുകയെന്നതായിരുന്നു ഈ പണ്ഡിത സമാജത്തിൻെറ പ്രധാന ലക്ഷ്യം. കേരള ജമീഅത്തുൽ ഉലമയുടെ ആദ്യസമ്മേ ളനത്തിൽ കേരളത്തിലെ മുസ്ലിം പണ്ഡിതൻമാരെല്ലാം സംബന്ധിച്ചിരുന്നു. അബ്ദുൾജബ്ബാർ ഹസ്രത്തിൻെറ ആദ്ധ്യക്ഷത യിലായിരുന്നു ആ സമ്മേളനം നടന്നത്. കേരളത്തിലെ പ്രധാനപ്പെട്ട അറബി പണ്ഡിതൻമാരുടെയൊക്കെ ഗുരുനാഥനായിരുന്നു അദ്ദേഹം. എന്നാൽ ജമിഅത്തുൽ ഉലമ അതിൻെറ നവീകരണ - നവോത്ഥാന പ്രവർത്തനവും പ്രഭാഷണവുമായി രംഗത്തിറങ്ങിയതോടെ ജമിയത്തുൽ ഉലമയുടെ ആദരണീയരായ പണ്ഡിതൻമാർക്ക് കടുത്ത എതിർപ്പിനെ അഭിമുഖീകരിക്കേണ്ടതായി വന്നു. അവരുടെ പ്രസംഗങ്ങളും പ്രവർത്തനങ്ങളും ഇസ്ലാമിന് വിരുദ്ധമാണെന്ന പ്രചാരണവുമായാണ് യാഥാസ്ഥിതിക പണ്ഡിതവിഭാഗം എതിർപ്പുമായിറങ്ങിയത്. അവർക്ക് നേതൃത്വം കൊടുത്തിരുന്നവരിൽ മുഖ്യരായിരുന്നു വാറക്കൽ മുല്ലക്കോയ തങ്ങൾ എന്ന പേരിൽ പ്രസിദ്ധനായിതീർന്നിരുന്ന സയ്യിദ് അബ്ദുൽ റഹിമാൻ ബാഅല്ലവിയും പാങ്ങിൽ അബ്ദുല്ലക്കുട്ടി മുസ്ലിയാരും. അവരുടെ ശ്രമഫലമായി, 1925ൽ കോഴിക്കോട് ജും അമസ്ജിദിൽ ഒരു പണ്ഡിതയോഗം വിളിച്ചുകൂട്ടി. പുതിയ ഒരു സംഘടനക്ക് ജൻമം നൽകി. കെ.പി. മിരാൻ മുഹമ്മദ് മുസ്ലിയാർ പ്രസിഡണ്ടായും പാറേൽ ഹുസ്സൈയിൻ സെക്രട്ടറിയുമായും കേരള ജമീഅത്തുൽ ഉലമ എന്ന പേരിൽ തന്നെ പുതിയ സംഘടന പ്രവർത്തനമാരംഭിച്ചു. എന്നാൽ അടുത്ത വർഷം 1926ൽ കോഴിക്കോടു ടൗൺ ഹാളിൽ വിപുലമായ ഒരു സമ്മേളനം കൂടി വാറക്കൽ മുല്ലക്കോയ തങ്ങളെ പ്രസിഡണ്ടായും പാങ്ങിൽ അഹമ്മദ്കുട്ടി മുസലിയാരെ സെക്രട്ടറിയായും പുതിയ കമ്മിറ്റി രൂപീകരിക്കുകയും സംഘടനയുടെ പേരിന് മുമ്പിൽ 'സമസ്ത' എന്നുകൂടി ചേർക്കണമെന്ന് തീരുമാനിക്കുകയും ചെയ്തു. 1934ൽ അങ്ങനെ സമസ്ത കേരള ജമിഅത്തുൽ ഉലമ ചാരിട്ടബിൽ സൊസൈറ്റീസ് ആക്ട് പ്രകാരം റജിസ്ട്ടർ ചെയ്ത് വ്യവസ്ഥാപിത സംഘടനയായി മാറി. ഏതെങ്കിലും പ്രശസ്തനായ പണ്ഡിതൻെറ കീഴിൽ മതപഠനം നടത്തിയിട്ടുള്ള ഏതൊരാൾക്കും 'സമസ്ത'യിൽ അംഗമായി ചേരാമെന്നും എന്നാൽ ഗവർമ്മേണ്ടുമായി സഹകരിച്ചുപോകാൻ തയ്യാറുള്ളവരെ മാത്രമേ അംഗങ്ങളാക്കുകയുള്ളൂവെന്നും വ്യവസ്ഥ ചെയ്യുന്നതായിരുന്നു സമസ്തയുടെ ഭരണഘടന.

സംഘടനയുടെ ആരംഭത്തിൽ ജമിയത്തുൽ ഉലമാ പ്രവർത്തകൻ ചെയ്തിരുന്നതുപോലെ പൊതുപ്രഭാഷണങ്ങളും ബോധവൽക്കരണങ്ങളും നടത്തുകയും ലഘുലേഖകൾ പ്രസിദ്ധീകരിക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ മുജാഹിദുകളുടെ നവീകരണ പ്രസ്ഥാനങ്ങളെ എതിർക്കുവാനാണ് അധികസമയം ചെലവഴിച്ചിരുന്നത്. വെള്ളിയാഴ്ച ഖുത്തുബ മാതൃഭാഷയിലാക്കുന്നതിനേയും സ്ത്രീകൾക്ക് പള്ളികളിൽ പ്രവേശനം കൊടുക്കുന്നതിനേയും ഖുർആൻ പരിഭാഷപ്പെടുത്തുന്നതിനേയും അതികഠിനമായി ആദ്യകാലങ്ങളിൽ 'സമസ്ത' എതിർത്തിരുന്നു. ഇക്കാലമായപ്പോഴേക്കും ഖാദിയാനികളുടെ അഹമ്മദീയ പ്രസ്ഥാനവും തലപൊക്കിയിരുന്നു. അവരെ മുജാഹിദുകളും സുന്നികളെന്നു സ്വയം വിശേഷിപ്പിച്ചിരുന്ന 'സമസ്ത' അംഗങ്ങളും നഖശിഖാന്തം എതിർക്കുകയും അവർ ഇസ്ലാമിന് പുറത്താണെന്ന് ഫത്ത്വ നൽകുകയും ചെയ്തു. 1940കളായപ്പോഴേക്കും ജമാഅത്ത് ഇസ്ലാമിയുടെ ആവിർഭാവവും സുന്നികൾക്ക് തലവേദന സൃഷ്ടിച്ചു. അവരുടെ ആദർശങ്ങളോടും പ്രവർത്തനശൈലിയോടും ഒട്ടും യോജിക്കുവാൻ സുന്നികൾക്ക് സാധിക്കുമായിരുന്നില്ല. യഥാർത്ഥത്തിൽ മുജാഹിദ്കളും ജമാഅത്തെ ഇസ്ലാമികളും, തബ്‌ലീഗ് ജമാഅത്തുകാരും എല്ലാംതന്നെ സുന്നിവിഭാഗത്തിൽപ്പെട്ടവരാണെങ്കിലും സുന്നികൾ എന്ന പേര് സ്വന്തമായി നിലനിർത്തിയത് സമസ്ത കേരള ജമീ അത്തുൽ ഉലമയാണ്.

സാധാരണ മുസ്ലിംകൾക്കിടയ്ക്ക് മറ്റേതൊരു മത സംഘടനയേക്കാളും സ്വാധീനം 'സമസ്ത'യ്ക്കുണ്ട്. സമസ്തയുടെ പരമോന്നത സമിതിക്ക് സൂറ എന്നാണ് നാമധേയം. മതപരമായ ഏത് വിഷയത്തെ സംബന്ധിച്ചും സമസ്തയുടെ സൂറ നൽകുന്ന വിധി ലക്ഷോപലക്ഷം മുസ്ലിംകൾ ആദരപൂർവ്വം അനുസരിച്ച് പോരുന്നുണ്ട്. യാഥാസ്ഥിതികരും നവീകരണ പ്രസ്ഥാനത്തെ എതിർക്കുന്നവരും 'സമസ്ത'യുടെ അനുയായികളായി മാറി. മുജാഹിദ്കളുമായുള്ള സമ്പർക്കം തന്നെ നിരുത്സാഹപ്പെടുത്തുന്ന തീർപ്പുകളാണ് സൂറയിൽ നിന്നും ഉണ്ടായിട്ടുള്ളത്. ജമാഅത്തെ ഇസ്ലാമിയോടും സമസ്തയുടെ സമീപനം വ്യത്യസ്തമല്ല. അങ്ങനെ നവോത്ഥാനപരിഷ്ക്കരണ വാദികളിൽ നിന്നും തീർത്തും വിട്ടുമാറി സ്വന്തമായ വ്യക്തിത്വം നിലനിർത്തുവാൻ സമസ്തക്ക് കഴിഞ്ഞിരുന്നു. സംഘടനയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുവേണ്ടി സമസ്തയുടെ കീഴിൽ പല പോഷക സംഘടനകൾക്കും രൂപം കൊടുത്തിട്ടുണ്ട്. സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡ്, സമസ്ത കേരള സുന്നി യുവജന സംഘം, സുന്നി സ്റ്റുഡൻസ് ഫെഡറേഷൻ എന്നിവയാണിവയിൽ പ്രധാനപ്പെട്ടവ.

മതവിദ്യാഭ്യാസ ഏകീകരണമാണ് സമസ്തയുടെ മുഖ്യ സംഭാവന. സമസ്തയുടെ 16-ാം വാർഷികത്തിൽ പരേതനായ സയ്യിദ് അബ്ദുൾ റഹിമാൻ ബാഫക്കി തങ്ങളാണ് ഈ ആവശ്യം ഉന്നയിച്ചത്. സ്വാതന്ത്ര്യത്തിന് ശേഷം സ്കൂളുകളിൽ മതപഠനം സാധ്യമല്ലെന്ന് വന്നതോടുകൂടി അറബി പഠനത്തിനും മതവിദ്യാഭ്യാസത്തിനും വ്യാപകമായ തോതിൽ പുത്തൻ സംവിധാനങ്ങളുണ്ടാകേണ്ടത് ആവശ്യവുമായിരുന്നു. മതവിദ്യാഭ്യാസസ്ഥാപനങ്ങളെ ഏകീകരിക്കുവാനുള്ള ശ്രമം 1951ൽ സമസ്ത കേരള ഇസ്ലാമിക് മത വിദ്യാഭ്യാസ ബോർഡിൻെറ രൂപീകരണത്തോടുകൂടി ആരംഭം കുറിച്ചു. മദ്രസാ പാഠ്യക്രമത്തിൽ നവീനരീതി ആവിഷ്ക്കരിക്കുക, സിലബസ് ഏകീകരിക്കുക, അധ്യാപക പരിശീലന കേന്ദ്രങ്ങൾ തുറക്കുക, പുതിയ പാഠപുസ്തകങ്ങൾ നടപ്പാക്കുക, മദ്രസകളിൽ ക്ലാസുകൾ ഏർപ്പെടുത്തുക, അധ്യാപകൻമാരുടെ യോഗ്യത ഉറപ്പുവരുത്തുക, ഉന്നതപഠന കേന്ദ്രങ്ങളായ ദർസുകളിലും അധ്യയനത്തിലും പാഠ്യപദ്ധതിയിലും ഐകരൂപ്യം ഉണ്ടാക്കുക തുടങ്ങിയ ഉദ്ദേശ്യത്തോടുകൂടിയാണ് വിദ്യാഭ്യാസ ബോർഡ് പ്രവർത്തനം ആരംഭിച്ചത്. തൽഫലമായി അനവധി മദ്രസകൾ ഈ ബോർഡിൻെറ കീഴിൽ കൊണ്ടുവരുവാനും ആസൂത്രിതമായ പാഠ്യപദ്ധതികളും ക്ലാസ് സംവിധാനങ്ങളും നടപ്പിലാക്കുവാനും സാധിച്ചുവെങ്കിലും ദർസുകളിൽ ഉദ്ദേശിച്ച പരിഷ്ക്കാരങ്ങൾ സാധിക്കാതെ വന്നു. മുതിർന്ന പണ്ഡിതൻമാർ നടത്തുന്ന ഈ ഉന്നത വിദ്യാപീഠങ്ങളെ അതേപടി നിലനിർത്തണമെന്നതായിരുന്നു അവ നടത്തിക്കൊണ്ടിരുന്നവരുടെ ആഗ്രഹം. അതുകൊണ്ട് വിദ്യാഭ്യാസ ബോർഡ് ദർസ് പരിഷ്ക്കരണത്തിന് പകരം അറബികോളേജുകൾ സ്ഥാപിച്ച് നവീന പാഠ്യ പദ്ധതികൾ ആവിഷ്ക്കരിച്ച് പ്രാവർത്തികമാക്കുവാനാണ് നിശ്ചയിച്ചത്. അങ്ങനെ ആദ്യത്തെ അറബി കോളേജ് ജാമിയനൂരിയ്യ പെരുന്തൽമണ്ണയടുത്തുള്ള പട്ടിക്കാട് 1963ൽ സ്ഥാപിക്കപ്പെട്ടു. വെല്ലൂർ ബാഖിയാത്തുൽ സാലിഹാത്തിലെ സിലബസ്സിൻെറ മാതൃകയാണ് ജാമിയനൂരിയ്യ പിൻതുടർന്നത്. അറബി ഭാഷക്ക് പുറമേ ഇംഗ്ലീഷും ഉറുദുവും ഇവിടെ പഠിപ്പിച്ച് വരുന്നുണ്ട്. ഇവിടെ നിന്നും വിജയിക്കുന്നവർക്ക് ഫൈസി എന്ന ബിരുദമാണ് നൽകുന്നത്. മുജാഹിദ് കോളേജിലേത് മദിനിയെന്നതാണ് ബിരുദം. ഫൈസി ഡിഗ്രി ഇതിനകം 2000ൽ കൂടുതൽ പേർക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്. ജാമിയ നൂരിയ്യയുടെ വിജയം ഇത്തരത്തിലുള്ള പല അറബി കോളേജുകൾ സ്ഥാപിക്കുന്നതിന് പ്രചോദനമായിവർത്തിച്ചു. സമസ്തയുടെ കീഴിലുള്ള കോളേജുകളിൽ നിന്നും ഓരോ വർഷവും ഡിഗ്രി എടുത്ത് പുറത്ത് വരുന്നവർ ധാരാളമാണ്.

സമസ്ത കേരള സുന്നി യുവജനസംഘത്തിൻെറ ആരംഭം 1954ൽ ആയിരുന്നുവെങ്കിലും സമസ്തയുടെ പോഷക സംഘടനയായി അംഗീകരിച്ചത് 1961ൽ മാത്രമാണ്. യുവാക്കളിൽ മതബോധവും നീതിനിഷ്ടയും അങ്കുരിപ്പിക്കുന്നതോടൊപ്പം അവർ മുജാഹിദുകളുടെയോ, ജമാഅത്തെ ഇസ്ലാമിയുടേയോ, അഹമ്മദീയാക്കളുടെയോ സ്വാധീനതയിൽ പെടാതിരിക്കുന്നതിനുള്ള തീവ്രശ്രമം സുന്നി യുവജനസംഘം നടത്തിക്കൊണ്ടിരിക്കുന്നു. കോഴിക്കോട്, കാരന്തൂർ എന്ന സ്ഥലത്ത് ആരംഭിച്ച 'മർക്കസ്സ് അൽസക്കാ ഫീത്തുൽ സുന്നിയ്യ' എന്ന

സ്ഥാപനമാണ് സുന്നി യുവജനസംഘത്തിൻെറ വിലപ്പെട്ട സംഭാവനകളിൽ മുഖ്യമായത്. അതിൻെറ കീഴിൽ അറബികോളേജ്, അനാഥശാല, ഹൈസ്കൂൾ, ബോഡിംങ്, മദ്രസ, ആശുപത്രി, പള്ളി, അച്ചടിശാല, ടൈപ്പ് പരിശീലന കേന്ദ്രം തുടങ്ങിയവ വിജയകരമായി പ്രവർത്തിച്ചുപോരുന്നു. ഇതിൻെറ പിന്നിൽ പ്രവർത്തിച്ചത് കാന്തപുരം എ.പി. അബൂബക്കർ മുസലിയാരായിരുന്നു. ഗൾഫ്രാജ്യങ്ങളിൽ നിന്നും നിർല്ലോഭം ലഭിച്ച സംഭാവനകൾ ഇവയുടെ പ്രവർത്തനങ്ങളെ ബലിഷ്ഠമാക്കി. 1989ൽ സമസ്തയിൽ രൂക്ഷമായി ഭിന്നിപ്പുണ്ടാകുന്നതുവരെ സുന്നി യുവജനസംഘത്തിൻെറ കീഴിൽ പല അറബിക് കോളേജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും മദ്രസകളും പ്രവർത്തനനിരതമായിരുന്നു. പ്രാദേശിക ഘടകങ്ങളുടെ അക്ഷീണ പ്രയത്നഫലമായിട്ടാണെങ്കിലും ഉണ്ടായിക്കൊണ്ടിരുന്ന പുതിയ പുതിയ സ്ഥാപനങ്ങൾക്കൊക്കെ കേന്ദ്രകമ്മിറ്റിയിൽ നിന്നും ഏറെ ധനസഹായം കൊടുത്തുകൊണ്ടിരുന്നു. പിന്നോക്ക മർദ്ദിത വിഭാഗത്തിൻെറ അവകാശങ്ങൾ നേടിയെടുക്കുവാനും അവശതകൾ കുറേയെങ്കിലും പരിഹരിക്കുവാനുമായി സുന്നി യുവജനസംഘം പ്രതിജ്ഞാബദ്ധമാണ്.

മറ്റു മത-സാംസ്കാരിക സംഘടനകളെപ്പോലെ സമസ്തയും തങ്ങളുടെ അനുയായികളെ ബോധവൽക്കരിക്കുന്നതിനും അവരുടെ അറിവിൻെറ ചക്രവാളം വികാസം കൊള്ളിക്കുന്നതിനുമായി പല പ്രസിദ്ധീകരണങ്ങളും പുറത്തിറക്കിയിട്ടുണ്ട്. 1929ൽ തന്നെ അറബി മലയാളത്തിൽ അൽബയാൻ മാസിക പ്രസിദ്ധീകരിച്ചിരുന്നു. ഇടക്ക് വെച്ച് നിന്നുപോയെങ്കിലും വീണ്ടും 1950ൽ അൽബയാൻ, മലയാളത്തിൽ പ്രസിദ്ധീകരണം പുനഃരാരംഭിച്ചു. സുന്നികളുടെ ആദ്യ പ്രസിദ്ധീകരണം അൽബയാനായിരുന്നെങ്കിലും ഇതിനെ പിൻപ്പറ്റി പല മാസികകളും ഗ്രന്ഥങ്ങളും സുന്നി യുവജന സമാജത്തിൻെറ ശ്രമഫലമായി കേരളത്തിലെ പല ഭാഗങ്ങളിൽ നിന്നായി പ്രകാശനം ചെയ്യപ്പെട്ടിട്ടുണ്ട്. 1962ൽ ആരംഭിച്ച സുന്നി ടൈംസ് 1977 സുന്നി വോയിസ് എന്നു പേരു മാറ്റിയെങ്കിലും തടസ്സമില്ലാതെ പ്രസിദ്ധീകരിച്ചുപോന്നു. കുറച്ച് കാലമേ നിലനിന്നുള്ളുവെങ്കിലും അൽബുറഹാൻ മതവിജ്ഞാനം പ്രചരിപ്പിക്കുന്നതിൽ അതിൻെറതായ മഹത്തായ പങ്ക് നിർവ്വഹിച്ചിട്ടുണ്ട്. 1959ൽ കെ.ടി. മാനുമുസ്ലിയാർ പത്രാധിപരായി ആരംഭിച്ച അൽമഅല്ലിം, 1977ൽ വി.പി.എം. വില്ലാപള്ളി ഇറക്കിയ സുന്നത്ത്, 1980ൽ മുസ്തഫ ഫൈയ്സിയുടെ പത്രാധിപത്യത്തിൽ ഇറങ്ങിയ അൽമുബാറക്ക് പി.എം.കെ. ഫൈയ്സി 1983ൽ ആരംഭിച്ച അൽദഅ്വ, 1984ൽ സി.എം. അബ്ദുല്ല മൗലവി ഇറക്കിയ അൽഇർഫാദ്, എ.കെ. ഇസ്മെയിൽവാഫ 1984ൽ ആരംഭിച്ച റിസാല തുടങ്ങിയവ മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളാണ്.

ഒരു പ്രസിദ്ധീകരണ ബ്യൂറോ തന്നെ സമസ്തയുടെ കീഴിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ധാരാളം ഗ്രന്ഥങ്ങൾ ഇത് പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. തൗഹീദ് ഒരു സമഗ്രപഠനം, എന്ന ഗ്രന്ഥം പണ്ഡിതനായ ഇസ്മെയിൽ മുസലിയാർ എഴുതിയതാണ്. മുസ്തഫ ഫെയ്സിയുടെ മുഹയിദ്ദീൻ മാല മറ്റൊരു നല്ല പുസ്തകമാകുന്നു. ഖുർആൻ പരിഭാഷയെ നഖശിഖാന്തം ആദ്യകാലങ്ങളിൽ എതിർത്തിരുന്നുവെങ്കിലും കാലത്തിൻെറ ചലനാത്മകസ്വഭാവം മനസ്സിലാക്കി മാറ്റത്തിന് വിധേയമാകാൻ തയ്യാറായതിൻെറ ഫലമായി കെ.വി. മുഹമദ്ദ് മുസലിയാരുടെ 'ഫത്തു റഹമാൻ ഫിതഫ്സീറുൽ ഖുറാൻ' എന്ന പരിഭാഷ പ്രസിദ്ധീകരിച്ചു. 1984 മുതൽ കോഴിക്കോട്ടു നിന്നും സിറാജ് എന്ന ദിനപ്പത്രവും നടത്തിപ്പോരുന്നുണ്ട്.

1973ലാണ് സുന്നി സ്റ്റുഡൻസ് ഫെഡറേഷൻ സ്ഥാപിതമായത്. വിദ്യാർത്ഥികളുടെ മതപരവും ലൗകികവുമായ പഠനത്തെ പ്രോത്സാഹിപ്പിക്കുകയും സദാചാര - സൻമാർഗ നിരതരാകുവാൻ സഹായിക്കുകയും ചെയ്യുകയെന്നതാണ് ഈ പോഷക സംഘടനയുടെ ലക്ഷ്യം. സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിച്ച് ഇസ്ലാമിക വിജ്ഞാനവും സാഹിത്യവും പ്രചരിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി എസ്.എസ്.എഫ് കഴിയുന്ന സേവനങ്ങൾ കലാലയങ്ങളിലും സ്കൂളുകളിലും നടത്തിപ്പോരുന്നു.

## IV *ദക്ഷിണ കേരള ജംഇയ്യത്തുൽ ഉലമ*

വക്കം അബ്ദുൽ കാദർ മൗലവിയുടെ നവോത്ഥാന പ്രവർത്തനങ്ങൾ കേരളത്തിൻെറ തെക്കൻ ദിക്കുകളിലായിരുന്നു, നടന്നിരുന്നതെങ്കിലും മൗലവിയുടെ മരണത്തോടുകൂടി അദ്ദേഹം ജ്വലിപ്പിച്ച തീപ്പന്തവുമായി മുന്നോട്ട് പോകുവാൻ തിരുവിതാംകൂറിൽ അധികം ആളുകളുണ്ടായില്ല. അദ്ദേഹത്തിൻെറ മുജാഹിദ് പ്രസ്ഥാനം വേരൂന്നിയത് കൊച്ചിയിലെ കൊടുങ്ങല്ലൂരായിരുന്നു. അവിടെനിന്നാണ് അത് സംഘടനാരൂപത്തിൽ ഇതരദേശങ്ങളിൽ വ്യാപിച്ചത്. മുജാഹിദ് പ്രസ്ഥാനത്തിൻെറ മുന്നേറ്റത്തോടുകൂടി അതിനെ തടകെട്ടി നിർത്തുവാനുള്ള യാഥാസ്ഥിതിക പൗരോഹിത്യത്തിൻെറ കൂട്ടായ ആലോചനയുടെ ഫലമായിട്ടാണ് സമസ്ത കേരള ജമീഅത്തുൽ ഉലമയുടെ ഉത്ഭവം. സുന്നി പണ്ഡിതൻമാരിൽ പ്രമുഖരായിരുന്ന കുത്തബി മുഹമ്മദ് മുസലിയാർ, പാങ്ങിൽ അഹമ്മദ് കുട്ടി മുസ്ലിയാർ എന്നിവരുടെ പ്രവർത്തന മേഖല മലബാറായിരുന്നു. കേരള ജമി അത്തുൽ ഉലമയുടേയോ, സമസ്ത കേരള ജമീഅത്തുൽ ഉലമയുടേയോ ഘടകങ്ങൾ തിരുവിതാംകൂർ തുടങ്ങിയ തെക്കൻ പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല. ഈ കുറവ് പരിഹരിക്കുവാൻ അവിടങ്ങളിലെ പണ്ഡിതൻമാരുടെ മറ്റൊരു സംഘടന ഉണ്ടാകുന്നതാണ് കരണീയം എന്ന് കുത്തുബി മുസ്ലിയാരും പാങ്ങിൽ അഹമ്മദ് കുട്ടി മുസ്ലിയാരും ഉപദേശിച്ചതിൻെറ ഫലമായി 1955 ജൂൺ 22-ാം തിയതി കുറെ അറബി പണ്ഡിതൻമാരുടെ ഒരു യോഗം കൊല്ലത്ത് വിളിച്ചുകൂട്ടിയിരുന്നു. എം. ഷിഹാബുദ്ദീൻ മൗലവിയെ കൺവീനറായി ഒരു താൽക്കാലിക കമ്മിറ്റി രൂപീകരിക്കു

കയും ചെയ്തു. ഇവരുടെ ശ്രമഫലമായി തെക്കൻ ദിക്കിലെ ഒട്ടുമിക്ക അറബി പണ്ഡിതൻമാരേയും ഒന്നിപ്പിച്ച് തിരുവനന്തപുരം വി.ജെ.ടി. ഹാളിൽ ഒന്നരമാസത്തിന് മുമ്പ് ആഗസ്റ്റ് 2-ാം തിയ്യതി ഒരു വലിയ കൺവൻഷൻ നടത്തുകയുണ്ടായി. അതിൽ വെച്ചാണ് കേരളത്തിലെ മൂന്നാമത്തെ ഉലമ സംഘടന രൂപം കൊള്ളുന്നത്. പി.കെ. യൂനുസ് മൗലവിയായിരുന്നു പ്രസിഡണ്ട്. സെക്രട്ടറി ഉമർകുട്ടി മൗലവിയും. എം. ഷിഹാബുദീൻ മൗലവി വൈസ് പ്രസിഡണ്ടും ഒ.ബി.ടി. ഫരീദ് മൗലവി ട്രഷററുമായി ഒരു പ്രവർത്തന സമിതിയും നിലവിൽ വന്നു. സംഘടനയ്ക്ക് ദക്ഷിണ കേരള ജമീ അത്തുൽ ഉലമ എന്ന് നാമകരണവും നൽകി. കുറച്ചു കാലം കൊണ്ടു തന്നെ സംഘടന ശ്രദ്ധേയമായിത്തീരുകയും പണ്ഡിത സമൂഹത്തിന്റെ അംഗീകാരം നേടുകയും ചെയ്തു. ദക്ഷിണ കേരള ജമീ അത്തുൽ ഉലമയുടെ ആദർശവും പ്രവർത്തന ശൈലിയും സമസ്ത കേരള ജമീ അത്തുൽ ഉലമയുടേത് തന്നെയായിരുന്നു. മുജാഹിദ്, ജമാഅത്ത് വിഭാഗത്തോടുള്ള അവരുടെ സമീപനവും സമസ്തയുടേതിൽ നിന്നും വ്യത്യസ്തമായിരുന്നില്ല.

മറ്റുള്ള ഉലമാസംഘടനകളെപ്പോലെ ദക്ഷിണ കേരള ജമീ അത്തുൽ ഉലമയും മതവിദ്യാഭ്യാസരംഗത്ത് വിലപ്പെട്ട സംഭാവനകൾ നടത്തികൊണ്ടിരിക്കുന്നു. അതിന്റെ പോഷകസംഘടനകളിൽ ദക്ഷിണ കേരള ഇസ്ലാം മതവിദ്യാഭ്യാസ ബോർഡ് പ്രധാനപ്പെട്ടതാകുന്നു. ആലുവ ആസ്ഥാനമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ലജനത്തുൽ ഇസ്ലാമിയ്യ അസോസിയേഷനുമായി സഹകരിച്ചും കൂട്ടുകൂടിയുമാണ് ദക്ഷിണ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ലജനത്ത് ദക്ഷിണ കേരള ഇസ്ലാം മതവിദ്യാഭ്യാസ ബോർഡിൽ ലയിക്കുകയും അലവിക്കുഞ്ഞി മൗലവിയുടെ നേതൃത്വത്തിൽ പുതിയ ഒരു കമ്മിറ്റി പ്രവർത്തനനിരതമാകുകയും ചെയ്തു. ഈ വിദ്യാഭ്യാസ ബോർഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള മദ്രസ്സകൾ തെക്കൻ കേരളത്തിൽ അനവധിയുണ്ട്. ഏകദേശം 1600 ഓളം മദ്രസ്സകളും 4800ൽപരം അധ്യാപകരും ദക്ഷിണ കേരള ഇസ്ലാം മതവിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ ഉണ്ട്. മദ്രസ്സകളിലെ പാഠ്യപദ്ധതികൾ ഏകീകരിക്കുകയും പഠനക്രമത്തിലും അദ്ധ്യാപക പരിശീലനത്തിലും മാതൃകാപരമായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്ത ബോർഡ് മദ്രസ്സാ സംവിധാനത്തിൽ ആശാവഹമായ പരിഷ്ക്കാരങ്ങൾ നടത്തുകയും ചെയ്തു.

അദ്ധ്യാപക പരിശീലനത്തിനും അവരുടെ ക്ഷേമപ്രവർത്തനത്തിനും വേണ്ടി ലജനത്തുൽ മുഅല്ലിമീൻ എന്ന സംഘടന ദക്ഷിണയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. മദ്രസ്സാ അധ്യാപകൻമാർക്ക് ധനസഹായം ചെയ്യുന്നതിനായി ഒരു ക്ഷേമനിധിയും ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

ദക്ഷിണയുടെ മറ്റൊരു പോഷക സംഘടനയാണ് ദക്ഷിണ കേരള മുസ്ലിം യുവജന ഫെഡറേഷൻ. ചെറുപ്പക്കാരുടെ കഴിവും ഊർജ്ജവും നല്ലകാര്യങ്ങൾ നിർവ്വഹിക്കുവാൻ തിരിച്ചു വിടുകയെന്നതാണ് ഈ സംഘടനയുടെ പ്രധാനലക്ഷ്യം. മതബോധവൽക്കരണത്തിന് പുറമേ സാമൂഹ്യ പ്രശ്നങ്ങളും ഈ സംഘടനവഴി സജീവ ചർച്ചാ വിഷയമാക്കുന്നുണ്ട്. വായനശാലകൾ, നഴ്സറി സ്കൂളുകൾ, ചർച്ചാ സമ്മേളനങ്ങൾ എന്നിവ ഈ സംഘടനയുടെ ശ്രമഫലമായി നടത്തിപ്പോരുന്നു.

ദക്ഷിണ കേരള ജമീ അത്തുൽ ഉലമയുടെ ശ്രമഫലമായി തെക്കൻ ദിക്കുകളിലെ ജമാഅത്തുകളെ ഏകീകൃത സംഘടനയുടെ കീഴിൽ കൊണ്ടുവരുവാൻ സാധിച്ചത് എടുത്ത് പറയത്തക്ക നേട്ടമാണ്. അതുവഴി ഓരോ ജമാഅത്തിന്റെയും നേതൃനിരയെ സമുദായത്തിന്റെ പൊതുപ്രശ്നങ്ങളിൽ യോജിച്ച് പ്രവർത്തിക്കുവാൻ സാധിക്കുംവിധം കെട്ടുറപ്പുള്ള ഒരു സംഘടനയിൽ സംഘടിതമാക്കുവാൻ സാധിച്ചു. കൊല്ലത്ത് കർബലയിൽ കൂടിയ ദക്ഷിണയുടെ സമ്മേളനമാണ് ഈ സംഘടനക്ക് രൂപം കൊടുത്തത്. അങ്ങനെ പി.കെ. അബ്ദുൾ ആസീസ് മൗലവിയുടെ നേതൃത്വത്തിൽ 1981ൽ കേരള മുസ്ലിം ജമാഅത്ത് ഫെഡറേഷൻ സ്ഥാപിതമായി. സാമുദായിക പ്രശ്നങ്ങളിൽ ഫെഡറേഷന്റെ ശക്തമായ നേതൃത്വം മുൻകയ്യെടുത്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടുകൊണ്ടിരിക്കുന്നു. യാഥാസ്ഥിതികമെന്ന് വിമർശിക്കപ്പെടാമെങ്കിലും കുടുംബാസൂത്രണത്തിനും ഏകീകൃത സിവിൽകോഡിനും എതിരാണ് തങ്ങളെന്ന് പറയുവാൻ ദക്ഷിണ കേരള ജമീഅത്തുൽ ഉലമ മടിച്ചിട്ടില്ല. മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാനുള്ള ശ്രമത്തിലും, മുസ്ലീം - മാപ്പിള എന്ന വേർതിരിവുണ്ടാക്കി സംവരണാനുകൂല്യവും വലിയ ഒരു വിഭാഗം മുസ്ലിംകൾക്ക് നിഷേധിക്കപ്പെടാൻ ഒരുമ്പിട്ടതിനെതിരായും സംഘടിതമായി സമുദായത്തിന്റെ ആവശ്യങ്ങൾ അധികാരികളെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ സർവ്വവിധ കഴിവും ദക്ഷിണ പ്രയോഗിച്ചിട്ടുണ്ട്. അങ്ങനെ മുസ്ലിം സാധാരണക്കാരെപ്പോലും തങ്ങളുടെ കൊടിക്കീഴിൽ കൊണ്ടുവരുവാൻ അവർക്ക് സാധിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസരംഗത്തും ദക്ഷിണ കേരള ജമീ അത്തുൽ ഉലമയുടെ സംഭാവനകൾ വിലപ്പെട്ടതാണ്. വർക്കലയിൽ പ്രശസ്തമായി നടത്തിപ്പോരുന്ന മന്നാനിയ ഇസ്ലാമിക യൂണിവേഴ്സിറ്റി മാത്രം മതി ഈ രംഗത്ത് അവരുടെ നേട്ടങ്ങളെ വിലയിരുത്തുവാൻ. മതപഠനത്തിന്റെ ഉന്നതവിദ്യാപീഠമായി മന്നാനിയ അറിയപ്പെടുന്നു. 1986ലാണ് സ്ഥാപിച്ചതെങ്കിലും ഇന്ന് ഈ യൂണിവേഴ്സിറ്റിയുടെ നിയന്ത്രണ ബോർഡിന്റെ ശ്രമഫലമായി ഒരു അറബികോളേജ്, ഖുറാൻ ഹൃദിസ്ഥമാക്കുവാൻ പരിശീലനം നൽകുന്ന ഹിഫ്സ കോളേജ്, ഒരു ബോർഡിംങ്ങ് മദ്രസ്സ, ഒരു ഓർഫനേജ് എന്നിവ ഭംഗിയായി പ്രവർത്തിച്ചുപോരുന്നുണ്ട്. വെല്ലൂരിലെ ബാഖിയാത്തു സാലിഹാത്തിന്റെ മാതൃകയിലാണ് ഇവിടെ സിലബസ്സും പാഠ്യരീതിയും സംവിധാനം ചെയ്തിട്ടുള്ളത്. ഇവിടേ നിന്നും 'മൗലവി ഫാദിൽ മന്നാനി' എന്ന ബിരുദമാണ് നൽകുന്നത്.

## വിഘടിത വിഭാഗങ്ങൾ

സമസ്ത കേരള ജമീ അത്തുൽ ഉലമയുടെ അഭൂത പൂർവ്വമായ വളർച്ചയോടുകൂടി തന്നെ വ്യക്തിഗതമായ മാത്സര്യത്തിന്റെ പേരിലോ, നിസ്സാരമായ അഭിപ്രായ വ്യത്യാസത്തിന്റെ പേരിലോ, സംഘടനയിൽ അപസ്വര ങ്ങളും ഉണ്ടാകുവാൻ തുടങ്ങി. അവ സംഘടനയിൽ പിളർപ്പുണ്ടാക്കുകയും ചെയ്തു. 1965ലാണ് അത്തരം ഒരു പിളർപ്പിന് കാരണമായ തർക്കങ്ങൾ ഉൽഭവിച്ചത്. സദക്കത്തുള്ള മൗലവി യാഥാസ്ഥിതിക പണ്ഡിത സമൂഹത്തിൽ പ്രമുഖനും സമസ്തയുടെ പ്രസിഡണ്ടുമായിരുന്നു. പല അനുഷ്ഠാന കാര്യങ്ങളിലും മറ്റുള്ള പണ്ഡിതൻമാരിൽ നിന്നും വ്യത്യസ്ഥമായ അഭിപ്രായം ഉണ്ടായിരുന്ന അദ്ദേഹം പള്ളികളിൽ ജുമ്അ പ്രസംഗം നടത്തുമ്പോൾ ഉച്ചഭാഷിണി ഉപയോഗിക്കുന്നത് ശരിയല്ലെന്നുള്ള ചിന്താഗതിക്കാരനുമായിരുന്നു. എന്നാൽ 1965ൽ അദ്ദേഹത്തിന്റെ തന്നെ ആദ്ധ്യക്ഷതയിൽ നടന്ന സമസ്തയുടെ സമ്മേളനത്തിൽ ഭൂരിപക്ഷം പണ്ഡിതൻമാരും സദക്കത്തുള്ള മൗലവിയുടെ അഭിപ്രായത്തോടു വിയോജിപ്പ് പ്രകടിപ്പിച്ച്, ബഹുഭൂരിപക്ഷത്തോടെ മൈക്ക് ഉപയോഗിക്കുന്നത് തെറ്റല്ലെന്ന് പ്രമേയം പാസ്സാക്കി. ഇതിൽ പ്രതിഷേധിച്ച് അദ്ദേഹം പ്രസിഡണ്ട് സ്ഥാനം രാജി വെക്കുകയും തന്റെ അഭിമതത്തോട് യോജിക്കുന്നവരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി, 'കേരള സ്റ്റെയിറ്റ് ജമീഅത്തുൽ ഉലമ' എന്ന ഒരു സംഘടന രൂപീകരിക്കുകയും ചെയ്തു. ഇത് 1967 നവംബർ 11-ാം തിയ്യതിയായിരുന്നു. തഴക്കാട് കുഞ്ഞലവി മൗലവിയെ പ്രസിഡണ്ടായവരോധിക്കുകയും സദക്കത്തുള്ള മൗലവി സംഘടനയുടെ സെക്രട്ടറിയായി ചുമതല ഏൽക്കുകയും ചെയ്തു. മാതൃസംഘടനയെ അനുകരിച്ച് ഒര 'സുന്നി യുവജന ഫെഡറേഷനും, ഒരു വിദ്യാഭ്യാസ ബോർഡും പുതുതായി രൂപീകരിച്ച് സംഘടനയുടെ പോഷകഘടകങ്ങളായി പ്രവർത്തനനിരതമാക്കി. ഈ വിദ്യാഭ്യാസ ബോർഡിന്റെ കീഴിൽ പല മദ്രസ്സകളും അഫിലിയേറ്റ് ചെയ്യുകയുമുണ്ടായി. പിറ്റേവർഷം 1968ൽ 'നുസറത്തുൽ അനാം' എന്നൊരു പ്രസിദ്ധീകരണവും ആരംഭിച്ചു. മാതൃസംഘടനയിൽ അത്ര അധികം വിള്ളലുണ്ടാക്കുവാൻ ഇതിന് കഴിഞ്ഞില്ലെങ്കിലും ഒരു വിഘടിത ഗ്രൂപ്പായി ഈ സംഘടന ഇന്നും നിലനിൽക്കുന്നു.

എന്നാൽ 1989ൽ സമസ്തയിലുണ്ടായ പിളർപ്പ് ഏറെ ശക്തവും സംഘടനയെ ഏറെക്കുറെ രണ്ടായി വിഭജിക്കുകയും ചെയ്ത ഒന്നാണ്. കാന്തപുരം എന്ന അപരനാമത്താൽ പ്രസിദ്ധനായ എ.പി. അബൂബക്കർ മുസലിയാരുടെ നേതൃത്വത്തിലാണ് ഈ പിളർപ്പുണ്ടായത്. പ്രത്യയശാസ്ത്രപരമോ, അനുഷ്ഠാനപരമോ ആയ ഒരു പ്രശ്നവും ഇതിൽ അന്തർഭവിച്ചിരുന്നതായി കാണുന്നില്ല. വ്യക്തിവിദ്വേഷവും നേതൃമോഹവുമാണ് പ്രധാന കാരണങ്ങളായി പറഞ്ഞുപോരുന്നത്. എന്നാൽ കാന്തപുരത്തിന്റെ വാഗ്മിത്വവും സംഘടനാശേഷിയും, നയതന്ത്രജ്ഞതയും സമ്പത്തും പുതിയ ഒരു സംഘടനയെ കെട്ടിപ്പടുർത്തുവാനുള്ള സൗകര്യം അദ്ദേഹത്തിനുണ്ടാക്കി. സമസ്ത സുന്നിയുവജന സംഘത്തിന്റെ നേതൃത്വമുണ്ടായിരുന്ന കാന്തപുരം ഈ പോഷകസംഘടനയെ മാതൃസംഘനടക്ക് ഭീഷണിയാകുംവിധം വളർത്തിയെടുക്കുകയും പ്രവർത്തനങ്ങൾ അത്തരത്തിൽ ക്രമീകരിക്കുകയും ചെയ്തു. മാതൃസംഘടനയുടെ നിയന്ത്രണത്തിൽ ഈ യുവജന വിഭാഗത്തെ കൊണ്ടുവരുവാനുള്ള ശ്രമങ്ങളും പരാജയപ്പെട്ടിരുന്നു. ഈ അവസരത്തിലാണ് മാതൃസംഘടനയെ വെല്ലുവിളിച്ചു കൊണ്ട് അവരുടെ സമ്മതമില്ലാതെ 1989ൽ എറണാകുളത്ത് വെച്ച് ഒരു മഹാസമ്മേളനം കാന്തപുരത്തിന്റെ നേതൃത്വത്തിൽ നടത്തിയത്. ഈ സമ്മേളനം ഒരു വലിയ വിജയമായിരുന്നു. നേതൃത്വത്തെ ധിക്കരിച്ചുകൊണ്ട് ഈ യോഗത്തിൽ സജീവമായി പ്രവർത്തിച്ചിരുന്നവരെ മാതൃസംഘനട അച്ചടക്ക നടപടിക്ക് വിധേയമാക്കിയതോടെ സമസ്തയിലെ രണ്ടാമത്തെ പിളർപ്പും പൂർണ്ണമായി.

ഇതേതുടർന്ന് പള്ളികളുടെയും മദ്രസ്സകളുടെയും അവകാശതർക്കങ്ങളുമായി ഇരുവിഭാഗവും പല സ്ഥലങ്ങളിലും ഏറ്റുമുട്ടലുകൾ നടത്തി. പോലിസിന് ലാത്തിച്ചാർജ്ജും വെടിവെപ്പും നടത്തേണ്ടതായും വന്നു. യാഥാസ്ഥിതിക സംഘടനയിൽ നടന്ന ഈ പിളർപ്പിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്തിയവരും ധാരാളമാണ്. ഏതായാലും കാന്തപുരം നേതൃത്വം കൊടുക്കുന്ന സമസ്തവിഭാഗം അവഗണിക്കാൻ പറ്റാത്ത ശക്തിയാണ്. അനവധി മദ്രസ്സകളും അറബികോളേജുകളും അനാഥശാലകളും ഈ വിഭാഗത്തിന്റെ കീഴിലുണ്ട്. കോഴിക്കോട് അടുത്ത് നന്തിയിൽ ഉള്ള മതവിദ്യാഭ്യാസ സ്ഥാപനവും വളരെ പ്രശസ്തവും ഭംഗിയായി നടക്കുന്നവയുമാണ്.

കാന്തപുരം ഗ്രൂപ്പിന്റെ അഭിപ്രായത്തിൽ സമസ്തയിലെ പണ്ഡിതൻമാർ മുജാഹിദുകളോടും ജമാഅത്തെ ഇസ്ലാമികളോടും വളരെ മൃദുലമായ രീതിയിലാണ് പെരുമാറുന്നതെന്നും അതു സുന്നികളുടെ വളർച്ചയെ തടസ്സപ്പെടുത്തുന്നുവെന്നുമാണ്. സൈദ്ധാന്തികമായ ഒരു പരിവേഷം ഭിന്നിപ്പിന്റെ കാരണമായി അണിഞ്ഞിരിക്കുവെന്ന് മാത്രമേ ഇതുകൊണ്ടർത്ഥമാക്കേണ്ടതായുള്ളു. സമസ്തയിലുണ്ടായ നെടുങ്ങനെയുള്ള ഈ പിളർപ്പ് മത - സാമുദായിക താൽപര്യത്തിന് മങ്ങലേൽപ്പിച്ചിട്ടുണ്ടെന്ന കാര്യത്തിൽ തർക്കമില്ല. രാഷ്ട്രീയ - സാമൂഹിക തലങ്ങളിൽ ഇത് പ്രകടമാകുകയും ചെയ്തിട്ടുണ്ട്.

## V തബ്ലീഗ് പ്രസ്ഥാനം

തബ്ലീഗ് എന്ന അറബിപദത്തിന് ബോധനം, മതപ്രചാരണം എന്നൊക്കെയാണർത്ഥം. ഉത്തർപ്രദേശിലാണ് ഈ പ്രസ്ഥാനം ആരംഭം കുറിച്ചത്. പണ്ഡിതശ്രേഷ്ഠനായ മൗലാ നാ മുഹമ്മദ് ഇലിയാസ്, മേവാത്തിലെ മുസ്ലിംകൾക്കിടയിൽ ആരംഭിച്ച ഈ മതപ്രബോധന പ്രസ്ഥാനം വേഗത്തിൽ ഇൻഡ്യയിലും മറ്റ് മുസ്ലിംരാജ്യങ്ങളിലും വ്യാപിച്ചു.

ഇന്ന് അന്തർരാഷ്ട്രീയ പ്രസ്ഥാനമായി തബ്ലീഗ് ജമാഅത്ത് വളർച്ച പ്രാപിച്ചുകഴിഞ്ഞു. മേവാത്തിലൂടെ മെയോസ് എന്ന വർഗ്ഗം മതപരിവർത്തനത്തിലൂടെ മുസ്ലീംകളായെങ്കിലും അവർക്ക് ഐസ്ലാമിക ശാസനകളെക്കുറിച്ചോ താത്വിക ദർശനങ്ങളെക്കുറിച്ചോ വലിയ വിവരമൊന്നുമുണ്ടായിരുന്നില്ല. ഇൻഡ്യയിൽ പല പ്രദേശത്തും സംഭവിച്ചതുപോലെ കൂട്ടമായി മതപരിവർത്തനം നടത്തുന്നവർ മിക്കപ്പോഴും പൂർവ്വികമായ അവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും വെച്ച് പുലർത്തിപ്പോന്നിട്ടുള്ളവരാണ്. മിയോ മുസ്ലിംകളും ഹൈന്ദവ വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠിച്ചുപോന്നിരുന്നു. ജൻമാഷ്ടമി, ദീപാവലി, ദസറ തുടങ്ങിയ ആഘോഷങ്ങൾ ഇവർ കൊണ്ടാടിയിരുന്നുവെങ്കിലും ഇസ്ലാമിനെക്കുറിച്ചുള്ള അവബോധം തുലോം തുച്ഛമായിരുന്നു എന്നതാണ് ഇവർക്കിടയിൽ ഇസ്ലാമിക പ്രബോധനം നടത്തുവാൻ മൗലാന മുഹമ്മദ് ഇലിയാസിനേയും അനുയായികളേയും പ്രേരിപ്പിച്ചത്. അതോടൊപ്പം ആര്യസമാജക്കാർ ഇൻഡ്യയിലുടനീളം ഈ നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ തുടങ്ങിയ ശുദ്ധിപ്രസ്ഥാനം മതവിശ്വാസികളുടെ കണ്ണുതുറപ്പിക്കുകയും ചെയ്തു. ഇസ്ലാമിലേക്ക് മതപരിവർത്തനം ചെയ്തിരുന്ന വളരെപ്പേരെ ശുദ്ധികലശം നടത്തി ഹിന്ദുമതത്തിലേക്ക് തിരികെ പ്രവേശിപ്പിക്കുന്ന ഈ പ്രക്രിയ മുസ്ലിം പണ്ഡിതൻമാരുടേയും മത പ്രചാരകൻമാരുടേയും സത്വരശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ഇസ്ലാമികാദർശങ്ങളും ചര്യകളും നാമമാത്രമായി കഴിയുന്ന മുസ്ലിംകളെ പഠിപ്പിക്കുവാനും ഇസ്ലാമിക സംസ്കാരത്തെക്കുറിച്ചവരെ ബോധവാൻമാരാക്കുവാനും ഉള്ള ശ്രമങ്ങൾ തുടങ്ങിയതങ്ങനെയാണ്. അനിസ്ലാമിക പ്രവണതകൾ വർദ്ധിക്കുവാനും ഹൈന്ദവാചാരങ്ങളനുഷ്ഠിക്കുവാനും മുസ്ലിംകൾ നിർബ്ബന്ധരാകുന്നത് അവർക്ക് ഇസ്ലാമിൻെറ പ്രാഥമിക പാഠങ്ങൾ പോലും അറിയാത്തത് കൊണ്ടാണെന്ന് മൗലാനാ ഇലിയാസ് തൻെറ അനുയായികളെ ത്വര്യപ്പെടുത്തിക്കൊണ്ടിരുന്നു. സത്യമത പ്രബോധനം ഓരോ മുസ്ലീമിൻെറ കർത്തവ്യമായിക്കരുതി മതാനുഷ്ഠാനമെന്നോണം ഈ ചുമതല നിർവ്വഹിക്കേണ്ടത് ഓരോ മുസൽമാൻെറയും ജീവിതചര്യയാക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. കുറെ മതപണ്ഡിതൻമാരുടെ മാത്രം ചുമലിൽ ഇത് വിട്ടേച്ച് പോകുന്നത് ശരിയല്ലന്നും എല്ലാവർക്കും കൂട്ടായ ഉത്തരവാദിത്വം ഈ കാര്യത്തിലുണ്ടെന്നും അദ്ദേഹവും അനുയായികളും ഉദ്ബോധിപ്പിച്ചുകൊണ്ടിരുന്നതിൻെറ ഫലമായിട്ടാണ് തബ്ലീഗ് ജമാഅത്ത് ഉടലെടുക്കുന്നത്. പണ്ഡിതനും പാമരനും തോളോടുതോൾ ചേർന്ന് ഖുർആൻെറയും പ്രവാചകൻെറയും സന്ദേശങ്ങൾ പ്രചരിപ്പിച്ച് അന്ധവിശ്വാസത്തിലും അനാചാരത്തിലും മുഴുകി കഴിയുന്ന മുസ്ലിംകളെ ശരിയായ വിശ്വാസികളാക്കി മാറ്റുകയെന്ന ലക്ഷ്യം നിറവേറ്റുകയാണ് തബ്ലീഗ് പ്രവർത്തനംവഴി ഉന്നം വെക്കുന്നത്. പുതുവിശ്വാസികളെ ഉണ്ടാക്കുന്നതിനേക്കാൾ വഴിതെറ്റിക്കൊണ്ടിരിക്കുന്ന മുസ്ലിംകളെ ശുദ്ധീകരിച്ച് യഥാർത്ഥ മുസ്ലിംകളാക്കി മാറ്റുവാനുള്ള മതപരമായ വിജ്ഞാനം പകരുകയാണ് പ്രബോധനം വഴി നിർവ്വഹിക്കുന്നത്. ഇതിനായി പാവപ്പെട്ടവരും വിദ്യാഹീനരുമായ സാധാരണ മുസ്ലിംകളുടെ ഇടയിൽ ജമാഅത്തായി തബ്ലീഗ് പ്രവർത്തനം നടത്തുവാൻ തുടങ്ങിയതോടെ, ഇസ്ലാമിക വിശ്വാസത്തിൻെറ ആണിക്കല്ലായ കലിമയുടേയും അഞ്ചുനേരം കൃത്യമായി നടത്തേണ്ട നമസ്ക്കാരത്തിൻെറയും പ്രാധാന്യം ജനങ്ങൾ മനസ്സിലാക്കുവാൻ തുടങ്ങി. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റൊന്നുമില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിൻെറ പ്രവാചകനാണെന്നും ഹൃദയപൂർവ്വം വിശ്വസിച്ചുറപ്പിക്കുന്ന കലിമയുടെ മഹത്വവും അർത്ഥവ്യാപ്തിയും നിരക്ഷരകുക്ഷികളായ മുസ്ലിം ജനസാമാന്യത്തെ ശരിക്കും പറഞ്ഞു മനസ്സിലാക്കുകയാണ് തബ്ലീഗ് പ്രവർത്തകൻെറ പ്രാഥമിക കടമ. അതുപോലെ നമസ്ക്കാരത്തിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളും ഈ അനുഷ്ഠാനം കൊണ്ട് നേടാവുന്ന ഭൗതികവും ആത്മീയവുമായ ഉൽക്കർഷങ്ങളും മുസ്ലിം ജനസാമാന്യത്തെ അറിയിക്കുകയും അവരെ ഇതിലേക്കാനയിക്കുകയും ചെയ്യുക എന്ന മഹത്തായ ദൗത്യവും സുപ്രധാനകർമ്മങ്ങളായി തബ്ലീഗ് പ്രവർത്തകർ കരുതുന്നു. മൗലാനാ മുഹമ്മദ് ഇലിയാസ് തൻെറ കഠിന പ്രയത്നത്തിലൂടെ തബ്ലീഗ് ജമാഅത്തുകളെ ഇസ്ലാമിക ദൗത്യവുമായി അയൽപ്രദേശങ്ങളിലും നാടുകളിലും സഞ്ചരിച്ച് ഇസ്ലാമിക പ്രബോധനം നടത്തുവാൻ പറഞ്ഞയച്ചിരുന്നു. കൂട്ടായ ഈ പ്രവർത്തനം അഭൂതപൂർവ്വമായ വളർച്ചയുണ്ടാക്കി. 1941ൽ കൂടിയ വലിയ ഒരു തബ്ലീഗ് സമ്മേളനത്തിൽ 25,000 ൽപരം ആളുകൾ സന്നിഹിതരായിരുന്നു. തബ്ലീഗിൻെറ പ്രവർത്തനത്തിനുതകുന്ന മാർഗ്ഗരേഖ ഉണ്ടാക്കിയതും അത് അംഗീകരിച്ചതും ഈ സമ്മേളനത്തിൽവെച്ചാണ്. മൗലാനാ സമർത്ഥമായി തയ്യാറാക്കി അനുയായികൾക്ക് നൽകിയ ആറ് നിർദ്ദേശങ്ങൾ തബ്ലീഗ് പ്രസ്ഥാനത്തിൻെറ സത്ത ഉൾക്കൊള്ളുന്നവയാണ്.

1. കലിമ ശുദ്ധിയോടും വ്യക്തമായും ചൊല്ലുവാനുള്ള കഴിവുണ്ടാക്കുക. കലിമയുടെ അർത്ഥം, അതിൻെറ ആന്തരിക മേൻമ, ഇവ ശരിക്കും മനസ്സിലാക്കുക. ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസം സുദൃഢമാകണമെങ്കിൽ പ്രവാചകൻ പഠിപ്പിച്ചതും ചെയ്തുകാണിച്ചതന്നുമായവ മാതൃകയാക്കി അനുഷ്ഠിക്കേണ്ടതാണ്.

2. നമസ്ക്കാരം കൃത്യമായി നിർവ്വഹിക്കേണ്ടത് വിശ്വാസിയുടെ ഒഴിച്ചുകൂടുവാൻ പാടില്ലാത്ത കടമയാണ്. തൻമൂലം നമസ്ക്കാരത്തിൻെറ പ്രാധാന്യത്തെക്കുറിച്ചും അത് മനുഷ്യനിൽ ഉണ്ടാക്കുന്ന ഗുണമേൻമയെക്കുറിച്ചും ഓരോ മുസ്ലിമും ബോധവാനായിരിക്കുകയും അഞ്ചുനേരത്തെ പ്രാർത്ഥനയിൽ ഉപേക്ഷ വരുത്താതിരിക്കുകയും വേണം.

3. ഖുർആൻെറയും നബി വചനങ്ങളുടെയും ശരിയായ അറിവ് ഓരോ മുസൽമാനും സമ്പാദിച്ചിരിക്കണം. ജീവിതത്തെ കർമ്മോൻമുഖമാക്കുവാൻ ഈശ്വരചിന്തയും പ്രാർത്ഥനയും

ഫലപ്രദമായിത്തീരും. സമൂഹത്തിൽ മറ്റുള്ളവരുമായി ഇടപഴകുന്നതിനും ജീവിതസന്ധാരണത്തിനും സൻമാർഗ്ഗപരമായ ഈ ജീവിതപദ്ധതി പ്രയോജനപ്പെടുത്തണം. പ്രവാചകന്റെയും അസ്ഹാബിമാരുടേയും ജീവിതത്തെയും പ്രവർത്തനങ്ങളെയും കുറിച്ച് അറിഞ്ഞിരിക്കേണ്ടത് ഓരോ മുസൽമാന്റെയും ചുമതലയാണ്. താൻ ചെലവഴിക്കുന്ന സമയത്തിന്റെ ഒരംശം മറ്റുള്ളവർക്ക് ആത്മീയവിജ്ഞാനം പകരുന്നതിന് ചെലവഴിക്കേണ്ടതും മുസൽമാന്റെ ധർമ്മമാണെന്ന് മൗലാനാ ഇലിയാസ് ഉദ്ബോധിച്ചിരുന്നു. തന്നോളം തന്നെ അറിവ് ലഭിച്ചിട്ടില്ലാത്തവർക്ക് താൻ പഠിച്ചറിഞ്ഞ കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുമ്പോഴാണ് സ്വയം ആർജ്ജിച്ച അറിവ് പുഷ്കലമാകുക എന്നദ്ദേഹം ഉപദേശിച്ചിരുന്നു.

ഈശ്വരചിന്ത മനുഷ്യഹൃദയത്തെ പരിശുദ്ധമാക്കുന്നു. ദൈവസ്തുതിയും മാഹാത്മ്യവും ഉൾക്കൊള്ളുന്ന 'ദിക്കിർ' ആവർത്തിച്ചാവർത്തിച്ച് ഉരുവിടുമ്പോൾ മനസ്സ് ശുദ്ധമാവുകയും ഈശ്വരസാക്ഷാൽക്കാരം അനുഭവിക്കുകയും ചെയ്യുന്നു. ഖുർആൻ പാരായണവും നമസ്കാരവുമാണ് ഇതിനുള്ള മറ്റു ഉപാധികൾ. 'സുബ്ഹാനല്ല, അൽഹുദുലില്ല, ലാഇലാഹഇല്ലല്ലാഹു അല്ലാഹു അക്ബർ ' എല്ലാ സ്തുതിയും എല്ലാ മഹത്വവും അല്ലാഹുവിനുള്ളതാണ്. അല്ലാഹു അല്ലാതെ ആരാധാനക്കർഹൻ ആരുമില്ല. അല്ലാഹു മാത്രമാണ് വലിയവൻ എന്ന പ്രഖ്യാപനം 100 വട്ടം രാവിലെയും വൈകുന്നേരവും ആവർത്തിച്ചുരുവിടുവാൻ തബ്ലീഗ് അംഗങ്ങൾ ബാദ്ധ്യസ്ഥരാണ്. അതുപോലെ 'തമ്പുരാനേ, നി ഞങ്ങളുടെ കുറ്റങ്ങൾ പൊറുക്കണമേ, പ്രവാചകന്റെമേൽ നിന്റെ അനുഗ്രഹങ്ങൾ ചൊരിയണമേ, എന്നും നൂറുവട്ടംവീതം ഉരുവിടുന്നത് ഹൃദയത്തെ ഭക്തിനിർഭരമാക്കുവാനും സൻമാർഗ്ഗനിഷ്ഠമാക്കുവാനും സഹായിക്കുന്നതിന് വേണ്ടിയുമാണ്.

4. മനുഷ്യരെ പൊതുവേയും മുസൽമാൻമാരെ പ്രത്യേകമായും ആദരിക്കുക എല്ലാവരുടേയും കടമയത്രെ. മറ്റുള്ളവരുടെ അവകാശങ്ങളെ അംഗീകരിക്കുകയും, തന്നെക്കാൾ പ്രായമുള്ളവരുടേയും അയൽവാസികളുടേയും സാധുക്കളായ ജനങ്ങളുടേയും അവകാശങ്ങൾ കയ്യേറാതിരിക്കുകയും അവരുടെ വികാരവിചാരങ്ങളെ അറിഞ്ഞാദരിക്കുകയും ചെയ്യുക മുസൽമാന്റെ ജീവിതചര്യയാക്കണം. മനുഷ്യരെയെല്ലാം ഏകോദരസഹോദരങ്ങളെപ്പോലെ കോർത്തിണക്കി ഇസ്ലാമിന്റെ സമത്വ സഹോദര്യം അരക്കിട്ടുറപ്പിക്കുവാൻ ഈ പെരുമാറ്റക്രമം അനുശാസിക്കുന്നു.

5. ഏത് പ്രവർത്തി ചെയ്യുമ്പോഴും അത് ആത്മാർത്ഥതയോടും പരിശുദ്ധ മനസ്ഥിതിയോടും കൂടിയാവണം. നാം എന്തെങ്കിലും നല്ല കൃത്യം ചെയ്യുന്നതോ, ആരെയെങ്കിലും സഹായിക്കുന്നതോ, ഒന്നും തന്നെ തീർത്തും നല്ല ഉദ്ദേശ്യത്തോടുകൂടിയല്ലെങ്കിൽ ദൈവമസക്ഷം അവ അംഗീകരിക്കപ്പെടുകയില്ല. ചെയ്യുന്നതെന്തും സദുദ്ദേശ്യത്തോടുകൂടിയും സൻമനസ്സോടുകൂടിയുമായിരുന്നാലെ അതിന്റെ ഫലമുണ്ടാകുകയുള്ളു.

6. ഇസ്ലാമിക സന്ദേശം പ്രചരിപ്പിക്കുന്നതിന് സഞ്ചരിക്കേണ്ടത് മുസ്ലിംധർമ്മമാകുന്നു. വിശ്വാസ പ്രചാരണത്തിന് ഓരോ മുസൽമാനും കുറേ സമയം വിനിയോഗിക്കണമെന്നാണ് മൗലാനാ ഇലിയാസ് തന്റെ അനുയായികളോടാവശ്യപ്പെട്ടത്. മദ്രസ്സകളിലും ദർസുകളിലും പോയി പഠിക്കുവാനോ, ഇസ്ലാമിന്റെ ആന്തരിക സത്ത ഉൾക്കൊള്ളാൻ തൻമൂലം സാധിക്കാതേയോ വരുന്നവർക്ക് മേലുദ്ധരിച്ച അഞ്ച് നിർദ്ദേശങ്ങൾ ശരിക്കും പ്രാവർത്തികമാക്കുന്ന തബ്ലീഗ് ജമാഅത്തുകൾ കൊണ്ട് ഈ കുറവ് പരിഹരിച്ച് ഇസ്ലാമിന്റെ അടിസ്ഥാനവിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ഗ്രഹിക്കുവാൻ കഴിയുമെന്ന് മൗലാന തറപ്പിച്ചു പറഞ്ഞു. ഇസ്ലാമിന്റെ പ്രവാചകൻ മദീനയിൽ എത്തിയപ്പോൾ തന്റെ സന്ദേശവാഹകരെ ജമാഅത്തുകളായി പല സ്ഥലങ്ങളിലേക്ക് ഇസ്ലാമിക പ്രചാരണത്തിനയച്ചിരുന്ന മാതൃക ഓരോ മുസൽമാനും പിൻപറ്റണം. മറ്റുള്ളവരിൽ ഇസ്ലാമിക സന്ദേശം എത്തിക്കുകയെന്നത് മുസൽമാന്റെ കർത്തവ്യമാണ്. അതേസമയം അനാവശ്യമായ വാക്കുതർക്കങ്ങൾ അയഞ്ഞ സംസാരം, മറ്റുള്ളവർക്ക് എതിർപ്പു തോന്നിക്കുന്ന പെരുമാറ്റം ഇവയൊന്നും ഉണ്ടാകുവാൻ പാടില്ലെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

കേരളത്തിൽ തബ്ലീഗ് പ്രസ്ഥാനത്തിന് 1940കളിൽ തന്നെ പ്രചാരണം ലഭിച്ചിരുന്നു. ഐസ്ലാമിക ശാസനകളും ചര്യകളും ശരിക്കും പഠിച്ചറിയുവാൻ സൗകര്യം ലഭിച്ചിട്ടില്ലാതിരുന്ന വിദ്യാസമ്പന്നൻമാരായ എൻജിനീയർമാരും വക്കിലൻമാരും വ്യാപാരികളും വ്യവസായികളും തബ്ലീഗിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായി സഹകരണവുമായെത്തിയിരുന്നു. സാധാരണ ജനങ്ങൾക്കിടയിലും തബ്ലീഗ് ജമാഅത്തിന് ചലനങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചു. തുടക്കത്തിൽ ഇതരമത സംഘടനകളുടെ നേതാക്കൻമാരും പണ്ഡിതൻമാരും സംശയദൃഷ്ടിയോടുകൂടിയാണ് തബ്ലീഗ് പ്രവർത്തനങ്ങളെ നിരിക്ഷിച്ചുകൊണ്ടിരുന്നത്. എന്നാൽ നിസ്വാർത്ഥരും സേവനനിരതരുമായ തബ്ലീഗ് പ്രവർത്തകരുടെ അർപ്പണബോധത്തോടുകൂടിയുള്ള പ്രചാരണം വളരെയധികം ജനങ്ങളെ അതിലേക്കാകർഷിച്ചു. തൊടുപുഴ, കാഞ്ഞാർ എന്ന സ്ഥലത്തെ സമുദായ ഉദ്ധാരകനും പണ്ഡിതനുമായ മൂസമൗലാന എന്ന പേരിൽ പ്രശസ്തനായ മുഹമ്മദ് മൂസ മുസ്ലിയാരുടെ ശക്തമായ നേതൃത്വമാണ് സംഘടനയെ ഒരു ബഹുജന പ്രസ്ഥാനമാക്കി മാറ്റിയത്.

ഓരോ വർഷവും വ്യത്യസ്ഥ സ്ഥലങ്ങളിലായി മൂന്ന് തബ്ലീഗ് സമ്മേളനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് ഭക്തജനങ്ങൾ അർപ്പണമനോഭാവത്തോടും അച്ചടക്കത്തോടും കൂടി സംബന്ധിക്കുന്ന ഈ സമ്മേളനങ്ങൾ വളരെ വിജയകരമായിട്ടാണ് നടത്തി

പ്പോരുന്നത്. ഇത്തരം സമ്മേളനത്തോടനുബന്ധിച്ച് നൂറുകണക്കിന് തബ്‌ലീഗ് ജമാഅത്തുകളുടെ ചെറിയ ചെറിയ സംഘങ്ങൾ വിവിധ കേന്ദ്രങ്ങളിലേക്ക് ഐസ്ലാമിക പ്രചരണാർത്ഥം പോകുക സ്ഥിരം പതിവാണ്. ഇന്ത്യയുടെ നാനാഭാഗത്ത് മാത്രമല്ല വിദേശ രാജ്യങ്ങളിലും തബ്‌ലീഗ് ജമാഅത്തുക്കൾ പ്രവർത്തനങ്ങളുമായി പൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. കോളേജുകളിലും മറ്റുള്ള വിദ്യാഭ്യാസ കേന്ദ്രങ്ങളിലും തബ്‌ലഗിന് ശക്തമായ അടിത്തറപാകുവാൻ സാധിച്ചിരിക്കുന്നു. ചുരുങ്ങിയത് 10 പേർ ഉൾക്കൊള്ളുന്നതാണ് ഒരു തബ്‌ലീഗ് ജമാഅത്ത്. അവരിൽ നിന്നും ഒരു നേതാവിനെ (അമീർ) തെരഞ്ഞെടുക്കുന്നു. അവർ ഏത് സ്ഥലത്തേക്കാണോ പോകുന്നത് അവിടെയുള്ള ഏതെങ്കിലും പള്ളിയിലായിരിക്കും ജമാഅത്തിന്റെ ആസ്ഥാനം. പള്ളിയോടടുത്ത പ്രദേശങ്ങളിലാണ് ഇവർ ഇസ്ലാമിക ബോധവൽക്കരണം നടത്തുക. പരിസരത്തുള്ള എല്ലാ മുസ്ലിംകളേയും പ്രാർത്ഥനയ്ക്കും മറ്റുമായി പള്ളിയിലേക്ക് ക്ഷണിക്കുകയും സാധാരണ നമസ്ക്കാരത്തിനും പ്രാർത്ഥനയ്ക്കും ശേഷം തബ്‌ലീഗിന്റെ അടിസ്ഥാന പ്രമാണങ്ങളേയും ഇസ്ലാമിക ശാസനകളേയും പ്രവാചക വചനങ്ങളേയും എല്ലാംകുറിച്ച് പണ്ഡിതരും സമർത്ഥരുമായ വാഗ്മികൾ പ്രബോധനങ്ങൾ നടത്തുക പതിവാണ്. തബ്‌ലീഗ് പ്രചാരണം രണ്ടുതരത്തിലാണ് പ്രധാനമായും നിർവ്വഹിക്കുന്നത്. ചെന്നെത്തപ്പെട്ട സ്ഥലത്തെ മുഖ്യരായ പ്രമാണിമാരെ സന്ദർശിച്ച് അവരുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും പ്രബോധനങ്ങൾ കേൾക്കുവാൻ ക്ഷണിക്കുകയും ചെയ്യുക എന്നതാണ് ജമാഅത്ത് അംഗങ്ങളുടെ പ്രാഥമിക പ്രവർത്തനം. പിന്നീട് സ്ഥലത്തെ ഓരോ മുസ്ലിം വീടുകളിലും മുസ്ലിംകൾ പണിചെയ്യുന്ന ഓഫീസുകളിലും സ്ഥലങ്ങളിലും അവിടെ ഓരോരുത്തരെയും നേരിട്ടുകണ്ട് തബ്‌ലീഗ് പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ അഭ്യർത്ഥിക്കുകയാണ് ചെയ്യുന്നത്. സൗകര്യമുള്ള സ്ഥലങ്ങളിൽ ഒന്നിച്ചു കൂടി ഇസ്ലാമിക ദർശനങ്ങളേയും പ്രവാചക വചനങ്ങളേയും കുറിച്ചുള്ള പഠനക്ലാസുകളും ചർച്ചകളും പ്രഭാഷണങ്ങളും നടത്തുകവഴി മതവിജ്ഞാനവും ആത്മീയ ഉൽക്കർഷവും പ്രദാനം ചെയ്യുവാൻ സാധിക്കുന്നുണ്ട്.

ഒന്നോ രണ്ടോ ദിവസത്തെ പ്രവർത്തനത്തിന് ശേഷം അടുത്ത ദേശത്തേക്ക് ജമാഅത്ത് പോകുകയും അവിടെയും തങ്ങളുടെ തബ്‌ലീഗ് പ്രവർത്തനം ആവർത്തിക്കുകയും ചെയ്യുന്നു. ജമാഅത്തിൽ അതാത് സ്ഥലങ്ങളിൽ നിന്നും സഹകരിച്ച് കൂടെ വരുന്നവർക്കും ജമാഅത്ത് അംഗങ്ങൾക്കെല്ലാം തന്നെ, തബ്‌ലീഗിന്റെ മുൻവിവരിച്ച ആറ് മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് സമർത്ഥരായ പണ്ഡിതൻമാർ ക്ലാസ്സെടുത്ത് അവരെ ബോധവാൻമാരാക്കുകയാണ് ചെയ്യുന്നത്. പ്രഭാഷണം നടത്തുന്നതിനേക്കാൾ ജമാഅത്ത് അംഗങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത് വിജ്ഞാന സമ്പാദനവും മാനസിക പരിവർത്തനവുമാണ്. മുൻ പ്രസ്താവിച്ച 6 നിർദ്ദിഷ്ട ചര്യകളിലൂടെ അദ്ധ്യാത്മികാധിഷ്ഠിതമായ ഉൾക്കാഴ്ചയും സമൂഹത്തോടുള്ള സമീപനത്തിൽ മാതൃകാപരമായ മാറ്റവും അങ്കുരിപ്പിക്കുവാൻ സാദ്ധ്യമാകുന്നു. 10, 40, 120 ദിവസങ്ങൾ വീതം തബ്‌ലീഗ് ജമാഅത്ത് ഓരോ വർഷവും പ്രവർത്തനത്തിനായി ഉഴിഞ്ഞുവെക്കുന്നുണ്ട്. ചിലപ്പോൾ ഒരുവർഷം മുഴുക്കെയും ഇതിനായി വിനിയോഗിച്ചും പോരുന്നുണ്ട്. പുതിയ ആളുകൾ ജമാഅത്തുകളിൽ കൂടുന്നതോടുകൂടി അംഗങ്ങളുടെ വർദ്ധനവനുസരിച്ച് പുതിയ ജമാഅത്തുകൾ രൂപീകരിക്കുകയാണ് ചെയ്യുന്നത്. ആഴ്ചയിൽ രണ്ട് ദിവസം സ്വന്തം നാട്ടിലും അടുത്ത പ്രദേശത്തുമായി തബ്‌ലീഗ് പ്രവർത്തനം നടത്തുകയും മാസത്തിൽ മൂന്ന് ദിവസമെങ്കിലും ജമാഅത്തിൽ കൂട്ടാളികളാകുകയും ചെയ്യുക എന്നത് തബ്‌ലീഗ് അംഗങ്ങളുടെ പുമതലയായി കരുതിപ്പോരുന്നു. പല സ്ഥലങ്ങളിലും കൂട്ടായി താമസിക്കുകയും പലരുമായി ഇടപഴകുവാൻ സാധിക്കുകയും ചെയ്യുന്നതുവഴി സാമൂഹ്യബോധവും മാനവികതയും അംഗങ്ങളിൽ ഉൽഭൂതമാകുന്നു. യഥാർത്ഥത്തിൽ മത - സാമുദായിക രംഗത്ത് ഒരു പുതിയ അനുഭവമാണ് ഇത് ഉളവാക്കിയിട്ടുള്ളത്. തികഞ്ഞ അച്ചടക്കവും അർപ്പണ മനോഭാവവും തബ്‌ലീഗ് പ്രവർത്തകനിൽ വരുത്തുന്ന മാനസിക പരിവർത്തനം വലുതാണ്. തബ്‌ലീഗ് മഹാസമ്മേളനങ്ങളിൽ എത്രയധികം ആളുകളുണ്ടായാലും ഒരിക്കലും ഒരു ക്രമസമാധാന പ്രശ്നം ഇതുവരെ ഉണ്ടായിട്ടില്ല എന്നത് തന്നെ തബ്‌ലീഗ് പ്രവർത്തകരുടെ അച്ചടക്കവും ധർമ്മബോധവും കാണിക്കുന്നുണ്ട്.

പരസ്യമായി വിവാദവിഷയങ്ങൾ ചർച്ച ചെയ്യുകയോ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ മറ്റു മതസംഘടനകളെ പുച്ഛിക്കുകയോ ചെയ്യുന്ന പതിവ് തബ്‌ലീഗുകാർ അനുവർത്തിക്കാറില്ല. മറ്റുള്ളവർക്ക് വെറുപ്പോ അതൃപ്തിയോ ഉണ്ടാകുന്ന വാക്കുകളോ പ്രവർത്തികളോ തബ്‌ലീഗ് ജമാഅത്ത് ചെയ്യാറുമില്ല. എന്നാൽ ഐസ്ലാമിക ആചാരങ്ങൾക്ക് വിരുദ്ധങ്ങളായ നേർച്ചകളും, ഉറൂസുകളും, മുഹറാഘോഷങ്ങളും അതുപോലെയുള്ള വിദ്അത്തുകൾ അത്രയും മുജാഹിദുകളെപ്പോലെ തന്നെ പരിത്യജിച്ച് പോരുന്നു. തബ്‌ലീഗ് പ്രസ്ഥാനത്തിന്റെ കീഴിൽ പല ഉന്നത വിദ്യാപീഠങ്ങളും പ്രവർത്തിക്കുന്നുണ്ട്. കായങ്കുളത്തുള്ള ജാമിയ്യഃ ഹസ്സനിയ്യ, ആലുവ എടത്തലയിലെ അൽജമിയ്യത്തുൽ കൗസരിയ്യ എന്നിവ പ്രമുഖ സ്ഥാനം അലങ്കരിക്കുന്നവയാണ്. ഖുർആൻ മനഃപാഠമാക്കുന്ന ഹാഫിസുകളെ പരിശീലിപ്പിച്ചെടുക്കുന്നത് ഈ സ്ഥാപനങ്ങളുടെ മുഖ്യപ്രവർത്തനമാണ്. മതപ്രബോധന രംഗത്ത് വിലപ്പെട്ട സേവനമാണ് തബ്‌ലീഗ് പ്രസ്ഥാനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

## VI <u>അഹമ്മദീയ പ്രസ്ഥാനം</u>

മുസ്ലിംലോകത്തിന്റെ മുഴുക്കെ ശക്തമായ എതിർപ്പിന് പാത്രീഭൂതമായിട്ടുള്ള ഒന്നാകുന്നു അഹമ്മദീയ അഥവാ കാദിയാനി പ്രസ്ഥാനം. സമുദായ പരിഷ്ക്കരണവും മതനവോത്ഥാനവും ഉന്നം വെച്ചുകൊണ്ട് പഞ്ചാബിൽ ആരംഭിച്ച ഈ

പ്രസ്ഥാനം പ്രത്യയ ശാസ്ത്രപരമായും വിശ്വാസപരമായും ഇസ്ലാമിന്റെ മൂലതത്വങ്ങളെ ചോദ്യം ചെയ്യുന്നു എന്നതിനാൽ ലോകത്താകമാനമുള്ള ഷിയാക്കളും സുന്നികളും ഒരുപോലെ ഈ പ്രസ്ഥാനത്തെ എതിർക്കുന്നുവെന്ന് മാത്രമല്ല, അഹമ്മദി യാക്കൾ അഥവ കാദിയാനികൾ മുസ്ലീം സമുദായത്തിൽ ഉൾപ്പെടുന്നില്ലെന്ന് കരുതുന്നവരുമാണ്. ഇസ്ലാമിക രാഷ്ട്രമായ പാക്കിസ്ഥാനിൽ അഹമ്മദീയാക്കളെ അമുസ്ലീം ന്യൂനപക്ഷവിഭാഗമായി ഒറ്റപ്പെടുത്തിയിട്ടുമുണ്ട്.

അഹമ്മദീയ പ്രസ്ഥാനത്തിന്റെ ജനയിതാവ്, പഞ്ചാബിലെ കാദിയാൻ കുർദസ് ജില്ലയിൽ 1835 ഫെബ്രുവരി 13-ാം തീയതി ഭൂജാതനായ മിർസാഗുലാം അഹമ്മദാകുന്നു. അദ്ദേഹത്തിന്റെ പേരിൽ നിന്നുമാണ് അഹമ്മദീയ പ്രസ്ഥാനമെന്നും ജനിച്ച സ്ഥലമായ കാദിയാൻ കുർദസിൽ നിന്നും കാദിയാനി പ്രസ്ഥാനമെന്നും നാമകരണമുണ്ടായത്. മുഗൾവംശ പൂർവികത്വം അവകാശപ്പെട്ടിരുന്നു മിർസ്ഗുലാം അഹമ്മദിന്റെ പിതാവ് ഗുലാംമുർതസ മകനെ പണ്ഡിത ഗുരുക്കൻമാരുടെ അടുക്കൽ മത - ലൗകിക പഠനങ്ങൾ നടത്തി. അക്കാലത്തെ പാഠ്യപദ്ധതികൾ വിജയകരമായി പൂർത്തിയാക്കിയ മിർസഗുലാം അഹമ്മദ് സിയാൽക്കോട്ടിൽ വക്കിലിന്റെ ജോലിയിൽ പ്രവേശിച്ചു. നാലുവർഷത്തിന് ശേഷം അദ്ദേഹം അത് മതിയാക്കി മതപഠനം പുനരാരംഭിക്കുകയാണ് ചെയ്തത്. ഖുർആനും ഹദീസും കൂലങ്കഷമായി പഠിക്കുക മാത്രമല്ല അവയുടെ ആന്തരിക രഹസ്യങ്ങളും ആത്മീയ ദർശനങ്ങളും പരുതി ആഴത്തിൽ ഇറങ്ങുകയും ചെയ്തു. അക്കാലത്ത് പ്രാബല്യത്തിലിരുന്ന വ്യത്യസ്ഥങ്ങളായ സൂഫി ദർശനങ്ങളൊന്നും മിർസഗുലാം അഹമ്മദിന്റെ അന്വേഷണ തൃഷ്ണയെ തൃപ്തിപ്പെടുത്തിയില്ല. സൂഫികൾ അനുഷ്ഠിച്ചിരുന്ന സന്യാസവൃത്തി ഇസ്ലാമികമല്ലെന്ന് അദ്ദേഹം പ്രചരിപ്പിച്ചു. ആത്മീയസംതൃപ്തിക്കുവേണ്ടിയുള്ള ഒടുങ്ങാത്ത ദാഹം അദ്ദേഹത്തിൽ മാനസിക സംഘർഷവും വിഭ്രാന്തിയുമുണ്ടാക്കികൊണ്ടിരുന്നു. അനുദിനം വർദ്ധിച്ചുകൊണ്ടിരുന്ന ഈ മാനസിക അസ്വാസ്ഥ്യം പകൽകിനാവുകളും സ്വപ്നങ്ങളും കൊണ്ട് അദ്ദേഹത്തെ വലയം ചെയ്യുവാൻ തുടങ്ങി. 1891 ആയപ്പോഴേക്കും വാഗ്ദത്വ മെഹ്ദി താൻ തന്നെയാണെന്ന് അദ്ദേഹം പ്രഖ്യാപനം നടത്തി. തന്റെ മാനസികാനുഭവങ്ങളും അനുഭൂതികളും അനുയായികൾ വിശ്വസിക്കുംവിധം പ്രചരിപ്പിക്കുവൻ അദ്ദേഹത്തിന് കഴിഞ്ഞത് കൊണ്ട് 1901 ആയപ്പോഴേക്കും അഹമ്മദി മുസ്ലിംകൾ എന്നൊരു പ്രത്യേക കൂട്ടായ്മയെ സൃഷ്ടിക്കുവാൻ മിർസഗുലാം അഹമ്മദിന് കഴിഞ്ഞു.

ഇൻഡ്യയിൽ പൊതുവേയും പഞ്ചാബിൽ പ്രത്യേകമായും നിലനിന്നിരുന്ന രാഷ്ട്രീയ അനിശ്ചിതത്വവും ധാർമ്മിക അധഃപതനവും നാട്ടിലുടനീളം സാമൂഹ്യസംഘർഷങ്ങൾ സൃഷ്ടിച്ചിരുന്നു. ശരിയായ ഇസ്ലാമിക ബോധനമോ, ആത്മീയ ചിന്തയോ ഇല്ലാതെ അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും മുഴുകികിടക്കുകയായിരുന്നു മുസ്ലിംകൾ. ഇസ്ലാമിന്റെ അടിത്തറതന്നെ ആടിക്കൊണ്ടിരുന്ന സന്ദർഭവുമായിരുന്നു അത്. മതപണ്ഡിതൻമാരും പരിഷ്ക്കർത്താക്കളും ചേരിതിരഞ്ഞ് ആശയസംഘട്ടനവും പോർവിളികളും നടത്തിക്കൊണ്ടിരുന്നു. മതഗ്രൂപ്പുകൾ ഓരോന്നും തമ്മിൽ തമ്മിൽ കേസ്സും പുക്കാറുമായി കഴിയുക മാത്രമല്ല രക്തച്ചൊരിച്ചിലിന്നിടയാക്കുന്ന സംഘട്ടനങ്ങൾക്ക് വഴി വെക്കുകയും ചെയ്തു. സാധാരണ വിശ്വാസികൾ നിരാശ്രയരും നിസ്സഹായരുമായി പരാജയബോധത്തോടുകൂടി കഴിയേണ്ടതായ അവസ്ഥയുമായിരുന്നു. ഇവയിൽ നിന്നും മോചനത്തിന് വേണ്ടി ദാഹിക്കുകയായിരുന്നു മുസ്ലീംജനത. അവരെ ലൗകികവും ആത്മീയവുമായി രക്ഷപ്പെടുത്തുവാൻ സാധിക്കുന്ന ഒരു നവോത്ഥാന നേതൃത്വത്തിന് വേണ്ടിയുള്ള അദമ്യമായ ആഗ്രഹവും സജീവമായിരുന്ന സന്ദർഭവുമായിരുന്നു ഗുലാംമിർസ അഹമ്മദിന്റെ രംഗപ്രവേശനത്തിനും ജനപിന്തുണക്കും നിദാനമായി വർത്തിച്ചത്.

ആര്യസമാജവും ബ്രഹ്മസമാജവും ഹൈന്ദവ പരിഷ്ക്കരണ പ്രസ്ഥാനങ്ങളുമായി പ്രവർത്തനം തകൃതിയായി നടത്തിക്കൊണ്ടിരുന്നു. ആര്യസമാജക്കാരുടെ ശുദ്ധിപ്രസ്ഥാനം മുസ്ലിംകളോടുള്ള വലിയ വെല്ലുവിളിയായി. നൂറ്റാണ്ടിനു മുമ്പ് മുതൽ മതപരിവർത്തനം ചെയ്തിരുന്ന ഹിന്ദുക്കളെ വീണ്ടും ശുദ്ധികലശം നടത്തി പൂർവ്വികമതത്തിലേക്ക് കൊണ്ടുവരികയായിരുന്നു ആര്യസമാജക്കാർ. മുസ്ലിം സമുദായം രാഷ്ട്രീയമായും സാമ്പത്തികമായും മതപരമായും അങ്ങേഅറ്റം അധഃപതിച്ചുകിടന്ന ആ കാലത്ത് മുസ്ലിംകളിൽ നിന്നും ശുദ്ധി പ്രസ്ഥാനം വഴി വലിയ ഒരു വിഭാഗം ആളുകളെ അവർക്കാകർഷിച്ചെടുക്കുവാൻ സാധിച്ചിരുന്നു. ഇൻഡ്യയിലെ വിടേയും സംഘടിതമായി നടത്തിയ ഈ മതധ്വംസനം മുസ്ലിംകളെ ഭീതിജനകമായ നിരാശയിലാഴ്ത്തുകയും ചെയ്തു. ക്രിസ്ത്യൻ മിഷണറിമാർ സർക്കാർ സഹായത്തോടുകൂടി മതപരിവർത്തന പ്രക്രിയ വിജയകരമായി നടത്തുകയും ചെയ്തുകൊണ്ടിരുന്നു.

ഭീഷണമായ ഈ അവസ്ഥയെ ശക്തമായി നേരിടേണ്ടത് മുസ്ലിംകളുടെ നിലനിൽപ്പിന്റെ പ്രശ്നമായി മിർസഗുലാം അഹമ്മദ് കണ്ടു. ക്രിസ്ത്യൻ പാതിരിമാരും ഹിന്ദു പണ്ഡിറ്റുകളും ഇസ്ലാമിനും പ്രവാചകനുമെതിരായി നടത്തിയിരുന്ന ദുഷ്പ്രചാരണങ്ങൾക്ക് മറപുടി പറഞ്ഞുകൊണ്ടും ഇസ്ലാമിന്റെ മഹത്വത്തെ ഉയർത്തിക്കാണിച്ചുകൊണ്ടും അക്കാലത്ത് അദ്ദേഹമെഴുതിയിരുന്ന ലേഖനങ്ങളും നടത്തിയിരുന്ന പ്രസംഗങ്ങളും മുസ്ലിം പണ്ഡിതൻമാരുടെയെല്ലാം പ്രശംസ പിടിച്ചുപറ്റിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പല അഭിപ്രായങ്ങളും ഇസ്ലാമിക വിശ്വാസത്തിനും ആചാരത്തിനും ഇളക്കം തട്ടിക്കുന്നവയായിരുന്നു. അധർമ്മത്തിനും അനീതിക്കും എതിരായും മതസംരക്ഷണത്തിനുവേണ്ടിയും ആത്മത്യാഗം വരെ നടത്താൻ ബാദ്ധ്യസ്ഥനാണ് മുസ്ലിം എന്ന അർത്ഥത്തിലാണ് ജിഹാദ് എന്ന പ്രയോഗം നിലവിൽ വന്നത്. ബ്രിട്ടീഷ് ആധിപത്യ

ത്തോടുകൂടി ഇസ്ലാമിനോടും മുസ്ലിംകളോടുമുള്ള സർക്കാരിൻെറ ശത്രുത അവരെ മതവിരോധികളായി വ്യവഹരിക്കുവാൻ മുസ്ലിം ഉലമകളെ നിർബന്ധരാക്കി. തൻമൂലം ഇംഗ്ലീഷ് ഗവർമ്മേണ്ടിനോട് നിസ്സഹരിക്കുകയും അവർക്കെതിരായി പടപൊരുതുകയും വേണമെന്നത് മുസ്ലിംകളുടെ കടമയായി കരുതിപ്പോരികയും ചെയ്തു. എന്നാൽ മിർസഗുലാം അഹമ്മദ് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിലൂടെയും പ്രസംഗങ്ങളിലൂടേയും ജിഹാദിന് നൽകിയിരുന്ന വ്യാഖ്യാനം പാടെ തിരുത്തുകയും ബ്രിട്ടീഷ് ഗവർമ്മേണ്ടിനെതിരായി മുസ്ലിംകൾ നടത്തുന്ന സമരം അനിസ്ലാമികമാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ബ്രിട്ടീഷ് ഗവർമ്മേണ്ട് മുസ്ലിംകൾക്ക് നൽകികൊണ്ടിരുന്ന സഹായസഹകരണത്തെ വാഴ്ത്തുവാനും അദ്ദേഹം മടിച്ചില്ല.

ഖുർആൻെറയും സുന്നത്തിൻെറയും അടിസ്ഥാനത്തിൽ ലോകമുസ്ലിംകൾ വിശ്വസിച്ചുപോരുന്നത് പ്രവാചകനായ മുഹമ്മദ് നബി വരെയുള്ള എല്ലാ പ്രവാചകൻമാരും ദൈവനിയോഗത്താൽ അവതരിക്കപ്പെട്ടവരും ദൈവിക അനുഭൂതികൾക്ക് പാത്രീഭൂതരായിട്ടുള്ളവരുമാണെന്നാണ്. ആദം നബി മുതൽ അവതരിക്കപ്പെട്ടിട്ടുള്ള പ്രവാചകൻമാരത്രയും പ്രബോധനം ചെയ്ത മതം ഇസ്ലാമാണെന്നും മുഹമ്മദ് നബി പൂർവ്വികമായ ഈ മതം പരിപൂർണ്ണമാക്കുകയെന്ന ദൗത്യം നിർവ്വഹിച്ചതോടു കൂടി മറ്റൊരു പ്രവാചകനും പിന്നീടുണ്ടാകുകയില്ലെന്നും തൻമൂലം അന്ത്യപ്രവാചകനാണ് മുഹമ്മദ് നബിയെന്നും മുസ്ലിംകൾ വിശ്വസിച്ചുപോരുന്നു. എന്നാൽ തൻെറ 'ബറാഹിനിയെ അഹമ്മദീയ്യ' ' എന്ന നാലു വാല്യങ്ങളുള്ള ഗ്രന്ഥം വഴി മുഹമ്മദ് നബിയോടുകൂടി പ്രവാചക ശ്യംഖല അറ്റുപോകുന്നുവെന്ന വിശ്വാസത്തെ ചോദ്യം ചെയ്യുകയും അതുകൊണ്ട് തന്നെ മുഹമ്മദ് നബി അന്ത്യപ്രവാചകനല്ലെന്ന് വാദിക്കുകയും ചെയ്തു. ഇത് വലിയ ഒരു വിസ്ഫോടനമാണ് മുസ്ലിംകളിലുണ്ടാക്കിയത്. മിർസഗുലാം മുഹമ്മദ് മുസ്ലിം സമുദായത്തിൽ നിന്നും ബഹിഷ്കൃതനാകുന്നതും ഇത് മൂലമാണ്.

ശക്തമായ എതിർപ്പുകളുണ്ടായിട്ടം പഞ്ചാബിലും അയൽസംസ്ഥാനങ്ങളിലും തൻെറ പ്രവാചകത്വത്തെക്കുറിച്ചറിയിക്കാനും മതനവീകരണം ലക്ഷ്യമാക്കി തൻെറതായ താത്വികദർശനങ്ങൾ അവതരിപ്പിക്കുവാനും അദ്ദേഹം തയ്യാറായി. 1901ലെ കാനേഷ്മാരി നടക്കുന്ന സന്ദർഭത്തിൽ അഹമ്മദീയ മതക്കാർ പ്രത്യേക വിഭാഗമാണെന്ന് അദ്ദേഹം വാദിക്കുകയും അവരുടെ ജനസംഖ്യ വേറിട്ടെടുക്കണമെന്ന് നിവേദനം നടത്തുകയും ചെയ്തു. അതിൻെറ ഫലമായി നടത്തിയ പരിശോധനയിൽ 1901ൽ 1113 അഹമ്മദിയാക്കൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുമുണ്ട്. മുസ്ലിംകളിൽ നിന്നും വ്യത്യസ്തമായ ഒരു മതവിഭാഗമായി മാറിയതോടെ മിർസഗുലാം അഹമ്മദിനെ അനുയായികൾ പ്രവാചകനായംഗീകരിക്കുകയും അദ്ദേഹത്തിൻെറ ജൻമസ്ഥലമായ കാദിയാൻ, മെക്കപോലെ പരിശുദ്ധ തീർത്ഥാടനകേന്ദ്രമായി കരുതി പ്പോരികയും ചെയ്തു. അഹമ്മദിയാക്കൾ മുസ്ലിംകൾ ഹജ്ജ് കർമ്മം നിർവ്വഹിക്കുവാൻ മെക്കയിലേക്ക് തീർത്ഥാടനം നടത്തുന്നത് പോലെ എല്ലാ ഡിസംബർ മാസത്തിലും കാദിയാനിൽ സില്ലീഹജ്ജ് എന്ന കർമ്മം നർവ്വഹിക്കുവാൻ പോകുന്നവരാണ്. മിർസയെ പ്രവാചകനായി അംഗീകരിക്കാത്തവരെല്ലാം അവിശ്വാസികളാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. പ്രാർത്ഥനകൾ നടത്തുന്നത് അഹമ്മദീയ ഇമാമിൻെറ നേതൃത്വത്തിലായിരിക്കണമെന്നും വിവാഹബന്ധങ്ങളും കുടുംബസംവിധാനവുമെല്ലാം അഹമ്മദീയർ തമ്മിലെ ആകുവാൻ പാടുള്ളുവെന്നും നിബന്ധനകളുണ്ടായി. അവർ പ്രത്യേകമായ ഒരു കലണ്ടർ തന്നെ നടപ്പാക്കി. മിർസയുടെ വിശ്വസ്ഥരായ ആദ്യകാല അനുയായികളെ അസ്ഹാബിമാരെന്നാണ് വിശേഷിപ്പിച്ചിരുന്നത്. അദ്ദേഹത്തിൻെറ ശവകുടീരം അഹമ്മദീയ വിശ്വാസികൾ അന്ത്യപ്രവാചകനായ മുഹമ്മദ് നബിയുടെ അന്ത്യവിശ്രമസ്ഥലം പോലെ പരിപാവനമായും ഗണിച്ചുവരുന്നു. ഇതോടെ മുസ്ലിം സമുദായത്തിൽ നിന്നും അവർ തീർത്തും പുറത്താകുകയും തനതായ വ്യക്തിത്വത്തോടുകൂടിയ പുതിയ ഒരു മതമായി മാറുകയും ചെയ്തു. ഇസ്ലാമിക നവോത്ഥാനത്തിന് വേണ്ടി ആരംഭിച്ച ഈ പ്രസ്ഥാനം അങ്ങനെ ഇസ്ലാമിനും മുസ്ലിംകൾക്കും അന്യമായി മാറി.

കേരളത്തിൽ മിർസഗുലാം അഹമ്മദിൻെറ സന്ദേശം അദ്ദേഹത്തിൻെറ ജീവിതകാലത്ത് തന്നെ എത്തിയിരുന്നു. മഹൽദീപുകാരനായ ഒരു മുഹമ്മദ് ദീദിയെന്നയാൾ 1896ൽ കണ്ണൂരിൽ വന്നിറങ്ങി. അബ്ദുൾ കാദർകുട്ടി എന്ന ആളുമായി പരിചയപ്പെടുകയും ചെയ്തു. അത് സുഹൃദ്ബന്ധമായി വളർന്നു. അതിനിടയിൽ മുഹമ്മദ് ദീദി 1897ൽ കൽക്കട്ടയിൽ പോയി മടങ്ങി കണ്ണൂർ വന്നപ്പോൾ മിർസയുടെ 'ഇസ്ലാമിക പ്രബോധനത്തിൻെറ തത്വശാസ്ത്രം' എന്ന ഒരു ഗ്രന്ഥം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ഗുലാം മുഹമ്മദിൻെറ വാദഗതിയും ആദർശവും മുഹമ്മദ് ദീദിയേയും അബ്ദുൾ കാദർ കുട്ടിയേയും ഏറെ ആകർഷിച്ചു. ഇരുവരും മിർസയുടെ ആരാധകരുമായി. അബ്ദുൾ കാദർ കുട്ടി അരിക്കച്ചവടക്കാരനായിരുന്നു. കച്ചവടാർത്ഥം ബർമ്മയിൽ പോയപ്പോൾ ബർമ്മയിൽ നിന്നും മിർസയുടെ മറ്റു ചില ഗ്രന്ഥങ്ങൾ കൂടി അദ്ദേഹത്തിന് ലഭിച്ചു. മിർസഗുലാം അഹമ്മദിൻെറ ആദർശങ്ങളോട് അങ്ങേഅറ്റം ആദരവ് തോന്നിയിരുന്ന അബ്ദുൾ കാദർകുട്ടി തിരിച്ച് കണ്ണൂർ വന്നപ്പോൾ തൻെറ ഉറ്റസുഹൃത്തുക്കളുമായി തൽസംബന്ധമായ ചർച്ചകളും വാദപ്രതിവാദങ്ങളും നടത്തി. പലരും അബ്ദുൾകാദർകുട്ടിയുടെ അഭിപ്രായത്തോട് യോജിച്ച് മിർസയുടെ അനുയായികളായിത്തീർന്നു. അങ്ങനെ 12 പേരാണ് കണ്ണൂരിൽ അഹമ്മദിയാക്കളായി മാറിയവർ. ഇവരുടെ പ്രവർത്തനഫലമായി 1915 ആയതോടെ 100 പേരെ ഉൾപ്പെടുത്തി കണ്ണൂർ അഹമ്മദീയ ജമാഅത്ത് രൂപപ്പെടുത്തുവാൻ സാധിച്ചു. തുടർന്ന്

പഴയങ്ങാടി, കുടാലി, കോഴിക്കോട് എന്നീ സ്ഥലങ്ങളിലും അഹമ്മദീയ ജമാഅത്തുകൾ സ്ഥാപിതമായി.

അഹമ്മദീയരുടെ വളർച്ച മുസ്ലിം ഉലമകളുടേയും പൊതുജനങ്ങളുടേയും കഠിനമായ എതിർപ്പിന് പാത്രീഭൂതമായി. മുസ്ലിം പണ്ഡിതൻമാർ താത്വികമായും പ്രത്യയശാസ്ത്രപരമായും അഹമ്മദീയാക്കളെ ചോദ്യം ചെയ്തുകൊണ്ട് ഗ്രന്ഥങ്ങളും ലഘുലേഖയും പ്രസിദ്ധീകരിച്ചു. സമുദായ നേതാക്കൾ അവരെ ബഹിഷ്ക്കരിക്കുകയും ചെയ്തു. അവർക്ക് പള്ളികളിൽ പ്രവേശനം തടഞ്ഞു. അവരുടെ മയ്യത്ത് കബറടക്കാൻ വിസമ്മതിച്ചു. ആദ്യകാലത്തെ അഹമ്മദീയ വിശ്വാസികൾക്ക് അനുഭവിക്കേണ്ടതായി വന്ന മാനസികവും ശാരീരകവുമായ പീഢനങ്ങൾ വളരെ കഠിനമായിരുന്നു. അവരെ സ്വഗൃഹത്തിൽ നിന്നും പുറത്താക്കി. പലർക്കും ഭാര്യമാരെ ഉപേക്ഷിക്കേണ്ട തായിവന്നു. സമുദായ ബഹിഷ്ക്കരണം അവരെ ഒറ്റപ്പെടു ത്തുയും ചെയ്തു. ഈ വക ഭീഷണമായ പരിതസ്ഥിതിയിലും ചങ്കുറപ്പോടുകൂടി തങ്ങളുടെ പുതിയ മതത്തിൻെറ പ്രചാരണം നടത്തുവാൻ അതിൻെറ അനുയായികൾ അവിശ്രമം പരിശ്രമിച്ചുകൊണ്ടിരുന്നു. കേരളത്തിലെ നാനാ കേന്ദ്രങ്ങളിലും അഹമ്മദിയാക്കളുടെ പള്ളികളും മതപഠന കേന്ദ്രങ്ങളും ഇന്ന് നിലവിലുണ്ട്. 35 ജമാഅത്തുകളും ആവശ്യാനുസരണം ശ്മാശാനങ്ങളും മദ്രസകളും ഇന്ന് ഇവരുടെ കീഴിലുണ്ട്. 1925 മുതൽ സത്യദൂതൻ എന്ന ഒരു മാസികയും നടത്തിപ്പോരുന്നു.

പുതിയ പ്രസ്ഥാനമായത്കൊണ്ടും ശക്തമായ എതിർപ്പിനെ അതിജീവിച്ചുവേണം നിലനിൽക്കാനെന്നതുകൊണ്ടും കാദിയാനികളിൽ വളരെപ്പേർ ഖുർആനും ഹദീസും സാമാന്യം സമഗ്രമായി പഠിച്ചിട്ടുള്ളവരാണ്. അവരുടെ ന്യായവാദങ്ങൾ സ്ഥാപിക്കുവാനും മുസ്ലിം പണ്ഡിതൻമാരുടെ എതിർവാദങ്ങളെ ഖണ്ഡിക്കുവാനും പാണ്ഡിത്യം അത്യാവശ്യമാണല്ലോ. അവരുടെ ധാരാളം പ്രസിദ്ധീകരണങ്ങൾ മലയാളഭാഷയിലുണ്ട്. നല്ല പണ്ഡിതൻമാരും ഇവരുടെ ഇടയിലുണ്ട്. പക്ഷെ അവരത്രയും ഇസ്ലാമിൻെറയും മുസ്ലിംസമുദായത്തിൻെറയും കൂട്ടത്തിൽ ഉൾപ്പെടുന്നില്ലെന്ന് മാത്രമല്ല മുൻവിവരിച്ചത് പോലെ വ്യത്യസ്ഥമതവിഭാഗവുമാണ്.

അഹമ്മദികളും മുസ്ലിംകളും തമ്മിൽ നടന്ന സംവാദം നൂതനമായ 'മുബാഹല' എന്ന ഒരു വിധി നിർണ്ണയത്തിലേക്ക് നയിച്ചു. ഖുർആനിൽ മുബാഹലയെക്കുറിച്ച് പരമാർശമുണ്ട്. ഹിജറ 9-ാം ആണ്ടിൽ നജറത്ത് നിന്ന് ഒരു സംഘം ക്രിസ്ത്യാനികൾ പ്രവാചക ദൗത്യത്തിൻെറ നിജസ്ഥിതി അറിയുന്നതിനായി മദീനയിലെത്തി. പ്രവാചക നിയോഗത്തിൻെറ സത്യസ്ഥിതി അവർ മനസ്സിലാക്കിയെങ്കിലും അത് തീർത്തും അംഗീകരിക്കുവാൻ അവർ മടിച്ചു. ഈ അവസരത്തിലാണ്, 'ദൈവമേ നിൻെറ ആജ്ഞക്ക് വിപരീതമാണ് ഞങ്ങളുടെ വിശ്വാസവും പ്രവർത്തിയുമെങ്കിൽ ഞങ്ങളുടെമേൽ നിൻെറ ശാപം ഉണ്ടാകണമേ', എന്ന പ്രാർത്ഥന നടത്തുവാൻ ഖുർആൻ ആജ്ഞാപിച്ചത്. എന്നാൽ അവർ ഈ പരീക്ഷണത്തിൽ നിന്നും ഒഴിഞ്ഞുമാറി പ്രവാചകനുമായി കരാറിലെത്തിച്ചേർന്നതിനാൽ 'മുബാഹല' നടന്നില്ല. യഥാർത്ഥത്തിൽ ഇസ്ലാമിക ചരിത്രത്തിൽ ലോകത്ത് ആദ്യമായിട്ടാണ് കേരളത്തിൽ ഈ സത്യപ്രതിജ്ഞ നടക്കുന്നത്. രണ്ടുവിഭാഗത്തിലെയും നിശ്ചിതഅംഗങ്ങൾ രേഖാമൂലം മുകളിൽ കൊടുത്ത പ്രാർത്ഥന എഴുതി പരിപാവനമായ പ്രഖ്യാപനം നടത്തുന്നു. തങ്ങളുടെ വിശ്വാസവും പ്രവർത്തിയും ദൈവനിർദ്ദേശത്തിനെതിരാണെങ്കിൽ തങ്ങളെ ദൈവകോപത്തിന് പ്രത്യക്ഷമായി പാത്രീഭൂതമാക്കണമേ എന്നതാണത്. 1988 ജൂൺ 10-ാം തീയതി അഹമ്മദീയാക്കളുടെ നാലാമത്തെ കലീഫയായ ഹസ്രത്ത് മിർസ അഹമ്മദ് ഒരു വെല്ലുവിളി നടത്തി. തങ്ങളുടെ വിശ്വാസത്തെ ചോദ്യം ചെയ്യുന്നവർ ഒരു മുബാഹലക്ക് തയ്യാറുണ്ടോ എന്നതായിരുന്നു അത്. കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന അഞ്ചുമൻ ഇഷ്ആത്തി ഇസ്ലാം എന്ന സംഘടന ഈ വെല്ലുവിളി സ്വീകരിച്ചു. 1989 മേ 28-ാം തീയതി കൊടിയത്തൂർ വെച്ച് ഇസ്ലാമിക ചരിത്രത്തിൽ ആദ്യമായി മുബാഹല നടന്നു. കുട്ടികളും സ്ത്രീകളും ഉൾപ്പെടെ 40 പേർ വീതം ഓരോ വിഭാഗത്തിൽ നിന്നും ഈ പ്രാർത്ഥനയിൽ പങ്കുകൊണ്ടു. മുബാഹല നടത്തി കഴിഞ്ഞാൽ തെറ്റുകാരുടെ മേൽ ദൈവകോപമുണ്ടാകുമെന്നും അതിൻെറ ഫലമായി മാരകമായ രോഗങ്ങളോ, മറ്റു തരത്തിലുള്ള അപായകരമായ കഷ്ടനഷ്ടങ്ങളോ ഉണ്ടാകുമെന്നാണ് പൊതുവേയുള്ള വിശ്വാസം. എന്നാൽ ആദ്യമായി നടത്തിയ ഈ മുബാഹല രണ്ടു കക്ഷികൾക്കും പ്രത്യക്ഷവും പ്രകടവുമായ യാതൊരു അനിഷ്ട സംഭവത്തിനും ഇടവരുത്തിയില്ല. എന്നാൽ ഇരുവിഭാഗവും അവരവരുടെ ആത്മസംതൃപ്തിക്കായി ഇതിൽപെട്ടവർക്ക് പിന്നീടുണ്ടായ നിസ്സാര സുഖക്കേടുകളോ, മറ്റു കെടുതികളോ ഇതിൻെറ ഫലമായിട്ടാണെന്ന് വിശ്വസിച്ചു ആശ്വസിക്കുകയാണുണ്ടായത്. ഏതായാലും ലോക മുസ്ലിംകൾക്കിടയിൽ ആദ്യമായി ഇത്തരം സത്യപരീക്ഷണത്തിന് അവസരം സൃഷ്ടിച്ചതും കേരളത്തിലാണെന്ന ചരിത്രപ്രാധാന്യം വിസ്മരിക്കരുത്.

## VII ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ്

ഇംഗ്ലീഷ് ആധിപത്യം ഇന്ത്യയിൽ സ്ഥാപിതമാകുന്നത് മുസ്ലിം ഭരണാധികാരികളെ പരാജയപ്പെടുത്തിയിട്ടായിരുന്നുവല്ലോ. അധികാരം നഷ്ടപ്പെട്ട നവാബുമാരും മുസ്ലിം പ്രഭുക്കൻമാരും അതുകൊണ്ടു തന്നെ ഇംഗ്ലീഷ് ഭരണത്തെ തുടക്കം മുതൽ എതിർത്തുപോന്നു. വിദേശികളെ ആട്ടി ഓടിക്കാൻ സാധിച്ചാൽ വീണ്ടും മുസ്ലിംകൾക്ക് ഭരണസാരഥ്യം ലഭിക്കുമെന്ന വ്യാമോഹത്തിലായിരുന്നു അവർ. തൻമൂലം വിദേശികൾ നടത്തിയ യാതൊരു പ്രലോഭനത്തിനും വശംവദരാകാതെ ശത്രുതയിൽ കഴിഞ്ഞു. തങ്ങളുടെ ഭരണം നടത്തിക്കൊണ്ടുപോകുവാൻ മുസ്ലിംകളെ കിട്ടുകയില്ലെന്ന്

വന്നപ്പോൾ, ഹൈന്ദവ ഭൂരിപക്ഷത്തെ സകലവിധ പ്രോത്സാഹനങ്ങളും നൽകി പ്രീണിപ്പിക്കുകയാണ് ആംഗ്ലേയർ ചെയ്തത്. അങ്ങനെ ഹിന്ദുക്കളെ തങ്ങളുടെ സഹായികളാക്കിത്തീർക്കാൻ സാധിച്ചപ്പോൾ, ശത്രുതയിൽ കഴിയുന്ന മുസ്ലീംകളെ എല്ലാവിധത്തിലും ക്ഷയോൻമുഖമാക്കുവാനുള്ള കഠിനമായ മർദ്ദനമുറകളാണ് അവർ അനുവർത്തിച്ചത്. മുസ്ലിംകളുടെ ശക്തി ഒരിക്കലും പ്രബലമാകാതിരിക്കും വിധം അവരെ എല്ലാവിധത്തിലും അടിച്ചമർത്തി പിൻതള്ളുകയെന്ന ദുഷ്ടമായ നയമാണ് അവർ പ്രാവർത്തികമാക്കിയത്. ബ്രിട്ടീഷ് ആധിപത്യത്തിന് മുമ്പ് മുസ്ലിംകൾ ഇവിടെ രാഷ്ട്രീയ ശക്തി മാത്രമായിരുന്നില്ല, പ്രബലമായ സാംസ്കാരിക ശക്തി കൂടിയായിരുന്നു. തൻമൂലം അവരുടെ സംസ്കാരത്തേയും ഭാഷയേയും, വ്യാപാരത്തേയും കൃഷിയേയും നശിപ്പിക്കുവാനുള്ള ആസൂത്രിതപദ്ധതിയാണ് ക്രൈസ്തവരായ ആംഗ്ലേയ ഭരണാധികാരികൾ ഇവിടെ നടപ്പാക്കിയത്. 1857ലെ മഹാകലാപത്തിന്റെ കെടുതികളധികവും സഹിക്കേണ്ടതായി വന്നവർ മുസ്ലിംകളാണ്. അവർക്ക് തിട്ടപ്പെടുത്തുവാൻ സാധിക്കാത്തവിധം ആളും അർത്ഥവും ഹോമിക്കേണ്ടതായിവന്നു. മുസ്ലിംകളെ ഉൻമൂലനം ചെയ്യുകയെന്ന ക്രൈസ്തവധർമ്മം ഇന്ത്യയിലുടനീളം ഫലവത്താക്കിയത് ഇവിടത്തെ ഭൂരിപക്ഷ സമുദായമായ ഹിന്ദുക്കളുടെ സഹായത്തോടുകൂടിയായിരുന്നു. അവരുടെ പിന്തുണ ലഭിക്കുന്നതിനുള്ള ശ്രമത്തിൽ മുസ്ലിമിനും ഇസ്ലാമിനും എതിരായി ഹിന്ദുവർഗ്ഗീയത ഇളക്കി വിടുകയും അതുവരെ ഒരുമയോടുകൂടി സമാധാനമായി കഴിഞ്ഞിരുന്ന ഇരുസമുദായങ്ങളേയും അന്യോന്യം ശത്രുക്കളാക്കി മാറ്റുകയും ചെയ്തു. മുസ്ലിംകൾക്ക് അങ്ങനെ ഭരണാധികാരികളിൽ നിന്നോ, ഇതര സമുദായങ്ങളിൽ നിന്നോ, യാതൊരു വക സഹായവും ലഭിക്കുകയില്ലെന്ന് മാത്രമല്ല, മുസ്ലിം താൽപര്യങ്ങൾ നിർദ്ദയമായി നിഹനിക്കപ്പെടുന്ന സ്ഥിതിയായിരുന്നു ഇന്ത്യയിലെവിടേയും. തങ്ങളുടേതായ ഒരു രാഷ്ട്രീയ സംഘടന കൂടാതെ ന്യൂനപക്ഷ സമുദായമായ മുസ്ലീംകൾക്ക് ഭരണകാര്യങ്ങളിലോ, പൊതുജീവിതത്തിലോ, യാതൊരു വിലയും നിലയും ഉണ്ടാകുകയില്ലെന്ന് അനുഭവം കൊണ്ട് മനസ്സിലാക്കിയിരുന്ന ചില മുസ്ലിം നേതാക്കളായിരുന്നു ആൾ ഇന്ത്യാ മുസ്ലിംലീഗ് 1906ൽ സ്ഥാപിച്ചത്. അതിന് മുമ്പ് തന്നെ സ്ഥാപിതമായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മുസ്ലീംകളുടെ അവകാശ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ പര്യാപ്തമാകുകയില്ലെന്ന് ബോദ്ധ്യപ്പെട്ടിരുന്നവരാണ് മുസ്ലിം ലീഗിന് രൂപം നൽകിയത്. 1916ൽ ലക്നോവിൽ വെച്ചുണ്ടാക്കിയ സാമുദായിക സമാധാന സന്ധിക്കുശേഷം കോൺഗ്രസ്സും മുസ്ലിംലീഗും തമ്മിൽ സഹകരിക്കുകയും രണ്ടു സംഘടനകളും യോജിച്ച് ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്ക് വേണ്ടി പരിശ്രമിക്കുകയും ചെയ്തു. കോൺഗ്രസ്സിലും മുസ്ലിംലീഗിലും ഒരേ സമയം അംഗങ്ങളായിരുന്ന ധാരാളം മുസ്ലിംകൾ അക്കാലത്തുണ്ടായിരുന്നു. ഈ ദ്വയാംഗത്വം അനുവദിക്കപ്പെട്ടിരുന്നു. ഖിലാഫത്ത് പ്രക്ഷോഭണത്തിൽ ഗാന്ധിയുടെ നേതൃത്വത്തിൽ കോൺഗ്രസ്സും സജീവമായി പങ്കെടുത്തു. അതോടു കൂടിയാണ് നിസ്സഹകരണ പ്രസ്ഥാനവും ആരംഭിച്ചത്.

ഖിലാഫത്ത് പ്രക്ഷോഭണത്തിൽ കോൺഗ്രസ്സ് സജീവമായി പങ്കെടുക്കുകയും മുസ്ലിംലീഗിന്റെ പ്രബല നേതാക്കളായിരുന്ന അലിസഹോദരൻമാർ, ഡോക്ടർ അൻസാരി, മസ്ഹറുൽഹഖ്, ഹക്കീം അജ്മൽഖാൻ എന്നുവേണ്ട മുഹമ്മദലി ജിന്ന ഒഴിച്ചുള്ള മിക്ക മുസ്ലീം നേതാക്കളും കോൺഗ്രസ്സിന്റെ നിസ്സഹകരണ പ്രക്ഷോഭണത്തിന്റെ നേതാക്കളായിത്തീരുകയും മുസ്ലീം സാമാന്യജനങ്ങൾ ഇതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ഇക്കാലത്ത് മുസ്ലിംലീഗ് പ്രവർത്തനങ്ങൾ കാര്യമായി നടന്നിരുന്നില്ല. ദേശീയ പ്രക്ഷോഭണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നതാണിതിന് കാരണം. എന്നാൽ അധികാരത്തിന്റെ പ്രാരംഭാനുഭവങ്ങൾ ഉണ്ടാകുകയും കൂടുതൽ അധികാരലാഭത്തിന്റെ സാദ്ധ്യത സൃഷ്ടമാകുകയും ചെയ്തതോടുകൂടി കോൺഗ്രസ്സിലെ ഭൂരിപക്ഷ വർഗ്ഗീയ വിഭാഗം മുസ്ലിംലീഗിന്റെ നേർക്ക് ഒരു പ്രതികൂല ഭാവത്തോടെ നോക്കുവാൻ തുടങ്ങി. ഒരു ജനാധിപത്യത്തിൽ ഭൂരിപക്ഷത്തിന്റെ തീരുമാനം ന്യൂനപക്ഷം സ്വീകരിക്കുവാൻ നിർബ്ബന്ധരാണെന്നുള്ള അബദ്ധധാരണ കോൺഗ്രസ്സുകാർക്കുണ്ടായതാണ് ഈ ഭാവപ്പകർച്ചക്ക് കാരണമായത്. 1916ലെ, ലക്നോ സന്ധി പോലുള്ള സാമുദായിക ധാരണയുടെ ആവശ്യം തന്നെ വിസ്മരിക്കപ്പെട്ടു. ഇരുസമുദായങ്ങളിലും നിലനിന്നിരുന്ന ശത്രുത ബ്രിട്ടീഷ് മേധാവികൾ ആളിക്കത്തിക്കുകയും ചെയ്തു.

1906ൽ ഉത്തരേന്ത്യയിൽ മുസ്ലിംലീഗിന് ബീജാവാപം ചെയ്തിരുന്നെങ്കിലും വളരെ കാലത്തിന്ശേഷമാണ് തെക്കേ ഇന്ത്യയിൽ ലീഗിന്റെ പ്രവർത്തനം തുടങ്ങിയത്. മദ്രാസ്സിൽ യാക്കൂബ് ഹസ്സൻ സേട്ട്, നവാബ് ഗുലാം അഹമ്മദ്കലാമി, ജമാൽ മുഹമ്മദ് സാഹിബ് എന്നിവരുടെ നേതൃത്വത്തിൽ 1916 ആകുമ്പോഴേക്ക് മദ്രാസ് പ്രസിഡൻസി മുസ്ലിംലീഗ് സ്ഥാപിക്കുകയും സർവ്വേന്ത്യാ മുസ്ലിംലീഗിന്റെ ഉപദേശാനുസരണം മദ്രാസ്സ് മുസ്ലിംകൾക്ക് വേണ്ടി അഭിപ്രായപ്രകടനങ്ങൾ നടത്തിവരികയും ചെയ്തിരുന്നു. അക്കാലത്ത് മദ്രാസിൽ താമസിച്ചിരുന്ന ആളും പിന്നീട് മലബാറിലെ മുസ്ലിംലീഗിന്റെ അനിഷേധ്യ നേതാവുമായിരുന്ന ബി. പോക്കർ സാഹിബ്, മദ്രാസ്സ് പ്രസിഡൻസി മുസ്ലിം ലീഗുമായി ബന്ധപ്പെട്ടിരുന്നു. പക്ഷേ വ്യവസ്ഥാപിതമയ ഒരു സംഘടനയായി തെക്കേ ഇന്ത്യയിൽ ലീഗ് വേരൂന്നുന്നത് 1935ന് ശേഷമാണ്. ഇക്കാലത്താണ് ഒരു ബഹുജന പ്രസ്ഥാനമായി ഇന്ത്യയിലെ എല്ലാ ഭാഗങ്ങളിലും, മുസ്ലിംലീഗിന് അംഗീകാരം ലഭിച്ചത്. ഇതിനിടയിൽ 1934ൽ ഹാജി അബ്ദുൾസത്താർ സേട്ട് സാഹിബ് തെക്കൻ കർണ്ണാടക-നീലഗിരി നിയോജക മണ്ഡലത്തിൽ

നിന്നും സെൻട്രൽ അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. മുസ്ലിംലീഗിൻെറ ഉന്നതനേതാക്കൻമാരായ ജിന്നാ സാഹിബുമായും ലിയാഖത്ത് അലിഖാനുമായും സേട്ടു സാഹിബു സൗഹൃദബന്ധം പുലർത്തിപ്പോന്നിരുന്നതിൻെറ ഫലമായി അദ്ദേഹത്തെ ലീഗ് വർക്കിംങ് കൗൺസിലിൽ അംഗമായി ചേർക്കപ്പെട്ടു. ഇതേ തുടർന്ന് ഉപ്പിസാഹിബ്, കെ.എം. സീതിസാഹിബ് എന്നിവരും മുസ്ലിലീഗ് കൗൺസിലിലെ അംഗങ്ങളായി നോമിനേറ്റ് ചെയ്യപ്പെടുകയുമുണ്ടായി.

മലബാറിൽ മുസ്ലിംലീഗിൻെറ സ്ഥാപകൻ ഹാജി അബ്ദുൾസത്താർ സേട്ടു സാഹിബാണെന്ന് വേണം പറയുവാൻ. മുസ്ലിംലീഗിൻെറ ചില യോഗങ്ങൾ മലബാറിൽ അങ്ങിങ്ങായി കൂടുകയും ചില കമ്മിറ്റികൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും, ജില്ലാടിസ്ഥാനത്തിൽ വ്യവസ്ഥാപിതമായ ഒരു സംഘടന ഉണ്ടായിരുന്നില്ല. അത് പരിഹരിക്കുവാനായി 1937ൽ സേട്ടുസാഹബിൻെറ നേതൃത്വത്തിൽ തലശ്ശേരിയിൽ ഒരു യോഗം വിളിച്ചുകൂട്ടുകയുണ്ടായി. കണ്ണൂരിലെ രാജാവ് സുൽത്താൻ അബ്ദുൾ റഹിമാൻ അലി രാജയായിരുന്നു അദ്ധ്യക്ഷൻ. അതിനെ തുടർന്ന് രാജാസാഹിബ് പ്രസിഡൻണ്ടും സേട്ടുസാഹിബ് സെക്രട്ടറിയും സീതിസാഹിബ് ജോയിൻറ് സെക്രട്ടറിയും സി.പി. മമ്മിക്കേയി സാഹിബ് ഖജാൻജിയുമായും ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ വ്യക്തികൾ അംഗങ്ങളുമായും ജില്ലാ മുസ്ലിംലീഗ് കമ്മിറ്റി രൂപീകരിക്കപ്പെട്ടു. അതിന് ശേഷം ജില്ലയുടെ നാനാഭാഗങ്ങളിലും ലീഗ് പ്രവർത്തനം മുന്നേറിക്കൊണ്ടിരുന്നു. 1937ൽ കണ്ണൂരിലെ അറക്കൽ കോമ്പൗണ്ടിൽ മുസ്ലിംലീഗിൻെറ ഒരു മഹാസമ്മേളനം നടത്തിയത് പ്രവർത്തകരിൽ ആവേശം ഉണ്ടാക്കിയ സംഭവമാണ്. അതുപോലെ 1940ൽ കോഴിക്കോട് നടന്ന ജില്ലാ കോൺഫ്രൻസിൽ അദ്ധ്യക്ഷനായിരുന്നത് അവിഭക്ത ബംഗാളിലെ മുഖ്യമന്ത്രിയായിരുന്ന ഫസ്ലുൽഹക്ക് സാഹിബായിരുന്നു.

രണ്ടാം ലോക മഹായുദ്ധം ആരംഭിച്ചതിനെ തുടർന്ന് 1939ൽ കോൺഗ്രസ്സ് മന്ത്രിസഭ രാജിവെച്ചിരുന്നു. കോൺഗ്രസ്സിൻെറ രണ്ടു രണ്ടര കൊല്ലത്തെ ഭരണത്തിൽ മുസ്ലിംകൾ വളരെ അതൃപ്പരായിരുന്നു. കോൺഗ്രസ്സ് ഭരണത്തിൻ കീഴിൽ മുസ്ലിംകളുടെ സ്ഥിതിയെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് തയ്യാറാക്കിയ പീർപൂർ രാജാവ് വളരെ ആശങ്കാജനകമായ ചിത്രമാണവതരിപ്പിച്ചിരുന്നത്. മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിലുണ്ടായിരുന്ന മാപ്പിള സ്കൂളുകളിൽ 'ഫാത്തിഹയോടുകൂടിയാണ് ക്ലാസുകൾ ആരംഭിച്ചിരുന്നത്. എന്നാൽ കേളപ്പൻ ബോർഡ് അദ്ധ്യക്ഷനായതോടെ ഇത് വേണ്ടെന്ന് കല്പനയായി. മലബാറിലെ മുസ്ലിംകളുടെ കഠിനമായ പ്രതിഷേധത്തിന് ഇടവരുത്തിയ സംഗതിയായിരുന്നു ഇത്. ഇന്ത്യയിലുടനീളം മുസ്ലിംകൾക്ക് കോൺഗ്രസ്സ് മന്ത്രിസഭകൾ പലതരത്തിലുള്ള ദുർഘടങ്ങൾ സൃഷ്ടിച്ചിരുന്നു. തൻമൂലം ഈ മന്ത്രിസഭകൾ രാജിവെച്ചപ്പോൾ ഒരു മോചനദിനം ആചരിക്കുവാൻ അഖിലേന്ത്യാ മുസ്ലിംലീഗ് പ്രസിഡണ്ട് ജിന്നാസാഹിബ് നൽകിയ ആഹ്വാനമനുസരിച്ച് ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെന്ന പോലെ മലബാർ ജില്ലയുടെ എല്ലാ ഭാഗങ്ങളിലും മോചന ദിനം കൊണ്ടാടുകയുണ്ടായി. കോൺഗ്രസ്സ് മന്ത്രിസഭകളുടെ തിരോധാനത്തിൽ കൃതാർത്ഥതയും ആശ്വാസവും ദൈവത്തോട് കൃതജ്ഞതയും രേഖപ്പെടുത്തികൊണ്ട് പ്രമേയങ്ങൾ പാസ്സാക്കുകയും ചെയ്തു. എന്നാൽ യുദ്ധസംരംഭത്തെ സഹായിക്കുന്ന കാര്യത്തിൽ മുസ്ലിംലീഗ് ഒരു നിസ്സഹകരണ നിലപാട് തന്നെയാണ് സ്വീകരിച്ചിരുന്നത്. ഇന്ത്യൻ മുസൽമാൻമാരുടെ ന്യായവാദങ്ങൾ വക വെച്ചുകൊണ്ടുള്ള ഒരു ഭരണമാറ്റത്തിന് ബ്രിട്ടീഷ് ഗവർമ്മേണ്ട് ഒരുങ്ങാത്തതിൽ പ്രതിഷേധിച്ചു കൊണ്ടാണ് ലീഗ് ആ നിലപാട് കൈക്കൊണ്ടത്. യുദ്ധസഹായകമ്മിറ്റികളിൽ അംഗങ്ങളാകരുതെന്നുള്ള മുസ്ലിലീഗിൻെറ തീരുമാനം ഉത്തരവാദിത്വമുള്ള മുസ്ലിംകളിൽ ബഹുഭൂരിപക്ഷം പേരും അനുസരിക്കുകയുണ്ടായി. മലബാർ ജില്ലാ മുസ്ലിംലീഗ് അദ്ധ്യക്ഷനായിരുന്ന സുൽത്താൻ അബ്ദുൾ റഹിമാൻ ആലി രാജ ഇക്കാര്യത്തിൽ കാണിച്ച ധൈര്യം എടുത്തു പറയത്തക്കതാണ്. അദ്ദേഹത്തെ യുദ്ധസഹായ കമ്മിറ്റിയിൽ അംഗമായി നോമിനേറ്റ് ചെയ്ത വിവിരം കളക്ടർ അറിയിച്ചപ്പോൾ, ഒരു കൂസലും താമസവും കൂടാതെ ആ സ്ഥാനം നിരസിച്ചുകൊണ്ട് അദ്ദേഹം മറുപടി അയച്ചു. കളക്ടർ വില്യംസ് അതിന് ശേഷം രാജാ സാഹിബിനെ കണ്ടുമുട്ടിയപ്പോൾ, നിങ്ങൾ മാലിഖാൻ വാങ്ങുന്ന ഒരാളാണെന്ന് ഓർത്ത് യുദ്ധകമ്മിറ്റി അംഗത്വം നിരസിച്ചാൽ മതിയെന്ന് പറഞ്ഞതിന് അദ്ദേഹം നൽകിയ മറുപടി, മുസ്ലിം ലീഗിൻെറ തീരുമാനത്തിനെതിരായി എൻെറ സമുദായത്തിൽ നിന്ന് ഒറ്റപ്പെട്ടു നിൽക്കുവാൻ തനിക്ക് കഴിയുകയില്ലെന്നായിരുന്നു. 25,000 രൂപയായിരുന്നു ആലി രാജക്ക് മാലിഖാനായി വർഷംതോറും നൽകിയിരുന്നത്. ഇതുപോലെ തലശ്ശേരിയിൽ മദ്രാസ് ഗവർണ്ണർ സർ ആർഥർഹോപ്പിൻെറ ആദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സീതി സാഹിബിനോട് പ്രസംഗിക്കണമെന്ന് കളക്ടർ ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം വിസമ്മതിക്കുകയുണ്ടായി. പ്രസംഗിക്കുന്നില്ലെങ്കിൽ ഗവർണറുടെ പ്രസംഗം പരിഭാഷപ്പെടുത്തുകയെങ്കിലും ചെയ്യണമെന്ന അഭ്യർത്ഥനയും അദ്ദേഹം ചെവിക്കൊണ്ടില്ല. യുദ്ധസഹായ കമ്മിറ്റികളിൽ അംഗങ്ങളാകരുതെന്ന ലീഗ് തീരുമാനത്തിനെതിരായി പ്രവർത്തിച്ച അംഗങ്ങളുടെ പേരിൽ അച്ചടക്ക നടപടി എടുക്കുകയും ചെയ്തു. യുദ്ധസഹായ കാര്യത്തിൽ ലീഗ് കൈക്കൊണ്ട നിലപാട് കാരണം മുസ്ലിംകളെ അവഗണിച്ചു കൊണ്ടുള്ള ഭരണമാറ്റങ്ങൾക്ക് കോൺഗ്രസ്സിൻെറ സമ്മർദ്ദത്തിന് വഴങ്ങി, സമ്മതിക്കുന്നത് ആപൽക്കരമായിരിക്കുമെന്ന ബോധം ബ്രിട്ടീഷ് ഭരണാധികാരികളിൽ നല്ലത് പോലെ ഉളവാക്കി.

മലബാറിൽ മുസ്ലിംലീഗ് അനുദിനം ശക്തിപ്രാപിച്ചു വരികയായിരുന്നു. 1944ലെ സെൻട്രൽ അസംബ്ലി തെരഞ്ഞെ

ടുപ്പിലും 1946ലെ പൊതു തെരഞ്ഞെടുപ്പിലും കോൺഗ്രസ്സും മുസ്ലിംലീഗും കമ്മ്യൂണിസ്റ്റ് പാർട്ടിയും മത്സരരംഗത്തുണ്ടായിരുന്നു. മുസ്ലിം നിയോജക മണ്ഡലങ്ങളിലെ സീറ്റുകളിൽ എല്ലാം തന്നെ മുസ്ലിംലീഗ് സ്ഥാനാർത്ഥികളാണ് ജയിച്ചത്. ഈ തെരഞ്ഞെടുപ്പ് ഫലങ്ങൾ സമുദായത്തിൽ മുസ്ലിം ലീഗിനുള്ള അതുല്യമായ സ്വാധീനശക്തിയുടെ ദൃഷ്ടാന്തമായിരുന്നു. മലബാറിൽ മാത്രമല്ല, മദ്രാസ് സംസ്ഥാനത്തിൻെറ ഘടകങ്ങളായിരുന്ന ആന്ധ്രയിലും തമിഴ്നാട്ടിലും മദിരാശി അസംബ്ലിയിലേക്കുള്ള മുസ്ലിം നിയോജക മണ്ഡലങ്ങളിലെ മുഴുവൻ സീറ്റും ലീഗിന് ലഭിച്ചു. പ്രസ്തുത തെരഞ്ഞെടുപ്പുകളുടെ ഫലമായി ഹാജി അബ്ദുൾ സത്താർ സേട്ടു സാഹിബ് സെൻട്രൽ അസംബ്ലിയിലേക്ക് വീണ്ടും തെരഞ്ഞെടുക്കപ്പെടുകയും കണ്ണൂർ ആലിരാജയും കെ.എം. സീതി സാഹിബും ഉൾപ്പെടെ പലരും മദ്രാസ് അസംബ്ലി അംഗങ്ങളായിത്തീരുകയും ചെയ്തു. മദ്രാസ് ലെജിസ്ലേറ്റിവ് കൗൺസിലിലേക്ക് കെ. ഉപ്പി സാഹിബും എസ്.കെ. ശൈഖ് രാവുത്തരും തെരഞ്ഞെടുക്കപ്പെട്ടു.

1940ൽ ലീഗ് നേതാക്കളിൽ പ്രമുഖനായിരുന്ന സി.പി. മമ്മുക്കേയി സാഹിബ് മരണമടഞ്ഞു. അദ്ദേഹം ഒന്നിലധികം പ്രാവശ്യം തലശ്ശേരി മുൻസിപ്പൽ ചെയർമാനായിരുന്നതിന് പുറമെ ചന്ദ്രിക പ്രസിദ്ധീകരിക്കുന്ന മുസ്ലിം പ്രിൻറിംഗ് ആൻറ് പബ്ലിഷിംഗ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറുമായിരുന്നു. അദ്ദേഹത്തിൻെറ കാലത്തായിരുന്നു തലശ്ശേരിയിൽ നിന്നും ചന്ദ്രിക ദിനപത്രമായി പുറപ്പെട്ടിരുന്നത്. മദിരാശി ലെജിസ്ലേറ്റിവ് കൗൺസിൽ മെമ്പർ കൂടിയായിരുന്നു അദ്ദേഹം. മമ്മുക്കേയി സാഹിബിൻെറ മരണാനന്തരം ജില്ലാലീഗ് ഖജാൻജി ആയത് എ.കെ. കാദർകുട്ടി സാഹിബാണ്. അദ്ദേഹം 1937ലും 1946ലും മുസ്ലിംലീഗ് ടിക്കറ്റിൽ മദിരാശി അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. 1946ലെ പൊതുതെരഞ്ഞെടുപ്പിന് കുറച്ച് മുമ്പ് സർവ്വേന്ത്യാ മുസ്ലിംലീഗിൻെറ സെക്രട്ടറിയും സെൻട്രൽ അസംബ്ലിയിലെ മുസ്ലിംലീഗ് പാർട്ടി ലീഡറുമായിരുന്ന നവാബ് സാദാലിയാഖത്ത് അലിഖാൻ മലബാർ സന്ദർശിക്കുകയുണ്ടായി. ജിന്നാ സാഹിബിൻെറ വലംകൈയ്യായിരുന്ന ലിയാഖത്ത് അലിഖാനെ മലബാർ ജില്ല സഹർഷം സ്വാഗതം ചെയ്തു. കോഴിക്കോട്, തലശ്ശേരി, കണ്ണൂർ എന്നിവിടങ്ങളിലെ മുനിസിപ്പാലിറ്റികൾ അദ്ദേഹത്തിന് മംഗളപത്രങ്ങൾ സമ്മാനിച്ചു. അദ്ദേഹം തെക്കേ മലബാറിലേയും വടക്കേ മലബാറിലേയും മിക്ക താലൂക്കുകളിലും ഒരു മിന്നൽ പര്യടനം നടത്തുകയും മഞ്ചേരിയിലും കോഴിക്കോടും തലശ്ശേരിയിലും കണ്ണൂരിലും ചേർന്ന ഗംഭീരയോഗങ്ങളിൽ പ്രസംഗിക്കുകയും ചെയ്തു. കോഴിക്കോടെത്തിയ ലിയാഖത്ത് അലിഖാനെ സ്വീകരിക്കുവാൻ എത്തിയവരിൽ വിവിധ മുസ്ലിം സംഘടനകൾ, കേരള കമ്മ്യൂണിസ്റ്റ് പാർട്ടി, ട്രേഡ് യൂണിയൻ സെൻട്രൽ കൗൺസിൽ, വിദ്യാർത്ഥി ഫെഡറേഷൻ, തൊഴിലാളി സംഘടനകൾ എന്നിവയുടെ പ്രതിനിധികൾ ഉണ്ടായിരുന്നു. വടക്കേ മലബാറിൽ പലയിടങ്ങളിലും കമ്മ്യൂണിസ്റ്റുകാർ ഒരുക്കിയിരുന്ന സ്വീകരണത്തിൽ ലീഗ് നേതാക്കൾ പങ്കെടുത്തിരുന്നില്ലെന്ന് കാണുന്നുണ്ട്.

ഇക്കാലത്താണ് ലീഗിൻെറ ജിഹ്വ ആയ ചന്ദ്രിക കോഴിക്കോടു നിന്നും ദിനപ്പത്രമായി വീണ്ടും പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. 1934ൽ തലശ്ശേരിയിൽ നിന്നും ഒരു സ്വതന്ത്ര മുസ്ലിം വൃത്താന്ത വാരികയായിട്ടാണ് ചന്ദ്രികയുടെ ആരംഭം. 1939ൽ ദിനപ്പത്രമാക്കിയെങ്കിലും വീണ്ടും വാരികയാക്കേണ്ടി വന്നു. പിന്നീട് 1946ൽ ആണ് ആസ്ഥാനം കോഴിക്കോട്ടേക്ക് മാറ്റി ദിനപ്പത്രമായി പ്രസിദ്ധീകരിക്കുവാൻ തുടങ്ങിയത്. പ്രൊഫ. കെ. കുഞ്ഞിപ്പക്കി സാഹിബായിരുന്നു ചന്ദ്രികയുടെ ആദ്യത്തെ മാനേജർ. പ്രൊഫ. കെ.വി. അബ്ദുറഹിമാൻ സാഹിബ് ആദ്യത്തെ എഡിറ്ററും. 1946ലെ പൊതുതെരഞ്ഞെടുപ്പിന് ശേഷം മുസ്ലിം ലീഗ് ടിക്കറ്റിൽ വിജയിച്ച എം.എൽ.എ.മാരുടേയും സെൻട്രൽ അസംബ്ലി അംഗങ്ങളുടേയും ഒരു കൺവെൻഷൻ മുസ്ലിംലീഗ് ജനറൽ സെക്രട്ടറിയുടെ ക്ഷണമനുസരിച്ച് ഡൽഹിയിൽ കൂടിയിരുന്നു. പാക്കിസ്ഥാൻ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി മുസ്ലിംലീഗ് ആവശ്യപ്പെടുന്ന ഏത് ത്യാഗവും അനുഷ്ഠിക്കാൻ തയ്യാറാണെന്ന് എല്ലാ അംഗങ്ങളും അവിടെ വെച്ച് സത്യപ്രതിജ്ഞ ചെയ്തിരുന്നു. മലബാർ ജില്ലാ മുസ്ലിംലീഗ് അദ്ധ്യക്ഷനായിരുന്ന കണ്ണൂർ രാജാ സാഹിബും സെക്രട്ടറി ഹാജി അബ്ദുൾസത്താർ സേട്ടു സാഹിബും മറ്റു മലബാർ എം.എൽ.എ.മാരും അതിൽ സംബന്ധിച്ചിരുന്നു. കൺവെൻഷൻ കഴിഞ്ഞ് കണ്ണൂരിൽ തിരിച്ചെത്തിയ രാജാ സാഹിബ് ആഴ്ചകൾക്കകം ചരമഗതി പ്രാപിച്ചു. അദ്ദേഹത്തിൻെറ മരണാനന്തരം ഹാജി അബ്ദുൾസത്താർ സേട്ടു സാഹിബ് ജില്ലാ മുസ്ലിംലീഗിൻെറ പ്രസിഡണ്ടായും കെ.എം. സീതി സാഹിബ് ജനറൽ സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യയും പാക്കിസ്ഥാനും രണ്ട് സ്വതന്ത്രരാഷ്ട്രങ്ങളായിത്തീർന്നതോടെ അവിഭക്ത ബംഗാളിലെ മുഖ്യമന്ത്രിയായിരുന്ന എച്ച്.എസ്. സുഹ്രവർദി ഒരു മുസ്ലിം കൺവെൻഷൻ കൽക്കത്തയിൽ വിളിച്ചുകൂട്ടുകയുണ്ടായി. സുഹ്രവർദിയുടെ കൽക്കത്ത വസതിയിൽ ചേർന്ന പ്രസ്തുത കൺവെൻഷനിൽ മിക്ക സംസ്ഥാനങ്ങളിൽ നിന്നും പ്രതിനിധികൾ സംബന്ധിച്ചിരുന്നു. ഖായിദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബും കെ.എം. സീതിസാഹിബുമാണ് മദ്രാസ് സംസ്ഥാനത്ത് നിന്നും മുസ്ലിംലീഗിനെ പ്രതിനിധീകരിച്ചത്. കൺവെൻഷനിൽ മുസ്ലിംലീഗ് പിരിച്ചുവിട്ട് ഇന്ത്യൻ മുസ്ലിംകൾക്ക് ഒരു പുതിയ രാഷ്ട്രീയ സംഘടന രൂപീകരിക്കേണ്ട ആവശ്യത്തെ പറ്റിയായിരുന്നു സുഹ്രവർദിയും വടക്കേ ഇന്ത്യൻ പ്രതിനിധികളും വാദിച്ചത്. എന്നാൽ മദ്രാസ് പ്രതിനിധികൾ മുസ്ലിംലീഗ് നിലനിർത്തേണ്ട ആവശ്യകത യുക്തിപൂർവ്വം വിവരിച്ചപ്പോൾ യോഗത്തിൻെറ പൊതുവായ അഭിപ്രായം അതിനനുകൂലമായിത്തീരുകയും മുസ്ലിംലീഗ് കൗൺസിലിൻെറ ഒരു യോഗം അടുത്ത് തന്നെ വിളിച്ചു കൂട്ടുവാൻ സെക്രട്ടറിയോട് അപേക്ഷിക്കുന്ന ഒരു പ്രമേയം മാത്രം പാസ്സാക്കി കൺവെൻഷൻ

അവസാനിപ്പിക്കുകയും ചെയ്തു. 1947 ഡിസംബർ 14, 15 തിയ്യതികളിൽ സർവ്വേന്ത്യാ മുസ്ലിം ലീഗിൻെറ ഒരു യോഗം ജിന്നാസാഹിബിൻെറ അദ്ധ്യക്ഷതയിൽ കറാച്ചിയിൽ വെച്ച് കൂടി. രാജ്യം വിഭജിക്കപ്പെട്ടത് പോലെ ആൾ ഇന്ത്യ മുസ്ലിം ലീഗും രണ്ട് രാജ്യത്തും സ്വതന്ത്രയൂണിറ്റുകളായി പ്രവർത്തിക്കണമെന്ന പ്രമേയം പാസ്സാക്കി. അങ്ങനെ ഇന്ത്യൻ യൂണിയൻ പ്രദേശത്തുള്ള മെമ്പർമാർ ചേർന്ന് ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് കൗൺസിലും പാക്കിസ്ഥാനിലെ മെമ്പർമാർ ചേർന്ന് പാക്കിസ്ഥാൻ മുസ്ലിംലീഗ് കൗൺസിലും നിലവിൽ വന്നതായി പ്രഖ്യാപിക്കപ്പെട്ടു. ഇരുകൗൺസിലുകളുടേയും ഭാവിപരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് അതാതുകളുടെ യോഗം വിളിച്ചുകൂട്ടുവാൻ കൺവീനർമാരെ നിശ്ചയിക്കുകയും ചെയ്തു. പാക്കിസ്ഥാൻ മുസ്ലിംലീഗ് കൗൺസിലിൻെറ കൺവീനറായി നവാബ് സാദാലിയാഖത്ത് അലിഖാനെയും ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് കൗൺസിലിൻെറ കൺവീനറായി ഖായി ദെമില്ലത്ത് മുഹമ്മദ് ഇസ്മയിൽ സാഹിബിനെയും തെരഞ്ഞെടുത്തു. ഖായിദെ അഅ്സം മുഹമ്മദലി ജിന്ന ഇന്ത്യൻ പ്രതിനിധി സംഘത്തോട് വിടവാങ്ങൽ പ്രസംഗം നടത്തി. അന്നത്തെ പാക്കിസ്ഥാൻ പ്രധാന മന്ത്രിയായ ലിയാഖത്ത് അലിഖാനെ ആശ്ലേഷിച്ചുകൊണ്ട് ഇസ്മയിൽ സാഹിബ് ഇങ്ങനെ പറഞ്ഞു. 'നാമിന്ന് വിദേശികളായി പിരിയുകയാണ്. രണ്ട് വ്യതസ്ഥ ദേശങ്ങളിലെ പൗരൻമാരായി മാറിയിരിക്കുന്നു. അവരവരുടെ ദേശത്തോട് മാത്രം കൂറുള്ള പൗരൻമാർ' ഇസ്മയിൽ സാഹിബ് ഉപദേശരൂപേണ തുടർന്നു. 'ഇന്ത്യൻ മുസ്ലിംകളുടെ പ്രശ്നത്തിൽ നിങ്ങൾ ഒരിക്കലും ഇടപെടരുത്. ഞങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ഞങ്ങൾക്ക് ബോധ്യമുണ്ട്. ബാദ്ധ്യതകൾ നിറവേറ്റാനും ഞങ്ങൾക്കറിയാം. അവകാശങ്ങൾ എങ്ങനെ നേടിയെടുക്കണമെന്നും ബാദ്ധ്യതകൾ എങ്ങനെ നിറവേറ്റണമെന്നും ഞങ്ങളെ ആരും പഠിപ്പിക്കേണ്ടതില്ല. ഞങ്ങൾക്ക് - ഇന്ത്യൻ മുസ്ലിംകൾക്ക് എന്ത് സംഭവിച്ചാലും ശരി പാക്കിസ്ഥാനിലെ ന്യൂനപക്ഷങ്ങളോട് നിങ്ങൾ നീതിയും സഹാനുഭൂതിയും കാട്ടണം. അതാണ് നിങ്ങളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം.'

സർവ്വേന്ത്യാ മുസ്ലിംലീഗിൻെറ ഫണ്ടിൽ നിന്നും ലഭിക്കുമായിരുന്ന 17 ലക്ഷം രൂപയുടെ വിഹിതം ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് തിരസ്ക്കരിച്ചു. അത് വളരെ ക്രാന്തദർശിത്വം പ്രകടിപ്പിച്ച കാര്യമായിരുന്നു. ഇന്ത്യൻ യൂണിയൻ ലീഗ് പൂർണ്ണമായും ഇന്ത്യൻ മുസ്ലിംകളുടെ സംഘടനയായി മാറിയപ്പോൾ പാക്കിസ്ഥാനിൽ പ്രവർത്തിക്കുന്ന മുസ്ലിംലീഗിൽ നിന്നും പണം വാങ്ങുന്നത് ശരിയല്ലെന്ന് ഇസ്മയിൽ സാഹിബും സീതി സാഹിബും ബുദ്ധിപൂർവ്വം തീരുമാനിക്കുകയാണുണ്ടായത്. വിദേശത്ത് നിന്നും സംഘടനാപ്രവർത്തനത്തിന് പണം വാങ്ങുന്നത് ശരിയല്ലല്ലോ.

ഇന്ത്യൻ യൂണിയൻ കൗൺസിലിൻെറ ഒരു യോഗം 1948 മാർച്ച് 10-ാം തിയ്യതി മദ്രാസിലെ രാജാജി ഹാളിൽ കൺവീനർ മുഹമ്മദ് ഇസ്മയിൽ സാഹിബ് വിളിച്ചുകൂട്ടുകയുണ്ടായി. യു.പി., ബോംബെ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഈ യോഗത്തിൽ പ്രതിനിധികൾ സംബന്ധിച്ചിരുന്നു. വിഭജനത്തെത്തുടർന്ന് ഇന്ത്യയിലെ ചില കേന്ദ്രങ്ങളിലും പാക്കിസ്ഥാനിലെ ചില ഭാഗങ്ങളിലും നിർഭാഗ്യവശാൽ ഉണ്ടായ സാമുദായിക സംഘർഷങ്ങളും കൂട്ടക്കൊലകളും നിമിത്തം പരിഭ്രമചിത്തരായിത്തീർന്ന ചില കൗൺസിൽ മെമ്പർമാർ മുസ്ലിംലീഗ് ഒരു രാഷ്ട്രീയ സംഘടനയായി തുടരേണ്ടതില്ലെന്ന് ശക്തിയായി വാദിച്ചു. യോഗത്തിൽ അദ്ധ്യക്ഷനായിരുന്ന മുഹമ്മദ് ഇസ്മയിൽ സാഹിബ് വളരെ സാമർത്ഥ്യത്തോടും വിവേകത്തോടുംകൂടി യോഗനടപടികൾ നിയന്ത്രിക്കുകയും വാദപ്രതിവാദങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ദീർഘമായ പര്യാലോചനകൾക്ക് ശേഷം ലീഗ്, ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗ് എന്ന പേരിൽ തുടർന്ന് പോകണമെന്നും അതിൻെറ പ്രവർത്തനങ്ങൾ പ്രധാനമായും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ വിഷയങ്ങളിൽ കേന്ദ്രീകരിക്കപ്പെടണമെന്നും അർത്ഥം വരുന്ന ഒരു പ്രമേയം ഐക്യകണ്ഠേന പാസ്സാക്കുകയും ചെയ്തു. ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗ് പ്രസിഡണ്ടായി മുഹമ്മദ് ഇസ്മയിൽ സാഹിബിനെ ഏകകണ്ഠേന തെരഞ്ഞെടുത്തു. ഇന്ത്യൻ മുസ്ലിംകളുടെ സാംസ്കാരികവും മതപരവുമായ വ്യക്തിത്വവും അന്തസ്സും പരിരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും മുസ്ലിംലീഗിൻെറ നിലനിൽപ്പ് ആവശ്യമാണെന്ന് വന്നുകൂടി. മുസ്ലിംലീഗിൻെറ പ്രവർത്തനലക്ഷ്യങ്ങളിൽ മുഖ്യമായവ, 1. രാജ്യത്തെ ജനവിഭാഗത്തിൻെറ ക്ഷേമത്തിനും അഭിവൃദ്ധിക്കും പരമാവധി സംഭാവനകളർപ്പിച്ച് കൊണ്ട് ഇന്ത്യൻ യൂണിയൻെറ ഏകതയും ഉദ്ഗ്രഥനവും പുഷ്ടിപ്പെടുത്തുക, 2. മുസ്ലിംകളുടേയും മറ്റു പിന്നോക്കവിഭാഗങ്ങളുടെയും നിയമാനുസൃതമായ വിവിധ അവകാശങ്ങളും താൽപര്യങ്ങളും നേടിയെടുക്കുകയും സംരക്ഷിക്കുകയും ചെയ്യുക, 3. രാജ്യത്തെ മുസ്ലിംകളും മറ്റു സമുദായങ്ങളും തമ്മിൽ മമതയും സൗഹാർദ്ദവും ഊട്ടിയുറപ്പിക്കുക, എന്നിവയാണ്.

1935 മുതൽ മലബാർ ജില്ലാ പ്രസിഡണ്ടായിരുന്ന ഹാജി അബ്ദുസത്താർ സേട്ടുസാഹിബ് വിഭജനാനന്തരം പ്രസിഡണ്ട് സ്ഥാനം രാജിവെച്ച് പാക്കിസ്ഥാനിലേക്ക് പോയി. അതിന് ശേഷം മലബാർ ജില്ല മുസ്ലിംലീഗിൻെറ പ്രസിഡണ്ടായി സയ്യിദ് അബ്ദുറഹ്മാൻ ബാഫഖി തങ്ങളെ ഏകകണ്ഠമായി തെരഞ്ഞെടുക്കുകയും മരണംവരെ ആ പദവി അദ്ദേഹം അലങ്കരിക്കുകയും ചെയ്തു. 1973 ജനുവരി 19, വെള്ളിയാഴ്ചയാണ് ബാഫഖി തങ്ങൾ മെക്കയിൽ മരണമടഞ്ഞത്. ജനറൽ സെക്രട്ടറി സ്ഥാനം കെ.എം. സീതി സാഹിബാണ് വഹിച്ചിരുന്നത്. 1960 ൽ നിയമസഭാ സ്പീക്കറായതിനെത്തുടർന്ന് ലീഗിൻെറ ജനറൽ സെക്രട്ടറി സ്ഥാനം അദ്ദേഹം രാജിവെക്കുന്നത് വരെ അദ്ദേഹം തന്നെയായിരുന്നു സെക്രട്ടറി.

1948 സെപ്റ്റംബറിൽ ഹൈദരബാദിൽ സെൻട്രൽ ഗവർ

ങ്ങേണ്ടിന്റെ സൈനിക നടപടിയായ പോലീസ് ആക്ഷൻ ഉണ്ടായതിനെ തുടർന്ന് മലബാറിലെ ഏതാനും മുസ്ലിംകളെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. പാണക്കാട് പി.എം.എസ്.എ. പൂക്കോയ തങ്ങളടക്കം ലീഗിന്റെ പല നേതാക്കളും അറസ്റ്റ് ചെയ്യപ്പെട്ടു. എന്നാൽ ഇവരുടെ ആരുടെ പേരിലും കേസ്സ് ചാർജ് ചെയ്യുവാൻ തക്ക യാതൊരു കുറ്റവും കണ്ടെത്താത്തതുകൊണ്ട് അവരെയെല്ലാം നിരുപാധികം വിട്ടയക്കുകയാണുണ്ടായത്. 1947ലും 1948ലും വടക്കേ ഇൻഡ്യയെ ചുടലക്കളമാക്കി മാറ്റിയ സാമുദായിക ലഹളകൾ തെക്കേ ഇൻഡ്യയിലേക്ക് പടരാതിരുന്നത് ലീഗ് നേതൃത്വത്തിന്റെ മഹത്തായ പരിശ്രമത്തിന്റെ ഫലമായിട്ടായിരുന്നു. മദ്രാസിലെ മുഖ്യമന്ത്രിയായിരുന്ന ടി. പ്രകാശം ഉൾപ്പെടെയുള്ള നേതാക്കൾ മുസ്ലിംലീഗ് പ്രസിഡണ്ട് ഇസ്മെയിൽ സാഹിബിനേയും മറ്റു നേതാക്കൻമാരെയും ഇതിനാൽ മുക്തകണ്ഠം പ്രശംസിച്ചിരുന്നു. 1952ൽ പുതിയ ഭരണഘടന അനുസരിച്ച് നടന്ന പൊതു തെരഞ്ഞെടുപ്പിൽ ഹരിജൻ മെമ്പറായിരുന്ന എം. ചടയനടക്കം അഞ്ച് മുസ്ലിംലീഗ് അംഗങ്ങളെ മലബാറിൽ നിന്നും മദ്രാസ് അസംബ്ലിയിലേക്ക് അയക്കാൻ കഴിഞ്ഞു. ഉപ്പിസാഹിബായിരുന്നു ലീഗിന്റെ നിയമസഭാ നേതാവ്. പോക്കർ സാഹിബ്, ചടയൻ, കെ.എം. സീതിസാഹിബ്, ചാക്കിരി അഹമ്മദ് കുട്ടി സാഹിബ് എന്നിവരായിരുന്നു മറ്റ് ലീഗ് സാമാജികൻമാർ. ഈ തെരഞ്ഞെടുപ്പിനെ തുടർന്ന് കോൺഗ്രസ്സിന് വ്യക്തമായ ഭൂരിപക്ഷം കിട്ടാതിരുന്നപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയും, പ്രജാപാർട്ടിയും, സോഷ്യലിസ്റ്റ് പാർട്ടിയും കൂടി ഒരു മന്ത്രിസഭ രൂപീകരിക്കുവാൻ ശ്രമിക്കുകയും അവർ ലീഗിന്റെ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. അത്തരം ഒരു നീക്കത്തിന്റെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ കാണാൻ കെൽപ്പുള്ള ഖായിദേമില്ലത്ത് ഇസ്മെയിൽ സാഹിബും സീതിസാഹിബും ആ ഓഫർ തള്ളികളയുകയും രാജഗോപാലാചാരിയുടെ നേതൃത്വത്തിലുള്ള ഒരു കോൺഗ്രസ്സ് മന്ത്രിസഭയ്ക്ക് നിരുപാധികം പിന്തുണ നൽകുവാൻ തീരുമാനിക്കുകയുമാണുണ്ടായത്. വാസ്തവത്തിൽ മുസ്ലിംലീഗിന്റെ ആ തീരുമാനമായിരുന്നു ഇളകിക്കൊണ്ടിരുന്ന ചില നിയമസഭാംഗങ്ങളേയും രാഷ്ട്രീയഗ്രൂപ്പുകളേയും കോൺഗ്രസ്സിനെ സഹായിക്കുവാൻ പ്രേരിപ്പിച്ചത്. ഇത് നല്ലവണ്ണം ബോദ്ധ്യപ്പെട്ടിരുന്ന രാജാജി കോൺഗ്രസ്സ് നിയമസഭാ പാർട്ടിയോഗങ്ങളിൽ മുസ്ലിംലീഗ് അംഗങ്ങളെ പ്രത്യേകം ക്ഷണിച്ച് വരുത്തി അഭിപ്രായ വിനിമയം ചെയ്തു കൊണ്ടിരുന്നു. തുടർന്ന് നടന്ന മുൻസിപ്പൽ തെരഞ്ഞെടുപ്പിലും കോൺഗ്രസ്സും ലീഗും തമ്മിൽ ധാരണയുണ്ടായതിന്റെ ഫലമായി മലബാറിലും തമിഴ്നാട്ടിലും വമ്പിച്ച വിജയം കൈവരിക്കുവാൻ സാധിച്ചിരുന്നു.

1956 നവമ്പർ 1-ന് തിരു-കൊച്ചിയും മലബാറും ചേർന്നുകൊണ്ട് ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം നിലവിൽ വന്നു. ഇതിനെ തുടർന്ന് 1956 നവമ്പർ 11-ന് എറണാകുളത്ത് ഖായിദേമില്ലത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രതിനിധി സമ്മേളനത്തിൽ വെച്ച് സെയ്യിദ് അബ്ദുറഹിമാൻ ബാഫക്കിത്തങ്ങൾ പ്രസിഡണ്ടും കെ.എം. സീതിസാഹിബ് ജനറൽ സെക്രട്ടറിയുമായി കേരള സ്റ്റേയിറ്റ് മുസ്ലിംലീഗ് കൗൺസിൽ രൂപംകൊണ്ടു. അതോടെയാണ് തിരു-കൊച്ചി ഭാഗങ്ങളിൽ മുസ്ലിംലീഗിന്റെ പ്രവർത്തനം ആരംഭിച്ചത്. 1957ലെ തെരഞ്ഞെടുപ്പു കഴിഞ്ഞപ്പോൾ മുസ്ലിം ലീഗിന് 8 അംഗങ്ങളെയാണ് കിട്ടിയത്. സി.എച്ച്. മുഹമ്മദ് കോയയായിരുന്നു നിയമസഭാനേതാവ്. 1959ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കെതിരായി നടന്ന വിമോചന സമരത്തിൽ ലീഗിന്റെ പങ്കാളിത്തം എല്ലാവരാലും പ്രശംസിക്കപ്പെട്ടിരുന്നു. അവസാനം മന്ത്രിസഭ പിരിച്ചുവിടപ്പെട്ടു. തുടർന്ന് കോൺഗ്രസ്സ്, പി.എസ്.പി., മുസ്ലിംലീഗ് സഖ്യം ഉണ്ടായി. തെരഞ്ഞെടുപ്പിൽ വിജയം നേടിയതോടെ സഖ്യകക്ഷിയായ ലീഗിന് മന്ത്രിസ്ഥാനം നൽകുവാൻ ഇതരകക്ഷികൾ തയ്യാറായില്ല. എങ്കിലും അനുരഞ്ജനത്തിന്റെ മാർഗ്ഗം സ്വീകരിച്ച് ലീഗ് നിയമസഭാ സ്പീക്കർ സ്ഥാനം കൊണ്ട് തൃപ്തിപ്പെട്ടു. കെ.എം. സീതിസാഹിബായിരുന്നു സ്പീക്കർ. അദ്ദേഹം 10 മാസം കഴിഞ്ഞതോടെ 1961 ഏപ്രിൽ 17-ാം തിയ്യതി മരണമടയുകയും സ്പീക്കർസ്ഥാനത്തേക്ക് സി.എച്ച്. മുഹമ്മദ്കോയയെ തെരഞ്ഞെടുക്കുകയും ചെയ്തു. നിയമസഭയുടെ ചരിത്രത്തിൽ ഏറ്റവും പ്രായം കുറഞ്ഞ സ്പീക്കറായിരുന്നു മുഹമ്മദ് കോയ സാഹിബ്. എന്നാൽ 1961 നവമ്പർ 10-ാം തിയ്യതി ലീഗ് കൗൺസിലിന്റെ നിർദ്ദേശാനുസരണം സി.എച്ച്. സ്പീക്കർ സ്ഥാനം രാജിവെച്ചു. കോൺഗ്രസ്സുമായുണ്ടായ ഭിന്നിപ്പായിരുന്നു കാരണം.

എന്നാൽ 1962ലെ പാർലിമെൻണ്ട് തെരഞ്ഞെടുപ്പിൽ മുമ്പ് സീതിസാഹിബ് തോറ്റ കോഴിക്കോട് ലോക്സഭാസീറ്റിൽ എതിരാളികളെ അമ്പരപ്പിച്ചുകൊണ്ട് സി.എച്ച്. വിജയിക്കുകയുണ്ടായി. 1966ൽ മുസ്ലിംലീഗിന്റെ മദിരാശി സമ്മേളനത്തിൽ അംഗീകരിച്ച രാഷ്ട്രീയ പ്രമേയം ശ്രദ്ധാർഹമാണ്. കോൺഗ്രസ്സിന് 40 ശതമാനം വോട്ടുമാത്രമേയുള്ളൂവെന്നും അതിനെതിരായുള്ള 60 ശതമാനം വോട്ടും ഏകോപിപ്പിക്കുവാൻ സാധിച്ചാൽ കോൺഗ്രസ്സാകുന്ന മദം പൊട്ടിയ ആനയെ ചങ്ങലക്കിടുവാൻ പ്രയാസമില്ലെന്നുമായിരുന്നു ആ പ്രമേയത്തിന്റെ സാരം. ഇതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ കോൺഗ്രസ്സേതര സപ്തകക്ഷി മുന്നണി ഉണ്ടായതും 1967ലെ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടിയതും. ലീഗിന്റെ അംഗസംഖ്യ 14 ആയി വർദ്ധിച്ചിരുന്നു. ഇ.എം.എസ്. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട മന്ത്രിസഭയിൽ ലീഗിന്റെ രണ്ട് അംഗങ്ങൾ - സി.എച്ച്. മുഹമ്മദ് കോയയും അഹമ്മദ് കുരുക്കളും - മന്ത്രിമാരാകുകയും ചെയ്തു. പക്ഷെ 1969 ഒക്ടോബർ 24-ന് നമ്പൂതിരിപ്പാടിന്റെ ആ മന്ത്രിസഭയും തകർന്നു. പിന്നീട് നവമ്പർ 1-ന് സി. അച്ചുതമേനോന്റെ നേതൃത്വത്തിൽ രൂപീകൃതമായ മന്ത്രിസഭയിൽ സി.എച്ച്. വിദ്യാഭ്യാസവകുപ്പിന് പുറമേ ആഭ്യന്തര വകുപ്പിന്റെ ചുമതല കൂടി ഏറ്റെടുത്ത് വളരെ വിജയകരമായി കൈകാര്യം ചെയ്യുകയുണ്ടായി. 9 മാസങ്ങൾക്ക് ശേഷം നടന്ന

തെരഞ്ഞെടുപ്പിലും ഐക്യജനാധിപത്യ മുന്നണിക്ക് ഭൂരിപക്ഷം ലഭിച്ചു. സി. അച്യുതമേനോൻ തന്നെയായിരുന്നു മുഖ്യമന്ത്രി. ഈ മന്ത്രിസഭയിലും സി.എച്ചും, അവുകാദർ കുട്ടിനഹയും മന്ത്രിമായിരുന്നു.

1972 ഏപ്രിൽ 4-ന് ഖായിദേമില്ലത്ത് ഇസ്മയിൽ സാഹിബ് നിര്യാതനായതിനെ തുടർന്ന് സയ്യിദ് അബ്ദുൾ റഹിമാൻ ബാഫക്കി തങ്ങൾ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിൻെറ പ്രസിഡണ്ട്സ്ഥാനം ഏറ്റു. എന്നാൽ പിറ്റേ വർഷം ജനുവരി 19-ന് ഹജ്ജിന് പോയ അവസരത്തിൽ ബാഫക്കി തങ്ങൾ മരണമടഞ്ഞതോടെ അതുവരെ ജനറൽ സെക്രട്ടറിയായിരുന്ന ഇബ്രാഹിം സുലൈമാൻ സേട്ടു സാഹിബ് അഖിലേന്ത്യാ പ്രസിഡണ്ടും സി.എച്ച്. മുഹമ്മദ് കോയ സാഹിബ് ജനറൽ സെക്രട്ടറിയുമായി. 1973 ഫെബ്രുവി 25-ന് പാണക്കാട് പി.എം.എസ്.എ. പൂക്കോയ തങ്ങൾ കേരള സ്റ്റെയിറ്റ് മുസ്ലിംലീഗ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. സി.എച്ചിന് ശേഷം ബനാത്ത്വാല അഖിലേന്ത്യാ സെക്രട്ടറിയുമായി. 1975 ജൂലായ് 6-ന് പൂക്കോയതങ്ങൾ നിര്യാതനായശേഷം സെപ്റ്റംബർ ഒന്നിന് പാണക്കാട് സെയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്റ്റെയിറ്റ് ലീഗ് പ്രസിഡണ്ടായി. അദ്ദേഹം പാർട്ടികൾക്കും ജാതിമതങ്ങൾക്കുമതീതമായി എവരാലും ആദരിക്കപ്പെടുന്ന കർമ്മപടുവായ ജനസമ്മതനുമാണ്.

1977 മാർച്ചിലെ തെരഞ്ഞെടുപ്പിൽ മുസ്ലിംലീഗിൻെറ അംഗസംഖ്യ 13 ആയിരുന്നു. ആദ്യം കരുണാകരനും പിന്നീട്, എ.കെ. ആൻറണിയും നയിച്ച മന്ത്രിസഭകളിലും സി.എച്ചും., നഹാസാഹിബും മന്ത്രിമാരായിരുന്നു. 1979 ഒക്ടോബർ 12-ന് ഡെപ്യൂട്ടി മുഖ്യമന്ത്രിയായിരുന്ന സി.എച്ച്. മുഹമ്മദ് കോയയ്ക്ക് അസുലഭമായ ഒരവസരം ലഭിച്ചു. എ.കെ. ആൻറണിയുടെ രാജിയെ തുടർന്ന് മുഖ്യമന്ത്രിയാകുക എന്ന അപൂർവ്വ ബഹുമതി. കേരളത്തിൽ അതിന് മുമ്പും പിമ്പും ഒരു മുസ്ലിം, മുഖ്യമന്ത്രിയായിട്ടില്ലന്നത് പ്രത്യേകം ഓർമ്മിക്കാവുന്നതാണ്. 1980ലും 1982ലും നടന്ന തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മുസ്ലിംലീഗിൻെറ അംഗസംഖ്യ 14 ആയിരുന്നു. 82ലെ കരുണാകരൻ മന്ത്രിസഭയിൽ സി.എച്ച്. ഡെപ്യൂട്ടി മന്ത്രിയും യു.എ. ബീരാൻസാഹിബ് ഭക്ഷ്യമന്ത്രിയും ഇ. അഹമ്മദ് സാഹിബ് വ്യാവസായ വകുപ്പ് മന്ത്രിയുമായി.

1982 സെപ്റ്റംബർ 28-ാം തിയ്യതി സി.എച്ച്. മുഹമ്മദ് കോയ സാഹിബ് ഹൈദരാബാദിൽ വെച്ച് ആകസ്മികമായി അന്ത്യയാത്ര പറഞ്ഞു. തുടർന്ന് നഹാ സാഹിബായിരുന്നു ഡെപ്യൂട്ടിമുഖ്യമന്ത്രിയായത്. 1966ൽ അവിഭക്ത കോൺഗ്രസ്സിനെ എതിർത്ത ഈസ്മെയിൽ സാഹിബിൻെറ നേതൃത്വത്തിലുള്ള മുസ്ലിം ലീഗ് പാർട്ടി, 1969ലെ കോൺഗ്രസ്സിൻെറ പിളർപ്പിന് ശേഷം ഇന്ദിരാഗാന്ധിയുടെ പുരോഗമനനയങ്ങളെ പിൻതാങ്ങി നിലനിർത്തിയതും ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ സുപ്രധാന സംഭവമാണ്. 1985ൽ ശരീഅത്ത് സംവാദകാലത്ത് മാർക്സിസ്റ്റ് പാർട്ടിയും ഇ.എം.എസ്. നമ്പൂതിരിപ്പാടും ആരംഭിച്ച ശരീഅത്ത് വിരുദ്ധപ്രസ്ഥാനം വലിയ ലീഗ് വിരോധമായി മാറിയിരുന്നു. 1987 മാർച്ചിൽ നടന്ന തെരഞ്ഞെടുപ്പിൽ ലീഗിനെ തറപറ്റിക്കാൻ മാർക്സിസ്റ്റുകാർ സകലതന്ത്രങ്ങളും നടത്തിയെങ്കിലും ലീഗ് സാമാജികരുടെ എണ്ണം 15 ആയി ഉയരുകയാണ് ചെയ്തത്. 1992ൽ നടന്ന തെരഞ്ഞെടുപ്പിൽ ലീഗിൻെറ അംഗസംഖ്യ 19 ആയി വർദ്ധിച്ചു. കെ. കരുണാകരൻെറ മന്ത്രിസഭയിൽ പി.കെ. കുഞ്ഞാലിക്കുട്ടി, പി.കെ.കെ. ബാവ, സി.ടി. അഹമ്മദലി, ഇ.ടി മുഹമ്മദ് ബഷീർ എന്നിവർ മന്ത്രിമാരായി തീരുകയും ചെയ്തു. 1996ൽ നടന്ന തെരഞ്ഞെടുപ്പിൽ മുസ്ലിംകളിൽ ഉണ്ടായ വിഘടന ശക്തികൾ ലീഗിനെ എതിർക്കുകയും ഇടതു ജനാധിപത്യമുന്നണിയുടെ വിജയത്തിന് കളമൊരുക്കുകയും ചെയ്തിട്ടുകൂടിയും ലീഗിൻെറ ശക്തികേന്ദ്രങ്ങളിലെല്ലാം ഇൻഡ്യൻ യൂണിയൻ മുസ്ലം ലീഗിന് അവരുടെ സ്വാധീനം നിലനിർത്തുവാൻ സാധിച്ചിരുന്നു.

മുസ്ലിം സാമാന്യ ജനങ്ങൾക്കിടയിൽ എന്നേ നഷ്ടപ്പെട്ടുപോയ ആത്മവിശ്വാസം കുറെയെങ്കിലും വീണ്ടെടുക്കുവാൻ 1948ൽ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിൻെറ ആവിർഭാവത്തിന് ശേഷം സാധിച്ചു എന്നത് വലിയ കാര്യമാണ്. തെക്കേ മലബാറിലെ മുസ്ലിംകൾ ഏതെല്ലാം വിധത്തിലായിരുന്നു അടിച്ചമർത്തപ്പെട്ടിരുന്നതെന്നും മാളികമുകളിലിരുന്നവർ തോളിൽ മാറാപ്പുമായി തെരുവുതെണ്ടികളായി തീർന്നെതിങ്ങനെയെന്നും വിവരിക്കുവാൻ ഇതിന് മുമ്പ് ശ്രമിച്ചിട്ടുണ്ട്. ധനനഷ്ടം, മാനഹാനി, സാമൂഹ്യചട്ടക്കൂട്ടിൽ അധഃസ്ഥിതാവസ്ഥ, ഭീകരമർദ്ദനം അങ്ങനെ എല്ലാം നഷ്ടപ്പെട്ട് ആർക്കും വേണ്ടാത്ത ഒരു സമൂഹത്തിന് തല ഉയർത്തി നടക്കാമെന്ന് വന്നത് തന്നെ ഏറ്റവും വലിയ നേട്ടമാണ്. അതിന് വേദിയൊരിക്കിയത് മുസ്ലിംലീഗും അതിൻെറ അചഞ്ചലമായ നേതൃത്വവുമാകുന്നു. സ്വാതന്ത്ര്യാനന്തരം വിദ്യാലയങ്ങളിൽ മതപഠനം നിരോധിക്കപ്പെട്ടപ്പോൾ നാട്ടിലുടനീളം മദ്രസകൾ സ്ഥാപിക്കുന്നതിലും മുസ്ലിംകളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിലും ലീഗ് അശ്രാന്തം പരിശ്രമിച്ചിട്ടുണ്ട്. ഫറൂക്ക് കോളേജ്, പോക്കർ സാഹിബ് മെമ്മോറിയൽ കോളേജ്, സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക്, ഏറനാട് മുസ്ലിം എഡ്യുക്കേഷണൽ സൊസൈറ്റിയുടെ കൊണ്ടോട്ടി കോളേജ് ഇവയൊക്കെ വിദ്യാഭ്യാസരംഗത്തെ മുസ്ലിംലീഗിൻെറ സംഭാവനക്ക് ച്ചില ഉദാഹരണങ്ങളാണ്. മുസ്ലിം ന്യൂനപക്ഷത്തിൻെറ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന ഫാസിസ്റ്റ് വർഗ്ഗീയതയ്ക്കെതിരെ രാഷ്ട്രമനസ്സാക്ഷിയെ തൊട്ടുണർത്തിയത് മുസ്ലിംലീഗാണ്. ഉദ്യോഗങ്ങളിൽ മുസ്ലിംകൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ മുസ്ലിംലീഗ് ശ്രമിച്ചുകൊണ്ടിരിക്കുന്നു. 1957 മുതൽ മുസ്ലിംലീഗ് നടത്തിപ്പോന്ന നിരന്തര ശ്രമങ്ങളുടെ ഫലമാണ് കേരളത്തിൽ മുസ്ലിംകൾക്ക് 12 ശതമാനം സംവരണം വ്യവസ്ഥപ്പെടുത്തിയത്. ഭരണഘടനാ പ്രകാരമുള്ള ന്യൂനപക്ഷാവകാശങ്ങൾ ലഭ്യമാക്കുവാനും നിയമനിർമ്മാണ വേദി

കളിൽ മുസ്ലിം കാഴ്ചപ്പാട് അവതരിപ്പിക്കുവാനും ലീഗിന് കഴിഞ്ഞിട്ടുണ്ട്. പ്രത്യേക വിവാഹ ബില്ലിനെതിരെ ലോക്സഭയിൽ ലീഗ് അംഗം ബി. പോക്കർ സാഹിബാണ് ശബ്ദിച്ചത്. മുസ്ലിം ശരീഅത്ത് നിയമത്തിൽ മുസ്ലിംകൾ ആവശ്യപ്പെടുന്ന കാലം വരെ ഒരു മാറ്റവും വരുത്തില്ലെന്ന് ഭരണാധികാരികളിൽ നിന്നും ഉറപ്പ് ലഭിച്ചത് മുസ്ലിംലീഗിൻെറ ശക്തമായ സമ്മർദ്ദത്താലാണ്. നിർബ്ബന്ധ വന്ധ്യംകരണ ബില്ലിനെതിരെയും വഖഫ്, ട്രസ്റ്റ് നികുതി നിർദ്ദേശത്തിനെതിരെയും മുസ്ലിം ലീഗ് പൊരുതിയിട്ടുണ്ട്. മുസ്ലിം ന്യൂനപക്ഷത്തിൻെറ അഭിമാനകരമായ അസ്തിത്വം നിലനിർത്തുന്നതിനായി ഒട്ടേറെ കാര്യങ്ങൾ മുസ്ലിംലീഗ് ചെയ്തു.

എന്നാൽ ഈ രാഷ്ട്രീയ - സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പലപ്പോഴും എതിർപ്പുകൾ സ്വന്തം അണികളിൽ നിന്നുതന്നെ ഉണ്ടായിട്ടുണ്ട്. 1957ൽ കമ്മ്യൂണിസ്റ്റുകാരുടെ സഹായത്തോടെ ലീഗണികളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ പ്രോഗ്രസ്സീവ് മുസ്ലിം ലീഗെന്ന ഒരു സംഘടന രംഗത്ത് വന്നിരുന്നു. മൗലവി പി.എം. എടശ്ശേരി, പി.എം.എ. തങ്ങൾ എന്നിവരായിരുന്നു നേതാക്കൾ. എന്നാൽ ആ വർഷം നടന്ന തെരഞ്ഞെടുപ്പോടെ അത് നാമാവശേഷമായി. 1967 ലെ തെരഞ്ഞെടുപ്പുകാലത്ത് മുൻ ലീഗ് എം.എൽ.എ കെ.ഹസ്സൻ ഖനി സാഹിബിൻെറ നേതൃത്വത്തിൽ സമസ്ത കേരള മുസ്ലിം ലീഗ് ഉടലെടുത്തു. അതിനും അധികകാലം പിടിച്ചു നിൽക്കാൻ കഴിഞ്ഞില്ല. എന്നാൽ 1974ൽ നിലവിൽ വന്ന വിമത ലീഗ് എം.കെ ഹാജിയെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. പ്രമുഖ നേതാക്കളായ ചെറിയ മമ്മിക്കേയി, ഉമ്മർ ബാഫക്കി തങ്ങൾ, പി.എം. അബൂബക്കർ തുടങ്ങിയവരുടെ നേതൃത്വത്തിൽ വളർന്ന വിമത ലീഗ് ഇൻഡ്യൻ യൂണിയൻ മുസ്ലിംലീഗിനെ ശരിക്കും പിളർത്തിയ സംഘടനയാണ്. ലീഗ് ടൈംസ് എന്ന ദിനപ്പത്രവും ഒരു സംഘടനക്കാവശ്യമായ സംവിധാനങ്ങളും ഉണ്ടാക്കി. ഇടത് ജനാധിപത്യ മുന്നണിയുമായി ഒന്നിച്ച് തെരഞ്ഞെടുപ്പിൽ മത്സരിച്ച് 6 സീറ്റുകൾ നേടിയ അവരിൽ പി.എം. അബൂബക്കർ സാഹിബ് മന്ത്രിയാകുകയുമുണ്ടായി. എന്നാൽ ശരീഅത്ത് പ്രശ്നമൊക്കെ രൂക്ഷമായപ്പോൾ വിമത ലീഗ് മാതൃസംഘടനയിലേക്ക് തിരിച്ചു വരികയാണുണ്ടായത്. അതിന് ശേഷം ബാബരി മസ്ജിദ് പ്രശ്നവും നേതൃ വടംവലിയുമൊക്കെയായി ഇൻഡ്യൻ യൂണിയൻ മുസ്ലിംലീഗിൻെറ പ്രസിഡണ്ട് ഇബ്രാഹിം സുലൈമാൻ സേട്ടുവിൻെറ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ ലീഗ് എന്ന ഒരു സംഘടന രൂപീകരിച്ച് പ്രവർത്തിച്ചുപോരുന്നു. ഇബ്രാഹിം സുലൈമാൻ സേട്ടുവിന് പുറമേ മുതിർന്ന നേതാക്കളായ ചെറിയ മമ്മിക്കേയി, പി.എം. അബൂബക്കർ സാഹിബ്, യു.എ. ബീരാൻ സാഹിബ് എന്നിവർ ഐ.എൻ.എൽ.ൻെറ നേതൃസ്ഥാനത്തെത്തി. എന്നാൽ അധികം കഴിയുന്നതിന് മുമ്പ് തന്നെ പ്രസിഡണ്ടായിരുന്ന കേയി സാഹിബും തുടർന്ന് പ്രസിഡണ്ടായ പി.എം. അബൂബക്കർ സാഹിബും മരണമടഞ്ഞതിനെ തുടർന്ന് യു.എ. ബീരാൻ സാഹിബ് പ്രസിഡണ്ടായി. 1996ലെ തെരഞ്ഞെടുപ്പിൽ ഇവർ ഇടതു ജനാധിപത്യമുന്നണിയെ സഹായിച്ചതു കൊണ്ട് മുസ്ലിംകൾ ജയിക്കുമായിരുന്ന പല സീറ്റുകളും തുച്ഛവോട്ടിന് നഷ്ടപ്പെടുകയുണ്ടായി. പീപ്പിൾസ് ഡെമോക്രാറ്റിക് പാർട്ടി (പി.ഡി.പി.) എന്നൊരു സംഘടനയും മുസ്ലിം ലീഗിനെ ശക്തിയായി എതിർക്കുകയും ഇടത് ജനാധിപത്യ മുന്നണിയെ സഹായിക്കുകയും ചെയ്തു. അബ്ദുന്നാസർ മഅ്ദനിയുടെ നേതൃത്വത്തിലുള്ള ഈ സംഘടനക്കും മുസ്ലിം വോട്ടുകൾ കുറെ ഇടത് പക്ഷത്തേക്ക് തിരിച്ചുവിടാൻ സാധിച്ചു എന്നല്ലാതെ സമുദായത്തിനോ, സ്വന്തം പാർട്ടിക്ക് തന്നെയുമോ യാതൊരു നേട്ടവും ഉണ്ടാക്കുവാൻ സാധിച്ചതുമില്ല. ഈ വക എതിർപ്പുകളെ വിജയകരമായി അതിജീവിച്ചു കൊണ്ട് ഇൻഡ്യൻ യൂണിയൻ മുസ്ലിംലീഗ് മുന്നേറുന്നു. സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ പ്രസിഡണ്ടും കൊരമ്പയിൽ അഹമ്മദ് ഹാജി സെക്രട്ടറിയുമായിട്ടുള്ള ലീഗിൻെറ നിയമസഭാ നേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി സാഹിബാണ്.

## VIII കൊച്ചി - തിരുവിതാംകൂർ മുസ്ലിംകളുടെ സംഘടനാ പ്രവർത്തനം

നാട്ടുരാജ്യമായ കൊച്ചിയിൽ മുസ്ലിം വിദ്യാഭ്യാസ സാംസ്കാരിക പ്രവർത്തനത്തിൻെറ ആവേശം പകർന്നത് കൊടുങ്ങല്ലൂരിൽ നിന്നായിരുന്നു. അവിടത്തെ പ്രധാന മുസ്ലിം തറവാടുകളായ നമ്പൂതിരി മഠം, പടിയത്ത് മണപ്പാട്ട് തുടങ്ങിയവ ഈ രംഗങ്ങളിൽ പ്രഗൽഭരായ പലരേയും കാഴ്ചവെച്ച കുടുംബങ്ങളാണ്. ആദ്യകാല സമുദായ പരിഷ്കർത്താക്കളിൽ പ്രമുഖൻ നമ്പൂതിരി മഠത്തിലെ ഹാജി കെ. സീതി മുഹമ്മദ് സാഹിബായിരുന്നു. തനിക്ക് 27 വയസ്സ് മാത്രം പ്രായമുള്ളപ്പോഴാണ് 1901ൽ പൊന്നാനി മഊനത്തുൽ ഉലൂം ഇസ്ലാംസഭയുടെ ഒരു ശാഖ കൊടുങ്ങല്ലൂരിൽ അദ്ദേഹം സ്ഥാപിച്ചത്. മതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് മദ്രസ്സകൾ സ്ഥാപിച്ചതോടൊപ്പം 1907ൽ കൊടുങ്ങല്ലൂരിൽ അഴിക്കോട് എന്ന സ്ഥലത്ത് ആദ്യമായി ഒരു പ്രൈമറി വിദ്യാലയവും പ്രവാർത്തികമാക്കിയത് അദ്ദേഹമാണ്. ഈ സ്കൂളിൽ നിന്നുമാണ് അദ്ദേഹത്തിൻെറ മകനും സമുദായ നേതാവും കേരള നിയമസഭയുടെ മുൻ സ്പീക്കറുമായിരുന്ന കെ.എം. സീതി സാഹിബും കേരള രാഷ്ട്രീയത്തിലെ പ്രോജ്ജ്വല താരമായിരുന്ന മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബും വിദ്യാരംഭം നടത്തിയത്. അക്കാലത്തെ മുസ്ലിം നവോത്ഥാന തേരാളികളിൽ പ്രഖ്യാതനായ ഷൈയ്ഖ് മുഹമ്മദ് മാഹിൻ ഹമദാനി തങ്ങളുടെ ആത്മീയ ശിഷ്യത്വം അദ്ദേഹം സ്വീകരിച്ചിരുന്നു. മുസ്ലിംകൾക്കിടയിൽ വിദ്യാഭ്യാസപരമായി ഉണർവ്വുണ്ടാക്കുന്നതിൽ അവിസ്മരണീയമായ പങ്കു വഹിച്ചിട്ടുള്ള 'ലജ്നത്തുൽ ഹമദാനിയ്യ' എന്ന സംഘടനയ്ക്ക് രൂപം കൊടുത്തത് സീതി മുഹമ്മദ് സാഹിബാണ്. ഇതിൻെറ തുടക്കം മുതൽ അദ്ദേഹം മരണമടയുന്നത് വരെ സംഘടനയുടെ സെക്രട്ടറിയായി പ്രവർത്തി

ച്ചിരുന്നു. കൊടുങ്ങല്ലൂരിൽ മുസ്ലിംകളായിരുന്നു അന്നത്തെ പ്രധാന ജൻമികൾ. ഇവർ അന്യോന്യം കലഹിച്ചും കേസ് പറഞ്ഞും ശത്രുതയിൽ കഴിയുകയായിരുന്നു. ഈ കക്ഷി വഴക്ക് അവസാനിപ്പിക്കാതെ സമുദായോദ്ധാരണ പ്രവർത്തനങ്ങൾ അസാദ്ധ്യമാണെന്ന് മനസ്സിലാക്കിയ അദ്ദേഹം 'നിഷ്പക്ഷസംഘം' എന്നൊരു സംഘടന രൂപീകരിച്ച് ഈ കലാപങ്ങൾക്കും കക്ഷിവഴക്കുകൾക്കും അറുതി വരുത്തുവാൻ പ്രയത്നിച്ചു. കേരളത്തിലെ മുസ്ലിം പരിഷ്ക്കരണ പ്രസ്ഥാനമായി വളർന്ന കേരള മുസ്ലിം ഐക്യസംഘം കൈവരിച്ച നേട്ടങ്ങൾ അവിസ്മരണീയങ്ങളാണ്. 1922ൽ സ്ഥാപിതമായ ഐക്യസംഘത്തിൻെറ പ്രഥമ പ്രസിഡണ്ട് ഹാജി കെ. സീതി മുഹമ്മദ് സാഹിബായിരുന്നു. മണപ്പാട്ട് പി. കുഞ്ഞുമുഹമ്മദ് ഹാജി, അദ്ദേഹത്തിൻെറ സഹോദരൻ ഹാജി പി. കൊച്ചുമൊയ്തീൻ സാഹിബ് എന്നിവർക്ക് പുറമെ ഇ.കെ. മൗലവി, കെ.എം. മൗലവി എന്നിവരും ഐക്യസംഘത്തിൻെറ പ്രധാന പ്രവർത്തകരായിരുന്നു. 1917ൽ 'മുസ്ലിം എഡ്യുക്കേഷണൽ അസോസിയേഷൻ' എന്നൊരു സംഘടന അദ്ദേഹത്തിൻെറ ശ്രമഫലമായി രൂപം കൊണ്ടു. വിദ്യാഭ്യാസപരവും സാംസ്കാരികവുമായ നവോത്ഥാനമായിരുന്നു ഈ സംഘടനയുടെ ലക്ഷ്യം. സംഘടനയുടെ സെക്രട്ടറി സ്ഥാനവും അദ്ദേഹം വഹിച്ചു. 1920ൽ കൊച്ചി വിദ്യാഭ്യാസ കോഡ് പരിഷ്ക്കരണ കമ്മിറ്റി രൂപീകരിച്ചപ്പോൾ മുസ്ലിം സമുദായത്തിൻെറ പ്രതിനിധിയായി സീതി മുഹമ്മദ് സാഹിബിനെ സർക്കാർ നോമിനേറ്റ് ചെയ്തിരുന്നു. മുസ്ലിംകളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെ സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവന്ന്, അവ പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ പലതും ഗവൺമെൻറിനെ കൊണ്ടംഗീകരിപ്പിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

1929ൽ മരണമടയുന്നത് വരെ മുസ്ലിംകളുടെ സർവ്വതോൻമുഖമായ ഉൽക്കർഷത്തിന് വേണ്ടി യത്നിച്ച മഹാനായിരുന്നു അദ്ദേഹം. ഈ പൈതൃകം അദ്ദേഹത്തിൻെറ പുത്രൻമാർ പ്രശസ്തമാം വിധം പരിപാലിച്ചു പോരികയും ചെയ്തു. 1928ൽ മകൻ കെ.എം. സീതിസാഹിബ് കൊച്ചി നിയമസഭയിലേക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 1931ലും അദ്ദേഹം നിയമസഭാംഗമായി തുടർന്നു. ഇക്കാലത്ത് തന്നെയാണ് സീതിസാഹിബിൻെറ സഹോദരൻ കെ.എം. ഇബ്രാഹിം സാഹിബ് അലിഗർ സർവ്വകലാശാലയിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തുന്നത്. കർഷക കുടിയാൻമാരും തൊഴിലാളികളും കഠിനമായ സാമ്പത്തിക ദുരിതങ്ങളും പട്ടിണിയും അനുഭവിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. 1928ൽ അദ്ദേഹവും എ.ബി. സേലം, കെ.ടി. മാത്യു എന്നീ പ്രമുഖരുമായൊന്നിച്ച് കുടിയാൻ സംഘം രൂപീകരിച്ച് പ്രവർത്തനിരതനായി. കൊച്ചിയിലെ കർഷകസമരങ്ങളുടെ പ്രാരംഭം കുറിച്ചത് ഇബ്രാഹിം സാഹിബിൻെറ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ കൊണ്ടാണ്. കാർഷിക പ്രശ്നങ്ങൾ മഹാരാജാവിൻെറയും ദിവാൻെറയും മുമ്പിൽ അവതരിപ്പിക്കുവാൻ അക്കാലത്ത് അധികമാളുകളെ കിട്ടുമായിരുന്നില്ല. ചെറിയാൻ മാഞ്ഞൂരാൻ മാത്രമാണ് കർഷക പ്രക്ഷോഭണം ഇബ്രാഹിം സാഹിബ് ആരംഭിച്ചപ്പോൾ അദ്ദേഹത്തെ സഹായിക്കുവാൻ എത്തിയ മറ്റൊരു നേതാവ്. 1930 മുതൽ 1935 വരെ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ കടത്തിൽപ്പെട്ടുഴറിയിരുന്ന കർഷകരെ കുടിയൊഴിപ്പിക്കലിൽ നിന്നും സ്ഥലം അന്യാധീനപ്പെടുന്നതിൽ നിന്നും തൽക്കാലത്തേക്കെങ്കിലും രക്ഷപ്പെടുത്തിയിരുന്നു. കടാശ്വാസ നിയമ നിർമ്മാണം നടത്തുക, കർഷകരെ ഭൂമിയിൽ നിന്നും ഒഴിപ്പിക്കുന്നത് അവസാനിപ്പിക്കുക, കർഷക തൊഴിലാളികളുടെ സ്ഥിതി മെച്ചപ്പെടുത്തുക, തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് അദ്ദേഹം സംഘടിതമായി സമരം നയിച്ചു. തൻെറ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിച്ചിരുന്ന 'കർഷകതൊഴിലാളി' എന്ന മാസികയിലൂടെയും അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്ന നിരവധി ലഘുലേഖകളിലൂടെയും കാർഷിക പ്രശ്നങ്ങൾ അധികാരികളെ ബോധ്യപ്പെടുത്തുവാൻ അദ്ദേഹം തീവ്രശ്രമം നടത്തിയിരുന്നു. ജനങ്ങളെ ആവേശഭരിതരാക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ തീപ്പൊരി പ്രസംഗങ്ങൾ. കർഷക സമരം രൂക്ഷമായപ്പോൾ ഇബ്രാഹിം സാഹിബിനെയും മറ്റും അറസ്റ്റ് ചെയ്ത് കർഷക പ്രക്ഷോഭണത്തെ തറപറ്റിക്കാമെന്നായിരുന്നു അധികാരികളുടെ കണക്കുകൂട്ടൽ. പക്ഷേ കർഷകരും കർഷക തൊഴിലാളികളും ഗവർമ്മേണ്ടിൻെറ മർദ്ദന നയത്തിനെതിരായി ശക്തിയായി പ്രതികരിച്ചു. വൈസ്രോയി വില്ലിംഗ്ടൺ പ്രഭു കൊച്ചി സന്ദർശിച്ചത് അക്കാലത്താണ്. ഇബ്രാഹിം സാഹിബ്, ചെറിയാൻ മാഞ്ഞൂരാൻ തുടങ്ങിയ കർഷക നേതാക്കളെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ദിവാൻസ് ഹൗസിൻെറ മുമ്പിൽ വലിയ ഒരു പ്രകടനം നടന്നു. ലാത്തിച്ചാർജ്ജും മറ്റു മർദ്ദനമുറകളും നടത്തിയാണ് പോലീസ് പ്രകടനക്കാരെ പിരിച്ചുവിട്ടത്. 1927 മുതൽ 1948 വരെ സുദീർഘമായ 14 വർഷം അദ്ദേഹം കൊച്ചി നിയമ സഭയിലെ കരുത്തനായ സാമാജികനായിരുന്നു. നിയമസഭയ്ക്കകത്തും പുറത്തും അദ്ദേഹം അനവരതം നടത്തിയ സമരങ്ങളുടെ ഫലമായാണ് കാർഷിക കടങ്ങളെ സംബന്ധിച്ച് കോടതി നടപടികൾ കുറെക്കാലത്തേക്കെങ്കിലും നിർത്തിവെയ്ക്കുവൻ ഗവർമ്മേണ്ട് നിർബന്ധരായത്. കൊച്ചിയിലെ കർഷക സമരങ്ങളുടേയും രാഷ്ട്രീയ പ്രവർത്തനങ്ങളുടേയും നൂതനമായ ഒരു യുഗപ്പിറവിക്ക് നാന്ദി കുറിച്ചത് അദ്ദേഹത്തിൻെറ ശക്തമായ നേതൃത്വമാണ്.

കർഷക പ്രസ്ഥനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മറ്റൊരു ധീരദേശാഭിമാനിയാണ് മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി. നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കാളിയായിരുന്ന ഈ കോൺഗ്രസ്സ് അനുഭാവി 1930ൽ കൊച്ചിയിൽ നടന്ന കർഷക പ്രക്ഷോഭണത്തിൽ കൂട്ടാളിയായിരുന്നു. കൊച്ചിയിലെ ദുർഭരണത്തെ തുറന്ന് കാണിച്ചുകൊണ്ട് അദ്ദേഹം എഴുതിയ 'രക്തലേഖയും', 'വിപ്ലവലേഖയും' രാജദ്രോഹക്കുറ്റത്തിന് അദ്ദേഹത്തെ വിധേയനാക്കി. 1931 ജൂൺ 11-ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു. 1936 മാർച്ച് 9-ാം

തിയ്യതിയാണ് അദ്ദേഹം ജയിൽവിമോചിതനാകുന്നത്. വിദ്യാഭ്യാസ - സാംസ്കാരിക മണ്ഡലങ്ങളിലും കുഞ്ഞു മുഹമ്മദ് ഹാജി നൽകിയിട്ടുള്ള സംഭാവനകൾ അവിസ്മരണീയങ്ങളാണ്.

കൊച്ചിയിലെ ആദ്യകാല രാഷ്ട്രീയ പ്രവർത്തകരിൽ പ്രഥമഗണനീയനാണ്, വി.കെ. കുട്ടി സാഹിബ്. ചെറുപ്പകാലത്ത് തന്നെ പൊതു കാര്യപ്രസക്തനായിരുന്നു അദ്ദേഹം. സാമൂഹ്യ - സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തനൗത്സുക്യം കാണിച്ചിരുന്ന ചെറുപ്പക്കാരെ സംഘടിപ്പിച്ച് 'സമസ്ത കേരള യംങ്ങ് മെൻസ് അസോസിയേഷൻ' എന്ന ഒരു സംഘടനയ്ക്ക് രൂപം കൊടുത്തത് അദ്ദേഹമാണ്. 21 വയസ്സ് മാത്രം പ്രായമുള്ളപ്പോഴാണ് ഈ സംഘടനയുടെ കാര്യദർശിയായി അദ്ദേഹം പൊതുജനസേവനനിരതനായത്. അക്കാലത്ത് ഇന്ത്യയിലുടനീളം അലയടിച്ച് കൊണ്ടിരുന്ന ഖിലാഫത്ത് - കോൺഗ്രസ്സ് പ്രസ്ഥാനങ്ങളുടെ അനുഭാവിയും പ്രവർത്തകനുമായി. നിസ്സഹകരണ പ്രസ്ഥാനാരംഭത്തിൽ കൊച്ചിയിൽ അതിൻെറ പ്രമുഖനായിരുന്നു അദ്ദേഹം. വിദേശ വസ്ത്ര ബഹിഷ്ക്കരണം, മദ്യവർജ്ജനം തുടങ്ങിയ പരിപാടികളിൽ അദ്ദേഹം പ്രധാന പങ്കാളിയായിരുന്നിട്ടുണ്ട്. അക്കാലം മുതൽ ഖദർ വസ്ത്രങ്ങളും ഷാളുമായിരുന്നു അദ്ദേഹത്തിൻെറ വേഷം.

ട്രെയിഡ് യൂണിയൻ രംഗത്തും കൊച്ചിയിലെ മുസ്ലിംകളുടെ സംഭാവനകൾ ഓർമ്മിക്കത്തക്കതാണ്. ടാറ്റാ തൊഴിലാളി യൂണിയൻ, പെട്രോളിയം വർക്കേഴ്സ് യൂണിയൻ എന്നിവ സംഘടിപ്പിക്കുന്നതിൽ പി.കെ. ഡീവറും കുട്ടി സാഹിബും വഹിച്ചിട്ടുള്ള പങ്ക് നിർണ്ണായകമായിരുന്നു. ടിൻ ഫാക്ടറി തൊഴിലാളികളേയും ട്രെയ്ഡ് യൂണിയൻ അടിസ്ഥാനത്തിൽ ഏകോപിപ്പിക്കുവാനുള്ള ആദ്യശ്രമം ഉണ്ടായത് അദ്ദേഹത്തിൽ നിന്നാണ്. ഈ സംഘടനകളുടെ ഔദ്യോഗിക സ്ഥാനങ്ങളുടെ രക്ഷാധികാരിയെന്ന പദവിയും അദ്ദേഹത്തിലർപ്പിതമായിരുന്നിട്ടുണ്ട്. അങ്ങനെ കൊച്ചിയിൽ ട്രെയിഡ് യൂണിയൻെറ ആരംഭം കുറിച്ചത് അദ്ദേഹമായിരുന്നു. ഈ രംഗത്ത് കെ.എം. ഇബ്രാഹിംസാഹിബിൻെറ പ്രവർത്തനവും കാര്യപ്പെട്ടതാണ്. 1933ൽ കൊച്ചിൻ ലേബർ കൗൺസിൽ എന്ന പേരിൽ കൊച്ചി രാജ്യത്തെ ട്രെയിഡ് യൂണിയൻ സംഘടന ചെറിയാൻ മാഞ്ഞൂരാനുമായി സഹകരിച്ച് അദ്ദേഹം സ്ഥാപിച്ചിരുന്നു. 1934ൽ കൊച്ചി ടിൻ ഫാക്ടറി തൊഴിലാളികൾ നടത്തിയ സമരത്തെതുടർന്ന് കുട്ടി സാഹിബ്, ഇബ്രാഹിം സാഹിബ്, പി.കെ. ഡീവർ, സി.പി. ഉമ്മർ, ചെറിയാൻ മാഞ്ഞൂരാൻ എന്നിവർക്ക് ഏറെ പീഢനങ്ങൾ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിലേക്ക് പൊതുജന ശ്രദ്ധ തിരിച്ചുവിടാൻ ശ്രമിച്ചവരിൽ വി.കെ. കുട്ടി സാഹിബ്, കെ.സി.എം. മേത്തർ, ടി.ഒ. ബാവ എന്നിവർ പ്രമുഖ സ്ഥാനമർഹിക്കുന്നു. കോൺഗ്രസ്സിൻെറ പ്രാദേശിക ഘടകം മുതൽ സംസ്ഥാന തലം വരെയുള്ള പ്രവർത്തക സമിതികളിൽ കുട്ടി സാഹിബ് അംഗമായിരുന്നിട്ടുണ്ട്. തൊഴിലാളികളുടേയും മുസ്ലിംകളുടേയും പ്രതിനിധിയെന്ന നിലയിൽ 1935 മുതൽ 1945 വരെ കൊച്ചി നിയമസഭയിൽ അദ്ദേഹം അംഗമായിരുന്നു. 1933 മുതൽ 20 വർഷക്കാലം ചേരാനല്ലൂർ പഞ്ചായത്ത് പ്രസിഡണ്ടായി പ്രവർത്തിച്ചിരുന്ന അദ്ദേഹം എറണാകുളം നഗരസഭാംഗവുമായിരുന്നിട്ടുണ്ട്. സമുദായോദ്ധാരണ പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായിരുന്നു. ജമാഅത്ത് ഫെഡറേഷൻ രൂപീകൃതമായപ്പോൾ കുട്ടി സാഹിബ് അതിൻെറ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. 1953ൽ ചങ്ങനാശ്ശേരിയിൽ മൂന്നു ദിവസം തുടർച്ചയായി സമ്മേളിച്ച മുസ്ലിം കോൺഫ്രൻസിനെക്കൊണ്ട് തിരു-കൊച്ചി മുസ്ലിം ലീഗ് രാഷ്ട്രീയമില്ലാത്ത സാമുദായിക സംഘടനയായിരിക്കണമെന്ന് തീരുമാനമെടുപ്പിച്ചതിൽ കോൺഗ്രസ്സുകാരനായ കുട്ടി സാഹിബിന് അതിയായ പങ്കുണ്ടായിരുന്നു. അതുപോലെ മൂല്യാധിഷ്ഠിത രാഷ്ട്രീയ പ്രവർത്തനശൈലിയുടെ ഉടമയായ ടി.ഒ. ബാവാ സാഹിബ്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രമുഖ നേതാക്കളിൽ ഒരാളാണ്. തൻെറ നിസ്വാർത്ഥ പ്രവർത്തനങ്ങളുടെ ഫലമായി ആദ്യം തിരു-കൊച്ചിയിലേയും പിന്നീട് കേരള പ്രദേശ് കോൺഗ്രസ്സിലേയും മുന്നണി നേതാക്കളിലൊരാളായി ഉയരുവാനും സംഘടനയുടെ ഔദ്യോഗിക പദവികൾ പലതും അലങ്കരിക്കുവാനും അദ്ദേഹത്തിന് സാധിച്ചു. തിരു-കൊച്ചി നിയമസഭയിൽ ആലുവ നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം കേരള സംസ്ഥാന രൂപീകരണത്തിന്ശേഷം രണ്ടുപ്രാവശ്യവും കൂടി കോൺഗ്രസ്സ് എം.എൽ.എ.യായി. കോൺഗ്രസ്സ് നിയമസഭാ പാർട്ടി സെക്രട്ടറി ബാവാ സാഹിബായിരുന്നു. കോൺഗ്രസ്സിൻേറ കേരള പ്രദേശ് കമ്മിറ്റി പ്രസിഡണ്ടായിരുന്ന ബാവാസാഹിബ് എ.ഐ.സി.സി. അംഗവും അഖിലേന്ത്യാ തലത്തിൽ ഉണ്ടാക്കിയിരുന്ന കോൺഗ്രസ്സ് റീ ഓർഗനൈസേഷൻ കമ്മിറ്റി അംഗവുമായിരുന്നു. മുസ്ലിംകളെ കോൺഗ്രസ്സിലേക്ക് കൊണ്ടുവരുവാൻ ശ്രമിച്ചവരിൽ ബാവാ സാഹിബ് പ്രമുഖ സ്ഥാനം അലങ്കരിച്ചിരുന്നു. ബാവാ സാഹിബിനെപ്പോലെയും കുട്ടി സാഹിബനെപ്പോലെയും കോൺഗ്രസ്സ് ആദർശങ്ങളിൽ ആകൃഷ്ടനായി ചെറുപ്രായത്തിൽ തന്നെ രാഷ്ട്രീയ പ്രവർത്തനത്തിലും പൊതുകാര്യത്തിലും സജീവ പങ്കാളിത്വം വഹിച്ച കോൺഗ്രസ്സ് നേതാവാണ് ഹാജി കെ.സി.എം. മേത്തർ സാഹിബ്. കൊച്ചി രാജ്യത്തെ ആദ്യകാല രാഷ്ട്രീയ പ്രവർത്തകരിൽ ഒരാളാണദ്ദേഹം. ടാറ്റാ തൊഴിലാളി യൂണിയൻെറയും ടിൻ ഫാക്ടറി തൊഴിലാളിയൂണിയൻെറയും ആദ്യകാല പ്രവർത്തനങ്ങളിലും മേത്തർ സാഹിബ് പങ്കാളിയായിട്ടുണ്ട്. കോൺഗ്രസ്സിൻേറ ആദർശങ്ങളിൽ അടിയുറച്ച് വിശ്വസിച്ചിരുന്ന അദ്ദേഹം നല്ല ഒരു ഗാന്ധിയനായിരുന്നു. ഖദർധാരിയായിരുന്ന അദ്ദേഹം ഗാന്ധിത്തൊപ്പി ധരിച്ച് നടന്നിരുന്ന ചുരുക്കം കോൺഗ്രസ്സ് പ്രവർത്തകരിൽ ഒരാളാണ്. കൊച്ചി രാജ്യ പ്രജാ മണ്ഡലത്തിൻെറ ആരംഭം മുതൽ അതിൻെറ പ്രധാന സാരഥികളിൽ മുഖ്യനായിരുന്നു മേത്തർ സാഹിബ്. 1948ൽ കൊച്ചി നിയമ

സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം തിരുകൊച്ചി നിയമസഭയിലും അംഗമായിരുന്നു. പ്രജാമണ്ഡലം കോൺഗ്രസ്സിൽ ലയിച്ചപ്പോൾ കോൺഗ്രസ്സിന്റെ സംസ്ഥാന തല പ്രവർത്തകരിലൊരാളായിത്തീർന്നു മേത്തർ സാഹിബ്. കെ.പി.സി.സി. ട്രഷറർ, എ.ഐ.സി.സി അംഗം തുടങ്ങിയ ഉന്നത പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. എ.ഐ.സി.സി.യുടെ എല്ലാ വാർഷിക സമ്മേളനങ്ങളിലും മുടങ്ങാതെ പങ്കെടുത്തിരുന്ന ചുരുക്കം കേരളീയരിൽ ഒരാളായിരുന്നു അദ്ദേഹം. മദ്യനിരോധന പ്രസ്ഥാനം കേരളത്തിലുടനീളം പ്രധാന ചർച്ചാവിഷയമാക്കിത്തീർത്തതിൽ മേത്തർ സാഹിബ് വഹിച്ച പങ്ക് പ്രശംസാർഹമാണ്. ചുരുക്കത്തിൽ കൊച്ചിയിലെ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ ഏറെ നേട്ടങ്ങളുണ്ടാക്കാൻ മുസ്ലിംകൾക്ക് കഴിഞ്ഞിരുന്നു.

മലബാറിലേത് പോലെ പ്രബലമായിരുന്നില്ലെങ്കിലും കൊച്ചിയിൽ മുസ്ലിംലീഗിന്റെ പ്രവർത്തനം നടന്നിരുന്നു. സംഘടനയെ കെട്ടുറപ്പോടുകൂടി വളർത്തിക്കൊണ്ടുവരുവാൻ സഹായിച്ചവരിൽ പ്രധാനി ഭൂവുടമയും ധർമ്മിഷ്ഠനുമായിരുന്ന ഇസ്മെയിൽ ഹാജി ഈസാസേട്ടുവാണ്. കൊച്ചിൻ സ്റ്റെയിറ്റ് മുസ്ലിം ലീഗിന്റെ പ്രസിഡണ്ടായിരുന്നു അദ്ദേഹം. മുസ്ലിംകൾക്കിടയിൽ ഏറെ സ്വാധീനമുണ്ടായിരുന്ന ഈ സംഘടയുടെ മുഖപത്രമായിരുന്നു 'കൊച്ചിൻ മെയിൽ'. അഡ്വക്കേറ്റ് കെ.എ. മുഹമ്മദ് സാഹിബ് സംഘടനയുടെ സെക്രട്ടറിയായി വളരെക്കാലം പ്രവർത്തിച്ചു. കെ.എം. സീതി സാഹിബ് തലശ്ശേരിയിലേക്ക് പ്രാക്ടീസ് മാറിപ്പോകുന്നത് വരെ കൊച്ചിൻ സ്റ്റെയിറ്റ് മുസ്ലിംലീഗിന്റെ ബുദ്ധിയും ശക്തിയും പ്രദാനം ചെയ്ത വ്യക്തിയാണ്. സ്റ്റെയിറ്റിലെ മുസ്ലിംകളിൽ രാഷ്ട്രീയവും സാമുദായികവുമായ ഉണർവ്വുണ്ടാക്കുവാൻ മുസ്ലിംലീഗിന്റെ പ്രവർത്തനങ്ങൾ സഹായകമായി വർത്തിച്ചു. കെ.എം. സീതി സാഹിബ് ഉൾപ്പെടെയുള്ള ലീഗ് നേതാക്കൻമാരുടെ ശ്രമഫലമായിട്ടാണ് കേരള മുസ്ലിം എഡ്യുക്കേഷൻ അസോസിയേഷൻ എറണാകുളത്ത് രൂപം കൊണ്ടത്. തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് സ്ഥാപിച്ചത് ഈ സംഘടനയാണ്.

കൊച്ചിയിലേത് പോലെയോ, അതിൽ കൂടുതലോ രാഷ്ട്രീയ - വിദ്യാഭ്യാസ - സാമുദായിക പ്രവർത്തനങ്ങൾ ഈ നൂറ്റാണ്ടാരംഭത്തോടുകൂടി തിരുവിതാംകൂറിലും നടന്നിരുന്നു. ആധുനിക വിദ്യാഭ്യാസം ലഭിച്ചവർ തുലോം തുഛമായിരുന്നതിനാലായിരിക്കണം 1891ൽ തിരുവിതാംകൂറിൽ ആദ്യമായി നടന്ന രാഷ്ട്രീയ സമരമായ മലയാളി മെമ്മോറിയലിൽ മുസ്ലിംകൾക്ക് പങ്കാളിത്തമില്ലാതെ പോയത്. ഔദ്യോഗികതലം സഹ്യനപ്പുറത്ത് നിന്ന് വന്നിരുന്ന പട്ടർ ബ്രാഹ്മണൻമാരുടെ കൈയ്യിലായിരുന്നു. നാട്ടുകാരായ നായൻമാർ തുടങ്ങിയുള്ള ഒരു വിഭാഗത്തിനും ഉദ്യോഗങ്ങളോ സ്ഥാനമാനങ്ങളോ അപ്രാപ്യമായി വന്ന സാഹചര്യത്തിൽ 'മണ്ണിന്റെ മക്കൾ' വാദമെന്ന പോലെ, മലയാളികൾക്ക് അർഹമായ സ്ഥാനമാനങ്ങൾ ലഭിക്കുന്നതിന് വേണ്ടി നടത്തിയ ശ്രമമായിരുന്നു 'മലയാളി മെമ്മോറിയൽ ' എന്ന പേരിൽ പ്രസിദ്ധമായത്. നായൻമാർ, ക്രിസ്ത്യാനികൾ, ഈഴവർ എന്നീ സമുദായാംഗങ്ങൾ മാത്രമാണ് മെമ്മോറിയലിൽ ഒപ്പുവെച്ചിരുന്നവർ. മുസ്ലിം സമുദായത്തിൽ വിദ്യാഭ്യാസപരമായും സംഘടനാ പരമായും ഉള്ള സംരംഭങ്ങൾക്ക് തിരുവിതാംകൂറിൽ തുടക്കം കുറിച്ചത് 20-ാം നൂറ്റാണ്ട് പൊട്ടിവിടർന്നതിന് ശേഷമാണ്. ഇതിന്റെ നേതൃത്വവും പ്രചോദനവും നവോത്ഥാനനായകനായ വക്കം അബ്ദുൾഖാദർ മൗലവിയിൽ നിന്നായിരുന്നു. അദ്ദേഹത്തിന്റെ പ്രേരണയുടെ ഫലമായി 1921 ആഗസ്റ്റ് 21-ന് തിരുവിതാംകൂറിലെ മുസ്ലിം പ്രമാണിമാരുടെ ഒരു കോൺഫ്രൻസ് തിരുവനന്തപുരത്ത് ആര്യശാലയിൽ നടന്നു. ആലപ്പുഴയിലെ എൻ.എ. മുഹമ്മദ് കുഞ്ഞു സാഹിബിന്റെ നേതൃത്വത്തിലാണ് ഈ സമ്മേളനം നടന്നത്. തിരുവിതാംകൂറിലെ 23 താലൂക്കുകളിൽ നിന്നുമായി 300ൽ അധികം പ്രതിനിധികൾ ഈ യോഗത്തിൽ സംബന്ധിച്ചു. മുസ്ലിംകളുടെ വിദ്യാഭ്യാസ - സാമൂഹ്യ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ടും അതിനായി ശക്തമായ ഒരു സംഘടനയുടെ ആവശ്യകത അനുസ്മരിപ്പിച്ചും കൊണ്ടുമാണ് മൂന്ന് ദിവസം നീണ്ടു നിന്ന സമ്മേളനം സമാപിച്ചത്. ഇതിന്റെ ഫലമായി തിരുവിതാംകൂറിലെ മിക്ക താലൂക്കുകളിലും മുസ്ലിം സമാജങ്ങൾ ഉടലെടുത്ത് വിദ്യാഭ്യാസ - സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ടിരുന്നു. തിരുവിതാംകൂർ മുസ്ലിംകളെ രാഷ്ട്രീയമായും സാമുദായികമായും സംഘടിപ്പിച്ച് സമുദായത്തിന്റെ അവശതകൾ പരിഹരിക്കുവാനും അവകാശങ്ങൾ നേടിയെടുക്കുവനുമായി പ്രയത്നിച്ചവരിൽ പ്രമുഖരാണ് എച്ച്.ബി. മുഹമ്മദ് റാവുത്തർ, പി.കെ. കുഞ്ഞു സാഹിബ്, പി.എസ്. മുഹമ്മദ് സാഹിബ്, എ. തങ്ങൾ കുഞ്ഞു മുസലിയാർ, അബ്ദുൾ മജീദ് മരിയ്ക്കാർ സാഹിബ് എന്നിവർ. ഇവരുടെ ഒറ്റയ്ക്കും കൂട്ടായുമുള്ള ശ്രമഫലമായി സമുദായത്തെ ദീർഘനിദ്രയിൽ നിന്നും തട്ടിയുണർത്തി പ്രകാശത്തിന്റെ പൂമ്പുലരിയിലേക്ക് ആനയിക്കുവാൻ സാധിച്ചു എന്നത് നമുക്കിവിടെ ഓർക്കാം. മുസ്ലിം സമുദായത്തെ പിന്നോക്കാവസ്ഥയിൽ നിന്നും ഉയർത്തിക്കൊണ്ടുവരുവാനുള്ള ആസൂത്രിത പദ്ധതികളോടുകൂടി എച്ച്.ബി. മുഹമ്മദ് റാവുത്തരുടെ നേതൃത്വത്തിൽ 1924ൽ 'തിരുവിതാംകൂർ യങ്ങ്മെൻസ് അസോസിയേഷൻ' എന്നൊരു സംഘടന രൂപീകൃതമായി. കൊച്ചിയിലും വി.കെ. കുട്ടി സാഹിബിന്റെയും മറ്റും ശ്രമഫലമായി 'എറണാകുളം യങ്ങ് മെൻസ് അസോസിയേഷൻ' എന്ന സംഘടനയും നിലവിലുണ്ടായിരുന്നു. ഈ രണ്ട് ഘടകങ്ങളേയും കൂട്ടി യോജിപ്പിച്ച് 1926ൽ 'അഖില കേരള യങ്ങ് മെൻസ് അസോസിയേഷൻ' രൂപീകരിച്ച് അതിന്റെ പ്രവർത്തനം മലബാറിലേക്കും വ്യാപിപ്പിച്ചു. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു ഘടകങ്ങളെ സാംസ്കാരികമായി ഒന്നിപ്പിക്കുവാനുള്ള ഒരു ശ്രമമായിരുന്നു ഇത്. എന്നാൽ ഈ സംഘടനയ്ക്ക് കാര്യമായ നേട്ടങ്ങളൊന്നും ഉണ്ടാക്കുവാൻ സാധിച്ചിരുന്നില്ല.

തിരുവിതാംകൂറിൽ മുസ്ലിംകളുടെ ന്യായമായ ആവശ്യങ്ങൾപോലും പരിഗണിച്ചിരുന്നില്ല. ഔദ്യോഗികരംഗത്തോ, നിയമനിർമ്മാണ സഭകളിലോ മുസ്ലിംകൾക്ക് അർഹമായി ലഭിക്കേണ്ട പ്രാതിനിധ്യം എത്ര നിവേദനങ്ങൾ നടത്തിയിട്ടും ഫലപ്രദമായില്ല. ശക്തമായ ഒരു സംഘടനയുടെ അഭാവമാണ് തങ്ങളുടെ ആവശ്യങ്ങൾ പരിത്യജിക്കപ്പെടുവാനുള്ള കാരണമെന്ന് വിദ്യാസമ്പന്നരായ നേതാക്കൻമാർക്കറിയാമായിരുന്നു. അങ്ങനെയാണ് 1930ൽ നാനാതുറകളിൽ വ്യാപൃതരായിരുന്ന മുസ്ലിംകളുടെ ഒരു മഹാസമ്മേളനം കൊല്ലത്ത് കൂടുന്നത്. മലബാർ ജില്ലാ ബോർഡ് പ്രസിഡണ്ടായിരുന്ന ടി.എം. മൊയ്തു സാഹിബിന്റെ ആദ്ധ്യക്ഷതയിൽ നടന്ന ഈ സമ്മേളനത്തിലാണ് 'തിരുവിതാംകൂർ മുസ്ലിം മഹാജനസഭ' രൂപീകൃതമായത്. എച്ച്.ബി. മുഹമ്മദ് റാവുത്തർ, പി.എസ്. മുഹമ്മദ് സാഹിബ്, പി.കെ. കുഞ്ഞുസാഹിബ് എന്നിവരായിരുന്നു ഇതിന്റെ സംഘാടകരെങ്കിലും കൊച്ചുകായിക്കര എം.കെ.എ. മൊയ്തീൻ കുഞ്ഞു സാഹിബ് പ്രസിഡണ്ടായും ഇടവ എൻ.എ. യൂസുഫ് സാഹിബ് സെക്രട്ടറിയുമായിട്ടാണ് സമ്മേളാനന്തരം ഉണ്ടാക്കിയ താൽക്കാലിക കമ്മിറ്റി രൂപം കൊണ്ടത്. തിരുവിതാംകൂർ മുസ്ലിംകളുടെ എല്ലാ വ്യാപാര മണ്ഡലങ്ങളിലും പുരോഗതി ഉണ്ടാക്കുവാൻ പറ്റുന്ന സാമൂഹിക പരിതസ്ഥിതി സൃഷ്ടിക്കുകയെന്നതായിരുന്നു മഹാജനസഭയുടെ ലക്ഷ്യം. എന്നാൽ നേതാക്കൻമാരുടെ അഭിപ്രായഭിന്നതയും ചേരിപ്പോരും ഈ സംഘടനയുടെ ആയുസ്സിന് ദൈർഘ്യം കൊടുത്തില്ല. തുടർന്ന് 1931ൽ കായംകുളത്ത് ഒരു വലിയ മുസ്ലിം സമ്മേളനം വിളിച്ചുകൂട്ടി. എച്ച്.ബി. റാവുത്തരും കുഞ്ഞുസാഹിബുമായിരുന്നു അതിന്റെ സൂത്രധാരൻമാരും സംഘാടകരും. പി.എസ്. മുഹമ്മദ് സാഹിബും ടി.എ. അബ്ദുല്ലാ സാഹിബും ഈ സംരംഭത്തിൽ പങ്കുചേർന്നവരാണ്. ജീവിതത്തിന്റെ വിവിധ വ്യാപര മണ്ഡലങ്ങളിലുള്ള മുസ്ലിംകളുടെ ദയനീയ സ്ഥിതി മനസ്സിലാക്കി സമുദായത്തെ പുരോഗതിയിലേക്ക് നയിക്കുന്നതിനാവശ്യമായ പല നിർദ്ദേശങ്ങളും യോഗത്തിൽ നിന്നുണ്ടായി. എല്ലാ വിഭാഗം ആളുകളേയും ഒരേ വേദിയിൽ കൊണ്ടുവരത്തക്ക ബലവത്തായ ഒരു സംഘടന വേണമെന്ന ആവശ്യവും ശക്തമായി വന്നു. ഇതേതുടർന്ന് 'തിരുവിതാംകൂർ മുസ്ലിം സർവീസ് ലീഗ്' എന്ന പേരോടുകൂടി പുതിയ ഒരു സംഘടന രൂപം കൊണ്ടു. എച്ച്.ബി. റാവുത്തർ പ്രസിഡണ്ടായിരുന്ന ഈ സംഘടനയുടെ സെക്രട്ടറി പി.കെ. കുഞ്ഞു സാഹിബായിരുന്നു. 'രാജ്യാഭിമാനി' എന്നൊരു മാസിക മുസ്ലിം സർവീസ് ലീഗിന്റെ മുഖപത്രമായി പ്രസിദ്ധീകരണവും ആരംഭിച്ചു. സംഘടനയുടെ ആദ്യത്തെ വാർഷിക സമ്മേളനം എൻ. സിദ്ദീഖ് സേട്ടുവിന്റെ ആദ്ധ്യക്ഷതയിൽ ആലപ്പുഴയിൽ നടന്നു. ഇ.വി. കൃഷ്ണപിള്ള, മുള്ളൂർ ഗോവിന്ദപിള്ള, അന്നാചാണ്ടി തുടങ്ങിയവർ ഈ സമ്മേളനത്തെ അഭിസംബോധന ചെയ്തവരിൽ ഉൾപ്പെടുന്നു. മുസ്ലിം വിരുദ്ധനയമാണ് അക്കാലത്ത് ദിവാനായിരുന്ന സുബ്രഹ്മണ്യഅയ്യർ അനുവർത്തിച്ചിരുന്നത്. ദിവാൻ രാജഗോപാലാചാരിയുടെ കാലത്ത് ഒരു മുസ്ലിം വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുവാൻ ആലപ്പുഴയിൽ നൽകിയിരുന്നു എട്ടേക്കർ സ്ഥലം തിരിച്ചെടുക്കുകയും അവിടെ നടന്നുകൊണ്ടിരുന്ന ഇംഗ്ലീഷ് മിഡിൽ സ്കൂൾ നിർത്തലാക്കുകയും ചെയ്തു അദ്ദേഹം ആലപ്പുഴയിൽ പ്രശസ്തമാംവിധം നടന്നുവന്നിരുന്ന മുഹമ്മദൻ ഇംഗ്ലീഷ് ഹൈസ്കൂൾ പൂട്ടിക്കുവാനുള്ള നടപടികളും ആരംഭിച്ചിരുന്നു. മുസ്ലിംകളുടെ ശക്തമായ എതിർപ്പ് മൂലം ആലപ്പുഴ സ്കൂൾ നിർത്തുവാനുള്ള ശ്രമം ദിവാന് ഉപേക്ഷിക്കേണ്ടതായി വന്നുകൂടി. ഇതിന് വേണ്ടി പ്രവർത്തിച്ചവരത്രയും മുസ്ലിം സർവ്വീസ് ലീഗ് ആണ്. സർവ്വീസ് ലീഗിന്റെ രണ്ടാമത്തെ വാർഷിക സമ്മേളനം കൊല്ലം ജില്ലയിലെ പരവൂരിലാണ് കൂടിയത്. ഇത് 1932ൽ ആയിരുന്നു. മുസ്ലിംകളിൽ തന്നെ ഒരു വിഭാഗം സമ്മേളനം പരാജയപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടത്തിയിരുന്നുവെങ്കിലും സംഘാടകരുടെ ആത്മാർത്ഥതയും നിശ്ചയദാർഢ്യതയും * കൊണ്ട് സമ്മേളനം വലിയ വിജയത്തിലാണ് കലാശിച്ചത്.

ആ വർഷം തന്നെയായിരുന്നു ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിന്റെ സ്ഥാനാരോഹണം. ഈ അവസരം മുസ്ലിം സർവ്വീസ് ലീഗ് വേണ്ടുവോളം പ്രയോജനപ്പെടുത്തിയതായി കാണാം. ലീഗിന്റെ മുഖപത്രമായ 'രാജ്യാഭിമാനി'യുടെ ഒരു വിശേഷാൽ പ്രതി പ്രസിദ്ധീകരിക്കുകയും എച്ച്.ബി. റാവുത്തരും, പി.കെ കുഞ്ഞുസാഹിബും അതിന്റെ കോപ്പി മഹാരാജാവിനെ നേരിൽ കണ്ട് സമർപ്പിക്കുകയും ചെയ്തു. മഹാരാജാവിന്റെ തിരുവുള്ളത്തിൽ മുസ്ലിംകളോട് കനിവും കാരുണ്യവും ഉണ്ടാക്കുവാനായിരുന്നു ഈ അദ്ധ്വാനം. എന്നാൽ പിന്നീടുള്ള സർക്കാർ നടപടികൾ, മുസ്ലിംകളെ നിരാശപ്പെടുത്തുകയാണ് ചെയ്തത്. ശ്രീചിത്തിര തിരുനാൾ സ്ഥാനാരോഹണം നടത്തിയ ശേഷം വിളംബരം ചെയ്ത ഭരണ പരിഷ്ക്കാരങ്ങൾ തിരുവിതംകൂറിലെ മുസ്ലിം - ക്രൈസ്തവ - ഈഴവ സമുദായ താൽപര്യങ്ങളെ പാടെ അവഗണിച്ചുകൊണ്ടുള്ളതായിരുന്നു. ശ്രീമൂലം അസംബ്ലിയിലും ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിലിലും മുസ്ലിംകൾക്ക് അർഹമായ പ്രാതിനിധ്യത്തിന് വേണ്ടി അത്വരെ നടത്തിയ നിവേദനങ്ങൾ അത്രയും കാറ്റിൽ പറത്തുന്നതായിരുന്നു പുതിയ ഭരണ പരിഷ്ക്കാര പ്രഖ്യാപനം. ഈഴവരും ക്രിസ്ത്യാനികളും തുല്യ ദുഃഖിതരുമായിരുന്നു. ഈ സഹോദര സമുദായങ്ങളോട് ചേർന്ന് മുസ്ലിംകളുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാനുള്ള സംരംഭമാണ് പിന്നീട് നടന്നത്. ഔദ്യോഗിക തലത്തിലും നിയമനിർമ്മാണ സഭകളിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം വേണമെന്നതായിരുന്നു മുഖ്യ ആവശ്യം. 1933ൽ മുസ്ലിം സർവ്വീസ് ലീഗിന്റെ ഒരു മഹാസമ്മേളനം എച്ച്.ബി. റാവുത്തരുടെ അദ്ധ്യക്ഷതയിൽ നടന്നു. ക്രൈസ്തവ - ഈഴവ സമുദായങ്ങളുമായി ഒരുടമ്പടി ഉണ്ടാക്കുവാനും അധികൃത സ്ഥാനങ്ങളിൽ ആവശ്യമായ നിവേദനങ്ങൾ സമർപ്പിക്കുവാനും സമ്മേളനം ഒരു ഉന്നതാധികാര കമ്മിറ്റിയെ ചുമതലപ്പെടുത്തി. എച്ച്.ബി. റാവു

അരും പി.കെ. കുഞ്ഞുസാഹിബും അതിൽ പ്രമുഖരാണ്. ഇതിനെതുടർന്ന് സി. കേശവൻ, പി.കെ. കുഞ്ഞുസാഹിബ്, എൻ.വി. ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ 'സംയുക്ത രാഷ്ട്രീയ കോൺഗ്രസ്സ് ' എന്നൊരു സംഘടന രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ഈഴവ - മുസ്ലിം - ക്രൈസ്തവ സമുദായങ്ങളുടെ പ്രതിനിധികളെന്ന നിലയിൽ ഈ സമുദായങ്ങളുടെ അവശതകൾ പരിഹരിക്കുവാനും ഭരണപരിഷ്ക്കാര നടപടികൾക്കെതിരായി ഏകോപിതമായി ശബ്ദമുയർത്തുവാനും തീരുമാനിച്ചു. തിരുവിതാംകൂറിൻെറ രാഷ്ട്രീയ ചരിത്രത്തിൽ സുപ്രധാന അദ്ധ്യായമായ 'നിവർത്തന പ്രസ്ഥാനം' അങ്ങനെയാണ് ആരംഭിച്ചത്. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാനുള്ള തീരുമാനം കൊണ്ടാണ് ഈ സമരമുറക്ക് നിവർത്തന പ്രസ്ഥാനം എന്ന പേര് വീണത്. ഇവർ ഓരോ സമുദായത്തിൻെറയും പരാധീനതകൾ വ്യക്തമാക്കിക്കൊണ്ടും തങ്ങൾക്ക് ലഭിക്കേണ്ട അവകാശങ്ങൾ എണ്ണിയെണ്ണി പറഞ്ഞ് കൊണ്ടും ദിവാന് ഒരു ഭീമഹർജി സമർപ്പിക്കുകയുണ്ടായി. എന്നാൽ ഇവരുടെ നിവേദനത്തെ പരിഗണിച്ചില്ലെന്ന് മാത്രമല്ല തിരഞ്ഞെടുപ്പ് ബഹിഷ്ക്കരണം നടത്തുമെന്ന് ഭീഷണിയുണ്ടായിട്ടു പോലും ഗവൺമെൻറ് മുൻ നിശ്ചയമനുസരിച്ച് തിരഞ്ഞെടുപ്പ് നടത്തി. തിരഞ്ഞെടുപ്പ് ഫലം അസന്നിഗ്ദമായി വ്യക്തമാക്കിയ കാര്യം നിവർത്തന പ്രക്ഷോഭണകാരികളുടെ അവകാശവാദങ്ങളെ തീർത്തും ശരിവെക്കുന്നതായിരുന്നു. എട്ടുലക്ഷത്തി അറുപത്തി എണ്ണായിരത്തിൽ അല്പം കൂടുതലുള്ള നായൻമാർക്ക് 36 സീറ്റുകൾ നേടാൻ കഴിഞ്ഞപ്പോൾ അവരെക്കാൾ കൂടുതൽ ജനസംഖ്യയുണ്ടായിരുന്ന ഈഴവർക്ക് കിട്ടിയ സ്ഥാനം മൂന്ന് മാത്രമായിരുന്നു. പതിനാറ് ലക്ഷത്തിൽ പരം ഉണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് 10 സീറ്റ് കൊണ്ട് തൃപ്തിപ്പെടേണ്ടതായി വന്നു. മൂന്നരലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുണ്ടായിരുന്ന മുസ്ലിംകൾക്ക് കിട്ടിയത് മൂന്ന് സീറ്റ് മാത്രമാണ്. എന്ന് വെച്ചാൽ 38 ലക്ഷത്തോളം വരുന്ന ക്രൈസ്തവ - ഈഴവ - മുസ്ലിം സമുദായങ്ങൾക്ക് ഒട്ടാകെ 16 സീറ്റ് ലഭിച്ചപ്പോൾ എട്ടര ലക്ഷത്തിന് മേലുള്ള നായൻമാർക്ക് 36 സീറ്റുകൾ ലഭിച്ചെന്നർത്ഥം. തുടർന്ന് അവകാശങ്ങൾ നേടിയെടുക്കുവാൻ ഇവർ കൂട്ടായി നടത്തിയ പ്രക്ഷോഭണങ്ങളിൽ മുസ്ലിംകളും സജീവമായി പങ്കെടുത്തിരുന്നു. ഇതിനോടനുബന്ധിച്ച് കോഴഞ്ചേരിയിൽ സി. കേശവൻ നടത്തിയ പ്രസംഗത്തിൻെറ പേരിലായിരുന്നല്ലോ രണ്ട് കൊല്ലത്തെ കഠിന തടവിന് അദ്ദേഹത്തെ ശിക്ഷിച്ചത്. ആ രാഷ്ട്രീയ സമ്മേളനത്തിൻെറ സൂത്രധാരൻ പി.കെ. കുഞ്ഞുസാഹിബായിരുന്നു. സി. കേശവൻ ആധ്യക്ഷം വഹിച്ച ആ സമ്മേളനത്തെ സ്വാഗതം ചെയ്തത് പി.കെ. കുഞ്ഞുസാഹിബാണ്. നിവർത്തന പ്രസ്ഥാനത്തെ അടിച്ചമർത്തുവാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ സവർണ്ണ മേധാവിത്വം അവരുടെ അവകാശവാദങ്ങൾ മിക്കവാറും അംഗീകരിക്കുവാൻ നിർബന്ധരായിത്തീർന്നു. അവശസമുദായങ്ങൾക്ക് ലഭിച്ച ഈ വിജയത്തിൽ മുസ്ലിംകൾക്കും ആഹ്ലാദിക്കുവാൻ വകയുണ്ടായിരുന്നു എങ്കിൽ കൂടിയും ബലവത്തായ ഒരു സംഘടനയുടെ അഭാവം അപ്പോഴും തിരുവിതാംകൂറിലെ മുസ്ലിംകളെ നിരാശപ്പെടുത്തിയിരുന്നു. ഇത് പരിഹരിക്കുവാൻ വേണ്ടിയാണ് 1945ൽ വർക്കലയിൽ ഒരു മുസ്ലിം പ്രതിനിധി സമ്മേളനം വിളിച്ചുകൂട്ടിയത്. 'തിരുവിതാംകൂർ സ്റ്റേറ്റ് മുസ്ലിം ലീഗ് ' രൂപം കൊള്ളുന്നത് അങ്ങനെയാണ്. പി.എസ്. മുഹമ്മദ് സാഹിബ് പ്രസിഡണ്ടും പി.കെ. കുഞ്ഞുസാഹിബ് സെക്രട്ടറിയുമായിട്ടാണ്, ഈ പുതിയ സംഘടന പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഈ നേതൃത്വത്തോട് എതിർപ്പുള്ള കുറെയധികം മുസ്ലിംകൾ തങ്ങൾകുഞ്ഞു മുസ്ലിയാരുടെ ആദ്ധ്യക്ഷതയിൽ യോഗം കൂടി 'മുസ്ലിം മജ്ലിസ് ' എന്ന പേരിൽ വേറൊരു സംഘടനയുമുണ്ടാക്കി. തിരുവിതാംകൂറിൽ പലപ്പോഴായി ഏകീകൃതമായ ഒരു മുസ്ലിം അസോസിയേഷന് വേണ്ടിയുള്ള ശ്രമം നടന്നിട്ടുള്ളപ്പോഴൊക്കെതന്നെ സമുദായത്തിൻെറ സമൂലമായ പിന്തുണ ലഭിക്കാതെ പോകുകയുയാണുണ്ടായിട്ടുള്ളത്. നേതാക്കൻമാർ തമ്മിലുള്ള അഭിപ്രായഭിന്നതയാണ് പലപ്പോഴും ഇതിന് കാരണമായി വർത്തിച്ചിട്ടുള്ളതും. എന്നാൽ തിരുവിതാംകൂർ സ്റ്റേറ്റ് മുസ്ലിം ലീഗ് മുസ്ലിംകളിൽ രാഷ്ട്രീയാവബോധം ഉണ്ടാക്കുവാൻ വളരെ സഹായിച്ചിരുന്നു. ജമാഅത്ത് അടിസ്ഥാനത്തിൽ കീഴ്ഘടകങ്ങൾ ഉണ്ടാക്കുക എന്നതായിരുന്നു അവർ ആദ്യം ചെയ്തത്. ഒരു കൊല്ലത്തിനിടയ്ക്ക് 287 മഹല്ലുകളിൽ 30,000ത്തിൽ കൂടുതൽ അംഗങ്ങളും 47 കീഴ്ഘടകങ്ങളും സംഘടിപ്പിക്കുവാൻ കഴിഞ്ഞിരുന്നു. പിറ്റെ വർഷം ലീഗിൻെറ അംഗസംഖ്യ 36,000 ആയി ഉയരുകയും 469 മഹല്ലുകളിലായി 58 ഘടകങ്ങൾ നിലവിൽ വരികയും ചെയ്തു.

തിരുവിതാംകൂറിൽ ജനാധിപത്യത്തിന് വേണ്ടിയുള്ള പ്രക്ഷോഭണങ്ങളും അടിച്ചമർത്തലുകളും കൊടുമ്പിരിക്കൊണ്ടിരുന്ന സന്ദർഭത്തിലാണ് 1947 ആദ്യത്തിൽ തിരുവിതാംകൂർ മുസ്ലിംലീഗിൻെറ പ്രഥമ വാർഷികം നടക്കുന്നത്. സി.പി.യുടെ സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപനവും നടന്ന് കഴിഞ്ഞിരുന്നു. സ്റ്റേറ്റ് കോൺഗ്രസ്സ് സമരത്തിലുമായിരുന്നു. ആ സന്ദർഭത്തിൽ നടന്ന ലീഗ് സമ്മേളനം എടുത്ത തീരുമാനം മുസ്ലിംലീഗ് അംഗങ്ങൾ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേരാതെ സ്വന്തം സംഘടനയിൽ ഉറച്ച് നിൽക്കണമെന്നാണ്. വാർഷിക സമ്മേളനത്തോടനുബന്ധിച്ച് നടന്ന പുതിയ ഭാര വാഹികളുടെ തെരഞ്ഞെടുപ്പിൽ പി.എസ്. മുഹമ്മദ് സാഹിബിനെ തന്നെയാണ് പ്രസിഡണ്ടായി തെരഞ്ഞെടുത്തത്. 1948ൽ ശ്രീമൂലം അസംബ്ലിയിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ലീഗ് നിർദ്ദേശിച്ച സ്ഥാനാർത്ഥികളെ കോൺഗ്രസ്സ് സഹായിച്ചു. അങ്ങനെ പി.എസ്. മുഹമ്മദ് സാഹിബ്, പി.കെ. കുഞ്ഞുസാഹിബ്, എം. മജീദ് മരിയ്ക്കാർ സാഹിബ് എന്നിവർ ശ്രീമൂലം അസംബ്ലിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അടുത്ത വാർഷികത്തിൽ ലീഗ് രാഷ്ട്രീയം ഉപേക്ഷിക്കണമെന്ന പ്രമേയം പാസ്സാക്കിയെടുക്കുവാൻ മുഹമ്മദ് സാഹിബിന് കഴിഞ്ഞിരുന്നു വെങ്കിലും സംഘടനാ തെരഞ്ഞെടുപ്പിൽ

മജീദ് മരിയ്ക്കാർ സാഹിബാണ് പ്രസിഡണ്ട് സ്ഥാനത്തേക്ക് വന്നത്. പിന്നീട് 1949ൽ കരുനാഗപ്പള്ളിയിൽ ചേർന്ന യോഗത്തിൽ രാഷ്ട്രീയം ഉപേക്ഷിക്കുക എന്ന പ്രമേയം പുനഃപരിശോധന നടത്തു കയും രാഷ്ട്രീയം വേണമെന്ന അഭിപ്രായത്തിന് മുൻതൂക്കം ലഭിക്കുകയും ചെയ്തതോടെ ലീഗിൽ പിളർപ്പുണ്ടായി. പി.എസ്. മുഹമ്മദ് സാഹിബും, പി.കെ. കുഞ്ഞുസാഹിബും മറ്റും പ്രവർത്തനങ്ങളിൽ നിന്നും മാറിനിന്നു. മുസ്ലിംകളിൽ പൊതുജനതൽപരരായ പലരും ദേശീയ പാർട്ടികളിൽ ചേർന്ന് പ്രവർത്തിക്കുന്നവരായത് കൊണ്ട് രാഷ്ട്രീയം കൈയ്യാളുന്ന സ്റ്റേറ്റ് മുസ്ലിംലീഗിന് സമുദായത്തിൽ നിന്ന് തന്നെ ശക്തിയായ എതിർപ്പിനെ നേരിടേണ്ടതായി വന്നു. തൽഫലമായി മജീദ് മരിയ്ക്കാർ സാഹിബിന്റെയും എ.ബി. കൊച്ചുണ്ണി സാഹിബിന്റെയും, കെ.എച്ച്. സുലൈമാൻ മാസ്റ്ററുടേയും സംയുക്ത ശ്രമം കൊണ്ട് തിരുവിതാംകൂർ സ്റ്റേറ്റ് മുസ്ലിംലീഗ്, 'കേരള ജമാഅത്ത് ഫെഡറേഷനായി' രൂപാന്തരപ്പെട്ടു. ഈ ജമാഅത്ത് ഫെഡറേഷന്റെ നേതൃത്വത്തിൽ എടുത്ത ജമാഅത്ത് സ്ഥിതി വിവരക്കണക്കും പ്രസിദ്ധീകരിച്ച കേരള മുസ്ലിം ഡയറക്ടറിയും സമുദായത്തിന്റെ യഥാർത്ഥ സ്ഥിതിഗതികളും ചരിത്രവും അനാവരണം ചെയ്യുന്ന അമൂല്യസംഭാവനകളാണ്. ഈ നേതാക്കൻമാരുടെ സഹായസഹകരണത്തോടെ ഈ മഹത്തായ കൃത്യം നിർവ്വ ഹിച്ചത് ചരിത്രകാരനായ പി.എ. സെയ്തുമുഹമ്മദ് സാഹി ബാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

തിരുവിതാംകൂറിലെ ട്രെയിഡ് യൂണിയൻ പ്രസ്ഥാനത്തിലും രാഷ്ട്രീയ പ്രവർത്തനത്തിലും മുസ്ലിംകൾ അവഗണിക്കാൻ സാധിക്കാത്ത വിധം കൂട്ടാളികളായിരുന്നിട്ടുണ്ട്. 1932ൽ ആലപ്പുഴയിലെത്തിയിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനും, നരിമാനും ഹൃദ്യമായ സ്വീകരണം നൽകിയത് മുസ്ലിം സർവ്വീസ് ലീഗിന്റെ നേതൃത്വത്തിലായിരുന്നു. അക്കാലത്തെ സമ്പ്രദായമനുസരിച്ച് അവർക്ക് ഒരു മംഗളപത്രവും സമർപ്പിക്കുകയുണ്ടായി. എച്ച്.ബി. റാവുത്തരും പി.കെ. കുഞ്ഞുസാഹിബുമാണ് നേതാക്കൻമാർക്ക് വേദികളൊരുക്കിയവർ. എച്ച്.ബി. റാവുത്തരുടെ എച്ച്.ബി. മാൻഷനിലാണ് നെഹ്റുവും നരിമാനും വിശ്രമിച്ചിരുന്നത്. തിരുവിതാംകൂറിൽ നടന്ന പ്രധാനപ്പെട്ട രാഷ്ട്രീയ പ്രക്ഷോഭണങ്ങൾ നിവർത്തപ്രസ്ഥാനവും ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യർ പ്രഖ്യാപിച്ച സ്വതന്ത്ര തിരുവിതാംകൂറിനെതിരായുള്ള സമരവുമായിരുന്നുവല്ലോ. ഇവയിലൊക്കെ സുപ്രധാനപങ്കാണ് തിരുവിതാംകൂർ മുസ്ലിംകൾക്കുണ്ടായിരുന്നത്. ദേശീയ സമരങ്ങളിൽ നേതൃത്വം വഹിച്ചവരിൽ പ്രധാനി പി.കെ. കുഞ്ഞു സാഹിബാണ്. ആദ്യകാലത്ത് കോൺഗ്രസ്സിനെ ഒരു ബഹുജന രാഷ്ട്രീയ പാർട്ടിയായി വളർത്തിയെടുത്തവരിൽ ഗണനീയമായ പങ്ക് അദ്ദേഹത്തിനുണ്ട്. ഉന്നത വിദ്യാഭ്യാസം വേണ്ടെന്ന് വെച്ച് സ്വാതന്ത്ര്യ സമര വേദിയിലേക്ക് അദ്ദേഹം കടന്നുവന്നു. സ്വാതന്ത്ര്യ സമരകാലത്ത് തിരുവിതാംകൂറിൽ കോൺഗ്രസ്സ് സംഘടിപ്പിച്ച ഏഴംഗ പ്രവർത്തകസമിതിയിലെ അംഗമായിരുന്നു അദ്ദേഹം. അഖില തിരുവിതാംകൂർ സംയുക്ത കോൺഗ്രസ്സ് പാർട്ടിയുടെ ജോയിന്റ് സെക്രട്ടറി, ഡി.സി.സി. പ്രസിഡണ്ട്, കോൺഗ്രസ്സ് അസംബ്ലി പാർട്ടിയുടെ ചീഫ് വിപ്പ്, കോൺഗ്രസ്സിന്റെ പ്രഥമ വാർഷിക സമ്മേളന കാര്യദർശി എന്നീ നിലകളിലൊക്കെ അദ്ദേഹം പ്രവർത്തിച്ചിരുന്നു.

തിരുവിതാംകൂറിലെ ട്രെയിഡ് യൂണിയൻ പ്രസ്ഥാനത്തിനും മുസ്ലിം സംഭാവന നല്ലവണ്ണം ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിലും എച്ച്.ബി. റാവുത്തരും, കുഞ്ഞുസാഹിബും സ്മരിക്കപ്പെടേണ്ടവരാണ്. തിരുവിതാംകൂർ ട്രെയിഡ് യൂണിയൻ പ്രസ്ഥാനം പടുത്തുയർത്തിയവരിൽ പ്രമുഖരാണ് ഇവർ ഇരുവരും. ആലപ്പുഴയിൽ ആദ്യം ഉണ്ടായ തൊഴിലാളി സമരത്തോടനുബന്ധിച്ച് കുഞ്ഞുസാഹിബിനേയും അറസ്റ്റ് ചെയ്ത് ശിക്ഷിച്ചിട്ടുണ്ട്. തിരുവിതാംകൂർ ലേബർ അസോസിയേഷന്റെ പ്രസിഡണ്ടായിരുന്ന അദ്ദേഹം തൊഴിലാളി പ്രസ്ഥാനത്തെ സ്വാതന്ത്ര്യസമരത്തിന്റെ ശക്തികേന്ദ്രമാക്കി മാറ്റി. നിരവധി തൊഴിലാളി സംഘടനകൾ അദ്ദേഹം പടുത്തുയർത്തി. തൊഴിലാളി സമരത്തോടനുബന്ധിച്ച് അഞ്ച് പ്രാവശ്യം അദ്ദേഹത്തിന് ജയിൽശിക്ഷ അനുഭവിക്കേണ്ടതായും വന്നുകൂടി. 1939ൽ തിരുവിതാംകൂർ നിയമ സഭയിൽ നിന്നും സ്റ്റേറ്റ് കോൺഗ്രസ്സ് അംഗങ്ങളെ ബഹിഷ്ക്കരിച്ചതോടെ നിയമലംഘനം തുടങ്ങുവാൻ കോൺഗ്രസ്സ് പ്രവർത്തക സമിതി തീരുമാനിച്ചു. ഇതിന് വേണ്ടി രൂപീകരിക്കപ്പെട്ട സമരസമിതിയിൽ കുഞ്ഞുസാഹിബും ഉണ്ടായിരുന്നു. ഇതേതുടർന്ന് പട്ടം താണുപിള്ള, ടി.എം. വർഗ്ഗീസ്, ജി. രാമചന്ദ്രൻ തുടങ്ങിയവരോടൊപ്പം കുഞ്ഞുസാഹിബിനെയും അറസ്റ്റ് ചെയ്തു. ജയിൽവിമോചിതനായശേഷം സമരരംഗത്ത് വീണ്ടും അദ്ദേഹം സജീവമായി. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ വാർഷിക സമ്മേളനത്തിന് ഒരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോഴാണ് യുദ്ധകാല അടിയന്തിരാവസ്ഥ പ്രമാണിച്ച് വാർഷിക സമ്മേളനം നിരോധിച്ചത്. പ്രത്യക്ഷ സമരപരിപാടി ഉപേക്ഷിക്കുവാൻ ഗാന്ധിജി ഉപദേശിച്ചതനുസരിച്ച് സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണം നിർത്തിവെച്ചു. ഇത് ചൂട് പിടിച്ചുകൊണ്ടിരുന്ന രാഷ്ട്രീയ അന്തരീക്ഷത്തെ തണുപ്പിക്കുകയാണ് ചെയ്തത്. തുടർന്ന് 1941ൽ കുഞ്ഞുസാഹിബും വളരെയധികം മുസ്ലിംകളും കോൺഗ്രസ്സിൽ നിന്നും വിട്ടുപോന്നു. തിരുവിതാംകൂറിലെയും തിരുകൊച്ചിയിലെയും ആദ്യകാല ജനകീയ മന്ത്രിസഭയിൽ ടി.എ. അബ്ദുല്ല സാഹിബ്, പി.കെ. കുഞ്ഞുസാഹിബ്, എ.എ. റഹീം സാഹിബ്, ടി.എ. മജീദ് സാഹിബ്, എന്നിവർ പലപ്പോഴായി മന്ത്രിമാരായിരുന്നിട്ടുണ്ട്. തിരുവിതാംകൂറിൽ, കോൺഗ്രസ്സ് പ്രജാ സോഷ്യലിസ്റ്റ് പാർട്ടി, കമ്മ്യൂണിസ്റ്റ് പാർട്ടി ഇത്യാദി സംഘടനകളിൽ മുസ്ലിംകൾ അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട് എന്നത് സ്മരണീയമാണ്. കേരള സംസ്ഥാന രൂപീകരണത്തിന് ശേഷം അഖിലേന്ത്യാ മുസ്ലിം ലീഗിന്റെ ഘടകവും തിരുവിതാംകൂറിൽ നിലവിൽ വന്നു.

*അവലംബം*

*1. സി.എച്ച്. മുഹമ്മദ് കോയ - രാഷ്ട്രീയ ജീവചരിത്രം, എം.സി. കോഴിക്കോട്, രണ്ടാം പതിപ്പ്, 1996.*

*2. പി.കെ. കുഞ്ഞാലിക്കുട്ടി - മുസ്ലിംലീഗ് ലക്ഷ്യബോധമുള്ള പ്രസ്ഥാനം - സംസ്ഥാന യൂത്ത് ലീഗ് സോവനീർ (ലേഖനം) 1996.*

*3. ഇ. അഹമ്മദ് - മുസ്ലിംലീഗ് - മതേതര ഇന്ത്യയ്ക്കും സമുദായ നൻമയ്ക്കും - യൂത്ത് ലീഗ് സോവനീർ, 1996.*

*4. പി.ടി. മമ്മു - മുസ്ലിം യൂത്ത് ലീഗ് തുടക്കവും തുടർച്ചയും - യൂത്ത് ലീഗ് സോവനീർ, 1996.*

*5. സത്യവാദി - എം.എസ്.എഫ്. ഉത്ഭവവും വളർച്ചയും - യൂത്ത് ലീഗ് സോവനീർ, 1996.*

*6. ജി.എം. ബനാത്ത്വാല - സെക്യുലർ വ്യവസ്ഥിതിയിൽ മുസ്ലിംലീഗിൻെറ പങ്കാളിത്തം - തൂലിക 41-ാം വാർഷിക സ്പെഷൽ.*

*7. യു.എ. ബീരാൻ - മുസ്ലിം ലീഗ് പിന്നിട്ട 41 വർഷം - തൂലിക മുൻപരാമർശം.*

*8. സി.എച്ച്. മുഹമ്മദ്കോയ - മുസ്ലിംലീഗ് കേരള നിയമ സഭയിൽ 1959ലെ കേരള സ്റ്റേറ്റ് മുസ്ലിംലീഗ് കോൺഫെറൻസ് ഉപഹാരഗ്രന്ഥം.*

*9. കെ.എം. സീതിസാഹിബ് - കേരളത്തിൽ മുസ്ലിം ലീഗിൻെറ പുരോഗതി, ഉപഹാരഗ്രന്ഥം, 1959.*

*10. എം. ആലിക്കുഞ്ഞ് - മുസ്ലിംലീഗിൻെറ ജൈത്രയാത്ര - 1959.*

*11. ഡോ. സി.കെ. കരീം - കേരള മുസ്ലിം ചരിത്രം, സ്ഥിതിവിവരക്കണക്ക്, ഡയറക്ടറി, വാല്യം രണ്ട്, സ്ഥിതിവിവരക്കണക്ക്, 1991.*

*12. ഡോ. സി.കെ. കരീം - കേരള മുസ്ലിം ചരിത്രം, സ്ഥിതിവിവരക്കണക്ക്, ഡയറക്ടറി, വാല്യം മൂന്ന്, 1991.*

*13. Dr. K.K. Kusuman - Abstention Movement, Sandhya Publications, Thiruvananthapuram.*

*14. Dr. A.P. Ibrahim Kunju - History of the Muslims of Kerala, Sandhya Publications Thiruvananthapuram.*

*15. Prof. K.M. Bahavuddeen - Muslims of Kerala, A long struuggle - 1993.*

*16. എം.സി. മുസ്ലിം ലീഗ് ചരിത്രത്തിൻെറ ദശാസന്ധികളിൽ, കോഴിക്കോട്, 1990.*

*17. അബുസിദ്ദിഖ്, മുസ്ലിംലീഗ്, ഭൂതം, വർത്തമാനം, ഭാവി, ഗ്രീൻഹൗസ് പബ്ലിക്കേഷൻസ്, കോഴിക്കോട്1, 1974.*


## IX *കേരള മുസ്ലിം എഡ്യുക്കേഷണൽ അസോസിയേഷൻ (കെ.എം.ഇ.എ)*

മദ്രാസ്സിൽ പ്രവർത്തിച്ചിരുന്ന സൗത്ത് ഇന്ത്യ മുസ്ലിം എഡ്യുക്കേഷണൽ അസോസിയേഷനിൽ കേരളത്തിലെ പല മലയാളി മുസ്ലിം പ്രമുഖൻമാരും അംഗങ്ങളായിരുന്നു. കേരളത്തിൽ നിന്നുള്ള മുസ്ലിം വിദ്യാർത്ഥിനി - വിദ്യാർത്ഥികൾക്ക് ഈ സംഘടന പല വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകി പ്പോരികയും ചെയ്തിരുന്നു. മലബാർ മദ്രാസ്സ് പ്രവിശ്യയുടെ ഭാഗമായിരുന്നതിനാലാണ് കേരളത്തിലെ, പ്രത്യേകിച്ച് മലബാറിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് ഈ സൗകര്യം കിട്ടിയിരുന്നത്. എന്നാൽ കേരള സംസ്ഥാനപ്പിറവിയോടുകൂടി മലബാർ കേരളഘടകമായി മാറിയതോടെ ഈ ആനുകൂല്യങ്ങൾ ഇല്ലാതായി. അക്കാലത്ത് മദ്രാസ്സിൽ നിന്നും എറണാകുളത്തേക്ക് താമസം മാറ്റി എത്തിയ ബി. പോക്കർ സാഹിബും കെ.എം. സീതി സാഹിബും ആണ് ഇതിന് ഒരു പരിഹാരം കണ്ടവർ. സൗത്ത് ഇൻഡ്യൻ മുസ്ലിം എഡ്യുക്കേഷണൽ അസോസിയേഷൻെറ മാതൃകയിൽ ഒരു വിദ്യാഭ്യാസ സഹായ സംഘടന രൂപീകരിക്കണമെന്ന് അവർ കൂട്ടായി ആലോചിച്ച് തീരുമാനിച്ചു. ഈ പശ്ചാത്തലത്തിലാണ് കേരള മുസ്ലിം എഡ്യുക്കേഷണൽ അസോസിയേഷൻ രൂപീകൃതമാകുന്നത്. സീതി സാഹിബും പോക്കർ സാഹിബും കൂട്ടായി വിളിച്ചുകൂട്ടിയ മുസ്ലിം സമുദായപ്രവർത്തകൻമാരുടെ ഒരു യോഗം അങ്ങനെ 1957 അവസാനം പോക്കർ സാഹബിൻെറ വസതിയിൽ കൂടി. കേരളത്തിൻെറ എല്ലാ ഭാഗങ്ങളിൽ നിന്നും എത്തിച്ചേർന്ന പ്രമുഖ വ്യക്തികൾ അടങ്ങിയ ഒരു വലിയ സദസ്സ് മുസ്ലിംകളുടെ വിദ്യാഭ്യാസ ഉന്നതിയ്ക്കായി ഒരു സംഘടന അടിയന്തിരമായുണ്ടാകേണ്ടതിൻെറ ആവശ്യം ഊന്നിപറഞ്ഞു. അതിൻെറ അടിസ്ഥാനത്തിൽ ബി. പോക്കർ സാഹിബിനെ പ്രസിഡണ്ടായും ഇബ്രാഹിം സുലൈമാൻ സേട്ടുവിനെ സെക്രട്ടറിയുമായി തെരഞ്ഞെടുത്ത് കേരള മുസ്ലിം എഡുക്കേഷണൽ അസോസിയേഷൻെറ പ്രവർത്തനത്തിന് പ്രാരംഭം കുറിച്ചു.

അർഹരായ മുസ്ലിം വിദ്യാർത്ഥി - വിദ്യാർത്ഥിനികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്ളോർഷിപ്പ് നൽകുക, മുസ്ലിം വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങൾ കെട്ടിപ്പടുക്കുക തുടങ്ങിയവയായിരുന്നു കെ.എം.ഇ.എ.യുടെ പ്രധാന ലക്ഷ്യങ്ങളായംഗീകരിച്ചത്. എല്ലാ രാഷ്ട്രീയ പാർട്ടികളിലുംപെട്ടവർ അടങ്ങിയ ഈ സംഘടന അതിൻെറ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ സഹായവും സഹകരണവും സമുദായത്തിൽ നിന്നും ലഭിക്കുകയുണ്ടായി. അങ്ങനെ പോക്കർ സാഹിബിൻെറ നേതൃത്വത്തിലും സീതി സാഹിബിൻെറ തണലിലും കെ.എം.ഇ.എ. അനുദിനം വളർന്നുവന്നു. എന്നാൽ കെ.എം.ഇ.എ.യുടെ ശൈശവ ദശ തീരുന്നതിന് മുമ്പു തന്നെ ഈ രണ്ടു നേതാക്കൻമാരും നിര്യതരായത് സംഘടനയുടെ

വളർച്ചയെ തളർത്തിയ ദുരന്തങ്ങളായിരുന്നു.

1960 ൽ കേരള നിയമസഭാ സ്പീക്കറായി കെ.എം. സീതി സാഹിബ് തെരഞ്ഞെടുക്കപ്പെട്ടിരുന്നു. കഷ്ടി പത്തു മാസമേ ആ സ്ഥാനമലങ്കരിക്കുവാൻ വിധി അദ്ദേഹത്തെ അനുവദിച്ചിരുന്നുള്ളു. എങ്കിൽ കൂടി, താൻ നട്ടു വളർത്തിയ കെ.എം.ഇ.എ.യെ പരിപോഷിപ്പിക്കുവാൻ അദ്ദേഹം മറന്നില്ല. അദ്ദേഹത്തിന്റെ ശ്രമഫലമായാണ് ഒരു പോളിടെക്നിക്ക് തുടങ്ങുവാനുള്ള അനുവാദം കെ.എം.ഇ.എയ്ക്ക് ലഭിച്ചത്. വലിയ മുതൽ മുടയ്ക്കാവശ്യമായ ഈ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുന്ന കാര്യത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റി സ്വാഭാവികമായും ഭയാശങ്കകൾ പ്രകടിപ്പിച്ചു. പോളിടെക്നിക്ക് ഏറ്റെടുത്ത് നിശ്ചയദാർഢ്യത്തോടെ നടത്തുവാൻ മുന്നോട്ടു വരണമെന്ന് സീതി സാഹിബ് നിർബ്ബന്ധിച്ചപ്പോൾ അത് നിരാകരിക്കുവാൻ കമ്മിറ്റിക്ക് കഴിഞ്ഞില്ല. സീതി സാഹിബിന്റെ പ്രേരണയും പ്രോത്സാഹനവും കൊണ്ടാണ് കെ.എം.ഇ.എയ്ക്ക് പോളിടെക്നിക്ക് ആരംഭിക്കുവനുള്ള ധൈര്യം ഉണ്ടായത്. സീതി സാഹിബിന്റെ തന്നെ ആഗ്രഹപ്രകാരമാണ് കേരളത്തിലെ പിന്നോക്ക പ്രദേശങ്ങളിലൊന്നായ തിരൂരിൽ പോളിടെക്നിക്ക് സ്ഥാപിക്കുവാൻ തീരുമാനിച്ചതും. പോളിടെക്നിക്കിന്റെ പണി ആരംഭിച്ച് ഏതാനും മാസങ്ങൾക്കുള്ളിൽ സീതി സാഹിബ് നിര്യാതനായി. നിർഭാഗ്യകരമായ ഈ ദുരന്തം കെ.എം.ഇ.എ. പ്രവർത്തകരെ ഏറെ ക്ഷീണിപ്പിച്ച സംഭവമായിരുന്നു. എന്നാൽ മരണപ്പെട്ട നേതാവിന്റെ അന്തിമാഭിലാഷം നിറവേറ്റുവാൻ പൂർവ്വോപരി ത്യാഗമനസ്ഥിതിയോടുകൂടി പ്രവർത്തനവുമായി അംഗങ്ങൾ മുന്നേറി. വളരെ ക്ലേശങ്ങളുംപ്രയാസങ്ങളും സഹിക്കേണ്ടതായി വന്നുവെങ്കിലും പോളിടെക്നിക്ക് ആ വർഷം തന്നെ ആരംഭിക്കുവാൻ സാധിച്ചത് അംഗങ്ങളുടെ സമർപ്പണ മനോഗതി കൊണ്ടാണ്. ഈ സ്ഥാപനമാരംഭിക്കുവാൻ എല്ലാ കരുക്കളും നീക്കിയ മഹോന്നതനായ ആ നേതാവിന്റെ നിത്യസ്മരണക്കായി, സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് എന്ന് നാമകരണം ചെയ്യുകയുമുണ്ടായി. കൂട്ടായ പ്രയത്നത്തിന്റെ ഫലമായി ഇന്ന് കേരളത്തിലെ എണ്ണപ്പെട്ട വിഖ്യാതമായ ഒര സാങ്കേതിക സ്ഥാപനമായി സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്ക് വിരാചിക്കുന്നു. സി.എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ് തിരൂർ പോളിടെക്നിക്കിൽ ഇലക്ട്രോണിക്സ് കോഴ്സ് അനുവദിച്ചത്. ഇലക്ട്രോണിക്സ് വിഭാഗമുള്ള ഏക പോളിടെക്നിക്കാണ് എസ്.എസ്.എം. പോളിടെക്നിക്ക്. ഉദാര മതികളായ സമുദായ സ്നേഹികളുടെ കലവറയില്ലാത്ത പ്രോൽസാഹനവും സഹായവും ലഭിച്ചതിന്റെ ഫലമായി ഇലക്ട്രോണിക്സ് വകുപ്പിന് പ്രത്യേകമായ ഒരു കെട്ടിടം നിർമ്മിക്കുവാനും സ്ഥാപനത്തിനാവശ്യമായ ഉപകരണ ങ്ങളും മറ്റു സംവിധാനങ്ങളും ഉണ്ടാക്കുവാനും കഴിഞ്ഞിട്ടുണ്ട്.

കെ.എം.ഇ.എ.യുടെ സാമൂഹ്യ സേവനം മറ്റു രംഗങ്ങളിലും യഥോചിതം നടന്നുവരുന്നു. എറണാകുളത്ത് രണ്ടു ഹോസ്റ്റലുകൾ കെ.എം.ഇ.എ നടത്തിപ്പോരുന്നു. ഓരോ വർഷവും അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി സഹായിച്ചും വരുന്നുണ്ട്. ആലുവ അടുത്തുള്ള എടത്തലയിൽ 27 ഏക്കർ സ്ഥലം കെ.എം.ഇ.എ.യുടെ വകയായുണ്ട്. അവി ടെ ഒരു എഡ്യുക്കേഷണൽ കോംപ്ലക്സ് ഉണ്ടാക്കുവാനുള്ള ആസൂത്രണ പദ്ധതികളുമായി മുന്നോട്ടു പോകുന്നു. പോളി ടെക്നിക്, ആർട്സ് കോളേജ്, ട്രെയിനിംഗ് കോളേജ്, അറബി കോളേജ്, അനാഥശാല എന്നിവയാണ് ഇവിടെ തുടങ്ങുന്ന സ്ഥാപനങ്ങൾ. കേരളത്തിലെ മുസ്ലിം പ്രമുഖരധികവും ഈ സ്ഥാപനവുമായി ബന്ധപ്പെട്ടിട്ടുണ്ട്. സി.എച്ച്. മുഹമ്മദ് കോയ, അവുകാദർ കുട്ടി നഹ, പി.എം. അബൂബക്കർ, എം.കെ. ഹാജി, ഹാജി ഈസാ ഹാജി അബ്ദുസത്താർ (കിക്കി) സേട്ടു, കെ.സി.എം. മേത്തർ, കെ.എ. മുഹമ്മദ് എന്നിവരൊക്കെ അവിസ്മരണീയങ്ങളായ സേവനങ്ങൾ അർപ്പിച്ച് മൺമറഞ്ഞു പോയവരാണ്. മുൻ സ്പീക്കർ ബാവ ഹാജി, യു.എ. ബീരാൻ സാഹിബ്, സുലൈമാൻ സേട്ട്, അബ്ദുല്ല ഹാജി അഹമ്മദ് സേട്ടു, പി.കെ.കെ. ബാവ എന്നിവർ കെ.എം.ഇ.എ.യുടെ പ്രവർത്തകരുടെ കൂട്ടത്തിൽപ്പെടുന്നു.

## X <u>മുസ്ലിം എഡ്യുക്കേഷണൽ സൊസൈറ്റി (എം.ഇ.എസ്)</u>

സമുദായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ ചരിത്രപരമായ ഒരു അനിവാര്യത്യ സാഫല്യം കണ്ടതാണ്. മുസ്ലിം എഡ്യുക്കേഷണൽ സൊസൈറ്റിയുടെ ആവിർഭാവം. സ്വാതന്ത്ര്യം ലഭിച്ച് ദശാബ്ദം പിന്നിട്ടിട്ടും വിദ്യാഭ്യാസപരമായി മുസ്ലിം സമുദായത്തിൽ നിലനിന്നിരുന്ന അലംഭാവം മാറിയിട്ടുണ്ടായിരുന്നില്ല. 1958ൽ വടകരയിൽ ഗവർമ്മേണ്ട് കോളേജ് ആരംഭിക്കുവാനുള്ള അന്വേഷണം നടത്തുന്ന കമ്മിറ്റിക്ക് മനസ്സിലായത് സ്ഥലത്തെ മുസ്ലിം യാഥാസ്ഥിതികർ ഒറ്റക്കെട്ടായി ഈ സംരംഭത്തെ എതിർക്കുന്നുവെന്നാണ്. എന്നാൽ ഒറ്റയൊറ്റയായി കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിപ്പോന്നിരുന്നു. വിവേകികളുടെ ആ ചെറിയ സമൂഹത്തിന് സമുദായത്തിൽ നിന്നും കനത്ത എതിർപ്പുണ്ടായിരുന്നുവെങ്കിലും മാറിയ പരിതസ്ഥിതിയ്ക്കനുസരിച്ചുയരുവാൻ കൂടുതൽ സമുദായസ്നേഹികൾ തയ്യാറായി മുന്നോട്ടു വന്നുകൊണ്ടിരുന്നു. 1948ൽ തന്നെ റൗസത്തുൽ ഉലൂം അറബികോളേജിലെ സ്ഥാപകനും പ്രിൻസിപ്പലുമായ അബൂ സബാഹ് മൗലവിയും കെ.എം. സീതി സാഹിബും കൂട്ടായി നടത്തിയ പ്രയത്നത്തിന്റെ മധുരക്കനിയായിരുന്നു ഫറൂക്ക് കോളേജ്. കലാലയങ്ങളിൽ കയറുവാൻ അറച്ചറച്ചു നിന്നവർക്ക് മാനസിക പരിവർത്തനം ഉണ്ടാക്കി വിദ്യാഭ്യാസത്തിന്റെ മഹോന്നതമായ പന്ഥാവിലേക്ക് മലബാറിലെ മുസ്ലിംകളെ കൈപിടിച്ചു കൊണ്ടുവന്നത് ഫറൂക്ക് കോളേജായിരുന്നു.

അത് ഉദീരണം ചെയ്ത മഹത്തായ സന്ദേശം പഴഞ്ചൻ കരിമ്പടക്കെട്ടിൽ മൂടിപ്പുതച്ചുകിടന്നിരുന്ന സമുദായത്തെ തട്ടിയുണർത്തി പ്രകാശത്തിൻെറ പൂമ്പുലരിയിലേക്കാനയിച്ച മഹാസൂക്തങ്ങളായിരുന്നു. വിദ്യാഭ്യാസപരമായി നിശ്ചലമായിക്കിടന്നിരുന്ന മാപ്പിള സമൂഹത്തെ അത് സചേതനമാക്കി. എതിർപ്പുകളെ അതിജീവിച്ചുകൊണ്ട് വിദ്യാഭ്യാസ മണ്ഡലത്തിൽ പ്രകാശധാര പ്രസരിപ്പിക്കുന്ന വെള്ളിനക്ഷത്രമായി അത് നിലനിന്നു. കൊല്ലത്ത് വ്യവസായ പ്രമുഖനും സമുദായസ്നേഹിയുമായ എ. തങ്ങൾക്കുഞ്ഞു മുസലിയാർ ഒരു എൻജിനീയറിംഗ് കോളേജ് ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കിയത് അക്കാലത്ത് ക്രാന്തദർശിത്വത്തോടുകൂടി ചെയ്ത ഏറ്റവും വലിയ സംഭാവനയാണ്. കായംകുളത്ത് പി.കെ. കുഞ്ഞുസാഹിബിൻെറ തദ്വിഷയമായ യജ്ഞങ്ങളും സമുദായന്തരീക്ഷത്തെ കർമ്മോൻമുഖമാക്കിയിരുന്നു. എന്നിട്ടും സമുദായത്തിലെ യാഥാസ്ഥിതികരും പഴഞ്ചൻ മനസ്ഥിതിക്കാരും നവീനമായ കാഴ്ചപ്പാട് ഉൾക്കൊള്ളാൻ മടിക്കുക മാത്രമല്ല, പുരോഗമനപരമായ സമുദായ പരിഷ്ക്കരണങ്ങളെയെല്ലാം ശക്തിയായി എതിർത്തുംകൊണ്ടിരുന്നു. സമുദായത്തിൽ ഒരു വീണ്ടുവിചാരം ഉണ്ടാക്കുവാനും നവോത്ഥാനത്തിൻെറ ഗുണാംശങ്ങളെ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുവാനും വേണ്ടിയുള്ള ശ്രമമാണ് പിന്നീട് നടന്നത്. അതിൻെറ ഫലമായിട്ടാണ് ചീഫ് എൻജിനീയർ കൂടിയായിരുന്ന ടി.പി. കുട്ടിയമ്മു സാഹിബിൻെറ പ്രേരണയോടും സമുദായത്തിലെ ചിന്തിക്കുന്ന നല്ല മനുഷ്യരുടെ സഹകരണത്തോടും കൂടി ഇസ്ലാമിക് സെമിനാർ എന്ന ചിന്താവിപ്ലവത്തിന് തിരി കൊളുത്തിയത്. സമുദായത്തിലെ ബുദ്ധിജീവികളേയും വ്യവസായപ്രമുഖരേയും ഉദ്യോഗസ്ഥൻമാരേയും മറ്റുള്ളവരേയും എല്ലാം ഓരോ കേന്ദ്രത്തിൽ സംഘടിപ്പിച്ചിരുന്ന ഇസ്ലാമിക് സെമിനാറിൽ സംബന്ധിപ്പിച്ചു. അങ്ങനെ ആശയവിനിമയം നടത്തുവാനും സമുദായത്തെ ഗ്രസിച്ചുകൊണ്ടിരുന്ന പിന്നോക്കസ്ഥിതിക്ക് പരിഹാരം കാണുവാനുമായി ഉറക്കെ ചിന്തിക്കുവാനുള്ള അവസരം സൃഷ്ടിക്കുകയും ചെയ്തു. കേരളത്തിലെ പ്രധാന കേന്ദ്രങ്ങളിലൊക്കെ മൂന്നു നാലു ദിവസങ്ങൾ നീണ്ടു നിന്നിരുന്ന ഈ സെമിനാറുകൾ വലിയ വിചാര വിപ്ലവം തന്നെയാണ് നടത്തിയത്. ഇത് വിദ്യാഭ്യാസ പ്രവർത്തനങ്ങളെ എതിർത്തുകൊണ്ടിരുന്നവരുടെ നാവടക്കുവാനും വിദ്യാഭ്യാസരംഗത്ത് ഉണർവും ആവേശവുമുണ്ടാക്കുവാനും ഏറെ സഹായിച്ചു.

തിരുവനന്തപുരത്ത് മെഡിക്കൽ കോളേജിൽ ജോലി ചെയ്തുകൊണ്ടിരുന്ന ഡോ. അബ്ദുൾ ഗഫൂർ ഇക്കാലത്താണ് കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാറിവന്നത്. മുസ്ലിം സമുദായത്തിൽ നവോത്ഥാനത്തിൻെറ വിത്ത് വിതച്ച ഐക്യ സംഘത്തിൻെറ തേരാളികളിൽ പ്രധാനിയായിരുന്നുവല്ലോ പടിയത്ത് മണപ്പാട്ട് കുഞ്ഞുമുഹമ്മദ് ഹാജി. അദ്ദേഹത്തിൻെറ സഹോദരൻ മണപ്പാട്ട് കൊച്ചു മൊയ്തീൻ ഹാജിയും സമുദായോദ്ധാരകൻമാരിൽ ഒരാളായിരുന്നു. മഹത്തായ ഈ പാരമ്പര്യത്തിൻെറ ഉടമയായിരുന്നു കൊച്ചു മൊയ്തീൻ ഹാജിയുടെ മകനായ മണപ്പാട്ട് പി.കെ. അബ്ദുൾ ഗഫൂർ സാഹിബ്. സമുദായത്തിൽ നീറിക്കൊണ്ടിരുന്ന വിദ്യാഭ്യാസ പ്രശ്നം സ്വാഭാവികമായും ഡോ. ഗഫൂർ സാഹിബിൻെറ മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു. തന്നാൽ കഴിയുന്ന സേവനങ്ങൾ അർപ്പിക്കണമെന്ന സമർപ്പണബോധത്തോടുകൂടി സമാനമനസ്ക്കരായ സമുദായസ്നേഹികളുമായി അദ്ദേഹം സമ്പർക്കം പുലർത്തിപ്പോന്നു. ഫറൂക്ക് കോളേജിലും മെഡിക്കൽ എൻജിനീയറിംങ് കോളേജുകളിലും പഠിച്ചിരുന്ന മിടുക്കൻമാരും എന്നാൽ പാവപ്പെട്ടവരുമായ മുസ്ലിം വിദ്യാർത്ഥികൾക്ക് കോഴിക്കോട്ടെ പല പ്രമുഖ വ്യക്തികളും എം.ഇ.എസ്. ഉടലെടുക്കുന്നിന് മുമ്പുള്ള കാലങ്ങളിൽ വ്യക്തിപരമായി സാമ്പത്തിക സഹായം നൽകിപ്പോന്നിരുന്നു. ഈ സഹായം വാങ്ങുവാൻ നടക്കുന്ന വിദ്യാർത്ഥികൾക്ക് ഏറെ സമയം പലരുടെ പടിവാതിക്കലും കാത്ത് നിൽക്കേണ്ട ദുരവസ്ഥയാണുണ്ടായിരുന്നത്. ഡോക്ടർമാരുടെ ക്ലിനിക്കുകളിലും വ്യാപാര പ്രമുഖരുടെ പണ്ടികശാലകളിലും കാത്ത് നിൽക്കുന്നത് സഹായം സ്വീകരിക്കുന്ന കുട്ടികളുടെ ആത്മാഭിമാനത്തിന് തന്നെ ക്ഷതമേൽപ്പിക്കുന്നുവെന്ന് കൊടുക്കുന്നവർക്കും വാങ്ങുന്നവർക്കും ഒരേപോലെ ബോധ്യമായിരുന്നു. സഹായം മാന്യമായി നൽകുന്നതിന് ഒരു സംഘടന രൂപീകരിക്കുകയെന്ന ആശയം ഡോ. പി.കെ. അബ്ദുൾ ഗഫൂർ, ഡോ. എം.ഏ. അബ്ദുല്ല, സി.പി. കുഞ്ഞഹമ്മദ്, ഡോ. കെ. മുഹമ്മദ് കുട്ടി, പ്രൊ. കെ.എം. ബഹാവുദ്ദീൻ, പ്രൊ. എ.ഏ. ഷുക്കൂർ, കെ.സി. ഹസ്സൻകുട്ടി, കെ.വി. കുഞ്ഞഹമ്മദ് കോയ എന്നിവരുടെ മനസ്സിലുദിച്ചു. ഈ വ്യക്തികളൊക്കെ ചില പ്രാദേശിക സംഘടനകളുടെ പ്രവർത്തകരുമായിരുന്നു. എന്നാൽ ഏകീകൃതമായ ഒരു കർമ്മപദ്ധതി ഈ സംഘടനകൾക്കൊന്നുമുണ്ടായിരിന്നില്ലെ ങ്കിലും സാമുദായിക പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും അവ ഉപകരിച്ചിരുന്നുവെന്ന് പറയാതെ നിവൃത്തിയില്ല.

ഇങ്ങനെയാണ് 1964 സെപ്റ്റംബറിൽ കോഴിക്കോട് ഒരു യോഗം വിളിച്ചു കൂട്ടി മുസ്ലിം എഡ്യൂക്കേഷണൽ സൊസൈറ്റി രൂപീകരിക്കുന്നത്. പാവപ്പെട്ട കുട്ടികൾക്ക് അവരുടെ പഠനം നടത്തുന്നതിന് സ്കോളർഷിപ്പ് നൽകുക എന്നതായിരുന്നു സംഘടനയുടെ പ്രധാന ഉദ്ദേശ്യം. സ്കോളർഷിപ്പ് കൊടുക്കുന്നതിന് ഫണ്ട് ഉണ്ടാക്കേണ്ട കനത്ത ബാദ്ധ്യത സംഘടനയ്ക്കുണ്ടായി. അക്കാലത്ത് ഭീമമായ തുകയാണ് 25,000 രൂപ. ഓരോ വർഷവും 25,000 രൂപ എം.ഇ.എസ്. പാവപ്പെട്ട മുസ്ലിം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകുമെന്ന ധീരമായ പ്രഖ്യാപനം പ്രഥമ പ്രസിഡണ്ടായിരുന്ന ഡോ. പി.കെ. അബ്ദുൾ ഗഫൂർ നടത്തുകയും ചെയ്തു. തുടർന്ന് സൊസൈറ്റിയിൽ അംഗങ്ങളെ ചേർത്ത് ഫണ്ട് രൂപീകരിക്കുന്നതിനുള്ള ശ്രമമാണ് നടന്നത്. രക്ഷാധികാരി അംഗം, ആജീവ

നാംഗം, സാധാരണ അംഗം എന്നിങ്ങനെ മൂന്നു തരം അംഗത്വമാണ് നൽകിയിരുന്നത്. ഇതിനായി കേരളത്തിൻെറ ഒറ്റം മുതൽ മറ്റേ അറ്റം വരെ ഇവർ സഞ്ചരിക്കുകയും ഓരോ സ്ഥലത്തും സമ്മേളനങ്ങൾ നടത്തി എം.ഇ.എസ്സിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിക്കുകയും ചെയ്തുപോന്നു. എം. ഇ. എസ്സിന് അക്കാലത്ത് ലഭിച്ച പിന്തുണ പ്രതീക്ഷകളെയെല്ലാം മറികടന്ന് ഏറെ പ്രോത്സാഹജനകമായിരുന്നു. ജനങ്ങളുമായി ഇടപഴകിയപ്പോഴാണ് ചില യാഥാർത്ഥ്യങ്ങൾ കൂടി അവരുടെ ശ്രദ്ധയെ ആകർഷിച്ചത്. സാമൂഹ്യ - വിദ്യാഭ്യാസരംഗങ്ങളിലെ പിന്നോക്കാ വസ്ഥക്ക് സമ്പൂർണ്ണ പരിഹാരം കാണാത്ത കാലത്തോളം മുസ്ലിം സമുദായത്തിൻെറ ഭാവി ഇരുളടഞ്ഞതായിരിക്കുമെന്ന വസ്തുത ബോദ്ധ്യപ്പെട്ടതോടെ, എം.ഇ.എസ്സിൻെറ പ്രവർത്തന മേഖല വിപുലപ്പെടുത്തുന്നതിനും പല വിധത്തിലുള്ള കർമ്മ പരിപാടികൾ ഏറ്റെടുത്ത് നടത്തുന്നതിനുമുള്ള ആശയം അവരിൽ അങ്കുരിച്ചു. സ്ഥാപകനേതാക്കളുടെ ആത്മാർത്ഥതയും ഉദ്ദേശശുദ്ധിയും സംഘടനയുടെ ക്രമാനു ഗതമായ വളർച്ചക്ക് കാരണമായി. നാട്ടിൻപുറങ്ങളിലെ വിദ്യാഭ്യാസമൊന്നുമില്ലാത്ത പ്രമാണിമാരെപ്പോലും എം.ഇ.എസ്സിൻെറ കൊടിക്കീഴിൽ അണിനിരത്തി, അവരുടെ സമ്പത്തും സ്വാധീനവും സംഘടനയ്ക്ക് വേണ്ടി ആവോളം ചൂഷണം ചെയ്യുകയും ചെയ്ത ഡോ. ഗഫൂറിൻെറ ക്രാന്തദർ ശിത്വവും സംഘടനാ സാമർത്ഥ്യവും സാമൂഹ്യ - വിദ്യാഭ്യാസ സംഘടനകളുടെ ചരിത്രത്തിൽ അനന്യസദൃശ്യമാകുന്നു.

എം.ഇ.എസ്സിൻെറ ഇതഃപര്യന്തമുള്ള പ്രവർത്തനശൈലി ഏറേ ശ്ലാഘനീയമാകുന്നതിന് സഹായകമായ ഒന്ന് രണ്ട് പ്രത്യേകതകൾ ഉണ്ട്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ചട്ടുകമായി എപ്പോഴെങ്കിലും പ്രവർത്തിച്ചു എന്ന ആരോപണം ഒരിക്കൽ പോലും എം.ഇ.എസ്സിൻെറ പേരിലുണ്ടായിട്ടില്ല. അതേ സമയം എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും പ്രവർത്തകരേയും ഉൾക്കൊള്ളാൻ എം.ഇ.എസ്സിന് സാധിച്ചിട്ടുണ്ട്. അതുപോലെ മതരംഗത്ത് പ്രവർത്തിക്കുന്ന വിവധ അവാന്തര വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നിനോട് പ്രത്യേകമായ ചങ്ങാത്തവും മമതയും കാട്ടുന്നുവെന്ന ആരോപണവും എം.ഇ.എസ്സിൻെറ നേരെ ഇതുവരെയുണ്ടായിട്ടില്ല. രാഷ്ട്രീയ ചിന്താഗതിയ്ക്കോ, വിഭാഗീയ പ്രവർത്തനങ്ങൾക്കോ എ.ഇ.എസ്സിനെ സ്വാധീനിക്കാൻ സാധിച്ചിട്ടില്ലെന്ന് ചുരുക്കം. എല്ലാ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ടവരും വ്യത്യസ്ഥ അവാന്തര വിഭാഗങ്ങളിൽപ്പെട്ടവുരം എം.ഇ.എസ്സിലുണ്ട്. ചുരുക്കത്തിൽ എം.ഇ.എസ്. മുസ്ലിംകളുടെ പൊതുവേദിയാണ്. എം.ഇ.എസ്സിൻെറ സമുദായ നവോത്ഥാനശ്രമങ്ങൾ വിജയച്ചതിൻെറ പിന്നിലെ രഹസ്യം എല്ലാവരേയും ഉൾക്കൊള്ളാനും എല്ലാവർക്കും ഉൾക്കൊള്ളാനും അനുയോജ്യമായ അതിൻെറ പരിപക്വവും വിശാലവുമായ സമീപനമാണെന്ന് പറയാം.

'ഞങ്ങളുടെ നാഥ, ഞങ്ങൾക്ക് നീ വിജ്ഞാനം വർദ്ധിപ്പിച്ച് തരണമേ' എന്ന പ്രാർത്ഥനയോടുകൂടി പ്രവർത്തനാംഗത്തേക്കിറങ്ങിയ എം.ഇ.എസ്സിന് വിദ്യാഭ്യാസരംഗത്ത് അത്ഭുതകരമായ നേട്ടങ്ങൾ കൊയ്തെടുക്കുവാൻ കഴിഞ്ഞുവെന്നത് ഒരു വസ്തുതയാണ്. അർഹരും ദരിദ്രരുമായ ഏതാനും കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി പ്രോത്സാഹിപ്പിക്കുകയെന്ന പരിമിതമായ ലക്ഷ്യത്തോടെ ആരംഭിച്ച എം.ഇ.എസ്സ് ഇന്ന് വർഷംതോറും മൂന്ന് ലക്ഷം രൂപ സ്കോളർഷിപ്പായി വിതരണം ചെയ്യുന്ന ഇന്ത്യയിലെ ഏറ്റവും വലിയ സ്കോളർഷിപ്പ് വിതരണ ഏജൻസിയായി അറിയപ്പെടുന്നു. 25,000 രൂപയുടെ സ്കോളർഷിപ്പ് 98 വിദ്യാർത്ഥികൾക്ക് നൽകികൊണ്ട് തുടങ്ങിയ പദ്ധതി അനുസരിച്ച് ഇതുവരെ 5109 വിദ്യാർത്ഥികൾക്ക് 45,69,220 രൂപ മൊത്തം വിതരണം ചെയ്ത ആവേശകരമായ ചരിത്രമാണ് എം.ഇ.എസ്സിന് പറയാനുള്ളത്. സമീപകാലത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള സ്കോളർഷിപ്പ് എൻഡോമെൻറ് പദ്ധതി സമുദായത്തിന് ദീർഘകാല പ്രയോജനം ചെയ്യുന്ന ഒന്നാണ്.

ഉന്നത വിദ്യാഭ്യാസരംഗത്ത് എം.ഇ.എസ്സ് നടത്തിയ പ്രവർത്തനവും പ്രശംസ അർഹിക്കുന്നതാണ്.4. മണ്ണാർക്കാട് എം.ഇ.എസ്സ് കല്ലടി കോളേജിൽ നിന്നും ആരംഭിച്ച് പൊന്നാനി, കൊടുങ്ങല്ലൂർ, മമ്പാട്, വളാഞ്ചേരി, നെടുങ്കണ്ടം, മാമ്പിള്ളി, എരുമേലി എന്നിവിടങ്ങളിലേക്ക് വ്യാപിച്ച കലാലയ പ്രവർത്തനം എം.ഇ.എസ്സിനെ വലിയ ഒരു സ്ഥാപനമാക്കി മാറ്റി. വളാഞ്ചേരിയിൽ ഒരു എൻജിനീയറിംങ് കോളേജു കൂടി ആരംഭിക്കാൻ സാധിച്ചതോടെ മറ്റുള്ള വിദ്യാഭ്യാസ ഏജൻസികളുടെ അടുത്തെത്താനെങ്കിലും എം.ഇ.എസ്സിന് കഴിഞ്ഞിട്ടുണ്ട്. കോഴിക്കോട് പ്രവർത്തിക്കുന്ന എം.ഇ.എസ്സ് വനിതാ കോളേജടക്കം 13 പാരലൽകോളേജുകൾ കൂടി ഭംഗിയായി നടത്തിവരുന്നു. എം.ഇ.എസ്സ്. കോളേജുകളിൽ പഠിക്കുന്ന പതിമൂവ്വായിരത്തോളം വിദ്യാർത്ഥികളിൽ 5000ത്തോളം മുസ്ലിം വിദ്യാർത്ഥികളാണെന്നത് വിദ്യാഭ്യാസരംഗത്ത് സമുദായത്തിനുണ്ടായിട്ടുള്ള ഉണർവ്വും ഉയർച്ചയും പ്രസ്പഷ്ടമാക്കുന്നുണ്ട്. 1967ൽ മമ്പാട് കോളേജ് ആരംഭിക്കുന്ന സന്ദർഭത്തിൽ നാലു മുസ്ലിം പെൺകുട്ടികൾ മാത്രമാണുണ്ടായിരുന്നതെങ്കിൽ ഇന്ന് അവിടെ പഠിക്കുന്ന മുസ്ലിം പെൺകുട്ടികൾ 450ഓളം വരും. 1964ൽ എം.ഇ.എസ് ആരംഭിക്കുന്ന കാലത്ത് ഫറൂക്ക് കോളേജും തങ്ങൾകുഞ്ഞ് മുസലിയാർ എൻജിനീയറിംങ്ങ് കോളേജ് മാത്രമാണ് മുസ്ലിം കളുടേതായി ഉണ്ടായിരുന്നത്. ഇന്ന് 30 ഓളം കോളേജുകൾ മുസ്ലിംകളുടേതായവകാശപ്പെടാൻ സാധിക്കുന്നുവെങ്കിൽ അതിൻെറ പ്രചോദനധാര എം.ഇ.എസ്സിന് ഈ രംഗത്തുണ്ടായ നേട്ടങ്ങളാണ്. അതോടൊപ്പം പിന്നോക്ക പ്രദേശങ്ങൾക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും കൂടുതൽ വിദ്യാഭ്യാസ്ഥാപനങ്ങൾ അനുവദിക്കുക എന്ന പ്രഖ്യാപിത നയത്തോടുകൂടി ഐക്യജനാധിപത്യ മുന്നണിയിലെ ലീഗ് മന്ത്രിയായിരുന്ന ഇ.ടി. മുഹമ്മദ് ബഷീർ എടുത്ത ധീര

നടപടികളും ഈ രംഗത്ത് ചലനാത്മകമായ മുന്നേറ്റത്തിന് വഴി തെളിയിച്ച കാര്യം വിസ്മരിക്കരുത്.

കേരളത്തിന് അകത്തും പുറത്തുമായി പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചുപോരുന്ന 48 സ്കൂളുകൾ എം.ഇ.എസ്സിൻെറതായുണ്ട്. ഖത്തറിലെ എം.ഇ.എസ്. സ്കൂൾ ഇന്ത്യയിലെ ഏത് വലിയ പബ്ലിക് സ്കൂളിനേക്കാളും ഏറെ സംവിധാനങ്ങളോടു കൂടിയ പ്രശസ്തമായ സ്ഥാപനമാകുന്നു. സാങ്കേതിക വിദ്യാഭ്യാസത്തിലും എം.ഇ.എസ്. വളരെ സേവനം അർപ്പിച്ചിട്ടുണ്ട്. വളാഞ്ചേരി എൻജിനീയറിംങ് കോളേജു മുതൽ മുണ്ടൂർ, തിരുവനന്തപുരം, കുറ്റ്യാടി എന്നിവിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഐ.ടി.സി. കളും രാജ്യ ത്തിൻെറ വിവിധ ഭാഗങ്ങളിലായുള്ള തയ്യൽ പരിശീല നകേന്ദ്രങ്ങൾ, ടൈപ്പ്റൈറ്റിംങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവകൾ വരെ നടത്തിപ്പോരുന്ന എം.ഇ.എസ് വിലയുറ്റ സംഭാവനകളാണ് സമുദായത്തിന് നൽകിപ്പോരുന്നത്.

ആതുര ശുശ്രൂഷാരംഗത്ത് അഭിമാനാർഹമായ സേവനങ്ങളർപ്പിക്കുവാൻ സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. കുഗ്രാമങ്ങളിൽ പോലും ആതുരാലയങ്ങൾ സ്ഥാപിച്ചു കൊണ്ട് ആധുനിക വൈദ്യശാസ്ത്രത്തിൻെറ പരിരക്ഷയിലേക്ക് സമുദായത്തെ കൊണ്ടുവരുവാൻ എം.ഇ.എസ്. പ്രവർത്തനങ്ങൾ സഹായിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി, വാഴക്കാട്, കരുപ്പടന്ന, ചേറ്റുവ, ഈരാറ്റുപേട്ട, ആറാട്ടുപുഴ, പറവണ്ണ, വാഴക്കുളം, ഫറൂക്ക് തുടങ്ങിയ 13 കേന്ദ്രങ്ങളിൽ ഇന്ന് എം.ഇ.എസ്സ് ആസ്പത്രികൾ പ്രവർത്തിക്കുന്നുണ്ട്. എം.ഇ.എസ്സ്. സംഘടിപ്പിക്കാറുള്ള മെഡിക്കൽ ക്യാമ്പുകൾ ജാതി മത വ്യത്യാസം കൂടാതെ എല്ലാത്തരം രോഗികൾക്കും ആശ്വാസം നൽകുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. സൗജന്യ പരിശോധനയും ചികിത്സയും കൊടുക്കുന്നതിന് പുറമേ സൗജന്യമായി മരുന്നുകളും ഈ ക്യാമ്പുകളിൽ നിന്നും വിതരണം ചെയ്യാറുണ്ട്. കോഴിക്കോട്, കണ്ണൂർ, തിരുവനന്തപുരം, മദ്രാസ് എന്നിവിടങ്ങളിലെ ഹോസ്റ്റലുകൾ, ആബുലൻസ് സർവ്വീസ്, സക്കാത്ത് ഫണ്ട് ശേഖരണവും വിതരണവും, ഹജ്ജാജികൾക്കുള്ള സൗജന്യ സേവനങ്ങൾ, യത്തീംഖാനകളുടെ നടത്തിപ്പ്, ആവശ്യാനുസരണം നടത്തുന്ന റിലീഫ് പ്രവർത്തനങ്ങൾ തുടങ്ങിയവ എം.ഇ.എസ്സിൻെറ നിരവധി പ്രവർത്തന മേഖലകളിൽ ചിലവ മാത്രമാണ്. കൽച്ചറൽ സെൻററുകൾ, എം.ഇ.എസ്. ജേണൽ ഉൾപ്പെടെയുള്ള പ്രസിദ്ധീകരണങ്ങളുമൊക്കെ ഏറെ പ്രശംസക്ക് പാത്രമായിട്ടുള്ളവയാണ്. ഈ അടുത്ത കാലത്ത് നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം കഴിഞ്ഞ എറണാകുളം നഗരത്തിൻെറ ഹൃദയഭാഗത്തുള്ള ഡോ. പി.കെ. അബ്ദുൾഗഫൂർ മെമ്മോറിയൽ എം.ഇ.എസ് സെൻർ 12000 ചതുരശ്ര മീറ്ററിൽ കൂടുതലുള്ള മനോഹരമായ സൗധമാണ്. ഡോ. സി.എ. അബ്ദുൾസലാം, ഡോ. മൊഹിയിദ്ദീൻ ആലുവ എന്നിവരുടെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള എൻഡോമെൻറുകളും പ്രശസ്തമായ വിജയം കൈവരിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിപ്പോരുന്ന അവാർഡുകളും എം.ഇ.എസ്സിൻെറ മുഖഛായക്ക് മാറ്റ് കൂട്ടുന്നുണ്ട്. മറ്റു സംഘടനകളെപ്പോലെ തന്നെ എം.ഇ.എസ്സിനും യുവജന വിഭാഗവും എം.ഇ.എസ് ലേഡീസ് വിങ്ങും ഉണ്ട്. മാതൃസംഘടനയുടെ സഹായസഹകരണങ്ങളോടുകൂടി ഈ പോഷക സംഘടനകളും സാമൂഹ്യ - വിദ്യാഭ്യാസ മണ്ഡലങ്ങളിൽ സജീവമായി രംഗത്തുണ്ട്. എം.ഇ.എസ്സിൻെറ കേരള ഘടകം പ്രസിഡണ്ട് ഡോ. എം.എ. അബ്ദുല്ലയും സെക്രട്ടറി കെ.കെ അബൂബക്കറുമാണ്. വനിതാ വിഭാഗത്തിൻെറ സാരഥ്യം വഹിക്കുന്നത് പരേതനായ ഡോ. പി.കെ. അബ്ദുൾ ഗഫൂറിൻെറ സഹധർമ്മിണി ശ്രീമതി ഫാത്തിമ ഗഫൂറാകുന്നു. അങ്ങനെ മുസ്ലിം സമുദായത്തിന് സർവ്വതോൻമുഖമായ മുന്നേറ്റത്തിന് ചുക്കാൻ പിടിക്കുന്ന മുസ്ലിം എഡ്യുക്കേഷണൽ സൊസൈറ്റി ഇന്ന് പടർന്ന് പന്തലിച്ച വലിയ ഒരു വടവൃക്ഷമായി വളർന്ന് കഴിഞ്ഞിരിക്കുന്നു.

## XI <u>മുസ്ലിം സർവ്വീസ് സൊസൈറ്റി. (എം.എസ്സ്.എസ്സ്)</u>

എം.ഇ.എസ്സ് നേതൃത്വവുമായി തെറ്റിപിരിഞ്ഞ് അതിലെ ഒരു വിഭാഗം പ്രവർത്തകർ സ്വന്തമായി രൂപീകരിച്ച സംഘടനയാണ് മുസ്ലിം സർവ്വീസ് സൊസൈറ്റി. എം.ഇ.എസ്സിൻെറ നിലനിൽപ്പിന് തന്നെ ഭീഷണിയെന്നോണം ഇരമ്പിക്കയറിയ എം.എസ്സ്.എസ്സ് മുസ്ലിംകളുടെ സാമൂഹ്യ - സാംസ്കാരിക നവോത്ഥാനത്തിനുവേണ്ടി പ്രവർത്തിച്ചുവരുന്നു. 1980ലാണ് ഈ സംഘടന രൂപംപ്രാപിക്കുന്നത്. ഇസ്ലാമിക പാരമ്പര്യവും സംസ്കാരവും പശ്ചാത്തലമാക്കി രാഷ്ട്രീയത്തിനതീതമായി എല്ലാ അഭിപ്രായക്കാരേയും ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന സാമൂഹ്യ സാംസ്കാരിക സംഘടനയാകുന്നു എം.എസ്സ്.എസ്സ്. മുസ്ലിംകളുടെ സർവ്വതോൻമുഖമായ പുരോഗതിയാണ് സംഘടനയുടെ ലക്ഷ്യം. കഴിവുള്ളവരും മിടുക്കൻമാരുമായ സാമ്പത്തികശേഷിയില്ലാത്തവരെ സഹായിക്കുകയും മറ്റുള്ളവരോടൊപ്പം ഉയർത്തിക്കൊണ്ടുവരികയും ആണ് സംഘടനയുടെ പ്രധാന പരിപാടികളിലൊന്ന്. സാമൂഹ്യതലത്തിൽ അർത്ഥവത്തായ നേതൃത്വം നൽകുക, ഇസ്ലാമിക വിജ്ഞാന വ്യാഖ്യാനം അംഗങ്ങൾക്കിടയ്ക്ക് ഫലവത്തായി പ്രചരിപ്പിക്കുക എന്നിവയും എം.എസ്സ്.എസ്സിൻെറ മുഖ്യ ഉദ്ദേശ്യമാണ്.

ഏകദേശം ഒരു കോടിയോളം ചെലവിലാണ് കോഴിക്കോട്ടുള്ള എം.എസ്സ്.എസ്സിൻെറ സാംസ്കാരിക സമുച്ചയം കെട്ടിപ്പടുത്തിട്ടുള്ളത്. 1985ൽ പണിപൂർത്തിയാക്കിയ ഈ സെൻററിൽ ഒരു ജുമമസ്ജിദ്, സ്കൂൾ, ഹോസ്റ്റൽ, ഓഡിറ്റോറിയം, ഇസ്ലാമിക് ലൈബ്രറി ഓഫീസ് എന്നിവ ഉണ്ട്. എം.എസ്സ്.എസ്സിൻെറ പ്രവർത്തനങ്ങളിൽ സൗജന്യ മെഡിക്കൽ സഹായ കേന്ദ്രങ്ങൾ, ഇസ്ലാമി നഴ്സറി സ്കൂളുകൾ, പള്ളികൾ, മദ്രസ്സകൾ, എന്നിവ ഉൾപ്പെടുന്നു. അറബി

പഠനത്തിനും മതവിദ്യാഭ്യാസത്തിനും സൗകര്യങ്ങൾ ഉള്ള ആർട്ട്സ് കോമേഴ്സ് കോളേജുകളും സ്ത്രീകൾക്കും പുരുഷൻമാർക്കും വേറെ വേറെയായി ഇൻഡസ്ട്രിയൽ സെൻററുകളും നടത്തിപ്പോരുന്നുണ്ട്.

അഖിലേന്ത്യാ മത്സരപ്പരീക്ഷകൾക്ക് പോകാൻ കഴിവുള്ള വിദ്യാർത്ഥികൾക്കായി സ്ഥാപിച്ചിട്ടുള്ള പരിശീലന കേന്ദ്രം മഹത്തായ സേവനമാണ് നിർവ്വഹിക്കുന്നത്. ഇന്ത്യയിൽ ഇസ്‌ലാമിക് ഡവലപ്പ്മെൻറ് ബാങ്ക് അംഗീകരിച്ചിട്ടുള്ള മൂന്ന് സെൻററുകളിൽ ഒന്ന് എം.എസ്സ്.എസ്സ് നടത്തുന്ന സ്ഥാപനമാണ്. സ്ത്രീകൾക്കായി നടത്തിക്കൊണ്ടിരുന്ന പരിശീനല കേന്ദ്രങ്ങളിൽ തുന്നൽപണി, എംബ്രോയിഡറി, കളിപ്പാവ നിർമ്മാണം എന്നീ കൈതൊഴിലുകൾ പഠിപ്പിച്ചു പോരുന്നു. സർക്കാറിൽ നിന്നും യാതൊരു ധനസഹായവും ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നില്ല. തുഛമായ ഫീസാണ് കുട്ടികളിൽ നിന്നും ഈടാക്കുന്നത്. പാവപ്പെട്ട കുട്ടികൾക്ക് ഫീസ് ഇളവും അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റലുകൾ വിദ്യാർത്ഥികൾക്കും ജോലിക്കാർക്കും വളരെ പ്രയോജനകരമായി വർത്തിക്കുന്നു. എം.എസ്സ്.എസ്സിൻെറ സ്കോളർഷിപ്പ് പദ്ധതിപ്രകാരം മെഡിസിൻ, എൻജിനീയറിംങ്ങ്, പോളിടെക്നിക്ക്, ഐ.ടി.ഐ., അഫ്സലുൽ ഉലമ എന്നി വിഷയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. മറ്റു കോഴ്സുകളിൽ പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്കും ധനസഹായം ചെയ്തപോരുന്നു. ഹൈസ്കൂളിൽ നിന്നും സമർത്ഥരായ പാവപ്പെട്ട കുട്ടികളെ ഉന്നത വിദ്യാഭ്യാസത്തിനായി ദത്തെടുത്ത് സകല ചെലവും ചെയ്ത് പഠിപ്പിക്കുന്ന സ്പോൺസർ സമ്പ്രദായവും എം.എസ്സ്.എസ്സ്. നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇത്തരം കുട്ടികളുടെ ഉടുപ്പും ചികിത്സയും, ട്യൂഷൻ ചെലവും, പഠന പര്യടനത്തിനുള്ള ചെലവും എന്തിന്? ആവശ്യമായ സർവ്വത്ര ചെലവും സ്പോൺസർ സന്തോഷപൂർവ്വം നിർവ്വഹിക്കുന്നു എന്നതാണിതിൻെറ പ്രത്യേകത. ഇതിന് പുറമേ ഓരോ വർഷവും സാമ്പത്തിക ശേഷയില്ലാത്ത വിദ്യാർത്ഥികൾക്ക് പുസ്തകവും വസ്ത്രവും നൽകുന്ന പതിവുമുണ്ട്. പ്രശസ്ത വിജയം കരസ്ഥമാക്കുന്ന മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്, മെരിറ്റ് സർട്ടിഫിക്കറ്റ്, മെഡൽ, ഷീൽഡ് എന്നിവ നൽകി അനുമോദിക്കുകയും ചെയ്യുന്നു. ഖുറാൻ - ഹദീസ് ക്ലാസ്സുകൾ, മതപഠനങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ പഠന ക്യാമ്പുകൾ എന്നിവ ഇടക്കിടക്ക് നടത്തുകയും പതിവാണ്. നിർദ്ധനരായ മുസ്ലിംകളുടെ കേസ്സുകൾ സൗജന്യമായി വാദിക്കവാൻ വക്കീലൻമാരുടെ ഒരു ലീഗൽ എയിഡ് സെൻററും കോടതിക്ക് പുറത്ത് വെച്ച് കേസ്സുകൾ പറഞ്ഞുതീർക്കുന്ന തിനുള്ള ഒരു ഷെരീഅത്ത് കോടതിയും എം.എസ്സ്.എസ്സിൻെറ കീഴിൽ പ്രവർത്തിച്ചുവരുന്നു. സക്കാത്ത്, ഫിത്തർ സക്കാത്ത് എന്നിവ പിരിച്ചു അർഹപ്പെട്ടവർക്ക് വിതരണം ചെയ്യാനുള്ള പദ്ധതിയും നടപ്പിലുണ്ട്.

സാമുദായിക പ്രശ്നങ്ങൾ കൂട്ടായ ചർച്ചക്കും വിചാരത്തിനും പാത്രീഭവിപ്പിക്കുവാൻ സാധിക്കുംവിധം ഇസ്‌ലാമിക് സെമിനാറുകൾ നടത്തുന്നുണ്ട്. ബുദ്ധിജീവികളും ചിന്തകരും ഇത്തരം സെമിനാറുകളിൽ പങ്കെടുക്കുന്നതു കൊണ്ട് വളരെ അധികം പ്രതിനിധികൾ ഇത്തരം സെമിനാറുകളിൽ സംബന്ധിക്കുക സാധാരണയാണ്. എം.എസ്സ്.എസ്സിൻെറ യുവജന വിഭാഗം സമൂഹത്തിന് പൊതുവേയും വിദ്യാർത്ഥികൾക്ക് പ്രത്യേകമായും പ്രയോജനപ്പെടുന്ന പല സംരംഭങ്ങളും ചെയ്യുന്നു. അവരുടെ ഡ്രസ്സ്ബാങ്ക് പുതുമയുള്ളതാണ്. അറബി രാജ്യങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും വസ്ത്രങ്ങൾ ശേഖരിച്ച് ആവശ്യക്കാരും നിർദ്ധനരുമായവർക്ക് വിതരണം ചെയ്യുന്ന ഈ നടപടി ഏറെ പ്രശംസിക്കപ്പെട്ടിട്ടുള്ളവയാകുന്നു.

എം.എസ്സ്.എസ്സിൻെറ ഭാവി പരിപാടികളിൽ മെഡിക്കൽ സർവീസ് സെൻററുകൾ, 4 സ്വാശ്രയ കോളേജുകൾ, ആലപ്പുഴയിലും പൊന്നാനിയിലും ഓരോ സാംസ്കാരിക കേന്ദ്രങ്ങൾ, ബോധവൽക്കരണ ഉദ്ദേശ്യത്തോടെ ഒരു സഞ്ചാരയൂണിറ്റ്, സാമൂഹ്യ സാമ്പത്തിക സർവ്വേ എന്നീ മഹൽ പദ്ധതികൾ ഉൾപ്പെടുന്നുണ്ട്. ഇവ പ്രാവർത്തികമാക്കുവാൻ സാധിച്ചാൽ സമുദായത്തിന് ഏറെ നേട്ടങ്ങളുണ്ടാക്കുവാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഫറൂക്ക് കോളേജിലെ മുൻ പ്രിൻസിപ്പലും പണ്ഡിതനുമായ വി. മുഹമ്മദ് സാഹിബാണ് എം.എസ്.എസ്. പ്രസിഡണ്ട്.

## XII കേരള വഖഫ് ബോർഡ്

1954ലാണ് കേന്ദ്ര ഗവർമ്മേണ്ട് വഖഫ് ആക്ട് പാസ്സാക്കിയത്. ഒരുപാട് വഖഫ് സ്വത്ത് അന്യാധീനപ്പെട്ട് പോയിട്ടുണ്ടായിരുന്നു. വഖഫ് സത്തുക്കളും സ്ഥാപനങ്ങളും സംരക്ഷിക്കുകയും നഷ്ടപ്പെട്ടവയെ വീണ്ടെക്കുകയും ചെയ്ത് വഖഫിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതം കൈകാര്യം ചെയ്യുന്നതിനുള്ള നിയമ പ്രാബല്യം നൽകുവാനാണ് വഖഫ് ആക്ട് നടപ്പിൽ വരുത്തിയത്. കേരളത്തിൽ ഇതിൻെറ അടിസ്ഥാനത്തിൽ വഖഫ് ബോർഡ് നിലവിൽ വന്നത് 1960ലാണ്. ആക്ടനുസരിച്ച് ഓരോ ബോർഡിൻെറയും കാലാവധി അഞ്ച് വർഷമാകുന്നു. 1960ൽ നിലവിൽ വന്ന പ്രഥമ വഖഫ് ബോർഡിൻെറ ചെയർമാൻ മർഹൂം പി.കെ. കുഞ്ഞ് സാഹിബായിരുന്നു. 1965ൽ ബോർഡ് പുനർസംഘടിപ്പിക്കപ്പെട്ടപ്പോൾ ജനാബ് മീജദ് മരയ്ക്കാർ സാഹിബിനെയാണ് ചെയർമാനായി നിയമിച്ചിരുന്നത്. ബോർഡിൻെറ ആസ്ഥാനം എറണാകുളമായി നിശ്ചയിക്കുകയും എറണാകുളം നോർത്തിൽ ഓഫീസ് തുറന്ന് പ്രവർത്തനം ആരംഭിക്കുകയം ചെയ്തു. 1962ൽ ഓഫീസ് എറണാകുളം ബ്രോഡ്‌വേയിലേക്ക് മാറ്റി സ്ഥാപിച്ചു.

1970 മുതൽ 1980 വരെയുള്ള പത്ത് വർഷം ബോർഡ്

ചെയർമാൻ സ്ഥാനം വഹിച്ചത്, ഹാജി ഇബ്രാഹിം സുലൈമാൻ സേട്ടു സാഹിബായിരുന്നു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ വഖഫ് ബോർഡുകൾക്ക് നാളിതുവരെ ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്ത അഭിമാനകരമായ നേട്ടങ്ങളാണ് കേരള വഖഫ് ബോർഡിന് നേടാൻ കഴിഞ്ഞിട്ടുള്ളത്. വഖഫിൻെറ സ്വഭാവത്തിനും വഖഫിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾക്കും അനുസൃതമായി സമുദായത്തിന് കൂടുതൽ ഗുണകരമായ രീതിയിലും വഖഫ് സ്വത്തുക്കളും അവയുടെ വരുമാനങ്ങളും ഉപയോഗപ്പെടുത്തുന്നതിന് ബോർഡ്, നേതൃത്വം നൽകിവരുന്നു. വഖഫ് സ്വത്തുക്കളുടെ ദുർവിനിയോഗം പരമാവധി തടയുന്നതിനും ബോർഡിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാന വഖഫ് ബോർഡുകളുടെ പ്രവർത്തനവുമായി താരതമ്യപ്പെടുത്തുമ്പോൾ കേരള വഖഫ് ബോർഡ് വളരെ കാര്യങ്ങൾ ചെയ്തിട്ടുള്ളതായി കാണാം. എറണാകുളം ബ്രോഡ്‌വേയിൽ സ്വന്തമായി ഒരു കെട്ടിടം വാങ്ങി ഓഫീസ്സതിൽ പ്രവർത്തിപ്പിക്കുവാൻ സാധിച്ചതാണ് ഒരു പ്രധാന കാര്യം. ഇതര സ്റ്റെയിറ്റുകളിലെ വഖഫ് ബോർഡിനൊന്നും സ്വന്തം കെട്ടിടമില്ലെന്നുള്ളത് ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. ബോർഡിൻെറ വരുമാനങ്ങളെ ആദായനികുതിയിൽ നിന്നും ബോർഡുവക കെട്ടിടങ്ങളെ വാടക നിയന്ത്രണ നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇന്ത്യയിൽ കേരള വഖഫ് ബോർഡ് മാത്രമാണ് അതിൻെറ ഉദ്യോഗസ്ഥർക്ക് കേന്ദ്രനിരക്കിലുള്ള ശമ്പളവും ക്ഷാമബത്തയും അനുവദിച്ചു കൊടുത്തിട്ടുള്ളത്. 1969ൽ കേന്ദ്ര ഗവർമ്മേണ്ട് വഖഫ് നിയമത്തിൽ വരുത്തിയ ചില ഭേദഗതികൾ അനുസരിച്ച് പള്ളികളും മതധർമ്മ സ്ഥാപനങ്ങളും യതിംഖാനകളും ഉൾപ്പെടെയുള്ള വഖഫ് സ്ഥാപനങ്ങളിൽ അവയുടെ വരുമാനത്തിൻെറ ആറ് ശതമാനം വിഹിതം വഖഫ് ബോർഡിലേക്കടക്കണമായിരുന്നു. വഖഫ്കളുടെ സ്ഥിതിയും സമുദായത്തിൻെറ വികാരവും കണക്കിലെടുത്ത് കൊണ്ട് കേരള വഖഫ് ബോർഡ് പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിന് കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് നിവേദനം നടത്തിയിരുന്നു. തൽഫലമായി 1972ൽ സി.എച്ച്. മുഹമ്മദ് കോയ സാഹിബ് വഖഫ് കാര്യമന്ത്രിയായിരുന്ന അവസര ത്തിൽ നിയമ സഭയിൽ ഒരു ഭേദഗതി ബില്ല് അവതരിപ്പിച്ച് പാസ്സാക്കുകയും മതധർമ്മ സ്ഥാപനങ്ങൾക്കും പള്ളി കൾക്കും ലഭിക്കുന്ന സംഭാവനകൾ, പിടിയരി, കെട്ട്തെങ്ങ്, പെട്ടിപ്പിരിവ് തുടങ്ങിയ ഇനങ്ങളിലുള്ള വരുമാനങ്ങളും അനാഥശാലകൾക്കും അറബികോളേജുകൾക്കും ലഭിക്കുന്ന സർക്കാർ ഗ്രാൻറുകളും മറ്റും ബോർഡ്, വിഹിതം ചുമത്തുന്നതിൽ നിന്നും ഒഴിവാക്കുകയുണ്ടായി. മറ്റു സംസ്ഥാനങ്ങളിൽ ഇപ്പോഴും 1969ലെ കേന്ദ്ര നിയമപ്രകാരം വഖഫിൻെറ മുഴുവൻ വരുമാനത്തിൻമേലും വിഹിതം ഈടാക്കിക്കൊണ്ടിരിക്കുകയാണ്.

വഖഫ് നിയമങ്ങളെ സംബന്ധിച്ചും വഖഫ് ബോർഡിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചും മുത്തവല്ലിമാരെ ബോധവാൻമാരാക്കി ബോർഡിൻെറ പ്രവർത്തനവുമായി അവരെ സഹകരിപ്പിക്കുന്നതിനുമായി ജില്ലാ അടിസ്ഥാനത്തിൽ മുത്തവല്ലിമാരുടെ കോൺഫ്രൻസുകൾ വിജയകരമായി സംഘടിപ്പിച്ചിരുന്നു. അന്യാധീനപ്പെട്ട ധാരാളം വഖഫ് സ്വത്തുക്കൾ തിരികേ എടുക്കുന്ന നടപടിയാണ് വഖഫ് ബോർഡ് ചെയ്ത മറ്റൊരു വിലപ്പെട്ട സേവനം. ആലപ്പുഴയിലെ ഹാഷിമിയ്യ മദ്രസ വഖഫും അതിൻെറ 14 ഏക്കർ തെങ്ങിൻ തോപ്പും ആലപ്പുഴ കളക്ടറേറ്റിനടുത്തുള്ള 25 സെൻറ് സ്ഥലവും ബോർഡ് അങ്ങനെ വീണ്ടെടുത്ത സ്ഥലങ്ങളിൽപ്പെടുന്നു. ഇവിടെ ബോർഡ് നല്ല ഒരു ഹോസ്റ്റൽ കെട്ടിടം പണിത് നന്നായി നടത്തിപ്പോരുന്നുണ്ട്. കൊച്ചിയിലെ ഹാജി ഈസാ സാലെ മുഹമ്മദ് വക വഖഫ് സ്വത്ത് തർക്കം, കുടിയാൻമാരുമായി ഒത്തുതീർപ്പിലെത്തിക്കാനും കഴിഞ്ഞു. അവരിൽ നിന്നും വിലയായി കിട്ടിയ രണ്ടു ലക്ഷത്തിൽ പരം രൂപ മുടക്കി മട്ടാഞ്ചേരി ബസാറിൽ കെട്ടിടം വാങ്ങുകയും അതിൽ നിന്നും വർഷംതോറും 20,000 ക.യോളം ആദായം കിട്ടി വരുന്നുമുണ്ട്. കൊടുങ്ങല്ലൂർ പടിയത്ത് പുത്തൻകാട്ടിൽ വീരാൻഹാജിയുടെ വക വഖഫ് സ്വത്ത് ദുർവിനിയോഗം ചെയ്തിരുന്ന മുത്തവല്ലിയെ തൽസ്ഥാനത്ത് നിന്നും നീക്കി ബോർഡ് പ്രതിനിധിയെ മുത്തവല്ലിയായി നിയമിച്ച് സ്വത്ത് സംരക്ഷിച്ചിട്ടുണ്ട്. വെളിയത്തുനാട് ജുംഅത്ത് പള്ളി ഭരണത്തിൽ ക്രമക്കേടുകൾ കണ്ടതിനാൽ പ്രസ്തുത പള്ളിഭരണം ബോർഡ് ഏറ്റെടുക്കുകയും തുടർന്ന് ജനാധിപത്യ രീതിയിൽ തെരഞ്ഞെടുപ്പു നടത്തി പള്ളി ഭരണം പുതിയ കമ്മിറ്റിയെ ഏൽപ്പിച്ചുകൊടുക്കുയുമുണ്ടായി. മുത്തവല്ലിമാർ അന്യാധീനപ്പെടുത്തിയ ആല, പനങ്ങാട് സാഹിബ് പള്ളി വക സ്വത്തുക്കൾ, അറക്കൽ അഹമ്മദ് വഖഫ് സ്വത്തുക്കൾ, ചെമ്മനൂർ ഉളിയന്നൂർ കുഞ്ഞിനിക്കര ജമാ അത്ത് പള്ളി വക സ്വത്തുക്കൾ തുടങ്ങി അനേകം വഖഫ്സ്വത്തുക്കൾ വീണ്ടെടുക്കുവാൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

പള്ളികളിൽ ഭരണസ്തംഭനമുണ്ടാകുമ്പോൾ ബോർഡ് നേരിട്ട് ഇടപെട്ട് ക്രമീകരണം നടത്തിപ്പോരുന്നു. കൊച്ചിയിലെ ഹാജി ഈസാ സാലെ മുഹമ്മദ് വഖഫ്, അബ്ദുൾ സത്താർ ഹാജി മൂസാ സേട്ട് വക ആലുവയിലെ പള്ളി, പുളിക്കലിലെ പുത്തലത്ത് ജമാഅത്ത് പള്ളി, എറണാകുളം ബ്രോഡ്‌വേ പള്ളി, അഴീക്കോട് ജുമാഅത്ത് പള്ളി, കാളത്തോട് ജമാഅത്ത് പള്ളിയും മുല്ലക്കര ജാറവും, വെളിയത്ത് നാട് ജമാഅത്ത് പള്ളി തുടങ്ങിയവ ബോർഡ് നേരിട്ട് താൽക്കാലിക മുത്തവല്ലിമാരെ നിയമിച്ച് ഭരണക്രമീകരണം നടത്തിയവയിൽപ്പെടുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ തുടർന്നുള്ള ഭരണം തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റികളേയും നോമിനേറ്റ് ചെയ്ത കമ്മിറ്റികളേയും ഏൽപ്പിക്കുകയാണു ണ്ടായത്. ഇതുപോലെ നിരവധി പള്ളികളിൽ നടന്നിരുന്ന തർക്കങ്ങളും വ്യവഹാരങ്ങളും ബോർഡ് ഇടപെട്ട് സമാധാനമായി പരിഹരിച്ചിട്ടുണ്ട്. വഴക്കുകൾ പറഞ്ഞൊതുക്കി കേസ്സുകൾക്ക് വരുന്ന അനാവശ്യചെലവ് ഒഴിവാക്കുവാനും ഇത് ഏറെ

സഹായിച്ചിട്ടുണ്ട്. കാളത്തോട് ജമാഅത്ത് പള്ളിയും മുല്ലക്കര ജാറവും, ചെട്ടിയങ്ങാടി ജമാഅത്ത് പള്ളി, പട്ടാമ്പി ജമാഅത്ത് പള്ളി, പോരുവഴി ജമാഅത്ത് പള്ളി, കൊല്ലൂർ വിള ജമാഅത്ത് പള്ളി, കോട്ടുകാട്ടു ജമാഅത്ത് പള്ളി, ഒറ്റപ്പാലം ജമാഅത്ത് പള്ളി, കോട്ടക്കൽ ജമാഅത്ത് പള്ളി, കുഴിയിൽ പീടിക ജമാഅത്ത് പള്ളി, എടവിലങ്ങ് ജമാ അത്ത് പള്ളി, കൈപ്പുൽത്തുരുത്ത് ജമാഅത്ത് പള്ളി, ചിന്നക്കട ജമാഅത്ത് പള്ളി, ഏലൂർ ജമാഅത്ത് പള്ളി, ആലപ്പുഴ ജില്ലാ കോട്ടു മഹല്ലു ജമാഅത്ത് പള്ളി എന്നിവ അവയിൽ ചിലതു മാത്രമാണ്. ഇതുപോലെ വ്യവസ്ഥാപിതമായ ഭരണസംവിധാനത്തിന്റെ അഭാവത്തിൽ തർക്കങ്ങൾ നിലനിന്നിരുന്ന പല വഖഫ് സ്ഥാപനങ്ങളിലേയും തർക്കങ്ങൾ ബോർഡ് പരിഹരിക്കുകയും അവിടങ്ങളിൽ ഭരണക്രമീകരണം നടത്തി സുഗമമായ പ്രവർത്തനത്തിന് വഴി ഒരുക്കുകയു ചെയ്തിട്ടുണ്ട്.

സാമ്പത്തിക കുഴപ്പം കൊണ്ട് പ്രയാസപ്പെടുന്ന പല വഖഫ് സ്ഥാപനങ്ങൾക്കും ജീർണ്ണോദ്ധാരണം നടത്തേണ്ട പള്ളികൾക്കും പുതുതായി നിർമ്മിച്ചവക്കും ബോർഡിന്റെ പരിമിതമായ കഴിവനുസരിച്ച് സഹായധനം നൽകിപ്പോരുന്നു. വഖഫ് ബോർഡ് ഏറ്റെടുത്ത് നിർമ്മാണം നടത്തിയ ഷോപ്പിംങ്ങ് കോംപ്ലക്സ് , ഹോസ്റ്റൽ എന്നിവയ്ക്ക് കേന്ദ്ര വഖഫ് ബോർഡിൽ നിന്നും ധനസഹായം വാങ്ങാൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തും ബോർഡ് അതിന്റേതായ സേവനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അറബി, ഉറുദു ഭാഷാ പരിപോഷണത്തിന്നായി ഈ ഭാഷകൾ പഠിക്കുന്ന മിടുക്കൻമാരായ കുട്ടികൾക്ക് സ്കോളർഷിപ്പുകളും മറ്റു പ്രോത്സാഹനങ്ങളും ചെയ്തുവരുന്നുണ്ട്. പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന നിർദ്ധനരായ വിദ്യാർത്ഥികൾക്ക് ലോൺ സ്കോളർഷിപ്പ് കൊടുക്കുന്ന പദ്ധതിയും നിലവിലുണ്ട്. കാക്കനാട് ചിറ്റേത്തുകര ജമാഅത്ത് നഴ്സറി സ്കൂൾ, തലശ്ശേരി ഖാദി മുൽ ഇസ്ലാം ജമാഅത്ത് നഴ്സറി സ്കൂൾ, കൊച്ചി മുജാഹിദ്ദീൻ നഴ്സറി സ്കൂൾ, മഞ്ചേരി ഇസ്ലാമിക് സ്റ്റഡിസെൻറർ നഴ്സറി സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങൾ ബോർഡിന്റെ സഹായധനം ലഭിക്കുന്നവയിൽ ചിലതാകുന്നു. ഇസ്ലാമിക വിജ്ഞാനപ്രദമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ധനസഹായം, ഖുർആൻ പാരായണ മത്സരത്തിന് നൽകുന്ന സഹായം തുടങ്ങിയവയും ബോർഡ് ചെയ്തു വരുന്ന സേവനങ്ങളാണ്.

6500ൽ പരം വഖഫ് സ്ഥാപനങ്ങൾ ഇത് വരെ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും വിഹിതം ഈടാക്കുന്നവ 2500ൽ താഴെ മാത്രമാണ്. ഒഴിവാക്കപ്പെട്ടവക്ക് പുറമേ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അടക്കേണ്ട തുകയിൽ ഇളവ് നൽകുകയും സാധാരണയാണ്. കേരളത്തിലെ വഖഫ് സ്ഥാപനങ്ങൾക്ക് പ്രത്യുൽപാദന പരമായ വികസന പ്രവർത്തനങ്ങൾ നടത്താൻ ധനസഹായം ലഭിക്കത്തക്ക രീതിയിൽ ഒരു വഖഫ് ഡവലപ്പ്മെൻറ് കോർപ്പറേഷൻ 1979ൽ രൂപീകരിച്ചിരുന്നു.

വഖഫ് സ്ഥാപനങ്ങളിലെ വരവ് ചെലവ് കണക്ക് ഓഡിറ്റ് ചെയ്യുവാനും സ്വത്തുക്കളും പ്രവർത്തനങ്ങളും നേരിട്ട് പരിശോധിക്കാനും ക്രമക്കേടുകൾ കണ്ടുപിടിച്ച് അവ പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാനും ബോർഡിന് കഴിഞ്ഞിട്ടുണ്ട്. ബോർഡ് ഓഡിറ്റർമാരും ഇൻസ്പെക്ടർമാരും സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് ഇവ കൃത്യമായി നിർവ്വഹിച്ചുവരുന്നു. ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുവാനും സമുദായത്തിന്റെ ആത്മീയവും ഭൗതികവുമായ ഉൽക്കർഷത്തിനുതകും വിധം സേവനനിരതമാക്കുവാനും കഴിയണം. പരിമിതമായ ജീവനക്കാരെയും ഇന്നുള്ള പരിമിതമായ വരുമാനത്തേയും ആശ്രയിച്ച് ഇത് വിജയകരമാക്കുവാൻ പ്രയാസമാണ്. സർക്കാരുകളും സമുദായ സ്നേഹികളും വഖഫ് ബോർഡിന്റെ പ്രവർത്തനം അർത്ഥവത്താക്കാൻ സാധിക്കുംവിധം ഉദാരമായ സാമ്പത്തിക സഹായം നൽകിയാൽ മാത്രമേ ഈ സ്ഥാപനം കൊണ്ട് വിചാരിക്കുന്ന മേൻമയേറിയ സേവനങ്ങൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. മുസ്ലിം സമുദായത്തിന്റെ സാമൂഹ്യവും സാംസ്കാരികവുമായ വളർച്ചക്ക് മഹത്തായ പല സംഭാവനകളും വഖഫ് ബോർഡിന് ചെയ്യുവാൻ സാധിക്കും വിധം ഇതിനെ ബലവത്തായ സ്ഥാപനമാക്കി മാറ്റേണ്ടതായുണ്ട്.

# L മുസ്ലിംകളുടെ സാംസ്കാരിക സംഭാവന

കേരളത്തിലെ മുസ്ലിം സമുദായത്തിൻെറ പ്രത്യേകത, ഇന്ത്യയിലെ ഇതരഭാഗങ്ങളിലെ മുസൽമാൻമാരെക്കാൾ ജനിച്ച നാടിൻെറ സാംസ്കാരിക ധാരയിൽ അലിഞ്ഞു ചേർന്ന ഒരു വിഭാഗമാണ് അവരെന്നതത്രെ. ഇന്ത്യയിൽ മറ്റെവിടേയും മുസൽമാൻമാർ ഉറുദുഭാഷ സംസാരിക്കുന്നവരാണ്. ഇസ്ലാമിക സംസ്കാരത്തിൻെറ ആണിക്കല്ലായ അറബിഭാഷ അറിയാത്തവരാണ് അവരിലധികം ആളുകളെങ്കിലും, ഉറുദു ഭാഷ വീട്ടിൽ സംസാരിക്കുകയും ഇന്ത്യൻ മുസൽമാൻെറ പൊതുഭാഷയായി അംഗീകരിക്കുകയും ചെയ്തുവന്നവരാണവർ. കേരളത്തിലെ സ്ഥിതി അതല്ല. ഇന്ത്യൻ മുസൽമാൻെറ ഈ പൊതുസ്വഭാവത്തിൽ നിന്നും അവർ ഒറ്റപ്പെട്ട് നിൽക്കുന്നു. അവൻെറ സംസാര ഭാഷ മലയാളമാണ്. അതേസമയം അറബി ഒരു ഭാഷ എന്ന നിലക്ക് കൈകാര്യം ചെയ്യുവാൻ വശമുള്ളവർ കുറവാണെങ്കിലും ഓത്ത് പഠിക്കാത്തവരോ ഇസ്ലാമിക ആചാര അനുഷ്ഠാനങ്ങൾക്കാവശ്യമായ പ്രാഥമിക പാഠങ്ങൾ പഠിക്കാത്തവരോ കാണുകയില്ല.

കേരളത്തിലെ മുസ്ലിംകൾ മുഴുക്കെത്തന്നെ എന്ന് പറയാം അറബികളുമായുണ്ടായ നിദാന്ത സമ്പർക്കത്തിൻെറ ഫലമായി മതപരിവർത്തനം ചെയ്തവരുടെ പരമ്പരയാണെന്നതു കൊണ്ടാണിത്. അതേസമയം ഉത്തരേന്ത്യയിൽ ആക്രമണ സംഘവുമായി വന്ന സൈനിക ജേതാക്കളുടെ വംശ പരമ്പരയിൽപ്പെട്ടവരും അവരുടെ പ്രേരണയാൽ മതപരിവർത്തനം ചെയ്തവരുമാണ് അധികവും. പ്രവാചകന് എത്രയോ മുമ്പ് മുതൽ കേരളം അറബികളുടെ പ്രധാന വ്യവസായ കേന്ദ്രങ്ങളിൽ ഒന്നായിരുന്നുവല്ലോ. തൻമൂലം ഇസ്ലാമിൻെറ പ്രചാരണത്തോട് കൂടിത്തന്നെ കേരളത്തിലും ഇസ്ലാമിക സന്ദേശം പ്രചരിച്ചിരിക്കണം. എന്നാൽ ഉത്തരേന്ത്യയിലും ഇതര സംസ്ഥാനങ്ങളിലും ഇസ്ലാമിക പ്രചാരണവും ഒരു പ്രസ്ഥാനമെന്ന നിലയിൽ അതിന് പ്രാബല്യവും ലഭിക്കുന്നത് 12-ാം നൂറ്റാണ്ട് മുതൽക്കായിരുന്നു. എ.ഡി. 712ൽ സിന്ധാക്രമിച്ച് കീഴടക്കുവാൻ ഇബ്നു അൽ കാസിമിന് നിഷ്പ്രയാസം സാധിച്ചുവെങ്കിലും ഇസ്ലാമിക സന്ദേശം ഇന്ത്യയിൽ പരത്തുവാൻ അറബികളുടെ സിന്ധാക്രമണം കൊണ്ടു സാധിച്ചിരുന്നില്ല. പതിനൊന്നാം നൂറ്റാണ്ടാരംഭം മുതൽ 17 പ്രാവശ്യം ഇന്ത്യയുടെ പ്രധാന പട്ടണങ്ങളും പുകഴ്പെറ്റ ക്ഷേത്രസംവിധാനങ്ങളും കൊള്ളയടിച്ച്, ഭാരതീയർക്കാകമാനം ഒരു പേടി സ്വപ്നമായി മാറിയിരുന്ന മുഹമ്മദ് ഗസ്നാക്ക് സാധിച്ചത് തൻെറ അരമനയെ മോടിപിടിപ്പിക്കുവാനും തൻെറ ഗസ്നി സാമ്രാജ്യത്തെ സമ്പന്നമാക്കുവാനും ഇന്ത്യയിൽ നിന്നും ഓരോ പ്രാവശ്യവും കടത്തിക്കൊണ്ടു പോയ അളവറ്റ ധനം സഹായകമായി എന്നത് മാത്രമാണ്. അതേസമയം സമ്പത്ത് കുമ്പാരം കൂട്ടിയിരുന്ന ഇന്ത്യയിലെ വൻക്ഷേത്രങ്ങളിൽ കടന്ന് കൊള്ളയടിക്കുക പതിവാക്കിയ മുഹമ്മദ് ഗസ്ന ഇസ്ലാമിനോടും മുസ്ലിംകളോടും ഹൈന്ദവ ഹൃദയങ്ങളിൽ കടുത്ത വെറുപ്പ് അങ്കുരിപ്പിക്കുകയാണ് ചെയ്തത്. തങ്ങൾ അരുമയായി കരുതിയിരുന്നവയെ നിഷ്കരുണം കൊള്ളയടിച്ച ഈ ആക്രമണകാരിയുടെ മതത്തെ ജനങ്ങൾ സംഭീതരായി എതിർത്തു. ഒരാളെപ്പോലും തൻെറ മതത്തിലേക്ക് ആകർഷിക്കുവാൻ കഴിയാത്ത ഗസ്ന ഇസ്ലാമിനെക്കുറിച്ച് മറ്റുള്ളവർക്കിടയിൽ ആപൽശങ്കയും അരിശവും ഉണ്ടാക്കുക മാത്രമാണ് ചെയ്തത്. ഗസ്നയുടെ ലക്ഷ്യം മതപ്രചാരണമല്ലാത്തതിനാലും പണവും പ്രശസ്തിയും ആയിരുന്നു ഉദ്ദേശ്യം എന്നതിനാലും അദ്ദേഹം അത്തരം കാര്യങ്ങൾ ശ്രദ്ധിച്ചതുമില്ല. പണക്കൊതി ഒന്നു കൊണ്ടുമാത്രമാണ് പരമ്പരാഗതമായി സ്വരുക്കൂട്ടിയിരുന്ന ക്ഷേത്രസമ്പത്ത് ആക്രമിച്ച് കവർന്നെടുത്തത് എന്ന് എത്ര ഉറക്കെ പറഞ്ഞാലും ഇതേൽപ്പിച്ച ആഘാതം വളരെ വലുതായിരുന്നു. ഭാരതീയ മനസ്സിൽ കട്ടി പിടിച്ച ഈ കറ മാറ്റുവാൻ നൂറ്റാണ്ട് തന്നെ പിന്നിടേണ്ടി വന്നു എന്നതാണ് പരമാർത്ഥം.

12ഉം 13ഉം നൂറ്റാണ്ടുകളിൽ ബാഗ്ദാദും സമർക്കന്തും ബുക്കാറയുമെല്ലാം മംഗോൾ ആക്രമണത്തിന് വിധേയമായപ്പോൾ അവിടെ നിന്നും ജീവരക്ഷാർത്ഥം പലായനം ചെയ്ത് ഇന്ത്യയിൽ അഭയം പ്രാപിച്ച സൂഫി വര്യൻമാരും പണ്ഡിതൻമാരും സിദ്ധൻമാരുമാണ് ഭാരതീയ ഹൃദയത്തിൽ നിന്നും ഈ കറ മായ്ച്ച് കളഞ്ഞ് ഇസ്ലാമിൻെറ മഹത്തായ സന്ദേശം ജനങ്ങളിലേക്ക് കൊണ്ടുവന്നത്. അപ്പോഴേക്കും മുസ്ലിം രാഷ്ട്രങ്ങളിൽ വെച്ച് എറ്റവും വിസ്തൃതവും സമ്പന്നവുമായ രാജ്യം ഇന്ത്യയുടേതായിത്തിരുകയും ചെയ്തിരുന്നു. ആയിരക്കണക്കിന് യോദ്ധാക്കളും ജോലിക്കാരും അടിമകളും ഡൽഹി സുൽത്താൻ മാരുടെ ഭരണകാലം മുതൽ ഇന്ത്യയിൽ വന്ന് അവരുടെ കീഴിൽ ജീവസന്ധാരണം നടത്തിപ്പോന്നിരുന്നു. അങ്ങനെയാണ് ഉത്തരേന്ത്യയിൽ മുസ്ലിം സമുദായം വളർന്നു പന്തലിച്ചത്. ആധുനികകാലത്ത് സാരസിക വാസ്തു ശിൽപശൈലിയിൽ പണിതുയർത്തപ്പെട്ട ധാരാളം മുസ്ലിം പള്ളികൾ കേരളത്തിലുണ്ടല്ലോ. എന്നാൽ ആദ്യ കാലത്തെ എല്ലാ ആരാധനാലയങ്ങളും കേരളീയ വാസ്തുശിൽപ മാതൃകയിലുള്ളതായിരുന്നു എന്നോർക്കണം. മിക്ക പള്ളികളും അമ്പലങ്ങളുടെ നിർമ്മാണ രീതികളിൽ നിന്നും അത്ര വിഭിന്നമായിരുന്നില്ല. നാടൻ ആശാരിമാരും കൊത്തനും ദൈവാരാധനയ്ക്കുള്ള ആലയങ്ങൾ പണിത് ശീലിച്ച രീതി തന്നെ മുസ്ലിം ദേവാലയങ്ങളിലും കാഴ്ച വെച്ചു എന്ന്

മാത്രം. അങ്ങനെ കേരള സംസ്കാരത്തേയും ആചാരങ്ങളേയും തിരസ്ക്കരിച്ച് കൊണ്ടായിരുന്നില്ല ആദ്യകാല മുസൽമാൻമാർ അവരുടെ പ്രാർത്ഥനാലയങ്ങൾ നിർമ്മിച്ചത്. കേരള സമൂഹത്തിൽ നിന്നും അവർ ഒറ്റപ്പെട്ടു നിന്നിരുന്നില്ലെന്നർത്ഥം. അന്യോന്യം വിശ്വാസത്തോടും ഒരുമയോടും കൂടി, കൊണ്ടും കൊടുത്തും ജീവിച്ച ജനവിഭാഗമാണവർ. ജാതി സമ്പ്രദായം കൊടുമ്പിരികൊണ്ടിരുന്ന കേരളത്തിൽ മുസൽമാനെ നാലാം മതക്കാരായി കണക്കാക്കുകയും ഇന്ത്യയിൽ ഇതരഭാഗത്തുണ്ടായിരുന്ന വൈശ്യരുടെ സ്ഥാനം കൽപ്പിച്ചു കൊടുക്കുകയും ചെയ്തു. തൊട്ടുകൂടാത്തവനും അയിത്തക്കാരനും മതപരിവർത്തനം ചെയ്ത് മുസൽമാനായാൽ അവന്റെ സാമൂഹികമായ അവസ്ഥിതി മാറുമെന്ന് വന്നപ്പോൾ ജാതീയ പീഢനങ്ങൾ അനുഭവിച്ചിരുന്നവർ കൂട്ടംകൂട്ടമായി ഇസ്ലാമിലേക്ക് ആകൃഷ്ടരായി. അങ്ങനെ സമൂഹത്തിൽ പദവിയും സ്ഥാന മാനങ്ങളും അവർ മറ്റുള്ളവരോടൊപ്പം നേടിയെടുത്തു. ജാതി മര്യാദ അഭംഗുരം പുലർത്തുവാൻ ഓരോ ജാതിക്കും ഉപജാതിക്കും അകലെ നിന്ന് തന്നെ കണ്ടാലറിയാവുന്ന വേഷവിധാനങ്ങൾ നിലനിർത്തിപ്പോന്നിരുന്നു. കേരളത്തിലെ അലംഘനീയമായ ആ ആചാരത്തിനനുസൃതമായാണ് മുസ്ലിംകൾ അവരുടെ വേഷവിധാനങ്ങൾ സജ്ജീകരിച്ചത്. നമ്പൂതിരിയും നായരും പൂണൂൽ, മുൻകുടുമ, പിൻകുടുമ, പലതരത്തിലുള്ള ചന്ദനക്കുറി, വൈവിദ്ധ്യമാർന്ന വസ്ത്രാഭരണങ്ങൾ തുടങ്ങിയവക്കൊണ്ട് ജാതിയുടെ അടയാളങ്ങൾ വ്യക്തമാക്കിയിരുന്നു. കീഴ് ജാതിക്കാരാകട്ടെ കക്ക, കവിടി, പുലിപ്പല്ല്, ഞവണി തുടങ്ങിയവക്കൊണ്ടും മുഖത്തും ദേഹത്തും പച്ചകുത്തി പലതരം ചിത്രങ്ങളുണ്ടാക്കിയും വഴി നടക്കുമ്പോൾ മറ്റുള്ളവർക്ക് അയിത്തമുണ്ടാകാതിരിക്കുവാൻ പ്രത്യേക ശബ്ദത്തിൽ ഓലിയിട്ടും ജാതി മര്യാദകൾ പുലർത്തിപ്പോന്നു. അതുപോലെ മറ്റു മതസ്ഥരും അവരുടേതായ പ്രത്യേക വേഷവിധാനങ്ങൾ അണിയുകയും ചെയ്തു. ജൂതത്തൊപ്പിയും അവരുടെ സ്ത്രീകളുടെ ഉടയാടകളും ആഭരണങ്ങളും പ്രത്യേകതരമാണല്ലോ. ക്രിസ്ത്യാനി, മാറിൽ കറുപ്പ് നൂലിൽ വലിയ വെന്തിങ്ങ ധരിക്കുക പതിവായിരുന്നു. അവരുടെ സ്ത്രീകളാകട്ടെ വിശറി പോലെ ഞൊറിഞ്ഞുടുത്ത മുണ്ടും കാതിൽ വലിയ തക്കാമോതിരവും കൊണ്ടും മറ്റുള്ളവരിൽ നിന്നും വ്യതിരിക്തത സൃഷ്ടിച്ചു. മുസൽമാന്റെ വേഷവിധാനമായിരുന്നു അക്കാലത്ത് ഏറ്റവും പരിഷ്കൃതമായിരുന്നത്. നമ്പൂതിരി മുതൽ എല്ലാ മേൽ ജാതിക്കാരും കോണകവും ഒറ്റമുണ്ടും ചിലരൊക്കെ മേൽമുണ്ടും ധരിക്കുക എന്നതിൽ കവിഞ്ഞ് കമ്മീസോ കുപ്പായമോ ഇട്ടിരുന്നില്ല. തൊപ്പിയും തലപ്പാവും ഷർട്ടും കള്ളിമുണ്ടും പാദുകവും മുസൽമാനെ മറ്റുള്ളവരിൽ നിന്നും വേർതിരിച്ചു കാട്ടി. തൊപ്പിയും തലേക്കെട്ടുമുള്ളപ്പോൾ ഉഷ്ണരാജ്യമായ കേരളത്തിൽ മുടിവളർത്തുന്നത് സുഖകരമോ ആരോഗ്യകരമോ അല്ലാത്തതിനാൽ തല മൊട്ടയടിക്കുക അവരുടെ സ്വഭാവമായി മാറി. സ്ത്രീകളാകട്ടെ വിവിധതരം ആഭരണങ്ങളും കാതുകൾ കുത്തി അണിയുന്ന ചിറ്റും (അലിക്കത്ത്) കാപ്പ്, ചിറ്റായി തുടങ്ങിയ നിറപ്പകിട്ടാർന്ന മുണ്ടുകൾ ഉടുത്തും, മിസ്ർ, തട്ടം, ദുപ്പട്ട തുടങ്ങിയവകൊണ്ട് തലമറച്ചും മെയ്യ്‌വടിവും മിഴിവും നിലനിർത്തുവാൻ അക്കാലത്ത് സാധിക്കുന്ന വിധത്തിൽ കാണിയടിച്ച പെൺകുപ്പായമിട്ടും കൈയ്യിലും കാലിലും മൈലാഞ്ചിയണിഞ്ഞും കണ്ണിൽ സുറുമയും ദേഹത്ത് അത്തറും പൂശി കേരളീയ സമൂഹത്തിൽ അങ്ങേയറ്റം ആകർഷിതരായും ബഹുമാനിതരായും കഴിഞ്ഞു കൂടിയിരുന്നു. കേരളസമൂഹത്തിൽ അങ്ങനെ പദവിയും അംഗീകാരവും ഉണ്ടായിരുന്ന ഏറ്റവും പരിഷ്കൃതരായ ജനവിഭാഗമായി അവർ മാറി. മാറ് മറക്കുക ദുരാചാരമായി കരുതിയിരുന്ന സമൂഹത്തിലാണ് മാറിന് ഇടിപ്പിൽ വരാതെ സൂക്ഷിക്കത്തക്ക പെൺകുപ്പായങ്ങൾ മുസ്ലിം സ്ത്രീകൾ അണിഞ്ഞിരുന്നത്. താണ ജാതിക്കാർ അധികവും വെറും ലങ്കോട്ടിയോ കച്ചയോ മാത്രം ധരിച്ചിരുന്ന സന്ദർഭത്തിലാണ് ഔറത്ത് മറക്കുക എന്ന ഇസ്ലാമിക ശാസനയ്ക്ക് അനുസൃതമായി മുസൽമാൻമാർ മുൻപറഞ്ഞ വേഷഭൂഷാദികൾ ആവിഷ്ക്കരിച്ചത്. ഇതെല്ലാം കേരളത്തിലെ ഇതര സമൂഹങ്ങളുടെ വികാരത്തെ വ്രണപ്പെടുത്താനായിരുന്നില്ലെന്നും അവരുടെ വികാരത്തെ മാനിച്ചും നാട്ടാചാരത്തെ ബഹുമാനിച്ചും ആയിരുന്നു എന്നും ഓർക്കണം.

കാർഷിക മേഖലകളിലും സാമൂഹ്യ സംവിധാനങ്ങളിലും അവർ മറ്റുള്ളവരോടൊത്ത് കഴിഞ്ഞുകൂടി. മലയാളം വെറും പ്രാകൃതമായ പ്രാദേശിക ശൈലി മാത്രമായിരുന്നപ്പോൾ അതിന് ഒരു ലിപി നൽകി. ഒരു ഭാഷയ്ക്ക് ആവശ്യമായതെല്ലാം ഉണ്ടാക്കി പുഷ്ക്കലമായ ഒരു സാഹിത്യ മാധ്യമം സൃഷ്ടിക്കുകയാണ് അറബി - മലയാള ഭാഷയിലൂടെ ചെയ്തത്. ആ ഭാഷയ്ക്ക് കേരളീയ വിചാര വികാരങ്ങളെ സ്വാംശീകരിക്കുവാൻ സാധിച്ചിരുന്നു എന്നതിന്റെ ദൃഷ്ടാന്തമാണ് അതിന് കേരളത്തിലുടനീളം കിട്ടിയിരുന്ന അംഗീകാരവും ആ ഭാഷയിലൂടെ പ്രകാശിതമായിരുന്ന നൂറ് കണക്കിന് സാഹിത്യ സൃഷ്ടികളും. ഓണത്തല്ലും ഓണക്കളിയും തിരുവാതിരക്കളിയും ഹൈന്ദവപക്ഷത്ത് നിന്നുണ്ടായപ്പോൾ ഒപ്പനയും മൈലാഞ്ചിപ്പാട്ടും കൈക്കൊട്ടിക്കളിയും, കോൽകളിയും അറവന ദഫ്മുട്ടുകളും കൊണ്ട് മുസ്ലിംകൾ കലാമേള ഒരുക്കി. മാപ്പിളപ്പാട്ടുകളുടെ ശാലീനത സ്വരരാഗസുധ സൃഷ്ടിച്ചു.

കേരള സംസ്ക്കാരത്തിനും ഭാഷയ്ക്കും അനർഘമായ സംഭാവന ചെയ്ത മുസൽമാൻ കേരളീയനായിത്തന്നെ ജീവിച്ചു. എന്നാൽ കാലം കുറെയധികം മുന്നോട്ട് പോവുകയും വിദേശീയരായ പുതിയ യജമാനൻമാരുമായി സന്ധിയിലേർപ്പെടുകയും ചെയ്യേണ്ടതായി വന്ന നാട്ടുരാജാക്കൻമാരും ഇട പ്രഭുക്കൻമാരും വ്യവസ്ഥാപിത ഭരണത്തോട് മല്ലടിച്ച് മാത്സര്യത്തിൽ കഴിഞ്ഞിരുന്ന മുസൽമാന്റെ പക്ഷത്ത് നിന്നും കാല് മാറ്റിച്ചവിട്ടുവാൻ നിർബന്ധിതരായതോട് കൂടിയാണ് സ്വരുമയിൽക്കഴിഞ്ഞിരുന്ന കേരളീയരിൽ അസ്വാസ്ഥ്യത്തിന്റെ വിർപ്പുമുട്ടൽ അനുഭവപ്പെട്ട് തുടങ്ങിയത്. അത്

വളർന്ന് വളർന്ന് 1921ലെ മഹാകലാപത്തോട് കൂടി തീർത്തും രണ്ട് വ്യത്യസ്ഥ ക്യാമ്പുകളുണ്ടാക്കി. വിദേശിയരോട് അവസാനത്തെ സമരത്തിനൊരുങ്ങിയ മാപ്പിള സഖാക്കളെ ശത്രുക്കളുടെ മുമ്പിലേക്കെറിഞ്ഞ് പിൻവാങ്ങിയവരോട് ഒരിക്കലും അടുക്കുവാൻ സാധിക്കാത്ത മാനസിക അവസ്ഥയിലായി മലബാറിലെ മാപ്പിളമാർ. പ്രബല ജനവിഭാഗമായിരുന്ന നായരേയും മുസൽമാനേയും ഇംഗ്ലീഷുകാർ വൈദഗ്ദ്ധ്യത്തോട് കൂടി ശത്രുചേരിയിൽ തളച്ച് നിർത്തിയതിൻെറ പരിണിതഫലമായിരുന്നു ഇത്. സാമുദായിക ഐക്യത്തിൻെറ കടയ്ക്കൽ കോടാലി വെച്ച ഈ ദുഷ്പ്രവൃത്തി കേരള സംസ്കാരത്തിനേറ്റ ആഘാതമാണ്.

കേരളീയ സമൂഹത്തിൽ നിന്നും കൂട്ടംകൂട്ടമായി മതപരിവർത്തനം ഉണ്ടായതോടുകൂടിത്തന്നെ മുസ്ലിംകൾക്കിടയിലും അത് ചില പ്രത്യാഘാതങ്ങൾ ഉളവാക്കിയിരുന്നു. മതപരിവർത്തനം ചെയ്തവരധികവും സാമൂഹ്യ അംഗീകാരത്തിനും മനുഷ്യാവകാശങ്ങൾക്കും വേണ്ടിയാണ് തൊപ്പിയും കുപ്പായവും സ്വീകരിച്ചത്. എന്നാൽ അവരുടെ പല ആചാരങ്ങളും അന്ധവിശ്വാസങ്ങളും അവർ നിലനിർത്തുകയും ചെയ്തിരുന്നു. തങ്ങൾ മതചടങ്ങുകളായി ആഘോഷിച്ചിരുന്ന ഉത്സവങ്ങൾക്ക് സമം പള്ളികളിൽ ചന്ദനക്കുടവും ആഘോഷങ്ങളും വേണമെന്ന് വന്നു. തങ്ങൾ ആരാധിച്ചിരുന്നതിന് ബദലായി എന്തെങ്കിലും സങ്കൽപ്പങ്ങളുണ്ടാകണമെന്നുമായി. അങ്ങനെ ഏകദൈവ വിശ്വാസത്തിൽ യാതൊരു വക നീക്കുപോക്കിനും വിധേയമാകാതിരുന്നവരും തൗഹീദിൽ മാത്രം അടിയുറച്ച് വിശ്വസിച്ചിരുന്നവരുമായ ആദ്യകാല മുസ്ലിംകൾ പലതരം 'ബിദ്അത്തു'കൾക്കും ശിർക്കുകൾക്കും തന്നെയും അടികളായിതീർന്നു. കബറുകളിൽ പ്രാർത്ഥനയും നേർച്ചയും നടത്തുക, പടച്ചവനെ വിളിച്ച് പ്രാർത്ഥിക്കുന്നതിന് പകരമായി മുഹിയിദ്ദീൻ ശൈഖിനേയം മറ്റുള്ള മഹാത്മാക്കളേയും വിളിച്ച് പ്രാർത്ഥിക്കുക, രോഗമുക്തിക്കായി മന്ത്രവും, ഏലസ്സും, പിഞ്ഞാണമെഴുത്തും തുടങ്ങി സകല വിധ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സമുദായത്തിലുണ്ടായി. പോരെങ്കിൽ നേർച്ചകളും, മൗലൂദ്, റാത്തീബും, ഉറൂസും ചന്ദനക്കുടവുമൊക്കെ സാധാരണയായി. ഇതോടൊപ്പം സമുദായത്തിൽ സാമൂഹ്യ നിമ്നോനത പ്രകടമായിതീർന്നു. സമത്വസഹോദര്യത്തിൻെറ സ്നേഹസന്ദേശമായിരുന്നു ഇസ്ലാമിലേക്ക് ജനലക്ഷങ്ങളെ ആകർഷിച്ചിരുന്നെങ്കിൽ ആ സമുദായത്തിൽ തന്നെ ജാതിയും ഉപജാതിയും തറവാടിത്വമഹിമയും ഉള്ളവനില്ലാത്തവനെന്ന വ്യത്യാസവും രൂഢമൂലമാകുകയും ചെയ്തു. അങ്ങിനെ കേരളീയ സമൂഹത്തിൽ എന്തെന്ത് ഗുണദോഷങ്ങളുണ്ടായിരുന്നുവോ അതെല്ലാം മുസ്ലിമീങ്ങൾക്കിടയിലും വ്യവസ്ഥാപിതമായിത്തീർന്നു.

അങ്ങനെ കേരളീയ ജീവിതത്തിലൊട്ടിച്ചേർന്ന ഇവിടത്തെ മുസൽമാനെ നാട്ടരചൻമാരും ഫ്യൂഡൽ പ്രമാണികളും അവരുടെ ഏറ്റവും വിശ്വസ്ത സേവകരുമായി കരുതി. മുസൽമാനെ സ്നേഹിക്കുകയും വിശ്വാസമർപ്പിക്കുകയും ചെയ്തവരെ വഞ്ചിക്കുക മതപരമായ വലിയ പാതകം കൂടിയായപ്പോൾ ഇവരുടെ ബന്ധം സുദൃഢമായി തീർന്നു. തൻെറ ധീവര പ്രജകളിൽ ഒരു കുടുംബത്തിൽ നിന്നും ഒരാളെങ്കിലും മുസൽമാനാകണമെന്ന് പ്രഖ്യാപനം ചെയ്ത സാമൂതിരി രാജ്യരക്ഷക്കാവശ്യമായ മാപ്പിള നാവിക സമൂഹത്തെ നിലനിർത്തുകയെന്ന ഉദ്ദേശ്യത്തോടുകൂടിയാണിത് ചെയ്തതെങ്കിലും മുസ്ലിംകളിൽ അർപ്പിച്ചിരുന്ന വിശ്വാസത്തിന് നിദർശനവും കൂടിയാണിത്. അങ്ങനെ നമ്മുടെ വാണിജ്യ വ്യവസായങ്ങൾ മുഴുവനായി തന്നെ കൈകാര്യം ചെയ്തിരുന്നത് മുസ്ലിമീങ്ങളായിരുന്നു. പറങ്കിപടയാളികളുടെ വരവോടുകൂടി അറബിക്കടലിൻെറ അലയാഴികളിൽ വെച്ച് ഈ നാടിൻെറ സ്വാതന്ത്ര്യത്തിനും സംരക്ഷയ്ക്കും വേണ്ടി കുഞ്ഞാലി മരയ്ക്കാർമാരുടെ ഐതിഹാസികമായ സമര നേതൃത്വത്തിൻ കീഴിൽ മുസൽമാൻ ചിന്തിയ ചോരയ്ക്ക് ഒരു കണക്കുമില്ല. നൂറ് നൂറ് നാവിക യുദ്ധങ്ങളിലൂടെ പറങ്കിപ്പടയുടെ ശക്തി ക്ഷയിപ്പിക്കുവാനും കടലോരത്ത് മാത്രമായി അവരുടെ അധിനിവേശത്തെ പരിമിതപ്പെടുത്തുവാനും കഴിഞ്ഞത് കേരളത്തിലെ മുസൽമാൻ നാടിന് വേണ്ടി നിരന്തരം ചിന്തിയ ചോരയുടെ ഫലമായിട്ടായിരുന്നു. അറബിക്കടലിൽ തുടർച്ചയായി നാവികയുദ്ധം ചെയ്ത് തളരേണ്ടതായി വന്നിരുന്നില്ലായെങ്കിൽ നിശ്ചയമായും ഇംഗ്ലീഷ് ആധിപത്യത്തിന് ഒരു മൂന്ന് നൂറ്റാണ്ട് മുമ്പ് തന്നെ (1500) ഇന്ത്യ പോർച്ചുഗീസ് കോളനിയാകുമായിരുന്നേനെ.

ഈ രാജ്യത്തിൻെറ കാവൽഭടൻമാരെന്ന നിലക്ക് ആളും അർത്ഥവും പരിത്യജിച്ച് നിസ്തുലമായ ജീവാർപ്പണമാണവർ നടത്തിയത്. മാറി മാറി ആധിപത്യത്തിന് ശ്രമിച്ച എല്ലാ വൈദേശിക ശക്തികളോടും സന്ധിയില്ലാതെ അവർ പൊരുതി. ഇംഗ്ലീഷ്കാർ സുസ്ഥാപിതമായ അജയ്യ ശക്തിയായി വളർന്നിട്ടും വരും വരായ്ക നോക്കാതെ അവരെ തുരുത്തുവാൻ അനവരതം യുദ്ധം ചെയ്ത മുസ്ലിമീങ്ങൾ കേരളത്തേയും കേരള സംസ്കാരത്തേയും അരുമയായി കരുതിയിരുന്നവരാണ്.

എന്നാൽ കാലപ്പഴക്കത്തിൽ ആഭരണങ്ങളിലും വേഷവിധാനങ്ങളിലും വന്ന മാറ്റം മുസ്ലിംകൾ തിരസ്ക്കരിക്കുകയാണ് ചെയ്തത്. കാരണം അപ്പോഴേക്കു (ഈ നൂറ്റാണ്ടാരംഭം മുതൽ) കേരളീയ സമൂഹത്തിൽ നിന്നും പല കാരണങ്ങളാലും മുസ്ലിംകൾ ഒറ്റപ്പെട്ടുകൊണ്ടിരുന്നു. ജാതീയ ചിഹ്നങ്ങളായിരുന്ന ഉടുപ്പും വേഷവും കേരളീയർ ഏകീകരിച്ചു. ക്രിസ്ത്യാനികൾ അത് അനായാസേന പിൻപറ്റുകയും ചെയ്തു. എന്നാൽ മുടി വളർത്തുന്നത് ഹറാമായി പ്രഖ്യാപിച്ചു. തൊപ്പിയും തലേക്കെട്ടും ആവശ്യമില്ലാതായിട്ടും ഈ നില കുറെനാൾ തുടർന്നു. സ്ത്രീകളുടെ വേഷവിധാനമായിരുന്നുവല്ലോ മുസ്ലിമീങ്ങൾക്കിടയിൽ ഏറ്റവും പരിഷ്കൃത

മായിരുന്നത്. അതിൽ നാട്ടിൽ വന്ന മാറ്റത്തിന് നിദാനമായി പരിഷ്ക്കാരങ്ങൾ വരുത്തുവാൻ അവർ അറച്ചുനിന്നു. മുണ്ടിനടിയിൽ പാവാട ഉടുക്കുന്നത് പോലും ഹൈന്ദവാചാരമാക്കി നിഷിദ്ധമാണെന്ന് പ്രചരിപ്പിച്ചു. കാലോചിതമായ വിദ്യാഭ്യാസവും കൂടി ലഭിക്കാതെ വന്നപ്പോൾ മുസ്ലിം സ്ത്രീകൾ പ്രത്യേകിച്ചും ഒറ്റപ്പെട്ട വിഭാഗമായിത്തീർന്നു. ഇന്ന് വിദ്യാഭ്യാസം നടത്തുന്നത് അനിസ്ലാമികമാണെന്ന് പറയുന്ന മുല്ലമാരും മുസ്‌ലിയാക്കൻമാരും കുറവാണല്ലോ. അറബിയല്ലാത്ത ഭാഷ ഒന്നും തന്നെ പഠിക്കരുതെന്നും അവയൊക്കെ നരകത്തിലെ 'ബാശ'യാണെന്നും പറയുന്ന പഴഞ്ചൻ യാഥാസ്ഥിതി പൗരോഹിത്യം കുറഞ്ഞുകൊണ്ടിരിക്കയുമാണ്. ഈ സന്ദർഭത്തിൽ മുസ്ലിംകളുടെ വേഷഭൂഷാദികളെപ്പറ്റിയും കേരളീയ സംസ്ക്കാരത്തിൻെറ പൊതുധാരയിൽ നിന്നും അവർ അകന്നിട്ടുണ്ടെങ്കിൽ അതിൻെറ കാരണങ്ങളെക്കുറിച്ചും അവഗാഹമായി ചിന്തിക്കേണ്ടതുണ്ട്. ഏത് രാജ്യത്ത് ജീവിക്കുന്നുവോ ഏത് വായു ശ്വസിക്കുന്നുവോ ആ രാജ്യത്തോടും സാഹചര്യത്തോടു കൂറുള്ളവരായിരിക്കേണ്ടത് ഇസ്ലാമികമായ കാര്യമാണ്. ഒറ്റപ്പെട്ടു കഴിയേണ്ടവരല്ലാ മുസ്ലിംകൾ. തരം തിരിച്ചറിയുവാൻ വേണ്ടി പ്രത്യേക വേഷങ്ങളും സംവിധാനങ്ങളും തുടങ്ങിയത് മറ്റുള്ളവരുപേക്ഷിച്ചിട്ടും അവൻ പഴമയെ കെട്ടിപ്പുണർന്ന് കിടക്കുന്നത് പന്തിയല്ല. കേരളസാംസ്കാരം മുസൽമാൻെറ കൂടി ചോരയും ചേതനയും കൊണ്ട് കരുപ്പിടിപ്പിച്ചതാണ്. എല്ലാവർക്കും അവകാശമുള്ള പ്രാക്തനമായ ഒരു സാംസ്കാരിക പാരമ്പര്യത്തെ ഏതെങ്കിലും വിഭാഗത്തിൻെറ മാത്രം കുത്തകയാക്കുവാൻ അനുവദിക്കുന്നത് ഉചിതമല്ല. ആരുടെ സമ്പ്രദായങ്ങളിലാണ് പരിഷ്ക്കാരം വേണ്ടതെങ്കിൽ അത് ചെയ്യാൻ മടിക്കുന്നത് സമൂഹത്തിൽ നിന്നും ഒറ്റപ്പെടുവാൻ ഇടകൊടുക്കും. സാംസ്കാരിക ഏകതാനത ഭഞ്ജിക്കുന്ന വിഭാഗത്തിൻെറ കൂട്ടത്തിൽ ആരും പങ്കാളികളാകുവാൻ പാടുള്ളതല്ല.

## II <u>ദൃശ്യശ്രാവ്യ</u> <u>കലാസംഭാവനകൾ</u>

കേരളത്തിലെ ഓരോ ജാതിക്കും സമുദായത്തിനും അവരവരുടേതായ ചില കലാരൂപങ്ങളും പാട്ടുകളും പണ്ടു മുതൽക്ക് തന്നെ നിലവിലുണ്ടായിരുന്നു. ചില കലാരൂപങ്ങൾക്ക് മറ്റുള്ളവയുമായി സാദൃശ്യം കണ്ടു എന്നു വരാം. ഇവിടെ പ്രതിപാദ്യമായിട്ടുള്ളത് മുസ്ലിംകൾ ദൃശ്യശ്രാവ്യ തലങ്ങളിൽ തനതായി നടത്തിയിട്ടുള്ള സംഭാവനകളെക്കുറിച്ചാണ്. മുസ്ലിംകൾ കലാഭംഗിയോടും വാദ്യമേളങ്ങളോടും കൂടി പല രൂപത്തിൽ അവതരിപ്പിക്കുന്ന ദൃശ്യകലകളിൽ അധികവും അറബികളുമായുണ്ടായിരുന്ന നിദാന്ത സമ്പർക്കത്തിൻെറ സ്വാധീനത്താൽ ഉരിത്തിരിഞ്ഞവയാണ്. ദഫ്മുട്ടും അറബനകളിയും നിശ്ചയമായും അറബികളിൽ നിന്നും അനുകരിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഈ കളികൾക്കുപയോഗിക്കുന്ന ചർമ്മവാദ്യങ്ങളും അറബികളിൽ നിന്നും ലഭിച്ചതാണെന്നതിൽ സംശയമില്ല.

കായിക അഭ്യാസവും മെയ്യ് വഴക്കവും കലാവാസനയും ഉള്ളവർക്ക് മാത്രമെ ദഫ്ഫും അറബനയും സമർത്ഥമായി കൈകാര്യം ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇതിനുപയോഗിക്കുന്ന ചർമ്മവാദ്യം പല പേരിലാണറിയപ്പെടുന്നത്. തഫ്, തപ്പ്, തപ്പിട്ട, ദപ്പ്, അറവന, അറമന എന്നിങ്ങനെ. മരത്തടി, വട്ടത്തിൽ രണ്ടടി വ്യാസത്തിൽ കുഴിച്ച് ഉള്ളും പുറവും മിനുസപ്പെടുത്തി ഒരു ഭാഗം മാത്രം തോൽകൊണ്ട് ഭംഗിയായി മൂടിക്കെട്ടി ഉണ്ടാക്കുന്ന താളപ്രധാനമായ വാദ്യമാണിത്. ഇതിൻെറ തോലിൻമേൽ കൈകൊണ്ട് മുട്ടി ശബ്ദമുണ്ടാക്കി ആടിപ്പാടി കളിക്കുന്നതിനെയാണ് ദപ്പു മുട്ടിക്കൊട്ട്, ദപ്പ് മുട്ടിക്കളി, ദപ്പുകളി, ദഫ്മുട്ട്, ദപ്പുകവാത്ത്, അറവനക്കളി, അറമനക്കളി എന്നീ വിവിധ നാമങ്ങളിൽ അറിയപ്പെടുന്നത് ഈ വിവാഹവേളകളിലും പള്ളി നേർച്ചകളിലും റാത്തിബ് തുടങ്ങിയ മതചടങ്ങുകളിലും ഈ കലാരൂപം അവതരിപ്പിക്കാറുണ്ട്. റാത്തിബിനോടൊപ്പം പ്രദർശനം സംഘടിപ്പിച്ചിരുന്നതിനാൽ ഒപ്പ് റാത്തിബ് എന്ന പേരും ഇതിന് ലഭിച്ചിട്ടുണ്ട്. കേരളത്തിലെ ദേശീയാഘോഷങ്ങളിലും രാജകൊട്ടാരങ്ങളിലും മാപ്പിളമാർ നടത്താറുള്ള കലാപ്രകടനത്തിൽ ദഫ്കളി പ്രധാനമായ ഒരിനമായിരുന്നു. ഈ കലാരൂപത്തിൻെറ അവതരണം നടത്തുന്നവർ വാദ്യങ്ങളുമായി വട്ടം കൂടി നിൽകുന്നു. കൈകൊണ്ട് താളം മുട്ടി താളത്തിനൊപ്പിച്ച് താണും പൊങ്ങിയും ചുവട് വെച്ചും നാല് വശത്തേക്കും ചരിഞ്ഞാടുന്ന രീതിയാണ് ഇതിൻേറത്. എല്ലാ മാപ്പിളദൃശ്യകലകളിലും പാട്ട് പ്രമുഖ സ്ഥാനം വഹിക്കുന്നുണ്ട്. കളിസംഘത്തിൻെറ നേതാവ് അഥവാ ഉസ്താദ് (ഗുരുനാഥൻ) പാടിക്കൊടുക്കുന്നതിനനുസരിച്ചാണ് കളി സംഘം ചുവടുവെയ്ക്കുന്നതും ദഫ് അടിക്കുന്നതും. അറേബിയയിൽ നിന്നും മദീനയിലേക്ക് പലായനം ചെയ്ത പ്രവാചക ശ്രേഷ്ഠനെ മദീനയിലെ അൻസാരി വനിതകൾ ദഫ് മുട്ടി പാട്ടുപാടിയാണ് സ്വീകരിച്ചത്. ആഹ്ലാദം പങ്കുവെക്കുന്ന സന്ദർഭത്തിൽ ഈ ദഫ് കളി നടത്താറുണ്ടായിരുന്നു. പെരുന്നാളുകളിലും വിജയാഹ്ലാദവേളകളിലും മുസ്ലിംകൾക്കിടയിൽ മതപരമായി അംഗീകരിക്കപ്പെട്ടിരുന്ന ഒരു കലാരൂപമായിരുന്നു ദഫ്മുട്ടി പാട്ട്.

ദപ്പ് മുട്ടിക്കളിയെക്കാൾ കൂടുതൽ വീര്യമുള്ള ഇതിൻെറ തന്നെ മറ്റൊരു രൂപഭേദമത്രെ അറവന അല്ലെങ്കിൽ അറമന എന്ന ദൃശ്യകലാരൂപം. ഇതിൻെറ വാദ്യോപകരണത്തിന് ദഫ്ഫിനേക്കാൾ കൂടുതൽ വ്യാസമുണ്ട്. ചുറ്റിനും ചിലമ്പുകൾ ഘടിപ്പിച്ചിരിക്കും. അറവനയുടേയും ദഫ്ഫിൻേറയും നിർമ്മാണത്തിന് മൃഗത്തിൻെറ ചർമ്മമാണ് ഉപയോഗിക്കുന്നതെങ്കിലും അറബനയ്ക്ക് ആട്ടിൻതോലും ദഫ്ഫിന് മാട്ടിൻ തോലുമാണ് ഉപയോഗിക്കുക പതിവ്. ഈ രണ്ട് വാദ്യോപകരണങ്ങളും തമ്മിൽ സാരമായ വ്യത്യാസം ഇല്ലാത്തത് കൊണ്ടാ

കാം ഒരേ കളിക്ക് തന്നെ രണ്ടും ഉപയോഗിക്കുന്നത്. കാണികളെ വിസ്മയചിത്തരാക്കുന്നതിന് കരുത്തുള്ള ഈ കലാരൂപം അതിസമർത്ഥമായി പ്രദർശിപ്പിക്കുന്ന സംഘങ്ങൾ കേരളത്തിൽ നാനാഭാഗത്തും ഉണ്ട്. ഒരേ ആഘോഷത്തിൽ തന്നെ ദഫ്ഫും അറവനയും വേറെ വേറെയായി നടത്തുന്നതും വിരളമല്ല. കണ്ണൂർ തലശ്ശേരി, മലപ്പുറം എന്നിവിടങ്ങളിൽ അത്താഴം ഉണർത്താൻ പാട്ടും പാടി അറവന മുട്ട് നടത്തുക ഇന്നും സാധാരണയാണ്.

കളിക്കാർ രണ്ടായി പിരിഞ്ഞ് അഭിമുഖമായി അടുത്തടുത്തിരിക്കുന്നു. സംഘത്തലവൻ മാപ്പിളപ്പാട്ടുകൾ ശ്രുതിമധുരമായി പാടുന്നതിനൊപ്പിച്ച് കളിക്കാർ അറവനയിൽ മുട്ടി താളം പിടിക്കുകയും പാട്ടുകൾ ഏറ്റുപാടുകയും ചെയ്യുന്നു. താളത്തിന് മുറുക്കവും കൊഴുപ്പും കൂടുമ്പോൾ ഓരോ വിഭാഗത്തിലുമുള്ള കളിക്കാർ മറുഭാഗത്ത് തങ്ങൾക്കെതിരായിരിക്കുന്നവരുടെ ദപ്പുകളിൽ മുട്ടി പാടുകയാണ് ചെയ്യുക. മാത്രമല്ല ഓരോ കളിക്കാരനും കയ്യിലുള്ള ദപ്പ് തനിക്കഭിമുഖമായിരിക്കുന്ന കളിക്കാരൻെറ കൈത്തണ്ട, മൂക്ക്, തോള് തുടങ്ങിയ ശരീരഭാഗങ്ങളിൽ തട്ടിയും ഉരസിയുമെല്ലാം താളത്തിനൊത്ത് ദപ്പിൽ ശബ്ദമുണ്ടാക്കുകയും ചെയ്യുന്നു. പരിചയസമ്പന്നരാണ് ഈ കലാകാരൻമാരെങ്കിൽ കാണികളെ അൽഭുതപ്പെടുത്തും വിധമുള്ള അഭ്യാസവും മെയ്യ്വഴക്കവുമാണ് സമർത്ഥമായി പ്രദർശിപ്പിക്കുക. ദൃശ്യകലാരംഗത്ത് മുസ്ലിംകളുടെ അവഗണിക്കാൻ പറ്റാത്ത സംഭാവനയാണ് ഇവ.

മറ്റൊരു മാപ്പിള കലാദൃശ്യമാണ് കോലുകളി അഥവാ കോൽക്കളി. കേരളത്തിലെ വിവിധ ജാതിക്കാരുടെ ഇടയിലും കോൽക്കളി രൂപഭാവ വ്യത്യാസങ്ങളോടെ നടത്തിപ്പോരാറുണ്ട്. കോലുകൾ പരസ്പരം അടിച്ച് ശബ്ദമുണ്ടാക്കിക്കൊണ്ട് അതിൻെറ താളത്തിനൊത്ത് കളിക്കുന്ന സമ്പ്രദായം പരക്കെ നടപ്പുള്ളതാണ്. ഓരോ വിഭാഗവും അവതരിപ്പിക്കുന്ന കളിയിൽ അതിൻേറതായ സവിശേഷതകൾ ഉണ്ടാകും. ചുവട്വെയ്പിലും, പാട്ടിലും, താളത്തിലുമൊക്കെ വ്യത്യാസം കാണാവുന്നതാണ്. മാപ്പിളകോൽക്കളി അഭ്യാസപ്രധാനമാണ്. സമർത്ഥമായ പരിശീലനം ആവശ്യമുള്ള കലാരൂപമാണിത്. മന്ദഗതിയിൽ നിന്ന് തുടങ്ങി താളമാറ്റങ്ങളനുസരിച്ച് ദ്രുതുഗതിയിലുള്ള അംഗചലനങ്ങളും കോലടികളും കൊണ്ട് ഒരേറ്റുമുട്ടലിൻെറ പ്രതീതി സൃഷ്ടിക്കുന്നതാണ് മാപ്പിള കോൽക്കളി. താളപ്പിഴയുണ്ടായാൽ കളിക്കളത്തിൽ വീണു പോകാനും കോൽകൊണ്ട് അടിയേൽക്കാനും ഇടവരുത്തും എന്നതിനാൽ പരിചയസമ്പന്നരും കഴിവുള്ളവരുമായിരിക്കും കോൽക്കളി കലാകാരൻമാർ. കോലുകളുടെ താളത്തോടൊപ്പം ചുവടുകൾ വെച്ച് കളിക്കുകയാണ് കളിക്കാർ ചെയ്യുന്നത്. സംഘത്തിൻെറ തലവനെ മൂപ്പൻ എന്നാണ് വിശേഷിപ്പിക്കാറ്. അദ്ദേഹമാണ് പാട്ടുകൾ പാടുന്നത്. കോൽക്കളി തന്നെ പലതരത്തിലുണ്ട്. കോലുകളി, കോലടിക്കളി, കോലടി, വെട്ടും തട, നാടൻകളി, തോട്ടക്കളി എന്നിങ്ങനെ ശ്രവണ സുന്ദരമായ മാപ്പിളപാട്ടുകളാണ് കോൽക്കളിക്കാർ ആലപിക്കുന്നത്.

അതിദ്രുതമായ ചുവടുകൾ, ആവേശം കൊള്ളിക്കുന്ന വായ്ത്താരികൾ, ശ്രവണ സുന്ദരമായ പാട്ടുകൾ എന്നിവ മാപ്പിള കോൽക്കളിയുടെ സവിശേഷതകളാണ്. മാപ്പിള കോൽക്കളിയിൽ പദംപദമായി പിരിമുറുക്കിപ്പോരുന്ന അഞ്ച് അടക്കങ്ങൾ അഥവാ ഘട്ടങ്ങൾ ഉണ്ടാകും. ഇതിൽ കളിക്കാർ അനുനിമിഷമെന്നോണം സ്ഥാനം മാറിക്കൊണ്ടാണ് കളിക്കുക. ഇങ്ങനെ സ്ഥാനം മാറിക്കളിക്കുന്നതിനെ കോർക്കൽ (കോക്കൽ) എന്ന് പറഞ്ഞ് പോരുന്നു. എല്ലാ കളിക്കാരും അവരുടെ രണ്ട് കൈയ്യിലും മണിയുടെ ശബ്ദം മുഴങ്ങുന്ന പിലങ്കകൾ ഘടിപ്പിച്ച കോലുകൾ പിടിച്ചിരിക്കും. ഒരു കളിക്കാരൻ തൊട്ടടുത്ത് നിൽക്കുന്ന കളിക്കാരനുമായി കോലടിച്ച് ഒന്നിടവിട്ട് സ്ഥാനം മാറി ആരംഭിക്കുന്ന കളിയുടെ ചുവടും വായ്ത്താരിയും പാട്ടും അയാൾ രണ്ടാമത്തേയും മൂന്നാമത്തേയും കളിക്കാരുമായി കോലടിച്ച് മൂന്നിടവിട്ട് സ്ഥാനം മാറിക്കളിക്കുന്നതോടെ മുറികിക്കേറുന്നു. ഒടുവിലത്തെ അടക്കമാകുമ്പോഴേക്കും അതിദ്രുതമായ മിന്നൽ പോലെ ഞൊടിയിടയിൽ ചുവടുമാറി ചലിച്ചുകൊണ്ടിരിക്കുന്ന കളിക്കാരെ തിരിച്ചറിയുവാൻ പോലും സാധിച്ചില്ലെന്ന് വരും. കളിക്കാരിൽ ഒരാൾ പാടിക്കൊടുക്കുന്നത് മറ്റുള്ളവർ ഏറ്റുപാടുകയാണ് ഇതിലെ ചിട്ട.

ഈ കളി സംഘത്തിൽ 16 മുതൽ 20 വരെ അഭ്യാസികൾ പങ്കെടുക്കാറുണ്ട്. കളരിപ്പയറ്റിൻെറ പരിശീലനം പോലെ കഠിനവും ഏറെ പ്രയാസവുമുള്ളതാണ് ഇതിൻെറ പരിശീലനം. കോൽക്കളിയിൽ ഏറനാടൻ, കടത്തനാടൻ എന്നി രണ്ടു തരമുണ്ട്. ഏറനാടൻ കളിക്കാർ വർണ്ണപ്പകിട്ടുള്ള വസ്ത്രങ്ങളാണ് ധരിക്കുന്നതെങ്കിൽ കടത്തനാടൻ കളിയിൽ ഇതത്ര ഗൗനിക്കാറില്ല. എന്നാൽ ദുർഘടമായ അഭ്യാസങ്ങൾ അവർ സമർത്ഥമായി അവതരിപ്പിക്കുകയും ചെയ്യുന്നു എന്നതാണ് ഇവ തമ്മിലുള്ള വ്യാത്യാസം.

ഇന്ന് സാർവ്വത്രികമായി അംഗീകാരം കിട്ടിയിട്ടുള്ള ഒരു മാപ്പിള കലാ പ്രദർശനമാണ് ഒപ്പനപാട്ടും കളിയും. ഈ കലാരൂപത്തിന് ഒപ്പന എന്നാണ് പേർ പറഞ്ഞുവരുന്നതെങ്കിലും ഒപ്പന എന്നത് സഫീന പാട്ടുകളിലെ ഒരു ഇശലാണ്. മാപ്പിളപ്പാട്ടുകൾ എന്ന് പറഞ്ഞു പോരുന്ന സഫീന പാട്ടുകൾക്ക് വൈവിധ്യമാർന്ന അഞ്ഞൂറിൽപരം ഇശലുകളുണ്ട്. മാപ്പിള ദൃശ്യകലകളിൽ എല്ലാം തന്നെ താളമേളങ്ങൾക്കൊപ്പിച്ച് ഗാനാലാപനങ്ങളും നടത്തും. ദഫ്ഫായാലും അറവനയായാലും കോൽക്കളിയോ, ഒപ്പനയോ ആയാലും ഓരോന്നിനും യോജിച്ച ഇശലുകളിൽ സഫീന പാട്ടുകൾ ആലപിക്കുന്നതിനനുസൃതമായിട്ടാണ് ഈ ദൃശ്യമേളകളിലെ ചലനങ്ങളും താളമേളങ്ങളും ആവിഷ്ക്കരിക്കാറുള്ളത്. ചായൽ, മുറുക്കം എന്നീ രണ്ട് ഇശലുകളിലാണ് ഒപ്പന നടത്തുക. ചായൽ, പാടുന്ന നേരത്ത് കൈകൊട്ടി താളം പിടിക്കാറില്ല. മുറുക്കമൊകട്ടെ മുൻപാട്ടുകൾ മാത്രം പാടുന്ന ഒന്നാണ്. മുറുക്കം പാടുന്ന

അവസരത്തിൽ മുൻപാട്ടുകാരും പിൻപാട്ടുകാരും കൈകൊട്ടിതാളം പിടിച്ച് അംഗചലനങ്ങൾ നടത്തുന്നു. മുറുക്കം പാടി അവസാനിച്ചാൽ കൈത്താളം അവസാനിപ്പിക്കുകയും മുൻപാട്ടുകാർ വീണ്ടും ചായൽ പാടിത്തുടങ്ങുകയും ചെയ്യും. ഇപ്പോൾ മറ്റുള്ള പാട്ടുകാരും അതേ ഈണത്തിൽ പാട്ടുകൾ ഏറ്റുപാടുകയും ചെയ്യുന്നു. ഒപ്പന മുട്ടിൻെറ പ്രത്യേകത അത് ചായലിൽ തുടങ്ങി ചായലിൽ അവസാനിക്കുന്നു എന്നതാണ്.

നവവധുവിനെ നടുക്കിരുത്തി ചുറ്റും തോഴിമാർ നിരന്ന് ഒപ്പന പാട്ടാരംഭിക്കുന്നു. ഒപ്പനപാട്ട് പാടുക എന്നല്ല ഒപ്പന വെക്കുക എന്നാണ് പറഞ്ഞു പോരുന്നത്. ഒപ്പന പാട്ടുകളുടെ പ്രത്യേകത അവയുടെ സംഗീതാത്മകമായ പ്രാസ താളങ്ങളോടു നിബന്ധിച്ച ആവിഷ്ക്കാരമാണ്. അവ ഈണത്തിൽ മധുരമായി ആലപിക്കുമ്പോൾ ലഭിക്കുന്ന അകൃത്രിമമായ സ്വരരാഗ സവിശേഷത പാട്ടുകൾക്കൊപ്പം ആധുനികങ്ങളായ മറ്റു സംഗീതോപകരണങ്ങൾ വഴി ഉണ്ടാകുന്നതിനെക്കാൾ നൈസർഗ്ഗികമായി മാറുന്നു. അതുകൊണ്ടാണ് ഈ വിഷയത്തിൽ പഠനം നടത്തിയിട്ടുള്ള ഒ. ആബു സാഹിബ് തുടങ്ങിയവർ ഒപ്പന വെക്കുമ്പോൾ മറ്റു വാദ്യ - സംഗീത ഉപകരണങ്ങൾ ഉപയോഗിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞിട്ടുള്ളത്. കേരളത്തിൽ വിവിധ ജനവിഭാഗങ്ങൾക്കിടിയിലുള്ള കൈകൊട്ടിക്കളിയോട് ഇതിനെ ഉപമിക്കാമെങ്കിലും അറേബിയയിൽ നിലവിലുണ്ടായിരുന്ന നൃത്ത സംഗീതത്തോടാണ് ഒപ്പന വെക്കലിന് കൂടുതൽ സാമ്യമുള്ളത്. ക്രമം തെറ്റാതെയുള്ള കൈയ്യടിയും പാട്ടും ഇഴുകിച്ചേർന്നതാണ് ഒപ്പന എന്ന കല.

വിവാഹം, മാർക്കകല്യാണം, വയസ്സറിയിക്കൽ, നാല്പത് കുളി തുടങ്ങിയ ചടങ്ങുകളിൽ നിറപ്പകിട്ടാർന്ന ഉടയാടകൾ ധരിച്ച് പെൺകുട്ടികൾ ഒപ്പന പാട്ട് പാടുക പതിവാണ്. വിവാഹദിവസത്തിൻെറ തലേ രാത്രിയിൽ മൈലാഞ്ചി ഇടുക എന്ന ചടങ്ങിൽ മണവാട്ടിയെ പീഠത്തിലിരുത്തി ചുറ്റുമായി എട്ടോ പത്തോ സ്ത്രീകൾ നവവധുവിനെ പ്രകീർത്തിച്ചുകൊണ്ടുള്ള മൈലാഞ്ചിപ്പാട്ടാണ് ഒപ്പന വെയ്ക്കുമ്പോൾ ആലപിക്കാറ്. പാട്ടിനൊപ്പിച്ച് കൈകൊട്ടി ആടുകയും പാടുകയും ചെയ്യാറുണ്ട്. ഒപ്പന, സ്ത്രീകളെപ്പോലെ തന്നെ പുരുഷൻമാരും മണവാളനെ കിക്കിളിപ്പെടുത്തിക്കൊണ്ട് ...റിയായി താളമേളങ്ങൾ സൃഷ്ടിച്ച് പാടുന്നു. വധു മണിയറയി... പ്രവേശിക്കുന്നത് സ്ത്രീകളുടെ ഗായകസംഘത്തിൻെറ നൃത്തഗാനത്തോട് കൂടിയാണ്. മണവാളനെ കൂട്ടിക്കൊണ്ടുവരുമ്പോൾ ഉണ്ടാകാറുള്ള പാട്ടും ഏറെ ഹൃദ്യവും മധുരവുമാണ്. 'പഞ്ചാരപുതുമാരൻ ഇതാവരുന്നേ' എന്നു തുടങ്ങുന്ന പുതുമാപ്പിളപ്പാട്ട് ഏറെ ആഹ്ലാദപ്രദമാകുന്നു. പുതിയാപ്പള വധുഗൃഹത്തിലേക്ക് പുറപ്പെടുമ്പോഴും, മണിയറയിൽ വെച്ചും കൂട്ടുകാർ കല്യാണപ്പാട്ടുകൾ പാടി മണവാളനെ കളിയാക്കുന്നവിധത്തിലുള്ളതാകുന്നു പുരുഷൻമാർ നടത്തുന്ന ഒപ്പന. ഓരോ അവസരത്തിനും അനുയോജ്യമാംവിധമുള്ള അർത്ഥഗർഭമായ പാട്ടുകളും താളങ്ങളും മാപ്പിളകലകളുടെ പ്രത്യേകതകളത്രെ. പെൺകുട്ടികൾ പുഷ്പിണികളാകുമ്പോഴോ, ആൺകുട്ടികളുടെ മാർക്കകല്യാണ വേളയിലോ, പ്രസവം കഴിഞ്ഞ് നാല്പത് കുളി ആഘോഷത്തിലോ, ഒപ്പനയായി ഉപയോഗിക്കുന്ന പാട്ടുകൾ സന്ദർഭാനുസൃതമായ വിഷയങ്ങളെ ആസ്പദിച്ചുണ്ടാക്കിയ പാട്ടുകളാണ്. മൈലാഞ്ചിപ്പാട്ട്, വാതിൽ തുറപ്പാട്, പുതുമാപ്പിളയുടെ ആഗമനമറിയിക്കുന്ന പാട്ട് എല്ലാം വ്യത്യസ്ഥ വിഷയങ്ങളുടെ ഗാനാത്മകമായ സുന്ദരാവിഷ്ക്കാരങ്ങളാണ്.

പെൺകുട്ടികളുടെ തന്നെ മറ്റൊരു കലാമേലയാണ് 'കുരുകുരുമച്ചം' എന്ന പരിപാടി. പെരുന്നാൾ ദിവസങ്ങളിലും മറ്റു ചില ആഘോഷവേളകളിലും പെൺകുട്ടികൾ രണ്ട് ചേരിയായി നിന്ന് ചോദ്യവും ഉത്തരവും എന്ന വിധം പാട്ടുകൾ പാടുകയും അതിന് അനുസൃതം ചുവടുകൾ വെച്ച് കളിക്കുകയും ചെയ്യുന്നു. "കുരുകുരുമച്ചം പെണ്ണുണ്ടോ,

കുഞ്ഞാലിമച്ചം പെണ്ണുണ്ടോ,
സാമിസറുക്ക പെണ്ണുണ്ടോ,
സറുക്കബീവിടമാരനിക്ക്" എന്ന ചോദ്യവുമായി ഒരു പാർട്ടി മുന്നോട്ടായുമ്പോൾ അതിന് നിഷേധാർത്ഥത്തിൽ പാട്ടുകൾ പാടി മറുകക്ഷി മറുപടി നൽകുന്നു. അങ്ങനെ ചോദ്യവും ഉത്തരവും ഏറെ രസകരവും തൻമയത്വത്തോടുകൂടിയും നൃത്തഗാനമേളങ്ങളോടുകൂടി അവതരിപ്പിക്കുന്ന കലാരൂപമാണ് 'കുരുകുരുമച്ചം'.

കല്യാണത്തോടുനുബന്ധിച്ച് നടത്താറുള്ള 'വട്ടക്കളി'യും സ്ത്രീകളാണ് പ്രദർശിപ്പിക്കുക. വിളക്ക് കത്തിച്ച് അതിന് ചുറ്റും നിന്ന് പാട്ടുകൾ പാടിയും ചുവടുകൾ വെച്ചുമാണിതിൻെറ അവതരണം. കലാപരമായും ഗാനമാധുരിയോടും കൂടി നടത്തുന്ന ഈ കളിയും ആനന്ദദായകമാണ്. സ്ത്രീകളുടെ തന്നെ 'കോലാട്ടം' എന്ന ദൃശ്യരൂപത്തിൽ അവർ വട്ടമിട്ടിരുന്ന് ഗാനാലാപനം നടത്തുന്നു. പാട്ടിൻെറ ഗതിയനുസരിച്ച് വട്ടമിട്ടിരിക്കുന്നവരുടെ എണ്ണം കൂടുകയും കുറയുകയും ചെയ്യുന്നത് വഴി കളിക്കാർ കലാപരമായ ചലനങ്ങൾ സൃഷ്ടിക്കുക പതിവാണ്. ഹൃദ്യമായി ഒരു കലാരൂപമാണിത്. അതുപോലെ 'കുമ്മി' കളിയും പ്രചാരത്തിലുള്ള ഒരു വിനോദകലയാണ്. സ്ത്രീകൾ പാട്ടുപാടി രണ്ടു നിരയായി നിന്ന് ഓരോരുത്തർക്കും അഭിമുഖമായുള്ള ആളുടെ കൈപ്പത്തിയിൽ തട്ടി താളമുണ്ടാക്കുന്നു. രസകരമായ ഒരു പ്രകടനമാണിത്.

കേരളത്തിൽ പണ്ട് മുതൽക്കേ കായികാഭ്യാസത്തിനും ആയോധനാപരിശീലനത്തിനുമായി കളരികളും അവയിൽ ഗുരുക്കൻമാരും ഉണ്ടായിരുന്നു. പ്രഥമമായും യുദ്ധമുറകൾ പഠിപ്പിക്കുന്നതാണ് ഇവയുടെ ഉദ്ദേശ്യമെങ്കിലും ഈ അഭ്യാസങ്ങൾ ഏറെ കലാവിരുതോടുകൂടി ആവിഷ്ക്കരിച്ചിട്ടുള്ളവയാകുന്നു. മെയ്വഴക്കവും നിഷ്കൃഷ്ടമായ ചലനങ്ങളും വളരെ അച്ചടക്കത്തോടും സൂക്ഷ്മതയോടുംകൂടി പരിശീലിപ്പി

ക്കുന്നതിനാൽ ഓരോ അഭ്യാസിയും നൃത്തകലയുടെ ചിട്ടവട്ടങ്ങൾ സ്വാംശീകരിക്കുന്നുണ്ട്. നായൻമാരുടെ ഇടയിലാണ് കളരി അഭ്യാസം മുഖ്യമായിട്ടുണ്ടായിരുന്നതെങ്കിലും മറ്റു മതസ്ഥരും ഇത് ശീലിച്ചുപോന്നിരുന്നു. മുസ്ലിംകളുടെ കളരികൾ പയറ്റും മറ്റഭ്യാസങ്ങളും പഠിപ്പിച്ചുകൊണ്ടിരുന്നു. അനവധി ഗുരുക്കൻമാർ മാപ്പിളമാരുടെ ഇടയിലുണ്ടായിരുന്നു. പരമ്പരാഗതമായി കളരികൾ നടത്തിപ്പോന്നിരുന്ന അനവധി പ്രസിദ്ധ കുടുംബങ്ങളുടെ താവഴികൾ ഇന്നും മലബാറിലുണ്ട്.

യുദ്ധമുറകൾ ശീലിച്ചിരുന്നതിന് പുറമെ മാപ്പിളമാരുടെ ഏറെ പ്രസിദ്ധമായ മറ്റൊരു കായിക വിനോദമാണ് ഗുസ്തി. ഈ കല അഭ്യസിച്ചിട്ടുള്ളവർ ഇതര സമുദായത്തിലും ധാരാളമുണ്ടെങ്കിലും കേരളത്തിൽ ഗുസ്തി ഫയൽമാൻമാരിൽ പ്രധാനികൾ മുസ്ലിംകൾ തന്നെയായിരുന്നു. ഇലക്ട്രിക് മൊയ്തീൻ തുടങ്ങിവർ ഉദാഹരണം. എന്നാൽ മറ്റു പല കായിക വിനോദങ്ങളേയും പോലെ ഗുസ്തി മത്സരങ്ങൾ ദുർല്ലഭമായിക്കൊണ്ടിരിക്കുന്നു.

ഒരു കാലത്ത് വാളും പരിചയും കൊണ്ട് ആയോധനാ വൈഭവം പ്രകടമാക്കിയിരുന്നു. എന്നാൽ ആയുധങ്ങൾ ഉപയോഗിക്കുന്നതും ആയുധപരിശീലനം നടത്തുന്നും നിയമം മൂലം നിരോധിച്ചപ്പോൾ തങ്ങളുടെ കായികാഭ്യാസ ശീലത്തെ ഓർമ്മിച്ചുകൊണ്ട് രൂപം കൊടുത്ത കലാരൂപമാണ് പരിചമുട്ടുകളി. കളരി അഭ്യാസത്തിൽ അതീവ തൽപരരായിരുന്ന മുസ്ലിംകൾ ആ പരിശീലനം പറ്റുകയില്ലെന്ന് മനസ്സിലാക്കി അതിൻെറ ഉപോൽപന്നമായ പരിചമുട്ടുകളിയിൽ തൽപരരായതിൻെറ ഫലമായി നല്ലൊരു കലാരൂപം കേരളത്തിന് ലഭിച്ചു. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഏറെക്കുറെ പരിചമുട്ടുകളിയോട് സാമ്യമുള്ള പരിചകളിയും മാർഗ്ഗംകളിയും അരങ്ങെത്തെത്തിക്കുകയും ചെയ്തു.

ഒരു കയ്യിൽ പരിചയും മറുകയ്യിൽ വടിയുമേന്തി വൃത്താകൃതിയിൽ നിന്നുകൊണ്ടാണ് കളിക്കാർ പരിചമുട്ടുകളിക്ക് തുടക്കം കുറിക്കുന്നത്. ഈ കളിസംഘത്തിൽ ഒരു ഡസൻ അഭ്യാസികളെങ്കിലും ആവശ്യമാണ്. കളിക്കാരിലാരെങ്കിലുമോ, പരിശീലനം നൽകിയ ഗുരുക്കളോ പാട്ടുപാടുന്നു. പാട്ടിൻെറ താളക്രമത്തിന്നനുസൃതം ചുവടുചവട്ടി പരിചയും ചുരികയും കൊണ്ട് വെട്ടിയും തടഞ്ഞും കളിക്കാർ മുൻപാട്ടുകാരൻെറ പാട്ട് ഏറ്റു പാടികൊണ്ട് മുന്നോട്ടു നീങ്ങുന്നു. ചവിട്ടിക്കെട്ട്, മുക്കണി എന്നി പേരുകളാണ് പരിചമുട്ടുകളിയിലെ ചുവടുവെപ്പുകൾക്കുള്ളത്. അമർച്ചയും തെരുത്തും മുറുക്കങ്ങളാണ്. പരിചയും ചുരികയും കൊണ്ടുള്ള വെട്ടുംമുട്ടും തട്ടുമെല്ലാം പയറ്റിനെ അനുസ്മരിപ്പിക്കുന്നവയാണ്. ഗുരുക്കൾ പാട്ടുപാടുന്നത് കൈമണി കിലുക്കികൊണ്ടായിരിക്കും. വളരെ പരിശീലനവും അച്ചടക്കവും ആവശ്യമുള്ള കലാരൂപമാകുന്നു പരിചമുട്ടുകളി.

ഇവക്കൊക്കെ പുറമേ പല സ്ഥലങ്ങളിലും ഇന്നും പ്രദർശിപ്പിച്ചുവരുന്ന കലാപ്രകടനങ്ങളുമുണ്ട്. ആറ് പേർ വീതം അഭിമുഖമായിരുന്ന് ബൈത്തുകൾ ചൊല്ലി ദഫും അറബനയും ഉപയോഗിച്ച് മണിമുട്ടി നടത്തുന്ന അതീവ പ്രകടനാത്മകമായ കളിയാണ് കൈമുട്ടുകളി. അതുപോലെ ദഫ്‌മുട്ട് കളിയിൽ അറബനകളാണ് വാദ്യോപകരണം. സംഘമായിരുന്ന് അറബനകൾ മുട്ടി നടത്തുന്ന ഈ പ്രദർശനവും ഹൃദയാഹ്ലാദകരമാണ്. 24 പേരടങ്ങുന്ന കളിസംഘം വലിയ ഡ്രമ്മുകളുപയോഗിച്ച് നടത്തുന്ന കലാപ്രകടനമാണ് റത്തടി എന്ന കലാരൂപം. ചിലപ്പോൾ ഡ്രമ്മുകളിൽ കിടന്നും അടിക്കാറുണ്ട്. ഇന്നും പല സ്ഥലങ്ങളിലും ഈ കലാപ്രകടനം നടത്തിപ്പോരുന്നു. പള്ളിക്കൊട്ട് ആകർഷകമായ മറ്റൊരു മാപ്പിള കലാരൂപമാകുന്നു. ഷഹനായി എന്ന് പറഞ്ഞുപോരുന്ന ഒരു പ്രത്യേക തരം ഓടക്കുഴലിലൂടെ ഊതി സംഗീതം പൊഴിച്ച് താളമേളങ്ങളിലൂടെ നടത്തുന്ന ഈ പ്രദർശനം അതീവ ഹൃദ്യമാണ്.

പ്രവാചകൻമാരേയും ആദരണീയരായ മഹാത്മക്കളേയും കുറിച്ചുള്ള ഖിസ്സപ്പാട്ടുകളും മാലകളും കൂട്ടമായിരുന്നു പാടുകയും അവയുടെ അർത്ഥവും കഥയും പറയുകയും ചെയ്യുന്ന സമ്പ്രദായം അടുത്തകാലത്ത് വരെ മുസ്ലിംകൾക്കിടയിൽ നിലനിന്നിരുന്നു. ഇന്നത്തെ കഥാകാലക്ഷേപത്തോടുപമിക്കാവുന്നതാണിത്. ഹൈന്ദവാചാരങ്ങളുടെ അനുകരണമായിട്ടാണെങ്കിലും കേരളത്തിൽ മാപ്പിളതെയ്യങ്ങൾ അരങ്ങേറാറുണ്ട്. മാടായി തെയ്യം, അലിതെയ്യം തുടങ്ങിയവ മാപ്പിള തെയ്യങ്ങളാണ്. മുസ്ലിംകൾ ഹൈന്ദവാചാരം കടമെടുത്തതുപോലെ ഹൈന്ദവ തെയ്യങ്ങളുടെ രൂപങ്ങൾക്ക് മുസ്ലിംകളുടെ വേഷവിധാനങ്ങൾ നൽകുന്ന രീതിയും ഉണ്ടായിട്ടുണ്ട്. അങ്ങനെ കൊണ്ടും കൊടുത്തും പുഷ്ടി പ്രാപിച്ച മാപ്പിള കലാപാരമ്പര്യം നമ്മുടെ സാംസ്കാരിക മേഖലയിൽ നടത്തിയിട്ടുള്ള മുതൽകൂട്ട് മഹത്തരവുമാണ്.

## III ഭാഷയ്ക്കും സാഹിത്യത്തിനും നൽകിയ മുതൽക്കൂട്ട്

മറ്റേതൊരു സമുദായത്തേക്കാളും മലയാളഭാഷയ്ക്കും സാഹിത്യത്തിനും ഒരുപാട് മുതൽക്കൂട്ട് നടത്തിയിട്ടുണ്ട് കേരളത്തിലെ മുസ്ലിം സമുദായം. കഴിഞ്ഞകാല ചരിത്രാവബോധം ഇല്ലാത്തവർക്ക് ഇതൊരു പക്ഷേ വെറും ഒരവകാശവാദമായി തോന്നിയേക്കാം. ഇന്നത്തെ സ്ഥിതി മാത്രം കണക്കിലെടുത്ത് ഉപരിപ്ലവമായ നിഗമനങ്ങൾ നടത്തുന്നത് കൊണ്ടുള്ള അബദ്ധമാണിത്. അറബിക്കച്ചവട സംഘവും അതിനുശേഷം മതപ്രചാരകൻമാരും കേരളത്തിലെത്തുമ്പോൾ നമ്മുടെ ഭാഷ ഇന്നത്തെ മലയാളമായിരുന്നില്ല. വളരെ പ്രാകൃതമായ ഒരു സംസാരശൈലി മാത്രമായിരുന്നു. തമിഴിൻെറ അതിപ്രസരത്തോടുകൂടിയും പ്രാദേശിക വ്യത്യാസം ഉൾക്കൊണ്ടുകൊണ്ടും സംസാരഭാഷ എന്ന നിലയിൽ നിലനിന്നുപോന്ന ഒരു ശൈലി. വടക്കേ മലബാറിലേക്ക് കടന്നാൽ കന്നടയുടെ ആധിപത്യത്തോട് കൂടിയതുമായിരുന്നു അവിടത്തെ

പ്രാദേശിക ശൈലി. ഇസ്ലാമിന്റെ പ്രചാരത്തോടുകൂടി ഭാഷയിൽ വന്ന വ്യത്യാസം വിലമതിക്കാനാവാത്തതാണ്. നമ്മുടെ നാടൻ സംഭാഷണ ഭാഷക്ക് ഒരു ലിപി നൽകുകയാണ് മുസ്ലിം മതപ്രചാരകൻമാർ ഇവിടെ ആദ്യ മായി ചെയ്തത്. ഇന്ത്യയുടെ ഇതരസംസ്ഥാനങ്ങളിലും ഈ പ്രക്രിയ തന്നെ നടന്നിരുന്നു. എ.ഡി. 712ൽ മുഹമ്മദ്ബ്നു അൽകാസിമിന്റെ നേതൃത്വത്തിൽ സിന്ധാക്രമണം നടന്നപ്പോഴും അതിന് ശേഷം ഇതര സംസ്ഥാനങ്ങളിൽ മുസ്ലിം അധിനിവേശമുണ്ടായപ്പോഴും ഓരോ സ്ഥലത്തേയും പ്രാദേശികഭാഷക്ക് അറബിലിപി നൽകി സമ്പർക്കത്തിന് ആക്കം കൂട്ടുകയാണുണ്ടായത്. സിന്ധി, പഞ്ചാബ്, തമിഴ്, കർണ്ണാടകം, മലയാളം തുടങ്ങിയ പ്രാദേശിക ഭാഷകൾക്ക് അറബി ലിപി നൽകി, യൂറോപ്പിൽ ലത്തീൻ ലിപിക്ക് കിട്ടിയ സ്ഥാനം ഇന്ത്യൻ പ്രാദേശിക ഭാഷകളിൽ അറബി നേടിയെടുത്തു. പുതുതായുണ്ടായ ഭാഷക്ക് അറബി-തമിഴ്, അറബി-മലയാളം എന്നിങ്ങനെ പേര് പറഞ്ഞുപോരുന്നു.

വാസ്തവത്തിൽ മലയാള ഭാഷയിലെ ആദ്യത്തെ മണിപ്രവാളമാണ് അറബി മലയാളം. ചുരുങ്ങിയത് 13 നൂറ്റാണ്ടു കാലത്തെ പഴക്കം അറബി മലയാളത്തിനുണ്ട് എന്ന വസ്തുത വളരെ കുറച്ചു പേർക്ക് മാത്രമേ ഇന്ന് നിശ്ചയമുള്ളു. കൊല്ലവർഷം 752ൽ വിരചിതമായ ഖാസിമുഹമ്മദിന്റെ 'മുഹയിദ്ദീൻ മാല'യിൽ കവി പ്രസ്താവിക്കുന്നത്,

"കൊല്ലം എഴുന്നൂറ്റി അമ്പത്തിരണ്ടിൽ ഞാൻ മുത്തും മാണിക്കവും ഒന്നായി കോർത്തപോൽ, ഈ കാവ്യരചന നടത്തുന്നു" എന്നാണ്. മണിയും പ്രവാളവും എന്നതിന് പകരമായി മുത്തും മാണിക്യവും ഒന്നായി കോർത്തിണക്കിയ അറബി മലയാളത്തിലാണ് താൻ ഈ കൃതി രചിക്കുന്നതെന്ന കവിവാക്യത്തിൽ നിന്നും കേരളത്തിലെ ആദ്യത്തെ മണിപ്രവാളഭാഷ അറബി മലയാളമാണെന്ന് സിദ്ധിക്കുന്നു. സംസ്കൃതമണിയും ഭാഷാ പ്രവാളവും ചേർന്നുണ്ടായ മണിപ്രവാളം ഇതിന് എത്രയോ നൂറ്റാണ്ടിന് ശേഷമാണ് ഉരുത്തിരിഞ്ഞത് എന്ന വസ്തുത ഇവിടെ ഓർക്കാം. അറബി - മലയാളം മുസ്ലിംകൾക്കിടയിൽ അതിവേഗം പ്രചരിച്ചു. മതാനുഷ്ഠാനങ്ങൾക്ക് അറബി ഭാഷ നിർബന്ധമായും പഠിക്കേണ്ടതുണ്ടായിരുന്നപ്പോൾ ആ ലിപി ഉപയോഗിച്ച് എഴുതപ്പെട്ട നാടൻ ഭാഷയ്ക്ക് ജനഹൃദയങ്ങളിൽ അതിവേഗം സ്ഥലം പിടിക്കുവൻ കഴിഞ്ഞു. ലിപി അറബിയും ഭാഷ മലയാളവും. അറബിയിലില്ലാത്തതും മലയാളത്തിൽ ഉള്ളതുമായ 'ഗ' പോലെയുള്ള അക്ഷരങ്ങൾ അറബി മലയാളത്തിലാക്കിയത് അറബി അക്ഷരമായ 'ക്'ക്ക് ഒരു പ്രത്യേക ചിഹ്നം നൽകിയാണ് . അറബിയിലെ വർണ ങ്ങൾക്ക് പുറമേ, മലയാളത്തിലെ എ,ഏ,ഒ,ഓ, ഗ,ങ, ഞ,ട,ണ,ര,ഷ,ള,ഴ, എന്നീ വർണ്ണങ്ങൾ കൂടി ഉൾക്കൊള്ളു ന്നതാണ് അറബി മലയാളം. ഈ വർണ്ണങ്ങൾ എല്ലാം എഴു താൻ അറബി ലിപി തന്നെ പ്രയോജനപ്പെടുത്തുകയും ചെയ്തു. അഞ്ചോ, ആറോ വയസ്സാകുമ്പോഴേക്കും ഈ വർണ്ണമാലയും ലിപിയും സ്ത്രീപുരുഷഭേദമന്യേ മുസ്ലിംകൾ മനസ്സിലാക്കിയിരുന്നു. അറബി മലയാളത്തിലൂടെ ഒരു കാലത്ത് നൂറു ശതമാനം സാക്ഷരത നേടിയവരായിരുന്നു കേരള ത്തിലെ മുസ്ലിം സ്ത്രീകളും പുരുഷൻമാരും. അറബിമലയാള ലിപിക്കാവശ്യമായ പരിഷ്ക്കാരങ്ങൾ പല ഘട്ടങ്ങളിലായി നടന്നിരുന്നു എന്നത് തന്നെ ഈ ഭാഷയുടെ അനുക്രമമായ വളർച്ചയേയും വികാസത്തേയുമാണ് കാണിക്കുന്നത്. സയ്യിദ് സനാ ഉല്ലാമക്തിതങ്ങൾ, ശുജായി മൊയ്തു മുസ്ലിയാർ തങ്ങൾ, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, വക്കം അബ്ദുൾ കാദർ മൗലവി എന്നിവർ ഈ ദൃശപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരാണ്. അറബി മലയാളഭാഷ സ്വത ന്ത്രമായി വളർന്ന് ഒരു വലിയ വിഭാഗം ജനങ്ങളുടെ വ്യവഹാര ഭാഷയായും സാഹിത്യഭാഷയായും വികസിച്ചു. ഒരു ഭാഷക്കാ വശ്യമായ നിബന്ധനകളും ശൈലികളും വ്യാകരണങ്ങളും എല്ലാം ഉൾക്കൊണ്ടു കൊണ്ട് അത് പുഷ്ക്കലമായി. വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുക്കളും നാനാർത്ഥ പര്യായ ഗ്രന്ഥങ്ങളും അറബി മലയാളത്തിൽ വളരെ മുമ്പേ തന്നെ സ്ഥലം പിടിച്ചു. ചാക്കീരിയുടെ പര്യായനിഘണ്ടു, പറവൂരിലെ അബ്ദുൾ കാദർ വൈദ്യന്റെ നാനാർത്ഥങ്ങളും പര്യാ യങ്ങളും സമാഹരിച്ച 'ഖവാസുൽ മുസ്ലിമീൻ' ബഹുഭാഷാ നിഘണ്ടു തുടങ്ങിയവ അറബി -മലയാള ഭാഷയുടെ പ്രാഗത്ഭ്യത്തെ നിതരാം വെളിപ്പെടുത്തുന്ന സംരംഭങ്ങളാണ്. വെറും പ്രാദേശിക ശൈലിയായിരുന്ന മലയാളഭാഷയെ അംഗീകൃതമായ ഒരു വ്യവസ്ഥാപിത ഭാഷയായി ആദ്യ കാലത്ത് മാറ്റിയത് അറബിമലയാളം വഴിയായിരുന്നു. എന്നാൽ ഗ്രന്ഥാക്ഷരമായ വട്ടെഴുത്തും കോലെഴുത്തും പ്രചാരത്തിൽ വന്നപ്പോൾ അവയെ അറബി മലയാളം വഴി മുസ്ലിംകളെ പഠിപ്പിക്കുവാനുള്ള ശ്രമങ്ങൾ നടത്തിയതായും കാണുന്നുണ്ട്. അറബി-മലയാള ലിപിയും വട്ടെഴുത്ത് കോലെഴുത്ത് ലിപികളും ഒപ്പം ഉപയോഗിച്ച് ഗ്രന്ഥരചന അക്കാലങ്ങളിൽ നടത്തിയിരുന്നു. ഹിബ്രു-സിറിയാക്ക് ഭാഷ ഒരു വിഭാഗം അഭ്യസിച്ചിരുന്നതിനാൽ അത്തരക്കാരെ അറബി മലയാളം അഭ്യസിപ്പിക്കുന്നതിന് ഹിബ്രുവിലും സിറിയാക്കിലും എഴുതിയ രണ്ടു ഗ്രന്ഥങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് 'മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം' എന്ന ഗ്രന്ഥത്തിന്റെ രചയിതാക്കൾ അവകാശപ്പെടുന്നു. അറബി മലയാള ഭാഷ നമ്മുടെ പ്രാദേ ശിക ശൈലി സ്വാംശീകരിച്ചു എന്നു മാത്രമല്ല ഇവിടെ കച്ചവടാവശ്യാർത്ഥവും മറ്റും വന്നുംപോയും കൊണ്ടിരുന്ന ഏത് നാട്ടുകാരന്റെയും ഭാഷാപദങ്ങൾ തത്സമമായോ, തൽഭവമായോ അറബി മലയാളത്തിലേക്ക് ദത്തെടുക്കുകയും ചെയ്തു. അതിന്റെ ഫലമായി അറബി മലയാളത്തിലൂടെ ഭാഷയിലേക്ക് കടന്നു വന്ന പദസമ്പത്ത് വളരെ അധികമാണ്. വളരെക്കാലത്തെ വ്യാവസായിക - സാംസ്കാരിക സമ്പർ ക്കത്തിന്റെ ഫലമായി മലയാളഭാഷയ്ക്ക് അവിസ്മരണീ യങ്ങളായ സംഭാവനകൾ നടത്തുവാൻ മാപ്പിള ഭാഷയ്ക്ക്

സാധിച്ചിട്ടുണ്ട്. നമ്മുടെ പദസമ്പത്തിലേക്ക് മറ്റേതൊരു ഭാഷയേക്കാൾ കൂടുതൽ മുതൽകൂട്ട് നടത്തിയിട്ടുള്ളത് അറബി - പേർഷ്യൻ ഭാഷാ സമ്പത്ത് നിർല്ലോഭം പ്രചരിപ്പിച്ച അറബി മലയാളമാണ്. മാപ്പിള സാഹിത്യത്തിലൂടെ മലയാളത്തിലേക്ക് കടന്നുവന്ന വാക്കുകൾ കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ലെങ്കിലും അവ 3000ത്തിനും 5000 ത്തിനുമിടക്കു വരുമെന്നാണ് പണ്ഡിതമതം. അറബി - പേർഷ്യൻ വാക്കുകളാണിവയിലധികവും. പ്രാദേശിക ഉച്ചാരണ ഭേദത്തോടുകൂടിയാണ് ഇവയിൽ പലതും മലയാളത്തിലേക്ക് കടന്നത്. തൽസമമായും തൽഭവമായും മലയാളത്തിലേക്ക് സംക്രമിച്ച പദങ്ങൾ പലതും ഇന്ന് സാർവ്വത്രികമായി ഉപയോഗത്തിലുള്ളവയുമാണ്.

ആറുതരം പ്രേരണ ഈ ഭാഷാ സംക്രമണ പ്രക്രിയയിൽ പ്രകടമായി കാണാം. 1. ചില സാധനങ്ങളോ, വസ്ത്രങ്ങളോ, പുതുതായി കേരളത്തിൽ കൊണ്ടുവന്നിട്ടുള്ള സന്ദർഭത്തിൽ അവയെ പുരസ്കരിച്ച് ഭാഷയിൽ കടന്ന പദസഞ്ജയം. 2. കച്ചവട - വ്യവസായ സംബന്ധമായുണ്ടായവ. 3. മതപ്രചാരണത്തിൽ ഉപയോഗിച്ചിരുന്നവയും പ്രാർത്ഥനകൾ, മതാനുഷ്ഠാനങ്ങൾ എന്നിവയെ പുരസ്കരിച്ച് ഉപയോഗത്തിൽ വന്നവയും. 4. നീതി ന്യായകോടതികൾ, ഭരണനിർവ്വഹണം, സൈനികാവശ്യം, കരിംപിരിവ് തുടങ്ങിയവക്ക് പറ്റിയ പദസമ്പത്ത്. 5. ശകാരവാക്കുകൾ, 6. പലവക. ഇങ്ങനെ ഭാഷയിലേക്ക് സംക്രമിച്ച പദങ്ങളുടെ കൂട്ടത്തിൽ ഏറെ പ്രചാരത്തിലുള്ള കുറെ വാക്കുകളാണ് ഉദാഹരണമായി താഴെ ഉദ്ധരിക്കുന്നത്. അമീർ, അസ്മാതി, അടുപ്പ്, അലീസ, അറിവ്, അരമന, അരചൻ, അഫീൻ, അക്രമം, അത്തർ, അമർത്തുക, അനാമത്ത്, അറവന, അമീൻ, അരുവ്, അഖവാത്തു, അഖു, അജ്സാമ്, അദദ്, അദാവത്ത്, അബ്‌യൾദു, അമ്മത്ത്, അഅ്, അമ്‌ലാക്ക്, അലിഫ, അസ്മാഉ, അസ്‌വദ്, അഹദ്, അഹ്‌ല്, അൽദമത്ത്, അറ്‌വാഹ്, അസ്സൽ, അദാലത്ത്, അലിക്കത്ത്, അവിൻ, അല്ലാഹു, അൽമാരി, അച്ചാർ, ആവി, ആവലാതി, ആവത്, അലാമത്ത്, അലുവ, ആദത്ത്, ആരിഫ്, ആൽ, ആട്ടമാവ്, ആമീൻ, ആലിമീങ്ങൾ, ആസ്തേ, ഈശൻ, ഇഷ്ടം, ഇശൽ, ഇൻസാൻ, ഇല്ല, ഇക്കിളാക്കുക, ഇനം, ഇമാം, ഇത്തിരി, ഇൽമ്, ഇസ്ലാം, ഈമാൻ, ഇക്ക, ഇബ്‌ലീസ്, ഇബാദത്ത്, ഉമ്‌റ, ഉറുമാമ്പയം, ഉതക്കം, ഉപ്പ്, ഉമ്മത്ത്, ഉറുമി, ഉലുവ, ഉടയവൻ, ഉരുളുക, ഉരിയുക, ഉച്ചി, ഉടൽ, ഉപ്പ, ഉപ്പൂപ്പ, ഉജാർ, ഉറപ്പ്, ഉറുമാൽ, ഉസ്താദ്, ഉദ്‌റ്, ഓൻ, ഓൾ, ഓഹരി, ഒജ്ജിനം, ഒറോട്ടി, ഒപ്പന, ഒത്തിരി, ഒസ്യയത്ത്. ഓശാരം, ഒരുമ, എതിരാളി, ഏടാകൂടം, എമ്പോക്കി, കാശ്, കവാത്ത്, കബറ്, കബറടക്കം, കാലി, കസർത്ത്, കാഫിർ, കത്ത്, കയിൽ, കൽബ്, കീശ, കരം, കുർബാന, കാവ, കോപ്പ, കമ്മി, കുറുമ, കിച്ചടി, കച്ചമ്പർ, കവഞ്ഞി, കിടുപിടി, കുന്നി, കവാലി, കൊള്ളോ, കലാശം, കബൂൽ, കലിമ, കുതിരത്ത്, കവിയ്യ്, കുന്താലി, കാക്ക, കയ്യാല, കൈലാഞ്ചി, കൈലേസ്, കത്തി, കുതിര, കലാപം, കലർത്തുക, കുളം, കറിയ, കിണർ, കപ്പുക, കമ്പളിപ്പിക്കുക, കൊമ്പൽ, കുറുത്ത, കൊല്ലം, കുരു, കറി, കുമ്പ്, കച്ചേരി, കശാപ്പ്, കാത്തിബ്, കരിമ്പ്, കൊല്ലുക, കൊള്ളയടിക്കുക, കലക്കുക, കിത്താല്, കലീഫ, കല്ലിക്കുക, കോൻ, കിബ്‌റ്, കബാബ്, കുത്‌ബ്, കൈഫീത്ത്, കടലാസ്, കത്ത്, കാപ്പി, കരാർ, കുദ്‌റത്ത്, കർമോസ്, കറാമത്ത്, കലസി, കവാത്ത്, കശാപ്പുകാരൻ, കശ, കപ്പട, കസ്ബ, കാപ്പിരി, കവർ, കുഫുറ്, കിത്താബ്, കില്ല, കിസക്ക്, കിസ്മത്ത്, കുർസി, കൊശി, കൊതുവാൾ, കായിതം, കനേഷുമാരി, കുശാൽ, കുവ്വത്ത്, കമാൻ, കൊസ്റാക്കൊല്ലി, കച്ചറ, കാരി, കവിടി, കിപ്പടി, കോറ, കേമ്പിരി, കബീർ, കൗമ്, കമാല്, കരിം, കലാം, കാമില്, കൂവ്വത്ത്, ഖജാന, ഖദർ, ഖാദി, ഖുദഖത്തം, ഖയിറ്, ഖാരിഫ്, ഖോജ, ഖാസി, ഖിലാഫത്ത്, ഖത്താ, ഖദ്ദാം, ഖയ്ല്, ഖല്ക്ക്, ഖല്ലാക്, ഖറജ, ഖൈറ്, ഖാത്തം, ഖാലിസ്, ഖൗഫ്, ചക്കാത്ത്, ചെകുത്താൻ, ചങ്ങാതി, ചുക്കാൻ, ചായ, ചക്കര, ചപ്പാത്തി, ചട്ടിണി, ചർക്ക, ചെലാൻ, ചൌക്ക, ചുങ്കം, ചാവടി, ചിട്ടി, ചൂള, ചക്കട, ചവർ, ചുക്കാൻ, ചേരി, ചവിട്ടുക, ചീർക്കുക, ചെല്ല്, ചേല്, ചൊറുക്ക, ചിട്ട്, ചീട്ട്, ചപ്രാസി, ചമ്മല, ചിറ്റ്, ജമ, ജില്ല, ജപ്പി, ജാമ്യം, ജമേദാർ, ജിലേബി, ജഹന്നം, ജാരൻ, ജയിൽ, ജനാസ, ജാമീൻ, ജാസ്സി, ജറൂർ, ജാഹിൽ, ജാഥ, ജാതി, ജാത്ര, ജോഡി, ജോലി, ജുക്തി, ജലാല്, ജവാബ്, ജിന്ന, ജുബ്ബ, ജബല്, ജമീല്, ജസ്മ്, ജഹന്നം, ജാമൂസ്, ജാഹില്, ജില്ദ്, ജോറ്, താക്കത്ത്, തസ്തിക, തഹസിദാർ, തഹസിൽ, താലൂക്ക്, താരപ്പ്, തഫ്സീർ, താക്കീത്, തമാശ്, തംപ്പ്, തബല, തപ്പ്, തർജമ, താരാവ്, തയ്യാർ, തകരാറ്, തെസുവിൽ, തറുതല, തുപ്പൽ, തവി, താരീക്ക്, തരാശു, തോക്ക്, തൂറ, തുരുമ്പ്, തക്കിളി, താന്, തക്കാളി, തൊപ്പി, തോല, തക്കിടി, തക്ക്ബീർ, തട്ടം, തമ്പാലം, ത്രാസ്, തെസ്ബി, തരീകത്ത്, തവസ്സുൽ, തവാഫ്, തഹയ്യറ, താജിറ്, താബിഉ, താബൂത്ത്, താഹാ, തിജാറത്ത്, തൗപാതിരി, പക്കീർ, പാനൂസ്, പർദീസ, പിഞ്ഞാണി, പാദുഷ, പേഷ്ക്കാർ, പപ്പാസ്, പറഹ്കി, പേഷ്വ, പക്കാവട, പപ്പടം, പത്തിരി, പൂരി, പങ്ക, പൂജ, പന്തൽ, പഞ്ചായത്ത്, പട്ടാണി, പട്ടദാർ, പതക്കം, പടക്കം, പുക്കാർ, പൈസ, പുന്നാരം, പോരിശ, പോക്കിരി, പുതുപെണ്ണ്, പിച്ചാത്തി, പൂതി, പാലുത, പൊൻകരളേ, പൊറുക്കുക, പിരാക്ക്, പാറുക, പൈജാമ, പുരാണം, പരത്തുക, പകരുക, പെരുത്ത്, പൊരുൾ, പന്തം, പടച്ചോൻ, പാവാട, പാദുകം, പിരിശം, പാത്തുമ്മ, പക്കിറൻ, ഫസ്‌ലി, ഫൗജി, ഫക്കീർ, ഫയൽമാൻ, ഫത്തുവ, ഫരള്ട്ട്, ഫഖ്‌റ്, ഫർജ്, ഫൽദീലത്ത്, ഫിത്ന, ഫിന്ന്‌റ്, ദീവാളി, ദിവാൻ, ദഫേദാർ, ദീൻ, ദുനിയാവ്, ദുആ, ദല്ലാൾ, ദീനം, ദർക്കാസ്, ദരോശ, ദുബട്ടാവ്, ദോബി, ദംപിടി, ദഫ്, ദജ്ജാൽ, ദൊലക്ക്, ദപ്പ, ദറജ, ദറസ്, ദാത്ത്, ദിക്ക്‌റ്, ദിർഹം, നക്കൽ, നാദം, നജീസ്, നമാസ്, നാട, നാമൂസ്, നോമ്പ്, നിസ്ക്കാരം, നെയ്ച്ചോറ്, നബി, നം, നഫ്സ്, നിഅ്മത്ത്, നിക്കാഹ്, നൂറ്, മരാമത്ത്, മലക്ക്, മാപ്പു, മഹൽ, മുസാവരി, മഹസർ, മുൻസിഫ്, മസ്ജിദ്, മസാല, മഹസർ, മുക്തിയാർ, മുക്രി, മുൻഷി, മുസീബത്ത്, മുഹബ്ബത്ത്, മൗത്ത്, മുഫ്ത്ത, മദഹ്,

മുല്ല, മുസാവ്, മൽമൽ, മന്ന്, മുസ്‌ലിയാർ, മാമ, മാമി, മൊഞ്ച്, മീസാൻ, മൈതാനം, മദ്റസ, മാലിക്ക്, മൗലൂദ്, മൈലാഞ്ചി, മിസർ, മട്ട്, മത്താപ്പ്, മെതിയടി, മക്കാറാക്കുക, മസാലിപ്പി, മുറാദ്, മാറുക, മേസ്തിരി, മാമൂൽ, മൗലവി, മിഡ്ഢ്‌വാക്ക്, മിസ്കീൻ, മൊത്തുക, മൈന, ബറൽ, ബാക്കി, ബിസ്മി, ബാപ്പ, ബലാല്, ബർക്കത്ത്, ബുൽബുൽ, ബിലാത്തി, ബെയ്ത്ത്, ബുദ്ദ്, ബുർക്കാ ബാങ്ക്, ബിരിയാണി, ബസാർ, ബാഗ്ലാവ്, ബത്തി, ബറാബർ, ബീഡി, ബന്തോസ്, ബദാം, ബഡായി, ബഹദൂർ, ബദരീങ്ങൾ, ബേഷ്, ബോൻഡ, ബെടക്ക്, ബദല്, ബിസ്മി, ബത്താല്, ബദറ്, ബാത്തില്, ബിദ്അത്ത്, ബുലൂഗ്, വക്കാലത്ത്, വക്കീൽ, വസൂൽ, വർക്കത്ത്, വഷൾ, വത്തക്ക, വട, വാടക, വസ്‌വാസ്, പെറുക്കുക, വിന, വാത്ത്, വക്ക്ത്ത്, വജ്ഹ്, വഫാത്ത്, വബാ, വലി, വസീല്ത്ത്, വഹ്ദത്ത്, വഹിയ്, വഹ്ഹാബ്, വഹ്ഹാബി, വാജിബ്, വിലായത്ത്, വുജൂബ്, സദക്കാ, സദർ, സന്നത്, സലാം, സാഫ്, സാബൂൻ, സുൽത്താൻ, സുബൈദാർ, സാഹിബ്, സായിപ്പ്, സുറുമ, സർബത്ത്, സബർജിൽ, സക്കാത്ത്, സാഹത്ത്, സുന്നത്ത്, സദക്ക, സർക്കാർ, സർദാർ, സവാരി, സമീൽതാർ, സേട്ട്, സേർ, സൂചി, സിറാത്ത്, സലാമത്ത്, സുലൈമാനി, സിൽബന്ധി, സഫ്ഫ്, സഫർ, സഹീബ്, സാലിഹ്, സിനാ, സിന്ന്, സിഹ്റ്, സത്ത്, സിർറ്, സീനത്ത്, സുക്കൂത്, സുജായി, സുജൂദ്, സുയൂഫ്, സുവാല്, സുർഅത്ത്, സൂറത്ത്, സൂർ, സയ്യിദ്, സൗജത്ത്, ശവം, ശീതം, ശില, ശരാശരി, ശിപായി, ശിരസ്തദാർ, ശുപാർശ, ശിഫ, ശനി, ശാപം, ശോഭ, ശബ്ദം, ശർത്ത്, ശീല്സ, ശ്ക്ക്, ശംസ്, ശദീദ്, ശരീഅത്ത്, ശിദ്ദത്ത്, ശിഫ, ശിർക്ക്, ശിക്കൂറ്, ശുഹദാത്, ശൗക്ക്, ഷഹീദ്, ഷെയ്ക്ക്, ഷിർക്ക്, ഷിക്കാർ, ഷിർവാണി, ഹർജി, ഹാജി, ഹലാക്ക്, ഹുക്ക, ഹൂറി, ഹറാം, ഹലാൽ, ഹയാകേട്, ഹലുവ, ഹക്ക്, ഹാക്കില, ഹുജൂർ, ഹുണ്ടി, ഹയാത്ത്, ഹമുക്ക്, ഹാജത്ത്, ഹുക്കും, ഹൈദർ, ഹവിൽദാർ, ഹാജർ, ഹൗദ, ഹജറ്, ഹജറുൽഅസ്‌വദ്, ഹദിയാ, ഹമുക്ക്, ഹയാ, ഹരീർ, ഹറാറത്ത്, ഹസദ്, ഹാജത്തു, ഹാജാത്ത്, ഹാസില്, ഹിക്ക്മത്ത്, ഹിജാബ്, ഹിമാറ്, ഹീലത്ത്, ഹൈൾദ്, ഹൈറ്, ഹൗൾദ്, റബ്ബ്, റാഹത്ത്, റദ്ദ്, റുമാൽ, റാത്തൽ, റംസാൻ, റവ, റാട്ട്, റഹ്മത്ത്, റഅ്സ്, റക്കഅത്ത്, റാത്തീബ്, റാവി, റാഹിമ്, റുക്കൂള്, ലുങ്കി, ലങ്കോട്ടി, ലാത്തി, ഗജം, ഗുസ്തി, ഗുമസ്തൻ, ഗുദാം, ഗുണ്ട, ഗനം, ഗദ്, ഗൈബ്.

മലയാളപദ സമ്പത്തിലേക്ക് മാപ്പിള ഭാഷയുടെ മുതൽ കൂട്ടിൻെറ ചെറിയ ഒരംശം ഉദാഹരണമായി ചേർത്തെന്ന് മാത്രമേയുള്ളൂ. മലയാളത്തിൽ പ്രസിദ്ധീകൃതമായിട്ടില്ലാത്ത ആയിരക്കണക്കിനുള്ള അറബി മലയാള ഗദ്യ-പദ്യ ഗ്രന്ഥങ്ങൾ ഭാഷയിലേക്ക് പരാവർത്തനം ചെയ്യപ്പെടുകയാണെങ്കിൽ നിശ്ചയമായും നമ്മുടെ ഭാഷാസമ്പത്ത് കൂടുതൽ സമ്പുഷ്ടമാകുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ഭാഷയിൽ നിന്നും അറബിയിലേക്ക് പോയ പദങ്ങളിൽ ചിലതാണ് താഴെ ചേർക്കുന്നത്.

| *മലയാളം* | *അറബി* |
|---|---|
| ആപത്ത് | ആഫത്ത് |
| അത്താഴം | അത്താഅം |
| അപലം | അൻബൻ |
| അരി | അരിശ് |
| പതിര് | ബധിർ |
| പെരിയ | ഹരിയ് |
| കാക്ക | ഖാക്ക |
| കുട | ഖുട |
| കുന്ന് | കുന്ന് |
| കലപ്പ | വലപ്പ |
| ചിറ | സിറ |
| വയൽ | വഅൽ |
| വാതൽ | ഖാസിൽ |
| ഉമി | ഹൂമി |
| തറ | തറ |
| താപ്പ് | ദഹൂബ് |
| നെയ്യ് | നയ്യ് |

ഏത് ഭാഷയ്ക്കും വേണ്ടതായ സങ്കേതങ്ങളും വ്യാകരണങ്ങളും ലക്ഷണങ്ങളും അറബി-മലയാള ഭാഷയ്ക്ക് പരിപൂർണ്ണമായിട്ടുണ്ട്. പേർഷ്യൻ, അറബി, ഉറുദു, ഹിന്ദി, തമിഴ്, തെലുങ്ക്, പഞ്ചാബി, സംസ്കൃതം തുടങ്ങിയ ഭാഷകളിലെ സ്വരങ്ങളേയും ശബ്ദവൈവിധ്യങ്ങളേയും ഉച്ചാരണ വ്യത്യാസമില്ലാതെ ഉപയോഗിക്കുവാൻ പറ്റുംവിധമാണ് അറബി-മലയാള ലിപി സംവിധാനം ചെയ്തിട്ടുള്ളത്. ഒരു വ്യവഹാരഭാഷയെന്ന നിലയ്ക്ക് മനുഷ്യൻെറ സകലവിധ ഭാവഭേദങ്ങൾക്കും വികാര വിചാരങ്ങൾക്കും വ്യക്തമായ നിറപ്പകിട്ട് നൽകുവാനാകും വിധം അറബി-മലയാളത്തിൻെറ പദസമ്പത്ത് കനപ്പെട്ടതാണ്. ഭക്തിനിർഭരമായ പ്രാർത്ഥനാ വേളകളിലും, പ്രേമപാരവശ്യത്തിന്നടിമപ്പെടുമ്പോഴും ഭയമോ, ഭീതിയോ പൂണ്ടുഴറുന്ന വേളകളിലും ദേഷ്യമോ, അമർഷമോ കീഴ്പ്പെടുത്തുമ്പോഴുമൊക്കെ മനുഷ്യവികാരത്തിൻെറ ബഹിർസ്ഫുരണം നടത്തുന്ന വാക്കുകൾ ഏത് ഭാഷയിലും കാണും. മലയാളഭാഷയിൽ നിന്നും വ്യത്യസ്തമായി അറബി മലയാളത്തിലെ ഇത്തരം പ്രയോഗങ്ങളും ശൈലികളും വ്യക്തമാക്കുന്നത് അറബി-മലയാളഭാഷയുടെ സമ്പൂർണ്ണ സ്വഭാവത്തെയാണ്. പടച്ചവൻ, മുത്ത്നബി, പോരിശയാക്കപ്പെട്ട തങ്ങൻമാർ, തുടങ്ങിയ പ്രയോഗത്തിന് സമം മറ്റൊന്ന് കണ്ടെത്തുക അസാദ്ധ്യമാണ്. പടച്ചവനെന്ന ദൈവവിശേഷണം മറ്റൊരു ഭാഷയ്ക്കും അവകാശപ്പെടാൻ സാധിക്കാത്ത വിധം സമ്പുഷ്ടവും അർത്ഥഗർഭവുമാണല്ലോ. പഞ്ചാരപുതുമാരനും, കൽബിൻെറ കണ്ടവും, മദിരപ്പൂങ്കനിതേനും, മൊത്തിമണക്കലും ഒക്കെ പ്രേമകാവ്യങ്ങൾക്ക് കഞ്ചുകമണിയിക്കുന്നവയാണ്. പുതുമണവാളനെ വിശേഷിപ്പിക്കുവാൻ പ്രയോഗിച്ച 'പഞ്ചാര' വാക്ക് സഹൃദയ ഹൃദയത്തെ എക്കാലവും വശീകരിക്കത്തക്കതത്രെ. ശകാര

വാക്കുകളുടെ കാര്യമായാലും സന്തോഷത്തിമിർപ്പിൻെറ ആവിഷ്ക്കാരത്തിനായാലും ഉപയോഗിക്കാൻ പറ്റുംവിധമുള്ള ഓജസ്സും ശക്തിയും നിറഞ്ഞ പദസമൂഹം അറബി മലയാളത്തിൻെറ സവിശേഷതയായി എണ്ണേണ്ടതുണ്ട്. ഇതൊക്കെ കാണിക്കുന്നത് വളർച്ചയെത്തിയ ഏതൊരു ഭാഷയേയും പോലെ പരിപൂർണ്ണത സിദ്ധിച്ച സ്വതന്ത്രഭാഷയാണ് അറബി മലയാളം എന്നാണ്.

അനാദികാലത്തെ അവിരാമമായ സമ്പർക്കത്തിൽ നിന്നും ഉടലെടുത്ത അറബി-മലയാളഭാഷ അനവധി നൂറ്റാണ്ട് കാലത്തെ പഴക്കം അവകാശപ്പെടാൻ സാധിക്കുംവിധം വളർച്ച പ്രാപിച്ചിരുന്നു. അറബി-മലയാളഭാഷ മറ്റു പല ഉത്കൃഷ്ടഭാഷകൾക്ക് തുല്യം എല്ലാ സാഹിത്യവിഭാഗങ്ങളേയും വിജ്ഞാനശാഖകളേയും ഉൾക്കൊള്ളുന്നുണ്ട്. പറങ്കികളുടെ ആഗമനത്തോടുകൂടി കേരളത്തിലുണ്ടായ സാമൂഹിക സംഘർഷവും സാൻമാർഗ്ഗിക അധപതനവും കണ്ട് മനംനൊന്ത് അന്നത്തെ കേരളത്തിലെ കവികളത്രയും ദൈവികവും ആദ്ധ്യാത്മികവുമായ പന്ഥാവിലേക്ക് മനുഷ്യരെ നയിക്കുവാൻ തീവ്രശ്രമങ്ങൾ നടത്തിയിരുന്നതിൻെറ പ്രസ്പഷ്ടോദാഹരണങ്ങളാണ് തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻെറയും കോഴിക്കോട്ടേ ഖാസി മുഹമ്മദിൻെറയും കൃതികൾ. എഴുത്തച്ഛൻ ഭാഷയിലൂടെ ഭക്തിപ്രസ്ഥാനത്തെ ജനകീയമാക്കുവാൻ ശ്രമിച്ചപ്പോൾ, അതേ പ്രക്രിയ തന്നെ അറബി-മലയാളത്തിലൂടെ മുസ്ലിംകൾക്കിടയിൽ നിർവ്വഹിക്കുകയാണ് ഖാസി മുഹമ്മദ് ചെയ്തത്. ഇവിടെ പ്രസക്തമായിട്ടുള്ളത് മുഹയിദ്ദീൻ മാല വിരചിതമാകുന്ന 16-ാം നൂറ്റാണ്ടിൽ അറബി-മലയാളം ഉൽകൃഷ്ടമായ വികാസം പ്രാപിച്ചിരുന്നു എന്ന കാര്യമാണ്. എ,ഏ,ഒ,ഓ, എന്നീ സ്വരചിഹ്നങ്ങളും ക,ങ,ച,ജ,ഞ,ട,ണ,ത,ദ,ന,പ, ബ,മ,യ,ര,ല,വ,ശ,സ,ള എന്നീ വ്യഞ്ജനാക്ഷരങ്ങളും മുഹയിദ്ദീൻമാലയുടെ രചനയ്ക്ക് ഉപയോഗിച്ചിട്ടുള്ളതായി കാണാം. എഴുത്തച്ഛൻെറ സമകാലികനായ ഒരു മാപ്പിള കവി സാമ്രാട്ട് തൻെറ മഹാകാവ്യത്തിൽ മേലുദ്ധരിച്ച സ്വരചിഹ്നങ്ങളും വ്യഞ്ജനങ്ങളും നിർല്ലോഭം പ്രയോഗിച്ചു കാണുന്നതിൽ നിന്നും ഊഹിക്കാവുന്നത് അറബി-മലയാള ഗദ്യ - പദ്യ ശൈലിയും ഭാഷയും എഴുത്തച്ഛനെ വളരെ സ്വാധീനിച്ചിരിക്കണമെന്നത്രെ. അറബി-മലയാളത്തിൽ നിന്നുള്ള അക്ഷരങ്ങളും ചിഹ്നങ്ങളും വ്യഞ്ജനങ്ങളും അതേപടി അംഗീകരിക്കുയാണോ എഴുത്തച്ഛൻ ചെയ്തത് എന്ന കാര്യം തറപ്പിച്ചു പറയുവാൻ സാധിക്കുകയില്ലെങ്കിലും ഭാഷാ പണ്ഡിതൻമാരുടേയും ഗവേഷകരുടേയും പരിഗണനക്ക് വിധേയമാക്കേണ്ട വിഷയമാണിതെന്ന് ഓർമ്മപ്പെടുത്തി കൊള്ളട്ടെ.

ഒരു കാര്യം തീർച്ച. അറബി-മലയാള ഭാഷയ്ക്ക് ഉൾകൃഷ്ടമായ ഒരു കലാ - സാഹിത്യ സമ്പത്തുണ്ട്. സമൂഹത്തിൻെറ ഉൾതുടിപ്പ് നേരാംവണ്ണം പ്രകാശിപ്പിക്കുവാൻ പറ്റുന്ന കലാ - സാഹിത്യം പ്രതിഫലിപ്പിക്കുവാൻ പര്യാപ്തമായ ഉപാധിയേതോ, അതാണ് പൂർണ്ണത പ്രാപിച്ച ഭാഷ. ഈ അളവുകോൽ വെച്ച് നിരീക്ഷിച്ചാൽ ഈ പ്രസ്താവത്തിൻെറ സത്ത നൂറ് ശതമാനവും അറബി-മലയാളം ഉൾക്കൊള്ളുന്നുവെന്ന് കാണാം. അറബി-മലയാളത്തിൻെറ കാവ്യപ്രപഞ്ചം ഇന്ന് സഹൃദയരെ ഹഠാദാകർഷിക്കുന്നുണ്ട്. ഈ നൂറ്റാണ്ടാദ്യത്തിൽ മലയാളഭാഷയിലുണ്ടായിരുന്ന ഗദ്യ - പദ്യ ഗ്രന്ഥങ്ങളുടെ എണ്ണങ്ങളത്തെക്കാൾ നൂറോ, അതിലധികമോ ഇരട്ടി പുസ്തകം അറബി-മലയാള ഭാഷയുടെ കുശനിപ്പുരയിൽ സ്ഥലം പിടിച്ചിരുന്നുവെന്ന പരമാർത്ഥം വളരെ കുറച്ച് പേർക്ക് മാത്രമെ അറിയുകയുള്ളൂ. ഗദ്യസാഹിത്യത്തിൽ അപാരമായ മുതൽകൂട്ടാണ് മാപ്പിളസാഹിത്യത്തിനുള്ളത്. മതപരമായ എല്ലാ ശാഖകളിലും അറബി-മലയാളഗ്രന്ഥങ്ങൾ സുലഭമായിട്ടുണ്ട്. പൊന്നാനി കേന്ദ്രമാക്കി പ്രവർത്തിച്ച മക്തൂം കുടുംബത്തിലെ വിശ്വ പ്രശസ്തരായിരുന്ന പണ്ഡിതൻമാരുടെ സംഭാവനകൾ വിലപ്പെട്ടതാണ്. 16-ാം നൂറ്റാണ്ടിലെഴുതിയ, 'തുഹ്ഫത്തുൽ മുജാഹിദീൻ' എന്ന ഗ്രന്ഥമാണ് കേരളചരിത്രവിഭാഗത്തിലെ ആദ്യത്തെ പുസ്തകം. ഷെയിക്ക് സൈനുദ്ദീൻ ഖസാലി എഴുതിയ ഈ കൃതി പറങ്കികളുടെ ക്രൂരതകളേയും മതധ്വംസനത്തേയും ആഭിചാര പ്രവർത്തനങ്ങളേയും വിവരിക്കുന്നിതനോടൊപ്പം, കേരളത്തിൻെറയും കേരളീയരുടേയും ചരിത്രവും പ്രതിപാദിക്കുന്നുണ്ട്. 7-ാം നൂറ്റാണ്ട് മുതൽ 15-ാം നൂറ്റാണ്ട് വരെയുള്ള കേരള ചരിത്രത്തിൻെറ ഇരുളടഞ്ഞ ഏടുകൾ തീർത്തും പ്രകാശമാനമാക്കുവാൻ സഹായിക്കുന്ന ധാരാളം സഞ്ചാര ക്കുറിപ്പുകളും ആധികാരിക ഗ്രന്ഥങ്ങളും അറബിയിലും അറബിമലയാളത്തിലുമായുണ്ട്. കേരള ചരിത്ര രചനയ്ക്ക് ഏറ്റവുമധികം പ്രയോജനപ്പെടുന്ന ഉപാദാനങ്ങളാണിവ.

മതസിദ്ധാന്തങ്ങളേയും ഐസ്ലാമിക താത്വികദർശനങ്ങളേയും പുരസ്ക്കരിച്ചെഴുതപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾക്ക് കയ്യും കണക്കുമില്ല. കർമ്മശാസ്ത്രം, കൃഷിശാസ്ത്രം, വൈദ്യം, സ്വപ്നവ്യാഖ്യാനങ്ങൾ, ജീവചരിത്രം, ചരിത്രം, നിഘണ്ടുക്കൾ, നോവലുകൾ, ഖുർആൻ - ഹദീസ് തർജ്ജുമകളും വ്യഖ്യാനങ്ങളും എല്ലാം ഗദ്യസാഹിത്യത്തിലെ അനർഘങ്ങളായ മുതൽകൂട്ടാണ്. 170 വഷത്തെ പഴക്കമുള്ള തിബ്ബുന്നബി എന്ന നബിചരിത്രം തുടങ്ങി ഫത്ത്ഹുൾ ഫത്താഹ്, നബിയുടേയും അനുചരൻമാരുടേയും സമരചരിത്രങ്ങൾ, ഔലിയാക്കൻമാരുടെ ജീവിതകഥകൾ എന്നിവ അറബി-മലയാള ഗദ്യവിഭാഗത്തെ സമ്പന്നമാക്കിയിട്ടുള്ള മഹത്തായ കൃതികളാകുന്നു. അച്ചടിശാല സ്ഥാപിക്കുന്നതിന് മുമ്പ് കയ്യെഴുത്ത് പ്രതികളായിരുന്നു അധികവും. അത്ര അധികം കോപ്പികൾ ഇവയ്ക്കുണ്ടാകുക സാധ്യമല്ലല്ലോ. ഇത്തരം കയ്യെഴുത്ത് ഗ്രന്ഥങ്ങൾ വളരെയധികം നശിച്ചുപോയിട്ടുണ്ട്. സൂക്ഷിപ്പുകാരുടെ പിടിപ്പ് കേടുകൊണ്ടും 16-ാം നൂറ്റാണ്ട് മുതൽ നിരന്തരം നടന്നിരുന്ന സംഘട്ടനങ്ങളുടെ ഫലമായും നൂറു കണക്കിന് ഇത്തരം ഗ്രന്ഥങ്ങൾ എന്നേക്കുമായി നഷ്ടപ്പെട്ടിട്ടുണ്ട്. പോർച്ചുഗീസ് ആക്രമണവും കൊള്ളയും മുതൽ ഇംഗ്ലീഷ് വിരുദ്ധ സമരങ്ങളുടെ അന്ത്യം കുറിച്ച 1921ലെ ഖിലാഫത്ത് വിപ്ലവം വരെ നടന്ന സായുധ സമരങ്ങളുടെ ഫലമായി എത്രയോ

വിലപ്പെട്ട ഇത്തരം ഗ്രന്ഥങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട്. അവശേഷിക്കുന്ന കയ്യെഴുത്ത് ഗ്രന്ഥങ്ങളും പ്രസിദ്ധീകൃതങ്ങളായിട്ടുള്ളവയും തന്നെ വലിയ സാഹിത്യ സമ്പത്തിന്റെ ഉടമയാണ് അറബി മലയാള ഭാഷ എന്ന് പ്രഘോഷണം ചെയ്യുന്നു. ഏകദേശം ഒന്നര നൂറ്റാണ്ട് മുമ്പ് ചൊവ്വക്കാരൻ (തലശ്ശേരി) വലിയ പുരയിൽ മായിൻകുട്ടി ഇളയാവ് വിശുദ്ധ ഖുർആന്റെ പരിഭാഷയും വ്യാഖ്യാനവും എഴുതി പ്രചരിപ്പിച്ചിരുന്നു. അച്ചടി തുടങ്ങിയിട്ടില്ലാത്ത അക്കാലത്ത് 8 വാള്യങ്ങളിലായെഴുതിയ ബൃഹത്തായ ഈ കൃതിയുടെ 100 കോപ്പികൾ അദ്ദേഹം പകർത്തിച്ചെടുപ്പിച്ചിരുന്നു. പ്രധാന പള്ളികളിലും സമ്പന്നകുടുംബങ്ങളിലും പണ്ഡിതഗൃഹങ്ങളിലും ഇത് സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. അക്കാലത്ത് ലക്ഷത്തിൽപരം രൂപ ചെലവ് ചെയ്ത് അദ്ദേഹം നടത്തിയ സേവനം എന്നും നന്ദിയോടുകൂടി സ്മരിക്കപ്പെടുക തന്നെ ചെയ്യും. തുടർന്ന് നബിവചനങ്ങളും ഖുർആൻ വ്യാഖ്യാനങ്ങളും ഗദ്യവിഭാഗത്തിൽ വലിയ സ്ഥാനം നേടിയെടുത്തു. ഫത്തഹുൽമുഈൻ, ഇർശാദ്, മുർശിദ്, സഹീഹുൽ ബുഖാരി, തുടങ്ങിയ നൂറു കണക്കിന് മഹൽഗ്രന്ഥങ്ങൾ അറബി-മലയാള ഗദ്യസാഹിത്യത്തിന്റെ വൈജ്ഞാനിക മുതൽകൂട്ടുകളാണ്. വൈദ്യശാസ്ത്രം, തച്ചുശാസ്ത്രം, കച്ചവടകാര്യങ്ങൾ, കരകൗശല വിദ്യകൾ, തുടങ്ങിയ രംഗങ്ങളെ ആധാരമാക്കി നിർമ്മിതമായിട്ടുള്ള കൃതികളും ധാരാളമുണ്ട്. അഷ്ടാംഗഹൃദയം, അമരകോശപദാർത്ഥം എന്നിവകളുടെ തർജ്ജുമകൾക്ക് പുറമേ, ബാലചികിത്സ, താൽക്കാലിക ചികിത്സ, നടപ്പ്ദിന ചികിത്സ, യുനാനി ചികിത്സ എന്നിവകളെ ആധാരമാക്കി വിരചിതമായിട്ടുള്ള വൈദ്യ കിത്താബുകളുടെ എണ്ണവും വളരെ കൂടുതലാണ്. വൈദ്യഗ്രന്ഥങ്ങളെ പരാമർശിക്കുമ്പോൾ ചെറിയ സൈനുദ്ദീൻ മഖ്ദൂമിന്റെ പുത്രനായ കൊങ്ങണം വീട്ടിൽ അഹമ്മദ് എന്ന ബാവ മുസ്ലിയാരെ അനുസ്മരിക്കാതെ വയ്യ. വലിയ വൈദ്യസാരം, പരോപകാരം, ഉപകാരം, ഒറ്റമൂലികൾ എന്നീ വൈദ്യ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ സംഭാവനകളാണ്. കാരയ്ക്കൽ മമ്മദ് എന്ന പണ്ഡിതൻ 'വിഷവൈദ്യം' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അറബി-മലയാളത്തിൽ ഒരു നാഡി ശാസ്ത്രഗ്രന്ഥവും ശിശുചികിത്സ എന്ന ഒരു ബാല ചികിത്സാ ശാസ്ത്രഗ്രന്ഥവും വേറെയുണ്ട്. ചാലിലകത്ത് ഇബ്രാഹിം കുട്ടി രചിച്ച ഗ്രന്ഥങ്ങളിൽ ദേഹചരിത്ര തർജ്ജുമയും ദാമ്പത്യശാസ്ത്രവും പ്രധാനപ്പെട്ടവയാണ്. സ്വപ്നവ്യാഖ്യാനങ്ങളും, നമസ്കാര ക്രമങ്ങളും, ഉപജാപദോഷ പരിഹാരമാർഗ്ഗങ്ങളും വിവരിക്കുന്ന പുസ്തകങ്ങൾ വേറേയുമുണ്ട്. ഡച്ച് ഗവർണ്ണറായ വാൻറീഡിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കിയ, 'ഹോർട്ടൂസ് മലബാറിക്കസ്' എന്ന വാള്യങ്ങൾ കേരളത്തിലെ ഔഷധച്ചെടികളുടെ വിവിധ ഭാഷകളിലുള്ള പേര് വിവരിക്കുന്നവയാണ്. ഈ സംരംഭത്തിൽ ഇവയുടെ അറബി പേരുകൾ നൽകുവാൻ ഒരു കൂട്ടം മാപ്പിള പണ്ഡിതൻമാർ സഹായിത്തിനുണ്ടായിരുന്ന കാര്യം ഇവിടെ നമുക്ക് ഓർക്കാം.

വൈജ്ഞാനിക - ദാർശനിക മണ്ഡലങ്ങളിലെ അമൂല്യങ്ങളായ സംഭാവനകൾക്ക് പുറമേ ഗദ്യസാഹിത്യത്തിൽ സർഗ്ഗാത്മക സൃഷ്ടികൾ നടത്തുന്നതിലും അറബി മലയാള ഭാഷ പിന്നിലായിരുന്നില്ല. ചന്തുമേനോന്റെ ഇന്ദുലേഖയാണല്ലോ മലയാളത്തിലെ ആദ്യത്തെ നോവൽ. 1889ൽ വിരചിതമായ ഈ കൃതിയേക്കാൾ 6 വർഷം മുമ്പ് തന്നെ 'ചാർദർവേശ്' എന്ന പേർഷ്യൻ നോവൽ അറബി മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ചിരുന്നു. അങ്ങനെ മലയാളത്തിലെ ആദ്യത്തെ നോവൽ അറബി മലയാളമാണെന്ന വസ്തുത അനിഷേധ്യമായി നിൽക്കുന്നു. ഇതിനെ തുടർന്ന് പ്രസിദ്ധീകൃതങ്ങളായ നോവലുകൾ ധാരാളമുണ്ട്. കണ്ടുകിട്ടിയവയിൽ അലാവുദ്ദീൻ, ഖമർ സ്മാൻ, ശാംസുസ്സുമാൻ, ഉമറയ്യാർ, അമീർഹംസ, ഗുൽസ നോബർ, സുബൈദ, സൈനുബ, ഖിളർനബിയെ കണ്ട നബീസ തുടങ്ങിയവ പ്രമുഖങ്ങളാണ്.

കഥാകഥനത്തിലും അറബി മലയാള ഭാഷ ഒട്ടും ദരിദ്രമല്ല. 'അൽഫലൈല വ ലൈല' എന്നത് 1001 രാത്രികളിലെ വിശ്വപ്രസിദ്ധമായ അറബികഥകളാണ്. അറബി മലയാളത്തിൽ ഇവ എത്രയോ മുമ്പ് പ്രചാരത്തിൽ വന്നു. മലയാള ഭാഷയിലേക്ക് ഇവ തർജ്ജമ ചെയ്യപ്പെട്ടത് അടുത്ത കാലത്ത് മാത്രമാണ്. അറബിക്കഥകളുടെ 5 വാള്യങ്ങളുള്ള മറ്റൊരു അറബി മലയാള പ്രസിദ്ധീകരണവും ഉണ്ട്. ഇവയ്ക്ക് പുറമേ മാപ്പിളരാമായണം, വിക്രമാദിത്യൻ കഥകൾ, 313 മൗലൂദുകൾ തുടങ്ങി സാരോപദേശകഥകൾ വരെ ഈ വിഭാഗത്തിൽപ്പെടുന്നു.

പദ്യവിഭാഗത്തിലേക്ക് കടന്നാൽ ഭക്തിയും, ശൃംഗാരവും ഹാസ്യവും വീരരസവും ഇടകലർന്ന് ഇഴുകി ചേർന്നിട്ടുള്ള മാപ്പിളപ്പാട്ടുകളുടെ സാഹിത്യമേൻമയും സംഗീത മാധുരിയും അടുത്ത കാലത്തായിട്ടാണെങ്കിലും കേരളത്തെ കോരിത്തരിപ്പിക്കുവാനും സഹൃദയ കേരളത്തിന്റെ അംഗീകാരം നേടുവാനും ഇടയായിട്ടുണ്ടല്ലോ. ഗാനാത്മകതയുടെ മായാമേഖലയിലേക്ക് അനുവാചകരെ ഉയർത്തുന്ന ശതകണക്കിന് വൃത്തങ്ങൾ നെയ്തെടുത്ത മാപ്പിളക്കവികൾ സ്വരരാഗസുധയുടെ ഒരു മാഹപ്രവാഹം തന്നെ സൃഷ്ടിച്ചവരാണ്. സംഗീതമാധുരിയും കാവ്യമാഹാത്മ്യവും സമഞ്ജസമായി സമ്മേളിക്കുന്ന മാപ്പിള കാവ്യപ്രപഞ്ചം മലയാള പദ്യ സാഹിത്യത്തിലെ മൂല്യമുള്ളവയ്ക്ക് സമാനം സമാന്തരമായി വളർന്ന് പുഷ്ക്കലമായി. കാവ്യനിയമങ്ങളും വൃത്തങ്ങളും ഇശലുകളും ആക്കവും ഈണവുമൊക്കെ ഈ മാപ്പിള കാവ്യങ്ങളുടെ പ്രത്യേകതയത്രെ. സംഗീതാത്മകതയാണ് മാപ്പിളപ്പാട്ടുകളുടെ മുഖമുദ്ര. മാലപ്പാട്ടുകൾ, പടപ്പാട്ടുകൾ, മദഹ് പാട്ടുകൾ, മംഗലപ്പാട്ടുകൾ, ഖിസ്സപ്പാട്ടുകൾ, കത്ത്പാട്ടുകൾ, കപ്പപ്പാട്ടുകൾ, മൈലാഞ്ചിപ്പാട്ടുകൾ, കച്ചവടപ്പാട്ടുകൾ, തടിഉറുദിപ്പാട്ടുകൾ, വിരുത്തങ്ങൾ, കെസ്സുകൾ തുടങ്ങി ഒട്ടനവധി അവാന്തരവിഭാഗങ്ങളേയും ഉപശാഖകളേയും പദ്യവിഭാഗം ഉൾക്കൊള്ളുന്നു. ഇവയിൽപ്പെട്ട ഒപ്പനപ്പാട്ട് ഇന്ന് ഏറെ

പ്രസിദ്ധമാണല്ലോ. ആദംനബി ചരിതം, യൂസുഫ് നബി ചരിതം, നൂഹ്നബി ചരിതം, ബദർ, ഉഹ്ദ്, കർബല, ഹുനൈൻശാം തുടങ്ങിയ കഥാകാവ്യങ്ങളും, റസൂൽ തിരുമേനി, ഖദിജാബീവി, ഫാത്തിമബീവി എന്നിവരുടെ ചരമഗീതങ്ങളും കുപ്പിപ്പാട്ട്, കപ്പപ്പാട്ട്, കുറത്തിപ്പാട്ട്, പ്രകൃതി പരിഷ്ക്കാരമാല, എന്നിങ്ങനെയുള്ള അനേകം ഖിസപ്പാട്ടുകളും അറബി മലയാളകാവ്യലോകത്തിലെ പ്രമുഖങ്ങളായ കവിതാ വിഭാഗമാണ്. പടപ്പാട്ടുകൾ ഇസ്‌ലാമിൻെറ ആദ്യകാല യുദ്ധചരിത്രത്തെ വിവരിക്കുന്നു. ഇംഗ്ലീഷ് വിരുദ്ധസമര കാലത്ത് എഴുതപ്പെട്ടിട്ടുള്ള സമരഗാഥകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. പ്രവാചകൻമാരുടെയും മഹാപുരുഷൻമാരുടേയും ജീവിതസംഭവങ്ങളെ കഥാരൂപേണ അവതരിപ്പിക്കുന്നവയാണ് ഖിസപ്പാട്ടുകൾ. ഭാവനാസൃഷ്ടികളായ കഥാതന്തുക്കളെ കോർത്തിണക്കിയ പാട്ടുകളും ഈ ഇനത്തിലാണ് ഉൾപ്പെടുന്നത്. കത്തുപാട്ടുകളിലെ വിഷയം പ്രേമവും വിരഹവുമൊക്കെയായിരിക്കും. പ്രകീർത്തനങ്ങളും അപദാനങ്ങളും ഉൾക്കൊള്ളുന്നവയാണ് മദഹ്പാട്ടുകൾ. ആത്മോപദേശഗാനങ്ങൾക്ക് 'തടിഉറുദികൾ' എന്നാണ് പേര്. വിരുത്തങ്ങൾ കീർത്തനഗാനങ്ങളും കെസ്സുകൾ കല്പിത കഥാഗാനങ്ങളുമാണ്. അറബി മലയാള പദ്യവിഭാഗത്തെ പൊതുവെ മാപ്പിളപ്പാട്ട് എന്നാണ് പറഞ്ഞുവരുന്നത്.

മാലപ്പാട്ടുകൾ നേർച്ചപ്പാട്ടുകളെന്നും അറിയപ്പെടുന്നു. മൺമറഞ്ഞ ധന്യാത്മാക്കളുടെ അവിസ്മരണിയങ്ങളായ സംഭവങ്ങളെ ഭക്ത്യാദരപൂർവ്വം പ്രകീർത്തിക്കുന്ന പദ്യകൃതികളാണ് മാലപ്പാട്ടുകൾ. ഇവ കൂട്ടുകൂടിയിരുന്ന് ബഹുമാനപുരസ്സരം പാടി തീർത്താൽ അസുഖങ്ങൾ കുറയുമെന്നും ജീവിത ക്ലേശങ്ങൾക്ക് പരിഹാരമുണ്ടാകുമെന്നും വിശ്വസിച്ചുപോന്നിരുന്നു. മാലപ്പാട്ടുകൾ എണ്ണത്തിലധികമുണ്ടെങ്കിലും മൊഹിയിദ്ദീൻമാല, ബദർമാല, രിഫാഇമാല, നഫീസത്ത്മാല, മഞ്ഞക്കുളംമാല, മമ്പുറം മാല, മലപ്പുറം മാല, മഹ്മൂദ് മാല തുടങ്ങിയവയാണ് പ്രസിദ്ധങ്ങളായവ. പുണ്യാത്മാക്കളുടെ അപദാനങ്ങളെ പ്രകീർത്തിക്കുകയും അവരുടെ മാദ്ധ്യസ്ഥത്തിലൂടെ പാപമോചനത്തിന് പ്രാർത്ഥിക്കുകയും ചെയ്യുന്ന പതിവ് സാർവ്വത്രികമായിരുന്നു. ഇസ്ലാമിലെ നീക്കുപോക്കില്ലാത്ത ഏകദൈവ വിശ്വാസത്തിന് നിരക്കുന്നതല്ലാ പുണ്യാത്മക്കളെ ഇടനിലക്കാരായി നിർത്തി പ്രാർത്ഥന നടത്തുന്നതും അവരുടെ കബറിടങ്ങളിൽ ആവലാതി ബോധിപ്പിക്കുന്നതെന്നും നവോത്ഥാന പ്രസ്ഥാനക്കാർ ശക്തിയായി വാദിച്ചു. അവർ ഇത് അനിസ്ലാമിക അനാചാരമാണെന്ന് പ്രചരിപ്പിക്കുവാൻ തുടങ്ങിയതോടെയാണ് മാലപ്പാട്ടുകളുടെ സർവ്വാദരണീയത നഷ്ടപ്പെട്ടത്. ഇതുവരെ കണ്ടുകിട്ടിയ പദ്യവിഭാഗത്തിൽ മൊഹ്യിദ്ദീൻമാല എന്ന മാലപ്പാട്ടാണ് ഏറ്റവും പഴക്കമുള്ളത്. ഇസ്‌ലാമിക ചരിത്രത്തിലെ മഹാപണ്ഡിതനും മഹാനായ സിദ്ധനുമായിരുന്ന ഷെയിക്ക് മൊഹ്യിദ്ദീൻ അബ്ദുൾ ഖാദർ ജെയ്‌ലാനിയുടെ അപദാനങ്ങളെ പ്രകീർത്തനം ചെയ്യുന്നതാണ് മൊഹ്യിദ്ദീൻമാല. . ഇത് പാടുന്നോർക്കും കേൾക്കുന്നോർക്കും പുണ്യം കിട്ടുമെന്ന് കവി പ്രഖ്യാപിക്കുന്നു. മൊഹ്യിദ്ദീൻ ഷെയിക്കിനെ മുൻനിർത്തി ദൈവാനുഗ്രഹത്തിനും, സ്വർഗ്ഗസാമീപ്യത്തിനും, പാപമോചനത്തിനും വേണ്ടിയുള്ള പ്രാർത്ഥനയും ഇതിൽ ഉൾക്കൊള്ളുന്നു. കൊല്ലം എഴുന്നൂറ്റി എൺപത്തിരണ്ടിലാണ് താനീ കൃതി രചിക്കുന്നതെന്ന് കാവ്യത്തിൽ പ്രസ്താവിക്കുന്നതിന് പുറമേ ഗ്രന്ഥകാരൻെറ പേരും എഴുതിയിട്ടുണ്ട്. കോഴിക്കോട്ടെ ഖാസി മുഹമ്മദാണ് ഇതിൻെറ രചയിതാവ്.

മാലപ്പാട്ടുകൾക്ക് പൊതുവെ ചില സവിശേഷതകളുണ്ട്. തുടക്കം അല്ലാഹുവിൻെറ നാമത്തിലും അവസാനം ഒരു 'ഇരവ്' പ്രാർത്ഥന കൊണ്ടുമാണ്. പൊതുവേ മുന്നൂറ് മുതൽ അറുനൂറ് വരെ വരികളിൽ ഭിന്നരീതിയിൽ നിബന്ധിക്കപ്പെട്ടിട്ടുള്ളവയാണ് മാലപ്പാട്ടുകൾ. മൊഹ്യിദ്ദീൻ മാലയിൽ ജിലാനിയുടെ ജീവിത സംഭവങ്ങളും വചനങ്ങളും ലളിതമായ ശൈലിയിൽ കവി ഓരോന്നോരോന്നായി വിവരിച്ച് പോരുന്നു. അനുവാചകഹൃദയങ്ങളെ ധന്യജീവിതോൻമുഖങ്ങളാക്കി തീർക്കുവാൻ ഉതകത്തക്കനിലയിലാണ് പ്രതിപാദ്യം. പുണ്യാത്മാക്കളുടെ അമാനുഷിക സിദ്ധികളും അവർ ചെയ്ത സേവനങ്ങളും മാലപ്പാട്ടുകളിൽ അവതരിപ്പിക്കപ്പെടുന്നു. ജീവിതത്തെ ഇസ്‌ലാമിക ഭക്തിമാർഗ്ഗത്തിൽ ഒതുക്കിനിറുത്തി, ആത്മീയമായി ഉന്നതി പ്രാപിച്ച പുണ്യാത്മാക്കളുടെ ആധികാരിക ജീവചരിത്രങ്ങളിൽ നിന്ന് അടർത്തിയെടുത്ത സവിശേഷ സംഭവങ്ങൾ മനോഹരമായി കോർത്തിണക്കിയ കൃതികളാണ് മാലപ്പാട്ടുകൾ. അറബി മലയാള സാഹിത്യശാഖയുടെ അടിത്തറയായ മൊഹ്യിദ്ദീൻ മാലയുടെ ചുവടു പിടിച്ചുകൊണ്ട് വിരചിതമായിട്ടുള്ളവയാണ് പിന്നീടുണ്ടായ മാലപ്പാട്ടുകൾ എല്ലാം തന്നെ.

മൊഹ്യിദ്ദീൻ മാലക്ക് ശേഷം ഏകദേശം രണ്ട് നൂറ്റാണ്ട് പിന്നിട്ടാണ് രസിക ശിരോമണിയായ കുഞ്ഞായൻ മുസ്‌ലിയാരുടെ നൂൽമാല, കപ്പപ്പാട് എന്ന കൃതികളിൽ നാമെത്തുന്നത്. ഖാസി മുഹമ്മദിനും കുഞ്ഞായിൻ മുസലിയാർക്കും ഇടയ്ക്കുള്ള സുദീർഘമായ രണ്ടു ശതാബ്ദകാലത്ത് മാപ്പിള സാഹിത്യ രചന നടന്നിരിക്കയില്ലെന്ന് വിശ്വസിക്കുക പ്രയാസമാണ്. മൊഹ്യിദ്ദീൻ മാല വിരചിതമായത് 1582ലും നൂൽമാല എഴുതിയത് 1778ലുമാണ്. ഇതിനിടയ്ക്കുണ്ടായ ഒറ്റ കൃതികളും അവശേഷിച്ചിരിപ്പില്ല. പറങ്കികളുടെ പ്രതാപകാലമായിരുന്നു 1582. അക്കാലത്തും അതിനുശേഷവും നടന്ന നാവിക പോരാട്ടങ്ങളും സംഘട്ടനങ്ങളും മൂലം കയ്യെഴുത്ത് പ്രതികൾ മാത്രമായിരുന്ന അറബി മലയാള കൃതികൾ നശിച്ചുപോയതായിരിക്കും ഈ വലിയ വിടവിന് കാരണം. മൊഹയ്ദ്ദീൻ മാലക്ക് ശേഷം കുഞ്ഞായിൻ മുസ്‌ലിയാരുടെ നൂൽമാലയും കപ്പപ്പാട്ടുമാണ് പദ്യവിഭാഗത്തിലെ വിഖ്യാതകൃതികൾ. പ്രവാചകശിരോമണിയായ റസൂൽകരീം മുഹമ്മദ് നബിയുടെ അപദാനങ്ങളും പ്രവാചകനോടു കവിക്കുള്ള അതിരറ്റ സ്നേഹാദരവുകളുമാണ് നൂൽമാലയിലെ ഇതിവൃത്തം. 16 ചേലുകളിലായി 666 വരികളാണിതിലുള്ളത്. പ്രഗത്ഭമതിയായ കുഞ്ഞായൻ മുസ്‌ലിയാർ, അനുഗ്രഹീതനായ ഒരു സിദ്ധനും

മഹാപണ്ഡിതനുമായിരുന്നു. ബഹുഭാഷ പണ്ഡിതനായ അദ്ദേഹം ആദ്ധ്യാത്മികവിജ്ഞാനത്തിലും അവഗാഹമായ പാണ്ഡിത്യം നേടിയിരുന്നുവെന്നും അദ്ദേഹം തികഞ്ഞ ഒരു ഭക്തനായിരുന്നുവെന്നും അദ്ദേഹത്തിന്റെ കൃതികൾ സാക്ഷി നിൽക്കുന്നു. പ്രവാചകനെ പ്രാപിക്കുവാനുള്ള ഉൾക്കടമായ ആഗ്രഹം പ്രകടിപ്പിക്കുകയാണ് കവി നൂൽ മാലയിലൂടെ ചെയ്യുന്നത്.

സഫീനപ്പാട്ട് എന്ന മാപ്പിളപ്പാട്ടിന്റെ മുന്നോടി കുഞ്ഞായൻ മുസ്‌ലിയാരുടെ കപ്പപ്പാട്ടാകുന്നു. വളരെ പ്രചാരവും അംഗീകാരവും ലഭിച്ച കൃതിയാണ് കപ്പപ്പാട്ട്. മനുഷ്യ ശരീരത്തെ ഒരു പായകപ്പലോടും ജീവിതത്തെ പായക്കപ്പലിന്റെ യാത്രയോടും ഉപമിച്ച് കൊണ്ട് ആദ്ധ്യാത്മിക വിചിന്തനം നടത്തുന്ന കപ്പപ്പാട്ട് ദാർശനിക സാഹിത്യത്തിലെ ഒരു വലിയ മുതൽകൂട്ടാണ്. ഒറ്റ ഇശലിൽ 600 വരികളാണ് ഈ മഹാകാവ്യത്തിലുള്ളത്. മനുഷ്യാവയവങ്ങളെ കപ്പലിന്റെ വിവിധ ഭാഗങ്ങളോടുപമിച്ച് ദാർശനികവും തത്വചിന്താപരവുമായ ആദ്ധ്യാത്മിക സങ്കേതങ്ങളിലൂടെ അനുവാചക ഹൃദയത്തെ ദൈവീകാംശത്തിലേക്കുയർത്തുന്ന ഈ കൃതി എക്കാലവും അഗമ്യപ്രാഭവത്തോടു കൂടി തന്നെ നിലനിൽക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട. ഒറ്റ ഇശലിൽ മെനഞ്ഞെടുത്ത ഈ മിസ്റ്റിക്ക് കാവ്യത്തിന്റെ വൃത്തം പിന്നീട് കപ്പപ്പാട്ട് എന്ന പേരിൽ അറിയപ്പെട്ടു എന്നതും പ്രത്യേകം ഓർക്കേണ്ടതുണ്ട്. അറബിമലയാള പദ്യവിഭാഗത്തിന്റെ അടിത്തറയായി വർത്തിച്ച കപ്പപ്പാട്ട് മാപ്പിളപ്പാട്ടിന്റെ നാമമായി മാറുകയും ചെയ്തു. അടുത്ത കാലം വരെ മാപ്പിളപ്പാട്ടുകൾക്ക് സഫീനപ്പാട്ട് എന്നാണല്ലോ പേരുണ്ടായിരുന്നത്. സഫീന എന്നാൽ കപ്പൽ എന്നാണർത്ഥം. കപ്പപ്പാട്ടിന് ശേഷം നിർമ്മിതമായ കൃതികൾക്ക് സഫീനപ്പാട്ട് എന്ന പൊതുനാമം നൽകിക്കൊണ്ട്, കപ്പപ്പാട്ടിന് സഹൃദയലോകം അംഗീകാരം നൽകി.

ഹിജ്റ 1050ൽ എഴുതപ്പെട്ട വലിയ നസീഹത്ത് മാല യാണ് മറ്റൊരു പ്രധാനകൃതി. വള്ളുവനാട് താലൂക്കിലെ കൂട്ടായി ദേശത്ത് മാനക്കാരകത്ത് കുഞ്ഞിക്കോയയാണിതിന്റെ കർത്താവ്. ആസന്നമരണനായ ഒരു മനുഷ്യന്റെ വിചാരവികാരങ്ങളെ ഹൃദയസ്പൃക്കാംവിധം വർണ്ണിച്ചിരിക്കുന്ന ഈ കൃതി ദാർശനിക വിഭാഗത്തിൽപ്പെട്ടതാണ്. ഈ രംഗത്ത് സ്ഥിര പ്രതിഷ്ഠ നേടിയ മറ്റൊരു കൃതിയാണ് സഫലമാല. കുണ്ടത്തോട് കുളങ്കരവീട്ടിൽ മൊയ്തു മുസ്‌ലിയാരാണ് ഇതിന്റെ രചയിതാവ്. ലോകോല്പത്തി മുതൽ പ്രവാചക പരമ്പരയുടെ ജീവിതപരപ്പിലൂടെ ആദ്ധ്യാത്മികതയുടെ അപാരതയിലേക്ക് കവി നമ്മേ കൂട്ടികൊണ്ടുപോകുന്നു. സഫലമാല സോദ്ദേശ്യപരവും ധർമ്മോപദേശപരവുമായ മഹാകാവ്യമാകുന്നു. ലൗകിക സുഖാർഭാഡങ്ങളിൽ മുഴുകി കഴിയുന്ന മനുഷ്യനെ ആദ്ധ്യാത്മിക വീഥിയിലൂടെ ശുദ്ധീകരിച്ചെടുത്ത് കർമ്മരംഗത്ത് ഉറച്ച് നിൽക്കാൻ ഉപദേശിക്കുന്ന കവി ആദർശനിഷ്ഠമായ ജീവിതത്തെ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു.

പദ്യവിഭാഗത്ത് പ്രബലമായ വിഭാഗമാണ് പടപ്പാട്ടുകൾ. യുദ്ധചരിത്രഗാഥകളാണവ. അറബി മലയാളത്തിൽ അൻപതിൽപരം പടപ്പാട്ടുകൾ വിരചിതമായിട്ടുണ്ട്. ചരിത്രപശ്ചാത്തലത്തോടുകൂടി ആദ്യകാല മുസ്ലിംകൾ നേരിടേണ്ടതായി വന്ന വെല്ലുവിളികളെയും യുദ്ധങ്ങളെയും തൻമയത്വത്തോടു കൂടി അവതരിപ്പിക്കുന്നവയാകുന്നു പടപ്പാട്ടുകൾ. ബദർ, ഉഹദ്, മക്കം ഫത്ഹ്, ഫുതൂഹുശ്ശാം, ഹുനൈൻ, ഖന്തഖ്, ഖൈബർ തുടങ്ങിയവ പടപ്പാട്ടുകളിൽ പ്രശസ്തങ്ങളും പ്രധാനപ്പെട്ടവയുമാണ്. വസ്തുനിഷ്ഠമായ ചരിത്രസംഭവങ്ങളുടെ യഥാതഥമായ ആവിഷ്ക്കരണമാണ് പടപ്പാട്ടുകളിലുള്ളത്. അത്യുക്തിയോ, ഭാവനാവിലാസമോ, സത്യസന്ധമായ പ്രതിപാദ്യത്തെ വികലപ്പെടുത്തുവാൻ അനുവദിച്ചിരുന്നില്ല. മോയിൻകുട്ടി വൈദ്യർക്ക് മഹാകവി പട്ടം നേടികൊടുത്തത് അദ്ദേഹത്തിന്റെ പടപ്പാട്ടുകളായിരുന്നു. യുദ്ധ വസ്തുതകൾ ഭംഗിയായവതരിപ്പിക്കുന്നതിന് പുറമേ, വായനക്കാരനെ അവനറിയാതെ തന്നെ യുദ്ധത്തിൽ പങ്കാളിയാണെന്ന അനുഭവമുണ്ടാക്കുകയും ചെയ്യുന്ന വൈദ്യരുടെ കഥന രീതി മറ്റാർക്കും അനുകരിക്കാൻ പറ്റാത്ത വിധം അന്യൂനമാണ്. പടപ്പാട്ടുകളിലൂടെ ഒരു ജനതയുടേയും അവരുടെ നാടിന്റെയും ചരിത്രം അനാവരണം ചെയ്യുന്ന രീതി ആദരണീയമാകുന്നു. യുദ്ധചരിത്രങ്ങൾക്ക് പുറമെ പ്രവാചകൻമാരുടേയും മഹാത്മാക്കളുടേയും ജീവചരിത്രങ്ങളും പദ്യരൂപത്തിൽ പ്രകാശിതങ്ങളായിട്ടുണ്ട്. കിസ്സ പാട്ടുകളെന്ന ഈ വിഭാഗത്തിൽ ആദം നബി, യൂസുഫ് നബി, ഇബ്രാഹീം നബി തുടങ്ങിയ പ്രവാചകൻമാരുടെ ചരിത്രം സത്യസന്ധമായി ആവിഷ്ക്കരിച്ചിരിക്കുന്നു. മോയിൻകുട്ടി വൈദ്യർ രചിച്ചവയിൽ ഹുസനുൽജമാൽ, ബദർ, ഉഹദ്, മലപ്പുറം ശുഹദാക്കൾ, ഹിജാത്തുനബി തുടങ്ങിയവ പ്രസിദ്ധങ്ങളാണ്. ഹുസനുൽജമാൽ, ബദർ പടപ്പാട്ട് എന്നിവ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

മാപ്പിള കവികളും കവിയത്രികളുമായി വളരെപ്പേരുണ്ടായിരുന്നു. അവരിൽ പലരും ഏറെ പ്രസിദ്ധരും മാപ്പിളസാഹിത്യത്തിന് അമൂല്യമായ മുതൽക്കൂട്ട് നടത്തിയിട്ടുള്ളവരുമാണ്. മഹാകവി കുഞ്ഞായിൻ മുസ്‌ലിയാർ തുടങ്ങി മൊഗ്രാൽ അഹമ്മദ് ഇസ്മയിൽ സാഹിബ് വരെ 120 കലാപ്രതിഭകളെക്കുറിച്ച് വിശദമായ വിവരണം 'കേരള മുസ്ലിം ചരിത്രം, സ്ഥിതിവിവരക്കണക്ക്, ഡയറക്ടറി' എന്ന ഈ പരമ്പരയിലെ മൂന്നാം വാല്യമായ ഡയറക്ടറിയുടെ 348 മുതൽ 412 വരെയുള്ള പുറങ്ങളിലായി നൽകിയിട്ടുണ്ട്. പേരെടുത്ത് പറയാൻ പറ്റാത്ത വിധം ആ ലിസ്റ്റ് ദീർഘമാണ്. എന്നാൽ ഇക്കൂട്ടത്തിൽ കുളങ്കരവീട്ടിൽ മഹിയിദ്ദീൻ മുസ്‌ലിയാർ, മാളിയേക്കൽ കുഞ്ഞുമുഹമ്മദ്, ചേറ്റുവ പരിക്കുട്ടി, ചാക്കീരി മൊയ്തീൻ കുട്ടി, പുലിക്കോട്ടിൽ ഹൈദർ, ടി.എ. റാബിയ എന്നിവർ സ്മരണീയരാണ്. ആധുനികരുടെ പട്ടികയിൽ മഹാകവി ഉബൈദ്, ഒ. ആബുസാഹിബ്, പുന്നയൂർക്കുളം

ബാപ്പു സാഹിബ് എന്നിവരുടെ പേരുകൾ ഓർമ്മിക്കാതെ വയ്യ. മഹാകവി മോയിൻകുട്ടി വൈദ്യരെപ്പോലെ പ്രശസ്തനും പ്രതിഭാധനനുമായിരുന്നു മഹാകവി ചേറ്റുവാ പരീക്കുട്ടി. 1848ൽ ജനിക്കുകയും 1886ൽ 38-ാമത്തെ വയസ്സിൽ മാരകമായ വസൂരി ബാധയാൽ മൃതനാകുകയും ചെയ്ത അദ്ദേഹം വാസനാസമ്പത്തും സർഗ്ഗാത്മക സിദ്ധിയും ഒത്തിണങ്ങിയ ഗായകകവിയായിരുന്നു. 20-ാം വയസ്സിൽ തന്നെ താൻ ഒരു അനുഗ്രഹീത കലാകാരനും കവിയും ഗായകനുമാണെന്ന് സമകാലിക ലോകം അംഗീകരിക്കത്തക്കവിധമാണ് തൻെറ പ്രഥമ കൃതിയായ 'സൗഭാഗ്യ സുന്ദരി'യുമായി അദ്ദേഹം പ്രത്യക്ഷപ്പെട്ടത്. സ്വർഗ്ഗത്തിലെ അപ്സരസ്സുകളെ വശ്യസുന്ദരമായി അവതരിപ്പിക്കുന്ന ഈ മനോജ്ഞകാവ്യം ഇന്നും പ്രശോഭിക്കുന്നു. മോയിൻകുട്ടി വൈദ്യരുടെ 'ബദറുൽ മുനീർ ഹുസ്നുൽ ജമാൽ' എന്ന അതുല്യകലാശില്പത്തിൻെറ 175ൽ കൂടുതൽ പതിപ്പുകൾ അറബി - മലയാളത്തിലും, മലയാളത്തിലുമായി പ്രസിദ്ധീകരിച്ചിട്ടുള്ളത് പോലെ തന്നെ ചേറ്റുവ പരീക്കുട്ടിയുടെ 'സൗഭാഗ്യ സുന്ദരി' ഒട്ടേറെ പതിപ്പുകൾ കണ്ട കൃതിയാണ്. ഗായകകവിയായിരുന്ന പരീക്കുട്ടി നർമ്മബോധവും സർഗ്ഗസിദ്ധിയും ഉണ്ടായിരുന്ന നിമിഷകവി കൂടിയായിരുന്നു. പശ്ചാത്തല വാദ്യോപകരണങ്ങളൊന്നും ഇല്ലാതെ വലിയ വലിയ സദസ്സിനെ അഭിമുഖീകരിച്ച് മണിക്കൂറുകളോളം അദ്ദേഹം നടത്തിയിരുന്ന ഗാനാലാപനങ്ങൾ സമകാലികരെ വിസ്മയഭരിതരാക്കിയിരുന്നു. ചേറ്റുവ പരീക്കുട്ടി സാഹിബിൻെറ പാട്ടുകച്ചേരി വിവാഹാഘോഷങ്ങളിലെ പൊലിമ പുലർത്തിയിരുന്ന ഘടകമാണ്. എത്ര കേട്ടാലും മതിവരാത്ത ഗാനങ്ങൾ, പുതിയ പുതിയ രീതികൾ, പുതുമയുള്ള പ്രമേയങ്ങൾ ഇവ അദ്ദേഹത്തിൻെറ കാവ്യകലയുടെ സവിശേഷതകളായിരുന്നു. മാപ്പിള കാവ്യ പ്രപഞ്ചത്തിലെ രോമാഞ്ചമായി ജനപ്രീതി നേടിയ ഗായകകവി പ്രവീണനായിരുന്നു ചേറ്റുവ പരീക്കുട്ടി.

അറബി - മലയാള സാഹിത്യത്തിൽ നൂതനാശയങ്ങളും പ്രവർത്തന ശൈലിയും ആവിഷ്ക്കരിച്ച മഹാനായിരുന്നു ചാക്കിരി മൊയ്തീൻ കുട്ടി സാഹിബ്. മഹാകവി മോയിൻകുട്ടി വൈദ്യരുടെ ബദർപടപ്പാട്ടിനോളം തന്നെ വിഖ്യാതമായ കൃതിയാണ് ചാക്കിരി ബദർ. ഭാഷയിൽ മാത്രമല്ല മാപ്പിളപ്പാട്ടിൻെറ ഇശലുകളിലും പുതിയ രീതി കൊണ്ടുവരുവാൻ അദ്ദേഹം നടത്തിയ ശ്രമവും ബദർപ്പാട്ടിൽ കാണാം. ഭാഷാസാഹിത്യത്തിൻെറ ചരിത്രപരമായ വളർച്ചയും വികാസവും ഗദ്യ-പദ്യശാഖകളിൽ അതു നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റവും ഉത്സാഹപൂർവ്വം മനസ്സിലാക്കാൻ ശ്രമിച്ച ചുരുക്കം മാപ്പിള സാഹിത്യകാരൻമാരിൽ പ്രമുഖനാണദ്ദേഹം.

1908ൽ കാസർക്കോഡ് ജനിച്ച ടി. ഉബൈദ് സാഹിബ് ഒരു സാംസ്കാരിക സമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ട് നിൽക്കവെ 1972 ഒക്ടോബർ 3-ാം തീയ്യതി ആകസ്മികമായി മരണമടഞ്ഞു. മാപ്പിളപ്പാട്ടിൻെറ മണിനാദം കേട്ടുകൊണ്ടാണ് ഉബൈദ് സാഹിബ് വളർന്നത്. മലയാള സാഹിത്യത്തിൽ മാപ്പിളപ്പാട്ടുകൾക്കുള്ള യഥാർത്ഥ സ്ഥാനം നേടിക്കൊടുത്തത് അദ്ദേഹത്തിൻെറ അശ്രാന്ത പരിശ്രമം മൂലമാണ്. മാപ്പിളപ്പാട്ടുകളുടെ സാങ്കേതിക സംജ്ഞകളേയും വ്യാകരണത്തേയും സംബന്ധിച്ച് അവഗാഹമായ അറിവ് നേടിയിരുന്ന ഉബൈദ് സാഹിബ് ഏത് സദസ്സിനേയും കോരിത്തരിപ്പിക്കുംവിധം ഈണത്തിലും ആക്കത്തിലും മാപ്പിളപ്പാട്ടുകൾ ആലപിച്ച് എവരുടേയും ശ്രദ്ധയെ ഹഠാദാകർഷിച്ചിരുന്നു. മാപ്പിളപ്പാട്ടുകളുടെ രീതിയും ശൈലിയും മലയാളകവികൾ അവലംബിക്കാൻ തുടങ്ങിയതും സിനിമകളിലും നാടകങ്ങളിലും അവതരിപ്പിക്കുവാൻ ഇടയായതും ഉബൈദ് സാഹിബിൻെറ ശ്രമഫലമായിട്ടായിരുന്നു എന്നത് ഓർക്കേണ്ടതുണ്ട്. വിനയാന്വിതനായ സാംസ്കാരിക പ്രവർത്തകൻ, പണ്ഡിതനായ മഹാകവി, ഉത്തമനായ സുഹൃത്ത് എന്നി നിലകളിലൊക്കെ ജനപ്രീതി നേടിയ ധന്യാത്മാവായിരുന്നു അദ്ദേഹം.

മാപ്പിളപ്പാട്ടിനെ കൂടുതൽ ജനകീയമാക്കിയ അനുഗ്രഹീത കവിയായിരുന്നു പുലിക്കോട്ടിൽ ഹൈദർ. ജനങ്ങളുടെ ഭാഷയിൽ അവരുടെ വിചാരവികാരങ്ങളേയും ജീവിതത്തിൽ അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളേയും യഥാതഥമായി വിവരിക്കുന്നവയാണ് അദേഹത്തിൻെറ കൃതികൾ. അക്കാലത്ത് ജീവിതത്തിലെ എല്ലാ വ്യവഹാരകാര്യങ്ങളും പാട്ടാക്കി പറയുന്ന പൊതുസമ്പ്രദായമാണുണ്ടായിരുന്നത്. പൊതുകാര്യപ്രസക്തനും ജനസമ്പർക്കമുണ്ടായിരുന്ന വ്യക്തിയുമായ ഹൈദർ സാഹിബിനും ഈ പൊതുസമ്പ്രദായത്തിൽ നിന്നും ഒഴിഞ്ഞുമാറുവാൻ സാധിക്കുമായിരുന്നില്ല. തൻെറ കൺമുമ്പിൽ കണ്ടിരുന്ന ആനുകാലികങ്ങളായ എല്ലാ പ്രശ്നങ്ങളും അദ്ദേഹത്തിൻെറ ഗാനങ്ങളുടെ വിഷയമായിട്ടുണ്ട്. അത് കൊണ്ടുതന്നെ പുലിക്കോട്ടിൽ ഹൈദർ ജനപ്രീതി നേടിയ വിഖ്യാതനായിത്തീർന്നു. 1879ൽ ജനിച്ച അദ്ദേഹം 1975ൽ തൻെറ 96-ാമത്തെ വയസ്സിലാണ് മരണമടയുന്നത്.

മഹാകവി ഉബൈദ് സാഹിബ് മാപ്പിളകാവ്യ പ്രപഞ്ചത്തെ വൈകാരികവും വൈജ്ഞാനികവുമായ ഒരു വിശാല മണ്ഡലത്തിലേക്കുയർത്തിയെങ്കിൽ ആബു സാഹിബ് തൻെറ വൈഷണിക വിലാസം കൊണ്ടും അപാരമായ ഭാഷാപരിജ്ഞാനം കൊണ്ടും സഫീന പാട്ടുകൾക്ക് താത്വിക അംഗീകാരവും വ്യാകരണവും നൽകി അതിനെ സമ്പുഷ്ടമാക്കിയ പ്രതിഭാധനനാണ്. മാപ്പിളപ്പാട്ടുകൾക്ക് വൃത്താലങ്കാരങ്ങളും വ്യാകരണ നിബന്ധനകളും നിർണ്ണയിച്ചുകൊണ്ട് അദ്ദേഹമെഴുതിയ 'അറബി-മലയാള സാഹിത്യ ചരിത്ര'വും മറ്റുപന്യാസങ്ങളും മാപ്പിള സാഹിത്യത്തിന് സ്ഥിര പ്രതിഷ്ഠ നേടിക്കൊടുക്കുവാൻ സഹായിച്ചു. പൂർണ്ണമായ ഒരു ഭാഷയാണ് അറബി മലയാളമെന്നും ഏത് ഭാഷയ്ക്കും അവശ്യം വേണ്ട പദസമ്പത്തും സാഹിത്യവും വ്യാകരണവും ശൈലിയും ഒത്തിണങ്ങിയ സ്വതന്ത്രമായ ഈ ഭാഷ കേരളത്തിലെ മുസ്ലിംകളുടെ മഹത്തായ സംഭാവനയാണെന്നും അദ്ദേഹം ഓർമ്മപ്പെ

ടുത്തികൊണ്ടിരുന്നു. സർഗ്ഗാത്മക പ്രതിഭാധനനായ ആബു സാഹിബ് മാപ്പിളപ്പാട്ടിന് നൂതനമായ ഈണവും ആക്കവും നൽകി അവയുടെ ശൈലികളും ഇശലുകളും വേർതിരിച്ചു വ്യവഹരിച്ചു. മാപ്പിള കവി കോകിലങ്ങളുടെ കൂട്ടത്തിൽ ഉത്തുംഗത്തിൽ തന്നെ അദ്ദേഹത്തിന്റെ സിദ്ധികൾ ചേലോടുകൂടു ചെന്നെത്തി. ആബുസാഹിബ് ഭാഷാ സാഹിത്യത്തിനും അറബി മലയാളത്തിനും നൽകിയ അതുല്യമായ സംഭാവനകൾ അദ്ദേഹത്തിനുള്ള നിത്യസ്മാരകമായി എന്നും നിലനിൽക്കും.

1916ൽ മലപ്പുറം ജില്ലയിലെ പുന്നയൂർക്കുളത്ത് ജനിക്കുകയും 1973ൽ മലേഷ്യയിൽ വെച്ച് മരണമടയുകയും ചെയ്ത പുന്നയൂർക്കുളം വി. ബാപ്പു സാഹിബ് ആധുനിക മാപ്പിള കവികളിൽ അനുഗ്രഹീത പ്രതിഭാശാലിയായിരുന്നു. മാപ്പിള കാവ്യകലയുടെ തനിമ ചോർന്നു പോകാതെ ഭാഷയിൽ സ്ഥിരസ്ഥായിയായ സ്ഥാനം മാപ്പിളപ്പാട്ടുകൾക്ക് നേടിക്കൊടുക്കുവാൻ ഉബൈദ് സാഹിബിനെപ്പോലെ പുന്നയൂർക്കുളം ബാപ്പു സാഹിബും ഏറെ പ്രയത്നിച്ചിട്ടുണ്ട്. മാപ്പിളപ്പാട്ടുകളുടെ മുഖമുദ്രയായ സംഗീതാത്മകത്വവും മധുരിമയും ചോർന്നു പോകാതെ മലയാളത്തിൽ അവ അവതരിപ്പിച്ച് ഭാഷാ സാഹിത്യത്തിന്റെ ഭാഗമാക്കി ഈ കാവ്യവിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുവാൻ പ്രയത്നിച്ച പ്രതിഭാശാലിയാണദ്ദേഹം. ആധുനികരിൽ മാപ്പിള കവിത്രയം എന്ന് വിളിച്ചു പോന്നിരുന്നത്, മഹാകവി ടി. ഉബൈദ് സാഹിബ്, ഒ. ആബുസാഹിബ്, പുന്നയൂർക്കുളം വി. ബാപ്പു സാഹിബ് എന്നിവരെയായിരുന്നു. യഥാർത്ഥത്തിൽ മലയാളത്തിനും മലയാളികൾക്കും മാപ്പിള സാഹിത്യലോകത്തെ പരിചയപ്പെടുത്തിക്കൊടുത്തതും സജീവമായ ചർച്ചയ്ക്ക് വിഷയീഭവിപ്പിച്ചതും ഇവർ മൂന്ന് പേരുമാണ്.

മാപ്പിളകാവ്യവിഭാഗത്തിൽ 1600ൽ കൂടുതൽ മഹാകാവ്യങ്ങൾ ഉണ്ട്. കപ്പപ്പാട്ടുകൾ പോലെ തന്നെ നിഗൂഢാത്മക കൃതിയാണ് സഫലമാലയെന്ന് നാം നേരത്തെ പറഞ്ഞുവല്ലോ. മഹാത്മാക്കളുടെ അപദാനങ്ങളെ പ്രകീർത്തനം ചെയ്യുന്ന നൂറ് കണക്കിന് ഗാഥകൾ മാപ്പിളസാഹിത്യത്തെ അലങ്കരിക്കുന്നു. 1921ലെ ഖിലാഫത്ത് വിപ്ലവ കാലത്തും അതിന് മുമ്പും നടന്നിട്ടുള്ള ഒട്ടനവധി കാർഷിക കലാപങ്ങളേയും പുരസ്ക്കരിച്ച് നൂറ് കണക്കിന് മാപ്പിള പ്പാട്ടുകൾ നിർമ്മിതങ്ങളായിരുന്നു. എന്തിന്, ഒരു കാലത്ത് എഴുത്തുകുത്തുകൾ മുഴുക്കെ പാട്ടാക്കിയായിരുന്നു തൽകർത്താക്കൾ അയച്ചത്. അത്രമാത്രം ജനഹൃദയങ്ങളെ ആകർഷിക്കുകയും അവരുടെ വിചാരവികാരങ്ങളെ ഭാഷയാക്കി മാറ്റുകയും ചെയ്തിരുന്നത് മാപ്പിളപ്പാട്ടുകളും ഗാനങ്ങളുമായിരുന്നു. ഇംഗ്ലീഷ് വിരോധ പ്രസ്ഥാനത്തിന് ജനകീയാവേശം നേടിക്കൊടുക്കുന്നതിൽ അറബി - മലയാള ഭാഷയും സാഹിത്യവും നൽകിയിട്ടുള്ള സംഭാവനകൾ അവിസ്മരണീയങ്ങളാണ്. അക്കാലത്ത് കണ്ടുകെട്ടപ്പെട്ട കൃതികളത്രയും അറബി - മലയാളത്തിലുള്ളവയായിരുന്നു എന്ന കാര്യം കണക്കിലെടുത്താൽ മതി അറബി - മലയാളം എത്രമാത്രം ജനസ്വാധീനമുള്ള ഭാഷയായിരുന്നുവെന്നും അധികാരികൾ പോലും എന്തുകൊണ്ട് അതിനെ ഭയപ്പെട്ടിരുന്നു എന്നും മനസ്സിലാക്കുവാൻ. മുഹിമ്മാത്തുൽ മുഅമിനീൻ, ചേറൂർ പടപ്പാട്ട്, ദഅ്വത്തുൽ ഹക്ക്, മല്ലൂർക്കാഴ്പട, മഞ്ചേരി പടപ്പാട്ട് തുടങ്ങി അറബി - മലയാള ലഘുലേഖകൾ വരെ കണ്ടുകെട്ടിയ മാപ്പിള സാഹിത്യകൃതികളിൽപ്പെടുന്നു.

പത്രപ്രവർത്തനരംഗത്ത് അറബി മലയാള ഭാഷ ഗണ്യമായ സ്വാധീനം ചെലുത്തിയിരുന്നു. ഇന്നത്തെപ്പോലെ വാരികകളോ, ദിനപ്പത്രങ്ങളോ ഇല്ലാതിരുന്ന വേളയിൽ കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നുമായി അച്ചടിച്ചിരുന്ന അറബി - മലയാള മാസികകൾ നിരവധിയാണ്. അങ്ങനെ ഒരു ഭാഷയ്ക്കാവശ്യമായ എല്ലാ സംവിധാനങ്ങളും ഒത്തിണങ്ങിയിരുന്ന അറബി - മലയാളം പിൽക്കാലത്ത് പുറംകോട്ടടിക്ക് വിധേയമായി. കാരണം അതിലുള്ള പ്രാവീണ്യം വിദ്യാഭ്യാസ യോഗ്യതയായി കരുതുകയോ അതുകൊണ്ടു മാത്രം ജീവിക്കാൻ പറ്റുന്ന തൊഴിൽ നേടുവാൻ സാധിക്കുകയോ ചെയ്യാത്ത സ്ഥിതിവിശേഷം ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തോടുകൂടി നിലവിൽ വന്നു എന്നതാണ്. എങ്കിലും മഹത്തായ അറബി - മലയാള പാരമ്പര്യത്തെയോ, ഭാഷയ്ക്കും സാഹിത്യത്തിനും അതുമൂലമുണ്ടായ നേട്ടങ്ങളെയോ കണ്ടില്ലെന്ന് നടിക്കുന്നത് സത്യത്തിന് നേരെ കൊഞ്ഞനം കുത്തുന്നതിന് സമമായിരിക്കും.

---

1. പി.എ. സെയ്ത് മുഹമ്മദ് - കേരള മുസ്ലിം ചരിത്രം - കറൻറ് ബുക്ക്സ്, തൃശൂർ, രണ്ടാംപതിപ്പ്, 1969.

2. സി.എൻ. അഹമ്മദ് മൗലവി, കെ.കെ. മുഹമ്മദ് അബ്ദുൾ കരീം - മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, ആസാദ് ബുക്ക് സ്റ്റാൾ, കോഴിക്കോട് 1978.

3. ഡോ. സി.കെ. കരീം, മുസ്ലിം സമുദായവും സംസ്ക്കാരവും, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം

4. ഒ.ആബു. മാപ്പിള മലയാള സാഹിത്യചരിത്രം, എൻ.ബി.എസ്. കോട്ടയം, 1970.

5. വക്കം മൗലവിയുടെ ദീപിക, ഒറ്റവാല്യത്തിൽ, വക്കം മൗലവി ഫൗണ്ടേഷൻ ട്രസ്റ്റ്, തിരുവനന്തപുരം, 695037, 1992.

6. പി.കെ. മുഹമ്മദ് കുഞ്ഞി, മുസ്ലിംകളും കേരള സംസ്കാരവും - കേരള സാഹിത്യ അക്കാദമി, തൃശൂർ, 1982.

7. എസ്. മുഹമ്മദ് അബ്ദ, വക്കം മൗലവിയുടെ തെരഞ്ഞെടുത്ത കൃതികൾ, വക്കം മൗലവി ഫൗണ്ടേഷൻ, വക്കം 695308. 1979.

8. ഹാജി, എം. അഹമ്മദ് കണ്ണു, വക്കം മൗലവിയും നവോത്ഥാന നായകൻമാരും, തിരുവനന്തപുരം, 695011, 1982.

9. കെ.എം. അഹമ്മദ്, ഉബൈദ് സ്മാരക ഗ്രന്ഥം, കാസർകോട്, 1973.

10. ഡോ. സി.കെ. കരീം, ഒ. ആബു സ്മാരക ഗ്രന്ഥം, തലശ്ശേരി, 1982.

11. എൻ.കെ.എ. ലത്തീഫ്, മാപ്പിളശൈലി, നമസ്കാര പബ്ലിക്കേഷൻസ്, കൊച്ചി-2, 1994.

12. കെ.ഒ. ഷംസുദ്ദീൻ, മാപ്പിള മലയാളം, തിരുവനന്തപുരം - 1, 1978.

13. ടി.സി. ഗോപിനാഥ്, മാപ്പിള കലാരൂപങ്ങൾ - ഒരു ഹ്രസ്വദർശനം, സംഗീത നാടക അക്കാദമി, സെമിനാർ പേപ്പർ, കൊച്ചി, 1979.

14. പി.ടി. അബ്ദുൾ റഹിമാൻ - മാപ്പിളക്കലകളിലെ സംഗീത ശില്പം - സെമിനാർ പേപ്പർ.

15. എൻ.കെ.എ. ലത്തീഫ്, മാപ്പിളക്കലകളിലെ ദൃശ്യാംശങ്ങൾ, സെമിനാർ പേപ്പർ.

16. കെ.എം. അഹമ്മദ്, മലയാളസാഹിത്യത്തിന് മാപ്പിള സാഹിത്യം നൽകിയിട്ടുള്ള സംഭാവനകൾ - സെമിനാർ പേപ്പർ.

# LI കേരള മുസ്ലിംകൾ – ഇന്ന്

മുൻ അദ്ധ്യായത്തിൽ വ്യക്തമാക്കിയത് പോലെ ആധുനിക വിദ്യാഭ്യാസ സമ്പ്രദായം നിലവിൽ വരുന്നത് വരെ അറബി - മലയാളത്തിലൂടെ ആശയവിനിമയവും സാഹിതീസേവയുമെല്ലാം നടത്തുവാൻ മുസ്ലിംകൾക്ക് പ്രയാസമുണ്ടായിരുന്നില്ല. അക്കാലങ്ങളിലൊക്കെ സ്ത്രീപുരുഷ ഭേദമെന്യെ മുസ്ലിംകൾ നൂറ് ശതമാനവും സാക്ഷരരായിരുന്നുവെന്ന് കാണാം. മുസ്ലിം പണ്ഡിതൻമാരും കവികളും കലാകാരൻമാരുമൊക്കെ ഇംഗ്ലീഷും മലയാളവും ഒഴിച്ചുള്ള പല ഭാഷകളും അനായാസേന കൈകാര്യം ചെയ്തിരുന്നവരാണ്. ബഹുഭാഷാ പണ്ഡിതൻമാരെന്ന വിശേഷണത്തിന് അർഹരായിട്ടുള്ളവർകൂടിയും മലയാളത്തേയും ഇംഗ്ലീഷിനേയും തീർത്തും അവഗണിച്ചിരുന്നതായി കാണാം. സംസ്കൃതം, ഹിന്ദി, ഉറുദു, കർണ്ണാടകം, തമിഴ്, തെലുങ്ക് എന്നി ഇന്ത്യൻ ഭാഷകൾക്ക് പുറമെ അറബിയും പേർഷ്യനും ശരിക്കും കൈകാര്യം ചെയ്യാൻ സാധിച്ചിരുന്ന എത്രയോ പണ്ഡിതൻമാർ അക്കാലത്തുണ്ടായിരുന്നു. അവരെഴുതിയതത്രയും അറബിയിലും അറബി - മലയാളത്തിലും ആയത് കൊണ്ട് പിൽക്കാലത്ത് അനർഘമായ ഈ സാഹിത്യസമ്പത്ത് ചുരുക്കം മദ്രസ്സകളിലും അറബിക്കോളേജുകളിലും മാത്രമായി ഒതുങ്ങിക്കൂടേണ്ടതായി വന്നു. കേരളത്തിൽ ഇംഗ്ലീഷുകാരോടും അവരെ പിൻതാങ്ങിയിരുന്ന സവർണ്ണ വരേണ്യവർഗ്ഗത്തോടും ഇടതടവില്ലാതെ പടപൊരുതിക്കൊണ്ടിരുന്ന മുസ്ലിംകൾക്ക് അതുകൊണ്ട് തന്നെ ഇംഗ്ലീഷ് ഭാഷയോടും മലയാളഭാഷയോടും അങ്ങേയറ്റത്തെ വെറുപ്പായിരുന്നു. ഇതൊക്കെ നരകത്തിലെ ഭാഷയാണെന്നും അവ പഠിക്കുന്നതോ, കൈകാര്യം ചെയ്യുന്നതോ, മുസ്ലിം സമുദായത്തിന് നിരക്കാത്തതാണെന്നും ആയിരുന്നു പൗരോഹിത്യ ഭാഷ്യം. ഇന്നലെ ചെയ്തൊരബദ്ധം ഇന്നത്തെ ആചാരമായിത്തീരുമെന്ന് പറയാറുള്ളത് പോലെ സമുദായത്തിൽ ഇത് രൂഢമൂലമായിത്തീരുകയും ചെയ്തു. ഇംഗ്ലീഷുകാർ ഇന്ത്യയിലെ അജയ്യശക്തിയായി മാറിയിട്ടും മുസ്ലിംകൾ അവരുമായി യാതൊരുവിധ അനുരഞ്ജനവും നടത്താതെ നിരന്തരം കലാപക്കൊടി ഉയർത്തുകയാണുണ്ടായത്. തൻമൂലം പുതുതായരംഭിച്ച വിദ്യാഭ്യാസ സമ്പ്രദായവുമായി പൊരുത്തപ്പെടുവാനവർക്ക് സാധിക്കുമായിരുന്നില്ല. തങ്ങളുടെ കുട്ടികളെ സ്കൂളുകളിൽ അയക്കുവാൻ അവർ തയ്യാറായതുമില്ല. ഇതാണ് മുസ്ലിംകൾ സാക്ഷരതയുടേയും ആധുനിക വിദ്യാഭ്യാസത്തിൻേറയും ഔദ്യോഗിക പദവികളുടേയും കാര്യത്തിൽ പുറകോട്ടടിക്ക് വിധേയമാകുവാൻ കാരണം.

ഇന്ന് മാറിയ പരിതസ്ഥിതിയിൽ മുസ്ലിംകളുടെ മനോഭാവത്തിൽ സാരമായ മാറ്റം ഉണ്ടായിട്ടുണ്ട്. അതിന് പ്രേരകങ്ങളായി നിന്ന നവോത്ഥാന നായകൻമാരേയും വിദ്യാഭ്യാസ - സാമൂഹ്യ - സാംസ്കാരിക സംഘടനകളേയും കുറിച്ച് നാം ഇതിന് മുമ്പ് വിശദമായി വിവരിച്ചിട്ടുള്ളതാണ്. ഇവിടെ നടത്തുന്ന ശ്രമം സാക്ഷരതയുടേയും, ആധുനിക വിദ്യാഭ്യാസത്തിൻേറയും, ഔദ്യോഗിക പദവികളുടേയും തലങ്ങളിൽ കേരളത്തിലെ മുസ്ലിംകളുടെ ഇന്നത്തെ സ്ഥിതി എന്താണെന്ന് പരിശോധിക്കുകയും സഹോദര സമുദായങ്ങളോടൊപ്പം എത്താൻ നാം സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെന്താണെന്ന് ആരായുകയും ചെയ്യുക എന്നതാണ്. 1991ലെ കേരളത്തിലെ ജനസംഖ്യ 2,90,11,238 ആണെന്ന് കണക്കാക്കിയാൽ അതിലുള്ള മുസ്ലിം ജനസംഖ്യ 64,50,561 ആണെന്ന് കാണാം. ഇതിൽ പുരുഷൻമാർ 31,60,981 ഉം സ്ത്രീകൾ 32,89,580ഉം ആകുന്നു. പഴയ മലബാർ പ്രദേശത്തുള്ള ജനങ്ങൾ 1,20,68,751ഉം പഴയ തിരു-കൊച്ചി പ്രദേശങ്ങളിലേത് 1,69,42,487 ഉം ആകുന്നു. മലബാറിലെ ജനങ്ങളിൽ 44,59,553 പേർ മുസ്ലിംകളാണ്. എന്നുവെച്ചാൽ മലബാറിലെ മൊത്തം ജനസംഖ്യയുടെ 36.95 ശതമാനം മുസ്ലിംകളാണെന്നർത്ഥം. അതേസമയം പഴയ തിരു-കൊച്ചിയിൽ 1,69,42,487 പേരുള്ളതിൽ 19,91,008 പേർ മാത്രമെ മുസ്ലിംകളായുള്ളൂ എന്നും മനസ്സിലാകുന്നു. ഇത് ഈ പ്രദേശത്തെ ജനസംഖ്യയുടെ 12.34 ശതമാനം മാത്രമാണ്. കേരളത്തിലാകമാനം ഉള്ള ജനസംഖ്യയിലാകട്ടെ 22.23 ശതമാനം മുസ്ലിംകളുണ്ട്. സ്റ്റേറ്റ് അടിസ്ഥാനത്തിൽ നോക്കിയാൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മുസ്ലിം ജനസംഖ്യയിൽ രണ്ടാം സ്ഥാനത്താണ് കേരളം. ഒന്നാംസ്ഥാനം 64.19 ശതമാനം മുസ്ലിംകളുള്ള ജമ്മുകശ്മീർ സ്റ്റേയിറ്റിനാണ്.

ഇസ്ലാമിൻെറ ആവിർഭാവം മുതൽ കേരളത്തിൻെറ മണ്ണ് മുസ്ലിം സമുദായത്തിൻെറ വളർച്ചയ്ക്ക് ഊർപ്പവും വളവും പ്രദാനം ചെയ്തുപോന്നു. 15ഉം 16ഉം നൂറ്റാണ്ടുകളുടെ വിവരണങ്ങളിൽ നിന്നും നാം മനസ്സിലാക്കുന്നത് അക്കാലങ്ങളിൽ പോലും മുസ്ലിം ജനസംഖ്യ മൊത്തം ജനതയുടെ അഞ്ചിലൊന്നിൽ കൂടുതൽ ഉണ്ടായിരുന്നുവെന്നാണ്. ഇബ്നുബത്തൂത്തയും, ശൈഖ് സൈനുദ്ദീൻ മഖ്ദൂമും, ഡറോത്തെ ബർബോസയുമെല്ലാം ഇക്കാര്യം വിശദമായി വിവരിച്ചിട്ടുണ്ട്. 1921ലെ കാനേഷുമാരിയനുസരിച്ച് മലബാറിൽ 32.04 ശതമാനം മുസ്ലിംകൾ ഉണ്ടായിരുന്നതായി കാണാം. ഇതിൽ ഏറനാട്, പൊന്നാനി താലൂക്കുകളിൽ 59.01, 42.09 ശതമാനം വിതമാണ് ഉണ്ടായിരുന്നത്. 1991ലെ കണക്കനുസരിച്ച് മലപ്പുറം, കോഴിക്കോട്, ജില്ലകളിൽ താഴെ പറയുന്നതാണ് മുസ്ലിം ജനസംഖ്യ. മലപ്പുറത്തുള്ള 30,93,190 പേരിൽ 20,26,352 പേർ മുസ്ലിംകളാണ്. അതായത്. 65.50 ശതമാനം. കോഴിക്കോട് ജില്ലയിലുള്ള 26, 12,897 ജനങ്ങളിൽ 33.94 ശതമാനമായ 8,86,981 മുസ്ലിംകളായുണ്ട്. ചുരുക്കത്തിൽ കേരളത്തിലെ

മുസ്ലിം ജനസംഖ്യയുടെ തോത് നൂറ്റാണ്ടുകളായി വലിയ മാറ്റം കൂടാതെ നിലനിന്ന് പോരുന്നുവെന്ന് സിദ്ധം. 1991ലെ സെൻസസ് പ്രകാരം കേരളത്തിലെ 90.50 ശതമാനം ആളുകളും സാക്ഷരരാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത നേടിയ ഇന്ത്യയിലെ ഏക സ്റ്റേറ്റ് കേരളമാണെന്ന പ്രഖ്യാപനവും നടന്നിരുന്നു. 1981ലെ കണക്കനുസരിച്ച് നമ്മുടെ സാക്ഷരതാ നിലവാരം 81.56 ശതമാനമായിരുന്നു. 10 വർഷത്തിനിടയ്ക്കുണ്ടായ മാറ്റം പൊതുവെ ആശാവഹമാണെങ്കിലും മുസ്ലിം സമുദായത്തിൻെറ സാക്ഷരതാ നിലവാരം അറിയുന്നതിനായി ശാസ്ത്രീയവും സസൂക്ഷ്മവുമായ നിരീക്ഷണങ്ങൾ നടത്തിയപ്പോൾ കിട്ടിയ ഫലം അത്ര ആശാവഹമല്ല. വിദ്യാഭ്യാസ - ഔദ്യോഗിക തലങ്ങളിലെ സ്ഥിതിയും വ്യത്യസ്ഥമല്ല.

ഇത്തരം കാര്യങ്ങൾ അറിയുന്നതിനായി കേരളത്തിലെ അഞ്ചു ജില്ലകളിൽ മൊത്തം 2371 കുടുംബങ്ങളുടെ സാമ്പിൾ സർവ്വേ ഞങ്ങൾ നടത്തിയിരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നിവയാണ് പഠനത്തിന് തിരഞ്ഞെടുക്കപ്പെട്ട ജില്ലകൾ. ഇവ നിശ്ചയിക്കുന്നതിന് ചില മാനദണ്ഡങ്ങൾ സ്വീകരിച്ചപ്പോൾ സംസ്ഥാനത്തിലെ മുൻ രാഷ്ട്രീയ ഖണ്ഡങ്ങളായ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവയ്ക്ക് പ്രാതിനിധ്യം നൽകുകയും ഭൂമിശാസ്ത്രവിഭാഗങ്ങളായ മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയെ പ്രത്യേകം പരിഗണിക്കുകയും ചെയ്തിരുന്നു. ഭരണഘടകങ്ങളായ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് പ്രാതിനിധ്യം നൽകുകയും ഗ്രാമ-നഗര വ്യത്യാസങ്ങൾ പരിഗണനാർഹമാക്കുകയും ചെയ്തു. കൂടുതൽ കൃത്യതയ്ക്ക് വേണ്ടി ഇൻവെസ്റ്റിഗേറ്റർമാർ അതാത് സ്ഥലങ്ങളിലെ ചില പൊതു പ്രവർത്തകരുമൊത്താണ് സർവ്വെ നടത്തിയത്. ഓരോ വീടുകളും ഇൻവെസ്റ്റിഗേറ്റർമാർ സന്ദർശിക്കുകയും ഗൃഹനാഥനിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഗൃഹനാഥൻെറ അഭാവത്തിൽ കുടുംബത്തിലെ മുതിർന്ന അംഗമാണ് വിവരം നൽകിയിട്ടുള്ളത്. ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരങ്ങൾ കോഡ് ചെയ്ത് പ്രത്യേകം ഷീറ്റുകളിലാക്കുകയും വിവരങ്ങൾ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്യുകയും ചെയ്തു. അതിന് ശേഷം പഠനത്തിനാവശ്യമായ പട്ടികകൾ സ്വരൂപിക്കുകയും അവ ലളിതമായിവിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബ വലുപ്പം തുടങ്ങി ഋണബാധ്യത വരെയുള്ള 18 പട്ടികകളാണ് ഈ സർവ്വേയിലുള്ളത്. സമുദായത്തിൻെറ വിവിധ വ്യാപാര മണ്ഡലങ്ങളിലുള്ള സ്ഥിതി ഈ പട്ടികയുടെ സൂക്ഷ്മപരിശോധനയിൽ നിന്നും ഏതൊരാൾക്കും മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ഈ സാമ്പിൾ സർവ്വേ റിപ്പോർട്ട് 'കേരള മുസ്ലിം ചരിത്രം, സ്ഥിതിവിവരക്കണക്ക് ഡയറക്ടറി' എന്ന റഫറൻസ് ഗ്രന്ഥത്തിൻെറ രണ്ടാം വാള്യമായ സ്ഥിതിവിവരക്കണക്കിൽ പൂർണ്ണമായും പ്രകാശിപ്പിച്ചിട്ടുണ്ട്.

1991ലെ കണക്ക് പ്രകാരം 64,50,561 മുസ്ലിംകളാണ് കേരളത്തിലുള്ളത്. ഇത് മൊത്തം ജനസംഖ്യയുടെ 23 ശതമാനത്തോളം വരും. ഈ സർവ്വേയുടെ ഫലമായി മുസ്ലിം സാക്ഷരതയുടെ സ്ഥിതി താഴെ പറയും വിധമാണ്. തിരുവനന്തപുരത്ത് 469 കുടുംബങ്ങളിൽ 388 കുടുംബങ്ങൾ സമ്പൂർണ്ണ സാക്ഷരതയുള്ളവയാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഇതിൽ മൊത്തം മുസ്ലിം കുടുംബങ്ങളുടെ 74.17 ശതമാനവും ക്രിസ്ത്യൻ കുടുംബങ്ങളുടെ 90.91 ശതമാനവും ഹിന്ദു കുടുംബങ്ങളുടെ 81.28 ശതമാനവും ഉൾപെടുന്നു. തിരുവനന്തപുരം ജില്ലയിലെ മുസ്ലിം ജനസംഖ്യ 3,57,352 ഉം മൊത്തം ജനസംഖ്യ 29,38,588 ഉം ആകുന്നു. അതായത്. 12.05 ശതമാനം.

അതുപോലെ പത്തനംതിട്ട ജില്ലയിലെ 11,86,628 ആളുകളിൽ 47,464 മാത്രമാണ് മുസ്ലിംകൾ. അതായത് 4 ശതമാനം മാത്രം. ഇവിടെ സാക്ഷരതയുടെ കണക്ക് താഴെ പറയും പ്രകാരമാകുന്നു. 344 കുടുംബങ്ങളെയാണ് ഇവിടെ സർവ്വേക്ക് വിധേയമാക്കിയത്. സമ്പൂർണ്ണ സാക്ഷരതയുള്ള 206 കുടുംബങ്ങളിൽ മുസ്ലിം സമുദായത്തിൽ 67.17 ശതമാനവും ഹിന്ദുക്കളുടെ 69.90 ശതമാനവും പട്ടികജാതി - പട്ടികവർഗ്ഗവിഭാഗത്തിലെ 47.62 ശതമാനവും ഉൾപ്പെടുന്നു. നിരക്ഷരരുള്ള ബാക്കി 138 കുടുംബങ്ങളിൽ മുസ്ലിം കുടുംബങ്ങളുടെ 36.63 ശതമാനവും ഹിന്ദുകുടുംബങ്ങളുടെ 38.10 ശതമാനവും പട്ടികജാതി - പട്ടികവർഗ്ഗങ്ങളുടെ 52.38 ശതമാനവും ഉൾപ്പെടുന്നു.

എറണാകുളം ജില്ലയിൽ 27,97,779 ആകുന്നു ജനസംഖ്യ. ഇതിൽ 3,74,934 പേർ മുസ്ലിംകളാണ്. 13.40 ശതമാനം. ഇവിടെ 953 കുടുംബങ്ങളിൽ നടത്തിയ സർവ്വേ കാണിക്കുന്നത് ഏകദേശം പകുതിയോളം (48.27%) കുടുംബങ്ങളിൽ മാത്രമെ സമ്പൂർണ്ണ സാക്ഷരതയുള്ളു എന്നാണ്. പൂർണ്ണ സാക്ഷരതയുള്ള വിഭാഗത്തിൽ മൊത്തമുള്ള 208 മുസ്ലിംകുടുംബങ്ങളുടെ 31.95 ശതമാനവും ഹിന്ദുകുടുംബങ്ങളുടെ 83.56 ശതമാനവും ഉൾപ്പെടുന്നു. അതായത് ഏതാണ്ട് 70 ശതമാനത്തോളം മുസ്ലിം കുടുംബങ്ങളിൽ നിരക്ഷരത പല തോതിൽ നില നിൽക്കുന്നു. ഹിന്ദു കുടംബങ്ങളിലാകട്ടെ നിരക്ഷരതയുടെ ശതമാനം 15 മാത്രമാണ്. മൊത്തത്തിലുള്ള നിരക്ഷരതയിൽ നിന്നും കുട്ടികളുടെ മാത്രം സാക്ഷരതാ നിലവാരത്തിലേക്ക് വരുമ്പോൾ ചിത്രം അല്പം ഒന്ന് ദീപ്തമാകുന്നുണ്ട്. പഠന വിധേയമാക്കിയ 953 കുടുംബങ്ങളിൽ 828 എണ്ണത്തിലും സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത ആരും തന്നെയില്ല. ഇതിൽ മൊത്തം മുസ്ലിംകുടുംബങ്ങളിൽ 82.33 ശതമാനവും ഹിന്ദു കുടുംബങ്ങളിൽ 96.58 ശതമാനവും പെടുന്നു. പത്ത് ശതമാനം കുടുംബങ്ങളിൽ ഒന്നോ രണ്ടോ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം ലഭിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇതിൽ മൊത്തം മുസ്ലിം കുടുംബങ്ങളുടെ 14.59 ശതമാനവും ഹിന്ദുകുടുംബങ്ങളുടെ 3.08 ശതമാനവും ഉൾപെടുന്നു. ബാക്കി വരുന്ന നിരക്ഷരരായ കുട്ടികളടങ്ങുന്ന രണ്ട് ശത

മാനമായ 21 കുടുംബങ്ങൾ മുസ്ലിം സമുദായത്തിൽപ്പെട്ടവയാണ്. അതായത് മൊത്തത്തിലുള്ള നിരക്ഷരതയുടെ കാര്യത്തിലെന്ന പോലെ കുട്ടികളുടെ നിരക്ഷരതയുടെ കാര്യത്തിലും മുസ്ലിംകൾ മുന്നിൽ നിൽക്കുന്നു.

മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നടത്തിയ സർവ്വേയുടെ ഫലമാണ് താഴെ കൊടുക്കുന്നത്. മലപ്പുറം ജില്ലയിൽ ഒരു പഞ്ചായത്ത് വാർഡിലുള്ള 259 കുടുംബങ്ങളിൽ 179 മുസ്ലിം കുടുംബങ്ങൾ ഉൾപ്പെട്ടിരുന്നു. ഇതിൽ രണ്ടാൾവരെ നിരക്ഷരതയുള്ള കുടുംബങ്ങൾ 62ഉം മൂന്നോ നാലോ ആളുകൾ നിരക്ഷരരായിട്ടുള്ള കുടുംബങ്ങൾ 5ഉം നാലാളിൽ കൂടുതലുള്ള ഒരു കുടുംബവും ഉണ്ടെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഏകദേശം 37 ശതമാനം മുസ്ലിം കുടുംബങ്ങളിൽ നിരക്ഷരത കുറഞ്ഞ തോതിലെങ്കിലും നിലനിൽക്കുന്നുണ്ടെന്ന് സാരം. ഈ വാർഡിലുള്ള 70 ഹിന്ദുകുടുംബങ്ങളിൽ രണ്ടാൾവരെ നിരക്ഷരതയുള്ള 7 കുടുംബങ്ങളെ ഉണ്ടായിരുന്നുള്ളു. അതായത് നിരക്ഷരതയുടെ തോത് ഹിന്ദു കുടുംബങ്ങളിൽ 10 ശതമാനം മാത്രമാണ്.

കോഴിക്കോട് കോർപറേഷൻെറ ഒരു വാർഡിലാണ് കുടുംബസാമ്പിൾ സർവ്വേ നടത്തിയിരുന്നത്. കോഴിക്കോട് ജില്ലയിലെ 26,12,897 ആളുകളിൽ18,86,981 പേർ സാക്ഷരത ഉള്ളവരാണ്. 70.12 ശതമാനം. ഈ വാഡിൽ 346 കുടുംബങ്ങൾ താമസിക്കുന്നതിൽ 208 മുസ്ലിം കുടുംബങ്ങളുണ്ട്. മുസ്ലിം കുടുംബങ്ങളിൽ 34.13 ശതമാനവും ഹിന്ദു കുടുംബങ്ങളിൽ 70.15 ശതമാനവും മാത്രമാണ് സമ്പൂർണ്ണ സാക്ഷരതയുള്ളതായി കണ്ടത്. ഒന്നോ, രണ്ടോ പേർ നിരക്ഷരരായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം 133 ആണ്. സാമുദായികമായി വിഭജിച്ചാൽ ഒട്ടാകെയുള്ള 208 മുസ്ലിംകുടുംബങ്ങളിൽ 52.40 ശതമാനം കുടുംബങ്ങൾ മാത്രമെ സമ്പൂർണ്ണ സാക്ഷരതയുടെ പട്ടികയിൽ വരുന്നുള്ളു. അവശേഷിക്കുന്ന 46.60 ശതമാനം കുടുംബങ്ങളും ഒന്നോ, അതിൽ കൂടുതലോ ആളുകൾ നിരക്ഷരതയുള്ളവരിൽ പെടുന്നവരാണ്. ഏത് നിലയിൽ പരിശോധിച്ചാലും ഈ ചിത്രം ആശങ്കയ്ക്ക് ഇട നൽകുന്നുണ്ട്. എന്നാൽ ആകെയുള്ള 346 കുടുംബങ്ങളിൽ 310 എണ്ണത്തിലും (89.60%) സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികൾ ആരും തന്നെയില്ലെന്ന് കാണുകയുണ്ടായി. ഇതിൽ ആകെയുള്ള മുസ്ലിം കുടുംബങ്ങളിൽ 85 ശതമാനവും ഹിന്ദുകുടുംബങ്ങളിൽ 96 ശതമാനവും ഉൾപ്പെടുന്നു. എന്നാൽ സ്കൂൾ വിദ്യാഭ്യാസം ലഭിക്കാത്ത കുട്ടികളുള്ള 36 കുടുംബങ്ങളിൽ 31ഉം മുസ്ലിം കുടുംബങ്ങളാണ്.

സാക്ഷരതയുടെ സ്ഥിതി മുകളിൽ കാണിച്ച വിധമാണെങ്കിൽ ഹൈസ്കൂൾ - കലാലയ തലങ്ങളിലെ സമുദായത്തിൻെറ വിദ്യാഭ്യാസ നിലവാരവും അത്ര ആശാവഹമല്ല. കഴിഞ്ഞ രണ്ട് മൂന്ന് ദശാബ്ദത്തിനിടയ്ക്ക് മുസ്ലിം സമുദായത്തിനുണ്ടായ നേട്ടങ്ങൾ പ്രശംസാർഹമാണ്. മത - സാംസ്കാരിക മേഖലകളിൽ, 1962ൽ ശേഖരിച്ച് പ്രസിദ്ധം ചെയ്ത കണക്കനുസരിച്ച് കേരളത്തിൽ 2,885 ജുമാമസ്ജിദുകളും 3,811 നിസ്കാര പള്ളികളും കൂടി 6,696 പള്ളികളാണ് ഉണ്ടായിരുന്നത്. 30 വർഷത്തിനിടയ്ക്ക്1822 ജുമാഅത്ത് പള്ളികളും 137 നിസ്കാര പള്ളികളിലും കൂടി 1,959 പള്ളികൾ കൂടുതലായിട്ടുണ്ടായിട്ടുണ്ട്. ഒട്ടാകെ 8,655. ഇതിൽ 4,707 ജുമാമസ്ജിദുകളുമാണ്. ഈ കണക്കിൽ തന്നെ ചുരുങ്ങിയത് 5 ശതമാനം പള്ളികളെങ്കിലും വിട്ടുപോയവയായി കണക്കാക്കണം. ഞങ്ങളുടെ പ്രോജക്ട് ഓഫീസർമാരുടെ കണ്ണിൽപെടാതെ ഉൾപ്പെടുത്താൻ പറ്റാത്തവയാണ് മുൻപറഞ്ഞവ. ഈ കാലയളവിൽ നമ്മുടെ മത വിദ്യാഭ്യാസ രംഗത്ത് അഭൂത പൂർവ്വമായ മാറ്റങ്ങളാണ് സംഭവിച്ചിട്ടുള്ളത്. ഞങ്ങൾ ശേഖരിച്ച കണക്കനുസരിച്ച് പത്ത് ലക്ഷത്തിൽ കൂടുതൽ വിദ്യാർത്ഥികൾ 6,666 മദ്രസ്സകളിലായി പഠനം നടത്തുന്നു. മദ്രസ്സകളുടെ സംവിധാനത്തിലും നടത്തിപ്പിലും ഏറെ വ്യത്യാസവും കാണാം. മദ്രസ്സകളുടെ സംഖ്യയിലും ലിസ്റ്റ് ചെയ്തിട്ടുള്ളതിനേക്കാൾ ചുരുങ്ങിയത് രണ്ട് ശതമാനം എങ്കിലും വിട്ടുപോയവയായി പിന്നീട് ഉൾപ്പെടുത്തേണ്ടതായി വരും. തദനുസൃതം വിദ്യാർത്ഥികളുടേയും അദ്ധ്യാപകൻമാരുടേയും എണ്ണവും വർദ്ധിക്കുമല്ലോ.

അത്പോലെ തന്നെ അയൽസംസ്ഥാനങ്ങളിൽ മലയാളികൾ നടത്തുന്ന നാല് കോളേജുകൾ ഉൾപ്പെടെ 132 അറബിക്കോളേജുകൾ നമുക്കുണ്ട്. ഇതിലെ പാഠ്യപദ്ധതിയും മറ്റു സംവിധാനങ്ങളും കാലത്തിനൊത്ത് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പിന്നെയും എടുത്തു പറയേണ്ട ഒരംശമാണ് മുസ്ലിംകൾ നടത്തുന്ന അനാഥാലയങ്ങളുടെ കാര്യം. അയൽ പ്രദേശമായ പുതുശ്ശേരിയിൽ മലയാളി മുസ്ലിംകൾ നടത്തുന്ന ഒരു യത്തിംഖാന ഉൾപ്പെടെ നൂറ് യത്തിംഖാനകളാണ് നിലവിലുള്ളത്. 1991ലെ കണക്കനുസരിച്ച് 3,94,53,210 രൂപയാണ് അഗതികൾക്കായി ഈ സമുദായം ഓരോ വർഷവും ചെലവാക്കുന്നത്. ഈ സ്ഥാപനങ്ങൾക്ക് സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം ഓരോവർഷവും 66,63,540 രൂപയാകുന്നു. ഒരനാഥക്കുട്ടിയുടെ താമസം, ചികിത്സ, ഭക്ഷണം, വസ്ത്രം തുടങ്ങിയവയ്ക്കെല്ലാം കൂടി സർക്കാർ അനുവദിച്ചിട്ടുള്ള തുക മാസം 60 രൂപ മാത്രമാണ്. എന്ന് വെച്ചാൽ ദിവസം ഒരു കുട്ടിക്ക് രണ്ട് രൂപ ! സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനസഹായത്തിന് പുറമെ ഓരോ കൊല്ലവും 3,27,89,670 രൂപ അഗതികളുടെ സംരക്ഷണത്തിന് വേണ്ടി നാം ചെലവഴിക്കുന്നുണ്ട്. 1991ൽ 15,687 പേരാണ് ഈ നൂറ് യത്തീംഖാനകളിലായി ഉണ്ടായിരുന്നത്. അവർക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി സുരക്ഷിതമായ ഭാവി വാഗ്ദാനം ചെയ്യുന്ന ഈ സ്ഥാപനങ്ങൾ മുസ്ലിം കേരളത്തിന് അഭിമാനിക്കാവുന്നവയാണ്. ചുരുക്കത്തിൽ കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്തിനിടയ്ക്ക് മത - സാമുദായിക മേഖലകളിൽ ഏറെ കാര്യങ്ങൾ പ്രാവർത്തികമാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഇതുപോലെ തന്നെ വിദ്യാഭ്യാസതലത്തിലും വളരെയധികം മുന്നേറ്റമുണ്ടായിട്ടുണ്ടെന്നത് ആശാവഹമാണ്.

1960 വരെ മുസ്ലിംകളുടേതായുണ്ടായിരുന്നത് ഫറൂഖ് കോളേജ് മാത്രമായിരുന്നു. ഇപ്പോൾ 24 ആർട്ട്സ് ആൻറ് സയൻസ് കോളേജുകൾക്ക് പുറമെ നിരവധി പാരലൽ കോളേജുകൾകൂടി മുസ്ലിംകളുടെ വകയായുണ്ട്. രണ്ട് എൻജിനീയറിംഗ് കോളേജുകളും രണ്ട് പോളിടെക്നിക്കും രണ്ട് ബി.എഡ്. ട്രെയിനിംഗ് കോളേജുകളും നിലവിലുണ്ട്. ഇവയ്ക്ക് പുറമേ മതവിദ്യാഭ്യാസത്തോടൊപ്പം പല അറബിക്കോളേജുകളിലും ആധുനിക വിദ്യാഭ്യാസം ഡിഗ്രിതലം വരെ നൽകിപോരുന്നുമുണ്ട്. വിദ്യാഭ്യാസരംഗത്ത് വലിയ കുതിച്ചുചാട്ടമാണ് നാം നടത്തിക്കൊണ്ടിരിക്കുന്നത്. എന്നിട്ടും സഹോദരസമുദായങ്ങളോടൊപ്പം എത്താൻ നാം ബഹുദൂരം സഞ്ചരിക്കേണ്ടതായുണ്ട്. കേരളത്തിൽ ആകെ 6,845 എൽ.പി. സ്കൂളുകളും 2,865 യു.പി. സ്കൂളുകളും 2,309 ഹൈസ്കൂളുകളുമാണ് ഉള്ളത്. ബിരുദബിരുദാനന്തര കോളേജുകൾ 186 എണ്ണവും ഉണ്ട്. 1991-92 കാലത്ത് 24,72,403 എൽപി. വിദ്യാർത്ഥികളും 19,29,806 യു.പി. വിദ്യാർത്ഥികളും 14,98,892 ഹൈസ്കൂൾ വിദ്യാർത്ഥികളും ആണ് പഠനം നടത്തിയിരുന്നത്. എൽ.പി., യു.പി. തലങ്ങളിൽ മുസ്ലിം ജനസംഖ്യയുടെ തോതിനേക്കാൾ കൂടുതലാണ് മുസ്ലിം വിദ്യാർത്ഥികൾ. 26.60 ശതമാനം. എന്ന് വെച്ചാൽ തങ്ങളുടെ കുട്ടികളെ സ്കൂളുകളിൽ അയക്കണമെന്ന ശാഠ്യം മുസ്ലിം മാതാപിതാക്കൻമാർക്കുണ്ടായിരിക്കുന്നുവെന്നർത്ഥം. എന്നാൽ ഹൈസ്കൂളിൽ എത്തുമ്പോൾ 10 ശതമാനത്തിൽ കൂടുതൽ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോകുന്നതായി കാണാം. ഇവിടെ 17.90 ശതമാനമായി മുസ്ലിം വിദ്യാർത്ഥികളുടെ അനുപാതം കുറയുന്നു. ഉന്നത വിദ്യാഭ്യാസ മേഖലകളിലേക്ക് കടന്നാൽ സ്ഥിതി വളരെ പരിതാപകരമാണ്. കലാലയതലത്തിൽ 11.19 ശതമാനവും ബിരുദാനന്തര രംഗത്ത് 9 ശതമാനമായും കുറയുന്നു. സെക്കണ്ടറി ഘട്ടത്തിലെ മുസ്ലിം വിദ്യാർത്ഥികളുടെ സംഖ്യ 1991-92ൽ 13,42,722 ആയിരിക്കുമ്പോൾ അത് പ്രീഡിഗ്രിയിൽ 22,979 ആയി കുറയുന്നു. ഡിഗ്രിക്ലാസ്സുകളിൽ 11,130 ഉം ബിരുദാനന്തര കോഴ്സുകളിൽ 729ഉം ഉൾപ്പെടെ 34,838 മുസ്ലിംവിദ്യാർത്ഥികളാണ് കലാലയ വിദ്യാഭ്യാസത്തിലേർപ്പെട്ടിരുന്നത്. അതായത് ആകെയുള്ള മുസ്ലിം ജനസംഖ്യയുടെ 0.54 ശതമാനം മാത്രം. നമ്മുടെ വിദ്യാഭ്യാസ ഏജൻസികളും സംഘടനകളും ഈ ചിത്രം ശരിക്കും മനസ്സിലാക്കേണ്ടതായുണ്ട്. ഏത് തലത്തിലാണ് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടത് ? ഏത് വിധത്തിലാണ് ഫലവത്തായ വിദ്യാഭ്യാസ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടത്? എന്നൊക്കെ അറിയണമെങ്കിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള ഈ സ്ഥിതിവിവരക്കണക്കുകൾ പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. പരമ്പരാഗത വിദ്യാഭ്യാസ ശൈലി മാറ്റി ശാസ്ത്രീയമായ സമീപനം ജാഗ്രത്തായി നടപ്പാക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസ ശൈലിയും, സമർത്ഥരായ കുട്ടികളെ കിടമത്സരങ്ങളിൽ മുൻപന്തിയിലെത്തിക്കുവാൻ സഹായിക്കും വിധമുള്ള കോഴ്സുകളുമാണ് ഇന്ന് കൂടുതൽ ആവശ്യമായിട്ടുള്ളത്. ശാസ്ത്ര - സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടുവാൻ കഴിവുള്ളവർക്ക് മാത്രമെ മത്സരരംഗത്തിൽ വിജയിക്കുവാൻ സാധിക്കുകയുള്ളൂ. പരമ്പരാഗത വിദ്യാഭ്യാസരീതിക്ക് കമ്പ്യൂട്ടർ യുഗത്തിൽ പിടിച്ച് നിൽക്കുവാൻ കഴിയുകയില്ല. നമുക്ക് ധാരാളം ശാസ്ത്രജ്ഞൻമാരും സാങ്കേതിക വിദഗ്ദരും ഭരണതലപ്പത്ത് എത്താൻ കഴിവുള്ളവരും ഉണ്ടാകേണ്ടതായുണ്ട്. അതിന് സഹായിക്കുന്ന സജ്ജീകരണങ്ങളാണ് നാം ഒരുക്കേണ്ടത്. കഴിവുള്ള വിദ്യാർത്ഥികൾക്ക് സാമ്പത്തികമോ അല്ലാത്തതോ ആയ പ്രോത്സാഹനക്കുറവ് മൂലം അവരുടെ കഴിവ് വ്യർത്ഥമാക്കുവാൻ അനുവദിക്കരുത്. ദേശീയതല മത്സരപ്പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികളെ പരിശീലിപ്പിക്കുവാനും സാമ്പത്തിക സഹായം ചെയ്യുവാനുമുള്ള കേന്ദ്രീകൃത സ്ഥാപനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്യണം. ശാസ്ത്ര - സാങ്കേതിക വിദ്യയിൽ ഉപരിപഠനവും ഗവേഷണവും നടത്തുവാൻ മിടുക്കൻമാരായ നമ്മുടെ കുട്ടികൾക്ക് സാധിക്കണം. അതിന് ചാലക ചൈതന്യമായി വർത്തിക്കുവാനുള്ള സ്ഥാപനങ്ങളും സംഘടനകളും ഉണ്ടാവുകയും വേണം. ഇതൊക്കെയാണ് നാമും നമ്മുടെ സംഘടനകളും കൂടുതൽ ശ്രദ്ധിക്കേണ്ട ഇനങ്ങൾ.

വിദ്യഭ്യാസരംഗത്ത് നിലനിൽക്കുന്ന ദയനീയമായ പിന്നോക്കാവസ്ഥ കൊണ്ടാണ് ഔദ്യോഗിക കാര്യങ്ങളിൽ മറ്റുള്ളവരോടൊപ്പം എത്താൻ നമുക്കിതുവരെ കഴിയാതിരുന്നത്. സംവരണത്തിൻെറ പരിരക്ഷ ഉണ്ടായിട്ട്കൂടി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും യൂണിവേഴ്സിറ്റികളിലുമൊക്കെ നമ്മുടെ സ്ഥിതി അങ്ങേയറ്റം ശോച്യാവസ്ഥയിൽ തന്നെയാണ്. ജനസംഖ്യാനുപാതികമായി നോക്കിയാൽ 23 ശതമാനത്തിൽ കുറയാത്ത ഉദ്യോഗങ്ങൾക്ക് ഈ സമുദായത്തിനർഹതയുണ്ട്. എന്നാൽ അനുവദിക്കപ്പെട്ടിട്ടുള്ള സംവരണ ശതമാനം 12 ആകുന്നു. ഇത്രയും പോലും ഒറ്റ ഡിപ്പാർട്ടുമെൻറിലും കിട്ടിയിട്ടില്ല എന്നതാണ് പരിതാപകരമായ അവസ്ഥ. നമ്മുടെ തൊഴിൽ രംഗത്തെ സ്ഥിതിഗതികളെക്കുറിച്ചുള്ള അന്വേഷണത്തിൽ ഞങ്ങൾക്ക് ശേഖരിക്കുവാൻ കഴിഞ്ഞ കണക്കുകൾ 'കേരള മുസ്ലിം ചരിത്രം, സ്ഥിതിവിവരക്കണക്ക്, ഡയറക്ടറി' എന്ന റഫറൻസ് ഗ്രന്ഥത്തിൻെറ രണ്ടാം വാല്യമായ 'സ്ഥിതി വിവരക്കണക്കിൽ പ്രസദ്ധീകരിച്ചിട്ടുണ്ട്. തൻമൂലം ഇവിടെ ആവർത്തിക്കുന്നില്ല. എങ്കിലും ദുർല്ലഭം ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. പോലീസ് വകുപ്പിൽ 8.52 ശതമാനവും, കേരള വാട്ടർ അതോറിറ്റിയിൽ 4.47 ശതമാനവും സെക്രട്ടറിയേറ്റ് ജീവനക്കാരിൽ 8.07 ശതമാനവും, ആരോഗ്യ വകുപ്പിൽ 7.35 ശതമാനവും മൃഗസംരക്ഷണ വകുപ്പിൽ 2.52 ശതമാനവും, കെ.എസ്.ആർ.ടി.സി.യിൽ 9.37 ശതമാനവും വിദ്യുച്ഛക്തി വകുപ്പിൽ 6.86 ശതമാനവും സ്റ്റാറ്റിസിക്സ് വകുപ്പിൽ 2.15 ശതമാനവുമാണ് മുസ്ലിം പ്രാതിനിധ്യം. പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ഥിതി ഇതിനെക്കാൾ

മോശമാണ്. കശുവണ്ടി വികസന കോർപറേഷനിൽ 61,318 പേരുള്ളതിൽ 1.65 ശതമാനമായ 1,601 പേരാണ് മുസ്ലിംകൾ. ട്രാവൻകൂർ സിമെൻറിൽ 0.02 ശതമാനവും കൊച്ചിൻ റിഫൈനറിയിൽ 1.12 ശതമാനവും എച്ച്.എം.ടി.യിൽ 0.08 ശതമാനവും ട്രാക്കോ കേബിൾസിൽ 3.04 ശതമാനവും മന്നംഷുഗർമിൽസിൽ 3.06 ശതമാനവും, ട്രാവൻകൂർ ടൈറ്റാനിയത്തിൽ 6.45 ശതമാനവും പ്ലാൻെറഷൻ കോർപ്പറേഷനിൽ 4.02 ശതമാനവും, എഫ്.എ.സി.ടി.യിൽ 5.02 ശതമാനവും ഖാദി ബോർഡിൽ 7.01 ശതമാനവും ആണ് മുസ്ലിം പ്രാതിനിധ്യം.

ഇത്പോലെ ഞങ്ങൾ എടുത്ത കണക്കനുസരിച്ച് കേരളത്തിലെ 12,136 വിദ്യാലയങ്ങളിലായി 74,211 പുരുഷൻമാരും 1,07,554 സ്ത്രീകളുമടക്കം ആകെ 1,81,765 പേരാണ് അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവർ. ഇതിൽ മുസ്ലിം അദ്ധ്യാപകൻമാർ 11,907 ഉം അദ്ധ്യാപികമാർ 7,261ഉം ആകുന്നു. എൽ.പി.എസിൽ 22.77 ശതമാനം മുസ്ലിം അദ്ധ്യാപകൻമാരുള്ളപ്പോൾ 9.26 ശതമാനം മാത്രമാണ് അദ്ധ്യാപികമാർ. യു.പി.എസ്.ലെത്തുമ്പോൾ ഇത് യഥാക്രമം 16.34 ശതമാനവും 7.06 ശതമാനവും ആകുന്നു. ഹൈസ്കൂളുകളിലേക്ക് കടന്നാൽ മുസ്ലിം അദ്ധ്യാപകൻമാർ 12.03 ശതമാനവും അദ്ധ്യാപികമാർ 4.88 ശതമാനവും ആണെന്ന് കാണാം. ചുരുക്കത്തിൽ എൽ.പി., യു.പി., ഹൈസ്കൂൾ എന്നിവയിലെ മൊത്തം അദ്ധ്യാപകൻമാരിൽ മുസ്ലിം പ്രാതിനിധ്യം 14.74, 14.29, 7.75 ശതമാനം മാത്രമാണെന്ന് മനസ്സിലാക്കാം. അത്പോലെ സ്കൂളുകളിലുള്ള അദ്ധ്യാപകേതര ജീവനക്കാർ 16,040 പേരാണുള്ളത്. അവരിൽ 1,445 മാത്രമാണ് മുസ്ലിംകൾ. അതായത് 9 ശതമാനം. ഇതിനേക്കാൾ പരമദയനീയമാണ് യൂണിവേഴ്സിറ്റികളിലും കലാലയങ്ങളിലുമുള്ള അദ്ധ്യാപകരിലും, അദ്ധ്യാപകേതര ജീവനക്കാരിലുമുള്ള മുസ്ലിം പ്രാതിനിധ്യം. നമുക്കുള്ള ഏഴ് യൂണിവേഴ്സിറ്റികളിലെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഔദ്യോഗിക സ്ഥിതിവിവരണം വളരെ വിശദമായി തസ്തികകൾ വേർതിരിച്ചു തന്നെ രണ്ടാം വാല്യമായ 'സ്ഥിതിവിവിരക്കണക്കിൽ' പ്രകാശിപ്പിച്ചിട്ടുണ്ട്. അതിൻെറ സംഗ്രഹം താഴെകൊടുക്കുന്നു.

| *തസ്തിക* | *ആകെ* | *മുസ്ലിംകൾ* |
|---|---|---|
| വൈസ് ചാൻസലർ | 7 | 1 |
| പ്രോ വൈസ് ചാൻസലർ | 7 | 1 |
| ഫൈനാൻസ് ഓഫീസർ | 7 | ഇല്ല |
| കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | 7 | ഇല്ല |

| *തസ്തിക* | *ആകെ* | *മുസ്ലിംകൾ* |
|---|---|---|
| രജിസ്ട്രാർ | 7 | 1 |
| ജോ. രജിസ്ട്രാർ | 7 | ഇല്ല |
| ഡെ. രജിസ്ട്രാർ | 35 | ഇല്ല |
| അസി. രജിസ്ട്രാർ | 102 | 7 |
| യൂണിവേഴ്സിറ്റി ടീച്ചേഴ്സ് | 1432 | 79 |
| അദ്ധ്യാപകേതരർ | 6040 | 694 |
| മെഡിക്കൽ കോളേജ് ടീച്ചേഴ്സ് | 1271 | 143 |
| ആയുർവേദ കോളേജ് ടീച്ചേഴ്സ് | 187 | 12 |
| ഹോമിയോകോളേജ് ടീച്ചേഴ്സ് | 68 | 8 |
| ഇവയിലെ അദ്ധ്യാപകേതരർ | 999 | 85 |
| എഞ്ചിനീയറിംഗ് ടീച്ചേഴ്സ് | 1044 | 120 |
| എഞ്ചിനീയറിംഗ് അദ്ധ്യാപകേതരർ | 1425 | 180 |
| ലോകോളേജ് ടീച്ചേഴ്സ് | 32 | ഇല്ല |
| ലോകോളേജ് അദ്ധ്യാപകേതരർ | 57 | 14 |
| ബി.എഡ്. കോളേജ് ടീച്ചേഴ്സ് | 161 | 9 |
| ബി.എഡ്. കോളേജ് അദ്ധ്യാപകേതരർ | 165 | 14 |
| കോളേജ് അദ്ധ്യാപകർ | 13004 | 1110 |
| കോളേജ് അദ്ധ്യാപകേതരർ | 6660 | 849 |

ഈ കുറവ് പെട്ടെന്ന് പരിഹരിക്കുവാൻ പറ്റുന്നതല്ല. അനുവദിക്കപ്പെട്ടിട്ടുള്ള 12 ശതമാനം സംവരണ തസ്തികളിലേക്ക് പോലും കയറിപ്പറ്റാൻ സാധിക്കാത്ത നമുക്ക് ജനസംഖ്യാനുപാതികമായ 23 ശതമാനം ഉദ്യോഗങ്ങളും മറ്റും വേണമെന്ന് പറയുവാനുള്ള അർഹത പോലും നാം തന്നെ ഇല്ലാതാക്കിയിരിക്കുകയാണ്. അനുവദിക്കപ്പെട്ടിട്ടുള്ള 12 ശതമാനമെങ്കിലും ഉദ്യോഗങ്ങൾ കിട്ടുന്നതിന് പ്രത്യേകമായി നിയമനങ്ങൾ നടത്തേണ്ടതുണ്ട്. നമ്മുടെ രാഷ്ട്രീയ പാർട്ടികളും സാമുദായിക സംഘടനകളും ഇക്കാര്യത്തിലെങ്കിലും ഏകോപിതമായി ശബ്ദം ഉയർത്തേണ്ടതാണ്. സമുദായത്തിൽ നിന്നുള്ള സമ്മർദ്ദം ഇല്ലാത്തത് കൊണ്ട് തന്നെയാണ് ഇന്നും സ്പെഷൽ റിക്രൂട്ട്മെൻറ് വേണമെന്ന കാര്യം സജീവ പ്രശ്നമായി തീരാത്തത്. വിദ്യാഭ്യാസതൊഴിൽ രംഗങ്ങളിലെ ഈ കുറവ് ഇല്ലാതാക്കി സഹോദര സമുദായങ്ങളോടൊപ്പം എത്തുവാനുള്ള പരിശ്രമങ്ങൾ ഇനിയും വൈകിക്കുവാൻ പാടുള്ളതല്ല.